യോഗം 5.20 ന് ആരംഭിച്ചു. 'കേരളീയം 2023' സംഘടിപ്പിക്കുന്നത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികളും ഇനി കൂട്ടിച്ചേർക്കേണ്ട കാര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നതിനുമായി ആണ് ഈ യോഗം വിളിച്ചുചേർത്തിരിക്കുന്നത് എന്ന് ബഹു.റവന്യൂ വകുപ്പ് മന്ത്രി ആമുഖമായി പറഞ്ഞു.

കേരളീയം 2023 ന്റെ ഭാഗമായി ഭൂപരിഷ്കരണം എന്ന വിഷയത്തിൽ സെൻട്രൽ സ്റ്റേഡിയത്തിലെ വേദിയിൽ നടക്കുന്ന പരിപാടിയിൽ 1000 -1500 പേരെ ഉൾകൊള്ളിക്കാവുന്നതാണെന്നും തിരുവനന്തപുരം ജില്ലയിൽ നിന്നും 750 പേരും മറ്റ് ജില്ലകളിൽ നിന്നും 50 പേരെ വീതവും പരിപാടിയിൽ പങ്കെടുപ്പിക്കാവുന്നതാണെന്നും ബഹു.റവന്യൂ വകുപ്പ് മന്ത്രി പറഞ്ഞു.

ഡിജിറ്റൽ സർവ്വേ ടീം, സർവ്വേ ജീവനക്കാർ, കോൺട്രാക്ട് സ്റ്റാഫ് തുടങ്ങി സർവ്വേയും ഭൂരേഖയും വകുപ്പിലെ 3 0 0 ഓളം ജീവനക്കാരെ പരിപാടിയിൽ പങ്കെടുപ്പിക്കേണ്ടതാണെന്നും തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ സർവ്വേ നടക്കുന്ന 2 3 വില്ലേജുകളിലെ സർവ്വേ അനുഭവങ്ങൾ ജീവനക്കാർക്ക് പങ്കുവെയ്ക്കാവുന്നതാണെന്നും ബഹു.റവന്യൂ വകുപ്പ് മന്ത്രി അറിയിച്ചു. ഇതിന്റെ ചുമതല സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുകയും ചെയ്തു.

150 ഹൗസിംഗ് ബോർഡ് ജീവനക്കാർ ഈ പരിപാടിയിൽ പങ്കെടുക്കുന്നതാണെന്ന് ഹൗസിങ് ബോർഡ് സെക്രട്ടറി അറിയിച്ചു.

ILDM ൽ ജീവനക്കാർ, MBA വിദ്യാർത്ഥികൾ, ടെയിനിങ് വിദ്യാർത്ഥികൾ എന്നിവരുൾപ്പെടെ 50 പേർ പങ്കെടുക്കുന്നതാണെന്ന് ILDM അക്കാദമിക് ഡയറക്ടർ അറിയിച്ചു.

കാസറഗോഡ് മുതൽ ഇടുക്കി വരെയുള്ള 7 ജില്ലകളിൽ നിന്നും വരുന്നവർക്ക് accommodation, പ്രാതൽ തുടങ്ങിയ സൗകര്യങ്ങൾ ക്രമീകരിക്കാൻ തഹസിൽദാർമാരോട് നിർദ്ദേശിക്കാനും ഇത് ഏകോപിപ്പിക്കാൻ തിരുവനന്തപുരം ജില്ലാ കളക്ടറോട് നിർദേശിക്കുകയും ചെയ്തു. ശേഷിക്കുന്ന 7 ജില്ലകളിലുള്ളവർ ക്കു food & accommodation സൗകര്യം ആവശ്യമില്ല എന്നും തീരുമാനിച്ചു.

കേരള ഭൂപരിഷ്കരണ നിയമത്തിന്റെ ചരിത്രം, ആദ്യ പ്രഖ്യാപനം, ബ്രഹ്മസ്വം, ദേവസ്വം ഭൂമികളെ കുറിച്ചുള്ള പുരാരേഖകൾ, വിവിധ തരം രൂപങ്ങൾ, മണ്ണ്, പഴയ സർവ്വേ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഉപകരണങ്ങൾ, സർവ്വേ പപ്പ, പരമ്പരാഗതമായ ഉപകരണങ്ങൾ, രേഖകൾ എന്നിവ ഉൾപ്പെടുത്തി reception ഏരിയയിൽ 'പ്രദർശനം' എന്ന രീതിയിൽ അല്ലാതെയുള്ള ഒരുക്കങ്ങൾ സജ്ജീകരിക്കുന്നതിനു 'മൈത്രി' ടീമിനു നിർദേശം നൽകാനും ഒരു സബ് കമ്മിറ്റി രൂപീകരിച്ച് കാര്യങ്ങൾ വിശദമായി പഠിച്ചു 16.10.2023-ലെ അവലോകന യോഗത്തിൽ അവതരിപ്പിക്കുവാൻ സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദേശം നൽകി.

പ്രസ്തുത പരിപാടിയിൽ മുൻ റവന്യൂ മന്ത്രിമാർ, മുൻ റവന്യൂ സെക്രട്ടറിമാർ, മുൻ ചീഫ് സെക്രട്ടറിമാർ, മുതിർന്ന IAS ഉദ്യോഗസ്ഥർ, AG മുതലുള്ള അഭിഭാഷകർ, മറ്റ് സംസ്ഥാനങ്ങളിലെ IAS ഉദ്യോഗസ്ഥർ, തെക്കൻ സംസ്ഥാനങ്ങളിലെ ഭൂമിയുമായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ, മറ്റ് പ്രശസ്ത വ്യക്തികൾ എന്നിവരെ ഈ പരിപാടിയിലേക്ക് ക്ഷണിച്ചുകൊണ്ട് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഔദ്യോഗിക ക്ഷണക്കത്ത് അയയ്ക്കേണ്ടതാണെന്നും ഈ കാര്യങ്ങൾക്കായി അഡീഷണൽ സെക്രട്ടറി അബ്ദുൽ നാസർ ഐ.എ.എസ് -നെ ചുമതലപ്പെടുത്തുകയും ചെയ്തു.

"ഭൂമിക" റവന്യൂ ജേർണലിന്റെ കോപ്പികളുടെ എണ്ണം കൂട്ടി 28.10.2023-നകം പ്രസിദ്ധീകരിക്കാനും ILDM നോട് നിർദേശിച്ചു. ഇത്തവണത്തേത് സ്പെഷ്യൽ എഡിഷൻ ആയി പ്രസിദ്ധീകരിക്കാനും കഴിഞ്ഞ രണ്ടര വർഷത്തെ റവന്യൂ വകുപ്പിന്റെ മുഴുവൻ നേട്ടങ്ങൾ, സർവ്വേ നടപടിക്രമങ്ങളുടെ ലേഖനങ്ങൾ, ILDM നടത്തിയ MBA കോഴ്സുകൾ, KESNIK, ഹൗസിംഗ് ബോർഡ് എന്നിവയുടെ പുതിയ പദ്ധതികൾ, നേട്ടങ്ങൾ, ഭൂപരിഷ്കരണ നിയമത്തിന്റെ അനിവാര്യത, ഭൂപരിഷ്കരണ നിയമം കേരളത്തിൽ സൃഷ്ടിച്ച വിപ്ലവം, ഭൂപതിവ് നിയമത്തിൽ വന്നിട്ടുള്ള പുതിയ മാറ്റങ്ങൾ, പുഴകളുടെ സംരക്ഷണം എന്നിവ കൂടി ഉൾപ്പെടുത്തി ഭൂമിക സ്പെഷ്യൽ എഡിഷൻ ആയി കോപ്പികളുടെ എണ്ണം കൂട്ടി പ്രസിദ്ധീകരിക്കാനും തീരുമാനിച്ചു.

അതിഥികൾക്ക് റൈറ്റിംഗ് പാഡ്, പേന, ബാഗ് എന്നിവ നൽകുന്നതിനായി KESNIK നെ ചുമതലപ്പെടുത്തുകയും ചെയ്തു.

200 ഓളം വളണ്ടിയർമാരെ നിയോഗിക്കാനും പരിപാടിക്ക് പ്രചാരണം നൽകുന്നതിന് 'മൈത്രി' യെ ഏൽപ്പിക്കുവാനും തീരുമാനിച്ചു

16.10.2023- നു അടുത്ത യോഗം ചേരാനും പ്രസ്തുത യോഗത്തിൽ തീരുമാനങ്ങൾക്ക് അന്തിമ രൂപം നൽകാവുന്നതാണെന്നും ബഹു.റവന്യൂ വകുപ്പ് മന്ത്രി നിർദേശിച്ചു.

യോഗം 6.15 pm ന് അവസാനിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

K RAJAN

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/5916497/2023

MINISTER

PARTICIPANTS

1	Sri.Abdul Nazar.B IAS	Additional Secretary, Revenue Department
2	Sri.Arjun Pandian IAS	Joint Commissioner, Land Revenue
3	Sri.Geromic George IAS	District Collector, Thiruvananthapuram
4	Sri.Sabir Husian	Special Secretary, Revenue Department
5	Sri.Sam Cleetus	Assistant Secretary, State Land Board
6	Sri.Suresh. P	Deputy Collector
7	Sri.Sanil Kumar.S	Deputy Collector
8	Sri. Rajesh T.R	Deputy Collector
9	Sri. G.Sree Kumar	Deputy Collector
10	Sri. Ratheesh G.S	Junior Superintendent

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/6020648/2024

GOVERNMENT OF KERALA

Revenue(E)Department

B3

REV-E1/7/2024-REV

08-01-2024;
Thiruvananthapuram

From
Principal Secretary to Government

To
The Additional Chief Secretary, Taxes Department
The Commissioner of Land revenue, Thiruvananthapuram
The Director of Survey and Land records, Thiruvananthapuram.
The Inspector General of Registration, Registration Department.

Sir,

Sub: Revenue Department-meeting convened by Chief Secretary on 11/01/2024 - implementation of "Ente Bhoomi Portal"-reg

Ref: Note dated 06/01/2024 from the office of the Chief Secretary

I am directed to inform you that the Chief Secretary desires to convene a meeting at 11.30 AM on 11/01/2024 in the Chief Secretary's Committee Room, for discussing the Complete implementation of " Ente Bhoomi Web portal.

It is therefore requested to attend the meeting with relevant details.

Yours Faithfully,
JOSHY.K.L
SECTION OFFICER
For Principal Secretary to Government.

Approved for Issue,

Signed by
Joshy.k.l
Date: 08-01-2024 17:17:10

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/6020648/2024

Section Officer.
Copy to:
Staff officer to Chief Secretary.
PA to Principal Secretary, Revenue Department
CA to Special Secretary, Revenue Department
Taxes(J) Department)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

DCTVM/5650/2020-B9

കളക്ടറേറ്റ് ,സിവിൽ സ്റ്റേഷൻ
കടപ്പനക്കുന്ന്,തിരുവനന്തപുരം-43
ഫോൺ നം : 0471 -2731210
ഫാക്സ് നം : 0471 -2731166
ഇ-മെയിൽ: dctvm.ker@nic.in
തീയതി: 28-09-2024

ജില്ലാ കളക്ടർ,
തിരുവനന്തപുരം.

ലാൻഡ് റവന്യു കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം :- തിരുവനന്തപുരം താലൂക്ക് - മുട്ടത്തറ, കടകംപള്ളി വില്ലേജുകളിൽ വസ്തുവിന്റെ കരം ഒടുക്കാൻ/ പോക്കുവരവ് ചെയ്യാൻ കഴിയാത്തത് - സംബന്ധിച്ച്

സൂചന :- ഈ കാര്യാലയത്തിലെ 19-10-2023 ലെ ബി9/5650/2020 നമ്പർ റിപ്പോർട്ട്

****

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. തിരുവനന്തപുരം താലൂക്കിൽ റീസർവ്വെ കഴിയാത്ത വില്ലേജുകളായ മുട്ടത്തറ , കടകംപള്ളി എന്നീ വില്ലേജുകളിൽ കരം ഒടുക്കുവാനും പോക്കുവരവ് ചെയ്യുന്നതിനുമായി ലഭിക്കുന്ന അപേക്ഷകളിൽ സെറ്റിൽമെന്റ് രജിസ്റ്ററിൽ വിസ്തീർണമില്ലാത്തതിനാലും പട്ടയ രേഖകൾ ലഭ്യമല്ലാത്തതിനാലും നിലവിൽ നികുതി ഒടുക്കി വന്നിരുന്ന നികുതി ദായകരുടെ വില്ലേജ് രേഖകൾ ഡിജിറ്റലൈസ് ചെയ്യാൻ സാധിക്കാത്തതിനാൽ ഭൂനികുതി സ്വീകരിക്കാൻ കഴിയാത്തത് സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വില്ലേജുകളിൽ റീസർവ്വെ/ഡിജിറ്റൽ സർവ്വേ നടപ്പിലാകുന്നതുവരെ പ്രസ്തുത അപേക്ഷകളിന്മേൽ മാന്വൽ ആയോ ഓൺലൈൻ ആയോ കരം ഒടുക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച ഒരു മാർഗ്ഗ രേഖ (SOP) അംഗീകാരത്തിനും ഉത്തരവിനുമായി മേൽസൂചനപ്രകാരം ആ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ് .

പ്രസ്തുത വില്ലേജുകളിൽ ഉൾപ്പെട്ട വസ്തുക്കളുടെ കരം ഒടുക്കാൻ കഴിയാത്തതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മേൽ വിഷയത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച നിർദ്ദേശം ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു .

വിശ്വസ്തതയോടെ,
DEPUTY COLLECTOR
ജില്ലാ കളക്ടർക്കു വേണ്ടി.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

GOVERNMENT OF KERALA

Revenue (E) Department

File No.: REV-E3/904/2024-REV
Thiruvanthapuram,Dated30-10-2024

The Petition dated 12.09.2024 from Smt. Regila Beevi is forwarded herewith to the Land Revenue Commissioner for necessary action and for giving reply to the applicant directly.

RAHUL A RAJ K A S
UNDER SECRETARY

To:

The Land Revenue Commissioner,
Thiruvananthapuram.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

വിജിലൻസ് (ഇ) വകുപ്പ്

നമ്പർ.വിജി-ഇ1/160/2024-വിജി 17-10-2024,തിരുവനന്തപുരം

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി

റവന്യൂ വകുപ്പ്

സർ,

വിഷയം:- വിജിലൻസ് വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ വെമ്പായത്ത് താമസിക്കുന്ന പരാതിക്കാരിയുടെ 9.75 സെന്റ് വസ്തുവിന്റെ പിൻതുടർച്ച പോക്കു വരവ് സംബന്ധിച്ച് ശ്രീമതി.രജിലാ ബീവി, ആറ്റിങ്ങൽ നൽകിയ പരാതി - സംബന്ധിച്ച്

സൂചന:- വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25/09/2024 ലെ സി.പി.എസ്.പി-1-39116/2024/ഡി.വി.എ.സി.ബി നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന കത്തിന്റെയും അതോടൊപ്പം ലഭിച്ച ശ്രീമതി. രജിലാ ബീവിയുടെ പരാതിയുടെയും അനുബന്ധരേഖകളുടെയും പകർപ്പും പരാതിയിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,
ബിനു സി
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ് - ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ (അറിവിലേക്കായി).

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

'CORRUPTION, A CRIME AGAINST NATION'
ഭരണഭാഷ മാതൃഭാഷ

150 YEARS OF CELEBRATING THE MAHATMA

ഡയറക്ടറേറ്റ്,
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
ഇമെയിൽ : vig.vacb@kerala.gov.in
ഫോൺ : 04712305393
തീയതി. 25-09-2024

നമ്പർ.CPSP-1-39116/2024/DVACB

വിജിലൻസ് വകുപ്പ് 08 OCT 2024 സ്പെ. സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം-695001.

പ്രേഷകൻ

ഡയറക്ടർ
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി,
വിജിലൻസ് ഡിപ്പാർട്ട്മെന്റ്
ഗവ: സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം: തിരുവനന്തപുരം ജില്ലയിലെ വെമ്പായത്ത് താമസിക്കുന്ന പരാതിക്കാരിയുടെ 9.75 സെന്റ് വസ്തുവിന്റെ പിൻതുടർച്ച പോക്കു വരവ് സംബന്ധിച്ച് ശ്രീമതി.രജിലാ ബീവി, ആറ്റിങ്ങൽ നല്കിയ പരാതി

സൂചന : 29.03.2017 തീയതിയിലെ സ.ഉ(പി)നം.09/2017/വിജി.നമ്പർ സർക്കാർ ഉത്തരവ്

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും അങ്ങയുടെ ശ്രദ്ധക്ഷണിച്ചു കൊള്ളുന്നു.

ശ്രീമതി.രജിലാ ബീവി, ആറ്റിങ്ങൽ എന്നയാൾ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നൽകിയ പരാതി മേൽ സൂചന പ്രകാരം ഉചിത നടപടികൾ സ്വീകരിക്കുന്നതിനായി ഇതോടൊപ്പം സമർപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

ഇ എസ് ബിജുമോൻ
പോലീസ് സൂപ്രണ്ട് ഇന്റലിജൻസ്
ഡയറക്ടർക്ക് വേണ്ടി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LA_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

39116

From,

Regila Beevi
Hill Land House,
LMS, Attingal 695101
Phone : 9895427346

6324

വിജിലൻസ് ആൻഡ് ആന്റി - കറപ്ഷൻ ബ്യൂറോ
ഡയറക്ടറേറ്റ്
തിരുവനന്തപുരം
12 SEP 2024

To,

The Director,
The Vigilance and Anti Corruption Bureau,
Vikas Bhavan,
Thiruvananthapuram.

In 2007, my husband, Mr.Nizamudeen bought 9.75 Cents land at Vembayam Thalayil Ward in both mine and my husbands name. On 8th January, 2023 my husband passed away. After his death, I had gone to the Village Office in August to get the pokku varavu to get the property regularized in my name. But the Village Officer said that it could not be done because there was a dispute over the property. According to him, as per Muslim law, the property cannot be transferred to my name as my husband's relatives has a right to a share in the property.

My own sister, Shyla, (working at Government Press, Binding section) without my consent or knowledge, has moved the property papers to my husbands sister's favour with wrong intention. Even though I never went to the village office to sign any papers, the village officer has moved the papers in favour of my husbands sister with my sister, Shyla impersonating me. My signature has been forged by my sister to get all this done for my husbands sister's favour.

Even though I was residing at Manikkal Village, all my documents has been moved by Shyla to Pullampara Village without my knowledge.

We also received a message that the papers for Legal Heir Certificate has been returned. We have no idea who is behind this.

We request you to kindly look into this matter and help me get the papers regularised in my name. I have been running from office to office for this.

We request you to also take legal action against shyla for impersonating me.

Place : Attingal
Date : 12.09.2024

Thanking you,
Yours sincerely,

Shyla : 8891427095/9495533374

Regila Beevi

Copy to: Government Press, Thiruvananthapuram.

Attachments : 1. Letter from the Village officer
2. Death Certificate of my husband, Mr.Nizamudeen
3. Copy of the pramanam
4. Message from e-district

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വില്ലേജാഫീസ്, മാണിക്കൽ
തീയതി: 30/8/2024

നം: 629/24

വില്ലേജാഫീസർ
മാണിക്കൽ

ശ്രീമതി. രണ്ടിലാബീവി
c/o ബദറുദ്ദീൻ
ഗിൽലാന്റ് ഹൗസ്
LMS ഇംഗ്ലീഷ്
അതിങ്ങൽ

സർ,
വിഷയം:- പിൻതുടർച്ചാവകാശ പോക്കുവരവ് - സംബന്ധിച്ച്.

സൂചന:- താങ്കൾ സമർപ്പിച്ച അപേക്ഷ.

സൂചന അപേക്ഷയിന്മേൽ അന്വേഷണം നടത്തിയതിൽ മുസ്ലീം വ്യക്തിഗത നിയമം പ്രകാരം മരണപ്പെട്ട നിസാമുദ്ദീൻ വേറെ അവകാശികൾ ഉള്ളതിനാൽ താങ്കളുടെ പേരിലേക്ക് പിൻതുടർച്ചാവകാശ പോക്കുവരവ് ചെയ്യുന്നതിനുള്ള അപേക്ഷ പരിഗണിക്കാൻ കഴിയില്ല എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ.
30/08/2024

വില്ലേജ് ഓഫീസർ
മാണിക്കൽ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

Form - 6

Key No. D0090167-2301086

FORM No.6
(See Rule 8)
കേരള സർക്കാർ
GOVERNMENT OF KERALA
നഗരകാര്യ വകുപ്പ്
DEPARTMENT OF URBAN AFFAIRS

സർട്ടിഫിക്കറ്റ് നൽകുന്ന തദ്ദേശസ്ഥാപനത്തിന്റെ പേര് തിരുവനന്തപുരം കോർപ്പറേഷൻ

Name of Local Government issuing certificate Thiruvananthapuram Corporation

മരണ സർട്ടിഫിക്കറ്റ്
DEATH CERTIFICATE

(Issued Under Section 12)

(1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിലെ 12-ാം വകുപ്പും 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 8-ാം ചട്ടവും അനുസരിച്ച് നൽകുന്നത്).

(Issued under Section 12 of the Registration of Births and Deaths Acts, 1969 and Rule 8 of the Kerala Registration of Births and Deaths Rules, 1999)

താഴെ പറയുന്ന വിവരങ്ങൾ കേരള സംസ്ഥാനത്തിലെ തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം താലൂക്കിലെ തിരുവനന്തപുരം കോർപ്പറേഷൻ -ലെ (തദ്ദേശസ്ഥാപനം) അസ്സൽ മരണ രജിസ്റ്ററിൽ നിന്ന് എടുത്തിട്ടുള്ളവയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

This is to certify that the following information has been taken from the original record of death which is the register for (local area/local body) Thiruvananthapuram Corporation of Taluk Thiruvananthapuram of District Thiruvananthapuram of State Kerala.

പേര്/. Name	:	നിസ്സാമുദ്ദീൻ എം എ/ Nizamudeen M A
ആൺ/പെൺ/ Sex	:	ആൺ/ Male
മരണ തീയതി/ Date of Death	:	08/01/2023 (EIGHT/ONE/TWO THOUSAND TWENTY THREE)
മരണ സ്ഥലം/ Place of Death	:	മെഡിക്കൽകോളേജ് ആശുപത്രി, തിരുവനന്തപുരം/ Medical College Hospital, Thiruvananthapuram
മാതാവിന്റെ പേര് / Name of Mother	:	സൈനബാ ബീവി (മാതാവ്)/ Sainaba Beevi (Mother)
പിതാവിന്റെ പേര്/ഭർത്താവിന്റെ പേര്/ Name of Father/Husband	:	അബ്ദുൽ റഹുമാൻ എം (പിതാവ്)/ Abdul Rahuman M (Father)
മരിച്ച വ്യക്തിയുടെ മരണസമയത്തെ മേൽവിലാസം	:	നിസ്സാം മൻസിൽ, കിഴക്കുംകര പുത്തൻ വീട്, കുതിരകുളം പി ഒ, വെമ്പായം, പിൻ 695615, തിരുവനന്തപുരം, കേരളം, ഇൻഡ്യ
Address of the deceased at the time of death	:	Nizam Manzil, Kizhakkumkara Puthen Veedu, Kuthirakulam P O, Vembayam, Pin 695615, Thiruvananthapuram, Kerala, India
മരിച്ച വ്യക്തിയുടെ സ്ഥിരമായ മേൽവിലാസം	:	നിസ്സാം മൻസിൽ, കിഴക്കുംകര പുത്തൻ വീട്, കുതിരകുളം പി ഒ, വെമ്പായം, പിൻ 695615, തിരുവനന്തപുരം, കേരളം
Permanent address of deceased	:	Nizam Manzil, Kizhakkumkara Puthen Veedu, Kuthirakulam P O, Vembayam, Pin 695615, Thiruvananthapuram, Kerala

രജിസ്ട്രേഷൻ നമ്പർ/ Registration Number : 468/2023

രജിസ്ട്രേഷൻ തീയതി/ Date of Registration : 09/01/2023

അഭിപ്രായക്കുറിപ്പ്/ Remarks (if any) :

നൽകുന്ന തീയതി/ Date of Issue : **02/02/2023 (14:58)** Last Updated on 09/01/2023 (13:32)

നൽകുന്ന അധികാരിയുടെ മേൽവിലാസം/ Address of the issuing authority : Registrar of Births and Deaths, Thiruvananthapuram Corporation

"Ensure Registration of Every birth and death"
"ഓരോ ജനനവും മരണവും രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക"

This certificate is computer generated and does not require any Seal/Signature in original.
The Govt. vide G.O.(Ms) No.202/2012/LSGD dated 25/07/2012 has approved this certificate as a valid document for all official purposes
Authenticity of this certificate can be verified at www.cr.lsgkerala.gov.in. The Key Number is unique to each event.
Software developed and supported by Information Kerala Mission.
Certificate printed before the last updated date is invalid
Page 1/1

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM





Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

भारतीय गैर न्यायिक INDIA NON JUDICIAL

एक हजार रुपये ONE THOUSAND RUPEES

रु.1000 Rs.1000

INDIA

കേരള KERALA







Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

2

भारतीय गैर न्यायिक INDIA NON JUDICIAL

एक हजार रुपये ONE THOUSAND RUPEES

रु.1000 Rs.1000

INDIA

केरल KERALA C 618417



കേരളം കേരള KERALA

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഫയൽ അദാലത്ത് - 2025

DCTVM/9279/2025-B19

കളക്ടറേറ്റ് ,സിവിൽ സ്റ്റേഷൻ
കടപ്പനക്കുന്ന്,തിരുവനന്തപുരം-43
ഫോൺ നം : 0471 -2731210
ഫാക്സ് നം : 0471 -2731166
ഇ-മെയിൽ: dctvm.ker@nic.in

തീയതി: 19-08-2025

ജില്ലാ കളക്ടർ,
തിരുവനന്തപുരം.

കമ്മീഷണർ
ലാന്റ് റവന്യൂ, തിരുവനന്തപുരം

സർ,

വിഷയം :- കരമടവ്- നെയ്യാറ്റിൻകര താലൂക്ക് പൂവാർ വില്ലേജ് - ശ്രീ.ഫെലിക്സ് കെ പാപ്പാളി സർക്കാരിൽ സമർപ്പിച്ച അപേക്ഷ - റിപ്പോർട്ട് സമർപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന :- 1) അങ്ങയുടെ 05/06/2025 ലെ LR/149/2024-LR(B3) നമ്പർ കത്ത്
2) ഈ കാര്യാലയത്തിലെ 26/06/2025 ലെ മേൽ നമ്പർ റിപ്പോർട്ട്

****

സൂചനകളിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. നെയ്യാറ്റിൻകര താലൂക്ക് പൂവാർ വില്ലേജ് റീസർവ്വെ 213/ 45, 46 47 48 49(മുൻ സർവ്വെ 244/1 എ, ബി തിരുപുറം വില്ലേജ്) എന്നിവയുടെ കരമടവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം അടിമലത്തുറ പാപ്പാളി ഹൗസിൽ ശ്രീ.ഫെലിക്സ് കെ പാപ്പാളി സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൻമേൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സൂചന (1) പ്രകാരം നിർദ്ദേശിച്ചതിനെത്തുടർന്ന് വിശദമായ റിപ്പോർട്ട് 26/06/2025 ൽ അങ്ങേയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. നിലവിൽ ഈ വിഷയം ഫയൽ അദാലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ 26/06/2025 ലെ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്ത് സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,
DEPUTY COLLECTOR(LR)
ജില്ലാ കളക്ടർക്കു വേണ്ടി.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

DCTVM/9279/2025-B19

കളക്ടറേറ്റ് ,സിവിൽ സ്റ്റേഷൻ
കടപ്പനക്കുന്ന്,തിരുവനന്തപുരം-43
ഫോൺ നം : 0471 -2731210
ഫാക്സ് നം : 0471 -2731166
ഇ-മെയിൽ: dctvm.ker@nic.in
തീയതി: 26-06-2025

ജില്ലാ കളക്ടർ,
തിരുവനന്തപുരം.

കമ്മീഷണർ
ലാന്റ് റവന്യൂ, തിരുവനന്തപുരം

സർ,

വിഷയം :- നെയ്യാറ്റിൻകര താലൂക്ക് പൂവാർ വില്ലേജ് റീസർവ്വെ 213/ 45, 46 47 48 49(മുൻ സർവ്വെ 244/1 എ, ബി തിരുപുറം വില്ലേജ്) - റിപ്പോർട്ട് സമർപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന :- 1) ആ കര്യലയത്തിലെ 05/06/2025 ലെ LR/149/2024-LR(B3) നമ്പർ കത്ത്
2) 09/08/2018 ലെ REV-E3/521/2018-REV നമ്പർ സർക്കാർ കത്ത്
3) ഈ കാര്യാലയത്തിലെ 25/03/2025 ലെ ബി19-133127/2018 നമ്പർ നടപടിക്രമം

നെയ്യാറ്റിൻകര താലൂക്ക് പൂവാർ വില്ലേജ് റീസർവ്വെ 213/ 45, 46 47 48 49(മുൻ സർവ്വെ 244/1 എ, ബി തിരുപുറം വില്ലേജ്) എന്നിവയുടെ കരമടവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം അടിമലത്തുറ പാപ്പാളി ഹൗസിൽ ശ്രീ.ഫെലിക്സ് കെ പാപ്പാളി സർക്കാരിൽ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

നെയ്യാറ്റിൻകര താലൂക്ക് പൂവാർ വില്ലേജിൽ ബ്ലോക്ക് 19 -ൽ റീസർവ്വെ 213/12, 13, 14, 35, 45, 46-1, 47, 50, 52 എന്നീ സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ട 51.800 ആർ സിദ്ധിച്ചതിൽനിന്നും 45, 46, 47 എന്നീ സബ് ഡിവിഷനുകൾ റദ്ദ് ചെയ്ത നടപടി പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.ഫെലിക്സ് കെ പാപ്പാളി സർക്കാരിൽ സമർപ്പിച്ച അപേക്ഷ ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുള്ളതും ടി അപേക്ഷയിൻ മേൽ തിരുവനന്തപുരം സബ് കളക്ടറിൽ നിന്ന് റിപ്പോർ ട്ട് ലഭ്യമാക്കിയതിൽ ഈ വിഷയത്തിൽ തീരുമാനം എടുക്കുന്നതിനായി ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകി നേർക്കാഴ്ച നടത്തിയെങ്കിലും അപേക്ഷകന്റെ വാദം തെളിയിക്കാനാവശ്യമായ പട്ടയങ്ങളോ അനുബന്ധ രേഖകളോ ഹാജരാക്കി പ്രസ്തുത സബ് ഡിവിഷനുകളിൽപ്പെട്ട ഭൂമി തന്റേതാണ് എന്ന് തെളിയിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ദക്ഷിണ മേഖല സർവ്വെ ജോയിന്റ് ഡയറക്ടറുടെ 05/01/20217-ലെ എ1-

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

470/16-ാം നമ്പർ നടപടിക്രമം ശരിവച്ചും ശ്രീഫെലിക്സ്.കെ.പാപ്പാളിയുടെ ഹർജി നിരസിച്ചും ഉത്തരവായിട്ടുള്ളതായി തിരുവനന്തപുരം സബ് കളക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ്.

തുടർന്ന് ഇതേ ആവശ്യവുമായി ബന്ധപ്പെട്ട് അപേക്ഷകൻ ബഹു.കേരള ഹൈക്കോടതി മുമ്പാകെ WP(C)-33409/2022 നമ്പരായി ഫയൽ ചെയ്ത കേസിൽ അപേക്ഷകൻ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയിൻമേൽ കക്ഷിയെ നേരിൽ കേട്ട് രണ്ട് മാസത്തിനകം തീരുമാനമെടുക്കണമെന്ന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവായിരുന്നു. തുടർന്ന് ബഹു.ജില്ലാ കളക്ടർ 13/12/2022 ൽ ഹിയറിംഗ് നടത്തിയിട്ടുള്ളതും, അപേക്ഷയ്ക്കാസ്പദമായ നെയ്യാറ്റിൻകര താലൂക്ക് പൂവാർ വില്ലേജ് ബ്ലോക്ക് 19 -ൽ റീസർവ്വെ 213 ൽ 45, 46, 47 എന്നീ സബ് ഡിവിഷനുകളിൽപ്പെട്ട ഭൂമിയിൽ പുറമ്പോക്ക്, പുഴ പുറമ്പോക്ക് എന്നിവ നിയമാനുസൃതം ഫിക്സ് ചെയ്തതിനുശേഷം, ടി സബ് ഡിവിഷനുകളിൽപ്പെട്ട ഭൂമിയിൽ അപേക്ഷകനായ ശ്രീ.ഫെലിക്സ്.കെപാപ്പാളിയ്ക്കുള്ള ഉടമസ്ഥാവകാശവും, കൈവശവും നിയമവിധേയമാണെങ്കിൽ നിയമാനുസൃതം നടപടികൾ സ്വീകരിക്കുന്നതിന് നെയ്യാറ്റിൻകര ഭൂരേഖ തഹസീൽദാർക്ക് നിർദ്ദേശം നൽ കി ഉത്തരവ് പുറപ്പെടുവിച്ച് ബഹു.കേരള ഹൈക്കോടതിയുടെ 18/11/2022 ലെ WP(C)-33409/2022 നമ്പർ ഉത്തരവ് പാലിച്ചിട്ടുള്ളതുമാണ്.

തുടർന്ന് ടി കോടതി ഉത്തരവ് സമയബന്ധിതമായി പാലിച്ചില്ലെന്ന് കാണിച്ച് ടിയാൻ വീണ്ടും ബഹു.കേരള ഹൈക്കോടതി മുമ്പാകെ WP(C)-19530/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും ടി കേസ് 19/02/2023 ൽ വിധി ആയിട്ടുള്ളതുമാണ്. നെയ്യാറ്റിൻകര ഭൂരേഖ തഹസിൽദാർ പൂവാർ വില്ലേജാഫീസർക്ക് നൽകിയ 30/11/2023 ലെ കെ2-12643/17 നിർദ്ദേശം നടപ്പിലാക്കി ഈ കാര്യാലയത്തിലെ 10/01/2023 ലെ ബി19-133127/2018 നമ്പര് ഉത്തരവ് പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കുവാൻ രണ്ടാം എതിർ കക്ഷിയായ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയാണ് ടി കേസ് ഉത്തരവായിരുന്നത്.

ബഹു.കോടതി ഉത്തരവ് ലഭിച്ചതിനെത്തുടർന്ന് നെയ്യാറ്റിൻകര ഭൂരേഖ തഹസിൽദാർ തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതും റീസർവ്വെ 213/3 എന്ന സബ് ഡിവിഷൻ മുൻ സർവ്വെ 306 ൽ ഉൾപ്പെട്ട സർക്കാർ പുറമ്പോക്ക് ആണെന്ന് കണ്ടതിനാലും, ടി പുറമ്പോക്ക് ഭൂമിയിലെ കൈവശാവകാശം നിയമാനുസൃതമല്ലെന്ന് കണ്ടതിനാലും ടി പുറമ്പോക്ക് ഭൂമിയിലെ കൈവശാവകാശം സ്ഥാപിക്കുന്നതിനാവശ്യമായ രേഖകൾ കക്ഷി ഹാജരാക്കാത്തതിനാലും ടിയാന്റെ അപേക്ഷ നിരസിച്ച് നെയ്യാറ്റിൻകര ഭൂരേഖ തഹസിൽദാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ബഹു.കേരള ഹൈക്കോടതിയുടെ 19/02/2023 ലെ WP(C)-19530/2023 നമ്പർ ഉത്തരവ് പാലിക്കുന്നതിനുള്ള നടപടികൾ തുടരവെ തന്നെ ടിയാൻ വീണ്ടും ബഹു.കേരള ഹൈക്കോടതി മുമ്പാകെ WP(C)-21637/2024 നമ്പരായി കേസ് ഫയൽ ചെയ്യുകയും ടി കേസ് 14/08/2024 ൽ വിധി ആയിട്ടുള്ളതുമാണ്. ഹർജിക്കാരനെ നേരിൽ കേട്ട് ടിയാൻ 06/03/2020 ൽ രണ്ടാം എതിർ കക്ഷിയായ ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിന് മൂന്നാം എതിർ കക്ഷിയായ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയാണ് ബഹു.കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. തുടർന്ന് WP(C)-21637/2024 നമ്പർ ഉത്തരവിലെ Ext. P9 എന്നത് ഹർജിക്കാരൻ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപ്പീൽ പരാതിയാണെന്നും ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ പരാതി സമർപ്പിച്ചിട്ടില്ലെന്നും ടി ഉത്തരവിലെ പിഴവ് സദയം ക്ഷമിക്കണമെന്നും തനിക്ക് പറയാനുള്ളത് കേട്ട് തീരുമാനം

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

എടുക്കണമെന്നുമാവശ്യപ്പെട്ട് ഈ കാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ബഹു.കോടതി ഉത്തരവ് പാലിക്കുന്നതിലേയ്ക്കായി നിയമാനുസൃതം നോട്ടീസ് നൽകി 12/09/2024 ൽ കക്ഷികളെ നേരിൽ കേട്ടിട്ടുള്ളതും തുടർന്ന് ഈ വിഷയത്തിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ സർവ്വെ ജോയിന്റ് ഡയറക്ടർ, ജില്ലാ സർവ്വെ സൂപ്രണ്ട്, നെയ്യാറ്റിൻകര ഭൂരേഖ തഹസിൽദാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും റിപ്പോർട്ടുകൾ ലഭ്യമായിട്ടുള്ളതുമാണ്.

പരാതികക്ഷിയുടെ സാനിധ്യത്തിൽ, പരാതിക്കാസ്പദമായ കൈവശസ്ഥലം ഭൂമിയിൽ പരിശോധിച്ചതിൽ ടി സ്ഥലം പൂവാർ വില്ലേജിൽ, ബ്ലോക്ക് നമ്പർ 19-ൽ റീസർവെ നമ്പർ 213/3-ന്റെ ഭാഗമായി കാണുന്നു എന്നും സെറ്റിൽമെന്റ് രജിസ്റ്റർ, ലിത്തോമാപ്പ്, മുൻസർവെ മെഷർമെന്റ് സ്കെച്ച് എന്നിവ പ്രകാരം, മുൻ സർവെ നമ്പർ 306 എന്ന ആറുപുറമ്പോക്കിന്റെ ഭാഗം റീഫിക്സ് ചെയ്ത് റീസർവെ നമ്പർ 213/3 എന്ന പുറമ്പോക്കായി നിലനിർത്തിയിരിക്കുന്നതായും റീസർവെ പ്രകാരമുള്ള ബി.റ്റി.ആർ-ലും 213/3-ൽ 306 എന്ന മുൻസർവെ നമ്പർ മാത്രമാണ് കോറിലേറ്റ് ചെയ്തിട്ടുള്ളത്. എന്നാൽ ആറ് ഗതി മാറി ഒഴുകിയത് കാരണം സർവെ നമ്പർ 213/3-ന്റെ കുറച്ചുഭാഗം ഇപ്പോൾ പരാതിക്കാരന്റെ കൈവശത്തിലുള്ളതായി കാണുന്നു എന്നും ടി വസ്തുവിന്റെ മുൻസർവെ നമ്പർ ആയ 306-ൽ പരാതികക്ഷിക്ക് യാതൊരുവിധ അവകാശ രേഖകളും നിലവിലില്ലാത്ത സാഹചര്യത്തിൽ തെറ്റായി സബ്ഡിവിഷൻ ചെയ്ത് ഉൾപ്പെടുത്തിയ റീസർവെ സബ്ഡിവിഷനുകളായ 213/45, 46, 47, 48, 49 എന്നിവ റദ്ദ് ചെയ്ത നടപടി പുനഃപരിശോധിക്കേണ്ട ആവശ്യമില്ല എന്നും തിരുവനന്തപുരം ജില്ലാ സർവ്വെ സൂപ്രണ്ട് റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

ശ്രീ ഫെലിക്സ് കെ പാപ്പാളി പേർക്ക് പൂവ്വാർ സബ് രജിസ്ട്രാർ ആഫീസിലെ 162/17-ാം നമ്പർ ആധാര പ്രകാരം പൂവാർ വില്ലേജിൽ ബ്ലോക്ക് 19 ൽ റീസർവ്വെ നമ്പർ 213/12-ൽ 2.00 ആർ, 213/13 ൽ 1.80 ആർ, റീസർവ്വെ നമ്പർ 213/50-ൽ 0.35 ച.മീ, റീസർവെ 213/46-ൽ 3.43 ആർ, റീസർവെ നമ്പർ 123/46-1-ൽ 11.12 ആർ, റീസർ വ്വെ 213/47-ൽ 8.10 ആർ, റീസർവ്വെ നമ്പർ 213/35 ൽ 03.80 ആർ, റീസർവ്വെ നമ്പർ 213/45 ൽ 3.30 ആർ, റീസർവ്വെ നമ്പർ 213/14 ൽ 10.90 ആർ, റീസർവ്വെ നമ്പർ 213/52 ൽ 7.00 ആർ എന്നിങ്ങനെ ആകെ 51.80 ആർ ലഭിച്ചിട്ടുള്ളതായും ടി റീസർവ്വെ നമ്പരുകളിൽ എസ്.എ 11/01, 13/01, 14/01, 15/01 എന്നീ ഫയലുകൾ പ്രകാരം വന്നിട്ടുള്ള റീസർവ്വെ നമ്പർ 213/45, 46, 47, 48, 49 എന്നീ സബ്ഡിവിഷനുകൾ പട്ടയ രേഖകൾ ഹാജരാക്കാത്തതിനാൽ ദക്ഷിണ മേഖല സർവ്വെ ജോയിന്റ് ഡയറക്ടറുടെ 05.01.2017-ലെ എ1-470/16-ാം നമ്പർ നടപടി ക്രമം പ്രകാരം റദ്ദ് ചെയ്ത് ഉത്തരവായിട്ടുള്ളതായും, പ്രസ്തുത റദ്ദ് ഫയലുകൾ പുനഃപരിശോധന നടത്തി തണ്ടപ്പേർ പൂർവ്വ സ്ഥിതിയിൽ നിലനിർത്തി ശ്രീ ഫെലിക്സ് കെ പാപ്പാളി പേർക്ക് പോക്കുവരവ് ചെയ്ത് കിട്ടുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരുന്നതെന്നും നെയ്യാറ്റിൻകര ഭൂരേഖ തഹസിൽദാർ റിപ്പോർട്ട് ചെയ്തിരുന്നു.

കൂടാതെ റീസർവെ 23/2, 3-ന്റേയും മുൻ സർവ്വെ നമ്പർ യഥാക്രമം 244, 306 ആണ്. ലിത്തോമാപ്പ്, എഫ്.എം.ബി എന്നിവ ഒത്തുനോക്കി പരിശോധിച്ചതിൽ മെഷർമെന്റ് സ്കെച്ച് അളവ് പ്രകാരം പ്ലോട്ട് ചെയ്തതിലും മുൻസർവ്വെ നമ്പർ 244-ൽ ഉൾപ്പെട്ടുവരുന്ന റീസർവെ 213/12, 13, 14, 35 എന്നിവ പട്ടയ വസ്തുക്കളും മുൻ സർവെ 306-ൽ ഉൾപ്പെട്ടുവരുന്ന റീസർവ്വെ 213/45, 46, 47, 48, 49 എന്നിവ ഉൾപ്പെട്ടുവരുന്നതായും, മുൻ സർവ്വെ 306-ലെ പുറമ്പോക്ക് സ്ഥലം സെറ്റിൽമെന്റ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

റിക്കാർഡുകൾ പ്രകാരം 174.90 ഏക്കർ സ്ഥലമാണെന്നും എന്നാൽ റീസർവ്വെ റിക്കാർഡുകൾ പരിശോധിച്ചതിൽ മുൻ സർവ്വേ 306-ന്റെ വിസ്തീർണ്ണം 192 ഏക്കർ 684 സെന്റായി കോറിലേറ്റ് ചെയ്തിരിക്കുന്നതായും കോറിലേഷൻ റിക്കാർഡുകൾ തയ്യാറാക്കിയപ്പോൾ ഗുരുതരമായ പിശകുകൾ പറ്റിയിട്ടുള്ളതായും മുൻ സർവ്വെ 244/1-ൽപ്പെട്ട പട്ടയ സ്ഥലത്ത് 1 എക്കർ 32 സെന്റിന്റെ കുറവും, പുറമ്പോക്ക് സ്ഥലമായ മുൻസർവ്വെ 306-ൽ ഏകദേശം 17 ഏക്കറിന്റെ കൂടുതലും വന്നിട്ടുള്ളതിനാൽ നിലവിൽ തയ്യാറാക്കിയിരിക്കുന്ന സബ്ഡിവിഷൻ സ്കെച്ച് അംഗീകരിക്കാവുന്നതാണെന്നും 02.08.2022- ലെ ഹെഡ് സർവ്വെയറുടെ റിപ്പോർട്ട് പ്രകാരം കാണുന്നതായും ഇപ്രകാരം കോടതി ഉത്തരവുകൾ, ആധാരങ്ങൾ, നികുതി രസീതുകൾ, സെറ്റിൽമെന്റ് റിക്കാർഡുകൾ, മുൻ സർവ്വെ റിക്കാർഡുകൾ എന്നിവ പരിശോധിച്ചതിൽ മേൽപ്പറഞ്ഞ സബ്ഡിവിഷനുകൾ നിലനിർത്തിയാലും പുറമ്പോക്കിന്റെ വിസ്തീർണ്ണം അടയുന്നില്ല എന്നും സർവ്വെയർ റിപ്പോർട്ട് ചെയ്തിരുന്നതായും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഫെലിക്സ് കെ. പാപ്പാളി സമർപ്പിച്ച അപേക്ഷ പ്രകാരം മുൻ സർവ്വെ 306-ൽ ഉൾപ്പെട്ടതും റീസർവ്വെ 213/45, 46, 47, 48, 49 എന്നീ സബ്ഡിവിഷനുകൾ പ്രകാരമുള്ള ഭൂമി വില്ലേജ് മുഖാന്തിരം പോക്കുവരവ് ചെയ്യുന്നതിന് വില്ലേജാഫീസർക്ക് നിർദ്ദേശം നൽകി കത്ത് തയ്യാറാക്കിയിരുന്നുവെങ്കിലും വീണ്ടും ഫയൽ പരിശോധിച്ചതിൽ പ്രസ്തുത സബ് ഡിവിഷനുകളിൽപ്പെട്ട ഭൂമിയിൽ ടിയാന് ജന്മാവകാശം ലഭിച്ചതായ രേഖകൾ ഇല്ലാത്തതിനാൽ ടി കത്ത് വില്ലേജാഫീസർക്ക് അയച്ച് നൽകിട്ടില്ലാത്തതായും, റീസർവ്വെ 213/45, 46, 47, 48, 49 എന്നീ സബ്ഡിവിഷനുകളിൽപ്പെട്ട ഭൂമിയുടെ ജന്മാവകാശം തെളിയിക്കുന്ന രേഖകൾ കൂടി ഹാജരാക്കുന്നതിന് കക്ഷിയ്ക്ക് കത്ത് നൽകിയിട്ടുള്ളതായും, തുടർന്ന് ഈ വിഷയത്തിൽ പൂവ്വാർ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയതിൽ റീസർവ്വെ 213/3-ൽ നിന്നും വന്നിട്ടുള്ള 213/45, 46, 47, 48, 49 എന്നീ സബ് ഡിവിഷനുകൾ 05.01.2017-ലെ എ1-470/2016 നമ്പർ ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിട്ടുള്ളതായും ടി 213/3 അടിസ്ഥാന നികുതി രജിസ്റ്റർ പ്രകാരം സർക്കാർ പുറമ്പോക്കായി കാണുന്നതായും ടി പുറമ്പോക്കിൽ നിന്നും പതിച്ചു നൽകിയ പതിവ് രേഖകൾ ഒന്നും കാണുന്നില്ലായെന്നും റീസർവ്വെ 213/3-ന്റെ മുൻ സർവ്വെ 306 ആണെന്നും കണ്ടതിനാലും മുൻ സർവ്വെ 306 ൽ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം സർക്കാർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തി കണ്ടതിനാലും അപേക്ഷാകക്ഷി പല തവണകളിലായി ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിലും, ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ ബഹു. കോടതികൾ പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായങ്ങൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയും ഫയലിൽ ലഭ്യമായ വിവരങ്ങൾ പരിശോധിച്ചും, പരാതിക്കാസ്പദമായ സ്ഥലം സർവ്വെ വിഭാഗം നേരിൽ പരിശോധിച്ച് തയ്യാറാക്കി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും റീസർവെ 213/3 എന്ന സബ്ഡിവിഷൻ പൂർണ്ണമായും, മുൻ സർവ്വെ 306-ൽ ഉൾപ്പെട്ട സർക്കാർ ആറ്റുപുറമ്പോക്ക് സ്ഥലമാണെന്നു കാണുന്നതിനാലും പരാതിക്കാരനായ ശ്രീ. ഫെലിക്സ് കെ. പാപ്പാളിയുടെ പുറമ്പോക്കു ഭൂമിയിലെ കൈവശാവകാശം നിയമാനുസൃതമല്ലായെന്ന് ഉത്തമമായി ബോദ്ധ്യപ്പെട്ടതിനാൽ ദക്ഷിണമേഖല സർവ്വെ ജോയിന്റ് ഡയറക്ടർ 05.01.2017 ൽ എ1-470/2016 നമ്പരായി പുറപ്പെടുവിച്ച ഉത്തരവ് പുനപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ലായെന്നും പുറമ്പോക്ക് ഭൂമിയിലെ കൈവശാവകാശം സ്ഥാപിക്കുന്നതിന് പര്യാപ്തമായ പട്ടയമോ മറ്റു ആധികാരികമായ റവന്യൂ രേഖകളോ പ്രസ്തുത സ്ഥലത്തിന് നൽകിയിട്ടില്ലായെന്നും കണ്ടതിനാൽ ടിയാന്റെ അപേക്ഷ പരിഗണിക്കാൻ നിർവാഹമില്ലായെന്നു ഉത്തരവാക്കി നൽകിയിട്ടുള്ളതായും നെയ്യാറ്റിൻകര ഭൂരേഖ തഹസിൽദാർ റിപ്പോർട്ട് ചെയ്തിരുന്നു.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

തുടർന്ന് ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് മുമ്പായി തന്നെ ഒരിക്കൽ കൂടി നേരിട്ട് കേൾക്കണമെന്നാവശ്യപ്പെട്ട് ഹർജിക്കാരൻ വീണ്ടും അപേക്ഷ സമർപ്പിച്ചതിനെത്തുടർന്ന് 05/02/2025 ൽ ടിയാനെ ഒരിക്കൽ കൂടി നേരിൽ കേട്ടിട്ടുള്ളതാണ് തിരുപുറം വില്ലേജ് മുൻ സർ വ്വെ 244/1AB യിൽ 4 ഏക്കർ 8 0 സെന്റിൽ നിന്നും 9 6 സെന്റ് ഭൂമി തിരുവനന്തപുരം പ്രിൻസിപ്പൽ സബ് കോടതി OS No. 109/1120-ാം നമ്പർ കേസിലെ 83 മുതൽ 89 വരെയുള്ള എതിർ കക്ഷികൾക്ക് 1953-ലെ പ്രാരംഭ വിധിയും 1973-ലെ അന്തിമ വിധിയും തിരുവനന്തപുരം സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി MC - 21/74 അനുസരിച്ച് അനുവദിച്ച് ഉത്തരവായിട്ടുള്ളതായും. ഇതു പ്രകാരം 1994 വരെ കരം ഒടുക്കിയിട്ടുള്ളതായും ആയത് കണ്ട് ബോധ്യപ്പെട്ടാണ് പ്രസ്തുത സ്ഥലം വാങ്ങിയിട്ടുള്ളതെന്നും ടി കൂടിക്കാഴ്ചയിൽ ഹർജിക്കാരൻ അറിയിച്ചു.

ടി വിഷയത്തിൽ റീസർവ്വെയിൽ പിശക് വന്നിട്ടുള്ളതായി നെയ്യാറ്റിൻകര ഭൂരേഖ തഹസിൽദാർ തന്നെ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും, നദി റീസർവ്വെ ചെയ്യുമ്പോൾ ഡബിൾ ലൈൻ ബൗണ്ടറി സിസ്റ്റം പ്രകാരം വിസ്തീർണ്ണം ഇരുവശത്തുമുള്ള വില്ലേജുകളിൽ ഉൾപ്പെടുത്തേണ്ടതാണെന്നും നദിയുടെ മധ്യത്തായി വരുന്ന മിഡ് ലൈൻ പൊതു അതിർത്തിയായി സ്വീകരിച്ച് ഇരുകരകളിൽ കൂടിയും തിയൊഡ് ലൈറ്റ് സർവ്വെ ആണ് ചെയ്യേണ്ടതെന്നും പകരം നദിയുടെ ഭാഗം പൂർണ്ണമായും ഒരു വില്ലേജിലാക്കി സർവ്വെ ചെയ്തിരിക്കുന്നു. ഇക്കാരണങ്ങളാലാണ് പുറമ്പോക്ക് കോറിലേറ്റ് ചെയ്തിരിക്കുന്നതിൽ വളരെയധികം വ്യത്യാസം വന്നതെന്നും റീസർവ്വെയിൽ പിഴവുകൾ സംഭവിച്ചുവെന്നും ചട്ടവും നിയമവും ലംഘിച്ചതിനാലാണ് പുരയിടം പുറമ്പോക്കായി മാറ്റപ്പെട്ടതെന്നും സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ. 200/10/റവന്യൂ (ജന) വകുപ്പ് പ്രകാരം സർവ്വെ വിഭാഗത്തിലെ ഒരു ഉദ്യോഗസ്ഥനും സബ് ഡിവിഷനുകൾ റദ്ദ് ചെയ്യാൻ അധികാരമില്ലെന്നും ഇക്കാരണങ്ങളാലും ദക്ഷിണ മേഖല സർവ്വെ ജോയിന്റ് ഡയറക്ടറുടെ നടപടി ബഹു. കേരള ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതിലും സർവ്വെ അദാലത്ത് വഴി വന്നിട്ടുള്ള പൂവ്വാർ വില്ലേജ് റീസർവ്വെ 213/45, 46, 47, 48, 49 എന്നീ സബ് ഡിവിഷനുകൾ നിലനില്ക്കുന്നതാണെന്നും ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ടിയാന്റെ ഭൂമി പുറമ്പോക്കായി തിരിച്ചെടുത്തു കൊണ്ട് റോഡ് സൈഡിൽ സർക്കാർ കൈശമുള്ള പട്ടയ ഭൂമി തിരികെ നൽകി പരാതി പരിഹരിക്കണമെന്നും കൂടിക്കാഴ്ചയിൽ ഹർജിക്കാരൻ അറിയിച്ചു.

റീസർവെ 213/3 എന്ന സബ്ഡിവിഷൻ പൂർണ്ണമായും, മുൻ സർവ്വെ 306-ൽ ഉൾപ്പെട്ട സർക്കാർ ആറ്റുപുറമ്പോക്ക് സ്ഥലമാണെന്നും പരാതിക്കാരനായ ശ്രീ. ഫെലിക്സ് കെ. പാപ്പാളിയുടെ പുറമ്പോക്ക് ഭൂമിയിലെ കൈവശാവകാശം നിയമാനുസൃതമല്ലായെന്നും, പുറമ്പോക്ക് ഭൂമിയിലെ കൈവശാവകാശം സ്ഥാപിക്കുന്നതിന് പര്യാപ്തമായ പട്ടയമോ മറ്റ് ആധികാരികമായ റവന്യൂ രേഖകളോ കക്ഷി ഹാജരാക്കിയിട്ടില്ലെന്നും, ദക്ഷിണമേഖല സർവ്വെ ജോയിന്റ് ഡയറക്ടർ 05.01.2017 ൽ എ1-470/2016 നമ്പരായി പുറപ്പെടുവിച്ച ഉത്തരവ് പുനപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ലായെന്നും കൂടിക്കാഴ്ചയിൽ നെയ്യാറ്റിൻകര ഭൂരേഖ തഹസിൽ ദാർ അറിയിച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടതിലും രേഖകൾ പരിശോധിച്ചതിലും റീസർ വെ 213/3(മുൻ സർവ്വെ 306) സർക്കാർ ആറ്റുപുറമ്പോക്ക്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സ്ഥലമാണെന്നും ടി ഭൂമിയിലെ കൈവശാവകാശം സ്ഥാപിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുവാൻ ഹർജിക്കാരന് കഴിഞ്ഞിട്ടില്ലായെന്നും ബോധ്യപ്പെട്ടതിനാൽ ശ്രീ.ഫെലിക്സ് കെ പാപ്പാളി 06/03/2020 ൽ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷ നിരസിച്ച് ഉത്തരവായിട്ടുള്ളതും അപ്രകാരം ബഹു.കേരള ഹൈക്കോടതിയുടെ 14/08/2024 ലെ WP(C)-21637/2024 നമ്പർ ഉത്തരവ് പാലിച്ചിട്ടുള്ളതുമാണ്.

വിശ്വസ്തതയോടെ,
DEPUTY COLLECTOR(LR)
ജില്ലാ കളക്ടർക്കു വേണ്ടി.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

B9/81089/2007

കളക്ടറേറ്റ് ,സിവിൽ സ്റ്റേഷൻ
കടപ്പനക്കുന്ന് ,തിരുവനന്തപുരം-43
ഫോൺ നം:0471 -2731210
ഫാക്സ് നം: 0471 -2731166
ഇ-മെയിൽ: deputycollectorlr.revenue@gmail.com
തീയതി: 02/12/2021

BA



ജില്ലാ കളക്ടർ,
തിരുവനന്തപുരം

കമ്മീഷണർ,
ലാൻഡ് റവന്യൂ,
തിരുവനന്തപുരം

സർ,

വിഷയം : റവന്യൂ വകുപ്പ് - ഫയൽ അദാലത്ത് - റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : ബഹു . ലാൻഡ് റവന്യൂ, കമ്മീഷണരുടെ 01/10/2021 ലെ കത്ത്

* * * * * * * *

സൂചനയിലേയ്ക്ക് സാദരം ശ്രദ്ധക്ഷണിക്കുന്നു സൂചന പ്രകാരം ഫയൽ അദാലത്തിൽ ഉൾപെടുവരുന്ന ഈ കാര്യാലയത്തിലെ B9/81089/2007 നമ്പർ ഫയൽ പരിശോധിച്ചതിൽ ശ്രീ.സലിംകബീർ ബഹു. ഹൈകോടതിയിൽ ഫയൽ ചെയ്ത WP(C)-6090/2011 നമ്പർ കേസിൽ ഈ കാര്യാലയത്തിൽ നിന്നും 22.08.2011-ൽ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിരുന്നതായും ടി കേസിലെ നിലവിലെ സ്ഥിതി അറിയുന്നതിനായി 19/10/2012-ൽ അഡ്വക്കേറ്റ് ജനറലിനു കത്ത് നൽകിയിട്ടുള്ളതായും എന്നാൽ ആവശ്യപ്പെട്ട വിവരങ്ങൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 02/12/2021 ൽ ലെയ്സൺ ഓഫീസർക്ക് ടി കേസിന്റെ നിലവിലെ സ്ഥിതിയും ജഡ്ജ്മെന്റിന്റെ പകർപ്പും ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്യുകൊള്ളുന്നു .

വിശ്വസ്തതയോടെ

ജില്ലാ കളക്ടർക്കുവേണ്ടി
ഡെപ്യൂട്ടി കളക്ടർ (എൽ. ആർ)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/5746507/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (യു) വകുപ്പ്

നമ്പർ:-റവ-യു1/61/2023-റവന്യൂ 03-06-2023,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ,
ലാന്റ് റവന്യൂ
തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ വകുപ്പ് -വിവരാവകാശനിയമം പ്രകാരമുള്ള അപ്പീൽ അപേക്ഷ സംബന്ധിച്ച്.

സൂചന:- 1 WP(c) no.6078/2022 യിലെ 9.3.2022. തീയതിയിലെ വിധിന്യായം
2. 22.5.2023. തീയതിയിലെ ഇതേ നമ്പർ ഹിയറിങ് നോട്ടീസ്
3. 30.05.2023 ലെ ശ്രീ. സി. വി. രാജന്റെ പരാതി

സൂചന പരാതി വിശദമായി പരിശോധിച്ച് റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഹിയറിങ്ങിൽ പങ്കെടുക്കുന്നതിനായി സൂചന 2 പ്രകാരം നിർദേശം നൽകിയിരുന്നെങ്കിലും, ആരും പങ്കെടുത്തതായി കാണുന്നില്ല, ആയതിന്റെ കാരണം കൂടി അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
M. G RANJITH KUMAR
ADDITIONAL SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അപേക്ഷകൻ,

സി. വി. രാജൻ
ചെപ്ലമഴികം, പരുത്തിപ്പാറ,
നാലാഞ്ചിറ പി.ഒ., തിരുവനന്തപുരം-695015
ഫോൺ 0471-2532387, 8281152387
Mail ID : rajachepla@gmail.com

സ്വീകർത്താവ്,

അപ്പീൽ അധികാരി & അഡീ: സെക്രട്ടറി
റവന്യൂ (യു) വകുപ്പ്
അനക്സ് II, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

50(4)

സർ,

വിഷയം : വിവരാവകാശം അപ്പീൽ I

മേൽ വിഷയത്തെ സംബന്ധിച്ച് ബോധിപ്പിക്കുവാനുള്ള വിവരങ്ങളും, രേഖകളും ഇതിനാൽ നേരിട്ടു സമർപ്പിച്ചുകൊള്ളുന്നു.

I. സൂചനയിലേക്കും ഉള്ളടക്കത്തിലേക്കും അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. ഉള്ളടക്കം 1 A,B എന്നീ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഉള്ളടക്കം 2 A, 3 എന്നിങ്ങനെ RDO യുടെ ഉത്തരവും കോർപ്പറേഷൻ സെക്രട്ടറിയുടെ കത്തും തഹസിൽദാരുടെ കാര്യാലയത്തിലേക്ക് നല്കുകയുണ്ടായി. തഹൽസിൽദാരുടെ കാര്യാലയത്തിന്റെ കയ്യെത്തും ദൂരത്ത് പ്രാപ്യമായ ഉള്ളടക്കം 5 മുതൽ 8 വരെയുള്ള രേഖകൾ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പരിശോധിക്കപ്പെടാതെയും അതുമായി ബന്ധപ്പെട്ട കക്ഷികളുടെ കൈവശ രേഖകൾ പരിശോധിക്കാതെയും കൈവശസ്ഥലങ്ങളുടെ അതിർത്തി അളന്ന് നിർണ്ണയിക്കാതെയും തഹസിൽദാരുടെ കാര്യാലയം ഉള്ളടക്കം 4 പ്രകാരം മറുപടി കോർ. സെക്രട്ടറിക്ക് നല്കുകയുണ്ടായി. അതിനെ തുടർന്ന് ടി വിഷയത്തിൽ ഉള്ളടക്കം 2 B,C എന്നീ ഉത്തരവുകൾ കൂടി RDO നല്കിയതുമാണ്. ആയത് പ്രകാരം റീ. സ. 732/81, 732/51-1 എന്നിവയുടെ കൈവാശാതിർത്തി നാളിതുവരെ പരിശോധന നടത്തിയിട്ടുള്ളവരാരും തന്നെ പരിശോധിച്ചിട്ടുള്ളതായി ഉള്ളടക്കം 13,14, എന്നിവയുടെ ഉത്തരവുകളിൽ നിന്നും, ഉള്ളടക്കം 15 ലെ ഖണ്ഡിക 4 ൽ പ്രതിപാദിക്കുന്ന ചോദ്യത്തിനുള്ള ഉത്തരമായി നൽകിയിട്ടുള്ളതിൽ നിന്ന് അധികഭൂമി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ആർക്കും നിർദ്ദേശം നൽകിയിട്ടല്ലെന്നാണ് ടി ഉത്തരവിൽ നിന്നും മനസിലാവുന്നത്.

II. പരാതിക്കാസ്പദമായ വഴി റീ. സ 732/51, 60 എന്നീ സബ് ഡിവിഷനുകളുടെ കിഴക്കുവശത്തുകൂടി തെക്കോട്ടു പോകുന്ന റീ.സ 732/29 ലുൾപ്പെട്ട കോർ. വഴിയാകുന്നു. (ഉള്ളടക്കം 11) ഉള്ളൂർ വില്ലേജിലെ മുൻ സർവ്വെ നമ്പർ 925/3 - ൽ 18 സെന്റ് വസ്തു 1898/1122 ഭാഗപത്രപ്രകാരം ഡി പട്ടികയിൽ ചേർത്ത് ലക്ഷമണ പണിക്കർക്ക് (7.27 ആർ) ലഭിച്ചിട്ടുള്ളതാണ്. (ഉള്ളടക്കം 7) ടി ഭൂമിക്ക് റവന്യൂ ലിസ്റ്റ് പ്രകാരം 52 ച. മീ കുറഞ്ഞ് 6.75 ആർ മാത്രമാണ് A.L.C റീകാഡിൽ രേഖപ്പെടുത്തിയിട്ടുള്ളത്.(7.27-6.75 = 0.52) 1898/1122 -ാം ഭാഗപത്രത്തിൽ മുൻ സർവ്വെ 925/3-ൽ 16 ലിംഗ്സ് വീതിയിൽ ഒരു വഴി കൂടി രേഖപ്പെടുത്തിയിട്ടുണ്ട്.. റീ.സ. 732/60,61 എന്നീ സബ് ഡിവിഷനുകൾ റീ.സ 732/51 എന്ന സബ് ഡിവിഷനിൽ നിന്നും വന്നിട്ടുള്ളതാണെന്ന് ഉള്ളടക്കം 5 ലെ A.L.C റിപ്പോർട്ടിൽ നിന്നും ഉള്ളടക്കം 6 ലെ ലാന്റ് രജിസ്റ്ററിൽ നിന്നും ബോദ്ധ്യമാകുന്നു. പരാതിക്കാസ്പദമായ വഴി പുരാതനമായിട്ടുള്ളതും ലിത്തോമാപ്പിൽ അടയാളപ്പെടുത്തിയിട്ടുള്ളതുമാണ്.

III. റീ. സ. 732/51, 60 എന്നീ സബ് ഡിവിഷനുകൾക്ക് ആധാരമായിട്ടുള്ള 220/84 എന്ന ഭാഗപത്രം പട്ടം സബ് രജിസ്ട്രാറുടെ കാര്യാലയത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ആയതിനെ സംബന്ധിച്ച് ഉള്ളടക്കം 7 പ്രകാരം ജില്ലാ രജിസ്ട്രാർ (ജനറൽ) വിവരാവകാശ നിയമപ്രകാരം മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്.പ്രസ്തുത മറുപടി ഉള്ളടക്കം 8 ലെ A മുതൽ E വരെയുള്ള വില്ലേജ്ജ് ഓഫീസറുടെ മറുപടിയെ സാധൂകരിക്കുന്നതും തണ്ടപ്പേരുകളിൽ അനധികൃതമായി വിസ്തൃതി വ്യതിയാനം വരുത്തിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുന്നതുമാണ്. റീ. സ. 732/51 ൽ ആധാര പ്രകാരമുള്ള 18 സെന്റിന് റവന്യൂ ലിസ്റ്റ് പ്രകാരം ഉണ്ടായിരുന്ന 6.75 ആർ A.L.C പ്രകാരം 12.74 ആർ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ആയി വർദ്ധിപ്പിച്ച് ആയത് വീണ്ടും വിസ്തൃതി വ്യതിയാനം വരുത്തി 19.84 ആയി വർദ്ധിപ്പിച്ചപ്പോൾ അധികമായിട്ടുണ്ടായിരുന്ന 7.10 ആർ അധികഭൂമി വഴിയോട് ചേർന്നുള്ള വസ്തു ഉടമയ്ക്ക് , കരം ഒടുക്കാൻ അനുവാദം നൽകിയത് കൊണ്ടാണ് കോ. വഴിയിൽ തടസ്സവും വീതിക്കുറവും അനുഭവപ്പെടുന്നത്.

IV. റീ. സ. 732/29 ലെ കോർ. വഴിയോട് ചേർന്നുണ്ടായിരുന്ന 7.10 ആർ അധികഭൂമിയും (ഉള്ളടക്കം 9 കോളം 7-5) ചേർത്ത് 19.84 ആറിന് അനധികൃതമായി കരം ഒടുക്കാൻ വഴിയോടു ചേർന്നുള്ള വസ്തു ഉടമയ്ക്ക് അനുവാദം നൽകിയതു കൊണ്ടാണ് ടി വഴിയിൽ തടസ്സം നേരിടുന്നത്. ഉള്ളടക്കം 7 പ്രകാരം പരാതിക്കാസ്പദമായ വസ്തുവും മറ്റ് വസ്തുക്കളും കൂടി ചേർത്ത് നിരവധി കൈമാറ്റങ്ങൾ നടത്തിയും, വിസ്തൃതി വ്യതിയാനം വരുത്തിയും കരം ഒടുക്കുവാൻ അനുവാദം നൽകിയ 7.10 ആറിൽ 1.53 ആറിന് പട്ടയമോ/ മുന്നാധാരങ്ങളോ ഇല്ലാത്തതാകുന്നു. റീ. സ. 732/51 ലെ തണ്ടപ്പേര് 8983 ൽ നീക്കിമുതലായി അവശേഷിക്കുന്ന 0.19 ച.മീ കോർ. വഴിയിൽ നിന്നുള്ളതാണ്. (ഉള്ളടക്കം 9 ലെ കോളം 7, 5) ആയത് വഴിയിലേക്ക് വന്ന് ചേരുമ്പോൾ പരിഹരിക്കപ്പെടുന്നതാണ് ഞങ്ങളുടെ പരാതി.

V. റീ. സ 732/29 ലുൾപ്പെട്ട കോർ. വഴിയോട് ചേർന്ന് പരാതിക്കാസ്പദമായ ഭാഗത്തുള്ള വസ്തുവിന് ആധാരം 220/84 പ്രകാരം ഉടമകളായ ശ്രീ. മോഹൻകുമാറും ശശികുമാറും, മറ്റുടമകളും ചേർന്ന് സമർപ്പിച്ച IA N. 5954/2013 in O.S. No. 1226/2013 എന്ന വ്യവഹാരത്തിൽ ബഹു. പ്രിൻ. മുനിസിഫ് കോടതി ഉള്ളടക്കം 10 ലെ ഖണ്ഡിക 6,8 പ്രകാരം വിധി പ്രസ്താവിച്ചിട്ടുള്ളതും ആയതിൻപ്രകാരം റീ. സ. 732/51, 60 എന്നിവയുടെ മുൻവശം കിഴക്കുവശത്തുകൂടി തെക്കോട്ട് പോകുന്ന വഴിക്ക് 15 ലിംഗ്സ് (3 മീറ്റർ) വീതിയുണ്ടെന്ന് അസന്ദിഗ്ദമായി പ്രസ്താവിച്ചിട്ടുണ്ട്. ഉള്ളടക്കം 3 പ്രകാരം ടി ഭാഗത്തെ വീതി 1.90 മീറ്റർ മാത്രമായതിനാൽ വ്യത്യാസം വന്നിട്ടുള്ള 1.10 മീ ടി വഴിയുടെ 17.40 മീറ്റർ നീളത്തിൽ കോർ. സെക്രട്ടറി ആവശ്യപ്പെട്ട പ്രകാരം അലൈൻമെന്റ് ഇട്ടു നൽകുമ്പോൾ വസ്തു ഉടമയ്ക്ക് കുറവുണ്ടാകുന്നത് 0.19 ച.മീ ആണ്. (17.40* 1.10 = 0.19 ച. മീ) ടി ഭൂമി റീസർവ്വെ 732/51- ൽ തണ്ടപ്പേര് 8983-ൽ പട്ടയമോ/ആധാരമോ ഇല്ലാതെ നീക്കിമുതലായി രേഖപ്പെടുത്തിയിട്ടുള്ളത് വഴിയിൽ ഉൾപ്പെട്ട സ്ഥലമാണ്. ടി വഴിയെ സംബന്ധിച്ച് ബഹു. തിരു. പ്രിൻസിപ്പൽ മുനിസിഫ് കോടതി നടത്തിയിട്ടുള്ള വിധി പ്രസ്താവനക്കെതിരെ വാദികൾ അപ്പീൽ പരാതി നല്കാതെ എതിർ കക്ഷിയുമായി പരസ്പര ധാരണയിൽ എത്തിച്ചേരുകയാണ് ചെയ്തിട്ടുള്ളത്.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

VI. ഉള്ളടക്കം 8 E ലെ T8983, T8992 എന്നീ തണ്ടപ്പേരിൽ നിന്ന് T23224 T23225 എന്നിവയിലേക്കുള്ള പോക്ക് സംബന്ധിച്ച് T8992 ൽ നിന്ന് T22224 T22225 എന്നിവയിലേക്കാണ് കൈമാറ്റം രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ T23225 ൽ DSA 862/05, 863/05 എന്നും T23224ൽ TVM 862/05, 863/05 എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ളത് പരിശോധിക്കേണ്ടിയിരിക്കുന്നതും 09/05/2008 ൽ ടി ഫയൽ പ്രകാരം ഭൂമി കൈമാറ്റം നടത്തിയതിന് ശേഷം റീ. സ. 732/51-1 ൽ ആധാരം 1579/09 പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട ഭൂമി ഏതാണെന്ന് കണ്ടെത്തേണ്ടിയിരിക്കുന്നു. ഉള്ളടക്കം 2 A, C എന്നിവയിൽ നിർദ്ദേശിക്കപ്പെട്ട റീ. സ 732/81 ന്റെ വസ്തു ഉടമയ്ക്ക് ഉള്ളടക്കം 12 പ്രകാരമുള്ള നോട്ടീസ് നൽകാതെയും ടി വസ്തുവിന്റെ കൈവശാതിർത്തി അളന്ന് നിശ്ചയിക്കാതെയും നാളതു പുറമ്പോക്ക് വഴിയിൽ കയ്യേറ്റമില്ലെന്ന് സമർപ്പിച്ച ജില്ലാസർവ്വെ സൂപ്രണ്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആർഡിഒ കൈകൊണ്ട തീരുമാനം പുന:പ്പരിശോധിക്കുന്നതിനും വില്ലേജ് റെക്കാർഡുകൾ (തണ്ടപ്പേര് രജി മുതലായവ) പരിശോധിച്ചു ബന്ധപ്പെട്ട കക്ഷികളുടെ കൈവശ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കിയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തി സൂചന 2,3 എന്നിവയിലെ ഉത്തരവ് പ്രകാരം റീ. സ 732/51, 60 എന്നീ സബ് ഡിവിഷനുകളിൽ റീ. സർവ്വെക്കു മുമ്പുള്ള റിക്കാർഡുകൾ സഹിതം പരിശോധിച്ച് അധികഭൂമിയുണ്ടോ എന്ന് കണ്ടെത്തുവാൻ ബന്ധപ്പെട്ടവർക്ക് ഉത്തരവ് നൽകണമെന്നും അതിനോടൊപ്പം ഞങ്ങൾ നേരിടുന്ന യാത്രാബുദ്ധി മുട്ടുകൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തുവാൻ കോർ. സെക്രട്ടറി ആവശ്യപ്പെട്ട പ്രകാരം (ഉള്ളടക്കം-3) ആവശ്യമായ നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചു കൊള്ളുന്നു.

സൂചന : 1. യു 1/61/2023/റവന്യൂ തീ. 22-05-2023

2. Rev-E3-513/2018 dt. 13-08-19

3. ബഹു. കേരള ഹൈക്കോടതിയുടെ WP (C) 6078/2022 dt 09-03-22

ഉള്ളടക്കം

1.	അപേക്ഷ	ആർഡിഒ യ്ക്കും കോ. സെക്രട്ടറിക്കും നൽകിയ അപേക്ഷ
2.	ആർഡിഒ യുടെ കാര്യാലയത്തിൽ	a).C/18517/15 L Dis 02-12-2015

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

	നിന്നുള്ള ഉത്തരവുകളും കത്തുകളും	b).C/8867/dt. 22-07-16 c). C/6792/17 dt. 05-12-18
3.	കോർ. നിന്നും തഹസീൽദാർക്ക് നൽകിയ കത്ത്	UE1/5363/15 dt. 11-01-2016
4.	താലൂക്ക് ആഫീസിൽ നിന്നും കോർ. സെക്രട്ടറിയ്ക്ക് നൽകിയ കത്ത്	C5/5584/16 dt. 07-07-2016
5.	ALC റിപ്പോർട്ട്	ALC 8032/94, 8033/94, 8084/94
6.	ALC ലാന്റ് രജിസ്റ്റർ	Re.sy. 732/51, 60, 61
7.	ജില്ലാ രജിസ്ട്രാറുടെ(ജനറൽ) കത്ത്	I 3-291/20 dt. 03-02-2021
8.	വില്ലേജ് ആഫീസറുടെ കത്ത് (വിവരാവകാശം)	a). No. 7/2020 RTI dt. 06-10-2020 b). RTI/28/22 dt. 17-12-2022 c). RTI/01/23/ dt. 04-02-2023 d). RTI/2, 3 dt. 06-02-2023 e).T 8983, 8992, 23224, 23225
9.	ഉള്ളടക്കം 7 പ്രകാരം ചമച്ചിട്ടുള്ള ആധാരങ്ങളോടു ചേർന്നുള്ള അധചശ ഭൂമിയെ സംബന്ധിച്ചുള്ള ചാർട്ട്	
10.	റീ.സ. 732/29 ലുൾപ്പെട്ട കോർ. വഴിയെ സംബന്ധിച്ചുള്ള കോടതി വിധി	I.A 5954/2013 in OS 1226/13
11.	റീ.സ.732/29 (വഴി) ന്റെ സ്കെച്ചും ലിത്തോമാപ്പും	
12.	ജില്ലാ സർവ്വെ സൂപ്രണ്ടിന്റെ നോട്ടീസ്	
13.	LR K1 15973/2018 തീ. 10-06-19	

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

14. LRK3 102/19/2020 തീ. 15-09-2020

15. LRK1 - 34279/20 തീ. 19-01-21

16. വിജി. ഡയറക്ടർ അഡീ. ചീഫ് സെക്രട്ടറിക്ക് നൽകിയ കത്തിന്റെ പകർപ്പ്. CPSP-1-21606/2018/DVACB/13-07-2018

തിരുവനന്തപുരം

30-05-2023

വിശ്വസ്തവിധേയൻ

സി.വി.രാജൻ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വിവരാവകാശനിയമം - 2005

HEARING

കേരള സർക്കാർ

നം.61/യു1/2023/റവന്യൂ

റവന്യൂ (യു) വകുപ്പ്
തിരുവനന്തപുരം
തീയതി : 22/05/2023.

അപ്പീൽ അധികാരി & അഡീഷണൽ സെക്രട്ടറി

ശ്രീ. സി.വി. രാജൻ
ചെപ്ലമഴികം, പരുത്തിപ്പാറ
നാലാഞ്ചിറ പി.ഒ,
തിരുവനന്തപുരം - 695 015.

സർ,

വിഷയം: വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപ്പീൽ I - സംബന്ധിച്ച്.

സൂചന : 08.05.2023 ൽ ലഭിച്ച താങ്കളുടെ 06.05.2023 ലെ അപ്പീൽ അപേക്ഷ.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 30.05.2023-ാം തീയതി രാവിലെ 11.30 മണിക്ക് റവന്യൂ (യു) വകുപ്പിലെ അപ്പീൽ അധികാരി (റൂം നമ്പർ 105 ബി, അനക്സ് II സെക്രട്ടേറിയറ്റ്) താങ്കളെ നേരിൽ കേൾക്കുന്നതാണ്. താങ്കൾക്ക് ബോധിപ്പിക്കുവാനുള്ള വിവരങ്ങളും രേഖകളും സഹിതം മേല്പറഞ്ഞ തീയതിയിലും സമയത്തും ഹാജരാക്കേണ്ടതാണ് എന്നറിയിയ്ക്കുന്നു.

വിശ്വസ്തതയോടെ,

എം.ജി. രഞ്ജിത് കുമാർ
അപ്പീൽ അധികാരി & അഡീഷണൽ സെക്രട്ടറി

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സൂചന. 2

File No. REVEN/N 6. 924650)

68407/2019

2 ഉടൻകാണ 4

28

സൂചന. 2

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

75 YEARS OF CELEBRATING THE MAHATMA

റവന്യൂ (ഇ) വകുപ്പ്

REV-E3/513/2018-REV

13/08/2019,
തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം:- റവന്യൂ വകുപ്പ്- അനധികൃത പോക്കുവരവ് സംബന്ധിച്ച് ശ്രീ. സി.വി. രാജൻ മുതൽപേർ വിജിലൻസ് വകുപ്പിന് സമർപ്പിച്ച പരാതി - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 30/07/2019 ലെ എൽ.ആർ ബി3- 39629/2018 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് 732/51, 732/60 എന്നീ സബ് ഡിവിഷനുകളിൽ റീസർവ്വെയ്ക്ക് മുൻപുള്ള റിക്കോർഡുകൾ സഹിതം പരിശോധിച്ച് അധിക ഭൂമി കൈവശമുണ്ടോയെന്നും, കൂടാതെ ബ്ലോക്ക് 21-ൽ സർവ്വെ 732/29 ൽപ്പെട്ട വഴി കയ്യേറ്റം സംബന്ധിച്ച് സൂചനയിലെ കത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള റിപ്പോർട്ടും ഒരു മാസത്തിനകം സർക്കാരിൽ ലഭ്യമാക്കുവാൻ താൽപ്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
SIMI JOSE
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

SO

സെക്ഷൻ ഓഫീസർ.

This is the true copy of the document marked as Exhibit P6 referred to in the above case.

Advocate.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

IN THE HIGH COURT OF KERALA AT ERNAKULAM

PRESENT

THE HONOURABLE MR. JUSTICE DEVAN RAMACHANDRAN

WEDNESDAY, THE 9TH DAY OF MARCH 2022 / 18TH PHALGUNA, 1943

WP(C) NO. 6078 OF 2022

PETITIONER:

RAJAN C.V.,
AGED 69 YEARS
S/O. VASUDEVAN PILLAI, CHEPLAMAZHIKAM, PARUTHIPPARA, NALANCHIRA P.O., THIRUVANANTHAPURAM-695015.

BY ADV M.HEMALATHA

RESPONDENTS:

1 THE PRINCIPAL SECRETARY TO GOVERNMENT (REVENUE), GOVERNMENT SECRETARIAT, THIRUVANANTHAPURAM-695001.

2 THE LAND REVENUE COMMISSIONER, PUBLIC OFFICE COMPOUND, MUSEUM JUNCTION, THIRUVANANTHAPURAM-695033.

3 THE REVENUE DIVISIONAL OFFICER, REVENUE DIVISIONAL OFFICE, CIVIL STATION, KUDAPPANAKKUNNU, THIRUVANANTHAPURAM-695005.

4 CORPORATION OF THIRUVANANTHAPURAM, REPRESENTED BY ITS SECRETARY, CORPORATION OFFICE, VELLAYAMBALAM, THIRUVANANTHAPURAM-695033.

5 MOHANA KUMAR, S/O. LAKSHMANAN, SAANGRI-LA, TC 14/160(2), PARUTHIPPARA, NALANCHIRA P.O., THIRUVANANTHAPURAM-695015.

6 MANEESH KUMAR, S/O. MOHANA KUMAR, SAANGRI-LA, TC 14/160(2), PARUTHIPPARA, NALANCHIRA P.O., THIRUVANANTHAPURAM-695015.

7 SASIKUMAR, S/O. LAKSHMANAN, VASANTHA HOUSE, PARUTHIPPARA, NALANCHIRA P.O., THIRUVANANTHAPURAM-695015.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

WP(C) NO. 6078 OF 2022

BY ADVS.
N.NANDAKUMARA MENON (SR.)
SHRI.P.K.MANOJKUMAR,SC,TVPM CORPORATION

OTHER PRESENT:

SMT. MABLE .C .KURIAN - SR.G.P

THIS WRIT PETITION (CIVIL) HAVING COME UP FOR ADMISSION ON 09.03.2022, THE COURT ON THE SAME DAY DELIVERED THE FOLLOWING:

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

420759/2023/Tamil CLD

7289592/2023/REV



JUDGMENT

The petitioner asserts that there is a pathway owned by the respondent - Corporation, which is situated about 150 metres from the PWD Road, between MC Road and Paruthippara Junction and that it has been encroached into by several persons, including the party respondents, thus attenuating its width at many places.

2. The petitioner says that since no action was taken by the jurisdictional officials, he was constrained to approach the competent Authority of the Government of Kerala, who issued Ext.P8 order to the Land Revenue Commissioner, Thiruvanthapuram, directing that the afore complaint be looked into and necessary action completed under the provisions of the applicable laws, including the Kerala Land Conservancy Act.

3. The petitioner alleges that, however, even though Ext.P8 was issued as early as on 13.08.2019, no action was taken thereon, thus constraining him to prefer Exts.P13 and P14 representations before the 1st and 2nd respondents, but imputes that no action has still been taken thereon, which has now constrained him to approach this Court through this writ petition.

4. Smt.M.Hemalatha, learned counsel appearing for the

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

petitioner, submitted that, in fact, the 3rd respondent - Revenue Divisional Officer summoned her client for a hearing through Ext.P15, but that since the date fixed therein was a holiday, he preferred Ext.P16 request seeking that hearing be fixed on a date after February, 2022. She added that, however, subsequent thereto, everything seems to have gone silent and resultantly that her client has been left without any other option, but to approach this Court.

Hajano Sainulabdheen, Razeeda Beevi and Haija Nejmudeen created another partition deed No 806/2009 for an excessive extent of 93 cents, before party No.7, the SRO, Parassala. The said alleged sale deed of 1962 and partition deed of 2009 are void abinitio for the reasons that the vendors of the said deeds of 1962 had no alienable right after the alienation of 56 cents in 1957 in favour of the father of my client. The document in 1957 created first in order of time has priority of right over the subsequent deeds of 1962. The position in law is well settled. Even if the subsequent purchasers are bonafide purchasers for value that can not be a ground by itself for postponing the right of the prior transferee, the said Ponnumani Nadar, the father of my client. So Section 48 of the Transfer of Property Act does not save the said Nagarukkannu Moydeen Pichakkannu and Mytheen Pillai Pichakkannu, the subsequent transferees/purchasers in 1962 claiming right from the same vendors, who have already sold/alienated their alienable extent of 56 cents in 1957. Thereafter they have no legal right to create documents, as what is done in 1962 subsequently.

12. The right of the said Ponnumani has been effected in the records of mutation entries in revenue records as evident from the record maintained by party No 6 among you, the Village Office,Parassala, in Survey field No.11/1A and 11/H. Neither the said Ponnumani nor his legal heirs including my client has so far alienated any portion of land from their holding over the said 56 cents and 15 cents as above so far in the name of anybody so as to create fresh sub division in the existing survey field under Rule 22 of the Kerala Survey and Boundary Rules by the revenue authorities, the party Nos 2 to 6 among you.

13. My client and other legal heirs of the deceased Ponnumani Nadar filed Civil Suit OS No 726/2023 before the Hon'ble Munsiff Court,against the legal heirs of the alleged subsequent transferees of 1962.

14. The beneficiaries of the said subsequent deeds of 1962 filed two cases as OS 343/2023 and OS 112/2023 before the Hon'ble Munsiff Court, Neyyattinkara on the basis of such subsequent deeds created fraudulently and dishonestly without any right. It is learnt that on the basis of such fraudulent deeds they effected mutation and the party No.6 among you, created revenue records in favour of them, though the question of title and possession can not be decided by you the party No.2 to 6, the Survey authorities or by records of Survey but by ~~it~~ court the title be decided ~~title~~. Here the father of my client is the priority title holder whose right is protected under Section 48 of TP Act, but the party No.6 among you has created entries in revenue records in favour of the subsequent purchasers of 1962, though the entire right of the vendors of 1957 deed in favour of the said Ponnumani, the father of my client,over their alienable extent of 56 cents as above and they can not go back against the right that has already been created in 1957. It is the settled position of law that one can not convey more extent than what he has. So after the execution of the deed of conveyance in 1957, in favour of the father of my client, the said vendors, Govindan Nadar and Narayanan Nadar, had ~~to~~ been left with no more right on the property to

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

create such deeds in 1962 as above, which are under challenge before the competent Civil Court, having jurisdiction.

15. Though my client approached you, the party No.6 among you to remit land tax, but you party No.6 refused to accept land tax, though my client and the other legal heirs of the deceased are legally entitled to do so, though the purpose of remitting land tax is for the limited purpose of land revenue to the State.

16. Though the party No.7 among you, the registering authority, under Section 17 and 28 of the Registration Act 1908, registered the said subsequent deeds as above in 1962 and the partition deed in 2009 for an excessive extent of 93 cents on the basis of the said fraudulent deed of 1962, though these documents do not create right, title or interest in themselves, whether in present or in future, and on the basis of these deeds they succeed in getting mutated the extents illegally among the revenue authorities to establish their right which is perse illegal and are to be challenged under the existing provisions of law for time being in force.

17. Hence by this notice you the Party No 2 to 6 are called upon not to effect any mutation entries in revenue records in favour of the beneficiaries of the said deeds of 1962 and 2009 as above and to cancel any such entries if any made illegally in the records of revenue, failing which my client and other legal heirs of the deceased Ponnumani Nadar, the title holder of the property as per sale deed Nos 2653/1957 with respect to the extent of 56 cents and 2091/1125 with respect to 15 cents in Sy No 11/1A and 11/1H corresponding Re-Sy No 601/18, block No 50 of Parassala Village and party No 7 among you are also called upon not to create any document/encumbrance on the basis of the alleged subsequent sale deed No 5869,4420 of 1962 and alleged partition deed No 806/2009 or on the basis of any deed on the strength of these subsequent deeds, and in case of any such creation/execution my client and other legal heirs of the deceased Ponnumani Nadar, the priority title holder will be constrained to seek appropriate legal remedies against the registration authorities.

Dated this the 17th day of August 2024

Advocate

R.Sundaresan Nair

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ഇ) വകുപ്പ്

REV-E3/954/2024-REV 20-11-2024,

തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ,
തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - കരുനാഗപ്പള്ളി താലൂക്കിൽ അയണിവേലിക്കുളങ്ങര വില്ലേജിൽ വ്യാജ സർവെ പോക്കുവരവ് നടത്തിയതായി ആരോപിച്ച് ശ്രീമതി. പത്മകുമാരി നൽകിയ പരാതി - പരാതി പരിശോധനാ റിപ്പോർട്ട് - സംബന്ധിച്ച്.

സൂചന:- ശ്രീമതി. പത്മകുമാരി 10.07.2024 ൽ സമർപ്പിച്ച അപേക്ഷ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ടി നിവേദനത്തിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ച് അപേക്ഷകയ്ക്ക് നേരിട്ട് മറുപടി നൽകുന്നതിനായി ആയതിന്റെ പകർപ്പ് ഇതോടൊന്നിച്ചയയ്ക്കുന്നു.

വിശ്വസ്തതയോടെ,
രാഹുൽ എ രാജ് കെ എ എസ്
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

വിജിലൻസ് (ഇ) വകുപ്പ്

നമ്പർ.വിജി-ഇ1/124/2022-വിജി 15-11-2024,തിരുവനന്തപുരം

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി

റവന്യൂ വകുപ്പ്

സർ,

വിഷയം:- വിജിലൻസ് വകുപ്പ് - കരുനാഗപ്പള്ളി താലൂക്കിൽ അയണിവേലിക്കുളങ്ങര വില്ലേജിൽ വ്യാജ സർവ്വേ/പോക്കുവരവ് നടത്തിയതായി ആരോപിച്ച് ശ്രീമതി. പത്മകുമാരി എന്നയാൾ നൽകിയ പരാതി - പരാതി പരിശോധനാ റിപ്പോർട്ട് - സംബന്ധിച്ച്

സൂചന:- വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 10/10/2024 ലെ സി.പി.എസ്.പി-2-48318/2023/ഡി.വി.എ.സി.ബി നമ്പർ കത്ത്.

സൂചന പ്രകാരം ലഭിച്ച വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ കത്ത്, അതോടൊപ്പം ലഭിച്ച ശ്രീമതി പത്മകുമാരിയുടെ പരാതി, പരാതി പരിശോധനാ റിപ്പോർട്ട് എന്നിവ ഉചിതനടപടികൾ സ്വീകരിക്കുന്നതിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
ബിനു സി
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ് - ഡയറക്ടർ, വിജിലൻസ് ആൻഡ്ആന്റി കറപ്ഷൻ ബ്യൂറോ (അറിവിലേക്കായി).

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

'CORRUPTION, A CRIME AGAINST NATION'
ഭരണഭാഷ മാതൃഭാഷ

75 YEARS OF CELEBRATING THE MAHATMA

ഡയറക്ടറേറ്റ്,
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
ഇമെയിൽ : vig.vacb@kerala.gov.in
ഫോൺ : 04712305393
തീയതി. 10-10-2024

നമ്പർ.CPSP-2-48318/2023/DVACB

പ്രേഷകൻ

ഡയറക്ടർ
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി,
വിജിലൻസ് ഡിപ്പാർട്ട്മെന്റ്
ഗവ: സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

വിജിലൻസ് വകുപ്പ് 06 NOV 2024 തിരുവനന്തപുരം-695001

സർ,

വിഷയം: കരുനാഗപ്പള്ളി താലൂക്കിൽ അയണിവേലിക്കുളങ്ങര വില്ലേജിൽ വ്യാജ സർവ്വേ/വ്യാജ പോക്ക് വരവ് നടത്തിയതായി ആരോപിച്ച് ശ്രീമതി പത്മകുമാരി, പട്ടശ്ശേരി കിഴക്കതിൽ, ആലുംകടവ് പി.ഒ, കരുനാഗപ്പള്ളി നൽകിയ പരാതി - സംബന്ധിച്ച്.

സൂചന : 1. 29.03.2017 തീയതിയിലെ സ.ഉ.(പി) നം.09/2017/വിജി. സർക്കാർ ഉത്തരവ്.
2. 03.11.2022 തീയതിയിലെ വിജി-ഇ1/124/2022/വിജി നമ്പർ സർക്കാർ കത്ത്.

മേൽവിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു.

കരുനാഗപ്പള്ളി താലൂക്കിൽ അയണിവേലിക്കുളങ്ങര വില്ലേജിൽ ബ്ലോക്ക് നം. 9ൽ റീസർവ്വേ നം.175/21/1ൽപ്പെട്ട വസ്തു വ്യാജ സർവ്വേ/പോക്ക് വരവ് നടത്തിയതായി ആരോപിച്ച് ശ്രീമതി പത്മകുമാരി എന്നയാൾ ഈ ബ്യൂറോയിൽ പരാതി നൽകിയിരുന്നു. പരാതിക്കാരി മുൻപ് നൽകിയ പരാതിയിൽ നടത്തിയ വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ വിഎസിബികൊല്ലം യൂണിറ്റിൽ ഒരു മിന്നൽപരിശോധന നടത്തിയിട്ടുള്ളതും , അപാകതകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം വാങ്ങി ഉചിത നടപടി സ്വീകരിക്കാമെന്ന ശിപാർശയോടെ റിപ്പോർട്ട് സർക്കാരിലേക്ക് അയച്ചു നൽകിയിട്ടുള്ളതും, ആയത് സൂചന 2 പ്രകാരം റവന്യൂവകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്. മേൽസാഹചര്യത്തിൽ, സമാനവിഷയത്തിൽ ഇപ്പോൾ ലഭിച്ച പരാതി റവന്യൂവകുപ്പിന് ഉചിതനടപടികൾക്കായി കൈമാറുന്നത് ഉചിതമായിരിക്കും എന്ന് കാണുന്നു. അനന്തര നടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് അസൽ പരാതിയും, പരിശോധന റിപ്പോർട്ടും ഇതോടൊപ്പം അയയ്ക്കുന്നു

കത്തും ഉള്ളടക്കവും കൈപ്പറ്റിയ വിവരം അറിയിക്കുന്നതിന് താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ

ഇ എസ് ബിജുമോൻ
പോലീസ് സൂപ്രണ്ട് ഇന്റലിജൻസ്
ഡയറക്ടർക്ക് വേണ്ടി

File No. LR/9130/2025-LR(B3) (Computer No. 18119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പകർപ്പ് : 1. പോലീസ് സൂപ്രണ്ട്, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,ദക്ഷിണ മേഖല, തിരുവനന്തപുരം. (CPSP-II-6214/2024/SRT Dated 06.09.2024) – അറിവിലേയ്ക്ക്.

2. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,കൊല്ലം യൂണിറ്റ്. (CPSP-2763/2024/KLM Dated 16.08.2024) – അറിവിലേയ്ക്ക്.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

'CORRUPTION, A CRIME AGAINST NATION'
ഭരണഭാഷ മാതൃഭാഷ

ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ,
കൊല്ലം.
ഇമെയിൽ : dyspklm.vacb@kerala.gov.in
ഫോൺ : 0474 2795092
തീയതി. 14-08-2024

നമ്പർ.CPSP-2763/2024/KLM

പ്രേഷകൻ

ഇൻസ്പെക്ടർ. എം. എം
വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ,
കൊല്ലം യൂണിറ്റ്

സ്വീകർത്താവ്

ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്
വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ,
കൊല്ലം യൂണിറ്റ്

സർ,,

വിഷയം: പരാതി വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : 1. No:CPSP : 2-48318/2024/DVACB Dated: 24.07.2024
2. No :CPSP :-II-6214/2024/SRT Dated: 30.07.2024
3. No: CPSP: 2763/2024/KLM Dated: 30.07.2024

മേൽ വിഷയത്തിലേയ്ക്കും സൂചനകളിലേയ്ക്കും ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

പരാതികക്ഷി :-ശ്രീമതി.പത്മ കുമാരി, പട്ടശ്ശേരി കിഴക്കതിൽ, ആലുംകടവ് (പി.ഒ), കരുനാഗപ്പള്ളി സമർപ്പിച്ച പരാതി.

ആമുഖം :- വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കൊല്ലം യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മുമ്പാകെ ശ്രീമതി.പത്മ കുമാരി, പട്ടശ്ശേരി കിഴക്കതിൽ സമർപ്പിച്ച പരാതി വെരിഫിക്കേഷൻ നടത്തുന്നതിനുള്ള ഉത്തരവിനായി സൂചന 1, 2 ഉത്തരവുകൾ പ്രകാരം വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കൊല്ലം യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന് അയച്ചു നൽകിയത് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ടി യൂണിറ്റിലെ പോലീസ് ഇൻസ്പെക്ടറായ എന്നെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി പരാതിയിൽ വെരിഫിക്കേഷൻ നടത്തി സമർപ്പിക്കുന്ന റിപ്പോർട്ട്.

പരാതിസംഗതി

അയണിവേലിക്കുളങ്ങര വില്ലേജിൽ ബ്ലോക്ക് നം.9-ൽ റീസർവ്വേ നം.175/21/1-ൽ പെട്ട 14804 എന്ന തണ്ടപ്പേരിൽപ്പെട്ട വസ്തു വ്യാജ രജിസ്ട്രേഷൻ, വ്യാജ പോക്കുവരവ് നടത്തി രാജേഷ് കുമാർ, പട്ടശ്ശേരിൽ വീട് എന്നയാൾ സ്വായത്തമാക്കിയെന്നും, ആയതിന് അയണിവേലിക്കുളങ്ങര വില്ലേജ് ഓഫീസറും, കരുനാഗപ്പള്ളി പ്രിൻസിപ്പൽ സബ് രജിസ്ട്രാറും, കരുനാഗപ്പള്ളി താലൂക്ക് സർവ്വേയറും കൂട്ടു നിന്നു എന്നുമാണ് പരാതി സംഗതി.

ടി പരാതിസംഗതി വെരിഫിക്കേഷൻ നടത്തുന്നതിന്റെ ഭാഗമായി പരാതിക്കാരിയോട് തിരക്കിയതിൽ ടി പരാതി പരാതിക്കാരി അയച്ചതാണെന്നും, പരാതി ക്കാരിയുടെ അമ്മയായ ഈശ്വരിയമ്മയുടെ പേരിലും സഹോദരങ്ങളായ കമലമ്മ പിള്ളയുടേയും, ശ്രീനിവാസൻ പിള്ളയുടേയും പേരുകളിലും കൂട്ടവകാ ശത്തിൽ 12.5 സെന്റ് സ്ഥലം അയണിവേലിക്കുളങ്ങര വില്ലേജിൽ ബ്ലോക്ക് നം.9-ൽ റീസർവ്വേ നം. 175/21/1-ൽ ഉണ്ടായിരുന്നുവെന്നും ടി വസ്തു അമ്മയുടെ മരണശേഷം കമലമ്മപിള്ള യുടേയും, ശ്രീനിവാസൻപിള്ളയുടേയും കൈയിൽ നിന്നും വ്യാജ വിലയാധാരം ചമച്ച് പരാതിക്കാരിയുടെ മറ്റൊരു സഹോദരനായിരുന്ന രാമചന്ദ്രൻപിള്ളയുടെ ഭാര്യയായ രാധമ്മയും മക്കളായ രാജേഷ് കുമാറും, രതീഷ് കുമാറും കൈക്കലാക്കിയെന്നും ആയതിനെതിരെ വിജിലൻസ് വകുപ്പിൽ പരാതിക്കാരി 13.08.2021 തീയതി പരാതി സമർച്ചിരുന്നുവെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പ് കരുനാഗപ്പള്ളി പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസിലും, അയണിവേലിക്കുളങ്ങര വില്ലേജ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഓഫീസിലും ഒരു മിന്നൽ പരിശോധന നടത്തിയിരുന്നുവെന്നും എന്നാൽ തങ്ങൾക്ക് കൂടി അവകാശപ്പെട്ട ടി വസ്തു പരാതിക്കാരിക്ക് നാളിതുവരെ നിയമാനുസരണം ലഭിച്ചിട്ടില്ലായെന്നും, ആയതിന് വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ് പരാതിക്കാരിയുടെ ആവശ്യം.

പരാതി വെരിഫൈ ചെയ്തതിൽ പരാതിക്കാരി 13.08.2021-ാം തീയതി കൊല്ലം വിജിലൻസ് ഡി.വൈ.എസ്.പി മുമ്പാകെ ഒരു പരാതി ബോധിപ്പിച്ചിരുന്നതും, ആയത് CPSP-1797/2021/KLM ആയി രജിസ്റ്റർ ചെയ്ത് അനന്തര നടപടികൾക്കായി മേലധികാരി കൾക്ക് സമർപ്പിച്ചിരുന്നതും, ആയത് മേലധികാരികളുടെ നിർദ്ദേശാനുസരണം വെരിഫൈ ചെയ്തതിൽ പരാതിയിലെ വാസ്തവികത ബോദ്ധ്യപ്പെടുന്നതിന് കരുനാഗപ്പള്ളി പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസിലെ ഫയലുകൾ വിശദമായി പരിശോധിക്കേണ്ടത് ആവശ്യമാ കയാൽ കരുനാഗപ്പള്ളി പ്രിൻസിപ്പൽ രജിസ്ട്രാർ ഓഫീസിൽ ഒരു മിന്നൽ പരിശോധന നടത്തുന്നതിനും, അതിനോടനുബന്ധിച്ച് അയണിവേലിക്കുളങ്ങര വില്ലേജ് ഓഫീസിലെ രേഖകൾ പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്ന വിവരത്തിന് റിപ്പോർട്ട് സമർപ്പിച്ചി രുന്നതും, ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേലധികാ രിയുടെ നിർദ്ദേശാ നുസരണം 02.02.2022-ാം തീയതി കരുനാഗപ്പള്ളി പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസിലും, അയണിവേലിക്കുളങ്ങര വില്ലേജ് ഓഫീസിലും മിന്നൽ പരിശോധന നടത്തിയിട്ടുള്ളതും, ടി മിന്നൽ പരിശോധനയിൽ പരാതിക്കാരിക്ക് 5/1 അവകാശം നിലനിൽക്കുന്ന കൂട്ടവകാശ ആധാരങ്ങളായ 1712/2018, 1285/2021, 1496/2021 എന്നീ പ്രമാണങ്ങൾ അയണിവേലി ക്കുളങ്ങര വില്ലേജ് ഓഫീസിൽ പോക്കുവരവ് ചെയ്തത് 1966-ലെ പോക്കുവരവ് ചട്ടം 10(ii)-ന്റെ വിരുദ്ധമാണെന്ന് കണ്ടെത്തി യിട്ടുള്ളതും, ടി അപാകതകൾക്ക് ഉത്തരവാദികളായ സജീവ്.ബി, വില്ലേജ് ഓഫീസർ, അയണിവേലിക്കുളങ്ങര , ജോൺ ബോസ്കോ.ബി, വില്ലേജ് ഓഫീസർ, അയണിവേലിക്കുളങ്ങര, ഗിരീഷ് കുമാർ.വി, സ്പെഷ്യൽ വില്ലേജ് ഓഫീസർ,അയണി വേലിക്കുളങ്ങര, ജഹാന.എ.എൻ, വില്ലേജ് അസിസ്റ്റന്റ്, അയണിവേലിക്കുളങ്ങര എന്നി വരിൽ നിന്നും വിശദീകരണം വാങ്ങി ബഹു. റവന്യൂ സെക്രട്ടറി, തിരുവനന്തപുരത്തിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് ശിപാർശ ചെയ്തു കൊണ്ട് മിന്നൽ പരിശോധനാ റിപ്പോർട്ട് മേലധികാരികൾക്ക് സമർപ്പിച്ചിട്ടുള്ളതും, ആയത് 03.11.2022-ാം തീയതി ബഹുമാനപ്പെട്ട അഡീഷണൽ ചീഫ് സെക്രട്ടറി, വിജിലൻസ് വകുപ്പ് ബഹുമാനപ്പെട്ട അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്. പരാതി വെരിഫൈ ചെയ്തതിൽ ടി പരാതിയിൽ വിജിലൻസ് വകുപ്പ് നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും, ടി ഘട്ടത്തിൽ വിജിലൻസ് വകുപ്പ് ടി പരാതിയിൽ തുടർ നടപടി സ്വീകരിക്കേണ്ടതില്ലായെന്നും, ടി പരാതി റവന്യൂ വകുപ്പിന് കൈമാറാവുന്നതാണെന്നും ശിപാർശ ചെയ്തുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

ശിപാർശ

വിജിലൻസ് വകുപ്പ് ടി പരാതിയിൽ തുടർ നടപടി സ്വീകരിക്കേണ്ടതില്ലായെന്നും, ടി പരാതി റവന്യൂ വകുപ്പിന് കൈമാറാവുന്നതാണെന്നും ശിപാർശ ചെയ്തുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

ഇഗ്നേഷ്യസ് എം എം
പോലീസ് ഇൻസ്പെക്ടർ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLERK, LR(B3) CLK, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

[illegible] No. 2763/24/[illegible]

[illegible]

[illegible]

[illegible]

[illegible] P.O

[illegible]

[illegible] - 691013

[illegible] - 10/7/24

Submitted for Orders

11/7/24

[illegible] - [illegible]

[illegible]

[illegible] P.O

[illegible]

[illegible]

[illegible] - 690573

9400529 74 (m)

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വിഷയം - [illegible]

[illegible] - 9 [illegible]

[illegible]

[illegible] - 136/03

[illegible] - 175

[illegible] - 175/21/-1/[illegible]

[illegible] - 295/03

([illegible])

[illegible] - 4299

[illegible] - [illegible]

[illegible] - [illegible]

[illegible] - [illegible]

T.D - 14804

S.R.O [illegible]

[illegible] 5.B [illegible] 3368/1124 [illegible] 1224

[illegible] - 14804 [illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

10/7/24

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

റവന്യൂ കമ്മീഷണറുടെ കാര്യാലയം തൈക്കാട് തിരുവനന്തപുരം
19 DEC 2024

ബഹുമാനപ്പെട്ട ലാൻഡ് റവന്യൂ കമ്മീഷണർ അവർകൾ സമക്ഷം,

തിരുവനന്തപുരം താലൂക്കിൽ തിരുവല്ലം വില്ലേജിൽ പാച്ചല്ലൂർ ദേശത്ത് വണ്ടിതടം ശാന്തിപുരം തുണ്ടുവിള വീട്ടിൽ പ്രദീപ്.എ.എസ്. ബോധിപ്പിക്കുന്ന അപേക്ഷ.

സർ,

തിരുവനന്തപുരം ജില്ലയിൽ ആറ്റിപ്ര വില്ലേജിൽ കരിമണൽ പുല്ലുകാട് കോളനിയിൽ വെളുത്താൻ നീലകണ്ഠൻ അവർകൾ പേരിൽ തിരുവനന്തപുരം ലാൻഡ് അസൈൻമെന്റ് തഹസിൽദാർ ഓഫീസിൽ നിന്നും LA 139/69 നമ്പറായി 10 സെന്റ് പട്ടയം ലഭിക്കുകയും ടിയാൻ 6409-ാം നമ്പറായി തണ്ടപ്പേർ പിടിക്കുകയും ചെയ്തു.ടിയാന്റെ മരണശേഷം ടിയാന്റെ മകൾ ആറ്റിപ്ര വില്ലേജിൽ പുലുകാട് കോളനിയിൽ മഞ്ജുഷ വിലാസത്തിൽ ചെല്ലമ്മ മകൾ സുഭദ്ര പേർക്ക് 2589/92-ാം നമ്പർ ആധാരം ചമയ്ക്കുകയും അതിൻപ്രകാരം ടി വില്ലേജിൽ ബ്ലോക്ക് നമ്പർ 18 സർവ്വേ 249 /1ൽ 2397-ാം നമ്പർ തണ്ടപ്പേർ പിടിച്ച് ടിയാൻ 4.50 ആർ (11.115സെന്റ്) ന് കരം അടച്ച് കൈവശം വെച്ച് അനുഭവിച്ചു വരുന്നു.

ടിയിൽ കരിമണൽ പുല്ലുകാട് കോളനിയിൽ വെളുത്താൻ നീലകണ്ഠൻ ടി വില്ലേജിൽ പുല്ലുകാട് കോളനിയിൽ സർക്കാർ വസ്തു പത്ത് സെന്റ് കള്ളപട്ടയം നൽകി ടി വില്ലേജിൽ ബ്ലോക്ക് നമ്പർ 18, സർവ്വേ 246/7ൽ2358-ാം നമ്പർ തണ്ടപ്പേർ പിടിച്ചു ടി വാസ്തു ടിയാന്റെ മരണശേഷം ടിയാന്റെ മകൾ ടി വില്ലേജിൽ ടി കോളനിയിൽ മഞ്ജുഷാവിലാസത്തിൽ സുഭദ്രയ്ക്ക് ലഭിക്കുകയും സുഭദ്ര തന്റെ മകന് കഴക്കൂട്ടം എസ്ആർഒ-യിലെ 2821/07-ാം നമ്പർ ധനനിശ്ചയാധാരപ്രകാരം നൽകുകയും ചെയ്തു. തട്ടിയെടുത്ത ഈ സർക്കാർവസ്തു മകനായ മധുസൂദനൻ,നിസാമുദീൻ മകൻ ഷാനവാസിന് നൽകുകയും ചെയ്തു.ടി വസ്തു ഷാനവാസ് ബ്ലോക്ക് നമ്പർ 18 സർവ്വേ 246/7-ൽ 21063-ാം നമ്പർ തണ്ടപ്പേർ പിടിച്ച് കരമടച്ച് കൈവശം വച്ച് അനുഭവിച്ചു വരുന്നു.തട്ടിയെടുത്ത ഈ സർക്കാർ വസ്തുവിനെ ഇപ്പോൾ ഏകദേശം ഒന്നരക്കോടി രൂപ വില വരും.

ആയതിനാൽ ഈ വൻ വസ്തു തട്ടിപ്പിനെ കുറിച്ച് വിജിലൻസ് ഉദ്യോഗസ്ഥരെ കൊണ്ട് അന്വേഷിപ്പിച്ച് കുറ്റക്കാർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുകയും,ഇപ്പോഴത്തെ തണ്ടപ്പേർ റദ്ദ് ചെയ്ത് ടി വസ്തു സർക്കാർ ഏറ്റെടുക്കുകയും ചെയ്യണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

എന്ന്

19-12-2024

Pradeep.AS

പ്രദീപ്.എ.എസ്

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

DCKTM/1904/2021-R3

കളക്ടറേറ്റ് , കോട്ടയം
തീയതി :29-06-2024

ജില്ലാ കളക്ടർ , കോട്ടയം.

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

സർ,

വിഷയം:- കേരള ലാൻഡ് ടാക്സ് ആക്ട് 1967- ഭൂനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള ഫോം നമ്പർ എ യിൽ തീരുമാനം എടുക്കുന്നതിനുള്ള Prescribed Authority ആരാണ് എന്നതിൽ സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച്.

സൂചന:- തഹസീൽദാർ (എൽ.ആർ) മീനച്ചിലിന്റെ 18-06-2024 ലെ കത്ത്.

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. മീനച്ചിൽ താലൂക്കിൽ കുറിച്ചിത്താനം വില്ലേജിൽ ശ്രീ. മാർട്ടിൻ അഗസ്റ്റിൻ, പന്നിക്കോട്ട് എന്നയാളുടെ കൈവശ വസ്തുവിന്റെ ഭൂനികുതി റീ അസ്സസ് ചെയ്യുന്നതിനായി കേരള ലാൻഡ് ടാക്സ് ആക്ട് സെക്ഷൻ 6(3) റൂൾ 5(11) പ്രകാരം ഫോം നമ്പർ എ അപേക്ഷ മീനച്ചിൽ ഭൂരേഖ തഹസീൽദാർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ഇത്തരം അപേക്ഷകൾ പരിഗണിക്കുന്നതിനുള്ള Prescribed Authority ആയി സർക്കാർ താലൂക്ക് തഹസീൽദാരെയാണ് വിജ്ഞാപനം ചെയ്തിരിക്കുന്നത്. (28-08-1968 തീയതിയിൽ 29080/B3/68/RD നമ്പർ വിജ്ഞാപനം, പുനർ വിജ്ഞാപനം SRO No.65/73 dt.05/01/1973 in K.G No.5 dt.30-01-1973).

അങ്ങയുടെ 23-06-2000 ലെ LR(M1)3970/2000 നടപടിക്രമ പ്രകാരമുള്ള ഉത്തരവിൽ ഭൂരേഖ തഹസീൽദാരുടെ അധികാര പരിധിയിൽ വരുന്ന വിഷയങ്ങളുടെ ലിസ്റ്റിൽ ഭൂ നികുതി എന്ന വിഷയം ഉൾപ്പെട്ടതായി കാണുന്നില്ലാത്തതിനാൽ ടി വിഷയത്തിൽ ഉത്തരവ് നൽകുന്നതിനുള്ള അധികാരസ്ഥൻ ആരാണ് എന്നതു സംബന്ധിച്ച സ്പഷ്ടീകരണം നൽകണമെന്ന് സൂചന പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ടി കത്തിന്റെ കോപ്പി ഉള്ളടക്കം ചെയ്യുന്നു.

കേരള ലാൻഡ് ടാക്സ് ആക്ട് സെക്ഷൻ 6(3) റൂൾ 5(11) പ്രകാരം ഫോം നമ്പർ എ അപേക്ഷ പരിഗണിക്കുന്നതിനുള്ള Prescribed Authority ആയി താലൂക്ക് തഹസീൽദാരെ വിജ്ഞാപനം ചെയ്തിരിക്കുന്ന സാഹചര്യത്തിലും അങ്ങയുടെ ടി വി,23-06-2000 ലെ LR(M1)3970/2000 നടപടിക്രമ പ്രകാരമുള്ള ഉത്തരവിൽ ഭൂരേഖ തഹസീൽദാരുടെ അധികാര പരിധിയിൽ വരുന്ന വിഷയങ്ങളുടെ ലിസ്റ്റിൽ ഭൂ നികുതി എന്ന വിഷയം ഉൾപ്പെട്ടു വരാത്തതിനാലും കേരള ലാൻഡ് ടാക്സ് ആക്ട് സെക്ഷൻ 6(3) റൂൾ 5(11) പ്രകാരം ഫോം നമ്പർ എ അപേക്ഷയിൽ നടപടി സ്വീകരിക്കേണ്ട അധികാരസ്ഥൻ ആരാണ് എന്നതു സംബന്ധിച്ച സ്പഷ്ടീകരണം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജില്ലാ കളക്ടർക്കു വേണ്ടി,,

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഡെപ്യൂട്ടി കളക്ടർ - എൽ. ആർ.
DEPUTY COLLECTOR (LR)

Copy to : The Tahsildar, Meenachil, Pala.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

GOVERNMENT OF KERALA

Revenue (E) Department

REV-E3/323/2025-REV
Thiruvanthapuram,Dated19-05-2025

The Petition dated 23.04.2025 from Smt.Sathi.K.T is forwarded herewith to the Land Revenue Commissioner for necessary action and to give reply to the applicant directly.

ROYCHEN THOMAS
DEPUTY SECRETARY

To:

The Land Revenue Commissioner,
Thiruvananthapuram.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

RL 654343186IN

3

പ്രേക്ഷിത

സതി.കെ.റ്റി
വില്ലാ നമ്പർ-100
അശ്വതി ഗാർഡൻസ്
ചിറ്റാറ്റുമുക്ക് P.O.
മേനംകുളം, കഴക്കൂട്ടം
തിരുവനന്തപുരം - 695301
mob - 9495984769

സ്വീകർത്താവ്

...ചിൽസിഷൻ സെക്രട്ടറി,
...റവന്യൂ വകുപ്പ്,
...സെക്രട്ടറിയേറ്റ്,.....
...തിരുവനന്തപുരം.....

സർ,

വിഷയം: തിരുവനന്തപുരം താലൂക്ക്-കഴക്കൂട്ടം വില്ലേജ്- കൈവശ ഭൂമിയിൽ ഭൂനികുതി സ്വീകരിക്കുന്നത് സംബന്ധിച്ച്

സൂചന: തിരുവനന്തപുരം എൽ.ആർ.തഹസിൽദാരുടെ 14.11.2024 -ലെ LRMI -478, 734722/2024 നമ്പർ കത്ത്

തിരുവനന്തപുരം താലൂക്കിൽ കഴക്കൂട്ടം വില്ലേജിൽ മുൻ സർവേ നമ്പർ 893-ൽ പ്പെട്ട 8.40 ആർ ഭൂമി, കഴക്കൂട്ടം എസ്.ആർ.ഒ.യിലെ 151/1991-നമ്പർ ധനനിശ്ചയാധാരം പ്രകാരം അവകാശം സിദ്ധിച്ച് എന്റെ കൈവശത്തിലും കരം തീരുവയിലും ആയിരുന്നു. അതിൽ 10 സെന്റ് വസ്തു ഞാൻ കൈമാറ്റം നടത്തിയിട്ടുണ്ട്. ബാക്കി വരുന്ന വസ്തുക്കളിൽ കുറച്ച് ഭൂമി ചില കക്ഷികൾ വ്യാജാധാരങ്ങൾ ചമച്ച് കൈക്കലാക്കിയിട്ടുണ്ട്. ടി വസ്തുക്കൾ കഴക്കൂട്ടം വില്ലേജിൽ റീസർവേ നമ്പർ - 395/1-ൽ ഉൾപ്പെട്ടുവരുന്നു. ഇപ്പോൾ 1.98 വസ്തുക്കൾ തർക്ക രഹിതമായി എന്റെ കൈവശത്തിലുണ്ട്. ഏന്നാൽ 1.55 ആർ വിസ്തീർണം ഭൂമി തണ്ടപേർ നമ്പർ 4853 - പ്രകാരം റവന്യൂരേഖകളിൽ തെറ്റായി മറ്റൊരാളുടെ പേരിൽ കൊണ്ടുകിടക്കുന്നു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഇത് യതാർത്ഥത്തിൽ റീസർവേയിൽ സംഭവിച്ച തെറ്റാണ്. റീസർവേയിലെ അപാകത പരിഹരിച്ച് എന്റെ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള ഭൂമിക്ക് കരം സ്വീകരിക്കുന്നതിന് നിയമം പ്രകാരം ഞാൻ തിരുവനന്തപുരം എൽ.ആർ.തഹസിൽദാർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയിൻമേൽ അന്വേഷണം നടത്തി സർവെ നമ്പർ 395/1-ൽ ഉൾപ്പെട്ട പോക്കുവരവുകൾ കഴിച്ച് ബാക്കിവരുന്ന 1.55 ആർ ഭൂമിക്ക് പേരുമാറ്റ നടപടികൾ സ്വീകരിച്ച് കരം സ്വീകരിക്കുന്നതിന് സൂചന പ്രകാരം തിരുവനന്തപുരം എൽ.ആർ. തഹസിൽദാർ കഴക്കൂട്ടം വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നല്കിയിരുന്നു. എന്നാൽ ടി നിർദ്ദേശം നടപ്പിലാക്കാതെ കഴക്കൂട്ടം വില്ലേജ് ഓഫീസർ കൃത്യവിലോപം കാണിക്കുകയാണ്. ഇതു സംബന്ധിച്ച് നിരവധി പ്രാവശ്യം വില്ലേജ് ഓഫീസിലും താലൂക്ക് ഓഫീസിലും ഞാൻ കയറിഇറങ്ങിയിട്ടുണ്ട്. വില്ലേജ് ഓഫീസർ പേരുമാറ്റം നടത്തി ഭൂനികുതി സ്വീകരിക്കാത്തതിനെതിരെ എന്റെ ആവലാതി ബോധിപ്പിക്കുന്നതിന് തിരുവനന്തപുരം എൽ.ആർ തഹസിൽദാരെ സമിപിച്ചപ്പോൾ "നിങ്ങളുടെ കഥ എനിക്ക് കേൾക്കണ്ടെന്നും നിങ്ങളുടെ കഥ കേൾക്കാനല്ല ഞാനിവിടെ ഇരിക്കുന്നതെന്നും" പറഞ്ഞ് നിരുത്തരവാദപരമായി എന്നോട് പെരുമാറുകയാണ് ചെയ്തത്. എന്റെ കൈവശമുള്ള ഭൂമി ധനനിശ്ചയാധാരം പ്രകാരം എനിക്ക് സിദ്ധിച്ചതും തർക്കരഹിതമായി എന്റെ കൈവശത്തിലും അനുഭവത്തിലുമാണ്. ടി ഭൂമിയിലേക്കുള്ള പ്രവേശനം മറ്റൊരു വ്യക്തി തടസ്സപ്പെടുത്തിയതിനെതിരെ ഞാൻ ബഹുമാനപ്പെട്ട തിരുവനന്തപുരം പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ ഫയൽ ചെയ്ത OS 674/2019 നമ്പർ കേസിൽ, ടി വസ്തുവിലുള്ള നിയമപരമായ എന്റെ അവകാശം ബോദ്ധ്യപ്പെട്ട് 11.11.2022ൽ എനിക്ക് അനുകൂലമായി വിധി പുറപ്പെടുവിച്ചിട്ടുള്ളതാണ്.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സീനിയൽ സിറ്റിസൺ ആയ എനിക്ക് ടി വിഷയത്തിൽ നീതിക്കായി നിരന്തരം കയറി ഇറങ്ങുന്നതിന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഒരു പൗരന് നിയമപരമായി ലഭിക്കേണ്ട സേവനം നിഷേധിക്കുന്നതും, നിരുത്തരവാദപരമായി പെരുമാറുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും എനിക്ക് നിയമ പരമായി കൈവശവ കാശം/ ഉടമസ്ഥാവകാശം ഉള്ള ഭൂമിയിൽ പേര് മാറ്റം നടത്തി കരം സ്വീകരി ക്കുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും താഴ്മയായി അപേക്ഷിക്കുന്നു.

ടി അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിവരം എന്നെ അറിയിക്കണ മെന്നുകൂടി അപേക്ഷിക്കുന്നു.

വിശ്വാസപൂർവ്വം

തീയതി : 23.04.2025

സതി.കെ.റ്റി.
Mob: 9495984769

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

LRM1-478,734722/2024

താലൂക്ക് ഓഫീസ്
കോട്ടയ്ക്കകം, തിരുവനന്തപുരം
പിൻ – 695023, ഫോൺ : 0471-2462006
ഇ- മെയിൽ : tahsildartvpm@gmail.com

തീയതി : 14/11/2024

തഹസിൽദാർ (എൽ ആർ)
തിരുവനന്തപുരം

വില്ലേജ് ഓഫീസർ
കഴക്കൂട്ടം

സർ,

വിഷയം – കഴക്കൂട്ടം വില്ലേജ് – റീസർവ്വെ – സംബന്ധിച്ച്

സൂചന – 1. 26.08.2017 ലെ ശർക്കാർ ഉത്തരവ് നം. (എം.എസ്)303/2017 റവന്യൂ
2. ശ്രീമതി. സതി. കെ. റ്റി സമർപ്പിച്ച അപേക്ഷ.
3. ഹെഡ് സർവ്വെയറുടെ 01.08.24 തീയതിയിലെ റിപ്പോർട്ട്.
4. സ.ഉ(കൈ)നം. 110/22/റവന്യൂ തീയതി 21/04/22

സൂചന കാണുക. കഴക്കൂട്ടം വില്ലേജിൽ കൈവശ വസ്തുവിന് റീസർവ്വെ പ്രകാരം കരം അടച്ചു കിട്ടുന്നതിനായി സൂചന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. അപേക്ഷകന്റെ പേർക്ക് കഴക്കൂട്ടം എസ് ആർ ഒ യിലെ 22.01.1991 തീയതിയിലെ 151/91-ാം നമ്പർ ധനനിശ്ചയാധാര പ്രകാരം മുൻസർവ്വെ കെ 893 ൽ 08.40 ആർ അവകാശ ലഭിച്ചിട്ടുണ്ട്. കൈവശസ്ഥലവും ബന്ധപ്പെട്ട രേഖകളും പരശോധിച്ചതിൽ സർവ്വെയർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ടി സ്ഥലം ബ്ലോക്ക് നമ്പർ 11 ൽ റീസർവ്വെ നമ്പർ 395/1 ൽ പ്പെട്ട 01.98 ആർ വിസ്തീർണ്ണത്തിൽ ടി സ്ഥലം പൂർണ്ണമായും അപേക്ഷ കക്ഷി തർ ക്കരഹിതമായി കൈവശം വച്ചിരിക്കുന്നതായി കാണുന്നു. വില്ലേജ് റിക്കാർഡുകൾ പരിശോധിച്ചതിൽ, 395/1 ൽ വില്ലേജ് പോക്കുവരവുകൾ കഴിച്ച് നീക്കി മുതൽ 01.55 ആർ സ്ഥലം ഉള്ളതായി കാണുന്നു. ടി സാഹചര്യത്തിൽ സൂചന (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ രേഖകൾ പരിശോധിച്ച് പേര് മാറ്റ നടപടികൾ വില്ലേജ് മുഖാന്തിരം സ്വീകരിക്കേണ്ടതും സൂചന (4) ലെ വ്യവസ്ഥകൾ പാലിച്ച് കരം ഒടുക്കി നൽകേണ്ടതുമാണ്.

വിശ്വസ്തതയോടെ

തഹസിൽദാർ (എൽ ആർ)

പകർപ്പ് – ശ്രീമതി. സതി കെ. റ്റി, വില്ലാ നം. 100, അശ്വതിഗാർഡൻ, മേനംകുളം, കഴക്കൂട്ടം.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

GOVERNMENT OF KERALA

Revenue (E) Department

REV-E3/324/2025-REV
Thiruvanthapuram,Dated19-05-2025

The Petition dated 08.04.2025 from Shri. G.S. Krishnakumar is forwarded herewith to the Land Revenue Commissioner for necessary action and to give reply to the applicant directly.

ROYCHEN THOMAS
DEPUTY SECRETARY

To:

The Land Revenue Commissioner,
Thiruvananthapuram.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ആർഎ) വകുപ്പ്
ഫോൺ : 0471-251 8688
ഇ-മെയിൽ :lsgdra2017@gmail.com

നം.തസ്വഭവ-ആർഎ3/96/2025-തസ്വഭവ 03-05-2025, തിരുവനന്തപുരം

പ്രേഷകൻ

സ്പെഷ്യൽ സെക്രട്ടറി

സ്വീകർത്താവ്

സെക്രട്ടറി

കൊല്ലം കോർപ്പറേഷൻ

സർ,

വിഷയം:- വസ്തു കയ്യേറി അതിരടയാളങ്ങൾ നശിപ്പിച്ചുവെന്നും കെട്ടിടം ഇടിച്ചതിന്റെ അവശിഷ്ടങ്ങൾ പരാതിക്കാരന്റെ വസ്തുവിലിട്ടു എന്നുമുള്ള പരാതി - സംബന്ധിച്ച്.

സൂചന:- 1) ശ്രീ. ജി.എസ് കൃഷ്ണകുമാർ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന് നൽകിയ പരാതി

2) ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ 08.04.2025-ലെ CTPVIG/125/25 നമ്പർ റിപ്പോർട്ട്

സൂചന പരാതിയിൽ ആവശ്യമായ തുടർനടപടി സ്വീകരിച്ച് നടപടി വിവരം പരാതിക്കാരനെ നേരിട്ട് അറിയിക്കുന്നതിലേയ്ക്കായി പരാതിയുടെയും അതിന്മേൽ സൂചന (2) പ്രകാരം ലഭ്യമായ റിപ്പോർട്ടിന്റെയും പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
അമർജിത് ഉണ്ണിത്താൻ ആർ.എസ്
അണ്ടർ സെക്രട്ടറി
സ്പെഷ്യൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ്: റവന്യൂ വകുപ്പ്

(സൂചന പരാതിയുടെയും അതിന്മേൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിന്റെയും പകർപ്പ് പകർപ്പ് സഹിതം, പരാതിയിൽ തുടർ നടപടി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സ്വീകരിച്ച് നടപടി വിവരം പരാതിക്കാരനെ അറിയിക്കുന്നതിനായി)

ശ്രീ. ജി.എസ് കൃഷ്ണകുമാർ (mail id- advkrishnanunni73@gmail.com)

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

CTPVIG/125/25
E File No: LSGD-RA3/96/2025-LSGD

തീയതി: 08.04.2025

ഡെപ്യൂട്ടി സെക്രട്ടറി ത സ്വ ഭ വ (ആർ എ/ആർ ബി) യ്ക്കുള്ള കുറിപ്പ്

വിഷയം : അനധികൃതമായി വസ്തു കൈയ്യേറിയത് സംബന്ധിച്ച പരാതി

സൂചന : ശ്രീ. ജി എസ് കൃഷ്ണകുമാർ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന് സമർപ്പിച്ച പരാതി

മേൽ വിഷയം സംബന്ധിച്ച് പരാതിക്കാരൻ സൂചന പ്രകാരം നൽകിയ ഇമെയിൽ പരിശോധിച്ചതിൽ പരാതിക്കാരന്റെ വസ്തു അനധികൃതമായി കൈയ്യേറിയത് സംബന്ധിച്ചാണെന്നു കാണുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീമതി പ്രഭാവതി, പുതുമംഗലത്ത് വീട് കന്നിമേൽ ചേരി കാവനാട്. ശ്രീ ശ്രീധരൻ, പുതുമംഗലത്ത് വീട് കന്നിമേൽ ചേരി കാവനാട് എന്നിവർ ചേർന്ന് എതിർ കക്ഷികളായ ശ്രീമതി രാജാമണി, ശ്രീ ഗോപിനാഥ പൈ, കോട്ടർ പടിഞ്ഞാറ്റത്തിൽ, കന്നിമേൽ ചേരി കാവനാട് ശ്രീ ഷാജി, ഷീജ ഭവനം കന്നിമേൽ ചേരി മരുത്തടി എന്നിവർക്ക് എതിരെ ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ മുൻപാകെ സമർപ്പിച്ച പരാതിയും, കൊല്ലം നഗരസഭ ശക്തികുളങ്ങര സോണൽ ഓഫീസ് അസി. എഞ്ചിനിയർ 21.12.2024-ൽ നമ്പർ 2540131-2024 നമ്പർ കത്ത് മുഖേനെ ശ്രീ ശ്രീധരൻ , പുതുമംഗലത്ത് വീട് കന്നിമേൽ ചേരി കാവനാട് എന്നവർക്ക് നൽകിയ അറിയിപ്പുമാണ് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന് സമർപ്പിച്ച പരാതിയിൽ ഉള്ളടക്കം ചെയ്ത കാണുന്നത്.

പരാതിക്കാരൻ ലഭ്യമാക്കിയ ഉള്ളടക്കം പരിശോധിച്ചതിൽ ശ്രീമതി പ്രഭാവതി മുതൽ പേരുടെ ഉടമസ്ഥതയിൽ ശക്തികുളങ്ങര വില്ലേജിൽ ബ്ലോക്ക് നമ്പർ 1 ൽ റീ സർവ്വേ നമ്പർ 572/11 ൽ ഉൾപ്പെട്ട 1.45 ആർസ് സ്ഥലത്ത് പരാതിക്കാരന്റെയും എതിർ കക്ഷിയുടെയും വസ്തുക്കൾ വേർതിരിച്ച കൊണ്ട് വർഷങ്ങളായി നിലവിലുണ്ടായിരുന്ന വേലി നശിപ്പിക്കുകയും വസ്തുവിന്റെ അതിരടയാളങ്ങൾ നശിപ്പിക്കുകയും ചെയ്തകയും, എതിർ കക്ഷിയുടെ വീട്ടും കടമുറിയും ഇടിച്ച നിരത്തി അവശിഷ്ടങ്ങൾ പരാതിക്കാരന്റെ വസ്തുവിൽ ഇടുകയും ചെയ്ത എന്നും എന്നും പരാതിയിൽ ആരോപിക്കുന്നു.

കൊല്ലം നഗരസഭയിൽ ലഭ്യമാക്കിയ പരാതിയുടെ അടിസ്ഥാനത്തിൽ നഗരസഭ നൽകിയ അറിയിപ്പിൽ ടി പരാതി വിഷയം അതിർത്തി സംബന്ധിച്ച തർക്കം ആകയാൽ വസ്തു അളന്നു കല്ലിട്ടു തിരിക്കുന്നതിന് വില്ലേജ് ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ് എന്ന് പരാതിക്കാരനെ അറിയിച്ചതായി കാണുന്നു.

പരാതി വിഷയം അതിർത്തി സംബന്ധിച്ച് ആയതിനാൽ, വസ്തു അളന്നു കല്ലിട്ടു തിരിക്കുന്നതിന് റവന്യൂ വകുപ്പിനും, പരാതി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് കൊല്ലം നഗരസഭാ സെക്രട്ടറിക്കും, നിർദ്ദേശം നൽകാവുന്നതാണ്.

വിഷ്ണു രവി മൂർത്തി
ഡെപ്യൂട്ടി ടൗൺ പ്ലാനർ
(വിജിലൻസ്)

മിനു പത്രോസ്
ടൗൺ പ്ലാനർ
(വിജിലൻസ്)

അബ്ദുൾ മാലിക് കെ വി
ചീഫ് ടൗൺ പ്ലാനർ
(വിജിലൻസ്)

അബ്ദുൾ മാലിക് കെ.വി.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)
തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ, തിരുവനന്തപുരം
പെൻ: 377575.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

Gmail

CTP Vigilance <ctplsgdvw@gmail.com>

Zone I 23/01/25

CTPVIG/ 125/25

Complaint Regarding Improper Action

1 message

G S Krishna Kumar <advkrishnanunni73@gmail.com> 24 January 2025 at 13:24
To: ctplsgdvw@gmail.com

RA/RB 3/3/25

RA

2 attachments



IMG_20250124_104858.jpg
2866K



1737704885915_IMG_20250124_104833.jpg
2881K

File No. LR/9130/2025-LR(B3) (Computer No. 141119)
https://mail.google.com/mail/u/0/?ik=6c28af8752&view=pt&search=all&permthid=thread-f:1822116029216840187&simpl=msg-f:1822116029216...
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 08:27 PM

ഭരണഭാഷ-മാതൃഭാഷ

കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

പിൻ കോഡ്- 691001

GSTIN:32AAALK1455B1ZR

ഫോൺ നമ്പർ : 0474-2746193

https://kollamcorporation.gov.in, secretarykollam@gmail.com

നമ്പർ: 2540131-2024 തീയതി : 21-12-2024

അറിയിപ്പ്

വിഷയം: കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ ശക്തികുളങ്ങര സോണൽ കെട്ടിടനിർമ്മാണ വിഭാഗം- അനധികൃതമായി വസ്തു കൈയേറിയത് -പരാതി സംബന്ധിച്ച്.

സൂചന: 1. താങ്കളുടെ 08/11/24 ലെ പരാതി

2. മൂന്നാം ഗ്രേഡ് ഓവർസിയറുടെ 18/12/24 ലെ റിപ്പോർട്ട്

മേൽ സൂചന (1)പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തി സൂചന (2) പ്രകാരം സമർപ്പിച്ച റിപ്പോർട്ടനുസരിച്ച് പരാതി വിഷയം അതിർത്തി സംബന്ധിച്ച തർക്കം ആകയാൽ വസ്തു അളന്നു കല്ലിട്ടു തിരിക്കുന്നതിന് വില്ലേജ് ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ് എന്നുള്ള വിവരം അറിയിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ

സ്വീകർത്താവ്

Sreedharan
Puthumangalathu Veedu,Kollam,Kollam,Kannimelcheri,691003,Kerala,India

DESPATCH
01/01/25

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from e-Dharitri (KOTTARAKKARA) on 01/01/2025 11:38:01 AM, LR(B3) CLERK, LAND REVENUE COMMISSIONERATE on 26/02/2026 03:27 PM

ബഹുമാനപ്പെട്ട ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ
മുമ്പാകെ ബോധിപ്പിക്കുന്ന പരാതി

പരാതിക്കാർ :

1. എസ്.പ്രഭാവതി, 68 വയസ്സ്
W/o ശ്രീധരൻ
പുതുമംഗലത്ത് വീട്
കന്നിമേൽ ചേരി, കാവനാട്.പി.ഒ
കൊല്ലം
2. ശ്രീധരൻ, 80 വയസ്സ്
S/o നാണു
പുതുമംഗലത്ത് വീട്
കന്നിമേൽ ചേരി, കാവനാട്.പി.ഒ
കൊല്ലം
ഫോൺ – 9746191974

എതൃകക്ഷികൾ:

1. രാജാമണി, 65 വയസ്സ്
W/o ഗോപിനാഥ പൈ
കോട്ടൂർ പടിഞ്ഞാറ്റതിൽ
കന്നിമേൽ ചേരി, കാവനാട്.പി.ഒ
കൊല്ലം
2. ഗോപിനാഥ പൈ, 75 വയസ്സ്
കോട്ടൂർ പടിഞ്ഞാറ്റതിൽ
കന്നിമേൽ ചേരി, കാവനാട്.പി.ഒ
കൊല്ലം
3. ഷാജി, 55 വയസ്സ്
ഷീജ ഭവൻ, കന്നിമേൽ ചേരി
മരുത്തടി.പി.ഒ, കൊല്ലം
ഫോൺ- 9995575531

സർ,

ഒന്നാം പരാതിക്കാരിയുടെ ഭർത്താവാണ് രണ്ടാം പരാതിക്കാരൻ. ഒന്നാം പരാതിക്കാരിയായ പ്രഭാവതിയുടെ സ്വന്തം ഉടമസ്ഥതയിലും കൈവശത്തിലും അനുഭവത്തിലും കൊല്ലം താലൂക്കിൽ ശക്തികുളങ്ങര വില്ലേജിൽ കന്നിമേൽ ചേരിയിൽ വരമ്പയിൽകട ജംഗ്ഷന് തെക്കുഭാഗത്തായി 100 മീറ്റർ മാറി വരമ്പയിൽകട-ചോഴത്തിൽ ക്ഷേത്രത്തിലേക്ക് പോകുന്ന റോഡിൽ ബ്ലോക്ക് നമ്പർ 1 ൽ റീസർവ്വേ നമ്പർ 572/11 ൽ ഉൾപ്പെട്ട 1.45 ആർസ് വസ്തുവുള്ളതാണ്. ഒന്നാം എതൃകക്ഷിയുടെ ഭർത്താവാണ് രണ്ടാം എതൃകക്ഷി. ഒന്നാം പരാതിക്കാരിയുടെ വസ്തുവിനോട് ചേർന്ന് തൊട്ട് കിഴക്കു വശത്തായുള്ള വസ്തു ഒന്നാം എതൃകക്ഷിയുടെ വസ്തുവാണ്. ഒന്നാം പരാതിക്കാരിയുടേയും ഒന്നാം എതൃകക്ഷിയുടേയും വസ്തുക്കൾ തമ്മിൽ വേർതിരിച്ച് വർഷങ്ങളായി വേലി നിലവിലുണ്ടായിരുന്നു. 12.06.2024-ാം തീയതി രാവിലെ ഉദ്ദേശ്യം 11 മണിയോടുകൂടി 1 ഉം 2 ഉം 3 ഉം എതൃകക്ഷികൾ കൂടി ചേർന്ന് മൂന്നാം എതൃകക്ഷിയുടെ ജെ.സി.ബി. ഉപയോഗിച്ച് ഒന്നാം പരാതിക്കാരിയുടെ വസ്തുവിന്റെ കിഴക്കു വശം നിലവിലുണ്ടായിരുന്ന മുഴുവൻ വേലിയും തെക്ക് വശം നിലവിലുണ്ടായിരുന്ന പകുതി വേലിയും നശിപ്പിക്കുകയും ഒന്നാം പരാതിക്കാരിയുടെ വസ്തുവിൽ അതിക്രമിച്ചു കയറുകയും ജെ.സി.ബി ഉപയോഗിച്ച് ഒന്നാം എതൃകക്ഷിയുടെ വസ്തുവിലുണ്ടായിരുന്ന വീടും കടമുറിയും പൂർണ്ണമായും ഇടിച്ചു നിരത്തി വീടിന്റെയും കടമുറിയുടേയും അവശിഷ്ടങ്ങൾ പൂർണ്ണമായും ഒന്നാം പരാതിക്കാരിയുടെ വസ്തുവിലേക്ക് വലിച്ചിടുകയും ഒന്നാം പരാതിക്കാരിയുടെ വസ്തു പൂർണ്ണമായും ജെ.സി.ബി ഉപയോഗിച്ച് രൂപഭേദപ്പെടുത്തുകയും വസ്തുവിന്റെ അതിരടയാളങ്ങൾ നശിപ്പിക്കുകയും ഒന്നാം പരാതിക്കാരിയുടെ വസ്തുവും ഒന്നാം എതൃകക്ഷിയുടെ വസ്തുവും ഒന്നാക്കുകയും ചെയ്തിട്ടുള്ളതാണ്. മുതിർന്ന പൗരന്മാരും റോഗികളുമായ പരാതിക്കാർക്ക് എതൃകക്ഷികളുടെ പ്രവർത്തികളെ തടസ്സം ചെയ്യുന്നതിന് കഴിയാതെ വന്നിട്ടുള്ളതുമാണ്. എതൃകക്ഷികളുടെ മേൽ പ്രവർത്തികൾ തികച്ചും നിയമവിരുദ്ധവുമാണ്. ഇതിനുമുമ്പും ഒന്നാം പരാതിക്കാരി അങ്ങേയ്ക്ക് പരാതി ബോധിപ്പിച്ചിട്ടുള്ളതും പരാതിയുടെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നതുമാണ്.

ആകയാൽ അങ്ങയുടെ ദയവുണ്ടായി ഈ സംഗതികളെക്കുറിച്ച് അന്വേഷിച്ച് എതൃകക്ഷികൾക്കെതിരെ സത്വര നിയമനടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

എന്ന്

1. എസ്.പ്രഭാവതി
2. ശ്രീധരൻ

ശക്തികുളങ്ങര
14.06.2024

ബഹുമാനപ്പെട്ട ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ മുമ്പാകെ ബോധിപ്പിക്കുന്ന പരാതി

പരാതിക്കാർ :

1. എസ്.പ്രഭാവതി, 68 വയസ്സ്
W/o ശ്രീധരൻ
പുതുമംഗലത്ത് വീട്
കന്നിമേൽ ചേരി, കാവനാട്.പി.ഒ
കൊല്ലം
2. ശ്രീധരൻ, 80 വയസ്സ്
S/o നാണു
പുതുമംഗലത്ത് വീട്
കന്നിമേൽ ചേരി, കാവനാട്.പി.ഒ
കൊല്ലം
ഫോൺ - 9746191974

എതൃകക്ഷികൾ:

1. രാജാമണി, 65 വയസ്സ്
W/o ഗോപിനാഥ പൈ
കോട്ടൂർ പടിഞ്ഞാറ്റതിൽ
കന്നിമേൽ ചേരി, കാവനാട്.പി.ഒ
കൊല്ലം
2. ഗോപിനാഥ പൈ, 75 വയസ്സ്
കോട്ടൂർ പടിഞ്ഞാറ്റതിൽ
കന്നിമേൽ ചേരി, കാവനാട്.പി.ഒ
കൊല്ലം
3. ഷാജി, 55 വയസ്സ്
ഷീജ ഭവൻ, കന്നിമേൽ ചേരി
മരുത്തടി.പി.ഒ, കൊല്ലം
ഫോൺ- 9995575531

സർ,

ഒന്നാം പരാതിക്കാരിയുടെ ഭർത്താവാണ് രണ്ടാം പരാതിക്കാരൻ. ഒന്നാം പരാതിക്കാരിയായ പ്രഭാവതിയുടെ സ്വന്തം ഉടമസ്ഥതയിലും കൈവശത്തിലും അനുഭവത്തിലും കൊല്ലം താലൂക്കിൽ ശക്തികുളങ്ങര വില്ലേജിൽ കന്നിമേൽ ചേരിയിൽ വരമ്പയിൽകട ജംഗ്ഷന് തെക്കുഭാഗത്തായി 100 മീറ്റർ മാറി വരമ്പയിൽകട-ചോഴത്തിൽ ക്ഷേത്രത്തിലേക്ക് പോകുന്ന റോഡിൽ ബ്ലോക്ക് നമ്പർ 1 ൽ റീസർവ്വേ നമ്പർ 572/11 ൽ ഉൾപ്പെട്ട 1.45 ആർസ് വസ്തുവുള്ളതാണ്. ഒന്നാം എതൃകക്ഷിയുടെ ഭർത്താവാണ് രണ്ടാം എതൃകക്ഷി. ഒന്നാം പരാതിക്കാരിയുടെ വസ്തുവിനോട് ചേർന്ന് തൊട്ട് കിഴക്കു വശത്തായുള്ള വസ്തു ഒന്നാം എതൃകക്ഷിയുടെ വസ്തുവാണ്. ഒന്നാം പരാതിക്കാരിയുടേയും ഒന്നാം എതൃകക്ഷിയുടേയും വസ്തുക്കൾ തമ്മിൽ വേർതിരിച്ച് വർഷങ്ങളായി വേലി നിലവിലുണ്ടായിരുന്നു. 12.06.2024-ാം തീയതി രാവിലെ ഉദ്ദേശ്യം 11 മണിയോടുകൂടി 1 ഉം 2 ഉം 3 ഉം എതൃകക്ഷികൾ കൂടി ചേർന്ന് മൂന്നാം എതൃകക്ഷിയുടെ ജെ.സി.ബി. ഉപയോഗിച്ച് ഒന്നാം പരാതിക്കാരിയുടെ വസ്തുവിന്റെ കിഴക്കു വശം നിലവിലുണ്ടായിരുന്ന മുഴുവൻ വേലിയും തെക്ക് വശം നിലവിലുണ്ടായിരുന്ന പകുതി വേലിയും നശിപ്പിക്കുകയും ഒന്നാം പരാതിക്കാരിയുടെ വസ്തുവിൽ അതിക്രമിച്ചു കയറുകയും ജെ.സി.ബി ഉപയോഗിച്ച് ഒന്നാം എതൃകക്ഷിയുടെ വസ്തുവിലുണ്ടായിരുന്ന വീടും കടമുറിയും പൂർണ്ണമായും ഇടിച്ചു നിരത്തി വീടിന്റെയും കടമുറിയുടേയും അവശിഷ്ടങ്ങൾ പൂർണ്ണമായും ഒന്നാം പരാതിക്കാരിയുടെ വസ്തുവിലേക്ക് വലിച്ചിടുകയും ഒന്നാം പരാതിക്കാരിയുടെ വസ്തു പൂർണ്ണമായും ജെ.സി.ബി ഉപയോഗിച്ച് രൂപഭേദപ്പെടുത്തുകയും വസ്തുവിന്റെ അതിരടയാളങ്ങൾ നശിപ്പിക്കുകയും ഒന്നാം പരാതിക്കാരിയുടെ വസ്തുവും ഒന്നാം എതൃകക്ഷിയുടെ വസ്തുവും ഒന്നാക്കുകയും ചെയ്തിട്ടുള്ളതാണ്. മുതിർന്ന പൗരന്മാരും രോഗികളുമായ പരാതിക്കാർക്ക് എതൃകക്ഷികളുടെ പ്രവർത്തികളെ തടസ്സം ചെയ്യുന്നതിന് കഴിയാതെ വന്നിട്ടുള്ളതുമാണ്. എതൃകക്ഷികളുടെ മേൽ പ്രവർത്തികൾ തികച്ചും നിയമവിരുദ്ധവുമാണ്. ഇതിനുമുമ്പും ഒന്നാം പരാതിക്കാരി അങ്ങേയ്ക്ക് പരാതി ബോധിപ്പിച്ചിട്ടുള്ളതും പരാതിയുടെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നതുമാണ്.

ആകയാൽ അങ്ങയുടെ ദയവുണ്ടായി ഈ സംഗതികളെക്കുറിച്ച് അന്വേഷിച്ച് എതൃകക്ഷികൾക്കെതിരെ സത്വര നിയമനടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

എന്ന്

1. എസ്.പ്രഭാവതി Prabhavathy
2. ശ്രീധരൻ

ശക്തികുളങ്ങര
14.06.2024

File No. LR/9130/2025-LR(B3) (Computer No. 141119)
https://mail.google.com/mail/u/0/?tab=rm&ogbl#inbox/FMfcgzQZSsCxdCdWMzHSqqrFkcVnsHpp?projector=1&messagePartId=0.2 1/1
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

RL574753015IN
25/5/23

From,

ജയകുമാരി. ബി.

സാബുഭവനം

B3

കിടങ്ങയം വടക്ക്

ശൂരനാട് തെക്ക്, പതാരം പി.ഒ.



To,

ബഹു. ലാൻഡ് റവന്യൂ കമ്മീഷണർ

തിരുവനന്തപുരം.

സർ,

കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ ശൂരനാട് തെക്ക് വില്ലേജിൽ (432/5-2, 452/23-2) റീ സർവ്വേയിൽ പെട്ട വസ്തുവിന് എന്റെ പേരിലാണ് കരം ഒടുക്കിയിട്ടുള്ളത്. ഓൺ ലൈൻ വഴി കരം ഒടുക്കാൻ തുടങ്ങിയത് മുതൽ വസ്തുവിന് കരം ഒടുക്കാൻ കഴിയുന്നില്ല. നെറ്റിൽ തെറ്റായി ദേവസ്വം വകയായി കിടക്കുന്നത് കൊണ്ടാണ് കരം ഒടുക്കാൻ കഴിയാത്തത് എന്നും നെറ്റിലെ പിശക് മാറ്റി, വസ്തുവിന് സ്വന്തം പേരിൽ കരം ഒടുക്കാൻ കുന്നത്തൂർ തഹസീൽദാർക്ക് അപേക്ഷ കൊടുക്കണമെന്ന് ശൂരനാട് തെക്ക് വില്ലേജ് ഓഫീസിൽ നിന്നും പറഞ്ഞത് അനുസരിച്ച് (07/10/2022) ൽ അപേക്ഷ നൽകിയിട്ടുള്ളതും (B1 6002/2022) താലൂക്ക് സർവ്വെയറുടെ പരിശോധനയിൽ റീ സർവ്വേയിലെ പിശക് കൊണ്ടാണ് വസ്തുവിന് കരം ഒടുക്കാൻ കഴിയാത്തതെന്ന് അറിയുകയുണ്ടായി. പക്ഷെ അനാവശ്യ ഹിയറിംഗ് നടത്തിയും തെറ്റായി റിപ്പോർട്ട് സമർപ്പിച്ചും തുടർ നടപടികളിൽ അനാവശ്യ കാലതാമസം മനഃപൂർവ്വം വരുത്തുകയാണ് തഹസീൽദാർ. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലും ബഹുമാനപ്പെട്ട റവന്യൂ മന്ത്രിക്കും കൊല്ലം ജില്ലാ കളക്ടറെ നേരിൽ കണ്ടും കൊല്ലം ജില്ലാ സർവ്വേ ഡയറ്കടർക്കും പരാതി നൽകിയിട്ടുള്ളതാണ്. ഇതിൽ എല്ലാം നടപടി സ്വീകരിച്ച് കക്ഷിക്ക് മറുപടി നൽകുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കുന്നത്തൂർ താലൂക്ക് ഓഫീസിലേക്ക് നോട്ടീസ് അയച്ചിട്ടുള്ളതും എനിക്ക് ഇതിന്റെ പകർപ്പ്

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കിട്ടിയിട്ടുള്ളതുമാണ്. പക്ഷെ നാളിത് വരെ വസ്തുവിന് കരം ഒടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് എനിക്ക് മറുപടി നൽകാത്തതാണ്. ഈ കാര്യത്തിൽ തഹസീൽദാർ വലിയ അനാസ്ഥയാണ് കാണിക്കുന്നത്. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ ഞാൻ നൽകിയ പരാതിയിൽ കരം ഒടുക്കുന്നതിന് വേണ്ട യാതൊരു പരിഹാരവും നാളിത് വരെ താലൂക്ക് ഉദ്യോഗസ്ഥർ നടത്തിയിട്ടില്ല. എനിക്ക് 66 വയസ്സായി അവശതകൾ അനുഭവിക്കുന്ന വ്യക്തിയാണ് അത് കൊണ്ട് താലൂക്ക് ഓഫീസിലും ബന്ധപ്പെട്ട ഓഫീസുകളിലും എനിക്ക് കയറിയിറങ്ങാൻ ബുദ്ധിമുട്ടുണ്ട്. ആയതിനാൽ വസ്തുവിന് കരം ഒടുക്കി കിട്ടുന്നതിന് വേണ്ട നടപടികൾ വേഗത്തിൽ ആക്കാൻ കുന്നത്തൂർ താലൂക്ക് ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും കൂടാതെ തുടർ നടപടിയിൽ കാലതാമസം വരുത്തികൊണ്ടിരിക്കുന്ന കുന്നത്തൂർ തഹസീൽദാർക്കെതിരെ അന്വേഷണം നടത്തി അച്ചടക്കനടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

പതാരം,
24.05.2023.

എന്ന്,

ജയകുമാരി

അപേക്ഷ നമ്പറുകൾ:-

1. താലൂക്ക് ഓഫീസ് കുന്നത്തൂർ (BI/6002/2022)
2. CMO പോർട്ടൽ (G2221200497) 2022
3. കൊല്ലം ജില്ലാ കലക്ടർ (PGRC 10956 / DC KOLLAM), 642/PGRC / 2023 DC KOLLAM)
4. സർവ്വേ ഡെപ്യൂട്ടി ഡയറക്ടർ കൊല്ലം (DCKLM / 40 / 2022 SY4)
5. ബഹുമാനപ്പെട്ട റവന്യൂ മന്ത്രിക്ക് കൊടുത്ത അപേക്ഷ കൊല്ലം കളക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളതാണ്. (DCKLM / 40 / 2022 SY4)
6. ഗവൺമെന്റ് കോൺടാക്ട് സെന്റർ വഴി സമർപ്പിച്ച അപേക്ഷ കൊല്ലം ജില്ലാ കള്ക്ടർക്ക് കൈമാറിയിട്ടുള്ളതാണ്. (DCKLM / 940 / 2023 L13)
7. നടപടി ഒന്നും സ്വീകരിക്കാത്തത് കൊണ്ട് ബഹു. റവന്യൂമന്ത്രിക്ക് വീണ്ടും പരാതി നൽകിയിരുന്നു. ഇത് ലാൻഡ് റവന്യൂ കമ്മീഷണർക്ക് ഫോർവേഡ് ചെയ്തിട്ടുണ്ട്. (LR4650/ 2023, LR (B3)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

TLK-NTA/4108/2023-G1

/151603/2023

13

"ഭരണഭാഷ – മാതൃഭാഷ"

താലൂക്ക് ഓഫീസ്, നെയ്യാറ്റിൻകര, നെയ്യാറ്റിൻകര പി. ഒ.
പിൻ: 695121, ഫോൺ: 0471-2222227ഇ-മെയിൽ:
tahsildarneyyattinkara123@gmail.com

TLK-NTA/4108/2023-G1

തീയതി: 22-07-2023

തഹസിൽദാർ(ഭൂരേഖ),
നെയ്യാറ്റിൻകര.



കമ്മീഷണർ,
ലാന്റ് റവന്യൂ

സർ,

87

വിഷയം: പോക്കുവരവ് സംബന്ധമായി ശ്രീമതി.റാണി ശശിധരൻ സർക്കാരിന് സമർപ്പിച്ച പരാതി - സംബന്ധിച്ച്

സൂചന: അങ്ങയുടെ 14/11/23-ലെ LR/12800/22 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു.അതിയന്നൂർ വില്ലേജ് ബ്ലോക്ക് 7/NMC റീസർവ്വെ 158 ൽ പ്പെട്ട 03.05 ആർ അതിയന്നൂർ വില്ലേജ് 963 നമ്പർ തണ്ടപ്പേർ പ്രകാരം അതിയന്നൂർ ദേശത്ത് ബ്രഹ്മംകോട് മേലെ പുത്തൻ വീട്ടിൽ ചുപ്പൻ നാരായണൻ പേരിൽ ഉണ്ടായിരുന്നതും ബാലരാമപുരം SROയിലെ 1798/15 നമ്പർ കൂട്ടവകാശ ഒഴിവുകുറി ആധാര പ്രകാരം കൈമാറിയതിനെ തുടർന്ന് 7962-ാം നമ്പർ തണ്ടപ്പേരിൽ സുകുമാരൻ s/o നാരായണൻ &തങ്കമ്മ ,പത്മാ ആറാലുംമൂട് പേരിൽ പി വി 815/15 നമ്പർ പോക്കുവരവ് പ്രകാരം തണ്ടപ്പേർ പിടിച്ചതും തുടർന്ന് സുകുമാരൻ മകൻ സജിൻലാൽ പേരിൽ 256/16 നമ്പർ ധനനിശ്ചയാധാര പ്രകാരം നല്കിയതും 108/16 നമ്പർ പോക്കുവരവ് പ്രകാരം 8032 നമ്പർ തണ്ടപ്പേർ പിടിച്ച് കരം ഒടുക്കി വരുന്നതുമാണ്.സ്ഥല പരിശോധനയിൽ ടി സ്ഥലം സജിൻലാൽ കൈവശം
വച്ചിരിക്കുന്നതായി അറിയുന്നു.1798/15 -ാം നമ്പർ ഒഴിവുകുറിയാധാരം ചെയ്ത് നല്കിയ കക്ഷികൾ നാരായണന്റെയും തങ്കമ്മയുടെയും മക്കളാണ്.എന്നാൽ തണ്ടപ്പേർ കക്ഷി ചുപ്പൻ നാരായണനാണ്.ടിയാൾക്ക് 7 മക്കളാണുള്ളത് 963 -ാം നമ്പർ തണ്ടപ്പേർ കക്ഷിയായ ചുപ്പൻ നാരായണന്റെ മകൻ ശശിധരന് ലഭിച്ച വസ്തുവാണ് ഇത്തരത്തിൽ കൈമാറ്റം ചെയ്തതെന്ന് രേഖപ്പെടുത്തി ശശിധരന്റെ ഭാര്യ ശ്രീമതി. റാണി ശശിധരൻ പരാതി സമർപ്പിച്ചിട്ടുള്ളതാണ്.1798/15-ാംനമ്പർ ഒഴിവുകുറിയാധാര കക്ഷികളേയും ശ്രീമതി. റാണി ശശിധരനെയും 8032 നമ്പർ തണ്ടപ്പേർ കക്ഷിയായ ശ്രീ.സജിൻലാലിനെയും കൂടിക്കാഴ്ചയ്ക്ക് ഹാജരാകുന്നതിന് കത്ത് നൽകുകയും ശ്രീമതി.റാണി ശശിധരനും ശ്രീ.സജിൻലാലും മാത്രം ഹാജരായി മൊഴി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.963-ാംനമ്പർ തണ്ടപ്പേർ കക്ഷിയായ ചുപ്പൻ നാരായണനുമായി ബന്ധം തെളിയിക്കുന്ന രേഖ,മരണ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്നതിന് ശ്രീ.സജിൻലാലിന് കത്ത് നല്കിയിട്ടുള്ളതും ആയത് ഹാജരാക്കിയിട്ടില്ലാത്തതുമാണ്. ടി വിഷയം സംബന്ധിച്ച് ബഹു.റവന്യൂ ഡിവിഷണൽ ഓഫീസിൽ ശ്രീമതി.റാണി ശശിധരൻ പരാതി നല്കിയിട്ടുള്ളതും സബ് കളക്ടറുടെ ബി1/8735/21 നമ്പർ 07/06/22 ലെ ഉത്തരവ് പ്രകാരം സിവിൽ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

/151603/2023

കോടതി മുഖേന പ്രശ്ന പരിഹാരം കാണുന്നതിന് കക്ഷികൾക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുള്ളതുമാണ്.തുടർന്ന് ശ്രീമതി.റാണി ശശിധരൻ ബഹു.ജില്ലാ കളക്ടർ മുമ്പാകെ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളതുമാണ്. ബഹു.ജില്ലാ കളക്ടർ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് ടി വിവരങ്ങൾ ബന്ധപ്പെട്ട കെ ഡിസ്/ജി1/27108/21 -ാം നമ്പർ ഫയൽ സഹിതം 07/10/2022 ൽ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നല്കിയിട്ടുള്ളതാണ് എന്ന വിവരം റിപ്പോർട്ട് ചെയ്യുകൊള്ളുന്നു.

വിശ്വസ്തതയോടെ,

Signed by
Sreekala A S
Date: 22-07-2023 09:07:40

തഹസിൽദാർ(ഭൂരേഖ)

NB:- ഈ രേഖ e-Office സോഫ്റ്റ്വെയർ മുഖേന രചിച്ച് ഡിജിറ്റലായി ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതായതിനാൽ മാന്വൽ ഒപ്പ് ആവശ്യമില്ലാത്തതും ഇൻഫർമേഷൻ ടെക്നോളജി ആക്ട് 2000 പ്രകാരം നിയമസാധുതയുള്ളതുമാണ്.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/5922680/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

SOBHANAKUMAR P
ഡെപ്യൂട്ടി സെക്രട്ടറി

റവന്യൂ (എൻ) വകുപ്പ്
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ :-0471-2517253
തീയതി :25-10-2023

അർദ്ധ ഔദ്യോഗിക കത്ത് നം .എൻ1/134/2023-റവ

പ്രിയപ്പെട്ട സർ,

നവംബർ നവംബർ 1 മുതൽ 7 വരെ തിരുവനന്തപുരത്തുവച്ച് നടത്താൻ നിശ്ചയിച്ചിട്ടുള്ള 'കേരളീയം 2023' പരിപാടിയിൽ അവതരിപ്പിക്കുന്ന **"ഭൂപരിഷ്കരണം- ചരിത്രപശ്ചാത്തലം, നേട്ടങ്ങൾ, സമകാലിക ഭൂപ്രശ്നങ്ങൾ, ഫലപ്രദമായ ഭൂവിനിയോഗത്തിനായുള്ള നിർദ്ദേശങ്ങൾ"** എന്ന സെമിനാറുമായി ബന്ധപ്പെട്ട power point presentation ഉം 2000 വാക്കുകളിൽ കവിയാത്ത ആർട്ടിക്കിൾ/നോട്ട് ഉം തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കാൻ 12.10.2023ലെ ഇതേ നമ്പർ സർക്കാർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും റിപ്പോർട്ട് നാളിതുവരെ സർക്കാരിൽ ലഭ്യമാക്കാത്ത സാഹചര്യത്തിൽ വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം പരിഗണിച്ച് വിഷയത്തിൽ താങ്കൾ വ്യക്തിപരമായ ശ്രദ്ധ പതിപ്പിച്ച് power point presentationഉം ആർട്ടിക്കിൾ/നോട്ട് എന്നിവ മടക്കത്തപാലിൽ തന്നെ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആത്മാർത്ഥതയോടെ,

SOBHANAKUMAR P

ഡോ എ കൗശിഗൻ ഐ.എ.എസ്സ്
കമ്മീഷണർ, ലാന്റ് റവന്യൂ
തിരുവനന്തപുരം

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

EL502405174IN
2/8/24

Phone : 7736472101



Sree Kachanamkulam Thirupuraickal Bhagavathy Devaswom

(Under the Control of Malabar Devaswom Board)
MOOTHANTHARA, PALAKKAD - 678 012
Email Id : devikannaki@gmail.com sktbdevaswom@gmail.com www.kannakibhagavathitemplemoothanthara.org



S. RADHAKRISHNAN
Managing Trustee & Herediatry Trustee
Mob: 9388712517

S. SIVARAMAN
Herediatry Trustee
Mob: 9447407326

B3

Ref.

Date: 02 AUG 2024

പ്രേക്ഷിതൻ

മാനേജിങ്ങ് ട്രസ്റ്റി
ശ്രീ കാച്ചനാംകുളം തിരുപുരായ്ക്കൽ ഭഗവതി ദേവസ്വം
മൂത്താന്തറ, വടക്കന്തറ. പി.ഒ., പാലക്കാട് - 678012.

സ്വീകർത്താവ്

ബഹുമാനപ്പെട്ട ലാൻഡ് റവന്യൂ കമ്മീഷണർ
ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 695 033

സർ,

വിഷയം : തണ്ടപ്പേർ അനുവദിച്ചു തരുന്നത് സംബന്ധിച്ച്.
സൂചന : താങ്കളുടെ ഓഫീസിൽ നിന്നും വന്ന കത്ത്
LR/6581/2024-LR (B3) dated 19/07/2024

06.06.2024 ന് ശ്രീകാച്ചനാംകുളം തിരുപുരായ്ക്കൽ ഭഗവതി ദേവസ്വം മൂത്താന്തറ, പാലക്കാട് 678012 ക്ഷേത്ര ഭൂമിയുടെ ഭൂനികുതി കൃത്യമായി ഒടുക്കി വരുന്നതാണ്. എന്നാൽ നാളിതുവരെയായി ടി ഭൂമിക്ക് തണ്ടപ്പേർ അക്കൗണ്ട് ലഭിച്ചിട്ടില്ല. വില്ലേജ് ഓഫീസർ പാലക്കാട് 1 അടങ്കൽ ഹാജരാക്കിയപ്പോൾ വീണ്ടും രേഖകൾ ഹാജരാക്കണം എന്നാണ് പറയുന്നത്. എന്നാൽ ബഹുമാനപ്പെട്ട ലാൻഡ് റവന്യൂ കമ്മീഷണർ വിവരാവകാശത്തിൽ മറുപടി തന്നിട്ടുള്ളത് തണ്ടപ്പേർ അനുവദിക്കുന്നതിന് അടങ്കൽ മതിയാവും എന്നാണ്. ആയതിനാൽ ദേവസ്വം ഭൂമിക്ക് തണ്ടപ്പേർ അനുവദിച്ചു തരുന്നതിന് വില്ലേജ് ഓഫീസർക്ക് താങ്കൾ നിർദ്ദേശം നൽകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

എന്ന് വിശ്വസ്തതയോടെ

സ്ഥലം : പാലക്കാട്
തിയ്യതി : 31/07/2024

For Sree Kachanamkulam Thirupurakkal Bhagavathi Devaswom
Managing Trustee
Cum Executive Officer

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം,പിൻകോഡ് :-695033
മെയിൽ ഐ ഡി :- lrcommissioner@gmail.com
e-Office CRU ID :- cru.lrctvm@kerala.gov.in

LR/6581/2024-LR(B3) **Date:19-07-2024**

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&

ജൂനിയർ സൂപ്രണ്ട് ,എൽ.ആർ.(ബി) വിഭാഗം

Shri.K.KrishnaPrasad

Chairman

Valli Teacher Memorial Charitable Trust

Reg no.139/iv/18/50/273(2)

Vadakkanthara P O.Palakkad -678012

സർ

വിഷയം :- റിവരാവകാശ നിയമം-2005 പ്രകാരം മറുപടി നൽകുന്നത് സംബന്ധിച്ച്

സൂചന :- ശ്രീ.കെ.കൃഷ്ണപ്രസാദ് എന്നവരുടെ 01/07/2024 തീയതി രേഖപ്പെടുത്തിയ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ(ഈ കാര്യാലയത്തിൽ ലഭ്യമായ തീയതി:03/07/2024)

താങ്കൾ സൂചന പ്രകാരം സമർപ്പിച്ച വിവരാവകാശനിയമ പ്രകാരമുള്ള അപേക്ഷയിലെ ചോദ്യങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

ചോദ്യം1: ദേവസ്വം ക്ഷേത്രങ്ങളിൽ ഉള്ള ഭൂമികൾക്ക് തണ്ടപ്പേര് ലഭിക്കുന്നതിന് അടങ്കലിന്റെ പകർപ്പാണ് ഉള്ളത്.നാളിതുവരെ ഭൂനികുതി കൃത്യമായി അടച്ചുവരുന്നതുമാണ്. ടി.പി അക്കൗണ്ട് ലഭിക്കുന്നതിന് ഈ രേഖകൾ മതിയോ?

മറുപടി: ദേവസ്വം ഭൂമിക്ക് തണ്ടപ്പേർ ലഭിക്കുന്നതിന് അടങ്കലിന്റെ പകർപ്പ് മതിയാകും

ചോദ്യം2: സാധാരണ സ്ഥിതിയിൽ തണ്ടപ്പേര് ലഭിക്കുന്നതിന് ഏതെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടത് ?കൃത്യമായി ലഭിക്കാൻ എത്ര കാലതാമസം വരും?

മറുപടി : സാധാരണ സ്ഥിതിയിൽ തണ്ടപ്പേർ ലഭിക്കുന്നതിന് ഭൂമിയിന്മേലുള്ള കൈവശവും അവകാശവും സിദ്ധിച്ച നിയമാനുസൃത രേഖകളാണ് ഹാജരാക്കേണ്ടത്.. സേവനാവകാശ നിയമ പ്രകാരം നിയമ തടസ്സമോ സാങ്കേതിക തടസ്സമോ ഇല്ലാത്ത പോക്കുവരവ് അപേക്ഷകളിൽ 40 ദിവസത്തിനകം തീരുമാനമെടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ചോദ്യം3. മലബാർ ദേവസ്വം ബോർഡ് ഭൂമികൾക്ക് പ്രത്യേകം ഇളവുകൾ വല്ലതും ഉണ്ടോ?

മറുപടി: ചോദ്യം വ്യക്തമല്ല. ഏതു തരം ഇളവുകൾ സംബന്ധിച്ചാണ് ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് ചോദ്യത്തിൽ നിന്നും വ്യക്തമല്ല

മേൽ മറുപടിയിൽ ആക്ഷേപം ഉള്ള പക്ഷം ഈ മറുപടി ലഭ്യമായി30 **ദിവസങ്ങൾക്കുള്ളിൽ** ചുവടെ പറയുന്ന മേൽ വിലാസത്തിൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ഒന്നാം അപ്പീൽ അധികാരിയുടെ മേൽ വിലാസം

ഒന്നാം അപ്പീൽ അധികാരി& അസിസ്റ്റന്റ് കമ്മീഷണർ(എൽ.ആർ)

എൽ.ആർ.(ബി) വിഭാഗം,ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം

പബ്ലിക് ഓഫീസ് ബിൽഡിംഗ്

തിരുവനന്തപുരം,പിൻകോഡ് :-695033

ഫോൺ 0471-2321229

വിശ്വസ്തതയോടെ

19/7/24

ബിന്ദു.എൽ.എസ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&

ജൂനിയർ സൂപ്രണ്ട് ,എൽ.ആർ.(ബി) വിഭാഗം

ഫോൺ 0471-2327413

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

(82) XIII



ഉള്ളടക്കം-XIII

പേക്ഷിതൻ,

അഡ്വ. സി. എം. അരുൺ കേശവ്
കോലിയക്കോട് വീട്, G.R.A-F-3,
കോലിയക്കോട് ലെയിൻ-I,
ഗാന്ധിപുരം, ശ്രീകാര്യം പി.ഒ.
തിരുവനന്തപുരം- 695017
ഫോൺ: 9497759207

സ്വീകർത്താവ്,
പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ,
സ്പെഷ്യൽ എൽ.എ. ഓഫീസ്,
P.W.D (സതേൺ സർക്കിൾ)
തിരുവനന്തപുരം.

സർ,

വിഷയം: വിവരാവകാശ നിയമം, 2005 സെക്ഷൻ 6 പ്രകാരമുള്ള അപേക്ഷ.

ടി വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ സമർപ്പിക്കുന്നു. പുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾ ഉള്ള വിവരം നൽകണമെന്ന് അപേക്ഷിക്കുന്നു-

1. കേരള സർക്കാർ 1961-ലെ കേരള സ്ഥലമെടുപ്പ് ആക്റ്റ് (1962-ലെ 21-ാം ആക്റ്റ്) പ്രകാരം തിരുവനന്തപുരം P.W.D. സ്പെഷ്യൽ പൊന്നുംവില ആഫീസറെ നന്തൻകോട് വാലി സ്കീമിനായി സ്ഥലം ഏറ്റെടുക്കുന്ന ആവശ്യത്തിലേക്കായി നിയമിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഉത്തരവിന്റെ നമ്പർ, തീയതി, പകർപ്പ് എന്നിവ ലഭ്യമാക്കാമോ?

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

2. നന്തൻകോട് വാലി സ്കീമിനായി മാത്തുവിളാകം വില്ലേജ് (നിലവിലെ കവടിയാർ വില്ലേജ്) ഉൾപ്പെടുന്ന മുൻ സർവ്വേ നമ്പർ 3480/1-1, 3480/1-2, 3480/ എന്നിവയിൽ ഉൾപ്പെടുന്ന സ്ഥലം ടി പദ്ധതിക്കാ പൊന്നുംവില നൽകി ഏറ്റെടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ പൊന്നുംവില അവാർഡ് നൽകിയതിന്റെ വിശദാംശങ്ങൾ?

3. നന്തൻകോട് വാലി സ്കീമിനായി പൊന്നുംവില നൽകി മാത്തുവിളാകം വില്ലേജ് (നിലവിലെ കവടിയാർ വില്ലേജ്)ൽ നിന്നും ഏറ്റെടുത്ത ഭൂമിയുടെ സർവ്വേ നമ്പറുകളും അനുവദിച്ച അവാർഡ് തുകയുടെ വിശദാംശങ്ങൾ?

4. നന്തൻകോട് വാലി സ്കീമിനായി 31-01-1967 ലെ കേരള ഗസറ്റിൽ L.A.-2-1631/66 dt. 24-12-196 പ്രസിദ്ധീകരിച്ച നോട്ടിഫിക്കേഷന്റെ പട്ടികയിൽ ഉൾപ്പെടുന്ന തിരുവനന്തപുരം താലൂക്കിലെ മാത്തുവിളാകം (നിലവിൽ കവടിയാർ വില്ലേജ്) സ്ഥലം ഏത് സർക്കാർ വകുപ്പിനാണ് ഏറ്റെടു കൈമാറിയിട്ടുള്ളത്?

5. നന്തൻകോട് വാലി സ്കീമിനായി 31-01-1967 ലെ കേരള ഗസറ്റിൽ L.A. 2-1631/66 dt. 24-12-196 ആയി പ്രസിദ്ധീകരിച്ച നോട്ടിഫിക്കേഷൻ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

(83)

പൂർണ്ണമായോ, ഭാഗികമായോ നടപ്പാക്കിയിട്ടുണ്ടോ എങ്കിൽ നടപ്പാക്കിയ ഇത്തരവിന്റെ വിശദാംശങ്ങളും ചിത്രവും ലഭ്യമാക്കാമോ?

ടി ചോദ്യങ്ങൾക്കുള്ള മറുപടി നിശ്ചിതസമയപരിധിക്കുള്ളിൽ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന് വിശ്വസ്തതയോടെ,

തിരുവനന്തപുരം
25-04-2024

25/04/2024
അഡ്വ. സി. കെ. അനുൺ ലാൽ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

84

"ഭരണഭാഷ- മാതൃഭാഷ"

വിവരാവകാശനിയമം-2005

എൽ.എ5-641/24

സ്പെഷ്യൽ തഹസീൽദാർ
എൽ.എ.കാര്യാലയം
പി.ഡബ്ല്യു.ഡി,(സതേൺ സർക്കിൾ)
ഫോർട്ട്, തിരുവനന്തപുരം.
തീയതി- 27.5.2025
e-mail:spltahsildarlapwd@gmail.com
Phone-0471-2464690

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സ്പെഷ്യൽ തഹസീൽദാർ
എൽ.എ.കാര്യാലയം
പി.ഡബ്ല്യു.ഡി,(സതേൺ സർക്കിൾ)
ഫോർട്ട്, തിരുവനന്തപുരം.

അഡ്വ.സി.എം.അരുൺകേശവ്
കോലിയക്കോട് വീട്, GRA-F-3
കോലിയക്കോട് ലെയിൻ-I
ഗാന്ധിപുരം, ശ്രീകാര്യം പി.ഒ
തിരുവനന്തപുരം-695017.

സർ

വിഷയം :- വിവരാവകാശനിയമം 2005- -മറുപടി നൽകുന്നത്- സംബന്ധിച്ച്.

സൂചന :- താങ്കളുടെ 25/4/2024-ലെ വിവരാവകാശ നിയപ്രകാരമുള്ള അപേക്ഷ.

****

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നന്തൻകോട് വാലി സ്കീമിനായി സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട വിവരം ലഭ്യമാക്കുന്നതിന് സൂചന പ്രകാരം താങ്കൾ അപേക്ഷ നൽകിയിരുന്നു. ആയതിനുള്ള മറുപടി ചുവടെ ചേർക്കുന്നു.

ചോദ്യം-1

1961-ലെ കേരള ലാന്റ് അക്വിസിഷൻ നിയമപ്രകാരം, നന്തൻകോട് വാലി സ്കീം പ്രകാരമുള്ള തോട് നിർമ്മാണത്തിനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയ്ക്കായി 30/03/1963-ലെ 10307/B1/63/RD നമ്പർ ഉത്തരവ് പ്രകാരമാണ് തിരുവനന്തപുരം PWD

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സതേൺ സർക്കിൾ സ്പെഷ്യൽ തഹസീൽദാരെ നിയമിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഫയലിൽ ലഭ്യമാകാത്തതാണ്.

ചോദ്യം-2

നന്തൻകോട് വാലി സ്കീമിനായി മടത്തുവിളാകം വില്ലേജിലെ സർവ്വെ നം-3480/1-2-ൽ നിന്ന് 0.41 ആർ സ്ഥലം ഏറ്റെടുക്കുന്നതിന്, 28/01/1969-ലെ കേരള ഗസറ്റിൽ K Dis-354/69 തീയതി 17-1-1969, നമ്പരായി KLA 1961-ലെ സെക്ഷൻ 6 പ്രകാരമുള്ള നോട്ടിഫിക്കേഷൻ പട്ടികയിൽ പ്രസിദ്ധീകരിച്ചിരുന്നതാണ്. ആയതുമായി ബന്ധപ്പെട്ട എൽ.എ.സി-33/70 നമ്പർ ഫയൽ ഈ കാര്യാലയത്തിലെ 26.11.1980-ലെ എൽ.എ2-1027/80 നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം എൽ.എ ഡ്രൈനേജ് ഡിവിഷൻ സ്പെഷ്യൽ തഹസീൽദാരുടെ കാര്യാലയത്തിലേയ്ക്ക് കൈമാറിയതായി എൽ.എ.സി രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. ഈ കാര്യാലയം മുഖേന പ്രസ്തുത സർവ്വെ നമ്പരിൽ നിന്നും സ്ഥലം ഏറ്റെടുത്തിട്ടുള്ളതായോ, അവാർഡ് തുക നൽകിയിട്ടുള്ളതായോ ഉള്ള വിവരം എൽ.എ.സി രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നില്ല.

ചോദ്യം-3

നന്തൻകോട് വാലി സ്കീമിനായി മടത്തുവിളാകം വില്ലേജിൽ നിന്ന് ഏറ്റെടുത്ത ഭൂമിയുടെ സർവ്വെ നമ്പരുകളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

എൽ.എ.സി. നം.	സർവ്വെ നം.	വിസ്തീർണ്ണം (Ares)	അനുവദിച്ച തുക (Rs)	അവാർഡ് തുക
01/70	2249/5-2	0.50	1216.75	1456.99
02/70	2249/1-4-5	0.02	23.00	23.00
03/70	2249/4-4-2	0.02	57.40	57.50
04/70	2249/1-1	0.56	758.77	938.05
05/70	2249/1-4-2	0.25	286.37	689.03
06/70	2250/3	0.40	989.38	989.38

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

85

07/70	2251/3	0.26	297.40	758.14
08/70	2252/3	0.35	1108.57	1108.57
09/70	2253/2-2	0.16	280.79	950.02
10/70	2253/1-2	0.15	387.22	387.22
11/70	2254/2-2	0.20	560.76	560.76
12/70	2254/1-5	0.30	1876.58	1915.68
13/70	2254/1-2	0.28	1344.07	1344.07
14/70	2257/2-2	0.25	809.46	809.46
15/70	2257/1-2	0.20	230.00	230.00
16/70	2258/3	0.40	554.29	577.87
17/70	2259/3	0.30	1283.68	1285.98
18/70	2260/5	0.80	1066.43	1066.43
19/70	2263/3	0.90	2384.98	2509.18
	2264/1-2	0.37 (01.40)		
	2264/13	0.13		
20/70	2267/8	0.50	1436.12	1436.12
21/70	2267/6	0.43	529.00	549.00
22/70	2267/4	0.45	613.93	613.93
23/70	2268/2	0.20	885.37	885.37
24/70	2269/2	0.30	382.95	406.22
25/70	2270/2	0.55	830.30	899.30
26/70	2271/2	0.18	845.44	845.44
27/70	2272/2	0.50	843.53	859.21
28/70	2273/2	1.00	1512.02	1512.02
29/70	2274/2	0.30	352.62	368.69

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

30/70	2275/2	0.60	737.22	748.42
31/70	2275/3	0.35	428.44	732.40
32/70	2276/2	0.35	395.66	406.18
33/70	3480/1-2	Transferred to the Special (LA) Drainage, Division, Thiruvananthapuram		
34/70	3496			
35/70	3497			
	3503			
36/70	3501			
37/70	3501			
38/70	3501			
39/70	3501			
40/70	3504			
41/70	3508			
42/70	3431/3	0.04	327.66	361.82
43/70	3432/2	0.03	69.00	69.00
44/70	3433/2	0.30	528.29	534.33
45/70	3437/4	0.07	611.89	614.56
	3434/7	0.22		
46/70	3434/5	0.35	1058.90	1099.90
47/70	3437/2	0.35	434.70	434.70
48/70	3439/8	0.13	364.33	365.64
49/70	3439/5	0.13	469.26	500.48
50/70	3439/6	0.10	408.95	409.94
51/70	3441/A-4	0.60	696.29	701.50
52/70	3438/2	0.28	1057.20	1057.20

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

86

53/70	3445/6	0.08	121.32	121.32
54/70	3446/1-2	0.10	141.45	186.30
55/70	3447/2	0.57	695.10	719.90
56/70	3449/2	0.18	242.07	285.20
57/70	3450/4	0.27	330.04	334.07
58/70	3451/4	0.30	353.27	393.01
59/70	3452/2	0.55	713.00	747.50
60/70	3455/3-2	0.45	2282.89	2288.64
122/71	3380/2	0.81	1630.98	1630.98
123/71	3388/4	0.30	454.25	454.25
124/71	3389/2	1.62	3383.36	3383.36
125/71	3396/5	1.41		
126/71	3397/3			
271/71	2265/2-3	0.90	1710.66	1721.55
272/71	3416		1935.356	1935.56
273/71	3444/2	0.50	718.36	1146.55
274/71	3454/2	0.45	2387.73	2394.63
275/71	3494	Transferred to the Special (LA) Drainage, Division, Thiruvananthapuram		
	3495			
276/21	3499			
127/21	3413/2	1.05		
	3414/2	0.15		
128/71	3415/2	0.40	1833.10	1833.10
129/71	3417/2	1.35	2037.23	2037.23
130/71	3419/3	1.30	1734.20	1724.20

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

131/71	3420/3	1.60	1955	1955.00
132/71	3421/5	0.35	1917.11	1917.11
133/71	3509/3	0.45	Transferred to the Special (LA) Drainage, Division, Thiruvananthapuram	
	3510/4	1.35		

കൂടാതെ 1961-ലെ കേരള സ്ഥലമെടുപ്പ് നിയമം സെക്ഷൻ 19(4) പ്രകാരമുള്ള 'urgency Clause' അനുസരിച്ച് 2279, 2282, 2283, 2286, 2348, 2357, 2361, 2362, 2364, 2359, 2360 എന്നീ സർവ്വെ നമ്പരുകളിൽ നിന്നും സ്ഥലം ഏറ്റെടുത്ത് PHE വകുപ്പിന് കൈമാറിയിട്ടുള്ളതാകുന്നു.

സർവ്വെ നം.	വിസ്തീർണ്ണം.	
2279/2	0.75	23.3.1967 ന് സ്ഥലം ഏറ്റെടുത്ത് കൈമാറിയിട്ടുള്ളതാണ്.
2282/3-2	0.70	
2282/1-2	0.70	
2283/3	1.80	
2286/2	0.50	
2348/2	1.35	
2357/1-2	0.40	
2361/B2	1.50	
2364/2	0.30	
2359/2	0.65	05.01.1968 ന് സ്ഥലം ഏറ്റെടുത്ത് കൈമാറിയിട്ടുള്ളതാകുന്നു.
2360/A-2	0.50	
2360/B-2	01.60	
2362/2	2.00	19.2.1968 ന് സ്ഥലം ഏറ്റെടുത്ത് കൈമാറിയിട്ടുള്ളതാകുന്നു.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

(87)

ചോദ്യം-4

നന്തൻകോട് വാലി സ്കീമിനായി തിരുവനന്തപുരം താലൂക്കിലെ മടത്തുവിളാകം വില്ലേജിൽ നിന്നും സ്ഥലം ഏറ്റെടുത്ത് പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിനാണ് (PHE Dept) കൈമാറിയിട്ടുള്ളത്.

ചോദ്യം-5

നന്തൻകോട് വാലി സ്കീമിനായി 31/01/1967-ലെ കേരള ഗസറ്റിൽ la2-1631/66 തീയതി 24/12/1966 നമ്പരായി പ്രസിദ്ധീകരിച്ച വിജ്ഞാപനം റദ്ദ് ചെയ്തതായി കാണുന്നില്ല. എന്നാൽ, പ്രസ്തുത പൊന്നംവില നടപടിയുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന എൽ.എ.സി ഫയലുകൾ ഈ കാര്യാലയത്തിലെ എൽ.എ2-1027/80 DATED. 26/11/1980 ഫയൽ പ്രകാരം തിരുവനന്തപുരം എൽ.എ ഡ്രൈനേജ് ഡിവിഷൻ സ്പെഷ്യൽ തഹസീൽദാരുടെ കാര്യാലയത്തിലേയ്ക്ക് കൈമാറിയിട്ടുള്ളതായി കാണുന്നു.

Sl.No.	LAC	Survey No.
1	33/70	3480/1-2
2	34/70	3496
3	35/70	3497
		3503
4	36/70	3501
5	37/70	
6	38/70	
7	39/70	
8	40/70	3504
9	41/70	3508
10	133/71	3509/3
11		3510/4

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

12	275/71	3494
		3495
13	276/71	3499

വിശ്വസ്തതയോടെ,

കെ.രമേഷ് കുമാർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സ്പെഷ്യൽ തഹസിൽദാർ

അപ്പീൽ അധികാരി-ഡെപ്യൂട്ടി കളക്ടർ(എൽ.എ), കളക്ടറേറ്റ്, തിരുവനന്തപുരം.
അപ്പീൽ കാലാവധി - 30 ദിവസം

29.5.24

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

(85) (XIII)

പ്രേക്ഷിതൻ,

അഡ്വ. സി.എം. അരുൺ കേശവ്
കോലിയക്കോട് വീട്, G.R.A.-F-3,
കോലിയക്കോട് ലെയിൻ-I,
ഗാന്ധിപുരം, ശ്രീകാര്യം പി.ഒ.
തിരുവനന്തപുരം- 695017
ഫോൺ- 9497759207.



സ്വീകർത്താവ്,

സേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ,
ജില്ല കളക്ടറുടെ കാര്യാലയം
ജില്ല കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ,
കുടപ്പനക്കുന്ന്, തിരുവനന്തപുരം- 695043

സർ,

വിഷയം: വിവരാവകാശ നിയമം, 2005 വകുപ്പ് 6 പ്രകാരമുള്ള അപേക്ഷ.

ടി വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ സദയം ക്ഷണിക്കുന്നു. പുവടെ ചേർത്തിരിക്കുന്ന വസ്തുതകൾ മനസ്സിലാക്കി പോദ്യങ്ങൾക്കുള്ള മറുപടി ലഭ്യമാക്കണം എന്ന് അപേക്ഷിക്കുന്നു.

വസ്തുത

1. കേരള സർക്കാർ 1961-ലെ കേരള സ്ഥലമെടുപ്പ് ആക്റ്റ് (1962-ലെ 21-ാം ആക്റ്റ്) പ്രകാരം തിരുവനന്തപുരം P.W.D. സ്പെഷ്യൽ പൊന്നുംവില (PWD സതേൺ സർക്കിൾ) ആഫീസറെ നന്തൻകോട് വാലി (തോട്) സ്കീമിനായി സ്ഥലം ഏറ്റെടുക്കുന്ന ആവശ്യത്തിലേക്കായി 30-03-1963 ലെ 10307/B1/63/RD നമ്പർ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്.

2. പ്രസ്തുത ഉത്തരവ് പ്രകാരം നന്തൻകോട് വാലി സ്കീമിനായി മാത്തുവിളാകം വില്ലേജിലെ സർവ്വെ നമ്പർ 3480/1-2 ൽ നിന്ന് 0.41 ആർ സ്ഥലം ഏറ്റെടുക്കുന്നതിന്, 28/01/1969 ലെ കേരള ഗസറ്റിൽ

(മറുപുറം)

K DIS-354/69 തീയതി 17-1-1969 നമ്പരായി KLA 1961-ലെ സെക്ഷൻ 6 പ്രകാരമുള്ള നോട്ടിഫിക്കേഷൻ പട്ടികയിൽ പ്രസിദ്ധീകരിച്ചിരുന്നു.

3. എന്നാൽ, അതുമായി ബന്ധപ്പെട്ട എൽ.എ.സി. 33/70 നമ്പർ ഫയൽ P.W.D. സതേൺ സർക്കിൾ സ്പെഷ്യൽ തഹസീൽദാരുടെ കാര്യാലയത്തിലെ 26-11-1980 ലെ എൽ.എ2 1027/80 നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം എൽ.എ. ഡ്രൈനേജ് ഡിവിഷൻ സ്പെഷ്യൽ തഹസീൽദാരുടെ കാര്യാലയത്തിലേക്ക് കൈമാറിയതായി ടി കാര്യാലയത്തിലെ എൽ.എ.സി. രജിസ്റ്റർ പരിശോധിച്ചപ്പോൾ അറിയാൻ സാധിച്ചു.

4. നിലവിൽ, തിരുവനന്തപുരം എൽ.എ. ഡ്രൈനേജ് ഡിവിഷൻ സ്പെഷ്യൽ തഹസീൽദാരുടെ കാര്യാലയം പ്രവർത്തനം അവസാനിപ്പിച്ചതായി അറിയുന്നു.

ചോദ്യങ്ങൾ

1. തിരുവനന്തപുരം എൽ.എ. ഡ്രൈനേജ് ഡിവിഷൻ സ്പെഷ്യൽ തഹസീൽദാരുടെ കാര്യാലയത്തിന്റെ പ്രവർത്തനം അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ടി ഉത്തരവിന്റെ നമ്പർ, തീയതി, പകർപ്പ് എന്നിവ ലഭ്യമാക്കാമോ?

2. തിരുവനന്തപുരം ജില്ലയിൽ ടി താലൂക്കിൽ മാത്തുവിളാകം വില്ലേജിൽ (നിലവിലെ കവടിയാർ വില്ലേജ്) സർവ്വേ നമ്പർ 3480/1-1, 3480/1-2, 3480/1 എന്നിവയിൽ നിന്നും പൊന്നുംവില നൽകി തിരുവനന്തപുരം ജില്ല കളക്ടറുടെ കാര്യാലയത്തിന് കീഴിൽ ഉള്ള ഏതെങ്കിലും ഓഫീസ് മുഖേന തിരുവനന്തപുരം എൽ.എ. ഡ്രൈനേജ് ഡിവിഷൻ സ്പെഷ്യൽ തഹസീൽദാരുടെ കാര്യാലയം ഉൾപ്പടെ ടി സർവ്വേ നമ്പറിൽ നിന്നുള്ള ഭൂമി നന്തൻകോട് വാലി സ്കീമിനായി ഏറ്റെടുത്തിട്ടുണ്ടോ?

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

(89)

3. ചി.ഡ.ബ്യൂ.ഡി. സൈറ്റിന്റെ സൗകര്യാർത്ഥം സ്പെഷ്യൽ തഹസീൽദാരുടെ കാര്യാലയത്തിലെ 26-11-1980 ലെ എൽ.എ.2 1027/80 നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം എൽ.എ. ഡെപ്യൂട്ടി കളക്ടർക്ക് വിഭജിച്ചു സ്പെഷ്യൽ തഹസീൽദാർക്ക് കൈമാറിയ എൽ.എ. 33/70 നമ്പർ ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ടി ചോദ്യങ്ങൾക്കുള്ള മറുപടി നിയമാനുസൃത കാലയളവിനുള്ളിൽ ലഭ്യമാക്കണം എന്ന് അപേക്ഷിക്കുന്നു.

തിരുവനന്തപുരം
07-06-2024

എന്ന് വിശ്വസ്തതയോടെ

അഡ്വ.സി.എം.അനുൺ കൃഷ്ണ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

90

852797/2024

XIII

കൈപ്പറ്റി രസീത്

നമ്പർ :- .....

കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ,
കുറവിനക്കുന്ന്, തിരുവനന്തപുരം-43
തീയതി 07/06/24

DISTRICT COLLECTOR'S OFFICE
07 JUN 2024
THIRUVANANTHAPURAM

വിഷയം :- RTI - KS

താങ്കളുടെ 07/06/24 തീയതിയിലെ പരാതി / നിവേദനം / അപേക്ഷ കൈപ്പറ്റിയിരിക്കുന്നു. ആയതിന്മേലുള്ള തീരുമാനം എത്രയും വേഗം താങ്കളെ അറിയിക്കുന്നതാണ്. ഇതിന്മേൽ തുടർന്നുള്ള എഴുത്തുകുത്തുകളിൽ ഈ രസീതിലെ നമ്പർ ദയവായി രേഖപ്പിക്കേണ്ടതാണ്.

ഫോൺ നമ്പർ - 0471 2731220

ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ്

07/06/24

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

(91) (XIII)

5-852797/2024

കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ
കടപ്പനക്കുന്ന്, തിരുവനന്തപുരം
deputycollectorlatvm@gmail.com
Phone: 0471- 2731210

തീയതി: 05.07.2024

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട്, പൊന്നുംവില വിഭാഗം
കളക്ടറേറ്റ്, തിരുവനന്തപുരം

അഡ്വ. സി.എം.അരുൺ കേശവ്
കോലിയക്കോട് വീട്, GRA-F-3
കോലിയാക്കോട് ലെയിൻ-I
ഗാന്ധിപുരം, ശ്രീകാര്യം.പി.ഒ
തിരുവനന്തപുരം-695 017
ഫോൺ നം.9497759207

സർ,

വിഷയം: വിവരാവകാശ നിയമം - 2005 - അപേക്ഷ സംബന്ധിച്ച്
സൂചന: താങ്കളുടെ 07.06.2024-ാം തീയതിയിലെ വിവരാവകാശ അപേക്ഷ

******

ഈ കാര്യാലയത്തിലെ ലഭ്യമായ ഫയലുകളും രേഖകളും പരിശോധിച്ചതിൽ വിവരാവകാശം പ്രകാരമുള്ള താങ്കളുടെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമല്ല എന്ന വിവരം അറിയിക്കുന്നു.

മറുപടിയിൽ എന്തെങ്കിലും ആക്ഷേപം ഉള്ള പക്ഷം അപ്പീൽ അധികാരി മുൻപാകെ 30 ദിവസത്തിനുള്ളിൽ അപ്പീൽ സമർപ്പിക്കേണ്ടതാണ്.

അപ്പീൽ അധികാരി:- **ഡെപ്യൂട്ടി കളക്ടർ (എൽ.എ)**
മൂന്നാം നില, കളക്ടറേറ്റ്
സിവിൽ സ്റ്റേഷൻ, തിരുവനന്തപുരം

വിശ്വസ്തതയോടെ

Aswathy. S

ശ്രീമതി.അശ്വതി.എസ്
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട്, പൊന്നുംവില വിഭാഗം
കളക്ടറേറ്റ്, തിരുവനന്തപുരം

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

(92) Receipt No 0417291
0417291
7-6-2024
(XIV)

പ്രേക്ഷിതൻ,

അഡ്വ. സി. എം. അരുൺ കേശവ്
കോലിയക്കോട് വീട്, G.R.A-F-3,
കോലിയക്കോട് ലെയിൻ-I,
ഗാന്ധിപുരം, ശ്രീകാര്യം പി.ഒ.
തിരുവനന്തപുരം- 695017
ഫോൺ - 9497759207.

ഉള്ളടക്കം-XIV

സ്വീകർത്താവ്,

സെറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ,
പി. എച്ച്. ഇ. ഡി. കാര്യാലയം
വെള്ളയമ്പലം, തിരുവനന്തപുരം.

സർ,

വിഷയം: വിവരാവകാശ നിയമം, 2005 വകുപ്പ് 6
പ്രകാരമുള്ള അപേക്ഷ.

ടി വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ സദയം ക്ഷണിക്കുന്നു. ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു.

1. തിരുവനന്തപുരം ജില്ലയിൽ ടി താലൂക്കിൽ മാത്തുവിളാകം വില്ലേജിൽ (നിലവിൽ കവടിയാർ വില്ലേജ്) പി. എച്ച്. ഇ. ഡി. ക്ക് നന്തൻകോട് വാലി നിർമ്മിക്കുന്നതിനായി ടി വില്ലേജിലെ മുൻ സർവ്വേ നമ്പർ 3480/1-1, 3480/1-2, 3480/1 എന്നിവയിൽ നിന്നും പൊന്നുംവില നൽകി സർക്കാർ ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ?

2. നന്തൻകോട് വാലി സ്കീമിനായി (28-01-1969ലെ കേരള ഗസറ്റിൽ KDIS-354/69 തീയതി 17-1-1969 നോട്ടിഫിക്കേഷൻ - വകുപ്പ് 6) മാത്തുവിളാകം വില്ലേജിലെ (നിലവിൽ കവടിയാർ വില്ലേജ്) ഏതൊക്കെ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

(മറുപുറം)

സർവ്വേ നമ്പറുകളിലെ ഭൂമിയാണ് നിയമപ്രകാരം സർക്കാർ ഏറ്റെടുത്ത് കൈമാറിയിട്ടുള്ളത്? അവയുടെ സർവ്വേ നമ്പറുകൾ ലഭ്യമാക്കാമോ?

3. നന്തൻകോട് വാലി കുടുംബം ചോകുന്ന സ്ഥലങ്ങളുടെ അന്തിമ മാപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ടി ചോദ്യങ്ങൾക്കുള്ള മറുപടി നിയമാനുസൃത കാലയളവിനുള്ളിൽ ലഭ്യമാക്കണം എന്ന് അപേക്ഷിക്കുന്നു.

തിരുവനന്തപുരം
07-06-2024

എന്ന് വിശ്വസ്തതയോടെ,
അഡ്വ. സി. എം. അരുൺ കേശ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

Email : phdivisionnorth@gmail.com

Telephone: 0471 - 2322798

KERALA WATER AUTHORITY

OFFICE OF THE EXECUTIVE ENGINEER
PUBLIC HEALTH DIVISION (NORTH)
VELLAYAMBALAM
THIRUVANANTHAPURAM – 695 033

നമ്പർ. 1834/E4/2024/PHDN-TVPM

തീയതി: 11.06.2024

പ്രേഷകൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ

സ്വീകർത്താവ്

അഡ്വ. സി.എം. അരുൺ കേശവ്,
കോലിയക്കോട് വീട്, GRA - F-3,
കോലിയക്കോട് ലെയ്ൻ-I , ഗാന്ധിപുരം, ശ്രീകാര്യം.പി.ഒ ,
തിരുവനന്തപുരം - 695017

സർ

വിഷയം:- കേരള വാട്ടർ അതോറിറ്റി - വിവരാവകാശ നിയമം 2005 പ്രകാരം രേഖകൾ കൈമാറുന്നത് - സംബന്ധിച്ച് -

സൂചന:- വിവരാവകാശ നിയമപ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷ ഈ ഓഫീസിൽ കിട്ടിയ തീയതി 10-06-2024

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ചോദ്യം 1,2, 3

തിരുവനന്തപുരം ജില്ലയിൽ മഠത്തുവിളാകം വില്ലേജിൽ, നന്തൻകോഡ് വാലി സ്കീമിനായി ഭൂമി ഏറ്റെടുത്തത് സംബന്ധിച്ചുള്ള വിവരങ്ങൾ സൂക്ഷിക്കുന്നത് ഈ ഓഫീസിൻറെ പരിധിയിൽ അല്ലാത്തതിനാൽ താങ്കൾക്ക് നേരിട്ട് വിവരങ്ങൾ നൽകുന്നതിനായി വാട്ടർ അതോറിറ്റിയുടെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയ സെക്രട്ടറി, കേരള വാട്ടർ അതോറിറ്റി, ജലഭവൻ താങ്കളുടെ അപേക്ഷയുടെ പകർപ്പ് സമർപ്പിച്ചിട്ടുണ്ട് എന്നുള്ള വിവരം ഇതിനാൽ താങ്കളെ അറിയിച്ചു കൊള്ളുന്നു.

അപ്പലേറ്റ് അതോറിറ്റി

സൂപ്രണ്ടിംഗ് എൻജിനീയർ
പി എച്ച് സർക്കിൾ ,KWA ,
ഒബ്സെർവേറ്ററി ഹിൽസ് ,
വെള്ളയമ്പലം -ഫോൺ -0471-2322303 ,

Draft #1 of File 1834/E4/2024/PHDN-TVPM Approved by Divisional Accounts Officer on 11-Jun-2024 12:27 PM - F

File No. LR1/130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വിശ്വസ്തതയോടെ,

Manju C K

ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &

ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ

ക്കു വേണ്ടി

Draft # 1 of File 1634/E-4/2024/PHDN-TVPM Approved by Divisional Accounts Officer on 11-Jun-2024 12:27 PM - Page 2

File No. LR/9150/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

The document is digitally approved. Hence signature is not needed

ബഹുമാനപ്പെട്ട സെക്രട്ടറി, ഇലഭവൻ, കേരള വാട്ടർ അതോറിറ്റി, ഹെഡ് ഓഫീസ്, തിരുവനന്തപുരം അവറുകൾ മുൻപാകെ വിവരാവകാശ നിയമം, 2005 പ്രകാരം ബോധിപ്പിക്കുന്ന ഒന്നാം അപ്പീൽ

അപ്പീൽ ബോധിപ്പിക്കുന്നത്: അഡ്വ. സി. എം. അരുൺ കേശവ്
കോലിയക്കോട് വീട്,
GRA-F-3,
കോലിയക്കോട് ലെയിൻ-1
ഗാന്ധിപുരം, ശ്രീകാര്യം
പി.ഒ. T.V.P.M- 695017
Ph no: 9497759207.

സൂചന: KWA/HO/SU/RTI-2024-2025 കത്ത് dated 27-06-2024.

വസ്തുതകൾ

1. 2005-ലെ വിവരാവകാശ നിയമത്തിലെ വകുപ്പ് 6 പ്രകാരം 07-06-2024ൽ വിവരാവകാശ അപേക്ഷ സെറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ, പി. എച്ച്. ഇ. ഡി. കാര്യാലയം, വെള്ളയമ്പലം, തിരുവനന്തപുരം എന്ന ഓഫീസിൽ സമർപ്പിക്കുകയുണ്ടായി.

2. തുടർന്ന്, 11-06-2024ൽ 1834/E4/2024/PHDN-TVPM എന്ന കത്ത് മുഖേന ടി അപേക്ഷകുള്ള മറുപടി സൂക്ഷിക്കുന്നത് അപേക്ഷ സമർപ്പിച്ച ഓഫീസിൽ അല്ലയെന്നും, അപേക്ഷയ്ക്ക് മറുപടി നൽകുന്നതിനാ. ടി വാട്ടർ അതോറിറ്റിയുടെ പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ ആയ സെക്രട്ടറി, കേരള വാട്ടർ അതോറിറ്റയ്ക്ക് ടി അപേക്ഷ കൈമാറിയിട്ടുള്ളതായി രേഖപ്പെടുത്തിയാണ് മറുപടി ലഭിച്ചത്.

Received
26/7/24.

26 JUL 2024
JALA BHAVAN, VELLAYAMBALAM, TRIVANDRUM

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

3. അങ്ങനെയിരിക്കെ, നിയമാനുസൃത കാലയളവ് കഴിഞ്ഞിട്ടു മറുപടി ഒന്നും തന്നെ ലഭിക്കാത്തതിനാൽ ടി സെക്രട്ടറിയുടെ ഓഫീസിൽ ഫോൺ മുഖേനെ ബന്ധപ്പെട്ടപ്പോൾ ടി അപേക്ഷക്കുള്ള മറുപടി 27-06-2024ൽ ലഭ്യമാക്കിയിട്ടുള്ളതായും, അത് 28-06-2024ൽ ടി സെക്ഷനിൽ നിന്ന് തപാൽ മുഖേനെ അപേക്ഷ കക്ഷിയെ അറിയിച്ചതായും രേഖപ്പെടുത്തിയിട്ടുള്ളതായി ടി ഓഫീസിലെ ഉദ്യോഗസ്ഥൻ അറിയിച്ചു. എന്നാൽ, നാളിതുവരെ ടി മറുപടി തപാൽ മുഖേനെ ലഭിച്ചിട്ടില്ല.
ടി അന്വേഷണത്തിന് ശേഷം ഇ-മെയിൽ മുഖാന്തിരം 23-07-2024ൽ മറുപടി ലഭിച്ചു.
ഇത്തരം വീഴ്ചകൾ ഉദ്യോഗസ്ഥർക്ക് ടി നിയമത്തെ എത്രമാത്രം ലാഗവ ബുദ്ധിയോടെ കാണുന്നു എന്നതിനുള്ള ഉത്തമ ഉദാഹരണമാണ്.

4. ടി അപേക്ഷ പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നും തന്നെ 'ലഭ്യമല്ല' എന്ന് പറഞ്ഞ് അപേക്ഷ കക്ഷിയെ തെറ്റിധരിപ്പിക്കാൻ ഉള്ള ശ്രമമാണ് ടി മറുപടിയിലൂടെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശ്രമിച്ചത്. ടി അപേക്ഷയിലെ ചോദ്യങ്ങളുമായി ബന്ധപ്പെട്ടുള്ള കേരള ഗസ്റ്റ് ഉത്തരവുകളും മറ്റ് അനുബന്ധ രേഖകളും അപേക്ഷ കക്ഷിയുടെ കൈവശം ഉള്ളപ്പോൾ ഇതുമായി കേരള വാട്ടർ അതോറിറ്റിയ്ക്ക് ഒരു ബന്ധവും ഇല്ല എന്ന് പറഞ്ഞാൽ, അത് ചിലപ്പോൾ ആ ഉദ്യോഗസ്ഥൻ മാത്രമെ വിശ്വസിച്ച് എന്നു വരൂ.

5. ടി അപേക്ഷയ്ക്കുള്ള മറുപടി ടി കാര്യലയത്തിൽ ലഭ്യമല്ലെങ്കിൽ അത് എവിടെ ലഭ്യമാകും എന്ന് അപേക്ഷകനെ അറിയിക്കാനുള്ള ഉത്തരവാദിത്വം ടി ഓഫീസർക്ക് ഇല്ല? ജൂൺ 12, 2008 ലെ ഭക്ഷ്യ സർക്കാർ ടി നിയമവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 10/2/2008 - IR Ministry of Personnel, Public Grievences and Pensions -ന്റെ ഉത്തരവിന്റെ ലംഘനമാണ് ടി ഉദ്യോഗസ്ഥൻ നടത്തിയിട്ടുള്ളത്.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

6. ടി നിയമത്തിന്റെ പീഠികയിലോ, ടി നിയമം സമൂഹത്തിൽ ജനങ്ങൾക്ക് അറിയാനുള്ള അവകാശം കേവലം യാന്ത്രികമായി 'ലഭ്യമല്ല' എന്ന് രേഖപ്പെടുത്തി തന്റെ പണി പൂർത്തിയായി എന്ന് കരുതുന്ന ഉദ്യോഗസ്ഥൻമാർ ടി നിയമത്തിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നവരാണ്.

അപേക്ഷകർക്ക് 'ലഭ്യമല്ല' എന്ന വാക്കിന്റെ അർത്ഥത്തിനായി മലയാള നിഘണ്ടു പരിശോധിക്കൊണ്ട കാലം കഴിഞ്ഞു. ഇന്ന് കാര്യാലയങ്ങളിൽ നിന്നും നൽകുന്ന വിവരാവകാശ മറുപടികൾ പരിശോധിച്ചാൽ വരികൾക്കിടയിൽ നിന്നും അർത്ഥം മനസ്സിലാക്കി എടുക്കാൻ തക്കവണ്ണം വിവരാവകാശ മറുപടികളുടെ ഉത്തരങ്ങൾ എത്തി നിൽക്കുന്നു.

7. ആയതിനാൽ, താഴെ പറയുന്ന പ്രാർത്ഥനകൾ പരിഗണിച്ച് ടി അപ്പീൽ അനുവദിക്കണം എന്ന് അപേക്ഷിക്കുന്നു.

പ്രാർത്ഥനകൾ

1. ടി അപേക്ഷയിലെ ആവശ്യപ്പെട്ട വിവരങ്ങൾ കേരള വാട്ടർ അതോറിറ്റിയുമായി ബന്ധമുള്ളതായതിനാൽ ടി അപേക്ഷ ബന്ധപ്പെട്ട വിഭാഗത്തിലെക്ക് ഒരിക്കൽ കൂടി അയച്ച് നൽകുകയോ ടി കാര്യാലയത്തിലെ പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർക്ക് മേൽവിലാസം ലഭ്യമാക്കുകയോ ചെയ്യണം.

2. ടി അപേക്ഷയിലെ വിവരങ്ങൾ സെക്രട്ടറിയുടെ കാര്യാലയത്തിൽ സൂക്ഷിച്ചിരിക്കുന്ന രേഖകളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കണം.

(മറുപുറം)

3. ഉക്തമെന്ന് തൊണുന്ന മറ്റ് ഏക് നടപടിയും

തിരുവനന്തപുരം

26-07-2024

എന്ന് വിശ്വസ്തതയോടെ,

അപ്പുസിക്കം അരുണ്ട് കോ

96

Website: www.kwa.kerala.gov.in
Mobile/ Whatsapp: +919495998258

Tel. 0471-2738300
Consumer Helpline Number
1916 [24X7] [Toll Free]
1916cckwa@gmail.com

കേരള വാട്ടർ അതോറിറ്റി

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. KWA-JB/SU/100/2024

തീയതി: 02-08-2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

അഡ്വ. സി എം. അരുൺ കേശവ്.
കോലിയക്കോട് വീട്.
GRA F 3, കോലിയക്കോട് ലെയിൻ 1
ഗാന്ധിപുരം, ശ്രീകാര്യം പി ഒ, തിരുവനന്തപുരം 695017

സർ,

വിഷയം: കേരള വാട്ടർ അതോറിറ്റി വിവരാവകാശ നിയമം 2005 -അപ്പീൽ മറുപടി ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. ഈ ഓഫീസിൽ 30.7.2024 ൽ ലഭിച്ചതായ താങ്കളുടെ 26.7.2024 ലെ RTI അപ്പീൽ അപേക്ഷ.
2. ഈ ഓഫീസിൽ 19.6.2024 ൽ ലഭിച്ചതായ താങ്കളുടെ 7.6.2024 ലെ RTI അപേക്ഷ ഉള്ളടക്കം ചെയ്തുകൊണ്ടുള്ള PH ഡിവിഷൻ തിരുവനന്തപുരം (നോർത്ത്) കാര്യാലയത്തിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആന്റ് ഡിവിഷണൽ അക്കാണ്ട്സ് ഓഫീസറുടെ 11.6.2024 ലെ കത്ത്.

മേൽ സൂചന (1) ലെ പ്രാർത്ഥനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

1. സൂചന (2) ൽ പ്രതിപാദിച്ചിട്ടുള്ളതായ 1969 ലെ ഗസറ്റ് ഡൗൺലോഡ് ചെയ്ത് പരിശോധിച്ചതിൽ നിന്നും പ്രസ്തുത വിഷയം കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ടുള്ളതല്ല എന്നും PWD യുമായി ബന്ധപ്പെട്ട് തോട് നിർമാണത്തിനുള്ളതാണെന്ന് മനസ്സിലാക്കുന്നു.
2. പ്രസ്തുത വിഷയം സംബന്ധിച്ച് രേഖകൾ ഒന്നും തന്നെ കേരള വാട്ടർ അതോറിറ്റി സെക്രട്ടറിയുടെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടില്ല.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

3. ഇത്രമായി ബന്ധപ്പെട്ട് മറ്റ് നടപടികൾ ഒന്നും തന്നെ ഈ കാര്യാലയത്തിൽ നിന്നും സ്വീകരിക്കാനില്ല.

പ്രസ്തുത പദ്ധതിയുടെ ഭൂമി കൈമാറ്റം, മാപ്പ് എന്നിവ സംബന്ധിച്ച വിവരങ്ങൾക്ക് Special Land Acquisition Officer, PWD (SC), Trivandrum എന്ന ഉദ്യോഗസ്ഥനെയാണ് ഗസറ്റ് പ്രകാരം ചുമതലപ്പെടുത്തിയിരുന്നതെന്നും മനസ്സിലാക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Gopakumar G S
Date: 02-08-2024 13:28:38
SECRETERY KWA

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

97

ഉള്ളടക്കം-XV

നാൾവഴി

ക്രമനമ്പർ	തീയതി	അപേക്ഷ വിവരങ്ങൾ/മറ്റ് വിവരങ്ങൾ	നടപടി	തീരുമാനം
1	31-01-1967	ടി തീയതിയിലെ കേരള ഗസറ്റിൽ 24-12-1966 നന്തൻകോട് വാലി സ്കീമിനായി വകുപ്പ് 3(1) ,വകുപ്പ് 6 പ്രകാരം ഉള്ള നോട്ടിഫിക്കേഷൻ . പ്രസ്തുത നോട്ടിഫിക്കേഷനിലെ പട്ടികയിലെ ക്രമ നമ്പർ **54** കാണുക	———	———
2	28-01-1969	ടി തീയതിയിൽ കേരള ഗസ്റ്റിൽ നോട്ടിഫിക്കേഷൻ K.Dis.354/69 dated 17-01-1969 ആയി പ്രസ്തുത സ്ഥലങ്ങളുടെ പ്ലാൻ പ്രസിദ്ധപ്പെടുത്തിയത് സംബന്ധിക്കുന്ന വിവരം. പട്ടികയിലെ ക്രമ നമ്പർ **69** കാണുക	———	———
3		പട്ടം സബ് രജിസ്ട്രാർ ഓഫീസിലെ 1360/ 1978 ലെ തീറാധാരപ്രകാരം സർവ്വേ നമ്പർ **3480/1** ലെ സ്ഥലം വാങ്ങി.		
4		പട്ടം സബ് രജിസ്ട്രാർ ഓഫീസിലെ 215/1982 ലെ തീറാധാരപ്രകാരം സർവ്വേ നമ്പർ **3480/1-2** ലെ സ്ഥലം വാങ്ങി.	———	———

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

5	1978/1982 to 2016	തണ്ടപ്പേർ 5701(09.500 സെൻറ്), 7288 (08.500സെൻറ്) ൽ 2015-2016 വർഷം വരെ വില്ലേജിൽ കരം ഓടിക്കിവന്നിരുന്നു.		
6	29-02-2016	കവടിയാർ വില്ലേജിൽ റീ- സർവ്വേ പൂർത്തിയായതിനെ സംബന്ധിച്ചു അസിസ്റ്റന്റ് ഡയറക്ടർ, റീ- സർവ്വേ തിരുവനന്തപുരത്തിന്റെ കേരള സർവ്വേ ആൻഡ് ബൗണ്ടറിസ് ആക്ട് 1961 പ്രകാരമുള്ള പൊതുജന നോട്ടീസ് പ്രസിദ്ധപ്പെടുത്തി		
7	23-03-2016	അസിസ്റ്റന്റ് ഡയറക്ടർ, റീ- സർവ്വേ തിരുവനന്തപുരം മുമ്പാകെ കേരള സർവ്വേ ആൻഡ് ബൗണ്ടറിസ് ആക്ട് 1961 വകുപ്പ് 11 പ്രകാരം വിസ്തീർണ വ്യത്യാസം സംബന്ധിച്ച് അപ്പീൽ സമർപ്പിച്ചു.	19-04-2017ൽ അപ്പീൽ തള്ളി തീർപ്പാക്കി	പ്രസ്തുത സ്ഥലത്തു ഓട കടന്നു പോകുന്നത് സംബന്ധിച്ച് not final പ്ലാൻ ഉള്ളതായും ടി 0.72 ആർ സ്ഥലം പുറമ്പോക്കാണെന്നും രേഖപ്പെടുത്തി
8	07-10-2016	അസിസ്റ്റന്റ് ഡയറക്ടർ, റീ- സർവ്വേ കുമാരപുരം തിരുവനന്തപുരം മുമ്പാകെ റീ-സർവ്വേ ക്രമേക്കേടുകൾ സംബന്ധിച്ച് പരാതി നൽകി	നടപടിയില്ല	
9	13-10-2016	ജില്ലാ കളക്ടർ തിരുവനന്തപുരം	22-10-2016 ൽ ടി	

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

98

		മുൻപാകെ 07-10-2016 ൽ അസിസ്റ്റന്റ് ഡയറക്ടർ , റീ- സർവ്വേ ഓഫീസ് കുമാരപുരം മുൻപാകെ സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് സമർപ്പിച്ചു.	അപേക്ഷ വീണ്ടും അസിസ്റ്റന്റ് ഡയറക്ടർ, റീ- സർവ്വേ ഓഫീസ് കുമാരപുരത്തിന് അയച്ചു നൽകി	
10	18-10-2016	വിവരവകാശ അപേക്ഷ PIO, കളക്ടറേറ്റ്, തിരുവനന്തപുരം മുമ്പാകെ സമർപ്പിച്ചു.	മറുപടി ആയി 26-11-1980 ൽ ബന്ധപ്പെട്ട രേഖകൾ തിരുവനന്തപുരം എൽ.എ. ഡ്രയ്നേജ് സ്പെഷ്യൽ തഹസിൽദാറിന് കൈമാറിയിട്ടുള്ളതായി കാണുന്നു. ആവശ്യപ്പെട്ട് മറ്റ് വിവരങ്ങൾ ലഭ്യമല്ല.	
11	01-02-2018	റീ- സർവ്വേ ജോലികൾ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറി		
12	12-12-2019	ഭൂരേഖ തഹസിൽദാർ, തിരുവനന്തപുരം മുൻപാകെ വിസ്തിർണ	തുടർ നടപടികൾ ഇല്ല	

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

		വ്യത്യാസം സംബന്ധിച്ചു അപേക്ഷ നൽകി. ടി അപേക്ഷ LRM8/48479/19 ആയി സ്വീകരിച്ചു .		
13	04-03-2023	വിവരാവകാശ അപേക്ഷ SPIO, ലാൻഡ് അക്വിസിഷൻ ,കളക്ടറേറ്റ് തിരുവനന്തപുരം മുൻപാകെ സമർപ്പിച്ചു	15-03-2023 ൽ മറുപടിയായി ടി ഓഫീസിൽ കവടിയാർ വില്ലേജിൽ നന്തൻകോട് വാലി സ്കീമിനായി ഭൂമി ഏറ്റെടുക്കുന്നതിനായി നാളിതുവരെ ടി കാര്യാലയത്തിൽ അർത്ഥന ലഭ്യമായിട്ടില്ല	
14	30-06-2023	തഹസിൽദാർ, ഭൂരേഖ തിരുവനന്തപുരം മുൻപാകെ വിസ്തീർണ വ്യത്യാസം സംബന്ധിച്ചു വീണ്ടും അപേക്ഷ. സമർപ്പിച്ചു.	വില്ലേജ് ഓഫീസിലേക്ക് 03-07-2023 ൽ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടു തഹസിൽദാർ, ഭൂരേഖ അയച്ചു നൽകി. നാളിതുവരെ	

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

			തുടർനടപടികൾ ഇല്ല.LRM 8/4762/23 അപേക്ഷ.	
15	25-04-2024	PIO, സ്പെഷ്യൽ തഹസിൽദാർ, എൽ.എ. ഓഫീസ്,PWD (സതേൺ സർക്കിൾ), തിരുവനന്തപുരം മുൻപാകെ വിവരവകാശ അപേക്ഷ സമർപ്പിച്ചു .	ടി സർവ്വേ നമ്പറിൽ ഉൾപ്പെടുന്ന LAC 33/70 (സർവ്വേ നമ്പർ :3480/1-2) എൽ.എ. 2-1027/80 dated 26-11-1980 ഫയൽ പ്രകാരം തിരുവനന്തപുരം എൽ.എ. ഡ്രെയിനേജ് ഡിവിഷൻ സ്പെഷ്യൽ തഹസിൽദാറിന് കൈമാറിയിട്ടുള്ളതായും പൊന്നും വില നൽകിയതായി കാണുന്നില്ല എന്ന മറുപടി ലഭിച്ചു.	
16	07-06-2024	SPIO, ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ K5-852797/2024	മറുപടിയാതൊന്നും ലഭ്യമല്ല	

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

		വിവരാവകാശ അപേക്ഷ സമർപ്പിച്ചു	എന്നാണ് വിവരം ലഭിച്ചത്	
17	07-06-2024	SPIO, PHED, ഓഫീസ്, വെള്ളയമ്പലം, തിരുവനന്തപുരം മുൻപാകെ വിവരാവകാശ അപേക്ഷ സമർപ്പിച്ചു.	മറുപടി നൽകാൻ വാട്ടർ അതോറിറ്റി സെക്രട്ടറിക്കു കൈമാറി. പക്ഷെ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമല്ല. 05-07-2024	
18	26-07-2024	05-07-2024 ൽ വിവരാവകാശ ലഭിച്ച മറുപടിയുടെ മേൽ അപേക്ഷയുടെ അപ്പീൽ നൽകി	02-08-2024 ൽ ലഭിച്ച മറുപടിയിൽ ടി കാര്യാലയത്തിൽ ഒരു രേഖയും സൂക്ഷിച്ചിട്ടില്ല	

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

GOVERNMENT OF KERALA

Revenue (E) Department

Endorsement No REV-E3/65/2025-REV Thiruvanthapuram,Dated25-01-2025

The Petition dated 20.11.2024 from Shri. Devadhanam is forwarded herewith to the Land Revenue Commissioner for necessary action and to give reply to the applicant directly.

ROYCHEN THOMAS
DEPUTY SECRETARY

To:

The Land Revenue Commissioner,
Thiruvananthapuram.(for necessary action and to give reply to the applicant directly)

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

വിജിലൻസ് (ഇ) വകുപ്പ്

നമ്പർ.വിജി-ഇ1/4/2025-വിജി 15-01-2025,തിരുവനന്തപുരം

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി

റവന്യൂ വകുപ്പ്

സർ,

വിഷയം:- വിജിലൻസ് വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ മാറനല്ലൂർ വില്ലേജിൽ റീസർവ്വേ 35/3 ൽ ഉൾപ്പെട്ട 10.082 സെന്റ് വസ്തു പോക്കുവരവ് ചെയ്ത് കരം ഒടുക്കുന്നതിന് കാലതാമസം വരുത്തുന്നുവെന്നാരോപിച്ച് ശ്രീ. റ്റി. ദേവദാനം നൽകിയ പരാതി - സംബന്ധിച്ച്

സൂചന:- വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 09/12/2024 ലെ സി.പി.എസ്.പി-1-49316/2024/ഡി.വി.എ.സി.ബി നമ്പർ കത്ത്.

സൂചന പ്രകാരം ലഭിച്ച വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ കത്ത്, ശ്രീ. റ്റി. ദേവദാനം നൽകിയ പരാതി എന്നിവയുടെ പകർപ്പ് ഉചിത നടപടികൾ സ്വീകരിക്കുന്നതിനായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,

ബിനു സി

അണ്ടർ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ് - ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ (അറിവിലേക്കായി).

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

E

'CORRUPTION, A CRIME AGAINST NATION'
ഭരണഭാഷ മാതൃഭാഷ

150 YEARS OF CELEBRATING THE MAHATMA

ഡയറക്ടറേറ്റ്,
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
ഇമെയിൽ : vig.vacb@kerala.gov.in
ഫോൺ : 04712305393
തീയതി. 09-12-2024

നമ്പർ.CPSP-1-49316/2024/DVACB

പ്രേഷകൻ

ഡയറക്ടർ
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി,
വിജിലൻസ് ഡിപ്പാർട്ട്മെന്റ്
ഗവ: സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

വിജിലൻസ് വകുപ്പ് 06 JAN 2025 തിരുവനന്തപുരം-695001

സർ,

വിഷയം: കാട്ടക്കട താലൂക്കിൽ മാറനല്ലൂർ വില്ലേജിൽ റീസർവ്വേ 35/3 ഉൾപ്പെട്ട 10.082 വസ്തു പോക്കുവരവ് ചെയ്ത് കരം ഒടുക്കുന്നതിന് കാലതാമസം വരുത്തുന്നുയെന്നത് സംബന്ധിച്ച് ശ്രീ.റ്റി.ദേവദാനം, പെരുകാവ്.തിരുവനന്തപുരം നല്കിയ പരാതി

സൂചന : 29.03.2017 തീയതിയിലെ സ.ഉ(പി)നം.09/2017/വിജി.നമ്പർ സർക്കാർ ഉത്തരവ്.

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും അങ്ങയുടെ ശ്രദ്ധക്ഷണിച്ച കൊള്ളുന്നു.

ശ്രീ.റ്റി.ദേവദാനം, പെരുകാവ്.തിരുവനന്തപുരം എന്നയാൾ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നൽകിയ പരാതി മേൽ സൂചന പ്രകാരം ഉചിത നടപടികൾ സ്വീകരിക്കുന്നതിനായി ഇതോടൊപ്പം സമർപ്പിച്ചുകൊള്ളുന്നു

വിശ്വസ്തതയോടെ

ഇ എസ് ബിജുമോൻ
പോലീസ് സൂപ്രണ്ട് ഇന്റലിജൻസ്
ഡയറക്ടർക്ക് വേണ്ടി

File No. LR/9130/2025-LR(B3) (Comp.No.
Generated from eOffice by SREEJA CHANDRAN, LR_(B3) CLK, LR(B3) SECTION, REVENUE DEPARTMENT on 28/08/2026 03:27 PM

49316

പ്രേക്ഷിതർ

റ്റി.ദേവദാനം
VP No VI-360
ആറന്ത്, പിടാരം, പെരുംകാവ്.പി.ഒ
തിരുവനന്തപുരം- 695573
(Mob No. 9633531970)



സ്വീകർത്താവ്

ഡയറക്ടർ
വിജിലൻസ്&ആന്റികറപ്ഷൻ
തിരുവനന്തപുരം

സർ

വിഷയം:- ഭൂമി പോക്കുവരവു സംബന്ധിച്ച അപേക്ഷ
സൂചന :- കാട്ടാക്കട താലൂക്ക് ഓഫീസിലെ ഫയൽ നമ്പർ KI-18802/18
KI-E/967772/24-14-10-24
KI-E/678296/23dt -19-10-23

സർവ്വേ മാനുവൽ അദ്ധ്യായം XI ഖണ്ഡിക 6 അനുസരിച്ച് ഫോറം നമ്പർ 7-ൽ കാട്ടാക്കട തഹസീൽദാർ നൽകിയ സബ്ഡിവിഷൻ സ്റ്റേറ്റ്മെന്റിന്റെ ഒരു പകർപ്പ് ഇതോടപ്പം സമർപ്പിക്കുന്നു. കാട്ടാക്കട താലൂക്കിൽ, മാറനല്ലൂർ വില്ലേജിൽ റീസർവ്വേ 35/3-ൽ ഉൾപ്പെട്ട 10.082 സെന്റ് വസ്തു എന്റെ പേർക്ക് ബഹു.നെയ്യാറ്റിൻകര മുൻസിഫ് കോടതിയുടെ O.S.202/2010-ലെ വിധിയനുസരിച്ച് അനുവദിച്ചു തന്നു. ഈ വസ്തുവിൽ ശ്രീ.തിമോഥ്യാസ്, ഡാറിയൂസ് (എന്റെ പിതാവും മാതാവും) എന്നിവരുടെ മറ്റു മക്കൾ, അവകാശികൾ എന്നിവർക്കു കൊടുക്കേണ്ട ഷെയറുകളെ സംബന്ധിച്ചും ബഹു.മുൻസിഫ് കോടതി ഉത്തരവായിരുന്നു. പിതാവ് ശ്രീ.തിമോഥ്യാസ് മരണപ്പെട്ടശേഷം മാതാവ് ശ്രീമതി ഡോറിയൂസ് ടി വസ്തുവെ എനിക്ക് വിലയ്ക്ക് നൽകി ആ വസ്തുവിനെ സംബന്ധിച്ച് Partition suit- ന്റെ വിധിയിലാണ് 10.082 സെന്റ് എന്റെ പേർക്ക് അനുവദിച്ചത്. എന്റെ പേർക്ക് നൽകിയ വിലയാധാരവും ബഹു.നെയ്യാറ്റിൻകര മുൻസിഫ് കോടതിയുടെ O.S.202/2010-ലെ വിധിയും അനുസരിച്ചാണ് തഹസീൽദാർ ഇപ്പോഴത്തെ സബ്ഡിവിഷൻ സ്റ്റേറ്റ്മെന്റ് നൽകിയതെന്ന് സ്റ്റേറ്റ്മെന്റിന്റെ 17-ാം നമ്പർ (റിമാർക്സ് കോളം) വ്യക്തമാക്കുന്നു. ഈ സ്റ്റേറ്റുമെന്റിൽ കാണിച്ചിരിക്കുന്ന 05.ആർ 20ച.മീ(കോളം 4) വസ്തുവിൽ നിന്നാണ് എനിക്ക് 10.082 സെന്റ് കോടതി അനുവദിച്ചത്.

ഈ സ്റ്റേറ്റുമെന്റിൽ കോളം 6-ൽ പറഞ്ഞിരിക്കുന്ന (ഇപ്പോഴത്തെ പട്ടയക്കാരന്റെ പേരും നമ്പരും) കോളം നമ്പർ 12-ൽ തെറ്റായി ആവർത്തിച്ച് ചേർത്തിരിക്കുകയാണ്. കോളം നമ്പർ 12-ൽ പുതിയ പട്ടയക്കാരനായ എന്റെ പേരും വിവരങ്ങളും മാത്രമാണ് ചേർക്കേണ്ടത്.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പഴയ പട്ടയക്കാരിൽ തിമോത്യോസ് എന്നയാൾ മരണപ്പെട്ട വിവരവും അനന്തരവകാശികൾക്കു നൽകേണ്ട ഷെയറും സംബന്ധിച്ച് മുൻസിഫ് കോടതിയുടെ വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഡോറിയൂസ് എന്ന വ്യക്തിയാണ് വസ്തു വിലയാധാരം ചെയ്തു തന്നത്. രണ്ടുപേരും ഇപ്പോൾ ജീവിച്ചിരിപ്പില്ല. 12-ാം കോളത്തിൽ പഴയ രണ്ടു പട്ടയക്കാരുടെയും പേരുകൾ തെറ്റായി (മനപൂർവ്വം)ചേർത്തത്, തിരുത്തുവാൻ അപേക്ഷ നൽകിയെങ്കിലും ഇതുവരെയും അത് ചെയ്തിട്ടില്ല. ബഹു.മുൻസിഫ് കോടതിവിധിയുടെ പകർപ്പും വിലയാധാരത്തിന്റെ പകർപ്പും, തഹസീദാർക്കും, വില്ലേജാഫീസിലും നൽകിയിട്ടുണ്ട്. തഹസീദാർ നൽകിയിരിക്കുന്ന സബ്ഡിവിഷൻ സ്റ്റേറ്റ്മെന്റിൽ റീസർവ്വേ 35/3-ൽ 05.ആർ 20ച.മീറ്റർ (കോളം 4) ആണ് പുതിയ സബ്ഡിവിഷനിൽ വരുന്നത്. അതിലുൾപ്പെടുന്ന 10.082 സെന്റ് എന്റെ പേർക്ക് നിർദ്ദിഷ്ട പട്ടയക്കാരന്റെ പേർക്ക് പോക്കുവരവു ചെയ്ത് കരം ഒടുക്കുവാനുള്ള തിരുത്തൽ 12-ാം കോളത്തിൽ വരുത്തി നൽകുവാൻ തഹസീദാർക്കു നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുന്നു. 2018 നവംബർ മുതൽ അകാരണമായി ഈ ഓഫീസിൽ ഈ ഫയൽ വച്ച് താമസിപ്പിക്കുകയാണ്. ഞാൻ ഒരു മുതിർന്ന പൗരനാണ്

വിശ്വസ്തതയോടെ

ടി.ദേവദാനം

തിരുവനന്തപുരം
20.11.2024

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ഇ) വകുപ്പ്

REV-E3/264/2025-REV 16-08-2025,

തിരുവനന്തപുരം

സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ,
തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - ശ്രീ. സേവ്യർദാസ് CMO portal ൽ സമർപ്പിച്ച പരാതി - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 05.7.2025ലെ LR/6296/2025-LR(B3) നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.സൂചനയിൽ പരാമർശിച്ച പ്രകാരം അപേക്ഷകനെ നേരിൽ കേട്ട് പരാതിയിൽ പറഞ്ഞിരിക്കുന്ന വിഷയത്തിൽ തീരുമാനമെടുത്തു അപേക്ഷകനെ അറിയിക്കുകയും നടപടി റിപ്പോർട്ട് CMO പോർട്ടലിൽ അപ്ലോഡ് ചെയ്യണമെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
BYJU KUMAR S
ഡെപ്യൂട്ടി സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - ഡിജിറ്റൽ സർവെ പദ്ധതി - Integrated Land Information Management System - പ്രീ മ്യൂട്ടേഷൻ സ്കെച്ച് തയ്യാറാക്കുന്നതിനുള്ള സർവീസ് ചാർജ്ജ് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഇ) വകുപ്പ്

സ.ഉ.(കൈ) നം.249/2025/RD തീയതി,തിരുവനന്തപുരം, 15-08-2025

പരാമർശം:- 1 17.07.2024 ലെ സ.ഉ.(പി)55/2024/ധന നമ്പർ ഉത്തരവ്.

2 സർവെ ഡയറക്ടറുടെ 20.05.2025 ലെ DSLR/2340/2025-B1(1) നമ്പർ കത്ത്.

ഉത്തരവ്

Integrated Land Information Management System നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂമി കൈമാറ്റം ചെയ്യുന്നതിനായി അതിർത്തികൾ നിർണ്ണയിച്ച് തയ്യാറാക്കിയ ഒരു സർവെ മാപ്പ് (പ്രീ മ്യൂട്ടേഷൻ സ്കെച്ച്) ആവശ്യമാണെന്നും ആയതിനാൽ സബ് ഡിവിഷൻ ആവശ്യമുള്ള സാഹചര്യങ്ങളിൽ ഫീൽഡിൽ നേരിട്ട് അളന്നും, അല്ലാത്ത സാഹചര്യത്തിൽ **(Whole transaction)** നിലവിലെ മാപ്പിന്റെ അടിസ്ഥാനത്തിലും പ്രീമ്യൂട്ടേഷൻ സ്കെച്ച് തയ്യാറാക്കുന്നതിനുള്ള ചെലവ് ബന്ധപ്പെട്ട ഭൂമി കൈമാറ്റം ചെയ്യുന്നവരിൽ നിന്ന് ഈടാക്കേണ്ടതുണ്ടെന്നും ആകയാൽ സർവ്വീസ് ചാർജ്ജ് നിശ്ചിച്ച് നൽകണമെന്നും പരാമശം(2)കത്ത് പ്രകാരം സർവ്വേ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു . മേൽ പറഞ്ഞ പ്രകാരം തയ്യാറാക്കേണ്ട സർവെ സ്കെച്ചിന് ചുവടെ ചേർക്കും പ്രകാരം സർവ്വീസ് ചാർജ്ജ് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) പ്രീ മ്യൂട്ടേഷൻ സ്കെച്ച് തയ്യാറാക്കുന്നതിള്ള **ഫീൽഡ് സർവെ ജോലികൾക്കായി,** 5ആർ വിസ്ത്രീർണ്ണം വരെ **500**/ രൂപയും അധികമായി വരുന്ന ഓരോ ആറിനും **50**/രൂപ എന്ന ക്രമത്തിലും സർവ്വീസ് ചാർജ്ജ് ഈടാക്കേണ്ടതാണ്.

(ii) ഭൂമി കൈമാറ്റ പ്രമാണത്തിനുള്ള അംഗീകരിച്ച **സർവെ ഭൂപടത്തിനായി 300**/ രൂപ ഈടാക്കേണ്ടതാണ്.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

(iii)സബ് ഡിവിഷൻ ആവശ്യമുള്ള സാഹചര്യങ്ങളിൽ ക്രമ നമ്പർ (i) , (ii) എന്നിവ ബാധകമായിരിക്കും **Whole transactions** ആണെങ്കിൽ ക്രമ നം (ii) മാത്രമേ ബാധകമാവുകയുള്ളൂ.

സർവെ അതിരടയാള ചട്ടങ്ങളിൽ അനുപാതികമായ മാറ്റം പിന്നീട് വരുത്തുന്നതാണ്. ഇതിനായി ബന്ധപ്പെട്ട ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർവെ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

1. സർവെ ഡയറക്ടർ
2.ലാന്റ് റവന്യൂ കമ്മീഷണർ
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
5.ധനകാര്യ വകുപ്പ്
6. വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(E1/251/2025)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-
ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്.
റവന്യൂ സെക്രട്ടറിയുടെ പി.എ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

EL 483008663 IN
16/12/24

भारत सरकार
GOVT. OF INDIA
(पत्तन, पोत परिवहन और जलमार्ग मंत्रालय)
(Ministry of Ports, Shipping & Waterways)
भारतीय अन्तर्देशीय जलमार्ग प्राधिकरण
INLAND WATERWAYS AUTHORITY OF INDIA
National Waterway Road, Kannadikkadu, Maradu, Ernakulam - 682 304

Phone :- 0484 - 2389804, 2389445
E-mail :- dirkoc.iwai@nic.in
Website :- www.iwai.nic.in

C1

No. IWAI/COCH/16(2)A1/2018-19/715 Date: 13th December 2024

16 DEC 2024

To

The District Collector,
Collectorate,
Kollam – 691 013

Sub: Land Acquisition for Construction of IWT Terminal at Asramam, Kollam – LA Post Award Action – Pending - reg.

Ref: 1. T.O. Lr. of even no.678 dt. 1.12.2022.
2. Meeting held at Collectorate, Kollam on 16.12.2022
3. T.O. Lr. of even no./738 dt. 20.12.2022 addressed to the Tahsildar (LR), Kollam Taluk office and to the VO, Kollam East village with a copy to the DC, Kollam.
4. T.O. Lr. of even no.92 dt. 29.4.2023.
5 Your Lr No.DCKLM/13581/2022-LA3 dt. 22.5.2023
6 T.O. Lr. of even no./117 dt. 9.5.2024.

Sir,

This is to bring to your kind notice in connection with pending post award action of the land acquired by this office for construction of IWT Terminal at Asramam, Kollam. In this regard, please refer the Meeting held at Collectorate, Kollam on 16.12.2022. As decided in the meeting, vide ref (3) letter, this office had forwarded the copy of LA sketches and Group Sketch w.r.t. i) Survey.No.5/2 - 00.95 Ares and ii) Survey.No.75/2 - 02.64 Ares to the Tahsildar (LR), Kollam Taluk Office and to the Village officer, Kollam East village Office, Kollam with a request to complete the pending post award action of acquired land.

On enquiry at Taluk Office, Kollam, it is understood that the matter is still pending. The post award action w.r.t. i) Sy.No.5/2 - 00.95 Ares only has been completed and post award action w.r.t. ii) Sy.No.75/2 - 02.64 Ares is still pending.

Cont'd...2

13/12/24

In this regard, it is to inform that the post award action w.r.t. land acquired for IWT Terminal at Asramam, Kollam during the year 2000 is still pending. The completion of post award action and remittance of tax of the acquired land is highly necessary for usage of Cargo Terminal constructed by this Authority. It is requested to please advise the concerned officers to take necessary action to complete the pending post award action of the land acquired by this office at Sy.No.75/2 - 02.64 Ares.

In case of any further requirement from our side, the concerned dealing official of this office Smt. Manju KP, UDC (Mob No.9995213893) may please be contacted.

Yours faithfully,

13/11/2024

(A. Selvakumar)
Director
Email: aselvakumar.iwai@nic.in
Phone: 0484-2389804

Copy for information and necessary action to :

1. The Land Revenue Commissioner, Office of the Land Revenue Commissioner, Public Office Building, Thiruvananthapuram – 33. – Please refer Your Lr.No.LRB8-8157/19 dt. 19.7.2019 addressed to the DC, Kollam with a copy to the VO, Kollam East Village, Kollam.
2. The Tahsildar (LR), Kollam Taluk Office, Kollam – 691 001
3. The Village officer, Kollam East village Office, Kollam – 691 001
4. The Special Tahsildar LA No.1, Collectorate, Kollam – 691 013

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ഇ) വകുപ്പ്

REV-E3/119/2023-REV

09-01-2025,
തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ,
തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - പോക്കുവരവ് - ശ്രീ. സുരേഷ് കുമാർ നായർ സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.

സൂചന:- ശ്രീ. സുരേഷ് കുമാർ നായർ സമർപ്പിച്ച 21.02.2023 ലെ അപേക്ഷ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ടി നിവേദനത്തിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ച് അപേക്ഷകന് നേരിട്ട് മറുപടി നൽകുന്നതിനായി ടി നിവേദനത്തിന്റെ പകർപ്പ് ഇതോടൊന്നിച്ചയയ്ക്കുന്നു.

വിശ്വസ്തതയോടെ,
JOSHY K L
സെക്ഷൻ ഓഫീസർ
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ACS, Revenue

Fwd
Feb 23, 3:13 PM

Email

Dr.V.P.Joy IAS

SURESH K NAIR

From : nairintravel@hotmail.com
Tue, Feb 21, 2023 03:13 PM

Subject : SURESH K NAIR
1 attachment

To : Dr.V.P.Joy IAS <chiefsecy@kerala.gov.in>

ബഹുമാന്യ സാർ ,

നമസ്കാരം ,

ഞാൻ സുരേഷ് കുമാർ നായർ , പ്രസിഡന്റ് ,ഓൾ ഇന്ത്യ മലയാളീ അസോസിയേഷൻ ,ഉത്തർപ്രദേശ് .

സാർ 22 ഡിസംബറിൽ എന്റെ ഭാര്യയുടെ വസ്തു മോൾക്ക് പ്രമാണം എഴുതി പോക്കുവരവിന് കൊടുത്തതാണ് എന്നാൽ ഇന്നേവരേയും പോക്കുവരവ് ചെയ്ത പ്രമാണം കിട്ടിയിട്ടില്ല . പ്രമാണം ഉള്ളടക്കം ചെയ്യുന്നു . എന്താണ് ഇതിന് കാല താമസം എന്ന് അറിയുവാൻ താങ്കൾ ശ്രമിക്കും എന്ന് വിശ്വസിക്കുന്നു.

വിനയപുരസ്സരം ,

സുരേഷ് കുമാർ നായർ,
ഫോൺ :9837009420,8171935565

Best Regards,

NAIR TRAVELS & LOGISTIC SERVICES
Shop No - 3, 178, Karim Commercial Complex
(Opp. Pizza Hut) Fatehabad Road, Agra - 282001
Phone - +91 562 4000520
Mob - +91 9837009420, 8171935565
Email - nairintravel@hotmail.com, nairtravels216@gmail.com

PDF Gallery_20230131_122227 (1).pdf
5 MB

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

(7)

ആർ.വി.സി.എ.1-927/2024(2)

ദക്ഷിണമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ
കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ്,
ഒന്നാം നില,
വികാസ് ഭവൻ.പി.ഒ.
തിരുവനന്തപുരം - 695033
ഫോൺ : 0471-2991289
ഇ-മെയിൽ: rvtsouth@gmail.com
തീയതി : 29-01-2025

ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്),
ദക്ഷിണമേഖല, തിരുവനന്തപുരം.

കമ്മീഷണർ,
ലാൻഡ് റവന്യൂ,
തിരുവനന്തപുരം.

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
കൈപ്പറ്റി
30 JAN 2025
തിരുവനന്തപുരം

സർ,

വിഷയം : റവന്യൂ വിജിലൻസ് അന്വേഷണം - നെടുമങ്ങാട് താലൂക്ക് - പുല്ലമ്പാറ വില്ലേജ് - അനധികൃതമായി ഭൂമി പതിച്ചു നൽകിയെന്നത് - ശ്രീ.ദേവിപ്രസാദ് എന്നയാളുടെ ഹർജി - സംബന്ധിച്ച്.

സൂചന : 1) സി.എ.ഒ പോർട്ടൽ പെറ്റീഷൻ ഡോക്കറ്റ് നം.G3240701025
2) ശ്രീ.ദേവിപ്രസാദ്, തോപ്പുവിളവീട്, വെള്ളാണിക്കര, നെല്ലനാട്.പി.ഒ, പിൻ-695606 എന്നയാൾ 30-07-2018 തീയതിയിലെ ബഹു.റവന്യൂ വകുപ്പ് മന്ത്രിക്ക് നൽകിയ ഹർജി.
3) ഈ കാര്യാലയത്തിലെ 14-05-2024-ലെ ആർ.വി.സി.എ1-512/2018 നം. കത്ത്.

സൂചനയിലേയ്ക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. ഹർജികക്ഷി 12-08-2018-ൽ ബഹു.റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രിയ്ക്ക് നൽകിയ പരാതിയിൽ നടന്നുവരുന്ന അന്വേഷണത്തെ അട്ടിമറിക്കുന്നു എന്നാരോപിച്ചും ടി വിവരം ബഹു.മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു എന്നു പറഞ്ഞുകൊണ്ടും സൂചന (1) പ്രകാരം ഹർജി ബഹു.മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെൽ മുഖേന ലഭിച്ചിരുന്നു. **(അനുബന്ധം-1)** ടി ഹർജി പരിശോധിച്ചതിൽ ടി വിഷയവുമായി ബന്ധപ്പെട്ട് സൂചന (2) പ്രകാരം ടിയാൻ ബഹു.റവന്യൂ ഭവനനിർമ്മാണ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച ഹർജി **(അനുബന്ധം-2)** ഈ ഓഫീസിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും പരാതി കക്ഷിയേയും എതിർകക്ഷിയേയും നേരിൽ കേൾക്കുകയും വില്ലേജ് രേഖകളും പരാതിക്കാസ്പദമായ സ്ഥലവും പരിശോധിക്കുകയും നെടുമങ്ങാട് ഭൂരേഖ തഹസിൽദാരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചിട്ടുള്ളതുമാകുന്നു. ആയതിൽ നെടുമങ്ങാട് താലൂക്കിൽ പുല്ലമ്പാറ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വില്ലേജിൽ ബ്ളോക്ക് നമ്പർ- 23 ൽ റീസർവ്വേ 39/5-ൽപ്പെട്ട സർക്കാർ പുറമ്പോക്ക് നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 08/04/2022ലെ എ-484/2022-ാം നമ്പർ ഉത്തരവ് പാലിച്ച് കേരളാ ഭൂസംരക്ഷണനിയമം 1957 പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി കൈയ്യേറ്റം ഒഴിപ്പിച്ചിട്ടുള്ളതായി നെടുമങ്ങാട് ഭൂരേഖ തഹസിൽദാർ റിപ്പോർട്ട് നൽകിയതിനെ തുടർന്ന് ടി വിവരം സൂചന (3) പ്രകാരം പരാതികക്ഷിക്ക് മറുപടിയായി നൽകിയിട്ടുള്ളതാണെന്ന് കാണുന്നു. **(അനുബന്ധം-3)** സൂചന (1) ഹർജിയിൽ പരാമർശിച്ചിരിക്കുന്ന സർവ്വെ അദാലത്തിലെ അപാകത സംബന്ധിച്ച് ഈ കാര്യാലയത്തിലെ ആർ.വി.സി എ1-512/2018/കെ.ഡിസ് നമ്പർ ഫയലും അനുബന്ധ റിക്കാർഡുകളും പരിശോധിച്ചതിൽ വാമനപുരം എസ്.ആർ.ഒ യിലെ 1474/2002-ാം നമ്പർ വിലയാധാരപ്രകാരം ശ്രീ.സുന്ദരേശൻ നായർ, ശ്രീ.ഹരികുമാർ എന്നിവരിൽ നിന്നും ശ്രീമതി.സിന്ധുകുമാരി പേർക്ക് മുൻ സർവ്വേ 193/2-1 ൽ കൊണ്ട 4.86 ആർസും അതോട് ചേർന്ന് വടക്ക് ഭാഗത്തായുള്ള അടവിൽകൂടുതലും ഉൾപ്പടെയുള്ള പുരയിടം സിദ്ധിച്ചിട്ടുള്ളതായി കാണുന്നു. ടി വസ്തു സംബന്ധിച്ചുള്ള നെടുമങ്ങാട് റീസർവ്വേ സൂപ്രണ്ട് ഓഫീസിലെ എസ്.എ-24/04-ാം നമ്പർ നടപടിക്രമം പ്രകാരം ബ്ളോക്ക് 23 ൽ റീസർവ്വേ 39 ൽ സബ് നമ്പർ 4, 6 എന്നിവയെ പുനർവിഭജനം നടത്തി 4 ൽ നിന്നും 10 എന്ന സബ് നമ്പറിൽ 4.85 ആറും, 6 ൽ നിന്നും 12 എന്ന സബ് നമ്പറിൽ 8.35 ആറും ശ്രീമതി.സിന്ധുകുമാരി പേരിൽ വന്നിട്ടുള്ളതും ടി നടപടിക്രമത്തിനോട് അനുബന്ധിച്ചുള്ള റിപ്പോർട്ടിൽ ശ്രീമതി.സിന്ധുകുമാരിക്ക് ടി 1474/02-ാം നമ്പർ വിലയാധാരപ്രകാരമുള്ള മുൻസർവ്വേ 193/2-1 ൽ കൊണ്ട 4.86 ന് പുറമേ ടി വാമനപുരം എസ്.ആർ.ഒ യിലെ 213/94-ാം നമ്പർ ഭാഗപത്രപ്രകാരമുള്ള മുൻസർവ്വേ 196/3-ൽ കൊണ്ട 8.90ആർ വസ്തുവും ഉള്ളതായും ഫോറം നമ്പർ-7 ൽ റീസർവ്വേ 39/12 നെ സംബന്ധിച്ചുള്ള റിമാർക്ക്സ് കോളത്തിൽ കാണിച്ചിട്ടുള്ളതാകുന്നു.

ടി എസ്.എ 24/04-ാം നടപടിക്രമം പ്രകാരം റീസർവ്വേ 39/10 ൽ 4.85 ആറും 39/12-ൽ 8.35 ആറും തണ്ടപ്പേർ 6831-ൽ ഉൾപ്പെടുത്തി ശ്രീമതി.സിന്ധുകുമാരി പേരിൽ വന്നിട്ടുള്ളതായും അതിൽ 39/12-ൽ കൊണ്ട 8.35 ആർ ടി 1474/02-ാം നമ്പർ വിലയാധാരപ്രകാരമുള്ളതാണെന്നും റീസർവ്വേ അദാലത്ത് പ്രകാരം തണ്ടപ്പേർ പിടിച്ചതാണെന്നും കാണിച്ച് ഭർത്താവായ ശ്രീ.രാജകുമാർ പേരിൽ വാമനപുരം

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

എസ്.ആർ.ഒ-യിലെ 1342/13-ാം നമ്പർ ധനനിശ്ചയാധാരപ്രകാരം എഴുതികൊടുത്തിട്ടുള്ളതായും കാണുന്നു. ടി നെടുമങ്ങാട് റീസർവ്വേ സൂപ്രണ്ടിന്റെ എസ്.എ 24/04-ാം നടപടിക്രമത്തിൽ പിശക് സംഭവിച്ചിട്ടുള്ളതായി കാണുന്നു. ആയത് സംബന്ധിച്ച് സർവ്വെ വിജിലൻസ് മുഖേന തുടർഅന്വേഷണം നടത്തി തുടർ നടപടി സ്വീകരിക്കാവുന്നതാണെന്ന് കാണുന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്)

ഉള്ളടക്കം :- അനുബന്ധങ്ങൾ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

G3240701025

മുഖ്യമന്ത്രിയുടെ ഓഫീസ്
05 JUL 2024
തിരുവനന്തപുരം

പ്രേക്ഷിതൻ,
S ദേവിപ്രസാദ്
തോപ്പുവിള വീട്
വെള്ളാണിക്കര
നെല്ലനാട് (പി ഒ)
PIN 695606
Mob:9496816637

ഗ്രാഹകൻ.

പിണറായി വിജയൻ സർ
കേരള മുഖ്യമന്ത്രി.
ക്ലിഫ് ഹൌസ്
തിരുവനന്തപുരം

വിഷയം : ഞാൻ നൽകിയ പരാതിയിൽ നടന്നുവരുന്ന അന്വേഷണത്തെ ആട്ടിമറിക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുന്നത്തിനും അങ്ങ് അടിയന്തിരമായി ഇതിൽ ഇടപെട്ട് നീതി വാങ്ങി തരുന്നതിനും വേണ്ടി നൽകുന്ന അപേക്ഷ

സർ,

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ പുല്ലമ്പാറ വില്ലേജിൽ ബ്ലോക്ക് നമ്പർ 23 ൽ സർവ്വേ നമ്പർ 39/12 എന്ന 20 സെന്റ് വസ്തു ചില റവന്യൂ അധികാരികൾ നിയമവിരുദ്ധമായി, സാമ്പത്തിക സ്വാധീനത്തിനു വഴങ്ങി ഒരു സ്വകാര്യവ്യക്തിയ്ക്കു പതിച്ചു നൽകിയതായി വ്യാജ രേഖ ഉണ്ടാക്കിയതാണെന്നു കാണിച്ചു റവന്യൂ മന്ത്രി, ജില്ലാ കളക്ടർ എന്നിവർ മുൻപാകെ ഞാൻ പരാതികൾ നൽകിയിരുന്നു. അന്നത്തെ ബഹു :റവന്യൂ മന്ത്രിയ്ക്കു ഞാൻ നൽകിയ പരാതി 02.08.2018 2773607/2018/MIN (REV) നമ്പർ ആയി റവന്യൂ വിജിലൻസ് ഡെപ്യൂട്ടി കളക്ടർ തിരുവനന്തപുരത്തിനു അന്വേഷണം നടത്താനായി ബഹുമാനപെട്ട മന്ത്രി നൽകിയതുമാണ് . അതുപ്രകാരം റവന്യൂ വിജിലൻസിലെ ഡെപ്യൂട്ടി കളക്ടർ ഈ സ്ഥലം നേരിട്ടു സന്ദർശിച്ചു, രേഖകൾ പരിശോധിച്ചു ക്രമക്കേട് മനസിലാക്കി,റവന്യൂ വിജിലൻസ് ഓഫീസിൽ വച്ചു എന്നെയും എതിർ കക്ഷിയെയും വിളിച്ചു വരുത്തി ഹിയറിങ്ങ് നടത്തി. ടി

File No. LR/9130/2025-LR(B3) (Computer No. 14118)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഹിയറിങ്ങിൽ ഈ പതിവ് എന്നത് ക്രമക്കേട് ആണെന്നു കണ്ടെത്തിയതും സമ്മതിച്ചു,എതിർ കക്ഷിക്കു എതിരെ മാത്രമല്ല ഇതിൽ കൃത്രിമം കാണിച്ച ഗിരീഷ് എന്ന സർവേയർ ഉൾപ്പെടെ ഉള്ള പല ഉദ്യോഗസ്ഥർക്കു എതിരെയും ഉറപ്പായും നടപടി ഉണ്ടാവും എന്നും അറിയിച്ചിരുന്നു. അത് കഴിഞ്ഞു ഇപ്പോൾ 6 വർഷം ആയി ഒരു നടപടിയും ഇതുവരെയും ഉണ്ടായില്ല.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. **26.06.2025** വ്യാഴാഴ്ച രാവിലെ **10.30** മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ **'5** ഡി' സമ്മേളന ഹാളിൽ ചേരുന്ന ഹർജികൾ സംബന്ധിച്ച സമിതി**(2023-26)** യുടെ തെളിവെടുപ്പ് യോഗം സംബന്ധിച്ച അറിയിപ്പ് സൂചന പ്രകാരം ലഭ്യമായിട്ടുള്ളതാണ്. യോഗത്തിൽ ഹാജരായി സമിതിക്കാവശ്യമായ വിവരങ്ങൾ നൽകുന്നതിന് വിഷയവുമായി അവഗാഹമുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സഹിതം ഹാജരാകുന്നതിനും, ഹർജികളിന്മേലുള്ള റിപ്പോർട്ട് അടിയന്തരമായി സർക്കാരിൽ ലഭ്യമാക്കി, പകർപ്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിനുമായി സൂചന കത്തിന്റെയും അനുബന്ധങ്ങളുടേയും പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

ANI B P, AC (DM) CLR, Disaster management CLR

അസിസ്റ്റന്റ് കമ്മീഷണർ (എൽ.എ) - ക്രമ നം- **1,2**

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അസിസ്റ്റന്റ് കമ്മീഷണർ (എൽ.ആർ) - ക്രമ നം-3
അസിസ്റ്റന്റ് കമ്മീഷണർ (എസ്.സി) - ക്രമ നം-5
സൂപ്രണ്ട് (എ വിഭാഗം) - ക്രമ നം- 6

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

തെളിവെടുപ്പ്: 26.06.2025

കേരള സർക്കാർ

റവന്യൂ (പാർലമെന്റ്) വകുപ്പ്

നമ്പർ. PS1/175/2025-REV

18-06-2025,തിരുവനന്തപുരം

ഫോൺ: 0471 2518828

E-mail:revenueps8828@gmail.com

പ്രേഷകൻ

പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

സെക്രട്ടറി,

കേരള നിയമസഭ

തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ - ഹർജികൾ സംബന്ധിച്ച സമിതി (2023 - 26) - **26.06.2025 ൽ തെളിവെടുപ്പ് യോഗം** - സംബന്ധിച്ച്

സൂചന:- താങ്കളുടെ 11.06.2025 ലെ KLS/4785/2025-Petitions B2 നമ്പർ കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. **26.06.2025 വ്യാഴാഴ്ച രാവിലെ 10.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ ചേരുന്ന ഹർജികൾ സംബന്ധിച്ച സമിതി (2023 - 26)** യുടെ തെളിവെടുപ്പ് യോഗത്തിൽ ഹാജരായി സമിതിക്കാവശ്യമായ വിവരങ്ങൾ നൽകുന്നതിന് വിഷയവുമായി അവഗാഹമുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സഹിതം ഹാജരാകണമെന്ന നിർദ്ദേശം വകുപ്പ തലവൻമാർക്ക് നൽകേണ്ടതാണ് എന്ന നിർദ്ദേശം പ്രസ്തുത യോഗത്തിന്റെ അജണ്ടയിലുൾപ്പെട്ട ഹർജിവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന റവന്യൂ (ബി/ഇ/ജി/എൽ/ആർ) വകുപ്പിനും ദുരന്ത നിവാരണ (എ) വകുപ്പിനും നൽകിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Pushpavally B
PUSHPAVALLY B
Date: 18-06-2025 10:37:30

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പകർപ്പ് : ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം (അറിവിലേയ്ക്കും തുടർനടപടികൾക്കുമായി)

റവന്യൂ (ആർ/എൽ/ഇ/ജി/ബി) വകുപ്പ്, ദുരന്ത നിവാരണ (എ) വകുപ്പ് [സെക്രട്ടറി ഒഴികെ ഡെപ്യൂട്ടി സെക്രട്ടറി മുതൽ മുകളിലോട്ടുള്ള ബന്ധപ്പെട്ട ഓഫീസർമാർ പങ്കെടുത്ത് സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിലേക്കും കൂടാതെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്നു എന്നു ഉറപ്പുവരുത്തുന്നതിലേക്കുമായി - ഹർജി സംബന്ധമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്]

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അനുബന്ധം

ക്രമ നം.	വിഷയം	ഫയൽ നം. (നിയസഭ)	ഫയൽ നം. (റവന്യൂ)
1	എറണാകുളം - 1965 മുതൽ ഏലം കൃഷി ചെയ്തു വരുന്ന ഭൂമി പതിച്ചു നല്കുന്നത് - (by ശ്രീ. അബ്ബാസ്)	KLS/815/2025'PetitionsC2	ആർ2/40/2025/റവ
2	തൃശ്ശൂർ - 36 വർഷമായി കൃഷി ചെയ്തു വരുന്ന ഭൂമിക്ക് പട്ടയം (by T.L സെബാസ്റ്റ്യൻ)	KLS/3364/2025-Petitions C2	എൽ3/114/2025-റവ
3	തിരുവനന്തപുരം - പട്ടയം ലഭ്യമാക്കണമെന്ന ആവശ്യം (by എസ്. സത്യപാലൻ)	KLS/1558/2025-Petitions C1	ഇ3/238/2025-റവ,
4	തിരുവനന്തപുരം - വിദ്യാഭ്യാസ വായ്പയ്ക്കായി ഈട് വച്ച വസ്തു തിരികെ ലഭിക്കുന്നത് (by റ്റി. ബിന്ദു.)	KLS/2059/2025-Petitions A4	ജി2/132/2025-റവ
5	തിരുവനന്തപുരം - വേളി ടൂറിസ്റ്റ് വില്ലേജ് - വികസനത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് ഭൂമി (by ജോൺ മിരാന്റ മുതൽ പേർ)	KLS/3589/2025-Petitions A3	B3/252/2024-റവ
6	കൊല്ലം - കുളം നിർമ്മാണവുമായി ബന്ധപ്പെട്ട സ്റ്റോപ്പ് മെമ്മോ പിൻവലിക്കുന്നത് (by അനിൽകുമാർ)	KLS/4325/2025-Petitions A3	G2/235/2025-REV
7	തിരുവനന്തപുരം - വസ്തുവിന്റെ റിട്ടെയിനിംഗ് വാളും മതിലും തകർത്ത ഇറിഗേഷൻ വകുപ്പ് കോൺട്രാക്ടർ, അസി. എഞ്ചിനീയർ എന്നിവർക്കെതിരെ നടപടി (by ജെ. വിജയകുമാർ)	KLS/1204/2025-Petitions A4	ഇ1/157/2024-റവ
8	മലപ്പുറം - 2018 ലെ പ്രളയം - തകർന്ന വീടുകൾക്ക് നഷ്ടപരിഹാരം (by സുബൈദ തൽ പേർ)	KLS/4401/2025-Petitions C2	DMA2/255/2025-DMD
9	മലപ്പുറം - 2019 ലെ വെള്ളപ്പൊക്കം - തകർന്ന വീടിന്റെ നഷ്ടപരിഹാരം (by വീരാൻകുട്ടി)	KLS/4230/2025-Petitions C3	DMA2/273/2025-DMD

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

1. 1965 മുതൽ ഏലം കൃഷി ചെയ്തു വരുന്ന ഭൂമിയുടെ അവകാശം പതിച്ചുനൽകണമെന്നും അതിനു വിരുദ്ധമായുള്ള ഇടുക്കി ജില്ലാ കളക്ടറുടെ അന്തിമ റിപ്പോർട്ട് റദ്ദ് ചെയ്യണമെന്നും ആവശ്യപ്പെട്ട്
ശ്രീ. അബ്ബാസ് പി. എം. എറണാകുളം സമർപ്പിച്ച ഹർജി.
(ഫയൽ നമ്പർ KLS/815/2025-PetitionsC2)

റഫറൻസ് നമ്പർ

ആർ2/40/2025-റവ, തീയതി 11.04.2025.

2. 36 വർഷമായി കൃഷി ചെയ്തുവരുന്ന ഭൂമിയ്ക്ക് പട്ടയം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ടി. എൽ സെബാസ്റ്റ്യൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി.
(ഫയൽ നമ്പർ 18523/ഹർജി സി2/2024/ലെജി.)
(ഇ-ഫയൽ നമ്പർ KLS/3364/2025-Petitions C2)

റഫറൻസ് നമ്പർ

റവ-പി.എസ്1/418/2024, തീയതി 15.11.2024.

3. പട്ടയം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എസ്. സത്യപാലൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.
(ഫയൽ നമ്പർ KLS/1558/2025-Petitions C1)

റഫറൻസ് നമ്പർ

REV-E3/238/2025-REV, തീയതി 28.03.2025.

4. വിദ്യാഭ്യാസ വായ്പക്കായി ഈട് വച്ച വസ്തു തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. റ്റി. ബിന്ദു, കുന്നത്തുകാൽ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.
(ഫയൽ നമ്പർ : KLS/2059/2025-Petitions A4)

റഫറൻസ് നമ്പർ

REV-G2/132/2025-REV, തീയതി 09.04.2025.

5. വേളി ടൂറിസ്റ്റ് വില്ലേജിന്റെ വികസനത്തിനായി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് ഭൂമി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ജോൺ മിരാന്റ, തിരുവനന്തപുരം മുതൽപേർ സമർപ്പിച്ച ഹർജി.
(ഫയൽ നമ്പർ KLS/3589/2025-Petitions A3)
(മുൻ ഫയൽ നമ്പർ 19232/ഹർജി എ3/2024/ലെജി.)

റഫറൻസ് നമ്പർ

റവന്യൂ (ബി) വകുപ്പ്
REV-PS1/442/2024-REV, തീയതി 06.12.2024

6. കുളം നിർമ്മാണവുമായി ബന്ധപ്പെട്ട സ്റ്റോപ്പ് മെമ്മോ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. അനിൽ കുമാർ, കൊല്ലം സമർപ്പിച്ച ഹർജി.
(ഫയൽ നമ്പർ KLS/4325/2025-Petitions A3)

റഫറൻസ് നമ്പർ

ലഭിച്ചിട്ടില്ല.

7. വസ്തുവിന്റെ റീട്ടെയിനിംഗ് വാളും, മതിലും തകർത്ത ഇറിഗേഷൻ വകുപ്പ് കോൺടാക്ടർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്കെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. ജെ. വിജയകുമാർ, തിരുവനന്തപുരം സമർപ്പിച്ച ഹർജി.
(ഫയൽ നമ്പർ : KLS/1204/2025-Petitions A4)
(മുൻ ഫയൽ നമ്പർ : 19644/ഹർജി എ4/2017/ലെജി.)

റഫറൻസ് നമ്പർ
REV-E1/157/2024-REV, തീയതി 24.01.2025.

8. 2018-ലെ പ്രളയത്തിൽ തകർന്ന വീടുകൾക്ക് നഷ്ടപരിഹാരത്തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സുബൈദ മുതൽപേർ, മലപ്പുറം സമർപ്പിച്ച ഹർജി.
(ഫയൽ നമ്പർ KLS/4401/2025-Petitions C2)

റഫറൻസ് നമ്പർ
റവന്യൂ (ദുരന്ത നിവാരണം) വകുപ്പ്
ലഭിച്ചിട്ടില്ല.

9. 2019-ലെ വെള്ളപ്പൊക്കത്തിൽ തകർന്ന വീടിന്റെ നഷ്ടപരിഹാരം

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. വീരാൻകുട്ടി, മലപ്പുറം സമർപ്പിച്ച ഹർജി.
(ഫയൽ നമ്പർ **KLS/4230/2025-Petitions C3**)

റഫറൻസ് നമ്പർ

റവന്യൂ (ദുരന്ത നിവാരണം) വകുപ്പ്

ലഭിച്ചിട്ടില്ല.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

GOVERNMENT OF KERALA

Revenue (E) Department

Endorsement NoI/6498459/2025
Thiruvanthapuram,Dated09-01-2025

The Petition dated 28.12.2024 from Shri. Sashidaran is forwarded herewith to the Land Revenue Commissioner for necessary action and to give reply to the applicant directly.

ROYCHEN THOMAS
DEPUTY SECRETARY

To:

The Land Revenue Commissioner,
Thiruvananthapuram.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

31/12
11-57am

Pvl. Secretary, Revenue



E-mail: dctvm.ker@nic..in
E-mail:chiefsecy@kerala.gov.in
Cs.keralakaumudi@gmail.com

To

The, CM to ചീഫ് സെക്രട്ടറി തിരുവനന്തപുരം ജില്ലാ കളക്ടർ മുമ്പാകെ,
ജി. ശശിധരൻ, കരിയം മേലേകുളമംഗലത്ത് വീട്,
ഇടവക്കോട് ലെയിൻ, പൗഡിക്കോണം പി.ഒ,തിരുവനന്തപുരം -88
SNDP House നമ്പർ **GM 22** ൽ നിന്ന് ബോധിപ്പിക്കുന്ന ഹർജി

വിഷയം: തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ തൊളിക്കോട് വില്ലേജിൽ വിതുര പൊൻപാറ റോഡരികത്ത് വീട്ടിൽ താമസം, സമാധിയായ കുഞ്ഞൻ കോൺട്രാക്ടർ അവർകളുടെ ഭാര്യ നാരായണി മകൾ ചെല്ലമ്മ അമ്മ ഗംഗാധരപണിക്കർ മകൻ ശശിധരൻ ബോധിപ്പിക്കുന്ന ഹർജി.

പൊൻപാറ ചുളിയമല ഫോറസ്റ്റിന്റെ ബൗണ്ടറിയോട് ചേർന്ന് കിടക്കുന്ന ഒരു ഏക്കർ തൊണ്ണൂറ്റി അഞ്ച് സെന്റ് വസ്തു മുൻപാ ഓട ഉടമ്പടി പ്രകാരമുള്ള സ്ഥലത്തിന്റെ (പ്രമാണത്തിൽ) അമ്മയുടെ പേരിലുള്ള വസ്തുവിൽ നിന്ന് 5 ൽ ഒരു ഭാഗം ഓഹരിയാണ് തന്നിട്ടുള്ളത്. എന്നാൽ ഈ പറയുന്ന അഞ്ച് ഓഹരികളിൽ നാരായണി ചെല്ലമ്മ അമ്മക്ക് 16 സെന്റ് പോയിട്ട് മൂന്ന് ആൺമക്കൾക്ക് 36 സെന്റും വീതവും ആയിരുന്നു. അമ്മയുടെ ഇളയമകൾ വിലാസിനിക്ക് കൂടുതൽ വസ്തുവും കൊടുത്തിരുന്നു.

പരാതിക്കാരന് തൊഴിൽ ഇല്ലാതെ നാട്ടിൽ നിന്നപ്പോൾ അമ്മയുടെ പേരിലുള്ള ഒരു ഏക്കർ തൊണ്ണൂറ്റി അഞ്ച് സെന്റ് വസ്തുവിൽ നിന്ന് പരാതിക്കാരന്റെ ഓഹരി 36 സെന്റ് സ്ഥലം ചോദിച്ചു. എന്നാൽ 36 സെന്റിൽ നിന്ന്, 30 സെന്റ് വസ്തു മാത്രമാണ് പരാതിക്കാരന് തന്നിട്ടുള്ളതുമാകുന്നു, എന്നാൽ ഈ പറയുന്ന 30 സെന്റ് വസ്തു മറ്റൊരു പാർട്ടിക്ക് വിലക്ക് കൊടുക്കാൻ പോയപ്പോൾ സമ്മതിക്കാതെ, അമ്മയുടെ മൂത്ത മകൻ കൃഷ്ണൻകുട്ടി സെന്റ് ഒന്നിന് നൂറു രൂപ വീതം വിലയിട്ട് 30 സെന്റിന് 3000 മുവായിരം വില തന്ന് വസ്തു എഴുതി വാങ്ങി. എന്നാൽ ഈ പറയുന്ന 36 സെന്റ് വസ്തു പിറ്റെ വർഷം, കൃഷ്ണൻകുട്ടി വിലാസിനിക്ക് 14000/- (പതിനാലായിരം രൂപയ്ക്ക് വില കൊടുത്ത് ആക്രമി)

ബാക്കി രൂപാ എന്റെ ഭാര്യ വീട്ടുകാരും സഹായിച്ചാണ് 1978 ൽ പരാതിക്കാരൻ ഗൾഫിൽ തൊഴിൽ തേടി പോയത്.

എന്റെ അച്ഛന്റെയും അമ്മയുടെയും സ്വത്തിൽ നിന്ന് ഒരു സെന്റ് പരതിക്കാരൻ കിട്ടിയിട്ടില്ല.

അമ്മയുടെ പേരിൽ ഉണ്ടായിരുന്ന 16 സെന്റ് ഭൂമി അമ്മയുടെ നല്ല ബോധം ഇല്ലാതായി വരുന്ന സമയത്ത് കൃഷ്ണൻകുട്ടിയുടെയും രവീന്ദ്രന്റെയും ഗൂഢാലോചനപ്രകാരം അമ്മയുടെ മറ്റു മക്കൾക്ക് സ്വത്ത് കൊടുക്കാൻ സമ്മതിക്കാതെ വിലാസിനിയും മകൻ അജിത്ത്കുമാറും ഏക്കർ തൊണ്ണൂറ്റി സെന്റ് വസ്തു അപഹരിച്ച് എടുത്ത്

കൂടാതെ അമ്മക്ക് കൊടുത്തിരുന്ന ഒരു ഏക്കർ തൊണ്ണൂറ്റി അഞ്ച് സെന്റ് വസ്തുവിൽ 45 സെന്റ് വസ്തു സർക്കാർ തരിശുഭൂമി ആയിരുന്നു. തഹസീൽദാർ, സർവ്വേ ഓഫീസർ, വില്ലേജ് ഓഫീസർ ഇവരെ സ്വാധീനിച്ച് ഭൂമിയുടെ മുൻ രേഖകൾ, സർവ്വേ പ്ലാൻ അടക്കം കിത്രിമം നടത്തി വ്യാജരേഖകൾ ഉണ്ടാക്കി ഭൂമി പതിപ്പിച്ചു കൈവശപ്പെടുത്തി

ചെട്ടിക്കുളങ്ങര,, മാവേലിക്കര ശ്രീനാരായണഗുരുധർമ്മാനന്ദസേവാ സമിതി ജ്ഞാനാന്ദ സ്വാമിജി വസ്തു വിലക്ക് കൊടുത്തു.

എന്നാൽ അമ്മയുടെ സ്വത്തിൽ പരാതിക്കാരന് അവകാശമുണ്ട്. അച്ഛന്റെ പേരിലുള്ള നിലം നികത്തി കരഭൂമിയാക്കി വസ്തുവിന്റെ വില ആധാരത്തിൽ പറഞ്ഞിട്ടുള്ള ഓഹരി രാജൻ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വിതുര തോട്ടുമുക്കിൽ നിന്ന് മേമല കടന്ന് പോകുന്ന റോഡിന്റെ ഇടത് സൈഡിൽ കാണുന്ന ശ്രീനാരായണഗുരുമന്ദിരം സ്ഥിതി ചെയ്യുന്ന റോഡിന്റെ മറു സൈഡിൽ തെക്കുംഭാഗം മാജിദാബീവിയുടെയും രാമൻകുട്ടി പണിക്കർ ഭാര്യ സുശീല മകൾ സുനില യുടെ പേരിൽപ്പെട്ട വസ്തുവിന്റെ അതിരിൽ സർവ്വേ നമ്പർ 1415/സബ് ഡിവിഷൻ /1-7-3 നോട് ചേർന്ന് രവീന്ദ്രന്റെ 5 സെന്റ് വസ്തു സ്ഥിതി ചെയ്യുന്നു.

ഗംഗാധരപണിക്കർ മകൻ രവീന്ദ്രന്റെ പേരിൽ തൊളിക്കോട് വില്ലേജിൽ ഉണ്ടായിരുന്ന 5 സെന്റ് വസ്തുവിൽ പരാതിക്കാരന്റെ അച്ഛന്റെ പേരിലുള്ള 21 സെന്റ് വസ്തുവിന്റെ വിലയാധാരത്തിൽ പരാതിക്കാരന് കിട്ടാനുള്ള സ്വത്ത് രവീന്ദ്രന്റെ പേരിലുള്ള 5 സെന്റ് വസ്തുവിൽ സാക്ഷ്യപ്പെടുത്തി നിലനിർത്തിക്കൊണ്ട്

പരമേശ്വരൻ മകൻ ഗംഗാധരപണിക്കരുടെ പേരിൽ തൊളിക്കോട് വില്ലേജിൽ നിലം നികത്തി കരഭൂമിയാക്കിയ വസ്തുവിന്റെ വില ആധാരത്തിൽ പറഞ്ഞിരുന്ന 21 സെന്റ് വസ്തു 4 ആൺമക്കൾക്കും തുല്യ ഓഹരി അവകാശം പറഞ്ഞിരുന്നു. അതിൽ രവീന്ദ്രന്റെയും കൃഷ്ണൻകുട്ടിയുടെയും ഓഹരികൾ ഗംഗാധരപണിക്കരുടെ 4 ആൺമക്കളിൽ ഇളയമകൻ രാജന്റെ പേരിൽ എഴുതി മടങ്ങി വാങ്ങിയിട്ട്

വില്ലേജ് ഓഫീസറെ സ്വാധീനിച്ച് കൃഷ്ണൻകുട്ടി നടത്തിയ നിഷ്ഠുരകുറ്റകൃത്യങ്ങൾ നടത്തിയിരിക്കുന്നു.

ഗംഗാധരൻ മകൻ കൃഷ്ണൻകുട്ടിയുടെ ഗൂഢാലോചനപ്രകാരം

രവീന്ദ്രന്റെ പേരിലുള്ള വസ്തു കൃഷ്ണൻകുട്ടി മകൻ രമേഷിന്റെയും പേരിൽ വിലയാധാരം എഴുതി പിന്നീട് രമേഷിന്റെ രണ്ടു മക്കളുടെ പേരിൽ വിലയാധാരം എഴുതി അതു കഴിഞ്ഞു, വിലാസിനി മകൻ അജിത്ത്കുമാറിന്റെ പേരിലേക്ക് വിലയാധാരം എഴുതിപ്പിച്ചു. തെളിവ് നശിപ്പിക്കുന്നതിന് വേണ്ടി. 3 കൈ മറിഞ്ഞുപരാതിക്കാരന് അച്ഛന്റെ സ്വത്തിൽ ഓഹരി ഇല്ലാ എന്ന് വരുത്തി തീർക്കാൻ പരാതിക്കാരന്റെ അച്ഛന്റെ പേരിലുള്ള നിലം നികത്തി കരഭൂമിയാക്കിയ വസ്തു വില്ക്കുമ്പോൾ പരാതിക്കാരന് അച്ഛന്റെ നിലത്തിന്റെ വില ആധാരത്തിൽ പറഞ്ഞിരിക്കുന്ന അച്ഛന്റെ സ്വത്ത് ഓഹരി അവകാശം തരാതെ

ഗംഗാധരപണിക്കർ മകൻ രവീന്ദ്രന്റെ പേരിലുള്ള 5 സെന്റ് വസ്തുവിൽ സാക്ഷ്യപ്പെടുത്തി നിർത്തിക്കൊണ്ട് വസ്തു വിതുര പടിപ്പോട്ട്പാറ കുന്നും പുറത്ത് വീട്ടിൽ താമസിച്ചു വരുന്ന ഷംഷുദ്ദീൻ മകൻ ഷിഹാബുദ്ദീൻ എന്ന ആൾക്ക് വിലയാധാരമായി വിറ്റ്, അതിനാൽ ഷിഹാബുദ്ദീന്റെ 21 സെന്റ് നിലത്തിന്റെ വിലയാധാരവും മുൻ ആധാരവും ബഹുമാനപ്പെട്ട തിരുവനന്തപുരം ജില്ലാ കളക്ടർ അവർകൾ മുമ്പാകെ എടുപ്പിച്ചു പരിശോധിപ്പിച്ചു വേണ്ട മേൽനടപടി സ്വീകരിച്ചു പരാതിക്കാരന്റെ അച്ഛന്റെ പേരിലുള്ള സ്വത്ത് പരാതിക്കാരന് തിരിച്ചുകിട്ടണമെന്നും.

1. ഗംഗാധരൻ മകൻ രവീന്ദ്രന്റെ പേരിലുള്ള 5 സെന്റ് വസ്തുവിന്റെ സൈഡിൽ കൂടി കാലാകാലാം കൊണ്ട് നടന്നു കൊണ്ടിരുന്ന വഴി അടച്ചതിനെ തുടർന്ന് ജാനകി മകൾ സുഭദ്രയുടെ അച്ഛന്റെയും അമ്മയുടെയും വസ്തുക്കൾ കൈകേറി വെട്ടി പിടിച്ചു വ്യാജ പ്ലാൻ തയ്യാറാക്കി കള്ള രേഖയുണ്ടാക്കി സുദ്രക്ക് എതിരെ, കൃഷ്ണൻകുട്ടി ബഹുമാനപ്പെട്ട വിചാരണകോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുന്നു.

2.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

2. രവീന്ദ്രന്റെ പേരിലുള്ള 5 സെന്റ് സ്ഥലം പരാതിക്കാരന് വിലക്ക് തരാമെന്നു പറഞ്ഞു രവീന്ദ്രൻ പരാതിക്കാരന്റെ കയ്യിൽ നിന്ന് 20,000 രൂപ കടം വാങ്ങിയിരിക്കുന്നു. ഇന്നിത് വരെ ആ രൂപ മടക്കി തന്നിട്ടില്ല. പരാതിക്കാരനും രൂപ തരാനുള്ള കാര്യം സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഗംഗാധ രൻ മകൻ കൃഷ്ണൻകുട്ടി പരാതിക്കാരൻ എയർമെയിൽ ഇല്ലെന്റിൽ അയച്ച കത്തിൽ പ്രത്യേകം പറയുന്നു.

കത്തിന്റെ പകർപ്പ് പരാതിയും സി.എം ന്റെ ഇ-മെയിൽ വിലാസത്തിൽ അയച്ച പരാതിയുടെ പകർപ്പ് കൂടി എടുപ്പിച്ചു പരിശോധിപ്പിച്ചു മൊഴി രേഖപ്പെടുത്തി റിപ്പോർട്ട് ചെയ്യിപ്പിക്കണം സർ.

ചെല്ലമ്മ അമ്മ മകൾ വിലാസിനിയുടെയും മകൻ അജിത്ത് കുമാറിന്റെ ഈ രണ്ട് പേരിലുള്ള മുൻവില ആധാരവും ഇപ്പോൾ കൈവശമുള്ള വിലയാധാരവും സർവ്വേ നമ്പർ പ്ലാൻ അടക്കം സൈറ്റ് അന്വേഷണം നടത്തിപ്പിച്ചു റിപ്പോർട്ട് എടുപ്പിക്കണമെന്നും അതോടൊപ്പം മാവേലിക്കര ചെട്ടിക്കുളങ്ങര സ്വാമിജികൾ കെട്ടിയിരിക്കുന്ന പൊൻപാറ ആശ്രമവും സ്ഥിതി ചെയ്യുന്ന സ്ഥല ത്തിന്റെ മുൻ ആധാരവും ഇപ്പോൾ കൈവശമുള്ള വിലയാധാരവും എടുപ്പിച്ചു സർവ്വേ നമ്പർ അടക്കം റിപ്പോർട്ട് ഹാജരാക്കാൻ ഉത്തരവ് ഇടണമെന്നും

അമ്മയുടെയും, അച്ഛന്റെ പേരിലുള്ള വസ്തുക്കളുടെ വിലയാധാരത്തിൽ പറഞ്ഞിരിക്കുന്ന ഓഹരികൾ പരാതിക്കാരന് തരാതെ ഗൂഢാലോചനപ്രകാരം മറ്റൊരു വസ്തുവിൽ രേഖപ്പെടുത്തി, രേഖകളിൽ ക്രിത്രിമം നടത്തി വ്യാജമായി വസ്തുക്കളുടെ പേരിൽ എഴുതിയുണ്ടാക്കിയ ആധാരം പരിശോധിപ്പിച്ചു റദ്ദു ചെയ്യിപ്പിക്കണമെന്നും, പരാതിക്കാരന്റെ പേരിൽ ഒരു സെന്റ് ഭൂമി ഇല്ല സ്വന്തമായി, വീട് ഇല്ല. വീട് വെക്കാൻ അച്ഛന്റെ സ്വത്തിൽ പറഞ്ഞിരിക്കുന്ന ഭൂമി മടക്കി കിട്ടണമെന്ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി അവർകളോടും, ബഹു ജില്ലാ കളക്ടർ അവർകളോടും താഴ്മമായി അപേക്ഷിക്കുന്നു.

ഇതിന് മുമ്പ് പൊൻപാറ കുടുംബവീട്ടിൽ താമസിച്ചിരുന്നു.

ആകയാൽ സമക്ഷത്തിൽ നിന്നും ദയവുണ്ടായി ടി പ്രശ്നത്തിൽ ഇടപെടുന്ന പ്രാദേശികനേതാക്കളെയും, വർഗീയശക്തികളെയും വിലക്ക് ചെയ്ത് മാറ്റി നിർത്തി വാദിഭാഗം തെളിവെടുത്തും മറ്റു എതിർകക്ഷികളെ വരുത്തികേട്ടും എന്റെ ഹർജി നിയമാനുസരണം തീർപ്പ് ചെയ്ത് ഫയലിൽ സ്വീകരിച്ചു പരാതിയിൽ പറഞ്ഞിരിക്കുന്ന ന്യായമായ ആവശ്യങ്ങൾക്ക് നിയമ പരമായി നടപടി സ്വീകരിക്കുന്നതിന്,

പരാതിയിൽ പറഞ്ഞിരിക്കുന്ന വസ്തുക്കളുടെ മുൻ വില ആധാരത്തിന്റെ പകർപ്പുകളും ഇപ്പോൾ കൈവശമുള്ള വിലആധാരവും സർവ്വേപ്ലാനുകളും എടുപ്പിച്ചു പരിശോധിപ്പിച്ചുഗൂഢാലോചനപ്ര കാരം അനധികൃതമായി എഴുതിപിടിപ്പിച്ച വിലആദാരം, റദ്ദ് ചെയ്യിപ്പിക്കാൻ ഉത്തരവിട്ടു.

സത്യസന്ധമായി നടത്തിവന്നിരുന്ന ആരാധനാസ്വതന്ത്ര്യം നിഷേധിച്ചതിനെതിരെ കേസ് എടുപ്പി ച്ചു. ആക്രമത്തിൽ ആശ്രമത്തിന് ഉണ്ടായ കേടുപാടുകൾ വരുത്തിയിട്ടുണ്ടെങ്കിൽ അതിന് ഉണ്ടായ നാശനഷ്ടങ്ങൾക്കും ഉത്തരവാദികൾ ആശ്രമം പുട്ടിച്ച എതിർകക്ഷികളും, ആശ്രമം സൂക്ഷിപ്പുകാ രന് മറുപടി പറയണം. കാരണം അയാളുടെ ഫോൺവഴിയുള്ള സംസാരത്തിൽ നിന്നും മനസ്സിലാ ക്കാൻ കഴിഞ്ഞതും, സൂക്ഷിപ്പുക്കാരൻ പറഞ്ഞതു പല റിയൽ എസ്റ്റേറ്റുകാർ വന്നു കണ്ട് മടങ്ങി പ്പോയി എന്നതാണ് പറഞ്ഞത്.

അച്ഛന്റേയും അമ്മയുടെയും പേരിൽ ഉണ്ടായിരുന്ന സ്വത്ത് പരാതിക്കാരന് കിട്ടാനുള്ളത് സ്വത്ത് രാജനും വിലാസിനിയും അപഹരിച്ച് വിറ്റ് കൃഷ്ണൻകുട്ടിയുടെയും രവീന്ദ്രന്റെയും ഗൂഢാ ലോചനപ്രകാരം അപഹരിച്ച് എടുത്ത്

പരാതിക്കാരന് സ്വന്തമായി വീടില്ല. ഒരു സെന്റ് ഭൂമി ഇല്ല. വീട് നിർമ്മിക്കാൻ ഭൂമി തിരിച്ചു കിട്ടണം സർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ആക്രമം, അഴിമതി ഗൂഢാലോചന പ്രേരണാകുറ്റം, വധശ്രമം തെളിവ് നശിപ്പിക്കൽ, ഭൂമി തട്ടിപ്പിന് കൂട്ടുനിൽക്കൽ ഗുണ്ടാ വിളയാട്ടത്തിന് വിലാസിനിയുടെ മകൻ അജിത്ത്കുമാർ, രവീന്ദ്രൻ, കൃഷ്ണൻകുട്ടി രാജൻ, ഭൂർമന്ത്രവാദം തുടങ്ങിയ നിജനിഷ്ഠുര കുറ്റകൃത്യങ്ങൾക്ക് എതിരെ ബഹുമാനപ്പെട്ട വിചാരണ കോടതി മുമ്പാകെ ഹാജരാക്കി കേസ് എടുപ്പിക്കുന്നതിന് ആവലാതിക്കാരൻ ബോധിപ്പിക്കുന്ന ഹർജിക്ക് നീതി കിട്ടണമെന്നും താഴ്മയായി അപേക്ഷിക്കുന്നു.

പരാതിക്കാരൻ നാട്ടിൽ ഉണ്ടായിരുന്ന സമയത്ത് ടി പ്രശ്നവുമായി ഒരു കാര്യവും ആശ്രമം സൂക്ഷിപ്പുക്കാരൻ വേലുക്കുട്ടി പണിക്കർ മകൻ അനിയും സ്വാമിമാരും പരാതിക്കാരൻ അറിയാതെ കാര്യങ്ങൾ നടത്തിയിരുന്നു.

എന്നാൽ ആശ്രമം നിർമ്മിച്ചിരിക്കുന്ന സ്ഥലത്തിന്റെ അവകാശികളെ മാറ്റി നിർത്തിയാണ് അനി നടത്തി വന്നിരുന്ന ആക്രമം.

പരാതിക്കാരൻ അനിയുമായി ഫോണിൽ കൂടി ചില കാര്യങ്ങൾ സംസാരിച്ചപ്പോൾ പറയുന്നു - വ്യാജരേഖകൾ ഉണ്ടാക്കി കൊടുത്ത ഉദ്യോഗസ്ഥർ കൂടുങ്ങും എന്നാണു അിറയുവാൻ കഴിഞ്ഞത്.. ഇതിൽ ആശ്രമം സൂക്ഷിപ്പുകാരൻ അനിക്കും പങ്ക് ഉണ്ടെന്ന കാര്യം മനസ്സിലാക്കാൻ കഴിഞ്ഞു.. ആശ്രമം വിലക്ക് വാങ്ങാൻ റിയൽ എസ്റ്റേറ്റു മാഫിയകൾ വന്നു നോക്കി പോയി എന്നതാണ് പരാതിക്കാരനോട് അനി പറഞ്ഞിരുന്നത്.ആശ്രമം വിറ്റാൽ അനിക്ക് നല്ലൊരു പങ്ക് കിട്ടും അല്ലേ. ഒരു ദിവസം രാത്രി അനിയോട് പരാതിക്കാരൻ ഫോണിൽവിളിച്ചു ആശ്രമത്തിൽ പരാതിക്കാരന് കയറണം തുറന്നു തരുമോ ഇല്ല പറ്റുകയില്ലാ പരാതിക്കാരൻ മനസുകൊണ്ട് ആലോചിച്ചു എന്റെ അമ്മ എന്നെ പ്രസവിച്ചു വളർത്തിയ മണ്ണിൽ കയറാൻ പാടില്ല അല്ലേ എന്ന് പരാതിക്കാരന്റെ മനസ്സിൽ വിഷമം ഉണ്ടായി.

പിറ്റേന്ന് അറിയുന്നു ആരോ ആശ്രമം പൂട്ടുകൊണ്ട് പൂട്ടിപ്പോയതായി അറിഞ്ഞു. എല്ലാം ദൈവനിയോഗമായിരുന്നു. സർ.

ആശ്രമം ഇരിക്കുന്ന ഭൂമി എന്റെ അമ്മയുടെ അച്ഛൻ സമരിയയാ കുഞ്ഞൻ കോൺട്രാക്ടർ വെട്ടിപിടിച്ചു കഷ്ടപ്പെട്ടു ഉണ്ടാക്കിയതാണ്.

അപ്പൂപ്പൻ സമാധിയായിട്ട് ഇന്ന് 72 വർഷം കഴിഞ്ഞിരിക്കുന്നു.

പരാതിക്കാരൻ 75 വയസ് കഴിഞ്ഞ്, ഇക്കഴിഞ്ഞ 7-12-2024 വെളുപ്പിന് 4 മണിയോടു പൊൻപാറ എന്ന സ്ഥലത്തേക്ക് തിരിച്ചു.

രാവിലെ 6 മണിക്ക് പൊൻപാറ അപ്പൂപ്പന്റെ സമാധിയിൽ എത്തി പീഠം ശുദ്ധജലം കൊണ്ട് കഴുകി നിലവിളക്ക് കൊളുത്തി ദീപം തെളിയിച്ചു പുഷ്പാർച്ചന നടത്തി മടങ്ങി എത്തി സർ.

അപ്പൂപ്പന്റെ ഇളയമകൻ രാമൻകുട്ടി പണിക്കരുടെ മകൻ സുദർശനനെകൊണ്ട് നിലവിളക്ക് കൊളുത്തി ദീപം തെളിയിക്കാൻ അനുവാദം കൊടുപ്പിക്കണമെന്നും, വർഗീയശക്തികളെ ആശ്രമത്തിൽ കടന്നു കയറാൻ അനുവദിപ്പിക്കരുതെന്ന് ആശ്രമത്തിൽ നിലവിളക്ക് കൊളുത്തി ദീപം തെളിയിക്കാൻ പോകുന്ന പയ്യന് പോലീസിന്റെ സംരക്ഷണവും കൊടുപ്പിക്കണമെന്നും ചെല്ലമ്മ അമ്മ ഗംഗാധരപണിക്കർ മകൻ ശശിധരൻ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി അവർകളോട് താഴ്മയായി അപേക്ഷിക്കുന്നു.

പരാതിയിൽ പേര് പറഞ്ഞിരിക്കുന്ന എതിർകക്ഷികൾ വിലയാധാരമായി വാങ്ങി വസ്തു (ഭൂമി) സ്റ്റേ ചെയ്യിപ്പിച്ചുകൊണ്ട് യാതൊരുവിധത്തിലുള്ള ക്രയവിക്രയങ്ങളും നടത്തുവാൻ അനുവദിക്കാൻ പാടില്ലാത്തതും നിയമപരമായ നടപടി സ്വീകരിക്കുന്നതിന് വിടുന്നതിന് വേണ്ട നിർദ്ദേശം നെടുമങ്ങാട് തഹസിൽദാർ, തൊളിക്കോട് വില്ലേജ് ഓഫീസർ, വിതുര സബ് രജിസ്റ്റർ ഓഫീസർ അവർകൾക്ക് ഇ മെയിൽ മുഖേന നോട്ടീസ് കൊടുപ്പിച്ചു വിലക്ക് ഏർപ്പെടുത്തണമെന്ന് പരാതിക്കാരന്റെ കേസിന് തീരുമാനനടപടി കൈക്കോള്ളുന്നത് വരെ മാത്രം

NB: ഗംഗാധരപണിക്കർ മകൻ രാജനെ വിശദമായി ചോദ്യം ചെയ്യിപ്പിക്കണം സർ എന്നാൽ സത്യം പുറത്ത് വരും.

വിശ്വസ്തതയോടെ

മറുപടി 30 ദിവസത്തിനകം

ശശിധരൻ.ജി
9497891553

സ്ഥലം: കരിയം
തീയതി: 29-12-2024

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ബഹുമാനപ്പെട്ട കേരളകൗമുദി
Foundation Editor, ശ്രീ. കെ. സുകുമാരൻ B.A
അവർകൾ മുമ്പാകെ, ടി വിഷയത്തിൽ ബന്ധപ്പെടണം സർ
Cs.keralakaumudi@gmail.com

ജ്ഞാനാനന്ദ സ്വാമിജി
ശ്രീ നാരായണഗുരുധർമ്മാനന്ദ സേവാസമിതി
പെട്ടിക്കുളങ്ങര പി.ഒ, മാവേലിക്കര-6
9446963054, 9995332063

പ്രതിപട്ടികയിൽ
ഗംഗാധരൻ മകൻ രവീന്ദ്രൻ
ഗംഗാധരൻ മകൻ കൃഷ്ണൻകുട്ടി
ചെല്ലമ്മ മകൾ വിലാസിനി മക്കൾ
അരുൺകുമാർ അജിത്ത് കുമാർ

വിതുര പൊൻപാറ റോഡരികത്ത് വീട്ടിൽ താമസിച്ചുവരുന്ന ഗംഗാധരപണിക്കർ മകൻ, രവീന്ദ്രന്റെ പേരിൽ തൊളിക്കോട് വില്ലേജിൽപ്പെട്ട അഞ്ച് സെന്റ് വസ്തുവും

തൊളിക്കോട് വില്ലേജിൽ മരണപ്പെട്ട പരമേശ്വരൻ, മകൻ ഗംഗാഘരപണിക്കരുടെ പേരിൽ ഉണ്ടായിരുന്ന നിലം നികത്തി കരഭൂമിയാക്കി 21 സെന്റ് വസ്തുവിൽ വിലയാധാരത്തിനൽ ഈ പറയുന്ന ഗംഗാഘരപണിക്കർ മക്കളായ മക്കളായ കൃഷ്ണൻകുട്ടി, രവീന്ദ്രൻ, ശശിധരൻ, രാജൻ തുടങ്ങിയ കക്ഷികൾക്ക് തുല്യ അവകാശമുള്ളതുമാകുന്നു. എന്നാൽ പരാതിക്കാരൻ ശശിധരൻ മകന്റെ അറിവും സമ്മതവും കൂടാതെവസ്തു അപഹരിച്ചു

വിതുര, പടിപ്പോട്ടുപ്പുറ കുന്നും പുറത്ത് താമസിച്ചുവരുന്ന ഷംഷുദ്ദീൻ മകൻ ഷിഹാബുദ്ദീൻ മകന് വില ആധാരമായി വിറ്റ് അതിനാൽ തുടർന്നു ഈപറയുന്ന വസ്തുക്കൾ കൈമാറ്റം ചെയ്യിപ്പിക്കാതെ തൊക്കോട് വില്ലേജ് തലത്തിലും, താലൂക്ക് തലത്തിലും വിലക്ക് ഏർപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട തിരുവനന്തപുരം ജില്ലാ കളക്ടർ അവർകളോട് താഴ്മയായി അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ
പരാതിക്കാരൻ
ശശിധരൻ

കരിയം
28-12-2024

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

24/12
2.09pm

भारत सरकार

आधार



Sasidharan G
DOB: 25/04/1950
MALE
Mobile No:
9497891553

4608 4193 2198

എന്റെ ആധാർ, എന്റെ ഐഡന്റിറ്റി

भारतीय विशिष्ट पहचान प्राधिकरण
UNIQUE IDENTIFICATION AUTHORITY OF INDIA

AADHAAR

Address :
S/O: Gangadharan, SP13/154(1),
Mele Kulamangalam,, Kariyam,,
Powdikkonam PO, Uliyazhathura,
Thiruvananthapuram,
Kerala - 695587

4608 4193 2198

1947 | help@uidai.gov.in | www.uidai.gov.in

വിനുര ഞാളിക്കോട് വിള്ളുകളിൽ പൊൻപാടിന്റെ
ഭാഗധേയത്തിന് വീടിൻ ഞാനിച്ചുവന്നിരുന്ന പരമേശ്വരൻ മകൻ
ഗോപാലപണിയ്ക്കരുടെ പേരിൽ 21 സെന്റ് സ്ഥലം സ്വീകരിച്ച്
തിരുവിയാകിയ ആധാരം 4 അന്നൽമകൻക്ക് ഒരാധി വിലയാധാരത്തിൻ
പ്രകാരം ഗോപാലപണിയ്ക്കരുടെ മുന്നാമനായ മകൻ
പറഞ്ഞിരുന്ന രണ്ടാമൻ ഗോപാലപണിയ്ക്കരുടെ മുന്നാമനായ മകൻ
ശശിധരനെ തെറ്റിയിട്ടാണെ രാജൻ അപേക്ഷിച്ചു വിട്ടു.

വിനുര ഞാളിക്കോട് വിള്ളുകളിൽ പടിഞ്ഞേടത്ത
താനാമാനുള്ള വീടിൻ ഞാനിച്ചും വരുന്ന രാമൻകുട്ടിന്റെ മകൻ
രമിഷാനുട്ടിന് ആധാരം വിലയാധാരമായി വിട്ടിരിയ്ക്കുന്നു. അതിനാൽ
രമിഷാനുട്ടിന്റെ മകൻ രമിഷാനുട്ടിന്റെ വിലയാധാരമായി വാങ്ങിയ
ആധാരവിന്റെ പകർപ്പ് വിനുര സബ് രജിസ്ട്രാർ ഓഫീസ്
പാലക്കാടിനിന്നുള്ളതിന് വേണ്ട മേൽ നടപടി സ്വീകരിച്ചു എന്ന
സവിനയിക്കുന്നതായി ഗോപാലൻ മകൻ ശശിധരൻ നായർ
രേഖപ്പെടുത്തിയ്ക്കുന്നു.

സ്ഥലം - കുന്നിമം
തീയ്യതി - 24/12/2024

വിശ്വസ്തതയോടെ
ശശിധരൻ ഗ.

1456

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

31

ബഹുമാനപ്പെട്ട ലാന്റ് കമ്മീഷണർ തിരുവനന്തപുരം അവർകൾക്ക്,

പ്രേഷിതൻ

പി. ചന്ദ്രൻ,
തെങ്ങുംകോട്ട് വീട്,
തഴമേൽ, അഞ്ചൽ



സർ,

പുനലൂർ താലൂക്കിൽ അഞ്ചൽ സബിതിൽ സ്റ്റേഷനിൽ സ്ഥിതിചെയ്യുന്ന റീ-സർവ്വേ ഓഫീസിലെ ഹെഡ് സർവ്വേ ഓഫീസർ ശ്രീമതി. മീനാകുമാരിയുടെ ഓഫീസിൽ ദിവസ വേതനാടിസ്ഥാനത്തിൽ താല്കാലിക ജീവനക്കാരായി സർവ്വേ പഠിച്ചതും അല്ലാത്തതുമായ ചില ആളുകളെ നിയമിച്ചിട്ടുണ്ട്. സർവ്വേയ്ക്ക് പഠിക്കാൻ പോയവരും പാതിവഴിയിൽ പഠിത്തം നിർത്തിയവരുമായ ചില ആളുകളാണ് സർവ്വേയുടെ പേരിൽ ആകാശ സർവ്വേ എന്ന ഓമനപ്പേരിൽ നാട്ടിൽ ഇറങ്ങിയിരിക്കുന്നത്.

യഥാർത്ഥത്തിൽ സർവ്വേ എന്താണെന്നുപോലും തിരിച്ചറിയാൻ പറ്റാത്തവർ, സ്വാധീനത്തിന്റെ പേരിൽ സർക്കാരിന്റെ ദിവസവേതനം തട്ടിയെടുത്തുകൊണ്ടിരിക്കുകയാണ്. ആരോടും ഒരു ബാദ്ധ്യതയും ഇല്ലാത്ത ഇവർ ഇവർക്ക് തോന്നുന്ന രീതിയിലാണ് ഇടപാട്. ഈ തട്ടിപ്പിന് പൂർണ്ണ പിന്തുണ ഹെഡ് സർവ്വേ സൂപ്രണ്ട് ശ്രീമതി. മീനാകുമാരിയാണ് ചെയ്തുകൊടുക്കുന്നത്. ഇവർ കൊട്ടിയം സ്വദേശിനിയാണ്. രാവിലെ 11 മണി കഴിഞ്ഞാലേ ഓഫീസിൽ എത്തുകയുള്ളൂ. താല്ക്കാലിക സർവ്വേക്കാരായ പ്രവീൺ, രാജി തുടങ്ങിയ ആളുകളുമായി ധാരണാടിസ്ഥാനത്തിൽ മീനാകുമാരിയുമായി അവിഹിത ഇടപാട് നടത്തി ഹെഡ് സർവ്വേയറെ കാണേണ്ട രീതിയിൽ കണ്ടാൽ ആവശ്യക്കാരുടെ ഇഷ്ടത്തിന് ഭൂമിയുടെ എലുക മാറ്റിക്കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ പ്രവീണും കൂട്ടരും അളക്കുന്നത് കണ്ടാൽ തന്നെ അറിയാം ഈ അളവുകളെല്ലാം ഉടായിപ്പ് ആണെന്ന്. ടി പ്രവീണിന്റെ ഇഷ്ടാനുസരണമാണ് ഓരോരുത്തരെ കൊണ്ടുവന്ന് നോട്ടുബുക്കിൽ എഴുതിപിടിപ്പിക്കുന്നത്.ഭൂവുടമകൾ പ്രവീണിന്റെ പിന്നാലെ പോയി കണ്ടാൽ, കാണേണ്ടരീതിയിൽ കണ്ടാൽ അവർക്ക് അനുകൂലമാക്കി കൊടുക്കും. ഇതിനെല്ലാം കൂട്ടുനിൽക്കുന്നതും ഹെഡ് സർവ്വേയർക്ക് കൈക്കൂലി വാങ്ങി രഹസ്യമായി കൊടുക്കുന്നതും പ്രവീണാണ്. അതുകൊണ്ട് എല്ലാ കാര്യങ്ങളും പ്രവീണിനോട് പറഞ്ഞാൽ മതിയെന്നാണ് ഹെഡ് സർവ്വേയർ പറയുന്നത്. പരാതിയുമായി നിരവധി ആളുകളാണ് ഹെഡ് സർവ്വേയറെ കാണുന്നതിന് ദിവസവും അഞ്ചൽ റീ-സർവ്വേ ഓഫീസിൽ എത്തുന്നത്.

എന്നാൽ പരാതി പറയുന്നവരോട് ഹെഡ് സർവ്വേയർക്ക് പുച്ഛമാണ്, അവഹേളനമാണ്, ദേഷ്യമാണ്. പരാതി പരിശോധിക്കാനോ സ്ഥല പരിശോധനയ്ക്കോ പോകാതെ ഓഫീസിൽ തന്നെ കസേരയിൽ ഓരേ ഇരിപ്പാണ്. ഏതെങ്കിലും കാര്യം പറയണമെങ്കിൽ പ്രവീണിനോട് വിളിച്ചു പറയും ചക്കിക്കൊത്ത ചങ്കരനാണ് പ്രവീൺ. എല്ലാവരോടും പുച്ഛത്തോടെ സംസാരിക്കുന്ന ഹെഡ് സർവ്വേയറേയും സർവ്വേ നടത്താൻ പോകുന്ന പ്രവീണിനേയും മാറ്റി നിർത്തുന്നതിനും സത്യതന്ധമായി വീണ്ടും അളവ് തിട്ടപ്പെടുത്തി സാധാരണക്കാരുടെ വേവലാതിയും ആവലാതിയും മാറ്റുന്നതിനും പരാതി പരിഹാരത്തിനും മാത്യകാപരമായി ഇടപെടുന്നതിനും ബഹുമാനപ്പെട്ട അങ്ങയുടെ വിലയേറിയ നിർദ്ദേശം ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു. ഈ മാർച്ച് 31-ൽ പിരിച്ചുവിടുന്നവർക്ക് വീണ്ടും കയറിപ്പറ്റുന്നതിന് എല്ലാവിധ ഒത്താശകളും ഹെഡ് സർവ്വേയർ ചെയ്തുകൊടുക്കുന്നുണ്ട്.

വിശ്വസ്തതയോടെ,

അഞ്ചൽ
30.03.2025

പി. ചന്ദ്രൻ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ-മാതൃഭാഷ"

DCPKD/8416/2025-LRA5

കളക്ടറേറ്റ്, പാലക്കാട്,
പിൻ: 678001
ഫോൺ:0491-2505309
ഫാക്സ്:0491-2505566
ഇമെയിൽ: pkd-colt.msg@kerala.gov.in
തിയ്യതി:[16-06-2025]

പ്രേഷകൻ

ജില്ലാ കളക്ടർ
പാലക്കാട്

സ്വീകർത്താവ്

ലാൻഡ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം

സർ ,

വിഷയം :- റവന്യൂ സെക്രട്ടേറിയറ്റ്-139-മത് യോഗം-അജണ്ട വിഷയങ്ങൾ-റിപ്പോർട്ട് സമർപ്പിക്കുന്നത് -സംബന്ധിച്ച്

സൂചന :- 1) റവന്യൂ(ജി) വകുപ്പിന്റെ 13/06/2025 ലെ റവ.ജി1/164/2021-റവന്യൂ നമ്പർ കത്ത്
2) അങ്ങയുടെ കാര്യാലയത്തിൽ നിന്നുളള ഫോൺസന്ദേശം തിയ്യതി 16/06/2025

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചുകൊളളുന്നു.സൂചന കത്തിൽ ആവശ്യപ്പെട്ട പ്രകാരം പോക്കുവരവ് സംബന്ധിച്ച വിഷയങ്ങൾക്കുളള മറുപടി ചുവടെ ചേർക്കുന്നു.

4) കോടതിയിൽ കേസ് ഉണ്ടെന്ന കാരണത്താൽ പോക്കുവരവ് നിഷേധിക്കുന്നത് സംബന്ധിച്ച വിഷയം നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.എന്നാൽ കോടതി ഉത്തരവുളള കേസ്സുകളിൽ ആയതിനനുസൃതമായും അല്ലാത്ത കേസ്സുകളിൽ കോടതി കേസ് നമ്പർ ചേർത്ത് താത്കാലിക തണ്ടപ്പേർ ചേർത്തും നികുതി സ്വീകരിക്കുകയാണ് ചെയ്തുവരുന്നത്.

5) ഭൂപരിഷ്കരണ നിയമ പ്രകാരം പരിധിയിൽ കവിഞ്ഞ അളവിൽ വാങ്ങിയ ഭൂമി പോക്കുവരവ് ചെയ്ത് നൽകാത്തത് സംബന്ധിച്ച വിഷയങ്ങൾ നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല അത്തരം കേസുകൾ ഉണ്ടെങ്കിൽ ടി എൽ ബി ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ട തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് .

മേൽ വിവരങ്ങൾ തുടർനടപടികൾക്കായി സമർപ്പിച്ചുകൊളളുന്നു.

വിശ്വസ്തതയോടെ
ജില്ലാ കളക്ടർക്കുവേണ്ടി
ഡെപ്യൂട്ടി കളക്ടർ(എൽ ആർ)
കളക്ടറേറ്റ്,പാലക്കാട്.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

RL 5011613171N
21.2.23

From
ലക്ഷ്മിക്കുട്ടി,
ശ്വാമള
വിനിതദാസ്
വെളിയം P.O
വെളിയം
കെഴുമാനം.

Ph: 9947559073.

B3

To. ബഹു: ലാൻഡ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം.

സ്വർ, കൊട്ടാരക്കര താലൂക്കിൽ വെളിയം വില്ലേജിൽ ഉള്ള എന്റെ ഏരയ്ക്കാം അതിർത്തി നിർണ്ണയ-ത്തിന് കെഴുമാനം താലൂക്കിൽ രണ്ട് പ്രാവശ്യം അപേക്ഷ നൽകി. No: B14-B-17797/22, B14-655/23. കൂടാതെ കൊല്ലം കളക്ടറിൽ നിന്നും ഉത്തരവും വാങ്ങി നൽകി. എനിക്ക് നിരന്തരം അയൽ വാസിയിൽ നിന്നും കയ്യേറ്റം ഉപദ്രവവും വഴക്കും കാരണമാണ് വേഗത്തിൽ അതിർത്തി നിർണ്ണയം നടത്തേണ്ട ആവശ്യം വന്നത്. ഇന്നാൽ നടപടി ഇതുവരെ ഉണ്ടായ്ക്ക. അയൽവാസി സ്വയമ്പൻ നിന്ന് ഭയപ്പെടുത്തി അതിർത്തി-നിർണ്ണയം വേഗത്തിലാക്കാൻ നടപടി ഉണ്ടാകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

കെഴുമാനം
20-02-23.

ഇന്ന് ലക്ഷ്മിക്കുട്ടി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഇതിനു ചെയ്തപ്പാണ് ഏതാണ്ടാ
വിധിപ്പ് ജനതി ദ്രീപ്പണി ചിലാണ്.
ഒരു തെയ്യാവ ചെയ്തതാണ്
ചിലിന് സ്വചിലാണ്. തെയ്തിനാൽ
ഉപഭാഗിന് തെയ്ത് സ്ഥലപ്പിക്കുന്ന
ഉത്തരവാദിന് സ്ഥലപ്പി
ഉത്തരവാദിന് തെയ്തിക്കാനും.

ഒപ്പ്

കേരളപുരം
20/02/23.

ലക്ഷ്മിക്കുട്ടി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

B14-DB-17797/22

dt. 4/11/22

സർവ്വേഫീസ് - 340+340 = 680/-

H/A - 0029-00-800-99

DDO - 040261B

SDO - 012

വെരിഫൈ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

Revenue 172/424/18 5000x100 GPE © Govt. of Kerala

കൈപ്പറ്റ് രസീത്

നമ്പർ .....

0474245623

ഓഫീസിന്റെ പേര് : താലൂക്ക് ഓഫീസ്

സ്ഥലം : കൊടുങ്ങല്ലൂർ

തീയതി :

താങ്കളുടെ 16/01/23 തീയതിയിലെ B14-655/23

(വിഷയം) സംബന്ധിച്ച് പരാതി/നിവേദനം/അപേക്ഷ കൈപ്പറ്റിയിരിക്കുന്നു. ആയതിന്മേലുള്ള തീരുമാനം എത്രയും വേഗം താങ്കളെ അറിയിക്കുന്നതാണ്. ഇതിന്മേൽ തുടർന്നുള്ള എഴുത്തുകുത്തുകളിൽ ഈ രസീതിലെ നമ്പർ ദയവായി സൂചിപ്പിക്കേണ്ടതാണ്.

TAHSILDAR
KODUNGALLUR

ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ്

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കൊട്ടാരക്കര സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ : 1909

നമ്പർ

ഡിമാന്റ്/കുടിശ്ശിക നോട്ടീസ്

തീയതി 07/07/2022

To,
ശ്രീ/ശ്രീമതി
Mem. No. 41229
Syamala A N
Vinitha Bhavan, Pangodu,
Veliyam , Veliyam P O,
Kottarakkara
He. No./Ward : 280 / 11

A/c Head : OL - Purchase of Cattle
A/C No. : 19/21/OB 19-02-2022

വായ്പ സംഖ്യ/ സല :	355000.00
തിരിച്ചടവ് സംഖ്യ :	0.00
ബാക്കി നില്പ് :	355000.00

സർ/മാഡം

മേൽ സൂചിപ്പിച്ച താങ്കളുടെ എക്കൗണ്ടിൽ നിന്നും ബാങ്കിലേക്ക് കിട്ടേണ്ടതായ താഴെ വിവരം പറയുന്ന സംഖ്യകൾ കുടിശ്ശികയായി കാണുന്നു. ഈ അറിയിപ്പു തീയതി മുതൽ ഒരാഴ്ചയ്ക്കകം പ്രസ്തുത സംഖ്യകൾ തുടർന്നുള്ള പലിശ, പിഴ, നോട്ടീസ് ചെലവ് മുതലായവയടക്കം ഒന്നായടച്ച് ഇടപാട് അവസാനിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈട് തന്നിട്ടുള്ള വസ്തുവകകൾ, സ്വർണ്ണ പണ്ടങ്ങൾ ലേലം ചെയ്യുകയോ താങ്കളുടെയും ജാമ്യക്കാരുടേയും പേരിൽ നിയമാനുസരണം റിക്കവറി നടപടികൾ സ്വീകരിക്കുകയോ സഹകരണ സംഘം കൊട്ടാരക്കര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അവർകളുടെ കോടതിയിൽ അന്യായം ഫയൽ ചെയ്യുകയോ SARFAESI-ACT തുടങ്ങിയ ഏതാനുമോ എല്ലാമോ ആയ നടപടികൾ സ്വീകരിക്കുന്നതാണെന്നും, തൻമൂലമുണ്ടാകുന്ന ഏത് വിധ ചിലവുകൾക്കും, നഷ്ടങ്ങൾക്കും താങ്കളും ജാമ്യക്കാരും ഒരുപോലെ ഉത്തരവാദികളായിരിക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

The Co-Operative Urban Bank Ltd. No. 1909 Odanavattom Branch

മാനേജർ 07/7/22
Manager

ഇനം	തുക
കുടിശ്ശിക മുതൽ	10000.00
പലിശ	10441.00
പിഴ പലിശ	28.00
നോട്ടീസ്	25.00
മറ്റിനം	0.00
ആകെ	20494.00
A/c ക്ലോസ് ചെയ്യുന്നതിന്	20494.00

എന്ന്,
ഇൗട് / ജാമ്യം

പകർപ്പ് : എല്ലാ ജാമ്യക്കാർക്കും



Kottarakkara Co-operative Urban Bank Ltd. No. 1909

H.O.: Kottarakkara. Ph.: 0474- 2454392

Branches : Kottarakkara Main Ph.: 2450288
Chadayamangalam. 2475830
Puthoor. Ph.: 2415949
Odanavattom. Ph.: 2464120
Pulamon. Ph.: 2650242
Oyoor. Ph.: 2467735

To,
ശ്രീ/ശ്രീമതി
Mem. No. 41229
Syamala A N
Vinitha Bhavan, Pangodu, Veliyam
, Veliyam P O, Kottarakkara
He. No./Ward : 280 / 11

Br. Odanavattom Branch

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

TALUK HEAD QUARTERS HOSPITAL, KOTTARAKARA

KERALA HEALTH SERVICES DEPARTMENT

CERTIFICATE FOR PERSONS WITH DISABILITIES, BASE ON RPWD ACT 2016

Certificate No : 632/2022



Thumb Impression/Signature of Candidate

Dr. MINJU GEORGE MBBS,MD,DNB
Junior Consultant PMR
Reg. No. 40739
Kerala Govt. Health Services

Name	Vinod. V.
Age (Date of Birth) & Sex	59 yrs, 25-05-1963 Male
Son/Wife/Daughter/Husband of	Vidyadharan.
Residing At	Vinitha Bhavanam Veliyam P.O, Pongedu,
Village	Veliyam
Taluk & District	Kottarakkara Kollam
Ortho/PMR/ENT/Ophthalmic/Paediatric/Medical	Medicine / PMR
Nature of Handicapped	Cerebrovascular Accident- - Bilateral cerebellar infarct
Partial/Temporary/Permanent	Permanent-
Total Disability Percentage (In number & words)	60 % (sixty)
Mild/Moderate/Severe/Total	Moderate
Likely to improve/Not likely to Improve/Progressive/Non progressive	Not likely to improve.
Reassessment at	Not required.

ID Marks:

1) A black mole over the dorsum of left forearm.
2) A black mole over the root of the nose.

BOARD MEMBERS

Sl. No	Department	Name, Designation & Reg. No.	Signature
1.	Physiatrist	Dr. MINJU GEORGE MBBS,MD,DNB Junior Consultant PMR Reg. No. 40739 Kerala Govt. Health Services	
2.	Orthopaedician	DR. UNNIKRISHNAN G. NAIR JUNIOR CONSULTANT (ORTHO) MBBS, D-ORTHO, DNB, MNAMS Reg. No. 38526 THQH, KOTTARAKKARA	
3.	Ophthalmologist		
4.	ENT Surgeon	Dr. Pramod A 21661	
5.	Pediatrician/Physician	Dr. BIJI JOSEPH MBBS, DCH, JR.CONSULTANT (PAEDIATRICS) Reg. No. 38600 KOTTARAKKARA TALUK HOSPITAL	
6.	Audiologist		

"NOT FOR LEGAL PURPOSES"

Place: Kottarakkara
Date 08/11/2022

GOVT. TALUK HEADQUARTERS HOSPITAL ★ KOTTARAKARA-691 506. Ph: 0474 2452010

Office Seal

Chairman
[Superintendent]
സൂപ്രണ്ട്
ഗവ: താലൂക്ക് ആശുപത്രി
കൊട്ടാരക്കര-691 506.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

എൽ 15/64294/2015 (2)

കളക്ടേറ്റ്, കൊല്ലം
തീയതി – 07.07.2023

ജില്ലാ കളക്ടർ
കൊല്ലം



B3

ലാൻഡ് റവന്യൂ കമ്മീഷണർ
ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്സ്, തിരുവനന്തപുരം

സർ

വിഷയം :– അരിപ്പ ഭൂ സമരം – സമരക്കാർക്ക് ഭൂമി കണ്ടെത്തുന്നത്– ആർ പി എൽ ഭൂമി സർവ്വേ ചെയ്യുന്നത് – സംബന്ധിച്ച്

സൂചന :– 1. 11.02.2022 ൽ ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നടന്ന യോഗ തീരുമാനം
2. 22.03.22 ലെ ഈ ഓഫീസിലെ ഇതേ നം കത്ത് .

മേൽ സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചു കൊള്ളുന്നു. അരിപ്പ ഭൂസമരം സംബന്ധിച്ച് 11.02.2022 ൽ ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നടന്ന യോഗ തീരുമാനമനുസരിച്ച് ഭൂ സമരക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിലേക്കായി ഈ ജില്ലയിലെ പുനലൂർ താലൂക്കിലെ റീ ഹാബിലിറ്റേഷൻ പ്ലാന്റേഷൻ വക ഭൂമിയിൽ നിന്നും സ്ഥലം കണ്ടെത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം സർവ്വേ ചെയ്ത കണ്ടെത്തുന്നതിന് പുനലൂർ തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

പുനലൂർ താലൂക്കിൽ ആയിരനല്ലൂർ വില്ലേജിൽ സർവ്വേ നം 822/1 ൽ ഉൾപ്പെട്ട 783 ഹെക്ടർ വനം വകുപ്പ് വക ഭൂമി **2026** വരെ ആർ പി എൽ കമ്പനിയ്ക്ക് ലീസിന് നൽകിയിട്ടുള്ളതും ടി സ്ഥലത്ത് റബർ പ്ലാന്റേഷനും, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവ ഉള്ളതുമാണ്. ക്വാർട്ടേഴ്സുകളിൽ ജീവനക്കാർ താമസിച്ചു വരുന്നു.

ടി സ്ഥലം റവന്യൂ വകുപ്പിന്റെ അധീനതയിലുള്ളതല്ല.

ടി ഭൂമി റീ–ഫിക്സ് ചെയ്യുന്നതിന് 783 ഹെ വനഭൂമി വനം വകുപ്പ് ആർ പി എൽ കമ്പനിയ്ക്ക് ലീസിന് നൽകിയതിന്റെ സർവ്വേ സ്കെച്ച് വനം വകുപ്പിന്റെ കൈവശമോ, R P L കൈവശമോ റവന്യൂ കൈവശമോ ലഭ്യമല്ലാത്തതാണ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സർവ്വേ പ്രവർത്തനങ്ങൾ തീരുന്ന മുറയ്ക്ക് മാത്രമേ എത്ര ഭൂമി വാസയോഗ്യമാണ് എന്നും ടി ഭൂമിയിൽ എത്ര സ്ഥലം ഏറ്റെടുക്കുവാൻ കഴിയും എന്നും തിട്ടപ്പെടുത്തുവാൻ സാധിക്കുയുള്ളു.

ടി 783 ഹെക്ടർ ഭൂമി സർവ്വേ ചെയ്ത് ജോലികൾ പൂർത്തിയാക്കുന്നതിന്റെ മുന്നോടിയായി GCP പോയ്ന്റുകൾ സ്ഥാപിച്ച് WGS 8 പ്രകാരം ഏറ്റവും കുറഞ്ഞത് 3 സർവ്വെയർമാരും 2 ചെയിൻമാൻമാരും ഉള്ള 3 ടീമുകൾ സജ്ജമാക്കി ആവശ്യമായ വാഹനങ്ങളും അളവിന് സഹായകരമായ തരത്തിൽ കാട് തെളിച്ച് ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങളും ഉണ്ടാക്കേണ്ടതുണ്ട്. .ടി ഭൂമിയുടെ അതിർത്തി വനം വകുപ്പിന്റെ പരിധിയിൽ നിൽക്കുന്നതിനാൽ കൂടുതൽ കൃത്യതയും കുറ്റമറ്റതുമായി സർവ്വെ നടത്തേണ്ടതുണ്ട്. ടി ജോലി സമയബന്ധിതമായി തീർക്കുന്നതിന് മതിയായ സർവ്വേ ജീവനക്കാർ പുനലൂർ താലൂക്ക് ഓഫീസിൽ ലഭ്യമല്ലാത്തതാണ്.

മേൽ കാരണങ്ങളാൽ R P L സർവ്വേ ഊർജ്ജിതപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. സർവ്വെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് കൂടുതൽ ജീവനക്കാരും ഓരോ ടീമിനും ETS യന്ത്രവും വാഹനസൗകര്യവും ആവശ്യമായ ഫണ്ടും അനുവദിച്ചു നൽകണമെന്നും, മെച്ചപ്പെട്ട രീതിയിൽ സർവ്വേ തുടങ്ങുന്നതിനും വിശദമായ സ്കെച്ച് ലഭിക്കുന്നതിനുമായി ആയിരനല്ലൂർ വില്ലേജ് ഡിജിറ്റൽ റീ സർവ്വേ നടത്തുന്ന പ്രയോറിറ്റി വില്ലേജുകളിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് സൂചന (2) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി വിഷയത്തിൽ 16/4/22 ൽ ലാന്റ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണർ, ആർ.ഡി.ഒ പുനലൂർ എന്നിവർ സ്ഥലപരിശോധന നടത്തിയിട്ടുള്ളതാണ്.

സർക്കാർ നിർദ്ദേശ പ്രകാരം തുടർനടപടി സ്വീകരിക്കുന്നതിന് സർവ്വെ നടപടികൾ പൂർത്തികരിക്കേണ്ടതുണ്ട്. സർവ്വെ നടപടികൾക്ക് ടി സംവിധാനങ്ങൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

ഡെപ്യൂട്ടി കളക്ടർ (എൽ. ആർ)
ജില്ലാ കളക്ടർക്ക് വേണ്ടി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

14/11/2023, 12:41 Email

Email

M LSG,RD E

Urgent Complaint: Forgery in Revenue Records

From : roykvr@gmail.com Tue, Nov 14, 2023 10:20 AM

Subject : Urgent Complaint: Forgery in Revenue Records 1 attachment

To : District Collector <dctvm.ker@nic.in>, Deputy Collector & Additional District Magistrate Trivandrum <admtvm.ker@nic.in>, lrcommissioner@gmail.com, K. RAJAN <min.rev@kerala.gov.in>, M LSG,RD E <min.lsgd@kerala.gov.in>

Our Ref. Numbers are as follows

District Collector Office: DCTVM/6047/2023-I3

Hon. CM : G3230800666

Hon. Rev. Mini. : 4145 PT/2023/M (Rev) / Docket : R1021585

Revenue Vigilance : RVCA 1-419/2023

Survey Directorate: E-430120/23 - H3 Section

Dear Sir,

I hope this message finds you well. I write with a heavy heart to bring attention to a critical issue. Over the past 10 months, I've diligently pursued a complaint concerning a series of forgeries and manipulations within our revenue records. Unfortunately, the findings in the Revenue Vigilance Report from the Land Revenue Commissionerate have been insufficient, identifying only two officers in our complaint. The inquiry appears more inclined toward shielding these officers rather than seeking justice. Consequently, we've appealed for a re-investigation by higher authorities.

In response, we've taken the necessary step of filing a writ petition at the Honorable High Court of Kerala, seeking an inquiry by the Police Vigilance and Anti-Corruption Bureau. We're currently awaiting the court's decision on this matter.

I urge you to carefully consider this issue. It's troubling to note that implicated officers seem shielded by political affiliations within a powerful employee union. We earnestly request strict disciplinary action against the revenue officials involved in these wrongful actions. Additionally, our opponents have filed cases against us based on forged documents, for which we'll provide evidence. They also maintain a close relationship with the present LR Tahsildar Saji SS, who misused his position to support them in a previous case in 2012 while he was serving as Village Officer Manambur .

Furthermore, it's vital to highlight that our adversaries possess substantial financial resources and wield significant political influence. As Non-Resident Indians, we lack such influential connections, putting us at a distinct disadvantage.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from https://email.gov.in/h/printmessage?id=C-65517&tz=Asia/Kolkata&xim=1

I urgently seek your attention and intervention in this matter. The pursuit of justice and the integrity of our revenue system depend on a fair and impartial investigation.

Thank you for your consideration and anticipated support.

Sincerely,

Naina Rani & Roy Prabhakaran

Sooryamangalam
Cherunniyoor PO

Pin 695142

Tel: 7558804211 or 9745454343

** Please find attached copy of the Rev Vigilance Report.

Asianet news link below:

https://youtu.be/G56PPUfUMHE?si=rqk3TL5kqFLxB-To

Rev Vig Report-171023.pdf
2 MB

ആർ.വി.സി.എ.1-419/2023

ദക്ഷിണമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ
കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ്,
ഒന്നാം നില,
വികാസ് ഭവൻ.പി.ഒ.
തിരുവനന്തപുരം - 695033
ഫോൺ : 0471-2731142
ഇ-മെയിൽ: rvtsouth@gmail.com
തീയതി : 04-10-2023

ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്),
ദക്ഷിണമേഖല, തിരുവനന്തപുരം.

കമ്മീഷണർ,
ലാൻഡ് റവന്യൂ,
തിരുവനന്തപുരം.

സർ,

വിഷയം : റവന്യൂ വിജിലൻസ് അന്വേഷണം - ചിറയിൻകീഴ് താലൂക്ക് കരവാരം വില്ലേജ് - ജീവനക്കാർക്കെതിരെയുള്ള ആരോപണം അന്വേഷണ റിപ്പോർട്ട്.

സൂചന : 1. ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ 05-06-2023 തീയതിയിലെ 4145/DT/2023/M(R&H) നം.പുറത്തെഴുത്ത്.
2. ശ്രീമതി.നൈനാറാണി റോയ്, ശ്രീ.റോയ് പ്രഭാകരൻ എന്നിവർ ഈ കാര്യാലയത്തിൽ നൽകിയ പരാതി.

സൂചനയിലേയ്ക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ ചെറുന്നിയൂർ വില്ലേജിൽ ചെറുന്നിയൂർ.പി.ഒ യിൽ സൂര്യമംഗലം വീട്ടിൽ താമസം ശ്രീമതി.നൈനാറാണി റോയ്, ശ്രീ.റോയ് പ്രഭാകരൻ എന്നിവർ ചിറയിൻകീഴ് താലൂക്കിൽ കരവാരം വില്ലേജിലെ ജീവനക്കാർക്ക് എതിരെ ആരോപണങ്ങൾ ഉന്നയിച്ചു കൊണ്ട് സൂചന (2) പ്രകാരം ഒരു പരാതി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരാതി വിശദമായി പരിശോധിക്കുകയും തുടർന്ന് ആരോപണവിധേയരായ ജീവനക്കാർ ആയ മുൻ വില്ലേജ് ഓഫീസർ ശ്രീ.ബിനു നിലവിലെ വില്ലേജ് ഓഫീസർ സന്തോഷ്കുമാർ.കെ, വില്ലേജ് അസിസ്റ്റന്റ് ശ്രീ.രാജേഷ്.പി.എസ് പരാതിക്കാരിയായ ശ്രീമതി.നൈനാറാണി, ടിയാളുടെ സഹോദരങ്ങളായ സൈനാറാണി, ഗോവിന്ദരാജ്സെൻ, ബാലരാവണൻ തുടങ്ങിയവരെ നേരിൽ കേട്ടിട്ടുള്ളതും വില്ലേജ് ഓഫീസ് രേഖകൾ പരാതിക്കാസ്പദമായ സ്ഥലം, എന്നിവ പരിശോധിച്ചിട്ടുള്ളതുമാണ്.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

എതിർകക്ഷികളിൽ ഒരാളായ ഗോവിന്ദരാജ്ഞെൻ വിദേശത്തായതിനാലും കക്ഷികളുടെ മാതാവായ സ്വർണ്ണലത എന്ന ഓമന ശാരീരിക അവശതകൾ പരിഗണിച്ചും വിചാരണയ്ക്ക് ഹാജരായിട്ടില്ലാത്തതുമാണ്.

പരാതിസംഗതി

പരാതിക്കാരിയായ ശ്രീമതി.നൈനാറാണിയുടെ പിതാവായ ബാലൻ എന്നയാൾ പരാതിക്കാരി മൈനർ ആയിരിക്കവെ നാവായിക്കുളം സബ് രജിസ്ട്രാർ ഓഫീസിലെ 3321/1980 നമ്പർ വിലയാധാരപ്രകാരം കരവാരം വില്ലേജിൽ മുൻസർവ്വെ 2529/71-2-ൽ 40.47 ആർസ് ഭൂമി ടിയാൾക്ക് വാങ്ങി നൽകുകയുണ്ടായി. ആയത് റീസർവ്വെ റെക്കോർഡുകൾ പ്രകാരം കരവാരം വില്ലേജ് ബ്ലോക്ക് 39 ൽ റീ.സ.82/5pt ൽ ഉൾപ്പെട്ടു വരുന്നതുമാണ്. ശ്രീമതി.നൈനാറാണിയുടെ പിതാവ് ടി ബാലൻ എന്നയാൾ 1996 ൽ മരണപ്പെടുകയും തുടർന്ന് പരാതിക്കാരിയും മാതാവായി ടി ഓമന. സഹോദരങ്ങൾ എന്നിവർ തമ്മിൽ വസ്തു സംബന്ധമായ തർക്കങ്ങൾ ഉടലെടുക്കുകയും ആയതിനു ശേഷം അദ്ദേഹത്തിന്റെ ഭാര്യയായ സ്വർണ്ണലത എന്നു കൂടി എഴുതിയിട്ടുള്ള ഓമന, മക്കളായ ഗോവിന്ദരാജ്സെൻ, നൈനാറാണി, ഗോവിന്ദരാജ്ബെൻ, സൈനാറാണി, ബാലരാവണൻ എന്നിവർ ചേർന്ന് നാവായിക്കുളം സബ് രജ്സ്ട്രാർ ഓഫീസിലെ 961/98 നമ്പരായി ഭാഗപത്രം എഴുതിയിട്ടുള്ളതും ആയതിൽ പിതാവിന്റെ വസ്തുവകകൾ അമ്മ ഓമനയ്ക്ക് ഉൾപ്പെടെ 6 ഭാഗമായി ഭാഗം ചെയ്യുകയുമുണ്ടായി.

കൂടാതെ, മാതാവായ ടി ഓമന എന്നയാൾ 28/2014 നമ്പർ ധനനിശ്ചയാധാരപ്രകാരം തന്റെ പേരിൽ ഉണ്ടായിരുന്ന ടി റീ.സ.82/5 ൽപ്പെട്ട 5.58 ഏക്കർ സ്ഥലം പരാതിക്കാരിയായ നൈനാറാണി ഒഴികെയുള്ള മറ്റ് മക്കൾക്ക് എഴുതി നൽകുകയുണ്ടായി. മേൽ പരാമർശിച്ചിട്ടുള്ള വിവിധ ആധാരങ്ങൾ പ്രകാരമുള്ളതും കരവാരം വില്ലേജിൽ റീ.സ.82/5 ൽപ്പെട്ടതുമായ ഭൂമികൾ നാളത് ഒന്നായി കിടക്കുന്നതാണ്. ആയതിൽ ടി 3323/1980-ാം ആധാരത്തിൽ ഉൾപ്പെട്ടതും മുൻസർവ്വെ 2529/71-2(റീ.സ.82/5pt) ൽപ്പെട്ട 40.47 ആർസ് ഭൂമിയുടെ എലുകകൾ സംബന്ധിച്ചാണ്

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പരാതിക്കാരിയായ സൈനാറാണിയും മറ്റ് കക്ഷികളായ സുർണ്ണലത എന്ന ഓമന, സൈനാറാണി, ഗോവിന്ദരാജ്ബെൻ, ഗോവിന്ദരാജ്സെൻ, ബാലരാവണൻ എന്നിവരും തമ്മിൽ തർക്കം ഉടലെടുത്തിട്ടുള്ളത്.

പരാതി, മൊഴി എന്നിവയിൽ റവന്യൂ ജീവനക്കാർക്കെതിരെ പരാതിക്കാരി ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ താഴെപ്പറയുന്നു.

1. 18-07-2017-ൽ കെ.എസ്.എഫ്.ഇ വർക്കല ശാഖയിലേയ്ക്ക് നൽകിയ സർട്ടിഫിക്കറ്റുകൾ എതിർകക്ഷിയിൽ നിന്നും പരാതി സ്വീകരിച്ച് തന്റെ അറിവോ സമ്മതമോ കൂടാതെ റദ്ദ് ചെയ്യുകയുണ്ടായി.
2. എതിർകക്ഷിയായ സൈനാറാണിയുടെ ഒത്താശയോടെ സഹോദരൻ ബാലരാവണന്റെ 60 സെന്റ് ഭൂമിയ്ക്ക് തന്റെ വസ്തുവിന്റെ അതേ സർവ്വെ നമ്പർ ആവർത്തിക്കുന്നു എന്നു കാണിച്ച് പരാതി സ്വീകരിക്കുകയും തെറ്റായ നമ്പർ തിരുത്തുന്നതിന് പകരം നേരത്തെ തന്നെ നിലവിലുണ്ടായിരുന്ന എന്റെ സർവ്വെ നമ്പർ (82/5-6) ബാലരാവണന് നൽകുകയും എന്റെ സർവ്വെ നമ്പർ (82/5-7) ആക്കി മാറ്റുകയും ചെയ്തു. ആയത് മൂലം തനിക്ക് പലവിധ കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതാണ്.
3. തണ്ടപ്പേർ 5780 ൽ എനിക്ക് ആകെ 25 ആർ 09 ച.മീ ആണ് ഉള്ളത്. ആയതിന് മാത്രമേ ഞാൻ കരം ഒടുക്കി വരുന്നുള്ളൂ. എന്നാൽ മന:പൂർവ്വം 25.09 എന്നത് 29.09 എന്നാക്കി തണ്ടപ്പേരിൽ റിമാർക്കുകൾ എഴുതി പിടിപ്പിച്ചിരിക്കുന്നു.
4. യാതൊരു അന്വേഷണവും നടത്താതെ എന്റെ പുരയിടത്തിൽ എലുകകൾ കൂടി ചേർത്ത് ലൊക്കേഷൻ മാപ്പ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ എതിർകക്ഷികൾക്ക് നിലവിലെ വില്ലേജ് ഓഫീസർ നൽകിയിട്ടുള്ളതാണ്.
5. റിംഗ് റോഡ് ഓഫീസിലേയ്ക്ക് നൽകാൻ എന്റെ ഭൂമിയ്ക്കും സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെട്ടിരുന്നു എങ്കിലും ഇവ നൽകാൻ നിലവിലെ വില്ലേജ് ഓഫീസർ തയ്യാറാക്കിയിട്ടില്ല.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

6. 28/2014 നമ്പർ ആധാരപ്രകാരം ഉള്ള 5.58 ഏക്കർ ഭൂമിയ്ക്ക് പകരം 5.62 ഏക്കർ ഭൂമി പോക്കുവരവ് ചെയ്ത് നൽകി.

ഇത്തരം ക്രമക്കേടുകൾ നിമിത്തം തനിക്ക് ധാരാളം കഷ്ടപ്പാടുകൾ ഉണ്ടായിട്ടുള്ളതായും ഇതിൽ കൃത്രിമം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥർക്ക് എതിരെ നിയമനടപടി സ്വീകരിക്കണം എന്നുമാണ് പരാതിക്കാരിയായ ശ്രീമതി.നൈനാറാണിയും ഭർത്താവായ റോയ് പ്രഭാകരനും ആവശ്യപ്പെട്ടിരിക്കുന്നത്.

അന്വേഷണവിഷയങ്ങൾ

പരാതികക്ഷികളും സഹോദരങ്ങളും കുടുംബത്തിലെ മറ്റ് അംഗങ്ങളും തമ്മിൽ ഭൂമിയുടെ അവകാശത്തെയും അതിർത്തിയെയും ഉടമസ്ഥതെയും പറ്റി പലവിധ തർക്കങ്ങൾ നിലവിലുള്ളതും അവയുമായി ബന്ധപ്പെട്ട് ആറ്റിങ്ങൽ മുൻസിഫ് കോടതിയിൽ ഒ.എസ്.460/98, ഒ.എസ്.495/2008, സബ്ജഡ്ജ് ആറ്റിങ്ങൽ കോടതിയിലെ ഒ.എസ്.32/23, ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ OP(c)103/2020 എന്നിങ്ങനെ കേസുകൾ നിലവിലുള്ളതായി കാണുന്നു. ഇങ്ങനെ അവകാശതർക്കം സംബന്ധിച്ച വിഷയങ്ങൾ ക്ഷമതയുള്ള സിവിൽ കോടതിയും ബഹു.ഹൈക്കോടതിയും പരിഗണിച്ചു കൊണ്ടിരിക്കുന്നതാണ്. ഏതെങ്കിലും രീതിയിൽ sub judice ആകാവുന്ന വിഷയങ്ങൾ ഈ അന്വേഷണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ കാര്യാലയം വഴിയുള്ള അന്വേഷണം റവന്യൂ ഉദ്യോഗസ്ഥർക്ക് എതിരെ പരാതിയോ ക്രമക്കേടോ ഉന്നയിച്ചിട്ടുള്ള വിഷയങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

1. 18-07-2017-ൽ കെ.എസ്.എഫ്.ഇ വർക്കല ശാഖയിലേയ്ക്ക് ശ്രീമതി.നൈനാറാണി നൽകിയ സർട്ടിഫിക്കറ്റ് എതിർകക്ഷിയിൽ നിന്നും പർാതി സ്വീകരിച്ച് റദ്ദ് ചെയ്തത് സംബന്ധിച്ച് : ചിറയിൻകീഴ് താലൂക്കിൽ കരവാരം വില്ലേജിൽ ബ്ലോക്ക് നം.39-ൽപ്പെട്ട റീസർവ്വെ 82/5-6 എന്ന

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സബ്ഡിവിഷനിൽ 40.47 ആർ പുരയിടം (തണ്ടപ്പേർ - 5777) വർക്കല കെ.എസ്.എഫ്.ഇ ശാഖയിൽ സമർപ്പിക്കുന്നതിന് കൈവശസർട്ടിഫിക്കറ്റ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച് എന്നിവ 18-07-2017-ൽ അന്നത്തെ സ്പെഷ്യൽ വില്ലേജ് ഓഫീസർ ആയ ശ്രീ.ബിനു.വി.എസ് പരാതിക്കാരിയ്ക്ക് നൽകിയതായി കാണുന്നു.

തുടർന്ന് ടി സർട്ടിഫിക്കറ്റ് നൽകിയതിനെതിരെ ശ്രീ.ബാലരാവണൻ, ശ്രീലങ്കാപുരി, ചെറുന്നിയൂർ, വർക്കല എന്നിവർ നൽകിയ പരാതിയിൽ 1998-ലെ 961-ാം നമ്പർ ഭാഗപത്രത്തിലെ 6-ാം നമ്പർ പട്ടിക പ്രകാരം തനിക്ക് സിദ്ധിച്ച കരവാരം വില്ലേജിലെ മുൻസർവ്വെ 2529-ൽപ്പെട്ട 60 സെന്റ് ഭൂമി (ബ്ലോക്ക് നം.39-ൽ റീസർവ്വെ 82/5-6) തണ്ടപ്പേർ 5783-ൽ ടിയാൻ കരം ഒടുക്കി വന്നിരുന്നതായും ടി വസ്തു തന്റെ കൈവശത്തിലാണെന്നും എന്നാൽ തന്റെ വസ്തുവിന്റെ അതേ റീസർവ്വെ നമ്പരിലും സബ്ഡിവിഷനിലും ഉൾപ്പെടുത്തി 40.47 ആർ സ്ഥലം തണ്ടപ്പേർ 5777-ാം തണ്ടപ്പേരിൽ പരാതിക്കാരി തെറ്റായി കരം ഒടുക്കുന്നതായും ടിയാളുടെ ശരിയായ കൈവശം 82/6 ആണെന്നും ആയതിനാൽ നൈനാറാണിയുടെ പേരിൽ തെറ്റായി കരം ഒടുക്കി വരുന്നത് റദ്ദാക്കണമെന്നും അപേക്ഷിച്ചിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ റവന്യൂ രേഖകൾ പരിശോധിച്ചതിൽ ടി സബ്ഡിവിഷൻ നമ്പർ ഇരട്ടിപ്പ് ആണെന്ന് ബോധ്യപ്പെടുകയും 3323/80 നമ്പർ വിലയാധാരപ്രകാരം ഉള്ള 40.47 ആർ വസ്തു കണ്ടെത്തുന്നതിന് താലൂക്ക് സർവ്വെയറുടെ സേവനം ആവശ്യപ്പെട്ട കത്ത് തഹസിൽദാർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് 18-07-2017-ന് നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് റദ്ദ് ചെയ്തത് എന്ന് മുൻ വില്ലേജ് ഓഫീസർ ശ്രീ.ബിനു മൊഴി നൽകിയിട്ടുണ്ട്. കൂടാതെ ഇത് സംബന്ധിച്ച O.S-495/08നമ്പരായി ആറ്റിങ്ങൽ മുൻസിഫ് കോടതിയിൽ കേസ് നിലവിലുണ്ട് എന്ന് മനസ്സിലാക്കിയതിനെത്തുടർന്നാണ് സർട്ടിഫിക്കറ്റ് റദ്ദ്

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ചെയ്തതെന്ന് ടിയാൻ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി നടപടി അനുചിതമായ് കാണുന്നില്ല.

2. കരവാരം വില്ലേജിലെ ബ്ലോക്ക് നം.39-ൽപ്പെട്ട റീസർവ്വെ 82/5-6 എന്ന സബ്ഡിവിഷൻ 82/5-7 ആക്കി എന്ന നൈനാറാണിയുടെ പരാതി സംബന്ധിച്ച് പ്രസ്തുത വിഷയം പരിശോധിച്ചതിൽ ബ്ലോക്ക് 82/5-6 എന്ന റീസർവ്വെ സബ്ഡിവിഷൻ ഇരട്ടിപ്പ് വന്നതായി കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.നൈനാറാണിയ്ക്ക് സർവ്വെ 82/5-6 എന്നത് 82/5-7 ആക്കി മാറ്റിയതിൽ അസ്വാഭാവികത കാണുന്നില്ല. കൂടാതെ പരാതിക്കാരി 103/21-ാം നമ്പർ ധനനിശ്ചയപ്രകാരം റീസർവ്വെ 82/5-7 എന്നാക്കി റ്റോയ് പ്രഭാകരന് ആധാരം ചെയ്ത് നൽകിയതായും ആയതിന് പോക്കുവരവ് ചെയ്ത് കരം ഒടുക്കി വരുന്നതായും കാണുന്നു.

3. ശ്രീമതി.നൈനാറാണിയുടെ തണ്ടപ്പേർ 57 ൽപ്പെട്ട റീസർവ്വെ 82/5-3 ൽ ഉൾപ്പെട്ട ഭൂമി 25.09 എന്നത് 29.09 എന്ന് ആക്കി മാറ്റിയത് സംബന്ധിച്ച് - പ്രസ്തുത പരാതി പരിശോധിച്ചതിൽ തണ്ടപ്പേർ 5780 ൽപ്പെട്ട തണ്ടപ്പേരിൽ 25.09 എന്നത് 29.09 എന്ന് തെറ്റായി മാറ്റിയതായി കാണുന്നു. എന്നാൽ 21-03-2012-ൽ 25.09 ആർ ഭൂമിയ്ക്ക് ആധാരപ്രകാരവും കൈവശപ്രകാരവും ഉള്ളത് എന്ന് വ്യക്തമായി റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തി കാണുന്നു. ആയതിൽ സ്പെഷ്യൽ വില്ലേജ് ഓഫീസർ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ആകയാൽ ഈ പരാതിയിൽ നിലവിൽ പ്രസക്തിയില്ല എന്നു കാണുന്നു.

4. നൈനാറാണിയുടെ ഭൂമിയുടെ എലുകകൾ ചേർത്ത് എതിർകക്ഷികൾക്ക് 31-01-2023-ന് കരവാരം പഞ്ചായത്തിലേയ്ക്ക് ലൊക്കേഷൻ മാപ്പ്, ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ നൽകി എന്നത് സംബന്ധിച്ച് - ടി വിഷയം സംബന്ധിച്ച് പരിശോധന നടത്തിയതിൽ ബ്ലോക്ക് നം.39-ൽ തണ്ടപ്പേർ - 9835-ൽപ്പെട്ട കക്ഷികളായ ഗോവിന്ദരാജബെൻ, ഗോവിന്ദരാജസെൻ, ബാലരാവണൻ, സൈനാറാണി എന്നിവർക്ക് റീസർവ്വെ 82/5-8-ാം നമ്പർ 2 ഹെക്ടർ 27 ആർ 44

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ടി ഭൂമിയ്ക്ക് ലൊക്കേഷൻ സർട്ടിഫിക്കറ്റ്, സ്കെച്ച് എന്നിവ കരവാരം പഞ്ചായത്തിലേയ്ക്ക് നൽകിയതായി കാണുന്നു. തുടർന്ന് 16-02-2023 ന് ശ്രീമതി.നൈനാറാണി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലം ഐഡന്റിഫിക്കേഷൻ നടത്തുന്നതിന് താലൂക്ക് സർവ്വെയറുടെ സേവനം ആവശ്യപ്പെട്ട് 08-03-2023-ന് വില്ലേജ് ഓഫീസർ തഹസിൽദാർക്ക് കത്ത് നൽകിയതായി കാണുന്നു. ആയതിൽ WP(C)19812/23-ാം നമ്പരായി കേസ് നിലവിലുള്ളതിനാൽ തുടർനടപടി സ്വീകരിക്കാൻ കഴിയില്ല എന്ന് താലൂക്കിൽ നിന്നും അറിയിച്ചിട്ടുള്ളതാണ്.

പരമാർശ ഭൂമിയിലെ അവകാശതർക്കം സംബന്ധിച്ച് ബഹു.ഹൈക്കോടതിയുൾപ്പെടെയുള്ള വിവിധ കോടതികളിൽ കേസുകൾ നടന്നുവരുന്നത് സംബന്ധിച്ച വിവരം വില്ലേജ് ഓഫീസർക്ക് അറിവുണ്ടായിരുന്നെന്ന് ടിയാൻ താലൂക്ക് ഓഫീസിലേയ്ക്ക് വിവിധ തീയതികളിൽ നൽകിയ റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാണ്. മേൽ സാഹചര്യത്തിൽ വിവിധ കോടതികളുടെ പരിഗണനയിലിരിക്കുന്ന വിഷയത്തിൽ അപേക്ഷാകക്ഷി നൽകിയ വിവരത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ലൊക്കേഷൻ സർട്ടിഫിക്കറ്റ് നൽകിയ വില്ലേജ് ഓഫീസറുടെ നടപടി അത്യന്തം ഗൗരവകരമായ കുറ്റമാണ്. കൂടാതെ മറുപക്ഷം തർക്കം ഉന്നയിച്ചിട്ടും ടി സർട്ടിഫിക്കറ്റ് റദ്ദാക്കാൻ തയ്യാറാകാതിരുന്ന നടപടി ടിയാന്റെ ഉദ്ദേശശുദ്ധിയെ സംശയിക്കാവുന്ന കാരണമാണ്. കൂടാതെ വിവരങ്ങൾ അന്വേഷിക്കുന്നതിനും മറ്റ് വിവിധ ആവശ്യങ്ങൾക്കുമായി സമീപിച്ചിരുന്ന പരാതികക്ഷികളോട് വില്ലേജ് ഓഫീസർ പരുഷമായി പെരുമാറിയതായി ബോധ്യപ്പെടുന്നു. ആകയാൽ കരവാരം വില്ലേജ് ഓഫീസർ ആയ സന്തോഷ്കുമാർ.കെ എന്നയാൾക്കെതിരെ വകുപ്പുതല അച്ചടക്കനടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കൂടാതെ. ഇത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടും സർട്ടിഫിക്കറ്റ് റദ്ദാക്കുവാൻ വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകാതിരുന്ന ചിറയിൻകീഴ് തഹസിൽദാർ (ഭൂരേഖ)യുടെയും നടപടി കുറ്റകരമാണ്. ടി ഉദ്യോഗസ്ഥന് വലിയ തോതിൽ ജാഗ്രതക്കുറവും അനൗചിത്യവും വീഴ്ചകളും ഉണ്ടായിട്ടുണ്ട്.

തിരുവനന്തപുരം ജില്ല ചിറയിൻകീഴ് താലൂക്ക് കരവാരം വില്ലേജ് ബ്ലോക്ക് നമ്പർ 39 മുൻസർവ്വെ 2529/71-2 റീസർവ്വെ 82/5 എന്ന സബ്ഡിവിഷനിലാണ് പരാതിക്കാസ്പദമായ വസ്തു ഉൾപ്പെട്ട് വരുന്നത്. ആയത് നാവായിക്കുളം SRO യിലെ 2667/1965 നമ്പർ വിലയാധാരപ്രകാരം തോട്ടയ്ക്കാട് ദേശത്ത് കിഴക്കുംകര പുത്തൻവീട്ടിൽ സെയിനബാബീവിയിൽ നിന്നും ഇടത്തറ പുത്തൻവീട്ടിൽ മുഹമ്മദ്കുഞ്ഞ് മകൻ മീരാസായു പേർക്ക് ലഭിച്ചതും, ടി സ്ഥലം ടി SRO യിലെ 3321/1980 നമ്പർ വിലയാധാരപ്രകാരം ടി മീരാസായുവിൽനിന്നും മൈനറായിരുന്ന പരാതികക്ഷി നൈനാറാണി പേരിൽ പിതാവ് ബാലൻ വിലയ്ക്ക് വാങ്ങി അവകാശം സിദ്ധിച്ചിട്ടുള്ളതും പിതാവിന്റെ മരണശേഷം ശ്രീമതി നൈനാറാണി പേരിൽ 5777 നമ്പർ തണ്ടപ്പേർ പ്രകാരം കരം ഒടുക്കി വന്നിട്ടുള്ളതുമാകുന്നു. ടി വസ്തു 1995-2016 കാലയളവിൽ പരാതികക്ഷിയും കുടുംബവും ദുബായിൽ ജോലി ചെയ്ത് വരവെ പരാതികക്ഷിയുടെ സഹോദരി ശ്രീമതി. സൈനാറാണി ആറ്റിങ്ങൽ റീസർവ്വെ സൂപ്രണ്ടാഫീസിലെ SA 28/1998 നമ്പർ ആദാലത്ത് ഫയൽ പ്രകാരം വ്യാജ കൈയ്യൊപ്പ് രേഖപ്പെടുത്തി റീസർവ്വെ റിക്കാർഡുകളിൽ തിരുത്തൽ വരുത്തി കൈവശപ്പെടുത്താൻ ശ്രമിച്ചതായും ആയത് പരിശോധിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടാണ് ഇപ്പോൾ ടി പരാതി ഉന്നയിച്ചിരിക്കുന്നത്.

പരാതി കക്ഷിയുടെ മൊഴി.

തിരുവനന്തപുരം ജില്ല ചിറയിൻകീഴ് താലൂക്ക് കരവാരം വില്ലേജ് ബ്ലോക്ക് നമ്പർ 39 മുൻസർവ്വെ 2529/71-2 റീസർവ്വെ 82/5-7 ൽ ഉൾപ്പെട്ട 40.45 ആർ (1 ഏക്കർ) വസ്തു നാവായിക്കുളം SRO യിലെ 3321/1980 നമ്പർ വിലയാധാരപ്രകാരം മൈനറായ നൈനാറാണി പേരിൽ പിതാവ് ശ്രീ.ബാലൻ വിലയ്ക്ക് വാങ്ങി അവകാശം സിദ്ധിച്ചിട്ടുള്ളതും ടിയാന്റെ മരണശേഷം ശ്രീമതി നൈനാറാണി പേരിൽ 5777 നമ്പർ തണ്ടപ്പേർ പ്രകാരം കരം ഒടുക്കി വന്നിട്ടുള്ളതുമാകുന്നു. തുടർന്ന് ടി വസ്തു ടി SRO യിലെ 703/2021 നമ്പർ ധനനിശ്ചയാധാരപ്രകാരം ശ്രീമതി. നൈനാറാണി ടിയാളുടെ ഭർത്താവ് ശ്രീ.റോയ് പ്രഭാകരൻ പേർക്ക് കൈമാറിയിട്ടുള്ളതും 11454 നമ്പർ തണ്ടപ്പേർ പ്രകാരം കരം ഒടുക്കി വന്നിട്ടുള്ളതുമാകുന്നു. ടി വസ്തുവാണ് ആറ്റിങ്ങൽ റീസർവ്വെ സൂപ്രണ്ടാഫീസിലെ SA 28/1998 നമ്പർ അദാലത്ത് ഫയൽ പ്രകാരം എതിർകക്ഷി കൈവശപ്പെടുത്താൻ ശ്രമിച്ചത്. ആയത് ശ്രദ്ധയിൽപ്പെട്ട ഞങ്ങൾ മേൽ അദാലത്ത് ഫയൽ പകർപ്പ് ലഭ്യമാക്കാൻ അപേക്ഷകൾ നൽകിയിട്ടും ആദ്യം ലഭ്യമല്ല എന്ന മറുപടി ലഭിച്ചതിനാൽ അപ്പീൽ പരാതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വർഷങ്ങൾ കഴിഞ്ഞാണ് ടി ഫയൽ പകർപ്പ് ലഭ്യമായത്. ടി

"വിവരാവകാശ നിയമം-2005 പ്രകാരം നൽകുന്നത്"

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഫയൽ പരിശോധിച്ചതിൽ തങ്ങളുടെ ഭൂമിയുടെ വിവരങ്ങൾ കൃത്യമായി സബ് ഡിവിഷൻ ചെയ്ത് രേഖപ്പെടുത്തിയിരുന്നതിനെ ആരുടേയോ നിർദ്ദേശാനുസരണം റദ്ദ് ചെയ്തിരിക്കുന്നതായും ഇതിനെതിരെ റവന്യൂ വകുപ്പിനും വിജിലൻസിനും പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ആ സമയത്തെ ചിറയിൻകീഴ് ഭൂരേഖാ തഹസിൽദാർ, കരവാരം വില്ലേജ് ആഫീസർ എന്നിവർക്കെതിരായി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാകുന്നു. ടി നടപടി പ്രകാരം ചിറയിൻകീഴ് ഭൂരേഖാ തഹസിൽദാരെ ഞങ്ങളുമായി ബന്ധപ്പെട്ട അന്വേഷണങ്ങളിൽ നിന്നും മാറ്റി നിർത്തുവാൻ ബഹുമാനപ്പെട്ട ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതും ആകുന്നു. കൂടാതെ ഞങ്ങളുടെ ഭൂമിയുമായി ബന്ധപ്പെട്ട് പൊസെഷൻ & നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റുകൾക്കായി കരവാരം വില്ലേജിൽ അപേക്ഷിച്ചിരുന്നുവെങ്കിലും അവകാശതർക്കം നിലനില്ക്കുന്നു എന്ന കാരണം പറഞ്ഞ് ഞങ്ങളുടെ അപേക്ഷ പ്രസ്തുത വില്ലേജ് ആഫീസർ നിരസിച്ചിട്ടുള്ളതാകുന്നു. എന്നാൽ എതിർകക്ഷികൾക്ക് യാതൊരു തടസവും ഇല്ലാതെ തന്നെ ആവശ്യമായ സർട്ടിഫിക്കറ്റുകൾ അനുവദിച്ചിട്ടുള്ളതാണ്. ആയതിനാൽ കുറ്റാരോപിതരും അഴിമതിക്കാരുമായ ഇത്തരം ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കമെന്നും ടി പരാതിയുടെ അന്വേഷണത്തിൽ ടിയാൾമാരുടെ നടപടികൾ റദ്ദ് ചെയ്യണമെന്നും ആവശ്യപ്പെടുകയുണ്ടായി.

<u>എതിർകക്ഷിയുടെ മൊഴി.</u>

ടി പരാതിയിൽ സൂചിപ്പിക്കുന്ന ആരോപണം ശുദ്ധകളവാണ്. ആയത് നിഷേധിക്കുന്നു യഥാർത്ഥത്തിൽ ആറ്റിങ്ങൽ റീസർവ്വെ സൂപ്രണ്ട് ആഫീസിലെ SA 28/1998 എന്ന അദാലത്ത് അപേക്ഷ പാത്തുമുത്തു എന്നയാളുടെ പേരിലാണ്. ആയതിന്റെ ഫോറം നമ്പർ 7 ൽ പരാതിക്കാരിയായ നൈനാറാണിയാണ് തെറ്റായി ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി അദാലത്ത് ഫയൽ റദ്ദു ചെയ്തതായും കാണുന്നു. കൂടാതെ ടി പരാതികക്ഷിയായ നൈനാറാണിക്ക് അവകാശപ്പെട്ട ഭൂമി നിലവിൽ കരവാരം വില്ലേജ് ബ്ലോക്ക് 39 ൽ റീസർവ്വെ നമ്പർ 82/16 ഉൾപ്പെട്ടതും ഈരാണിക്കോണം പുത്തൻവീട്ടിൽ നടരാജൻ മകൻ ജയകുമാർ പേരിൽ കൈവശം വച്ചിരിക്കുന്ന സ്ഥലമാണെന്നും ആയത് വ്യാജഅദാലത്ത് പ്രകാരം നൈനാറാണിയിൽ നിന്നും ജയകുമാർ പേരിലേയ്ക്ക് മാറ്റപ്പെട്ടതാണെന്നും ആയതിനാൽ സമക്ഷത്തിൽ ദയവുണ്ടായി എനിക്കെതിരെ നൽകിയ വ്യാജപരാതിയുടെ നിജസ്ഥിതി അന്വേഷിച്ച് ബോധ്യപ്പെട്ടശേഷം തെറ്റ് ചെയ്തവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

"വിവരാവകാശ നിയമം-2005 പ്രകാരം നൽകുന്നത്"

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ചിറയിൻകീഴ് ഭൂരേഖാ തഹസിൽദാരുടെ റിപ്പോർട്ട്.

നാവായിക്കുളം SRO യിലെ 04.01.2014 ലെ 28/2014 നമ്പർ ധനനിശ്ചയാധാരപ്രകാരം ഭാസ്കരൻ മകൾ ഓമന എന്ന കക്ഷി ഗോവിന്ദരാജ് സെൻ, ഗോവിന്ദരാജ് ബെൻ, സൈനാറാണി, ബാലരാവണൻ എന്നിവർ പേരിൽ 9835 നമ്പർ തണ്ടപ്പേർ പ്രകാരം കരവാരം വില്ലേജിൽ ബ്ലോക്ക് 39 റീസർവ്വെ നമ്പർ 82/5-8 ൽ പ്പെട്ട 02.27.44 ഹെക്ടർ പുരയിടം 12.03.2014 തിയതിയിലെ PV.625/13 തീർച്ച പ്രകാരം പോക്കുവരവ് ചെയ്ത് കരം ഒടുക്കി വരുന്നു. നാവായിക്കുളം SRO യിലെ 12.04.2021 ലെ 703/2021 നമ്പർ ധനനിശ്ചയാധാരപ്രകാരം ബാലൻ മകൾ നൈനാറാണി എന്ന കക്ഷി ശ്രീ.റോയ് പ്രഭാകരൻ പേരിൽ കരവാരം വില്ലേജിലെ ബ്ലോക്ക് 39 റീസർവ്വെ 82/5-7 ൽ 40.47 ആർ പുരയിടം 27.04.2021 ലെ PV.174/2021 നമ്പർ തീർച്ച പ്രകാരം പോക്കുവരവ് ചെയ്ത് 11454 നമ്പർ തണ്ടപ്പേരിൽ കരം ഒടുക്കി വരുന്നതുമാണ്. ടി രണ്ട് ആധാരത്തിലേയും എലുകകൾ തമ്മിൽ സമാന സ്വഭാവമുള്ളതായി രേഖപ്പെടുത്തി കാണുന്നു. വർക്കല SRO യിലെ 9.12.1980 ലെ 3321/1980 നമ്പർ വിലയാധാരപ്രകാരം കരവാരം വില്ലേജിൽ മുൻസർവ്വെ 2529/71-2 ൽപ്പെട്ട 40.47 ആർ പുരയിടം മുഹമ്മദ് കുഞ്ഞ് മകൻ മീരാസായുവിൽ നിന്നും ശ്രീമതി. നൈനാറാണിക്ക് സിദ്ധിച്ചിട്ടുള്ളതും ടി സ്ഥലം ടിയാൾ റോയ് പ്രഭാകരൻ പേരിൽ എഴുതി നൽകിയിട്ടുള്ളതുമാണ്. ടി ഒരേ വസ്തുവിന് രണ്ടുകക്ഷികൾ അവകാശവാദം ഉന്നയിക്കുന്നു. കരവാരം വില്ലേജിൽ ബ്ലോക്ക് നമ്പർ 39 ൽ റീസർവ്വെ 82/5 ൽ 04.18.40 ഹെക്ടർ സ്ഥലം 827 നമ്പർ തണ്ടപ്പേർ പ്രകാരം ഗോവിന്ദൻ ബാലൻ, കനകലത ഓമന എന്നിവരുടെ പേരിൽ വന്നിട്ടുള്ളതാണ്. കരവാരം വില്ലേജിൽ റീസർവ്വെ നിലവിൽ വന്ന 1994 വർഷം മുതൽ 1997 വരെ ടി തണ്ടപ്പേരിൽ കരം ഒടുക്കി വന്നിരുന്നു. എന്നാൽ 17.12.1998 ലെ PV.426/1998 പ്രകാരം മേൽ 04.18.40 ഹെക്ടർ വസ്തുവിൽ നിന്നും 01.90.96 ഹെക്ടർ വസ്തു 5777, 5778, 5779, 5780, 5781, 5782, 5783 എന്നീ തണ്ടപ്പേരുകളിലേയ്ക്ക് പോയിട്ടുള്ളതായും മാതൃ തണ്ടപ്പേരായ 827 ൽ 02.27.44 ഹെക്ടർ വസ്തു ശേഷിക്കുന്നതായും കണ്ടെത്തി. തുടർന്ന് 12.03.2014 ലെ PV.625/13 പ്രകാരം ടി ബാക്കി വസ്തു 9835 നമ്പർ തണ്ടപ്പേരിൽ ഗോവിന്ദരാജ് സെൻ, ഗോവിന്ദരാജ് ബെൻ, സൈനാറാണി, ബാലരാവണൻ എന്നിവരുടെ പേരുകളിൽ കൂട്ടായി പോയിട്ടുള്ളതും മാതൃതണ്ടപ്പേർ ശൂന്യമായി തീരുകയും ചെയ്തിരുന്നു. ഇപ്രകാരം കക്ഷികൾ കൈവശവസ്തുവിന് കരം ഒടുക്കിവരവെ ടി കക്ഷികളുടെ വസ്തുവിന്റെ ഒരു ഭാഗത്തുകൂടി വിഴിഞ്ഞം-നാവായിക്കുളം OUTER RING ROAD കടന്നുപോകുന്നതിന്റെ ഭാഗമായി LA നോട്ടിഫിക്കേഷൻ വന്നിട്ടുള്ളതാണ്. ഇതിനെതുടർന്ന് ടി കക്ഷികൾ തമ്മിൽ കൈവശ അതിർത്തിയെ സംബന്ധിച്ച് രൂക്ഷമായ അവകാശതർക്കം ആരംഭിക്കുകയും വിവിധ കോടതികളിലും ജില്ലാ കളക്ടറേറ്റ്, വിജിലൻസ് എന്നിവിടങ്ങളിൽ പരാതി ഉന്നയിക്കുകയും

"വിവരാവകാശ നിയമം-2005 പ്രകാരം നൽകുന്നത്"

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ഡെപ്യൂട്ടി സൂപ്രണ്ട്
സർവ്വെ സൂപ്രണ്ടിന്റെ കാര്യാലയം
തിരുവനന്തപുരം-14

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ചെയ്തിട്ടുള്ളതാണ്. വില്ലേജ് ഓഫീസർ, താലൂക്ക് സർവ്വെയർ, ഭൂരേഖാ തഹസിൽദാർ എന്നിവർ നേരിട്ട് പരാതിക്ക് ആസ്പദമായ സ്ഥലം സന്ദർശിക്കുകയും വിവിധ റിക്കാർഡുകളും ആധാരങ്ങളും പരിശോധിച്ച് നേരിൽ കേൾക്കുകയുണ്ടായിട്ടും കക്ഷികൾ തമ്മിൽ രൂക്ഷമായ അവകാശതർക്കം ഉന്നയിച്ച സാഹചര്യത്തിൽ കക്ഷികൾക്ക് കരവാരം പഞ്ചായത്ത്. ഔട്ടർ റിംഗ് റോഡ് കിളിമാനൂർ എന്നീ ആഫീസുകളിലേയ്ക്ക് കരവാരം വില്ലേജ് ആഫീസർ മുൻകാലങ്ങളിൽ നൽകിയ പൊസഷൻ, ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ പരിഗണിക്കേണ്ടതില്ല എന്ന് കാണിച്ച് ടി ആഫീസുകളിൽ അറിയിപ്പ് നൽകിയിട്ടുണ്ട്.

ആറ്റിങ്ങൽ റീസർവ്വെ സൂപ്രണ്ട് ആഫീസിലെ SA 28/1998 നമ്പർ അദാലത്ത് ഫയൽ.

തിരുവനന്തപുരം ജില്ല ചിറയിൻകീഴ് താലൂക്ക് കരവാരം വില്ലേജ് ബ്ലോക്ക് നമ്പർ 39 റീസർവ്വെ 82/5 ൽ ഉൾപ്പെട്ട SA.28/1998 ഫയലും ഇതോടൊപ്പമുള്ള അനുബന്ധ ഫയലുകളായ ബി1-564/98, SA-801/96 - 806/96 എന്നിവ പരിശോധിച്ചതിൽ പരാതിക്കാസ്പദമായ SA.28/1998 ഫയൽ കരവാരം വില്ലേജിൽ തോട്ടയ്ക്കാട് ദേശത്ത് കല്ലുവിളാകത്തു പുത്തൻ വീട്ടിൽ കാസ്യൻകുഞ്ഞ് മകൾ പാത്തുമുത്തു എന്നയാളുടെ പേരിലാണ് ആരംഭിച്ചിരിക്കുന്നത്. ടി പരാതിയിലെ പ്രധാന ആരോപണമായ വ്യാജ ഒപ്പ് രേഖപ്പെടുത്തിയതായി പറയുന്ന രേഖകൾ പരിശോധിച്ചതിൽ ആയത് ടി SA ഫയലിലെ അനുബന്ധ ഫയലായി ചേർത്തിരിക്കുന്ന SA-1162/1995 എന്ന അദാലത്ത് ഫയലിന്റെ ഭാഗമായിട്ടാണ് കാണപ്പെടുന്നത്. ടി ഫയലിന്റെ ഫോറം നമ്പർ 7 ലെ റീസർവ്വെ 82/5, 18, 19, 20, 21 എന്നിവ ഉൾപ്പെടുന്ന ഭാഗത്താണ് പരാതിയിലെ വ്യാജഒപ്പ് എന്ന് ആരോപിക്കുന്ന പരാതികക്ഷിയുടെ പേരിലെ ഒപ്പ് കാണപ്പെടുന്നത്. എന്നാൽ SA.28/1998 ഫയലിൽ അനുബന്ധമായി ചേർത്തിരിക്കുന്ന മറ്റൊരു അദാലത്ത് ഫയലായ SA.801/1996 പരിശോധിച്ചതിൽ ആയതിലെ താലൂക്ക് സർവ്വെയറുടെ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ മേൽ SA.1162/1995 നമ്പർ ഫയൽ പ്രകാരമുള്ള മാറ്റങ്ങൾ സ്പെഷ്യൽ തഹസിൽദാർ ആഫീസിൽ നിന്നും വില്ലേജിൽ തണ്ടപ്പേർ പിടിക്കുകയോ റിക്കാർഡുകളിൽ മാറ്റം വരുത്തുകയോ ചെയ്യാത്തതിനാൽ ടി സബ്ഡിവിഷൻ പൂർണ്ണമായും റദ്ദ് ചെയ്യുകയും പകരം ടി SA.801/1996 പ്രകാരമുള്ള മാറ്റങ്ങൾ ടി ഫയലിലും വില്ലേജ് റിക്കാർഡുകളിലും വരുത്തുകയും ചെയ്തിരിക്കുന്നു. ടി വരുത്തിയ മാറ്റങ്ങൾ SA.28/1998 ഫയൽ പ്രകാരം എന്ന രീതിയിലാണ് വില്ലേജ് റിക്കാർഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

"വിവരാവകാശ നിയമം-2005 പ്രകാരം നൽകുന്നത്"

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കരവാരം വില്ലേജ് ആഫീസറുടെ റിപ്പോർട്ട്.

തിരുവനന്തപുരം ജില്ല ചിറയിൻകീഴ് താലൂക്ക് കരവാരം വില്ലേജ് ബ്ലോക്ക് നമ്പർ 39 റീസർവ്വെ 82/5 ൽ ഉൾപ്പെട്ടുവരുന്ന എല്ലാ സബ്ഡിവിഷനുകളുടേയും നിലവിലെ തണ്ടപ്പേർ വിവരങ്ങൾ, അനുബന്ധ അടിസ്ഥാന നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ച് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം കരവാരം വില്ലേജ് ബ്ലോക്ക് നമ്പർ 39 റീസർവ്വെ 82/5-7 ൽ 40.47 ആർ സ്ഥലത്തിന് നിലവിൽ വർക്കല താലൂക്കിൽ ചെറുന്നിയൂർ വില്ലേജിൽ ചെറുന്നിയൂർ ദേശത്ത് ദളവാപുരം മുണ്ടുതോപ്പിൽ പ്രഭാകരൻ മകൻ റോയി പ്രഭാകരൻ പേരിൽ 11454 നമ്പർ തണ്ടപ്പേർ പ്രകാരവും, റീസർവ്വെ 82/5-3 ൽ 25.09 ആർ സ്ഥലത്തിന് നിലവിൽ മേൽപടിയാൻ തന്നെ 11269 നമ്പർ തണ്ടപ്പേർ പ്രകാരവും, റീസർവ്വെ 82/5-2 ൽ 01.62 ആർസ് സ്ഥലത്തിന് നിലവിൽ ചെറുന്നിയൂർ ശ്രീലങ്കാപുരിയിൽ ബാലൻ മകൾ നൈനാറാണി പേരിൽ 9834 നമ്പർ തണ്ടപ്പേർ പ്രകാരവും കൈവശം വച്ച് 01.04.2023 തിയതി വരെ കരം ഒടുക്കി വരുന്നതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിൽ നിന്നും പരാതികക്ഷിയുടെയും ഭർത്താവിന്റേയും അവകാശമായി ലഭ്യമായിരുന്ന ഭൂമി (40.47+25.09+01.62=67.18 ആർസ്) നിലവിലെ റിക്കാർഡുകൾ പ്രകാരം അവരുടെ കൈവശത്തിൽ തന്നെയാണ് സ്ഥിതി ചെയ്യുന്നത്.

സർവ്വെ വിജിലൻസ് കണ്ടെത്തലുകളും നിഗമനവും.

തിരുവനന്തപുരം ജില്ല ചിറയിൻകീഴ് താലൂക്ക് കരവാരം വില്ലേജിൽ ബ്ലോക്ക് നമ്പർ 39 ൽ റീസർവ്വെ 82/5 ൽ 04.18.40 ഹെക്ടർ സ്ഥലം 827 നമ്പർ തണ്ടപ്പേർ പ്രകാരം ഗോവിന്ദൻ മകൻ ബാലൻ, ടിയാൾ ഭാര്യ കനകലത മകൾ ഓമന എന്നിവരുടെ പേരിൽ വന്നിട്ടുള്ളതാണ്. ടി സ്ഥലം കരവാരം വില്ലേജിന്റെ റീസർവ്വെ നിലവിൽ വന്ന 1994 വർഷം മുതൽ 1997 വരെ ടി തണ്ടപ്പേരിൽ കരം ഒടുക്കി വന്നിരുന്നു. എന്നാൽ 17.12.1998 ലെ PV.426/1998 പ്രകാരം മേൽ 04.18.40 ഹെക്ടർ വസ്തുവിൽ നിന്നും 01.90.96 ഹെക്ടർ വസ്തു 5777, 5778, 5779, 5780, 5781, 5782, 5783 എന്നീ തണ്ടപ്പേരുകളിലേയ്ക്ക് പോയിട്ടുള്ളതും മാതൃ തണ്ടപ്പേരായ 827 ൽ 02.27.44 ഹെക്ടർ വസ്തു ശേഷിക്കുകയും ചെയ്തു. തുടർന്ന് 12.03.2014 ലെ PV.625/13 പ്രകാരം ടി ബാക്കി വസ്തു 9835 നമ്പർ തണ്ടപ്പേരിൽ ഗോവിന്ദരാജ്സെൻ, ഗോവിന്ദരാജ്ബെൻ, സൈനാറാണി, ബാലരാവണൻ എന്നിവരുടെ പേരുകളിൽ കൂട്ടായി പോയിട്ടുള്ളതും മാതൃതണ്ടപ്പേരിൽ നിലവിലെ വില്ലേജ് റിക്കാർഡുകൾ പ്രകാരം 4.00 ആർസ് സ്ഥലം അവശേഷിക്കുകയും ചെയ്തിട്ടുണ്ട്.

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സർവ്വെ സൂപ്രണ്ട്
സർവ്വെ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം-14

"വിവരാവകാശ നിയമം-2005 പ്രകാരം നൽകുന്നത്"

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

തിരുവനന്തപുരം ജില്ല ചിറയിൻകീഴ് താലൂക്ക് കരവാരം വില്ലേജ് ബ്ലോക്ക് നമ്പർ 39 റീസർവ്വെ 82/5-7 (മുൻപ് സർവ്വെ നമ്പർ 82/5-6) ൽ ഉൾപ്പെട്ട 40.45 ആർ (1ഏക്കർ) വസ്തുവാണ് പരാതിക്കാധാരമായി വന്നിരിക്കുന്നത്. ടി വസ്തു നാവായിക്കുളം SRO യിലെ 3321/1980 നമ്പർ വിലയാധാരപ്രകാരം വാങ്ങിയപ്പോൾ മൈനറായിരുന്ന നൈനാറാണി പേരിൽ പിതാവ് ശ്രീ.ബാലൻ വിലയ്ക്ക് വാങ്ങി അവകാശം സിദ്ധിച്ചിട്ടുള്ളതും ടിയാന്റെ മരണശേഷം ശ്രീമതി. നൈനാറാണി പേരിൽ മേൽ ഖണ്ഡികയിൽ വിവരിച്ചതിലെ 5777 നമ്പർ തണ്ടപ്പേർ പ്രകാരം കരം ഒടുക്കി വന്നിട്ടുള്ളതുമാകുന്നു. പരാതികക്ഷിയുടെ മറ്റൊരു കൈവശസ്ഥലം മേൽ ഖണ്ഡികയിൽ വിവരിച്ച 5780 തണ്ടപ്പേർ പ്രകാരം 25.09 ആർസ് കൈവശം വച്ച് കരം ഒടുക്കി വന്നിട്ടുള്ളതുമാകുന്നു.

എന്നാൽ തന്റെ വസ്തുവിന്റെ റീസർവ്വെ നമ്പരായ 82/5-6 ൽ തന്നെയാണ് പരാതികക്ഷിയായ ശ്രീമതി. നൈനാറാണി കരം ഒടുക്കി വരുന്നതെന്ന പരാതികക്ഷിയുടെ സഹോദരനായ ശ്രീ.ബാലരാവണൻ എന്നയാളുടെ 19.07.2017 ലെ പരാതിപ്രകാരമുള്ള അന്നത്തെ കരവാരം വില്ലേജ് ആഫീസറുടെ 24.07.2017 ലെ റിപ്പോർട്ടിൻ പ്രകാരം ശ്രീമതി. നൈനാറാണിയുടെ വസ്തുവിന്റെ വില്ലേജ് PV സബ്ഡിവിഷൻ നമ്പർ ഇരട്ടിപ്പ് വന്നു എന്ന കാരണത്താൽ 82/5-6 എന്നത് 82/5-7 എന്നാക്കിയും അന്നത്തെ പരാതിക്കാരനായ ശ്രീ. ബാലരാവണന് 82/5-6 എന്ന റീസർവ്വെ നമ്പർ അനുവദിച്ച് റിക്കാർഡുകളിൽ മാറ്റം വരുത്തുകയുണ്ടായി. കൂടാതെ ടി നടപടികളുടെ ഭാഗമായി 82/5-6 എന്ന സർവ്വെ നമ്പരിൽ ശ്രീമതി. നൈനാറാണിക്ക് അനുവദിച്ചിരുന്ന സർട്ടിഫിക്കറ്റുകൾ റദ്ദുചെയ്യുകയുമുണ്ടായി. ടി സമയത്തെ കരവാരം വില്ലേജ് ആഫീസറുടെ നടപടിയിൽ പിശക് സംഭവിച്ചിട്ടുള്ളതാണ്. സബ്ഡിവിഷൻ നമ്പർ ഇരട്ടിപ്പ് വന്നിട്ടുണ്ടെങ്കിൽ ഭൂരേഖ തഹസിൽദാരുടെ ഉത്തരവ് പ്രകാരമാണ് മാറ്റം വരുത്തേണ്ടത്. എന്നാൽ ആയതു ചെയ്യാതെ വില്ലേജ് ഓഫീസർ ഇല്ലാത്ത അധികാരം ഉപയോഗിച്ച് മാറ്റം വരുത്തിയിട്ടുള്ളതാണ്. കാരണം തഹസീൽദാർ 17.10.1998 ലെ PV.426/98 പ്രകാരം ശ്രീമതി.നൈനാറാണിക്ക് അനുവദിക്കപ്പെട്ട 82/5-6 എന്ന വില്ലേജ് PV സബ്ഡിവിഷൻ നമ്പർ മറ്റൊരാളുടെ 2017 ലെ പരാതി പ്രകാരം ഏകപക്ഷീയമായി മാറ്റിനൽകുകയാണ് ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ വില്ലേജ് PV സബ്ഡിവിഷൻ നമ്പരിൽ ഇരട്ടിപ്പ് സംഭവിച്ചിട്ടുണ്ടെങ്കിൽ തന്നെ 3321/1980 നമ്പർ വിലയാധാരപ്രകാരം ലഭ്യമായതും ആദ്യം വില്ലേജ് PV സബ്ഡിവിഷൻ നമ്പർ ലഭിച്ച ശ്രീമതി. നൈനാറാണി പേരിലെ വസ്തുവിനായിരുന്നു മേൽ 82/5-6 എന്ന നമ്പർ നൽകേണ്ടിയിരുന്നത്. ടി നടപടി സംബന്ധിച്ച് അന്നത്തെ കരവാരം വില്ലേജ് ആഫീസറുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായി കാണുന്നു.

ഡെപ്യൂട്ടി ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ്
സർവ്വെ സൂപ്രണ്ട്
നെടുമങ്ങാട് താലൂക്കിന്റെ കാര്യാലയം
തിരുവനന്തപുരം-14

"നിയമാനുസൃത നിയമം-2005 പ്രകാരം നൽകുന്നത്"

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പരാതിക്കാസ്പദമായ ആറ്റിങ്ങൽ റീസർവ്വെ സൂപ്രണ്ട് ആഫീസിലെ SA.28/1998 നമ്പർ അദാലത്ത് ഫയൽ പരിശോധിച്ചതിൽ ആയത് SA.28/1998, ബി1.564/1998, SA.1162/1995, SA.801-806/1996 എന്നീ ഫയലുകൾ ചേർന്ന് ഒരു ഫയൽ ആയി കാണുന്നു. ഇതിൽ പരാതിക്കാസ്പദമായ ഒപ്പ് രേഖപ്പെടുത്തികാണുന്നത് SA.1162/1995 നമ്പർ ഫയൽ പ്രകാരമുള്ള ഫോറം നമ്പർ 7 ൽ ആണ്. ടി ഫോറം നമ്പർ 7 **"തോട്ടയ്ക്കാട് ദേശത്ത് ഈരാണിക്കോണത്ത് കല്ലുവിളാകത്ത് വീട്ടിൽ കാസിയം കുഞ്ഞ് സുബൈദാബീവി, നബീസാബീവി,പാത്തുമുത്തു, ചെറുന്നിയൂർ വില്ലേജിൽ ടി ദേശത്ത് ശ്രീലങ്കാപുരിയിൽ ഗോവിന്ദൻ മകൻ ബാലൻ "** എന്നിവരുടെ പേരിലാണ് ആയതിനാൽ ടി ഫോറം നമ്പർ 7 ൽ പരാതികക്ഷിയായ ശ്രീമതി. നൈനാറാണി ഒപ്പ് രേഖപ്പെടുത്തേണ്ടതായി കാണുന്നില്ല. എന്നിരുന്നാലും പരാതിയിൽ ആരോപിക്കുംപ്രകാരം ടിയാളുടെ വ്യാജഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ തന്നെ ആയത് സർവ്വെ വിജിലൻസിന്റെ അന്വേഷണ പരിധിയിൽ വരാത്തതിനാൽ ടി വിഷയം സംബന്ധിച്ച് പോലീസ് വിജിലൻസ് മുഖേന അന്വേഷണം നടത്തുന്നതാണ് ഉചിതമെന്ന് പരാതികക്ഷിയെ അറിയിക്കാവുന്നതാണ്. ടി അദാലത്ത് ഫയൽ താലൂക്ക് സർവ്വെയറുടെ 12.05.1998 ലെ റിപ്പോർട്ടിൻപ്രകാരം 29.10.1998 ന് റദ്ദു ചെയ്തതിനാൽ ടി ഫയൽ പ്രകാരമുള്ള മാറ്റങ്ങൾ യാതൊന്നും തന്നെ റീസർവ്വെ, റെവന്യു റിക്കാർഡുകളിൽ വന്നിട്ടില്ലാത്തതിനാൽതന്നെ ഇക്കാര്യത്തിൽ മറ്റു വകുപ്പുതല തുടർനടപടികൾ സ്വീകരിക്കേണ്ടതായി കാണുന്നില്ല.

എന്നാൽ ആരോപണവിധേയമായ അദാലത്ത് ഫയൽ പരിശോധിച്ചതിൽ SA.1162/1995 നമ്പർ ഫയൽ റദ്ദു ചെയ്തതിൻപ്രകാരം അംഗീകരിക്കപ്പെട്ട SA.801/1996 നമ്പർ ഫയൽ പ്രകാരം കരവാരം വില്ലേജ് ബ്ലോക്ക് നമ്പർ 39 റീസർവ്വെ നമ്പർ 82/5 ന്റേതായി 0342.40 ഹെക്ടർ സ്ഥലത്തിന് 827 നമ്പർ തണ്ടപ്പേരിലെ മുൻകക്ഷികളായ **"ചെറുന്നിയൂർ വില്ലേജിൽ ടി ദേശത്ത് കല്ലുവിള വീട്ടിൽ ഗോവിന്ദൻ മകൻ ബാലൻ, ചെറുന്നിയൂർ ദേശത്ത് താന്നിമൂട്ടിൽ കിഴക്കതിൽ വീട്ടിൽ കനകലത ഓമന" പേരിനൊപ്പം പരാതികക്ഷിയായ ശ്രീലങ്കാപുരിയിൽ ബാലൻ മകൾ നൈനാറാണി"** എന്ന പേരുകൂടി ചേർത്ത് ഫോറം നമ്പർ 7 നും വില്ലേജിൽ ആയതിന് 4903 നമ്പർ തണ്ടപ്പേരും നല്കി കാണുന്നു. നിലവിൽ അത്തരമൊരു ഭൂമി കൈവശവും, അവകാശരേഖകൾ പ്രകാരവും ഇല്ലാത്തതിനാലും ടി വസ്തുവകകൾ 827 തണ്ടപ്പേർ കക്ഷികളുടെ മക്കളുടെ പേരിലേയ്ക്ക് കൈമാറ്റം ചെയ്യുകാണുന്നതിനാലും നിലവിലെ കരവാരം വില്ലേജ് ബ്ലോക്ക് 39 ലെ **"4903"** നമ്പർ തണ്ടപ്പേർ റദ്ദു ചെയ്യാനുള്ള ശുപാർശ ബന്ധപ്പെട്ട ചിറയിൻകീഴ് താലൂക്ക് ഭൂരേഖാ തഹസിൽദാർക്ക് നൽകാവുന്നതാണ്.

"വിവരവകാശ നിയമം–2005 പ്രകാരം നൽകുന്നത്"

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പരാതിയിലെ എതിർകക്ഷിയായ ശ്രീ.സൈനാറാണിയുടെ ആരോപണപ്രകാരം നിലവിൽ കരവാരം വില്ലേജ് ബ്ലോക്ക് 39 ൽ റീസർവ്വെ നമ്പർ 82/16 ഉൾപ്പെട്ടതും ഈരാണിക്കോണം പുത്തൻവീട്ടിൽ നടരാജൻ മകൻ ജയകുമാർ പേരിൽ കൈവശം വച്ചിരിക്കുന്നതുമായ വസ്തുവിന്റെ ഉടമസ്ഥരേഖകൾ പരിശോധിച്ചതിൽ ടി വസ്തു നാവായിക്കുളം SRO യിലെ 746/1973 ഭാഗപത്രപ്രകാരം **ഈരാണിക്കോണം പുത്തൻവീട്ടിൽ ഗോപാലൻ മകൻ** റൈറ്റ് പേരിൽ ലഭ്യമായതും തുടർന്ന് നാവായിക്കുളം SRO യിലെ 1040/1993 നമ്പർ വിലയാധാരപ്രകാരം **ഈരാണിക്കോണം പുത്തൻവീട്ടിൽ നടരാജൻ മകൻ ജയകുമാർ** പേരിൽ ലഭ്യമായ 70 സെന്റും അളവിൽ കൂടുതൽ ഉള്ള വസ്തുവുമാണ്. ടിയാൻ ആയത് 4815 തണ്ടപ്പേരിൽ കരം ഒടുക്കി കൈവശം വച്ച് വരുന്നു. വില്ലേജ് രേഖകൾ പരിശോധിച്ചതിൽ കരവാരം വില്ലേജ് റീസർവ്വെ-ക്ക് ശേഷം റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ വേളയിൽ സർവ്വെ 82/16 എന്ന സബ്ഡിവിഷനിൽ പരാതികക്ഷിയുടേയും എതിർകക്ഷിയുടേയും മാതാവായ **"താന്നിമൂട്ടുകിഴക്കതിൽ വീട്ടിൽ കനകലത ഓമന** പേരിൽ 832 എന്ന തണ്ടപ്പരിൽ തെറ്റായി രേഖപ്പെടുത്തുകയുണ്ടായി". ടി 82/16 ന്റെ യഥാർത്ഥ അവകാശ കക്ഷിയായ ഈരാണിക്കോണം പുത്തൻവീട്ടിൽ നടരാജൻ മകൻ ജയകുമാറിനു വേണ്ടി ടിയാൾ ഭാര്യ ശ്രീമതി. ബിന്ദുവിന്റെ 23.08.1996 ലെ SA-650/1996 അപേക്ഷയിലെ ആറ്റിങ്ങൽ റീ സർവ്വേ സൂപ്രണ്ട് ന്റെ ഉത്തരവ് പ്രകാരം ടി വസ്തുവിന്റെ ആവകാശ രേഖകളും, കൈവശ പ്രകാരവുമുള്ള യഥാർത്ഥ ഉടമയായ ജയകുമാർ പേരിൽ 4815 തണ്ടപ്പേരിൽ മാറ്റംവരുത്തുകയുണ്ടായി.

ടി വസ്തുതകളിൽ നിന്നും നൈനാറാണിക്ക് അവകാശപ്പെട്ട വസ്തു ടി 82/16 ആണെന്ന എതിർകക്ഷി സൈനാറാണിയുടെ ആരോപണം അടിസ്ഥാനരഹിതമാണെന്ന് മനസിലാകുന്നു. പരാതികക്ഷിയായ നൈനാറാണിക്ക് അവകാശമായി ലഭ്യമായിരുന്ന വസ്തുവകകളായ കരവാരം വില്ലേജ് ബ്ലോക്ക് 39 ൽ ഉൾപ്പെട്ട 82/5-7 ൽ 40.45 ആർസ് (1 ഏക്കർ), 82/5-3 ൽ 25.09 ആർസ് (62 സെന്റ്) എന്നിവ നാവായിക്കുളം SRO യിലെ യഥാക്രമം 703/2021, 349/2020 എന്നീ ധനനിശ്ചയാധാരപ്രകാരം 11454,11269 തണ്ടപ്പേരുകളിൽ **"നൈനാറാണി ഭർത്താവ് മുണ്ടുതോപ്പിൽ പ്രഭാകരൻ മകൻ ശ്രീ. റോയ് പ്രഭാകരൻ"** പേരിൽ കരം ഒടുക്കി വരുന്നു. മറ്റൊരു സബ്ഡിവിഷനായ 82/5-2 ലെ 01.62 ആർസ് (4 സെന്റ്) സ്ഥലം പരാതികക്ഷിയായ നൈനാറാണി പേരിൽ 9834 നമ്പർ തണ്ടപ്പേരിലും കരം ഒടുക്കി വരുന്നു. മേൽ സബ്ഡിവിഷനുകളുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളും മറ്റ് സേവനങ്ങളും ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിക്കാൻ വില്ലേജ് ആഫീസർ, ഭൂരേഖാ തഹസിൽദാർ എന്നിവർക്ക് നിർദ്ദേശം നൽകാവുന്നതാണ്.

ഇലക്ട്രിക് ഇൻ-ചാർജ്ജ് ഓഫീസർ & സർവ്വെ സൂപ്രണ്ട് സർവ്വെ ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം-14

"വിവരാവകാശ നിയമം-2005 പ്രകാരം നൽകുന്നത്"

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ആകയാൽ പരാതിക്കാധാരമായ വസ്തു ഉൾപ്പെടെ തിരുവനന്തപുരം ജില്ല ചിറയിൻകീഴ് താലൂക്ക് കരവാരം വില്ലേജിൽ ബ്ലോക്ക് നമ്പർ 39 ൽ റീസർവ്വെ 82/5 ൽ ഉൾപ്പെട്ട 04.18.40 ഹെക്ടർ സ്ഥലം 827 നമ്പർ തണ്ടപ്പേർ പ്രകാരം ഗോവിന്ദൻ മകൻ ബാലൻ, ടിയാൾ ഭാര്യ കനകലത മകൾ ഓമന എന്നിവരുടെ പേരിൽ ഒന്നായി കൈവശം വച്ചനുഭവിച്ച് വന്നിരുന്നതുമായ ടി ഭൂമി തങ്ങളുടെ കാലശേഷം മക്കളുടെ പേരിലേയ്ക്ക് കൈമാറിയിരുന്നതും ആയത് വ്യക്തമായ അതിർത്തിയില്ലാതെയും പരസ്പരം തിരിച്ചറിയാനാകാത്ത വിധത്തിൽ കാടുമൂടി കിടന്നുവരവെ ടി ഭൂമിയുടെ സമീപത്തുകൂടി നിർദ്ദിഷ്ട വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് അലൈൻമെന്റ് അംഗീകരിക്കപ്പെടുകയും ഭൂമിഏറ്റെടുക്കൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തതിന്റെ പശ്ചാത്തലത്തിലാണ് ടി പരാതിയിലെ സഹോദരങ്ങൾ തമ്മിൽ തങ്ങളുടെ വസ്തു സംബന്ധിച്ച അവകാശ/അതിർത്തി തർക്കങ്ങൾ ഉടലെടുക്കുകയുണ്ടായത്. ആയതിന് മുൻ ഖണ്ഡികയിൽ സൂചിപ്പിച്ച കരവാരം വില്ലേജ് ബ്ലോക്ക് 39 റീസർവ്വെ 82/16 എന്ന സബ്ഡിവിഷനിൽ ഭൂഉടമയുടെ പേരിലുണ്ടായ പിശക് ഒരുപരിധിവരെ കാരണഭൂതമായിട്ടുണ്ട്. ടി അഭിപ്രായവ്യത്യാസങ്ങൾ വിവിധ കോടതികളിലേയ്ക്കും, ജില്ലാ കളക്ടറേറ്റ്, വിജിലൻസ് എന്നിവിടങ്ങളിൽ പരാതിയായി മാറപ്പെടുകയുണ്ടായി.

<u>ശുപാർശകൾ</u>

1. റീസർവ്വെ കഴിഞ്ഞ് റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജിലെ റിക്കാർഡുകളിൽ/അദാലത്ത് ഫയലുകളിൽ വ്യാജഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച അന്വേഷണം സർവ്വെ വിജിലൻസിന്റെ അന്വേഷണ പരിധിയിൽ വരാത്തതിനാൽ ടി വിഷയം സംബന്ധിച്ച് പോലീസ് വിജിലൻസ് മുഖേന അന്വേഷണം നടത്തുന്നതാണ് ഉചിതമെന്ന് പരാതികക്ഷിയെ അറിയിക്കാവുതാണ്.

2. പരാതിക്കാസ്പദമായ ആറ്റിങ്ങൽ റീസർവ്വെ സൂപ്രണ്ട് ആഫീസിലെ SA 28/1998 നമ്പർ അദാലത്ത് ഫയൽ അന്നത്തെ താലൂക്ക് സർവ്വെയറുടെ 12.05.1998 ലെ റിപ്പോർട്ടിൻപ്രകാരം 29.10.1998 ന് റദ്ദു ചെയ്തതിനാലും, ടി ഫയൽ പ്രകാരമുള്ള മാറ്റങ്ങൾ യാതൊന്നും തന്നെ റീസർവ്വെ റിക്കാർഡുകളിലോ, റവന്യൂ രേഖകളിലോ വന്നിട്ടില്ലാത്തതിനാൽ ടി വിഷയത്തിൽ മറ്റു വകുപ്പുതല തുടർനടപടികൾ സ്വീകരിക്കേണ്ടതായി കാണുന്നില്ല.

3. ആറ്റിങ്ങൽ റീസർവ്വെ സൂപ്രണ്ട് ആഫീസിലെ SA.801/1996 നമ്പർ ഫയൽ പ്രകാരം കരവാരം വില്ലേജ് ബ്ലോക്ക് നമ്പർ 39 റീസർവ്വെ നമ്പർ 82/5 ന്റേതായി

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സർവ്വെ സൂപ്രണ്ട്
സർവ്വെ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം-14

"വിവരാവകാശ നിയമം-2005 പ്രകാരം നൽകുന്നത്"

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

3.42.40 ഹെക്ടർ സ്ഥലത്തിന് 827 നമ്പർ തണ്ടപ്പേരിലെ മുൻകക്ഷികളായ "ചെറുന്നിയൂർ വില്ലേജിൽ ടി ദേശത്ത് കല്ലുവിള വീട്ടിൽ ഗോവിന്ദൻ മകൻ ബാലൻ, ചെറുന്നിയൂർ ദേശത്ത് താന്നിമൂട്ടിൽ കിഴക്കതിൽ വീട്ടിൽ കനകലത ഓമന" പേരിനൊപ്പം പരാതികക്ഷിയായ ശ്രീലങ്കാപുരിയിൽ ബാലൻ മകൾ നൈനാറാണി" എന്ന പേരുകൂടി ചേർത്ത് ഫോറം നമ്പർ 7 പ്രകാരം വില്ലേജ് രേഖകളിൽ 4903 നമ്പർ തണ്ടപ്പേർ നൽകിയിട്ടുള്ളതാണ്. നിലവിൽ അത്തരമൊരു ഭൂമി നിലവിൽ ഇല്ലാത്തതിനാലും, ടി സ്ഥലം 827 തണ്ടപ്പേർ കക്ഷികളുടെ മക്കളുടെ പേരിലേയ്ക്ക് കൈമാറ്റം ചെയ്യുകാണുന്നതിനാലും നിലവിലെ കരവാരം വില്ലേജ് ബ്ലോക്ക് 39 ലെ "4903" നമ്പർ തണ്ടപ്പേർ റദ്ദു ചെയ്യാനുള്ള ശുപാർശ ബന്ധപ്പെട്ട കരവാരം വില്ലേജ് ആഫീസർ, ചിറയിൻകീഴ് താലൂക്ക് ഭൂരേഖാ തഹസിൽദാർക്ക് നൽകേണ്ടതാണ്.

4. പരാതിക്കാധാരമായ കരവാരം വില്ലേജ് ബ്ലോക്ക് 39 ൽ ഉൾപ്പെട്ട റീസർവ്വെ 82/5 മായി ബന്ധപ്പെട്ട വില്ലേജ് PV സബ് നമ്പരുകളിലെ ഭൂഉടമകളുടെ വസ്തു സംബന്ധിച്ച അവകാശ/അതിർത്തി തർക്കങ്ങളും ആയതുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങളും തീർപ്പാകുന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികൾ തങ്ങളുടെ അതിർത്തിതർക്കം പരിഹരിക്കുന്നത് സംബന്ധിച്ച് താലൂക്കിൽ അപേക്ഷ നൽകുന്ന മുറയ്ക്ക് ആയതിൽ കാലവിളംബം കൂടാതെ നടപടി സ്വീകരിച്ച് തീർപ്പാക്കണമെന്ന് ചിറയിൻകീഴ് താലൂക്ക് ഭൂരേഖാ തഹസിൽദാർക്ക് നിർദ്ദേശം നൽകാവുന്നതാണ്.

5. പരാതികക്ഷിയായ ശ്രീമതി.നൈനാറാണിയുടേയും ഭർത്താവ് മുണ്ടുതോപ്പിൽ പ്രഭാകരൻ മകൻ ശ്രീ. റോയ് പ്രഭാകരൻ പേരിലുമുള്ള നിലവിലെ വസ്തുവകകളായ കരവാരം വില്ലേജ് ബ്ലോക്ക് 39 ൽ ഉൾപ്പെട്ട 82/5-2 ലെ 01.62 ആർസ് (4 സെന്റ്), 82/5-3 ൽ 25.09 ആർസ് (62 സെന്റ്), 82/5-7 ൽ 40.45 ആർസ് (1 ഏക്കർ), എന്നീ വില്ലേജ് പോക്കുവരവ് സബ്ഡിവിഷനുകളുമായി ബന്ധപ്പെട്ട് കരവാരം വില്ലേജ് ആഫീസ്, ചിറയിൻകീഴ് താലൂക്ക് ആഫീസ് എന്നിവിടങ്ങളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകളും ഭൂമിയും പരിശോധിച്ച് സേവനങ്ങൾ ബന്ധപ്പെട്ട കക്ഷികൾക്ക് തടസരഹിതമായി അനുവദിക്കാൻ ബന്ധപ്പെട്ട വില്ലേജ് ആഫീസർ, ഭൂരേഖാ തഹസിൽദാർ എന്നിവർക്ക് നിർദ്ദേശം നൽകാവുന്നതാണ്.

6. പരാതി സമയത്തെ കരവാരം വില്ലേജ് ആഫീസർ, ചിറയിൻകീഴ് ഭൂരേഖാ തഹസിൽദാർ എന്നിവർക്കെതിരെ പരാതികക്ഷി ആരോപണം ഉന്നയിച്ചിട്ടുണ്ടെങ്കിലും ടി ജീവനക്കാർ റവന്യൂ വകുപ്പ് ജീവനക്കാരായതിനാൽ നടപടി എടുക്കാൻ സർവ്വെ വകുപ്പിന്റെ അധികാര പരിധിയിൽ വരാത്തതിനാലും ടി ജീവനക്കാർക്കെതിരെ നിലവിൽ ജില്ലാ കളക്ടേറ്റ്, റവന്യൂ വിജിലൻസ് എന്നിവിടങ്ങളിൽ ടി വിഷയവുമായി ബന്ധപ്പെട്ട് അന്വേഷണ

സർവ്വെ സൂപ്രണ്ടിന്റെ കാര്യാലയം
തിരുവനന്തപുരം-14

"വിവരാവകാശ നിയമം-2005 പ്രകാരം നൽകുന്നത്"

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നടപടികൾ നടന്നുവരുന്നതിനാലും ഇക്കാര്യത്തിൽ മറ്റു വകുപ്പുതല തുടർനടപടികൾ സ്വീകരിക്കേണ്ടതായി കാണുന്നില്ല.

പരിശോധനയിൽ പങ്കെടുത്തവർ

1. ശ്രീ.രാജേന്ദ്രൻ പിള്ള.ആർ (വിജിലൻസ് സൂപ്രണ്ട്)
2. ശ്രീ.ജോസ്.എ (ഹെഡ് സർവ്വെയർ)
3. ശ്രീ.ശ്രീകണ്ഠൻ നായർ.പി (ഒന്നാം തരം സർവ്വെയർ)
4. ശ്രീ.വിനു.വി.എം (രണ്ടാം തരം ഡ്രാഫ്റ്റ്സ്മാൻ)

വിശ്വസ്തതയോടെ

SURVEY DIRECTOR
സർവ്വെ വിജിലൻസ് ആഫീസർ

"വിവരാവകാശ നിയമം-2005 പ്രകാരം നൽകുന്നത്"
സർവ്വെ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം-14

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

---------- Forwarded message ---------
From: **Chandranunni VP** <vpc.unni@gmail.com>
Date: Tue, 12 Nov 2024 at 12:03
Subject: ചന്ദ്രനുണ്ണി. വി പി
To: lrcommissioner@gmail.com <lrcommissioner@gmail.com>

ചെന്ത്രത്തൊടി വീട്
പോസ്റ്റ് : ചെറുകര
പെരിന്തൽമണ്ണ -679 340

ഒന്നാം അപ്പീൽ അധികാരി &
അസി. കമ്മീഷണർ (എൽ ആർ)
ലാൻഡ് റവന്യു കമ്മീഷണറുടെ കാര്യാലയം , തിരുവനന്തപുരം

സർ ,

വിഷയം : വിവരാവകാശ നിയമം-
2005 - ഒന്നാം അപ്പീൽ സം
സംബന്ധിച്ച്

സൂചന: അങ്ങയുടെ ഓഫീസിൽ നി
ന്നും ലഭിച്ച LR/10711/2024-LR
(B3) Date 04-11-2024 നമ്പർ എ
ഴുത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. എൻറെ 19.10. 2024 തിയതിയിലെ ഒന്നാം അപ്പീൽ അപേക്ഷ
യുമായി ബന്ധപ്പെട്ട് ഇന്ന് , 12.11.2024 ന്
പകൽ 11 മണിക്ക് അസി. കമ്മീഷണറുടെ ചേമ്പറിൽ നേരിട്ട് ഹാജരാകാനുള്ള നിർദ്ദേശം സൂചന (1) പ്രകാരം എനിക്കു ലഭിച്ചിട്ടുള്ളതാണ്.

ഇത്തരമൊരു ഹിയറിംഗ് ന് നേരിട്ട് ഹാജരാകാനുള്ള പ്രായോഗിക ബുദ്ധിമുട്ട് ഞാൻ അദ്ദേഹത്തെ അറിയിക്കുകയും പകരം ഒരു Google meet ലൂടെ എന്നെ കേൾക്കണമെന്ന് അദ്ദേഹത്തോട് അപേക്ഷിക്കുകയുമുണ്ടായി..(10 .11 .2024 ന് ഞാൻ അസി. കമ്മീഷണറുമായി നേരിട്ട് നടത്തിയ ടെലിഫോൺ സംഭാഷണം). എൻറെ അപേക്ഷ അനുഭവപൂർവ്വം പരിഗണിച്ചു കൊണ്ട് എൻറെ ആവശ്യം അദ്ദേഹം അംഗീകരി
ച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ Google meet ലൂടെ ഈ ഹിയറിംഗ് നടത്താനുള്ള തുടർ നടപടികൾ അങ്ങയുടെ ഓഫീസിൽ നിന്നും ഉണ്ടാവണമെന്ന് വിനയപൂർവ്വം
അപേ ക്ഷിക്കുന്നു.

ചന്ദ്രനുണ്ണി . വി പി
907225 6882

--
Sir / Madam

Please find the attachments

Assistant Commissioner (LR)
For Commissioner

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

<u>വളരെ അടിയന്തരം / സമയബന്ധിതം</u>

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ജി) വകുപ്പ്

നമ്പർ. റവ-ജി1/221/2024-റവന്യൂ **23-11-2024**,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

സർ,

വിഷയം:- കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് കണ്ണൂർ ജില്ലാ സമ്മേളനം ഒക്ടോബർ രണ്ടിന് പാസാക്കിയ പ്രമേയത്തിലെ ഭൂനികുതി ഒഴുവാക്കി തരണമെന്ന ആവശ്യം - സംബന്ധിച്ച്

സൂചന:- കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് കണ്ണൂർ ജില്ലാ ഘടകം സമർപ്പിച്ച **16-10-2024**-ലെ നിവേദനം. (*പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*)

സൂചന നിവേദനത്തിലെ, ഭിന്നശേഷിക്കാർക്ക് വാഹന നികുതിയിൽ ഇളവ് ലഭിച്ചതിന് സമാനമായി ഭൂനികുതിയിൽ പൂർണ്ണമായ ഇളവ് നൽകണമെന്ന ആവശ്യത്തിന്മേൽ താങ്കളുടെ വ്യക്തമായ അഭിപ്രായം **<u>വളരെ അടിയന്തരമായി</u>** സർക്കാരിൽ ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
SHAHANSHA A
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Sujith. G. R
സെക്ഷൻ ഓഫീസർ.
Date: 23-11-2024 13:44:44

പകർപ്പ് :- **(1).** ഗതാഗത / സാമൂഹ്യനീതി വകുപ്പ് (സൂചന നിവേദനത്തിലെ **<u>പ്രമേയം-4-ലെ ആവശ്യത്തിന്മേൽ</u>** തുടർ നടപടികൾ സ്വീകരിക്കുന്നതിനായി)

(2). സെക്രട്ടറി, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് കണ്ണൂർ ജില്ലാ ഘടകം, കുഴിച്ചാൽ, പറശ്ശിനിക്കടവ് പി.ഒ, കണ്ണൂർ - **670563.**

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

5756

KERALA FEDERATION OF THE BLIND

AFFILIATED TO INDIA CONFEDERATION OF THE BLIND NEW DELHI H.O
VANCHIYOOR (P.O), TRIVANDRUM - 695035
DISTRICTUNIT
KUZHICHAL, PO PARASSINIKKADAVU, KANNUR-670563, PH: 04972781135
email:kfbknr@gmail.com,|www.kfbknr.org
PATRON: DISTRICT COLLECTOR

RegNo.571/1969

PRESIDENT
M.M SAJID
9495728633

VICEPRESIDENT
PRASANTH T
9847411828

CHITHRAT
9400847754

SECRETARY
T.N MURALIDHARAN
9447781135

JOINTSECRETARY
FATHIMA K.T
9947356716

ABDULLAK.P
9061123223

TREASURER
K SASEENDRAN
9446778384

Ref No: 1016/24E

Date: 16-10-2024

പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ)
പരിശോധിച്ച് നിയമപരമായ
നടപടി സ്വീകരിക്കുക

1/11/24

K. RAJAN
Minister for Revenue & Housing

To
Minister Of Revanue
Room No.140, 2nd Floor
Secretariate
Thiruvananthapuram – 695001

Sir,

The resolution passed by Kerala Federation of the Blind Kannur District Conference on 2nd October is submitted for your consideration.

5. "It is requested to the government to give full exemption in revenue tax to differently abled people as they have got exemption in vehicle tax."

Muralidharan T N
Secretary
Kerala Federation of the Blind
Kannur District Unit, Pin-670563

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

KERALA FEDERATION OF THE BLIND

AFFILIATED TO INDIA CONFEDERATION OF THE BLIND NEW DELHI H.O
VANCHIYOOR (P.O), TRIVANDRUM - 695035
DISTRICTUNIT
KUZHICHAL, PO PARASSINIKKADAVU, KANNUR-670563, PH:04972781135
email:kfbknr@gmail.com,|www.kfbknr.org
PATRON: DISTRICT COLLECTOR

RegNo.S71/1969

PRESIDENT
M.M SAJID
9495728633

VICEPRESIDENT
PRASANTH T
9847411828
CHITHRAT
9400847754

SECRETARY
T.N MURALIDHARAN
9447781135

JOINTSECRETARY
FATHIMA K.T
9947356716
ABDULLAK.P
9061123223

TREASURER
K SASEENDRAN
9446778384

Ref No: 1016/24D

Date: 16-10-2024

To
Minister Of Revanue
Room No.140, 2nd Floor
Secretariate
Thiruvananthapuram – 695001

Sir,

The resolution passed by Kerala Federation of the Blind Kannur District Conference on 2nd October is submitted for your consideration.

4. "The government is requested to intervene by changing the law to allow differently abled persons who have difficulty in free movement to go home in a vehicle with the help of the government."

KERALA FEDERATION OF THE BLIND
Date: .....
KANNUR DIST. UNIT

Muralidharan T N
Secretary,
Kerala Federation of the Blind
Kannur District Unit, Pin-670563

208489575006255@cnrb

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

RL960395279 IN
07-12-2024

(16)

R 1016373 (ReH)

B3

ബഹുമാനപ്പെട്ട ലാൻഡ്റവന്യൂകമ്മീഷണർ മുൻപാകെ സമർപ്പിക്കുന്ന പരാതി

പരാതിക്കാരൻ
സി രാമചന്ദ്രൻ
രേവതി, സാഗര നഗർ-13
പുന്നത്താനം,ഉളിയക്കോവിൽപിഓ
കൊല്ലം-691019, mobile no .8547840438

എതിർകക്ഷികൾ

1. ഷാജിമോഹൻ , ചിദംബരത്തിൽ , നാലാഞ്ചിറ പി ഓ,തിരുവനന്തപുരം .
2. ജോൺപ്രിൻസ് .കെ .ആർ , വില്ലേജ് ഓഫീസർ, (2014-2018) കിഴക്കേകല്ലട.
3. കെ.എസ്.മധു,(2015-2020) Spl .വില്ലേജ് ഓഫീസർ,കിഴക്കേകല്ലട
4. തഹസീൽദാർ(2015 -2024), താലൂക്ക് ഓഫീസ് , കൊല്ലം.
5. തഹസീൽ (LR , താലൂക്ക് ഓഫീസ് , കൊല്ലം.(2015-2024)
6. ഡെപ്യൂട്ടി തഹസീൽദാർ (LRM) (2015 -2024) താലൂക്ക് ഓഫീസ് , കൊല്ലം.
7. രതീഷ് ടി എസ്, സർവ്വേയർ (2014-2024) താലൂക്ക് ഓഫീസ് , കൊല്ലം.

റവന്യൂ കമ്മീഷണറുടെ കാര്യാലയം കൈപ്പറ്റി 07 DEC 2024 തിരുവനന്തപുരം

സർ/ മാഡം,

വിഷയം:- ബഹുമാനപെട്ട റെവന്യൂ വകുപ്പ് മന്ത്രിക്ക് ഞാൻ നൽകിയ പരാതി 19-10-2022, 04-01-2024 തീയതിയിൽ R 1016373 എന്ന നമ്പറിൽ ബഹുമാനപെട്ട ജില്ലാ കളക്ടർക്ക് അയച്ചു കൊടുത്ത കത്തിന്മേൽ DCKLM/1730/2019-M10 പ്രകാരം ബഹു. തഹസിൽദാർ ഭൂരേഖയ്ക്ക് കൈമാറിയ പരാതിയിൽ അന്വേഷണം നടത്താതെ ഫയൽ തടഞ്ഞുവച്ചു അന്വേഷണം വൈകിപ്പിക്കുന്നത് സംബന്ധിച്ചു.

സൂചന :- 24 വർഷമായി വിലയാധാരം വാങ്ങിയ ഭൂമിക്ക് ആവശ്യമായ എല്ലാം രേഖകളും നൽകിയിട്ടും കരം അടയ്ക്കാൻ അനുവദിക്കുന്നില്ല.

"വ്യാജരേഖകൾ,തണ്ടപ്പേർനമ്പർ,സർവ്വേനമ്പർ,പ്രമാണം എന്നിവയും അനധികൃതപോക്കുവരവും പേരിക്കൂട്ടലും ".

ബഹു. വില്ലേജാഫീസറായിരുന്ന ജോൺപ്രിൻസ് കെ . ആർ - ഉം SPL.വില്ലേജാഫീസറായിരുന്ന കെ .എസ് മധുവും മുകളിൽ പറഞ്ഞിരിക്കുന്ന എതിർകക്ഷികളിൽ ഒന്നാമനും ഭൂമാഫിയയുമായ ഷാജിമോഹനനുവേണ്ടി വസ്തു സംബന്ധമായ രേഖകളിൽ വില്ലേജ് മാനുവലും ,ചട്ടവും ലം ഘിച്ചു വ്യാജമായി പ്രമാണവും ,തണ്ടപ്പേരും ,സർവ്വേ നമ്പറും നിർമ്മിച്ച് ഭൂമി കൈയ്യേറുന്നതിന് ഒത്താശ ചെയ്തുകൊടുക്കുന്നു. റി.സ. നമ്പരുകളും തണ്ടപ്പേരുകളും രെജിസ്റ്ററുകളിൽ ചേർക്കാതെ ക്രമവിരുദ്ധമായി പോക്കുവരവ് ചെയ്തു. പേരിൽ കൂട്ടി കരം അടക്കുന്നതിനു അനുവദിച്ചു 03-02-2007-ൽ (കുണ്ടറ SRO യിൽ)കിഴക്കേകല്ലടവില്ലേജിൽ തെക്കേമുറിയിൽ തെക്കെടുത്തു ചരുവിൽ വീട്ടിൽ നിന്നും കൊല്ലം കോർപറേഷനിൽ കടപ്പാക്കട നഗറിൽ തെക്കെടുത്തു ചരുവിൽ വീട്ടിൽ രാമൻ മകൻ പുഷ്ക്കരൻ NO.589/2007 പ്രകാരം എഴുതി നൽകിയ ആധാരത്തിന്റെ 6 -)ം പേജിൽ മുകളിൽ നിന്നും താഴെയുള്ള 5 -)ം വരി മുതൽ 8 -)ം വരി വരെ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

6 -)ം പേജിൽ മുകളിൽ നിന്നും താഴെയുള്ള 5 -)ം വരി മുതൽ 8 -)ം വരി വരെ ആധാരം തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഫീൽഡ്'343'പത്തായി (10)വിഭജിച്ചിരിക്കുന്നു. ഷാജിമോഹൻ ഭൂമി വാങ്ങിയതു 03-02 2007 -ൽ 2000 ത്തിൽ വാങ്ങിയ എൻറെ ഭൂമി പോക്കുവരവ് ചെയ്തു പേരിൽ കൂട്ടിനൽകാതെ എങ്ങനെയാണ് ഷാജിമോഹന് തെറ്റായ ആധാരം വച്ച് കരം സ്വീകരിച്ചതു .343/ 10 -ൽ 30 ആർസ് ഭൂമിയാണുള്ളത് .NO .589 / 2007 -ലെ ആധാരത്തിൽ ബ്ലോക്ക് നമ്പർ 7 -ൽ സർവ്വേ 343/ 3 -ൽ നിന്നും വീണ്ടും സബ് ഡിവിഷൻ വന്ന സർവ്വേ 343/ 10 -ൽ 30 ആർ 70ച:മീറ്റർഉള്ളതുംടി30ആർ70ച.മീറ്ററിൽനിന്നും7.28ച:മീറ്റർഷൈലജയ്ക്ക്കൊടുക്കാൻ രേഖയുണ്ടായിരുന്നിട്ടു നാളിതുവരെ നൽകിയിട്ടില്ല . സർവ്വേ 343/ 3 വീണ്ടും വിഭജിച്ചു എന്ന് എഴുതി വച്ചത്. ആധാര0 എഴുതിയ വെണ്ടർക്ക് പറ്റിയ പിശകാണ് . വില്ലേജാഫീസർ വ്യാജമായി നിർമിച്ച 343/ 10,343/ 10 -2 എന്നി രേഖകൾ ഉണ്ടാക്കുകയും തുടർന്ന് ടി വ്യാജ സർവ്വേ നമ്പറുകൾക്കും യഥാക്രമം 12201,14977 എന്ന വ്യാജ തണ്ടർപേരുകൾ ഉണ്ടാക്കി. സർവ്വേ 343/ 10 -ന് വിസ്തീർണ്ണം , 30.70 ആർ എന്നും സർവ്വേ 343/ 10 -2 ന് 7 .28 ആർ എന്നും വ്യാജരേഖ ഉണ്ടാക്കിയിരിക്കുന്നു .343/ 3 ലാണ് 30 .70 ആർസ് ഭൂമിയുള്ളത്, അതിൽ നിന്നാണ് 10 സെൻറ് പട്ടയം ചാത്തോലൻ പേർക്കും 7 .28 ആർസ് ഷൈലജ പേർക്കും പുഷ്ക്കരൻ എഴുതി നൽകിയത്.

റീസർവ്വേ നമ്പർ 343/ 3-ൽ 10 സെൻറ് ഉം 343/ 3 -ൽ 7 .28 ആർ ൻ്റെയും തെറ്റായ പിഴാതിരുത്താധാരത്തിന്റെയും അടച്ച കരം ആരുടെ അക്കൗണ്ടിലേയ്ക്ക് പോകുന്നു എന്ന വിവരവകാശത്തിൻറെ ചോദ്യത്തിന് ഫയലിൽ ഇല്ല എന്ന മറുപടിയാണ് ലഭിച്ചത് . ഞങ്ങൾ കരം അടച്ച വസ്തുക്കളുടെ പോക്കുവരവ് ഫയലുകളും, തെക്കടത്ത് ചരുവിൽ രാമൻ പുഷ്കരാനുണ്ടായിരുന്ന വസ്തുക്കളുടെ തണ്ടർപേർ കണക്കും തെറ്റായി പോക്കുവരവ്ചെയ്ത ഷാജിമോഹൻറെ പോക്കുവരവ് ഫയലുകളും വില്ലേജ് ഓഫീസർ ശ്രീ .ജോൺപ്രിൻസ് കെ .ആർ , SPL .വില്ലേജ് ഓഫീസർ കെ.എസ് മധുവും ഉൾപ്പെടെയുള്ള ഗൂഢസംഘ0 നശിപ്പിച്ചിരുക്കുന്നു.

കിഴക്കേകല്ലട വില്ലേജിൽ തെക്കേമുറിയിൽ തെക്കടത്തുചരുവിൽ വീട്ടിൽ രാമൻ മകൻ പുഷ്ക്കരൻ വക പുരയിടത്തിൽ തലമുറകളായി താമസിച്ചു വരവെ 1971 -ലെ കൂടി കിടപ്പ് നിയമപ്രകാരം എൻറെ പിതാവ് ചാത്തോലൻ നൽകിയ അപേക്ഷ പരിഗണിച്ചു് 1971 -ൽ ചിറ്റുമല ലാൻഡ് ട്രൈബ്യൂണൽ 10 സെൻറ് ഭൂമിക്കുള്ള പട്ടയ സർട്ടിഫിക്കറ്റ് നൽകുകയുണ്ടായി .രാമൻ മകൻ പുഷ്ക്കരൻ പേരിൽ മുൻസർവ്വേ നമ്പർ 2361 പ്രകാരം 10 സെൻറ് പട്ടയം ലഭിച്ചു. പട്ടയം ലഭിച്ച ഭൂമി കാടും കുന്നും മലയുമായതിനാൽ വീട് വയ്ക്കുന്നതിനോ ,പൊതുവഴിയിൽ കയറുവാനോ സാധിക്കില്ലായിരുന്നു.വീട് വയ്ക്കുന്നതിനും, പൊതുവഴിയിൽ കയറുന്നതിനും ടിയാന്റെ തന്നെ 22-സെൻറ് ഭൂമിക്കുകൂടി എൻറെ പിതാവ് പണം പുഷ്കരന് നൽകിയിരുന്നു. എൻറെ പിതാവ് മരിക്കും വരെ ഭൂമി എഴുതിനൽകിയില്ല.

മുന്നാധാരം 2361 -ൽ 2 ഏക്കർ 28 സെൻറിൽ ഭാഗപത്രപ്രകാരം , പുഷ്കരന്ബ്ലോക്ക് നമ്പർ 7 -ൽ 343/ 3 -ൽ 30 .70 ആർ (90 .40 ആറിൽ നിന്നും 343/ 3 -ൽ നിന്നും 7 .28 ആർ ഭൂമി മാത്രമാണ് എൻ്റെ സഹോദരിക്ക് എഴുതിനല്കിയതു. വഴി ഉൾപ്പെടുന്ന4 .50 സെൻറ് ബാക്കിഭൂമി വില്കുപ്പോൾ എഴുതി നൽകാമെന്ന് ഏറ്റിരുന്നതാണ്. ഈവഴിസ്ഥലത്തെ പറ്റി ഷാജിമോഹൻ 3 -2 -2007-ൽ കുണ്ടറ SRO യിൽ നമ്പർ 589/ 2007 -ലെ ആധാരത്തിന്റെ എലുകയിൽ ,വഴിക്കും ശൈലജ വസ്തുവിനും പടിഞ്ഞാറ് മാത്രമേ ഷാജിമോഹന് ഭൂമി ഉള്ളു എന്ന് പുഷ്ക്കരൻ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വസ്തുവിനും പടിഞ്ഞാറ് മാത്രമേ ഷാജിമോഹന് ഭൂമി ഉള്ളു എന്ന് പുഷ്ക്കരൻ തന്നെ പേരെഴുതി ഒപ്പിട്ടിട്ടുള്ളതാണ്. (ഷൈലജയുടെ വസ്തുവാണ് ഞാൻ വാങ്ങിയത്), ഈ ഭൂമിയും വിക്രമൻ വഴിക്ക് വേണ്ടി തന്ന വസ്തു കിഴക്കേയറ്റം റോഡിനോടുചേർന്നുള്ള00.40ആർസും,വനജാക്ഷിഅമ്പിളിശ്രീകുമാർ നൽകിയിരുന്ന 00.60 ആർസും, 2 സെൻറ് പുറമ്പോക്കും, വടവ് വാശിയും ,ഷാജിമോഹൻ കൈയേറിയിരിക്കുന്നു. എൻറെ സഹോദരി കിഴക്കേകല്ലട മണക്കടപ്പിൽ വീട്ടിൽ ചിറ്റോമ്പുലി മകൾ ഷൈലജ 1988 -മാണ്ട് ഒക്ടോബർ മാസം 27 -)o തീയതി എഴുകോൺ SRO യിൽ നിന്ന് കിഴക്കേകല്ലട തെക്കേമുറി തെക്കടത്ത് ചരുവിൽ വീട്ടിൽ രാമൻ പുഷ്കരനിൽ നിന്ന് 2350/88 -)o നമ്പർ പ്രകാരം വിലയാധാരം എഴുതി വാങ്ങിയിരുന്നു . 2000 -വരെ എൻറെ സഹോദരി സർവ്വേ നമ്പർ 343/3 -ൽ 7 .28ആർ , തണ്ടപ്പേർ നമ്പർ 4508 -ൽ കരം അടച്ചിരുന്നു .കരം അടച്ച രസീത് ഇതിനോടൊപ്പം സമർപ്പിക്കുന്നു.

2000 വരെ കരം അടച്ചുവന്ന ഭൂമി15.5.2015 -ൽ സഹോദരി ഷൈലജയിൽ നിന്നും വിലയാധാരമായി ഞാൻ വാങ്ങുകയുണ്ടായി. സാധുവായ ആധാരമായിരിക്കെ 30 .5 .1989 -ലെ റീസർവ്വേ പ്രകാരം അപ്പ്രൂവൽ ചെയ്ത ഭൂമിയിൽ ഫീൽഡ് '343' 10 ഭാഗങ്ങളായി വിഭജിച്ചിട്ടുണ്ട് 1 മുതൽ 10 വരെ ഫീൽഡ് 343 ൻറെ മാപ്പിൽ ഓരോ ഭാഗത്തിൻറെ സർവ്വേനമ്പരും വിസ്തീർണ്ണവും രേഖപ്പെടുത്തിയിരിക്കുന്നു

2 മാസത്തിന് ശേഷം ആധാരം പേരിൽകൂടി കരം അടക്കുന്നതിന് അപേക്ഷയും ആധാരത്തിന്റെ കോപ്പിയും വില്ലേജ് ഓഫീസർക്ക് നൽകുകയുണ്ടായി. എന്നാൽ വില്ലേജ് ഓഫീസർ ആധാരത്തിന്റെ പുറക് വശം 'പിഴാതിരുത്താധാരം' സബ് ഡിവിഷൻ 3 -ന് പകരം 10 / 2 എന്ന് തിരുത്തണമെന്നും വിസ്തീർണത്തിനോ സർവ്വേ നമ്പറിനോ വ്യത്യാസമില്ല എന്നും എഴുതി പ്രമാണം മടക്കി നൽകി. സാധുവായ ആധാരമാണ് എന്ന് എഴുതിയ [illegible] എൻറെ അടുത്ത ബന്ധുവായ സർവെയറും പറഞ്ഞിട്ടും സമ്മതിക്കാതെ ക്രിസ്താനിയായ ഷാജിമോഹന് വേണ്ടി ക്രിസ്താനിയായ ജോൺ പ്രിൻസ് കെ .ആർ എന്നെ നിർബന്ധിച്ചു തിരുത്താധാരം എഴുതിച്ചു. 2014 മുതൽ 2018 വരെ എന്നെകൊണ്ട് കരം അടപ്പിക്കുകയും ചെയ്തു .

25 -05 -2016 -ൽ ബഹു .താലൂക്ക് സർവേയർ സാംകുട്ടി ഞങ്ങളുടെ ഭൂമി അളന്നു സർവ്വേ നമ്പർ 343/3 11 .15 ആർ (27 .540 സെൻറ് പട്ടയം ഉൾപ്പെടെ)റിപ്പോർട്ട് നൽകുകയും രേഖകളും സ്കെച്ചും കിഴക്കേകല്ലട വില്ലേജാഫീസിലും കൊല്ലം താലൂക്കാഫീസിലും നല്കിയിരുന്നിട്ടും വില്ലേജാഫീസർ ജോൺപ്രിൻസും , SPL .വില്ലേജാഫീസർ കെ എസ് മധുവും തെറ്റായി എഴുതിച്ച പിഴാതിരുത്താധാരപ്രകാരം 2018 -വരെ കരം സ്വീകരിച്ചിരുന്ന ടി വില്ലേജാഫീസർ 05 -04-2018 താലുക്കിലെയും മേൽ നടപടി സ്വീകരിക്കുന്നതിന് അപേക്ഷ നൽകിയിരുന്നു. ഒരു അന്വേഷണം നടക്കേണ്ട എന്ന തീരുമാനപ്രകാരം ഈ കാലയളവ് അന്വേഷണങ്ങൾ അട്ടിമറിച്ചു . തുടർന്ന് ബഹു .റവന്യൂ മന്ത്രിക്ക് നൽകിയ ഹർജിയിൽ 25-10 -22 ൽ R1016373 എന്ന സൂചന നമ്പറിൽ ബഹു .കൊല്ലം ജില്ലാ കളക്ടർക്ക് നൽകിയ കത്ത് DCKLM / 1730 / 2019 M 10 നമ്പർ ഫയൽ പ്രകാരം 10 -11 22 -)0 തീയതി കൊല്ലം തഹസിൽദാർ (ഭൂരേഖ)യ്ക്കു കൈമാറിയിരുന്നു. ബഹു .മന്ത്രിയുടെ ഓഫീസിലെ R 1016373 (ReH) അന്വേഷിച്ച എന്നോട് തഹസിൽദാർ (ഭൂരേഖ)യായിരുന്ന മാഡം മന്ത്രിമാർ അങ്ങനെ യൊക്കെ പലതു പറയും എന്ന് അറിയിച്ചു . 2022 -മുതൽ തഹസിൽദാർ (ഭൂരേഖയായിരുന്ന മാഡം 28 -02 -2023-ൽ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

-22 -15 ,18 -10 -19 ലെ റിപ്പോർട്ടും 05 01 -2023 തീയതിയിലെ റിപ്പോർട്ടുകളും അനുസരിച്ചു പരാതി കക്ഷി രാമചന്ദ്രൻ ,രേവതി എന്നയാളുടെ ഭൂമി കിഴക്കേകല്ലട വില്ലേജിൽ ബ്ലോക്ക് നമ്പർ 7 ൽ സർവ്വേ 343/ 3 ലെ കൈവശസ്ഥലം ഉള്ളതാണ് എന്ന് അതിനാൽ പരാതി കക്ഷി രാമചന്ദ്രൻറെയും എതിർ കക്ഷി ഷാജിമോഹനൻറെയും ആധാരങ്ങൾ വില്ലേജാഫീസറുടെ കാര്യാലയം പരിശോധിച്ചു കരം ഒടുക്കി നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് എന്നുള്ള കത്ത് എൻ്റെ കൈവശം തന്നുവിട്ടു. ആയിടെ കിഴക്കേകല്ലട വില്ലേജാഫീസറായിരുന്ന ശ്രീ ഷിജുവിൻറെ കൈവശം കത്തും എൻറെ ആധാരത്തിന്റെ പകർപ്പുംഅപേക്ഷയും നൽകിയിരുന്നു. എൻ്റെ ഫോൺ നമ്പർ വാങ്ങിയിട്ട് വിളിക്കുമ്പോൾ വന്നാൽ മതിയെന്നു പറഞ്ഞിരുന്ന വില്ലേജാഫീസർ രേഖകൾ എല്ലാം നശിപ്പിച്ചിട്ട് അവിടെ സ്ഥലമാറ്റംവാങ്ങിപോയതായി അറിയാൻ കഴിഞ്ഞു .ഷാജിമോഹനനെയും എന്നെയും നേരിൽ കേൾക്കുന്നതിലേയും എനിക്ക് ഓർഡിനറികത്തും ഷാജിമോഹനന് രെജിസ്റ്റഡ് കത്തും അയച്ചിട്ടും നാളിതുവരെ ഷാജിമോഹൻ ഹാജരായിട്ടില്ല.ഷാജിമോഹനനോട് താല്പര്യമുള്ള ബഹു.ഡെപ്യൂട്ടി ബഹു .തഹസിൽദാർLRM(ഡോണൽലാസ്) താലൂക്ക്സർവ്വേയർ സതീഷ് റ്റി എസ് എന്നിവർ ഷാജിമോഹനൻറെ ആളുകളാണ് . ഷാജിമോഹൻ ഏകദേശം 85 സെൻറ് ഓളം ഭൂമി ആധാരമില്ലാതെ കൈയേറിയവിവരം പറഞ്ഞപ്പോൾ ടി ഡെപ്യൂട്ടി തഹസിൽദാർ എന്നോടു പറയുന്നു താൻ വന്ന കാര്യം സാധിച്ചിട്ടു വല്ലവനും കൈയേറിയതിൽ തനിക്കെന്ത് എന്ന് . മേല്പടി രേഖകളെല്ലാം ഹാജരാക്കിയിട്ടും ഡെപ്യൂട്ടിതഹസിൽദാർ ഫയൽ തടഞ്ഞു വച്ചിട്ട് ഇപ്പോൾ വന്ന ബഹു. തഹസിൽദാർ ഭൂരേഖയെ കൊണ്ട് ഫയലിൽ

1.അദാലത്തു ഫയൽ കണ്ടെടുക്കണം?

2.ഷാജിമോഹനനു പ്രസ്തുത സർവേയിൽ കൈവശമുള്ള വസ്തുവിന്റെ വിസ്തീർണം എത്ര എന്ന് കൂടി തിട്ടപ്പെടുത്തുക?. നോട്ട് എഴുതിപ്പിച്ചു മനഃപൂർവം ഫയൽ താമസിപ്പിക്കുകയാണ്, ഇതും അഴിമതിയാണ് .

25-06 -2016 -ൽ കൊല്ലം താലൂക്ക് സർവ്വേയർ സാംകുട്ടി ബഹു .പട്ടികജാതി / പട്ടികഗോത്രവർഗ്ഗ കമ്മീഷൻ്റെ ഉത്തരവ് പ്രകാരം ഭൂമി അളന്ന സ്കെച്ച് ഉം റിപ്പോർട്ടും വില്ലേജാഫീസിലും താലൂക്കിലും 343/ 3 ലുള്ള 10 സെൻറ് ഭൂമിയും വിലയാധാരം വാങ്ങി 7 .28 ആറു ഉൾപ്പെടെ 11 .15 ആർ (27 .540 സെൻറ്)രാമചന്ദ്രനും പിതാവിൻ്റെ പേരിൽ ഒന്നായി കിടക്കുന്നു എന്നും റിപ്പോർട്ട് ചെയ്തിരുന്നതു 25-06 -2016 -ൽ , 20 -02 -2020 -ൽ കേരള നിയമസഭാ പട്ടികജാതി /പട്ടികവർഗ ക്ഷേമ സമതിക്കുവേണ്ടി ബഹു .കൊല്ലം ജില്ലാ കളക്ടർ ,ബഹു .കൊല്ലം തഹസിൽദാർ എന്നിവർ നൽകിയ റിപ്പോർട്ടും 05 -01 -2020 -ലെ താലൂക്ക് സർവ്വേ നൽകിയ റിപ്പോർട്ടും വില്ലേജാഫീസറുടെ റിപ്പോർട്ടും ഉണ്ടായിട്ടും 2014 -മുതൽ പോക്കുവരവ് ചെയ്തു പേരിൽ കൂട്ടി കരം അടച്ചു വന്ന ഭൂമിക്ക് കരം അടക്കാൻ അനുവദിക്കാതെ ഓരോ ന്യായം പറഞ്ഞും കാര്യങ്ങൾ പറഞ്ഞും വട്ടം ചുറ്റിക്കുന്നത് ധാർഷ്ട്യവും വിവേചനവും ആണ് .ആകയാൽ സമക്ഷത്തിൽ നിന്നും വിജിലെൻസ് പരിശോധന നടത്തി 24 വർഷമായി വിലയാധാരം വാങ്ങിയ ഭൂമിക്ക് കരം ഒടുക്കാൻ അനുവദിക്കുന്നതിനും, കൈയേറിവച്ചിരിക്കുന്ന ഭൂമികൾ കണ്ടുപിടിച്ചു എടുക്കാൻ റീ .സ .343/ 3 -ലെ 90 .40 ആർ ഭൂമി അളന്ന് എനിക്ക് അർഹതപ്പെട്ട ഭൂമി പിടിച്ചെടുത്തു സഞ്ചാരയോഗ്യമായ വഴി പുനസ്ഥാപിക്കുവാൻ അപേക്ഷിച്ചുകൊള്ളുന്നു

ഷാജിമോഹൻആധാരമില്ലാതെ കൈയേറിയിരിക്കുന്ന ഭൂമികൾ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

1. 343/3-ൽ 19.37 ആർസ്
2. 343/10-ൽ 6.58 ആർസ്
3. 343/3-ൽ 00.40 ആർ
4. 343/2-ൽ 00.60 ആർസ്
5. പേരയം വില്ലേജിലെ ബ്ലോക്ക് 11 ലുള്ള കായൽ മണ്ണിട്ടു നികത്തി കൈയ്യേറിയിരിക്കുന്നു ഈ കൈയ്യേറ്റത്തെപ്പറ്റി മനോരമ പത്രം റിപ്പോർട്ടു ചെയ്തിരുന്നു .

ഉളിയക്കോവിൽ

05-12-2024

വിശ്വസ്ഥതയോടെ

ശ്രീ രാമചന്ദ്രൻ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

LRM5-448/15

താലൂക്കാഫീസ്,കൊല്ലം
തീയതി : 08.02.2023

തഹസിൽദാർ (എൽ.ആർ)
കൊല്ലം

വില്ലേജോഫീസർ
കിഴക്കേ കല്ലട

സർ,

വിഷയം : കിഴക്കേ കല്ലട വില്ലേജ് ബ്ലോക്ക് 7 സർവ്വേ 343/3 ൽ പെട്ട സ്ഥലത്തിന്റെ പോക്കുവരവ് സംബന്ധിച്ച്.

സൂചന : 1. ആ കാര്യാലയത്തിലെ 08.02.15, 06.05.16, 18.10.19 തീയതി റിപ്പോർട്ടുകൾ.

2. താലൂക്ക് സർവെയറുടെ 05.01.2023 തീയതി റിപ്പോർട്ട്.

സൂചന ശ്രദ്ധിച്ചാലും, സൂചന (1) പ്രകാരം ലഭ്യമായ റിപ്പോർട്ടിന്റെയും സൂചന (2) പ്രകാരമുള്ള താലൂക്ക് സർവെയറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അപേക്ഷ കക്ഷിയായ ശ്രീ. സി രാമചന്ദ്രൻ, രേവതി എന്നയാൾക്കു കിഴക്കേ കല്ലട വില്ലേജിൽ ബ്ലോക്ക് 7 സർവ്വേ 343/3 ൽ കൈവശസ്ഥലം ഉള്ളതാണ്. ടിയാന് എഴുകോൺ എസ്.ആർ.ഓ.യിലെ 473/1/2014 നമ്പർ 11.03.2014 തീയതി പിഴതിരുത്താധാര പ്രകാരം സർവ്വേ നമ്പർ 343/10 എന്ന് തെറ്റായി രേഖപെടുത്തിയിട്ടുള്ളതുകൊണ്ടായി ടി .എസ്. റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. വില്ലേജ് റെക്കാർഡുകളിൽ സർവ്വേ 343/3 ൽ നീക്കി മുതൽ ഇല്ലാത്തതായും കാണുന്നു. ആയതിനാൽ ടിയാന്റെ പരാതി പരിഹരിക്കുന്നതിനായി അപേക്ഷ കക്ഷിയായ രാമചന്ദ്രന്റെയും എതിർ കക്ഷിയായ ഷാജി മോഹന്റെയും ആധാരങ്ങൾ ആ കാര്യാലയം മുഖേന പരിശോധിച്ചു അപേക്ഷകന് കരം ഒടുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

തഹസിൽദാർ (ഭൂരേഖ)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

S/C

R1016373/22/MISC (REH)

ബഹുമാനപ്പെട്ട തൊഴിലാളി ഭൂമിക്കുള്ള ഹർജി —

പരിഗണിച്ചിരുന്ന സംബന്ധിച്ച്.

അപേക്ഷകൻ
സി. രാമചന്ദ്രൻ
വേണു,
സൗപർണിക -13,
പുന്നത്തോപ്പ്,
പുതിയകോവിൽ പി.ഒ,
കൊല്ലം, 691019

സ്വീകർത്താവ്

തൊഴിലാളി ഭൂമി
സിവിൽ സ്റ്റേഷൻ
കൊല്ലം.

സർ,

വിഷയം:- ബഹുമാനപ്പെട്ട ജോയിന്റ് കമ്മീഷണർ (ഹെഡ് ക്വാർ) കൊല്ലത്തിന്റെ 08-02-2023 ലെ LRM-448/15 എന്ന നമ്പർ നടപടിക്രമത്തെ സംബന്ധിച്ച്:-

ബഹുമാനപ്പെട്ട 5 വർഷത്തിനു മുമ്പ്, ബഹു: വിരമിച്ച ജില്ലാ കളക്ടർ, ബഹു: ലാൻഡ് റവന്യൂ കമ്മീഷണർ, തുടങ്ങിയവർക്ക് സമർപ്പിച്ച ഭൂമിക്കുള്ള ഹർജി, ബഹു: സിവിൽ സ്റ്റേഷൻ കൊല്ലം, തുടങ്ങിയവർക്ക് 9-11-2022-ൽ നൽകിയ ഹർജിയുടെ പ്രതികാരമെന്നോണം ഹർജിയിലെ നടപടികൾ നടക്കാതെ പോയതിൽ ഖേദം പ്രകടിപ്പിക്കുന്നു. ഒരു നീതിന്യായത്തിനായി നിവേദനം കൊടുത്തിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു തുടർനടപടിയും ഉണ്ടാകാത്തതിൽ ഖേദം രേഖപ്പെടുത്തുന്നു. ഇതിനിടയിൽ ഞാൻ ഹൃദയ ശസ്ത്രക്രിയ, നട്ടെല്ല് സംബന്ധമായ രോഗം തുടങ്ങിയവയ്ക്ക് വിധേയനായിട്ടുണ്ട്. ഇപ്പോൾ ഓർമ്മക്കുറവ് കൂടി അനുഭവപ്പെടുന്നുണ്ട്. ഇതിനിടയിൽ ഞാൻ ഹർജിയിൽ ചോദിച്ചിരുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം, നടപടി സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തുന്നതിനായി ഞാൻ നേരിട്ടും ഫോൺ മുഖേനയും പലപ്രാവശ്യം ബന്ധപ്പെട്ടിരുന്നു. ഇതിനിടയിൽ ഞാൻ ഹർജിയിൽ ചോദിച്ചിരുന്ന വിവരങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല

ചിറ്റൂർ താലൂക്ക് രേഖകൾ

1. 9-02-1971-ൽ ചിറ്റൂർ ലാൻഡ് ട്രൈബ്യൂണൽ മുമ്പാകെ ചിറ്റൂർ [illegible] ന് തെക്കേ മുറി ദേശക്കാരൻ നിൽക്കുന്നതിൽ സി. ചാത്തൻ നായർ പേർ കുഴൽ സർവേ 2361-ൽ ആ തെക്കേ മുറിയിൽ തെക്കേടത്ത് ഇല്ലത്തിന്റെ ഹൗസിൽ ചേർത്തുകൊണ്ടിരുന്ന 3.50 സെന്റ് സ്ഥലത്തിൽനിന്ന് 10 സെന്റ് കൂടി കിഴക്ക് ചട്ടം നൽകിയ സർട്ടിഫിക്കറ്റ്

2. തൃശൂർ നഗരം 1139 തണ്ടപ്പേർ നമ്പർ 97 കൊച്ചുണ്ണി, കിഴക്കേക്കാട്ടിൽ വീട്ടിൽ തൃശൂർ 2484/96, മണക്കാടൻ വീട്ടിൽ ചിന്നോമന്റെ പുത്രൻ മകൻ തൈലിലുള്ള കരം അടച്ചതിന്റെ രസീത് കൊച്ചി, 8-1-1997 വരെ കരം അടച്ചിട്ടുണ്ട്.

3. കണ്ണൻ സഹോദരൻ തൈലിലുള്ള 27-10-1988-ൽ മൃതിക്കരിൽ നിന്നും വിലയാധാരം വാങ്ങി (3413/3-ൽ 7.28 സ്ക്വയർ) ലുള്ള വീടിന് 45.00 രൂപയുടെ 7-9-96 വരെ കരം അടച്ചു വന്ന രസീതിനായി കൊച്ചി.

4. കണ്ണൻ സഹോദരന്റെ ചിറ്റോംസുപ്പിക്കൽ തൈലിലുള്ള 3413/3-ൽ 7.28 സ്ക്വയർ കരം അടച്ചുവന്നതിന്റെ രസീതിനായി താൻ നിലവിലുണ്ടായിരുന്ന വിലാസത്തിൽ നിന്നുള്ള 15-05-2000

5 തൃശൂർ കോർപ്പറേഷൻ 3R02-ൽ നിലവിലുള്ള കെട്ടിടനമ്പർ ലഭിക്കുന്നതിനുള്ള അപേക്ഷ നമ്പർ 1554/2000.

6. സ്ഥിരമായ താമസത്തിനുവേണ്ടി 2000 മുതൽ 2014 വരെ തൃശൂർ വിട്ടുപോയിരുന്നതിനാൽ നിലവിലുള്ള വീടിന് നമ്പർ ലഭിക്കുന്നതിന് അപേക്ഷിച്ചിരുന്നില്ല. തുടർന്ന് നിലവിലുള്ള വീടിന് നമ്പർ ലഭിക്കുന്നതിന് സിൽസിലയ്ക്ക് ചിറ്റിനിന്നുള്ള ആധാരം എഴുതിയ പേപ്പർ തുടങ്ങിയ 22-01-2018 വരെ കരം അടച്ചതിന്റെ രസീത് കൊച്ചി.

7. ഇപ്പോൾ വസിക്കുന്ന വീടിന് നമ്പർ ലഭിക്കുന്നതിനുള്ള അപേക്ഷ [illegible] ചിറ്റിനിന്നുള്ള രസീത് കൊച്ചി. —19-10-2022.

8 R1016373/22/MLA(Rev) നമ്പർ പ്രകാരം റവന്യൂ മന്ത്രിയുടെ കാര്യാലയത്തിൽ നിന്ന് എനിക്ക് അനുവദിച്ചു കിട്ടിയ രസീത് -25/10/2022.

9. DCKLM/13064/2022-M10 പ്രകാരം ബഹു: തൃശൂർ ജില്ലാ കളക്ടർ (ദുരന്തനിവാരണ) മുമ്പാകെ ഫയൽ ചെയ്തതിന്റെ രസീത് 10-11-22.

8 ഞാനിൽ കേസ് കൊണ്ടിരുന്നതിനാൽ ബഹു. ദുരന്തനിവാരണ ചട്ടത്തിനുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി ഫയൽ ചെയ്തിരുന്നതിന്റെ ഹിയറിംഗിനായി ഹാജരായതിന്റെ രസീത് 01-02-2023-ൽ ലഭിച്ചിട്ടുണ്ട്. ഹിയറിംഗിനായി ഹാജരായിരുന്നില്ല.

9. ബഹു. ജില്ലാ കളക്ടർ മുമ്പാകെ നൽകിയിട്ടുള്ള അപ്പീൽ അപേക്ഷയിൽ കാണുന്ന ചട്ടത്തിനുവേണ്ടിയുള്ള എനിക്ക് കൊടുക്കുന്നതിന് ആവശ്യപ്പെട്ടതനുസരിച്ച് ഉണ്ടാക്കിയ [illegible] ഉത്തരവിന്റെ പകർപ്പ് നൽകിയ രസീത് - 1-03-2023.

10 ഇന്ന് 1-11-2023 നടത്തിയ വരണ കരം അടച്ചതിന്റെ രസീത് ഹാജരാക്കിയിട്ടുണ്ട്. പ്രകാരം നടപടി ആവശ്യപ്പെട്ട് നൽകിയ അപേക്ഷ (27/9/2023) മടക്കി നൽകിയിട്ടുണ്ട്. നിലവിലുള്ള അപേക്ഷ 29/9/2023 അടക്കമുള്ള മടക്കിയിട്ടുണ്ട്.

1-11-2023

വിശ്വസ്തതയോടെ

സി. രാധാകൃഷ്ണൻ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

(14)

Block 7

Revenue (L.R. 316) 20,000/100 19/85 14 2 1996 GPS

ORIGINAL

4508 -ാം നമ്പർ തണ്ടപ്പേർ/ഉത്തരവ് അനുസരിച്ച് കരം/തുക ഒടുക്കിയ

ന് രസീത്

താലൂക്ക് വില്ലേജ്

ഭൂമിയുടെ സ്വഭാവം	വിസ്തീർണ്ണം		പട്ടാദാരന്റെയോ പട്ടാദാരന്മാരുടെയോ പേര്	ഒടുക്കിന്റെ സ്വഭാവം	പണം ഒടുക്കിയ ആളിന്റെ പേര്	ഏതു കാലത്തേക്കെന്നോ ഏതു തവണക്കെന്നോ	തുക		റിമർക്സ്
	ഹെ.	ആർ					രൂ.	പ.	
			4508 ഭൂമി			1988	06		
343/3	7.28								

വിവരിച്ച പ്രകാരം രൂ. 70 പൈസ (അക്ഷരത്തിൽ)

മാസം 7 -ാം തീയതിയായ ഇന്നേദിവസം സ്വീകരിച്ച് മുതൽ വല്ലിരിക്കുന്നു.

വില്ലേജാഫീസറുടെയോ

വില്ലേജ് അസിസ്റ്റന്റിന്റെയോ

[illegible]

[illegible] 4508 -ൽ [illegible] 988 ൽ 2000 [illegible] [illegible] 343/3 - 7.28

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

(6)

നമ്പർ . 02/2021

വികല്പുഴ തഹസിൽ
കിഴക്കേക്കര
തീയതി. 04.2.2021

പ്രേഷകൻ
സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ
ഓഫീസർ &
വില്ലേജ് ഓഫീസർ
കിഴക്കേക്കര

സ്വീകർത്താവ്
ശ്രീ. C. രാമചന്ദ്രൻ
വീട്ടി, സി.കാനഡാ-13
പുന്നത്തറ
തെക്കുംകൈപ്പർ പി.O
കൊല്ലം

വിഷയം:- വിവരാവകാശനിയമം 2005- മറുപടി അയച്ചു:-

സൂചന:- (1) താങ്കൾ SPIO & സെക്ഷൻ ഓഫീസർമാർ, താലൂക്ക് ഓഫീസ് കൊല്ലം മുഖാന്തിരം ലഭിച്ച അപേക്ഷ

(2) SPIO & സെക്ഷൻ ഓഫീസർമാർ, താലൂക്ക് ഓഫീസ് കൊല്ലം എന്നിവരുടെ 2/2/21 തീയതിയിലെ LRS-320/21 നമ്പർ അറിയിപ്പ്

സൂചന (1) പ്രകാരം താങ്കൾ സമർപ്പിച്ചിരുന്ന വിവരാവകാശ അപേക്ഷയിന്മേൽ ബന്ധപ്പെട്ട വിവരങ്ങൾ സൂചന (2) പ്രകാരം കൊല്ലം താലൂക്ക് ഓഫീസിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് അറിയുന്നു. സൂചന (2) പ്രകാരം മുഖാന്തിരം ബന്ധപ്പെട്ട വിവരങ്ങൾ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്ത് വിവരങ്ങളുടെ പകർപ്പ് താഴെ ചേർത്തിരിക്കുന്നു

I. a,b,c,d,e വെബ്സൈറ്റിൽ പരാമർശിച്ചിട്ടുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ച് ഇപ്പോൾ നിലവിലുള്ള നിയമങ്ങൾ ഒന്നും തന്നെ വില്ലേജ് ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ നൽകുവാൻ സാധിക്കുന്നതല്ല

II a,b. ടി പ്രിന്റിനുള്ള അപേക്ഷ ലഭിക്കുവാൻ കാലതാമസം നേരിട്ടതിനാൽ 19/3/2014 ൽ തന്നെ ഫീൽഡ് അസിസ്റ്റന്റിനെ പരിശോധിച്ചതിൽ കണ്ടെത്തിയ ടി പ്രിന്റുകൾ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പ്രതിനിധി ലൂപ്പാൻ. T സർ നിയമസഭ 343/16-2സർ പ്രകാരം
ടൂറിസ്റ്റ് സൗകര്യം ശ്രീ രാജീവൻ പേരിൽ 1.4977-10
സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 2016
മാർച്ചുമാസം 5 തീയതിയിലെ 5 നമ്പർ ഡിവിഷൻ
(5) തണ്ടപ്പേർ അക്കൗണ്ടിൽ നിന്നും സ്ഥിരപ്പെടുത്തി
കിട്ടണമെന്ന 14/3/2014ൽ തന്ന അപേക്ഷയിൽ നിലവിലുള്ള
അവിടെ അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ
കൈവശക്കാർ ശ്രീ. K. R.

III ടി.ടി.ആർ. ആക്ട് അനുസരിച്ചുള്ള 3/2/2007ലെ
ടി 89/2007 നമ്പർ അപേക്ഷയിൽ പ്രകാരം ലൂപ്പാൻ 7സർ നിയമസഭ 343/3 പ്രകാരം
ടി അപേക്ഷയിൽ പ്രതിപാദിച്ചിട്ടുള്ള ഭൂമിയുടെ

കൂടാതെ, നിലവിലെ ചോദ്യാവലിയിൽ
രേഖപ്പെടുത്തിയിരിക്കുന്ന സ്വന്തം ① പ്രകാരം താമസിക്കുന്നതിനും
കൃഷിക്കും വേണ്ടി പതിച്ചുകിട്ടിയ ആയതിനുമുമ്പായി
ബന്ധപ്പെട്ട വിഷയങ്ങളിൽ കൂടുതൽ വിവരങ്ങൾ ലഭിക്കേണ്ടതാണ്
പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ
ഹാജരാക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ
ഭൂമി സർവ്വേ നടത്തി അതിരുകൾ നിശ്ചയിച്ച് കല്ലിടുന്നതിനും
ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും, അനധികൃത
കൈവശക്കാരുടെ പേരിൽ നിലവിൽ പട്ടയം നൽകുന്നതിനും
നിലവിൽ കൈവശമുള്ള ഭൂമിയുടെ അതിരുകൾ കൃത്യമായി
നിശ്ചയിച്ച് കല്ലിടുന്നതിനും ആവശ്യമായ നടപടികൾ
സ്വീകരിക്കുന്നതിനും കൂടി താഴെപ്പറയുന്ന
ഒരു സംയുക്ത സർവ്വേയിലേക്ക് ഏതെങ്കിലും
തീയതിയിൽ രാവിലെ 10 മണിക്ക് അതാത് വില്ലേജ് ഓഫീസിൽ
അപേക്ഷകരുടെ സാന്നിധ്യം ഉറപ്പുവരുത്തുന്നതിനും
ആവശ്യമായ രേഖകൾ സഹിതം ഹാജരാകുന്നതിനും
ബന്ധപ്പെട്ട അപേക്ഷകരെ അറിയിക്കുന്നതിനും
വിശ്വസ്തതയോടെ
Suvidhan
5/2/2021
വില്ലേജ് ഓഫീസർ
കോട്ടയ്ക്കൽ
ഉദ്യോഗസ്ഥർക്ക് അറിയിപ്പിനായി
തഹസിൽദാർ & വില്ലേജ് ഓഫീസർ
മലപ്പുറം

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഫയൽ തീർപ്പാക്കൽ സമയബന്ധിതമാക്കാൻ മുഖ്യമന്ത്രിയുടെ കർശന നിർദേശം

മനോരമ ലേഖകൻ

തിരുവനന്തപുരം ∙ ഫയൽ തീർപ്പാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കണമെന്നും ഒരാളുടെ ഒകൈവശം ഫയൽ തനാൾ ഫയൽ വയ്ക്കാമെന്നതിനു പരിധി നിശ്ചയിക്കണമെന്നും വകുപ്പു സെക്രട്ടറിമാരുടെ യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശിച്ചു. ഒരു ഫയൽ ഒട്ടേറെ പേർ കാണേണ്ടതുണ്ടോ എന്നും പരിശോധിക്കണം. ഇതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പുതിയ സംവിധാനം ഉണ്ടാക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഫയലിലെ വിവരങ്ങൾ ഉദ്യോഗസ്ഥർക്കു കൈമാറുന്നതിനു പുതിയ സംവിധാനം ഉണ്ടാക്കണം. ഫയലിനു തടസ്സമുണ്ടാക്കുന്നുണ്ടെങ്കിൽ അതു സൂക്ഷിക്കണം. വിവരാവകാശ നിയമത്തിന്റെ നടപടിക്രമങ്ങൾ പാലിച്ചേ വിവരങ്ങൾ ലഭ്യമാക്കാവൂ. സൂക്ഷ്മപരിശോധന ശുപേടിയും ആശങ്കയും വേണ്ട. ഇക്കാര്യത്തിൽ പൂർണ സംരക്ഷണം നൽകും. അഴിമതി കാണിച്ചാൽ സംരക്ഷിക്കില്ല.

മറ്റു നിർദേശങ്ങൾ.

- ഫയൽ തീർപ്പാക്കൽ പരിപാടി സ്ഥിര നടപടിയാക്കണം.
- സങ്കടഹർജികൾ, പരാതികൾ എന്നിവ പരിഹരിക്കുന്നതിലെ പോരായ്മ കലക്ടറിമാർ വിശകലനം ചെയ്യണം.
- ഭരണപരിഷ്കാര കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നുണ്ടോ എന്നു ചീഫ് സെക്രട്ടറി തലത്തിൽ വിലയിരുത്തും.
- സ്ഥാനക്കയറ്റത്തിനു ഉദ്യോഗസ്ഥർ അർഹത നേടാത്ത സാഹചര്യത്തിൽ ഒഴിവ് കേഡർ ഒഴിവുകൾ ഡിപ്പാർട്മെന്റ് ഓഫിസർ സീനിയോറിറ്റി ലിസ്റ്റ് നിലനിർത്തുന്ന കേഡറിലെ ഒഴിവുകളായി കണക്കാക്കി റിപ്പോർട്ട് ചെയ്യാൻ നിർദേശിച്ചിട്ടുണ്ട്. ഇതിനു മുമ്പോ
- ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്ന നിർദേശം പാലിക്കുന്നുണ്ടോ എന്നു ചീഫ് സെക്രട്ടറി നിരീക്ഷിക്കും. കൂടുതൽ നിയമനങ്ങൾ പിഎസ്സിക്കു വിടാൻ സ്പെഷൽ റൂൾ തയാറാക്കുന്നതിന്റെ പുരോഗതി ചീഫ് സെക്രട്ടറിയെ സെക്രട്ടറിമാർ അറിയിക്കും.
ടി സ്ഥലം നിലവിൽ സർവ്വേ നമ്പർ 732/51, 60 ഉൾപ്പെടുന്ന ടൂവീലർ ഷോറൂമിന്റെ പടിഞ്ഞാറുഭാഗത്തുള്ള പുരയിടത്തിൽ പോകുന്ന വഴിയുടെ തെക്കുഭാഗത്തുള്ള സർവ്വേ നമ്പർ 51, 60 ഉൾപ്പെട്ട സബ് ഡിവിഷൻ കുളം കിഴക്ക് വടക്കോട്ടുള്ള ഭാഗവും 19-ാം നമ്പർ സബ്-ഡിവിഷന്റെ തെക്ക് കിഴക്കോട്ടുള്ള ഭാഗവും വരുന്ന അതിർ ഉടമ കരിക്കുഴിയിൽ സാന്റിഗുവിന്റെ സർവ്വേയർ നിശ്ചയിച്ച് പോകുന്ന നിലവിലെ വീതി 2.5 മീ. ആണെന്ന് സർവ്വേയർ നിക്കോൾ പോകാതിരിക്കുന്നതിനുള്ള ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതൻ പ്രകാരം വഴിയുടെ വീതി ഇരുഭാഗത്തേക്കും അപേക്ഷകനിൽ നിന്ന് വഴിയുടെ വീതി സംബന്ധിച്ച് ഉറപ്പ് വാങ്ങിയതിനുശേഷം പോകുന്ന സ്ഥലം എം.സി. റോഡിൽ പുന്നിലഭാഗത്തിൽ നിന്ന് 150 മീ. പടിഞ്ഞാറോട്ട് തിരിയുന്ന ജടവഴിയിൽ പടിഞ്ഞാറോട്ട് നിന്ന് 75 മീ. മുതലാണ് ടി വഴി തെക്കോട്ട് തിരിയുന്ന ഭാഗമാണ്. ടി ഭാഗത്ത് സർവ്വേ 732/51, 60, 59, 30 ഉൾപ്പെട്ട സബ്-ഡിവിഷനുകളാണ് വരുന്നത്.

സബ് സർവ്വേ നമ്പർ 732/50-ന്റെ തെക്കേ അതിർത്തിയിലുള്ള അതിർ 53.7 മീറ്ററാണ്. ടി അതിർ 50-ാം നമ്പർ സബ്-ഡിവിഷന്റെ പടിഞ്ഞാറ്. തെക്കേ ഭൂമിയിലുള്ള സർവ്വേ കല്ലിൽ നിന്നും കിഴക്കോട്ട് റോഡ് സൈഡിലെ കരിങ്കൽക്കെട്ടിലേക്ക് അളന്നപ്പോൾ 53.7 മീറ്റർ തന്നെയാണ്. ഈ അതിർ വ്യവസ്ഥ ചെയ്ത് സബ്-ഡിവിഷൻ നമ്പർ 51, 60 ഉൾപ്പെടുന്ന 50, 59 ഉൾപ്പെടുന്ന പോകുന്ന അതിർത്തിയിലെ അതിർ 57.6 മീ. അതേ പടിയായി നിലനിർത്തുന്ന വഴിഭാഗം തന്നെ വകിയ്ക്കുവാൻ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

35

ടി പോയിന്റിൽ നിന്നും വടക്കോട്ട് 14.4 മീറ്റർ നീളത്തിൽ 60-ാം
സബ് ഡിവിഷൻ നമ്പരിന്റെ കിഴക്ക് ഭാഗം ഏകദേശം 40 വർഷം
പഴക്കമുള്ള മതിൽ മദ്ധ്യേ 3 അടിയോളം പൊക്കത്തിൽ
കാണുന്നു. ടി മതിലിന്റെ തുടർ ഭാഗത്തിലെ ഇഷ്ടിക തൊണ്ടിമുതലായി
മഹസ്സർ (കോഷിഡിംഗ്) റെഡിയാക്കുന്നതിനായി നൽകുന്നു. ടി ഭാഗം
നിൽക്കുന്നഭാഗം രേഖപ്പെടുത്തുകയും ചെയ്തു
ആവശ്യപ്രകാരം മോഹൻകുമാർ, ടിയാൻ മകൻ ഷിജിവർഗ്ഗീസ്
എന്നിവർ വടക്കുഭാഗം 51-ാം സബ്ഡിവിഷൻ തൈവരമ്പ്
കാണിച്ച രേഖപ്പെടുത്തുന്നതിനായി സന്നിഹിതരായിരുന്നു.

തുടർന്ന് സർവ്വേ നമ്പർ 30-ന്റെ തെക്കുപടിഞ്ഞാറൻ
മൂലയിൽ തെക്കുഭാഗം ടി കക്കിയുടെ സ്ഥലത്തിന്റെ വടക്കു
ഭാഗത്തായി കാണപ്പെട്ട കരിങ്കൽ തൂണിൽ നിലവിലുള്ള
സർവ്വേ സ്റ്റേഷൻ അടയാളം ഉണ്ടെന്ന് ഉറപ്പുവരുത്തി
സബ്ഡിവിഷൻ 51, 60 എന്നിവയുടെ പടിഞ്ഞാറുഭാഗം
നായി കാണപ്പെട്ടു. ഫീൽഡ് ബുക്കിൽ നിന്നും വടക്കോട്ട്
വരുന്ന ഭാഗത്ത് മൊത്തം നീളത്തിൽ വ്യത്യാസം ഉള്ളതിനാൽ
തെക്കുഭാഗത്തുള്ള സബ്ഡിവിഷനുകളുടെ അതിരുകൾ
നിലവിലുള്ള നിക്കാർഡിൽ നിന്നും വ്യത്യാസപ്പെടുന്നതിനാൽ
[ഫ്ലൈ 732/30 to 35] ഭൂമിയിൽ കാണുന്നത് പ്രകാരം
പിന്നാ ഫീൽഡ് ബുക്ക് തയ്യാറാക്കുന്നു.

വിശ്വസ്തതയോടെ

ഇല്ലിക്കൽ സർവ്വെയർ.

ISSUED UNDER RTI-2005

4/10/17

1902

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഉപഭാഗം 5
സൂചന. 11 (B)

ജി1-59301/16.

ടൗൺസിലൻ സെക്രട്ടറി
നവസ്യ (എച്ച്) ഡിപ്പാർട്ട്മെന്റ്
തിരുവനന്തപുരം.

/ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പ്ലോട്ട് നമ്പർ 21, സിവിൽ സ്റ്റേഷൻ
വഴുതക്കാട് ജംഗ്ഷൻ,
തിരുവനന്തപുരം.

സർ,

വിഷയം: തിരുവനന്തപുരം താലൂക്ക് പാപ്പനംകോട് വില്ലേജ് പ്ലോട്ട് നമ്പർ 21-ൽ സിൽവർ ഓക്ക് നമ്പർ 732/29-ൽ ഉൾപ്പെട്ട വഴി സൗകര്യപ്പെടുത്തിൽ പരാതി. മേൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1) ശ്രീ. രാജൻ. സി.വി. ചെങ്കൽവിള, പാപ്പനംകോട്, പാപ്പനംകോട് വില്ലേജ് സർവ്വേയിൽ പരാതി.
2) സർക്കാരിലെ 7-11-16ലെ റവന്യൂ Rev F1/47/16/Rev.(e 812734) നം. കത്ത്.
3) ഈ കാര്യാലയത്തിലെ 1-12-16 ലെ B19.86558/16. ാം നമ്പർ കത്ത്.
4) ലാൻഡ് റവന്യൂ കമ്മീഷണറുടെ 3/3/17 ലെ പ്രൊ.സ്പെ.സെൽ 14378/17 നമ്പർ കത്ത്.

മേൽ സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. തിരുവനന്തപുരം താലൂക്കിൽ പാപ്പനംകോട് വില്ലേജിൽ പ്ലോട്ട് നമ്പർ 21-ൽ സിൽവർ ഓക്ക് നമ്പർ 732/29-ൽ ഉൾപ്പെട്ട വഴി സംബന്ധിച്ച് ശ്രീ. രാജൻ. സി.വി. സൂചന (1) പ്രകാരം സർവ്വേയിൽ പരാതി ~~കിട്ടിയതിന്റെ അടിസ്ഥാനത്തിൽ സൂചന 2/3/17-ൽ~~ ഈ കാര്യാലയത്തിൽ നിന്നും ~~ഭൂമി പരിശോധിച്ച് തല പരിശോധന നടത്തിയതിനെ തുടർന്ന്~~ നടത്തിയതിന്റെ അടിസ്ഥാനത്തിൽ സിൽവർ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ പേരിലുള്ള പ്ലോട്ട് നമ്പർ 21-ൽ സിൽവർ ഓക്ക് നമ്പർ 732/29-ൽ ഉൾപ്പെടുന്ന ~~ഭൂമിയിൽ~~ വഴിയുടെ ~~ഭൂമിയിൽ~~ [illegible]

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3), CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ടി സ്ഥലം റിസർവ്വേ സൂപ്പർ ചെയ്തതിന്റെ പ്രകാരം
അതിർത്തി പങ്കിടുന്ന സർവ്വേ നമ്പർ 732/51, 60 എന്നീ
സബ്-ഡിവിഷൻ നമ്പരുകളുടെ കിഴക്ക് വടക്കേ മൂല മുതൽ
19-ാം നമ്പർ സബ്-ഡിവിഷന്റെ തെക്ക് കിഴക്കേ മൂല മുതൽ
വരുന്ന രണ്ടു കല്ലിട്ട നേർരേഖ സാന്നിദ്ധ്യത്തിൽ തീർച്ചപ്പെടുത്തി
പ്രസ്തുത നിലവിലെ വിതി 2.5 മീ ആണെന്ന് റിസർവ്വേ നിന്നും
ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അപേക്ഷാകക്ഷി വിട്ടുതരുന്ന
വിതി സഹിതം അപേക്ഷിച്ചിട്ടുള്ള സ്ഥലം പി.ഡബ്ല്യു.ഡി റോഡിന്റെ
പടിഞ്ഞാറുഭാഗത്തിൽ നിന്ന് 150 മീ. പോകുമ്പോൾ പടിഞ്ഞാറോട്ട്
നിലവിലുള്ള ഇടവഴിയിൽ പടിഞ്ഞാറേയ്ക്ക് നിന്നും 75 മീ. തുടർന്ന്
തെക്കോട്ട് വഴി തെക്കോട്ട് നിലവിലുള്ള ഭാഗമാണ്. ടി ഭാഗം
പരാതി സർവ്വേ നമ്പർ 732/51, 60, 54, 30 എന്നീ സബ്-ഡിവി
ഷൻ കൈവശമാണ് വരുന്നത്.

സർവ്വേ നമ്പർ 732/58-ന്റെ തെക്കേ അതിർത്തി
വിസ്തൃതി നാലര 53.7 മീറ്ററാണ്. ടി നാലര 50.18ൽ
സബ്. ഡിവിഷന്റെ പടിഞ്ഞാറ് തെക്കേ മൂലയിലുള്ള സർവ്വേ
കല്ലിൽ നിന്നും കിഴക്കോട്ട് പോയി നെൽവയൽ വരമ്പിലെ
നാലരയുടെ റിസർവ്വേയിൽ 53.7 മീറ്റർ നീളമാണ്. സബ്.ഡിവിഷൻ
നമ്പർ 51.60 എന്നിവയുടെയും 50, 54 എന്നിവയുടെയും
പടിഞ്ഞാറതിരിലെ നാലര 57.6 മീറ്റർ
നീളവുമുള്ള വഴി ഭാഗത്തെ വർക്കും
ചെയ്തു. ടി പോയിന്റിൽ നിന്നും തെക്കോട്ട് 14.4 മീറ്റർ നീളത്തിൽ
60-ാം നമ്പർ സബ്.ഡിവിഷന്റെ കിഴക്ക് ഭാഗം

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പട്ടയഭൂമിയിലെ കരിങ്കല്ല് ഖനനം ചെയ്ത് കടത്തുന്നതിനെതിരെ നൽകിയ പരാതിയിൽ തൊണ്ടി തൊടുപുഴ മുനിസിപ്പൽ പരിധിയിൽ ഉൾപ്പെടുന്ന ഭാഗം (കോടതിയിലേക്ക്) റോഡിയിൽ തടഞ്ഞു നിർത്തുന്നതിനും തടഞ്ഞു നിർത്തുന്ന ഭാഗം തിരിച്ചു കൊടുക്കുന്നതിനും ആർ.ഡി.ഒ. കോടതിയുടെ ഉത്തരവ് പ്രകാരം ഡിവൈ.എസ്.പി. തൊടുപുഴ, സർക്കിൾ ഇൻസ്പെക്ടർ തൊടുപുഴ, വില്ലേജ് ഓഫീസർ പരിധിയിലുള്ള ~~ഭാഗം~~ S.I. മാരെ സബ്-ഡിവിഷന്റെ നിലവിലെ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടറുടെ ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട്.

ഇടവെട്ടി വില്ലേജിൽ ഉൾപ്പെടുന്ന സർവ്വേ നമ്പർ 30-ൽ പെടുന്ന പുതുപ്പറമ്പിൽ ടി കരിങ്കല്ല് ക്വാറിയുടെ വടക്കുഭാഗത്തെ പാറ പൊട്ടിച്ചു മാറ്റുന്നതിനിടയിൽ തൊട്ടടുത്ത് നിലവിലുള്ള നിർദ്ദിഷ്ട സർവ്വേ നമ്പറിൽപ്പെട്ട പുറമ്പോക്ക് ഭൂമിയിലേക്ക് കല്ലുകൾ തെറിച്ചു വീഴുന്നതായി കാണിച്ച് നിർദ്ദിഷ്ട സർവ്വേ നമ്പർ 30/1-ൽ താമസിക്കുന്ന ശ്രീ. ഷാജി ജോസഫ് നൽകിയ പരാതിയിൽ നിർദ്ദിഷ്ട സർവ്വേ നമ്പർ 30/1-ൽ ഉൾപ്പെടുന്ന ഭാഗത്തെ പാറ പൊട്ടിക്കുന്നതിൽ നിന്നും (ഉത്തരവ് നമ്പർ. 732/30/2025) വ്യവസ്ഥയ്ക്ക് വിധേയമായി ഭാഗികമായി ഒഴിവാക്കിയിട്ടുള്ള ഉത്തരവിന്റെ കാലാവധി 30/6/2025 വരെ നീട്ടി നൽകുന്നതിനുള്ള ശുപാർശ സഹിതം ഫയൽ സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

കീഴ്ക്കോടതികൾ മുഖേന

ISSUED UNDER RTI-2005

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

No. 2910/16 Date :_____ Page No.:_____

ലൊക്കേഷൻ സ്കെച്ച്

ഉള്ളൂർ നം. 6
സൂചന. 12

താലൂക്ക്:- തിരുവനന്തപുരം
വില്ലേജ്:- ഉള്ളൂർ
റീസർവ്വെ നം:- 732/60
വിസ്തീർണ്ണം:- 00.46 സെന്റ്



True Copy Issued as per
R'TI Act - 2005

ഉള്ളൂർ വില്ലേജ്

1/6/16
വില്ലേജ് ആഫീസർ
ഉള്ളൂർ

SHEI

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സി.വി. രാജൻ

ചെപ്ളമഴികം, റ്റി.സി. 14/166

പരുത്തിപ്പാറ, നാലാഞ്ചിറ പി.ഒ.

തിരുവനന്തപുരം 695 015

8281152387

തഹസിൽദാർ

താലൂക്ക് ആഫീസ്

തിരുവനന്തപുരം

സർ,

വിഷയം : H4 6076/23 തീയതി 29-05-2025 പ്രകാരം 16.06.25-ൽ നടത്തുന്ന ഹിയറിംഗിനെ സംബന്ധിച്ച്.

സൂചന:

1) H4 -6076/2022 തീയതി 16-04-2025

2) TLK - TVM/1242/2025 തീയതി 03-05-2025

3) പട്ടം സബ് രജിസ്ട്രാർ ആഫീസിലെ 593/79-ാം നമ്പർ ആധാരത്തിന്റെ 1,4 പേജുകളുടെ പകർപ്പ്

4) 1620/98-ാം നമ്പർ ആധാരത്തിന്റെ 1,2,3,4 പേജിന്റെ പകർപ്പ്

5) 1621/98-ാം നമ്പർ ആധാരത്തിന്റെ 1,2,3,4 എന്നീ പേജുകളുടെ പകർപ്പ്

6) 1579/09-ാം നമ്പർ ആധാരത്തിന്റെ 1,2,3 എന്നീ പേജുകളുടെ പകർപ്പ്

7) I A No. 5954/2013 in OS No. 1226 / 2013 നെ സംബന്ധിച്ച് 25-11-2013 ൽ പുറപ്പെടുവിച്ച ഓർഡറിന്റെ 1,2,5,6,7,8,9 എന്നീ പേജുകളുടെ പകർപ്പ്

8. UEI/5363/15 തീ 11-01-2016

9. നം 94/24 തീ 27-04-2024

10. a) വിജി. നമ്പ. ഇ/143/2024 തീ 06.09.24

b) വി.ജി. ഇ1/12/2025 തീ 22.01.25, 14.02.25

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

11. a) ജെ-59301/15 തീ 04.04.17

b) ജെ. 59301/16 തീ. 22.06.17

12. ലൊക്കേഷൻ സ്കെച്ച് - റീ.സർ. നമ്പർ 732/60. 60-1 നമ്പർ 2910/16 തീ.01.06.16

I. മേൽവിഷയം, സൂചന, ഉള്ളടക്കം എന്നിവയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ടി വിഷയത്തിൽ എനിക്ക് ബോധിപ്പിക്കുവാനുള്ള കാര്യങ്ങൾ സൂചന ഒന്നുമുതൽ ഒൻപതു വരെയുള്ള രേഖകൾ പ്രകാരം ബോധിപ്പിച്ചിട്ടുള്ളതും, ആയതിനുശേഷം ബോധിപ്പിക്കുവാനുള്ള കാര്യങ്ങൾ ഇതിനാൽ എഴുതി സമർപ്പിക്കുകയും ചെയ്യുന്നു. പ്രസ്തുത വിഷയത്തിൽ താങ്കളുടെ കാര്യലയത്തിൽ നിന്നും സൂചന (1) (2) പ്രകാരം മറുപടി ലഭിച്ചിട്ടുള്ളതാകുന്നു. സൂചന മൂന്ന് മുതൽ ആറുവരെയുള്ള ആധാര പ്രകാരം ഉള്ള വസ്തുവിന്റെ വിവരണവും അവയുടെ വിസ്തൃതിയെ സംബന്ധിച്ചും, വിശദമായ അന്വേഷണവും പരിശോനയും സൂചന 7 ന്റെ ഉത്തരവ് പ്രകാരം നടത്തേണ്ടതായിട്ടുണ്ട്.

II. തിരുവനന്തപുരം താലൂക്കിൽ ഉള്ളൂർ വില്ലേജിൽ ബ്ളോക്ക് 21 ൽ റീ.സ. 732/29 ഉൾപ്പെട്ട കോർപ്പറേഷൻ വഴിയോടു ചേർന്നുണ്ടായിരുന്ന 13.15 ആർ അധികഭൂമി ക്രമരഹിതമായും അനധികൃതമായും വിസ്തൃതി വ്യതിയാനത്തിലൂടെയും റീ.സർ. 732/81, 82 എന്നീ സബ് ഡിവിഷനുകൾ ഇരട്ടിപ്പിച്ചും, നാളിതുവരെ നിലവിൽ വന്നിട്ടില്ലാത്ത റീ.സ. 732/83-ൽ കരം സ്വീകരിക്കുന്നതിനാലും ടി വഴിയോടു ചേർന്നുണ്ടായിരുന്ന അധികഭൂമി സമീപത്തുള്ള റീ.സർ. നമ്പർ 732/51,60,61,81,82,83, 51-1 എന്നീ വസ്തുക്കളിൽ എത്തിച്ചേർന്നിട്ടുള്ളതിലാണ് കോർപ്പറേഷൻ വഴിയുടെ പരാതിക്കാസ്പദമായ ഭാഗത്തു മാത്രം തടസ്സവും തന്മൂലം വീതിക്കുറവും അനുഭവപ്പെടുന്നത്. ഇപ്രകാരം റവന്യൂ രേഖകളിൽ സംഭവിച്ചിട്ടുള്ള പിഴവുകളിലൂടെ വസ്തു ഉടമകളിൽ ചെന്നെത്തിയിട്ടുള്ള അധിക ഭൂമി ഉള്ളടക്കം 5 ലെ അനുബന്ധം രണ്ട്, കോളം നമ്പർ രണ്ട് പ്രകാരമുള്ള തണ്ടപ്പേരുകളിലും കോളം നമ്പർ ആറ് പ്രകാരമുള്ള ആധാരങ്ങളിലൂടെയും ക്രമപ്പെടുത്തി രേഖകൾ തയ്യാറാക്കിയിട്ടുള്ളതാകുന്നു. ഇപ്രകാരം സംഭവിച്ചിട്ടുള്ള പിഴവുകൾ തിരുത്തുന്നതിനായി എനിക്കും വസ്തു ഉടമകൾക്കും അവകാശമോ അധികാരമോ ഇല്ലാത്തതിനാൽ ഞങ്ങൾ തമ്മിൽ ചേരി തിരിഞ്ഞ് മല്ലടിക്കേണ്ട ഒരു കാര്യവുമില്ല. പ്രസ്തുത പ്രശ്ന പരിഹാരത്തിനായി സമർപ്പിച്ചിട്ടുള്ള നിവേദനങ്ങളിലെ ഒന്നാം പേരുകാരൻ മാത്രമാണ് ഞാനെന്നിരിക്കെ ഇതുകൊണ്ട് എനിക്ക് വ്യക്തിഗതമായാതൊരു നേട്ടവും ഉണ്ടാകുന്നില്ല.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

III. കൈവശക്കാരുടെ അസ്സൽ പ്രമാണങ്ങളും പിന്നീട് വന്നിട്ടുള്ള സബ്ഡിബിഷനുകളുടെ പ്രമാണങ്ങളും പരിശോധിച്ച് അവരിൽ നിന്ന് ആവശ്യമായ സ്റ്റേറ്റ്മെന്റുകളും തയ്യാറാക്കി അപ്രകാരം വരുന്ന അധിക ഭൂമി റീ.സർ. 732/29 ലെ കോർപ്പറേഷൻ വഴിയോട് ചേർത്ത് കോർപ്പറേഷൻ സെക്രട്ടറി സൂചന 8 പ്രകാരം ആവശ്യപ്പെട്ട രീതിയിൽ വഴിയുടെ അതിർത്തി നിശ്ചയിച്ച് ബൗണ്ടറി അലൈൻമെന്റ് ഇട്ടു നൽകുകയോ

അല്ലെങ്കിൽ

a) ഉള്ളടക്കം 5 ലെ അനുബന്ധം ഒന്നിലെ കോളം നമ്പർ (9) പ്രകാരം മുന്നാധാരമോ പട്ടയമോ ഇല്ലതെയുള്ള 5.99 ആർ അധികഭൂമി

അല്ലെങ്കിൽ

b) ഉള്ളടക്കം 5 ലെ അനുബന്ധം രണ്ട് കോളം നമ്പർ 5 പ്രകാരം മുന്നാധാരമോ പട്ടയമോ ഇല്ലാതെയുള്ള 1.53 ആർ അധികഭൂമി അല്ലെങ്കിൽ

c) ഉള്ളടക്കം 5 ലെ അനുബന്ധം രണ്ട് കോളം നമ്പർ രണ്ടിലെ 8983-ാം നമ്പർ തണ്ടപ്പേരിൽ നീക്കി മുതലായി അവശേഷിക്കുന്ന 019 ച.മീ. അധികഭൂമി - അല്ലെങ്കിൽ

d) ഉള്ളടക്കം 5 ലെ അനുബന്ധം രണ്ട് കോളം നമ്പർ രണ്ടിലെ 8991 -ാം തണ്ടപ്പേരിൽ അവശേഷിക്കുന്ന 0.46 ച.മീ. - അല്ലെങ്കിൽ

e) ഉള്ളടക്കം അഞ്ചിലെ അനുബന്ധം രണ്ട് കോളം നമ്പർ രണ്ടിലെ 23224-ാം നമ്പർ തണ്ടപ്പേരിലുള്ള നാളിതുവരെ നിലവിൽ വന്നിട്ടില്ലാത്ത 2.43 ആർ ഭൂമി റീ.സർ. 732/29 ലെ കോർ. വഴിയോട് ചേർന്ന് കോർ. സെക്രട്ടറി ആവശ്യപ്പെട്ടതുപോലെ അതിർത്തി നിശ്ചയിച്ച് ബൗണ്ടറി അലൈൻമെന്റ് ഇടുകയോ അല്ലെങ്കിൽ

f) ഉള്ളടക്കം 5 ലെ അനുബന്ധ രണ്ട്, കോളം നമ്പർ രണ്ടിലെ തണ്ടപ്പേർ നമ്പർ 23224 കോളം നമ്പർ 5 പ്രകാരം ഉള്ള 0.50 ച.മീ അധികഭൂമി വഴിയോട് ചേർത്ത് അലൈൻമെന്റ് ഇട്ടുവയ്ക്കുകയോ അല്ലെങ്കിൽ

g) ഉള്ളടക്കം 5 ലെ അനുബന്ധം രണ്ട് കോളം നമ്പർ രണ്ടിലെ 23225-ാം നമ്പർ തണ്ടപ്പേരിൽ കോളം നമ്പർ 5 പ്രകാരം ഉള്ള 0.81 ച.മീ. അധികഭൂമി ടി അധികഭൂമി III e to g വരെ വഴിയോട് ചേർത്ത് അതിർത്തി നിശ്ചയിച്ചു അലൈൻമെന്റ് ഇട്ടു നൽകിയാൽ സൂചന 9 പ്രകാരം വില്ലേജ് ഓഫീസർ റിപ്പോട്ട് ചെയ്തിട്ടുള്ളതുപോലെ ഞങ്ങളുടെ പരാതി ശാശ്വതമായി പരിഹരിക്കപ്പെടുന്നതാണ്.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

IV. പട്ടം സബ് രജിസ്ട്രാർ ആഫീസിലെ ആധാരം 220/84 പ്രകാരമുള്ള ഭൂമിയെ സംബന്ധിച്ചും ടി ആധാരത്തിലെ വഴിയെ സംബന്ധിച്ചും, റീ.സർ. 732/29 ലെ കോർപ്പറേഷൻ വഴിയെ സംബന്ധിച്ചും സൂചന ഏഴു പ്രാകാരം പുറപ്പെടുവിച്ച ഉത്തരവിൽ ബഹു. കോടതി വ്യക്തമാക്കിയിട്ടുള്ളതും പരാതിക്കാസ്പദമായ ഭാഗത്തുള്ള വഴിയുടെ വീതി പതിനഞ്ച് ലിംഗ്സാണെന്ന് അസന്നിഗ്ദമായി പ്രസ്താവിച്ചിട്ടുള്ളതും ആകുന്നു. അപ്രകാരം വഴിയുടെ അതിർത്തി നിശ്ചയിച്ച് ബൗണ്ടറി അലൈൻമെന്റ് ഇട്ടു നൽകുകയാണെങ്കിൽ സൂചന 9,11 പ്രകാരമുള്ള റിപ്പോർട്ടുകളിൽ പരാമർശിക്കുന്ന കൽകെട്ടു കൊണ്ടുള്ള തടസ്സം ശാശ്വതമായി മാറികിട്ടുന്നതും ഞങ്ങളുടെ പരാതിയിൽ ശാശ്വതമായ പരിഹാരം കൈവരുന്നതുമാകുന്നു.

V. സൂചന 10 പ്രകാരം ഞങ്ങളുടെ ആദ്യ പരാതിയിൽ വീണ്ടും അന്വേഷണം ആവശ്യമായി വരുകയാണെങ്കിൽ ടി പരാതിയിൽ ശാശ്വതമായ പരിഹാരം കണ്ടെത്തുന്നതുവരെ ഇതുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും, രേഖകളും ഭദ്രമായി സൂക്ഷിക്കുന്നതിനും കൈമോശം വരാതിരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു ഉത്തരവുണ്ടാകണമെന്ന് സവിനയം ബോധിപ്പിക്കുന്നു. താലൂക്ക് ആഫീസിലേയും വില്ലേജ് ആഫീസിലേയും റവന്യൂ രേഖകളിൽ സംഭവിച്ചിട്ടുള്ള പിഴവുകൾ തിരുത്തുന്നതിലുണ്ടായ കാലതാമസവും അനാസ്ഥയുമാണ് എനിക്കുണ്ടായിട്ടുള്ള ക്ളേശങ്ങൾക്കും, പൊതുമുതൽ മുതൽ നഷ്ടത്തിനും ഇടയായിട്ടുള്ളതെന്നും, ടി പരാതിയിൽ ശാശ്വതമായി പരിഹാരം കണ്ടെത്താൻ വൈകുന്നതെന്നും ഞാൻ കരുതുന്നു. ഇപ്രകാരം റവന്യൂ അധികാരികളുടെ ഭാഗത്തു നിന്നുണ്ടായ നീതിനിഷേധത്തിന്റെയും അനാസ്ഥയുടേയും ഭാഗമായി ഞാൻ ഏറ്റുവാങ്ങേണ്ടി വന്ന ക്ളേശങ്ങൾക്കും മാനസികവ്യഥയുടെയും ഭാരം ഇനിയും പേറുവാനും, ഇനിയൊരങ്കത്തിന് ബാല്യമില്ലാത്തതിനാലും ഈ പരാതിയിൽ എത്രയും വേഗം ശാശ്വതമായ പരിഹാരം കണ്ടെത്തണമെന്ന് സവിനയം ബോധിപ്പിച്ചുകൊള്ളുന്നു.

1) 12/04.04.25 ന് സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ പകർപ്പ്

2) 30-04-25 / 02.05.25 "

3) 06-06-25 ലെ കൈപ്പറ്റ് രസീത് നമ്പർ 103/25

4) 09-06-25 ന് സമർപ്പിച്ചിട്ടുള്ള വിവരാവകാശ അപേക്ഷ

5) തിരു. താലൂക്കിൽ ഉള്ളൂർ വില്ലേജിൽ ബ്ളോക്ക് 21 ൽ ഫീൽഡ് നമ്പർ 51 ലുണ്ടായിരുന്ന (റീ.സർ. 732/51) അധിക ഭൂമിയെ സംബന്ധിച്ചുള്ള അനുബന്ധ വിവരം.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പകർപ്പ്

1) ബഹു. റവന്യൂ മന്ത്രി - ഡോകറ്റ് നമ്പർ R 1036255/ തീ. 02.06.25
min.@kerala.go.vin (അറിവിലേക്കും തുടർ നടപടികൾക്കുമായി)

2) പ്രിൻസിപ്പൽ സെക്രട്ടറി - REV E2/513/2018 dt. 13-08-2019, 29.04.23,12.9.24
(റവന്യൂ E pr.secy@gmail.com (അറിവിലേക്കും തുടർനടപടിക്കുമായി)

3. അഡീഷണൽ ചീഫ് സെക്രട്ടറി - വിജി-ഇ1/143/2024 തീ 06-09-24
asvigilance2@gmail.com വിജി-ഇ1/12/2025 തീ 23-019-25
(അറിവിലേക്കും തുടർനടപടിക്കുമായി)

4. ലാന്റ് റവന്യൂ കമ്മീഷണർ - LR 1134/2021 LR (B3)
lrcommissioner@gmail.com തീ. 08.05.23, 14.08.24, 20.12.24
(അറിവിലേക്കും തുടർനടപടിക്കുമായി)

5. ജില്ലാ കളക്ടറുടെ കാര്യലയം - Dr.TVM/6273/2023 B19/12.06.23, 22.07.24
dctvm.ker@mic.in (അറിവിലേക്കും തുടർനടപടിക്കുമായി)

6. ഡയറക്ടർ, DVACB CPSP-1-21606/2018/AVACB/13.07.13
vig,vacb@kerala,gov.in (അറിവിലേക്കും തുടർനടപടിക്കുമായി)

7. RDO -TVM സി.6792/17 തീ 05-12-18
(അറിവിലേക്കും തുടർനടപടിക്കുമായി)

വിശ്വസ്തതയോടെ,

സി.വി. രാജൻ

തിരുവനന്തപുരം
16-06-2025

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

SHAHEEDA S
അണ്ടർ സെക്രട്ടറി

റവന്യൂ (യു) വകുപ്പ്
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ : 0471 2517058
തീയതി :16-01-2025

അർദ്ധ ഔദ്യോഗിക കത്ത് നം . REV-U4/58/2020-REV

പ്രിയപ്പെട്ട സർ,

പേരൂർക്കട ബാലവികാസ് ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട് തിരുവനന്തപുരം താലൂക്ക് NSS കരയോഗ യൂണിയന്റെ പേർക്കുള്ള PV No.1281/2017 നമ്പർ പോക്കുവരവ് റദ്ദ് ചെയ്ത് നടപടി സ്വീകരിക്കുവാൻ തിരുവനന്തപുരം ജില്ലാ കളക്ടർ ഉത്തരവായതിനെതിരെ താങ്കളുടെ മുമ്പാകെ ഡോ. രാജം പി.ആർ.എസ്. പിള്ള സമർപ്പിച്ച അപ്പീലിൽ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ 24/09/2024, 19/11/2024 തീയ്യതികളിൽ ഇതേ നമ്പർ സർക്കാർ കത്തുകളിലൂടെ ആവശ്യപ്പെട്ടിരുന്നു. പിന്നീട് ബഹു. ഹൈക്കോടതിയുടെ IANo.10/2024 in OP No.16667/1996(S)ൽ 14/11/2024ലെ ഉത്തരവിൽ താങ്കൾക്കു മുമ്പാകെ സമർപ്പിച്ച അപ്പീലിൽ ഹർജിക്കാരനെ കേട്ട് നാലാഴ്ചയ്ക്കകം അപ്പീൽ തീർപ്പാക്കുവാൻ നിർദ്ദേശിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് താങ്കൾ വ്യക്തിപരമായ ശ്രദ്ധ ചെലുത്തി, അടിയന്തിര നടപടികൾ സ്വീകരിച്ച്, റിപ്പോർട്ട് ഒരാഴ്ചക്കകം സമർപ്പിക്കേണ്ടതാണ്.

ആത്മാർത്ഥതയോടെ,

SHAHEEDA S

ഡോ. എ. കൗശിഗൻ ഐ.എ.എസ്.
ലാൻഡ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

DCALP/4051/2021-C4

കളക്ടറേറ്റ് ആലപ്പുഴ
തീയതി:10-02-2025

ഫോൺ 0477-2251676,2252580
ഫാക്സ് 0477-2251720,2253716
ഇ-മെയിൽ dcalp.ker@nic.in
deputycollectorlralp@gmail.com
വെബ് സൈറ്റ് www.alappuzha.nic.in

ജില്ലാ കളക്ടർ
ആലപ്പുഴ

ലാന്ഡ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം : നിയമസഭാചോദ്യം 1487 -മറുപടി നൽകുന്നത് സംബന്ധിച്ച്. .

സൂചന : 1. അങ്ങയുടെ 06/02/2025 ലെ LR/1418/2025-LR(B3) ാം നമ്പർ കത്ത്

സൂചനയിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിയ്ക്കുന്നു.കേരള നിയമസഭയുടെ **13**ാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം **1487** നുള്ള മറുപടി ചുവടെ ചേർത്തു കൊള്ളുന്നു.

എ) ആലപ്പുഴ ജില്ലയിൽ പിൻതുടർച്ചാ പോക്ക് വരവിനുള്ള അപേക്ഷകളിൻമേലുള്ള നടപടികൾ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. .

ബി)പിൻതുടർച്ചാപോക്ക് വരവിന് അപേക്ഷ,, ആധാരം, തണ്ടപ്പേർ കക്ഷിയുടെ മരണസർട്ടിഫിക്കറ്റ് എന്നീ രേഖകൾ ഹാജരാക്കേണ്ടതാണ്. പ്രസ്തുത അപേക്ഷകളിൽ മുൻഗണനാക്രമത്തിലാണ് നടപടികൾ സ്വീകരിയ്ക്കുന്നത് . ടി അപേക്ഷകൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

വിശ്വസ്തതയോടെ

ജില്ലാ കളക്ടർക്കുവേണ്ടി
ഡെപ്യൂട്ടികളക്ടർ(ഭൂപരിഷ്കരണം)

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

RL 788521189IN
4.1.24

പ്രേഷിതൻ

സുശീല ജി
W/o ബാബു, റ്റി സി 31, സുഭാഷ് ഭവൻ
ഹൌസ് നമ്പർ 36, ബ്ലോക് നമ്പർ 12
റ്റി എച്ച് സി കുടവൂർ പി ഒ

9895876864

B3

സ്വീകർത്താവ്

ലാന്റ് റെവന്യു കമ്മീഷണർ
പബ്ലിക് ഓഫീസ്,
പാളയം
തിരുവനന്തപുരം

ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം തിരുവനന്തപുരം
കോപ്പി
04 JAN 2024

സർ,

വിഷയം: എന്റെ ഭൂമി-ഡിജിറ്റൽ റീസർവ്വേ-തിരുവനന്തപുരം താലൂക്ക്-മേൽതോന്നയ്ക്കൽ-കീഴ്തോന്നയ്ക്കൽ വില്ലേജ് - പരാതി

എന്റെ ഭൂമി-ഡിജിറ്റൽ റീസർവ്വേ പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലയിലെ മേൽതോന്നയ്ക്കൽ-കീഴ് തോന്നയ്ക്കൽ വില്ലേജുകളിലായി ഇപ്പോൾ റീസർവ്വേ നടന്നുവരികയാണ്.

ഈ രണ്ടുവില്ലേജുകളിലായി കേരള സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്നായ, പട്ടികജാതി വികസന വകുപ്പിന്റെ തോന്നയ്ക്കൽ കോളനൈസേഷൻ സ്കീം നിലകൊള്ളുകയാണ്. GO (Ms) 40/L&SWD, Trivandrum, Dated 13/05/1971 പ്രകാരം ആരംഭിച്ച ഈ പദ്ധതിപ്രകാരം 512 ഏക്കറിൽപ്പരം ഭൂമി വനംവകുപ്പിൽ നിന്ന് പട്ടികജാതി വികസന വകുപ്പ് വാങ്ങുകയുണ്ടായി. ഈ ഭൂമിയിൽ നിന്നും രണ്ടര ഏക്കർ ഭൂമി വീതം 180 കുടുംബങ്ങൾക്ക് നൽകുകയും കോളനൈസേഷൻ സ്കീമിലുള്ളിൽ റോഡുകൾ ഉണ്ടാക്കുകയും ബാക്കി ഭൂമി തുടർവികസനത്തിനായി മാറ്റിയിടുകയും ചെയ്തു. കഴിഞ്ഞ 50 വർഷങ്ങളായി തോന്നയ്ക്കൽ കോളനൈസേഷൻ സ്കീമിലുൾപ്പെട്ട ഭൂമിയിൽ പലവിധത്തിലുള്ള കയ്യേറ്റങ്ങളും നടക്കുകയുണ്ടായി.

എന്നാൽ നിലവിൽ നടക്കുന്ന ഡിജിറ്റൽ റീസർവ്വേ ഉദ്യോഗസ്ഥർ തോന്നയ്ക്കൽ കോളനൈസേഷൻ സ്കീമിലുൾപ്പെട്ട വസ്തു ശരിയായ വിധം അളന്നു തിട്ടപ്പെടുത്തുവാൻ വിമുഖത കാണിക്കുകയാണ്. കോളനിയിലെ ഭൂവുടമകളെ അറിയിക്കാതെ അവരുടെ വസ്തു അളക്കുക, നിലവിലുള്ള സർവ്വേക്കല്ലുകൾ പരിഗണിക്കാതിരിക്കുക, നിലവിൽ കരമടയ്ക്കുന്ന വസ്തുവിൽപോലും പുറംപോക്ക് ഉണ്ടെന്നു പറയുക, റോഡരികിൽ മറ്റുജാതിക്കാരുടെ വസ്തു ഒഴിവാക്കി പട്ടികജാതിക്കാരുടെ വസ്തുവിൽ പുതിയ റോഡിന് സ്ഥലം ഏറ്റെടുക്കാനുള്ള പുറംപോക്ക് എന്ന നിലയിൽ അതിർത്തി മാറ്റി വരയ്ക്കുക, പരാതിപ്പെട്ടവരുടെ പോലും പരാതി പരിഗണിക്കാതിരിക്കുക തുടങ്ങി വ്യാപകമായ പരാതി സർവ്വേ ടീമിനെക്കുറിച്ച് നിലവിലുണ്ട്. ഇത്തരം പോരായ്മകൾ ചൂണ്ടിക്കാട്ടിയപ്പോൾ ഞങ്ങൾ സർവ്വേ ചെയ്തുപോകും, നിങ്ങളുടെ പരാതികൾ കോടതിയിൽ പോയി പരിഹരിക്കൂ എന്ന മറുപടിയാണ് പലപ്പോഴും ലഭിക്കുന്നത്. ഭൂമിയിൻമേലുള്ള പരാതികൾ തീർക്കാൻവേണ്ടി

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ആരംഭിച്ച ഡിജിറ്റൽ റീസർവ്വേ കാരണം വർഷങ്ങളോളം നീളുന്ന കോടതിനടപടികളിലേയ്ക്ക് പാവപ്പെട്ട പട്ടികജാതിക്കാരെ മാത്രം തള്ളിവിടുന്ന ഒരു സമീപനമാണ് തോന്നയ്ക്കൽ കോളനൈസേഷൻ സ്കീമിലെ ഭൂമി റീസർവ്വേ നടക്കുമ്പോൾ സംഭവിക്കുന്നത്. മാത്രമല്ല, തോന്നയ്ക്കൽ കോളനൈസേഷൻ സ്കീം ഒന്നാകെ അളന്നു തിട്ടപ്പെടുത്തുവാൻ കാണിക്കുന്ന വൈമുഖ്യം പട്ടികജാതിക്കാരുടെ ഭൂമി കയ്യേറിയവരെ സഹായിക്കുവാൻവേണ്ടിയുള്ള ഒരു നീക്കമായി മാത്രമേ കാണാൻ കഴിയൂ.

ഈ സാഹചര്യത്തിൽ ഞങ്ങൾ താഴെ പറയുന്ന കാര്യങ്ങൾ ആവശ്യപ്പെടുന്നു.

1. എന്റെ ഭൂമി-ഡിജിറ്റൽ റീസർവ്വേ പദ്ധതിപ്രകാരം സർവ്വേ നടത്തുമ്പോൾ മേൽതോന്നയ്ക്കൽ-കീഴ്തോന്നയ്ക്കൽ വില്ലേജുകളിലായി വ്യാപിച്ചു കിടക്കുന്ന തോന്നയ്ക്കൽ കോളനൈസേഷൻ സ്കീമിന്റെ പുറംഭാഗത്തെ അതിരുകൾ വ്യക്തമായി തിട്ടപ്പെടുത്തി കയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ കണ്ടെത്തുക.

2. കീഴ്തോന്നയ്ക്കൽ വില്ലേജിലെ തോന്നയ്ക്കൽ കോളനൈസേഷൻ സ്കീമിലെ സർവ്വെ നമ്പർ 92/5 ൽ പെട്ട വസ്തു 85 ആറും, മേൽതോന്നയ്ക്കൽ വില്ലേജിലെ സർവ്വെ നമ്പർ 65/5-ൽ പെട്ട വസ്തുവിന്റെ അളവും കൂട്ടിചേർത്ത് 2 ½ (രണ്ടര ഏക്കർ) ഉണ്ടോ എന്നുള്ള കാര്യം തിട്ടപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണം.

3. തോന്നയ്ക്കൽ കോളനൈസേഷൻ സ്കീമിനകത്ത് തുടർവികസനത്തിനായി മാറ്റിയിട്ട ഭൂമിയുടെ വിസ്തീർണ്ണവും അതിരുകളും നിശ്ചയിക്കുക.

4. സർവ്വേ പൂർത്തിയായി റവന്യൂവകുപ്പിനു കൈമാറാനായി തയ്യാറാക്കുന്ന അന്തിമ സ്കെച്ചിൽ ഓരോ ബ്ലോക്കുടമയ്ക്കും അഥവാ വസ്തു ഉടമയ്ക്കും പരാതികളൊന്നും തന്നെ ഇല്ല എന്ന് വസ്തു ഉടമകൾ നേരിട്ടു പരിശോധിച്ചു അംഗീകാരം നൽകുന്നതിനായി അന്തിമ സ്കെച്ചിന്റെ ഒരു പകർപ്പ് വസ്തു ഉടമയ്ക്ക് നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കുക. അന്തിമ സ്കെച്ച് വസ്തുഉടമ രേഖാമൂലം അംഗീകരിച്ചതിനു ശേഷം മാത്രം റവന്യൂ വകുപ്പിനു കൈമാറാനുള്ള നടപടികൾ സ്വീകരിക്കുക.

5. തോന്നയ്ക്കൽ കോളനൈസേഷൻ സ്കീമിനെ പ്രത്യേകമായി ഡിജിറ്റൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിനായി കോളനിയിലെ വസ്തുഉടമകളും പട്ടികജാതിവികസന വകുപ്പ്-സർവ്വേ വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമടങ്ങുന്ന ഒരു യോഗം വിളിച്ച് സർവ്വേയിലെ നടപടി ക്രമങ്ങൾ ജനങ്ങളെ അറിയിച്ച് ജനങ്ങളുടെ വിശ്വാസവും പിന്തുണയും ഉറപ്പാക്കുക.

വിശ്വസ്തതയോടെ

തോന്നയ്ക്കൽ
01/01/2024

സുശീല ജി

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

രസീത്

ബുക്ക് നമ്പർ എഫ് 13127 എഫ് No. 1312678

10143 -ാം നമ്പർ തണ്ടപ്പേര് / മുത്തകവിൽ അനുസരിച്ച് കരം / തുക ഒടുക്കിയതിന് രസീത്

താലൂക്ക് ഒ/ഗ്രാമസ്ഥൻ വില്ലേജ്

സർവ്വേയും സബ് ഡിവിഷനും നമ്പരും ലെറ്ററും	വിസ്തീർണ്ണം ഹെ.	വിസ്തീർണ്ണം ആർ	പട്ടാദാരന്റെയോ പട്ടാദാരൻമാരുടെയോ പേര്	ഒടുക്കിയ സ്വഭാവം	പണം ഒടുക്കിയ ആളിന്റെ പേര്	ഏത് കാലത്തേക്കെന്നോ ഏത് തവണയ്ക്കെന്നോ	തുക രൂപ	തുക സ.	റിമാർക്സ്
92/5	-	85	10143 സുശീല Block 167			2011/2012	85	-	

മേൽ വിവരിച്ച പ്രകാരം 85/- രൂപ 5 പൈസ

നൂപ നൂറി എൺപത്തിയഞ്ചു മാത്രം (അക്ഷരത്തിൽ)

2011 -ാമാണ്ട് 06 മാസം 02 തീയതിയായ

ഇന്നേദിവസം സ്വീകരിച്ച് വില്ലേജ് കണക്കിൽ മുതൽ വച്ചിരിക്കുന്നു.

സ്ഥലം : ഒ/ഗ്രാമസ്ഥൻ

തീയതി : 02/06/2011

വില്ലേജ് ഓഫീസറുടെയോ

വില്ലേജ് അസിസ്റ്റന്റിന്റെയോ

പേരും ഒപ്പും

GCPT. 19/1244/2010/DTP.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

GOVERNMENT OF INDIA



Susheela G
DOB: 01/01/1967
FEMALE

4893 1172 3715
VID : 9180 7673 7318 3397

എന്റെ ആധാർ, എന്റെ ഐഡന്റിറ്റി

आधार

भारतीय विशिष्ट पहचान प्राधिकरण
UNIQUE IDENTIFICATION AUTHORITY OF INDIA

Address :
W/O Babu, T C 31 SUBHASH BHAVAN
HOUSE NO 36 BLOCK NO 12 T H C,
KUDAVOOR P O, Melthonnakkal,
Thiruvananthapuram,
Kerala - 695313



4893 1172 3715
VID : 9180 7673 7318 3397

1947
1800 300 1947 help@uidai.gov.in www.uidai.gov.in P.O. Box No. 1947, Bengaluru-560 001

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

'ഭരണഭാഷ-മാതൃഭാഷ'

File No:DSLR/2631/2021/E2-Part(2)

സര്‍വെയും ഭൂരേഖയും വകുപ്പ്
ഡയറക്ടറുടെ കാര്യാലയം, വഴുതയ്ക്കാട്,
തിരുവനന്തപുരം-695014
Ph: 0471-2325266, Fax: 2338210
E-mail: dydir1-tvm.syr@kerala.gov.in
തീയതി -09-10-2024

ഡയറക്ടർ

ലാൻഡ് റവന്യൂ കമ്മീഷണർ
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം

സർ,

വിഷയം : ഡിജിറ്റൽ സർവെ - ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS) - പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച്

സൂചന : 30-05-2023 ലെ G.O. (Rt) No. 2035/2023/RD നമ്പർ സർക്കാർ ഉത്തരവ്

സൂചനയിലേക്ക് ശ്രദ്ധ സാദരം ക്ഷണിച്ച് കൊള്ളുന്നു. ഡിജിറ്റൽ സർവെ പദ്ധതി പ്രകാരം സർവെ പൂർത്തിയായ വില്ലേജുകളിൽ റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകളിലെ ഭൂസേവനങ്ങൾ സംയോജിപ്പിച്ച് കൊണ്ട് സൂചന ഉത്തരവ് പ്രകാരം നടപ്പിലാക്കുന്ന 'ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം' (ILIMS) ബഹു.മുഖ്യമന്ത്രി 2024 ഒക്ടോബർ 22 ന് ഒദ്യോഗികമായി ഉദ്ഘാടനം കുറിക്കുന്നു.

ഉദ്ഘാടനത്തോടനുബന്ധിച്ച് ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS) നടപ്പിലാക്കുന്ന വില്ലേജുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	താലൂക്ക്	വില്ലേജ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

1	തിരുവനന്തപുരം	തിരുവനന്തപുരം	വെയിലൂർ
2	കൊല്ലം	കൊല്ലം	മങ്ങാട്
3	പത്തനംതിട്ട	കോന്നി	വള്ളിക്കോട്
4	ആലപ്പുഴ	ചേർത്തല	കടകരപ്പള്ളി
5	കോട്ടയം	വൈക്കം	ഉദയനാപുരം
6	ഇടുക്കി	ഉടുമ്പൻചോല	ഇരട്ടയാർ
7	എറണാകുളം	കണയന്നൂർ	തിരുവാങ്കുളം
8	തൃശൂർ	തൃശൂർ	കിഴക്കുമുറി
9	പാലക്കാട്	മണ്ണാർക്കാട്	തച്ചനാട്ടുകര - 2
10	മലപ്പുറം	പെരിന്തൽമണ്ണ	കുരുവമ്പലം
11	കോഴിക്കോട്	കൊയിലാണ്ടി	തുറയൂർ
12	വയനാട്	മാനന്തവാടി	നല്ലൂർനാട്
13	കണ്ണൂർ	കണ്ണൂർ	കണ്ണൂർ - 2
14	കാസർഗോഡ്	മഞ്ചേശ്വരം	ഉജ്ജർ ഉൾവാർ

പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് മൂന്ന് വകുപ്പുകളിലെ ഭൂസേവനങ്ങൾ സംയോജിപ്പിച്ച് സർവെ മാപ്പ് കൂടി ഉൾപ്പെടുത്തിയുള്ള രജിസ്ട്രേഷനും, പോക്ക് വരവും സംബന്ധിച്ച പ്രായോഗിക പരിശീലനം നൽകുന്നതിനും, ILIMS സിസ്റ്റത്തിന്റെ പ്രവർത്തനം സംബന്ധിച്ച പൂർണമായ അറിവ് നൽകുന്നതിനും, ഏകീകൃത പോർട്ടൽ സിസ്റ്റം മുഖാന്തിരം

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ജനങ്ങൾക്ക് ഭൂസേവനങ്ങൾ നൽകുന്നതിനുമുള്ള പ്രക്രിയ വിശദീകരിക്കുന്നതിനുമായി ഒരു പരിശീലന പരിപാടി **nic** മുഖേന നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

മേൽ പട്ടികയിൽ ക്രമ നമ്പർ **1** മുതൽ **7** വരെയുള്ള ജില്ലകളിലെ ഉദ്യോഗസ്ഥർക്ക് **14-10-2024, 15-10-2024** തീയതികളിലും തുടർന്നുള്ള ജില്ലകളിലുള്ളവർക്ക് **16-10-2024, 17-10-2024** തീയതികളിലും തിരുവനന്തപുരം **PTP** നഗറിലുള്ള സർവെ ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്-കേരള **(STI-K)** മുഖാന്തിരമാണ് പരിശീലനം നടത്തുന്നത്. പ്രസ്തുത പരിശീലനത്തിനു ബന്ധപ്പെട്ട വില്ലേജുകളിലെ വില്ലേജ് ഓഫീസർമാരെയും, ഭൂരേഖാ തഹസീൽദാർമാരെയും പരിശീലന പരിപാടിയിൽ പങ്കെടുപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്ഥതയോടെ,

Sambad 7.

ഡയറക്ടർ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

IGR/4457/2023-GRC3

I/219349/2023

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയം
വഞ്ചിയൂർ, തിരുവനന്തപുരം,
regig@kerala.nic.in
www.keralaregistration.gov.in
ഫോൺ : 0471-2703400
ഫാക്സ് : 0471-2462608
തീയതി : 18-09-2023

D3

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ,
തിരുവനന്തപുരം.

രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ,
(ദക്ഷിണ മേഖല) തിരുവനന്തപുരം.

സർ,

വിഷയം:- രജിസ്ട്രേഷൻ വകുപ്പ് - പരാതിപരിഹാരസെൽ - പുറമ്പോക്ക് ഭൂമി വ്യാജ രേഖ ചമച്ച് രജിസ്റ്റർ ചെയ്തതായ പരാതി - സംബന്ധിച്ച്.

സൂചന :- ലാൻഡ് റവന്യു കമ്മീഷണറുടെ 05.09.2023 തീയതിയിലെ LR/5178/2023-LR(D3)-ാാാം നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന പ്രകാരമുള്ള കത്തും അനുബന്ധരേഖകളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.സൂചന കത്തിൽ പരാമർശിച്ചിരിക്കുന്ന വിഷയം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുവാൻ താങ്കളെ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
P. K. Sajankumar
Date: 18-09-2023 19:04:53
JOINT INSPECTOR GENERAL
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനുവേണ്ടി

പകർപ്പ്:ലാൻഡ് റവന്യൂ കമ്മീഷണർ,ലാൻഡ് റവന്യു കമ്മീഷണറുടെ കാര്യാലയം, പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം. പിൻകോഡ്:-695033.(അറിവിലേക്കായി)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR (B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

23

07/02/2025

ബഹുമാനപ്പെട്ട ലാന്റ് റവന്യൂ കമ്മിഷണർക്ക് മുൻപാകെ തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ അബ്ദുൽസലാം മകൻ സലിം കുട്ടി ബോധിപ്പിക്കുന്ന അപേക്ഷ :

B3

RL 0108482721N
10/2/25

സർ,

വർക്കല താലൂക്കിൽ വർക്കല വില്ലേജിൽ Block No 83- ൽ പെട്ട സർവ്വേ നമ്പർ 1,2,3,4 എന്നിവയിൽ പെട്ട എന്റെ പിതാവിന്റെയും മുതൽ പേർക്കുള്ള ഒരേക്കർ മൂപ്പത്താറു സെന്റിൽ നിന്നും ഓടയം ചെമ്മീൻ ഹാച്ചറിക്ക് വേണ്ടി 1996-ൽ ഭൂമി ഏറ്റെടുത്തപ്പോൾ എന്റെ പിതാവിന്റെയും മുതൽ പേർക്കുള്ള വസ്തുവിൽ നിന്നും 32 സെന്റ് എടുക്കുകയും അക്കാലത്ത് റീസർവ്വേ നടക്കാത്തത് കൊണ്ട് 80.500 സെന്റിന് മാത്രമാണ് കരം ഒടുക്കുന്നത്. അതിൽനിന്നുമാണ് 32 സെന്റ് സർക്കാർ ഏറ്റെടുത്തത്. നിലവിൽ 50 സെന്റിന് മാത്രമാണ് കരം ഉള്ളത്. 2013ൽ റീസർവ്വേ നടന്നപ്പോൾ പല തവണ പരാതികൾ താലൂക്കിലും, മുഖ്യമന്ത്രിക്കും റവന്യു മന്ത്രിക്കും കളക്ടർക്കും കൊടുത്തിട്ടും പരാതിക്ക് ഒരു പരിഹാരവും കാണാതെ നീട്ടിക്കൊണ്ട് പോവുകയാണ് ചെയ്തത്.

2023 - ൽ നടന്ന നവകേരള സദസ്സിലും ഞാനും എന്റെ സഹോദരൻമാരായ അബ്ദുൾ അസിസും, അബ്ദുള്ളയും പരാതി കൊടുത്തിരുന്നു. അതിനൊന്നും പരിഹാരംകാണാതെ ഞങ്ങൾ കൊടുത്ത പരാതി ഞങ്ങൾ അറിയാതെ തീർപ്പാക്കുകയാണ് ഉണ്ടായത്.

ഇങ്ങനെ പരാതി നിലനിൽക്കുമ്പോൾ ആ സ്വകാര്യ വ്യക്തിക്ക് വേണ്ടി റീസർവ്വേയിൽ ഇല്ലാത്ത വഴി ഉണ്ടാക്കി കൊടുക്കാൻ ഇന്നത്തെ വർക്കല തഹസീൽദാരായ സജി.എസ്.എസ് ഉദ്യോഗസ്ഥൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഉദാഹരണം Block 83 ൽ സർവ്വേ നമ്പർ 2ൽ പെട്ട ഞങ്ങൾക്ക് അവകാശപ്പെട്ട വസ്തു റിസർവ്വേൽ തെറ്റായാണ് രേഖ പെടുത്തിയിരിക്കുന്നത്. രണ്ട് വ്യക്തികളുടെപേരിൽ - അബ്ദുറഹിമാൻ താജുദ്ദീൻ മുടിയക്കോട് ദേശം പാലച്ചിറദേശം ചെറുന്നിയൂർ വില്ലേജ്, പദ്മനാഭൻ നാരായണപിള്ള മുടിയക്കോട് ദേശം ഇവരുടെ പേരിലാണ് രേഖപെടുത്തിയിരിക്കുന്നത്.

23/10/2024-ൽ ജില്ലാ സർവ്വേ സൂപ്രണ്ട് കളക്ടർക്ക് സമർപ്പിച്ച റിപ്പോർട്ടിൽ വിവരാവകാശ പ്രകാരം അബ്ദുള്ളക്ക് നൽകിയ സർക്കാർ പൊതുനജങ്ങൾക്ക് വിട്ടുകൊടുത്ത വഴിയേ കുറിച്ച് വിശദീകരണം നൽകിയിട്ടില്ല. 2013ലെ റിസർവ്വേ സ്കെചിൽ സർക്കാർ വസ്തുവിന്റെ പടിഞ്ഞാറു ഭാഗത്തെ നടപ്പാതെയും ബാക്കി വസ്തുവും രേഖപ്പെടുത്തി കാണുന്നില്ല. അളവിൽ ക്രിതൃമം കാണിച്ച്, മറ്റ് സ്വകാര്യ വ്യക്തിക്ക് വേണ്ടി തഹസിൽദാർ പദവികൾ ദുരുപയോഗം ചെയ്തും കൊണ്ടിരിക്കുകയാണ്. ഇത് താങ്കളുടെ ശ്രെദ്ധയിൽ പെടുത്തി ഞങ്ങൾക്ക്തി കുറവുള്ള ഭൂമി അളന്നു തിട്ടപ്പെടുത്തി തരുവാൻ അപേഷിക്കുന്നു.



ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
കൈപ്പറ്റി
10 FEB 2025
തിരുവനന്തപുരം

എന്ന് സലിം കുട്ടി

ഇതിനോടൊപ്പം ഹാജരാക്കുന്ന രേഖകൾ :-

1. 2013-ലെ റീസർവ്വേ സ്കെച്ച്
2. അബ്ദുൽസലാമിന്റെ വസ്തുവിന്റെ വില്ലേജിലെ സർവ്വേ സ്കെച്ച്
3. 82-83 സർവ്വേ ബ്ലോക്കിൽ പെട്ട ചൊത്തം വസ്തുക്കളുടെ ഏരിയ സ്കെച്ച്.

File No. LR/9180/2025-LR(B3) (Computer No. 14119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

2013-ലെ നീ സർവ്വേ സ്കെച്ച്.



അബ്ദുൾസലാമിന്റെ പേരിലുള്ള വില്ലേജിലെ സ്കെച്ച്.

Issue - 18/11/2024.



File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

District : Thiruvananthapuram
Taluk : Varkala
Village : Varkala

Sy.no - 35,42

Block.No :83

82-83 സർവ്വേ സ്കെച്ചിൽ ചേർത്തിരിക്കുന്ന വസ്തുക്കളുടെ സ്കെച്ച്.
(2024)



PLOT NO	SY.NO	AREA (ARE)
1	35/B	6.37
2	35/B 2	12.14
3	35/A 3	12.14
4	35/A-3	17.81
5	42/A	21.05
6	35/A	12.54
7	42	12.14
8	42	8.50
9	42/A	17.01
10	42/A	10.52
11	42/A-1	6.07
12	42/A	10.72
13	42/-A	11.33
TOTAL		158.34

All Dimensions are in Meter

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കളക്ടറേറ്റ് ,സിവിൽ സ്റ്റേഷൻ
കടപ്പനക്കുന്ന്,തിരുവനന്തപുരം-43
ഫോൺ നം : 0471 -2731210
ഫാക്സ് നം : 0471 -2731166
ഇ-മെയിൽ: dctvm.ker@nic.in
തീയതി: 11-02-2025

ജില്ലാ കളക്ടർ,
തിരുവനന്തപുരം.

ലാൻഡ് റവന്യു കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം :- നിയമസഭാ ചോദ്യം നമ്പർ 1487-മറുപടി ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന :- 1) ആ കാര്യാലയത്തിലെ 06/02/2025-ലെ LR/1418/2025-LR(B3) നമ്പർ കത്ത്
2) ഭൂരേഖ തഹസിൽദാർമാരുടെ റിപ്പോർട്ടുകൾ

****

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു . നിയമസഭാ ചോദ്യം നമ്പർ 1487 - നുള്ള മറുപടി ചുവടെ ചേർക്കുന്നു .

എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

കേരളാ പോക്കുവരവ് ചട്ടങ്ങൾ 1966 പ്രകാരമാണ് നിലവിൽ പിന്തുടർച്ച പോക്കുവരവ് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത് . പോക്കുവരവ് ചട്ടങ്ങളിൽ സർക്കാർതലത്തിൽ മാറ്റം വരുത്തിയാൽ മാത്രമേ നിലവിലെ നടപടികളിൽ മാറ്റം വരുത്താൻ സാധിക്കുകയുള്ളു എന്ന് കാണുന്നു .

ബി) പിന്തുടർച്ച പോക്കുവരവിന് അപേക്ഷ നൽകുമ്പോൾ അപേക്ഷയോടൊപ്പം മരണപ്പെട്ട വ്യക്തിയുടെ മരണ സർട്ടിഫിക്കറ്റ് , ബന്ധപ്പെട്ട ആധാരത്തിന്റെ പകർപ്പ് , കരം ഒടുക്കിയ രസീതിന്റെ പകർപ്പ് , അവകാശികളുടെ തിരിച്ചറിയൽരേഖകളുടെ പകർപ്പ് എന്നിവ നൽകേണ്ടതാണ് . പ്രസ്തുത അപേക്ഷകൾക്ക് ഓൺലൈൻ സംവിധാനം നിലവിലില്ലാത്തതാണ് . മുൻഗണനാ ക്രമത്തിലാണ് അപേക്ഷകൾ തീർപ്പാക്കുന്നത് .

വിശ്വസ്തതയോടെ,
DEPUTY COLLECTOR
ജില്ലാ കളക്ടർക്കു വേണ്ടി.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം,പിൻകോഡ് :-695033
മെയിൽ ഐ ഡി :- lrcommissioner@gmail.com
e-Office CRU ID :- cru.lrctvm@kerala.gov.in

:LR/3147/2023-R(S2) Date:09-10-2024

അനൗദ്യോഗിക കുറിപ്പ്

വിഷയം :- കമ്മീഷണറേറ്റ്തല സ്യൂട്ട് കോൺഫറൻസ്-സംബന്ധിച്ച്.

സൂചന :- ലാൻഡ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശം.

19/10/2024 വ്യഴാഴ്ച ഉച്ചക്ക് ശേഷം 2.30 മണിക്ക് എല്ലാ ജില്ലകളിലേയും ലീഗൽ ഓഫീസർ, സ്യൂട്ട് വിഭാഗം സീനിയർ സൂപ്രണ്ട്, ലെയ്സൺ ഓഫീസർ എന്നിവരുമായി, ബഹു. സുപ്രീം കോടതിയിലും ഹൈക്കോടതിലും മറ്റ് കോടതികളിലും തീർപ്പാക്കാതെ കിടക്കുന്ന കേസുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി വീഡിയോ കോൺഫറൻസ് മുഖേന സ്യൂട്ട് മീറ്റിംഗ് നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്.

ടി യോഗത്തിന് മുന്നോടിയായി **18/10/2024 ന് ഉച്ചക്ക് 2.30 മണിക്ക്** ഈ കാര്യാലയത്തിലെ എല്ലാ വിഭാഗം സൂപ്രണ്ടുമാരുമായി ഡി എം സെക്ഷനിലെ വീഡിയോ കോൺഫറൻസ് ഹാളിൽ വച്ച് സ്യൂട്ട് കോൺഫറൻസ് നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. താങ്കളുടെ സെക്ഷനുമായി ബന്ധപ്പെട്ട കേസുകളുടെ ലിസ്റ്റ് സഹിതം ടി യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

PRIYA I NAIR, AC(RE) .CLR, Revenue Establishment CLR

To :-എല്ലാ സീനിയർ സൂപ്രണ്ടുമാർക്കും,
എല്ലാ ജൂനിയർ സൂപ്രണ്ടുമാർക്കും.
എല്ലാ അസിസ്റ്റൻറ് കമ്മീഷണർമാർക്കും (അറിവിലേക്കായി)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (യു) വകുപ്പ്

നമ്പർ:-റവ-യു1/19/2024-റവന്യൂ 19-08-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ,
ലാന്റ് റവന്യൂ
തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ വകുപ്പ് -ചിറയിൻകീഴ് താലൂക്കിലെ മണനൂർ വില്ലേജിലെ 48 സെൻറ് പുരയിടം റവന്യൂ വകുപ്പും പബ്ളിക് വർക്ക് ഡിപ്പാർട്ട്മെൻറും കൈയ്യേറി എന്ന പരാതി.- സംബന്ധിച്ച്

സൂചന:- 1. 31.07.2024 വിജിലൻസ്(ഇ) വകുപ്പിൻെറ വിജി-ഇ1/10/2024-റവ നമ്പർ കത്ത്

2. ശ്രീ. സലീംഖാൻെറ പരാതി

3. 09.02.2024 ലെ ഇതേ നമ്പർ സർക്കാർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 3 ലെ പരാതിയുടെ പകർപ്പ് കൂടി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അയക്കുന്നു.

വിശ്വസ്തതയോടെ,
SHAHEEDA S
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

തിരുവനന്തപുരം

നമ്പർ.വിജി-ഇ1/10/2024-വിജി

വിജിലൻസ് (ഇ) വകുപ്പ്
31-07-2024,തിരുവനന്തപുരം

പ്രേഷകൻ
അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്
പ്രിൻസിപ്പൽ സെക്രട്ടറി
റവന്യു വകുപ്പ്

സർ,

വിഷയം:- വിജിലൻസ് വകുപ്പ് - ചിറയിൻകീഴ് താലൂക്കിൽ മണനൂർ വില്ലേജിൽ തങ്ങളുടെ പേരിലുള്ള 48 സെന്റ് പുരയിടം റവന്യൂ വകുപ്പും PWD-ഉം കൈയ്യേറിയെന്ന് ആരോപിച്ച് ശ്രീ.സലീംഖാൻ സമർപ്പിച്ച പരാതി - സംബന്ധിച്ച്

സൂചന:- 1) ഈ വകുപ്പിന്റെ 26/01/2024 - ലെ ഇതേ നമ്പർ കത്ത്
2) വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 16/05/2024 ലെ സി.പി.എസ്.പി.1-54905/2023/ഡി.വി.എ.സി.ബി നമ്പർ കത്ത്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (2) ലെ കത്തിന്റെയും അതോടൊപ്പം ലഭിച്ച ശ്രീ.സലീംഖാന്റെ പരാതിയുടെയും അസ്സൽ, സൂചന (1) ലെ കത്തിന് തുടർച്ചയായി ആവശ്യമായ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,
ബിനു സി
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ് : ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

'CORRUPTION, A CRIME AGAINST NATION'
ഭരണഭാഷ മാതൃഭാഷ

150 YEARS OF CELEBRATING THE MAHATMA

ഡയറക്ടറേറ്റ്,
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
ഇമെയിൽ : vig.vacb@kerala.gov.in
ഫോൺ : 04712305393
തീയതി. 16-05-2024

നമ്പർ.CPSP-1-54905/2023/DVACB

പ്രേഷകൻ

ഡയറക്ടർ
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി,
വിജിലൻസ് ഡിപ്പാർട്ട്മെന്റ്
ഗവ: സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

വിജിലൻസ് വകുപ്പ് 06 JUN 2024 ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695001

സർ,

വിഷയം: പരാതിക്കാരന്റെ 48 സെന്റ് പുരയിടം ചിറയിൻകീഴ് താലൂക്കിൽ മണനൂർ വില്ലേജിൽ സർവ്വെ നമ്പരിലുള്ള വസ്തു റവന്യു വകുപ്പും PWD കൈയ്യേറിയെന്നും മറ്റും സംബന്ധിച്ച് ശ്രീ.സലീംഖാൻ സമർപ്പിച്ച പരാതി

സൂചന : 1.GO(P)NO.09/2017/Vig, Dated 29.03.2017.
2.CPSP-1-54905/2023/DVACB Dated, 4-01-2024
3.VIG-E1/10/2024-VIG Dated, 26-01-2024
4.CPSP-1-19808/2024/DVACB Dated, 06-05-2024

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും അങ്ങയുടെ ശ്രദ്ധക്ഷണിച്ചു കൊള്ളുന്നു.

ശ്രീ.സലീംഖാൻ ഇതിന് മുമ്പ് നല്കിയ പരാതി സൂചന (1) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതും, സൂചന (3) പ്രകാരം ആയത് റവന്യു വകുപ്പിന് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കൈമാറിയിട്ടുള്ളതാണ്. ടിയാൻ വീണ്ടും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നല്കിയ പരാതി സൂചന (2) പ്രകാരം നല്കിയ പരാതിയോടൊപ്പം ചേർത്ത് ഉചിത നടപടി സ്വീകരിക്കുന്നതിന് സൂചന (1) പ്രകാരം സമർപ്പിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ

വിനോദ്.സി
പോലീസ് സൂപ്രണ്ട് ഇന്റലിജൻസ്(i/c)
ഡയറക്ടർക്ക് വേണ്ടി

File No. LR/9130/2025-LR(B3) (Computer No. 14119) CPSP-1-54905/2023/DVACB 4d6006
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

594599/2024/Tapal CLR

54905/2024 19808

From Prof(Dr) A. സലിംഖാൻ 82
H/o ഖദീജാബീവി - 70

C 16/2643 സഫാർ നവരംഗം - 17 Med: College P.O Ivpm - 11
9349065702
0471-2442667

06 MAY 2024

To The Director
Vigilance & Anticorruption Bureau,
TRIVANDRUM.

സർ

Ref 16.12.1993 ൽ കോൺട്രിബ്യൂഷൻ - ഗവ: ഉത്തരവ്
CRP 2445/82 - A - ഗവ: ഉത്തരവ്
പ്രകാരം കിഴിവു ചെയ്തു കൊണ്ട്
1603223/76 - 18.1.2000 ലെ ചീഫ് എഞ്ചിനീയർ
താലൂക്ക് Land Board ന്റെ വിധി.
Collectorate, തിരുവനന്തപുരം 90970/07
dated 11.6.2008 സങ്കടൽ, ചെയർമാൻ TLR ചീഫ് എഞ്ചിനീയർ
തിരുവനന്തപുരം, നോമിനി ടൗൺ ചീഫ് എഞ്ചിനീയർ
മുനിസിപ്പൽ വില്ലേജ് ഓഫീസർ എന്നിവർ

1994 - ൽ ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് തിരുവനന്തപുരം ഏറ്റെടുത്ത് വച്ചിരിക്കുന്ന എന്റെ മുനിസിപ്പൽ വില്ലേജ് പരിധിയിൽ വരുന്ന എന്റെ ചകുടുംബ സ്വത്ത് (ഭൂമി) തിരിച്ചു തരുന്നതിന് വേണ്ടി അപേക്ഷിക്കുന്നു.

ഉത്തരവ് (1) CRP 2445/82 A (ചീഫ് എഞ്ചിനീയർ ഓഫീസ് തിരുവനന്തപുരം, തൈക്കാട്, AEP Building, ഉത്തരവ് നമ്പർ 1603223/76 - P.O ഫിനാൻസ് Respondent 2, 4 & 5 Respondents ഉം ഫിനാൻസിന്റെ പേരിൽ, ഭൂമി വിട്ടു

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3), CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പുരയിടവും വീടും (AEP Building) ഉണ്ടത്
കേസിലെ (R6 - ഷിംഷീദിന്റെ പേരിലാണ്)
വീടും പുരയിടവും കേസിൽ കിടക്കുകയാണെന്നറിഞ്ഞിട്ടും
ആധിയു No:1272/82 പ്രകാരം വിലയ്ക്ക് സ്വന്തമായി ലഭിച്ച
രേഖയിന്റെ ബലത്തിൽ മാത്രമാണ് ഇപ്പോൾ കൊടുത്തിരിക്കുന്ന
ഹൈക്കോടതിൽ കേസ് കിടക്കുന്നതായി അറിഞ്ഞിട്ടില്ല.
ഷിംഷീദിൻ, AEP Buildings, ചെങ്ങന്നൂർ P.O. എന്നി
ങ്ങിനെ ഇങ്ങനെ ഒരു ക്രയാധാര (നമ്മുടെ കൈവശം
വിട്ടു) യെന്നാൽക്കുമാത്രമാണ് കൊടുക്കുന്നതായി. അങ്ങനെയുള്ള
കേസിൽ R4 to R8 (ഇതുവരെയുള്ള മുഴുവൻ
വിധിന്യായവിവരവും ഈ സത്യവാങ്മൂലത്തോടൊപ്പം
ഹാജരാക്കുന്നുണ്ട്) Advocate ചാർജ്ജ് ഈടാക്കുന്നതിനുള്ള
അപേക്ഷയും നൽകിയിട്ടില്ല. അപേക്ഷാഫീസിനത്തിൽ
ഈടാക്കുന്നു, ഈ ഇനത്തിൽ ഉടമസ്ഥൻ കൊടുക്കുന്ന
തുകയെപ്പറ്റി ഒരു നിശ്ചയവുമില്ല (ഇതിനെപ്പറ്റി
വ്യക്തമായി പറയുന്നുണ്ട്). അതിനാൽ ഇപ്പോൾ
ഈടാക്കുന്ന തുകയെപ്പറ്റി ഒരു നിശ്ചയവുമില്ല.

2016 (Early) "സിയിലുകാരൻ കൊണ്ടുവിട്ടുവിടുന്നു"
കൊണ്ടുവിട്ടുവിടുന്നു എന്ന് (ഷിംഷീദിന്റെ വീടിനടുത്തുള്ള
താമസം) കുടുംബത്തിലെ ചെറുപ്പക്കാരനായ ഉണ്ണിമോൻ
യ്ക്കൊപ്പം സർവ്വേയർ (ഒരു L.I.C ഏജന്റിന്റെ)
ഫൈലുമായി സർവ്വേ ചെയ്യുകയാണ്) എന്നോട്
ഞങ്ങളുടെ വീടും, പുരയിടവും അളക്കുന്നു (നമ്മുടെ
ഭാഗത്തെ വീടും പുരയിടവും) ഞാൻ ചോദിച്ചു
കൂടെ നടന്നു, താലൂക്കിലെ (Dy: തഹസിൽദാർ) വരെ
കൊടുക്കുന്നു (CERTIcate). "ഇവിടെ ഇതുവരെ ഇതുപോലെ ഒരു പുരയിടം
നമ്മുടെ കുടുംബവും കൂടി ഓഫീസിൽ ഒരു Dy.Collr. കളക്ടർ
ലെ ഉദ്യോഗസ്ഥനെ കൂട്ടുന്നുണ്ട്. അവരുടെ പേരുവിവരം
എന്റെ ഓർമ്മയിലുണ്ട്. വിശദമായി അന്വേഷിക്കണമെന്ന
ആവശ്യപ്പെടുന്നു

Dr A. SALIM KHAN M.D
Senior Consultant Physician
TC 16/2643
M.C.P.O
TVPM-15

File No. LR 9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

'CORRUPTION, A CRIME AGAINST NATION'

ഭരണഭാഷ - മാതൃഭാഷ

പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് - 2
കുഞ്ചാലുംമൂട്, കരമനപി.ഒ,
തിരുവനന്തപുരം.
E-mail:spsiu2.vacb@kerala.gov.in
Phone: 0471 2340054

നം. ഇ- 46/17/വി.എ.സി.ബി/എസ്.ഐ.യു-2 തീയതി: 18 ..12..2017.

പ്രേഷകൻ
പോലീസ് സൂപ്രണ്ട്
സ്വീകർത്താവ്
പ്രൊ. സലീംഖാൻ,
റ്റി.സി. 1/1711 സഫയർ നവരംഗർ ലെയ്ൻ - 17,
മെഡിക്കൽ കോളേജ് പി.ഒ.,
തിരുവനന്തപുരം.

സർ,

വിഷയം:- വസ്തുക്കളുടെ പോക്കുവരവ്, കരം എന്നിവ 2008 മുതൽ സ്വീകരിക്കുവാൻ നിർവ്വാഹമില്ല എന്ന് വില്ലേജാഫീസർ അറിയിച്ചതിനെ സംബന്ധിച്ച്.

സൂചന:- താങ്കൾ 1/12/2016-ൽ ബഹു. ഡയറക്ടർ, വി.എ.സി.ബിയ്ക്ക് നൽകിയ പരാതി.

****

ടി വിഷയത്തിന്മേലുള്ള പരാതി അന്വേഷിച്ചതിൽ ബഹു. കളക്ടറുടെ B6/90970/17 ഉത്തരവ് പ്രകാരം ടി പരാതിയിൽ പറയുന്ന വസ്തുക്കളുടെ പോക്കുവരവ്, കരം എന്നിവ 2008 മുതൽ സ്വീകരിക്കുവാൻ നിർവ്വാഹമില്ല എന്ന് വില്ലേജാഫീസർ നം. 14/17 കത്ത് പ്രകാരം പരാതിക്കാരിയെ അറിയിച്ചിട്ടുള്ളതാണെന്നും, കൂടാതെ ബഹു. കേരള ഹൈക്കോടതിയിൽ CRP No. 2445/1982 A പ്രകാരം കേരള സർക്കാർ അപ്പീൽ പോകുകയും ചെയ്തിട്ടുണ്ടെന്നും ആയതിനാൽ കോടതി ഉത്തരവിനുശേഷം അനന്തരനടപടികൾ സ്വീകരിക്കാവുന്നതാണെന്നും അന്വേഷണത്തിൽ വെളിവായിട്ടുള്ള വിവരം താങ്കളെ ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

സീനിയർ സൂപ്രണ്ട്
പോലീസ് സൂപ്രണ്ടിനുവേണ്ടി.

ജ/12/17

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/5907434/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ഇ) വകുപ്പ്

REV-E3/482/2023-REV

12-10-2023,
തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ,
തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - ഡോ.എൻ.എസ് സൈമൻ വിജിലൻസ് വകുപ്പിന് സമർപ്പിച്ച പരാതി - സംബന്ധിച്ച്.

സൂചന:- വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04/07/2023 ലെ സി.പി.എസ്.പി 1-13854/ഡിവിഎസിബി നമ്പർ കത്ത്.

സൂചന കത്തിനോടൊപ്പം സർക്കാരിൽ ലഭ്യമായ ഡോ.എൻ.എസ് സൈമൻ വിജിലൻസ് വകുപ്പിന് സമർപ്പിച്ച പരാതിയുടെ പകർപ്പ് അടിയന്തിര നടപടി സ്വീകരിച്ച് അപേക്ഷകന് നേരിട്ട് മറുപടി നൽകുന്നതിനായി ഇതോടൊന്നിച്ചയയ്ക്കുന്നു.

വിശ്വസ്തതയോടെ,
രാഹുൽ എ രാജ് കെ എ എസ്
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

'CORRUPTION, A CRIME AGAINST NATION'
ഭരണഭാഷ മാതൃഭാഷ

15 YEARS OF CELEBRATING THE MAHATMA

ഡയറക്ടറേറ്റ്,
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം.
ഇമെയിൽ : vig.vacb@kerala.gov.in
ഫോൺ : 04712305393
തീയതി, 04-07-2023

നമ്പർ.CPSP-1-13854/2023/DVACB

പ്രേഷകൻ

ഡയറക്ടർ
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം.

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി,
വിജിലൻസ് ഡിപ്പാർട്ട്മെന്റ്
ഗവ: സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

11 JUL 2023

സർ,

വിഷയം: തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ പെരുങ്കുളം വില്ലേജിൽ സീയോൻ സംഘത്തിന്റെ പേരിലുള്ള 5 സെന്റ് സ്ഥലം പട്ടയം പിടിച്ചു കരം തീർക്കുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയിൽ നടപടി എടുക്കാത്തത് സംബന്ധിച്ച് ശ്രീ.റവ.ഡോ.എൻ.എസ്.സൈമൻ, ഗ്രൈസ് ഹോം, ഇഞ്ചാംപാറ, കണ്ടാലപി.ഒ, തിരുവനന്തപുരം എന്നയാൾ സമർപ്പിച്ച പരാതി.

സൂചന : 1.GO(P)No.09/2017/Vig/dtd/29.03.2017.
2.CPSP-1-2590/2023/SRT Dated 06-06-2023

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും അങ്ങയുടെ ശ്രദ്ധക്ഷണിച്ചു കൊള്ളുന്നു.
മേൽ പരാതി വിജിലൻസിന്റെ ദക്ഷിണമേഖല തിരുവനന്തപുരം യൂണിറ്റ് മുഖാന്തിരം ഒരു പരിശോധന നടത്തിയതിൽ ടി വസ്തു റീ-സർവ്വെ ചെയ്ത് റെക്കോർഡുകളിൽ ഉൾപ്പെടുത്തി പോക്കുവരവ് ചെയ്യുന്നതിനായി കാട്ടാക്കട ലാൻഡ് റവന്യൂ തഹസീൽദാർക്ക് ബഹു തിരുവനന്തപുരം ജില്ലാ കളക്ടർ മുഖാന്തിരം നിർദ്ദേശം നല്കാൻ അന്വേഷണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്യുന്നു.ടി ശുപാർശയോട് യോജിച്ച് പരാതിയും പരിശോധന റിപ്പോർട്ടും ഉചിത നടപടി സ്വീകരിക്കുന്നതിന് വേണ്ടി സൂചന (1) പ്രകാരം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

ഇ എസ് ബിജുമോൻ
സൂപ്രണ്ട് ഓഫ് പോലീസ്
ഡയറക്ടർക്ക് വേണ്ടി

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

No. CPSP-1 REV-E3/482/2023/REV 2023/ DVPCB No. 14/TF/2023

13854

2732

വിജിലൻസ് ആൻഡ് ആന്റി - കറപ്ഷൻ ബ്യൂറോ
യൂണിറ്റ്
തിരുവനന്തപുരം
27 MAR 2023



ZR 739 dtd 23/03/2023

From,

Rev. Dr. N.S. SIMON
(President & Managing Director)
Grace Home, Thoongampara, Kandala P.O.,
TVM-695512, Ph : 8547108676
steephen.naryan@yahoo.com

To,

To, VIGILANCE
Director (Revenue Dept)
Vikas Bhavan, Law College
KSRTC Depot P.O., Palayam
TVM-695033
dsir.kerala.gov.in

Sub : ബഹു.കളക്ടർ ഓർഡർ ഇറക്കിയിട്ടും വസ്തു സംബന്ധമായ പരാതിക്ക് അനുകൂലമായോ പ്രതികൂലമായോ മറുപടിയില്ല .

Hon'ble Sir,

സീയോൺസംഘത്തിന് വേണ്ടി 5 സെന്റ് സ്ഥലം വിലയ്ക്ക് വാങ്ങി (കാട്ടാക്കട താലൂക്ക് ഓഫീസ്, പെരുങ്കുളം വില്ലേജ്, ബ്ലോക്ക് 42 മുൻ സർവ്വെ 793/4. റീസർവ്വെ 320/4 കാട്ടാക്കട സബ് രജിസ്ട്രാർ ഓഫീസ് പ്രമാണ നമ്പർ. 3507/1958.

കാലാകാലങ്ങളിൽ സീയോൺസംഘത്തിന്റെ ഭരണസമിതി മാറുന്നതിനാൽ കരം തീർക്കുന്നതിന് വീഴ്ച വന്നുപോയി. 2020 ൽ ടി വസ്തു പട്ടയം പിടിക്കാനും കരം തീർക്കാനുമായി കാട്ടാക്കട താലൂക്കിൽ അപേക്ഷ നൽകി. തുടർന്ന് പെരുങ്കുളം

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വില്ലേജിലേക്ക് റിപ്പോർട്ടിനായി നിർദ്ദേശിക്കുകയും പെരുങ്കുളം വില്ലേജ് ഓഫീസർ സ്ഥലം സന്ദർശിച്ച് സീയോൻസംഘത്തിന് 5 സെന്റ് സ്ഥലം ഉണ്ടെന്നുള്ള റിപ്പോർട്ട് കാട്ടാക്കട താലൂക്ക് ഓഫീസർക്ക് നൽകി.

വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ കോപ്പി (Attatched)

കാട്ടാക്കട താലൂക്ക് ആഫീസിൽ നിന്നും ടി വസ്തു അളക്കാൻ വന്നപ്പോൾ വസ്തു വിലയാധാരം തന്ന കക്ഷിയുടെ മക്കൾ അളക്കാനായി അതിരുകൾ കാണിച്ചുകൊടുത്തിട്ടും മനപൂർവ്വമായി അളക്കാതെ ചില കക്ഷികൾ തടസ്സം ഉന്നയിക്കുന്നു എന്നു പറഞ്ഞു അളവിനു വന്ന ഉദ്യോഗസ്ഥർ മടങ്ങിപോകുകയുണ്ടായി. തടസ്സം ഉന്നയിച്ചവർ ദൂരെ താമസിക്കുന്നവരും ഈ വസ്തുവിന്റെ അതിരുമായിട്ട് യാതൊരു ബന്ധമില്ലാത്തവരും ഈ വസ്തു സംബന്ധിച്ച് യാതൊരു തരത്തിലുള്ള റിക്കാഡുകൾ ഇല്ലാത്തവരുമാകുന്നു. തുടർന്ന് അനേക നാളുകൾ കാട്ടാക്കട താലൂക്ക് ആഫീസിൽ ഇതിനുവേണ്ടി കയറി ഇറങ്ങിയെങ്കിലും യാതൊരു മറുപടിയും ലഭിച്ചില്ല.

തുടർന്ന് റിക്കാർഡുകൾ സഹിതം കളക്ടറെ സമീപിക്കുകയും ബഹു.കളക്ടർ അവർകൾ ഉത്തരവിടുകയും ചെയ്തു.

ബഹു.കളക്ടറുടെ ഓഡറിന്റെ കോപ്പി (Attatched)

ചില മാസം ഇതേ ഓഫീസിൽ കളക്ടറുടെ ഉത്തരവ് പ്രകാരം കയറി ഇറങ്ങുകയും അതിന് യാതൊരു തരത്തിലുള്ള മറുപടിയും കിട്ടിയില്ല. ലാൻഡ് ഡെപ്യൂട്ടി തഹസിൽദാരിൽ നിന്നോ പ്രസ്തുത ആഫീസിൽ നിന്നോ മറുപടി കിട്ടാത്തതിനാൽ ഞാൻ കാട്ടാക്കട താലൂക്ക് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് അവർകളെ 16/3/23 ൽ നേരിട്ടു കണ്ടു റിക്കാർഡ്കളെ ബോധ്യപ്പെടുത്തി. അദ്ദേഹം K2 സെക്ഷൻ സ്റ്റാഫായ അർച്ചനയെ വിളിച്ചു കാര്യം അന്വേഷിച്ചപ്പോൾ പെരുങ്കുളം വില്ലേജിൽ നിന്നും മറുപടി കിട്ടിയിട്ടില്ല എന്ന് പറയുകയുണ്ടായി. എന്റെ. സാന്നിദ്ധ്യത്തിൽ തന്നെ അദ്ദേഹം പെരുങ്കുളം വില്ലേജ് ഓഫീസർക്ക്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഇന്നു തന്നെ എന്റെ പരാതി സംബന്ധിച്ചു റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിക്കുകയുണ്ടായി.

(ബഹു.താലൂക്ക് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് അവർകളെ തന്റെ ഡ്യൂട്ടി കർത്തവ്യബോധത്തോടെ ചെയ്തതി നാൽ ഞാൻ അഭിനന്ദിക്കുന്നു.)

എന്നിട്ട് എന്നോട് അദ്ദേഹം നിങ്ങളെ ഫോൺ വിളിക്കും എന്നു പറഞ്ഞു എന്നെ അയച്ചു. തുടർന്ന് ഒരു വിവരവും ഇല്ലാത്തതിനാൽ 23/3/2023 ഉച്ചയ്ക്ക് 12 മണിക്ക് താലൂക്ക് എക്സിക്യൂട്ടീവ് മജിസ്ട്രേറ്ററെ നേരിൽ കണ്ടപ്പോൾ ലാൻസ് ഡെപ്യൂട്ടി തഹസിൽദാരെ കാണാൻ പറഞ്ഞു. ലാൻഡ് ഡെപ്യൂട്ടി തഹസിൽദാരെ കണ്ടപ്പോൾ വില്ലേജിൽ നിന്നും മറുപടി വന്നില്ല എന്നും പറഞ്ഞു. 18/3/23 ൽ പെരുങ്കുളം വില്ലേജാഫീസിൽ നിന്നും അയച്ച ഫയൽ നമ്പരുമായി (E/541510/23/K2 with അർച്ചന) ലാൻഡ് ഡെപ്യൂട്ടി തഹസിൽദാരുടെ കൈയിൽ കൊടുത്തപ്പോൾ E/541510/23/K2 File അത് അർച്ചനയുടെ കൈയിൽ ആണെന്നും, അതിനാൽ കമ്പ്യൂട്ടറിൽ ഫയൽ തുറക്കാൻ കഴിയില്ലായെന്നും ആ സ്റ്റാഫ് ട്രാൻസ്ഫർ ആയെന്നും അടുത്ത ആൾ എന്നെങ്കിലും വരുമ്പോൾ ഫയൽ തുറക്കാമെന്നും പറഞ്ഞു പരിഹസിച്ചു എന്നെ പറഞ്ഞു വിട്ടു. (അടുത്ത പോക്കുവരവ് സെക്ഷൻ കസേരയിൽ ഇരുന്ന അർച്ചന എന്ന പൊതുജനസേവകിയോട് കാര്യങ്ങൾ ചോദിച്ചു അതിന് പരിഹാരം വരുത്തിയില്ല.)

18/3/23 ൽ വന്ന ഫയൽ 23/3/23 5 ദിവസം ആയിട്ടും ഫയൽ തുറക്കാൻ കഴിയാത്ത ഒരു ഓഫീസിനെ ഓർത്ത് ഖേദിക്കുന്നു

ബഹുമാനപ്പെട്ട സാർ,

സീയോൻസംഘത്തിന് വേണ്ടി വിലക്ക് വാങ്ങിയ 5 സെന്റ് സ്ഥലം അതിർ നിർണ്ണയിച്ചു പട്ടയം പിടിച്ചു കരം തീർക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും എന്റെ അപേക്ഷയ്ക്കു ഒരു മറുപടി നൽകണമെന്നും താഴ്മയായി അപേക്ഷിക്കുന്നു .

THOONGAM PARA
23-3-23

ZION SANGHAM
സിയോൺ സംഘം
सियोण संघम
TRAVANCORE COCHIN STATE

Rev. N.S. SIMON
ZION SANGAM PRESIDENT &
MANAGING DIRECTOR

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

'CORRUPTION, A CRIME AGAINST NATION'
ഭരണഭാഷ മാതൃഭാഷ

പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ,
ദക്ഷിണമേഖല,
തിരുവനന്തപുരം.
ഇമെയിൽ : spsrt.vacb@kerala.gov.in
ഫോൺ : 0471-2550118
തീയതി. 06-06-2023

നമ്പർ.CPSP-I-2590/2023/SRT

പ്രേഷകൻ

പോലീസ് സൂപ്രണ്ട്
വിജിലൻസ് &ആന്റികറപ്ഷൻ ബ്യൂറോ
ദക്ഷിണമേഖല, തിരുവനന്തപുരം

സ്വീകർത്താവ്

ഡയറക്ടർ
വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം

സർ,

വിഷയം: വി.എ.സി.ബി, ദ:മേ – തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ പെരുങ്കുളം വില്ലേജിൽ സീയോൻ സംഘത്തിന്റെ പേരിലുള്ള 5 സെന്റ് സ്ഥലം പട്ടയം പിടിച്ച് കരം തീർക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ നടപടി എടുക്കാത്തത് സംബന്ധിച്ച് ശ്രീ. റവ. ഡോ.എൻ.എസ്. സൈമൻ സമർപ്പിച്ച പരാതി – പരിശോധന റിപ്പോർട്ട് സമർപ്പിക്കുന്നത് –സംബന്ധിച്ച്.

സൂചന : 30.03.2023 തീയതിയിലെ ഡയറക്ടറുടെ സിപിഎസ് പി -1-13854/2023/ഡിവിഎസിബി നമ്പർ കത്ത്

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന കത്ത് പ്രകാരം നൽകിയ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ പെരുങ്കുളം വില്ലേജിൽ സീയോൻ സംഘത്തിന്റെ പേരിലുള്ള 5 സെന്റ് സ്ഥലം പട്ടയം പിടിച്ച് കരം തീർക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ നടപടി എടുക്കാത്തത് സംബന്ധിച്ച് ശ്രീ. റവ. ഡോ.എൻ.എസ്. സൈമൻ സമർപ്പിച്ച പരാതിയിൻമേൽ വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ, ദക്ഷിണമേഖലാ ഓഫീസിലെ പോലീസ് ഇൻസ്പെക്ടർ ശ്രീ. നിസ്സാം. എസ്. ആർ പരിശോധന നടത്തി നൽകിയ റിപ്പോർട്ടിൽ കാട്ടാക്കട ലാൻഡ് റവന്യു തഹസീൽദാരുടെ ഓഫീസിൽ ടി വസ്തുവിൽ റീ-സർവ്വെ മുഖാന്തിരം പോക്കുവരവ് ചെയ്യുന്നതിന് വില്ലേജ് ഓഫീസർ നൽകിയ റിപ്പോർട്ട് പെൻഡിംഗ് ആണെന്ന് പരിശോധനയിൽ മനസ്സിലായിട്ടുണ്ടെന്നും ആയതിനാൽ ടി വസ്തു റീ-സർവ്വെ ചെയ്ത് റെക്കോർഡുകളിൽ ഉൾപ്പെടുത്തി പോക്കുവരവ് ചെയ്യുന്നതിനായി കാട്ടാക്കട ലാൻഡ് റവന്യു തഹസീൽദാർക്ക് ബഹു. തിരുവനന്തപുരം ജില്ലാ കളക്ടർ മുഖാന്തിരം നിർദ്ദേശം നൽകാവുന്നതാണെന്നും ടി പരാതിയിൻമേൽ മറ്റു തുടർനടപടി ആവശ്യമില്ല എന്നും ശിപാർശ ചെയ്തിരിക്കുന്നു. ടി ശിപാർശയോട് യോജിച്ചുകൊണ്ട് പരിശോധന റിപ്പോർട്ട് ആവശ്യമായ മേൽനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ

ജയശങ്കർ ആർ ഐ.പി.എസ്
സൂപ്രണ്ട് ഓഫ് പോലീസ്

പകർപ്പ് : ശ്രീ. നിസ്സാം. എസ്. ആർ, പോലീസ് ഇൻസ്പെക്ടർ - IV, വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ, ദക്ഷിണമേഖല, തിരുവനന്തപുരം.

File No. LR/9130/2025-LR(B3) (Computer No. 473645)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പരാതി പരിശോധനാ റിപ്പോർട്ട്

എന്നാൽ ബഹു. ജില്ലാകളക്ടർ വസ്തുതകൾ പൂർണ്ണമായി മനസ്സിലാക്കാതെ ബാലവികാസ് സ്പെഷ്യൽ സ്കൂളും അനുബന്ധ പ്രവർത്തനങ്ങളും തിരുവനന്തപുരം താലൂക്ക് എൻ.എസ്.എസ്. യൂണിയൻ പേർക്ക് കൈമാറിയത് പട്ടയ വ്യവസ്ഥകൾക്ക് എതിരാണെന്ന് പറയുന്നു. അതിനാൽ താലൂക്ക് എൻ.എസ്.എസ്. കരയോഗ യൂണിയന്റെ പേർക്കുള്ള പി.വി. നമ്പർ.1281/2017 നമ്പർ പോക്കുവരവ് റദ്ദ് ചെയ്ത് കേരള ലാൻഡ് കൺസർവൻസി ആക്ട് 1957 പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് 18.07.2024 ൽ B9 - 269160/2020 ആയി ഉത്തരവായിരിക്കുന്നു.

ബഹു. ജില്ലാകളക്ടറുടെ ഉത്തരവ് നിയമവശാലോ കാര്യവശാലോ ശരിയല്ലാത്തതും ആയത് നിലനിൽക്കുന്നതുമല്ല. ടി ഉത്തരവ് നടപ്പിലാക്കുന്ന പക്ഷം 1975 ൽ ആരംഭിച്ചിട്ടുള്ളതും വളരെയേറെ സാമൂഹിക പ്രസക്തിയുള്ളതുമായ ഒരു സ്ഥാപനത്തിന്റെ പ്രവർത്തനം തന്നെ നിശ്ചലമാകുന്നതും ഭിന്നശേഷിക്കാരും നിരാലംബരുമായ 34 കുട്ടികളുടെ ഭാവി തന്നെ അനിശ്ചിതത്വത്തിലാകുന്നതുമാണ്. പ്രസ്തുത സ്കൂളിന് അനുവദിച്ചിട്ടുള്ള 50 സെന്റ് സ്ഥലം മാനസിക ആരോഗ്യകേന്ദ്രത്തിന്റെ സ്ഥലത്തിൽ നിന്നാണെന്ന് പറയുന്നത് ശരിയല്ല. സ്ഥലം അനുവദിച്ച ഉത്തരവിൽ അപ്രകാരം പറഞ്ഞിട്ടില്ല എന്നുമാത്രമല്ല ആയത് സർക്കാർ സ്ഥമാണെന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. സ്കൂളിന്റെ നടത്തിപ്പിനാവശ്യമായ എല്ലാഭൗതിക സൗകര്യങ്ങളും താലൂക്ക് എൻ.എസ്.എസ്. യൂണിയൻ ഒരുക്കിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ട് തിരുവനന്തപുരം കോർപ്പറേഷൻ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്. താലൂക്ക് എൻ.എസ്.എസ്. യൂണിയൻ യാതൊരു വിധ ലാഭേച്ഛയും പ്രതീക്ഷിക്കാതെ സമൂഹ നന്മയ്ക്കുവേണ്ടി മാത്രമാണ് ബാലവികാസ് സ്പെഷ്യൽ സ്കൂൾ നടത്തിവരുന്നത്.

ആകയാൽ സമക്ഷപത്തിലെ ദയവുണ്ടായി തിരുവനന്തപുരം ജില്ലാകളക്ടറുടെ 18.07.2024 ലെ B9 - 269160/2020 -ാം നമ്പർ ഉത്തരവ് നടപ്പിലാക്കുന്നത് നിർത്തി വയ്പിച്ച് ആവശ്യമായ മറ്റ് മേൽനടപടികൾ സ്വീകരിച്ച് താലൂക്ക് എൻ.എസ്.എസ്. യൂണിയൻ പേർക്ക് നടത്തിയിട്ടുള്ള പി.വി.നമ്പർ 1281/2017 നമ്പർ പോക്കുവരവും അതിനാധാരമായ കൈമാറ്റവും അംഗീകരിക്കുവാൻ വേണ്ട ഉത്തരവുകൾ പുറപ്പെടുവിക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
24.07.2024

എം.സംഗീത്കുമാർ
യൂണിയൻ പ്രസിഡന്റ് &
ഡയറക്ടർ ബാലവികാസ് സ്കൂൾ

ഉള്ളടക്കം

തിരുവനന്തപുരം ജില്ലാകളക്ടറുടെ 18.07.2024 ലെ B9-269160/2020 -ാംനമ്പർ ഉത്തരവ്.

Cancellation of mutation

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

(3)

ആർ.വി.സി.എ.1-528/2024

ദക്ഷിണമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ
കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ്,
ഒന്നാം നില,
വികാസ് ഭവൻ.പി.ഒ.
തിരുവനന്തപുരം - 695033
ഫോൺ : 0471-2991289
ഇ-മെയിൽ: rvtsouth@gmail.com
തീയതി : 03-03-2025

ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്),
ദക്ഷിണമേഖല, തിരുവനന്തപുരം.

കമ്മീഷണർ,
ലാൻഡ് റവന്യൂ,
തിരുവനന്തപുരം.

B3

സർ,

വിഷയം : റവന്യൂ വിജിലൻസ് അന്വേഷണം - തിരുവനന്തപുരം താലൂക്ക് - കവടിയാർ വില്ലേജ് - തനിക്കവകാശപ്പെട്ട ഭൂമിയിൽ റവന്യൂ രേഖകളിൽ കൃത്രിമം നടത്തി മറ്റൊരു വ്യക്തിയ്ക്ക് കരം അടച്ചു നൽകിയതിനെതിരെ ഉള്ള ശ്രീമതി.ഗിരിജാകുമാരി എന്നയാളുടെ ഹർജി - സംബന്ധിച്ച്.

സൂചന : 1) ശ്രീമതി.ഗിരിജാകുമാരി, റ്റി.സി-36/1477(4), പെരുന്താന്നി, തിരുവനന്തപുരം താലൂക്ക് എന്നയാൾ ബഹു.റവന്യൂ വകുപ്പ് മന്ത്രിയ്ക്ക് നൽകിയ R1029484/2024/Min(R&H) നം. ഹർജിയിന്മേൽ 25-07-2024 തീയതിയിലെ നിർദ്ദേശം.
2) തിരുവനന്തപുരം ഭൂരേഖ തഹസിൽദാരുടെ 06-09-2024-ലെ എൽ.ആർ.എം.8-13050/21 നമ്പർ കത്ത്.
3) തിരുവനന്തപുരം ഭൂരേഖ തഹസിൽദാരുടെ 21-10-2024-ലെ എൽ.ആർ.എം.8-13050/21നം. കത്ത്.
4) തിരുവനന്തപുരം ഭൂരേഖ തഹസിൽദാരുടെ 31-10-2024-ലെ എൽ.ആർ.എം.8-13050/21 നം. കത്ത്.

സൂചനയിലേയ്ക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. പ്രതിപാദ്യവിഷയം സംബന്ധിച്ച് സൂചന പ്രകാരം ലഭ്യമായ ഹർജി നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനാണ് സൂചന (1) പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്. ടി നിർദ്ദേശപ്രകാരം അന്വേഷിച്ചു തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

പരാതിസംഗതി

കവടിയാർ വില്ലേജിലെ ബ്ലോക്ക് 21-ൽ റീസർവ്വെ നമ്പർ 22-ൽപ്പെട്ട 9.35 ആർ സ്ഥലം തന്റെ പിതാവിന് അവകാശപ്പെട്ടതാണെന്നും ഭൂമിയിൽ വാടകയ്ക്ക് താമസിച്ചിരുന്നവരുമായി വിവിധ കോടതികളിൽ കേസ് നിലനിൽക്കെ തിരുവനന്തപുരം

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അഡീഷണൽ തഹസിൽദാർ 03-04-2023-ൽ എൽ.ആർ.എം-8/13050/21/ഡി.ഡിസ് നമ്പർ ഉത്തരവ് പ്രകാരം മറ്റു ചില ആളുകൾക്ക് സബ്ഡിവിഷൻ ചെയ്തുകൊടുക്കുകയും കവടിയാർ വില്ലേജിലെ റിക്കാർഡുകളിൽ മാറ്റം വരുത്തുകയും ചെയ്തുവെന്നും ഈ കേസ് സംബന്ധിച്ച് അഡീഷണൽ തഹിൽദാർ ഓഫീസിൽ നിന്നും യാതൊരുവിധ അന്വേഷണം നടത്തുകയോ അവകാശികളെ ഹിയറിംഗിന് വിളിക്കുകയോ ചെയ്തിട്ടില്ലായെന്നും സർക്കാരിൽ നിന്നും പട്ടയം നൽകുന്ന പദ്ധതിയുടെ മറവിലാണ് താലൂക്ക് ഓഫീസിൽ നിന്നും വില്ലേജ് ഓഫീസിലും ഇത്തരം നടപടികൾ ഉണ്ടായതെന്നും ടി ക്രമക്കേടുകളെപ്പറ്റി സമഗ്രമായ അന്വേഷണം വേണമെന്നും കുറ്റക്കാരെ ശിക്ഷിക്കുന്ന നടപടി ഉണ്ടാകണമെന്നുമാണ് പരാതിയിൽ ആവശ്യപ്പെടുന്നത്.

അന്വേഷണവും പരിശോധനയും

ടി ഹർജിയിലെ വിഷയം സംബന്ധിച്ചുള്ള അന്വേഷണത്തിന്റെ ഭാഗമായി തിരുവനന്തപുരം ഭൂരേഖ തഹസിൽദാരോട് റിപ്പോർട്ടും ബന്ധപ്പെട്ട ഫയലും ലഭ്യമാക്കുകയും പരാതികക്ഷിയെയും എതിർകക്ഷികളെയും ആരോപണവിധേയനായ തിരുവനന്തപുരം ഭൂരേഖ തഹസിൽദാരെയും ടി ഫയൽ കൈകാര്യം ചെയ്ത ബന്ധപ്പെട്ട ജൂനിയർ സൂപ്രണ്ട്, ക്ലാർക്ക് എന്നിവരെയും നേരിൽ കേൾക്കുകയും ചെയ്തിട്ടുള്ളതാണ്.

ഹർജികക്ഷിയായ ശ്രീമതി.ഗിരിജാകുമാരിയെ നേരിൽ കേട്ട പ്രകാരം നൽകിയ മൊഴിയിൽ തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ (മുൻസർവ്വെ നമ്പർ 2252) ബ്ലോക്ക് നം.21-ൽ സർവ്വെ 22-ൽപ്പെട്ട 9.35 ആർ (23.09) സെന്റ് ഭൂമി തന്റെ പിതാവിന്റെയും സഹോദരങ്ങളുടെയും വകയാണെന്നും പ്രസ്തുത ഭൂമി ഒറ്റിയ്ക്ക് നൽകിയിരുന്നു എന്നും ഒറ്റി ഒഴിപ്പിക്കുന്നതിനായി വിവിധ കോടതികളിൽ വ്യവഹാരം നടത്തിയിരുന്നുവെന്നും അവസാനം 17-10-2014-ൽ ബഹു.സുപ്രീം കോടതിയിൽ SLPC 3085-30186/2015 നമ്പരായി കേസ് ഫയൽ ചെയ്തതായും 12-03-2019-ൽ ബഹു.സുപ്രീം കോടതിയുടെ നിർദ്ദേശ പ്രകാരം തിരുവനന്തപുരം താലൂക്ക് ഓഫീസിൽ SM 15/93-LT ആയി കേസ് നടക്കുകയായിരുന്നുവെന്നും 2020 മുതൽ 2022 ഡിസംബർ വരെ പത്തോളം പ്രാവശ്യം ലാൻഡ് ട്രൈബ്യൂണൽ പ്രസ്തുത കേസ് അവധിയ്ക്ക് വെച്ചിരുന്നുവെന്നും എന്നാൽ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ആയതിനു ശേഷം കേസ് നടന്നിട്ടില്ലായെന്നും ഈ സമയം ഒറ്റിക്കാരൻ കൊടുത്ത അപേക്ഷയിൽ 03-04-2023-ൽ എൽ.ആർ.എം.8-13050/ഡി.ഡിസ് ആയി തിരുവനന്തപുരം താലൂക്ക് തഹസിൽദാർ, ശ്രീ.വിക്ടർ ലൂയിസ് മുതൽപേർക്ക് പ്രസ്തുത തർക്കഭൂമി പട്ടയം പതിച്ചു നൽകിയതായി അറിയാൻ കഴിഞ്ഞുവെന്നും പ്രസ്തുത ഉത്തരവിന്റെ പകർപ്പ് തനിക്ക് വിവരാവകാശ പ്രകാരം 08-12-2023-ൽ ആണ് ലഭിച്ചതെന്നും എൽ.റ്റി യിൽ എസ്.എം കേസ് നടന്നുകൊണ്ടിരുന്നപ്പോൾ അത് മറച്ചുവച്ച് എൽ.ആർ.എം.8-13050/ഡി.ഡിസ് ആയി 03-04-2023-ൽ ശ്രീ.വിക്ടർ ലൂയിസ് മുതൽപേർക്ക് പട്ടയം പതിച്ചു നൽകിയ നടപടി പുന:പരിശോധിക്കണമെന്ന് അപേക്ഷിക്കുന്നുവെന്നും മൊഴി നൽകിയിരുന്നു. **(അനുബന്ധം-1)** തുടർന്ന് ഇത് സംബന്ധിച്ച് തിരുവനന്തപുരം ഭൂരേഖ തഹസിൽദാരോട് റിപ്പോർട്ട് ആവശ്യപ്പെട്ടതിൽ തിരുവനന്തപുരം മുൻസിഫ് കോടതിയിലെ ഒ.എസ്-480/1996-ാം നമ്പർ കേസിലെ വിധിപ്രകാരം ലഭിച്ച കവടിയാർ വില്ലേജിൽ മുൻസർവ്വെ നമ്പർ 2252-ൽപ്പെട്ട 25 സെന്റ് സ്ഥലം പരേതനായ ശ്രീ.പി.ജെ.ആന്റണിയുടെ അവകാശികളുടെ പേരിൽ സബ്ഡിവിഷൻ ചെയ്തു കിട്ടുന്നതിനു വേണ്ടി ശ്രീ.വിക്ടർ ലൂയിസ് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും കൈവശസ്ഥലവും ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് സർവ്വെയർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കക്ഷികളുടെ കൈവശസ്ഥലം കവടിയാർ വില്ലേജിൽ ബ്ലോക്ക് 91-ൽ റീസർവ്വെ 22-ന്റെ ഭാഗമായി വരുന്നതും നാളിതു കിടപ്പും വ്യക്തമായ കൈവശാതിർത്തിയുടെയും അടിസ്ഥാനത്തിൽ റീസർവ്വെ നമ്പർ 22-നെ പുനർ:വിഭജനം നടത്തി 22, 63, 64, 65, 66 എന്നിങ്ങനെ തിരിച്ച് 22 വിക്ടർ ലൂയിസ് മുതൽപേർക്കും, 63 ക്ലമന്റ് ആന്റണി പേരിലും, 64 ദീനമ്മ ആന്റണി പേരിലും, 65 മേരിക്കുട്ടി.എൽ.ജെ, ത്രേസ്യാമ്മ.എൻ.ജെ, ശോഭാബ്ലസി പേരിലും, 66 മേബിൾ ഡെന്നിസ്, അനിതാഡെന്നിസ്, ജോസ് ഡെന്നിസ് പേരിലും ചേർത്ത് തയ്യാറാക്കിയ രേഖകൾ അംഗീകരിക്കാവുന്നതാണെന്ന് ഹെഡ് സർവ്വെയറും റിപ്പോർട്ട് ചെയ്തിരുന്നുവെന്നും സർവ്വെയർ തയ്യാറാക്കിയ റിക്കാർഡ് പ്രകാരം കക്ഷികൾക്ക് കോടതി വിധി പ്രകാരം കിട്ടിയ വിസ്തീർണ്ണത്തിൽ നിന്നും കുറവും ഫോറം 7 ൽ വിസ്തീർണ്ണം അംഗീകരിച്ച് കക്ഷികളുടെ ആരും ഒപ്പിട്ടിരുന്നില്ലായെന്നും വിസ്തീർണ്ണക്കുറവ് സംബന്ധിച്ച്

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കക്ഷികളുടെ സമ്മതപത്രപ്രകാരം തയ്യാറാക്കിയ നടപടിക്രമം, ഫോറം 7 സബ്ഡിവിഷൻ സ്കെച്ച് എന്നിവ അംഗീകരിച്ച് ഫയൽ ഡി.ഡിസ് ആയി 03-04-2023-ന് ഉത്തരവായിട്ടുണ്ടെന്നും സൂചന (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. **(അനുബന്ധം-2)**

അന്വേഷണവുമായി ബന്ധപ്പെട്ട് എതിർകക്ഷിയായ ശ്രീ.വിക്ടർ ലൂയിസ് മുതൽപേരെ നേരിൽ കേട്ടതിൽ നൽകിയ മൊഴിയിൽ ബഹു.സുപ്രീം കോടതി വിധി പ്രകാരം ക്രയസർട്ടിഫിക്കറ്റ് അനുവദിച്ചു നൽകുകയാണുണ്ടായതെന്നും ഈ ഹർജിയുമായി തങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്നും കോടതിവിധി പ്രകാരമാണ് സർവ്വെ നടത്തിയതെന്നുമാണ് മൊഴി നൽകിയിട്ടുള്ളത്. **(അനുബന്ധം-3)**

ആരോപണവിധയരായ ഉദ്യോഗസ്ഥരിൽ തിരുവനന്തപുരം താലൂക്ക് ഓഫീസിലെ എൽ.ആർ.എം സെക്ഷൻ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.സുനീഷ്കുമാർ.എസ് നെ നേരിൽ കേട്ടതിൽ ശ്രീ.വിക്ടർ ലൂയിസ് എന്നവർ 17-03-2021-ൽ കവടിയാർ വില്ലേജിലെ റീസർവ്വെ ബ്ലോക്ക് 91-ൽ റീസർവ്വെ നമ്പർ 22-ൽപ്പെട്ട 09.35 ആർ സ്ഥലം ബഹു.തിരുവനന്തപുരം മുൻസിഫ് കോടതിയുടെ ഒ.എസ്.480/1996-ലെ ഐ.എ-3194/99-ലെ ഫൈനൽ ഡിക്രി പ്രകാരം സബ്ഡിവിഷൻ റിക്കാർഡുകൾ തയ്യാറാക്കുന്നതിന് അപേക്ഷ നൽകിയെന്നും അപേക്ഷയും അനുബന്ധരേഖകളും തുടർനടപടികൾക്കായി സർവ്വെയർക്ക് കൈമാറിയതിൻ പ്രകാരം ഫസ്റ്റ് ഗ്രേഡ് സർവ്വെയർ ശ്രീ.ജി.ബിനുകുമാർ സ്ഥലപരിശോധന നടത്തി സബ്ഡിവിഷൻ റിക്കാർഡുകൾ തയ്യാറാക്കി 19-12-2022-ൽ സമർപ്പിച്ച റിപ്പോർട്ട് ഹെഡ്സർവ്വെയർ ശ്രീ.ആർ.ഷിജു ബഹു.തിരുവനന്തപുരം മുൻസിഫ് കോടതിയിലെ ഒ.എസ്.480/1996 നമ്പർ കേസിലെ വിധിപ്രകാരം പുനർ:വിഭജനം നടത്തി തയ്യാറാക്കിയ റിക്കാർഡുകൾ അംഗീകരിക്കാവുന്നതാണ് എന്ന് 18-01-2023-ൽ ശിപാർശ ചെയ്തിട്ടുള്ളതാണെന്നും സർവ്വെയറുടെ റിപ്പോർട്ട് ഹെഡ്സർവ്വെയറുടെ ശിപാർശ എന്നിവയുടെയും തയ്യാറാക്കി അംഗീകരിച്ച സബ്ഡിവിഷൻ സ്കെച്ചിന്റെയും അടിസ്ഥാനത്തിലും ബഹു.കോടതിയുടെ O.S-4801/1996, IA-3194/99, IA-9978/19 എന്നിവ പരിശോധിച്ച് ഫയൽ ഭൂരേഖ തഹസിൽദാർക്ക് സമർപ്പിച്ചിട്ടുള്ളത് 03-04-2023-ൽ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

എൽ.ആർ.എം.8-13050/21/ഡി.ഡിസ് നമ്പരായി ഭൂരേഖ തഹസിൽദാർ നടപടിക്രമം അംഗീകരിച്ചിട്ടുള്ളതാണെന്നും 26-08-2017-ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.303/2017/റവന്യൂ പ്രകാരം എൽ.ആർ.എം ഉത്തരവിന്മേൽ ആർ.ഡി.ഒ അപ്പീൽ അധികാരിയാണെന്നും എൽ.ആർ.എം.8-13050/21-ാം നമ്പർ ഫയൽ പ്രകാരമുള്ള ഉത്തരവിലും ആർ.ഡി.ഒ അപ്പീൽ അധികാരിയാണെന്ന വിവരം ചേർത്തിട്ടുള്ളതാണെന്നും ശ്രീ.വിക്ടർ ലൂയിസ് സമർപ്പിച്ച അപേക്ഷയിന്മേൽ സർവ്വെയറുടെ സ്ഥലപരിശോധന റിപ്പോർട്ട് ഹെഡ്സർവ്വെയറുടെ ശിപാർശ, കോടതി ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഫയൽ പരിശോധിച്ച് തുടർനടപടികൾക്കായി തിരുവനന്തപുരം ഭൂരേഖ തഹസിൽദാർക്ക് അംഗീകാരത്തിനായി അയച്ചിട്ടുള്ളതെന്നും മൊഴി നൽകിയിട്ടുള്ളതാണ്. **(അനുബന്ധം-4)** ആരോപണ വിധേയനായ തിരുവനന്തപുരം ഭൂരേഖ തഹസിൽദാരായ ശ്രീ.കെ.ജി.മോഹനെ നേരിൽ കേട്ടതിലും നൽകിയ മൊഴിയിലും മേൽപ്പറഞ്ഞ കാര്യങ്ങൾ തന്നെ മൊഴിയായി നൽകിയിട്ടുള്ളതും കൂടാതെ എൽ.ആർ.എം.8-13050/21/ഡി.ഡിസ് ഉത്തരവിന്മേൽ ബഹു.തിരുവനന്തപുരം സബ്കളക്ടർക്ക് സമർപ്പിച്ച നൽകിയ അപ്പീലിന്മേൽ 07-01-2025-ലെ RDOTVM/1747/24/B2/DDis നം. ഉത്തരവ് പ്രകാരം ടി എൽ.ആർ.എം.8-13050/21/ഡി.ഡിസ് നമ്പർ നടപടിക്രമം റദ്ദു ചെയ്തിട്ടുള്ളതാണെന്നും മൊഴി നൽകിയിട്ടുള്ളതാണ്. **(അനുബന്ധം-5)**

<u>കണ്ടെത്തലുകൾ</u>

1. കവടിയാർ വില്ലേജിലെ മുൻസർവ്വെ 2252, 2252/1, 2, 2252/3, 3-1 എന്നിവയ്ക്ക് റീസർവ്വെ ബ്ലോക്ക് 91 ൽ റീസർവ്വെ 22-ൽകൊണ്ട 09.35 ആർ 3060-ാം നമ്പർ തണ്ടപ്പേരിൽ ഉൾപ്പെട്ട് വാറുവിളാകത്ത് വീട്ടിൽ പാർവ്വതിപിള്ള, പരമേശ്വരൻ ആശാരി, കുട്ടൻ, കോലപ്പൻ, തങ്കമ്മ, കുട്ടനാശാരി, കോലപ്പനാശാരി, സുവർണ്ണകുമാരി, ചന്ദ്രമോഹൻ.ജി, പരമേശ്വരൻ ആശാരി.ജി എന്നിവരുടെ പേരിൽ കൂട്ടായി റീസർവ്വെ പ്രകാരം വന്നിട്ടുള്ളതാകുന്നു. ടി വസ്തു ഫിലോമിന ലൂയിസിന്റെ പിതാവായ പി.ജെ.ആന്റണിയുടെ കൈവശത്തിൽ ഇരുന്നതും അദ്ദേഹത്തിന്റെ അവകാശം

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ടി പി.ജെ.ആന്റണിയുടെ അനന്തരാവകാശികൾക്ക് സിദ്ധിക്കുന്നതിന് വേണ്ടി ടി ഫിലോമിന ലൂയിസ് മുതൽപേർ വാദിയായും ഫിലിപ്പ് ആന്റണി മുതൽപേരെ പ്രതിയായും നൽകിയ ബഹു.തിരുവനന്തപുരം III അഡീഷണൽ മുൻസിഫ് കോടതിയുടെ ഒ.എസ്-480/96-ാം നമ്പർ കേസ് രാജിയായതിനെ തുടർന്ന് ടി ഭൂമി 5 ഭാഗങ്ങളായി തിരിച്ച് കാണുന്നു. റീസർവ്വെ 22-ൽ കൊണ്ട 23 സെന്റ് സ്ഥലത്തിന് ക്രയസർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തിരുവനന്തപുരം ലാൻഡ് ട്രൈബ്യൂണൽ മുൻപാകെ 1963-ലെ കേരള ഭൂപരിഷ്കരണ നിയമം 72(സി)വകുപ്പ് പ്രകാരം എസ്.എം-15/93-ാം നമ്പരായി അപേക്ഷ രജിസ്റ്റർ ചെയ്യുകയും ആയതിന്മേൽ വിചാരണ നടപടികൾ പൂർത്തിയാക്കി ടി ഫിലോമിന ഉൾപ്പെടെയുള്ള അപേക്ഷകർക്ക് 11.750 സെന്റിന് മാത്രമേ കുടികിടപ്പിന് അർഹതയുള്ളൂവെന്നും അവശേഷിക്കുന്ന 11.750 സെന്റ് എതിർകക്ഷിയായ പി.തങ്കമ്മ അമ്മുക്കുട്ടിയുടെ കൈവശമാണെന്നും തിരുവനന്തപുരം ലാൻഡ് ട്രൈബ്യൂണൽ 05-10-2002-ൽ വിധി പ്രസ്താവിക്കുകയും ടി വിധിയ്ക്കെതിരെ കക്ഷികൾ ആലപ്പുഴ അപ്പലേറ്റ് അതോറിറ്റി (എൽ.ആർ) മുൻപാകെ AA 86/2023-ാം നമ്പരായി അപ്പീൽ ഫയൽ ചെയ്യുകയും ആയതിന്മേൽ വിചാരണ നടത്തി ലാൻഡ് ട്രൈബ്യൂണലിന്റെ ഉത്തരവ് ശരിവച്ച് ബഹു.അപ്പലേറ്റ് അതോറിറ്റി 21-03-2007-ൽ ഉത്തരവായിട്ടുള്ളതുമാണ്. ടി ഉത്തരവിനെതിരെ അപേക്ഷകർ ബഹു.ഹൈക്കോടതി മുൻപാകെ 657/2007-ാം നമ്പരായി സി.ആർ.പി ഫയൽ ചെയ്ത് 11.750 സെന്റ് ഭൂമിയുടെ മേലുള്ള തങ്കമ്മയുടെ അവകാശം റദ്ദു ചെയ്ത് ആ ഭാഗം കൂടെ അപേക്ഷകർക്ക് ക്രയസർട്ടിഫിക്കറ്റ് വാങ്ങുവാൻ അർഹതയുണ്ടെന്ന് ബഹു.ഹൈക്കോടതി 17-10-2014-ൽ ഉത്തരവാകുകയും ടി ഉത്തരവിനെതിരെ ബഹു.സുപ്രീം കോടതിയിൽ ശ്രീ.ചന്ദ്രമോഹനൻ SLP(C) 30185-30186/2015-ാം നമ്പരായി കേസ് ഫയൽ ചെയ്യുകയും ടി ഹൈക്കോടതി വിധി ശരിവെച്ചുകൊണ്ട് 12-03-2019-ൽ ബഹു.സുപ്രീം കോടതി ടി SLP(C) തള്ളി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ ടി

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വിധിപ്രകാരം തുടർനടപടി സ്വീകരിച്ച് തിരുവനന്തപുരം ലാൻഡ് ട്രൈബ്യൂണൽ ഉത്തരവായതും ക്രയസർട്ടിഫിക്കറ്റ് നൽകിയതും 03-04-2023-ലെ എൽ.ആർ.8-15030/21/ഡി.ഡിസ് നമ്പർ ഉത്തരവിന് ശേഷം 15-02-2024-ൽ ആണെന്ന് കാണുന്നു.

2. ഈ വിഷയത്തിൽ തിരുവനന്തപുരം ആർ.ഡി.ഒ ടി എൽ.ആർ.എം നടപടികൾ റദ്ദു ചെയ്തത് സംബന്ധിച്ച് ആർ.ഡി.ഓഫീസിലെ ഫയൽ പരിശോധിച്ചതിലും ടി കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീ.വിനോദ്.വി.എസ് എന്നവരോട് അന്വേഷിച്ചതിൽ പ്രകാരവും ടി എൽ.ആർ.എം നടപടി സംബന്ധിച്ച് ലഭിച്ച പരാതി പ്രകാരം അപ്പീൽ അധികാരി എന്ന നിലയിൽ ഇരുകക്ഷികൾക്കും നോട്ടീസ് നൽകിയെങ്കിലും എൽ.ആർ.എം ഉത്തരവ് പ്രകാരം ഭൂമി സബ്ഡിവിഷൻ നടപടികളിലൂടെ സിദ്ധിച്ച എതിർകക്ഷികൾ ഹാജരാകാതിരിക്കുകയും എൽ.ആർ.എം നടപടികളിൽ പിശകുള്ളതായി കണ്ടതിനാലുമാണ് ടി എൽ.ആർ.എം നടപടികളിലൂടെ നൽകി സബ്ഡിവിഷൻ നമ്പരുകൾ റദ്ദു ചെയ്ത മുൻ തണ്ടപ്പേരിൽ പുന:സ്ഥാപിക്കുവാൻ ഉത്തരവ് നൽകിയതെന്ന് കാണുന്നു. **(അനുബന്ധം-6)**

ശിപാർശ

കവടിയാർ വില്ലേജിൽ മുൻസർവ്വെ 2252, 2252/1, 2, 2252/3, 3-1 എന്നിവയ്ക്ക് റീസർവ്വെ ബ്ലോക്ക് 95-ൽ റീസർവ്വെ 22-ൽകൊണ്ട 9.35 ആർ ഭൂമി തിരുവനന്തപുരം ഭൂരേഖ തഹസിൽദാരുടെ 03-04-2023-ലെ എൽ.ആർ.എം.8-15030/21/ഡി.ഡിസ് നമ്പർ ഉത്തരവ് പ്രകാരം സബ്ഡിവിഷൻ ചെയ്തു നൽകിയ ഫയൽ പരിശോധിച്ചതിലും തുടരന്വേഷണത്തിലും ടി ഭൂമി സംബന്ധിച്ച് 1963-ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരമുള്ള നടപടികൾ ബഹു.സുപ്രീം കോടതി വരെ നടന്നിട്ടുള്ളതായും ടി സുപ്രീം കോടതി വിധി പ്രകാരം ലാൻഡ് ട്രൈബ്യൂണലിൽ നിന്നും ക്രയസർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മുൻപ് ടി കക്ഷികൾ തമ്മിൽ ബഹു.മുൻസിഫ് കോടതിയിൽ നിലവിലുണ്ടായിരുന്ന ഭാഗം വയ്ക്കൽ സംബന്ധിച്ച ഒ.എസ്.480/1990-ാം നമ്പർ കേസ് രാജിയായ ഉത്തരവ് പ്രകാരം എൽ.ആർ.എം നടപടിക്രമങ്ങൾ പ്രകാരം സബ്ഡിവിഷൻ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അനുവദിച്ച് ഉത്തരവാകുകയും തുടർന്ന് വില്ലേജ് റിക്കാർഡുകളിൽ മാറ്റം വരുത്തുകയും ചെയ്തതിൽ എൽ.ആർ.എം സെക്ഷൻ ക്ലാർക്ക് ശ്രീ.അജികുമാർ.കെ.പി, ജൂനിയർ സൂപ്രണ്ട് ശ്രീ.സുനീഷ്കുമാർ.എസ്.ഡി, ഭൂരേഖ തഹസിൽദാർ ശ്രീ.കെ.ജി.മോഹൻ, സർവ്വെയർ ശ്രീ.ജി.ബിനുകുമാർ, ഹെഡ് സർവ്വെയർ ശ്രീ.ആർ.ഷിജു എന്നിവരുടെ ഭാഗത്ത് മന:പൂർവ്വമല്ലാത്ത വീഴ്ചയുള്ളതായി കാണുന്നു. ടി എൽ.ആർ.എം നടപടികൾ തിരുവനന്തപുരം സബ്കളക്ടറുടെ 07-01-2025-ലെ RDOTVM/1747/B2/DDis നമ്പർ ഉത്തരവ് പ്രകാരം റദ്ദു ചെയ്തിട്ടുള്ളതായും കാണുന്ന വിവരം തുടർനടപടികൾക്കായി റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ

ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്)

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

3806

ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രി ശ്രീ. കെ. രാജൻ മുമ്പാകെ,
തിരുവനന്തപുരം താലൂക്കിൽ പെരുന്താന്നി വാർഡിൽ റ്റി.സി. 36/1477(4)ൽ താമസം വി. ഗിരിജാകുമാരി സമർപ്പിക്കുന്ന പരാതി.

R1029484/2024/Min(R&H)

സർ,

വിഷയം:- എനിക്ക് അവകാശപ്പെട്ട ഭൂമിയിൽ റവന്യൂ രേഖകളിൽ കൃത്രിമം നടത്തി മറ്റൊരു വ്യക്തിക്ക് കരം അടച്ച് നൽകിയതിനെതിരെയുള്ള പരാതി.

കവടിയാർ വില്ലേജിലെ ബ്ലോക്ക് 21-ൽ റീ- സർവ്വെ നമ്പർ 22- ൽപെട്ട 9.35 ആർ സ്ഥലം പരമേശ്വരൻ ആശാരി കുട്ടനാശാരി എന്ന എന്റെ പിതാവിന് അവകാശപ്പെട്ട ഭൂമിയാണ്. ഈ ഭൂമിയിൽ പണ്ടുകാലത്തുണ്ടായിരുന്ന ഒരു കെട്ടിടത്തിൽ വാടകയ്ക്ക് താമസിച്ചിരുന്നവരുമായി വിവിധ കോടതികളിൽ കേസുകൾ നടത്തി വരുന്നുണ്ട്. ഈ കേസുകൾ നിലനിൽക്കേ തന്നെ 3/4/2023- ൽ തിരുവനന്തപുരം അഡീഷണൽ തഹസിൽദാർ എൽ. ആർ.എം 8/13050/21 ഡി. ഡിസ്. നമ്പർ ഉത്തരവ് പ്രകാരം വിക്ടർ ലൂയിസ് മുതൽ പേർക്ക് സബ്ഡിവിഷൻ നിശ്ചയിച്ചു നൽകുകയും കവടിയാർ വില്ലേജിലെ ഭൂമി റിക്കാർഡുകളിൽ മാറ്റം വരുത്തി നൽകുന്നതിന് ഉത്തരവാകുകയും ചെയ്തു. ഈ കേസ് സംബന്ധിച്ച് അഡീഷണൽ തഹസിൽദാർ ഓഫീസിൽ നിന്ന് യാതൊരുവിധ അന്വേഷണം നടത്തുകയോ അവകാശികളായ ഞങ്ങളെ ഹിയറിംഗിന് വിളിക്കുകയോ ഉണ്ടായിട്ടില്ല. തഹസിൽദാരുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കവടിയാർ വില്ലേജ് ഓഫീസർ ഈ സ്ഥലവുമായി യാതൊരു ഉടമസ്ഥത ബന്ധമില്ലാത്ത ആളുകൾക്ക് ഭൂനികുതി അടച്ച് നൽകുകയുമുണ്ടായി. സർക്കാരിൽ നിന്നും പട്ടയം നൽകുന്ന പദ്ധതിയുടെ മറവിലാണ് താലൂക്ക് ഓഫീസിലും കവടിയാർ വില്ലേജ് ആഫീസിലും ഇത്തരം നടപടികൾ ഉണ്ടായത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ, തിരുവനന്തപുരം അഡീഷണൽ തഹസിൽദാർ കെ.ജി. മോഹനന്റെ ഭാഗത്തു നിന്നും കവടിയാർ വില്ലേജ് ആഫീസിലും ഉണ്ടായ ക്രമക്കേടുകളെയും പറ്റി സമഗ്രമായ അന്വേഷണത്തിന് ഉത്തരവുണ്ടാകണമെന്നും, കുറ്റക്കാരെ ശിക്ഷിക്കുന്ന നടപടി ഉണ്ടാവണമെന്നും താഴ്മയായി അപേക്ഷിക്കുന്നു

ഡെപ്യൂട്ടി കളക്ടർ, വിജിലൻസ്
(.....സോൺ)
നേരിട്ട് പരിശോധിച്ച്
അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുക

ബഹുമാനപൂർവ്വം

വി. ഗിരിജാകുമാരി

തിരുവനന്തപുരം
തീയതി: 4.

Mob: 8075923836

25/7/24

K. RAJAN
for Revenue & Housing

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ദക്ഷിണമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടർ മുമ്പാകെ 25.9.2024...ന് പകൽ 12.....മണിക്ക് ദക്ഷിണമേഖല വിജിലൻസ് പ്രോസിക്യൂഷൻ കൗൺസൽ ഓഫീസ് വച്ച് RVC.A1.528/24 നമ്പർ ഫയലിലെ അന്വേഷണത്തിനായി രേഖപ്പെടുത്തിയ മൊഴി.

പേര് : വി. ഗിരിജകുമാരി

പിതാവ്/മാതാവ് : പി. കുട്ടനാടാരി

ഭർത്താവിന്റെ പേര് : വർഗ്ഗീസ്. M.L

വയസ്സ് : 59

തൊഴിൽ : പ്രൈവറ്റ്

വിലാസം : T.C.36/1477(4) ശ്രീവരാഹം മണക്കാട് (P.O) തിരുവനന്തപുരം. 9.

ഫോൺ നമ്പർ : 9400142212

തിരുവനന്തപുരം താലൂക്കിൽ കിഴടിയാർ വില്ലേജ് (മുൻ സർവ്വേ നമ്പർ 2252) ബ്ലോക്ക് നമ്പർ 21-ൽ സർവ്വേ നമ്പർ 42-ൽ പെട്ട 9.35 ആർ (23.09 സെന്റ്) ഭൂമിയ്ക്ക് എന്റെ പിതാവിന്റെയും സഹോദരന്റെയും സംയുക്ത വകയാണ്. പ്രസ്തുത ഭൂമി ഒരിയ്ക്ക് നൽകിയിരുന്നു. ഒഴി ഒഴിപ്പിക്കുന്നതിനായി വിവിധ കോടതികളിൽ വ്യവഹാരം നടത്തിയിരുന്നു. അവസാനം 17/10/2014-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ SLP(C)-3085-3086/2015 നമ്പരായി കേസ് ഫയൽ ചെയ്തു. 12/3/2019-ൽ ബഹു. സുപ്രീം കോടതി യുടെ നിർദ്ദേശ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പ്രകാരം തിരുവനന്തപുരം തഹസിൽദാർ ആഫീസിൽ SM. 15/93 – LT. അയി കേസ് നടന്നുവരി കയായിരുന്നു. 2020 മുതൽ 2022 ഡിസംബർ വരെ പത്തോളം പ്രാവിശ്യം ലാൻഡ് ഡെബ്യൂണൽ പ്രസ്തുത കേസ് അവധിയ്ക്ക് വച്ചിരുന്നു. എന്നാൽ അതിനുശേഷം കേസ് നടന്നിട്ടില്ല. ഇന സമയം ഒരിക്കാണ് കൊടുത്ത അപേക്ഷയിൽ 3/4/2023-ൽ LRM 8/13050/D.Dis അയി തിരുവനന്തപുരം തഹസിൽദാർ, ശ്രീ. വിക്ടർ ലൂയിസ് മുതൽപേർക്ക് പ്രസ്തുത തരക്കാരുമ്പ് പട്ടയം പതിച്ച് നൽകിയതായി അറിയാൻ കഴിഞ്ഞു. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് വിവരവകാശം പ്രകാരം 8/12/2023-ആണ് എനിക്ക് ലഭിച്ചത്.

LT-ൽ SM. 15/93 കേസ് നടന്നുകൊണ്ടിരുന്നപ്പോൾ അതുമായ്യ വച്ച് LRM 8/13050/21/D.Dis അയി 3/4/23-ൽ ശ്രീ. വിക്ടർ ലൂയിസ് മുതൽപേർക്ക് പട്ടയം പതിച്ച് നൽകിയ നടപടി പുനഃപരിശോധിക്കണമെന്ന് തീർപ്പയായി അപേക്ഷിച്ചു കൊള്ളുന്നു.

[signature]
വി. ഗിരിജ്കുമാരി.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

LRM8/13050/21

താലൂക്ക് ഓഫീസ്
കോട്ടയ്ക്കകം, തിരുവനന്തപുരം
പിൻ - 695023, ഫോൺ : 0471-2462006
ഇ- മെയിൽ : tahsildartvpm@gmail.com
തീയതി : 30/10/2024

തഹസിൽദാർ (ഭൂരേഖ)
തിരുവനന്തപുരം

ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്) കൊല്ലം മേഖല
30 OCT 2024

ബഹു. ഡെപ്യൂട്ടി കളക്ടർ
റവന്യൂ വിജിലൻസ്
പബ്ലിക്ക് ഓഫീസ്
തിരുവനന്തപുരം

സർ,

വിഷയം - റവന്യൂ വിജിലൻസ് അന്വേഷണം കവടിയാർ വില്ലേജ് ശ്രീമതി. ഗിരിജകുമാരി എന്നിവരുടെ ഹർജി - സംബന്ധിച്ച്.

സൂചന - ബഹു. ഡെപ്യൂട്ടി കളക്ടർ റവന്യൂ വിജിലൻസ് കാര്യാലയത്തിൽ നിന്നുള്ള 23.10.24 ലെ RVCA-1-528/2024-ാം നമ്പർ കത്ത്.

- - - - - - - - - - - -

സൂചന ശ്രദ്ധിച്ചാലും തിരുവനന്തപുരം മുൻസിഫ് കോടതിയിലെ O.S 480/1996-ാം നമ്പർ കേസ്സിലെ വിധി പ്രകാരം ലഭിച്ച കവടിയാർ വില്ലേജിൽ മുൻസർവ്വെ നമ്പർ 2252 ൽ പ്പെട്ട 25 സെന്റ് സ്ഥലം പരേതനായ ശ്രീ. പി.ജെ ആന്റണിയുടെ അവകാശികളുടെ പേരിൽ സബ് ഡിവിഷൻ ചെയ്യ കിട്ടുന്നതിനു വേണ്ടി ശ്രീ. വിക്ടർലൂയിസ് അപേക്ഷ സമർ പ്പിച്ചിരുന്നു. കൈവശ സ്ഥലവും ബന്ധപ്പെട്ട അവകാശ രേഖകളും പരിശോധിച്ച് സർ വ്വെയർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കക്ഷികളുടെ കൈവശ സ്ഥലം കവടിയാർ വില്ലേജിൽ ബ്ലോക്ക് 91 ൽ റീസർവ്വെ 22 ന്റെ ഭാഗമായി വരുന്നതും നാളിതു കിടപ്പും വ്യക്തമായ കൈവശാതിർത്തിയുടെയും അടിസ്ഥാനത്തിൽ റിസർവ്വെ നമ്പർ 22 നെ പുനർവിഭജനം നടത്തി 22,63,64,65,66 എന്നിങ്ങനെ തിരിച്ച് 22 വിക്ടർ ലൂയിസ് മുതൽപേർ ക്കും 63 ക്ലമന്റ് ആന്റണി പേരിലും 64 ദിനമ്മ ആന്റണി പേരിലും 65 മേരിക്കുട്ടി എൽ. ജെ, ത്രേസ്യാമ്മ എം. ജെ, ശോഭാബ്ലസി പേരിലും 66 മേബിൾഡെന്നീസ്, അനിതാഡെന്നീസ്, ജോസ് ഡെന്നീസ് പേരിലും ചേർത്ത് തയ്യാറാക്കിയ രേഖകൾ അംഗീകരിക്കാവുന്ന താണെന്ന് ഹെഡ് സർവ്വെയറും റിപ്പോർട്ട് ചെയ്തിരുന്നു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സർവ്വെയർ തയ്യാറാക്കിയ റക്കാർഡു പ്രകാരം കക്ഷികൾക്ക് കോടതി വിധി പ്രകാരം കിട്ടിയ വിസ്തീർണ്ണത്തിൽ നിന്നും കുറവും ഫോറം 7 ൽ വിസ്തീർണ്ണം അംഗീകരിച്ച് കക്ഷികൾ ആരും ഒപ്പിട്ടിരുന്നില്ല. വിസ്തീർണ്ണകുറവ് സംബന്ധിച്ച് കക്ഷികളുടെ സമ്മതപത്ര പ്രകാരം തയ്യാറാക്കിയ നടപടി ക്രമം, ഫോറം 07 സബ് ഡിവിഷൻ സ്കെച്ച് എന്നിവ അംഗീകരിച്ച് ഫയൽ Ddis ആയി 03.04.2023 ന് ഉത്തരവായിട്ടുണ്ട്. LRM8/13050/21 Ddis നമ്പർ അസ്സൽ ഫയൽ സഹിതം വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

വിശ്വസ്തതയോടെ

തഹസിൽദാർ (ഭൂരേഖ)

~~[illegible] - 3 page~~

1 മുതൽ 118 [illegible]

From,

~~Victor Louis~~

To,

ദക്ഷിണ മേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയം പബ്ലിക് ഓഫീസർ മുമ്പാകെ, നൽകുന്ന മൊഴി,

സർ,

ബഹു. റവന്യൂ മന്ത്രിയുടെ R1029484/2024/Min (R&H) നോട്ടീസ് പ്രകാരം

തണ്ടപ്പേർ നം 15603 ഭൂമി ഞങ്ങൾക്ക് അനുകൂലമായി ഹൈക്കോടതി CRP No. 657 of 2007 പ്രകാരം വിധിച്ചു നൽകുകയും അതിൻമേൽ സുപ്രീം കോടതിയിൽ അപ്പീൽ പോയിതിലും സുപ്രീം കോടതിയും വസ്തു ഞങ്ങൾക്ക് അനുകൂലമായി Petition No. 30185 - 30186/2015 വിധിച്ചു നൽകുകയും ചെയ്തു. അനുപ്രകാരം ഭൂമി റിസർവ്വെ നടത്തുകയും കേയസർട്ടിഫിക്കറ്റ് നമ്പർ LT 1084577 ഞങ്ങളുടെ പേരിൽ പതിച്ചു നൽകുകയും ചെയ്തു. മേൽ പറഞ്ഞ ഡോക്യുമെന്റ് കളുടെ കോപ്പികൾ ഇതോടൊപ്പം

1984

ഒപ്പ്

ഹാജരാങ്ങനു.

R10 29484/2024/Min (R&H)

ൽ സൂചിപ്പിച്ച പാരാതിയുമായി ഞങ്ങൾക്ക് യാതൊരു വിധ അറിവു ~~[illegible]~~ മില്ല. ~~[illegible]~~ വില്ലേജ് ഓഫീസ് നിർദ്ദേശിച്ചതു അനുസരിച്ച് മാത്രമാണ് ഞങ്ങൾ കരം ഒടുക്കിയിട്ടുള്ളത്. കോടതി നൽകിയ രേഖകളുടെ അടിസ്ഥാനത്തിൽ ആണ് റീസർവ്വേ നടത്തിയിട്ടുള്ളതും. അതിനാൽ ഭയവായി ഞങ്ങൾ വേണ്ട ~~[illegible]~~ പേകാരം ഉപദേശം നൽകണമെന്ന് ഭയവായി അപേക്ഷിക്കുന്നു.

എന്ന്

Victor Louis

Sobha B

Anitta Dennis

8/01/2025

സിറ്റിസ്റ്റ് ഉൾപ്പാറക ഒപ്പിട്ടു

പകർപ്പ്

ഒക്കപ്പറ്റിയിരി Sobha B

File No. LR/9130/2025-LR(B3) (Computer No. 14118)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ദക്ഷിണമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടർ മുമ്പാകെ 25-01-2025 ന് പകൽ 11 മണിക്ക് ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്) ഓഫീസിൽ വച്ച് A1-528/2024 നമ്പർ ഫയലിലെ അന്വേഷണത്തിനായി രേഖപ്പെടുത്തിയ മൊഴി.

പേര് : സുനീഷ് കുമാർ. എസ്.ഡി.

പിതാവ്/മാതാവ് : വി. ദിവാകരൻ

ഭർത്താവിന്റെ പേര് :

വയസ്സ് : 54

തൊഴിൽ : സ്മിനിയർ സൂപ്രണ്ട്, റവന്യൂ ഡിവിഷണൽ ഓഫീസ്. വടകര, കോഴിക്കോട് ജില്ല.

വിലാസം : 'മല്ലിക' പുല്ലാന്നിമുക്ക്. നെല്ലിവിള. P.O വെങ്ങാനൂർ. തിരുവനന്തപുരം

ഫോൺ നമ്പർ : 9447884394

ശ്രീ. വിക്ടർ ലൂയിസ്, TC. 32/380, S.V. ഹൗസ്, കൊഴുവേളി എന്നവർ 17.3.2021 ൽ കവടിയാർ വില്ലേജിലെ റീ-സർവ്വേ ബ്ലോക്ക് 91 ൽ റീ-സർവ്വേ നമ്പർ 22 ൽ പ്രൊട്ട 09.35 തൊർ സ്ഥലം ബഹു: തിരുവനന്തപുരം മുൻസിഫ് കോടതിയുടെ OS. 480/1996 ലെ IA-3194/99 ലെ ഫൈനൽ ഡിക്രി പ്രകാരം സബ്ജ് ഡിവിഷൻ റിക്കാർഡുകൾ തയ്യാറാക്കുന്നതിന് അപേക്ഷ നൽകി. അപേക്ഷയും അനുബന്ധ രേഖകളും തുടർനടപടികൾക്കായി സർവ്വയർക്ക് കൈമാറിയതിൻ പ്രകാരം ഫസ്റ്റ്ഗ്രേഡ് സർവ്വയർ ശ്രീ. ജി. ബിനുകുമാർ സ്ഥലപരി. ശോധന നടത്തി സബ്ജ് ഡിവിഷൻ റിക്കാർഡുകൾ തയ്യാറാക്കി 19-12-2022 ൽ സമർപ്പിച്ച റിപ്പോർട്ട് ഹെഡ് സർവ്വയർ ശ്രീ. R. ഷിജു " ബഹു: തിരുവനന്തപുരം മുൻസിഫ് കോടതിയിലെ OS. 480/1996 നമ്പർ കേസിലെ വിധിപ്രകാരം

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പുനർ വിഭജനം നടത്തി തയ്യാറാക്കിയ റിക്കാർഡുകൾ അംഗീകരിക്കാവുന്നതാണ്" എന്ന് 18.1.2023 ൽ ശുപാർശ ചെയ്തിട്ടുണ്ടതാണ്. സർവ്വയറുടെ റിപ്പോർട്ട് ഹെഡ് സർവ്വയറുടെ ശുപാർശ എന്നിവയുടെയും തയ്യാറാക്കി അംഗീകരിച്ച സബ്ഡിവിഷൻ സ്കെച്ചിന്റെയും അടിസ്ഥാനത്തിലും ബഹു: കോടതിയുടെ OS. 480/1996, IA-3194/99, IA-9978/19 എന്നിവ പരിശോധിച്ച് ഫയൽ ഭരേഖ തഹസിൽദാർക്ക് സമർപ്പിച്ചിട്ടുണ്ടത്. 3-4-2023 ൽ LRMg. 13050/21/DD ഒ നമ്പരായി ഭരേഖാ തഹസിൽദാർ നടപടിക്രമം അംഗീകരിച്ചിട്ടുണ്ടതാണ്.

സർക്കാർ ഉത്തരവ് (എം.എസ്) നം. 303/2017/റവന്യൂ തീയതി 26.8.2017 പ്രകാരം LRM ഉത്തരവുള്ളിമേൽ അർ.ഡി.ഒ. അപ്പീൽ അധികാരിയാണ്. LRMg. 13050/21-ാം നമ്പർ ഫയൽ പ്രകാരമുള്ള ഉത്തരവിലും RDO അപ്പീൽ അധികാരിയാണെന്ന വിവരം ചേർത്തിട്ടുണ്ടതാണ്.

ശ്രീ. വിക്ടർ ലൂയിസ് സമർപ്പിച്ച അപേക്ഷയിന്മേൽ സർവ്വയറുടെ സ്ഥല പരിശോധന റിപ്പോർട്ട്, ഹെഡ് സർവ്വയറുടെ ശുപാർശ ബഹു: കോടതി ഉത്തരവുകൾ (OS. 480/1996, IA. 3194/99, IA. 9978/19) എന്നിവയുടെ അടിസ്ഥാനത്തിലാണ് ഫയൽ പരിശോധിച്ച് തുടർ നടപടികൾക്കായി തഹസിൽദാർ (ഭരേഖ)യ്ക്ക് അംഗീകാരത്തിനായി അയച്ചിട്ടുണ്ടതെന്ന വിവരം ബോധിപ്പിക്കുന്നു.

മേൽസാഹചര്യത്തിൽ A1-528/2024-ാം നമ്പർ ഫയൽ പ്രകാരം എന്റെ പേരിൽ തുടർനടപടികൾ സ്വീകരിക്കുന്നത് ഒഴിവാക്കിത്തരുമാറാകണം എന്ന് താഴ്മയായി അപേക്ഷിക്കുന്നു.

25/1/25

സ്വീനിഷ് കുമാർ. S.D
സീനിയർ സൂപ്രണ്ട്
റവന്യൂ ഡിവിഷനൽ ഓഫീസ്
വടക്കാഞ്ചേരി
PEN. 366120

Signed before me 25/1/25

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ദക്ഷിണമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടർ മുമ്പാകെ
25/1/25 ന് പകൽ ...../...../.....മണിക്ക്
തെ.തി.ഇ.കു.ന.(വിജിലൻസ്) ഓഫീസിൽ വച്ച്
A1/528/24 നമ്പർ ഫയലിലെ അന്വേഷണത്തിനായി
രേഖപ്പെടുത്തിയ മൊഴി.

പേര് : ഫിലിപ്പ് ടി.ജി.
പിതാവ്/മാതാവ് : T. George.
ഭർത്താവിന്റെ പേര് :
വയസ്സ് : 53
തൊഴിൽ : Sr. Supdt. Land Board Tvpm.
വിലാസം : 'Molavam' 33, Kailas Lane, Kudappanakunnu, Tvpm-43

ഫോൺ നമ്പർ : 9495408601

ഞാൻ വിജിലൻസിൽ, TC, 32/380, S.V റോഡ്, തൈക്കാട് എന്നവരെ 14.3.21 ൽ കുടിയിരുത്തിയ വിജ്ഞാപനത്തിൽ T.S. ബ്ലോക്ക് 9 ൽ R.S.No. 22 ൽപ്പെട്ട 2.35 സെന്റ് സ്ഥലം തൈ.തിരുവനന്തപുരം മുൻസിഫ് കോടതിയുടെ OS. 480/1996 ലെ IA 3194/99 നം തൈസൻ ഡിക്രി പ്രകാരം സബ് ഡിവിഷൻ നിരോധിച്ചുകൊണ്ട് തഹ: (LR) ൽ നൽകിയ തടഞ്ഞുവയ്ക്കൽ അപേക്ഷയും തുടർന്ന് നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനായി സർവേയർ തൈകാര്യത്തിൽ, T.T. ബിനു, FGS സ്കെച്ച് തയ്യാറാക്കിയ ശേഷം സബ് ഡിവിഷൻ നിരോധിച്ചുകൊണ്ട് 19/12/22 ൽ സമർപ്പിച്ച റിപ്പോർട്ട് ശ്രീ. R. ഗിരീഷ്, HS "ബഹു: തിരുവനന്തപുരം മുൻസിഫ് കോടതിയിലെ OS. 480/96 നം കേസിലെ ഡിക്രി പ്രകാരം സബ് ഡിവിഷൻ നടത്തി തരേണ്ടതിലേക്കായി നിരോധിച്ചിരുന്നതായും 18/1/23 ൽ പാർട്ടി ഹാജരായിട്ടുള്ളതാണ്.

1988

(തുടരും)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സർവേയറുടെ റിപ്പോർട്ട്, രണ്ടു സർവേയർമാരുടെ സാക്ഷിമൊഴികൾ, തിരുവനന്തപുരം മുൻസിഫ് കോടതിയുടെ സബ് ഡിവിഷൻ സംബന്ധിച്ചുള്ള, ബഹു. കോടതി വിധി (OS. 480/96, FA 9978/99, FA 3194/99 എന്നിവ പരിശോധിച്ച് ഇതിൽ സൂചിപ്പിച്ചിട്ടുള്ളതും, തുടർന്ന് പരിശോധിച്ച് 3/4/23 ന് LRM 8/13058/21/D.Dis നമ്പരായി ഉണ്ടാക്കിയിട്ടുള്ളതുമാണ്.

അപ്രകാരം ഉണ്ടാക്കിയ ഉത്തരവ് (തിരു.എസ്) 803/17/തദ്ദേ dt. 26/8/17 പ്രകാരം LRM ഉത്തരവിൽ കണ്ടിരിക്കുന്നതിന് സബ് കളക്ടർക്ക് അപ്പീൽ അധികാരമില്ലാത്തതിനാൽ 3/4/23 ലെ LRM 8/13058/21/D.Dis ഉത്തരവിലും തുടർന്ന് നടപടികളിലും ഇടപെടുവിച്ചിട്ടുണ്ട്.

ശ്രീ. വിക്ടർ കുരിശ് സമർപ്പിച്ച കരട് ഭാഗത്തിൽ മേൽ സർവേയർമാരുടെ മൂല്യനിർണ്ണയ റിപ്പോർട്ട് തുടർന്ന് പ്രകാരം തുടരാനുള്ള സബ് ഡിവിഷൻ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മേലുള്ള രണ്ട് സർവേയർമാരുടെ ബഹു: തിരു മുൻസിഫ് കോടതി ഉത്തരവ് (OS. 480/96, FA 3194/99, FA 9978/99) എന്നിവ പരിശോധിച്ചാണ് ഉണ്ടാക്കിയിട്ടുള്ളത് എന്ന് ബോധ്യപ്പെടുന്നു. LRM 8/13058/21, D.Dis ഉത്തരവിൻ മേൽ സബ് കളക്ടർ സമർപ്പിച്ച അപ്പീലിൽ മേൽ ഉത്തരവ് സബ്: സബ് കളക്ടർ 7/1/25 ലെ RDO TVM/1747/24 B2/D.Dis നമ്പർ ഉത്തരവ് പ്രകാരം LRM 8/13058/21 നമ്പർ ഉത്തരവ് റദ്ദാക്കിയിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ A1/528/24 നമ്പർ കത്ത് പ്രകാരം എതിർകക്ഷിയുടെ തുടർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമായി അറിയിക്കുന്നു.

ഒപ്പ്/-
25/11/25

മേൽ: തിരു. തെക്കി

File No. LR/9130/2025-LR(B3) (Computer No. 14119)
Generated from eOffice by SREEJA CHANDRAN, LR (B3) CLK, LR(B3) CLK, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

തിരുവനന്തപുരം സബ് കളക്ടറുടെ നടപടിക്രമം

(ഹാജർ :ALFRED OV IAS)

RDOTVM/1747/2024/B2/D.Dis. തീയതി: 07-01-2025

അപ്പീൽ വാദി : ശ്രീമതി. മോഹന കുമാരി D/o. കട്ടനാശാരി, വാറുവിളാകത്ത് വീട്, റ്റി സി 11/968, നന്തൻകോട്, കവടിയാർ വില്ലേജ്

എതിർ കക്ഷി :

1. ശ്രീ.വിക്ടർ ലൂയിസ് S/o ഫിലോമിന ലൂയിസ്, റ്റി സി 32/380, എസ്.വി ഹൗസ്, കൊച്ചുവേളി, തിരുവനന്തപുരം
2. ശ്രീമതി. ദീനാമ്മ ഏലിയാസ് @ എലിക്കുട്ടി. D/o വി.ജെ.ആന്റണി, റ്റിസി 11/81 മഞ്ചാടി വിളയിൽ. നന്തൻകോട്, കവടിയാർ വില്ലേജ്
3. ശ്രീമതി. മേബിൾ ഡെന്നീസ് W/O ഡെന്നീസ് ആൻ::റണി, റ്റി സി 12 1296 വികാസ് ലൈൻ. കന്നുകഴി
4. ശ്രീമതി.അനിതാ ഡെന്നീസ് D/o ഡെന്നീസ് ആൻ::റണി. റ്റി സി 12 1296. വികാസ് ലൈൻ. കന്നുകഴി
5. ശ്രീ.ജോസ് ഡെന്നീസ് SO ഡെന്നീസ് ആൻ::റണി. റ്റി സി 12 1296, വികാസ് ലൈൻ. കന്നുകഴി
6. ശ്രീ.ഫിലിപ്പ് ആൻ::റണി SO ആൻ::റണി റ്റി സി 11:812 മഞ്ചാടി വിളയിൽ, നന്തൻകോട്. കവടിയാർ വില്ലേജ്
7. ശ്രീ.ക്ലമൻ::റ് ആൻറണി. SO ആൻറണി റ്റി സി 11812 മഞ്ചാടി വിളയിൽ നന്തൻകോട് കവടിനാർ വിക്കായ്
8. ശ്രീ.പ്ലസി ആൻ::റണി. S/o ആൻ::റണി. റ്റി സി 11/812 മഞ്ചാടി വിളയിൽ. നന്തൻകോട്. കവടിയാർ വില്ലേജ്
9. ശ്രീമതി. വിശ്വമ്മ D കുട്ടനാശാരി വാറുവിളാകത്ത് വീട്. റ്റി സി 11968. നന്തൻകോട് കവടിയാർ വില്ലേജ്
10. ശ്രീമതി.പ്രേമ. D കട്ടനാശാരി വാറുവിളാകത്ത് വീട്. റ്റി സി 11968 നന്തൻകോട്, കവടിയാർ വില്ലേജ്
11. ശ്രീമതി.അംബിക. D/o കട്ടനാശാരി, വാറുവിളാകത്ത് വീട്. റ്റി സി 11/968, നന്തൻകോട്, കവടിയാർ വില്ലേജ്
12. ശ്രീമതി. ഗിരിജ, D/o കട്ടനാശാരി, വാറുവിളാകത്ത് വീട്, റ്റി സി 11/968, നന്തൻകോട്, കവടിയാർ വില്ലേജ്
13. ശ്രീ.രാജൻ, S/o കട്ടനാശാരി. വാറുവിളാകത്ത് വീട്, റ്റി സി 11/968, നന്തൻകോട്, കവടിയാർ വില്ലേജ്
14. ശ്രീ.മുരളി, S/o കോലപ്പനാശാരി, വാറുവിളാകത്ത് വീട്. റ്റി സി 11968. നന്തൻകോട്. കവടിയാർ വില്ലേജ്
15. ശ്രീ.രാമചന്ദ്രൻ, S/o കോലപ്പനാശാരി, വാറുവിളാകത്ത് വീട്. റ്റി സി 11/968. നന്തൻകോട്. കവടിയാർ വില്ലേജ്
16. ശ്രീ.ശിവദാസ്: S/o കോലപ്പനാശാരി, വാറുവിളാകത്ത് വീട്, റ്റി സി 11968, നന്തൻകോട്. കവടിയാർ വില്ലേജ്

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

RDOTVM/1747/2024-B2

വിഷയം : എൽ.ആർ.എം. അപ്പീൽ - തിരുവനന്തപുരം താലൂക്ക് - കവടിയാർ വില്ലേജ് - ശ്രീമതി. മോഹന കുമാരി സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

പരാമർശം :

1. ശ്രീമതി. മോഹന കുമാരി എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷ
2. തിരുവനന്തപുരം ഭൂരേഖ തഹസിൽദാരുടെ 03/04/2023 തീയതിയിലെ LRM8/13050/21/D.Dis നമ്പർ നടപടിക്രമം
3. ഡബ്ല്യു പി സി 12259/2024 നമ്പർ കേസിലെ വിധിന്യായം
4. ഈ കാര്യാലയത്തിലെ 21/10/2024ലെ ഇതെ നമ്പർ ഇടക്കാല ഉത്തരവ്

ശ്രീമതി. മോഹന കുമാരി എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷയും ഡബ്ല്യു പി സി 12259/2024 നമ്പർ കേസിലെ വിധിന്യായവുമാണ് ഈ ഉത്തരവിനാസ്പദം

ഹർജി സംഗതി ഇപ്രകാരമാണ്

കവടിയാർ വില്ലേജിലെ ബ്ലോക്ക് 21 റീസർവ്വെ 22 ൽ പെട്ടതാണ് തർക്കവസ്തുവിൻ മേൽ SM 15/1993 നമ്പരായി ലാന്റ് ട്രൈബൂണലിൽ കേസ് നടന്ന് വരികെ ടി വസ്തു സൂചന (2) ഉത്തരവ് പ്രകാരം വിസ്തീർണ്ണ വ്യത്യാസം വരുത്തിയതിനെതിരെയാണ് ശ്രീമതി. മോഹന കുമാരി അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

കവടിയാർ വില്ലേജിലെ ബ്ലോക്ക് 21 റീസർ വ്വെ 22 ൽ പെട്ടതാണ് വസ്തുവിൽ ഉടമസ്ഥവകാശം ലഭിക്കുന്നതിനായി അന്റണിയുടെ മക്കളായ എതിർകക്ഷികൾ ശ്രീമതി ദീനാമ്മ എലിക്കുട്ടി ശ്രീ ക്ലമന്റ് അന്റണി, ശ്രീ ഡെന്നീസ് അന്റണി, ശ്രീമതി പ്ളാസി , ശ്രീമതി ഫീലോമിന. ശ്രീ ഫിലിപ്പ് അന്റണി മുതൽപേർ നല്കിയ അപേക്ഷയിൻ മേൽ തിരുവനന്തപുരം ലാന്റ് ട്രൈബൂണലിൽ SM 15/1993 നമ്പരായി കേസ് നല്കിയിരുന്നു. എന്നാൽ ടി കേസിലെ മൂന്നു മുതൽ എട്ട് വരെ എതിർകക്ഷികളായി കുട്ടൻ ആചാരിയുടെ മക്കളെ ചേർത്തിരുന്നതിൽ ശ്രീമതി. മോഹന കുമാരിയെ ഉൾപ്പെടുത്തിയിരുന്നില്ല. . ആയതിൽ കക്ഷി ചേരുന്നതിനായും 10.3.2022ൽ അപേക്ഷ നല്കിയിരുന്നു.

എന്നാൽ ടി കേസിലെ നടപടിക്രമങ്ങൾ നടക്കുമ്പോൾ ശ്രീ വിക്ടർ ലൂയിസ് തിരുവനന്തപുരം ഭൂരേഖ തഹസിൽദാർക്ക് നല്കിയ അപേക്ഷയിൻമേൽ എൽ ആർ എം നടപടി ആരംഭിക്കുകയും ടി കക്ഷികൾക്ക് അനുകൂലമായി 03/04/2023 തീയതിയിൽ LRM8/13050/21/D.Dis അയി ഉത്തരവാകുകയും

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ചെയ്തു. ആയതിനെതിരെ അപേക്ഷകക്ഷിയായ ശ്രീമതി. മോഹന കുമാരി സൂചന (3) പ്രകാരം ഡബ്ലു പി സി ഫയൽ ചെയ്യുകയും ബഹു. ഹൈകോടതി ടി കേസ് തീർപ്പാക്കുന്നതിനായി റവന്യു ഡിവിഷണൽ ഓഫീസറെ ചുമതലപ്പെടുത്തുകയും സൂചന (1) പ്രകാരം അപേക്ഷയിൻ മേൽ മൂന്ന് മാസത്തിനകം തീരുമാനമെടുക്കുന്നതിനായി ഉത്തരവാകുകയും ചെയ്തു.

ടി വിഷയത്തിൽ 21/05/2024, 24/08/2024, 28/09/2024, 08/10/2024, 26/11/2024 ൽ പരാതി കക്ഷിയേയും എതിർകക്ഷികളേയും നേരിൽ കേൾക്കുവാൻ നോട്ടീസ് നൽകിയിരുന്നു. 21/5/2024 ന് വിചാരണ നടന്നിട്ടില്ല.24/08/2024ലെ വിചാരണയിൽ അപ്പീൽ വാദിയും 13 മുതൽ 16 വരെയുള്ള എതിർകക്ഷികളും പങ്കെടുത്തു .28/9/2024 ന് വിഹാരണ 8/10/2024 ലേക്ക് മാറ്റിവെച്ചു .8/10/2024ന് നടന്ന വിചാരണയിൽ അപ്പീൽ വാദിയും 10,12,13,15,16 വരെ എതിർകക്ഷികളും പങ്കെടുത്തു. അപ്പീൽകക്ഷിയുടെ അപേക്ഷ പ്രകാരം സൂചന (2) പ്രകാരമുള്ള ഉത്തരവ് മരവിപ്പിച്ച് സൂചന (4) പ്രകാരം ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.26/11/2024ന് നടന്ന വിചാരണയിൽ അപ്പീൽ വാദിയും 10,12,13,15,16 വരെ എതിർകക്ഷികളും പങ്കെടുത്തു. സൂചന (2) പ്രകാരമുള്ള ഉത്തരവിന്റെ ഗുണഭോക്താക്കളുമായ ഒന്ന് മുതൽ 9 വരെയുള്ള എതിർ കക്ഷികൾ ടി വിചാരണക്കായി ടി ദിവസങ്ങളിൽ ഒന്നിൽ പോലും ഹാജരായിട്ടില്ല. ടി എതിർകക്ഷികൾ ഹാജരാകാത്ത സാഹചര്യത്തിലും ഭൂപരിഷ്കരണ നിയമ പ്രകാരമുള്ള ഒരു കേസ് നിലനിൽക്കെ എൽ ആർ എം കേസീലൂടെ തീരുമാനം എടുത്ത നടപടി ശരിയല്ലയെന്നും, എൽ ആർ എം കേസീൽ ഉത്തരവായതിനാൽ SM 15/1993 കേസ് വെറുതേ കുറവ് ചെയ്ത നടപടിയും ശരിയല്ല എന്നും ബോദ്ധ്യപ്പെട്ടു.

അപ്പീൽ അപേക്ഷ, കക്ഷികളുടെ മൊഴി, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുംപ്രകാരം ഉത്തരവാകുന്നു

ഉത്തരവ്

ഭൂരേഖ തഹസിൽദാരുടെ സൂചന (2) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്തും എൽ ആർ എം ഉത്തരവ് നടപ്പാക്കുന്നതിനു മുൻപ് എപ്രകാരമാണോ റവന്യു രേഖകളിൽ വിവരങ്ങൾ ഉണ്ടായിരുന്നത് അപ്രകാരം നിലനിർത്തുന്നും തിരുവനന്തപുരം ഭൂരേഖ തഹസിൽദാർക്ക് നിർദ്ദേശം നല്കി ഈ അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു.

ഇപ്രകാരം പരാമർശം (4) ലെ ബഹു.കോടതി വിധിന്യായം പാലിച്ചിരിക്കുന്നു.

സബ് കളക്ടർ

പകർപ്പ് :	1. വ്യക്തികൾക്ക് 2. തഹസിൽദാർ (ഭൂരേഖ), താലൂക്ക് ഓഫീസ്, തിരുവനന്തപുരം 3. വില്ലേജ് ഓഫീസർ, കവടിയാർ (അറിവിലേക്കും ഉത്തരവ് നടത്തി മടക്കുന്നതിന്)

Signed by
Alfred O V
Date: 07-01-2025 10:18:31

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

RL039072666IN
4/4/25

From,

Stanly Rebello,
Quartz, Punnamukku,
Perumpuzha. P.O,
Kollam. Pin-691504.



ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
കൈപ്പറ്റി
04 APR 2025
തിരുവനന്തപുരം

To,

Land Revenue commissioner,
Land Revenue Commissionarate,
Thiruvananthapuram.

B3

വിഷം: സർവ്വെ നമ്പറിലെ വ്യത്യാസം പരിഹരിക്കുന്നതുവായി ബന്ധപ്പെട്ട്,

സൂചന:-

(1) ഇൻസിഷൻ സെക്രട്ടറി റവന്യൂ (എം) വകുപ്പിന്റെ 5-11-'24-ലെ എം 1/99/2022 നമ്പർ കത്ത്.

(2) ലാൻഡ് റവന്യൂ കമ്മീഷണറുടെ 7-11-'24 ലെ എൽ.ആർ/4455/2021 നമ്പർ കത്ത്

സർ,

കൊല്ലം താലൂക്കിൽ ഇളംബള്ളൂർ വില്ലേജിൽ Block-No-18-ൽ 134/26-ൽ ഉൾപ്പെട്ടതും എന്റെ പൂർണ്ണ കൈവശാവകാശത്തിലുള്ളതും റീസർവ്വെയിൽ സർവ്വെ നമ്പറിൽ വ്യത്യാസം വന്ന 3.8-ആ സ്ഥലം റീസർവ്വെയിൽ വന്ന പിശക് മൂലം ആണ് റവന്യൂ രേഖകളിൽ PWD പുറമ്പോക്ക് എന്ന് വരാനിടയായത് എന്നതിനെക്കുറിച്ച് ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സൂചന 1 and 2-ഉകാരം കൊല്ലം തഹസീൽദാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം തഹസീൽദാർ 3-3-'25-ൽ സമർപ്പിച്ച റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണർക്കും, റവന്യൂ ഇൻസിഷൻ സെക്രട്ടറിക്കും 11-3-'25-ൽ കൈവാറിയതായി അറിയിച്ച് ലഭിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

11-3-'25-ൽ സമർപ്പിച്ച റിപ്പോർട്ടിൽ PWD-യുടെ പേരോ എന്തെങ്കിലും, നീലർവെയിൽ വന്ന വിശദാംശങ്ങളോ രേഖപ്പെടുത്തിയിട്ടില്ല എന്ന് വിവരാവകാശത്തിലൂടെ അറിയാൻ കഴിഞ്ഞു. ഇതിനെക്കുറിച്ചും യാതൊരു പ്രതിവിധിയുമുണ്ടായില്ല.

ഭൂമി വിഷയവുമായി ബന്ധപ്പെട്ട് ആധാരം തിരുത്തുകയും, രേഖകളും പൊരുത്തപ്പെടുത്തി പോക്കുവരവ് ചെയ്യുന്നതിനായും സർവ്വേ നമ്പർ 3002-ലെ ഭൂമി സംബന്ധിച്ചുള്ള വിവരങ്ങൾ തിരുത്തപ്പെട്ടിട്ടുണ്ടോ എന്ന് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. സർവ്വേ സൂപ്രണ്ടിന്റെ 24-12-2024-ന്റെ നടപടി ഇവിടെ സൂചിപ്പിച്ചിരിക്കുകയാണ്.

ഞാൻ വിലകൊടുത്ത് വാങ്ങിച്ചതും വർഷങ്ങളായി (18½) കൈവശമുള്ളതും, ഞാൻ 42 വർഷങ്ങളായി താമസിച്ചുകൊണ്ടിരിക്കുന്നതുമായ ഭൂമി സംബന്ധപ്പെട്ട എല്ലാ ആവശ്യ രേഖകളിലും സർവ്വേ നമ്പർ 3003-ആയിരിക്കെ റീസർവ്വേയിൽ അതിലധികം ഭൂമിയായി സർവ്വേ നമ്പർ 3002-ന്റെ ഇല്ലാത്ത ആവശ്യ രേഖകൾ സമർപ്പിച്ചില്ല എന്ന കാരണത്താൽ പോക്ക് ചേർത്ത് തരുവാൻ സാധിക്കുന്നതല്ല എന്നത് വളരെ അതിശയത്തോടുകൂടിയാണ് വിവരാവകാശത്തിലൂടെ അറിയുന്നത്. തൊണ്ടിയിൽ വില്ലേജ് ഓഫീസിൽ നടന്നു കൊണ്ടിരിക്കുന്ന ഭൂമി സംബന്ധമായ ഇടപാടുകളിലും ഇതുപോലെയുള്ള ഒരു ആവശ്യ രേഖയുടെ ആവശ്യം രേഖപ്പെടുത്തിയിട്ടില്ല.

സർവ്വേ നമ്പർ 3002-ലായി സംബന്ധപ്പെട്ട ആവശ്യ രേഖകൾ യഥാസമയം സമർപ്പിക്കുവാൻ സാധിച്ചിരുന്നെങ്കിൽ കഴിഞ്ഞ 25-വർഷമായി ഞാൻ അനുഭവിച്ചുകൊണ്ടിരിക്കുന്ന മുഴുവൻ ഭൂമിയും ക്ലൈമങ്ങളും അനുഭവിക്കാൻ കഴിയുമായിരുന്നില്ല.

PWD പുറമ്പോക്ക് എന്നതിന് യാതൊരു സ്ഥിരീകരണവും ഇല്ലാത്തതിനാലും PWD-സർക്കാർ ബന്ധപ്പെടുത്തുന്നതിൽ പുനഃസർവ്വേയിൽ നിന്നും-

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

III

PAGE NO : DATE : / /

ഇളവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിലും, ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമത്തിന്റെ ഭാഗമായി സർക്കാരിൽ നിന്നും അനുവാദം ലഭിക്കുന്നതിനു വേണ്ടി കൊല്ലം Dist: Collector - സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും ഏറ്റവും വേഗത്തിൽ അനുവാദം ലഭ്യമാക്കുവാൻ ആവശ്യമായ നടപടി കൈക്കൊള്ളണമെന്ന് അപേക്ഷിക്കുന്നു.

സഹ: റവന്യൂ ഡിൻസിപ്പൽ സെക്രട്ടറിക്കു 23-3-25-ൽ ഞാൻ നൽകിയ കത്തിന്റെ പകർപ്പ് ലാന്റ് റവന്യൂ കമ്മീഷണറുടെ അറിവിനും പരിഗണനക്കുമായി സമർപ്പിച്ചിരുന്നു. വേൽ കണ്ടും, ഇപ്പോൾ ഞാൻ സമർപ്പിക്കുന്ന കണ്ടുമായി കൂട്ടിപ്പേർത്ത് വായിക്കേണ്ടതുമായിണ്ട്.

വിശ്വസ്തതയോടെ,

Stanly Rebello,
mob: 9387804987.

2-4-'25.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ഇ) വകുപ്പ്

REV-E3/254/2025-REV 10-04-2025,

തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ,
തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - പരാതിക്കാരന്റെ പേരിൽ പൂയപ്പള്ളി വില്ലേജിലുള്ള ഒരു സെന്റ് വസ്തു പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിനായി 2019-ൽ കൊട്ടാരക്കര താലൂക്ക് ഓഫീസിൽ അപേക്ഷ നൽകുകയും തുടർനടപടിയാകാത്തതിനാൽ വീണ്ടും 2022-ൽ അപേക്ഷ നൽകിയെങ്കിലും നാളിതുവരെയായി ടി വസ്തു പോക്കുവരവ് ചെയ്ത് ലഭിച്ചിട്ടില്ലായെന്നും മറ്റുമുള്ള ആരോപണം - രഹസ്യ പരിശോധനാ റിപ്പോർട്ട് - സംബന്ധിച്ച്.

സൂചന:- വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 12/12/2024 ലെ ഇ3-(സി.വി 1/2024/കെ.എൽ.എം) 54794/2023/ഡി വി എ സി ബി നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചനയിലെ വിജിലൻസ് ഡയറക്ടറുടെ ശിപാർശ പ്രകാരം, നടപടി സ്വീകരിക്കാൻ താൽപ്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ഇ) വകുപ്പ്

നമ്പർ REV-E3/538/2025-REV

18-08-2025,
തിരുവനന്തപുരം

സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ,
തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം എസ്.ആർ.ഒ യിലെ 151/1991 നമ്പർ ധനനിശ്ചയാധാര പ്രകാരം ലഭിച്ച വസ്തു വ്യാജരേഖ ചമച്ച് മറ്റൊരാളുടെ കൈവശം വച്ചിരിക്കുന്നുവെന്നും മറ്റും ആരോപിച്ച് ശ്രീമതി. സതി.കെ.റ്റി നൽകിയ പരാതി - സംബന്ധിച്ച്.

സൂചന:- വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 23.05.2025 ലെ നമ്പർ കത്ത്.

സൂചന കത്തിനോടൊപ്പം സർക്കാരിൽ ലഭ്യമായ ശ്രീമതി. സതി.കെ.റ്റി വിജിലൻസ് വകുപ്പിനു നൽകിയ പരാതിയുടെ പകർപ്പ് ആവശ്യമായ നടപടി സ്വീകരിച്ച് അപേക്ഷകയ്ക്ക് നേരിട്ട് മറുപടി നൽകുന്നതിനായി ഇതോടൊന്നിച്ചയയ്ക്കുന്നു.

വിശ്വസ്തതയോടെ,
BYJU KUMAR S
ഡെപ്യൂട്ടി സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

വിജിലൻസ്(ഇ) വകുപ്പ്

നമ്പർ.വിജി-ഇ1/145/2025-വിജി 27-07-2025,തിരുവനന്തപുരം

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി

റവന്യൂ വകുപ്പ്

സർ,

വിഷയം:- വിജിലൻസ് വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം എസ്.ആർ.ഒ യിലെ 151/1991 നമ്പർ ധനനിശ്ചയാധാര പ്രകാരം ലഭിച്ച വസ്തു വ്യാജരേഖ ചമച്ച് മറ്റൊരാളുടെ കൈവശം വച്ചിരിക്കുന്നുവെന്നും മറ്റും ആരോപിച്ച് ശ്രീമതി. സതി.കെ.റ്റി നൽകിയ പരാതി - സംബന്ധിച്ച്

സൂചന:- വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 23/05/2025 ലെ സി.പി.എസ്.പി-1-20407/2025/ഡി.വി.എ.സി.ബി നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആയത് പ്രകാരം ലഭിച്ച വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ കത്ത്, ശ്രീമതി. സതി.കെ.റ്റി സമർപ്പിച്ച പരാതി എന്നിവയുടെ പകർപ്പ് ഉചിത നടപടികൾ സ്വീകരിക്കുന്നതിനായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,

ജിജി ഡി വി

അണ്ടർ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ് - ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം (അറിവിലേക്കായി).

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

E

"CORRUPTION, A CRIME AGAINST NATION"
ഭരണഭാഷ മാതൃഭാഷ

150 YEARS OF CELEBRATING THE MAHATMA

ഡയറക്ടറേറ്റ്,
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
ഇമെയിൽ : vig.vacb@kerala.gov.in
ഫോൺ : 04712305393
തീയതി. 23-05-2025

നമ്പർ.CPSP-1-20407/2025/DVACB

11 JUL 2025

പ്രേഷകൻ

ഡയറക്ടർ
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി,
വിജിലൻസ് ഡിപ്പാർട്ട്മെന്റ്,
ഗവ:സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം: തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം എസ്.ആർ.ഒ യിലെ 151/1991-നമ്പർ ധനനിശ്ചയാധാര പ്രകാരം വസ്തു വ്യാജരേഖ ചമച്ച് മറ്റോരാളുടെ കൈവശം വച്ചിരിക്കുന്നുയെന്നും മറ്റും ആരോപിച്ച് ശ്രീമതി.സതി.കെ.റ്റി, അശ്വതി ഗാർഡൻസ്, മേനംകുളം, കഴക്കൂട്ടം നല്കിയ പരാതി.

സൂചന : 29.03.2017 തീയതിയിലെ സ.ഉ(പി)നം.09/2017/വിജി.നമ്പർ സർക്കാർ ഉത്തരവ്.

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും അങ്ങയുടെ ശ്രദ്ധക്ഷണിച്ചു കൊള്ളുന്നു.

ശ്രീമതി.സതി.കെ.റ്റി, അശ്വതി ഗാർഡൻസ്, മേനംകുളം, കഴക്കൂട്ടം എന്നയാൾ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നൽകിയ പരാതി ഉചിത നടപടി സ്വീകരിക്കുന്നതിന് മേൽ സൂചന പ്രകാരം സമർപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

ഇ എസ് ബിജുമോൻ
പോലീസ് സൂപ്രണ്ട് ഇന്റലിജൻസ്
ഡയറക്ടർക്ക് വേണ്ടി

പകർപ്പ് : പോലീസ് സൂപ്രണ്ട്, വി.എ.സി.ബി, സ്പെഷ്യൽ സെൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് -II (CPSP-878/2025/SIU-II) അറിവിലേയ്ക്കായി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

20407 (2)

A3



പ്രേക്ഷിത

സതി.കെ.റ്റി
വില്ലാ നമ്പർ–100
അശ്വതി ഗാർഡൻസ്
ചിറ്റാറ്റുമുക്ക് P.O.
മേനംകുളം, കഴക്കൂട്ടം
തിരുവനന്തപുരം – 695301
mob- 9495984769

സ്വീകർത്താവ്

Director
Vigilance & Anti Corruption Bureau
Thiruvananthapuram.

സർ,

വിഷയം: തിരുവനന്തപുരം താലൂക്ക്–കഴക്കൂട്ടം വില്ലേജ്– കൈവശ ഭൂമിയിൽ ഭൂനികുതി സ്വീകരിക്കുന്നത് സംബന്ധിച്ച്

സൂചന: തിരുവനന്തപുരം എൽ.ആർ.തഹസിൽദാരുടെ 14.11.2024 –ലെ LRMI -478, 734722/2024 നമ്പർ കത്ത്

തിരുവനന്തപുരം താലൂക്കിൽ കഴക്കൂട്ടം വില്ലേജിൽ മുൻ സർവേ നമ്പർ 893–ൽ പ്പെട്ട 8.40 ആർ ഭൂമി, കഴക്കൂട്ടം എസ്.ആർ.ഒ.യിലെ 151/1991-നമ്പർ ധനനിശ്ചയാധാരം പ്രകാരം അവകാശം സിദ്ധിച്ച് എന്റെ കൈവശത്തിലും കരം തീരുവയിലും ആയിരുന്നു. അതിൽ 10 സെന്റ് വസ്തു ഞാൻ കൈമാറ്റം നടത്തിയിട്ടുണ്ട്. ബാക്കി വരുന്ന വസ്തുക്കളിൽ കുറച്ച് ഭൂമി ചില കക്ഷികൾ വ്യാജാധാരങ്ങൾ ചമച്ച് കൈക്കലാക്കിയിട്ടുണ്ട്. ടി വസ്തുക്കൾ കഴക്കൂട്ടം വില്ലേജിൽ റീസർവേ നമ്പർ – 395/1–ൽ ഉൾപ്പെട്ടുവരുന്നു. ഇപ്പോൾ 1.98 വസ്തുക്കൾ തർക്ക രഹിതമായി എന്റെ കൈവശത്തിലുണ്ട്. ഏന്നാൽ 1.55 ആർ വിസ്തീർണം ഭൂമി തണ്ടപേർ നമ്പർ 4853 – പ്രകാരം റവന്യൂരേഖകളിൽ തെറ്റായി മറ്റൊരാളുടെ പേരിൽ കൊണ്ടുകിടക്കുന്നു.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഇത് യതാർത്ഥത്തിൽ റീസർവേയിൽ സംഭവിച്ച തെറ്റാണ്. . റീസർവേയിലെ അപാകത പരിഹരിച്ച് എന്റെ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള ഭൂമിക്ക് കരം സ്വീകരിക്കുന്നതിന് നിയമം പ്രകാരം ഞാൻ തിരുവനന്തപുരം എൽ.ആർ.തഹസിൽദാർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയിൻമേൽ അന്വേഷണം നടത്തി സർവെ നമ്പർ 395/1-ൽ ഉൾപ്പെട്ട പോക്കുവരവുകൾ കഴിച്ച് ബാക്കിവരുന്ന 1.55 ആർ ഭൂമിക്ക് പേരുമാറ്റ നടപടികൾ സ്വീകരിച്ച് കരം സ്വീകരിക്കുന്നതിന് സൂചന പ്രകാരം തിരുവനന്തപുരം എൽ.ആർ. തഹസിൽദാർ കഴക്കൂട്ടം വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നല്കിയിരുന്നു. എന്നാൽ ടി നിർദ്ദേശം നടപ്പിലാക്കാതെ കഴക്കൂട്ടം വില്ലേജ് ഓഫീസർ കൃത്യവിലോപം കാണിക്കുകയാണ്. ഇതു സംബന്ധിച്ച് നിരവധി പ്രാവശ്യം വില്ലേജ് ഓഫീസിലും താലൂക്ക് ഓഫീസിലും ഞാൻ കയറിഇറങ്ങിയിട്ടുണ്ട്. വില്ലേജ് ഓഫീസർ പേരുമാറ്റം നടത്തി ഭൂനികുതി സ്വീകരിക്കാത്തതിനെതിരെ എന്റെ ആവലാതി ബോധിപ്പിക്കുന്നതിന് തിരുവനന്തപുരം എൽ.ആർ തഹസിൽദാരെ സമിപിച്ചപ്പോൾ "നിങ്ങളുടെ കഥ എനിക്ക് കേൾക്കണ്ടെന്നും നിങ്ങളുടെ കഥ കേൾക്കാനല്ല ഞാനിവിടെ ഇരിക്കുന്നതെന്നും" പറഞ്ഞ് നിരുത്തരവാദപരമായി എന്നോട് പെരുമാറുകയാണ് ചെയ്തത്. എന്റെ കൈവശമുള്ള ഭൂമി ധനനിശ്ചയാധാരം പ്രകാരം എനിക്ക് സിദ്ധിച്ചതും തർക്കരഹിതമായി എന്റെ കൈവശത്തിലും അനുഭവത്തിലുമാണ്. ടി ഭൂമിയിലേക്കുള്ള പ്രവേശനം മറ്റൊരു വ്യക്തി തടസ്സപ്പെടുത്തിയതിനെതിരെ ഞാൻ ബഹുമാനപ്പെട്ട തിരുവനന്തപുരം പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ ഫയൽ ചെയ്ത OS 674/2019 നമ്പർ കേസിൽ, ടി വസ്തുവിലുള്ള നിയമപരമായ എന്റെ അവകാശം ബോദ്ധ്യപ്പെട്ട് 11.11.2022ൽ എനിക്ക് അനുകൂലമായി വിധി പുറപ്പെടുവിച്ചിട്ടുള്ളതാണ്.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സീനിയൽ സിറ്റിസൺ ആയ എനിക്ക് ടി വിഷയത്തിൽ നീതിക്കായി നിരന്തരം കയറി ഇറങ്ങുന്നതിന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഒരു പൗരന് നിയമപരമായി ലഭിക്കേണ്ട സേവനം നിഷേധിക്കുന്നതും, നിരുത്തരവാദപരമായി പെരുമാറുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും എനിക്ക് നിയമ പരമായി കൈവശവ കാശം/ ഉടമസ്ഥാവകാശം ഉള്ള ഭൂമിയിൽ പേര് മാറ്റം നടത്തി കരം സ്വീകരി ക്കുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും താഴ്മയായി അപേക്ഷിക്കുന്നു.

ടി അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിവരം എന്നെ അറിയിക്കണ മെന്നുകൂടി അപേക്ഷിക്കുന്നു.

വിശ്വാസപൂർവ്വം

തീയതി : 23.04.2025

സതി.കെ.റ്റി.
Mob: 9495984769

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

LRM1-478,734722/2024

താലൂക്ക് ഓഫീസ്
കോട്ടയ്ക്കകം, തിരുവനന്തപുരം
പിൻ – 695023, ഫോൺ : 0471-2462006
ഇ- മെയിൽ : tahsildartvpm@gmail.com

തീയതി : 14/11/2024

തഹസിൽദാർ (എൽ ആർ)
തിരുവനന്തപുരം

വില്ലേജ് ഓഫീസർ
കഴക്കൂട്ടം

സർ,

വിഷയം – കഴക്കൂട്ടം വില്ലേജ് – റീസർവ്വെ – സംബന്ധിച്ച്.

സൂചന – 1. 26.08.2017 ലെ ശർക്കാർ ഉത്തരവ് നം. (എം.എസ്)303/2017 റവന്യൂ
2. ശ്രീമതി. സതി. കെ. ടി സമർപ്പിച്ച അപേക്ഷ.
3. ഹെഡ് സർവ്വെയറുടെ 01.08.24 തീയതിയിലെ റിപ്പോർട്ട്.
4. സ.ഉ(കൈ)നം. 110/22/റവന്യൂ തീയതി 21/04/22

സൂചന കാണുക. കഴക്കൂട്ടം വില്ലേജിൽ കൈവശ വസ്തുവിന് റീസർവ്വെ പ്രകാരം കരം അടച്ചു കിട്ടുന്നതിനായി സൂചന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. അപേക്ഷകന്റെ പേർക്ക് കഴക്കൂട്ടം എസ് ആർ ഒ യിലെ 22.01.1991 തീയതിയിലെ 151/91-ാം നമ്പർ ധനനിശ്ചയാധാര പ്രകാരം മുൻസർവ്വെ കെ 893 ൽ 08.40 ആർ അവകാശ ലഭിച്ചിട്ടുണ്ട്. കൈവശസ്ഥലവും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ സർവ്വെയർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ടി സ്ഥലം ബ്ലോക്ക് നമ്പർ 11 ൽ റീസർവ്വെ നമ്പർ 395/1 ൽ പ്പെട്ട 01.98 ആർ വിസ്തീർണ്ണത്തിൽ ടി സ്ഥലം പൂർണ്ണമായും അപേക്ഷ കക്ഷി തർക്കരഹിതമായി കൈവശം വച്ചിരിക്കുന്നതായി കാണുന്നു. വില്ലേജ് റിക്കാർഡുകൾ പരിശോധിച്ചതിൽ, 395/1 ൽ വില്ലേജ് പോക്കുവരവുകൾ കഴിച്ച് നീക്കി മുതൽ 01.55 ആർ സ്ഥലം ഉള്ളതായി കാണുന്നു. ടി സാഹചര്യത്തിൽ സൂചന (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ രേഖകൾ പരിശോധിച്ച് പേര് മാറ്റ നടപടികൾ വില്ലേജ് മുഖാന്തിരം സ്വീകരിക്കേണ്ടതും സൂചന (4) ലെ വ്യവസ്ഥകൾ പാലിച്ച് കരം ഒടുക്കി നൽകേണ്ടതുമാണ്.

വിശ്വസ്തതയോടെ

തഹസിൽദാർ (എൽ ആർ)

പകർപ്പ് – ശ്രീമതി. സതി കെ. ടി, വില്ലാ നം. 100, അശ്വതിഗാർഡൻ, മേനംകുളം, കഴക്കൂട്ടം.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പ്രേക്ഷകൻ

ഡോ. ബൈജു എസ്
ദേവിക
തഴമേൽ, അഞ്ചൽ
കൊല്ലം, പിൻ-691306
Mob : 9447334064

സ്വീകർത്താവ്

ബഹു. കേരളാ മുഖ്യമന്ത്രി
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

സർ,

വിഷയം :- സർക്കാർ വക പൊതുവഴിയും അതിനോട് ചേർന്നുള്ള സ്ഥലവും റീസർവ്വേയിൽ പേരിൽക്കൂട്ടി വാങ്ങി വഴി തടസ്സപ്പെടുത്തിയത് സംബന്ധിച്ച്.

സൂചന :- (1) ഡോക്കറ്റ് നമ്പർ ജി. 2220701052, തീയതി : 27-07-2022

(2) ഡി 1-7449/22 പ്രകാരം 05-03-2023-ൽ പുനലൂർ ഭൂരേഖ തഹസീൽദാർ കൊല്ലം ജില്ലാ കളക്ടർക്ക് നൽകിയ റിപ്പോർട്ട്

(3) ഡോക്കറ്റ് നമ്പർ ജി 2230200992, തീയതി : 21-04-2022

(4) സൂചന (3) ന് 13-4-2023 ലും 3-5-2023 ലും പുനലൂർ തഹസീൽദാർ കൊല്ലം ജില്ലാ കളക്ടർക്ക് നൽകിയ റിപ്പോർട്ട്.

(5) 19-4-2023 ശ്രീ അഡ്വ. ബാബു എസ് നൽകിയ വിവരാവകാശ അപേക്ഷ.

(6) D1 2938/23 നമ്പരായി 15-5-2023 ൽ SPIO യിൽ നിന്നും ലഭിച്ച മറുപടി.

(7) അഡ്വ. ബാബു എസ് ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കു നൽകിയ പരാതി

(8) LR/3015/2023-LR (B3)/27-04-23

പുനലൂർ താലൂക്കിൽപ്പെട്ട അഞ്ചൽ വില്ലേജിലെ പഴയ സർവ്വേ നമ്പർ 12/3 ൽ കൂടി കടന്നുപോകുന്ന പൊതുവഴിയും അതിനോട് ചേർന്നുള്ള 6.53 ആർ പുരയിടവും ടി വഴിയോട് ചേർന്ന് പഴയ സർവ്വേ നമ്പർ 10 ൽ പെട്ട

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

4.75 ആർ നിലവും റീസർവ്വേയിൽ അഞ്ചൽ വില്ലേജിൽ തഴമേൽ മുറിയിൽ എസ്. എൻ വിലാസിൽ ശ്രീമതി. ചന്ദ്രമതിയും ടിയാളുടെ മക്കളും മരുമകൻ സുരേന്ദ്രനും കൂടി പേരിൽകൂട്ടി വാങ്ങി വഴി തടസ്സപ്പെടുത്തിയതിനെതിരെ സൂചന (1) ഉം (3) ഉം പ്രകാരം പരാതി നൽകിയിരുന്നു. ടി വഴിയുമായി ബന്ധപ്പെട്ട് റവന്യൂ സെക്രട്ടറിക്കും കൊല്ലം ജില്ലാ കളക്ടർക്കും പുനലൂർ ഭൂരേഖ തഹസീൽദീർക്കും പരാതി നൽകിയിട്ടുള്ളതാണ്. മാത്രവുമല്ല, റവന്യൂ സെക്രട്ടറിക്കും കളക്ടർക്കും ഭൂരേഖ തഹസീൽദാർക്കും നൽകിയ പരാതിയിൽ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് അഞ്ചൽ തഴമേൽ സങ്കേതത്തിൽ ശ്രീ. ജി. രഘുനാഥൻ അടക്കമുള്ളവർ ബഹു. കേരളാ ഹൈക്കോടതിയിൽ റിട്ട് ഹർജി നമ്പർ WP (c) 39434/2022 ഫയൽ ചെയ്തിട്ടുള്ളതുമാണ്. നാളിതുവരെ സർക്കാർ ടി പരാതിയിൽ സ്വീകരിച്ച നടപടികൾ ടി റിട്ടിൽ ബഹു. ഹൈക്കോടതിയെ അറിയിക്കാൻ നിർദ്ദേശം നൽകിയിട്ടും ഭൂരേഖ തഹസീൽദാർ അതിന് തയ്യാറായിട്ടില്ല.

ടി റിട്ട് നിലനിൽക്കുമ്പോൾതന്നെയാണ് ഭൂരേഖ തഹസീൽദാർ 05-01-2023 ൽ ടി വഴിയുടെ സ്ഥലം പേരിൽക്കൂട്ടി നൽകിയത് മറച്ചുവച്ചു കൊണ്ട് ജില്ലാകളക്ടർക്കും ബഹു. മുഖ്യമന്ത്രിക്കും സൂചന (2) റിപ്പോർട്ട് നൽകിയത്. ഇതിനെതിരെ ഭൂരേഖ തഹസീൽദാരെ മാറ്റിനിർത്തി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്കും റവന്യൂ സെക്രട്ടറിക്കും കളക്ടർക്കും നൽകിയ സൂചന (3) പരാതി പുനലൂർ തഹസീൽദാർക്ക് കൈമാറിയതിന്റെ അടിസ്ഥാനത്തിൽ തഹസീൽദാർ ജില്ലാ കളക്ടർക്ക് നൽകിയ റിപ്പോർട്ടിൽ ബഹു. ഹൈക്കോടതിയിൽ WP (c) 39434/2022 ഉം പുനലൂർ മുൻസിഫ് കോടതിയിൽ OS 220/2022 ഉം നിലനിൽക്കുന്നതിനാൽ ടി ഫയൽ പരിശോധിച്ച് തീരുമാനം എടുക്കുവാൻ കഴിയില്ലെന്നാണ് അറിയിച്ചിരിക്കുന്നത്. പുനലൂർ മുൻസിഫ് കോടതിയിലെ OS 220/2022 ശ്രീ. സുരേന്ദ്രൻ, ശ്രീമതി. ചന്ദ്രലേഖ എന്നിവർ തുങ്ങളുടെ മതിൽ ഇടിച്ച് വഴിവെട്ടരുതെന്ന് കാണിച്ച് രണ്ട് വ്യക്തികൾക്കെതിരെ ഫയൽ ചെയ്തതാണ്. ടി കേസിൽ ടിയാളുകൾ സർക്കാർ ഉദ്യോഗസ്ഥരെയാരേയും എതിർ കക്ഷികളാക്കിയില്ല. മാത്രവുമല്ല, ഇവർക്ക് ലഭിച്ച സ്റ്റേ ഓഡറിൽ സർക്കാർ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന യാതൊരു പരാമർശവും അടങ്ങിയിട്ടുമില്ല.

സൂചന 1 പ്രകാരമുള്ള താങ്കളുടെ പരാതിയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി താങ്കൾ ആവശ്യപ്പെട്ട പ്രകാരം ഈ ഓഫീസിലെ ഭൂരേഖ തഹലിൽദാർ ശ്രീ സന്തോഷ് കുമാർ.ഡി,താലൂക്ക് സർവ്വയറായ ശ്രീ നിസ്സാം എന്നീ ഉദ്യോഗസ്ഥരെ ഒഴിവാക്കി 31/03/23 ൽ തഹസിൽദാരും ഹെഡ് സർവ്വയറും നേരിട്ട് നടത്തിയ സ്ഥല പരിശോധനയിലും ബന്ധപ്പെട്ട റിക്കാർഡുകൾ പരിശോധിച്ചതിലും പരാതിയ്ക്കാസ്പദമായ സ്ഥലം അഞ്ചൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 34 ൽ റീസർവ്വെ 451/7,16,12,452/1,15,16,17,18 എന്നീ നമ്പരുകളിൽ ഉൾപ്പെട്ടുവരുന്നതാണ്.ടി നമ്പരുകളിൽ ലിത്തോമാപ്പ് പരിശോധിച്ചതിൽ ടി സബ് ഡിവിഷനുകളുടെ വശങ്ങളിൽ ഒരു ഡോട്ടഡ് ലൈൻ ഉള്ളതായി കാണുന്നു.റീസർവ്വെ റിക്കാർഡുകൾ തയാറാക്കുമ്പോൾ രണ്ട് മീറ്ററിൽ കുറവുള്ള നടപ്പാതയുണ്ടെങ്കിൽ അത് ഡോട്ടഡ് ലൈൻ ആയി രേഖപ്പെടുത്താറുണ്ട്.സ്ഥലപരിശോധനയിൽ ടി സ്ഥലത്ത് ഒരു തോടും,നടവഴിയുമാണ് കാൺന്നത്.ടി നടവഴിയിലൂടെയുള്ള നടപ്പവകാശം നിഷേധിച്ചിട്ടില്ലാത്തതായി അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.കൂടാതെ വാഹനം കടന്നുപോകുന്ന വഴിയാണെങ്കിൽ ആയത് റീസർവ്വെ റിക്കാർഡുകളിൽ വ്യക്തമായിതന്നെ രേഖപ്പെടുത്തുന്നതാണ്.ആയതിനാൽ താങ്കൾ ഉന്നയിക്കുന്ന രണ്ട് മീറ്ററിൽ കൂടുതലുള്ള വണ്ടിപ്പാത ടി സ്ഥലത്ത് റിക്കാർഡുകൾ പ്രകാരവും സ്ഥലപരിശോധന നടത്തിയതിലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതാണ്.

കൂടാതെ താങ്കളുടെ പരാതിയിലെ ക്രമനമ്പര് (5) പ്രകാരം 39/1992 നമ്പർ വിൽ പത്രത്തിൽ പത്തനാപുരം പ്രിൻസിപ്പൽ സബ് രജിസ്ട്രാറിലെ 1968/3900 നമ്പർ ആധാരം ഈ ഓഫീസിലെ താലൂക്ക് സർവ്വയറായ ശ്രീ നിസ്സാം

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പരിശോധിച്ചിട്ടില്ലായെന്ന് ആരോപിച്ചിരിക്കുന്ന.39/1992 നമ്പർ വിൽപത്രം പോക്കുവരവ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ റീസർവ്വെ റിക്കാർഡുകൾ അംഗീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതാണ്.ആയതിനാൽ നിലവിൽ ടി രേഖകൾ പരിശോധിക്കേണ്ട ആവശ്യം നിലനിൽക്കുന്നില്ല.വിൽപത്രം രജിസ്റ്റർ ചെയ്യുമ്പോൾ മുന്നാധാരം പരിശോധിക്കേണ്ടതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട സബ് രജിസ്ട്രാറിൽ നിക്ഷിപ്തമാണ്.

അഞ്ചൽ വില്ലേജിലെ ബ്ലോക്ക് 34 ൽ റീസർവ്വെ 451/7,452/17,452/15,451/12,452/16,451/16 എന്നീ സബ് ഡിവിഷനുകളിൽ ആധാരവിസ്തീർണ്ണത്തേക്കാൾ കൂടുതൽ ഭൂമിയുണ്ടന്ന് താലൂക്ക് സർവ്വയറായ ശ്രീ നിസ്സാം റിപ്പോർട്ട് ചെയ്തിരുന്ന.ആധാരത്തേക്കാൾ കൂടുതൽ വിസ്തീർണ്ണം കൈവശം ഉണ്ടെങ്കിൽ ആയത് മുൻ രേഖകൾ പ്രകാരം പുറമ്പോക്കിൽ ഉൾപ്പെട്ടതല്ലായെങ്കിൽ റീസർവ്വെയിൽ പുറമ്പോക്കായി രേഖപ്പെടുത്താൻ നിർവ്വാഹമില്ലാത്തതാണ്.കൂടാതെ മുൻ സർവ്വെ റിക്കാർഡുകളും നാളത് റീസർവ്വെ റിക്കാർഡുകളും പരിശോധിച്ചതിൽ ഒന്നും തന്നെ മേൽ നമ്പർ സബ് ഡിവിഷനുകളിൽ സർക്കാർ പുറമ്പോക്ക് ഉൾപ്പെട്ടുവരുന്നതായി കാണുന്നില്ല.

ടി വിഷയവുമായി ബന്ധപ്പെട്ട് ബഹു:കേരള ഹൈക്കോടതിയിൽ ശ്രീ രഘുനാഥൻ മു:പേർ ചേർന്ന് ഫയൽ ചെയ്ത WP(c)-39434/22 നമ്പർ കേസ്,ബഹു:പുനലൂർ മുൻസിഫ് കോടതിയിൽ ശ്രീ.N സുരേന്ദ്രൻ,ശ്രീമതി C.R ചന്ദ്രലേഖ എന്നിവർ ചേർന്ന് ഫയൽ ചെയ്ത OS 220/22 നമ്പർ കേസ്,എന്നീ കേസുകൾ നിലവിലുള്ളതിനാൽ ബഹു: കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയത്തിൽ അന്തിമ തീരുമാനം എടുക്കാൻ നിർവ്വാഹമില്ലാത്തതാണ്.ടി കേസുകൾ തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്ഥതയോടെ,

തഹസിൽദാർ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

KLM/0206/s/23854 D1

താലൂക്ക് ആഫീസ് പുനലൂർ
തീയതി:- 04/5/23

തഹസീൽദാർ(ഭൂരേഖ)
പുനലൂർ

ബൈജു എസ്
ദേവിക
തഴമേൽ
അഞ്ചൽ

സർ,

വിഷയം:- കരുതലും, കൈതാങ്ങും അപേക്ഷ നടപടി സംബന്ധിച്ച്
സൂചന:- താങ്കൾ സമർപ്പിച്ച അപേക്ഷ

സൂചന പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷ പരിശോധിച്ചിട്ടുള്ളതാണ്.അഞ്ചൽ വില്ലേജ് പഴയ സർവെ നമ്പർ 12/3 ലിത്തോ മാപ്പിൽ, സെറ്റിൽമെൻറ് സമയത്ത് ഉണ്ടായിരുന്ന നടവഴി അടയാളപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. അത് സ്കെയിലിലല്ല രേഖപ്പെടുത്തിയിട്ടുള്ളത്.ആയത് സ്ഥിതിസ്ഥാപക ചിഹ്നം മാത്രമാണ്. ടി സ്ഥലത്ത് തോട്, നടവഴി എന്നിവ ചേർന്ന് നിലവിൽ ഏകദേശം 2 മീ. വീതിയിൽ നടവഴി തടസപ്പെടാതെ നിലനിൽക്കുന്നുണ്ട്. അഞ്ചൽ വില്ലേജ് റീസർവേ ഇംപ്ളിമെൻറ് (1/1/2010) ചെയ്യുമ്പോൾ, പുറമ്പോക്കിൽ ഉൾപ്പെടാത്ത, അതിർത്തി തർക്കമില്ലാത്ത കേസുകൾ റീസർവേ നിയമമനുസരിച്ച് നിലവിലെ കൈവശത്തിൻറെ അടിസ്ഥാനത്തിൽ പഴയ തണ്ടപ്പേരിൽ നിലനിർത്തുകയായിരുന്നു സാ. ഉ. (കൈ)നം 110/22 RD Dt 21/4/22 നമ്പർ ഉത്തരവിന് മുൻ കാല പ്രാബല്യം ഇല്ലാത്തതിനാൽ 1/1/2010 ൽ ഇംപ്ളിമെൻറ് ചെയ്ത അഞ്ചൽ വില്ലേജിൽ ഇത് നടപ്പിലാക്കാൻ കഴിയുകയില്ല ലിത്തോമാപ്പിലുള്ളത് നടവഴി മാത്രമാണ്. നിലവിൽ ഇത് നിലനിൽക്കുന്നുണ്ട്. നിലവിൽ പുറമ്പോക്ക് വഴിയായി സെറ്റിൽമെൻറിൽ ഇല്ലാത്തതിനാലും, പുറമ്പോക്ക്, തരിശ് ഇവ അല്ലാത്തതിനാലും വഴി വികസിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് കഴിയുന്നില്ല എന്ന വിവരം അറിയിക്കുന്നു

വിശ്വസ്തതയോടെ

തഹസീൽദാർ (ഭൂരേഖ)

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/5841585/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

റവന്യൂ (ഇ) വകുപ്പ്

REV-E3/396/2023-REV

16-08-2023,
തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ,
തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - ശ്രീ. റെജിമോൻ കുട്ടപ്പൻ, സെക്രട്ടറി, Vigilnet ഫൌണ്ടേഷൻ സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.

സൂചന:- ശ്രീ. റെജിമോൻ കുട്ടപ്പൻ സമർപ്പിച്ച 31.07.2023 ലെ അപേക്ഷ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ടി നിവേദനത്തിന്മേൽ അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ടി നിവേദനത്തിന്റെ പകർപ്പ് ഇതോടൊന്നിച്ചയയ്ക്കുന്നു.

വിശ്വസ്തതയോടെ,
റോയിച്ചൻ തോമസ്
ഡെപ്യൂട്ടിസെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

15





VIGILNET FOUNDATION (Reg. No. TVM/TC/566/2020)
MRA 176 TC 94/813, MOOLAVILAKOM, VANCHIYOOR PO, THIRUVANANTHAPURAM-695035.
Phone: 9400476263, 9495166820 Email: ishamehrin@gmail.com, harichandran51@gmail.com.

From

Rejimon Kuttappan,
Secretary, Vigilnet Foundation-Action Against corruption,
TC. 94/ 813, MRA 176, Moolavilakom, Vanchiyoor.P.O.,
Thiruvananthapuram – 695035

To,
Chief Secretary
Kerala State
Secretariate
Thiruvananthapuram
Kerala 695001

SUBJECT: Inaction against criminal manipulation of land records of Kadakampally Village and destruction of some Office records - reg.

REFERENCE: 1. A letter vide RTI 30/2021 dated 20.10.2021 from the SPIO of Kadakampally, cum village officer "for the time being" that the office records prepared for transfer of registry of survey numbers 1888 and 1890 in the village are not traceable
2. Letter(s) to Dist.Collector (s) **Thiruvananthapuram to take for urgent action**

Respected Sir/ Madam,

The topic of the complaint is the report of destruction of official land records in Kadakampally Village; Thiruvananthapuram Taluk in Thiruvananthapuram district of Kerala. On 20.10.2021the SPIO of Kadakampally, cum village officer "for the time being", provided an information vide RTI 30/2021 that office records prepared from years 2014 to 2020 for transfer of registry in respect of survey numbers 1888 and 1890 are not traceable in the Village office **[copy enclosed]**. As per the law all land transactions and

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

mutations for collection of land revenue must follow procedures prescribed Rule.3 (a) (VIII) & 23 of TR Rules consistent with Registration Rules (Kerala) 1958. Records show that land transactions are being carried out without receiving the application aforementioned and that destruction of land records was deliberate and that officials "for the time being" was aware of if not involved in, the manipulations and have conspired to destruct office records that are evidence of the criminal manipulation of office records chargeable under **Section 204** of IPC

Evidence show properties in Coastal Regulatory Zone (hereinafter referred to as CRZ) and part of a water body are **seen** redefined **(**തരം മാറ്റൽ**)** as dry land (പുരയിടം). *Such daring fabrication of false records* punishable under Section 167 IPC cannot be created without the involvement, knowledge, consent of concerned revenue officials.

It is also seen that resurvey was never done in Kadkampally **village** till date and that State Level Expert Appraisal Committee had given environment clearance to construct structures in parts of survey number 1888 and 1890 despite showing *fabrication of false records as genuine chargeable under IPC 167*
Kindly take immediate action to freeze all land transactions subject to investigation of the entire episode especially in view of the an order from the Hon"ble Supreme Court of India who directed the chief secretary of Kerala to identify and report all the violations of coast zone regulations of Kerala. This direction was following its order dated 23.09.2019 [MA1808-1809/2019 CA.No. 4784-4785/2019] to pull down a number flats built on Coastal Regulatory Zone of Marad **Municipality.**

Most respectfully

Rejimon Kuttappan
SECRETARY, VIGILNET FOUNDATION,

THINVANANTHAPURAM
31.07.2023

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

എ 7- 20854/2021

താലൂക്ക് ഓഫീസ്, തിരുവനന്തപുരം
തീയതി: 02/11/2021
പിൻ -695023, ഫോൺ : 0471-2462006
ഇ-മെയിൽ : tahsildartvpm@gmail.com

ഷാജി.എസ്
തഹസീൽദാർ &
ഒന്നാം അപ്പീൽ അധികാരി
താലൂക്ക് ഓഫീസ്
തിരുവനന്തപുരം

സെക്രട്ടറി
സംസ്ഥാന വിവരാവകാശ കമ്മീഷൻ
പുന്നൻറോഡ്, തിരുവനന്തപുരം
കേരളം

സർ,

വിഷയം : വിവരാവകാശ നിയമം 2005 അപ്പീൽ റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന : 1. വിവരാവകാശ നിയമം 2005 പ്രകാരം ശ്രീ.രമകുമാർ.വി 25.05.2021 ൽ സമർപ്പിച്ച അപേക്ഷ
2. ശ്രീ.രമകുമാർ.വിയുടെ 07.07.21 ലെ ഒന്നാം അപ്പീൽ അപേക്ഷ
3. ഈ കാര്യാലയത്തിൽ നിന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/കടകംപള്ളി വില്ലേജാഫീസർക്ക് നൽകിയ 20.07.21 ലെ ഇതേ നം.കത്ത്
4. ഈ കാര്യാലയത്തിലെ 25.09.21 ലെ എ 7/20854/21 നമ്പർ നടപടിക്രമം
5. അങ്ങയുടെ കാര്യാലയത്തിലെ 20.10.21 ലെ AP No.1334(2)/2021/SIC നം. കത്ത്

സൂചന ദയവായി ശ്രദ്ധിച്ചാലും. വിവരാവാകാശ നിയമം 2005 പ്രകാരം ശ്രീ.രവികുമാർ.വി എന്ന വ്യക്തി കടകംപള്ളി വില്ലേജിലെ 1888/2-6, 1888/4-2, 1888/1-3, 1890/1, 1888/12-1-1, 1888/12-2, 1888/1-2-1 എന്നീ സർവ്വെ നമ്പരുകളിലെ വസ്തുവിന്റെ ലാന്റ് റെക്കോർഡ്സ് ആവശ്യപ്പെട്ടാണ് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത അപേക്ഷയ്ക്ക് സമയപരിധിക്കുള്ളിൽ മറുപടി ലഭ്യമായിട്ടില്ല എന്ന് കാണിച്ചാണ് പരാമർശം (2) പ്രകാരം അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. സാങ്കേതിക കാരണങ്ങളാൽ അപ്പീൽ തീർപ്പാക്കാൻ താമസം നേരിട്ടിട്ടുള്ളതാണ്. അപ്പീലിന്മേൽ വിശദീകരണം സമർപ്പിക്കുന്നതിനായി സൂചന (3) പ്രകാരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി വിശദീകരണം സമർപ്പിച്ചിരുന്നില്ല. കടകംപള്ളി വില്ലേജിലെ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അനിയന്ത്രിതമായ തിരക്ക് കാരണമാകാം അപ്രകാരം വിശദീകരണം നൽകാത്തിന് കാരണം എന്ന് മനസിലായ സാഹചര്യത്തിൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾക്ക് സമയബന്ധിതമായി മറുപടി നൽകാതിരിക്കുന്നത് ഉചിതമായ സംഗതിയല്ല എന്നുള്ള കാര്യം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ ഓർമ്മപ്പെടുത്തിയും അപ്പീൽകക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ അപ്പീൽ കക്ഷിക്ക് സൗജന്യമായി നൽകുവാനും അഥവാ എന്തെങ്കിലും രേകകൾ ലഭ്യമല്ലെങ്കിൽ ആയത് വിശദീകരിച്ച് കക്ഷിക്ക് ഉചിത മറുപടി നൽകുന്നതിനും കക്ഷി എന്തെങ്കിലും രേഖകൾ പരിശോധിക്കുന്നതിന് ആഗ്രഹം പ്രകടിപ്പിക്കുന്ന പക്ഷം നിശ്ചിത ദിവസം നിശ്ചയിച്ച് നൽകി വിവരാവകാശ നിയമപ്രകാരമുള്ള നിശ്ചിതഫീസ് ഈടാക്കി രേഖകൾ പരിശോധിക്കാനുള്ള അവസരം നൽകണമെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകി എ 7-20854/2021 നമ്പറായി നടപടിക്രമം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

സൂചന (5) പ്രകാരം ആവശ്യപ്പെട്ട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെയും ഒന്നാം അപ്പീൽ അധികാരിയുടെയും ഫോൺ നമ്പറും ഇ-മെയിൽ വിലാസവും യഥാക്രമം ചുവടെ ചേർക്കുന്നു.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/കടകംപള്ളി വില്ലേജാഫീസർ
ഫോൺ- 8547610102
ഇ-മെയിൽ- vo-kadkmply.rev@kerala.gov.in
ഒന്നാം അപ്പീൽ അധികാരി -ശ്രീ.ഷാജി.എസ്
ഇ-മെയിൽ-tahsildartvpm@gmail.com
ഫോൺ- 9447700112

കൂടാതെ വിവരാവകാശ നിയമം 2005 ലെ അദ്ധ്യായം II വകുപ്പ് 4 ൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകളും ഇതു സംബന്ധിച്ച് കമ്മീഷനും സർക്കാരും കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളും യഥാവിധി നടപ്പിലാക്കിയിട്ടുണ്ട് എന്നുള്ള വിവരവും ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ഷാജി.എസ്
തഹസീൽദാർ &
ഒന്നാം അപ്പീൽ അധികാരി

ഉള്ളടക്കം -സൂചന(1) മുതൽ (4) വരെ പകർപ്പുകൾ

പകർപ്പ്

ശ്രീ.രമകുമാർ.വി
ലക്ഷ്മി ഭവൻ, EVRA-400
ഈശ്വരവിലാസം റോഡ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

RTI 30/2021

വില്ലേജ് ആഫീസ്
കടകംപള്ളി 20/10/2021
Mob- 8547610102

സന്തോഷ് കിംഷി
പബ്ലിക് ഇൻഫർമേഷൻ ആഫീസർ
ഉ
വില്ലേജ് ആഫീസർ, കടകംപള്ളി

ശ്രീ രമകുമാർ വി.
ലക്ഷ്മി ഭവൻ
EVRA-400
ഇനശ്വര വിലാസം റോഡ്

മാന്യമിത്രമേ,

വിഷയം: വിവരാവകാശനിയമം 2005 - താങ്കൾ സമർപ്പിച്ച അപേക്ഷ - മറുപടി സംബന്ധിച്ച്

സൂചന: 1) താങ്കളുടെ 25-05-2021 ലെ അപേക്ഷ
2) തിരുവനന്തപുരം തഹസീൽദാരുടെ 25-09-2021 ലെ A7-20854/2021 നമ്പർ നടപടിക്രമം

സൂചനകൾ ശ്രദ്ധിച്ചാലും. വിവരാവകാശ നിയമം 2005 പ്രകാരം താങ്കൾ സമർപ്പിച്ച സൂചന (1) അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ, സമയപരിധി ആളുമിൽ ലഭ്യമാകിയില്ല എന്നു കാണിച്ച് അപ്പീൽ അധികാരിക്ക് സമർപ്പിച്ച അപ്പീലിൽ സൂചന (2) പ്രകാരം ഉത്തരവ് നിർദ്ദേശം ലഭിച്ചിട്ടുള്ളതാണ്.

കടകംപള്ളി വില്ലേജിൽ ഉൾപ്പെട്ട സർവ്വേ നമ്പരുകളുടെ ഭൂ R ഈ കാര്യാലയത്തിൽ [illegible] സർവ്വേ 1888 1890 നമ്പരു

കൂടുതൽ സൗകര്യത്തിലുള്ള സിസ്റ്റത്തിൽ ഈ
തണ്ടപ്പേർ വിവരങ്ങളും നൽകുന്നതിന് വളരെ
അധികം സമയം ചെലവഴിക്കേണ്ടതുണ്ട്. ഈ
കാര്യാലയത്തിലെ തണ്ടപ്പേരുകൾ സിസ്റ്റത്തിലെത്തിക്കുന്നതിനും 56,000/-രൂപ
ചെലവഴിച്ചിട്ടുണ്ട്. ഈ തണ്ടപ്പേരുകൾ തമ്മിൽ ഒത്തുനോക്കി പരിശോധിച്ച് കൃത്യമായ
ഉറപ്പാടി നൽകുന്നതിന് താമസം നേരിടുന്നതിനാലും ഉറപ്പാടി ലഭിക്കാത്തതിനാൽ നൽകിയ
നിരവധി അപേക്ഷകൾ തീർപ്പാക്കാൻ കഴിയാതെ വരുന്നു. കൂടാതെ ടി സർവ്വേ
നമ്പരുകളുടെ ഉടമസ്ഥാവകാശം 2014-2020 കാലയളവിൽ
നടന്ന പോക്കുവരവ് രേഖകൾ ഈ കാര്യാലയത്തിൽ
കാണുന്നതിന് കഴിഞ്ഞിട്ടില്ലാത്തതുമാണ്. ടി കാലയളവ്
മുതൽ ടി സർവ്വേ നമ്പരുകളുടെ ഉടമസ്ഥാവകാശ മാറ്റം
നടത്തിയ വിവരങ്ങൾ കണ്ടെത്തി നൽകുന്നതിന്
വളരെയധികം സമയം ചെലവഴിക്കേണ്ടതുണ്ട്.
ടി സ്പിഷ്വൽ ഉടമാവകാശ ലഭ്യമായ വിവരങ്ങൾ/
രേഖകൾ പരിശോധിക്കുന്നതിന് താഴ്ചയും ഉണ്ടായിൽ
ഓഫീസ് സമയത്ത് നിത്യേന വിവരം ശേഖരിച്ച് തിരിച്ചു
നൽകുവാൻ സാധിക്കുന്നതല്ലാത്തതിനാൽ പരാതിക്കാർക്ക് വിവരം
കൊടുക്കുവാൻ വൈകുന്നതാണെന്ന വിവരം
അറിയിക്കുന്നു

വിശ്വസ്തതയോടെ

PTO
വില്ലേജ് ഓഫീസർ.
കടകംപള്ളി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഭരണഭാഷ-മാതൃഭാഷ

ജില്ലാ കളക്ടറുടെ കാര്യാലയം,സിവിൽ സ്റ്റേഷൻ മലപ്പുറം-676505,ഫോൺ 0483-2739574

ഇ മെയിൽ- dcm.ker@nic.in

File No.DCMPM/2057/2025-D6 **തീയതി :07-02-2025**

പ്രേഷകൻ

ജില്ലാ കളക്ടർ,

മലപ്പുറം

സ്വീകർത്താവ്

കമ്മീഷണർ

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം

തിരുവനന്തപുരം

സർ,

വിഷയം:- റവന്യൂ വകുപ്പ് - LA Interpellation - 12/02/2025 ന് മറുപടി നൽകേണ്ട നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1488 - മറുപടി സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- അങ്ങയുടെ 06.02.2025 തീയതിയിലെ LR/1447/2025-LR(B3) നമ്പർ കത്ത്.

****

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം ലഭിച്ച കത്തിൽ 15ാം കേരള നിയമസഭയുടെ 13ാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 1488 നമ്പർ ചോദ്യത്തിനുള്ള മറുപടി ചുവടെ സമർപ്പിക്കുന്നു.

1. സർഫാസി നിയമപ്രകാരം കോടതി വ്യവഹാരത്തിലൂടെയല്ലാതെ ബാങ്കുകൾ ഏറ്റെടുത്ത ഭൂമി ലേലത്തിൽ പിടിച്ച് രജിസ്റ്റർ ചെയ്യുവാങ്ങുന്നവർക്ക് തണ്ടപ്പേരിൽ ബാങ്കിന്റെ പേരില്ല എന്ന കാരണത്താൽ പോക്കുവരവ് ചെയ്യാതിരിക്കുകയും നികുതി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

2. സർഫാസി ആക്ട് പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയുടെ ക്രയവിക്രയത്തിന്റെ ഭാഗമായി തണ്ടപ്പേരിൽ തങ്ങളുടെ പേര് ചേർക്കേണ്ടതില്ല എന്ന് ബാങ്കുകൾ നിലപാട് സ്വീകരിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

മേൽ വിവരം തുടർനടപടികൾക്കായി സവിനയം സമർപ്പിക്കുന്നു.

വിശ്വാസപൂർവ്വം

LETHA K, DYC (RR) DCMPM., O/O DYC(RR) DCMPM

ജില്ലാ കളക്ടർക്ക് വേണ്ടി

ഇത് കമ്പ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവശ്യമില്ല .ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് **https://eoffice.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

RL 579472158IN
28.3.23

I

ലാൻഡ് റവന്യൂ കമ്മീഷൻ അവർകൾ സമക്ഷം.

കൊട്ടാരക്കര താലൂക്കിൽ, നെടുവത്തൂർവില്ലേജിൽ, ആനക്കോട്ടൂർ P.O. യിൽ, ആനന്ദവല്ലീസദനത്തിൽ (താമസം) താനന്ദവല്ലി ബോധിപ്പിക്കുന്ന കാരണം.

സർ,

നിസ്സഹായ സ്ത്രീയാണ് നെടുവത്തൂർ പോലീസ് വിട്ടിൽ. വിധവ ഉണ്ണിയെ വിളിക്കുന്നു. ഭർത്താവിന്റെ കുടുംബക്കാരെന്നു പറഞ്ഞ് ചിലർ ഭൂമി കൈയ്യേറുന്നു. അതുകൊണ്ട് ഞാൻ വിശദമായി സ്വന്തമായി ഒരു കുടുംബവിചാരണ നടത്തി. ഭർത്താവിന്റെ ഉണ്ണിയുടെ അച്ഛൻ മരിച്ചതിനുശേഷം ഞാൻ ഭർത്താവിന്റെ കുടുംബത്തിൽ നിന്നും മാറിത്താമസിക്കുകയാണ്. ഞാൻ ഭർത്താവിന്റെ വീട്ടിൽ 38 വർഷം സന്തോഷത്തോടെ ജീവിച്ചു. ഇതെല്ലാം അറിഞ്ഞു കൊണ്ട് കൂടിയാണ് വന്ന് മരിച്ചു. 23-6-2020 ന്റെ മുമ്പിൽ ഞാൻ കക്ഷിയായ ഒന്നാം ചോദ്യം വച്ച് വിധി പുറപ്പെടുവിച്ചു. ഭർത്താവിന് 73 വയസ്സായി എന്നും ചോദ്യം വച്ച് വിധി പുറപ്പെടുവിച്ചു. ഭർത്താവിന്റെ പേരിൽ നെടുവത്തൂർവില്ലേജിൽ റീസർവ്വേ നമ്പർ 242/4, 242/3 ഉം തുല്യമായ (449/3) ഉം ഉൾപ്പെട്ട ഒരേക്കർ ഭൂമിയും ഉണ്ടായിരുന്നു. അതിൽ 242/3 ൽ ഉൾപ്പെട്ട 17 സെന്റ് വസ്തുവിൽ കരം തുടർന്നടച്ചു. അങ്ങനെ 2016 ൽ തൈക്കോടത്തിന്റെ പേരിൽ കരം ഒടുക്കി. 18-19 ലും ഒടുക്കി. ചിലരുടെ പേരിൽ കരം ഒടുക്കി. 2017 ൽ എന്റെ പേരിൽ കരം ഒടുക്കിയിട്ടില്ല. ഭർത്താവിന്റെ മരണത്തിനുശേഷം ഒരു തർക്കം കാരണം ഞാൻ പണം വാങ്ങിയിട്ടില്ല. ഞാൻ പോലീസിന് കേസുണ്ട്. തീർപ്പുവിധികളുണ്ട്. വസ്തുവകകൾ സംബന്ധിച്ചുള്ള കേസുകൾ ഒന്നുമില്ല. അതുകൊണ്ട് ഞാൻ ഭർത്താവിന്റെ കുടുംബത്തിൽ നിന്നും മാറിത്താമസിക്കുകയാണ്. ഭർത്താവിന്റെ കുടുംബത്തിൽ നിന്നും ഭീഷണിയുള്ളതുകൊണ്ടും, അവരുടെ ഉപദ്രവം ഭയന്നുകൊണ്ടും, അവരുടെ ഭീഷണിയുള്ളതുകൊണ്ടും ഞാൻ പോലീസിന്റെ സംരക്ഷണം ആവശ്യപ്പെട്ടിട്ടുണ്ട്. അതിനാൽ സ്വത്തിൽ നിന്നും ഭീഷണിയുള്ളതുകൊണ്ടും, വിൽപ്പോകുവരുത്തുന്നതിനും, ഭീഷണിയുള്ളതുകൊണ്ടും സ്വന്തമായി സംരക്ഷണം നൽകുന്നതിലേക്കും വേണ്ട നടപടി സ്വീകരിച്ചു തരുവാൻ ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

കൊട്ടാരക്കര.
27-3-2023.

അപേക്ഷിക്ക Anandavalliamma
ആനന്ദവല്ലി അമ്മ.
Phone: 9495474084.

B3

28 MAR 2023

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ബഹു. മാനപ്പെട്ട ലാൻഡ് റവന്യൂ കമ്മീഷണർ
മുൻപാകെ,

സർ, താണ്ട് അമ്പതും അതിലധികവും കൂടി ഞങ്ങൾ വന്നു താമസിക്കുന്ന ഭൂമിയുടെ കൈവശം തരണമെന്നു കാണിച്ചു നൽകിയ അപേക്ഷ നിരസിച്ചു കൊണ്ടുള്ള ഉത്തരവ് നമ്പർ A.F. 5113/2021 ആയിരുന്നു. (പട്ടയ അപ്പീൽ). ഞങ്ങളുടെ വല്യപ്പൻ 1993-ൽ കാരം അടച്ചു രസീതുമായി വെട്ടിമിൽ ചെന്നു. താലൂക്കിൽ നിന്നും വന്നു പോയി അറിയുന്നു. ഇപ്പോൾ താലൂക്കിൽ നിന്നും ഉദ്യോഗസ്ഥർ വന്നു പോയിക്കൊണ്ടിരിക്കുകയാണ്. ഞങ്ങൾ ഉപജീവനത്തിനു വേണ്ടി സ്വന്തമായി കൃഷിയും കാട്ടിവന്നിരുന്നു. എന്നാൽ ഇപ്പോൾ ഞങ്ങൾക്ക് ഒന്നു തീറ്റാൻ കഴിയുന്നില്ല. ഞങ്ങൾ ചെല്ലുമ്പോൾ B.T.R. വലിയവായിൽ ചിലരോടു കാര്യം പറയുന്നതു കേൾക്കാം. ഇനിയുള്ള കാലം ഒരുപാടു കുടുംബം ഞങ്ങളെ പോലെ വരാനുണ്ടെന്നു പറഞ്ഞു. ഞാൻ എന്റെ കാര്യം നോക്കാൻ വന്നപ്പോൾ 23-6-2020-ൽ വന്നിട്ടുള്ള കാര്യങ്ങളൊന്നും കൂടുതലായിട്ടൊന്നും പറയുന്നില്ല. എല്ലാം കമ്മീഷണറുടെ മുമ്പിൽ സമർപ്പിക്കുന്നു.

വണ്ട്
വിനയപൂർവ്വം,
Anandavallikumar.

Anandkottoor,
28-3-2023.
Phone:- 9495474088.

വഴിയുണ്ടാവണം. എത്തുവാൻ വേണ്ടി കുറച്ചു ദിവസം വൈകി. വന്നിട്ടുണ്ട്.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR (B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

3

ഒറിജിനൽ

രസീത്

0485973

ബുക്ക് നമ്പർ പി. 04860

8/2755 -ാം നമ്പർ തണ്ടപ്പേ / ഉത്തരവ് അനുസരിച്ച് തുക ഒടുക്കിയതിന് രസീത്

[illegible] താലൂക്ക് [illegible] വില്ലേജ്

നിർമ്മിതിയും സംബന്ധിവിഷനും നമ്പരും ലെറ്ററും	വിസ്തീർണ്ണം		പുറമ്പോക്കിന്റെയോ പുറമ്പോക്കാരുടെയോ പേര്	ഒടുക്കിന്റെ സ്വഭാവം	പണം ഒടുക്കിയ ആളിന്റെ പേര്	ഏതു കാലത്തേക്കെന്നോ ഏതു തവണയ്ക്കെന്നോ	തുക		റിമാർക്സ്
	ഹെ.	ആർ.					രൂപ	സ.	
242/4	-	29.80	8/2755 ഭാർഗ്ഗവൻ - [illegible]			2018-19	185	-	
242/3	-	07.00	[illegible] - [illegible]						

മേൽ വിവരിച്ച [illegible] 185 രൂപ — പൈസ

[illegible]

2018 [illegible] 08 മാസം 07 [illegible]

[illegible] കണക്കിൽ [illegible] വച്ചിരിക്കുന്നു

സ്വാഭാ [illegible] വില്ലേജ് [illegible]

തിയതി 7/5/18 വില്ലേജ് [illegible]

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

Board of Revenue L.R. 31 15,000/100 19/662 25 7 1991 G

ORIGINAL

ഒ. ... നമ്പർ 1088 1188 രസീത് നമ്പർ 16

14891-ാം നമ്പർ തണ്ടപ്പേർ/ഉത്തരവ് അനുസരിച്ച് കരം/തുക ഒടു
തിന് രസീത്

[illegible] താലൂക്ക് [illegible] വി

സർവ്വേയും സബ്ഡിവിഷനും നമ്പറും ലററും	വിസ്തീർണ്ണം		പട്ടാദാരന്റെയോ പട്ടാദാരൻമാരുടെയോ പേര്	ഒടുക്കിന്റെ സ്വഭാവം	പണം ഒടുക്കിയ ആളിന്റെ പേര്	ഏതുകാലത്തേക്കെന്നോ ഏതുതവണക്കെന്നോ	തുക	
	ഹെ.	ആർ					രൂ.	പ.
449/3	-	50	14851					
577/8	-	16	[illegible]					
8	-	09	[illegible]			1992	15	00
8	-	15	[illegible]					
503/9A	-	03	[illegible]					
9A	-	07						
449/3	-	50						

മേൽവിവരിച്ച പ്രകാരം രൂപ പൈസ (അക്ഷ

1993 ാമാണ്ട് 3 മാസം 29 ാം തീയതിയായ ഇന്നേദിവസം സ്വീ
വില്ലേജ് കണക്കിൽ മുതൽ വച്ചിരിക്കുന്നു.

വില്ലേജാഫീസരുടെയോ
വില്ലേജ് അസിസ്ററന്റിന്റെയോ

പേരും ഒപ്പും

സ്ഥലം: [illegible]
തീയതി: 25/3/1993

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR (B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

Form No 20

Order No. 515(a)

പരക്കെ (പൊതു) തിരച്ചിൽ അപേക്ഷ

Transaction ID: P3096588

അപേക്ഷകൻറെ പേരും മേൽവിലാസവും: Anandhavalli Amma,Parampil Veedu,Anakottoor,
Mobile: 9495474088

കൊട്ടാരക്കര (പി□സിപ്പ□) സബ് രജിസ്ട്രാർ അവർകൾക്ക്

താങ്കളുടെ ആഫീസിലെ പുസ്തകങ്ങൾ പരിശോധിച്ചു താഴെ വിവരിക്കുന്ന വസ്തുക്കളെ സംബന്ധിച്ചു ഒരു ബാധ്യത സർട്ടിഫിക്കറ്റ് തരുവാൻ അപേക്ഷിക്കുന്നു .

വസ്തു കിടക്കുന്ന വില്ലേജ് (പകുതി) ദേശം	Neduvathur,;						
വസ്തുവിൻറെ പേരും സർവ്വേ നമ്പരും വിസ്തീർണവും	**Surno**	**Subdvn**	**ReSurno**	**ReSubDvno**	**Hectare/Acre**	**Are/Cent**	**sqMetre/sqLink**
	449	3	242	3		6 Ar	88.00 Sqm
	449	3	242	4		29 Ar	80.00 Sqm
വസ്തുവിൻറെ നാലതിരുകൾ	Bndry:Palakunnathu Vaka (E) Kuzhivila (W) Edavazhi (N) Raju (S)						
മുൻ ആധാര വിവരം	3380 /1977						
തിരഞ്ഞു നോക്കേണ്ടുന്ന ആണ്ടുകൾ	01-01-1977 മുതൽ . 05-08-2016വരെ						

മേൽ വിവരിച്ച വസ്തുക്കൾ ഒറ്റമുതലാണെന്നും എൻറെ അറിവിൽ പെട്ടിടത്തോളം Anandhavalli Amma ഒടു/ൻറെ വകയാണെന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :കൊട്ടാരക്കര (പി□സിപ്പ□)
തീയതി :05-08-2016

Online Application

Total Fee 510.00 (Application fee:10.00,Search Fee:500.00,Priority Fee:0.00)
Search made in index II ans S I of .....
for years.....to .....Documents found Vide,
First Search made by.....
Second Search made by.....
Verified by:
}
EC read on }

Print Back

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

6

BEFORE THE HON'BLE MUNSIFF COURT, KOTTARAKARA

2021 OS

Anandavalliamma M G	:	Plaintiff
Firosjan and others (3)	:	Defendants

Plaint filed U/O.7,R.1 of CPC

Full address of the Plaintiff

Anandavalliamma M G, aged 71, D/o Gomathiamma, Anaswara, Aanakkottur PO, Neduvathur Village, Kottarakara Taluk, Kollam District 691505.

All the notices and processes to the plaintiff may be served to her counsels Adv. B Ajikumar, Adv. C.Deepadevi, and Adv. P.Muraleedharan, Advocae Office, Near SBI, Market Junction, Kottarakara- 691 506.

Full address of the Defendants

1. Firosjan, aged about 67 years S/o Mytheenkunju, Proprietor, Royal Crusher Unit, Anakkottur PO, Neduvathoor Village, Kottarakara Taluk, Kollam District 691 505.
2. Saji Muhammad, aged about 40 years, S/o Muhammad Basheer, Manager, Royal Crusher Unit, Anakkottur, Nedavathur Village, Kottarakara Taluk, Kollam District – 691 505.
3. The Village Officer, Neduvathoor Village, Kottarakara Taluk, Kollam District 691 505.
4. The District Collector, Civil Station, Kollam District 691 501

All the notices and processes to the defendants may be served to their addresses as mentioned above.

The above mentioned plaintiff begs to submit as follows

1. I am the plaintiff in the suit.
2. The plaintiff is in possession & custodian of dry land comprised in Block No.8 Resurvey No.242/3(07.00 Ares) and 242/4 (29.80 Ares) a total of 36.80 Ares of property at Neduvathoor Village, Kottarakara Taluk. This property was attained by virtue of settlement deed No.3380 of 1977 and Release Deed No.4510 of 1985 of Principal SRO, Kottarakara and tax was being paid for the same at the Neduvathoor Village office, detailed as Scheduled property attached herewith.
3. There is a public road at the western side of the plaint sch. property , and on reaching the north west corner of the plaint scheduled property it turns towards west. On the northern side, is the property of Ramakrishnan. A crusher unit belonging to the 1st and 2nd defendants is situated at the eastern side of the property of Ramakrishnan. Ramakrishnan provided northern and western portion of his property for access from the western public road to the Crusher unit and vice versa after receiving remuneration from the 1st and 2nd defendants.

Adv. B. Ajikumar

Plaintiff. Anandavalliamma M G

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

4. On the northern side of the plaint scheduled property there is a two feet pathway for the exclusive use of the plaintiff. The plaintiff paid land tax upto 1990 and after that tax could not paid as the petitioner was away at the working places of her husband who was in defense services.
5. Due to the absence of the plaintiff from the home town, 07.00 Ares of the plaint A sch. property in Resurvey No.242/3 has been fraudulently issued to someone else with the knowledge of the Village authorities. The Village authorities had not permitted the plaintiff to pay tax for her above mentioned property. Since all the efforts became futile the plaintiff approached the District Collector and the Hon'ble High Court. The plaintiff acquired a judgment in her favour from the Hon'ble High Court and the District Collector directed the village/Taluk authorities to set right the mistake and implement the order of the High Court. Thereby tax was paid for the entire property of 36.80 ares on 9.10.2017, and consequently on 7.5.2018 tax for 2018-19 also paid.
6. In the meantime the 1st and 2nd defendant encroached the northern side of the plaint scheduled property and widened and destroyed some cultivation and used heavy vehicle for transporting the crusher materials. The plaintiff obstructed and the defendants though stopped transporting the materials through this way but not removed the rubbles and quarry waste deposited, from the path way. The 1st and 2nd defendants fraudulently obtained an injunction order against the plaintiff by suppressing the facts.
7. Now the village officer Neduvathoor has again stopped receiving the tax of the property of 07.00 ares in resurvey no. 242/3. On 11.11.201 the village officer informed that the mutation of the same has been cancelled as a case is pending before the civil court, without giving any details.
8. There is no appeal pending against the order of the Hon'ble High Court allowing the plaintiff to remit tax. Hence the Village Officer has no authority to cancel the mutation which is ultravires.
9. Hence the suit is filed for permanent injunction restraining the 1st and 2nd defendants from encroaching the plaint scheduled property and doing any mischief or putting any waste in it. The 3rd defendant is involved in support of the 1st and 2nd defendants and liable for corruption by abusing the entrusted power for his private gain. The 4th defendant is having vicarious liability for the act of Village officer, being his subordinate.
10. The plaintiff executed a settlement deed in favour of his son working abroad for the said entire property of 36.80 Ares on 15.06.20, keeping the custody and possession with her.
11. Hence the plaintiff left with no other alternative but to approach this hon'ble court for justice and hence the suit is filed for restraining the 1st and 2nd defendants from trespassing into the plaint scheduled properties and directing the 3rd and 4th defendants to accept land tax
12. Cause of action: The cause of action arose on 29.11.1985 the execution of release deed in favour of the plaintiff by her parents. On 15-06-2020, the execution of Settlement deed, On 3.3.2017 the judgment of the Hon'ble High Court in favour of the plaintiff. On 9.10.2017 and 7.5.2018 the dates of tax paid for the entire property of 36.80 Ares till 2018-19. The letter of Village officer dated 11.11.2019 informing cancellation of mutation and non acceptance of tax for 07.00 Ares in resurvey No.242/3 and the property situated at Neduvathoor Village, which is within the Jurisdiction of this Hon'ble Court.
13. Suit Valuation: The valuation for the purpose of court fees and jurisdiction is as shown hereunder. The prayer is valued at Rs.1000/- as per S.27 (C) of the Act and Court Fee of Rs.40/- is to be paid. The legal beneficiary fund stamp of Rs.100/- is to be paid .The other relief prayed for ancillary and not required to be valued separately.

Adv. B. Ajikumar Plaintiff. Anandavalliamma M G

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

14. Therefore it is prayed that this Hon'ble Court may be pleased to pass a decree allowing the following relief.

a. Permanent injunction restraining the 1st and 2nd defendants to trespass or encroach the plaint scheduled property and doing any mischief and putting any waste therein.
b. Directing the 3rd and 4th defendants to cure the defects of the property and permit the plaintiff to pay tax of the 07.00 Ares in Resurvey No.242/3 with a declaration and possession.
c. Any other relief which this Hon'ble Court deem fit for the proper adjudication of the case .

Plaintiff: Anandavalliamma M G

Verification :-

I, Anandavalliamma M G, the plaintiff in the suit, do hereby stated that all what are stated above are true and correct

Dated this the 6th day of March, 2021

Plaintiff : Anandavalliamma M G

LIST OF DOCUMENTS

1. Photostat copy of the Settlement deed No.959/2020 of Kottarakara Principal SRO dated 15-06-2020
2. Photo coy of Release deed dated29.11.1985
3. Photo copy of order of Hon'ble High Court dated 3.3.2017
4. Photocopies of tax receipts (2 Nos.) dated 9.10.2017 and 7.5.2018
5. Copy of letter of Village Officer dated 11.11.2019

Adv. B. Ajikumar

Plaintiff. Anandavalliamma M G

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

INJUNCTION ORDER

(Order XXXIX Rule 1)

Munsiff's Court, Kottarakara

Hg - 25/3/21

IA.No. 2 of 2021 in Suit No. 137 - of 2021

Present :- Sumey chandran LL.B., Munsiff

Petitioner:- Plaintiff
Anandavalliamma. M. G aged 71 years
D/o- Gomathiamma, Anaswara
Anakkottur (PO) Neduvathoor Village
Kottarakkara Taluk, Kollam District

Respondent :- Defendant
1) Firosjun
Proprietor, Royal Crusher unit
Anakkottur (PO), Neduvathoor Village, Kottarakkara Taluk
Kollam

2) Saji Muhammad
Manager, Royal Crusher unit
Anakottur, Neduvathoor Village, Kottarakkara Taluk

To

The above named Respondent

Upon motion made into this Court by the Adv. B. Aji kumar ..... and upon reading the petition of the said petitioner in this matter filed on 08/3/21 and upon hearing the evidence of the petitioner in support thereof, this court do in order that an ad interim order of injuction is passed. The respondent No 1 and 2 are restrained from tresspassing the plaint schedule property and from committing any waste therein untill further orders.

Given under my hand and the seal of the Court this 12 day of 03 2021

Schedule attached.

Hearing 25/3/21

By Order

Central Nazir Manju
CENTRAL NAZIR
SUB COURT
KOTTARAKARA

This is a true photo stat copy

Pc. Supdt.

cf 21/30

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

CA.440/21.
dt. 17.3.'21.

OS.137/21.

MUNSIFF'S COURT, KOTTARAKARA

1. Year and number of the Suit or other Proceeding OS.137/21
2. Name of the applicant Adv. B. Anil Kumar
3. Number and date of application CA.440/21 dtd. 17.3
4. Date of calling for stamp papers 18.3.'21
5. Date of production of papers 22.3.'21.
6. Date of calling for additional Stamp Papers
7. Date of production of additional Stamp papers
8. Date when copy was ready 22.3.'21
9. Date notified for appearance to receive the copy 25.3.'21
10. Date when copy was delivered 23.3.'21

25/3/'21

cf. stamp affixed ₹ 1/50

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

125594/2023

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
റവന്യൂ കോംപ്ലക്സ് ,പബ്ലിക് ഓഫീസ് ബിൽഡിംഗ്
മ്യൂസിയം ജംഗ്ഷൻ ,തിരുവനന്തപുരം
മെയിൽ: lrcommissioner@gmail.com
ഫോൺ :0471 2322885

LR/3662/2023-LR(B3)

തീയതി:22-03-2023

കമ്മീഷണർ

ജില്ലാ കളക്ടർ,
കൊല്ലം.

സർ,

വിഷയം:- പോക്കുവരവ് - ശ്രീമതി ആനന്ദവല്ലി വിജിലൻസിന് നൽകിയ അപേക്ഷ സംബന്ധിച്ച്

സൂചന:- അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 20/12/2022 ലെ REV-E3/591/2022-REV നം കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് ലഭ്യമായ പരാതി പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിച്ച അന്തിമ റിപ്പോർട്ട് അടിയന്തിരമായി ഈ കാര്യാലയത്തിൽ സമർപ്പിക്കുന്നതിലേയ്ക്കായി പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതിനാൽ കാലതാമസം അനുവദനീയമല്ല.

വിശ്വസ്തതയോടെ,

SHAHANAS A
ASSISTANT COMMISSIONER
കമ്മീഷണർക്കു വേണ്ടി

പകർപ്പ് :- ശ്രീമതി .ആനന്ദവല്ലി,
ആനന്ദഭവൻ,
ആനക്കോട്ടൂർ, നെടുവത്തൂർ
കൊട്ടാരക്കര, കൊല്ലം

ഇത് കമ്പ്യൂട്ടർ ജനറേറ്റഡ് ചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവിശ്യമില്ല
ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

नाम/Name Smt. Anandavalli. G

जन्म तिथि/Date of Birth 15.02.1950

पत्नी स्वर्गीय Rajappan Pillai. S
Wife of Late

सं/Service No 268923H, MWO

रेजिमेन्ट/कोर/शाखा IAF
Regt/Corps/Branch

पति की मृत्यु की तारीख 23.06.2020
Date of death of husband

पता/Address Ananda Bhavan
Anakottoor-Po, Neduvalhur, Kollam
691505 पुलिस स्टेशन/P.S. Kottarakkara

परिवारिक पेंशन का प्रकार
Type of Family Pension ☐ सामान्य Ordinary ☐ विशेष Special

पेंशन/ Pension Rs. 22,126/-

तारीख एवं स्थान 03.11.2020, Kollam
Date & Place of Issue

क्रम संख्या/Serial No.

No 4453857
KER-06/027065

भारत
INDIA

सत्यमेव जयते



UFAICESUREEN.M
Zilla Sainik Welfare Office
Kollam-691013

जारीकर्ता अधिकारी हस्ताक्षर
Signature of Issuing Officer

पहचान चिन्ह/Identificat on Mark A Small mole on left side of neck.

बाएं अंगूठे का निशान/LHTI

पहचान पत्र – भूतपूर्व सैनिक की विधवा
IDENTITY CARD - WIDOW OF EX-SERVICEMEN

सत्यमेव जयते

धारक के हस्ताक्षर ANANDAVALLI AMMA
Signature of the Holder

आश्रित बच्चों के नाम व जन्मतिथि
Name & dates of the birth of dependent children

1.
2.
3.

UFAICESUREEN.M
Zilla Sainik Welfare Office
Kollam-691013

जारीकर्ता अधिकारी हस्ताक्षर
Signature of Issuing Officer

यह कार्ड अहस्तांतरणीय है और मांगने पर प्रस्तुत किया जाएगा।

This card is not transferable and is to be produced on demand.

पाने वाला इसे केन्द्रीय सैनिक बोर्ड, रक्षा मंत्रालय, पश्चिम खण्ड-4, आर के पुरम, नई दिल्ली-110 066 को बिना टिकट लगा पत्र पेटी में डाल दें या पास के सैनिक यूनिट या थाने में जमा करा दें।

Finder drop this in letter box postage free to Kendriya Sainik Board, Ministry of Defence, West Block-IV, RK Puram, New Delhi-110 066 or handover to the nearest Military Unit or Police Station.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3)-CLR, LR(B3)-CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നം. G 3/22

വില്ലേജ് ഓഫീസ്, നെടുവത്തൂർ
തി. 17 .02.2022

താലൂക്ക് ഓഫീസിലേക്ക് റിപ്പോർട്ട്

വിഷയം - ഭൂനികുതി ഒടുക്കി പോക്കുവരവ് ചെയ്യുന്നില്ലെന്ന പരാതിസംബന്ധിച്ച്

സൂചന - 1. ശ്രീമതി.ആനന്ദവല്ലിയമ്മ, ആനന്ദഭവൻ, ആനക്കോട്ടൂർ, നെടുവത്തൂർ എന്നവരുടെ 28/12/21-ലെ അപേക്ഷ
2. ബഹു. റവന്യൂ ഡിവിഷണൽ ഓഫീസർ പുനലൂർ -ന്റെ 12/01/2022-ലെ കീഴെഴുത്ത്.

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു 1977-ലെ 3380-ാം നമ്പർ ധനനിശ്ചായാധാരപ്രകാരം നെടുവത്തൂർ വില്ലേജിൽ ബ്ലോക്ക്നം.8-ൽ തണ്ടപ്പേർ നമ്പർ 2755-ൽ റീസർവേനമ്പർ 242/4-ൽ 29.80 ആർസ് പുരയിടവും ,242/3-ൽ 6 ആർസ് 8.8 ച.മീറ്റർ പുരയിടവും ഉൾപ്പെടെ 36 ആർസ് 68 ച.മീറ്റർ പുരയിടം തന്റെ മകനായ മാസ്റ്റർ അനുമോന്റെ പേർക്ക് 15.06.2020-ന് രജിസ്റ്റർചെയ്ത് കൊടുത്ത 959/2020-ാം നമ്പർ ആധാരപ്രകാരം പോക്കുവരവ് ചെയ്ത് കരം ഒടുക്കിക്കിട്ടണം എന്നതാണ് പരാതിക്കാരിയുടെ ആവശ്യം. വില്ലേജ് രേഖകൾ പരിശോധിച്ചതിൽ ബ്ലോക്ക്നം.8-ൽ 2755 -ാം നമ്പർ തണ്ടപ്പേരിൽ റീസർവേനമ്പർ 242/4-ൽ 29.80 ആർസ് പുരയിടം ആനന്ദവല്ലിയമ്മയുടെ കൈവശത്തിലും കരം ഒടുക്കിലുമായിരുന്നു. ശ്രീമതി.ആനന്ദവല്ലിയമ്മ ബഹു.ഹൈക്കോടതിയിൽ ജില്ലാ കലക്ടർ, തഹസിൽദാർ, വില്ലേജ് ഓഫീസർ എന്നിവരെ യഥാക്രമം ഒന്നും രണ്ടും മൂന്നും എതിർ കക്ഷികളാക്കി WP(c) No:5093/2017 ഫയൽ ചെയ്തതിൽ 03.03.2017 -ലെ വിധിപ്രകാരവും കൊട്ടാരക്കര അഡീഷണൽ ഗവ.പ്ലീഡറുടെ AGP/KTR/321/17 dated 08.09.2017 -ാം നമ്പർ നിയമോപദേശത്തിന്റെയും അടിസ്ഥാനത്തിൽ പി.വി 508/17 തി.09.10.2017 പ്രകാരം 2754-ാം നമ്പർ തണ്ടപ്പേരിൽ നിന്നും 7.00 ആർസ് പുരയിടം പോക്കുവരവ് ചെയ്ത് കൊടുത്തു

എന്നാൽ ഇതിനെതിരെ മൈതീൻ കുഞ്ഞ് മകൻ ഫിറോസ്ഖാൻ എന്നവർ ശ്രീമതി.ആനന്ദവല്ലിയമ്മ,ജില്ലാ കലക്ടർ,തഹസിൽദാർ,വില്ലേജ് ഓഫീസർ എന്നിവരെ യഥാക്രമം ഒന്നും രണ്ടും മൂന്നും നാലും എതിർ കക്ഷികളാക്കി 341/2017 -ാം നമ്പർ Review Petition (RP) ഫയൽ ചെയ്യുകയും 05.04.2017 -ലെ വിധിപ്രകാരം ടിയാന്റെ claim consider ചെയ്യുവാനായി മൂന്നാം എതിർകക്ഷിയായ തഹസിൽദാരോട് നിർദേശിക്കുകയുണ്ടായി. തുടർന്ന് 242/3-ലെ 7.00 ആർസ് പുരയിടം ആനന്ദവല്ലിയമ്മക്ക് പോക്കുവരവ് ചെയ്ത് നൽകിയതിന് എതിരെ ജില്ലാ കലക്ടർ,തഹസിൽദാർ,വില്ലേജ് ഓഫീസർ, ആനന്ദവല്ലിയമ്മ എന്നിവരെ യഥാക്രമം ഒന്നും രണ്ടും മൂന്നും നാലും എതിർ കക്ഷികളാക്കി WP(c) No:35293/2017 ഫയൽ ചെയ്യുകയും 22.02.2018 -ലെ വിധിപ്രകാരം Exhibit P11 ആയ (True copy of the A Form Pokkuvaravu Details in respect of property in Re-Survey No:242/3 as Thandapper No:2755) quash ചെയ്യുകയും 2-ാം എതിർ കക്ഷിയായ തഹസിൽദാരോട് 4-ാം എതിർ കക്ഷിയായ ആനന്ദവല്ലിയമ്മയുടെ അപേക്ഷ reconsider ചെയ്യുവാനും പരാതിക്കാരനും 4-ാം എതിർ കക്ഷിയായ ആനന്ദവല്ലിയമ്മക്കും,

Issued under RTI act. 2005
as per file Cir/3518/22

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

തുമായി ബന്ധപ്പെട്ട മറ്റുള്ളവർക്കും വിചാരണയ്ക്ക് അവസരം നൽകി തീർപ്പ് കൽപ്പിക്കണമെന്നും ഉത്തരവായിട്ടുള്ളതാണ് ടി വിധി അനുസരിച്ച് കൊട്ടാരക്കര തഹസിൽദാരുടെ (ഭൂരേഖ) G1SD-1822/12 പ്രകാരം റീസർവേ നം.242/3 -ലെ 7.00 ആർസ് പുരയിടം പോക്കുവരവ് ചെയ്തത് റദ്ദാക്കുകയും തിരികെ 2754-ാം നമ്പർ തണ്ടപ്പേരിലേക്ക് തിരികെ കൊണ്ട്പോകുകയും ചെയ്തു പരാതിയിൽ സൂചിപ്പിച്ചിരിക്കുന്ന റീസർവെ നം 242/4 -ൽപ്പെട്ട 29.80 ആർസ് പുരയിടം പി.വി. 275/2020 പ്രകാരം 20420-ാം നമ്പർ തണ്ടപ്പേരിലേക്ക് ആനന്ദവല്ലിയമ്മയുടെ മകനായ മാസ്റ്റർ അനുമോൻ പേരിൽ പോക്കുവരവ് ചെയ്തിട്ടുള്ളതാണെന്നും എന്നാൽ റീസർവേ നം 242/3-ൽപ്പെട്ട 7.00 ആർസിലെ പോക്കുവരവ് ബഹു.ഹൈക്കോടതിയുടെ WP(c) No:35293/2017-ലെ വിധിപ്രകാരമാണ് റദ്ദാക്കിയതെന്നും ടി വിഷയവുമായി ബന്ധപ്പെട്ടവരേ നേർമുഖ വിചാരണ നടത്തി പരാതിയിൽ തീർപ്പ് കൽപ്പിക്കാവുന്നതാണെന്നും ടി വിഷയത്തിൽ സ്വീകരിക്കേണ്ട തുടർനടപടികളേക്കുറിച്ച് മാർഗ്ഗ നിർദ്ദേശം നൽകണമെന്നും അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

17/02/2022

വില്ലേജ് ഓഫീസർ
നെടുവത്തൂർ
VILLAGE OFFICER
NEDUVATHOOR

Issued under RTI act. 2005
as per file Cr1/3516/22

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/5948453/2023

ഓർമ്മക്കുറിപ്പ്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ





റവന്യൂ (R) വകുപ്പ്

B3

നമ്പർ.-REV-R2/73/2023-REV

15-11-2023,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ,

ലാൻഡ് റവന്യൂ തിരുവനന്തപുരം

സർ,

വിഷയം:- റവന്യൂ വകുപ്പ് - ഭൂനികുതി സംബന്ധിച്ച എസ്റ്റിമേറ്റ് കമ്മിറ്റി (2021-23) 6-ാമത് റിപ്പോർട്ടിലെ 30-ാമത് ഖണ്ഡികയിലെ ശിപാർശയിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന:- 24/05/2023, 04/09/2023, 11/10/2023 തീയതികളിലെ ഇതേ നമ്പർ സർക്കാർ കത്തുകൾ

സൂചനപ്രകാരം ആവശ്യപ്പെട്ടിരുന്ന എസ്റ്റിമേറ്റ് കമ്മിറ്റി (2021-23) 6-ാമത് റിപ്പോർട്ടിലെ 30-ാമത് ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള റിപ്പോർട്ട് താങ്കൾ ഇതുവരെയും സർക്കാരിൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ആയത് അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
നിഷ കെ.കെ
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by
Rani K C
Date: 15-11-2023 11:33:59

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/5980027/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (പി) വകുപ്പ്

നമ്പർ.-REV-P2/330/2023-REV **06-12-2023**,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം:- കൊല്ലം ജില്ലയിലെ പുന്നല വില്ലേജ്- കൃഷിയുക്ത വനഭൂമി നിയമം ലംഘിച്ച് കൈമാറ്റം ചെയ്തത്- പോക്കുവരവ് ചെയ്യുന്നത്- സംബന്ധിച്ച്

സൂചന:- കൊല്ലം ജില്ലാ കളക്ടറുടെ **29.10.2019** ലെ **DCKLM/9044/2019-L4** നമ്പർ കത്ത് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിലെ പുന്നല വില്ലേജിൽ കടയ്ക്കാമൺ ഗ്രാമത്തിൽ അരബിൾ ഫോറസ്റ്റ് ലാൻഡ് റൂൾ പ്രകാരം പതിച്ചു നല്കിയ ഭൂമി നിയമം ലംഘിച്ച് കൈമാറ്റം ചെയ്ത കേസുകളിൽ പോക്കുവരവ് ചെയ്തു നല്കുന്നത് സംബന്ധിച്ച വിഷയത്തിൽ, വ്യക്തമായ ശിപാർശ സഹിതം റിപ്പോർട്ട് ലഭ്യമാക്കാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
അബ്ദുൾ നാസർ ബി ഐ എ എസ്
അഡിഷണൽ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കളക്ടറേറ്റ്,കൊല്ലം
പിൻ-691 013,ഫോൺ-0474 279 3473
ഇ മെയിൽ-dcklm.ker.nic.in

തീയതി -**29/10/2019**-

ജില്ലാ കലക്ടർ,
കൊല്ലം.

പ്രിൻസിപ്പൽ സെക്രട്ടറി,
റവന്യൂ (യു) വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം:- പുന്നല വില്ലേജിൽ കടയ്ക്കാമൺ ഭൂമിയുടെ പോക്കുവരവ് സംബന്ധിച്ച് ശ്രീ.സജീഷ് സമർപ്പിച്ച അപേക്ഷയിന്മേലുള്ള റിപ്പോർട്ട്.

സൂചന:-1)പ്രിൻസിപ്പൽ സെക്രട്ടറി,റവന്യൂ(യു)വകുപ്പിന്റെ 13/08/19 ലെ യു2/39/18 നമ്പർ കത്ത്.

2)തഹസിൽദാർ (എൽ.ആർ.) പത്തനാപുരത്തിന്റെ 01/10/2019 ലെ ബി8-1512/18 നമ്പർ കത്ത്.

3) റവന്യൂ (പി) വകുപ്പിന്റെ 20/01/2016 ലെ സ.ഉ(സാധാ) നം-329/16/റവന്യൂ, നമ്പർ സർക്കാർ ഉത്തരവ്.

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. പുന്നല വില്ലേജിൽ കടയ്ക്കാമൺ ഭൂസംരക്ഷണ സമിതി രക്ഷാധികാരി ശ്രീ.സജീഷ് മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ സമർപ്പിച്ച അപേക്ഷയിന്മേൽ പുന്നല വില്ലേജ് ആഫീസർ മുഖാന്തിരം അന്വേഷണം നടത്തി പത്തനാപുരം ഭൂരേഖാ തഹസിൽദാർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിൽ,

കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ പുന്നല വില്ലേജിൽ സർവ്വെ 319/1-ൽ പ്പെട്ട 100 ഏക്കർ കൃഷിയുക്ത വന ഭൂമി അരബിൾ ഫോറസ്റ്റ് ലാൻഡ് റൂൾ പ്രകാരം 100 കുടുംബങ്ങൾക്ക് 1974-75 കാലഘട്ടത്തിൽ ഉപാധിയോടെ പതിച്ച് നൽകിയിട്ടുള്ളതാണ്. 20 സെൻറ് വീതം ഭൂമി താമസത്തിനും 70 സെൻറ് വിതം ഭൂമി കൃഷിക്കായും ശേഷിക്കുന്ന 10 ഏക്കർ ഭൂമി റോഡിനും മറ്റ് പൊതു ആവശ്യങ്ങൾക്കുമായിട്ടാണ് നൽകിയിട്ടുള്ളത്. ഹരിജനങ്ങളുടെ ഉന്നമനത്തിനായി പതിച്ചു നൽകിയിട്ടുള്ള ഭൂമിയിൽ, പട്ടയം നൽകിയിരുന്ന 95 കുടുംബങ്ങൾ ഹരിജനങ്ങളും 5 കുടുംബങ്ങൾ മറ്റ് ജാതിയിൽ ഉൾപ്പെട്ടവരുമാണ്. പട്ടയം ലഭിച്ചവരിൽ ഭൂരിഭാഗം പേരും മരണപ്പെട്ടു പോയിട്ടുള്ളതാണ്. ടി ഭൂമി അനന്തരാവകാശികൾക്ക് കൈമാറ്റം ചെയ്യപ്പെടാവുന്നതും അങ്ങനെയുള്ള കൈമാറ്റങ്ങൾ പോക്കുവരവ് ചെയ്തിട്ടുള്ളതുമാണ്. ടി വസ്തു വീണ്ടും കൈമാറ്റം ചെയ്ത് അന്യകൈവശങ്ങളിൽ ഇരിക്കുന്നതുമാണ്.

അരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് ചട്ടങ്ങൾ 1970 ,റൂൾ 7(2) പ്രകാരം 12 വർഷത്തിനു ശേഷം മാത്രമേ കൈമാറ്റം അനുവദനീയമായിട്ടുള്ളൂ. ടി ചട്ട പ്രകാരം ഭൂമി ലഭിച്ച പട്ടയ കക്ഷികളും ടിയാൾക്കാരുടെ അനന്തരാവകാശികളും ടി പട്ടയ വ്യവസ്ഥകൾ ലംഘിച്ച് ടി ഭൂമി 12 വർഷത്തിനുള്ളിലെ വിവിധ കാലയളവുകളിൽ ടി സ്ഥലം പൂർണ്ണമായോ ഭാഗികമായോ അന്യകക്ഷികൾ പേരിൽ കൈമാറ്റം ചെയ്തിട്ടുള്ളതാകുന്നു.നിലവിൽ ടി ഭൂമി കൈമാറി കിട്ടിയ കോളനി നിവാസികളിൽ 3 സെൻറ് ഭൂമി മുതൽ കൈവശം വെച്ച് വരുന്നവരുണ്ട്.ഏറിയപേരും 10 സെന്റിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമാണ്. ആയതിൽ ഭൂരിഭാഗം പേരും ആധാരം രജിസ്റ്റർ ചെയ്യാതെ ഒരു കരാർ

File No. LR2/39/2018-LR(B3 Section) on 4419) M, ASO (P2) REV, ASO (P2) REV, RD on 06/12/2023 12:12 PM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

മാത്രം എഴുതി വീടുവച്ച് താമസിച്ചു വരുന്നവരാണ്.

ഇപ്രകാരമുള്ള പുന്നല വില്ലേജിൽപ്പെട്ട പട്ടയം ലഭിച്ച് ടി പട്ടയവ്യവസ്ഥകൾ പാലിക്കാതെ 10 വർഷത്തിനകം ചമച്ച ആധാരങ്ങൾ പോക്കുവരവു ചെയ്തു നൽകുന്നതിനും കരാർ മാത്രം എഴുതി കൈവശം വെച്ച് വരുന്ന ഭൂമിക്ക് പോക്കുവരവ് ചെയ്ത് നൽകണമെന്നതുമാണ് അപേക്ഷകൻറെ ആവശ്യം . അരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് ചട്ടങ്ങൾ 1970 പ്രകാരം പതിച്ചുനൽകിയതും ടി പട്ടയ വ്യവസ്ഥകൾ ലംഘിച്ച് കൈമാറിയതുമായ പുനലൂർ താലൂക്കിൽ അലയമൺ വില്ലേജിലെ സർവ്വേ 745/1 ൽപ്പെട്ട ഭൂമികൾ പോക്കുവരവ് ചെയ്യുന്നതിന് സർക്കാരിൽ നിന്നും സൂചന .3 പ്രകാരം ഉത്തരവ് ലഭിക്കുകയും ആയത് പ്രകാരം ടി ഭൂമിയിൽ പോക്കുവരവ് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാകുന്നു. നിലവിലെ ചട്ട പ്രകാരവും അലയമൺ വില്ലേജിനെ സംബന്ധിച്ച ടി സർക്കാർ ഉത്തരവ് പ്രകാരം പുന്നല വില്ലേജിൽപ്പെട്ട ഇപ്രകാരമുള്ള ഭൂമിയിൽ ഈ കാര്യാലയം മുഖാന്തിരം തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല.

നിലവിൽ പട്ടയം നൽകി 47 വർഷം കഴിഞ്ഞ സാഹചര്യത്തിൽ ഇതൊരു പ്രത്യേക കേസ്സായി പരിഗണിച്ച് നാളത് കൈവശത്തിന്റെ അടിസ്ഥാനത്തിൽ ടി കൈവശക്കാരുടെ പേരിൽ പോക്കുവരവ് നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിൽ നിന്നും ഉത്തരവ് ഉണ്ടായാൽ മാത്രമേ കടയ്ക്കാമൺ ഭൂസംരക്ഷണ സമിതി രക്ഷാധികാരി സമർപ്പിച്ച അപേക്ഷയിൽ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ എന്ന വിവരം വിനയ പൂർവ്വം അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

Signature valid
Digitally signed by JEOTHY LEKSHMY
Date: 2019.10.29 [illegible]
Reason: Approved

ഡെപ്യൂട്ടി കല്ക്ടർ (എൽ.ആർ)
ജില്ലാ കളക്ടർക്ക് വേണ്ടി

File No. LR/9130/2025-LR(B3) (Computer No. 4119)
Generated from eOffice by SHAIJU. M, ASO (P2) REV, ASO (P2) REV, RD on 06/12/2023 12:12 PM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

G 170405811

No Ans



OFFICE OF THE CHIEF MINISTER ★ KERALA, THIRUVANANTHAPURAM ★ 24 APR 2017

ബഹുമാനപ്പെട്ട കേരള സംസ്ഥാന മുഖ്യമന്ത്രി അവർകൾ സമക്ഷത്തിലേക്ക്,

കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ പിറവന്തൂർ പഞ്ചായത്തിൽ പുന്നല വില്ലേജിൽ കടയ്ക്കാമൺ ഗ്രാമത്തിലെ ഭൂസംരക്ഷണസമിതി ഭാരവാഹികളും അടിയിൽ പേരെഴുതി ഒപ്പിട്ടിരിക്കുന്ന കൈവശ ഭൂമിക്കാരും സംയുക്തമായി നൽകുന്ന അപേക്ഷ.

കൊല്ലംജില്ലയിലെ തന്നെ ഏറ്റവുംവലിയ ഹരിജൻ സെറ്റിൽമെന്റ് കോളനിയാണ് കടയ്ക്കാമൺ.

1974-75 കാലഘട്ടത്തിൽ അന്നത്തെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പ് മന്ത്രി ബഹു. ശ്രീ. പി.കെ. രാഘവൻ അവർകളാണ് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും ഏറ്റെടുത്ത് ഭൂമി 100 ഹരിജൻ കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം വിതരണം ചെയ്തത്.

ഒരേക്കർ ഭൂമിയിൽ നിന്നും 5 സെന്റ് സ്ഥലംവീതം ഓരോർത്തരിലും നിന്നും എടുത്ത് 5 ഏക്കർ സ്ഥലം പൊതു ആവശ്യത്തിനും 5 സെന്റ് സ്ഥലം വഴിക്കും 20 സെന്റ് സ്ഥലം വീടുവയ്ക്കുന്നതിനും 70 സെന്റ് സ്ഥലം കൃഷിക്കുമായിട്ടാണ് നൽകിയത്.

1975 ൽ ഭൂമി പതിച്ചുനൽകിയ സന്ദർഭത്തിൽ പട്ടയരേഖയിൽ റവന്യൂ റിക്കവറി ആക്ട് അനുസരച്ച് വിൽപ്പന നടത്തുവാൻ പാടില്ലായെന്നും പരമ്പരാഗതമായി ഉപയോഗിച്ചുകൊള്ളണമെന്നും വ്യവസ്ഥ ചെയ്തിരുന്നതാണ്. ഇപ്പോൾ 42 വർഷം പിന്നിട്ടിരിക്കുകയാണ്.

Revenue

ഭൂമി ലഭിച്ച നിരവധി പേർ മരണപെട്ടു പോയിട്ടുള്ളതാണ്.

വിവാഹപ്രായമായ പെൺമക്കളെ വിവാഹം കഴിച്ചയക്കുന്നതിനും രോഗങ്ങൾ മൂലം കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടി വന്ന സാഹചര്യത്തിലും മക്കളെ ഉന്നത വിദ്യാഭ്യാസത്തിനയക്കേണ്ടി വന്ന സാഹചര്യത്തിലും കൃഷിയിറക്കാൻ മാർഗ്ഗമില്ലാതിരുന്ന ഘട്ടത്തിലും പട്ടയം ലഭിച്ച നിരവധിപേർ 3,5,10,20 സെന്റ് വീതം ഭൂമികൾ പലർക്കായി വിറ്റിട്ടുള്ളതാകുന്നു. വസ്തു എഴുതി വാങ്ങിയവർ 50രൂപ 100 രൂപ ക്രമത്തിലുള്ള മുദ്രപത്രത്തിൽ രേഖവാങ്ങിയിട്ടുള്ളവരാണ്.

പിറവന്തൂർ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് -ജില്ലാ പഞ്ചായത്തിൽ നിന്നും വീടിന് അപേക്ഷിക്കുകയും വീട് അനുവദിക്കുകയും ചെയ്തപ്പോൾ കൈവശരേഖയായ മുദ്രപത്രത്തിൽ എഴുതിവാങ്ങിയ രേഖ സമർപ്പിച്ചി വില്ലേജ് ഓഫീസിൽ നിന്നും കൈവശാവകാശ സർട്ടിഫിക്കറ്റ് വാങ്ങി വീട് വച്ച് താമസിക്കുന്ന 500 ഓളം വീട്ടുകാർ ഗ്രാമത്തിലുണ്ട്.

1991-92 കാലഘട്ടത്തിൽ ഈ കോളനി അംബേദ്ക്കർ ഗ്രാമമായി പ്രഖ്യാപിക്കപ്പെട്ടു എന്നതും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഇപ്പോൾ കോളനിയിൽ താമസിക്കുന്നവരിൽ 50% ആൾക്കാരും മറ്റ് പല സമുദായത്തിൽപ്പെട്ടവരാണ്.

ആകയാൽ സമക്ഷത്തു നിന്നും ദയവുണ്ടായി കൈമാറ്റം ചെയ്യപ്പെട്ട ഭൂമിക്ക് സാധൂകരണം നൽകിയും, കൈവശാവകാശ രേഖയുടെ അടിസ്ഥാനത്തിൽ വീടച്ച് താമസിക്കുകയും ചെയ്യുന്ന 600 ൽപരം കുടുംബങ്ങൾക്ക് വസ്തു പോക്കുവരവ് ചെയ്തു കരം അടച്ച് സ്വന്തം പേരിൽ ആക്കുന്നതിനുവേണ്ടി ഉത്തരവുണ്ടാകുമാറാകണമെന്ന് ആദരപൂർവ്വം അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ
ഭൂസംരക്ഷണ സമിതിക്കുവേണ്ടി എസ് സജീഷ് (രക്ഷാധികാരി)

പിറവന്തൂർ സോമരാജൻ (സെക്രട്ടറി)
അഞ്ജലി ഭവൻ, പിറവന്തൂർ പി ഒ, കൊല്ലം 689 696

ബി. പുരുഷോത്തമൻ പിള്ള (പ്രസിഡന്റ്)
മറ്റത്ത്, കമുകുംചേരി പി ഒ, കൊല്ലം 689 696

File No. LR/B3/30/2025 LR(B3) (Computer No. 4419)
Generated from eOffice by SHAJU M, ASO (P2) REV, ASO (P2) REV, RD on 06/12/2023 12:12 PM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

DHEERAJ A S
GOVERNMENT PLEADER

Office of the Advocate General
High Court of Kerala
Kochi-682031, Ernakulam
E-mail:advocategeneralkerala@gmail.com

==========

WP(C) No.18508/2018/BN1 **Dated :10.01.2025**

To

1. The Secretary to Government,
   Revenue Department, Government Secretariat
   Thiruvananthapuram - 695 001
2. The Land Revenue Commissioner, Thiruvananthapuram - 695 033
3. The District Collector, Thiruvananthapuram - 695 043
4. The District Survey Superintendent, Thiruvananthapuram - 695 043
5. The Tahsildar, Taluk Office, Thiruvananthapuram - 695 004

The above writ petition has been filed by the petitioners challenging the enhancement of property tax in respect of their commercial buildings. Constitutional validity of Rule 9 (4D) of the Kerala Municipality (Property Tax, Service Cess and Surcharge) Rules also is under challenge in the writ petition, as it is inconsistent of the provisions of Section 233(4) of the parent Act. Since there is a challenge against the constitutional validity of a provision, a detailed counter affidavit is necessary to defend the case properly.

When the above matter came up for consideration, the Honourable Court granted 2 weeks time, as a last chance, for filing counter affidavit in this matter. Even though, the writ petition is filed in the year 2018, your good office is not provided statement of facts for preparing counter affidavit so far. The Court may direct your personal appearance if you fails to file the counter affidavit in time. Treat this as most urgent.

==========

Copy to: Liaison Officer, Revenue Department

DHEERAJ.A.S
GOVERNMENT PLEADER

SUJ/F-4714

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഭരണഭാഷ-മാതൃഭാഷ

നം. DCPTA/1010/2023-C3

കളക്ടറേറ്റ്, പത്തനംതിട്ട
തീയതി :27-02-2025

ജില്ലാ കളക്ടർ
പത്തനംതിട്ട

ലാന്റ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം

സർ,

എൻ.സി.സി ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ് സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം താലൂക്കിൽ ഉള്ളൂർ വില്ലേജിൽ റീസർവ്വേ 163/6-ൽ പ്പെട്ട 1.06.80 ഹെക്ടർ സർക്കാർ വക പുറമ്പോക്ക് ഭൂമിയിൽ എൻ.സി.സി ഡയറക്ടറേറ്റിന് ഉപയോഗാനുമതി നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യു (യു) വകുപ്പ്

സ.ഉ. (എം.എസ്) നം.128/2016/റവന്യു തീയതി, തിരുവനന്തപുരം 18.02.2016

പരാമർശം:- 1 13.04.2015-ലെ സ.ഉ(സാധാ) നം.752/15/ഉവിവ

2 തിരുവനന്തപുരം ജില്ലാകളക്ടറുടെ 18.11.2014-ലെ ബി8-79487/12 നമ്പർ കത്ത്.

3 ലാന്റ് റവന്യൂ കമ്മീഷണറുടെ 08.01.2015-ലെ എൽ.ആർ.ജെ(6)- 11798/13 നമ്പർ കത്ത്.

ഉത്തരവ്

തിരുവനന്തപുരം താലൂക്കിൽ ഉള്ളൂർ വില്ലേജിൽ റീസർവ്വേ 163/6-ൽ പ്പെട്ട 1.10.85 ഹെക്ടർ സർക്കാർ വക പുറമ്പോക്ക് ഭൂമിയിൽ എൻ.സി.സി.യുടെ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ് സ്ഥാപിക്കുന്നതിന് 13.04.2015-ലെ സ.ഉ(സാധാ)നം.752/15/ഉവിവ പ്രകാരം ഉന്നതാവിദ്യാഭ്യാസ വകുപ്പ് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. രണ്ട് സേവന വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറുന്ന വ്യവസ്ഥകൾ പ്രകാരം പ്രസ്തുത ഭൂമി, ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എൻ.സി.സി ഡയറക്ടറേറ്റിന് കൈമാറുന്നത് സംബന്ധിച്ച അർത്ഥനാപത്രവും പ്രൊപ്പോസലും പരാമർശം (2) പ്രകാരം ജില്ലാകളക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ പതിവ്/പാട്ടം/പൊന്നുംവില എന്നിവയ്ക്കായി പരിഗണിക്കാമെന്നാണ് പരാമർശം (3) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിരുന്നത്. അപേക്ഷാ ഭൂമിയിൽ 10 സെന്റ് സ്ഥലം സ്വകാര്യ വ്യക്തിയുടെ കൈവശത്തിലായതിനാൽ പുറമ്പോക്കാണെന്ന് കണ്ടെത്തി കരം സ്വീകരിക്കാതിരിക്കുന്നതാണ്. അതിനെതിരെ നിലവിൽ കേസുള്ളതും വിധി തീർപ്പാക്കാത്തതുമാണ്. പ്രസ്തുത 10 സെന്റ് സ്ഥലം, പ്രസ്തുത 1.10.85 ഹെക്ടർ സ്ഥലത്ത് നിന്ന് ഒഴിവാക്കി 01.06.80 ഹെക്ടർ സ്ഥലം മാത്രമാണ് കൈമാറ്റത്തിനായി ശുപാർശ ചെയ്തിട്ടുള്ളത്.

3. പ്രൊഫോർമ്മ റിപ്പോർട്ട് പ്രകാരം പ്രസ്തുത ഭൂമിയ്ക്ക് ആർ ഒന്നിന് 4,60,829/- രൂപ നിരക്കിൽ മൊത്തം 4,92,16,537/- രൂപ (നാല് കോടി തൊണ്ണൂറിരണ്ട് ലക്ഷത്തി പതിനാറായിരത്തി അഞ്ഞൂറ്റി മുപ്പത്തേഴ് രൂപ) കമ്പോളവില നിശ്ചയിക്കാവുന്നതാണ്. പ്രൊഫോർമ്മ റിപ്പോർട്ട് പ്രകാരം പ്രസ്തുത ഭൂമിയുടെ ഇനം 'പാറ' എന്നും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അടിസ്ഥാന നികുതി രജിസ്റ്റർ പ്രകാരം 'സർക്കാർ പുറമ്പോക്ക്' എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

4. പരാമർശ സ്ഥലത്ത് അനധികൃത നിർമ്മാണവും കൈയ്യേറ്റവും നടന്നിട്ടുള്ളതായും പ്രദേശത്തെ വൃത്തിഹീനമായ സാഹചര്യത്തിലുള്ള പാറക്കുളത്തിൽ നിന്ന് അനുമതിയില്ലാതെ ടാങ്കർ ലോറിയിൽ വെള്ളം കടത്തുന്നതായും കണ്ടെത്തിയിട്ടുണ്ട്. അനധികൃത കൈയ്യേറ്റങ്ങളിൽ നിന്നും ടാങ്കർ ലോറികളുടെ അനുമതിയില്ലാത്ത കടന്നുകയറ്റത്തിൽ നിന്നും പ്രസ്തുത ഭൂമി സംരക്ഷിച്ച നിർത്താൻ സത്വര നടപടി സ്വീകരിക്കാൻ ജില്ലാകളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. വാണിജ്യമൂല്യമുള്ള പ്രസ്തുത ഭൂമി ചുറ്റുമതിൽകെട്ടി സംരക്ഷിക്കാനാവശ്യമായ തുക സംസ്ഥാന ലാന്റ് ബാങ്കിന് അനുവദിച്ചിട്ടുള്ള ഫണ്ടിൽ നിന്ന് ചിലവഴിക്കാനും ജില്ലാകളക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

5. മുകളിൽ പറഞ്ഞ സാഹചര്യത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോ എൻ.സി.സി. ഡയറക്ടേറ്റ് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഒരു സ്ഥാപനമായതിനാ എൻ.സി.സി ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ് സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം താലൂക്കിൽ ഉള്ളൂർ വില്ലേജിൽ റീ സർവേ നം.163/6-ൽ പ്പെട്ട 1.06.80 ഹെക്ടർ സർക്കാർ ഭൂമി, രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരവും ചുവടെ ചേർക്കും പ്രകാരമുള്ള നിബന്ധനകൾ പ്രകാരവും, ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് എൻ.സി.സി ഡയറക്ടേറ്റിനു ഉപയോഗാനുമതി മാത്രം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഭൂമി ഉപപാട്ടത്തിന് നൽകാനോ, തറവാടകയ്ക്ക് അനുവദിക്കാനോ, അന്യാധീനപ്പെടുത്താനോ, ദുരുപയോഗം ചെയ്യാനോ ബാങ്കുകളിലോ ധനകാര്യ സ്ഥപനങ്ങളിലോ ഈടുവയ്ക്കാനോ പാടുള്ളതല്ല;

ii. ഏത് ആവശ്യത്തിന് വേണ്ടിയാണോ ഭൂമി അനുവദിച്ചത് ആ ആവശ്യത്തിന് വേണ്ടി മാത്രമേ വിനിയോഗിക്കാവൂ;

iii. പ്രസ്തുത ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ തീയതി മുതൽ 1 വർഷത്തിനുള്ളിൽ സ്ഥാപനം ആരംഭിക്കേണ്ടതാണ്;

iv. പ്രസ്തുത ഭൂമി കയ്യേറ്റത്തിൽ നിന്ന് മേൽ പറഞ്ഞ സ്ഥാപനം തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്;

v. പ്രസ്തുത ഭൂമിയിൽ നിൽക്കുന്ന വൃക്ഷങ്ങൾ റവന്യൂ വകുപ്പിന്റെ മുൻകൂർ അനുമതിയില്ലാതെ മുറിച്ചു നീക്കാൻ പാടില്ല; കേരള ഭൂമി പതിവ് ചട്ടം Appx III Part A പ്രകാരം റിസർവ് ചെയ്യപ്പെട്ട മരങ്ങൾ സർക്കാരിൽ നിക്ഷിപ്തമായിരിക്കും;

vi. പ്രസ്തുത ഭൂമിയിൽ നിന്ന് മണ്ണോ പാറയോ ഖനനം ചെയ്യാൻ പാടില്ല; മേൽപ്പറഞ്ഞ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന പക്ഷം ഭൂമിയുടെ ഉപയോഗാനുമതി റദ്ദാക്കുന്നതും യാതൊരു നഷ്ടപരിഹാരവും കൂടാതെ ഭൂമി സർക്കാരിൽ പുനർനിക്ഷിപ്തമാകുന്നതുമായിരിക്കും.

6. തിരുവനന്തപുരം ജില്ലാകളക്ടർ ഇതു സംബന്ധിച്ച തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.വിശ്വാസ് മേത്ത

പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി, പി.ബി.നം-2212, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാകളക്ടർ, തിരുവനന്തപുരം
അസിസ്റ്റന്റ് കമ്മീഷണർ (എൽ എ)&സ്പെഷ്യൽ ഓഫീസർ, ലാന്റ് ബാങ്ക്,
ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് റെസീപ്റ്റ് ഓഡിറ്റ് വിംഗ്, അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (08.07.2015-ലെ 41211(ഇ.92087)/വ്യയം എ 2/15/ധന പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ.



ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

IN THE HIGH COURT OF KERALA AT ERNAKULAM

Present:

THE HONOURABLE MR. JUSTICE P.B.SURESH KUMAR

Thursday, the 23rd day of June 2016/2nd Ashadha, 1938

WP(C).No.11244/2016(E)

PETITIONER:

D.LIVINGSTON, AGED 86, S/O.LATE SAMUEL DAVID,
RESIDING AT ROHINI GARDENS, MARAPPALAM JUNCTION, PATTOM,
THIRUVANANTHAPURAM.

RESPONDENT(S):

1. STATE OF KERALA REPRESENTED BY PRINCIPAL SECRETARY-REVENUE,
GOVERNMENT OF KERALA, GOVERNMENT SECRETARIAT,
THIRUVANANTHAPURAM-1.

and others

Writ Petition (civil) praying inter alia that in the circumstances stated in the affidavit filed along with the WP(C) the High Court be pleased to suspend the operation of Ext.P5 in so far as the petitioners holding of 18.50 cents in Survey No.368/16 and 368/17 (Rsy.No.163/6) of Ulloor Village, Thiruvananthapuram District, pending disposal of this writ petition.

This petition again coming on for orders upon perusing the petition and the affidavit filed in support of WP(C) and this Court's order dated 23/03/2016 and upon hearing the arguments of M/S.K.B.PRADEEP & MILESH.V.PAVIYALA Advocates for the petitioner and of SMT.KEERTHI SOLOMAN, Central Government Counsel for 5th respondent, the court passed the following:

O R D E R

Interim order is extended until further orders.

23-06-2016

Sd/-P.B.SURESH KUMAR, JUDGE

/true copy/

ASSISTANT REGISTRAR

svs/5

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

LEGAL OPINION

Sub:- WP(c)No.11244/16, 9798/16 and 10119/16 pending before the High Court of Kerala- reg.

Ref:- Interim Orders passed in the above Writ Petitions.

The subject writ petitions have been placed before me for perusal and for furnishing opinion in the matter. Discussed the matter with Sri. Aji. C.K, Senior Superintendent, NCC Directorate, State Wing, Thiruvananthapuram and Sri. Rajesh Kumar, Junior Superintendent, Collectorate, Thiruvananthapuram.

The writ petitions are filed by the holders of various extents of land situated within Ulloor village, Thiruvananthapuram, challenging the order issued by the Government in the Revenue Department bearing No. G.O (Ms) 128/2016/Rev dated 18.02.2016, whereby an extent of 1.06.80 Hectares of Government Land in Re. Sy. No. 163/6 of Ulloor village, Thiruvanthapuram Taluk is ordered to be given possession to the NCC Directorate for establishing group Headquarters for the NCC.

WP(c) No. 11244 of 2016 is filed by one D. Livingston contenting that he is the holder of 15.50 cents of land, which is included in the aforesaid notification, on the basis of valid title deeds. Likewise, WP(c) No. 9798/16 is filed by one Mariamma said to be holding 2.62 Ares and WP(c)No. 10119/2016 is filed by one Agnus holding 15 Cents.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

In all the 3 writ petitions, interim orders have been issued suspending the operation of the aforesaid Government Order, in so far as it relates to the properties of the petitioners. In other words, the Court has stayed the operation of the Government Order impugned only in respect of the properties of the petitioners in the aforesaid 3 writ petitions. The officials present have made an oral request to furnish legal opinion as to whether the impugned G.O could be acted upon, excluding the properties held by the petitioners which is the subject matter of the said writ petitions. Another query put by the officials is as to whether they could summon the petitioners for verifying the documents on which they claim title over the property.

On going through the records of the writ petitions, I am of the opinion that since the interim order granted by the Court is limited to the respective properties held by the petitioners in the aforesaid Writ Petitions, nothing prevents the Government from acting upon G.O(Ms)No.128/2016/Rev, excluding the properties held by the petitioners, as claimed by the petitioners in their respective writ petitions. **In WP(c)No. 11244/2016 the stay is limited to 18.50 cents in Sy.No.368/16 and 368/17 (Re.Sy.No.163/6). In WP(c)No.9798/16, the properties involved is 2.62 Ares in Sy.No.368/17 and in WP(c) No. 10119/16, the petitioner is said to be holding 15 cents in Sy.No.368/17 (Re.Sy.No. 163/16)**. By the interim orders referred above, the operation of the Government Order is limited to the aforesaid extent of properties. Therefore, the stay order is not a bar in acting upon the said G.O, excluding the properties involved in the said writ petitions.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

To the second query as to whether the officials could summon the petitioners for examining their title deeds, I am of the opinion that since the issue is pending before the High Court, it is not proper for the officials to examine their title deeds at this point of time and they have to wait till the disposal of the writ petitions. This opinion may be placed before Sri. Ranjith Thampan, Additional Advocate General for perusal.

Dated this the 18th Day of January, 2018.

M.R.SABU,
SENIOR GOVERNMENT PLEADER

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കേരള സർക്കാർ

നം.യു4/82/2017/റവന്യൂ

റവന്യൂ (യു) വകുപ്പ്
തിരുവനന്തപുരം
തീയതി :28.09.2018



അഡീഷണൽ ചീഫ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം.

സർ,

വിഷയം :- റവന്യൂ വകുപ്പ് - എൻ.സി.സി. ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സിന് ഉപയോഗാനുമതി നൽകിയ ഭൂമി സംബന്ധിച്ച പരാതി - സംബന്ധിച്ച്

സൂചന :- 1) ശ്രീ. ഡേവിഡ് ലിവിങ്സ്റ്റൺ ഫയൽ ചെയ്ത WP(C) നം. 11244/2016(E)
2) ശ്രീമതി ആഗ്നസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)നം. 10119/2016(L)
3) ശ്രീമതി മറിയമ്മ ഫയൽ ചെയ്ത WP(C) നം. 9798/2016(Y)

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന കേസുകളിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ടസ് ഒരാഴ്ചക്കുള്ളിൽ ലഭ്യമാക്കൻ താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ജയ വി.വി.
അണ്ടർ സെക്രട്ടറി,
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി,

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

പകർപ്പ്: ജില്ലാ കളക്ടർ, തിരുവനന്തപുരം. (കൈവശക്കാർ തങ്ങളുടേതെന്നവകാശപ്പെടുന്നതൊഴിച്ചുള്ള വസ്തുക്കൾ എൻസിസി ഡയറക്ടറേറ്റിന് കൈമാറുന്നതിനുള്ള തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ മാതൃഭാഷ"

ബി8/79487/2012

കളക്ട്രേറ്റ്, സിവിൽ സ്റ്റേഷൻ
കുടപ്പനക്കുന്ന്, തിരുവനന്തപുരം-43
ഫോൺ നം. 0471-2731210
ഫാക്സ് നം. 0471-2731166
ഇ-മെയിൽ : dctvm.ker@nic.in
തീയതി : 29.12.2018

ജില്ലാ കളക്ടർ
തിരുവനന്തപുരം

തഹസിൽദാർ
തിരുവനന്തപുരം

സർ,

വിഷയം : എൻ.സി.സി.യ്ക്ക് മണ്ണന്തലയിൽ അനുവദിച്ച ഭൂമി -സംബന്ധിച്ച്.

സൂചന :
1. ബഹു. സഹകരണം, ടൂറിസം, ദേവസ്വം വകുപ്പ് മന്ത്രിയുടെ പി.എസ്.ന്റെ 20.12.2018 ലെ ജി.പി.1498 നമ്പർ കത്ത്. (A)
2. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 28.09.2018 ലെ യു4/82/2017/റവന്യൂ. (B)
3. അഡ്വക്കേറ്റ് ജനറലിന്റെ 22.01.2018 ലെ B4/WP(C)9798/2016 നമ്പർ കത്ത്.
4. ഈ കാര്യാലയത്തിലെ 06.02.2016 ലെ മേൽ നമ്പർ കത്ത്.

****

സൂചന ശ്രദ്ധിക്കുക. സൂചന (3) അഡ്വക്കേറ്റ് ജനറലിൽ നിന്ന് ലഭിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം WP(C)കളിലെ സ്റ്റേ ഓർഡർ സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിന് തടസ്സമില്ല എന്ന് കാണുന്നു. തുടർന്ന് സൂചന (2) പ്രകാരം ലഭിച്ച സർക്കാർ കത്തിലെ നിർദ്ദേശ പ്രകാരം കൈവശക്കാർ തങ്ങളുടേതാണെന്ന് അവകാശപ്പെടുന്നതൊഴിച്ചുള്ള വസ്തുക്കൾ എൻ.സി.സി. ഡയറക്ടറേറ്റിന് കൈമാറുന്നതിനുള്ള തുടർ നടപടി സ്വീകരിക്കാൻ സൂചന (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിനാൽ ടി നടപടി ത്വരിതപ്പെടുത്തേണ്ടതും, ടി വിഷയത്തിന്മേൽ നിലവിലുള്ള ഹൈക്കോടതി കേസിന്മേൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്റ്റ്സ് തയ്യാറാക്കി അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ജില്ലാ കളക്ടർക്കുവേണ്ടി

ഉള്ളടക്കം - സൂചന (2), (3).

പകർപ്പ്
ഡയറക്ടർ, എൻ.സി.സി.

(ഇ-മെയിൽ(എൽ.ആർ വിഭാഗം) : deputycollectorlr.revenue@gmail.com)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR-(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ORGINAL

മഹസ്സർ

രണ്ടായിരത്തി പത്തൊൻപതാം വർഷം ഡിസംബർ മാസം അഞ്ചാം തീയതിയായ ഇന്നേ ദിവസം തിരുവനന്തപുരം താലൂക്കിൽ ഉള്ളൂർ വില്ലേജിൽ ബ്ളോക്കു നമ്പർ 21-ൽ റീസർവ്വേ 163/6 ൽപ്പെട്ട സർക്കാർ പുറമ്പോക്കു സ്ഥലം തടസ്ഥരും മറ്റുമൊന്നിച്ച് പരിശോധിച്ചു തയാറാക്കുന്ന മഹസ്സർ.

ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനമായ എൻ. സി.സി ക്ക് ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ് സ്ഥാപിക്കുന്ന ആവശ്യത്തിലേക്ക് തിരുവനന്തപുരം താലൂക്കിൽ ഉള്ളൂർ വില്ലേജിൽ ബ്ളോക്കു നമ്പർ 21-ൽ റീസർവ്വേ 163/6 ൽപ്പെട്ട 1.0680 ഹെക്ടർ സർക്കാർ പുറമ്പോക്കു സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് നിബന്ധനകൾക്ക് വിധേയമായി ഭൂമിയുടെ ഉപയോഗാനുമതി മാത്രം നൽകി 18.02.2016 ലെ സ.ഉ.(കൈ)നം.128/2016/റവന്യൂ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതു പ്രകാരം പ്രസ്തുത സ്ഥലത്തിന്റെ കൈവശാവകാശം എൻ.സി.സി ഡയറക്ടർക്ക് കൈമാറി നൽകുവാൻ 4.12.2019-ലെ ബി4-83664/2013 നമ്പർ കത്തു മുഖേന തിരുവനന്തപുരം തഹസിൽദാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

മേൽ പരാമർശിച്ച സ്ഥലം ഉള്ളൂർ വില്ലേജിൽ കേശവദാസപുരം മണ്ണന്തല വഴി കോട്ടയത്തേക്കും മറ്റും പോകുന്ന സ്റ്റേറ്റ് ഹൈവേയിൽ മണ്ണന്തല ജംഗ്ഷനിൽ നിന്നും പടിഞ്ഞാറ് ഭാഗത്തേക്കു കാണുന്ന കേരളാദിത്യപുരം റോഡിൽ സുമാർ 125 മീറ്റർ ചെല്ലുമ്പോൾ പ്രസ്തുത റോഡിനും, ഭദ്രസേനൻ, കലാമനോഹർ എന്നിവരുടെ സ്ഥലത്തിന് തെക്കായും, മണ്ണന്തല ഷോപ്പിംഗ് കോംപ്ളക്സ്, ലളിതകുമാരി അമ്മ, അമ്മുക്കുട്ടി അമ്മ, രാമകൃഷ്ണപിള്ള എന്നിവരുടെ സ്ഥലങ്ങൾക്ക് പടിഞ്ഞാറായും, രാജമ്മ, സത്യഭാമ, ബിജു എന്നിവരുടെ സ്ഥലങ്ങൾക്ക് വടക്കായും, ഇടറോഡ്, ചന്ദ്രൻ, യമുന,രമാദേവി, സുകുമാരൻ, ബേബി, വാട്ടർ അതോറിറ്റി വക എന്നീ സ്ഥലങ്ങൾക്ക് കിഴക്കായും സ്ഥിതിചെയ്യുന്നു. ഈ സ്ഥലം റവന്യൂ റിക്കാർഡുകൾ പ്രകാരം ഉള്ളൂർ വില്ലേജ് ബ്ളോക്ക് നമ്പർ 21 ൽ മുൻസർവ്വേ 368/22, റീസർവ്വേ 163/6 ൽ 1.1085 ഹെക്ടർ പുറമ്പോക്ക് ആയി കാണുന്നു. ആയതിൽ നിന്നും സ്വകാര്യവ്യക്തികൾ തർക്കം ഉന്നയിച്ചിട്ടുള്ള സ്ഥലം ഒഴിവാക്കി [illegible] ഹെക്ടർ സ്ഥലം സർവ്വേയർ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

മുഖേന അളന്നു തിട്ടപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന്റെ സ്കെച്ച് ഇതോടൊപ്പം ചേർക്കുന്നു.

മേൽ പറഞ്ഞ സ്ഥലം പാറക്കെട്ടായും, പാറ പൊട്ടിച്ചു മാറ്റിയ താഴ്ന്ന പ്രദേശങ്ങളായും കാണുന്നു. പ്രസ്തുത സ്ഥലത്ത് 2 മീറ്റർ വണ്ണവും, സുമാർ 4 മീറ്റർ ഉയരവും തുടർന്ന് നിരവധി ശാഖകളായി തിരിഞ്ഞ ഒരു പ്ലാവ് മരം കാണുന്നു. അതു കൂടാതെ പാഴ്ചെടികൾ മാത്രമാണ് സ്ഥലത്തുള്ളത്. സ്ഥലത്ത് ചമയങ്ങളില്ല. ഈ സ്ഥലം ലാൻഡ് റവന്യൂ വകുപ്പിന്റെ അധീനതയിലും കൈവശത്തിലും ഉള്ളതാണ്. ഇപ്രകാരമുള്ള സർക്കാർ സ്ഥലത്തിന്റെ കൈവശാവകാശം മേൽപറഞ്ഞ സർക്കാർ ഉത്തരവിനു വിധേയമായി ഇന്നേദിവസം ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എൻ.സി.സി.യുടെ ഡയറക്ടർക്ക് കൈമാറി നൽകുന്നു.

ഭൂമിയുടെ കൈവശം കൈമാറി നൽകുന്ന വില്ലേജ് ഓഫീസർ
സുരേഷ് കുമാർ 5/12/16

ഭൂമിയുടെ കൈവശം ഏറ്റെടുക്കുന്നു

കേണൽ എസ്. ഫ്രാൻസിസ് ഡയറക്ടർ എൻസിസി

Col S Francis
निदेशक/Director
NCC Directorate (K&L)
Thiruvananthapuram

ഇപ്രകാരം മഹസ്സർ തയാറാക്കിയതിനു തടസ്ഥർ

1. [illegible]

2. [illegible]

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പ്രേഷിത

പരേതനായ ശ്രീ. ഡേവിഡ് ലിവിംഗസ്റ്റൻ - നു വേണ്ടി
മക്കൾ - ഷീല വിൻസന്റ്, റംല ക്രിസ്പൻ,
കല മനോഹർ, ബീല വിൻസന്റ്
രത്ന വിലാസ്, ഓലത്താന്നി, നെയ്യാറ്റിൻകര പി.ഒ
ഫോൺ : **9847618278**

സ്വീകർത്താവ്

**ഡയറക്ടറേറ്റ് ഓഫ് എൻ.സി.സി, എൻ.സി.സി. ഡി.റ്റി.സി,
എൻ.സി.സി റോഡ്, വഴുതക്കാട്. തിരുവനന്തപുരം.**

സർ,

വിഷയം : - വസ്തുവിൽ അതിക്രമിച്ചു കയറൽ - സംബന്ധിച്ച്.

തിരുവനന്തപുരം താലൂക്കിൽ ഉള്ളൂർ വില്ലേജിൽ മുൻസർവ്വേ നം. 368/16, 17, റീസർവ്വേ നം. 163/6 ൽ ഉൾപ്പെട്ട പട്ടയഭൂമി, പുറം പോക്ക് ഭൂമിയായി 18.02.2016 ലെ കേരള സർക്കാർ ഉത്തരവ് പ്രകാരം (റവന്യൂ നം.128/2016) എൻ.സി.സി ഡയറക്ടറേറ്റിന് ഉപയോഗ അനുമതി നൽകി ഉത്തരവായിട്ടുള്ളതാകുന്നു. ടി വസ്തുവിൽ കുറേ ഭാഗം പട്ടയഭൂമിയും 2000 വരെ കരം അടച്ചിട്ടുള്ളതുമാകുന്നു. ടി വസ്തുവിൽ എൻ.സി.സി അധികൃതർ കയറുകയും അവർ നമ്മുടെ വസ്തുവിൽ സർവ്വേ കല്ലിട്ട് പണി ആരംഭിക്കുകയും ചെയ്തു. തുടർന്ന് ഹൈക്കോടതിയിൽ നിന്നും വസ്തു ഉടമ സ്റ്റേ ഉത്തരവ് വാങ്ങിയത് (Status quo) ഇപ്പോഴും നിലനിൽക്കുകയാണ്.

മുൻ സർവ്വേ നം.368/16, 17 ൽ ഉൾപ്പെട്ട വസ്തുക്കളെ അളന്ന് തിട്ടപ്പെടുത്തി അതിരിട്ട് സമീപ വസ്തുക്കളിൽ നിന്നും വേർതിരിക്കുന്നതിന് ബഹു. കേരള ഹൈക്കോടതിയിൽ നിന്നും WP(c) 5667/2012(A) നമ്പരായി പെറ്റീഷൻ ഫയൽ ചെയ്ത് വിധി സമ്പാദിച്ചിട്ടുള്ളതാകുന്നു. ആ ഉത്തരവ് പ്രകാരം താലൂക്ക് സർവ്വേയർ വന്ന് അളന്ന് തിട്ടപ്പെടുത്തി, അതിർത്തി കല്ലുകൾ സ്ഥാപിച്ച് തന്നിട്ടുണ്ട്.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഇപ്പോൾ ഒരു മാസമായി വീണ്ടും എൻ.സി.സി അധികൃതർ അവരുടെ സ്ഥലത്ത് പണി തുടങ്ങുകയും ഞങ്ങളുടെ വസ്തുവിൽ കൂടി മഴവെള്ളം പോകാൻ കോൺക്രീറ്റ് ഓട കെട്ടുവാനുള്ള തയ്യാറെടുപ്പ് നടക്കുകയാണ്. അപ്രകാരം ചെയ്യുവാൻ നിയമപരമായി അവർക്ക് യാതൊരു അവകാശവും ഇല്ല. ഇപ്രകാരമുള്ള പ്രവർത്തികൾ മേൽപ്പറഞ്ഞ ബഹു. കേരള ഹൈക്കോടതി വിധിക്ക് (Status quo) ലംഘനമാണ്.

ദയവായി ഞങ്ങളുടെ വസ്തുവിലെ എൻ.സി.സി അധികൃതരുടെ കൈയ്യേറ്റം തടയപ്പെടേണ്ടതാണ്. ഇതിനുള്ള നടപടി എത്രയും പെട്ടെന്ന് സമക്ഷം സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

03/11/2023

പരേതനായ ശ്രീ. ഡേവിഡ് ലിവിംഗസ്റ്റൻ
- ന്റെ മക്കൾക്കുവേണ്ടി
കല മനോഹർ

Copy to

1) പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം, കേരള.
2) ലാന്റ് റവന്യൂ കമ്മീഷണർ, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
3) ജില്ലാ കളക്ടർ, തിരുവനന്തപുരം
4) താലൂക്ക് തഹസീൽദാർ, തിരുവനന്തപുരം.
5) എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD പി.എം.ജി. തിരുവനന്തപുരം
6) സർക്കിൾ ഇൻസ്പെക്ടർ, മണ്ണന്തല, തിരുവനന്തപുരം.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ജന്മഭൂമി വൃത്താന്തം

108

മണ്ണന്തല ഭൂമി കൈയേറ്റം: സംസ്ഥാന സർക്കാർ എൻ.സി.സിക്ക് നൽകിയ ഭൂമിയും കൈയേറാൻ ശ്രമം

കൈയേറ്റത്തിന് കുട പിടിച്ചത് സർവേയർമാരും റവന്യൂ ജീവനക്കാരും



■ ജി.അരുൺ
തിരുവനന്തപുരം

മണ്ണന്തലയിൽ സർക്കാർ ഭൂമി കൈയേറി വിൽപന നടത്താൻ ഭൂമാഫിയ്ക്ക് കുട പിടിച്ചത് സർക്കാർ ശമ്പളം പറ്റുന്ന സർവേയർമാരും സർക്കാർ ഭൂമിയുടെ സംരക്ഷകരാകേണ്ട റവന്യൂ വിഭാഗം ജീവനക്കാരും. രേഖകളിൽ കൃത്രിമം കാണിച്ചും വ്യാജ രേഖ ചമച്ചും 50 സെന്റിലേറെ വരുന്ന സർക്കാർ ഭൂമി കൈയേറാൻ ഭൂമാഫിയയെ സഹായിച്ചതിന് ലക്ഷങ്ങളാണ് സർക്കാർ ജീവനക്കാർ പറ്റിയത്. എൻ.സി.സി ഗ്രൂപ്പ് ഹെഡ് കാർട്ടേഴ്സ് സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ ഇടപെടലിലൂടെ എൻ.സി.സിക്ക് കൈമാറിയ ഭൂമിയും തട്ടിയെടുക്കാൻ ഭൂമാഫിയാ ശ്രമിച്ചു. എന്നാൽ സംഭവം നടക്കാത വന്നതോടെ കോടതിയിലേക്ക് നടപടികൾ വഴിച്ചിട്ട് എൻ.സി.സി യുടെ നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെടുവിച്ചിരിക്കുകയാണ്.

ഉള്ളൂർ വില്ലേജിലെ റിസർവേ 163/6-ൽ പ്പെട്ട 1.06 ഹെക്ടർ പുറമ്പോക്കാണ് എൻ.സി.സി ഡയറക്ടറേറ്റിന് ഉപയോഗാനുമതി നൽകാൻ സർക്കാർ വിട്ടു കൊടുത്തത്.റവന്യൂ വകുപ്പ് കഴിഞ്ഞ ഫെബ്രുവരി 18-ന് (ജി.എസ്) നം.128/2016 റവന്യൂ നമ്പർ ഉത്തരവായാണ് ഭൂമി എൻ.സി.സിക്ക് കൈമാറിയത്. എൻ.സി.സി ഗ്രൂപ്പ് ഹെഡ് കാർട്ടേഴ്സ് സ്ഥാപിക്കുന്നതിനായി സ്ഥലം വിട്ടുകൊടുത്തിരിക്കുന്നത്.

രണ്ട് സേവന വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറുമ്പോൾ വ്യവസ്ഥകൾ പ്രകാരം ഈ ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എൻ.സി.സി ഡയറക്ടറേറ്റിന് കൈമാറുന്നത് സംബന്ധിച്ച അർത്ഥനാ പത്രവും അപ്പോസലും പ്രകാരം കലക്ട്രർ സമർപ്പിച്ചിരുന്നു. എന്നാൽ പതിവ്/പാട്ടം/പൊന്നുംവില എന്നിവയ്ക്കായി പരിഗണിക്കാമെന്നാണ് പരാമർശപ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിരുന്നത്. ഈ ഭൂമിയിൽ 10 സെന്റ് സ്ഥലം സ്വകാര്യ വ്യക്തിയുടെ കൈവശത്തിലായതിനാൽ പുറമ്പോക്കാണെന്ന് കണ്ടെത്തി കരം സ്വീകരിച്ചിരുന്നില്ല. ഇതിനെതിരെ നിലവിൽ കേസുള്ളതും വിധി തീർപ്പാകാത്തതുമാണ്. ഈ പത്ത് സെന്റ് സ്ഥലം 1.10.85 ഹെക്ടർ സ്ഥത്തു നിന്ന് ഒഴിവാക്കി 01.06.80 ഹെക്ടർ സ്ഥലം മാത്രമായിരുന്നു കൈമാറ്റത്തിനായി ശുപാർശ ചെയ്തിരുന്നത്. പ്രൊഫോർമ്മ റിപ്പോർട്ട് പ്രകാരം ഈ ഭൂമിക്ക് ആർ ഒന്നിന് 4,60,829 നിരക്കിൽ മൊത്തം 4,92,16,537 രൂപ കമ്പോള വില നിശ്ചയിക്കാവുന്നതാണ്.

എന്നാൽ ഇവിടെ നിലവിൽ ഒരു സെന്റിന് 25 ലക്ഷത്തിലേറെ രൂപ മാർക്കറ്റ് വില ഉണ്ട്. ഇക്കണക്കിനു നോക്കിയാൽ കോടാനുകോടി രൂപ വിലമതിക്കുന്ന സർക്കാർ ഭൂമിയാണ് ഭൂമാഫിയ കൈയേറി മറിച്ച് വിറ്റത്. മാത്രവുമല്ല പ്രൊഫോർമ്മ റിപ്പോർട്ട് പ്രകാരം ഈ ഭൂമിയുടെ ഇനം പാറയെന്നും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നികുതി രജിസ്ട്രർ പ്രകാരം സർക്കാർ പുറമ്പോക്ക് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

ഇവിടെ അനധികൃത കൈമാറ്റവും നിർമ്മാണവും നടന്നിട്ടുണ്ടെന്നും ഇവിടെയുള്ള കുളത്തിൽ നിന്ന് അനധികൃതമായി വെള്ളം കടത്തുന്നുണ്ടെന്നും അതുകൊണ്ട് തന്നെ ഭൂമി സംരക്ഷിക്കാൻ ജില്ലാ കലക്ട്രറെ ചുമതലപ്പെടുത്തിയിരുന്നതുമാണ്. വാണിജ്യമൂല്യമുള്ള ഭൂമി ചുറ്റുമതിൽകെട്ടി സംരക്ഷിക്കാൻ ആവശ്യമായ തുക സംസ്ഥാന ലാന്റ് ബാങ്കിന് അനുവദിച്ചിട്ടുള്ള ഫണ്ടിൽ നിന്ന് പിൻവലിക്കാൻ കലക്ട്രർക്ക് അനുമതി നൽകിയിട്ടുള്ളതുമാണ്. റവന്യൂ പ്രിൻസിപ്പൽ ഡോ.വി ശ്വാസ് മേത്തയാണ് ഇത് സംബന്ധിച്ചുള്ള ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്.

നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപായി ഭൂമി അളന്നുതിട്ടപ്പെടുത്താൽ എൻ.സി.സി അധികൃതർ ശ്രമം ആരംഭിച്ചതോടെയാണ് കൈയേറ്റത്തിന്റെ വ്യാപ്തി മനസിലാകുന്നത്. 368/16, 17 എന്നിവിടങ്ങളിൽ പട്ടയം ലഭിച്ചിട്ടില്ല.

ഭൂമിയിൽ അവകാശവാദം ഉന്നയിച്ച് കോടതിയിൽ ഉണ്ടായിരുന്ന് സ്റ്റേ വെക്കേറ്റ് ചെയ്ത് തുടർ നടപടികളിലേക്ക് എൻ.സി.സി കടന്നപ്പോൾ മറ്റൊരാൾ അവകാശവാദവുമായി കോടതിയേ സമീപിക്കുകയായിരുന്നു. എൻ.സി.സി അധികൃതർ നൽകിയ പരാതിയിൻമേൽ പൊതുമരാമത്ത് വകുപ്പ് അധികൃതർ സ്ഥലത്ത് പരിശോധന നടത്തിയിരുന്നു. മന്ത്രി കടകംപള്ളി സുരേന്ദ്രനും ഇത് സംബന്ധിച്ച് എൻ.സി.സി അധികൃതർ പരാതി നൽകിയിട്ടുണ്ട്.

ഈ ഭൂമിയിൽ കാലങ്ങളായി നടന്ന കൈമാറ്റങ്ങൾ പരിശോധിച്ചാൽ മാത്രം കൈയേറ്റം വ്യക്തമാകുമെന്നിരിക്കെയാണ് ഉദ്യോഗസ്ഥർ തന്നെ സർക്കാർ ഭൂമി കൈയേറാൻ സഹായം ചെയ്തു കൊടുത്തിരിക്കുന്നത്. തിരുവനന്തപുരം താലൂക്കിലെയും കലക്ട്രേറ്റിലേയും സബ് രജിസ്ട്രാർ ഓഫീസുകളിലെയും ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഭൂമാഫിയാ ഈ കൈമാറ്റങ്ങൾ എത്രയും നടത്തിയിരിക്കുന്നത്.

കൈമാറ്റങ്ങൾ വ്യാജമാണെന്നും ഇത് സംബന്ധിച്ച് തിരുവനന്തപുരം മുനിസിഫ് കോടതിയിലുണ്ടായിരുന്ന ഒഎസ്-1559/06 നമ്പർ കേസിൽ സർക്കാരിന് എതിരായ വിധി നേടാൻ വ്യാജരേഖകൾ ചമക്കുകയായിരുന്നുവെന്നാരോപിച്ച് ജോൺസൺ ജോർജ് എന്നയാൾ മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിൻമേലും നടപടി ഉണ്ടായിട്ടില്ല.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

DISTRICT : THIRUVANANTHAPURAM
TALUK : THIRUVANANTHAPURAM
VILLAGE : ULLOOR

SURVEY NO : 163

BLOCK No : 21

SD NO	Area In H
6	0.79.06
6A	0.02.04
6B	0.2509
6C	0.0063
6D	0.0032
6E	0.0203
6G	0.13.23

PROPASED SKETCH FOR NCC



NO	NAME	REMARKS
1		
2		
3		
4		

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

GOVERNMENT OF KERALA

Revenue (E) Department

REV-E3/466/2025-REV

26-07-2025,
Thiruvananthapuram

From
The Secretary to Government

To
The Land Revenue Commissioner, Thiruvananthapuram.
The Director of Survey & Land Records, Thiruvananthapuram.

Sir,

Sub: Revenue Department - Survey of the Government owned farm lands - reg.

Ref: Letter no.AA/129/2022-LSGD dt 04.07.2025 of Special Secretary,LSGD.

Inviting your attention to the reference cited I am to forward herewith the minutes of the meeting held on 8.11.2024 for necessary action .

Yours Faithfully,
BYJU KUMAR S
DEPUTY SECRETARY
For Secretary to Government.

Approved for Issue,

Section Officer.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ(എഎ) വകുപ്പ്

നമ്പർ.AA1/29/2022-LSGD 04-07-2025,തിരുവനന്തപുരം

സ്പെഷൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി,
വനം വന്യജീവി (സി) വകുപ്പ്.

അഡീഷണൽ ചീഫ് സെക്രട്ടറി,
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി,
റവന്യൂ (ഇ) വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി,
കാർഷിക വികസന കർഷക ക്ഷേമ (ഫാം) വകുപ്പ്.

സെക്രട്ടറി, മൃഗസംരക്ഷണ (ജി) വകുപ്പ്.

പ്രിൻസിപ്പൽ ഡയറക്ടർ,
തദ്ദേശ സ്വയംഭരണ വകുപ്പ്.

സർ,

വിഷയം:- ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശം-വിവിധ വകുപ്പുകളുടെ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അധീനതയിലുള്ള കൃഷി ഫാമുകളുടെ അതിർത്തി നിർണ്ണയം - തുടർനടപടികളുടെ പുരോഗതി -ചർച്ച ചെയ്യുന്നത്- സംബന്ധിച്ച്

സൂചന:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി 08/11/2024 ന് നടത്തിയ യോഗം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശ പ്രകാരം വിവിധ വകുപ്പുകളുടെ അധീനതയിലുള്ള കൃഷി ഫാമുകളുടെ അതിർത്തി നിർണ്ണയം സംബന്ധിച്ച് 08/11/2024 ൽ ചേർന്ന യോഗത്തിന്റെ മിനിറ്റ്സ് തുടർ നടപടികൾക്കായി ഇതോടോപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
GANGA G R
അണ്ടർ സെക്രട്ടറി
സ്പെഷ്യൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ബഹു.കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ സർക്കാർ നിയന്ത്രണത്തിലുള്ള കൃഷി ഫാമുകളുടെ ഭൂമിയുടെ അതിർത്തി നിർണ്ണയിച്ച് ഉടമസ്ഥാവകാശം ഉറപ്പാക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ ചുമതല വഹിക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ ഓഫീസിൽ 08/11/2024ന് ചേർന്ന മൂന്നാമത് യോഗത്തിന്റെ മിനിട്ട്സ്

യോഗം പകൽ 11.00 മണിയ്ക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

സംസ്ഥാനത്തെ സർക്കാർ അധീനതയിലുള്ള മുഴുവൻ കൃഷി ഫാമുകളുടെയും ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി പുനർനിർണ്ണയിച്ച് ആവശ്യമായ വേലി /ചുറ്റുമതിൽ സ്ഥാപിച്ച് വസ്തുവിന്റെ ഉടമസ്ഥാവകാശം ഏത് വകുപ്പിനായിരിക്കണമെന്നത് സംബന്ധിച്ച് ഒരു വർഷത്തിനകം ഏകീകൃത രൂപമുണ്ടാക്കണമെന്നും ആയതിനുള്ള പ്രവർത്തനങ്ങളുടെ നേതൃത്വം തദ്ദേശ സ്വയംഭരണ വകുപ്പ് ഏറ്റെടുക്കണമെന്നുമുള്ള ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 20/04/2023 ലെ യോഗത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികളുമായി കഴിഞ്ഞ രണ്ട് തവണ ചേർന്ന യോഗങ്ങളിലെടുത്ത തീരുമാനങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിലയിരുത്തി സമിതിയുടെ നിർദ്ദേശം പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ തീരുമാനിക്കുന്നതിനുമായാണ് ഈ യോഗം ചേരുന്നതെന്ന് ആമുഖമായി സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ പറഞ്ഞു. ഫാമുകളുടെ അതിർത്തി നിർണ്ണയ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് നിയമസഭാ സമിതി നിർദ്ദേശിച്ചിരുന്ന സമയപരിധി ഇതിനോടകം കഴിഞ്ഞിട്ടുള്ളതുമായ സാഹചര്യത്തിൽ ഇനി സ്വീകരിക്കേണ്ട നടപടികൾ പരാമവധി വേഗത്തിൽ കൈകൊണ്ട് ഇക്കാര്യത്തിലുള്ള റിപ്പോർട്ട് നിയമസഭാ സമിതിക്ക് സമർപ്പിക്കേണ്ടതിന്റെ ആവശ്യകതയും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വിശദീകരിക്കുകയുണ്ടായി. തുടർന്ന് കൃഷി , മൃഗസംരക്ഷണ , പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിലെ പ്രതിനിധികൾ തങ്ങളുടെ പരിധിയിൽ വരുന്ന ഫാമുകളുടെ അതിർത്തി നിർണ്ണയം പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി യോഗത്തിൽ പങ്കുവെച്ചു.

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ രണ്ട് സ്ഥലങ്ങൾ ഒഴികെ ബാക്കിയുള്ള സ്ഥലങ്ങളിൽ അതിർത്തി നിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ട് . ചെറ്റച്ചൽ, കുവപ്പടി എന്നിവിടങ്ങളിലെ ഫാമുകളുടെ അതിർത്തി നിശ്ചയിക്കുന്നത് വളരെ പെട്ടെന്ന് തന്നെ പൂർത്തിയാക്കുമെന്ന് വകുപ്പിന്റെ അഡീഷണൽ സെക്രട്ടറി അറിയിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അഞ്ച് ജില്ലകളിൽ തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് നിരീക്ഷണ സമിതികളുടെ യോഗം നടത്തിയിട്ടുണ്ടെന്ന് കൃഷി വകുപ്പിന്റെ പ്രതിനിധി പറഞ്ഞു.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അധീനതയിലുള്ള ആറളത്തെ ഫാമുകളിൽ നാലെണ്ണം സൊസൈറ്റികളുടെ കീഴിലാണ് പ്രവർത്തിക്കുന്നതെന്നും ഫാമിന്റെ അതിർത്തി നിർണ്ണയം പൂർത്തിയാക്കിയിട്ടില്ലെന്നും വകുപ്പിന്റെ പ്രതിനിധി അറിയിച്ചു.

അതിർത്തി നിർണ്ണയം ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത ഫാമുകളുടെ സ്ഥലത്തിന്റെ വില്ലേജടിസ്ഥാനത്തിലുള്ള വിശദാംശം സർവേ വകുപ്പിനും റവന്യൂ വകുപ്പിനും നൽകുന്ന പക്ഷം അതിർത്തി നിർണ്ണയപ്രവർത്തനങ്ങൾ വേഗത്തിൽ സ്വീകരിക്കാൻ കഴിയുമെന്ന് സർവേയും ഭൂരേഖയും വകുപ്പിന്റെ പ്രതിനിധി അറിയിച്ചു.

വനഭൂമിയുമായി അതിർത്തി പങ്കിടുന്നതും വനഭൂമിയാൽ ചുറ്റപ്പെട്ടതുമായ കൃഷിഫാമുകളുടെ സ്ഥലങ്ങളുടെ അതിർത്തി നിർണ്ണയത്തിനുള്ള പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് വനം വന്യജീവി വകുപ്പിന്റെ പ്രതിനിധി അറിയിക്കുകയുണ്ടായി.

തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർ ഓൺലൈനായാണ് യോഗത്തിൽ പങ്കെടുത്തത് . ചിലർ പങ്കെടുക്കുകയുണ്ടായില്ല. വിഷയത്തിലുള്ള പുരോഗതി സംബന്ധിച്ച വിശദറിപ്പോർട്ട് വാങ്ങേണ്ടത് ജോയിന്റ് ഡയറക്ടർമാരായതിനാലും ജില്ലാതലങ്ങളിൽ പ്രസ്തുത പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കേണ്ടത് അവരാകയാലും ജോയിന്റ് ഡയറക്ടർമാർ പ്രസ്തുത പ്രവർത്തനങ്ങൾ വിശദമായും സൂക്ഷ്മമായും നിരീക്ഷിക്കണമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ നിർദ്ദേശിച്ചു.

വിശദമായ പരിശോധനയ്ക്കും ചർച്ചയ്ക്കും ഒടുവിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്ത് ഉച്ചയ്ക്ക് 12 മണിയോടെ യോഗം പിരിഞ്ഞു.

തീരുമാനങ്ങൾ

1. ഇനിയും യോഗം ചേരാത്ത ജില്ലാതല നിരീക്ഷണ സമിതികൾ അടിയന്തരമായി യോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അതിർത്തി നിർണ്ണയ പ്രവർത്തനങ്ങളുടെ തുടർനടപടികൾ ഒരുമാസത്തിനകം പൂർത്തിയാക്കേണ്ടതുമാണ്. എല്ലാ ജില്ലാതല നിരീക്ഷണ സമിതികളുടെയും പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർക്ക് ഒരു മാസത്തിനകം ലഭ്യമാക്കേണ്ടതാണ്. മുൻയോഗതീരുമാനം അനുസരിച്ചുള്ള ജില്ലാതല അവലോകനങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്നും ഓരോ വിഷയങ്ങളും കർശനമായി നടപ്പാക്കപ്പെടുന്നുണ്ടെന്നും ജോയിന്റ് ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.

(നടപടി:തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർ)

2.വകുപ്പുകളുടെ കൈവശമുള്ളതും വിവിധ വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്നതും എന്നാൽ അതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടില്ലാത്തുമായ കൃഷി ഫാമുകളുടെ ഭൂമിയുടെ വില്ലേജടിസ്ഥാനത്തിലുള്ള ലിസ്റ്റും അനുബന്ധരേഖകളും അതാത് വകുപ്പുകൾ സർവ്വേ വകുപ്പിനും റവന്യൂ വകുപ്പിനും കൈമാറേണ്ടതും പ്രസ്തുത വകുപ്പുകൾ ഡിജിറ്റൽ സർവ്വേ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് അതിർത്തിനിർണ്ണയ പ്രക്രിയ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തേണ്ടതും സർവ്വേ റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറേണ്ടതുമാണ്.

(നടപടി: കൃഷി, മൃഗസംരക്ഷണം,പട്ടിക വർഗ്ഗവികസനം, വനം വന്യജീവി, റവന്യൂ, സർവ്വേയും ഭൂരേഖയും വകുപ്പുകൾ, തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർ)

3.വനഭൂമിയുമായി അതിർത്തി പങ്കിടുന്ന കൃഷിഫാമുകളുടെ അതിർത്തി കൃത്യമായി നിർണ്ണയിക്കുന്നതിന് അതാത് വകുപ്പുകൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുമായി കൂടിയാലോചിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(നടപടി : കൃഷി, മൃഗസംരക്ഷണം , പട്ടിക വർഗ്ഗവികസനം , വനം വന്യജീവി , റവന്യൂ, സർവ്വേയും ഭൂരേഖയും വകുപ്പുകൾ, തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർ)

4.കൃത്യമായി അതിർത്തി നിർണ്ണയിച്ചിട്ടുള്ളതും എന്നാൽ വേലി കെട്ടി വേർതിരിച്ചിട്ടില്ലാത്തതുമായ കൃഷി ഫാമുകളുടെ സ്ഥലത്തിന് ചുറ്റുമതിൽ/വേലി നിർമ്മിക്കുന്നതിനുള്ള നടപടികൾ സത്വരം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ കൃഷി ഫാമുകളെ സംബന്ധിച്ച് വേലി / ചുറ്റുമതിൽ നിർമ്മാണത്തിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം കൂടി ഉൾപ്പെടുത്തികൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

(നടപടി: കൃഷി, മൃഗസംരക്ഷണം , പട്ടിക വർഗ്ഗവികസനം വകുപ്പുകൾ, തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർ)

5.വിവിധ വകുപ്പുകളുടെ കീഴിലുള്ള കൃഷി ഫാമുകളുടെ ഭൂമി സ്വകാര്യ വ്യക്തികളുടെ ഭൂമിയുമായി അതിർത്തി പങ്കിടുന്നതോ ഫാമുകളുടെ സ്ഥലം സ്വകാര്യ വ്യക്തികൾ അനധികൃതമായി കൈയ്യേറിയതായി ബോധ്യപ്പെട്ടിട്ടുള്ളതുമായ കേസുകളിൽ പ്രസ്തുത സ്ഥലം അളന്ന് അതിർത്തി തിട്ടപ്പെടുത്തി ചുറ്റുമതിൽ കെട്ടി ഫാമുകളുടെ ഭൂമിയുടെ ഉടമസ്ഥത ഉറപ്പാക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടതാണ്.

(നടപടി : കൃഷി, മൃഗസംരക്ഷണം , പട്ടിക വർഗ്ഗവികസനം , തദ്ദേശ സ്വയംഭരണ വകുപ്പുകൾ)

ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അനുബന്ധം

യോഗത്തിൽ പങ്കെടുത്തവരുടെ പേര് വിവരം :

1. ശ്രീ.ഷിബു. എ.റ്റി, അഡീഷണൽ സെക്രട്ടറി ,മൃഗസംരക്ഷണ വകുപ്പ് , ഗവ.സെക്രട്ടേറിയറ്റ്
2.ശ്രീ.തോമസ് സാമുവൽ, ജോയിന്റ് ഡയറക്ടർ (ഫാംസ്), കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്
3.ശ്രീ മനോജ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്
4. ശ്രീ.മോഹൻദേവ് ഡി, അഡീഷണൽ ഡയറക്ടർ, സർവേയും ഭൂരേഖയും വകുപ്പ് ഡയറക്ടറേറ്റ്
5.ശ്രീ ഷുമിൻ എസ് ബാബു, ഡെപ്യൂട്ടി ഡയറക്ടർ (റ്റിആർഡിഎം), പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റ്
6. ഡോ.ബോബി രാജൻ, ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്
7.ശ്രീമതി ശ്രീലേഖ എസ്, അണ്ടർ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്
8.ശ്രീമതി മായാ ഗോപിനാഥ്, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വനം വന്യജീവി വകുപ്പ് ആസ്ഥാനം
9.ഡോ.കെ.പി. നിതീഷ് കുമാർ, എ ഒ, ആറളം ഫാം
10.ശ്രീമതി ശ്രീജ.ജെ.കെ, സെക്ഷൻ ഓഫീസർ, പട്ടികജാതി പട്ടികവർഗ്ഗ വികസന(ഡി) വകുപ്പ് ,ഗവ.സെക്രട്ടേറിയറ്റ്

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഭരണഭാഷ-മാതൃഭാഷ

ജില്ലാ കളക്ടറുടെ കാര്യാലയം,സിവിൽ സ്റ്റേഷൻ മലപ്പുറം-676505,ഫോൺ 0483-.....

ഇ മെയിൽ- **dcm.ker@nic.in**

File No.: DCMPM/9280/2024-B4 **തീയതി :31-07-2025**

പ്രേഷകൻ

ജില്ലാ കളക്ടർ,
മലപ്പുറം

സ്വീകർത്താവ്

ലാന്റ് റവന്യൂ കമ്മീഷണർ,
ലാന്റ് റവന്യൂ കമ്മീഷണറേറ്റ്,
തിരുവനന്തപുരം

സർ,

വിഷയം:- ഭൂമിയുടെ പോക്കു വരവ് - ആധാരം എഴുത്തുകാരുടെ തൊഴിൽ സുരക്ഷ - സംബന്ധിച്ച്.

സൂചന:-

1. ലാൻഡ് റവന്യൂ കമ്മീഷണറുടെ **05/08/2024** തീയ്യതിലെ **LR/7518/2024-LR(B3)** നമ്പർ കത്ത്.
2. തിരൂർ തഹസിൽദാരുടെ **07/9/2024** ലെ **TLKTIR/3517/24-L2** നമ്പർ കത്ത്
3. ഏറനാട് തഹസിൽദാരുടെ **21/07/2025** തീയതിയിലെ **TLKERD/3548/2024-D1** നമ്പർ കത്ത്
4. നിലമ്പൂർ തഹസിൽദാരുടെ **21/7/25** തീയതിയിലെ **TLKNBR/2885/2024-G5** നമ്പർ കത്ത്
5. കൊണ്ടോട്ടി തഹസിൽദാരുടെ **26/7/2025** തീയതിയിലെ **TLKKDY/2423/2024-j4** നമ്പർ കത്ത്
6. തിരൂരങ്ങാടി തഹസിൽദാരുടെ **25/7/2025** തീയതിയിലെ **TLKTDI/2650/2024-K4** നമ്പർ കത്ത്
7. പെരിന്തൽമണ്ണ തഹസിൽദാരുടെ **30/07/2025** തീയതിയിലെ **TLKPTM/3089/24-F2** നമ്പർ കത്ത്

****

സൂചനകളിലേയ്ക്ക് സാദരം ശ്രദ്ധക്ഷണിച്ചുകൊള്ളുന്നു. ഭൂമിയുടെ പോക്കുവരവ് പല വില്ലേജുകളിലും കാലതാമസം വരുന്നുണ്ടെന്നും ഡിജിറ്റൽ സർവ്വെ പൂർത്തികരണത്തോടെ റവന്യു - സർവ്വെ - രജിസ്ട്രേഷൻ ഡിപ്പാർമെൻറുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കേരളത്തിലെ ആധാരം എഴുത്തുകാരുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കണമെന്ന് ഓൾ കേരള ഡോക്യുമെന്റ് റൈറ്റേഴ്സ് അസോസിയേഷൻ റവന്യു വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച അപേക്ഷയിൽ റിപ്പോർട്ട് സൂചന (1) പ്രകാരം അങ്ങ് ആവശ്യപ്പെട്ടിരുന്നു. ആയതിൽ എല്ലാ തഹസിൽദാരും മേൽ സൂചനകൾ പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ്. മേൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ അങ്ങേയ്ക്ക് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പോക്കുവരവ് അപേക്ഷകളില്ലെല്ലാം സേവനാവകാശ നിയമം **2012** ൽ നിഷ്കർഷിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ തന്നെ മലപ്പുറം ജില്ലയിലെ എല്ലാ താലൂക്കുകളിലും നടപടികൾ പൂർത്തീകരിച്ചുവരുന്നുണ്ട്. നിയമപരമായ വല്ല തടസ്സങ്ങൾ ഉള്ള കേസുകളിൽ മാത്രമാണ് പോക്ക് വരവ് നടപടികൾക്ക് കാലതാമസം നേരിടുന്നത്. ആർ.ഒ.ആർ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയാൽ വിസ്തീർണ്ണത്തിലും സർവ്വേനമ്പറിലും മറ്റോ ഉദ്യോഗസ്ഥർക്ക് സംശയം തോന്നുന്ന കേസുകളിൽ മാത്രം ആണ് ഭൂമി കാണണമെന്ന് ആവശ്യപ്പെടുന്നത്.

ഡിജിറ്റൽ സർവ്വേ പൂർത്തീകരണത്തോടെയും റവന്യൂ സർവ്വേ രജിസ്ട്രേഷൻ നടപടികൾ ഏകോപിക്കുമ്പോളും ഭാവിയിൽ പൊതുജനങ്ങൾക്ക് ആധാരം എഴുത്ത് എന്നപ്രക്രിയ സ്വയം ചെയ്യാൻ കൂടുതൽ എളുപ്പമാകും ആയത് റവന്യൂ സർവ്വേ രജിസ്ട്രേഷൻ ഡിപ്പാർട്മെന്റുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കേരളത്തിലെ ആധാരം എഴുത്തുകാരുടെ തൊഴിൽ സാധ്യത കുറയാൻ സാധ്യതയുണ്ട് എന്നിരുന്നാലും പൊതുജനങ്ങൾക്ക് നിലവിൽ നികുതി അടവാക്കൽ സർട്ടിഫിക്കറ്റിന് അപേഷിക്കൽ എന്നിവ വിട്ടിലിരുന്നു ചെയ്യാനുള്ള സൗകര്യം ഉണ്ട് ആയതിനുള്ള സംവിധാനം ഉണ്ടായ സർക്കാർ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ എളുപ്പമാക്കുന്നതിന്റെ ഭാഗമായാണ് ഇതേ ഉദ്ദേശമാണ് ആധാരമെഴുത്തു സ്വന്തമായി ചെയ്യുന്നതിലൂടെയും ഉണ്ടാകുക ആയത് തടയാനോ മാറ്റിവക്കണോ സാധിക്കില്ല. നിലവിലും ഇത്തരം സൗകര്യങ്ങൾലഭ്യമാണ്. എന്നാലും ഡിജിറ്റൻസർവ്വേ റെക്കോർഡുകൾ നിലവിൽ വരുന്നതോടെയും റവന്യൂ രെജിസ്ട്രേഷൻ വകുപ്പുകളുടെ ഏകോപനം ആധാരം എഴുത്തു കൂടുതൽ എളുപ്പമാവുകയും ഭാവിയിൽ പൊതുജങ്ങൾക്ക് ഈ സൗകര്യം സ്വന്തമായി ചെയ്യാനും സാധിക്കും. സർവ്വെ നടപടികളുടെ ആധുനിക വത്കരണത്തിൻ്റെ ഭാഗമായിട്ടാണ് സർക്കാർ ഡിജിറ്റൽ സർവ്വെ ആരംഭിച്ചിട്ടുള്ളത് പൊതുജനങ്ങൾക്ക് തങ്ങളുടെ കൈവശ ഭൂമിയുടെ വ്യക്തവും സുതാര്യവുമായ വിവരങ്ങൾ ലഭിക്കുന്നതോടൊപ്പം തന്നെ റവന്യൂ ഉദ്യോഗസ്ഥർക്ക് വിവരങ്ങളോടെ സേവനം നല്കാനും ഡിജിറ്റൽ സർവ്വെയിലൂടെ സാധിക്കുന്നതാണ്. രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്നും പോക്കുവരവിനായി റെലിസ് പോർട്ടൽ മുഖേന ലഭ്യമാവുന്ന അപേക്ഷകളിൽ വില്ലേജ്/താലൂക്ക് തലത്തിൽ കാലതാമസം കൂടാതെ നടപടി സ്വീകരിച്ച് വരുന്നുണ്ടെന്നും പോക്കുവരവ് നടപടിയിൽ കാലതാമസം നേരിടുന്നതായോ ഹരജിയിൽ സൂചിപ്പിച്ച പ്രകാരം ആർ ഒ ആർ അനുവദിക്കുന്നതിനായി നിയമാനുസ്യതമല്ലാത്ത നടപടിക്രമങ്ങൾ വില്ലേജ് തലത്തിൽ സ്വീകരിക്കുന്നതായോ ശ്രദ്ധയിൽപെട്ടിട്ടില്ല. സബ്ബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും ഓൺലൈൻ മുഖേന ലഭ്യമാകുന്ന പോക്കുവരവ് കേസുകളിൽ ഏകദേശം **40** ദിവസത്തിന് ശേഷമാണ് ആധാരങ്ങൾ റെലിസ് പോർട്ടലിൽ അപ്ലോഡ് ചെയ്ത് വരുന്നത് ആയതിനാലാണ് പോക്കുവരവ് ചെയ്യുന്ന ചുരുക്കം ചില കേസുകളിൽ താമസം വരുന്നത് എന്നുമുള്ള റിപ്പോർട്ട് അങ്ങേയ്ക്ക് സമർപ്പിക്കുന്നു.

വിശ്വാസപൂർവ്വം

DEPUTY COLLECTOR
ജില്ലാ കളക്ടർക്ക് വേണ്ടി

ഇത് കമ്പ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവശ്യമില്ല .ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് **https://eoffice.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ഇ) വകുപ്പ്

REV-E3/777/2024-REV

23-09-2024,
തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ,
തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - തണ്ടപ്പേർ അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീമതി റാണി കൃഷ്ണ ജെ സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.

സൂചന:- തണ്ടപ്പേർ അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീമതി റാണി കൃഷ്ണ ജെ 05.09.2024 ൽ സമർപ്പിച്ച അപേക്ഷ

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ടി നിവേദനത്തിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ച് അപേക്ഷകയ്ക്ക് നേരിട്ട് മറുപടി നൽകുന്നതിനായി ടി നിവേദനത്തിന്റെ പകർപ്പ് ഇതോടൊന്നിച്ചയയ്ക്കുന്നു.

വിശ്വസ്തതയോടെ,
രാഹുൽ എ രാജ് കെ എ എസ്
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

E

From,

RANI KRISHNA J,

TC 1/1872, Mosque Lane,

Kumarapuram, Medical College P.O,

Thiruvananthapuram 695011,

Mob: 9447044002

To,

The Principal Secretary (Revenue),

Government of Kerala,

Trivandrum

Sir,

Sub: **Allocation of separate Thandaper numbers for Flat owners/Shop owners (request)**

I understand from newspapers that the government of Kerala is considering allocation of separate Thandaper numbers for individual flat owners in all residential apartment complexes in the state. I am the owner of two shops in a shopping complex in Trivandrum. However, the Thandaper number is same for all the nearly fifty shops in this building. There are several such complexes in the state. Since such ownership is identical to the case of residential flat owners, kindly consider allocating separate thandaper numbers for all shop owners as well.

Thanking you

Yours faithfully,

Rani Krishna J

Trivandrum

Date: 05-09-2

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഫയൽ അദാലത്ത്-2022

ബി19-45190/2017

കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ.
കടപ്പനക്കുന്ന്,തിരുവനന്തപുരം.
തീയതി : 26/09/2022



പ്രേഷിതൻ
ജില്ലാകളക്ടർ
തിരുവനന്തപുരം.

സ്വീകർത്താവ്
കമ്മീഷണർ
ലാന്റ് റവന്യൂ, തിരുവനന്തപുരം

സർ,

വിഷയം : റീസർവ്വെ അപാകത- മലയിൻകീഴ് വില്ലേജ്-
ശ്രീമതി.ശാന്തകുമാരി അമ്മ സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്

സൂചന : 1) അങ്ങയുടെ 07/12/2017 ലെ LRB3-16275/2017 നമ്പർ കത്ത്
2) കാട്ടാക്കട തഹസിൽദാർ(ഭൂരേഖ)യുടെ 24/09/2022 ലെ കെ4/ഇ/463997/22 നമ്പർ റിപ്പോർട്ട്

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മലയിൻകീഴ് വില്ലേജ് ബ്ലോക്ക് 7, റീസർവ്വെ 36/5 ൽപ്പെട്ട ഭൂമിയുടെ റീസർവ്വെ അപാകതയുമായി ബന്ധപ്പെട്ട് ശ്രീമതി.ശാന്തകുമാരി അമ്മ സമർപ്പിച്ച അപേക്ഷയിൻമേൽ താലൂക്ക് സർവ്വെയർ മുഖാന്തിരം പരിശോധന നടത്തി സബ് ഡിവിഷൻ റിക്കാർഡ് തയ്യാറാക്കി മലയിൻകീഴ് വില്ലേജ് ബ്ലോക്ക് 7, റീസർവ്വെ 36/5 ൽപ്പെട്ട 03.34 ആർ ഭൂമി അപേക്ഷക പേർക്ക് 26650-ാം നമ്പർ തണ്ടപ്പേർ പ്രകാരം കരമടച്ചു നൽകിയിട്ടുള്ളതായും ഫയൽ തീർപ്പാക്കിയിട്ടുള്ളതായും സൂചന(2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ നടപടികൾ അവശേഷിക്കാത്ത സാഹചര്യത്തിൽ ഫയൽ അദാലത്തിലെ ലിസ്റ്റിൽ നിന്ന് ടി ഫയൽ കുറവ് ചെയ്യുന്നതിലേയ്ക്കായി വിവരം റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ

ജില്ലാകളക്ടർക്കുവേണ്ടി
ഡെപ്യൂട്ടി കളക്ടർ(എൽ. ആർ)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

DCKTM/5429/2024-R2 കളക്ടറേറ്റ് ,കോട്ടയം
തീയതി :**07-02-2025**

ജില്ലാ കളക്ടർ
കോട്ടയം

ബഹു.ലാൻഡ് റവന്യു കമ്മീഷണർ,തിരുവനന്തപുരം

സർ,

വിഷയം:- **15-**ാം നിയമസഭ-**13-**ാം സമ്മേളനം-നക്ഷത്രചിഹ്നമിടാത്ത ചോദ്യം **1487-**മറുപടി സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:- അങ്ങയുടെ കാര്യാലയത്തിലെ **06/02/2025** തീയതിയിലെ **LR/1418/2025-LR(B3)**നമ്പർ കത്ത്.

മേൽസൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചു കൊള്ളുന്നു.നക്ഷത്രചിഹ്നമിടാത്ത **1487** നമ്പർചോദ്യത്തിന് കോട്ടയം ജില്ലയിലെ ഭൂരേഖാ തഹസിൽദാർമാരിൽ നിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം മറുപടി ചുവടെ സമർപ്പിച്ചു കൊള്ളുന്നു.

എ) പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ഉള്ള കേസുകളിൽ ട്രാൻസ്ഫർ ഓഫ് രജിസ്ട്രി റൂൾ **1966** ചട്ടം**27(1)**പ്രകാരവും ലാൻഡ് റവന്യു മാനുവൽ വാല്യം **6**,ഖണ്ഡിക **175** എന്നിവ പ്രകാരവുമാണ് നടപടി സ്വീകരിച്ചു വരുന്നത്.

പിൻതുടർച്ച പോക്കുവരവിനുള്ള അപേക്ഷകൾ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധത്തിൽ നിലവിൽ കൈകാര്യം ചെയ്തു വരുന്നു. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽ നിലവിൽ അവകാശികളെ തിട്ടപ്പെടുത്തി നോട്ടീസ് പരസ്യപ്പെടുത്തി ആക്ഷേപം ഒന്നും ലഭിച്ചിട്ടില്ലയെങ്കിൽ അവകാശവിചാരണ പോക്കുവരവ് ചെയ്ത് ഉത്തരവാകുന്നതാണ്. പിൻതുടർച്ച അവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം ഇത്തരം പോക്കുവരവുകൾ ചെയ്യുന്നതിന് സർക്കാർഉത്തരവിന്റെ ആവശ്യമുണ്ട്.

ബി) മരണപ്പെട്ട തണ്ടപ്പേർ കക്ഷിയുടെ അവകാശികൾ ആരെല്ലാമാണെന്ന് രേഖപ്പെടുത്തിയ അപേക്ഷ,പോക്കുവരവിന് അടിസ്ഥാനമായ ആധാരം, മരണസർട്ടിഫിക്കറ്റ്,**Family relation certificate/Legal heirship**

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

certificate,കരം ഒടുക്കിയ രസീത്,ബാദ്ധ്യതാ സർട്ടിഫിക്കറ്റ് എന്നിവ പിൻതുടർച്ചാ പോക്കുവരവ് ചെയ്യുന്നതിന് ആവശ്യമാണ്. പ്രസ്തുത അപേക്ഷയ്ക്ക് **online** സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.മുൻഗണന പ്രകാരമാണ് അപേക്ഷകൾ തീർപ്പാക്കി വരുന്നത്.

വിശ്വസ്തതയോടെ,

JUNIOR SUPERINTENDENT

ജില്ലാ കളക്ടർക്കു വേണ്ടി

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/5725219/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ഇ) വകുപ്പ്

REV-E3/220/2023-REV

18-05-2023,
തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ,
തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - ശ്രീ. ബദറുൽ മുനീർ വിജിലൻസ് വകുപ്പിന് സമർപ്പിച്ച പരാതി

സൂചന:- വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.03.2023 ലെ CPSP -1-11987/2023/DVACB നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന കത്ത് പ്രകാരം സർക്കാരിൽ ലഭ്യമായ ശ്രീ. ബദറുൽ മുനീർ വിജിലൻസ് വകുപ്പിന് സമർപ്പിച്ച പരാതിയുടെ പകർപ്പ് അടിയന്തിര നടപടി സ്വീകരിച്ച് അപേക്ഷകന് നേരിട്ട് മറുപടി നൽകുന്നതിനായി ഇതോടൊന്നിച്ചയയ്ക്കുന്നു.

വിശ്വസ്തതയോടെ,
PRASANTH G S
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/5[illegible]415/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

75 YEARS OF CELEBRATING THE MAHATMA

വിജിലൻസ്(ഇ) വകുപ്പ്

നം.വിജി-ഇ1/73/2023-വിജി

11-05-2023,തിരുവനന്തപുരം

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി
റവന്യു വകുപ്പ്.

സർ,

വിഷയം:- തിരുവനന്തപുരം താലൂക്കിൽ പള്ളിപ്പുറം വില്ലേജിൽ പരാതികക്ഷിയുടെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 89/5-1 ൽ 30 സെന്റ് വീട് ഉൾപ്പെടുന്ന പുരയിടം എതിർകക്ഷികൾ അനധികൃതമായി സബ് ഡിവിഷൻ ചെയ്തത് സംബന്ധിച്ച് ശ്രീ.ബദറുൽ മുനീർ, അരുഹാന, കടവൂർ. പി.ഒ, തിരുവനന്തപുരം എന്നയാൾ സമർപ്പിച്ച പരാതി-സംബന്ധിച്ച്

സൂചന:- വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18/03/2023 ലെ സി.പി.എസ്.പി-1-11987/2023/ഡി.വി.എ.സി.ബി നമ്പർ കത്ത്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.സൂചന കത്തിന്റെയും അതോടൊപ്പം ലഭിച്ച ഉള്ളടക്കങ്ങളുടെയും അസൽ29/03/2017ലെ സ.ഉ.(പി)നമ്പർ 9/2017/വിജി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുന്നതിലേക്കായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,
A M JOSHY
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Divya M S
Date: 11-05-2023 14:20:13

സെക്ഷൻ ഓഫീസർ.

പകർപ്പ് അയക്കുന്നു

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം(അറിവിലേക്കായി).

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

E - 7208440/2023

E1/73/2023/vig

'CORRUPTION, A CRIME AGAINST NATION'
ഭരണഭാഷ മാതൃഭാഷ

150 YEARS OF CELEBRATING THE MAHATMA

ഡയറക്ടറേറ്റ്,
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം.
ഇമെയിൽ : vig.vacb@kerala.gov.in
ഫോൺ : 04712305393

നമ്പർ.CPSP-1-11987/2023/DVACB

തീയതി. 18-03-2023

03 MAY 2023

പ്രേഷകൻ

ഡയറക്ടർ
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി,
വിജിലൻസ് ഡിപ്പാർട്ട്മെന്റ്
ഗവ: സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം: തിരുവനന്തപുരം താലൂക്കിൽ പള്ളിപ്പുറം വില്ലേജിൽ പരാതികക്ഷിയുടെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 89/5-1 ൽ 30 സെന്റ് വീട് ഉൾപ്പെടുന്ന പുരയിടം എതിർകക്ഷികൾ അനധികൃതമായി സബ് ഡിവിഷൻ ചെയ്തത് സംബന്ധിച്ച് ശ്രീ.ബദറൂൽ മുനീർ, അൽഹാന, കുടവൂർ.പി.ഒ, തിരുവനന്തപുരം എന്നയാൾ സമർപ്പിച്ച പരാതി.

സൂചന : GO(P)NO.09/2017/Vig, Dated 29.03.2017.

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും അങ്ങയുടെ ശ്രദ്ധക്ഷണിച്ചു കൊള്ളുന്നു.

മേൽ വിക്ഷയം സംബന്ധിച്ച് ശ്രീ.ബദറൂൽ മുനീർ എന്നയാൾ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നൽകിയ പരാതി മേൽ സൂചന പ്രകാരം ഉചിത നടപടികൾ സ്വീകരിക്കുന്നതിനായി ഇതോടൊപ്പം സമർപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

ഇ എസ് ബിജുമോൻ
പോലീസ് സൂപ്രണ്ട് ഇന്റലിജൻസ്
ഡയറക്ടർക്ക് വേണ്ടി

പകർപ്പ് : ശ്രീ.ബദറൂൽ മുനീർ, അൽഹാന, കുടവൂർ.പി.ഒ, തിരുവനന്തപുരം.

File No. LR/9130/2025-LR(B3) (Computer No. 14...)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സ0. cpsp-1-11987/2023/Dvrcs (REV-83/420/2023-REV)

11987

From

Badarul Muneer
Al Hana, Kudavoor,
Kudavoor P.O.,
Thiruvananthapuram. Pin 695 313



2343

To
The Director,
Vigilance and Anti Corruption Bureau,
Vikas Bhavan, Vikas Bhavan P.O.,
Thiruvananthapuram.

Sub:- അനധികൃതമായി ഭൂമി സബ് ഡിവിഷൻ ചെയ്ത് നൽകിയത് സംബന്ധിച്ച്

എതിർ കക്ഷികൾ:- 1) ശ്രീമതി ശുഭ, തിരുവനന്തപുരം താലൂക്ക് ഹെഡ് സർവ്വേയർ
2) ശ്രീമതി സജീന, കൊച്ചുതെക്കതിൽ വീട്, കണ്ടൽ, പള്ളിപ്പുറം, പി. ഒ., തിരുവനന്തപുരം
3) വില്ലേജ് ആഫീസർ, പള്ളിപ്പുറം വില്ലേജ്, കണിയാപുരം, പി. ഒ., തിരുവനന്തപുരം

Sir,

തിരുവനന്തപുരം താലൂക്കിൽ പള്ളിപ്പുറം വില്ലേജിൽ **സർവ്വേ നമ്പർ 89/5-1 ൽ 30 സെന്റ്** വീട് ഉൾപ്പെടുന്ന പുരയിടം 16 കൊല്ലമായി കതൃമായി കരം തീർത്തും എന്റെ അധീനതയിലിരിക്കുന്നതുമാണ്. ഈ പുരയിടത്തിന്റെ പടിഞ്ഞാറ് വശത്തിലും തെക്ക് വശത്തിലും ഉടമസ്ഥതയിലുമാണ് എന്നാൽ 2022-2023 ലെ കരം അടക്കാൻ ചെന്നപ്പോൾ വ്യക്തമായ മതിലും അതിർത്തി തിരിച്ചുള്ള ഫൗൺടേഷനും ഉള്ള പുരയിടത്തിന്റെ മധ്യഭാഗത്ത് നിന്നും അടുത്തുള്ള പുരയിടക്കാർക്ക് (പരേതയായ താജുന്നിസ ബീവിയ്ക്കും സുഖമില്ലാതെ കിടക്കുന്ന ശ്രീമതി ഖദീജ ബീവിയ്ക്ക്) സ്കെച്ച് ഉൺടാക്കി സബ് ഡിവിഷൻ ചെയ്ത് നൽകിയതായി അറിയാൻ കഴിഞ്ഞു, ടി അളവിനോ സർവ്വേക്കോ എനിക്ക് നോട്ടീസോ അറിയിപ്പോ നൽകിട്ടില്ലാത്തതാണ്. പുരയിടം അളക്കുമ്പോൾ പാലികേൺട നടപടി ക്രമങ്ങൾ പാലിക്കാതെ യാണ് ടി ഒന്ന് മൂന്ന് എതിർ കക്ഷികൾ എന്റെ ഉടമസ്ഥയിലുള്ള വസ്തുവെ വ്യാജമായി സ്കെച്ചു ചമച്ചുകെണ്ട് 2-ാം എതിർകക്ഷിയ്ക്ക് അനുകൂലമായി റവന്യൂ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത് ഒറ്റ അടവിൽ സ്ഥിതി ചെയ്തിരുന്ന വസ്തുവിനെ അന്യായമായി വിഭജിച്ച് രണ്ട് സബ് ഡിവിഷനാക്കി തിരിച്ചതിൽ വെച്ച് എനിക്ക് 2 സെന്റ് വസ്തു നഷ്ടം സംവിച്ചുട്ടുള്ളതാണ് രണ്ടാം എതിർകക്ഷിയുടെ രാഷ്ട്രിയ സാബത്തിക സ്വാധീനത്തിന് വഴങ്ങിയാണ് ഒന്ന് മൂന്ന് എതിർ കക്ഷികൾ ഇത്തരത്തിൽ പ്രവർത്തിച്ചുള്ളത്. ടി പ്രവർത്തിയെ സംബന്ധിച്ച് ഒന്നാം കക്ഷിയെ ഫോൺ വഴി ബന്ധപ്പെട്ടപ്പോൾ മനഃപൂർവ്വം ഒഴിഞ്ഞു മറുന്നു.28/02/23 ൽ തലൂക്കിൽ നിന്നും ലഭിച്ച വിവരാവകാശ രേഖയിൽ നിയമപരമായി പാലികേൺട നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ലാന്ന് ബേധ്യപ്പെട്ടുള്ളതാണ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

24/11/22-ൽ താലൂക്ക ആഫീസിൽ പരാതി നൽകി ഒരു നടപടിയും ഉൺടായില്ല. എനിക്ക് അറിയാൻ കഴിഞ്ഞത് സൈറ്റിൽ പോലും വരാതെ ഒന്നാം കക്ഷി 28000/ രൂപ കൈകൂലി വാങ്ങിയാണ് പതിച്ച് നൽകിയതെന്നാണ്.

മരുമകളായ രണ്ടാം എതിർകക്ഷിയാണ് പരേതയായ താജുന്നിസ ബീവിയ്ക്കും സുഖമില്ലാതെ കിടക്കുന്ന ശ്രീമതി ഖദീജ ബീവിയ്ക്ക് വേണ്ടിയും കാര്യങ്ങൾ നോക്കുന്നത്

ആയത് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഹാജരാക്കുന്ന രേഖകൾ

1. പുതിയ ആധാരത്തിന്റെയും മുൻ ആധാരത്തിന്റെയും പകർപ്പുകൾ
2. പുതിയതും പഴയതും സ്കെച്ചിന്റെ പകർപ്പുകൾ
3. പുതിയതും പഴയതും കരം ഒടുക്കിയരസീന്റെ പകർപ്പുകൾ
4 താലൂക്ക തഹസീൽദാർക്ക് നകിയ പരാതിയുടെ പകർപ്പ്
5 വിവരാവകാശ രേഖകളുടെ പകർപ്പുകൾ

തിരുവനന്തപുരം
14/3/2023

വിശ്വസ്തയേടെ

എം. ബി. മുനീർ
9895987286

2/2

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ബഹുമാനപ്പെട്ട തിരുവനന്തപുരം താലൂക്ക്
തഹസിൽദാർ സമക്ഷം,

തിരുവനന്തപുരം താലൂക്കിൽ തിരുവനന്തപുരം വില്ലേജിൽ കുടപ്പനൂർ പി.ഒ.യിൽ താമസിക്കുന്ന ആനുകൂല്യവിധി ഉടമ ബോധിപ്പിക്കുന്ന സമർപ്പിക്കുന്ന അപേക്ഷ,

വിഷയം:— പുളിമൂട് വില്ലേജിൽ ആഭ്യലാന്ത് മൂവാന്തിയ 89/5-1നു സബ് ഡിവിഷൻ ചെയ്തു കിട്ടിയ അപേക്ഷ സംബന്ധിച്ച്.

സർ,

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് ടി അപേക്ഷയിന്മേൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് അപേക്ഷാകക്ഷിയ്ക്ക് മറുപടി നൽകി വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആയതിന് അപേക്ഷയുടെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.

വിശ്വസ്തതയോടെ,

ജില്ലാ കളക്ടർക്കുവേണ്ടി
ഡെപ്യൂട്ടി കളക്ടർ (എൽ.ആർ)

പകർപ്പ്
ശ്രീ. കെ.ബി. പ്രസന്നൻ
[illegible]
വലിയകുളങ്ങരമുറി
കൊല്ലം.

(കൊണ്ടുവന്നടപടികൾക്കായി നാളെയ്ക്ക് കരുനാഗപ്പള്ളി താലൂക്ക് ഓഫീസിൽഅറിയിച്ചിട്ടുണ്ട്. ഇൻ കൊണ്ടിനെതിരെയുള്ള കരുനാഗപ്പള്ളി താലൂക്ക് ഓഫീസിൽ സ്വീകരിച്ചിട്ടുണ്ട്)

56

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

p-15

'ഭരണഭാഷ-മാതൃഭാഷ'

സർവ്വെ 4-40748/17

കളക്ടറേറ്റ്,കൊല്ലം
തീയതി 20/9/2017
Phone:0474-2793473,Fax:0474-2792970
E-Mail:dcklm@ker.nic.in. Website:www.kollam.gov.in
pin:691013

ജില്ലാ കളക്ടർ
കൊല്ലം

തഹസിൽദാർ (ഭൂരേഖ)
താലൂക്കോഫീസ്, കുണ്ടറ

സർ,

വിഷയം : ..... വില്ലേജ് ബ്ലോക്ക് നമ്പർ..... സർവ്വെ നമ്പർ 163/5,6,7,8,9,10/1 പെട്ട വസ്തു സംബന്ധിച്ച്

സൂചന : ..... സമർപ്പിച്ച അപേക്ഷ.

സൂചന ശ്രദ്ധിക്കുക. മേൽ വിഷയം സംബന്ധിച്ച് സൂചന പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷയിന്മേൽ നിയമാനുസൃത തുടർ നടപടി സ്വീകരിച്ച് വിവരം അപേക്ഷകക്ഷിയെ അറിയിക്കുന്നതിലേയ്ക്കായി ഇതോടൊപ്പം ചേർത്ത് അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ജില്ലാ കളക്ടർക്ക് വേണ്ടി
സർവ്വെ ഡെപ്യൂട്ടിഡയറക്ടർ

ചുരുക്കം
ശ്രീ. കെ.ബി. പുരുഷോത്തമൻ.....
തുളസിനാവിട.....
ഓച്ചിറ, കുണ്ടറ പി.ഒ.....
വില്ലേജ് ഓഫീസർ.....

(അനന്തരനടപടിക്കായി താങ്കളുടെ അപേക്ഷ ...കുണ്ടറ.....തഹസീൽദാർ (ഭൂരേഖ)ക്ക് കൈമാറിയിട്ടുണ്ട്. തുടർ അന്വേഷണങ്ങൾക്ക് കുണ്ടറ.....
താലൂക്കാഫീസുമായി ബന്ധപ്പെടേണ്ടതാണ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

16

Certificate of posting

57

[illegible]
[illegible]
[illegible]

1) [illegible]
[illegible]

[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]

Public Information Officer
Re-Survey
Assistant Director Office
Kollam.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3), CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നമ്പർ 1397 /2005. വില്ലേജ് ആഫീസ് ഒാച്ചിറ.

തീയതി 26.3.05

26/3/05

തൊഴിൽരഹിതസർട്ടിഫിക്കറ്റ്

ഒാച്ചിറ വില്ലേജിൽ 8398 ാം നമ്പർ തണ്ടപ്പേരുംപടി
31.97 ആണ്ട് ~~ഇനം~~ 31.97 ചതുരശ്ര മീറ്റർ
സർവ്വേ 160/6 ~~437/4~~ നമ്പരിലുള്ള
സ്ഥലം ഒാച്ചിറ വില്ലേജിൽ വലിയകുളങ്ങര മുറിയിൽ
തെക്കേഞാലിൽ വീട്ടിൽ
ശ്രീ/ശ്രീമതി K.G ഗോപാലൻ മുൻപേർ- കൈവശത്തിലും
കരം തീരുവയിലും ആണെന്നുള്ള വിവരം ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ടി സർട്ടിഫിക്കറ്റ് ഒാച്ചിറ K.S.E.B ആഫീസിൽ
ഹാജരാക്കുന്നതിനുവേണ്ടിമാത്രം നൽകിയിരിക്കുന്നു.

വില്ലേജ് ആഫീസർ.

VILLAGE OFFICER
OACHIRA

A No 2707775

വിവരണം	വിസ്തീർണ്ണം		തണ്ടപ്പേരുംപടി നമ്പർ	പുരയിടത്തിന്റെ അതിരുകൾ	പുരയിടത്തിന്റെ അതിരുകൾ	കരം അടയ്ക്കുന്നതിന്റെ ആരംഭവർഷം	തുക	
	ഹെ.	ആ.					രൂപ	സ.
പുരയിടം	03	80	8398	കിഴക്ക് കുന്നുമ്പുറത്ത് ഗോപാലന്റെ വടക്ക് പുരയിടത്തിൽ കുഞ്ഞുമോന്റെ പടിഞ്ഞാറ് പുരയിടത്തിൽ കുഞ്ഞുമോന്റെ തെക്ക് പുരയിടത്തിൽ കുഞ്ഞുമോന്റെ	കിഴക്ക് കുന്നുമ്പുറത്ത് ഗോപാലന്റെ വടക്ക് പുരയിടത്തിൽ കുഞ്ഞുമോന്റെ പടിഞ്ഞാറ് പുരയിടത്തിൽ കുഞ്ഞുമോന്റെ തെക്ക് പുരയിടത്തിൽ കുഞ്ഞുമോന്റെ	2005	4	00
പുരയിടം	27	16	1868	കിഴക്ക് കുന്നുമ്പുറത്ത് ഗോപാലന്റെ വടക്ക് പുരയിടത്തിൽ കുഞ്ഞുമോന്റെ പടിഞ്ഞാറ് പുരയിടത്തിൽ കുഞ്ഞുമോന്റെ തെക്ക് പുരയിടത്തിൽ കുഞ്ഞുമോന്റെ	കിഴക്ക് കുന്നുമ്പുറത്ത് ഗോപാലന്റെ വടക്ക് പുരയിടത്തിൽ കുഞ്ഞുമോന്റെ പടിഞ്ഞാറ് പുരയിടത്തിൽ കുഞ്ഞുമോന്റെ തെക്ക് പുരയിടത്തിൽ കുഞ്ഞുമോന്റെ	2005	28	00
പുരയിടം	05	14	6729	കിഴക്ക് കുന്നുമ്പുറത്ത് ഗോപാലന്റെ വടക്ക് പുരയിടത്തിൽ കുഞ്ഞുമോന്റെ പടിഞ്ഞാറ് പുരയിടത്തിൽ കുഞ്ഞുമോന്റെ തെക്ക് പുരയിടത്തിൽ കുഞ്ഞുമോന്റെ	കിഴക്ക് കുന്നുമ്പുറത്ത് ഗോപാലന്റെ വടക്ക് പുരയിടത്തിൽ കുഞ്ഞുമോന്റെ പടിഞ്ഞാറ് പുരയിടത്തിൽ കുഞ്ഞുമോന്റെ തെക്ക് പുരയിടത്തിൽ കുഞ്ഞുമോന്റെ	2002 to 2004	12	00
						2005	84	00

ഒാച്ചിറ വില്ലേജ് ഒാഫീസിൽ നിന്നും നൽകിയ സർട്ടിഫിക്കറ്റിന്റെ രസീത്

നമ്പർ: 1 തീയതി: 26/3/05

സ്വീകരിച്ചു. തുക രൂപ 84.00 ഒപ്പ് 26/3/05

ഒാച്ചിറ വില്ലേജ് ഒാഫീസിൽ നിന്നും നൽകിയ സർട്ടിഫിക്കറ്റിന്റെ രസീത്

നമ്പർ: 1 തീയതി: 26/3/05

സ്വീകരിച്ചു. തുക രൂപ 84.00 ഒപ്പ് 26/3/05

19/48/2004. 10,000x100x2 GPM. © Govt. of Kerala.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

DISTRICT : Kollam
TALUK : K
VILLAGE : Oachira

BLOCK NO: 3 19

FMB NO: 160





		C (194.0)					C (179.0)	
73	54.9	100.1					121.6	1.3
		104.4	4.9	G2			121.9	
72	59.6	98.1					120.4	15.1
		96.9	0.6	G1	29	0.6	110.3	29.4
	43.8	96.9			27	4.4	99.5	
	50.9	87.1			26	6.9	78.0	
56	1.4	84.3			25	9.4	61.2	
55	18.0	71.2			24	9.9	49.6	
54	36.7	69.0			23	0.3	49.4	
53	24.7	66.3					48.2	0.3
		65.7	31.0	52			39.5	8.7
51	31.9	59.6					39.1	29.2
50	55.5	54.6					35.1	18.3
		F (138.0)					30.9	7.1
		124.0	12.6				23.2	7.1
47	2.6	94.0					4.7	5.5
41	8.5	77.8					D (131.8)	
45	3.2	75.5			14	0.5	115.0	0.5
44	18.8	35.2					53.0	
43	7.7	59.3					45.5	3.8
42	0.6	17.6			11	1.0	41.6	2.8
		D					16.8	
							16.8	2.2
							E	

Copy of plan prepared by: Harishp
Compd by: Jyothi

K. DHARMARAJAN (FM)

This is a computerized Document

File No. LR 3/do 2/23, Letter No. (3119)
Generated from eDistrict Portal by: K CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നോൺ ജുഡീഷ്യൽ NON JUDICIAL

₹ 50 ₹ 50

കേരള സർക്കാർ
GOVERNMENT OF KERALA

e-Stamp Serial No.	: **ES000405784901811 38E**
Govt. Reference No.(GRN)	: **KL021830198202324E**
Department Reference No	: **620P28109487**
Payment Date & Time	: **18/10/2023, 10:01 AM**
Amount of Stamp duty paid	: **Rs 50/-**
Name of Stamp Purchaser	: **K B PRASANNAN**
Copy Application No	: **2170/2023**
Copy No	: **1897/2023**
Name of Applicant	: **K B PRASANNAN**
Date of Copy Generation	: **18/10/2023**
Document No,Book & Year	: **Ochira - 658/1/2010**
Total No.of Pages in Copy (Including e-Stamp)	: **5 pages**
Copy Verified and Prepared by	: ***Biju D PEN 386908***

This is a certified true copy of Registered Document prepared and issued in accordance with Sec 57 of The Registration Act, 1908

Purpose of Copy : PERSONAL PURPOSE

Kerala Registration Department has collected a fee of Rs 330/- (Rupees Three Hundred and Thirty Only) for issuing this copy

Dept. of Registration, Kerala. Document :658/1/2010
രജിസ്ട്രേഷൻ വകുപ്പ്, കേരളം
[PEARL] Copy No.:
2010 -ാം പുസ്തകത്തിലെ
658 -ാം നമ്പർ ആധാരത്തിന്റെ പകർപ്പ്
2 ഷീറ്റുകൾ ഉൾക്കൊള്ളുന്നു
-ാം ഷീറ്റ്
സബ് രജിസ്ട്രാർ

193

നമ്പർ 658/2010/

വിചിത്രധരകാരണത്തുകൊണ്ടുള്ള ഒന്നാംപ്രതിയുടെ ഉത്തരവിനുള്ള അപേക്ഷ 19.2.2010-ന് ലഭിച്ചു. 19.2.2010-ന് ലഭിച്ച അപേക്ഷയിൽ ഒന്നാംപ്രതിയുടെ ഉത്തരവിനുള്ള

23



ഹാജരാക്കുന്നയാളുടെ പേരും ഒപ്പും അഥവാ വിരലടയാളം

(വായിച്ചയാൾ)

(പരിശോധകൻ)

(This certificate is digitally signed and does not require any Seal/Signature in original)

GDA 516 - QSA 731

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/03/2026 03:27 PM

Dept. of Registration, Kerala. Document :638/1/2010
രജിസ്ട്രേഷൻ വകുപ്പ്, കേരളം
[PEARL] Certified
...ാം പുസ്തകത്തിലെ ...ലെ
658/2 ...ാം നമ്പർ ആധാരത്തിന്റെ പകർപ്പ്
... ഷീറ്റുകൾ ഉൾക്കൊള്ളുന്നു.
2 ...ാം ഷീറ്റ്
സബ് രജിസ്ട്രാർ

145

ഹാജരാക്കുന്നയാളുടെ പേരും ഒപ്പും അഥവാ വിരലടയാളം
ഒത്തുനോക്കി (വായിച്ചയാൾ) (പരിശോധകൻ)
IT Services, NIC
GP, Klm. 26/3003/2006.
4/5
(This certificate is digitally signed and does not require any Seal/Signature in original)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സർവ്വേ നമ്പർ	സബ്ഡിവിഷൻ നമ്പർ	വിസ്തീർണ്ണം	തണ്ടപ്പേർ നമ്പർ	തണ്ടപ്പേർ കൈവശക്കാരുടെ പേരും വിലാസവും	റിമാ
160	6	24.72	6499	തൊണ്ടിന വില്ലേജിൽ വലിയകുളങ്ങര മുറിയിൽ മുക്കുന്നുമ്മൽ ഇബ്രഹത്തുണ്ണിയുടെ മകൻ ഉസ്സനാകുമ്പാരൻ വീട്ടിൽ.	
160	6-1	20.64	1393	ഇരുമ്പന തെക്കും മുറിയിൽ ലീലാസദനത്തിൽ ശ്രീധരൻനായർ രാജേന്ദ്രൻ.	
160	6-2	13.00		1948 ലെ തണ്ടപ്പേർ കൈവശക്കാരായിരുന്ന	
160	5-1-1	03.64		മുൻ അധികാരികളുടെ പേരുകൾ ബാധ്യതയൊഴിച്ചുനിർത്തി	
160	5-2	12.40		(1) കുഞ്ഞൻ ശ്രീധരൻ പിള്ള, വെയാധി (3) ചന്ദ്രൻ പിള്ള	
160	7	32.60		{ നമ്പാട്ട് പുന്നപ്ര പടിഞ്ഞാറ്	
160	5-1	00 16	1868	വലിയകുളങ്ങര മുറിയിൽ നാരായണപിള്ള മകനാണ്.	
160	8-2	13.35	11381	ടി മുറിയിൽ ശിവിഹാറിൽ മധുസൂധരൻപിള്ള മകൻ ശിവപ്രസാദ്.	
160	8-3	14.65	11382	ടി മുറിയിൽ ടി വീട്ടിൽ മധുസൂധരൻപിള്ള മകൻശിവപ്രസാദ്	
160	10/2	04.46	5794	ടി മുറിയിൽ സന്തോഷ്ഭവനിൽ കുഞ്ഞപ്പി മകൻ സന്തോഷ്കുമാർ.	
160	10/2/1	04.86	11378	ടി മുറിയിൽ ടി വീട്ടിൽ ലീലാമ്മ മകൾ വിജയമ്മ.	
160	10/2/2	03.64	15046		
160	10/2/1/2	01.21	15047	ടി വീട്ടിൽ ലീലാമ്മ മകൾ നന്ദിനി.	
160	12	17.00	8900	തൊണ്ടി കൊടിയിൽ ചേരാവിൽ പാലസ്സ്വൽസിൽ ഇബ്രഹിംകുഞ്ഞിന്റെ K.P. കമറുന്നിസ്സ മകൾ ഷീബ.	
163	4-2	05.67	10578	മുഹമ്മദ വില്ലേജിൽ മുഹമ്മദതെരുവ് മുറിയിൽ പടിഞ്ഞാറേതിൽ പടിഞ്ഞാറേതിൽ മകൻ രാജേന്ദ്രൻ.	
163	4-1	02.43			
163	4-1-2	04.65			

Village Officer

File No. LR/9130/2025-LR(B3) (Computer No. 14119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM





File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നമ്പർ.....
കരുനാഗപ്പള്ളി. തീയതി 6.9.05

വില്ലേജോഫിസർ,
കൊല്ലം

കൊല്ലം വില്ലേജിൽ.

ബ്ലോക്ക് നമ്പർ III ൽ സർവേനമ്പർ
146/4, 147/1 ൽ പെട്ടസ്ഥലം അളന്നു തിരിച്ച്
അതിർക്കല്ലുകൾ സ്ഥാപിച്ചു കിട്ടുന്നതിനായി ശ്രീ
കെ.ടി. ഷാജഹാൻ
കൊല്ലം താലൂക്കിൽ
ഈ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാകുന്നു.

അപേക്ഷയിൽപ്പറഞ്ഞിരിക്കുന്ന സ്ഥലത്തിന് അപേക്ഷ
കക്ഷിയ്ക്ക് കൈവശവും നുണ്ടുപേരവകാശവും ഉണ്ടെങ്കിൽ ടി
സ്ഥലത്തിന്റെയും അയൽ വസ്തുക്കളുടെയും റവന്യൂരിട്ട
പ്രതി തയ്യാറാക്കി BTR ന്റെ കോപ്പിസഹിതം അയച്ചു വിവരം
റിപ്പോർട്ട് ചെയ്യേണ്ടതാണ്

6/9/05

തഹസീൽദാർ

ഫോറം നമ്പർ 12
(സർവ്വേ മാനുവൽ അദ്ധ്യായം XVI വണ്ടിക. 17)

താലൂക്കോഫീസ്, കരുനാഗപ്പള്ളി.

തീയതി: 01/10/05

കരുനാഗപ്പള്ളി താലൂക്കിൽ 03 ചിന വില്ലേജിൽ
കുലശേഖരപുരം വീട്ടിൽ ശ്രീ/ശ്രീമതി.....
.....യ്ക്ക്

(1) കരുനാഗപ്പള്ളി താലൂക്കിൽ 51 വില്ലേജിൽ,
ബ്ലോക്ക്നമ്പർ III ൽ സർവ്വെനമ്പർ 147-1-1
147/1/1/4617 ഹെക്ടർ സബ്ഡിവിഷന്റെ അതിരുകൾ
01/10/05 ൽ പുനർ നിർണ്ണയം ചെയ്യുന്നതാണ്.

(2) ജോലി നടന്നു കൊണ്ടിരിക്കുമ്പോൾ നേരിട്ടോ
അല്ലെങ്കിൽ യഥാവിധി അധികാരപ്പെടുത്തിയിട്ടുള്ള ഏജന്റ്
മുഖേനയോ ഹാജരാകുകയും സർവ്വെ അടയാളങ്ങൾ
പുതുക്കുകയോ അറ്റകുറ്റപണികൾ ചെയ്യുകയോ നിങ്ങളുടെ
രക്ഷിറ്റർ ചെയ്ത കൈവശഭൂമിയിലോ അഥവാ അതിന്റെ
അതിരുകളിലോ ആവശ്യമുള്ളപ്പോഴെല്ലാം കുറ്റിക്കാടുകൾ
വെട്ടിതെളിച്ച് സൗകര്യങ്ങൾ നൽകുകയും ചെയ്യണമെന്ന്
നിങ്ങളോടാവശ്യപ്പെടുന്നു.

(3) കൂടുതൽ വിവരങ്ങൾ താഴെ ഒപ്പിട്ടിരിക്കുന്നയാളോട്
ആവശ്യപ്പെടുക. അദ്ദേഹം ആ സംഗതിയിൽ ആവശ്യമായ
സഹായം നൽകുന്നതാണ്.

താലൂക്ക് സർവ്വെയർ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

താലൂക്ക് : കരുനാഗപ്പള്ളി No 4927/03(1) ബ്ലോക്ക്നമ്പർ : 3

വില്ലേജ് : ഓച്ചിറ വിസ്തീർണ്ണം : 83.79 ഗ്രാ

26 9
P.9

ഫീൽഡ്നമ്പർ 147/1

അതിർത്തി കല്ലിടാൻ അഡീഷ്ണൽ ഉത്തരവ് താലൂക്ക് സർവേയുടെ വെളിപ്പെടുത്തൽ [സുനിൽകുമാർ

എന്നെ കൈയാൽ വെച്ച്

1) റോഡിലൂടെ നടന്നും
2) "
3) "



05/12/03

VILLAGE OFFICER
RACHIRA

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

27 11

ജില്ല: കൊല്ലം
താലൂക്ക്: കുന്നത്തൂർ
വില്ലേജ്: തൊടിയൂർ

സർവ്വേ നമ്പർ . 147/1,5 ഭാഗിക്ക്

ബഹു. കുന്നത്തൂർ മുൻസിഫ് കോടതിയിലെ
OS 133/2018-ാം നമ്പർ കേസിൽ കമ്മീഷനായുള്ള
സ്പെഷ്യൽ അമീനും, നിർദ്ദേശപ്രകാരവും അല്ലാതെയുള്ള
സർവ്വേ പ്ലാൻ.



| | | |

14/12/12

160/12

9/04/2861

10/10

7979

7989

7987

WPC 28221/2005 Dated 14/12/2012 [illegible]

[illegible]



160/10 [illegible]

160/12 [illegible] K.P. [illegible]

160/6 [P1] [illegible]

163/4 [illegible]

163/3 [P2] [illegible]

156/10 [illegible]

159/1 ① [illegible] ② [illegible]

159/10 ① [illegible]

159/11 ① [illegible] ② [illegible]

159/12 [illegible]

158/1 [illegible]

158/2 [illegible]

158/5 [illegible] ② [illegible]

158/6 ① [illegible] ② [illegible] ③ [illegible] ④ [illegible] ⑤ [illegible]

[illegible] 160/12, 163/5, 156/5 [illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കേരള സർക്കാർ

പൊതുഭരണ (ഏകോപനം)വകുപ്പ് .

നമ്പർ.സിഡിഎൻ3/2027/2024/പൊഭവ 26-09-2024,തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വകുപ്പുമുഖ്യന്മാർക്കും

സർ,

വിഷയം:- പൊതുഭരണ വകുപ്പ് - സർക്കാർ വകുപ്പുമുഖ്യന്മാരുടെയും, ജില്ലാ കളക്ടർമാരുടേയും വാർഷിക സമ്മേളനം 2024 – വിവരങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

2024-ലെ ജില്ലാ കളക്ടർമാരുടേയും, വകുപ്പുമുഖ്യന്മാരുടേയും, വാർഷിക സമ്മേളനം ഒക്ടോബർ 21, 22 തീയതികളിൽ തിരുവനന്തപുരം കൈക്കാട് ഗവ.ഗസ്റ്റ് ഹൗസ്സിൽ ചേരുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം അറിയിക്കുന്നതോടൊപ്പം പ്രസ്തുത സമ്മേളനത്തിൽ ചർച്ച ചെയ്യുവാനുള്ള വിഷയങ്ങളുടെ വിശദാംശങ്ങൾ **05.10.2024**-ന് മുൻപായി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ഒരു പകർപ്പ് പൊതുഭരണ (ഏകോപനം) വകുപ്പിന് നൽകേണ്ടതാണെന്നും കൂടാതെ 2022-ലെ വാർഷിക സമ്മേളനത്തിന്റെ നടപടിക്കുറിപ്പുകളിന്മേൽ സ്വീകരിച്ച നടപടിയുടെ റിപ്പോർട്ടും അജണ്ടയോടൊപ്പം തന്നെ **05.10.2024**-നകം അടിയന്തിരമായി ലഭ്യമാക്കുവാനും അഭ്യർത്ഥിക്കുന്നു.

അജണ്ടയും, സ്വീകരിച്ച നടപടി റിപ്പോർട്ടും ലഭ്യമാക്കേണ്ട പ്രൊഫോർമ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയതിന്റെ സോഫ്റ്റ് കോപ്പി (editable format) കൂടി **gadcdn3@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽകൂടി ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
മുഹമ്മദ് റിയാസ്
അഡീഷണൽ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.
Signed by Anandhu S S
Date: 26-09-2024 13:06:53

അഡീഷണൽ ചീഫ് സെക്രട്ടർ

ജില്ലാ കളക്ടർമാർ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഫ്രോഫോർമ 1

2024ലെ ജില്ലാ കളക്ടർമാരുടേയും, വകുപ്പധ്യക്ഷന്മാരുടേയും, വാർഷിക സമ്മേളനത്തിൽ ചർച്ച ചെയ്യാനുള്ള വിഷയങ്ങളുടെ വിശദാംശങ്ങൾ

ക്രമ നം.	അജണ്ട ഇനം	തീരുമാനമെടുക്കേണ്ട വിഷയം	നടപടി സ്വീകരിക്കേണ്ടത്

ഫ്രോഫോർമ 2

2022-ലെ ജില്ലാ കളക്ടർമാരുടേയും, വകുപ്പധ്യക്ഷന്മാരുടേയും, വാർഷിക സമ്മേളനത്തിൽ ചർച്ച ചെയ്ത വിഷയങ്ങളിന്മേൽ സ്വീകരിച്ച് നടപടി റിപ്പോർട്ട്

ക്രമ നം.	വിഷയം	കൈക്കൊണ്ട നടപടി

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കേരള സർക്കാർ

2022 സെപ്റ്റംബർ 28, 29 തീയതികളിൽ തിരുവനന്തപുരം മാസ്ക്ക്റ്റ് ഹോട്ടലിൽ വച്ച് നടന്ന ജില്ലാ കളക്ടർമാരുടെയും വകുപ്പുമേധാവികളുടെയും വാർഷിക സമ്മേളനത്തിന്റെ യോഗനടപടിക്കുറിപ്പുകൾ

NO TO DRUGS

പൊതുഭരണ വകുപ്പ്

2373

2022 സെപ്റ്റംബർ 28, 29 തീയതികളിൽ തിരുവനന്തപുരം മാസ്ക്കറ്റ് ഹോട്ടലിൽ വച്ച് നടന്ന ജില്ലാ കളക്ടർമാരുടെയും വകുപ്പുമേധാവികളുടെയും വാർഷിക സമ്മേളനത്തിന്റെ യോഗനടപടിക്കുറിപ്പുകൾ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

2022 സെപ്റ്റംബർ 28, 29 തീയതികളിൽ നടന്ന ജില്ലാ കളക്ടർമാരുടെയും വകുപ്പുമേധാവികളുടെയും വാർഷിക സമ്മേളനത്തിന്റെ യോഗനടപടിക്കുറിപ്പുകൾ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും മന്ത്രിമാരെയും സെക്രട്ടറിമാരെയും വകുപ്പുമേധാവികളെയും ജില്ലാ കളക്ടർമാരെയും മറ്റ് ഉദ്യോഗസ്ഥരെയും കോൺഫറൻസിലേയ്ക്ക് ചീഫ് സെക്രട്ടറി സ്വാഗതം ചെയ്തു.

കളക്ടേഴ്സ് കോൺഫറൻസ് ഇതിനുമുമ്പ് നടത്തിയത് 2019 ഡിസംബർ മാസത്തിലായിരുന്നു. കോവിഡ് മഹാമാരി നിമിത്തം പിന്നീടത് നടത്താൻ സാധിച്ചിരുന്നില്ല. വീണ്ടുമത് പുനരാരംഭിച്ചിരിക്കുകയാണ്. വിവിധ വകുപ്പുകളുടെ വികസന സംബന്ധമായ പ്രശ്നങ്ങൾ, മറ്റ് തരത്തിലുള്ള പ്രശ്നങ്ങൾ എല്ലാം ഈ കോൺഫറൻസിൽ അജണ്ടയായി വച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളും യോജിച്ച് പ്രവർത്തിച്ചാൽ മാത്രമേ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. ഒരു വകുപ്പ് ചെയ്യുന്ന പ്രവർത്തനങ്ങളെ മറ്റ് വകുപ്പുകൾ പിന്തുണയ്ക്കുന്ന സമീപനം സ്വീകരിക്കേണ്ടതും ആവശ്യമാണ്. ഒരു വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് മറ്റ് വകുപ്പുകളിൽ നിന്നും സഹകരണം ഉണ്ടാകാത്തത് മന്ത്രിസഭയുടെ ശ്രദ്ധയിൽവന്നിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾക്ക് ഈ കോൺഫറൻസ് വളരെയധികം പ്രയോജനപ്പെടും. ഉത്ഘാടന പ്രസംഗം നടത്താനായി ബഹു. മുഖ്യമന്ത്രിയെ ചീഫ് സെക്രട്ടറി ക്ഷണിച്ചു,

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടക്കുന്ന ആദ്യത്തെ കോൺഫറൻസാണിത്. കോവിഡ് മഹാമാരി നിമിത്തമാണ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

മുൻ വർഷങ്ങളിൽ ഇത്തരത്തിൽ ഒരു യോഗം നടത്തുന്നതിന് പ്രയാസം നേരിട്ടത്. ആ ഘട്ടത്തിൽ വീഡിയോ കോൺഫറൻസ് വഴി സെക്രട്ടറിമാരുടെയും വകുപ്പുമേധാവികളുടെയും ജില്ലാ കളക്ടർമാരുടെയും ജില്ലാ പോലീസ് മേധാവികളുടെയും മറ്റും യോഗം ചേർന്നിരുന്നു. പ്രത്യേകം എടുത്തുപറയത്തക്ക രീതിയിലുള്ള നടപടികളാണ് ജില്ലാ ഭരണകൂടങ്ങളിൽനിന്നുംഉണ്ടായത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ജനപ്രതിനിധികളുമായി ഏകോപനം നടത്തി കാര്യക്ഷമമായ നടപടികൾ ആ ഘട്ടത്തിൽ സ്വീകരിക്കാൻ ജില്ലാ ഭരണകൂടങ്ങൾക്ക് കഴിഞ്ഞിരുന്നു. ഇന്നത്തെ യോഗത്തിന് വിശദമായ അജണ്ട തയ്യാറാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ട് നൂറുദിന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുകയുണ്ടായി. ജനങ്ങളെ സ്പർശിക്കുന്ന എല്ലാ മേഖലകളെയും ഉൾപ്പെടുത്തിയാണ് പ്രസ്തുത പരിപാടികൾ ആവിഷ്കരിച്ചിരിക്കുന്നത്. പക്ഷേ ലക്ഷ്യം കൈവരിക്കാൻ ചില കാര്യങ്ങൾ ഇനിയും ബാക്കി നിൽക്കുന്നുണ്ട്. അത്തരം കാര്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ജില്ലാ ഭരണകൂടങ്ങൾ മുൻഗണനാക്രമത്തിൽ നടപടികൾ സ്വീകരിക്കണം.

അതുപോലെ സർക്കാർ തലത്തിൽ ഫയൽ തീർപ്പാക്കൽ യജ്ഞം ജൂൺ 15 മുതൽ സെപ്തംബർ 30 വരെയുള്ള കാലയളവിൽ നടപ്പാക്കിയിട്ടുണ്ട്. ചില ജില്ലകളിൽ നല്ല തരത്തിൽ ആ പരിപാടി നടപ്പാക്കിയിട്ടുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. ജില്ലാതലത്തിൽ കൃത്യമായ ഫയൽ തീർപ്പാക്കൽ, പരാതി പരിഹാരം ഇത്തരം കാര്യങ്ങൾക്ക് കളക്ടർമാർതന്നെ മുൻകയ്യെടുക്കുന്ന അവസ്ഥയുണ്ടാകണം. പരാതി പരിഹാര അദാലത്തുകൾ കൃത്യമായ സമയക്രമത്തോടെ നടത്തുന്നതും നന്നാകും.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സർക്കാർ സേവനങ്ങൾക്കായി ഉപയോക്താക്കൾ ഓഫീസുകൾ കയറിയിറങ്ങുന്ന അവസ്ഥയുണ്ടാകരുതെന്ന് സർക്കാരിന് നിർബന്ധമുണ്ട്. ഈ കാര്യം ആദ്യ മന്ത്രിസഭായോഗത്തിനു ശേഷംതന്നെ എല്ലാവരെയും അറിയിച്ചിട്ടുള്ളതാണ്. സേവന ലഭ്യതയ്ക്കായുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക പ്രധാനമാണ്. അത്തരത്തിൽ ലഘൂകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഇതിനകംതന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് കൃത്യമായി നടപ്പാക്കുന്നുണ്ടോ എന്നത് ജില്ലാ കളക്ടർമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. അതോടൊപ്പം സേവനങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ ഒരു തരത്തിലുള്ള അഴിമതിയും ഉണ്ടാകരുതെന്ന കാര്യവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം കാര്യങ്ങളിൽ വ്യക്തിപരമായ ചുമതല ജില്ലാ കളക്ടർമാർക്കുണ്ട് എന്നത് ഓർക്കേണ്ടതാണ്.

മറ്റൊരു പ്രശ്നം നമ്മുടെ നാട്ടിൽ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇനിയും നടക്കേണ്ടതായിട്ടുണ്ട്. ഇത്തരം വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ആവശ്യമായി വരും. ഭൂമി ഏറ്റെടുക്കൽ നമ്മുടെ നാട്ടിൽ വലിയൊരു പ്രശ്നമാണ്. ഭൂമി ഏറ്റെടുക്കൽ കാര്യക്ഷമമായി നടക്കും എന്നത് ഉറപ്പുവരുത്താനാകണം. അതോടൊപ്പം നഷ്ടപരിഹാരത്തിന്റെ കാര്യത്തിൽ ഒരു കാലവിളംബവും ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. നമുക്ക് ചില ദുരനുഭവങ്ങളുണ്ട്. ദുരന്തം പേറേണ്ടി വന്നവർക്ക് ഇന്ന തരത്തിലുള്ള ആനുകൂല്യങ്ങൾ കൊടുക്കാമെന്ന് നമ്മൾ തീരുമാനിച്ചെങ്കിലും അതിലൊരു ഭാഗംപോലും കൊടുത്തിട്ടില്ലായെന്ന് പിന്നീടാണ് മനസ്സിലാകുന്നത്. അപ്പോൾ മാസങ്ങളല്ല വർഷങ്ങൾതന്നെ കഴിഞ്ഞിരിക്കും. അങ്ങനെയൊരവസ്ഥ ഉണ്ടാകാൻ പാടില്ല.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പ്രളയത്തിന്റെ ഭാഗമായി നാട്ടിലുണ്ടായ നാശനഷ്ടത്തിനുള്ള നഷ്ടപരിഹാരം എങ്ങനെയെന്നുള്ളത് നേരത്തെ വ്യക്തത വരുത്തിയതാണ്. അടുത്ത നാളിലാണ് അതിന്റെ ചില ഭാഗങ്ങൾ കൊടുത്തുതീർക്കുന്ന അവസ്ഥയുണ്ടായത്. എല്ലാത്തിലും നേരത്തെ വ്യക്തത ഉണ്ടായതാണെങ്കിലും പണം അവസാനം കിട്ടേണ്ട ആൾക്ക് കിട്ടിയില്ല എന്നുമാത്രം. നഷ്ടപരിഹാരം കൊടുക്കണം. അപൂർവ്വം കേസുകളിൽ അതിലും വല്ലാത്ത കാലതാമസമുണ്ടാകും. ഇത്തരം കാര്യങ്ങളിൽ ഒരു കാലവിളംബവും ഉണ്ടാകില്ല എന്നത് ഉറപ്പുവരുത്തേണ്ടതാണ്. അതോടൊപ്പം ഇത്തവണത്തെ ബഡ്ജറ്റിൽ ഒരുപാട് പ്രവർത്തനങ്ങൾ നടത്താൻ നാം തീരുമാനിച്ചിട്ടുണ്ട്. സെക്രട്ടറിമാരുടെ യോഗം അത് പരിശോധിച്ചതാണ്. അത് സമയബന്ധിതമായി നടപ്പാക്കുന്നതിന് നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിലും ഭൂമി ഏറ്റെടുക്കേണ്ട പ്രശ്നങ്ങളുണ്ടാകും. അത് സമയബന്ധിതമായി ഏറ്റെടുക്കാൻ കഴിയണം. ചില കാര്യങ്ങളിൽ വല്ലാത്ത കാലതാമസം വരുന്നതിന്റെ ഒരു ഉദാഹരണം വയനാട്ടിലെ കോഫി പാർക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് പ്രഖ്യാപിച്ചത്. അതുമായി ബന്ധപ്പെട്ട നടപടികളിൽ ശരിയായ രീതിയിൽ തുടക്കം കുറിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അത് ഫലപ്രാപ്തിയിൽ എത്തേണ്ടത് പ്രധാനമാണ്. അത് നടപ്പായാൽ അവിടത്തെ കാപ്പികൃഷിക്കാർക്ക് വലിയ ഗുണം ലഭ്യമാകുന്നതാണ്.

വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ജില്ലാ ഭരണകൂടത്തിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സജീവ പങ്കാളിത്തത്തോടെ നടപ്പാക്കേണ്ട ചില പരിപാടികളുണ്ടാകും. അതിൽ ഒന്നാണ് കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കേണ്ട നടപടികൾ.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഇപ്പോൾ ഏത് സമയത്തും വെള്ളം പൊങ്ങാം എന്നതാണ് അവസ്ഥ. മഴ തകൃതിയായി പെയ്യുമ്പോഴാണ് വെള്ളപ്പൊക്കമുണ്ടാകുക. അതിതീവ്ര മഴ ഏത് നിമിഷത്തിലും വരാമെന്നുള്ളതാണ് കേരളത്തിന്റെ കഴിഞ്ഞ അനുഭവം. കഴിഞ്ഞ തവണ കൊച്ചി നഗരത്തിലുണ്ടായ വെള്ളപ്പൊക്കം അതിന്റെ ഭാഗമായാണ്. അക്കാര്യത്തിൽ നമുക്ക് ഫലപ്രദമായ നടപടി സ്വീകരിക്കാൻ കഴിയണം. ഇത്തരത്തിലുള്ള കാര്യങ്ങളിൽ ജില്ലാ കളക്ടർമാർ ശ്രദ്ധാപൂർവ്വം നടപടികൾ സ്വീകരിക്കണം. നേരത്തെ തിരുവനന്തപുരത്ത് മഴ പെയ്യുന്ന ഘട്ടത്തിൽ വെള്ളം കയറുന്ന സ്ഥിതിയുണ്ടായിരുന്നു. ഈ വർഷം ആ പ്രശ്നം വലിയ തോതിൽ ഉണ്ടായില്ല. ഫലപ്രദമായ നടപടി കഴിഞ്ഞ സീസണിൽ ഇവിടത്തെ ജില്ലാ ഭരണകൂടത്തിന് നിർവ്വഹിക്കാൻ കഴിഞ്ഞു. അത്തരം കാര്യങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കുന്ന നിലയുണ്ടാകണം.

സർക്കാർ സേവനങ്ങളെ ജനങ്ങൾക്ക് നൽകുന്ന ഔദാര്യമായിട്ടല്ല, ജനങ്ങളുടെ അവകാശമാണ് എന്ന ഒരു പൊതുബോധം നമ്മളിൽ എല്ലാവരിലും ഉണ്ടാകണം. അത് മുഴുവൻ ആളുകൾക്കും ലഭ്യമാക്കുന്നതിനാവശ്യമായ ലളിതമായ പ്രക്രിയ നിലവിൽ വരണം. ഇപ്പോൾ ഒട്ടേറെ സർവ്വീസുകളിൽ ഓൺലൈൻ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. വേഗത്തിൽ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനു വേണ്ടിയാണ് അത്തരം നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഈ ഒരു ധാരണ നമുക്കെല്ലാവർക്കും ഉണ്ടാകണം. ജില്ലാ കളക്ടർമാർ എന്ന നിലയ്ക്ക് വലിയ ഉത്തരവാദിത്വമാണ് നിങ്ങൾ ഓരോരുത്തരും നിർവ്വഹിക്കാൻ ബാദ്ധ്യതപ്പെട്ടിരിക്കുന്നത്. അതിന്റെ ഭാഗമായി ഒട്ടേറെ പ്രശ്നങ്ങൾ നിങ്ങളുടെ മുമ്പിൽ വരും. വിവിധ ആളുകൾ നിങ്ങളെ ബന്ധപ്പെടുകയും ചെയ്യും. അത്തരം ആളുകൾക്ക് ബന്ധപ്പെടാൻ കഴിയുന്ന ഒരു സ്ഥാനമായി ജില്ലാ കളക്ടർ സ്ഥാനം തുടരേണ്ടതായിട്ടുണ്ട്. പലരും നല്ല

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

രീതിയിൽതന്നെ അത്തരം കാര്യങ്ങളിൽ പ്രതികരിച്ച് പോകുന്നവരാണ്. പക്ഷേ അപൂർവ്വം ചിലർ അങ്ങനെയല്ലാത്ത നില സ്വീകരിച്ചുപോരുന്നുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഫോൺ ഒരു ഘട്ടത്തിലും എടുക്കില്ല എന്ന ദൃഢനിശ്ചയത്തോടെ ഇരിക്കുന്ന ഒറ്റപ്പെട്ട കേസ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ഗുണകരമായ കാര്യമല്ല. നിങ്ങളിലൂടെയാണ് പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുക എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഒരു വ്യക്തി ഒരു പ്രശ്നം നിങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവരുന്നത്. അതിനുശേഷം അദ്ദേഹം വിളിച്ചാൽ പിന്നീട് ഫോൺ എടുക്കാത്ത അവസ്ഥയുണ്ട്. ആ പ്രശ്നത്തിന് പരിഹാരം കാണാതിരിക്കുന്ന അവസ്ഥയുണ്ട്. ചിലർ കളക്ടർ ചെയ്യേണ്ട കാര്യം എ.ഡി.എം.-നോട് പറയാമെന്ന് പറയുകയും എന്നാൽ എ.ഡി.എം.-നോട് പറയാതിരിക്കുകയും ചെയ്യുന്നു. ഇത്തരം കാര്യങ്ങൾ നമുക്ക് ചേരുന്ന സ്വഭാവവിശേഷമല്ല. എന്നാൽ നല്ല രീതിയിൽ പ്രതികരിക്കുന്നവരും എല്ലാവരോടും നല്ലതുപോലെ പെരുമാറുന്നവരുമായ ഒട്ടേറെപേർ നമ്മുടെ കൂടെയുണ്ട്. ആ തലത്തിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിയണം. ഓരോ ദിവസവും ഓഫീസിൽനിന്ന് പോകുന്നതിനുമുമ്പ് അന്ന് ചെയ്ത കാര്യങ്ങളെ സംബന്ധിച്ച് സ്വയം വിലയിരുത്തൽ നടത്തുകയും എന്തെങ്കിലും അബദ്ധം സംഭവിച്ചിട്ടുണ്ടെങ്കിൽ അത് ആവർത്തിക്കാതിരിക്കുകയും ചെയ്യണം. അങ്ങനെയൊരു രീതി നിങ്ങൾ സ്വീകരിക്കേണ്ടതാണ്. നിങ്ങളുടെ ആശയങ്ങൾ പങ്കുവയ്ക്കാൻ നിങ്ങൾക്കവസരമുണ്ട്. അജണ്ടയുടെ ഭാഗമായി മറ്റ് കാര്യങ്ങളെക്കുറിച്ച് വിശദമായി ഈ യോഗത്തിൽ ചർച്ച ചെയ്യാമെന്ന് ബഹു.മുഖ്യമന്ത്രി ആമുഖമായി പറയുകയും ചെയ്തു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ പ്രധാനപ്പെട്ട വിഷയങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയും, ഇന്നും നാളെയുമായി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നടക്കുന്ന ഈ കോൺഫറൻസിൽ എല്ലാ വിഷയങ്ങളെക്കുറിച്ചും സമഗ്രമായ ചർച്ച ചെയ്യേണ്ടതുണ്ട്. അതിനകത്ത് നിങ്ങളുടെ ശ്രദ്ധയിൽപ്പെടേണ്ടതും കൂട്ടി യോജിപ്പിക്കേണ്ടതുമായ ചില പ്രശ്നങ്ങളുമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നിലപാടെടുക്കാൻ കഴിയുന്ന എന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ അത് പറയാം. ഇവിടെയുള്ള 18 അജണ്ടകളിൽ ഏറ്റവും പ്രധാനപ്പെട്ടത് പട്ടയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. ഒന്നാം പിണറായി സർക്കാരിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ 1,77,000 പട്ടയങ്ങളും കഴിഞ്ഞ ഒരു വർഷക്കാലയളവിൽ 54,535 പട്ടയങ്ങളും കൊടുത്തുകഴിഞ്ഞു. കേരള ചരിത്രത്തിലാദ്യമായി പട്ടയങ്ങൾ കൊടുത്തുതുടങ്ങുക എന്നൊരു സ്ഥിതിവിശേഷത്തിലേയ്ക്ക് നമ്മൾ കടന്നു. നിലവിൽ പട്ടയത്തിന്റെ കോപ്പി നഷ്ടപ്പെട്ടാൽ വീണ്ടും പട്ടയം കൊടുക്കാനുള്ള വകുപ്പ് ചട്ടപ്രകാരമില്ല. അതിനുവേണ്ടി ചട്ടം ഭേദഗതി ചെയ്യേണ്ടിവരും. അതിനെക്കാൾ നല്ലത്, മലപ്പുറത്ത് നിന്നാരംഭിച്ച ഡിജിറ്റൽ പട്ടയ വിതരണത്തിന്റെ ശൈലിയിൽ ഇനി വിതരണം ചെയ്യേണ്ട എൽ.റ്റി. പട്ടയങ്ങൾ നൽകാൻ തീരുമാനിച്ചാൽ വളരെ എളുപ്പത്തിൽ അത് പൂർത്തിയാക്കാൻ കഴിയും. ഇത്തവണ മലയോര - ആദിവാസി മേഖലകളിലെ പട്ടയങ്ങൾക്ക് പ്രാധാന്യം കൊടുക്കുക എന്നുള്ളതാണ്. ഇക്കാര്യം ഒരു മിഷനായി ഏറ്റെടുത്ത് വൈദ്യുതി, പട്ടികജാതി- പട്ടികവർഗ്ഗം, വനം എന്നീ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിമാരുമായി കൂടിയാലോചന നടത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അക്കാര്യത്തിൽ ഒരു ധാരണയുണ്ടാക്കുകയും മറ്റു വകുപ്പുകളുടെ കയ്യിലുള്ളതും കൊടുത്തുതീർക്കാൻ പറ്റാത്തതുമായിട്ടുള്ള പട്ടയങ്ങളുടെ ഒരു പൊതുരൂപംകൂടി ഉണ്ടാക്കിയാൽ അഞ്ചുവർഷംകൊണ്ട് 'ഭൂരഹിതരില്ലാത്ത കേരളം' എന്ന ആശയത്തിലേയ്ക്ക് കടക്കാൻ കഴിയും.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ബന്ധപ്പെട്ട അജണ്ടകൾ വരുമ്പോൾ ഇതുസംബന്ധിച്ച് ചർച്ച ചെയ്യാവുന്നതാണെന്ന് ബഹു.റവന്യൂ-ഭവനനിർമ്മാണ വകുപ്പു മന്ത്രി അറിയിച്ചു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ പ്രോജക്ട് എത്രയുംവേഗം പൂർത്തിയാക്കുക എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. കളക്ടർമാർ എല്ലാ പ്രോജക്ടുകൾക്കും അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുക്കുമ്പോൾ പ്രോജക്ട് മാനേജർ വേണമെന്നും പ്രോജക്ട് അവസാനിക്കുന്ന തീയതി എന്നാണെന്ന് രേഖപ്പെടുത്തണമെന്നുമുള്ള ഉത്തരവിറക്കിയിട്ടുണ്ട്. കേരളത്തിലെ എല്ലാ പ്രോജക്ടുകൾക്കും ഇത് ബാധകമാണ്. പറഞ്ഞ തീയതിക്കുള്ളിൽ പദ്ധതി തീർക്കാനായിട്ടുള്ള പ്രവർത്തനം പ്രോജക്ട് മാനേജർമാരുടെയും വകുപ്പ് തലവൻമാരുടെയും കളക്ടർമാരുടെയും ഭാഗത്തുനിന്നുണ്ടായാൽ മാത്രമേ സംസ്ഥാന പ്രോജക്ടാണെങ്കിലും കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്നതാണെങ്കിലും സംയുക്ത പ്രോജക്ടാണെങ്കിലും സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. അക്കാര്യം എല്ലാവരും ശ്രദ്ധിക്കണമെന്നും, പ്രധാനപ്പെട്ട അജണ്ടകളെക്കുറിച്ച് ചർച്ച ചെയ്യാമെന്നും ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

1.റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുക്കൽ (നാഷണൽ ഹൈവേ)

പ്രസ്തുത വിഷയം സംബന്ധിച്ച് പല ജില്ലകളിലും നല്ല പുരോഗതി ഉണ്ടായിട്ടുണ്ടെന്നും, ആലപ്പുഴ ജില്ലയിൽ 20 ശതമാനം മാത്രമേ ഫണ്ട് വിതരണം ചെയ്തിട്ടുള്ളൂ. 4087 സ്ട്രക്ചർ ഇനിയും പൊളിച്ചുമാറ്റാനുണ്ട്. അതിൽ വലിയ കുടിശ്ശിക കാണുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ 115 കോടി രൂപ ഡിസ്ട്രിബ്യൂട്ട് ചെയ്യാനും 634 കെട്ടിടം പൊളിക്കാനുമുണ്ട്. തൃശ്ശൂർ ജില്ലയിൽ 325 കോടി രൂപ ഡിസ്ട്രിബ്യൂട്ട് ചെയ്യാനും 164 കെട്ടിടം പൊളിച്ചുമാറ്റാനുമുണ്ടെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

ആലപ്പുഴ ജില്ലയിൽ 200 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇനി 428 കോടി രൂപ ഡിസ്പേഴ്സ് ചെയ്യാനുണ്ടെന്നും, 45 ദിവസത്തിനുള്ളിൽ വിതരണം പൂർത്തിയാകും. നിലവിൽ 3242 ബിൽഡിംഗുകളാണ് പൊളിച്ചുമാറ്റാനുള്ളത്. ഇതിനായി റോഡ് മാപ്പ് തയ്യാറാക്കുകയും മൂന്ന് ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. മൂന്ന് മാസത്തിനുള്ളിൽ മുഴുവൻ സ്ട്രക്ചറും പൊളിച്ചുമാറ്റുമെന്ന് കളക്ടർ അറിയിച്ചു.

തിരുവനന്തപുരം ജില്ലയിൽ നിലവിൽ കോമ്പൻസേഷൻ ഡിസ്ട്രിബ്യൂഷൻ 95 ശതമാനം വരെ എത്തിയിട്ടുണ്ട്. 80 കോടി രൂപയാണ് ഇനി ഡിസ്പേഴ്സ് ചെയ്യാനുള്ളത്. അതെല്ലാം court case-കളാണ്. പൊളിച്ചുമാറ്റേണ്ടിയിരുന്ന 1852 കെട്ടിടങ്ങളിൽ 99 കെട്ടിടങ്ങൾ മാത്രമാണ് ഇനി പൊളിക്കാനുള്ളത്. പത്ത് ദിവസത്തിനുള്ളിൽ അത് മുഴുവൻ പൊളിച്ചുമാറ്റാൻ സാധിക്കുമെന്ന്കളക്ടർ അറിയിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

തൃശ്ശൂർ ജില്ലയിൽ 5100 കോടി രൂപയിൽ 4811 കോടി രൂപ ഡിസ്പേഴ്സ് ചെയ്യുകഴിഞ്ഞിട്ടുണ്ടെന്നും 282 കോടി രൂപയാണ് ബാക്കിയുള്ളത്. ഗവൺമെന്റ് ലാൻഡിന്റെ എമൗണ്ടോ അല്ലെങ്കിൽ റ്റൈറ്റിലിൽ കൺക്ലൂസീവ് ആകാത്ത എമൗണ്ട് മാത്രമാണ് ഇനി ബാക്കിയുള്ളത്. ഒരു മാസംകൊണ്ട് കൊടുക്കാൻ പറ്റാത്ത എമൗണ്ട് സറണ്ടർ ചെയ്യാനുള്ള തീരുമാനവും എടുക്കുന്നുണ്ട്. ഡിമോളിഷൻ നല്ലരീതിയിൽ പുരോഗമിക്കുന്നുണ്ട്. 4700 ബിൽഡിംഗുകളുടെ ഡിമോളിഷൻ കഴിഞ്ഞിട്ടുണ്ട്. 164 എണ്ണം മാത്രമേ ഇനി അവശേഷിക്കുന്നുള്ളൂ. രണ്ടു മാസം കൊണ്ട് അതും പൂർത്തിയാക്കാനുള്ള പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്ന് കളക്ടർ അറിയിച്ചു.

എൻ.എച്ച്.എ.ഐ. ചില പുതിയ റോഡുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും, അതിൽ പ്രധാനപ്പെട്ടത് തിരുവനന്തപുരത്തെ ഔട്ടർ റിംഗ് റോഡാണെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അറിയിച്ചു. കൊല്ലം-ചെങ്കോട്ട, പാലക്കാട്-കോഴിക്കോട് റോഡ്, അത്തൂർ-തുറവൂർ എന്നീ നാല് റോഡുകളുടെയും ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. Fund disburse ചെയ്യുന്നതിന് സമയപരിധി നിശ്ചയിക്കണം. കാസർഗോഡ്- 28, കണ്ണൂർ - 11, കോഴിക്കോട് - 16, മലപ്പുറം - 198, തൃശ്ശൂർ - 159, എറണാകുളം - 456, കൊല്ലം - 220, തിരുവനന്തപുരം - 181 എന്നിങ്ങനെ കെട്ടിടങ്ങൾ പൊളിക്കാൻ ബാക്കിയുണ്ട്. ആലപ്പുഴയിൽ മാക്സിമം സ്ഥലം അളക്കാമെന്ന് കളക്ടർ പറഞ്ഞിട്ടുണ്ട്. ഇതിൽ കുറച്ച് പുരോഗതി വന്നിട്ടുണ്ടെങ്കിലും ടൈം ലൈൻ ഉണ്ടെങ്കിൽ നടപടികൾ വേഗത്തിൽ പൂർത്തിയാക്കാമെന്നും സെക്രട്ടറി അറിയിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ദേശീയപാതകളുടെയും സംസ്ഥാന പ്രോജക്ടുകളുടെയും നിർമ്മാണത്തിന് മണ്ണ്, കല്ല് തുടങ്ങിയവ ആവശ്യമായുണ്ട്. അതിന്റെ പേപ്പർ പലതും ജില്ലാ ഓഫീസുകളിൽ കെട്ടിക്കിടക്കുന്നതുകൊണ്ട് പ്രോജക്ടുകൾ വൈകുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. 28.09.2022 മന്ത്രിസഭാ യോഗത്തിൽ എല്ലാ ജില്ലയിലും ഓരോ അസിസ്റ്റന്റ് ജിയോളജിസ്റ്റിന്റെ പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടുണ്ട്. അവരെ നിയമിച്ച് പെന്റിംഗ് കേസ്സുകളെല്ലാം അടിയന്തരമായി തീർപ്പാക്കണെന്നും ഇൻലാൻഡ്, വാട്ടർ അതോറിറ്റിയുടെ പ്രോജക്ടുകൾ, റെയിൽവേ പ്രോജക്ടുകൾ തുടങ്ങിയ പല പ്രോജക്ടുകൾക്കും മണ്ണും കരിങ്കല്ലും ആവശ്യമാണ്. മണ്ണ് ഖനനം ചെയ്യാനുള്ള അനുമതിക്കായുള്ള ഫയലുകളും ക്വാറി കേസുകളും കെട്ടിക്കിടക്കുന്നുണ്ട്. ഒക്ടോബർ മുതലുള്ള ആറു മാസമാണ് ഈ വർഷത്തെ വർക്കിംഗ് സീസൺ. വരുന്ന ആറു മാസം കാര്യമായി എല്ലാവരും ശ്രമിച്ചാൽ എല്ലാ പ്രോജക്ടുകളിലും നല്ല പുരോഗതി ഉണ്ടാകുകയും പ്രോജക്ടുകൾ സമയബന്ധിതമായി തീർക്കാൻ സാധിക്കുകയും ചെയ്യുമെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

അധികം സ്ഥലമേറ്റെടുക്കേണ്ട ഇടങ്ങളിൽ പുതിയ എൽ.എ. (ലാൻഡ് അക്വിസിഷൻ) യൂണിറ്റുകൾ അനുവദിക്കാൻ കഴിയുമോ എന്നാണ് അറിയേണ്ടതെന്ന് ബഹു.റവന്യൂ-ഭവന നിർമ്മാണ വകുപ്പു മന്ത്രി ചോദിച്ചു. നിരവധി പദ്ധതികൾക്കായി വലിയ തോതിൽ സ്ഥലമേറ്റെടുക്കൽ വേണ്ടിവരികയാണ്. എല്ലാ ആഴ്ചയും യോഗം ചേരുന്നുണ്ടെങ്കിലും നിലവിലുള്ള റവന്യൂ സംവിധാനം ഉപയോഗിച്ച് കാര്യങ്ങൾ വേഗത്തിലാക്കാൻ സാധിക്കുന്നില്ല. അതിനാൽ പ്രൊപ്പോസ്ഡ് കേസ്സുകൾക്കുവേണ്ടി പുതിയ എൽ.എ. യൂണിറ്റുകൾ അനുവദിച്ചാൽ ചീഫ് സെക്രട്ടറി പറഞ്ഞ സമയത്തിനുള്ളിൽ വർക്കുകൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് ബഹു.മന്ത്രി അഭിപ്രായപ്പെട്ടു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

എൽ.എ. യൂണിറ്റുകളുള്ള സ്ഥലത്തുതന്നെ സാമൂഹ്യ പഠനം നടത്തേണ്ടതായിട്ടുണ്ട്. ഇതിനുവേണ്ടി കുറച്ച് ഏജൻസികളെ എംപാനൽ ചെയ്യുകയും അവർക്ക് സമയം അനുവദിച്ച് കൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഏജൻസികൾ പലതും കൃത്യസമയത്ത് പഠനം പൂർത്തിയാക്കാത്തതും റിപ്പോർട്ട് നൽകാത്തതും കാലതാമസത്തിന് ഇടയാക്കുന്നുണ്ടെന്നും, കൂടാതെ കെട്ടിടങ്ങളുടെ വാല്യുവേഷൻ കിട്ടാനുണ്ട്. അത് എൽ.എ. യൂണിറ്റല്ല, അതത് റിക്വിസിഷൻ ഏജൻസികളാണ് വാല്യുവേഷൻ നടത്തിക്കൊടുക്കുന്നത്. ഈ രണ്ടുകാര്യങ്ങളും സ്പീഡ് അപ് ചെയ്താൽ ലാൻഡ് അക്വിസിഷൻ വേഗത്തിലാക്കാൻ സാധിക്കുമെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

ബഹു.റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി: ഡി.വി.എസ്.-ഉം ബി.വി.ആർ.-ഉം തയ്യാറാക്കി ആർ.ആർ. നടപടികളിലേയ്ക്ക് കടക്കുന്ന ജോലികൾ പി.ഡബ്ല്യു.ഡി.-യുടെ ബിൽഡിംഗ് വിഭാഗമാണ് ചെയ്യേണ്ടതെന്നും ഒരു പാക്കേജുപോലെ അതത് സംവിധാനങ്ങൾക്ക് എൽ.എ. യൂണിറ്റ് രൂപീകരിക്കാൻ കഴിഞ്ഞാൽ പ്രവൃത്തി വേഗത്തിലാക്കാൻ സാധിക്കുമെന്നും 200 ആറിന് മുകളിലാണെങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതിന് രണ്ട് വർഷത്തോളം സമയമെടുക്കുമെന്നും റിക്വസിഷൻ ഏജൻസി ഒരു പാക്കേജ് ഉണ്ടാക്കുന്നത് കൂടുതൽ സഹായകരമാകുമെന്ന് ബഹു.റവന്യൂ-ഭവനനിർമ്മാണ വകുപ്പു മന്ത്രി അറിയിച്ചു.

പുതിയ പ്രോജക്ട് തുടങ്ങുമ്പോൾ സ്പെസിഫിക് ടാസ്ക് വച്ച് ചെയ്താൽ മാത്രമേ അക്വിസിഷൻ നടപടികൾ വേഗത്തിൽ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ എന്നുള്ളതുകൊണ്ടാണ് പുതിയ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

എൽ.എ. യൂണിറ്റുകൾ വേണമെന്നാവശ്യപ്പെടുന്നതെന്നും സ്റ്റാഫിനെ re-deploy ചെയ്യാനാണ് നിലവിൽ ധനകാര്യ വകുപ്പിൽനിന്ന് ലഭിച്ചിട്ടുള്ള നിർദ്ദേശം. അങ്ങനെ ചെയ്യുമ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രോജക്ട് പാതിവഴിയിൽ നിന്നുപോകുന്ന സ്ഥിതിയാണ്. അതുകൊണ്ട് പ്രയോറിറ്റി അനുസരിച്ച് re-deploy ചെയ്യാൻ മാത്രമേ സാധിക്കുകയുള്ളുയെന്നും കാരണം ചില പ്രോജക്ടുകൾ നോൺ-പ്രയോറിറ്റിയായി മാറാൻ സാധ്യതയുണ്ട്. നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട് രണ്ട് കാര്യങ്ങൾ എൻ.എച്ച്.എ.ഐ. ഉന്നയിച്ചിട്ടുണ്ട്. മണ്ണിന്റെയും കല്ലിന്റെയും ലഭ്യതക്കുറവ് അവർ അറിയിച്ചിരുന്നു. ഇതിന്റെ ജില്ല തിരിച്ചും വില്ലേജ് തിരിച്ചുമുള്ള ലിസ്റ്റ് ഇന്നലെ കിട്ടിയിട്ടുണ്ട്. ജിയോളജിസ്റ്റ് റിപ്പോർട്ട് കൊടുത്തിട്ടില്ല എന്നുള്ളതാണ് കാലതാമസത്തിന്റെ മറ്റൊരു കാരണമായി അവർ പറയുന്നത്. ഇതുമായി ബന്ധപ്പെട്ട് റിവ്യൂ നടത്തിയശേഷം ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെന്റിനും മൈനിംഗ് ആൻഡ് ജിയോളജി ഡയറക്ടർക്കും മാക്സിമം ക്ലിയറൻസ് കൊടുക്കാൻ ശ്രമിക്കാമെന്ന് റവന്യൂവും ദുരന്തനിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

അസിസ്റ്റന്റ് ജിയോളജിസ്റ്റിനെ അടിയന്തരമായി നിയമിച്ച് നടപടികൾ വേഗത്തിലാക്കാമെന്നും എൻ.എച്ച്.-ൽ 25 മീറ്ററിൽ മണ്ണെടുക്കുന്നതിനുള്ള റെസ്ട്രിക്ഷനുണ്ടായിരുന്നു. അതിന് പുതിയ ഒരു ഉത്തരവ് കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇത് സ്പീഡ് അപ് ചെയ്യാമെന്ന് എൻവയോൺമെന്റ് ആൻഡ് ക്ലൈമറ്റ് ചേഞ്ച് ഡിപ്പാർട്ട്മെന്റ് ഡയറക്ടർ അറിയിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നാഷണൽ ഹൈവേയുടെ പ്രവർത്തനത്തിന് തടസ്സമായി പ്രസ്തുത വിഷയം വരുന്നുണ്ട്. വേഗത കൂട്ടണമെന്ന് പറയുമ്പോൾ അവർക്കാവശ്യമായ ഇത്തരം കാര്യങ്ങൾ ലഭ്യമല്ലാതിരിക്കുമ്പോൾ ജോലി നടക്കില്ല. അത് പ്രത്യേകം ശ്രദ്ധിക്കണം. അതിന് സഹായിക്കാത്ത അവസ്ഥ ജിയോളജിസ്റ്റുകളുടെ ഭാഗത്തുനിന്ന് വരുന്നുണ്ടെങ്കിൽ കളക്ടർമാർ അവരെ വിളിച്ച് ചർച്ച ചെയ്യണമെന്ന് ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

പാലക്കാട് ജില്ലയിലെ പുഴകളിൽ നിന്ന് മണ്ണെടുത്ത് സൈഡിൽ കൂട്ടിയിട്ടിട്ടുണ്ട്. അതൊക്കെ വെറുതെ കിടക്കുകയാണെന്ന് ബഹു.വൈദ്യുതി വകുപ്പു മന്ത്രി അറിയിച്ചു.

ചില സ്ഥലങ്ങളിൽ 'അമൃത് സരോവർ' പദ്ധതിയിൽ വലിയ കുളമുണ്ടാക്കി അതിൽ നിന്ന് മണ്ണെടുത്ത് പ്രോജക്ടുകൾക്ക് ഉപയോഗിക്കുന്നുണ്ട്. കൂടാതെ ഡി-സിൽട്ടേഷന്റെ ഭാഗമായി നദികളിൽ നിന്നെടുത്ത മണ്ണ് ഓക്ഷൻ ചെയ്യും ഇതിനായി ഉപയോഗിക്കാമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

നടപടി (പൊതുമരാമത്ത് വകുപ്പ്, റവന്യൂ, എല്ലാ ജില്ലാ കളക്ടർമാരും)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

2.സംസ്ഥാനത്തെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കലിന്റെ പുരോഗതി

പ്രധാനപ്പെട്ട പദ്ധതികളുടെ ഭൂമിയേറ്റെടുക്കൽ നടപടികൾ എല്ലാ ജില്ലകളിലും പെൻഡിംഗിലാണ്. തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ കേസുകളുള്ളത്. അതിൽത്തന്നെ ഏറ്റവും പ്രധാനപ്പെട്ടത് തിരുവനന്തപുരം-നേമം റെയിൽപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികളാണ്. ഈ വിഷയം സംബന്ധിച്ച് രണ്ടുമൂന്നു പ്രാവശ്യം റിവ്യൂ നടത്തിയിരുന്നു. പദ്ധതിയുടെ ലാൻഡ് അക്വിസിഷൻ നടപടികൾ സമയത്തിന് പൂർത്തിയാക്കിയിരുന്നില്ല. പ്രസ്തുത നടപടികൾ സംബന്ധിച്ച് വിശദമാക്കാനും, എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി 50 ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടിയും ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാൻ ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടു.

കഴിഞ്ഞ റിവ്യൂ മീറ്റിംഗിനുശേഷം പാത ഇരട്ടിപ്പിക്കലിന് ഭൂമിയേറ്റെടുക്കുന്ന നടപടി on track ആയിട്ടുണ്ട്. D.V.S. -ഉം B.V.R. preparation- നും നേരത്തെ തീരുമാനിച്ചതുപോലെ ടാർഗറ്റ് ഡേറ്റ് അനുസരിച്ച് തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ 500 DVS തയ്യാറാക്കുകയും 200 എണ്ണത്തിന്റെ അവാർഡ് പാസ്സാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ മാസം അവസാനത്തോടെ തിരുവനന്തപുരം-നേമം സ്കെച്ചിലെ സെപ്റ്റംബർ മാസത്തെ ടാർഗറ്റ് achieve ചെയ്യാനാകുമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

2022 മാർച്ച് 31-നകം ഭൂമി ഏറ്റെടുത്ത് നൽകാമെന്ന് പ്രധാനമന്ത്രിയുടെ ഓഫീസിനെ അറിയിച്ചിരുന്നതാണെന്നും എന്നാൽ ഇതുവരെ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാനായിട്ടില്ലെന്നും ചീഫ് സെക്രട്ടറി സൂചിപ്പിച്ചു.

തിരുവനന്തപുരം ജില്ലയിൽ എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ഒന്നാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി 50 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. അവശേഷിക്കുന്ന 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് 19(1) നോട്ടിഫിക്കേഷന് എക്സ്റ്റൻഷൻ ലഭിച്ചിട്ടുണ്ട്. റിക്വിസിഷൻ അതോറിറ്റിയിൽനിന്നും ഫണ്ട് ലഭിക്കുന്നമുറയ്ക്ക് ഭൂമി ഏറ്റെടുക്കാവുന്നതാണ് കളക്ടർ അറിയിച്ചു.

തിരുവനന്തപുരം ജില്ലയിൽ ISRO-LPSC വലിയമലയ്ക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതിന് അവർ പണം നൽകേണ്ടതാണ്. ഭൂമി ഏറ്റെടുക്കുന്നതിന് മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അക്കാര്യം ചർച്ച ചെയ്യാമെന്ന് ചീഫ് സെക്രട്ടറി പറഞ്ഞതിന്റെ അടിസ്ഥനത്തിൽ മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് യാതൊരു പ്രശ്നവുമില്ലെന്നും, പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികൾ ഭാഗികമായി പൂർത്തിയാക്കിയതാണ്. തിരുവനന്തപുരം ജില്ലയിൽ ആകെ 106 ലാൻഡ് അക്വിസിഷൻ പ്രോജക്ടുകളാണുള്ളത്. ഏറ്റവും പ്രധാനപ്പെട്ട വിഷയം valuation-നുമായി ബന്ധപ്പെട്ടതാണ്. ഡി.വി.എസ്., ബി.വി.ആർ. പ്രിപ്പറേഷനുകളിൽ വാല്യുവേഷൻ സ്പീഡ്അപ് ആക്കാൻ പറഞ്ഞിരുന്നു. ചില റിക്വിസിഷൻ അതോറിറ്റികൾ നേരിട്ട് വാല്യുവേഷൻ നടത്തുകയും മറ്റ് ചിലർ outsource ചെയ്യുകയുമാണ് ചെയ്യുന്നത്. വാല്യുവേഷൻ നടത്തേണ്ടത് സംബന്ധിച്ച്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സംസ്ഥാനതലത്തിൽ ഡയറക്ഷൻ ലഭിച്ചാൽ പല ലാൻഡ് അക്വിസിഷൻ പ്രോജക്ടുകളുടെയും വാല്യുവേഷൻ നടപടികൾ വേഗത്തിലാക്കാനും ലാൻഡ് അക്വിസിഷൻ ത്വരിതപ്പെടുത്താനും കഴിയു എന്ന് കളക്ടർ അറിയിച്ചു.

നടപടി (ജില്ലാ കളക്ടർ, തിരുവനനന്തപുരം)

എറണാകുളം ജില്ലയിൽ ഭൂമിയേറ്റെടുക്കൽ പൂർത്തിയാകാത്തതിനാൽ വളരെയധികം പ്രോജക്ടുകൾ പെൻഡിംഗിലാണെന്നും അവിടെ എന്തെങ്കിലും പ്രശ്നമുണ്ടോ എന്ന് ചീഫ് സെക്രട്ടറി ചോദിക്കുകയും, തുടർന്ന് ദേശീയപാത 66 -ന പുറമെ പതിനഞ്ചോളം പ്രധാന പ്രോജക്ടുകൾ എറണാകുളം ജില്ലയിലുണ്ട്. അതിൽ രണ്ട് പ്രോജക്ടുകളുടെ ഭൂമിയേറ്റെടുക്കലിനാണ് മറ്റ് ഡിപ്പാർട്ടുമെന്റുകളുടെ സഹായം വേണ്ടതെന്നും എറണാകുളം-അമ്പലപ്പുഴ റെയിൽവേ ഡബ്ലിംഗിൽ അർത്ഥനാധികാരിയായ സതേൺ റെയിൽവേ കൺസ്ട്രക്ഷൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ പുറമ്പോക്ക് ഭൂമിയിലെ കെട്ടിടങ്ങളുടെ വില നിർണ്ണയ റിപ്പോർട്ട് നാളിതുവരെ സമർപ്പിച്ചിട്ടില്ല. വളരെ നാളായി ആവശ്യപ്പെടുന്നുവെങ്കിലും കഴിഞ്ഞ റിവ്യൂ മീറ്റിംഗിൽ ഉടനെ റിപ്പോർട്ട് നൽകാമെന്ന് പറഞ്ഞ ഡേറ്റ് കഴിഞ്ഞുവെങ്കിലും ഇതുവരെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ തുടർ നടപടികളുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ -അയ്യമ്പുഴ ഗിഫ്റ്റ് സിറ്റി പദ്ധതിയുടെ കാര്യവും കഴിഞ്ഞ മീറ്റിംഗിൽ ഡിസ്കസ് ചെയ്തിരുന്നതാണ്. കിൻഫ്ര ഫണ്ട് ഡെപ്പോസിറ്റ് ചെയ്താൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളുയെന്ന് ജില്ലാ കളക്ടർ അറിയിച്ചു,

നടപടി (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, ജില്ലാ കളക്ടർ, എറണാകുളം)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കിൻഫ്ര ഫണ്ട് ഇഷ്യൂ കാലതാമസം വരുന്നതെന്തുകൊണ്ടാണെന്ന് ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് അടിയന്തരമായി ഫണ്ട് ലഭ്യമായില്ലെങ്കിൽ നോട്ടിഫിക്കേഷൻ കാലഹരണപ്പെടുമെന്നുള്ളതുകൊണ്ട് നോട്ടിഫിക്കേഷന്റെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് ഗവൺമെന്റിൽ റിക്വസ്റ്റ് നൽകിയിട്ടുണ്ടെന്ന് എറണാകുളം ജില്ലാ കളക്ടർ മറുപടി നൽകുകയും, പ്രസ്തുത വിഷയം പരിശോധിക്കാമെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

നടപടി (കിൻഫ്ര, ജില്ലാ കളക്ടർ, എറണാകുളം)

അങ്കമാലി-കൊച്ചി എയർപോർട്ട്, പെരുമ്പാവൂർ എന്നീ ബൈപ്പാസ്സുകളുടെ ഭൂമി ഏറ്റെടുക്കൽ, കൊച്ചി മെട്രോയുടെ ഫേസ് II-മായി ബന്ധപ്പെട്ട ലാൻഡ് അക്വിസിഷൻ നടപടികൾ എന്തായി എന്ന ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് മറുപടിയായി അങ്കമാലി ബൈപ്പാസ്സ്, സീ പോർട്ട് -എയർപോർട്ട് എന്നിവയുടെ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഫീൽഡ് സർവ്വേ നടപടികൾ പുരോഗമിക്കുകയാണെന്നും, കൊച്ചി വാട്ടർ മെട്രോയുടെ 3 സ്റ്റേഷനുകളിൽ രണ്ടെണ്ണം Handover ചെയ്തിട്ടുണ്ട്. ഒരെണ്ണവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലനിൽക്കുകയാണ്. മെട്രോയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന L.A. ഓഫീസുകൾക്ക് തുടർന്നും അനുമതി ലഭിക്കണമെങ്കിൽ മെട്രോ അതോറിറ്റിയിൽനിന്നും ഗവൺമെന്റിലേയ്ക്ക് പണമടയ്ക്കേണ്ടതുണ്ട്. അത് ക്യാബിനറ്റിന്റെ പരിഗണനയിലാണെന്നാണ് അറിയാൻ കഴിഞ്ഞതെന്നും എറണാകുളം ജില്ലാ കളക്ടർ അറിയിച്ചു.

നടപടി (ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, റവന്യൂ വകുപ്പ്, ജില്ലാ കളക്ടർ, എറണാകുളം)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പാലക്കാട് ജില്ലയിൽ ചില പ്രധാനപ്പെട്ട പ്രോജക്ടുകളുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞതെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു. തുടർന്ന് കൊച്ചി-ബാംഗ്ലൂർ വ്യാവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് ജില്ലയിൽ വരുന്ന ചില ഭാഗങ്ങളുടെ ഭൂമിയേറ്റെടുക്കൽ നടപടികളാണ് പൂർത്തിയാകാനുള്ളത്. അതിൽ കണ്ണമ്പ്ര- പുതുശ്ശേരി റോഡിന്റെ ഏകദേശം ലാൻഡ് അക്വയർ ചെയ്തിട്ടുണ്ട്. പുതുശ്ശേരിയിൽ ഫേസ് II-നായി 17 ഏക്കർ ഭൂമി ഏറ്റെടുക്കാനുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതാണെന്നും, പുതുശ്ശേരി ഫേസ് III-യുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികൾ 11 (1) സ്റ്റേജിലാണ്. കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴിയുമായി ബന്ധപ്പെട്ട് 1100 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാൻ സാധിക്കും. മറ്റൊരു പ്രധാനപ്പെട്ട പ്രോജക്ട് ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണമാണ്. അതിന്റെ ബി.വി.ആർ. കഴിഞ്ഞുവെന്നും അടുത്ത ആഴ്ച ഡി.വി.എസ്. ആകുമെന്നും ഉടനെതന്നെ വർക്ക് അവാർഡ് ചെയ്യുന്ന നടപടിയിലേയ്ക്ക് പോകാൻ കഴിയുമെന്ന് പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചു.

നടപടി (വ്യവസായ വകുപ്പ്, റവന്യൂ വകുപ്പ്, ജില്ലാ കളക്ടർ, പാലക്കാട്)

പാലക്കാട് ജില്ലയിൽ ഭാരത് മാല പദ്ധതിയുടെ പുരോഗതിയെക്കുറിച്ച്, വ്യക്തമാക്കാൻ ബഹു.വൈദ്യുത വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ ആവശ്യപ്പെടകയും പാലക്കാട്-കോഴിക്കോട് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമിയേറ്റെടുക്കുന്നതിന് ജില്ലാ ഭരണകൂടത്തിന്റെ സഹായം ആവശ്യമാണെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അറിയിച്ചു.

നടപടി (പൊതുമരാമത്ത് വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

മലപ്പുറം-കോഴിക്കോട് ഹൈവേ ഗ്രീൻഫീൽഡ് ഹൈവേയാണ്. അതിൽ 61.44 കി.മീ. പാലക്കാട് ജില്ലയിലെ രണ്ട് താലൂക്കുകളിലായാണ് വരുന്നത്. ഭൂമിയേറ്റെടുക്കൽ നടപടികൾ സർവ്വേ സ്റ്റേജിലാണ്. സ്ഥലമേറ്റെടുക്കുന്നതിന് 3(എ) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും പബ്ലിക് ഹിയറിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള യൂണിറ്റിനെ ഉപയോഗിച്ച് അഡീഷണൽ സർവ്വേ ടീം രൂപീകരിച്ച് സർവ്വേ നടപടികളും ഡോക്യുമെന്റ്സ് കളക്ഷനും നടത്തുന്നുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടി അടിയന്തരമായി പൂർത്തിയാക്കുന്നതാണെന്ന് പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചു.

നടപടി (ഗതാഗത വകുപ്പ്, ജില്ലാ കളക്ടർ, മലപ്പുറം, കോഴിക്കോട്, പാലക്കാട്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

3. വയനാട് കോഫി പാർക്ക്, മെഡിക്കൽ കോളേജ് എന്നിവയ്ക്ക് സ്ഥലമേറ്റെടുക്കുന്നത് സംബന്ധിച്ച്

വയനാട് ജില്ലയിൽ കാർബൺ ന്യൂട്രൽ കോഫി പാർക്ക്, മെഡിക്കൽ കോളേജ് എന്നിവയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ കോടതി സ്റ്റേ ചെയ്തിരിക്കുന്നതിന്റെ കാരണം ചീഫ് സെക്രട്ടറി ചോദിക്കുകയും, പ്രസ്തുത പ്രവൃത്തികൾക്ക് എസ്റ്റേറ്റിന്റെ 100 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും ലാൻഡ് വാല്യൂ കൊടുക്കാതെ കൊടിക്കുർ-ചമയങ്ങൾക്ക് മാത്രം വില നൽകി സ്ഥലമേറ്റെടുക്കാനാണ് ഓർഡർ വന്നിരിക്കുന്നത്. അക്വിസിഷൻ നടപടികൾ ആരംഭിക്കുകയും ലാൻഡ് അക്വിസിഷൻ ആക്ട് ഇൻവോക് ചെയ്യുകയും ചെയ്തു. Social Impact Assessment Study നടത്തിയപ്പോഴാണ് അവർ കോടതിയെ സമീപിച്ചത്. കോടതിയിൽ കൗണ്ടർ ഫയൽ ചെയ്യുകയും കിൻഫ്ര ഉൾപ്പെടെ ഫോളോ അപ് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സ്റ്റേ വെക്കേറ്റ് ചെയ്യാത്തതിനാൽ KINFRA മറ്റൊരു ലാൻഡാണ് ചോദിക്കുന്നത്. 15 ഏക്കർ ഭൂമി കിൻഫ്ര കണ്ടുപിടിച്ചു. കാർബൺ ന്യൂട്രൽ കോഫി പാർക്ക് സ്ഥാപിക്കുന്നതിന് ടി ഭൂമി മതിയെന്നാണ് കിൻഫ്ര അറിയിക്കുകയും അതുമായി ബന്ധപ്പെട്ട റിക്വിസിഷൻ നൽകാമെന്ന് അറിയിച്ചിട്ടുണ്ടെന്ന് വയനാട് ജില്ലാ കളക്ടർ അറിയിച്ചു.

നടപടി (റവന്യൂവകുപ്പ്, കിൻഫ്ര, ലാന്റ് റവന്യൂ കമ്മീഷണർ, വ്യവസായ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ജില്ലാ കളക്ടർ, വയനാട്)

കോഫി പാർക്കിന്റെ ലൊക്കേഷൻ അവിടെനിന്നും മാറ്റിയോ? വയനാട് മെഡിക്കൽ കോളേജിന് സ്ഥലമേറ്റെടുക്കുന്നതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും ചീഫ് സെക്രട്ടറി ചോദിച്ചു,

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ലാൻഡ് വാല്യൂ നൽകണമെന്ന ആവശ്യം ഉയർന്നതിനാലാണ് കിൻഫ്ര മറ്റൊരു സ്ഥലം കണ്ടെത്തിയതെന്നും, 2014-ൽ തന്നെ മെഡിക്കൽ കോളേജിന് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നു. കോഫി പാർക്കിന്റേതുപോലെ ഇതും ഒരു എസ്റ്റേറ്റ് ഭൂമിയാണ്. അക്വിസിഷൻ ഇൻവോക് ചെയ്യാതെ ക്രോപ്സിനുമാത്രം വില നൽകിക്കൊണ്ട് ഏറ്റെടുത്ത സ്ഥലമാണ്. യഥാർത്ഥത്തിൽ ശ്രീചിത്ര മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി ഏറ്റെടുത്ത സ്ഥലം മെഡിക്കൽ കോളേജിനുവേണ്ടി മാറ്റിവയ്ക്കുകയാണ് ചെയ്തത്. ലാൻഡ് വാല്യൂവിന്റെ കാര്യത്തിൽ സിംഗിൾ ബെഞ്ച് കേസ് പ്രൊസീഡ് ചെയ്യാൻ പറഞ്ഞിരുന്നു. എന്നാൽ എല്ലാ നടപടികളും അവസാനിപ്പിക്കാനും ലാൻഡ് അക്വിസിഷൻ ആക്ട് ഇൻവോക് ചെയ്തുകൊണ്ട് ലാൻഡ് വാല്യൂ നൽകി afresh ആയി ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിക്കണമെന്നും ഡിവിഷൻ ബെഞ്ച് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. വയനാട് ജില്ലയിൽ 40 ശതമാനവും എസ്റ്റേറ്റ് ലാൻഡ് ആയതിനാൽ ലാൻഡ് വാല്യൂവിന്റെ കാര്യത്തിൽ നടപടി സ്വീകരിച്ചാൽ മാത്രമേ ഭൂമിയേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്താൻ കഴിയുകയുള്ളൂ കളക്ടർ അറിയിച്ചു.

പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ലാൻഡ് അക്വിസിഷൻ സംബന്ധിച്ച പ്രശ്നങ്ങളുണ്ടെങ്കിൽ ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് ചൂണ്ടിക്കാണിക്കാവുതാണെന്ന് ചീഫ് സെക്രട്ടറി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ലാൻഡ് ഐഡന്റിഫൈ ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയമാണ്. തദ്ദേശസ്വയംഭരണ വകുപ്പിൽ Resource Recovery Facility Centre സ്ഥാപിക്കുന്നതിന് 8 ജില്ലകളിൽനിന്നും ലാൻഡ് ലഭ്യമാകേണ്ടതുണ്ട്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വരുന്ന പ്രോജക്ടാണ്. ആറ് ജില്ലകൾ ഇതിനായി സ്ഥലം കണ്ടെത്തി ഗവൺമെന്റിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, വയനാട് ജില്ലകളിൽ ഭൂമി കണ്ടെത്തിയിട്ടില്ല. R.R.F.C സ്ഥാപിക്കാത്തതിനാൽ വേസ്റ്റ് പ്രോസസ്സ് ചെയ്യാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. അതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് വകുപ്പ് സെക്രട്ടറി അറിയിച്ചു.

നടപടി (തദ്ദേശസ്വയംഭരണ വകുപ്പ്)

മാനന്തവാടിയിൽ R.R.F.-ന് ലാൻഡ് ഐഡന്റിഫൈ ചെയ്ത് സ്കെച്ച് തയ്യാറാക്കി വരികയാണെന്നും ഉടൻതന്നെ ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചു.

നടപടി (ജില്ലാ കളക്ടർ, വയനാട്)

തിരുവനന്തപുരത്ത് 10000 സ്ക്വയർ ഫീറ്റ് വരുന്ന ഗ്ലാസിന്റെ പ്രോസസ്സിംഗ് പ്രോജക്ടുംകൂടി സാംഗ്ഷൻ ചെയ്തിരിക്കുകയാണ്. എന്നാൽ സ്ഥലം ഇതുവരെ ലഭിച്ചിട്ടില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. തുടർന്ന് സ്ഥലം ഐഡന്റിഫൈ ചെയ്തിട്ടുണ്ടെന്നും രണ്ടാഴ്ച്ചയ്ക്കകം റിപ്പോർട്ട് ചെയ്യുന്നതാണെന്നും കളക്ടർ അറിയിച്ചു.

നടപടി (ജില്ലാ കളക്ടർ, തിരുവനന്തപുരം, തദ്ദേശസ്വയംഭരണ വകുപ്പ്, വ്യവസായ വകുപ്പ്, ലാന്റ് റവന്യൂ കമ്മീഷണർ, റവന്യൂ വകുപ്പ്)

ഐ.ആർ.ഐ കണ്ണൂരിന് ലാൻഡ് അക്വിസിഷന് ബുദ്ധിമുട്ടില്ല. എന്നാൽ surplus land ട്രാൻസ്ഫർ ചെയ്തുകിട്ടുന്നതുമായി ബന്ധപ്പെട്ട കേസ്സുകൾ ഫോളോ അപ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആരോഗ്യ കുടുംബക്ഷേമം, ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഐ.ആർ.ഐ.- യുമായി ബന്ധപ്പെട്ട് ലാൻഡ് അക്വിസിഷനും ലാൻഡ് ട്രാൻസ്ഫറും ആയിട്ടാണ് ഭൂമി ഏറ്റെടുക്കാനുള്ളത്. സെപ്റ്റംബർ മാസത്തോടെ അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ ബന്ധപ്പെട്ട തഹസിൽദാർക്ക് അസുഖമായതുകാരണം അക്വിസിഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് പത്തിരുപത് ദിവസംകൂടി വേണ്ടിവരും. ലാൻഡ് ട്രാൻസ്ഫറിന്റെ കാര്യത്തിൽ എസ്റ്റേറ്റ് ഭൂമി വിട്ടുകിട്ടുന്നതിന് ഹിയറിംഗ് നടത്തേണ്ടതുണ്ട്. അതിന് രണ്ടുമാസത്തെ സമയം വേണ്ടിവരും. ഇതുമായി ബന്ധപ്പെട്ട കോടതി കേസ്സുകളുമുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സംവരാത്ത രീതിയിൽ പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാനും മറ്റ് വിഷയങ്ങൾ പിന്നീട് പരിഹരിക്കാനുമാണ് ഇപ്പോൾ ശ്രമിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകില്ലെന്നാണ് വിചാരിക്കുന്നത്. കോടതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ടേക്ക് അപ് ചെയ്യേണ്ടതുണ്ടെന്ന് കണ്ണൂർ ജില്ലാ കളക്ടർ അറിയിച്ചു.

33 ഏക്കർ സ്ഥലം കൈമാറിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത് ചീഫ് സെക്രട്ടറി പറയുകയും കൈമാറിയ കിട്ടിയ സ്ഥലത്ത് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും. First Phase-ൽ ഉൾപ്പെടുന്ന Manuscript Centre-ന് വേണ്ടിയുള്ള സ്ഥലം ലഭിക്കേണ്ടതായിട്ടുണ്ടെന്ന് ആരോഗ്യ കുടുംബക്ഷേമം, ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

തർക്കമുള്ള സ്ഥലങ്ങളെ സംബന്ധിച്ച് കോടതിയുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ് കണ്ണൂർ, ജില്ലാ കളക്ടർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വകുപ്പു സെക്രട്ടറിമാർ സ്റ്റേ ഉള്ള കേസ്സുകൾ എ.ജി.-

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

യുടെ ശ്രദ്ധയിൽപ്പെടുത്തി സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടു.

തർക്കത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സമുണ്ടാകേണ്ടതില്ല. ഭൂമിയുടെ വില ആർക്കാണ് നൽകേണ്ടത് എന്നതിലാണ് തീരുമാനമുണ്ടാകേണ്ടത്. കോടതിയുടെ തീരുമാനത്തിന് വിധേയമായി ആർക്കാണോ നൽകേണ്ടത് ആ പണം കോടതിയിൽ കെട്ടിവയ്ക്കണം. ആ രീതിയിൽ ഒരു നിലപാട് സ്വീകരിക്കുന്നതിനെക്കുറിച്ച് എ.ജി.-യുമായി സംസാരിച്ചാൽ അദ്ദേഹം അക്കാര്യം കോടതിയെ അറിയിക്കുമെന്ന് ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

നടപടി (ജില്ലാ കളക്ടർ, കണ്ണൂർ, അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യം, പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ്)

ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് മറ്റൊരു വിഷയമുണ്ട്. എൻ.എച്ച്. പ്രോജക്ടുകളുടെ ഭാഗമായി റോഡിന്റെ വശങ്ങളിൽ വളരെയധികം വേസ്റ്റ്കൂനകളുണ്ട്. ബന്ധപ്പെട്ട കോൺട്രാക്ടർമാർതന്നെ കാലതാമസമില്ലാതെ അവ നീക്കം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഇക്കാര്യം എല്ലാ ജില്ലാ കളക്ടർമാരും ശ്രദ്ധിച്ചാൽ നന്നായിരുന്നുവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ്: അഡീഷണൽ ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും)

ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റും സ്കെച്ചും ഇതുവരെ കൊടുത്തിട്ടില്ലെന്നാണ് അജണ്ടയിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു. ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റും സ്കെച്ചും കഴിഞ്ഞദിവസം ലഭിച്ചിട്ടുണ്ടെന്നും ജോയിന്റ് ഇൻസ്പെക്ഷനും

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സർവ്വേ നടപടികളുമായി മുന്നോട്ടുപോകാൻ കഴിയുമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ മറുപടി നൽകി. ഈ സാമ്പത്തികവർഷം നാഷണൽ ഹൈവേ അതോറിറ്റി വർക്ക് അവാർഡ് ചെയ്യാനാണുദ്ദേശിക്കുന്നത്.

പാലക്കാട്-കോഴിക്കോട് നാഷണൽ ഹൈവേയുടെ ലാൻഡ് അക്വിസിഷന്റെ കാര്യം പാലക്കാട് കളക്ടർ പറഞ്ഞു. എന്നാൽ കോഴിക്കോട്, മലപ്പുറം ജില്ലാകളക്ടർമാർ ഇതുസംബന്ധിച്ച് വിശദീകരണം നൽകിയിട്ടില്ലെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അറിയിച്ചു.

ഗ്രീൻ ഫീൽഡ് ഹൈവേയുടെ 52 കി.മീ. ദൂരമാണ് മലപ്പുറം ജില്ലയിലൂടെ കടന്നുപോകുന്നത്. ഏകദേശം 238 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഇതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുമായി ചർച്ച നടത്തുകയും ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.അടിയന്തരമായി സർവ്വേ നടപടികൾ പൂർത്തിയാക്കി 3(ഡി) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതാണ്. 3 (എ),3 (സി) നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചു. ഗ്രീൻഫീൽഡ് ഹൈവേയുടെ ഭാഗമായി 36.6 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. അതിൽ 3(എ) നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യുകയും 3(ഡി) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലുമാണ്. സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഒക്ടോബർ 15 ആകുമ്പോഴേയ്ക്കും 3 (ഡി) നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യും. അതിനുശേഷം 3 (ജി)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്ത് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കുന്നതാണ്. ഭൂമിയേറ്റെടുക്കൽ നടപടികൾ വളരെ വേഗത്തിൽ പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്. കൂടുതൽ സർവ്വേയർമാരെയും മറ്റും നിയോഗിക്കുകയും ചെയ്തിട്ടുണ്ടെന്ന് കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചു.

നടപടി (ജില്ലാ കളക്ടർ, മലപ്പുറം, കോഴിക്കോട്, റവന്യൂ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

4.ഇലക്ട്രിസിറ്റി ട്രാൻസ്ഫോർമേഷൻ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച്

ഇലക്ട്രിസിറ്റി ട്രാൻസ്ഫോർമേഷൻ പദ്ധതിയുടെ ഭാഗമായി തുറവൂർ പ്രോജക്ടിന്റെ നിർമ്മാണത്തിനായി ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് മറുപടിയായി കെ.എസ്.ഇ.ബി.-യിൽനിന്നും പണം റിക്വസ്റ്റ് ചെയ്തിട്ടുണ്ടെന്ന് എറണാകുളം ജില്ലാ കളക്ടർ അറിയിച്ചു.

നടപടി (ജില്ലാ കളക്ടർ, എറണാകുളം)

കൊല്ലം-ചെങ്കോട്ട റോഡിന്റെ ലാന്റ് അക്വിസിഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് കൊല്ലം, തിരുവനന്തപുരം ജില്ലാ കളക്ടർമാർ വിശദീകരിക്കാവുന്നതാണെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ രണ്ട് യൂണിറ്റുകളുടെ ഷിഫ്റ്റിംഗ് ഇപ്പോൾ നടക്കുന്നുണ്ടെന്നും രണ്ട് ആഴ്ച്ചയ്ക്കുശേഷം വർക്ക് ആരംഭിക്കാമെന്നും കൊല്ലം ജില്ലാ കളക്ടർ മറുപടി നൽകി.

നടപടി (ജില്ലാ കളക്ടർ, തിരുവനന്തപുരം, കൊല്ലം

കൂടാതെ ഹിൽ ഹൈവേ/കോസ്റ്റൽ ഹൈവേയുടെ ലാന്റ് അക്വിസിഷൻ നല്ല രീതിയിൽ മുന്നോട്ടുപോകുന്നുണ്ടെന്നും, ഫോറസ്റ്റ് ക്ലിയറൻസ് ലഭിക്കുന്നതിനായി കോമ്പൻസേറ്ററി അഫോർസ്റ്റേഷന് സ്ഥലം കണ്ടെത്തേണ്ടത് ആവശ്യമാണ്. മലപ്പുറം, കോട്ടയം ജില്ലകളിൽ ഇത്തരത്തിൽ സ്ഥലം കണ്ടെത്തുന്നത് സംബന്ധിച്ച പ്രശ്നം നിലനിൽക്കുന്നുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അറിയിക്കുകയും ഹിൽ ഹൈവേ നടപ്പാക്കുന്നതിന്റെ ഭാഗമായി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കോമ്പൻസേറ്ററി അഫോർസ്റ്റേഷന് സ്ഥലംകണ്ടെത്തേണ്ടതായിട്ടുണ്ടെന്ന് കൊല്ലം ജില്ലാ കളക്ടർ അറിയിച്ചു.

നടപടി (ജില്ലാ കളക്ടർ, കൊല്ലം)

മലപ്പുറം ജില്ലയിൽ കോമ്പൻസേറ്ററി അഫോർസ്റ്റേഷന് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. വെസ്റ്റഡ് ഫോറസ്റ്റ് തിരിച്ചെടുത്തിട്ട് അവർക്ക് അസൈൻ ചെയ്യാത്തതുകൊണ്ട് ഇത് പരിഹരിക്കാൻ പറ്റിയിട്ടില്ല. ഓൾട്ടർനേറ്റായുള്ള സ്ഥലം വീണ്ടും കണ്ടെത്തിയിട്ടുണ്ടെന്നും അതിന്റെ സ്കെച്ച് ലഭ്യമാണന്നും മലപ്പുറം ജില്ലാ കളക്ടർ വ്യക്തമാക്കി.

നടപടി (ജില്ലാ കളക്ടർ, മലപ്പുറം)

കോട്ടയത്ത് കോമ്പൻസേറ്ററി അഫോർസ്റ്റേഷന് ഭൂമി കണ്ടെത്താൻ സാധിക്കാത്തതിനാൽ വൈക്കം താലൂക്കിലെ ചെമ്പ് വില്ലേജിൽ വാട്ടർ ലോക്ക്ഡ് ആയുള്ള സ്ഥലത്ത് കണ്ടൽക്കാട് വച്ചുപിടിപ്പിച്ചാലും മതിയെന്ന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് അറിയിച്ചിട്ടുണ്ട്. അവിടെ വെള്ളക്കെട്ടായതിനാൽ സ്കെച്ച് തയ്യാറാക്കുന്നതിനായി പോകാൻ സാധിക്കില്ല. അപകടകരമായ ചതുപ്പ് സ്ഥലമാണത്. വാട്ടർ ലെവൽ താഴാതെ അവിടേയ്ക്ക് പോയാൽ അപകട സാധ്യതയുണ്ട്. ജിയോ കോർഡിനേറ്റ്സ് തന്നെ വേണമെന്നാണ് സർവ്വേയിൽ പറഞ്ഞിരിക്കുന്നത്. എട്ട് ഏക്കറോളമുള്ള ലാന്റിൽ നിന്നാണ് 48 സെന്റ് എടുക്കുന്നത്. അതിനാൽ ലാന്റ് അവയിലബിലിറ്റിയുടെ പ്രശ്നം വരില്ല. ജിയോ കോർഡിനേറ്റ്സ് വേണമെന്ന് പറയുമ്പോൾ അങ്ങോട്ട് പോകാൻ സാധിക്കാത്ത അവസ്ഥയാണുള്ളതെന്നും കോട്ടയം ജില്ലാ കളക്ടർ അറിയിച്ചു. അതിന്റെ ഫലമായി പ്രോജക്ടിന് താമസം വരുന്ന

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അവസ്ഥയുണ്ട്. ഹിൽ ഹൈവേയ്ക്ക് എറണാകുളം ജില്ലയിൽ കോമ്പൻസേറ്ററി അഫോർസ്റ്റേഷന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ ചോദ്യത്തിന് മറുപടിയായി അതിനാവശ്യമായ ഭൂമി ലഭ്യമായിട്ടുണ്ടെന്നും അതിന് ഫോറസ്റ്റിന്റെ കൺകറൻസ് ആവശ്യമായിട്ടുണ്ട്. കഴിഞ്ഞ ദിവസം മീറ്റിംഗ് വിളിച്ച് അവരുമായി സംസാരിച്ചിരുന്നു. ഫോളോഅപ്പ് ചെയ്യുന്നുണ്ടെന്ന് എറണാകുളം ജില്ലാ കളക്ടർ, അറിയിച്ചു.

നടപടി (ജില്ലാ കളക്ടർ, കോട്ടയം, റവന്യൂ വകുപ്പ്, വനം വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

5. തിരുവനന്തപുരം outer ring road & transhipment hub

ഔട്ടർ റിംഗ് റോഡിൽ ട്രാൻസ്ഷിപ്മെന്റ് ഹബ്ബിന് സ്ഥലം ഐഡന്റിഫൈ ചെയ്ത് എൻ.എച്ച്.എ.ഐ.-ക്ക് കൈമാറിയിട്ടില്ലായെന്നും, അത് ആവശ്യമുള്ളതാണോയെന്ന് വ്യക്തമാക്കുവാൻ ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് എസ്.ഐ.ആർ. ആക്ടുമായി ബന്ധപ്പെട്ടതാണെന്നും ഈ ലാന്റ് അക്വിസിഷൻ ബേസിക്കലി ഔട്ടർ റിംഗ് റോഡ്, സർവ്വീസ് റോഡ്, ഒ.എ.ജി.സി. തുടങ്ങിയവയ്ക്ക് വേണ്ടിയുള്ളതാണെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി മറുപടി നൽകി. ഔട്ടർ റിംഗ് റോഡിനുവേണ്ടി അഞ്ച് സ്പെഷ്യൽ തഹസിൽദാർ യൂണിറ്റ് രൂപീകരിക്കണമെന്ന് റവന്യൂ വകുപ്പിൽനിന്നും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും 323 ഹെക്ടർ ഭൂമി ഗ്രീൻ ഫീൽഡ് ആയതിനാൽ ഉയർന്ന അളവിൽ ഭൂമി അക്വയർ ചെയ്യേണ്ടതായിട്ടുണ്ടെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചു. ലാന്റ് അപ്രൂവ് ചെയ്യുന്നതിന് എൻ.എച്ച്.എ.ഐ.-ക്ക് യാതൊരു തടസ്സവുമില്ലെന്ന് പൊതുമാരാമത്ത് വകുപ്പ് സെക്രട്ടറി അറിയിച്ചു. അത് സ്പീഡ് അപ്പ് ചെയ്യണമെന്നും റവന്യൂ വകുപ്പ് അതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകണമെന്നും ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

നടപടി (ജില്ലാ കളക്ടർ, തിരുവനന്തപുരം, പൊതുമരാമത്ത് വകുപ്പ്, റവന്യൂ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

6. സി.ആർ.എഫ്. (കലാമിറ്റി റിലീഫ് ഫണ്ട്)

പ്രകൃതിക്ഷോഭത്തിൽ മരണപ്പെട്ടവർക്കുള്ള ധനസഹായം യഥാസമയം വിതരണം ചെയ്യുകയെന്നത് പ്രധാന്യമർഹിക്കുന്ന കാര്യമാണ്. എത്രയും വേഗം അവ വിതരണം ചെയ്യാനുള്ള പരിശ്രമം എല്ലാ ജില്ലകളിലും നടത്തേണ്ടതായിട്ടുണ്ട്. സി.ആർ.എഫ്. ഫണ്ടിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിൽ അത്തരം പ്രവൃത്തികൾ പൂർത്തീകരിച്ചതായി കാണുന്നുവെന്നും എന്നാൽ എല്ലാ ജില്ലകളിലെയും വിവരങ്ങൾ നൽകിയിട്ടില്ലെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു. സി.ആർ.എഫ്. പദ്ധതികൾ പൂർത്തീകരിക്കാനുള്ള ജില്ലകൾ ഏതൊക്കെയാണ്, 2018-19 മുതൽ അവ നടപ്പാക്കിയതിന്റെ പുരോഗതി വ്യക്തമാക്കാമോ; സി.ആർ.എഫ് പദ്ധതി കളക്ടർമാർ റിവ്യു ചെയ്യാറുണ്ടോ; 2018-19-ൽ സി.ആർ.എഫ്. പൂർത്തീകരിക്കാൻ ഏതെങ്കിലും ജില്ലയിൽ അവശേഷിക്കുന്നുണ്ടോ,, 2018-19-ലെ പ്രളയത്തോടനുബന്ധിച്ച് കൊടുത്ത സി.ആർ.എഫ്. വർക്കെല്ലാം പൂർത്തിയായിട്ടുണ്ടോ എന്ന് ചീഫ് സെക്രട്ടറി ചോദിച്ചു.

2018-ലെ മഹാപ്രളയത്തിനുശേഷം 5.5 ലക്ഷം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 1040 എണ്ണം മാത്രമേ തീർപ്പുകൽപ്പിക്കാൻ ബാക്കിയുള്ളൂ. വയനാട്ടിൽ 249-ഉം കോട്ടയത്ത് 354-ഉം തൃശ്ശൂരിൽ 140-ഉം ആണ് അവശേഷിക്കുന്നത്. വസ്തുക്കളുടെ മേലുള്ള അവകാശത്തർക്കം, കോടതി കേസുകൾ, സ്റ്റേറ്റ് സർട്ടിഫിക്കറ്റ് സമയത്തിന് ലഭിക്കാത്തത് തുടങ്ങിയവയാണ് തീർപ്പുകൽപ്പിക്കാൻ പറ്റാത്തതിന്റെ കാരണമായി കളക്ടർമാർ അറിയിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലയിലെ ഒരു താലൂക്കിൽ കെട്ടിക്കിടന്ന അപേക്ഷകൾക്ക് തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. 2018-19 കാലയളവിലെ യൂട്ടിലൈസേഷൻ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സർട്ടിഫിക്കറ്റ് കിട്ടിയിട്ടുണ്ടെന്നും റവന്യൂവും ദുരന്തനിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

എല്ലാ ജില്ലകളിലെയും പൊസിഷൻ എന്താണെന്നുള്ളത് സംബന്ധിച്ച ഡീറ്റെൽസ് തയ്യാറാക്കി സമർപ്പിക്കണം. ഓരോ വർഷവും കൊടുത്ത സി.ആർ.എഫ്.-ന്റെ പ്രോഗ്രസ് സംബന്ധിച്ച കണക്ക് തയ്യാറാക്കണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിക്കുയും പ്രോഗ്രസ്സ് റിവ്യൂ ചെയ്യാമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി ഉറപ്പു നൽകി.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും, റവന്യൂ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

7. ലൈഫ് പദ്ധതിയും ഇതിനുള്ള കെട്ടിടസമുച്ചയങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ റവന്യൂ ഭൂമിയും

ലൈഫ് പദ്ധതിയിൻകീഴിൽ ഓരോ ജില്ലയിലും വരുന്ന ഗുണഭോക്താക്കളെ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ 'പുനർഗേഹം' പദ്ധതി ഇതുമായി ചേർന്നുപോകുന്നതാണ്. ലൈഫ് പദ്ധതിയിൽ ഓരോ ജില്ലയിലും സ്ഥലം കണ്ടെത്തുക, തുടങ്ങിയ വീടുകൾ പൂർത്തീകരിക്കുക, പാർപ്പിട സമുച്ചയങ്ങൾ പൂർത്തീകരിക്കുക തുടങ്ങിയവ പ്രധാനമാണ്. ഇതിന്റെ പുരോഗതി എപ്രകാരമാണെന്ന് വിശദമാക്കുവാനും, ചിലർ സൗജന്യമായി നൽകുന്ന സ്ഥലം ഏറ്റെടുക്കാനായി റവന്യൂ വകുപ്പിൽ കാലതാമസം വരുന്നുണ്ടെന്നും അത് ഏറ്റെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചാൽ പദ്ധതി ആരംഭിക്കാൻ സാധിക്കുമെന്ന് ചീഫ് സെക്രട്ടറി ചൂണ്ടിക്കാട്ടി.

'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിൽ നാല് ജില്ലകളിൽ നിന്നും ഭൂമി ലഭിച്ചതിൽ രണ്ട് ഏക്കറിൽപരം ഭൂമി രജിസ്റ്റർ ചെയ്തുകഴിഞ്ഞു. മറ്റ് ജില്ലകളിൽ 6 ഏക്കർ 74 സെന്റ് സ്ഥലം നൽകാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. അതിന്റെ രജിസ്ട്രേഷൻ നടപടി പൂർത്തീകരിക്കാനുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും, ഭൂമിയുള്ള ഭവനരഹിതരുടെ 3,00,000-ൽപ്പരം വീടുകളുടെ നിർമ്മാണം 2017 മുതൽ ഈ മാസം 16-ാം തീയതി വരെ പൂർത്തീകരിച്ചിട്ടുണ്ട്. ആ വിഭാഗത്തിൽ 96,000 പേരുടെ വീട് നിർമ്മാണം ഇനി പൂർത്തിയാക്കാനുണ്ട്. ഭൂമിയില്ലാത്ത 1,58,000 ഭവനരഹിതരിൽ 32000-ത്തിൽപ്പരം പേർക്ക് 2017 മുതൽ ഈ മാസം 16-ാം തീയതി വരെ ഭൂമി കിട്ടിയിട്ടുണ്ട്. ഇനി 1,25,000 പേർക്ക് ഭൂമി ലഭിക്കാനുണ്ട്. 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിന്റെ ഭാഗമായി വാഗ്ദാനം ചെയ്യപ്പെട്ട ഭൂമി കൈമാറിക്കിട്ടിയാൽ അത് ഫോളോ അപ്പ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ചെയ്യാൻ സാധിക്കും. ഈ വർഷത്തെ ലൈഫ് 2020-യുടെ ഭാഗമായി പുതിയ ബെനിഫിഷ്യറി ലിസ്റ്റ് ഫൈനലൈസ് ചെയ്തെങ്കിലും മട്ടന്നൂർ പഞ്ചായത്തിലും ചാലക്കുടി പഞ്ചായത്തിലും ഇനി വെരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. അത് രണ്ടും ഒഴിച്ച് മൊത്തം 5,51,000-ൽപ്പരം ബെനിഫിഷ്യറീസ് 2020 ലിസ്റ്റിലുണ്ട്. അതിൽ ലാൻഡഡ് ആയിട്ടുള്ള 3,66,000-ത്തിൽപരം പേരും 1,84,000 ഭൂരഹിതരുമുണ്ട്. ഈ ലിസ്റ്റിലും പഴയ ലിസ്റ്റിലുമായി മൊത്തം 3,10,000 പേർക്ക് ഭൂമി ഇല്ലാത്തതായിട്ടുണ്ട്. 'മനസ്സോടിത്തിരി മണ്ണ്' കൃാമ്പയിൻ വഴി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള ഭൂമി ട്രാൻസ്ഫർ ചെയ്ത് കിട്ടിയാൽ അതിന്റെ പ്രോജക്ട് ലൈഫ് മിഷന് ടേക്ക് അപ്പ് ചെയ്യാൻ സാധിക്കുമെന്ന് തദ്ദേശസ്വയംഭരണവും, ന്യൂനപക്ഷക്ഷേമവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

കിട്ടിയ സ്ഥലം പെട്ടെന്ന് ട്രാൻസ്ഫർ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. ആയതിനുശേഷം പുതിയ സ്ഥലങ്ങൾ കണ്ടെത്തുകയും തുടങ്ങിയ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുകയും വേണം. വടക്കാഞ്ചേരിയിലെ ഫ്ലാറ്റ് നിർമ്മാണം തുടങ്ങിയശേഷം നിർത്തിവച്ചതിന് കാരണമെന്താണെന്ന് വ്യക്തമാക്കാൻ ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടു.

ലൈഫ് പദ്ധതിയുടെ ഭാഗമായി വന്നിട്ടുള്ള പ്രധാന പ്രശ്നം ഭൂമിയില്ലാത്തവർക്ക് ഭവനസമുച്ചയം നിർമ്മിക്കുക എന്നതാണ്. അത് വലിയ ബാധ്യത വരുത്തിവയ്ക്കുന്നുണ്ട്. അതിന്റെ ഭാഗമായാണ് മാറി ചിന്തിക്കുന്നതിന് നിർബന്ധിതമായത്. വീട് നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തൽപ്പരരാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരികളെ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വിളിച്ചുകൂട്ടി സ്ഥലം കിട്ടുന്നതിനുള്ള ശ്രമം ആരംഭിക്കുന്നത് നല്ലതായിരിക്കും. എത്ര ചെറിയ സ്ഥലമായാലും ഈ പദ്ധതി പൂർത്തിയാക്കുന്നതിന് സഹായകരമാകും. ചിലർ സ്വയമേവ ഭൂമി നൽകാൻ തയ്യാറായിട്ടുണ്ട്. അങ്ങനെ ലഭ്യമായ ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് സാധിച്ചിട്ടില്ല. കിട്ടിയ സ്ഥലങ്ങളിൽ വീടുകൾ നിർമ്മിക്കുക എന്നത് വലിയ കൃാമ്പയിനായി എടുത്താൽ മറ്റ് ആളുകൾക്കും സ്ഥലം നൽകാനുള്ള ത്വരയുണ്ടാകും. ആ തരത്തിലുള്ള ഇടപെടൽ നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകണം. വീട് നിർമ്മിക്കുന്നതിന് നാല് ലക്ഷം രൂപയാണ് അനുവദിക്കുന്നത്. നാല് ലക്ഷം രൂപയ്ക്ക് ഇന്നത്തെ നിലയിൽ വീട് പൂർത്തിയാക്കുന്നതിന് പ്രയാസമുണ്ടാകും. നാട്ടുകാരുടെ പങ്കാളിത്തമുണ്ടായാൽ അത് പൂർത്തീകരിക്കാൻ സാധിക്കും. ലൈഫ് പദ്ധതിയെ ഒന്നുകൂടി ജനകീയമായിഉയർത്തിക്കൊണ്ടുവരാനുള്ള ഇടപെടൽ കളക്ടർമാരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികളുടെയും ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ബഹു.മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും, റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

8. പട്ടയം നൽകാൻ നടപടി

പട്ടയം നൽകാനായിട്ടുള്ള പല സ്കീമുകളെയും ഏകോപിപ്പിച്ചുകൊണ്ട് എത്രയും വേഗം പട്ടയവിതരണം പൂർത്തിയാക്കണമെന്നുംഅതിൽ പ്രധാനമായിട്ടുള്ളത്, ആദിവാസികളുടെ പട്ടയവിതരണത്തിനായുള്ള രണ്ട് സ്കീമുകളാണ്. ഒന്ന്, 1977-ന് മുമ്പ് വനഭൂമി കൈവശംവച്ചവർക്ക് പട്ടയം കൊടുക്കാൻ 1993-ൽ കേരള ഭൂപതിവ് പ്രത്യേക ചട്ടങ്ങളുണ്ടാക്കിയിരുന്നു. 01-01-1977-ന് മുമ്പ് വനഭൂമി കൈവശമുള്ള ആളുകളുടെ ലിസ്റ്റ് നോക്കി അവർക്ക് പട്ടയം നൽകി പ്രസ്തുത പ്രോജക്ട് എല്ലാ ജില്ലകളിലും പൂർത്തിയാക്കേണ്ടതുമാണ്. ഇപ്പോഴും ഇങ്ങനെയുള്ള പട്ടയം കൊടുക്കാൻ ബാക്കിയുണ്ട്. രണ്ട്, 19000 ഏക്കർ വനഭൂമി ആദിവാസികൾക്ക് പട്ടയം കൊടുക്കാനായി സുപ്രീംകോടതി വിധിപ്രകാരം അനുമതി നൽകിയിരുന്നു. പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് 19,000 ഏക്കർ ഭൂമി നൽകാൻ അനുമതി ലഭിച്ചത്. എന്നാൽ പലയിടത്തും പട്ടയം കൊടുത്തുകഴിഞ്ഞിട്ടില്ല. സർവ്വേ നടത്തുകയോ സ്ഥലം ഐഡന്റിഫൈ ചെയ്യുകയോ ചെയ്തിട്ടില്ല. വനം വകുപ്പുമായി ചേർന്ന് ഭൂമി ഐഡന്റിഫൈ ചെയ്ത് പട്ടയം കൊടുക്കേണ്ടതുണ്ട്. ഐഡന്റിഫിക്കേഷൻ പൂർത്തിയാകാത്തതുകൊണ്ട് ആ ഇനത്തിലും പട്ടയം നൽകാൻ സാധിച്ചില്ല. ഈ രണ്ട് പട്ടയവിതരണവും അടിയന്തരമായി എല്ലാ ജില്ലകളിലും പൂർത്തിയാക്കിയാൽ ആദിവാസികളുടെ പട്ടയപ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും. ഇവ രണ്ടിലും ഉൾപ്പെടാത്ത മറ്റൊന്നാണ് വനാവകാശ നിയമപ്രകാരം അവർക്ക് കൊടുക്കേണ്ട കൈവശരേഖ.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അതും പലയിടത്തും കാര്യമായി പൂർത്തിയാക്കിയിട്ടില്ലെന്നും ഈ മൂന്ന് കാര്യങ്ങൾ കൃത്യമായി നോക്കിക്കഴിഞ്ഞാൽ പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും. കൂടാതെ മറ്റ് ആളുകൾക്കുള്ള പതിവ് പട്ടയങ്ങൾ നൽകുന്നതിന് ഭൂമി കണ്ടെത്തുക, ലൈഫ് മിഷനിൽ ഉൾപ്പെട്ടവർക്ക് സ്ഥലം കണ്ടെത്തി പട്ടയം കൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയാണ് ഇതിലുൾപ്പെടുന്ന പ്രധാനപ്പെട്ട കാര്യങ്ങളെന്ന് ചീഫ് സെക്രട്ടറി സൂചിപ്പിച്ചു.

തുടർന്ന്, ഇത്തവണ മലയോര ആദിവാസി മേഖലയിലെ പട്ടയങ്ങൾക്ക് പ്രയോറിറ്റി കൊടുക്കാൻ ധാരണയുണ്ടായിരുന്നു. പത്തനംതിട്ട ജില്ലയിലെ നാല് പ്രധാനപ്പെട്ട വിഷയങ്ങളുമായി ബന്ധപ്പെട്ട് വനം, റവന്യൂ വകുപ്പുമന്ത്രിമാർ അവിടെയൊരു സിറ്റിംഗ് നടത്തിയാൽ എയ്ഞ്ചൽവാലി പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കാവുന്നതേയുള്ളൂവെന്നും. വൈദ്യുതി, ജലവിഭവം എന്നീ വകുപ്പുമന്ത്രിമാരുമായി ബന്ധപ്പെട്ടാണ് പത്ത് ചെയിൻ, ഏഴ് ചെയിൻ, മൂന്ന് ചെയിൻ മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടത്. ഇതിനകത്ത് ഇന്റർ ഡിപ്പാർട്ടുമെന്റുകൾ ഇടപെടേണ്ട ധാരാളം പ്രശ്നങ്ങളുണ്ട്. ഈ യോഗത്തിനുശേഷം പ്രസ്തുത വിഷയങ്ങൾ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിലേയ്ക്ക് ജില്ലാ കളക്ടർമാർ രേഖാമൂലം എഴുതിനൽകിയാൽ അതനുസരിച്ച് ഒരു യോഗം നടത്തി പ്രശ്നങ്ങൾ പരിഹരിക്കാവുന്നതേയുള്ളൂവെന്നും അതിൽ പ്രധാനമായും വനം, വൈദ്യുതി, ജലവിഭവം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളാണ് ഉൾപ്പെടുന്നത്. 1994-നുശേഷം കൈമാറിയ പ്രോപ്പർട്ടികളിൽ പുഴ പുറമ്പോക്ക്, കുളം പുറമ്പോക്ക് എന്നിങ്ങനെയുള്ളവയുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ എൻ.ഒ.സി. മതിയോ അതോ വകുപ്പുതന്നെ divest

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ചെയ്യണോ എന്നുള്ളത് റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകൾ തീരുമാനമെടുത്താൽ പ്രശ്നം തീരാവുന്നതേയുള്ളൂ. ബഹു.തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സ്പീക്കർ ആയിരുന്ന സമയത്ത് അദ്ദേഹത്തിന്റെ മണ്ഡലത്തിൽ 304 പട്ടയങ്ങൾ ഒരാഴ്ചത്തെ സിറ്റിംഗ് കൊണ്ട് കൊടുത്തുതീർത്തു. കോളനി പട്ടയങ്ങളിൽ പലതും പഞ്ചായത്ത് സ്ഥലം വാങ്ങി പാവപ്പെട്ടവർക്ക് കൊടുത്തതായിരിക്കും. പക്ഷേ സ്ഥലം വാങ്ങിയതിന്റെ രേഖ പഞ്ചായത്തിന്റെ കയ്യിലുണ്ടാവില്ല. സാധാരണനിലയ്ക്ക് എൽ.ടി.-ക്കാണ് അപേക്ഷ കൊടുക്കുന്നത്. എൽ.ടി.-ക്ക് അപേക്ഷ കൊടുക്കണമെങ്കിൽ 1971-ന് മുമ്പുള്ളതാകണം, ജന്മിയുണ്ടാകണം. ജന്മിയെ കണ്ടെത്താൻ കഴിയാത്തതുകൊണ്ട് അത് നിരസിക്കുന്ന സ്ഥിതിയുണ്ടാകും. ഉടമസ്ഥാവകാശമില്ലാത്ത സ്ഥലമാണെങ്കിൽ ഭൂമിയില്ലാത്തവർക്ക് പഞ്ചായത്തിന് പട്ടയം കൊടുക്കാൻ സാധിക്കുമെന്ന് രജിസ്ട്രേഷൻ ഓഫ് പ്രോപ്പർട്ടി ആക്ടിലെ സെക്ഷൻ 28-ൽ വ്യക്തമായി പറയുന്നുണ്ട്. പഞ്ചായത്തിന് കൊടുത്ത് പഞ്ചായത്ത് divest ചെയ്താൽ വളരെ എളുപ്പത്തിൽ ഒരു വർഷംകൊണ്ട് പട്ടയം കൊടുത്തുതീർക്കാവുന്നതേയുള്ളൂ. അതിനകത്ത് പഞ്ചായത്തും റവന്യൂ വകുപ്പും തമ്മിൽ കൂടിച്ചേരേണ്ട ചില കാര്യങ്ങളുണ്ട്. വനം വകുപ്പുമായി ബന്ധപ്പെട്ട്, 19000 ഹെക്ടർ ഭൂമി സെൻട്രൽ പതിവ് കഴിഞ്ഞുവന്നിട്ടുണ്ട്. എന്നാൽ വനം വകുപ്പിന് കേന്ദ്ര സർക്കാരിന് അപേക്ഷ കൊടുക്കാൻ പറ്റില്ല. അത് ടോപ്പ് ഓഫ് ഷീറ്റിലാക്കി പരിവേഷ് പോർട്ടലിൽ അപ്ലോഡ് ചെയ്യണം. ഇതുവരെ ജെ.വി.ആർ. നടത്താത്ത ഭൂമിയുണ്ട്. അതിന് വനം, റവന്യൂ വകുപ്പുകൾ ജോയിന്റായി വെരിഫിക്കേഷൻ നടത്താനുള്ള അനുവാദം വേണം. എട്ട് വർഷം മുമ്പ് അപേക്ഷ സ്വീകരിക്കുന്നത് നിർത്തൽ ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അനുവദിച്ചാൽ 2022-23 സാമ്പത്തിക വർഷം ഇതുമായി ബന്ധപ്പെട്ട് ഒരു പ്രോജക്ട് തയ്യാറാക്കി എല്ലാ വില്ലേജുകളിലും

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പഞ്ചായത്തുകളിലും വച്ച് അവസാനമായി അപേക്ഷ സ്വീകരിച്ചാൽ ഇത് ഫൈനലൈസ് ചെയ്യാൻ സാധിക്കും. എം.എൽ.എ., എം.പി., തഹസീൽദാർ, കളക്ടറേറ്റ്, മുഖ്യമന്ത്രി, വകുപ്പുമന്ത്രി എന്നിവർക്ക് ഒരേ ഭൂമിക്കുവേണ്ടി 24 അപേക്ഷയാണ് കൊടുക്കുന്നത്. പുതിയ സാദ്ധ്യത വച്ച് ഭൂമിക്കുവേണ്ടിയുള്ള അവസാനത്തെ അപേക്ഷ നൽകുന്നതിന് ഒരു ഡാഷ്ബോർഡ് ഉണ്ടാക്കിയാൽ കേരളത്തിൽ ഭൂമി കൊടുക്കാൻ ഇനി എത്രപേർ ബാക്കിയുണ്ടെന്ന് അറിയാൻ സാധിക്കും. ചീഫ് സെക്രട്ടറി ഓരോ വകുപ്പുകളുമായി ബന്ധപ്പെട്ട് കൂടിയാലോചിച്ച് പ്രോജക്ട് തയ്യാറാക്കിയാൽ നല്ലതായിരിക്കും. 2022-23 സാമ്പത്തിക വർഷം ഒരുലക്ഷം പേർക്കെങ്കിലും പട്ടയം കൊടുക്കണമെന്നുള്ള ധാരണയിൽ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്. അതിന് സഹായകരമായ വിധത്തിൽ കളക്ടർമാർ പ്രധാനപ്പെട്ട പദ്ധതിയായി പട്ടയവിതരണം ഏറ്റെടുക്കണമെന്ന് ബഹു.റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു.

01-01-1977-ന് മുമ്പ് ഭൂമി കൈവശരേഖയുള്ളവരുടെ അപേക്ഷ പരിവേഷ് പോർട്ടലിൽ അപ്ലോഡ് ചെയ്യുന്ന ജോലി എല്ലാ ജില്ലകളിലും പൂർത്തിയാക്കണം. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് 382 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 194 അപേക്ഷകളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കിയെങ്കിലും പരിവേഷ്-ലേയ്ക്ക് അപ്ലോഡ് ചെയ്തിട്ടില്ല. ബാക്കി അപേക്ഷകളിൽ നടപടിയും പൂർത്തിയാക്കിയിട്ടില്ല. തിരുവനന്തപുരം ജില്ലാ കളക്ടർക്ക് ഇത് എപ്പോൾ തീർക്കാനാകും എന്ന് ചീഫ് സെക്രട്ടറി ചോദിച്ചു. എന്നാൽ ഈ കണക്ക് തന്നെ തെറ്റാണെന്നും തിരുവനന്തപുരത്ത് ചുരുങ്ങിയത് 5000-6000 പേരുണ്ടാകും. അത് അപേക്ഷ കൊടുക്കാത്തതോ ലിസ്റ്റ് ചെയ്യപ്പെടാത്തതോ ആയിരിക്കാമെന്ന് ബഹു.റവന്യൂ-ഭവനനിർമ്മാണ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വകുപ്പു മന്ത്രി അറിയിച്ചു.

ലഭിച്ച അപേക്ഷകൾതന്നെ തീർപ്പാകാതെ കിടക്കുന്നുണ്ട്. അത് വേഗത്തിൽ ചെയ്യണം. ഡിജിറ്റൽ സർവ്വേ പ്രോജക്ടുമായി ചേർന്ന് നടത്തിയാൽ രണ്ടും ഒരുമിച്ച് തീർക്കാവുന്നതാണെന്നും, എല്ലാ ജില്ലകളിലും ജോയിന്റ് വെരിഫിക്കേഷൻ നടത്തുന്നതിനായി ഒരു പ്ലാൻ തയ്യാറാക്കിയാൽ മാത്രമേ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂവെന്ന് ചീഫ് സെക്രട്ടറി അഭിപ്രായപ്പെടുകയും, തുടർന്ന് ജോയിന്റ് വെരിഫിക്കേഷൻ നടക്കാത്തതുകൊണ്ടുമാത്രം ഇത് മുന്നോട്ട് പോകാതിരിക്കുകയാണെന്നും, സമയബന്ധിതമായി ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കാൻ തീരുമാനമെടുത്താൽ ആയിരക്കണക്കിനാളുകളുടെ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുമെന്ന് ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

തോട് പുറമ്പോക്ക്, നദി പുറമ്പോക്ക് എന്നിവിടങ്ങളിൽ പട്ടയം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്. അവർക്കത് കൈമാറാനായിട്ടുള്ള അധികാരം നിയമപ്രകാരമില്ല. പ്രത്യേക സാഹചര്യത്തിൽ മാർജിനലൈസ് ചെയ്തിട്ടുള്ള കമ്മ്യൂണിറ്റികളിൽപ്പെട്ടവർക്ക് വീട് വയ്ക്കാനുള്ള ഭൂമിക്ക് പട്ടയം നൽകാൻ മാത്രമേ സാധിക്കുകയുള്ളൂവെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനാൽ സംസ്ഥാനതലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സ്ഥലം ഏതാണെന്ന് കണ്ടെത്തി ലിസ്റ്റെടുക്കുകയും അത് സാംഗ്ഷനാക്കുകയും ചെയ്യണം. നിയമത്തിൽ അനുവദനീയമല്ല എന്നതുകൊണ്ട് പട്ടയം നൽകുന്നതിനായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ക്ലാരിഫിക്കേഷൻ ചോദിച്ചുകൊണ്ടിരിക്കുക മാത്രമേയുള്ളൂ. ഇക്കാര്യം ഫൈനലൈസ് ചെയ്യുന്നതിന് സർക്കാർതലത്തിൽ നിന്ന് നിർദ്ദേശം കൊടുക്കുകയാണെങ്കിൽ ബന്ധപ്പെട്ടവർക്ക് ഡീവെസ്റ്റിംഗിനായുള്ള നടപടി ത്വരിതപ്പെടുത്താനാകുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കുകയും തുടർന്ന് ഇടുക്കിയിലെ പുതിയ പ്രശ്നമെന്താണെന്ന് ബഹു.മുഖ്യമന്ത്രി ചോദിക്കുകയും ഇടുക്കിയിൽ നേരത്തേയുള്ള പ്രശ്നം തന്നെയായിരുന്നു. WP(C)1801 പ്രകാരം അവിടെ എൻ.ഒ.സി. ബാധകമാണ്. 1964-ലെയും 1993-ലെയും ആക്ട് പ്രകാരം കൊടുത്ത പട്ടയങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രശ്നമാണുള്ളത്. അത് റഗുലറൈസ് ചെയ്യാൻ വേണ്ടി പ്രൊപ്പോസൽ വച്ചിട്ടുണ്ട്. രണ്ടാമത്, 7 എൽ.എ. ഓഫീസുകളുണ്ടായിരുന്നു. അത് മാർച്ചിൽ നിർത്തലാക്കുന്നുവെന്നുള്ള വിഷയത്തിലാണ് പ്രശ്നമുള്ളത്. 7 ഓഫീസുകളിലായി ഏകദേശം നാൽപ്പതിനായിരത്തോളം പട്ടയത്തിന്റെ അപേക്ഷകൾ പെൻഡിംഗാണ്. അതുകൊണ്ട് ഈ ഓഫീസുകൾ നിലനിർത്തണമെന്നാണ് ആവശ്യപ്പെടുന്നത്. മറ്റൊന്ന്, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ പത്ത് ചെയിൻ, മൂന്ന് ചെയിൻ, ഏഴ് ചെയിൻ മേഖലകളിലെ കെ.എസ്.ഇ.ബി.-യുടെ ലാന്റുമായി ബന്ധപ്പെട്ട പട്ടയങ്ങളുടെ പെൻഡിംഗാണ്. കൂടാതെ ബി.ടി.ആർ.-ൽ 'ഏലം' എന്ന് രേഖപ്പെടുത്തി കാണുന്നതുകൊണ്ട് പട്ടയം കൊടുക്കാൻ പറ്റാത്ത കേസ്സുകളുമുണ്ട്. ഇതൊക്കെയാണ് പ്രധാന വിഷയങ്ങളെന്ന് മറുപടിയായി ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചു.

ഇടുക്കിയിലെ ഭൂപ്രശ്നം പരിഹരിക്കുന്നതിന് നേരത്തേ ഭൂമി കൊടുത്തതിലുള്ള വ്യവസ്ഥയിൽ നിന്നുമാറി അവർ ചില നടപടികളുമായി മുന്നോട്ടുപോകുന്നതാണ് തടസ്സമായി വരുന്നത്. അത് പരിഹരിക്കാൻവേണ്ടി നടപടികൾ സ്വീകരിക്കുമെന്ന് അവിടെയുള്ള

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

എല്ലാ സംഘടനകൾക്കും ഗവൺമെന്റ് ഉറപ്പുനൽകിയിട്ടുള്ള സമയത്താണ് ഇതിന്മേൽ വ്യാപകമായി നോട്ടീസുകൾ പോയിട്ടുള്ളത്. സാധാരണഗതിയിൽ അവിടെ വലിയ പ്രശ്നങ്ങൾ വരേണ്ട സമയമായെങ്കിലും എന്തുകൊണ്ടോ വലിയ പ്രശ്നങ്ങൾ ഉണ്ടായിട്ടില്ല. സർക്കാർ കാര്യങ്ങൾ ചെയ്യുന്നുവെന്നുള്ള ധാരണ അവർക്ക് ഉള്ളതുകൊണ്ടായിരിക്കും പ്രശ്നങ്ങൾ വരാതിരിക്കുന്നത്. ഏതോ ഘട്ടത്തിൽ കോടതി ഇങ്ങനെയൊരു നിർദ്ദേശം നൽകിയിരുന്നു. അത് ഗ്രീൻ ട്രിബ്യൂണലാണോ കോടതിയാണോ എന്നുള്ളതിൽ അവ്യക്തത കാണുന്നുണ്ട്. പ്രശ്നം പരിഹരിക്കാനുള്ള നടപടി നടന്നുകൊണ്ടിരിക്കുകയാണ്. അവരെ അസംതൃപ്തമാക്കുന്ന നിലപാട് നമ്മുടെ ഭാഗത്തുനിന്നും വേണ്ടെന്നാണ് തോന്നുന്നത്. ഏലവുമായി ബന്ധപ്പെട്ടതാണ് പരിഹരിക്കേണ്ട മറ്റൊരു വിഷയം. എസ്റ്റേറ്റുകൾക്ക് സാധാരണ എക്സംപ്ഷൻ കൊടുക്കുന്നുണ്ട്. എന്നാൽ കേരളത്തിന്റെ കാർഷികരീതി മാറിയപ്പോൾ റബ്ബർ പലയിടത്തും കൃഷി ചെയ്യുന്ന നിലവന്നു. എല്ലാ വീട്ടുവളപ്പിലും റബ്ബർ കൃഷി ചെയ്യുന്ന കൃഷിക്കാരുണ്ടായി. അവിടത്തെ പ്രത്യേകത വച്ചുകൊണ്ട് ഏലം കൃഷി അവിടെ നിലനിൽക്കുകയാണ്. ഒരുഘട്ടം കഴിഞ്ഞപ്പോൾ അതിൽനിന്നുമാറി 10, 20 സെന്റ് ഭൂമിയുള്ളവർ അവിടെ ഏലം വച്ചുപിടിപ്പിച്ചു. അതവർക്ക് പട്ടയം ലഭിക്കുന്നതിന് തടസ്സമായി നിൽക്കുകയാണ്. ഏലം കൃഷി ചെയ്യുന്ന സ്ഥലമാണ്, അതുകൊണ്ട് നിങ്ങൾക്ക് പട്ടയം നൽകാൻ കഴിയില്ല എന്ന നിലപാടാണ് ഇപ്പോൾ അവിടെ വളർന്നുവരുന്നത്. ഇതുവരെ അത് ഗൗരവമായി സർക്കാരിനുമുന്നിൽ ഉയർന്നുവന്ന പ്രശ്നമായിരുന്നില്ല. പക്ഷേ ഇപ്പോൾ അതൊരു പ്രശ്നമാക്കി അവർ എടുക്കുന്നതാണ് കാണാൻ സാധിക്കുന്നത്. ഈ വിഷയം സർക്കാർതലത്തിൽ പരിഹാരം കാണേണ്ട ഒന്നാണ്. പക്ഷേ അതിൽ ജനാഭിമുഖ്യത്തോടെയുള്ള സമീപനമായിരിക്കണം

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതെന്ന് ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു.

റവന്യൂ-ഭവന നിർമ്മാണ വകുപ്പു മന്ത്രി ബഹു. മുഖ്യമന്ത്രി പറഞ്ഞതുപോലെ ഇപ്പോൾ ഒരു പുതിയതായി നോട്ടീസ് കൊടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേവികുളം ആർ.ഡി.ഒ.-യുടെ കീഴിലുള്ള പ്രദേശങ്ങളിലാണ് ഇത് കണ്ടുവരുന്നത്. അത് പ്രത്യേകമായി റവന്യൂ വകുപ്പിന്റെയോ ഏതെങ്കിലും കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉണ്ടായതല്ല. ഒരാഴ്ചയായി നോട്ടീസ് കൊടുക്കുകയാണ്. തോന്നിയതുപോലെ ഇടയ്ക്കിടെ നോട്ടീസ് കൊടുക്കുകയാണ് ചെയ്യുന്നത്; ഒരു ചട്ടഭേദഗതിയെക്കുറിച്ച് നമ്മളാലോചിക്കുകയും ബഹുമാനപ്പെട്ട എ.ജി.-യോട് അക്കാര്യം ആരായുകയും ചെയ്തിട്ടുണ്ട്. അത് എല്ലാവർക്കും അറിയാവുന്നതാണ്. ഇടുക്കി കളക്ടറേറ്റിൽ നടന്ന യോഗത്തിൽ അത് പറയുകയും ചെയ്തതാണ്. നോട്ടീസ് കൊടുക്കുന്ന അടിയന്തര സാഹചര്യമുണ്ടെങ്കിൽ അത് നിർത്തണമെന്നും നോട്ടീസ് നൽകുന്നത് നിർത്തിവയ്ക്കാൻ പറഞ്ഞിട്ടുണ്ടെന്നും, WP(C)1801 വിധിപ്രകാരമാണ് ഇപ്പോൾ നോട്ടീസ് കൊടുത്തിരിക്കുന്നതന്ന് ഇടുക്കി ജില്ലാ കളക്ടർ അറിയിക്കുകയും, തുടർന്ന് ബഹു.റവന്യൂ-ഭവനനിർമ്മാണ വകുപ്പു മന്ത്രി പ്രസ്തുത വിധി വന്നിട്ടുള്ള കാലമേതാണെന്നും അതിന്റെ മറുപടി എന്താണെന്നും നമുക്കറിയാംമെന്നും പെട്ടെന്ന് ഈ വിധിപ്രകാരം നോട്ടീസ് നൽകുകയില്ലെന്നും അതിന്റെ താൽപ്പര്യമെന്താണെന്ന് നോക്കി അത് അടിയന്തരമായി നിർത്തിവയ്ക്കാനും എൽ.എ. ഓഫീസുകളെ സംബന്ധിച്ച് ജില്ലാ കളക്ടർ എന്താണ് പറഞ്ഞതെന്നുമുള്ള ചോദ്യത്തിന് മറുപടിയായി എൽ.എ.-യുടെ സ്പെഷ്യൽ പതിവ് ഓഫീസുകൾ 7 എണ്ണമാണുള്ളത്. കഴിഞ്ഞ മാർച്ചിൽ continuing sanction തന്നപ്പോൾ 2022 മാർച്ചുവരെ മാത്രമേ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കാലാവധിയുള്ളവെന്നും ഒരു ഓഫീസായി ചുരുക്കണമെന്നും നിർദ്ദേശിച്ചിരുന്നുവെന്ന് ഇടുക്കി ജില്ലാ കളക്ടർ മറുപടി നൽകുകയും, ധനകാര്യ വകുപ്പിൽനിന്നുള്ള നിർദ്ദേശമാണോ എന്നറിയില്ല. അക്കാര്യം വിശദമായി പരിശോധിക്കുമെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

നടപടി (ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, റവന്യൂ വകുപ്പ്, ജലവിഭവ വകുപ്പ്, ഊർജ്ജ വകുപ്പ്, ലാന്റ് റവന്യൂ കമ്മീഷണർ, വനം വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

9.പട്ടികവർഗ്ഗ വിഭാഗത്തിന് ഭൂമി നൽകൽ

ചില ജില്ലകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി ലാൻഡ് ബാങ്ക് പദ്ധതി നടപ്പാക്കുന്നുണ്ട്. നേരത്തെ പറഞ്ഞതുപോലെ വനാവകാശ നിയമപ്രകാരം ലഭിച്ച നിരവധി വ്യക്തിഗത അപേക്ഷകൾ തീർപ്പാക്കാനുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടിയുള്ള പ്രോജക്ടുകൾ വച്ചിട്ടുള്ള ചില സ്ഥലങ്ങളിൽ പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. വയനാട് ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് അടുത്തിടെ ഒരു പ്രത്യേക പ്രശ്നമുണ്ടായി. അതുമായി ബന്ധപ്പെട്ട്സർക്കാർതലത്തിൽ ചില തീരുമാനങ്ങളെടുത്തിരുന്നു. ഈ തീരുമാനങ്ങൾ നടപ്പിലാക്കിയോ എന്ന് ചീഫ് സെക്രട്ടറി ചോദിച്ചു.

മറുപടിയായി വയനാട് ജില്ലയിൽ മരിയനാട് എസ്റ്റേറ്റിലെ ഇഷ്യൂവുമായി ബന്ധപ്പെട്ട് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടതുപ്രകാരം 139 തൊഴിലാളികൾക്ക് നൽകേണ്ട തൊഴിൽ ആനുകൂല്യങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നിർദ്ദിഷ്ട തീയതിക്കുള്ളിൽത്തന്നെ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അതിന്മേൽ സർക്കാർ തീരുമാനം ലഭിച്ചാലുടൻ സമരക്കാരെ ഒഴിപ്പിച്ച് ഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യാൻ കഴിയുമെന്ന് കളക്ടർ അറിയിച്ചു.

എസ്റ്റേറ്റ് ഭൂമി കയ്യേറിയതു സംബന്ധിച്ച റിപ്പോർട്ടാണോ സർക്കാരിലേയ്ക്ക് സമർപ്പിച്ചതെന്ന ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് തൊഴിൽ ആനുകൂല്യം നൽകാത്തതിനാൽ 139 തൊഴിലാളികളാണ് സ്ഥലം കയ്യേറി സർവ്വേ നടപടികൾ തടസ്സപ്പെടുത്തിയിരിക്കുന്നത്. തൊഴിലാളികൾക്ക് നൽകേണ്ട സമഗ്ര പാക്കേജ് സംബന്ധിച്ച് എസ്.സി./എസ്.ടി., റവന്യൂ എന്നീ വകുപ്പുകൾ റിപ്പോർട്ട്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നൽകിയിട്ടുണ്ട്. തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് ആവശ്യമായ ഫണ്ട് നൽകുകയാണെങ്കിൽ സമരക്കാരെ ഒഴിപ്പിച്ച് സർവ്വേ നടപടികൾ പൂർത്തിയാക്കി പ്രസ്തുത ഭൂമി പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് കളക്ടർ മറുപടി നൽകുകയും ഇതുസംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടുള്ള ബന്ധപ്പെട്ട വകുപ്പ് ഈ വിഷയം പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണെന്ന് ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

നേരത്തെ പറഞ്ഞതുപോലെ ലാൻഡ് ബാങ്ക്, വെസ്റ്റഡ് ഫോറസ്റ്റിൽ നിന്നുള്ള ഇൻഫർമേഷൻ ലഭ്യമാകൽ, റെക്കാർഡ് ഓഫ് റൈറ്റ് നൽകൽ എന്നിങ്ങനെ മൂന്ന് കാര്യങ്ങളാണുള്ളത്. ഇതിൽ എസ്.എൽ.ഇ.സി.-യിൽ പെൻഡിംഗായിട്ടുള്ള ഒരു കേസുപോലും ലാൻഡ് ബാങ്ക് സ്കീമിലില്ല. ആർ.ഒ.ആർ.-ന്റെ കാര്യത്തിൽ പാലക്കാട്, മലപ്പുറം ജില്ലകളിൽ രണ്ട് പ്രധാനപ്പെട്ട കേസ്സുകൾ നിലനിൽക്കുന്നുണ്ട്. ഈ കേസ്സുകളിൽ തീരുമാനമായാൽ നിരവധി പട്ടയങ്ങൾ നൽകാനാകും. പാലക്കാട്, മലപ്പുറം കളക്ടർമാർ ഇതുസംബന്ധിച്ച് വിശദീകരിച്ചാൽ നന്നായിരുന്നുവെന്ന് റവന്യൂവും ദുരന്തനിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പറഞ്ഞതിനെതുടർന്ന് ഡി.എൽ.സി. അപ്രൂവ് ചെയ്തതും ആർ.ഒ.ആർ. നൽകിയിട്ടില്ലാത്തതുമായ കുറച്ച് കേസ്സുകൾ പാലക്കാട് ജില്ലയിലുണ്ട്.രണ്ടുവർഷം മുൻപുള്ള ഡി.എൽ.സി. അത് അപ്രൂവ് ചെയ്തിട്ടുണ്ടായിരുന്നു. മണ്ണാർക്കാട് പ്രദേശത്ത് ഏകദേശം 263 ആർ.ഒ.ആർ.-കളുണ്ട്. ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ഡി.എഫ്.ഒ. അത് ഒപ്പിടാൻ തയ്യാറായിരുന്നില്ല. ഇപ്പോൾ വീണ്ടും ജോയിന്റ് വെരിഫിക്കേഷൻ നടത്തി. അതായത് ഡി.എൽ.സി. പാസാക്കുന്നതിനു മുൻപും ജോയിന്റ് വെരിഫിക്കേഷൻ നടത്തിയെങ്കിൽ മാത്രമേ ഫോറസ്റ്റുകാർ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഒപ്പിടുകയുള്ളൂവെന്നുള്ള ഇൻസിസ്റ്റൻസ് ഉണ്ടായിരുന്നു. ഇപ്പോൾ ജോയിന്റ് വെരിഫിക്കേഷൻ നടപടികളാരംഭിച്ചിട്ടുണ്ട്. പക്ഷേ അതിലും ചില പ്രശ്നങ്ങളുണ്ട്. ഏകദേശം 155 കേസ്സുകളിൽ ഒപ്പിടാൻ കഴിയില്ലെന്നാണ് ഫോറസ്റ്റ് അധികൃതർ അറിയിച്ചിട്ടുള്ളത്. അതിൽ 66 എണ്ണം ഒപ്പിട്ടിട്ടുണ്ടെന്ന് പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചു.

പല സ്ഥലങ്ങളിലും ജോയിന്റ് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടെന്നും, വയനാട് ജില്ലയിലും ഈ പ്രശ്നമുണ്ട്. അതിനാൽ ജോയിന്റ് വെരിഫിക്കേഷൻ നടപടികൾ എത്രയും വേഗം പൂർത്തിയാക്കാനും അക്കാര്യം പ്രത്യേകം പരിശോധിക്കണമെന്നും ഫോറസ്റ്റ് വകുപ്പിൽനിന്നും ഇതുസംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകണമെന്ന് ചീഫ് സെക്രട്ടറി പറഞ്ഞു. തുടർന്ന് വനം-വന്യജീവി വകുപ്പുമന്ത്രി, പാലക്കാട് കളക്ടർ ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെന്നും അതിനുശേഷം കുറെ കേസ്സുകളിൽ ഒപ്പിട്ടുവെന്നും പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചു. വയനാട് ജില്ലയിൽ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ടെന്നും, ഫൈനൽ വെരിഫിക്കേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. പരിവേഷ്-ൽ അപ്ലോഡ് ചെയ്യാനുള്ള സ്റ്റേജിലാണെന്ന കളക്ടർ അറിയിക്കുയും, ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലാണോ അയച്ചിരിക്കുന്നതെന്ന് ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് ഫണ്ടിന്റെ പ്രശ്നമില്ലെന്നും, പാലക്കാട് ജില്ലയിലെ അതേ പ്രശ്നം തന്നെയാണ് വയനാട്ടിലുമുള്ളത്. എഫ്.ആർ.എ.-യിൽ ആണ് വിഷയമുള്ളത്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഒപ്പിടാൻ വിസമ്മതിക്കുകയാണ്. ഇക്കാര്യം പല പ്രാവശ്യം മീറ്റിംഗ് വിളിച്ച് ചർച്ച ചെയ്തിരുന്നു. JV - 1177 സർവ്വേ ചെയ്തതിന്റെ സ്കെച്ച് ഫോറസ്റ്റ് വകുപ്പിന്റെ പക്കലുണ്ട്. അവിടെ ഹാബിറ്റേഷൻ ഉണ്ടെങ്കിൽപ്പോലും പ്രസ്തുത സ്കെച്ചിൽനിന്നും മാറി ഒരു സെന്റ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഭൂമിപോലും നൽകാൻ അവർ അനുവദിക്കില്ലെന്ന് വയനാട് ജില്ലാ കളക്ടർ അറിയിച്ചു.

നിക്ഷിപ്ത വനഭൂമിയിൽ വിതരണം ചെയ്യാൻ ബാക്കിയുള്ള ഭൂമി വാസയോഗ്യവും കൃഷിയോഗ്യവുമല്ലാത്തതിനാൽ പകരം ഭൂമി ലഭ്യമാക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ അറിയിച്ചിട്ടുണ്ടെന്ന് നോട്ടിൽ പറഞ്ഞിരിക്കുന്നു. അതെന്താണെന്ന് വൈദ്യുതി വകുപ്പു മന്ത്രിയുടെ ചോദിച്ചു.

വനാവകാശ നിയമപ്രകാരം ഒരു പ്രാവശ്യം നൽകിയ ഭൂമി ഏതെങ്കിലും തരത്തിൽ അതായത് പ്രളയ സാധ്യതയോ മറ്റോ ഉണ്ടായി നഷ്ടപ്പെട്ടാൽ വീണ്ടും ഭൂമി നൽകാൻ വകുപ്പില്ല. ഇക്കാര്യം ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ പങ്കെടുത്തുകൊണ്ട് ഇതുസംബന്ധിച്ച് ഒരു മീറ്റിംഗ് നടത്തിയിരുന്നു. ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും മീറ്റിംഗിൽ പങ്കെടുത്തിരുന്നു. പ്രസ്തുത മീറ്റിംഗിൽ ഇങ്ങനെയുള്ള കേസ്സുകളുടെ പ്രത്യേക ലിസ്റ്റ് നൽകാൻ പറഞ്ഞിരുന്നു. മലപ്പുറം, പാലക്കാട് ഉൾപ്പടെ ധാരാളം സ്ഥലങ്ങളിൽ ഇങ്ങനെയുള്ള കേസ്സുകളുണ്ട്. അവർക്ക് നൽകിയ ഭൂമി നഷ്ടപ്പെട്ടുപോയി. അവർക്ക് അവിടെ താമസിക്കാൻ കഴിയാത്ത സ്ഥിതിയായിരിക്കുമെന്ന് റവന്യൂ-ഭവനനിർമ്മാണ വകുപ്പു മന്ത്രി വ്യക്തമാക്കി.

പ്രസ്തുത മീറ്റിംഗിൽ ഭൂമി നഷ്ടപ്പെട്ടുപോയവർക്ക് പകരം ഭൂമി നൽകാനോ മറ്റോ തീരുമാനിച്ചിരുന്നു വെന്ന് ചീഫ് സെക്രട്ടറി സൂചിപ്പിച്ചു. എന്നാൽ എഫ്.ആർ.എ. ഒരു തവണ നൽകിയാൽ വീണ്ടും

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അവർക്കുതന്നെ അതേ പേരിൽ അനുവദിച്ചുകൊടുക്കാൻ പാടില്ലെന്ന സാങ്കേതികത്വമുണ്ടെന്ന് ബഹു. വകുപ്പ് മന്ത്രി അറിയിച്ചിതിനെ തുടർന്ന് ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിഅത് സർക്കാർ തീരുമാനമാണെന്നും അല്ല കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനമാണെന്ന് റവന്യൂ-ഭവനനിർമ്മാണ വകുപ്പു മന്ത്രി അറിയിച്ചു.

ആർ.ഒ.ആർ.-മായി ബന്ധപ്പെട്ട തീരുമാനം കേന്ദ്ര ഗവൺമെന്റിന്റേതാണ്. ലാൻഡ് ബാങ്കിൽ ഭൂമി നൽകണോ എന്നുള്ളത് സംസ്ഥാന സർക്കാരാണ് തീരുമാനിക്കേണ്ടതെന്നും ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. തുടർന്ന് ഒരിക്കൽ നൽകിയാൽ വീണ്ടും എഫ്.ആർ.എ. നൽകാൻ കഴിയാത്ത സ്ഥിതിയാണുള്ളതെന്ന് ചീഫ് സെക്രട്ടറി സൂചിപ്പിച്ചു. മാത്രമല്ല നേരത്തെ ഭൂമി അനുവദിച്ചതിന്റെ രേഖകളും മറ്റും ഉണ്ടാകുമെന്ന് വനം വകുപ്പു മന്ത്രി അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥനത്തിൽ ഒരിക്കൽ നൽകിയ ഭൂമി വെള്ളപ്പൊക്കത്തിലോ മറ്റോ നഷ്ടപ്പെട്ടുപോയാൽ അത് ക്യാൻസൽ ചെയ്യാനുള്ള സിസ്റ്റമുണ്ടാകണം. അതുസംബന്ധിച്ച് കേന്ദ്ര സർക്കാരിലേയ്ക്ക് കത്ത് നൽകുന്നതിനെക്കുറിച്ച് ആലോചിക്കാമെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

മലപ്പുറം ജില്ലയിൽ ഉൾവനങ്ങളിലെ കോളനികളിൽ താമസിക്കുന്നത് കാട്ടുനായ്ക്കർ, ചോലനായ്ക്കർ വിഭാഗത്തിൽപ്പെട്ട ആളുകളാണ്. ഇരിട്ടിക്കുത്തി, വാണിയംപുഴ കോളനികളിൽ എഫ്.ആർ.എ. കൊടുത്തിരുന്ന സ്ഥലത്ത് അവർ വീട് വച്ച് താമസിച്ചുവരികയായിരുന്നു. എന്നാൽ പ്രളയത്തിൽ സ്ഥലം മുഴുവനും ഒലിച്ചുപോകുകയായിരുന്നു. ഇപ്പോൾ അവർ അതേ കോളനിയിൽത്തന്നെ കുറച്ചു ദൂരെ മാറിത്താമസിക്കുകയാണ്. ലാൻഡ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ബാങ്കിനുപുറത്ത് വീട് നൽകിയാലും അവർ അവിടെനിന്നും മാറിത്താമസിക്കാൻ തയ്യാറാകുമെന്ന് തോന്നുന്നില്ല. ഇത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണെന്ന് കളക്ടർ അറിയിച്ചു.

കാട്ടുനായ്ക്കർ, ചോലനായ്ക്കർ വിഭാഗങ്ങളിൽപ്പെട്ടവർ കാടിനുള്ളിൽനിന്നും മാറിത്താമസിക്കാൻ ഒരിക്കലും തയ്യറാകില്ലെന്നും. compensatory-ക്കുവേണ്ടി പകരം ഭൂമി കണ്ടെത്തണമെന്നേയുള്ളൂ. കേന്ദ്ര സർക്കാരിൽ അത്തരമൊരു സ്കീമുണ്ടെന്ന് ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സൂചിപ്പിക്കുകയും, ഭൂമി നൽകിയ എഫ്.ആർ.എ. ക്യാൻസൽ ചെയ്ത് വേറെ എവിടെയെങ്കിലും സ്ഥലം നൽകാനുള്ള പ്രൊപ്പോസൽ സമർപ്പിച്ച് കേന്ദ്ര സർക്കാരിൽനിന്നും അതിനുള്ള ഓർഡർ നേടിയെടുക്കുകയാണ് വേണ്ടതെന്ന ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. ബഹു.മുഖ്യമന്ത്രി മീറ്റിംഗ് നടത്തി അത്തരമൊരു നിർദ്ദേശം നൽകിയിട്ടുള്ളതാണെന്ന് റവന്യൂ-ഭവനനിർമ്മാണ വകുപ്പു മന്ത്രി അറിയിച്ചു.

എത്രയും വേഗം ഈ വിഷയം സംബന്ധിച്ച് കേന്ദ്ര സർക്കാരിന് കത്തയയ്ക്കണം. വനം വകുപ്പിൽ നിന്നുമാണ് ഈ പ്രൊപ്പോസൽ സമർപ്പിക്കേണ്ടത്. ഇതൊരു ജനറൽ സ്കീം അല്ലാത്തതിനാൽ പരിവേഷ് പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതില്ല. കാരണം പ്രളയം വന്ന അസാധാരണ സാഹചര്യത്തിൽ നഷ്ടപ്പെട്ടുപോയ ഭൂമിക്കു പകരം ഭൂമി അനുവദിക്കണമെന്നാവശ്യപ്പെടുന്നതാണ്. അതുകൊണ്ട് ഇതൊരു ലെറ്ററായിത്തന്നെ അയയ്ക്കണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

മുൻപ് അവിടെ താമസിച്ചുവെന്നുള്ളതിന്റെ പേരിൽ മാത്രമാണ് ആർ.ഒ.ആർ. (റെക്കോർഡ് ഓഫ് റൈറ്റ്സ്). പ്രസ്തുത ഭൂമിയാണ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അവർക്ക് പ്രളയത്തിൽ നഷ്ടപ്പെട്ടിരിക്കുന്നത്. താമസിച്ചുവന്നതിന്റെ സമീപസ്ഥലത്തുതന്നെ താമസിക്കണമെന്നുള്ളതാണ് അവരുടെ ആവശ്യം. എന്നാൽ അവിടെ അവർക്ക് ആർ.ഒ.ആർ. പ്രകാരമുള്ള കസ്റ്റമറി റൈറ്റില്ല. പക്ഷേ അവരെ അവിടെ പുനരധിവസിപ്പിക്കേണ്ടത് നമ്മുടെ ആവശ്യമാണ്. അങ്ങനെ വരുമ്പോൾ ഇപ്പോൾ കാടിനുള്ളിലെ existing area- കളിലാണ് ഇവർ താമസിച്ചുവരുന്നത്. അവിടെത്തന്നെ നമുക്ക് ഒരേക്കർ സ്ഥലം ലഭിച്ചാൽ പത്ത് കുടുംബങ്ങളെ മാറ്റിത്താമസിപ്പിക്കാൻ അല്ലെങ്കിൽ വീട് നിർമ്മിച്ചുകൊടുക്കാൻ കഴിയും. ഒരേക്കർ വനഭൂമി വീട് വയ്ക്കാൻവേണ്ടി കൈമാറി നൽകാനുള്ള അനുവാദമാണ് ഫോറസ്റ്റിൽനിന്നും വാങ്ങേണ്ടത്. അങ്ങനെ വരുമ്പോൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് Compensatory Afforestation വേണമെന്നാവശ്യപ്പെടും. ഇത് നേരത്തെയുള്ള സ്കീമാണ്. Compensatory Afforestation-നുള്ള പ്രൊപ്പോസൽകൂടി അയച്ചാൽ മാത്രമേ കേന്ദ്ര സർക്കാർ അതിനുള്ള അനുവാദം നൽകുകയുള്ളൂവെന്ന് ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സൂചിപ്പിച്ചു.

റെക്കോർഡ് ഓഫ് റൈറ്റ് നൽകിയ ഭൂമി പ്രളയത്തിൽ നഷ്ടപ്പെട്ട സാഹചര്യത്തിൽ ആർ.ഒ.ആർ. ക്യാൻസൽ ചെയ്ത് മറ്റൊരു സ്ഥലത്ത് ഭൂമി നൽകാൻ ഗവൺമെന്റുതലത്തിൽ തീരുമാനമെടുത്തശേഷം അക്കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചാൽ മതിയാകുമെന്നാണ് തോന്നുന്നതെന്നും, അസാധാരണ സാഹചര്യത്തിൽ അങ്ങനെയാണ് ചെയ്യുന്നതെന്നും അതല്ലാതെ പെർമിഷൻ ചോദിച്ചാൽ ഉടനെയൊന്നും മറുപടി ലഭിക്കുകയില്ലെന്ന് ചീഫ് സെക്രട്ടറി സൂചിപ്പിച്ചു.

ഭൂമി കൈവശം വച്ചനുഭവിച്ചു എന്നുള്ളതാണ് ആർ.ഒ.ആർ. അപ്പോൾ അനുഭവമില്ലെങ്കിൽ റെക്കോർഡ് ഓഫ് റൈറ്റ്സ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ലഭിക്കുകയില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കിയതിനെ തുടർന്ന് ചീഫ് സെക്രട്ടറി, കസ്റ്റമറി റൈറ്റ്സ് ഉള്ള സ്ഥലത്ത് ആർ.ഒ.ആർ. നൽകുകയും പ്രളയത്തിൽ സ്ഥലം നഷ്ടപ്പെടുകയും ചെയ്തതാണ് വിഷയം.

ഈ വിഷയം ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് കേന്ദ്ര സർക്കാരിന്റെ അനുവാദം വാങ്ങിയെങ്കിൽ മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂവെന്ന് ബഹു.വനം വകുപ്പുമന്ത്രി നിർദ്ദേശിച്ചു.

2005-ലെ ആക്ട് പ്രാബല്യത്തിൽ വന്ന സമയത്ത് പരാമർശിക്കുന്ന സ്ഥലത്ത് possession ഉണ്ടായിരിക്കണമെന്ന് വനാവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചു. നമ്മുടെ ഉദ്ദേശ്യം സ്ഥലം നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കണമെന്നുള്ളതാണ്. ഇപ്പോൾ അതിനുവേണ്ടി കേന്ദ്ര മന്ത്രാലയത്തിൽ നിലവിൽ ഒരു സ്കീം തന്നെയുണ്ട്. ചില സന്ദർഭങ്ങളിൽ വനഭൂമി വനേതര ഭൂമിയാക്കി മാറ്റാൻ കഴിയുമെന്നും ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

ഇതുസംബന്ധിച്ച് നടത്തിയ മീറ്റിംഗിൽ ഹെഡ് ഓഫ് ഫോറസ്റ്റ് വനാവകാശ നിയമപ്രകാരം ഒരിക്കൽ നൽകിയ ആർ.ഒ.ആർ. ക്യാൻസൽ ചെയ്യുന്നതിന് തടസ്സമില്ലെന്ന് അറിയിച്ചു. പ്രളയം വന്ന് ഭൂമി നഷ്ടപ്പെട്ട സാഹചര്യത്തിൽ ഇത് ക്യാൻസൽ ചെയ്ത് പുതിയ സ്ഥലം നൽകാനുള്ള ഉത്തരവിറക്കാമെന്ന് ഫോറസ്റ്റ് അധികൃതർ അറിയിച്ചിരുന്നതാണ്. അതനുസരിച്ച് പ്രത്യേക ഉത്തരവ് ഇറക്കുകയോ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പ്രൊപ്പോസൽ തയ്യാറാക്കുകയോ ചെയ്യണമെന്നും, വേണമെങ്കിൽ ഇക്കാര്യം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്യാം. എന്തായാലും ഇതുസംബന്ധിച്ച് ഫയൽ മൂവ് ചെയ്യണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

ഭൂമി സംബന്ധമായ ജി.ഒ. ഇറക്കുന്നുണ്ടെങ്കിൽ ചീഫ് സെക്രട്ടറിയുടെ അനുവാദത്തോടുകൂടി മാത്രമേ ഇറക്കാൻ പാടുള്ളൂ. ഓരോ ഡിപ്പാർട്ടുമെന്റും ഓരോ ജി.ഒ. ഇറക്കുകയാണ്. ഇത് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നുണ്ടെന്ന് റവന്യൂ-ഭവനനിർമ്മാണ വകുപ്പു മന്ത്രി സൂചിപ്പിക്കുകയും ഭൂമി സംബന്ധമായ എല്ലാ ഉത്തരവുകളും റവന്യൂ വകുപ്പ് മുഖാന്തരമാണ് പുറപ്പെടുവിക്കേണ്ടതെന്ന് ഗവൺമെന്റ് ഉത്തരവിറക്കിയിട്ടുണ്ടെന്ന് ചീഫ് സെക്രട്ടറി പറഞ്ഞു.

പാലക്കാട് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം പതിച്ചു നൽകിയ സ്ഥലത്ത് റോഡ്, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ലഭ്യമല്ലെന്ന് ബഹു.കൃഷി വകുപ്പുമന്ത്രി സൂചിപ്പിക്കുയും, അതൊരു ഒറ്റപ്പെട്ട സംഭവമാണെന്നും അക്കാര്യം പരിശോധിക്കാമെന്നും ചീഫ് സെക്രട്ടറി മറുപടി നൽകി.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും, റവന്യൂ വകുപ്പ്, പട്ടികജാതി /പട്ടികവർഗ്ഗ വകുപ്പ്, പൊതുമരാമത്ത്, ഊർജ്ജ വകുപ്പ്, ജലവിഭവ വകുപ്പ്, വനം വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

10. ഗ്രാമീണ റോഡ് റിപ്പയർ

2018-19, 2019-20-ലും മറ്റും തുടങ്ങിയ റോഡ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. പല പ്രോജക്ടുകളും പൂർത്തിയായിട്ടില്ല. മുഖ്യമന്ത്രിയുടെ CMLRRP-യുടെ ഫേസ് 1 മുതൽ 8 വരെയുള്ള ഫേസുകളിൽ പ്രോജക്ടുകൾ നൽകിയിട്ടുണ്ട്. ആകെ 360 പ്രോജക്ടുകളുള്ളതിൽ 341 എണ്ണത്തിന്റെ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തിട്ടുണ്ട്. പി.എം.ജി.എസ്.വൈ., CMLRRP എന്നിവയിൽ അവശേഷിക്കുന്നവ എത്രയും വേഗം പൂർത്തിയാക്കണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

5000 റോഡുകൾക്കാണ് പ്രോജക്ട് വച്ചിരുന്നത്. അതിൽ 4989 വർക്കുകളുടെ എഗ്രിമെന്റാകുകയും 4085 വർക്കുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്നത് 904 വർക്കുകളാണ്. മാർച്ച് മാസത്തിനുള്ളിൽ എല്ലാ വർക്കുകളും പൂർത്തിയാക്കേണ്ടതുണ്ട്. ബന്ധപ്പെട്ട കളക്ടർമാർ ഇക്കാര്യം പരിശോധിച്ചാൽ നന്നായിരുന്നു. പി.എം.ജി.എസ്.വൈ. പ്രോജക്ടുകൾക്ക് 5 വർഷം കഴിയുമ്പോൾ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകളാണ് അതിന്റെ O&M-മായി ബന്ധപ്പെട്ട നടപടി സ്വീകരിക്കേണ്ടത്. അത് കൃത്യമായി ചെയ്യാത്തത് ഫണ്ട് ലഭ്യതയെ ബാധിക്കുന്നുണ്ട്. O&M പ്രവർത്തനങ്ങൾ കാര്യക്ഷമമായി ചെയ്തിട്ടില്ലെന്ന ആക്ഷേപമുണ്ടാകുന്നതുകൊണ്ട് ഗവൺമെന്റ് ഓഫ് ഇന്ത്യയിൽ നിന്നുള്ള ഫണ്ട് റിലീസിംഗും ഇൻസ്റ്റാൾമെന്റും ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. പി.എം.ജി.എസ്.വൈ.-യിൽ 5 വർഷം തികഞ്ഞ പ്രോജക്ടുകളിൽ ജില്ലാ പഞ്ചായത്തുകൾ നിർബന്ധമായും O&M പ്രവർത്തനങ്ങൾ നിർബന്ധമായും ഏറ്റെടുക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർമാർ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഉറപ്പുവരുത്തണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും, പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

11. മത്സ്യത്തൊഴിലാളികളുടെ ഭവന പദ്ധതി

മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട പുനർഗേഹം പദ്ധതി ഏതൊക്കെ ജില്ലകളിലാണ് പൂർത്തിയാക്കാനുള്ളത്; അതിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാൻ ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടു.

പദ്ധതി നടപ്പാക്കുന്നതിന് തീരദേശത്താണ് സ്ഥലം ആവശ്യമായിട്ടുള്ളത്. പക്ഷേ അവിടെ ആവശ്യത്തിന് സ്ഥലം കിട്ടാനില്ല. അവിടെ നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് മത്സ്യത്തൊഴിലാളികൾക്ക് മാറിപ്പോകാനും സാധിക്കില്ല. കടലോരത്തുതന്നെ അവരെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനാവശ്യമായ ഇടപെടൽ ജില്ലാ കളക്ടർമാരുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ബഹു.മുഖ്യമന്ത്രി അറിയിച്ചു.

പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ 2297 വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇനി 3500 വീടുകളുടെ നിർമ്മാണം ആരംഭിക്കേണ്ടതായിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് ഏറ്റവും ബുദ്ധിമുട്ടുള്ള ജില്ല തിരുവനന്തപുരമാണെന്ന് മത്സ്യബന്ധനവും ടൂറിസവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

തിരുവനന്തപുരം ജില്ലയിൽ ഭൂമിയുടെ കാര്യത്തിൽ നിലവിൽ മൂന്ന് പ്രൊപ്പോസലാണ് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളത്. മുട്ടത്തറയിലെ എട്ട് ഏക്കർ സ്ഥലവും അവിടെ കോർപ്പറേഷനും ഫിഷറീസ് വകുപ്പും തമ്മിൽ എക്സ്ചേഞ്ച് ചെയ്യുന്ന രണ്ട് ഏക്കർ സ്ഥലവും ഉൾപ്പെടെ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

മൊത്തം 10 ഏക്കർ സ്ഥലമുണ്ട്. അതുകൂടാതെ കടകംപള്ളിയിൽ രണ്ട് ഏക്കർ സ്ഥലമുണ്ട്. അങ്ങനെ മൊത്തത്തിൽ 12 ഏക്കറോളം ഭൂമിയുടെ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അതിൽ ഏകദേശം രണ്ടായിരത്തോളം ആളുകളെ പുനരധിവസിപ്പിക്കാൻ സാധിക്കും. ഗ്രൗണ്ട് ഫ്ലോർ പ്ലസ് വൺ ഫ്ലോർ എന്ന നിലയിലാണ് ഫ്ലാറ്റ് അനുവദിക്കാൻ സാധിക്കുക. അതുകൂടാതെ വലിയതുറ ഭാഗത്ത് ഒരു സ്കൂളിന്റെ 36 സെന്റ് സ്ഥലം റിലൂഗൃഷ് ചെയ്യുന്നുണ്ട്. അതിനുപകരം 27 സെന്റ് സ്ഥലം സ്കൂളിന് പതിച്ചുകൊടുക്കുന്നുണ്ട്. 36 സെന്റ് റിലിഗ്രിഷ് ചെയ്യുന്ന നടപടി പൂർത്തിയായിട്ടുണ്ട്. 36 സെന്റിന്റെ റിക്വിസിഷൻ ഫോം ഇന്നലെ കിട്ടിയിട്ടുണ്ട്. അതുംകൂടി ചേർന്നാൽ മൊത്തത്തിൽ 12.36 ഏക്കർ സ്ഥലം റീഹാബിലിറ്റേഷനായി തിരുവനന്തപുരം ജില്ലയിൽ ലഭ്യമാകുമെന്ന് കളക്ടർ അറിയിച്ചു.

മുട്ടത്തറ-വിഴിഞ്ഞം പുനരധിവാസവുമായി ബന്ധപ്പെട്ട പ്രൊപ്പോസലിന്റെ ഉത്തരവ് ഇതുവരെ ആയിട്ടില്ലെന്നും അതിന്റെ ബാക്കി നടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ എന്ന് ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് പ്രസ്തുത ലാന്റിന്റെ ഓർഡർ ആയിട്ടുണ്ടെന്നെന്ന് വകുപ്പ് സെക്രട്ടറി അറിയിക്കുയും, അവിടെ പുനരധിവാസത്തിനുള്ള നടപടികൾ ഫിഷറീസ് വകുപ്പാണ് ആരംഭിക്കേണ്ടതെന്നും സ്ഥലം കിട്ടിയ സ്ഥിതിക്ക് പ്രോജക്ട് ഉടനെ ആരംഭിക്കണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

മുട്ടത്തറയിലെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് ഹാർബർ ഡിപ്പാർട്ടുമെന്റിനോട് മണ്ണ് പരിശോധന പൂർത്തീകരിക്കാൻ ആവശ്യപ്പെടുകയും ആയത് ഏകദേശം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി കൈമാറിക്കിട്ടുന്നതിന് സമയമെടുക്കുമെന്ന കാരണത്താൽ പ്രസ്തുത

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഭൂമി ഉപയോഗിക്കാമെന്ന സമ്മതപത്രം ലഭിച്ചാൽ കെട്ടിടത്തിന്റെ പണി ആരംഭിക്കാൻ സാധിക്കുമെന്ന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പു മന്ത്രി മറുപടി നൽകി.

റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നും എന്ന് സമ്മതപത്രം ലഭ്യമാക്കാൻ സാധിക്കുമോന്ന് വ്യക്തമാക്കാൻ ചീഫ് സെക്രട്ടറി ആവശ്യപ്പെടുകയും, സമ്മതപത്രം നൽകുന്നതിന് പ്രൊവിഷനില്ല. ട്രാൻസ്ഫർ ചെയ്യുന്നതിന് മാത്രമേ സാധിക്കുകയുള്ളുവെന്ന് റവന്യൂവും ദുരന്തനിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

മൃഗസംരക്ഷണ വകുപ്പ് റിലൂഗ്യൂഷ് ചെയ്തിട്ടുണ്ടാകില്ല. നമുക്ക് പെർമിസീവ് സാങ്ഷൻ ലഭിക്കുന്നതിനായി മൂവ് ചെയ്യാം. പെർമിസീവ് സാങ്ഷൻ ലഭിച്ചാൽ അന്നുതന്നെ ഓർഡർ നൽകാമെന്ന് ബഹു.റവന്യൂ-ഭവനനിർമ്മാണ വകുപ്പു മന്ത്രി അറിയിക്കുകയും നവംബർ മാസം അവിടെ തറക്കല്ലിടണമെന്ന് ബഹു.മുഖ്യമന്ത്രി നിർദ്ദേശം നൽകി.

ഫിഷറീസ് വകുപ്പ് അതിന് തയ്യാറാണ്. ഭൂമിയുടെ സമ്മതപത്രം ലഭിച്ചാൽ മതി. മറ്റൊരു വിഷയം ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത് ജില്ലകളിൽ ഇൻഡിവിഡ്യൂവൽ ഹൗസിങ്ങിന് പുനർഗേഹം പദ്ധതിയിൽ കളക്ടർമാർക്ക് വാല്യൂ നിശ്ചയിക്കാൻ കൊടുത്ത നിരവധി അപേക്ഷകൾ പെൻഡിംഗിൽ ആണെന്നാണ് അറിയുന്നത്. അക്കാര്യം കളക്ടർമാർ ശ്രദ്ധിച്ചാൽ നന്നായിരിക്കുമെന്ന് ബഹു.മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പു മന്ത്രി അഭിപ്രായപ്പെട്ടു.

നടപടി (ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, മത്സ്യബന്ധന തുറമുഖ വകുപ്പ്, റവന്യൂ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

12. മാലിന്യ സംസ്കരണം

മാലിന്യസംസ്കരണത്തിന്റെ ഭാഗമായി ഖര ദ്രവ മാലിന്യ സംസ്കരണത്തിനായി നിരവധി പ്രോജക്ടുകൾ നടപ്പാക്കിവരുന്നു. ഹരിതകർമ്മ സേന എല്ലാ പഞ്ചായത്തുകളിലും നിലവിലുണ്ട്. അജൈവ മാലിന്യങ്ങൾ കളക്ട് ചെയ്ത് പ്രോസസ് ചെയ്യുന്ന പ്രക്രിയയാണ് അവർ നടത്തിവരുന്നത്. ഈ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മുഴുവൻ പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും റാങ്ക് ചെയ്ത് വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ വെബ്സൈറ്റ് പരിശോധിച്ച് പിന്നാക്കം നിൽക്കുന്ന പഞ്ചായത്തുകൾ ഏതൊക്കെയെന്ന് കണ്ടുപിടിച്ച് അവിടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും അത് മുന്നോട്ടുകൊണ്ടുപോകണമെന്നും, മാലിന്യ സംസ്കരണത്തിനായി പാലക്കാട് ജില്ലയിൽ ഇതുവരെ ഭൂമി കണ്ടെത്തിയിട്ടില്ലെന്ന് ചീഫ് സെക്രട്ടറി സൂചിപ്പിച്ചു.

ചില വിഷയങ്ങൾ ജില്ലാ കളക്ടർമാരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായിട്ടുണ്ടെന്നും, വേൾഡ് ബാങ്കിന്റെ സോളിഡെസ്ഡ് പ്രോജക്ടുമായി ബന്ധപ്പെട്ടതാണ് അവയിൽ ഒന്ന്. കേരളത്തിൽ സാനിറ്ററിലാന്റ് ഫിൽ ഇല്ല. അതുകൊണ്ടുതന്നെ ഇവിടെ ജനറേറ്റ് ചെയ്യുന്ന വെയ്സ്റ്റിൽ പ്രോസസ് ചെയ്യാൻ പറ്റാത്തവ നിക്ഷേപിക്കാൻ ഇടമില്ല. ദേശീയതലത്തിൽ ശുചിത്വത്തിന്റെ റാങ്കിംഗിലും മറ്റും കേരളം വളരെ താഴോട്ടുപോകുന്നതിനുള്ള പ്രധാന കാരണമിതാണ്. വേൾഡ് ബാങ്ക് പ്രോജക്ടിന്റെ ഭാഗമായി ഇത് പരിഹരിക്കാൻ വേണ്ടി അഞ്ച് റീജിയണൽ ലാന്റ് ഫിൽ സെറ്റപ്പ് ചെയ്യാനുള്ള ഒരു പ്രൊപ്പോസലുണ്ട്. ഇതിനായി എറണാകുളത്തെ അമ്പലമേട്ടിലും കാസർഗോട്ടെ ചീമേനിയിലും സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അതിന്റെ നടപടികളുമായി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

മുന്നോട്ടുപോകുകയാണ്. കൂടാതെ വേൾഡ് ബാങ്ക് കണ്ടെത്തിയിട്ടുള്ള ഏരിയകളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തണം. അത് സ്വകാര്യ ഭൂമിയോ സർക്കാർ ഭൂമിയോ ആകാം. കോഴിക്കോട് ജില്ലയിൽ ചാത്തമംഗലം പ്രദേശത്ത് 30 ഏക്കർ സ്ഥലം ഐഡന്റിഫൈ ചെയ്തിരുന്നു. അത് സ്വകാര്യ ഭൂമിയാണെങ്കിലും ഏറ്റെടുക്കാൻ സാധിക്കും. അത്തരം സ്ഥലം ഐഡന്റിഫൈ ചെയ്തുകഴിഞ്ഞാൽ അതിന്റെ റീജിയണൽ ലാന്റ് ഫില്ലിനാവശ്യമായ നടപടി സ്വീകരിക്കാം. തൃശ്ശൂർ ജില്ലയിൽ കണ്ടെത്തിയിരിക്കുന്നത് മാടക്കത്തറ പ്രദേശമാണ്. മാടക്കത്തറയിൽ 25 ഏക്കർ ഭൂമി സർക്കാർ മേഖലയിലോ സ്വകാര്യ മേഖലയിലോ ഉണ്ടെങ്കിൽ നമുക്ക് മുന്നോട്ടുപോകാനാകും. പാലക്കാട് മണ്ണാർകാട് പ്ലാന്റേഷൻ കോർപ്പറേഷന്റെ കുരുമാവ് തോട്ടത്തിൽ നിന്നും 40 ഏക്കർ ഏറ്റെടുക്കാൻ സാധിക്കുമോയെന്ന പ്രൊപ്പോസൽ ജില്ലാ കളക്ടർ പരിശോധിച്ചാൽ നല്ലതായിരിക്കുമെന്നന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശിച്ചു. പാലക്കാട് ജില്ലയിൽ കെ.എസ്.ഇ.ബി.-യുടെ സ്ഥലം കൈമാറിയ ഓർഡർ റവന്യൂ വകുപ്പിൽ നിന്നും ഇതുവരെ കൊടുത്തിട്ടില്ല. അത് പ്രോജക്ട് തുടങ്ങാൻ അത്യാവശ്യമാണെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

കെ.എസ്.ഇ.ബി., ഡി.ഐ.സി.യ്ക്ക് കൊടുത്ത സ്ഥലമാണ് അതെന്നും. പിന്നീട്ഡി.ഐ.സി.-യിൽ നിന്നും റിലീസ് ചെയ്ത് കെ.എസ്.ഐ.ഡി.സി.-യ്ക്ക് കൊടുത്തു. ഇപ്പോൾ കെ.എസ്.ഐ.ഡി.സി.യിൽ നിന്നും സബ് റിലീസ് ചെയ്ത് കൺസ്ട്രക്ഷൻ നടത്തുന്നതിനായി നൽകാൻ പറ്റുമോയെന്ന വിഷയം ഗവൺമെന്റിന്റെ പരിഗണനയിലാണെന്ന് പാലക്കാട് ജില്ലാ കളക്ടർ അറിയിക്കുകയും, ഈ വിഷയം ക്യാബിനറ്റിന്റെ പരിഗണനയ്ക്കായി വന്നിട്ടുണ്ടായിരുന്നുവെങ്കിലും ക്യാബിനറ്റ് തീരുമാനമായിട്ടില്ലെന്നും

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

മോഡിഫിക്കേഷനുവേണ്ടി ഇപ്പോൾ ലാ ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയ്ക്ക് അയച്ചിരിക്കുകയാണെന്ന് റവന്യൂവും ദുരന്തനിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

പത്തനംതിട്ട ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന് കീഴിലുള്ള കൊടുമൺ എസ്റ്റേറ്റിൽ അനുയോജ്യമായ ഭൂമി കണ്ടെത്താൻ സാധിക്കുമോയെന്നത് സംബന്ധിച്ച റിപ്പോർട്ട് ജില്ലാ കളക്ടർ നൽകിയാൽ അടുത്ത വർഷം ലാന്റ് ഫിൽ പ്രോജക്ട്സ് കൊണ്ടുവന്ന് ഈ പ്രശ്നം വലിയതോതിൽ പരിഹരിക്കാൻ സാധിക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

കോഴിക്കോട്, പാലക്കാട് തുടങ്ങി മറ്റ് ജില്ലകളിൽ സ്ഥലം കണ്ടെത്തുന്നത് സംബന്ധിച്ച് ജില്ലാ കളക്ടർമാർ വിശദീകരിക്കാൻ ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടു.

കോഴിക്കോട് ജില്ലയിൽ ചാത്തമംഗലത്താണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത്. ഈ മാസം തന്നെ നേരിട്ട് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് കളക്ടർ അറിയിച്ചു.

പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് പ്ലാന്റേഷൻ കോർപ്പറേഷന്റെ 40 ഏക്കർ സ്ഥലമാണ് ഉദ്ദേശിക്കുന്നത്. ആയത് പരിശോധിക്കുന്നതാണെന്ന് കളക്ടർ അറിയിച്ചു,.

തൃശ്ശൂർ ജില്ലയിൽ മാടക്കത്തറയാണ് ഉദ്ദേശിക്കുന്നത്. അത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാമെന്ന് കളക്ടർ അറിയിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പത്തനംതിട്ട ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥലമാണ് ഉദ്ദേശിക്കുന്നത്. കുറച്ച് ആളുകൾ ഇപ്പോൾ അവിടെ താമസിക്കുന്നുണ്ട്. ബാക്കി എത്ര ഭൂമിയാണ് വേണ്ടതെന്ന് പരിശോധിക്കാമെന്ന് കളക്ടർ അറിയിച്ചു.

ലാന്റ് ഫില്ലിംഗ് വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. ശരിയായ രീതിയിൽ ലാന്റ് ഫില്ലിംഗ് നടത്താൻ സാധിക്കാത്തതിനാൽ സംസ്ഥാനം ആൾ ഇന്ത്യാ റാങ്കിംഗിൽ വളരെ പിന്നിലാണ്. അതിനാവശ്യമായ പ്രവർത്തനം എല്ലായിടത്തും ഉടൻ ആരംഭിക്കണമെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

കേരളത്തിൽ ജനറേറ്റ് ചെയ്യുന്ന ലിക്വിഡ് വേസ്റ്റിന്റെ 4 ശതമാനം മാത്രമേ ഇപ്പോൾ സംസ്കരിക്കുന്നുള്ളൂ. തിരുവനന്തപുരത്തെയും എറണാകുളത്തെയും പ്ലാന്റുകൾ അല്ലാതെ ലിക്വിഡ് വേയ്സ്റ്റ് മാനേജ്മെന്റിന് കാര്യമായ സംവിധാനമില്ല. 50000-ൽ ഏറെ ജലാശയങ്ങൾ പരിശോധിച്ചതിൽ 85 ശതമാനത്തിലും ഫീക്കൽ കണ്ടാമിനേഷൻ ഉണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. സെപ്റ്റിക് ടാങ്കുകളിൽ നിന്നും മാലിന്യങ്ങൾ ഒലിച്ച് പുറത്തുപോകുന്നതിന്റെ ഫലമായി ജലം വലിയ തോതിൽ മലിനമാക്കപ്പെടുന്നുണ്ട്. കൽപ്പറ്റ നഗരസഭയിലല്ലാതെ സംസ്ഥാനത്ത് ഒരിടത്തും ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഇല്ല. ഈ വർഷം ഓരോ ജില്ലയിലും ഈരണ്ട് വീതമെങ്കിലും ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആരംഭിക്കണം. 50 സെന്റ് മുതൽ ഒരേക്കർ വരെ സ്ഥലം അതിന് ആവശ്യമായിവരും. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടും ഇതുസംബന്ധിച്ച പ്രോജക്ട് സമർപ്പിക്കണമെന്ന് ഡി.പി.സി.കൾക്ക് നിർദ്ദേശം കൊടുത്തതാണ്. പക്ഷേ രണ്ടോ മൂന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാത്രമേ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പ്രോജക്ട് സമർപ്പിച്ചിട്ടുള്ള. ഡി.പി.സി.-കളുടെ തന്നെ നേതൃത്വത്തിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തേണ്ടതായിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സൂചിപ്പിച്ചു.

ഇതിനായി പ്രോജക്ട് സമർപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് താല്പര്യമില്ല. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഒന്നുകിൽ അവരുടെ സ്ഥലത്ത് ഫെസിലിറ്റി ഉണ്ടാക്കുകയോ അല്ലെങ്കിൽ ഫെസിലിറ്റിയുള്ള ഏതെങ്കിലും പഞ്ചായത്തുമായി നിർബന്ധമായി കരാറിൽ ഏർപ്പെടുകയോ ചെയ്യണമെന്ന രീതിയിൽ തീരുമാനമെടുത്താൽ എല്ലാവർക്കും താല്പര്യം വരുമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയും ചെയ്തു.

ഭൂമി കണ്ടെത്തി കഴിഞ്ഞാൽ ആറ് മാസത്തിനുള്ളിൽ പ്രോജക്ട് ഉണ്ടാക്കാൻ സാധിക്കും. നേച്ചർ ബേയ്സ്ഡ് പ്രോജക്ട് ആയതിനാൽ വലിയ ചെലവ് വരുന്നില്ല. സ്വകാര്യഭൂമിയും കണ്ടെത്താൻ സാധിക്കും. പക്ഷേ അനുയോജ്യമായ സ്ഥലം തന്നെ കണ്ടെത്തണം. തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യമായ കോൺട്രിബ്യൂഷൻ നടത്തി പ്രോജക്ട് തയ്യാറാക്കണം. അതിനുവേണ്ടി ജില്ലാ കളക്ടർമാരും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരും ഇനിഷ്യേറ്റീവ് എടുത്ത് തദ്ദേശഭരണ സ്ഥാപനങ്ങളെ കണ്ടെത്തി ഭൂമി ഐഡന്റിഫൈ ചെയ്ത് പ്രോജക്ടിന്റെ പൊതുവായ രൂപരേഖ തയ്യാറാക്കേണ്ടതായിട്ടുണ്ട്. ഡി.പി.സി. റിവിഷനുവേണ്ടി ഇത് തുറക്കുമ്പോൾ പ്രോജക്ടുകൾ ഉണ്ടായി വരണം. അങ്ങനെ വരുന്ന പ്രോജക്ടുകളാണെങ്കിൽ ഒരു പഞ്ചായത്തിലാണ് പ്രോജക്ട് വയ്ക്കുന്നതെങ്കിലും പത്ത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നമുക്ക് സർവ്വീസ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ചെയ്യാൻ പറ്റും. പല സംസ്ഥാനങ്ങളിലും ആയിരക്കണക്കിന് കോടി രൂപയാണ് പെനാലിറ്റി ചുമത്തുന്നത്. 12000 കോടി രൂപയാണ് മഹാരാഷ്ട്രയ്ക്ക് ചുമത്തിയത്. ലിക്വിഡ് ബെയ്സ്ഡ് മാനേജ്മെന്റിന്റെ സ്ഥിതിയും കൂടി കണ്ടുകൊണ്ട് നവംബറിലായിരിക്കും സംസ്ഥാനത്തിന്റെ ഊഴം വരിക. അതിനുമുമ്പ് ഇത്രയും പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോയി എന്ന് ഉറപ്പുവരുത്തേണ്ടത് ആവശ്യമാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ്: പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെടുകയും പ്രസ്തുത പോളിസിയുടെ ഉത്തരവുകൂടി ഇറക്കിയാൽ നന്നായിരുന്നവെന്ന് ചീഫ് സെക്രട്ടറി ഉന്നയിക്കുകയും പ്ലാൻ ഗൈഡ്ലൈനിൽ അത് കൃത്യമായി പറയുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

മാലിന്യം പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നവർക്കെതിരെ പോലീസ് കേസ്സെടുക്കുമെങ്കിലും 24 മണിക്കൂർ കഴിയുമ്പോൾ അവരെ റിലീസ് ചെയ്യേണ്ടിവരികയാണ്. ഇതിനെതിരെ നിയമനിർമ്മാണത്തിന് സാദ്ധ്യതയുണ്ടോ എന്ന് ബഹു.റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രിയുടെ ചോദ്യത്തിന് പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നല്ല തുക പെനാൽറ്റിയായി ഈടാക്കുന്നുണ്ട്. പെനാൽറ്റിയുടെ നിരക്ക് അഞ്ച് മടങ്ങ് കൂട്ടാനുള്ള പ്രൊപ്പോസൽ വന്നിട്ടുണ്ട്. ഇതിനുവേണ്ടി ചട്ടത്തിൽ ഭേദഗതി ചെയ്യാൻ നീക്കമുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടിയായി പറഞ്ഞു.

വേയ്സ്റ്റ് എനർജി പ്ലാന്റിന് കണ്ണൂരിലും കൊച്ചിയിലുമാണ് പ്രോഗ്രസ്സുള്ളത്. അവിടെയുള്ള ലെഗസി വേയ്സ്റ്റ് മാറ്റിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത പ്രവൃത്തി പെട്ടെന്ന്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പൂർത്തിയാക്കണം. പാലക്കാട്, തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽ ഭൂമി എത്രയും വേഗം കണ്ടെത്തണം. കൊല്ലം, കോഴിക്കോട് ജില്ലകളിൽ financial closure ലഭിക്കാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട ഏജൻസിയുമായി ബന്ധപ്പെട്ട് financial closure ഉണ്ടാക്കിക്കഴിഞ്ഞാൽ പ്രവൃത്തി മുന്നോട്ടുപോകാൻ സാധിക്കുമെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും, റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

13. കണ്ണൂർ, കോഴിക്കോട് വിമാനത്താവളങ്ങൾക്കുള്ള ഭൂമി ഏറ്റെടുക്കൽ

കണ്ണൂർ ജില്ലയ്ക്ക് അർത്ഥനാധികാരിയായ കിൻഫ്ര ഇതുവരെയും ഫണ്ട് ലഭ്യമാക്കിയിട്ടില്ല. കോഴിക്കോട് ജില്ലയിൽ 14.5 ഏക്കർ ഭൂമി ഏറ്റെടുക്കാനുണ്ട്. പക്ഷേ, അതുമായി ബന്ധപ്പെട്ട് ഭൂമി നികത്തുന്ന പ്രശ്നമാണുള്ളത്. 14.5 ഏക്കർ ഭൂമി ഏറ്റെടുക്കാൻ തയ്യാറാണെന്ന് ഗവൺമെന്റ് അവരെ അറിയിച്ചു. എന്നാൽ ഭൂമി നികത്താൻ 160 കോടി രൂപയുടെ എസ്റ്റിമേറ്റാണ് കെ.ആർ.ഡി.സി.എൽ. ആവശ്യപ്പെടുന്നതെന്ന് ചീഫ് സെക്രട്ടറി സൂചിപ്പിക്കുകയും, 14.5 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാനായിട്ടുള്ളത്. ഇത് റൺ വേ എക്സ്റ്റൻഷനുവേണ്ടിയാണ്. RESA (Runway End Safety Area) 90 മീറ്റർ മാത്രമേയുള്ളൂ, അത് 240 മീറ്റർ വേണ്ടതാണ്. സെപ്റ്റംബർ 10-നുള്ളിൽ സ്ഥലം ഏറ്റെടുത്ത് കൊടുത്തില്ലെങ്കിൽ, they will be forced to reduce the runway എന്നാണ് സിവിൽ ഏവിയേഷൻ മിനിസ്ട്രിയിൽ നിന്ന് കത്ത് മുഖേന അറിയിച്ചിരിക്കുന്നത്. ഇതിനായുള്ള സ്ഥലം കളക്ടർ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. എയർപോർട്ട് അതോറിറ്റി 190 കോടി രൂപയാണ് എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നത്. എന്നാൽ കെ.ആർ.ഡി.സി.എൽ. 165.77 കോടി രൂപ വേണ്ടിവരും എന്നാണ് പറഞ്ഞത്. ഗവൺമെന്റ് ലാന്റ് 10 കിലോ മീറ്ററിനുള്ളിൽ കിട്ടുകയാണെങ്കിൽ ഇത് 45 കോടി രൂപയായി കുറച്ചു കൊണ്ടുവരാം. കൊണ്ടോട്ടി താലൂക്കിൽ സർക്കാർ ഭൂമിയില്ല എന്നാണ് കളക്ടർ പറഞ്ഞിരിക്കുന്നത്. മണ്ണ് ഫ്രീ ആയി കിട്ടണം. 165.77 കോടി രൂപ കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ ചെലവഴിക്കണം എന്നുള്ള രീതിയിൽ ചീഫ് സെക്രട്ടറിക്ക് കത്ത് കൊടുത്തിട്ടുണ്ടെന്ന് ഗതാഗതവും തദ്ദേശസ്വയംഭരണവും വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

രണ്ട് ലക്ഷം ലോഡ് മണ്ണാണ് ഇതിനായി വേണ്ടത്. അത് വലിയ എമൗണ്ടാണ്. ഇതുമായി ബന്ധപ്പെട്ട് തഹസീൽദാർമാരുടെ മീറ്റിംഗ് വിളിക്കുകയും കൊണ്ടോട്ടി താലൂക്കിലുള്ള സർക്കാർ ഭൂമിയുടെ ലിസ്റ്റെടുക്കുകയും ചെയ്തു. എന്നാൽ ഇത്രയും മണ്ണെടുക്കാൻ സാധിക്കില്ലെന്നാണ് തഹസീൽദാർ റിപ്പോർട്ട് ചെയ്തത്. മറ്റുള്ള തഹസീൽദാർമാരോടും മണ്ണെടുക്കാൻ മിച്ചഭൂമി ഉണ്ടോയെന്ന് അന്വേഷിച്ചിട്ടുണ്ടെന്ന് മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചു.

തൊട്ടടുത്ത് റിസോർട്ടിന്റെ കുന്നുണ്ടെന്നും, അവർക്ക് മണ്ണ് തരാൻ സമ്മതമാണെങ്കിലും അത് തികയില്ല. തൊട്ടടുത്ത് നിന്നും വില കുറച്ച് മണ്ണെടുക്കുന്ന സംവിധാനമുണ്ടാക്കിയാൽ കോസ്റ്റ് കുറച്ച് കൊണ്ടുവരാൻ സാധിക്കുമെന്ന് ഗതാഗതവും തദ്ദേശസ്വയംഭരണവും വകുപ്പ് സെക്രട്ടറി സൂചിപ്പിച്ചു.

കണ്ണൂർ വിമാനത്താവളത്തിന്റെ കാര്യമാണ് പറയുന്നത്. ഇവിടത്തെ പ്രശ്നം മണ്ണ് ലഭിക്കുന്നില്ല എന്നുള്ളതാണ് ബഹു.മുഖ്യമന്ത്രി അറിയിച്ചതിനെ തുടർന്ന് കണ്ണൂർ വിമാനത്താവളത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കുറെ കാര്യങ്ങളുണ്ട്. അതിൽ റൺവേ എക്സ്റ്റൻഷന്റെ പൈസയാണ് കിൻഫ്രയിൽ നിന്നും കിട്ടാനുള്ളത്. വലിയ എമൗണ്ടാണ് ഇതിനാവശ്യമായുള്ളത്. കൂടാതെ, റൺവേ എക്സ്റ്റൻഷൻ ഭാഗത്തും ലൈറ്റനിംഗ് ഭാഗത്തും അഞ്ച് കുടുംബങ്ങൾ സ്ഥലം കൊടുത്തിട്ടുണ്ട്. അവരും 19 ഏക്കർ ഹെക്ടറിൽ ഉൾപ്പെടുന്നവരാണ്. അവർക്കും കുറച്ച് ബുദ്ധിമുട്ട് വരുന്നുണ്ട് മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഫണ്ടിനെ സംബന്ധിച്ച് കിൻഫ്രക്ക് എന്താണ് പറയാനുള്ളതെന്ന് ചീഫ് സെക്രട്ടറി ചോദിക്കുകയും, അവസാനമായി വന്നിരിക്കുന്ന ഫണ്ടിന്റെ റിക്വസ്റ്റ് കിൻഫ്ര ഗവൺമെന്റിലേയ്ക്ക് കൊടുത്തിട്ടുണ്ട്. ഗവൺമെന്റിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്കാണ് തുക കൊടുക്കുന്നത്. നാലുമാസം മുമ്പ് 200 കോടി രൂപ ലഭിച്ചത് അവിടത്തെ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി കൊടുത്തിരുന്നു. അഞ്ച് കുടുംബങ്ങളിൽ നിന്നുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് കുഴപ്പമില്ലെന്നും അത് എയർപോർട്ടിന് ആവശ്യമാണെന്ന് പറഞ്ഞ് കത്ത് കൊടുത്തിട്ടുണ്ട്. അതിനനുസരിച്ച് ഫണ്ട് റെയ്സ് ചെയ്യാമെന്നാണ് പറഞ്ഞതെന്ന് കിൻഫ്ര മാനേജിംഗ് ഡയറക്ടർ വ്യക്തമാക്കി.

തിരുവനന്തപുരം വിമാനത്താവളം ഇന്ത്യയിലെ വിമാനത്താവളങ്ങളിൽവച്ച് അപകടകാരിയായി മാറുന്നതിനുള്ള കാരണം അതിനുചുറ്റുമുള്ള അറവുശാലകളും അവിടെയുള്ള പക്ഷികളുമാണ്. ആധുനിക അറവുശാലയുടെ പ്രവർത്തനം അടുത്ത ജനുവരിയിൽ പൂർത്തിയാക്കാൻ കഴിയണം. ഇതുമായി ബന്ധപ്പെട്ട് എന്താണ് പറയാനുള്ളതെന്ന് ബഹു.മുഖ്യമന്ത്രിയുടെ ചോദ്യത്തിന് ആധുനിക അറവുശാല രണ്ടുമാസം കൊണ്ട് പൂർത്തിയാകുന്നതോടെ വിമാനത്താവളത്തിന് ചുറ്റുമുള്ള എല്ലാ അറവുശാലകളും ആധുനിക അറവുശാലയിലേയ്ക്ക് മാറ്റാൻ സാധിക്കും. ഈ പ്രദേശത്താണ് മത്സ്യത്തൊഴിലാളികളെ പുനരധിവാസം ചെയ്യാൻ പോകുന്നത്. വികലാംഗ കോളനിയും ഇവിടെയാണുള്ളത്. ഇതെല്ലാം കൂടി ഒരുമിച്ച് പുനരധിവാസം ചെയ്യാൻ സാധിച്ചാൽ ആ പ്രദേശം മുഴുവനും മാറ്റിയെടുക്കാനും ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്താനും സാധിക്കുമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ മറുപടി നൽകി.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

തിരുവനന്തപുരം വിമാനത്താവളത്തിലെ പക്ഷികളുടെ പ്രശ്നവുമായി ബന്ധപ്പെട്ട് നഗരസഭയുടെ മാലിന്യ സംസ്കരണ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നഗരസഭയുടെ മീറ്റിംഗ് വിളിച്ചിട്ടുണ്ടായിരുന്നു. ചില സ്ഥലങ്ങളിൽ വേയ്സ്റ്റ് സംസ്കരണവും കളക്ഷനും സമയബന്ധിതമായി നടക്കാത്തതുകാരണം അവ എയർപോർട്ടിന്റെ അടുത്തുള്ള സ്ഥലങ്ങളിൽ കൊണ്ടുപോയി ഡമ്പ് ചെയ്യുകയും നഗരസഭ കത്തിച്ചുകളയുകയുമാണ് ചെയ്യുന്നത്. കൂടാതെ, തിരുവനന്തപുരം ജില്ലയിലൊഴികെ എല്ലാ ജില്ലകളിലും ചിക്കൻ റെന്ററിംഗ് പ്ലാന്റുകളുണ്ട്. ഇവിടെ അത് സെറ്റ് അപ് ചെയ്യാൻ സാധിക്കാത്തതിനാൽ ധാരാളം ചിക്കൻ വേയ്സ്റ്റ് വരുന്നത് കാരണം പട്ടിശല്യവും പക്ഷിശല്യവും കൂടുന്നു. അത് പരിഹരിക്കുന്നതിനുവേണ്ടി അവിടെ ഇൻവെസ്റ്റ് ചെയ്ത് പ്രോജക്ട് സെറ്റ് ചെയ്യാൻ തയ്യാറായിട്ടുള്ള ആൾക്കാരുണ്ട്. പക്ഷേ, പ്രോജക്ടിനുവേണ്ടി ജില്ലാതലത്തിൽ ഒരു അഡ്മിനിസ്ട്രേഷൻ ഫെസിലിറ്റി ഉണ്ടായാൽ നല്ലതായിരിക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

തിരുവനന്തപുരത്തിന്റെ മാനസികാവസ്ഥ കൂടി നമ്മളിതിൽ മനസ്സിലാക്കണം. മെഡിക്കൽ വേയ്സ്റ്റ് സംസ്കരിക്കാനുള്ള കേന്ദ്രം ആദ്യമായി ആരംഭിച്ചത് പാലക്കാടാണ്. അത് ഒന്നുകൂടി വേണമെന്ന് കണക്കാക്കിയാണ് തിരുവനന്തപുരത്ത് വിതുരയിൽ സ്ഥാപിക്കാൻ തീരുമാനിച്ചത്. എന്നാൽ വിതുരയിൽ സ്ഥാപിക്കാൻ നിർദ്ദേശം വച്ചപ്പോൾ വലിയ തോതിൽ പ്രതിഷേധമുണ്ടാവുകയും അത് നിർത്തിവയ്ക്കേണ്ടി വരുകയും ചെയ്തുവെന്ന് ബഹു.മുഖ്യമന്ത്രി സൂചിപ്പിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

രണ്ട് റൂൾസാണ് അതിനെതിരായി നിൽക്കുന്നത്. ഒന്ന്, സ്ലോട്ടർ ഹൗസ് സ്ഥാപിക്കാൻ 100 മീറ്റർ ഡിസ്റ്റൻസ് വേണമെന്നുള്ളത് അമന്റ് ചെയ്ത് 25 മീറ്ററായി കുറച്ചു. അംഗീകൃത സ്ലോട്ടർ ഹൗസ് വരുന്നതിന് 25 മീറ്റർ ആവശ്യമാണ്. രണ്ടാമത്, പൊല്യൂഷൻ ആക്ട് അനുസരിച്ചുള്ള സ്ലോട്ടർ ഹൗസ് റൂൾസിനകത്ത് പത്ത് മൃഗങ്ങളിൽ താഴെയുള്ളതിന് ലൈസൻസ് വേണ്ട എന്നുള്ള പ്രൊവിഷൻ വച്ചാണ് അനധികൃതമായിട്ടുള്ള സ്ലോട്ടർ ഹൗസുകളുണ്ടാകുന്നത്. അനധികൃതമായി പലസ്ഥലങ്ങളിലും സ്ലോട്ടർ ഹൗസ് നടത്തുന്നവരാണ് വേയ്സ്റ്റ് കൊണ്ടുവന്ന് വിമാനത്താവളത്തിന് ചുറ്റിലും ഇടുന്നത്. അതിനകത്ത് കർശനമായ തീരുമാനം വന്നുകഴിഞ്ഞാൽ മാത്രമേ ഇതുസംബന്ധിച്ചുള്ള പ്രശ്നങ്ങൾ കുറയുകയുള്ളൂവെന്ന് ഗതാഗതവും തദ്ദേശസ്വയംഭരണവും വകുപ്പ് സെക്രട്ടറി വ്യക്തമാക്കുകയും, ഗൗരവമായി കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോയി കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കണമെന്ന് ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെടുകയും, പട്ടിശല്യത്തിന്റെ ഭാഗമായി ഇത്തരം അനധികൃതമായിട്ടുള്ള യൂണിറ്റുകളെ പരിശോധിക്കുകയും നടപടി എടുക്കുകയും വേണമെന്ന് കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

നടപടി (ജില്ലാ കളക്ടർ കോഴിക്കോട്, റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഗതാഗത വകുപ്പ്, കിൻഫ്ര)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

14. സാംസ്കാരിക സമുച്ചയം

കിഫ്ബി ധനസഹായത്തോടെ നടക്കുന്ന പ്രോജക്ടാണിത്. ഓരോ ജില്ലയ്ക്കും 50 കോടി രൂപ വീതം കൊടുത്തിട്ടുണ്ട്. കൊല്ലത്തുമാത്രം ഇത് പൂർത്തിയായിട്ടുണ്ട്. ചില ജില്ലകളിൽ സ്ഥലം കണ്ടുപിടിച്ചിട്ടില്ല, ചില ജില്ലകളിൽ പ്രോജക്ടുകൾ നടന്നുകൊണ്ടിരിക്കുന്നു. ഇതെല്ലാം സ്പീഡ് അപ് ചെയ്യണമെന്ന് ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടു.

ഇത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തീരുമാനിച്ചതാണ്. തീരുമാനിച്ചപ്പോൾ ഉടൻ പ്രാവർത്തികമാക്കുമെന്നാണ് എല്ലാവരും പറഞ്ഞത്. എന്നാൽ തിരുവനന്തപുരം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ ഭൂമി ഇതുവരെ കണ്ടെത്തിയിട്ടില്ല. ഭൂമി എത്രയും പെട്ടെന്ന് കണ്ടെത്തുന്നതിനുള്ള നടപടിയെടുക്കണം. മലപ്പുറത്ത് അര ഏക്കർ ഭൂമി കൂടി ഇനി എടുക്കാനുണ്ട്. അതും പെട്ടെന്ന് പൂർത്തിയാക്കണം. കണ്ണൂർ ജില്ലക്ക് സൗജന്യമായി ഭൂമി ലഭിച്ചിട്ടുണ്ട്. മറ്റ് നടപടികൾ ത്വരിതപ്പെടുത്തുകയാണ് വേണ്ടത്. കാസർഗോഡ് മടിക്കയിൽ സ്കൂളിന്റെ ഭൂമിയും സാംസ്കാരിക വകുപ്പിന്റെ ഭൂമിയും പരസ്പരം കൈമാറുക എന്നുള്ളതാണ് പ്രൊപ്പോസൽ. അത് കളക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ പെട്ടെന്ന് ത്വരിതപ്പെടുത്തണമെന്നും ഇതുമായി ബന്ധപ്പെട്ട് കളക്ടർമാർക്ക് എന്താണ് പറയാനുള്ളതെന്ന് ബഹു.മുഖ്യമന്ത്രി ചോദിക്കുകയും ചുവടെപ്പറയും പ്രകാരം കളക്ടർമാർ അതിനു മറുപടി നൽകി.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ജില്ലാകളക്ടർ,തിരുവനന്തപുരം:
തിരുവനന്തപുരം നഗരപ്രദേശമായതുകൊണ്ട് ഒരേക്കർ സ്ഥലം കണ്ടെത്താൻ പ്രയാസമാണ്. ഒരു മാസത്തിനുള്ളിൽ സ്ഥലം കണ്ടെത്തും.

ജില്ലാ കളക്ടർ, ഇടുക്കി
പീരുമേടിൽ ആദ്യം 4.31 ഹെക്ടർ സ്ഥലം കണ്ടെത്തിയതായിരുന്നു. അത് യോജിച്ചതല്ല എന്ന് പറഞ്ഞതുകൊണ്ട് മറ്റൊരു സ്ഥലം അന്വേഷിക്കുന്നുണ്ട്.

ജില്ലാ കളക്ടർ,എറണാകുളം
ലാന്റ് ഐഡന്റിഫൈ ചെയ്ത് കിട്ടിയിട്ടില്ല.

ജില്ലാ കളക്ടർ, കണ്ണൂർ
തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിക്കുവേണ്ടി പഞ്ചായത്ത് സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ട്.

ജില്ലാ കളക്ടർ, കാസർഗോഡ്:
ലാന്റ് ജോയിന്റ് ഇൻസ്പെക്ഷനുവേണ്ടി കൊടുത്തു

നടപടി (ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, സാംസ്കാരിക വകുപ്പ്, റവന്യൂ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

15. സിറ്റി റോഡ് ഇംപ്രൂവ്മെന്റ്

സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ നഗര പാത വികസന പദ്ധതി, കെ.എസ്.യു.ഡി.പി., കെ.ആർ.എഫ്.ബി. തുടങ്ങിയ നിരവധി പദ്ധതികളുണ്ട്. അതെല്ലാം പല ഘട്ടങ്ങളിലാണ്. കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ക്രിട്ടിക്കൽ പ്രോജക്ടായി റിവ്യൂ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. കൊല്ലം ജില്ലയിൽ കെ.ആർ.എഫ്.ബി.-യുടെ പ്രോജക്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അതത് ജില്ലാ കളക്ടർമാർ റിവ്യൂ നടത്തേണ്ടതാണ്. സ്മാർട്ട് സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ടുവരുന്ന റോഡുകളിൽ, എറണാകുളം ജില്ലയിലെ ചില റോഡുകൾ ചെയ്തെങ്കിലും തിരുവനന്തപുരത്ത് കരാറുകാരുമായുള്ള പ്രശ്നങ്ങൾ നിമിത്തം വർക്കിൽ പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല. കോഴിക്കോട് ജില്ലയിൽ നഗരപാത വികസന പദ്ധതി പുരോഗമിക്കുകയാണ്. ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന് എന്തെങ്കിലും വിശദീകരിക്കാനുണ്ടോ എന്ന് ചീഫ് സെക്രട്ടറി ചോദിച്ചു.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്നും, അതിൽ തിരുവനന്തപുരത്തെ വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഒരപേക്ഷയുണ്ട്. റോഡുകളിലെ എൻക്രോച്ച്മെന്റുകൾ ക്ലിയർ ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന റിക്വസ്റ്റ് തിരുവനന്തപുരം ജില്ലാ കളക്ടറുടെ മുന്നിൽ വയ്ക്കുകയാണ്. കൂടാതെ ഈസ്റ്റ്ഫോർട്ട് സൈഡിൽ ഡ്രെയിൻ ക്ലീനിംഗ് ആവശ്യമാണ്. അവിടെയും കുറച്ച് എൻക്രോച്ച്മെന്റുകളുണ്ട്. ജില്ലാ കളക്ടറുടെ സഹായം ലഭിച്ചാൽ മാലിന്യം നീക്കം ചെയ്യുന്നതാണ്. പ്രസ്തുത

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സ്ഥലത്തെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് ജില്ലാ ഭരണകൂടത്തിന്റെ ഇടപെടൽ ആവശ്യമാണെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി മറുപടി നൽകി.

സ്ഥലം കണ്ടെത്തി ചെയ്യ നൽകുകയും എൻക്രോച്ച്മെന്റുകൾ ഒഴിപ്പിക്കുകയും ചെയ്യമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിക്കുകയും, കൊല്ലം, കണ്ണൂർ ജില്ലകളിലെ പദ്ധതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സർക്കാർതലത്തിൽ പെൻഡിംഗിലാണ്. കൊല്ലം ജില്ലയിലെ ഒരു ലാൻഡ് അക്വിസിഷൻ, കണ്ണൂർ നഗരപാത വികസന പദ്ധതിയുടെ ഫേസ് II-വുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ എന്നിവയുടെ തുക ഇതുവരെ അനുവദിച്ചിട്ടില്ല.

കോഴിക്കോട് ജില്ലയിൽ രണ്ട് ഫ്ലൈ ഓവറിന്റെ ലാൻഡ് അക്വിസിഷൻ നടപടികൾ ജില്ലാ കളക്ടർ വേഗത്തിൽ പൂർത്തീകരിക്കേണ്ടതാണെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ചൂണ്ടിക്കാട്ടി.

കോഴിക്കോട് ജില്ലയിൽ പ്രസ്തുത വർക്കുമായി ബന്ധപ്പെട്ട ലാൻഡ് അക്വിസിഷൻ നടപടികൾ വേഗത്തിലാക്കിയിട്ടുണ്ട്. 4(1) പബ്ലിഷ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച റിക്വിസിഷൻ ലഭിച്ചിട്ട് ഒരു മാസമേ ആയിട്ടുള്ളൂ. കൂടുതൽ workers-നെ നിയോഗിച്ച് വേഗത്തിലാക്കാമെന്നും കളക്ടർ അറിയിച്ചു.

ആലപ്പുഴ ജില്ലയിൽ വർക്ക് പുരോഗമിക്കുന്നുണ്ടെങ്കിലും പൈപ്പ്ലൈനുമായി ബന്ധപ്പെട്ട് ചെറിയ പ്രശ്നമുണ്ടെന്നും അക്കാര്യം ഡി.ഐ.സി.സി.- യിൽ ഉന്നയിച്ചിരുന്നുവെന്ന് പൊതുമരാമത്ത് വകുപ്പ്:

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സെക്രട്ടറി അറിയിക്കുയും, ലാസ്റ്റ് ഡി.ഐ.സി.സി.-യിൽ പ്രസ്തുത വിഷയം പരിഹരിക്കുയും, 85% physical progress -ഉം 75 % financial progress-ഉം ഉണ്ടെന്ന് കളക്ടർ വ്യക്തമാക്കി.

നടപടി (ബന്ധപ്പെട്ട ജില്ലാ കളക്ടർ മാർ, റവന്യൂ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

16. പ്രധാനപ്പെട്ട ബൈപ്പാസ്

എല്ലാ ജില്ലകളിലും ബൈപ്പാസിന്റെ പണികൾ നടക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും ജില്ലകളിൽ പ്രത്യേക പ്രശനങ്ങളുണ്ടോ എന്ന് ചീഫ് സെക്രട്ടറി ചോദിച്ചു.

ചില ജില്ലകളിൽ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. ചില വർക്കുകൾക്ക് അപ്രൂവൽ നൽകുന്നതിൽ പെൻഡിംഗ് വന്നിട്ടുണ്ട്. അവ എത്രയും വേഗം നൽകാം. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബൈപാസിന്റെ അഡീഷണൽ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് ഇഷ്യൂ ഉണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചു.

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി ബൈപ്പാസിനായി 03.4984 ഹെക്ടർ ഭൂമിയുടെ അക്വിസിഷൻ നടപടികൾ പൂർത്തിയായതാണ്. അതിൽ 24 കോടി രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുള്ളതുമാണ്. അതിനുശേഷമാണ് ഒരു ബിറ്റ് ലാൻഡ് (8.75 ആർസ്) ഉൾപ്പെടാതെ പോയത് കണ്ടെത്തിയതെന്ന് കളക്ടർ അറിയിച്ചു.

പ്രസ്തുത അക്വിസിഷൻ വേഗത്തിലാക്കിയശേഷം തുടർനടപടി സ്വീകരിക്കാമെന്നും, എറണാകുളം ജില്ലയിൽ അങ്കമാലി-കൊച്ചി എയർപോർട്ട് റോഡ്, സീപോർട്ട്- എയർ പോർട്ട് റോഡ് പെരുമ്പാവൂർ ബൈപാസ്, കോസ്റ്റൽ ഹൈവേ തുടങ്ങിയ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടറോട് വിശദീകരിക്കാൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ആവശ്യപ്പെട്ടു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

എറണാകുളം ജില്ലയിൽ അങ്കമാലി-കൊച്ചി എയർപോർട്ട് ബൈപ്പാസിന്റെ 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫീൽഡ് സർവ്വേ നടന്നുവരികയാണെന്നും, സീപോർട്ട് - എയർപോർട്ട് റോഡിന്റെ 30.3590 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കാനുള്ളത്. പ്രസ്തുത പ്രവൃത്തിയുടെയും 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫീൽഡ് സർവ്വേ നടപടി പുരോഗമിക്കുകയാണ്. പെരുമ്പാവൂർ ബൈപാസിന് സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് ഹൈക്കോടതി കേസ്സിൽ ഉൾപ്പെട്ട 6.22 ആർ സ്ഥലം ഒഴികെ ബാക്കി മുഴുവൻ സ്ഥലവും ഏറ്റെടുത്ത് ആർ.ബി.ഡി.സി.കെ.-യ്ക്ക് കൈമാറിയിട്ടുണ്ട്. കോസ്റ്റൽ ഹൈവേയ്ക്ക് സ്ഥലമേറ്റെടുക്കുന്നതിന്റെ സർവ്വേ നടപടികൾക്കായി 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇൻലാൻഡ് വാട്ടർ വെയ്സ് അതോറിറ്റി-കാർഗോ ടെർമിനൽ അപ്രോച്ച് റോഡിന്റെ വീതി കൂട്ടുന്നതിനുള്ള സ്ഥലമേറ്റെടുപ്പ് നടപടിയുടെ ഭാഗമായി 19 (1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കെട്ടിട വില നിർണ്ണയ റിപ്പോർട്ട് ലഭ്യമായാലുടൻ ഡി.വി.എസ്. പബ്ലിഷ് ചെയ്യാവുന്നതാണെന്നും കളക്ടർ വിശദമാക്കി.

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ബൈപാസ് റോഡ് നിർമ്മാണത്തിന്റെ സ്ഥലമേറ്റെടുപ്പ് നടപടികൾ സംബന്ധിച്ചും, മലപ്പുറം ജില്ലയിലെ പുത്തൂൽ-ചെനക്കൽ ബൈപാസ് റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ സംബന്ധിച്ചും വിശദീകരിക്കാൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ആവശ്യപ്പെട്ടു.

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം ബൈപാസ് റോഡിന്റെ ബി.വി.ആർ. അപ്രൂവ് ചെയ്തിട്ടുണ്ട്. ഡി.വി.എസ്. ഏകദേശം തയ്യാറായിട്ടുണ്ട്. ഈ ആഴ്ചതന്നെ അപ്രൂവ് ചെയ്ത് വർക്ക് അവാർഡ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ചെയ്യുന്ന നടപടിയിലേയ്ക്ക് കടക്കാൻ കഴിയുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

മലപ്പുറം ജില്ലയിൽ പുത്തൂർ-ചെനക്കൽ ബൈപാസിന് സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 31.15 കോടി രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും, ഫണ്ട് ലഭ്യമായാലുടൻ പണി ആരംഭിക്കാൻ കഴിയും. അല്ലെങ്കിൽ 25-11-22-ൽ പദ്ധതി കാലഹരണപ്പെട്ടുപോകുമെന്നും കളക്ടർ അറിയിച്ചു.

We will approve that proposal. കോഴിക്കോട് പുതുപ്പാടി-മുത്തങ്ങ നാഷണൽ ഹൈവേ-766-ന്റെ ലാൻഡ് അക്വിസിഷനും വളരെ പ്രധാനപ്പെട്ടതാണെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സൂചിപ്പിച്ചു.

Kozhikode District Collector says, Two stretches are there. NHAI should give money also. In that case they are not showing that much interest. So we are in touch with NHAI. In Greenfield they have given all the support. But for this stretch they are not coming forward with funds.

In reply, Public Works Department Secretary ,We will take up this issue with NHAI

ഹിൽ ഹൈവേയുമായി ബന്ധപ്പെട്ട് തൃശ്ശൂർ, എറണാകുളം ജില്ലകളിൽ ലാൻഡ് free-surrender ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ട്. അതിന്റെ പുരോഗതി വിശദീകരിക്കാൻ ചീഫ് സെക്രട്ടറി ആവശ്യപ്പെടുകയും, ഒല്ലൂർ-പുതുക്കാട് എം.എൽ.എ.-യുമായി ഈ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വിഷയം ചർച്ച ചെയ്തിരുന്നുവെന്നും, ഇതുമായി ബന്ധപ്പെട്ട് ചില എതിർപ്പുകളുണ്ട്. ഒന്നുകൂടി ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കാമെന്ന് തൃശ്ശൂർ ജില്ലാ കളക്ടറും, ഹൈവേയുമായി ബന്ധപ്പെട്ട് മറ്റ് പ്രശ്നങ്ങളൊന്നുമില്ലെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയും അറിയിച്ചു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും, റവന്യൂ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ഗതാഗത വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

17. ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദിക് റിസർച്ച്

ഇതുമായി ബന്ധപ്പെട്ട് കേസ് നിലനിൽക്കുന്ന ബാക്കി സ്ഥലം എത്രയും വേഗം കൈമാറണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

സ്റ്റേ നിലനിൽക്കുന്ന കേസ്സുകളിൽ കൃത്യമായ നിലപാടെടുക്കാൻ കഴിയുന്നില്ല. അതായത് എപ്പോൾ ഏത് ഭാഗം പൂർത്തിയാകുമെന്ന് പറയാൻ കഴിയുന്നില്ല. ഇന്റർനാഷണൽ ആയുർവേദിക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നത് ഒരു സ്വപ്ന പദ്ധതിയാണ്. വർഷങ്ങളായിട്ടും ആ രീതിയിൽതന്നെ തുടരുകയാണ്. ഇതുമായി ബന്ധപ്പെട്ട ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. എത്ര ഘട്ടങ്ങളിലായി വർക്ക് പൂർത്തിയാക്കാൻ കഴിയുമെന്നതുസംബന്ധിച്ച് ഒരു റോഡ്മാപ്പ് തയ്യാറാക്കണം, ഭരണ വകുപ്പ് അതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു.

Phase I-ൽ Hospital-cum-Academic Research Block-ന്റെ നിർമ്മാണം 2023 ജൂൺ മാസത്തിൽ പൂർത്തിയാകുമെന്നാണ് KITCO അറിയിച്ചിട്ടുള്ളത്. ബൊട്ടാണിക്കൽ ഗാർഡനുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുവേണ്ടി ഒരു റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. അവിടെ ലാറ്ററൈറ്റ് സോയിലായതിനാൽ പ്ലാന്റിംഗ് കുറച്ച് പ്രയാസമാണ്. എത്രയുംവേഗം പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ആരോഗ്യ കുടുംബക്ഷേമം, ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാർ അറിയിച്ചു,

നടപടി (ജില്ലാ കളക്ടർ കണ്ണൂർ, റവന്യൂ വകുപ്പ്, ആരോഗ്യ വകുപ്പ്, ആയുഷ് വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

18. പ്രധാനപ്പെട്ട ടൂറിസം പദ്ധതികൾ, വ്യവസായ പാർക്കുകൾ എന്നിവയ്ക്കുള്ള ഭൂമി ഏറ്റെടുക്കൽ

ടൂറിസം പദ്ധതികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടെങ്കിൽ വകുപ്പ് സെക്രട്ടറി വിശദീകരിക്കേണ്ടതാണെന്ന് ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടു.

മൂന്ന് പദ്ധതികളിൽ, ആദ്യത്തേത് പാലക്കാട് നെല്ലിയാമ്പതി ടൂറിസം വികസന പദ്ധതിയാണ്. ഇതിൽ വനം വകുപ്പുമായി ബന്ധപ്പെട്ട് പ്രശനം നിലനിൽക്കുന്നുണ്ട്. പദ്ധതിക്കായി ഐഡന്റിഫൈ ചെയ്ത സ്ഥലം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റേതാണ് എന്നാണ് അവർ പറയുന്നത്. ഈ പ്രശ്നത്തിന് പാലക്കാട് ജില്ലാ കളക്ടർ പരിഹാരം കാണണം. 2020 ആഗസ്റ്റ് മാസത്തിൽ പദ്ധതി സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വർക്ക് ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിലും സ്ഥലത്ത് സാധനങ്ങൾ എത്തിക്കാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് അനുവദിക്കുന്നില്ല. ഭൂമിയുടെ കുറച്ച് ഭാഗം D.T.P.C.-യ്ക്ക് കൈമാറിയിട്ടുണ്ട്. ഈ പ്രശ്നമുള്ളതുകൊണ്ടാണ് പ്രോജക്ട് പൂർത്തികരിക്കുവാൻ സാധിക്കാത്തതെന്ന് മത്സ്യബന്ധനവും ടൂറിസവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദമാക്കി.

ഇതിൽ 2.17 ഏക്കർ ഭൂമി റെക്കോർഡ്സ് പ്രകാരം ഡി.റ്റി.പി.സി.-യുടെ അധീനതയിലാണ്. അവിടെയാണ് ഹൈറ്റ്സിന്റെ ടൂറിസം പ്രോജക്ട് പ്രൊപ്പോസ് ചെയ്തത്. എന്നാൽ പ്രസ്തുത സ്ഥലം ഇപ്പോൾ റിസർവ് ഫോറസ്റ്റിലായതിനാൽ അവിടെ പുതിയ കൺസ്ട്രക്ഷൻ പാടില്ലെന്ന നിർദ്ദേശം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നും വന്നിട്ടുണ്ടായിരുന്നു. ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ-യുടെ സാന്നിദ്ധ്യത്തിൽ നെല്ലിയാമ്പതിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മീറ്റിംഗ് വിളിച്ചിരുന്നു. ഡി.എഫ്.ഒ. ഉൾപ്പെടെയുള്ളവർ യോഗത്തിൽ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പങ്കെടുത്തിരുന്നുവെങ്കിലും നിർദ്ദിഷ്ട വനഭൂമിയിലൂടെ നിർമ്മാണ സാധനങ്ങൾ കൊണ്ടുവരാൻ അവർ അനുവദിച്ചിരുന്നില്ല. അതിനുശേഷം പി.സി.സി.എഫ്.-ന്റെ നേതൃത്വത്തിൽ ഒരു മീറ്റിംഗ് ഉദ്ദേശിച്ചിരുന്നുവെങ്കിലും മീറ്റിംഗ് ഇതുവരെ നടന്നിട്ടില്ലെന്ന് പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചു.

പി.സി.സി.എഫ്.-ഉമായിട്ടുള്ള മീറ്റിംഗ് ജൂൺ മാസം നിശ്ചയിച്ച് മാറ്റിവച്ചതാണ്. പുതിയ തീയതി ഇതുവരെ തീരുമാനിച്ചിട്ടില്ലെന്നും, ഇത് 4 വർഷം മുൻപുള്ള പദ്ധതിയാണെന്നും ബഹു.പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സൂചിപ്പിക്കുകയും, തുടർന്ന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റാണ് മീറ്റിംഗ് മാറ്റിവച്ചതെന്ന് മത്സ്യബന്ധനവും ടൂറിസവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഈ വിഷയം പരിശോധിച്ച് എത്രയും വേഗം പ്രോജക്ട് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാമെന്നും, ടൂറിസവുമായി ബന്ധപ്പെട്ട് വേറെ എന്തെങ്കിലും പ്രശനമുണ്ടോയെന്ന് ചീഫ് സെക്രട്ടറി ചോദിച്ചതിനെ തുടർന്ന് രണ്ട് വിഷയങ്ങൾ കൂടിയുണ്ടെന്നും, തൃശ്ശൂർ ജില്ലയിലെ കുന്ദംകുളത്ത് ഒരു ഇക്കോ ടൂറിസം പദ്ധതിക്ക് ലാൻഡ് അക്വിസിഷൻ പെൻഡിംഗിലാണെന്നും, കൊല്ലം-കരുനാഗപ്പള്ളി ബോട്ട് ജെട്ടി നിർമ്മാണവുമായി ബന്ധപ്പെട്ടും പ്രശ്നമുണ്ട്. ലീസ് റെന്റുമായി ബന്ധപ്പെട്ട തർക്കമാണ്. മൂന്നുവർഷത്തേയ്ക്ക് ലീസ് എഗ്രിമെന്റ് വയ്ക്കാൻ ബന്ധപ്പെട്ടവർ തയ്യാറാണ്. എന്നാൽ മൂന്നുവർഷത്തേയ്ക്ക് എഗ്രിമെന്റ് വയ്ക്കുന്നത് adequate അല്ല. കുറഞ്ഞത് 30 വർഷത്തേയ്ക്കെങ്കിലും ലീസ് എഗ്രിമെന്റ് വയ്ക്കേണ്ടതായിട്ടുണ്ടെന്ന് മത്സ്യബന്ധനവും ടൂറിസവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

2020-ലാണ് കുന്ദംകുളം ഇക്കോ ടൂറിസം പദ്ധതിയുടെ ആദ്യത്തെ ലാൻഡ് അക്വിസിഷൻ നോട്ടിഫിക്കേഷൻ വന്നത്. എന്നാൽ സർവ്വേ കഴിഞ്ഞപ്പോൾ 4.8 ഹെക്ടർ എന്നുള്ളത് 6.8 ഹെക്ടറായി റീ-നോട്ടിഫൈ ചെയ്യേണ്ടിവന്നു. ആ നോട്ടിഫിക്കേഷൻ വന്നിരിക്കുന്നത് 2022 ജൂലൈ മാസത്തിലാണ്. ഇപ്പോൾ രാജഗിരി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ സാമൂഹികാഘാത പഠനം നടന്നുകൊണ്ടിരിക്കുകയാണ്. ഓരോ ഘട്ടവും ഫോളോ-അപ് ചെയ്ത് 2023 ജൂലൈ മാസത്തോടെ ലാൻഡ് കൈമാറാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് തൃശ്ശൂർ ജില്ലാ കളക്ടറും, 30 വർഷത്തേയ്ക്കുള്ള ലീസ് എഗ്രിമെന്റ് വച്ചതുസംബന്ധിച്ച ഉത്തരവ് ജൂൺ മാസത്തിൽതന്നെ ഇഷ്യൂ ചെയ്തിട്ടുള്ളതാണെന്നും ഡി.റ്റി.പി.സി. സെക്രട്ടറിക്കും പ്രസ്തുത ഉത്തരവ് കൈമാറിയിട്ടുണ്ടെന്ന് കൊല്ലം ജില്ലാ കളക്ടറും അറിയിച്ചു.

വ്യവസായ പാർക്കിന്റെ ഭൂമിയേറ്റെടുക്കുന്നതിന് കിൻഫ്ര പണം നൽകുന്നതു സംബന്ധിച്ച വിഷയങ്ങളാണ്. കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോറുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കുന്നതിന്റെ പണം നൽകിയിട്ടില്ലെന്ന് ജില്ലാ കളക്ടർ ചൂണ്ടിക്കാണിച്ചിരുന്നു. കണ്ണൂരിൽ സൈബർ പാർക്ക് ആരംഭിക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിലും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് ചീഫ് സെക്രട്ടറി സൂചിപ്പിച്ചു,

പാലക്കാട് ജില്ലയിൽ മൂന്ന് സ്ഥലത്ത് സ്ഥലമേറ്റെടുത്തതിന്റെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. 1600 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ളതിൽ 82% സ്ഥലം അതായത് 1115 ഏക്കർ ഭൂമി അക്വയർ ചെയ്യുകഴിഞ്ഞു. കൊച്ചി ഗിഫ്റ്റ് സിറ്റിയിലെ 358 ഏക്കറിന് 850 കോടി രൂപയായി മാറിയതിനാൽ ഗവൺമെന്റിന്റെ പ്രത്യേക അനുമതി വേണമെന്ന്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നിർദ്ദേശിച്ചിരുന്നു. ഇതുസംബന്ധിച്ച് ഗവൺമെന്റിൽനിന്ന് അനുവാദം വാങ്ങി കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബി ബോർഡ് തുക പാസ്സാക്കുകയും 30-ാം തീയതിക്കുമുൻപ് ഫണ്ട് നൽകാമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇൻവോയിസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉടൻതന്നെ എറണാകുളം കളക്ടർ ഫണ്ട് കൈമാറുകയും ചെയ്യുന്നതാണ്. രണ്ട് മാസത്തിനുള്ളിൽ ലാൻഡ് അക്വിസിഷൻ നടത്തുന്നതാണെന്നും സൈബർ പാർക്ക് കിൻഫ്രയുടെ കീഴിൽ വരുന്നതല്ലെന്നും കിൻഫ്ര മാനേജിംഗ് ഡയറക്ടർ വ്യക്തമാക്കുകയും, തുടർന്ന് സ്ഥലം ഐഡന്റിഫൈ ചെയ്തിട്ടുണ്ടെന്നും, ഫയൽ വർക്കുകളും മറ്റും സർക്കാർ തലത്തിൽ നടക്കുന്നുണ്ടെന്നും അത് പരിശോധിക്കുന്നതുമാണെന്ന് കായികവും യുവജനക്ഷേമവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിക്കുകയും, അതിന്റെ നിർമ്മാണം കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജിഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിനാണ് നൽകിയിരിക്കുന്നതെന്നും കാസർഗോഡ് കയ്യൂർ-ചീമേനിയിൽ 100 ഏക്കർ സ്ഥലത്ത് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും വ്യവസായ വകുപ്പിൽ നിന്നും തീരുമാനം ഉണ്ടായിട്ടില്ലെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഐ.ടി. ഡിപ്പാർട്ടുമെന്റിന് രണ്ട് കാര്യങ്ങൾ അറിയിക്കാനുണ്ട്. ആദ്യമായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഐ.ടി. കോറിഡോർ അതായത് എൻ.എച്ച് 66-ന്റെ ഭാഗമായി നാല് സ്ട്രക്ച്ചിൽ ഐ.ടി. പാർക്ക് നിർമ്മിക്കാൻ വേണ്ടിയുള്ള ഒരു പ്രൊപ്പോസൽ തയ്യാറാക്കിക്കൊണ്ടിരിക്കുയാണ്. സർക്കാർ തലത്തിൽ പ്രിലിമിനറി വർക്ക്സ് ചെയ്തുവരികയാണ്. ആദ്യമായി ടെക്നോപാർക്ക് തേഡ് ഫെയ്സ് മുതൽ കൊല്ലം വരെയുള്ളതും എറണാകുളം-കൊരട്ടി, എറണാകുളം-ചേർത്തല, കോഴിക്കോട്-കണ്ണൂർ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വരെയുള്ള എൻ.എച്ച്.-66-ന്റെ ഭാഗമായുള്ള കുറേ ഐ.ടി. പാർക്കുകളും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. രണ്ട് പുതിയ ഐ.ടി. പാർക്കുകളിൽ ഒരെണ്ണം കണ്ണൂരിലും മറ്റൊരെണ്ണം കൊല്ലത്തും ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. സർക്കാർ തലത്തിൽ പ്രിലിമിനറി വർക്ക്സ് ചെയ്തിട്ടുണ്ട്. അക്വിസിഷൻ ചെയ്യുന്ന സമയത്ത് ജില്ലാ കളക്ടർമാരുടെ സഹായം വേണ്ടിവരും. മറ്റൊരു കാര്യം നിലവിലുള്ള കാക്കനാട്-ബ്രഹ്മപുരം റോഡ്, സീപോർട്ട്-എയർപോർട്ട് റോഡ്, ഇൻഫോപാർക്ക്, എക്സ്പ്രസ് ഹൈവേ തുടങ്ങിയവയുടെ ഭാഗത്ത് അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. അവയ്ക്കെതിരെ അനുയോജ്യമായ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെടുന്നുവെന്ന് റവന്യൂവും ദുരന്തനിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദമാക്കി.

നടപടി (ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, റവന്യൂ വകുപ്പ്, സാംസ്കാരിക വകുപ്പ്, വനം വകുപ്പ് ,ടൂറിസം വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

1. സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പ്രോജക്ട്

ഗെയിൽ പൈപ്പ്ലൈൻ നിലവിൽ വന്നതോടെ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പ്രോജക്ട് എറണാകുളത്തിന് വടക്കുള്ള ജില്ലകളിൽ ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡും എറണാകുളത്തിന് തെക്കോട്ടുള്ള ജില്ലകൾ മറ്റൊരു കമ്പനിയുമാണ് ഏറ്റെടുത്തിരിക്കുന്നത്. അവർ വ്യക്തിഗത ഗ്യാസ് കണക്ഷൻ കൊടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പല സ്ഥലങ്ങളിലും ഗ്യാസ് ഡിസ്ട്രിബ്യൂഷനുവേണ്ടിയുള്ള പമ്പും അവർ സ്ഥാപിക്കുന്നുണ്ട്. വ്യക്തിഗത ഗ്യാസ് കണക്ഷൻ അവരെ കൊണ്ട് വേഗത്തിൽ കൊടുപ്പിക്കുകയെന്നത് പ്രധാന കാര്യമാണ്. സി.എൻ.ജി. സ്റ്റേഷനുകളും അവർ സ്ഥാപിക്കുന്നുണ്ട്. എന്നാൽ വ്യക്തിഗത ഗ്യാസ് കണക്ഷൻ കൊടുക്കാൻ അവർ താല്പര്യം കാണിക്കുന്നില്ല. പ്രാദേശിക തലത്തിൽ യോഗങ്ങൾ വിളിച്ചുകൂട്ടി അവരെ അതിന് സഹായിക്കുകയും ടാർഗറ്റ് നിശ്ചയിച്ചതനുസരിച്ച് ഗ്യാസ് കണക്ഷൻ കൊടുക്കുകയും വേണം. അത് ജില്ലാ കളക്ടർമാർ ചെയ്യേണ്ട കാര്യമാണ്. എല്ലാ ജില്ലകളിലും പ്രത്യേകിച്ച് വടക്കൻ ജില്ലകളിൽ എല്ലാവർക്കും വ്യക്തിഗത ഗ്യാസ് കണക്ഷൻ കിട്ടുന്നുവെന്ന് ഉറപ്പുവരുത്തണം. സി.എൻ.ജി. സ്റ്റേഷൻ സെറ്റപ്പ് ചെയ്യുന്ന കാര്യത്തിലുള്ള താല്പര്യം വ്യക്തിഗത കണക്ഷൻ നൽകുന്നതിൽ കാണിക്കുന്നില്ല. അത് ഒഴിവാക്കണം. നമ്മൾ കൂടി സമ്മർദ്ദം ചെലുത്തിയാൽ മാത്രമേ അത് കൊടുക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട യോഗങ്ങൾ വിളിച്ചുകൂട്ടി എല്ലാവർക്കും കണക്ഷൻ കൊടുക്കുന്നുവെന്ന് ഉറപ്പുവരുത്തണം. പ്രോജക്ട് നടപ്പാക്കാൻ കേന്ദ്ര സർക്കാർ അനുവദിച്ച സമയം കഴിഞ്ഞു. എന്നിട്ടും പല ജില്ലകളിലും പ്രോഗ്രസ് ഉണ്ടാകുന്നില്ല. ഏതൊക്കെ ജില്ലകളാണ് പിന്നിൽ നിൽക്കുന്നതെന്ന് വ്യക്തമാക്കാൻ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

എവിടെയെങ്കിലും സ്പെസിഫിക് ഇഷ്യൂ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുന്നത് നല്ലതായിരിക്കുമെന്ന് ഇൻഡസ്ട്രീസ് & കോമേഴ്സ് ഡിപ്പാർട്ടുമെന്റ് ഡയറക്ടർ അറിയിച്ചു. വ്യവസായ വകുപ്പിന്റെ എസ്റ്റേറ്റുകളിൽ ഇന്റേണലായി സിറ്റി ഗ്യാസിന് പെർമിഷൻ കൊടുത്തു. എന്തെങ്കിലും ഇഷ്യൂ ഉണ്ടെങ്കിൽ ടേക്ക് അപ്പ് ചെയ്യാം. കണക്ഷൻ നൽകാനുള്ള പെർമിഷൻ കൊടുത്തിട്ടുണ്ടെങ്കിലും എല്ലാ എസ്റ്റേറ്റുകളിലും എത്തിയിട്ടില്ല.

ജില്ലാ കളക്ടർമാർ അതത് ജില്ലാ ഓഫീസർമാരുമായി ബന്ധപ്പെട്ട് എല്ലായിടത്തും കണക്ഷൻ കൊടുപ്പിച്ചാൽ ലാഭകരമാകും. കൂടാതെ വ്യക്തഗത കണക്ഷൻ നൽകുന്നത് വേഗത്തിലാക്കണം. എല്ലാ ജില്ലാ ഹെഡ്ക്വാർട്ടേഴ്സുകളിലും അടിയന്തരമായി കണക്ഷൻ കൊടുക്കാൻ ആവശ്യപ്പെടണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

കൊച്ചിയിലേത് ഏറ്റവും നല്ല രീതിയിൽ നടക്കേണ്ട പദ്ധതിയാണ്. അവിടെ വളരെ ചെറിയ പുരോഗതി മാത്രമേയുള്ളൂ. തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ കുറച്ച് കണക്ഷൻ നൽകാൻ ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് കഴിഞ്ഞിട്ടുണ്ട്. പക്ഷേ വളരെ കുറഞ്ഞ എണ്ണം മാത്രമാണ് അങ്ങനെ നൽകിയിരിക്കുന്നത്. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ കണക്ഷൻ നൽകുന്നതിന് ആരംഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ കൂടി അതിനുള്ള നടപടി സ്വീകരിക്കണം. കാസർഗോഡ്, വയനാട്, ഇടുക്കി, പത്തനംതിട്ട, കൊല്ലം, കോട്ടയം എന്നിവ യാതൊരു പുരോഗതിയുമില്ലാത്ത ജില്ലകളാണ്. ചീഫ് സെക്രട്ടറി പറഞ്ഞതുപോലെ സി.എൻ.ജി., എൽ.എൻ.ജി. സ്റ്റേഷനുകൾ സ്ഥാപിക്കാനാണ് അവർക്ക്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

താല്പര്യം. വ്യക്തിഗത കണക്ഷൻ കൊടുക്കുന്നതിൽ താല്പര്യം കാണിക്കുന്നില്ല. ജില്ലാ കളക്ടർമാർ ഇടയ്ക്ക് റിവ്യു നടത്തിയാൽ അവരുടെ താല്പര്യം വർദ്ധിപ്പിക്കുന്നതിന് സാധിക്കുമെന്ന് ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

കട്ടിങ് പെർമിഷന് ഇലക്ട്രോണിക്കായി സമർപ്പിക്കുന്ന ആപ്ലിക്കേഷന് അനുമതി കിട്ടുന്നില്ല എന്ന പരാതിയ്ക്ക് പരിഹാരം കാണേണ്ടതാണ്. ബാക്കിയെല്ലാ ജില്ലകളിലും പെർമിഷന്റെ കാര്യം പറഞ്ഞ് താമസിപ്പിക്കുന്നതിനു പകരം ഒക്ടോബർ മുതൽ ഏപ്രിൽ വരെയുള്ള സീസൺ ആകുമ്പോഴേയ്ക്കും നല്ല ശതമാനം ആളുകൾക്ക് കണക്ഷൻ കിട്ടിക്കഴിഞ്ഞാൽ അവർക്ക് സാമ്പത്തികമായ നേട്ടവും ഉണ്ടാകും. അവർക്ക് സൗകര്യവുമായിരിക്കും. അതിനുള്ള ശ്രമം എല്ലാവരും നടത്തണം. മാത്രമല്ല വയനാട്ടിൽ എല്ലായിടത്തും പൈപ്പ് ലൈൻ പോകാത്തതിനാൽ മറ്റേതെങ്കിലും കണക്ഷൻ കൊടുക്കേണ്ടിവരും. എല്ലാ വ്യവസായ എസ്റ്റേറ്റിലും കണക്ഷൻ കൊടുപ്പിക്കണം. അവർക്കൊക്കെ സാമ്പത്തികമായി ചെറിയ മെച്ചമുണ്ടാകുമെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

നടപടി (ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, വ്യവസായ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

2.എൻഡോസൽഫാൻ ദുരിതബാധിതർക്ക് പെൻഷൻ

കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴിയാണ് എൻഡോസൽഫാൻ ദുരിതബാധിതർക്ക് പെൻഷൻ കൊടുക്കുന്നത്. അതുപ്രകാരം എല്ലാവർക്കും ലംപ്സം എമൗണ്ട് കൊടുത്തുകഴിഞ്ഞു. ഓഗസ്റ്റ് വരെയുള്ള പെൻഷൻ സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി കൊടുത്തു കഴിഞ്ഞിട്ടുണ്ടെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

3. വിവിധ പുനരധിവാസ പദ്ധതികളുടെ പുരോഗതി

ലൈഫ് മിഷനാണ് പ്രധാനമായും ഇതിൽ വന്നിട്ടുള്ളതെന്നും എം.എൻ. വീട് പദ്ധതിയുടെ കാര്യവും ഇതിൽ പറഞ്ഞിട്ടുണ്ട്. 400 ഇരട്ട വീടുകൾ പൂർത്തിയായി. 45 എണ്ണം മാത്രമേ ഇനി പൂർത്തിയാകാനുള്ളുവെന്നും ചീഫ് സെക്രട്ടറി അറിയിച്ചു.

എം.എൻ. ലക്ഷം വീട് പദ്ധതിയുമായി ബന്ധപ്പെട്ട് ഇവിടെ സമർപ്പിച്ചിരിക്കുന്ന കണക്ക് തെറ്റാണ്. ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കണം. 5245 ഇരട്ട വീടുകളെങ്കിലും ഒറ്റ വീടുകൾ ആക്കേണ്ടതുണ്ട്. ഇത്തവണ 5 കോടി രൂപയെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചതല്ലാതെ അതിനൊരു മാനദണ്ഡം കൊണ്ടുവന്നിട്ടില്ല. നേരത്തെ ഒരു ആനുകൂല്യം പറ്റിയിരിക്കുന്നതിനാൽ ഇവർക്ക് ലൈഫിൽ അപേക്ഷ കൊടുക്കാൻ പറ്റില്ല. ഇതിനുവേണ്ടി 5 കോടി രൂപയുടെ പ്രോജക്ട് ഉണ്ടാക്കണമെന്ന് റവന്യൂ-ഭവനനിർമ്മാണ വകുപ്പു മന്ത്രി നിർദ്ദേശിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

5 കോടി രൂപയുടെ ബഡ്ജറ്റ് അലോക്കേഷൻ അനുസരിച്ച് പ്രോജക്ട് തയ്യാറാക്കുന്നുണ്ട്. ടി തുക തികയാതെ വരുന്നതിനാൽ അടുത്ത വർഷത്തെ ബഡ്ജറ്റിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നുണ്ടെന്നും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

ഒറ്റ വീട് എന്ന തരത്തിലേയ്ക്കുള്ള ഒരു മാറ്റത്തിലേയ്ക്ക് പോകേണ്ടതായിട്ടുണ്ടെന്ന് ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു.

നടപടി (എല്ല് ജില്ലാ കളക്ടർമാരും, റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

4.വാട്ടർ മെട്രോ

കൊച്ചി വാട്ടർ മെട്രോ പദ്ധതി കൊച്ചി മെട്രോയാണ് നടപ്പാക്കുന്നത്. 76 കിലോമീറ്റർ ദൈർഘ്യമുള്ള ഈ പദ്ധതിയിൽ 38 ടെർമിനലുകളാണുള്ളത്. ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് ചീഫ് സെക്രട്ടറി ചോദിച്ചു.

മൂന്ന് ടെർമിനലുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് പ്രശ്നങ്ങൾ നിലനിന്നിരുന്നു. അതിൽ രണ്ട് സ്ഥലങ്ങൾ ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്. ബാക്കി ഒരെണ്ണം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട ഒരു യോഗം വിളിച്ചുചേർക്കുകയും ഔട്ട് ഓഫ് കോർട്ടിൽ സെറ്റിൽമെന്റ് ആകുകയും ചെയ്തിട്ടുണ്ട്. ഒരാഴ്ചയ്ക്കുള്ളിൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നും ടൂറിസം വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി. ഒക്ടോബർ മാസം അവർ സർവ്വീസ് തുടങ്ങുമെന്നാണ് പറയുന്നതെന്നും, തിരുവനന്തപുരത്തും വാട്ടർ മെട്രോ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ എന്ന് ചീഫ് സെക്രട്ടറിയുടെ ചോദ്യോത്തന് മറുപടിയായി നാല് ബോട്ടുകൾ കൊച്ചിൻ ഷിപ്പിയാർഡിൽ റെഡി ആയിട്ടുണ്ടെന്നും ടി.എസ്.കനാലിന്റെ ലാന്റ് അക്വിസിഷൻ വർക്ക്സിന് സ്ഥലമേറ്റെടുക്കുന്നതിനെക്കുറിച്ചാണ് നോട്ടിൽ പറഞ്ഞിരിക്കുന്നത്. അതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നുണ്ടെന്ന് ടൂറിസം വകുപ്പ്: അഡീഷണൽ ഡയറക്ടർ മറുപടിയായി പറഞ്ഞു.

നടപടി (ജില്ലാ കളക്ടർ തിരുവനന്തപുരം, ജലവിഭവ വകുപ്പ്, ടൂറിസം വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

5.ചങ്ങനാശ്ശേരി–ആലപ്പുഴ സെമി എലിവേറ്റഡ് ഹൈവേ

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതായ ചില വിഷയങ്ങളുണ്ടെന്നും. ബോട്ട് ടെർമിനൽ പൊളിച്ചുമാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ചീഫ് സെക്രട്ടറിയുടെ ചോദ്യത്തെ തുടർന്ന് പദ്ധതിയുമായി ബന്ധപ്പെട്ട് മൊത്തം എട്ട് ഇഷ്യൂസ് ഉണ്ടായിരുന്നു. അതിൽ ആറ് ഇഷ്യൂസിന് പരിഹാരം കണ്ടിട്ടുണ്ട്. ഇപ്പോൾ രണ്ട് ഇഷ്യൂസ് മാത്രമേ അവശേഷിക്കുന്നുള്ളൂ. ടൂറിസം ഡിപ്പാർട്ടുമെന്റിൽ നിന്നും എൻ.ഒ.സി. ലഭിക്കുന്ന മുറയ്ക്കുമാത്രമേ ബോട്ട് ടെർമിനൽ പൊളിച്ചുമാറ്റാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ മാസം 30-ാം തീയതി ടൂറിസം സെക്രട്ടറിയും പി.ഡബ്ല്യു.ഡി. സെക്രട്ടറിയും പങ്കെടുത്ത ഒരു യോഗമുണ്ടായിരുന്നു. അവർ എൻ.ഒ.സി. ഉടൻ നൽകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ആലപ്പുഴ ജില്ലാ കളക്ടർ അറിയിച്ചു. മാത്രമല്ല കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ 85 സ്ക്വയർ മീറ്റർ ലാന്റ് വിട്ടുനൽകുന്നതിന് അവർ പണം ആവശ്യപ്പെടുന്നുണ്ട്. ഈ പ്രോജക്ടിൽ ലാന്റ് അക്വിസിഷന് പണം വകയിരുത്തിയിട്ടില്ല.

അത് ഏകദേശം രണ്ട് സെന്റ് ഭൂമിയോളം വരും. സ്ഥലം നൽകിക്കഴിഞ്ഞ ശേഷം പണത്തിന്റെ കാര്യം ആലോചിക്കാം. ആ പ്രോജക്ട് താമസിച്ചുകഴിഞ്ഞാൽ വലിയ ചെലവ് ഉണ്ടാകുമെന്ന് ചീഫ് സെക്രട്ടറി ഓർമ്മിപ്പിച്ചു.

നടപടി (ജില്ലാ കളക്ടർ, കോട്ടയം, റവന്യൂ വകുപ്പ്, ടൂറിസം വകുപ്പ്, പൊതുമരാമത്ത് വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

6.ആലപ്പുഴ-കുട്ടനാട് പാക്കേജ്

ഈ പേര് തന്നെ തെറ്റാണെന്നും, ആലപ്പുഴ-കുട്ടനാട് പാക്കേജ് എന്ന് പറഞ്ഞാൽ ആലപ്പുഴ ജില്ലയ്ക്കായി മാത്രമുള്ളത് എന്ന് അർത്ഥം വരും. കുട്ടനാട് പാക്കേജ് ഒന്നിലധികം ജില്ലകളിലായിട്ടാണ് വരുന്നത്. ആ പേര് മാറ്റി കുട്ടനാട് പാക്കേജ് എന്ന് മാത്രമാക്കണമെന്ന് ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു.

നടപടി (കൃഷി വകുപ്പ്)

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ മൂന്ന് ജില്ലകൾ ഈ പാക്കേജിന്റെ പരിധിയിൽ വരും. കൃഷി വകുപ്പിന് എന്തെങ്കിലും ഇഷ്യൂസ് ഉണ്ടെങ്കിൽ അറിയിക്കാവുന്നതാണെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

2019 ഒക്ടോബറിൽ പ്ലാനിംഗ് ബോർഡ് പതിനാറോളം കമ്പോണന്റ്സ് ഉള്ള ഒരു കോംപ്രിഹെൻസീവ് പ്രോജക്ട് സജസ്റ്റ് ചെയ്തു. അതിന്റെ മെയിൻ സ്റ്റേക്ഹോൾഡേഴ്സ് ജലവിഭവ വകുപ്പും അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റുമാണ്. ജലവിഭവ വകുപ്പിന് 1500 കോടിയോളം രൂപയുടെ ഔട്ട്ലെ ഉണ്ട്. പുറംബണ്ട് ബലപ്പെടുത്തുക, ലീഡിംഗ് ചാനലിന്റെ ഡീപ്പനിംഗ് തുടങ്ങിയ വാട്ടർ റിസോഴ്സസ് ആക്ടിവിറ്റീസാണുള്ളത്. 220 കോടിയോളം രൂപയുടെ അഗ്രിക്കൾച്ചർ കമ്പോണന്റ്സുമുണ്ട്. ഗവൺമെന്റ് അത് പല തലത്തിൽ കൺസിഡർ ചെയ്തു. ലീഡിംഗ് ചാനലിന്റെ ആഴം എടുക്കുന്നത് സംബന്ധിച്ച് ഐ.ഐ.ടി. ചെന്നൈയെക്കൊണ്ട് സ്റ്റഡി നടത്തിയിട്ടുണ്ട്. അതിന്റെ ഇന്റെറിം റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതുകൂടാതെ ഇതേ പ്രൊപ്പോസൽ തന്നെ അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റ് ബിലോ സീ ലെവൽ ഇൻസ്റ്റിറ്റ്യൂട്ടിനെക്കൊണ്ട് റിവ്യൂ ചെയ്യിച്ചപ്പോൾ കൃഷിക്ക് കുറേയധികം കംപോണന്റ്സും കൂടി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വേണമെന്ന് കാണിച്ചുകൊണ്ട് 2053 കോടി രൂപയുടെ ഒരു റിവൈസ്ഡ് പ്രൊപ്പോസലും നൽകിയിട്ടുണ്ട്.

നടപടി (ജില്ലാ കളക്ടർ, ആലപ്പുഴ, കൃഷി വകുപ്പ്)

വാട്ടർ റിസോഴ്സ് ആക്ടിവിറ്റീസുമായി ബന്ധപ്പെട്ട് ഐ.ഐ.ടി. ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അത് കൃഷിയുമായി ബന്ധപ്പെട്ട് നോക്കാം. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ നിർവ്വാഹക സമിതി തീരുമാനമെടുത്തിട്ടുണ്ട്. അതത് ജില്ലാ കളക്ടർമാർ കോ-ഓർഡിനേറ്റേഴ്സും ഡി.ഡി.സി.-മാർ നോഡൽ ഓഫീസർമാരുമായി ആക്ടിവിറ്റീസ് ടേക്ക് അപ്പ് ചെയ്യാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. പാക്കേജിൽ പതിനാറ് ഐറ്റം ഉണ്ടോ എന്നും, ഇരുപത്തിയാറ് ഐറ്റം വേണമോയെന്നത് പ്ലാനിംഗ് ബോർഡുമായി ചേർന്ന് ഫൈനലൈസ് ചെയ്ത് ഉത്തരവിറക്കാവുന്നതാണ്. ഇതാണ് ഇതുമായി ബന്ധപ്പെട്ട നിലവിലത്തെ സ്ഥിതിയെന്ന് കൃഷി വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

ഇത് വരാൻ പോകുന്ന പാക്കേജാണെന്നും നേരത്തെ ആരംഭിച്ച പ്രോജക്ടുകൾ അവസാനിപ്പിച്ചിട്ടുണ്ടോ; അത് സംബന്ധിച്ച അസസ്മെന്റ് വേണ്ടേ? എന്ന ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് മറുപടിയായി 3500 - ഓളം കോടി രൂപയ്ക്കാണ് പാക്കേജ് 1 ഡിസൈൻ ചെയ്തിരുന്നത്. അതിൽ 1300 കോടി രൂപയേ ചെലവഴിച്ചിട്ടുള്ളൂവെന്നാണ് മനസ്സിലാക്കുന്നത്. അതുസംബന്ധിച്ച റിപ്പോർട്ട് കൈവശമുണ്ടെന്നും, ഭൂരിഭാഗം വർക്കുകളും (800 കോടി രൂപയിൽപ്പരം) ഇറിഗേഷൻ ഡിപ്പാർട്ടുമെന്റാണ് ചെയ്തതെന്ന് കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പാക്കേജിൽ 49 പ്രവൃത്തികൾ നടന്നു വരികയാണ്. ഈ വർഷം 38 പ്രവൃത്തികളുടെ എ.എസ്. ആയിട്ടുണ്ട്. നദികളെ സംബന്ധിച്ച് I.I.T. പഠനം നടത്തി ഇടക്കാല റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. അടുത്തയാഴ്ച ഫൈനൽ റിപ്പോർട്ട് സബ്മിറ്റ് ചെയ്യാമെന്ന് ഐ.ഐ.ടി. സമ്മതിച്ചിട്ടുണ്ട്. 2018 മുതലുള്ള കേന്ദ്ര സർക്കാരിന്റെ വിഹിതം നമുക്ക് ലഭിക്കുന്നില്ല. നിലവിൽ സ്റ്റേറ്റ് ഗവൺമെന്റിന്റെ 33 കോടി രൂപയുടെ പ്രോജക്ടുകൾമാത്രമാണ് on going ആയിട്ടുള്ളതെന്ന് ജലവിഭവവും കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷനും വകുപ്പ് സെക്രട്ടറി അറിയിച്ചു.

നടപടി (ജലവിഭവ വകുപ്പ്, കൃഷി വകുപ്പ്)

കുട്ടനാട് പാക്കേജിന്റെ ഭാഗമായി നിരവധി പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. അതിനാൽ ഇതിനൊരു ഏകോപനം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. രണ്ടുമൂന്ന് തവണകളായി ജനപ്രതിനിധികളുൾപ്പെടെ അവിടെയുള്ള ഉയർന്ന ഉദ്യോഗസ്ഥന്മാരെ (കളക്ടർ, ജില്ലാതല ഉദ്യോഗസ്ഥർ) വിളിച്ച് ആലപ്പുഴയിൽ വച്ച് പ്രത്യേക യോഗം ചേർന്നിരുന്നു. കുട്ടനാട് ഏകോപന വികസന കൗൺസിൽ എന്ന പ്രൊപ്പോസൽ നൂറുദിന പരിപാടിയുടെ ഭാഗമായി പ്രഖ്യാപിച്ചതാണ്. അതുകൂടി സ്പീഡിൽ നടപ്പിലാക്കിയാൽ അവിടെ നടക്കുന്ന പ്രവർത്തനങ്ങളിൽ ഏകോപനം നടത്താൻ കഴിയും. കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിന് എല്ലാ ഡിപ്പാർട്ടുമെന്റുകളും തമ്മിലുള്ള ഏകോപനം അത്യാവശ്യമാണെന്ന് ബഹു.കൃഷി വകുപ്പുമന്ത്രി നിർദ്ദേശിച്ചു.

നടപടി (ജില്ലാ കളക്ടർ, ആലപ്പുഴ, കൃഷി വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനായി എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും ഏകോപനത്തോടെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇപ്പോൾ സമിതി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി മറ്റ് കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അതിൽപ്പരം ഒരു ഏകോപനം ഇനി വേറെ വരാനില്ലെന്ന് ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

7. ഡാമുകളുടെയും നദികളുടെയും ശോഷണം ഡാമുകളുടെയും നദികളുടെയും മണൽ നിക്ഷേപം

വളരെയധികം എഫർട്ടെടുത്ത് മണ്ണ് നീക്കം ചെയ്യുകയും പക്ഷേ അതിന്റെ ഓക്ഷൻ പൂർത്തിയായിട്ടില്ലാത്തതുമാണ് പ്രധാന പ്രശ്നമെന്ന് ചീഫ് സെക്രട്ടറി സൂചിപ്പിക്കുയും, ഇന്നുവരെ 69,04,000 m^3 മണൽ ഒലിച്ചുപോയിക്കഴിഞ്ഞു. എന്നാൽ ഇതിന്റെ വിലയിൽ പ്രശ്നമുണ്ട്. ധനകാര്യ വകുപ്പിൽ നിന്നുള്ള ഒരു ജി.ഒ.-യുടെ അടിസ്ഥാനത്തിൽ ചീഫ് എൻജിനീയർ തലത്തിലാണ് ഇപ്പോൾ റേറ്റ് ഫിക്സ് ചെയ്യുന്നത്. തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലെ തീരപ്രദേശത്ത് എം.എസ്.റ്റി.സി. വഴി ഒരു പ്രാവശ്യം ഇ-ഓക്ഷൻചെയ്യുകഴിഞ്ഞു. അന്നാലത് സക്സസ് ആയില്ല. ഇതുസംബന്ധിച്ച് കാസർഗോഡ്, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിലെ കളക്ടർമാർക്കറിയാമെന്നും, ബാക്കി എല്ലാ ജില്ലകളിലും എം.എസ്.റ്റി.സി വഴി ഓക്ഷൻ ചെയ്യാൻവേണ്ടിയുള്ള പ്രോസസ് ആരംഭിച്ചു കഴിഞ്ഞുവെന്ന് ജലവിഭവവും കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷനും വകുപ്പ് സെക്രട്ടറി അറിയിച്ചു.

ഇപ്പോൾ ഓക്ഷൻ നടക്കാതിരിക്കാൻ എന്താണ് കാരണമെന്നും, എം.എസ്.റ്റി.സി വഴി ധാരാളം ഓക്ഷൻസ് നടക്കുന്നുണ്ടെന്ന ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് മറുപടിയായി ഇതിൽ വിലയുടെ ഒരു വിഷയമുണ്ട്. ധനകാര്യ വകുപ്പിൽ നിന്നുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ രണ്ടുപ്രാവശ്യം ഓക്ഷൻ നടത്തിയതിന്റെ ഓഡിറ്റ് പരിശോധിച്ചാൽ മാത്രമേ നമുക്ക് അതിന്റെ പൊസിഷൻ അറിയാൻ സാധിക്കുകയുള്ളൂവെന്ന് ജലവിഭവവും കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷനും വകുപ്പ് സെക്രട്ടറി മറുപടി നൽകി.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കേരളത്തിലെ നദികളിൽ നിന്നും ആകെ എത്ര എക്കൽ മണൽ എടുത്തിട്ടുണ്ട്? എടുത്ത മണൽ മുഴുവൻ വിൽക്കാൻ സാധിച്ചിട്ടുണ്ടോ; ഇപ്പോൾ എത്ര മണൽ ബാക്കിയുണ്ട്; ഒലിച്ചുപോയ മണൽ എത്രയാണ്; തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ കയ്യിലുണ്ടോ? മണലിന്റെ വില തീരുമാനിച്ചതിൽ എന്തെങ്കിലും അപാകത ഉണ്ടായിട്ടുണ്ടോ; വില കൂടിയതാണോ ലേലം നടക്കാതിരിക്കാൻ കാരണം? എന്നീ ബഹു.മുഖ്യമന്ത്രിയുടെ ചോദ്യത്തിന് മറുപടിയായി വിവരങ്ങൾ കൈവശമുണ്ടെന്നും. 69,04,283 m^3 ആണ് desilted total quantity of land. ഇതിൽ 18,77,200 m^3 ആണ് ഓക്ഷണബിൽ ആയിട്ടുള്ളത്. ഇതിൽ വളരെ കുറച്ചുമാത്രമേ (ഒരു ശതമാനത്തിൽ താഴെ) ഓക്ഷൻ ചെയ്തിട്ടുള്ളൂ. 18,66,000 m^3 മണൽ ബാക്കിയുണ്ട്. വില തിരിച്ചിട്ടുണ്ടെന്നും, മണലിന്റെയും എക്കലിന്റെയും ക്വാളിറ്റി അനുസരിച്ച് ചീഫ് എഞ്ചിനീയർതലത്തിൽ വില നിശ്ചയിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇത് റിപ്പോർട്ടിന്റെ വേരിയേഷനാണ്. നമ്മൾ തീരുമാനിച്ച റേറ്റും വെൻഡർ എഗ്രി ചെയ്ത റേറ്റും വളരെ വ്യത്യാസമുണ്ട്. അതുകൊണ്ടാണ് ഇ-ഓക്ഷൻ നടത്താൻ സാധിക്കാത്തത്. പലരീതിയിലുമുള്ള ഡിസ്കഷൻസ് കളക്ടറേസ് തലത്തിൽ നടത്തിയെങ്കിലും അതിന് പ്രോഗ്രസ് ഉണ്ടായിട്ടില്ലെന്നും ജലവിഭവവും കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷനും വകുപ്പ് സെക്രട്ടറി മറുപടി നൽകി

നടപടി (എല്ലാ ജില്ലാ കളക്ടർമാർ, ജലവിഭവ വകുപ്പ്)

ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലാണല്ലോ ഇതെല്ലാം ചെയ്തുകൊണ്ടിരുന്നത്. ഈ മണ്ണ് ഡിസ്പോസ് ചെയ്യാത്തതിന്റെ കാരണമെന്താണെന്ന് ചീഫ് സെക്രട്ടറി ചോദ്യത്തിനു മറുപടിയായി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കാസർഗോഡ് ജില്ലയിൽ 936.47 per cubic metre മുതൽ 1500 per cubic metre വരെ ചീഫ് എഞ്ചിനീയർ നിശ്ചയിച്ച തുകയാണ്. പക്ഷെ expire online MSTC auction Rs.100 per cubic metre മാത്രം bidding കിട്ടി. ലോക്കൽ എൻക്വയറി മുഖേന 600 per cubic metre വരെ ചെയ്യാൻ കഴിയും. പക്ഷെ ഓൺലൈൻ ടെണ്ടറിൽ ആരും പങ്കെടുത്തിരുന്നില്ല. 50 percentage quantity, quote quantity ആയിരുന്നു. That is already been lost in the revert. Yard quantity ബാക്കി 50 percentage ആയിരുന്നു. i.e., 2,18,000 cubic metre. അതിപ്പോഴുമുണ്ട്. പക്ഷെ അത് പ്രൈവറ്റ് യാർഡ്സിലാണ്. സ്വകാര്യ വ്യക്തികൾ ഇതിന് വാടക ആവശ്യപ്പെടുന്നുണ്ട്, യഥാർത്ഥത്തിൽ ഇത് ബുദ്ധിമുട്ടാണ്. ഫിസിക്കൽ ഓക്ഷൻ വഴി ചെയ്യാൻ കഴിയും. കോട്ടയം ജില്ലയിൽ നേരത്തെ ഫിസിക്കൽ ഓക്ഷൻ നടത്തിയിരുന്നു. അതിലും ആരും പങ്കെടുത്തിരുന്നില്ലെന്നും കാസർഗോഡ് ജില്ലാ കളക്ടർ അറിയിച്ചു.

ചെളിയും എക്കലും ഡെബ്രിസുമെല്ലാം കൂടിയ മണ്ണാണ് കോരിയിട്ടിരിക്കുന്നത്. ഇതിൽ നിന്നും സാമ്പിളെടുത്ത് അതിൽ ഇത്ര ശതമാനം മണൽ എന്ന് കണക്കാക്കി ആ മണലിന്റെ വിലയാണ് നിശ്ചയിച്ചിരിക്കുന്നത്. മണൽ വേർതിരിച്ചല്ല ഓക്ഷൻ ചെയ്യുന്നത്. മണൽ എന്ന പർപ്പസിന് ഇത് ഉപയോഗിക്കാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് ആരും ഓക്ഷന് വരാത്തത്. അതുകൊണ്ട് സ്പോട്ട് ഓക്ഷൻ ചെയ്യുനോക്കി. അപ്പോഴും ബേസ് വാല്യു ഇങ്ങനെ തന്നെ കണക്കാക്കുന്നതുകൊണ്ട് ആരും ലേലത്തിൽ വരുന്നില്ലെന്ന് കോട്ടയം ജില്ലാ കളക്ടർ വ്യക്തമാക്കി.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് മണ്ണിന്റെ കോമ്പോസിഷൻ അനുസരിച്ചാണ് വില ഫിക്സ് ചെയ്തത്. കളക്ടർ പറഞ്ഞതുപോലെ cutting motion charges അതിൽ കുറച്ചിട്ടില്ല. കളക്ടറും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ചേർന്നൊരു മോണിറ്ററിംഗ് കമ്മിറ്റിയുണ്ട്. അതിൽ അസെസ് ചെയ്ത് വില കുറയ്ക്കാമെന്ന് ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് (ഇൻ ചാർജ്ജ്), ചീഫ് എഞ്ചിനീയർ നിർദ്ദേശിക്കുകയും, തുടർന്ന് തെറ്റായി വില നിശ്ചയിച്ചതുകൊണ്ടാണ് മണ്ണെല്ലാം തിരിച്ച് പുഴയിലേയ്ക്ക് പോയതെന്ന് ചീഫ് സെക്രട്ടറി ഉന്നയിക്കുകയും തെറ്റായ വില അല്ല മറിച്ച് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് വച്ചിട്ടാണ് വില നിശ്ചയിച്ചതെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചു. പ്രാക്ടിക്കലായി നടക്കാത്തതുകൊണ്ടാണ് തെറ്റാണെന്ന് പറഞ്ഞതെന്ന് ചീഫ് സെക്രട്ടറി കൂട്ടിച്ചേർത്തു.

അതിനകത്തുള്ള മണലിന്റെ വിലയാണ് നമ്മൾ കണക്കാക്കിയത്. എക്കലും ചെളിയും അടക്കമുള്ള മണലാണ്. മണലിന്റെ വിലയ്ക്ക് വിൽക്കാൻ തീരുമാനിച്ചതെന്നാണ് കളക്ടർമാർ പറഞ്ഞത്. അത് ഒരു ശരിയായ നടപടിയല്ല. മണൽ മാത്രം വിൽക്കുകയാണെങ്കിൽ മണലിന്റെ വില കണക്കാക്കാം. അല്ലെങ്കിൽ മൊത്തം സാധനം ഇത്രയാണ് അതിൽ ഇത്രശതമാനം മാത്രമാണ് മണലുള്ളതെങ്കിൽ ആ തോതിനനുസരിച്ചുള്ള വില മാത്രമാണ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. അതാണ് വേണ്ടതും ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു.

മണലിന് മാത്രമല്ല എക്കലിനും ചെളിയ്ക്കും ഡി.എസ്.ആർ. അനുസരിച്ചുള്ള റേറ്റ് തന്നെയാണ് ഇട്ടിരിക്കുന്നത്. അത് സെപ്പറേറ്റ് ചെയ്ത് നല്ല മണൽ മാറ്റിയെടുക്കുന്നതിനുള്ള വാഷിംഗ് ചാർജ്ജും കൂടി അതിനകത്ത് വരുമെന്ന് ചീഫ് എഞ്ചിനീയർ സൂചിപ്പിച്ചു. എന്നാൽ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

മണൽ കിട്ടി കഴിഞ്ഞാൽ വാഷിംഗിന് വേണ്ടി വേറെ കോസ്റ്റ് വരുന്നുണ്ട്. അതുകൊണ്ടാണ് ഓക്ഷന് താൽപ്പര്യം കുറവായതെന്ന് ജലവിഭവവും കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷനും വകുപ്പ് സെക്രട്ടറി അറിയിച്ചു.

എത്ര മണലുണ്ടെന്ന് ആദ്യം അസെസ് ചെയ്യണമെന്നും, കുറെ മണൽ ഒലിച്ചുപോയിട്ടുമുണ്ട്. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന വിലയ്ക്ക് ലേലം വഴി മണൽ വിൽക്കാൻ സാധിക്കുന്നില്ലെങ്കിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മെമ്പർമാരായിട്ടുള്ള കമ്മിറ്റിയിൽ ഇത് റീ-അസെസ് ചെയ്ത് വില കുറയ്ക്കാമെന്ന് ചീഫ് എഞ്ചിനീയർ (ഇൻ ചാർജ്ജ്), ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് അറിയിച്ചു.

നടപടി (ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, ജലവിഭവ വകുപ്പ്, ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ& അഡ്മിനിട്രേഷൻ) വകുപ്പ്)

ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മണൽ ഈ വിലയ്ക്ക് വിൽക്കാൻ സാധിക്കുകയില്ലെന്ന് ബോദ്ധ്യമായി. അതിനകത്ത് അപാകതയുണ്ടെന്നാണ് കളക്ടർമാരും വിശദീകരിച്ചിരിക്കുന്നത്. ഇതെല്ലാം കണക്കാക്കി പുതുക്കിയ വില നിശ്ചയിക്കേണ്ടതായി വരും. അങ്ങനെയൊരു തീരുമാനമെടുക്കണം. വിൽക്കുന്ന മണലിന് മാത്രമാണ് വില ഈടാക്കാൻ സാധിക്കുകയുള്ളൂ. ഒലിച്ചുപോയ മണൽ എത്രയുണ്ടെന്ന് ഇപ്പോൾ ആലോചിച്ചിട്ട് കാര്യമില്ല. അടുത്ത മഴ വരുമ്പോൾ മണൽ ഒലിച്ചു പോകാതിരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചാൽ മതിയെന്ന് ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു.

നടപടി (ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, ജലവിഭവ വകുപ്പ്, ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ& അഡ്മിനിട്രേഷൻ) വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

65 കോടി രൂപ മുടക്കിയാണ് മണൽ വാരിയത്. അത് തിരിച്ച് വീണ്ടും നദികളിലേയ്ക്ക് ഒലിച്ച് പോയാൽ അത് വാരേണ്ടിവരും. അതാണ് അതിലുള്ള പ്രശ്നമെന്ന് ചീഫ് സെക്രട്ടറി ചൂണ്ടിക്കാട്ടുകയും, ഇപ്പോൾ വാരിയിട്ടിരിക്കുന്ന മണൽ ഡിസ്പോസ് ചെയ്തതിനുശേഷം തുടർനടപടികൾ ആലോചിക്കാമെന്നും, ആർ.എം.എഫ്. ലേലം ചെയ്യുന്നതുപോലെ ഒരു ലേലനടപടിയിലേയ്ക്ക് വന്നില്ലെങ്കിൽ മണൽ ഇങ്ങനെതന്നെ കിടക്കും. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വിൽക്കുകയാണെങ്കിൽ അത് കളക്ടർമാരുടെ ബാദ്ധ്യതയായി മാറും എന്നതാണ് ഇതിന്റെ പ്രശ്നമെന്ന് ബഹു.റവന്യൂ-ഭവനനിർമ്മാണ വകുപ്പു മന്ത്രി ചൂണ്ടിക്കാട്ടി.

ഇത് നാച്വറൽ റിസോഴ്സസാണ്. മറ്റ് സംസ്ഥാനങ്ങളിലും മണൽ വാരുന്നത് de-siltation-ൽ വന്നതാണ്. സാധനങ്ങൾ പർചേയ്സ് ചെയ്യുന്നത് ഡി.എസ്.ആർ. അനുസരിച്ചാണ്. ഡി.എസ്.ആർ.-ന്റെ അടിസ്ഥാനത്തിൽ മണൽ വിൽക്കുന്നതിനുള്ള റേറ്റ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത റേറ്റിൽ മണൽ ലേലം ചെയ്യാൻ കഴിയില്ല. ഇതിന് പരിഹാരമായി മണൽ വാരുന്നതിന് ടെണ്ടർ ചെയ്യുമ്പോൾതന്നെ അതേ ഏജൻസിക്ക് മണൽ വിൽക്കാനുള്ള ടെണ്ടർ കൊടുക്കാനേ വഴിയുള്ളൂ. സർക്കാർ മണൽ വാരി ലേലം ചെയ്യുമ്പോൾ അത് കോൺട്രാക്ടർമാർ പൊളിക്കും. പ്രധാനപ്പെട്ട പ്രാക്ടിക്കൽ പ്രശ്നമാണിത്. അതുകൊണ്ട് അടുത്ത കൊല്ലം മുതൽ മണൽ വാരാൻ വരുമ്പോൾ മണൽ വാരുന്നവർക്കുതന്നെ അത് വിൽക്കാനുള്ള അവകാശം ടെണ്ടറിൽ ഉൾപ്പെടുത്തണം. അല്ലാതെ ലേലം വിളിച്ചാൽ ഒരു ക്യൂബിക് മീറ്റർ മണൽ പോലും ലേലത്തിൽ പോകുകയില്ല. കൂടാതെ മഴ വരുമ്പോൾ മണൽ ഒലിച്ചുപോകാതിരിക്കണമെങ്കിൽ മണൽ എത്രയും പെട്ടെന്ന് ഡിസ്പോസ് ചെയ്യാനുള്ള റേറ്റ് നിശ്ചയിക്കണം. അല്ലെങ്കിൽ മണലിന്റെ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ക്വാണ്ടിറ്റി കുറഞ്ഞുപോകും. മണലിന്റെ യഥാർത്ഥ വില നിശ്ചയിക്കുന്ന ജോലി ഇറിഗേഷൻ വകുപ്പുതന്നെ ചെയ്യണം. അല്ലെങ്കിൽ ഡി.എസ്.ആർ. നോക്കാതെ സെയിൽ സിസ്റ്റത്തിൽ ഇതിന്റെ റേറ്റ് ഫിക്സ് ചെയ്യാനുള്ള നടപടി പൊതുമരാമത്ത് വകുപ്പ് നോക്കണമെന്ന് ജലവിഭവവും കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷനും വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

മണൽ വാങ്ങുന്ന വിലയ്ക്ക് വിൽക്കാൻ ശ്രമിച്ചാൽ നടക്കില്ല. ഒരു പെർമിറ്റ് നൽകിയാൽ അതിനെ നൂറും ആയിരവും പെർമിറ്റാക്കി മാറ്റുന്ന വിദ്യകളെക്കുറിച്ച് ആളുകൾക്ക് നല്ല നിശ്ചയമുണ്ട്. അനുവദിക്കുന്ന തോതിൽ തന്നെയാണോ മണൽ വാരുന്നത് എന്നുള്ള പ്രശ്നമുണ്ട്. അനുവദനീയമായതിലും കൂടുതൽ മണലെടുക്കുന്ന സ്ഥിതി അപകടങ്ങൾ സൃഷ്ടിക്കും. അതിനുള്ള മുൻകരുതൽ എന്താണെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നുവെന്ന് ബഹു.മുഖ്യമന്ത്രി നിർദ്ദേശിക്കുയും, തുടർന്ന് മണൽ വാരുന്നവർക്കുതന്നെ വിൽക്കാനുള്ള അധികാരവും നൽകിയാൽ കരാറുകാർ മണൽ മാത്രമേ എടുക്കുകയുള്ളുവെന്നും മണ്ണെടുക്കില്ലയെന്നും ചീഫ് സെക്രട്ടറി കൂട്ടിച്ചേർക്കുകയുണ്ടായി.

കുറച്ച് വ്യത്യസ്തമായി മണൽ വാരാനുള്ള കരാർ നൽകിയ കോൺട്രാക്ടർക്കുതന്നെ മണൽ വിൽക്കുന്നതിനും അധികാരം നൽകിക്കൊണ്ട് സിംഗിൾ ടെണ്ടർ ആക്കണമെന്നും വകുപ്പ സെക്രട്ടറി നിർദ്ദേശിച്ചു.

തുടർന്ന് സിംഗിൾ ടെണ്ടർ ആകാമെന്നും, മണൽ വാരിക്കഴിഞ്ഞശേഷമല്ലേ ചെളിയാണോ മണലാണോ വാരിയതെന്നുള്ള കാര്യം അറിയാൻ കഴിയുകയുള്ളു. അങ്ങനെ വരുമ്പോൾ എങ്ങനെ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

മുൻകൂട്ടി ടെണ്ടർ ചെയ്യാൻ കഴിയുമെന്ന് ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് അതിനൊരു വഴിയുണ്ടെന്നും, ഒരു നദിയിൽ എത്ര മണലുണ്ട്; എത്ര ചെളികളുണ്ട് എന്നുള്ളതിന്റെ കണക്ക് നമുക്കറിയില്ല. എന്നാൽ ടെണ്ടർ എടുക്കുന്ന ആളുകൾക്ക്, അല്ലെങ്കിൽ പ്രദേശവാസികൾക്ക് ഇതിന്റെയെല്ലാം കണക്ക് കൃത്യമായി അറിയാം. മാത്രമല്ല, മറ്റൊരു വിഷയമുള്ളത്, ഇപ്പോൾ മണൽ വാരുന്നതിന്റെ കരാറെടുക്കാൻ ആരും തയ്യാറാകുന്നില്ല. അതേ സമയം പി.ഡബ്ല്യൂ.ഡി.-യുടെ അല്ലെങ്കിൽ മറ്റ് കോൺട്രാക്ടർമാർക്കായി ഡി.എസ്.ആർ. മുഖാന്തരം മണൽ നൽകുന്നതിന്റെ payment നടക്കുന്നുണ്ട്. ആ ഏരിയയിൽ നോക്കുമ്പോൾ ഇതിന്റെ കണക്ക് ലഭിക്കും. അവർക്ക് എവിടെനിന്നാണ് മണൽ ലഭിക്കുന്നതെന്ന് വകുപ്പ് സെക്രട്ടറിയുടെ ചോദ്യത്തിന് കാശ് നൽകി വാങ്ങാതെ മണൽ വാരിക്കൊണ്ടുപോകുന്നുണ്ടാകാമെന്ന് ചീഫ് സെക്രട്ടറി പറഞ്ഞു.

മണൽ റേറ്റ് റീഫിക്സ് ചെയ്താലും ഇല്ലെങ്കിലും മൂന്ന് ഓൺലൈൻ ടെണ്ടറുകളും മൂന്ന് സ്പോട്ട് ടെണ്ടറുകളും ക്ഷണിച്ച് ഹയർ റേറ്റിന് ഡിസ്പോസ് ചെയ്തില്ലെങ്കിൽ ഇപ്പോഴുള്ളതിന്റെ പകുതി മണൽപോലും ലഭിക്കാത്ത സ്ഥിതിയാകും. റേറ്റ് റീ ഫിക്സ് ചെയ്യുന്നത് നല്ലതാണ്. മണൽ ഒലിച്ചുപോയ്ക്കൊണ്ടിരിക്കുന്നതിനാൽ Best of three price എടുത്ത് ഡിസ്പോസ് ചെയ്യുന്നതായിരിക്കും നല്ലതെന്ന് ജലവിഭവവും കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷനും വകുപ്പ് സെക്രട്ടറി സൂചിപ്പിച്ചു.

നടപടി (ജലവിഭവ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഓക്ഷൻ നടത്തിയിട്ടും ഡിസ്പോസ് ചെയ്യാൻ കഴിയുന്നില്ലെങ്കിൽ ഓരോ ഓക്ഷനിലും നിശ്ചിത ശതമാനം റേറ്റ് താഴ്ത്തി മുഴുവൻ മണലും ഡിസ്പോസ് ചെയ്യാൻ പറഞ്ഞാൽ പോരേയെന്ന് ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് ഗ്രേഡഡ് സിസ്റ്റമാക്കാം. രണ്ട് തവണ ഓക്ഷൻ നടത്തിയിട്ടും പോകാതിരുന്നാൽ base price downgrade ചെയ്യുന്നതിന് പ്രയാസമില്ലെന്ന് ജലവിഭവവും കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷനും വകുപ്പ് സെക്രട്ടറി അറിയിച്ചു.

രണ്ടാമത്തെ തവണ auction നടത്തിയപ്പോൾ കാസർഗോഡ് ജില്ലയിൽ base price വച്ചിരുന്നില്ല. ലോട്ട് വഴി auction ചെയ്തിട്ടും കാരാറെടുക്കാൻ ആരും തയ്യാറായിട്ടില്ല. ഒരു ക്യൂബിക് മണലിന് 100 രൂപ ക്വാട്ട് ചെയ്തുകൊണ്ട് ഒരു ബിഡ് മാത്രമാണ് ലഭിച്ചത്. Cochin Port Trust have quoted Rs. 600 per cubic meter. For all sand which is not even of that quality, how can we fix the rate of Rs.900 ? മറ്റൊരു കാര്യം ഓൺലൈൻ ഓക്ഷനിൽ ആരും പങ്കെടുക്കുന്നില്ല. We have to go for physical auction. Otherwise even the 50% which is left that also will leave എന്ന് കാസർഗോഡ് ജില്ലാ കളക്ടർ വിശദീകരിക്കുയും, ഈ വിഷയം പരിശോധിക്കുന്നതിന് പ്രത്യേക കമ്മിറ്റി രൂപീകരിക്കുന്നതായിരിക്കും നല്ലത്. ചീഫ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ ഒരു സംവിധാനമേർപ്പെടുത്തുന്നതാവും ഉചിതമെന്ന് ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു.

നടപടി (ജലവിഭവ വകുപ്പ്)

മൂന്നുമാസത്തിനുള്ളിൽ ഡിസ്പോസ് ചെയ്യാമെന്ന് പറഞ്ഞ് മണൽ നിക്ഷേപിച്ചിട്ട് നാളുകളായിട്ടും മാറ്റാത്തതുകൊണ്ട് ആളുകൾ പ്രശ്നമുണ്ടാക്കുകയാണ്. മണൽ നിക്ഷേപിക്കുന്നതിന് സൗജന്യമായി ഭൂമി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നൽകിയ സ്വകാര്യ വ്യക്തികളും എയ്ഡഡ് സ്കൂൾ ഉടമകളും റെന്റ് ചോദിച്ചുകൊണ്ട് വക്കീൽ നോട്ടീസ് അയച്ചുതുടങ്ങിയെന്ന് ചീഫ് എഞ്ചിനീയർ (ഇൻ ചാർജ്ജ്), ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് അറിയിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

8. ശാസ്താംകോട്ട കായൽ സംരക്ഷണം

ഇതുസംബന്ധിച്ച് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് എന്താണ് പറയാനുള്ളതെന്ന് ചീഫ് സെക്രട്ടറി ചോദിക്കുകയും, ശാസ്താംകോട്ട കായൽ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2018-ൽ 19 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിരുന്നു. ഫെൻസിംഗ്, ഡീസിൽട്ടേഷൻ, സൈഡ് പ്രോട്ടക്ഷൻ തുടങ്ങിയ കാര്യങ്ങൾക്കായി ഈ ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്, പ്രസ്തുത വർക്ക് നടന്നുകൊണ്ടിരിക്കുകയാണെന്നും ഇതുസംബന്ധിച്ച് ജില്ലാ കളക്ടർ വിശദീകരിക്കുന്നതാണെന്ന് ജലവിഭവവും കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷനും വകുപ്പ് സെക്രട്ടറി മറുപടി നൽകി.

റംസാർ സൈറ്റായി പ്രഖ്യാപിക്കപ്പെട്ട ശാസ്താംകോട്ട കായലിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ നിരവധി പ്രവൃത്തികൾ നടക്കുന്നുണ്ട്. നേരത്തെ illegal mining-ഉമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടായിരുന്നു. ഇപ്പോൾ അവ നിരോധിച്ചിട്ടുണ്ട്. വേസ്റ്റ് ഡിസ്പോസലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പി.സി.ബി. വഴിയും പോലീസിന്റെ സഹായത്തോടെയും പരിഹരിച്ചിട്ടുണ്ട്. കൂടാതെ പല ഡിപ്പാർട്ടുമെന്റുകളുടെയും പ്രോക്കുകൾക്ക് സാംഗ്ഷൻ ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റി മീറ്റിംഗ് ഒക്ടോബറിൽ ചേരാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മേയർ, ഡി.പി.ഒ. തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്. ഈ കമ്മിറ്റി മുഖേന എല്ലാ വർക്കുകളും മോണിറ്റർ ചെയ്യാൻ കഴിയുമെന്നും, മറ്റ് പ്രശ്നങ്ങളൊന്നുമില്ലായെന്ന് കൊല്ലം ജില്ലാ കളക്ടർ വ്യക്തമാക്കി.

നടപടി (ജില്ലാ കളക്ടർ, കൊല്ലം)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

9.വെള്ളായണി കായൽ സംരക്ഷണം

വെള്ളായണി കായൽ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യക്തമാക്കാൻ ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടു.

വെള്ളായണി കായൽ സംരക്ഷണത്തിന് 96.50 കോടി രൂപയുടെ എ.എസ്. ആയിട്ടുണ്ട്. മൂന്ന് ഫേസുകളായാണ് വർക്ക് വിഭാവന ചെയ്തിരിക്കുന്നത്. ഫേസ് I-ൽ consultation of the stakeholders ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുമായിബന്ധപ്പെട്ട് നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. ഫേസ് I-ലെ പ്രവൃത്തികൾക്കായി 63.78 കോടി രൂപയുടെ റ്റി.എസ്. നൽകിയിട്ടുണ്ട്. I have done one level of consultation committee of all the stakeholders. There are some issues regarding authority എന്ന് ജലവിഭവവും കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷനും വകുപ്പ് സെക്രട്ടറി വിശദമാക്കിയതിനെ തുടർന്ന് വെള്ളായണി കായൽ സംരക്ഷണത്തിന്റെ ഡിസൈനും മറ്റുംജലവിഭവ വകുപ്പ് തയ്യാറാക്കുമെന്നായിരുന്ന സ്കീംമെന്ന് ചീഫ് സെക്രട്ടറി സൂചിപ്പിച്ചു. ഡിസൈനുൾപ്പെടെയുള്ള കാര്യങ്ങളെല്ലാം തയ്യാറാക്കിക്കഴിഞ്ഞുവെന്നും ടെക്നിക്കൽ സാംഗ്ഷൻ നൽകുന്നതിനുള്ള സ്റ്റേജിലാണെന്നും രണ്ടാഴ്ചക്കം T.S. നൽകുമെന്നും സെക്രട്ടറി അറിയിച്ചു.

നടപടി (ജില്ലാ കളക്ടർ, തിരുവനന്തപുരം, ജലവിഭവ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

10. എറണാകുളം–ചെല്ലാനം കടൽഭിത്തി നിർമ്മാണം

ചെല്ലാനം തീരപ്രദേശത്ത് കടൽഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് ഊരാളുങ്കൽ സൊസൈറ്റിയാണ്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നമുണ്ടോ എന്ന് ചീഫ് സെക്രട്ടറി ചോദ്യത്തിന് ചെല്ലാനം തീരപ്രദേശത്ത് കടൽഭിത്തി നിർമ്മിക്കുന്ന പ്രവൃത്തിയുടെ 60 ശതമാനം വർക്കുകളും പൂർത്തിയാക്കിയിട്ടുണ്ട്. 256.20 കോടി രൂപയുടെ വർക്കാണ്. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് 130 കോടി രൂപയുടെ മൂന്ന് ബില്ലുകൾ സെറ്റിൽ ചെയ്തിട്ടുണ്ട്. 7.35 കി. മീ. ദൈർഘ്യത്തിൽ tetrapod ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുകയാണ്. Every work is going smoothly. Every week I am monitoring the work ജലവിഭവവും കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷനും വകുപ്പ്: സെക്രട്ടറി മറുപടി നൽകി. തുടർന്ന് ഇക്കഴിഞ്ഞ മഴക്കാലത്ത് ചെല്ലാനത്തെ സ്ഥിതി എങ്ങനെയുണ്ടായിരുന്നുവെന്ന് ബഹു.മുഖ്യമന്ത്രി ആരായുകയും, ഇത്തവണത്തെ മഴയിലും കടൽക്ഷോഭത്തിലും ചെല്ലാനം കടൽത്തീരത്ത് കാര്യമായ പ്രശ്നങ്ങളൊന്നുമുണ്ടായില്ല. ടെട്രാപോഡ് ഉപയോഗിച്ചുകൊണ്ടുള്ള കടൽഭിത്തി വന്നതിനുശേഷം 'പുനർഗേഹം' പദ്ധതിയിലുൾപ്പെടുത്തി മാറ്റിപ്പാർപ്പിക്കാനുദ്ദേശിച്ചിരുന്ന ആളുകൾ പ്രസ്തുത സ്ഥലത്തുതന്നെ താമസിക്കുന്നതേയുള്ളൂവെന്നാണ് പറയുന്നത്. വർക്ക് നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട്. ഇത്തവണത്തെ മഴയെത്തുടർന്ന് ആരെയും മാറ്റിപ്പാർപ്പിക്കേണ്ടി വന്നിട്ടില്ലെന്ന് എറണാകുളം ജില്ലാ കളക്ടർ അറിയിച്ചു.

നടപടി (തീരദേശ കഷൽ ജലഗതാഗത വകുഷ്, ജില്ലാ കളക്ടർ, എറണാകുളം)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

11. കോഴിക്കോട് വേസ്റ്റ് എനർജി പ്ലാന്റ്

പ്രസ്തുത പ്രവൃത്തി കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. കോടതി വിധി വന്നതിനുശേഷം മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂവെന്നാണ് മനസ്സിലാകുന്നത് ചീഫ് സെക്രട്ടറി അറിയിച്ചിതിനെ തുടർന്ന് അത്തരം പ്രശ്നങ്ങളൊന്നുമില്ലെന്നും തദ്ദേശ സ്ഥാപനങ്ങളിലെ എസ്.ടി.പി.-കളെക്കുറിച്ചാണ് അജണ്ട നോട്ടിൽ പറഞ്ഞിരിക്കുന്നത്. വേസ്റ്റ് എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിൽ പ്രശ്നമില്ല. financial closure കൊണ്ടുവരണമെന്നുള്ളതാണ്. ഇതുസംബന്ധിച്ച് ഉടനെ formal ഉത്തരവ് ലഭിക്കും. നോട്ടിൽ രണ്ട് എസ്.ടി.പി.- കളെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. എസ്.ടി.പി.-യുടെ കാര്യത്തിൽ പ്രശ്നമുണ്ട്. ആവിക്കൽ തോടിനെ സംബന്ധിച്ച കേസ്സിൽ 30-ാം തീയതി മുൻസിഫ് കോടതിയുടെ ഉത്തരവ് വരും. ഹൈക്കോടതിയിൽനിന്നും പ്രിലിമിനറി വർക്കുകൾ നടത്താൻ അനുവദിച്ചിരുന്നു. അതിൻപ്രകാരമുള്ള വർക്കുകൾ മുന്നോട്ടുപോയിട്ടുണ്ട്. അടിത്തറ രൂപകൽപ്പന ചെയ്യുന്നത് മാപ്പ് ചെയ്തിരുന്നില്ല. അതിന്റെ വെറ്റിംഗ് എഞ്ചിനീയറിംഗ് കോളേജിൽ ചെയ്തുവരികയാണ്. മൂന്നുനാല് ദിവസത്തിനുള്ളിൽ അത് ലഭിക്കും. ഒരു പ്രോജക്ടിന്റെ സ്ഥിതിയിതാണ്. മറ്റൊരെണ്ണത്തിൽ പ്രിലിമിനറി വർക്ക് നടത്താൻ ഹൈക്കോടതി അനുവദിച്ചിട്ടുണ്ട്.ജൂൺ മാസംതന്നെ ഹിയറിംഗും മറ്റും പൂർത്തീകരിച്ചതാണ്. ഫൈനൽ ജഡ്ജ്മെന്റിനുവേണ്ടി കാത്തിരിക്കുകയാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

വേസ്റ്റ് എനർജി പ്ലാന്റിന്റെ ഫിനാൻഷ്യൽ ക്ലോഷർ എന്നത്തേയ്ക്കാണ് വച്ചിരിക്കുന്നത് എന്ന ചോദ്യത്തിന് മറുപടിയായി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വേസ്റ്റ് എനർജി പ്ലാന്റിന്റെ ഫിനാൻഷ്യൽ ക്ലോഷറിന് രണ്ട് ഓപ്ഷൻ വച്ചിട്ടുണ്ടെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് എപ്പോൾ ശരിയാകുമെന്നും, വർക്ക് ചെയ്യാൻ കഴിയുന്ന സീസൺ കഴിഞ്ഞുപോകുകയാണെന്ന് ചീഫ് സെക്രട്ടറി സൂചിപ്പിച്ചു. എന്നാൽ IFA-യുടെ ബോർഡ് കൂടിയാണ് തീരുമാനമെടുക്കേണ്ടതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

നടപടി (ജില്ലാ കളക്ടർ, കോഴിക്കോട്, തദ്ദേശ സ്വയംഭരണ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

12. കോഴിക്കോട് മാനസികാരോഗ്യ ട്രസ്റ്റ്

മാനസികാരോഗ്യ ട്രസ്റ്റിനുവേണ്ടി ഡി.പി.ആർ. തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്ന ഏജൻസി മാർച്ച് മാസത്തിൽ ഡി.പി.ആർ. നൽകിയെങ്കിലും അതിൽ കുറച്ച് ഡിഫക്ട്സ് ഉണ്ടായിരുന്നു. അത് റിട്ടേൺ ചെയ്ത് അപാകതകൾ പരിഹരിച്ച് ആഗസ്റ്റ് 20-ാം തീയതിയാണ് കൺസൾട്ടന്റ് പുതിയ ഡി.പി.ആർ. നൽകിയത്. പുതിയ ഡി.പി.ആർ. കിറ്റ്കോ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഏകദേശം പൂർത്തിയായ ഡി.പി.ആർ. ഫണ്ടിനുവേണ്ടി മൈനോറിറ്റി ഡിപ്പാർട്ടുമെന്റിന്റെ സ്കീമിൽ ഇത്തവണ പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ കമ്മിറ്റി കൂടുമ്പോൾ കോഴിക്കോടിനുവേണ്ടിയുള്ള പ്രൊപ്പോസലുകളിൽ മാനസികാരോഗ്യ ട്രസ്റ്റിനുവേണ്ടിയുള്ള പ്രൊപ്പോസൽ പ്രയോറിറ്റൈസ് ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയും, പ്രൊപ്പോസലുകൾ സ്ക്രൂട്ടിനി ചെയ്യുന്നതിന് സ്റ്റേറ്റ് ലെവൽ കമ്മിറ്റി കൂടാനുണ്ട്. മൈനോറിറ്റി ഡിപ്പാർട്ടുമെന്റ് എല്ലാ പ്രൊപ്പോസലുകളും സ്ക്രൂട്ടിനി ചെയ്തുകൊണ്ടിരിക്കുകയാണെന്നാണ് അറിയാൻ കഴിഞ്ഞത്. കഴിഞ്ഞ തവണ വടകര ഹോസ്പിറ്റലിന് 80 കോടി രൂപ ലഭിച്ചിരുന്നു. മൈനോറിറ്റി പോപ്പുലേഷൻ കൂടുതലുള്ളതുകൊണ്ട് ഫണ്ട് ലഭിക്കാൻ സാധ്യതയുണ്ടെന്ന് കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചു

ആരോഗ്യ വകുപ്പിന് ഈ വിഷയം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് ബഹു.മുഖ്യമന്ത്രി ആരായുകയും, ജില്ലാ കളക്ടർ ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു വെന്നും അത് ഫോളോ അപ് ചെയ്തിട്ടുണ്ടായിരുന്നു. രണ്ട് മാസം മുൻപാണ് പ്രൊപ്പോസൽ സമർപ്പിച്ചതെന്ന് ആരോഗ്യ കുടുംബക്ഷേമം, ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പ്രസ്തുത പ്രൊപ്പോസൽ മൈനോറിറ്റി ഡിപ്പാർട്ടുമെന്റിൽ നൽകാൻ കാരണം വേഗം ഫണ്ട് ലഭിക്കുമെന്നുള്ളതുകൊണ്ടാണോയെന്നും വളരെ മുൻപ് ഈ പ്രോജക്ട് സംബന്ധിച്ച് ഡിസ്കസ് ചെയ്ത് ഒരു ധാരണയിലെത്തിയതാണ്. എന്നാൽ തുടർനടപടിയൊന്നും ആകാത്തതിനെത്തുടർന്നാണ് രണ്ടാമതൊരു ഡിസ്കഷൻ വച്ചത്. ഇതുമായി ബന്ധപ്പെട്ട് മൂന്ന് ഡിസ്കഷനിൽ ഞാൻ പങ്കെടുത്തിട്ടുണ്ട്. ഇപ്പോൾ പറഞ്ഞ കാര്യങ്ങളെക്കുറിച്ചൊക്കെ അന്ന് ആലോചിച്ചിരുന്നു. മാനാസികാരോഗ്യ ട്രസ്റ്റിന് സഹായകരമാകുന്ന രീതിയിലാണോ അതല്ല പ്രോജക്ട് നടപ്പാക്കേണ്ടതില്ലെന്ന ഉദ്ദേശ്യത്തോടുകൂടിയാണോ പ്രൊപ്പോസൽ നൽകിയിരിക്കുന്നതെന്ന് ബഹു.മുഖ്യമന്ത്രി ചോദിച്ചു.

ഫണ്ട് വേഗത്തിൽ ലഭിക്കുമെന്നുള്ളതുകൊണ്ടാണ് Ministry of Minority Affairs-ൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതെന്ന് ആരോഗ്യ കുടുംബക്ഷേമം, ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പറഞ്ഞതിനെ തുടർന്ന് കേന്ദ്ര ഫണ്ട് വാങ്ങുന്നതിന് ഞാൻ എതിരല്ലെന്നും പ്രോജക്ട് നടപ്പാകണമെന്നും ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

സ്റ്റേറ്റ് ലെവൽ കമ്മിറ്റി കൂടി എത്രയുംവേഗം പ്രൊപ്പോസൽ അയയ്ക്കാൻ നോക്കണമെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

ആരോഗ്യ വകുപ്പിന്റെ പ്രോജക്ടാണ് എന്നുള്ള കാര്യം മറക്കരുതെന്ന് ബഹു.മുഖ്യമന്ത്രി സൂചിപ്പിക്കുകയും, മെന്റൽ ഹെൽത്തിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്നും അടുത്ത ബഡ്ജറ്റിൽ ഇതിനായി തുക മാറ്റിവയ്ക്കേണ്ടതുണ്ടെന്നും ആരോഗ്യ കുടുംബക്ഷേമം, ആയുഷ് വകുപ്പ്പ്രിൻസിപ്പൽ സെക്രട്ടറി മറുപടിയായി പറഞ്ഞു.

നടപടി (ജില്ലാ കളക്ടർ, കോഴിക്കോട്, ആരോഗ്യ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

13. ആലപ്പുഴ, കണ്ണൂർ നഗരപാത വികസന പദ്ധതി

ആലപ്പുഴ നഗരപാത വികസന പദ്ധതി 85% പുരോഗതി ആർജ്ജിച്ചിട്ടുണ്ട്. utility shifting-ഉമായി ബന്ധപ്പെട്ട ചെറിയ പ്രശ്നങ്ങളാണുള്ളത്. അത് ഡി.ഐ.സി.സി.-യിൽ പരിഹരിച്ചാൽ മതിയാകുമെന്നും. കണ്ണൂർ നഗരപാത വികസന പദ്ധതിയുമായി ബന്ധപ്പെട്ട ലാൻഡ് അക്വിസിഷൻ ഫണ്ട് 175 കോടി രൂപയുടെ നടപടികൾ ഗവൺമെന്റുതലത്തിൽ പെൻഡിംഗിലാണെന്ന് പൊതുമരാമത്ത് വകുപ്പ്: സെക്രട്ടറി സൂചിപ്പിച്ചു.

നടപടി (പൊതുമരാമത്ത് വകുപ്പ്)

14. മൺറോതുരത്ത് സംരക്ഷണം

മൺറോതുരത്ത് സംരക്ഷണത്തിനായി ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസറെ നിയമിച്ച് ഡി.പി.ആർ. തയ്യാറാക്കുന്നുണ്ട്. മേജർ ഇറിഗേഷന് 3.48 കോടി രൂപയും മൈനർ ഇറിഗേഷന് 3.45 കോടി രൂപയും വേണ്ടിവരുമെന്ന് റവന്യൂവും ദുരന്തനിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സൂചിപ്പിച്ചു.

മൺറോതുരത്ത് സംരക്ഷണത്തിനുവേണ്ടി ഒരു സ്പെഷ്യൽ പാക്കേജ് തയ്യാറാക്കിവരുന്നു. ഇതിൽ കൃഷി, മൃഗസംരക്ഷണം, അടിസ്ഥാന സൗകര്യങ്ങൾ, ടൂറിസം എന്നീ നാല് എലമെന്റുകളുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി രൂപീകരിക്കുകയും

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

എല്ലാ മാസവും യോഗം നടത്തുകയും ചെയ്യുന്നുണ്ട്. ഇതിന്റെ ഒരു ഡ്രാഫ്റ്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് 15-ാം തീയതിയോടെ തയ്യാറാകും. ഇതിന് ഫണ്ട് കണ്ടെത്തുന്നതിന് കുറച്ച് ബുദ്ധിമുട്ടുണ്ട്. ഇതിനായി കുറച്ച് ഫണ്ട് ഡിപ്പാർട്ടുമെന്റ് വഴി ലഭിക്കുന്നതാണ്. പക്ഷേ ഒരു പ്രോപ്പർ പാക്കേജ് ഇംപ്ലിമെന്റ് ചെയ്യാൻ വേണ്ടി കൂടുതൽ ഫണ്ട് ആവശ്യമാണ്. ഒരു പ്രോപ്പർ പാക്കേജ് ഉണ്ടാക്കിക്കഴിഞ്ഞാൽ അതിന്റെ പ്രൊപ്പോസൽ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലേയ്ക്ക് സമർപ്പിക്കമെന്ന് കൊല്ലം ജില്ലാ കളക്ടർ വ്യക്തമാക്കി.

കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ ഇതുമായി ബന്ധപ്പെട്ട് ഒരു പഠനം നടത്താൻ തീരുമാനിച്ചിരുന്നു. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഇവിടെ കൂടുതലായി ഉണ്ടാകുന്നത്. പഠനത്തിന്റെ നില എന്തായെന്നും എന്തെങ്കിലും രൂപരേഖ അതിന്റെ ഭാഗമായി തയ്യാറാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കാനും നേരത്തെ അങ്ങനെ ഒരു തീരുമാനമെടുത്തുവെങ്കിലും അത്തരത്തിൽ ഒരു പഠനവും നടന്നിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. അതിനായി ഒരു കോംപ്രിഹെൻസീവ് ആക്ഷൻ പ്ലാൻ സമയബന്ധിതമായി ഉണ്ടാക്കണം. അത് കളക്ടറുടെ ഭാഗത്തുനിന്ന് മാത്രം ഉണ്ടായാൽ പോരാ. മറ്റ് തലങ്ങളിലും അത് ചെയ്യേണ്ടതായിട്ടുണ്ട്. എന്താണ് അതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്ന് വ്യക്തമാക്കാമോ എന്ന് ബഹു.മുഖ്യമന്ത്രി ചോദിച്ചു.

മൺറോതുരത്തിനെ ആസ്പദമാക്കിക്കൊണ്ട് 2017-18-ൽ ദുരന്തനിവാരണ അതോറിറ്റി ഒരു പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ മറുപടിയെ തുടർന്ന് 2017-18-ലാണ് അത് തീരുമാനിച്ചതെന്നാണ് തോന്നുന്നതെന്ന്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ബഹു.മുഖ്യമന്ത്രി പറയുകയും, അതിന്റെ തുടർച്ചയായിട്ടായിരിക്കും പ്ലാൻ തയ്യാറാക്കിയതെന്നും, അതിന്റെ ഒരു മാതൃക എടുത്തുകൊണ്ടാണ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ദുരന്ത നിവാരണ പദ്ധതി ഉണ്ടാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കിയതെന്ന് പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിക്കുയും എന്നാൽ അത് പരിശോധിക്കണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിക്കുയും ചെയ്തു.

നടപടി (ജില്ലാ കളക്ടർ, കൊല്ലം, റവന്യൂ വകുപ്പ്, ദുരന്ത നിവാരണ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

15. ഇടുക്കി, വയനാട്, കാസർഗോഡ് എയർ സ്ട്രിപ്പ്

എയർ സ്ട്രിപ്പിന്റെ കാര്യത്തിൽ കാസർഗോഡ് മാത്രമാണ് കാര്യമായ പുരോഗതി ഉണ്ടായത്. അത് സിവിൽ ഏവിയേഷൻ വകുപ്പുമന്ത്രിയുടെ ക്ലിയറൻസിനായി അയച്ചിട്ടുണ്ട്. ഇടുക്കിയുടെ കാര്യത്തിൽ എൻ.സി.സി.-യുടെ സ്ട്രിപ്പ് ആണ് ഉണ്ടാക്കിയിരിക്കുന്നത്. അതിന്റെ ഒരു സൈഡ് ഇടിഞ്ഞുപോയി. വയനാട് ജില്ലയിൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിനായി 3,15,000 രൂപ അടച്ചിട്ടുണ്ട്. ബഡ്ജറ്റ് പ്രഖ്യാപനം മാത്രമാണ് വന്നിട്ടുള്ളത്. അത് ഏത് ഹെഡ് ഓഫ് അക്കൗണ്ട് ആണെന്ന് നോക്കി ന്യൂ സർവ്വീസ് പ്രൊസീഡ്യുവർ എടുത്തശേഷം കൊടുക്കാൻ പറ്റും. ഇതാണ് അതിന്റെ സ്റ്റാറ്റസ്. ഇടുക്കി എയർ സ്ട്രിപ്പ് പെട്ടെന്ന് റെഡിയാക്കിയെടുക്കാൻ സാധിക്കും. പി.ഡബ്ല്യു.ഡി. ആണ് എസ്റ്റിമേറ്റും മറ്റും തയ്യാറാക്കേണ്ടത്. അതിന് വനം വകുപ്പിന്റെ ഒബ്ജക്ഷനുമുണ്ട്. മറ്റൊരു ഓൾട്ടർനേറ്റ് പ്രൊപ്പോസലുണ്ട്. മാട്ടുപെട്ടിയിലും മറ്റും ആംഫിബിയസ് എയർക്രാഫ്റ്റ് ഇറക്കാനുള്ള സൗകര്യമുണ്ട്. അതും നമുക്ക് ആലോചിക്കാവുന്നതാണ്. കേരളത്തിൽ രാജീവ് ഗാന്ധി ഏവിയേഷൻ അക്കാഡമി ഒഴിച്ച് ഫ്ലൈയിംഗ് ക്ലബുകൾ ഒന്നുമില്ല. ഇടുക്കിയിലും ഇത്തരത്തിലൊന്ന് ആരംഭിക്കാവുന്നതാണ്. ഇതിനൊരു ഡയറക്ടറേറ്റോ ഒരു നോഡൽ ഏജൻസിയോ ഇല്ലെന്നതാണ് പ്രധാന പ്രശ്നമെന്ന് ഗതാഗതവും തദ്ദേശസ്വയംഭരണവും വകുപ്പ് സെക്രട്ടറി ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് ഇടുക്കിയെ സംബന്ധിച്ച് ഒരു തീരുമാനം നേരത്തെ എടുത്തിരുന്നുവെന്നും അവിടെ 12 ഏക്കർ സ്ഥലം എയർ സ്ട്രിപ്പിന് കൊടുക്കാൻ വേണ്ടി തീരുമാനമെടുത്തിട്ടുണ്ടോ എന്നും ചീഫ് സെക്രട്ടറി ചോദിക്കുയും, ഇക്കാര്യത്തിൽ വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഒബ്ജക്ഷൻ ഉണ്ടായിട്ടുണ്ട്. ഇത് റിസർവ്വ് ഫോറസ്റ്റായി സെക്ഷൻ 4 നോട്ടിഫൈ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ചെയ്തിരിക്കുന്ന സ്ഥലമാണ്. നോട്ടിഫൈ ചെയ്ത ബൗണ്ടറിക്കകത്ത് 208 ഹെക്ടറുണ്ടെന്നും 146 ഹെക്ടറിനേ ഫോറസ്റ്റിന്റെ ക്ലെയിമുള്ളൂ. ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർ ഇടുക്കി ആർ.ഡി.ഒ. ആണെന്നും ഗതാഗതവും തദ്ദേശസ്വയംഭരണവും വകുപ്പ് സെക്രട്ടറി അറിയിച്ചു.

ഫോറസ്റ്റിന്റെ സെറ്റിൽമെന്റ് നടത്താൻ നമ്മൾ തീരുമാനമെടുത്തതാണല്ലോ എന്ന ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് അങ്ങനെ ഒരു തീരുമാനമെടുത്തിരുന്നു. പക്ഷേ ചെയ്തില്ല, ചെയ്തില്ലായെങ്കിൽ ഫോറസ്റ്റ് അല്ലാതാകുകയാണെന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ അറിയിക്കുകയും, അതുകഴിഞ്ഞ് ഹൈക്കോടതിയിൽ ആരോ കേസ് കൊടുത്തപ്പോൾ എയർ സ്ട്രിപ്പ് ഉണ്ടാക്കിയ സ്ഥലം ഫോറസ്റ്റിന്റേതാണെന്ന് പറഞ്ഞ് റിപ്പോർട്ട് തയ്യാറാക്കിയിരുന്നുവെന്ന് ചീഫ് സെക്രട്ടറി സൂചിപ്പിച്ചു. എന്നാൽ നോട്ടിഫൈഡ് റിസർവ്വ് ഫോറസ്റ്റിന് അകത്താണ് ഈ സ്ഥലം കിടക്കുന്നത്. ഈ റൈറ്റ് സെറ്റിൽ ചെയ്യേണ്ടത് ഇടുക്കി ആർ.ഡി.ഒ. ആണ്. ഇടുക്കി ആർ.ഡി.ഒ. റൈറ്റ് സെറ്റിൽ ചെയ്യുമ്പോൾ ഇത് ഫോറസ്റ്റിന് പുറത്താകും. അനേകം തവണ ഇടുക്കി ആർ.ഡി.ഒ.-യ്ക്ക് വനം വകുപ്പിൽ നിന്നും കത്ത് കൊടുത്തിട്ടുള്ളതാണെന്നു ചീഫ് വൈൽഡ് ലൈഫ് വാർഡൻ അറിയിച്ചു. എന്നാൽ സെറ്റിൽ ചെയ്യുന്നതിന് ആറ് മാസത്തെ സമയമെങ്കിലുമെടുക്കുമെന്ന് ഇടുക്കി ജില്ലാ കളക്ടർ വ്യക്തമാക്കി.

ഫോറസ്റ്റിന്റെ 146 ഹെക്ടർ ഡീമാർക്കറ്റ് ചെയ്യുകയാണെങ്കിൽ എയർ സ്ട്രിപ്പ് അതിന്റെ പുറത്താണെങ്കിലും കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയും, എന്നാൽ 218 ഹെക്ടറിൽ 146 ഹെക്ടറിലെ ഫോറസ്റ്റിന് ക്ലൈം ഉള്ളൂവെന്നും, ഈ എയർ സ്ട്രിപ്പ് ഫോറസ്റ്റിന് പുറത്താണെന്നുപറഞ്ഞ് ആർ.ഡി.ഒ.യ്ക്ക് ഫൈനൽ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നോട്ടിഫിക്കേഷൻ ഇറക്കാമെന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ നിർദ്ദേശിച്ചു.

അതുസംബന്ധിച്ച് ഒരു മീറ്റിംഗ് നടന്നിരുന്നുവെന്നും അത് ഫോളോ അപ്പ് ചെയ്യുന്നുമുണ്ട്. മഴ പെയ്തപ്പോൾ എയർ സ്ട്രിപ്പിന്റെ റൺ വേയ്ക്ക് നാശം സംഭവിച്ചിട്ടുണ്ട്. അത് റെക്ടിഫൈ ചെയ്യണം. 650-ഓളം മീറ്റർ റൺവേ ഉണ്ട്. ഫ്ലൈറ്റ് ഇറങ്ങുന്നിടത്ത് ഒരു മൺതിട്ട ഉണ്ടായിരുന്നു. അതിന്റെ റോക്ക് ഭാഗം റിമൂവ് ചെയ്യാനുണ്ട്. അതിനുള്ള വർക്ക് നടത്തിക്കൊണ്ടിരിക്കുകയാണെന്ന് ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചു.

പെരിയ എയർ സ്ട്രിപ്പ് പൂർത്തിയാക്കാൻ ശ്രദ്ധിക്കണമെന്നും, സംസ്ഥാനത്ത് ഒരു സിവിൽ ഏവിയേഷൻ ഡയറക്ടറേറ്റ് ആവശ്യമായിട്ടുണ്ടോ എന്ന ബഹു.മുഖ്യമന്ത്രിയുടെ ചോദ്യത്തിന് ഒരു ഡയറക്ടറേറ്റ് ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് നിലനിൽക്കുന്നുണ്ട്. ഞങ്ങൾ ഡീറ്റെൽസ് കളക്ട് ചെയ്യുന്നത് കിഫ്ബി, സിയാൽ തുടങ്ങിയവയിൽ നിന്നുമാണ്. ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുപകരം കെ.എസ്.ഐ.ഡി.സി.യിലോ കെ-റെയിലിന്റെ ഭാഗമായോ പരിചയ സമ്പന്നനായ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചാൽ കാര്യങ്ങൾ എളുപ്പമാകും. നമ്മൾ ഇപ്പോൾ നോ ഫ്രിൽസ് എയർ സ്ട്രിപ്പുമായി മുന്നോട്ടുപോകുകയാണ്. അതിന്റെ സർവ്വേ നടന്നുകൊണ്ടിരിക്കുന്നു. കിഫ്ബിയാണ് അത് ചെയ്തുകൊണ്ടിരിക്കുന്നത്. അതിന്റെ ഫീഡ് ബാക്ക് ലഭിക്കേണ്ടതായിട്ടുണ്ട്. അതിന് അനുയോജ്യമായ സ്ഥലം എല്ലാ ജില്ലകളിലും ഉണ്ടോയെന്ന അന്വേഷണവും നടത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെ ഇതിനെപ്പറ്റിയുള്ള ഡീറ്റെൽസ് 'ഹെലിസേവാ' പോർട്ടലിൽ ഉണ്ട്. അതിന്റെ സർക്കുലറും

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

മറ്റും കൊടുത്തിട്ടുള്ളതാണ്. കേരളത്തിലുള്ള ഹെലിപ്പാഡ്സിന്റെ ഡാറ്റാ ബേസ് കളക്ടർമാർ ഈ പോർട്ടലിലേയ്ക്ക് അയച്ചുതരേണ്ടതാണ്. കെ.എം.ആർ.എൽ.-മായി ബന്ധപ്പെട്ട് അജണ്ടയിൽ വന്നിട്ടില്ലാത്ത രണ്ട് കാര്യങ്ങൾ കൂടി യോഗത്തെ അറിയിക്കാൻ താല്പര്യപ്പെടുന്നു. കൊച്ചി മെട്രോയ്ക്ക് കല്ലൂർ മുതൽ കാക്കനാട് വരെ എക്സ്റ്റെൻഷനുണ്ട്. എറണാകുളം കളക്ടർ അതിന്റെ ലാന്റ് അക്വിസിഷൻ ത്വരിതപ്പെടുത്തേണ്ടതായിട്ടുണ്ടെന്ന് ഗതാഗതവും തദ്ദേശസ്വയംഭരണവും വകുപ്പ് സെക്രട്ടറി മറുപടി നൽകി.

നടപടി (ജില്ലാ കളക്ടർ, എറണാകുളം വനം വകുപ്പ്)

വാട്ടർ മെട്രോയുടെ മൂന്ന് സ്റ്റേഷനുകൾ ഏറ്റെടുക്കാനുണ്ടായിരുന്നു. അതിൽ രണ്ടെണ്ണം ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്. ഒരെണ്ണത്തിന്റെ ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കോടതി കേസ് ഉണ്ടായിരുന്നു. കേസ് നീളുന്നതുകൊണ്ട് ഔട്ട് ഓഫ് കോർട്ടിൽ മീറ്റിംഗ് വിളിച്ച് ചർച്ച ചെയ്ത് സോർട്ട് ഔട്ട് ചെയ്തിട്ടുണ്ട്. ഒരാഴ്ച്ചയ്ക്കുള്ളിൽ അത് ഹാൻഡ് ഓവർ ചെയ്യാൻ സാധിക്കും. മെട്രോ ഫെയ്സ് 2-ൽ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ ഇൻഫോപാർക്ക് വരെയുള്ള ലാന്റ് മുഴുവനായി മെട്രോയ്ക്ക് ഹാൻഡ് ഓവർ ചെയ്തിട്ടുണ്ട്. അതിൽ 102 കേസുകൾക്ക് കോമ്പൻസേഷൻ കൊടുക്കാനുണ്ട്. അതിന്റെ ഫണ്ട് കിട്ടാനുണ്ട്. ജവഹർലാൻ നെഹ്റു സ്റ്റേഡിയം മുതൽ പാലാരിവട്ടം വരെയുള്ള പ്രൊസീഡ്യുവർ കംപ്ലീറ്റ് ചെയ്തു. ആർ.ആർ. പാക്കേജ് റെഡിയാണ്. കെ.എം.ആർ.എൽ. ഫണ്ട് ഡെപ്പോസിറ്റ് ചെയ്താൽ ബാക്കി നടപടികൾ സ്വീകരിക്കാംമെന്ന് എറണാകുളം ജില്ലാ കളക്ടർ അറിയിച്ചതിനെ തുടർന്ന് മെട്രോയുടെ ഫണ്ടായി കേന്ദ്രം ഇതുവരെ പണം അനുവദിച്ചിട്ടില്ല. അത് പാസാക്കിയ സ്ഥിതിക്ക് തുടനായി ഹയർ ലെവലിൽ കത്ത് അയയ്ക്കണം. സെക്കൻഡ് ഫെയ്സിന്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുത്തിട്ടുണ്ട്. ഫസ്റ്റ് ഫെയ്സിന്റെ പണം ഇതുവരെ ലഭിച്ചിട്ടില്ല. അത് എത്രയും വേഗം നൽകാനായി കത്തയക്കണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയുണ്ടായി.

അപ്രകാരം ചെയ്യാമെന്നും, ലാന്റ് അക്വിസിഷനുള്ള ടോട്ടൽ കോസ്റ്റ് കൂടി കിട്ടേണ്ടതായിട്ടുണ്ട്. വാട്ടർ മെട്രോയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് റവന്യൂ ഡിപ്പാർട്ടുമെന്റ് ഇടപെടേണ്ടതായിട്ടുണ്ടെന്ന് ഗതാഗതവും തദ്ദേശസ്വയംഭരണവും വകുപ്പ് സെക്രട്ടറി അറിയിച്ചു.

നടപടി (റവന്യൂ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

16. ജലജീവൻ മിഷൻ

ജലജീവൻ മിഷൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് 2024-നകം 40.12 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനുണ്ട്. എന്നാൽ നാളിതുവരെ 13.07 ലക്ഷം കുടിവെള്ള കണക്ഷനുകൾ മാത്രമേ നൽകിയിട്ടുള്ളൂ. അത് റിവ്യു ചെയ്തുകൊണ്ടിരിക്കുകയാണ്. ടാങ്കുകൾ സ്ഥാപിക്കാനായി പഞ്ചായത്തുകൾ പ്രൈവറ്റ് സ്ഥലം ഏറ്റെടുത്ത് കൈമാറേണ്ടതായിട്ടുണ്ട്. കൂടാതെ വിവിധ ജില്ലകളിൽ ഗവൺമെന്റ് ഭൂമിയും കൈമാറേണ്ടതായിട്ടുണ്ടെന്ന് ചീഫ് സെക്രട്ടറി സൂചിപ്പിച്ചു.

തുടർന്ന്, കേരള വാട്ടർ അതോറിറ്റി & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ.ആർ.ഡബ്ല്യൂ.എസ്.എ. മാനേജിംഗ് ഡയറക്ടർ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ട് പ്രധാന പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. സർക്കാർ ഭൂമിയിൽ 31.01 ഏക്കർ കൂടി കിട്ടാനുണ്ട്. ഇടുക്കി ജില്ലയിൽ 117 ലൊക്കേഷനിൽ 10.75 ഏക്കർ, പാലക്കാട് ജില്ലയിൽ 36 ലൊക്കേഷനുകളിലായി 10.04 ഏക്കർ കൂടി കിട്ടണമെന്ന് അറിയിച്ചു.

സർക്കാർ ഭൂമിയിൽ റവന്യൂവും വാട്ടർ അതോറിറ്റിയും ചേർന്നുള്ള ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളത് പ്രൈവറ്റ് ലാന്റാണ്. പട്ടയം ഇല്ലാതെ ആളുകൾ കൈവശം വച്ചിരിക്കുന്ന ഗവൺമെന്റ് ഭൂമിയാണിത്. അവരുമായി ചേർന്ന് ഒരു എഗ്രിമെന്റുണ്ടാക്കി ഭൂമി വിട്ടുതരാനുള്ള നടപടി സ്വീകരിക്കാൻ എല്ലാ ജില്ലാ കളക്ടർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണെന്ന് ഇടുക്കി ജില്ലാ കളക്ടർ വ്യക്തമാക്കി. ഗവൺമെന്റ് ഭൂമി ട്രാൻസ്ഫർ ചെയ്ത് കൊടുത്തിട്ടുണ്ടെന്നും പ്രൈവറ്റ് ലാന്റ് മാത്രം കുറച്ച് ഏറ്റെടുക്കാനായി ബാക്കിയുണ്ട്. ഡെപ്യൂട്ടി കളക്ടർ, ലാന്റ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

റവന്യൂ ആണ് അത് ചെയ്യുന്നത് പാലക്കാട്: ജില്ലാ കളക്ടർ അറിയിച്ചു.

പഞ്ചായത്തുകളുടെ സഹായം തേടിയാൽ ഈ സ്ഥലങ്ങൾ കിട്ടുമായിരിക്കുമെന്നും, എല്ലാ ജില്ലകളും ചെറിയ ഭൂമികൾ പെട്ടെന്ന് ഹാൻഡ് ഓവർ ചെയ്യണമെന്നും ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

രണ്ട് ജില്ലകളിലാണ് ഏറ്റവും കൂടുതൽ ഭൂമി ഏറ്റെടുക്കേണ്ടതായി വരുന്നത്. മറ്റെല്ലാ ജില്ലകളിലും ചെറിയ തോതിൽ മാത്രമേ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുള്ളൂ. പ്രൈവറ്റ് ലാന്റിലാണ് ഇഷ്യൂ ഉള്ളതെന്നും. പ്രൈവറ്റ് ലാന്റിൽ 105.99 ഏക്കറാണ് കിട്ടേണ്ടതായിട്ടുള്ളത്. എന്നാൽ 28.72 ഏക്കർ മാത്രമാണ് ഇതുവരെ കിട്ടിയിട്ടുള്ളത്. 77.27 ഏക്കറോളം ഇനി കിട്ടാനുണ്ട്. ഞങ്ങൾ വിവിധ ജില്ലാ കളക്ടർമാരുമായി സംസാരിച്ചപ്പോൾ പ്രൈവറ്റ് ഭൂമി എടുക്കുമ്പോൾ അവർക്ക് മാർക്കറ്റ് വാല്യൂ ഫിക്സ് ചെയ്ത് 30% സൊലേഷ്യം ആണ് കൊടുക്കുന്നത് എന്നാണ് മനസ്സിലായത്. മറ്റ് പ്രോജക്ടുകളിലെല്ലാം ഇതിനേക്കാളും ഹയർ റേറ്റിൽ കോമ്പൻസേഷൻ കൊടുത്താണ് മുന്നോട്ടുപോകുന്നത്. അങ്ങനെ ജലജീവൻ മിഷനിൽ പ്രത്യേകമായി സ്ഥലം ഏറ്റെടുത്ത് കൊടുക്കാൻ വേണ്ടി കളക്ടർമാർ ചേർന്ന് ഒരു ഡിസിഷൻ എടുത്തിട്ടുണ്ട്. അതുപ്രകാരം ഒരു ഹയർ കോമ്പൻസേഷൻ പോളിസി തന്നെയെടുത്താൽ ഇത് പെട്ടെന്ന് എടുത്തുകൊടുക്കാം എന്നാണ് കളക്ടർമാർ പറഞ്ഞത്. അഡീഷണൽ ഫണ്ട് പഞ്ചായത്തുകൾ നൽകേണ്ടിവരും. ഈ ആവശ്യത്തിനായി 15-ാമത് ഫിനാൻസ് കമ്മീഷന്റെ ഗ്രാന്റുണ്ട്. അതിനകത്ത് അനക്ച്വർ 7 പ്രകാരം പഞ്ചായത്തുകൾ ഏറ്റെടുത്തുകൊടുക്കാനുള്ള വില്ലേജ് ആക്ഷൻ പ്ലാൻ ഉണ്ടെന്ന് കേരള വാട്ടർ അതോറിറ്റി & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ.ആർ.ഡബ്ല്യൂ.എസ്.എ. മാനേജിംഗ് ഡയറക്ടർ വ്യക്തമാക്കി.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പഞ്ചായത്തുകൾക്ക് അത് വിലയ്ക്ക് വാങ്ങിക്കൊടുക്കാൻ ഇപ്പോൾ തന്നെ ഉത്തരവുണ്ടെന്നും അതിൽ പ്രശ്നമില്ല എന്നാണ് തോന്നുന്നതെന്ന് ചീഫ് സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് ഫൈനാൻസ് കമ്മീഷന്റെ ഗ്രാന്റിൽ നിന്നും ഇത്തരം പ്രവർത്തനങ്ങൾക്കുവേണ്ടി ഭൂമി വാങ്ങാൻ സാധിക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾ ഇപ്പോൾ തന്നെ അവരുടെ വിഹിതവും അഡീഷണലായി കൊടുക്കുന്നുണ്ട്. ചില കേസുകളിൽ ഗുണഭോക്തൃ വിഹിതവും അടയ്ക്കേണ്ടതായി വരുന്നു. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അത് താങ്ങാൻ പറ്റില്ല എന്ന പ്രശ്നമുണ്ട്. കോടിക്കണക്കിന് രൂപയാണ് ഇൻഡ്യുവിഡ്യുവൽ പ്രോജക്ട് കോസ്റ്റ് വരുന്നതെന്ന് പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സൂചിപ്പിച്ചു.

ഈ പദ്ധതിക്കുവേണ്ടി എൽ.എ.ആർ.ആർ. 2013-ന്റെ റേറ്റ് വയ്ക്കണമെന്ന് പറഞ്ഞാൽ വലിയ തുക വേണ്ടിവരും. പഞ്ചായത്തുകൾ അവരുടെ കൈവശമുള്ള പണം വിനിയോഗിക്കാതെ പൊതുജനങ്ങളിൽ നിന്നും ചെറിയ സഹായം വാങ്ങിയാണ് ഏറ്റെടുക്കൽ നടത്തുന്നത്. ഇതെല്ലാം ചെറിയ പ്ലോട്ടുകളാണ്. എൽ.എ.ആർ.ആർ. 2013 ഉപയോഗിച്ചു കഴിഞ്ഞാൽ വലിയ ബുദ്ധിമുട്ടുണ്ടാകും. തൃശ്ശൂരിൽ വാണിയമ്പാറയിൽ സ്ഥലം വാങ്ങിയത് നാട്ടുകാരുടെ കൈയ്യിൽ നിന്നും പണം പിരിച്ചാണ്. അല്ലാതെ എഗ്രിമെന്റ് വച്ച് ചെയ്യുക ബുദ്ധിമുട്ടായിരിക്കുമെന്ന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു.

പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 178 പ്രകാരം പഞ്ചായത്തുകൾക്കുതന്നെ അക്വയർ ചെയ്യാമെന്ന പ്രൊവിഷനുണ്ട്. ഇപ്പോൾ കളക്ടർമാർ ലാന്റിന്റെ റേറ്റ് ഫിക്സ് ചെയ്തു കൊടുത്താൽ ആ റേറ്റിൽ അവർക്ക് അതെടുക്കാൻ സാധിക്കുമെന്ന് മാനേജിംഗ് ഡയറക്ടർ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നിർദ്ദേശിച്ചതിനെ തുടർന്ന് കളക്ടർമാർ എൽ.എ.ആർ.ആർ. ആക്ട് 2013 വച്ചോ അല്ലെങ്കിൽ പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് ഏറ്റെടുക്കുന്ന ഭൂമിയുടെ മൂല്യം വച്ചോ ആണ് റേറ്റ് ഫിക്സ് ചെയ്തുകൊടുക്കുന്നത്. ആ ഫിക്സേഷനിലേയ്ക്ക് പോയാൽ വലിയ അപകടം സംഭവിക്കും. പ്രസ്തുത നിരക്കനുസരിച്ച് പഞ്ചായത്തുകൾ വാങ്ങണമെങ്കിൽ അടുത്തകാലത്തൊന്നും നടക്കില്ല. അതത് ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതരെ വിളിച്ച് സെറ്റിൽമെന്റ് നടത്താവുന്നതാണെന്ന് റവന്യൂ-ഭവനനിർമ്മാണ വകുപ്പു മന്ത്രി അറിയിച്ചു.

കളക്ടർമാർ പഞ്ചായത്തുമായി ഒരു ലോക്കൽ മീറ്റിംഗ് നടത്തിയാൽ ചിലപ്പോൾ സ്ഥലം ലഭിക്കുമെന്ന് ചീഫ് സെക്രട്ടറി സൂചിപ്പിച്ചു. ഇതിനോടകംതന്നെ ചില മീറ്റിംഗുകൾ നടന്നിട്ടുണ്ട്. ചില സ്ഥലങ്ങളിൽ നമുക്ക് ലാൻഡ് കിട്ടാനുള്ള ബുദ്ധിമുട്ടുണ്ടെന്ന യാഥാർത്ഥ്യം അംഗീകരിച്ചേ പറ്റൂ. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി പറഞ്ഞതുപോലെ എം.എൽ.എ., എം.പി., പഞ്ചായത്ത് മെമ്പർ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ കുറച്ച് സ്ഥലമൊക്കെ ലഭിച്ചിട്ടുണ്ട്. അതിപ്പോൾ നല്ലതുപോലെ പുരോഗമിക്കുന്നുമുണ്ട്. 15-ാം ഫിനാൻസ് കമ്മീഷൻ പ്രകാരമുള്ള ഗ്രാന്റ് ഡി.പി.സി. അംഗീകരിച്ചാൽ മാത്രമേ പഞ്ചായത്തുകൾക്ക് ലഭിക്കുകയുള്ളൂ എന്നാണ് എം.ഡി. പറഞ്ഞത്. അതിന്റെ പ്രൊസീഡിംഗ്സിലാണോ താമസമുണ്ടെന്ന് പറയുന്നതെന്ന് ബഹു.ജലവിഭവ വകുപ്പു മന്ത്രി ചോദിച്ചു.

പ്രോജക്ട് വച്ചുകഴിഞ്ഞുവെന്നും, 15-ാം ഫിനാൻസ് കമ്മീഷന്റെ ടൈറ്റിൽ ഗ്രാന്റിൽ 50 ശതമാനം വാട്ടർ പ്രോജക്ടിനുവേണ്ടിയുള്ളതാണ്. ഇതിനകത്ത് ഭൂമി വാങ്ങാം. തദ്ദേശഭരണസ്ഥാപനം അങ്ങനെ പ്രോജക്ട് വയ്ക്കണം. ഒരു പഞ്ചായത്തിൽ വരുന്ന പ്രോജക്ടിന് അഞ്ച് മുതൽ 10

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കോടി വരെ കോസ്റ്റ് വരുന്നുണ്ടെന്നാണ് പല കളക്ടർമാരും സൂചിപ്പിച്ചത്. ഈ കോസ്റ്റ് അവർക്ക് കൊടുക്കേണ്ടിവരുന്നു. കൂടാതെ ഗുണഭോക്തൃവിഹിതം വയ്ക്കാത്ത സാഹചര്യത്തിൽ പഞ്ചായത്തുകൾക്ക് അതും കൊടുക്കേണ്ടതായിവരുന്നു. അങ്ങനെ വരുമ്പോൾ തദ്ദേശഭരണസ്ഥപനങ്ങൾക്ക് അവരുടെ ഫണ്ടിന് ലഭ്യമാകുന്നതിനേക്കാൾ കൂടുതൽ ചെലവാക്കേണ്ടിവരുന്നതുകൊണ്ട് പ്ലാൻ ഫണ്ടിൽ നിന്ന് കൊടുക്കേണ്ടിവരും. മിക്ക സംസ്ഥാനങ്ങളിലും സർക്കാരാണ് ഇതിനുള്ള അഡീഷണൽ കോസ്റ്റ് കൊടുക്കുന്നത്. പ്രോജക്ടുകൾ കൃത്യസമയത്ത് നടക്കാത്തതിന്റെ കാരണം സർക്കാർ ഫണ്ട് അനുവദിക്കാത്തതുകൊണ്ടാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

സെൻട്രൽ ഫിനാൻസ് ഉൾപ്പെടെ നമുക്ക് യൂട്ടിലൈസ് ചെയ്യണമെങ്കിൽ നിശ്ചിത സമയത്തിനുള്ളിൽ പ്രോജക്ട് പൂർത്തിയാക്കാൻ കഴിയണം. കേരളത്തിൽ പ്രോജക്ടുകളുടെ മൊത്തത്തിലുള്ള എ.എസ്. കൊടുത്തിട്ടുണ്ട്. ഇനി ടെക്നിക്കൽ സാങ്ഷനിലേക്ക് പോകുമ്പോൾ ലാൻഡിന്റെ availability കൃത്യമായി കാണിച്ചുകൊടുക്കണം. അതിൽ വലിയ തർക്കങ്ങളുള്ളതിന്റെ എണ്ണം കൂടുതലായിട്ടില്ല. ചില സ്ഥലങ്ങളിൽ ഇത് വലിയ പൊട്ടൻഷ്യൽ ഇഷ്യൂവാണ്. അതിന് ചെറിയൊരു ഭേദഗതി വരുത്തിയാൽ നന്നായിരുന്നു. ഇനി 40 ലക്ഷം കണക്ഷൻകൂടി കൊടുക്കാനുണ്ട്. പ്രോജക്ട് പൂർത്തിയാക്കാൻ ഇനി മൂന്നു വർഷം കൂടിയാണുള്ളത്. നല്ല ഇടപെടൽ എല്ലാ ഡിപ്പാർട്ടുമെന്റുകളും കൂടി നടത്തിയാൽ മാത്രമേ ഇത് സാദ്ധ്യമാക്കാൻ കഴിയൂ. അതുകൊണ്ട് ലിബറലായ സമീപനം എടുക്കുന്നതായിരിക്കും നല്ലത്. അതല്ലെങ്കിൽ വർക്കുകൾ മുന്നോട്ടുപോകാതെ പെൻഡിംഗ് ആകുന്ന സ്ഥിതി വരുമെന്ന്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ബഹു.ജലവിഭവ വകുപ്പു മന്ത്രി ചൂണ്ടിക്കാട്ടി.

ലോക്കൽ എം.എൽ.എ.-യും കളക്ടറും കൂടി വിചാരിച്ചാൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുമെന്നും പ്രശ്നമുള്ള സ്ഥലം അവസാനം നോക്കാവുന്നതാണ്. ഏതായാലും 13 ലക്ഷം കണക്ഷൻ ചെയ്തതുകൊണ്ട് ഇത് സ്പീഡ് അപ് ചെയ്യണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

ജൽജീവൻ മിഷൻ നല്ല ഇംപാക്ട് തരുന്ന പദ്ധതിയാണ്. പക്ഷേ, ഫണ്ടില്ലാത്തതാണ് പ്രശ്നം. മിനിസ്റ്റർതന്നെ എല്ലാ എം.എൽ.എ. മാർക്കും പ്രസ്തുത വിഷയം സംബന്ധിച്ചുള്ള കത്ത് കൊടുക്കണം. കളക്ടർ അതത് ജില്ലയിലെ എം.എൽ.എ.-മാരെയും മണ്ഡലംതോറുമുള്ള പഞ്ചായത്തുകളെയും തദ്ദേശഭരണസ്ഥാപനങ്ങളെയും വിളിച്ച് ചർച്ച ചെയ്ത് എങ്ങനെയാണ് ഇത് പ്രാവർത്തികമാക്കാൻ കഴിയുമോയെന്ന് നോക്കണമെന്ന് ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു.

എൽ.എ.ആർ.ആർ-ന് എക്സംപ്ഷൻ ചെറിയ ലാൻഡ്സിന് കൊടുക്കാനുള്ള ഒരു പ്രൊപ്പോസൽ ക്യാബിനറ്റിൽ കൊണ്ടുവന്നിരുന്നു. 50 സെന്റോ 25 സെന്റോ വരുന്ന പ്രോജക്ടുകൾക്ക് ഇത് ഗുണം ചെയ്യും. എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും ഒരു ഫോർമുലേഷൻ കൊണ്ടുവരണമെന്നുള്ള തീരുമാനമാണ് അന്നുണ്ടായതെന്ന് ജലവിഭവവും കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷനും വകുപ്പ് സെക്രട്ടറി സൂചിപ്പിക്കുയും, ഇതിനെക്കുറിച്ച് ഡിസ്കഷൻ നടത്തമെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ജലജീവൻമിഷന്റെ ഈ പ്രശ്നം ഒക്ടോബർ, നവംബർ മാസത്തോടുകൂടി പൂർത്തിയാക്കാനുള്ള നടപടിയെടുക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും, ജലവിഭവ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

17. കാൻസർ കൺട്രോൾ പ്രോഗ്രാം

ഈ പ്രോഗ്രാമുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും കാൻസർ ഡിറ്റക്ഷൻസ് ടെസ്റ്റ് നടത്തുന്നുണ്ടെന്ന് ചീഫ് സെക്രട്ടറി സൂചിപ്പിച്ചു. തടർന്ന്, കാൻസർ കൺട്രോൾ പ്രോഗ്രാം ഗ്രാമപഞ്ചായത്തുകളിലാണ് ആദ്യം നടത്തുന്നത്. 140 ഗ്രാമപഞ്ചായത്തുകളിൽ ഈ പ്രോഗ്രാം നടത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രൈമറി സ്ക്രീനിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി എല്ലാ ജില്ലകളിലും ജനുവരി മാസത്തോടുകൂടി പ്രൈമറി സ്ക്രീനിംഗ് (early detection cancer symptoms) നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ബ്രെസ്റ്റ് കാൻസർ, സെർവിക്കൽ കാൻസർ, ഓറൽ കാൻസർ എന്നീ മൂന്ന് കാൻസർ ഡിക്ടക്ഷനാണ് പ്രൈമറി സ്ക്രീനിംഗിൽ നടത്തുന്നത്. അതിനുശേഷം പി.എച്ച്.സി.-ൽ റഫർ ചെയ്യുകയും ആവശ്യമായ diagnosis ചെയ്തതിനുശേഷം ആവശ്യമെങ്കിൽ മെഡിക്കൽ കോളേജ്, ആർ.സി.സി., എം.സി.സി., സി.സി.ആർ.സി. എന്നവിടങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നു. ഡിസ്ട്രിക് കളക്ടർ ചെയർപേഴ്സണായിട്ടുള്ള ഡിസ്ട്രിക്ട് കാൻസർ കൺട്രോൾ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി എല്ലാ മാസവും കൃത്യമായി യോഗം ചേരണമെന്നും റിവ്യൂ ചെയ്യണമെന്നും ഡിസ്ട്രിക്ട് കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് ആരോഗ്യ കുടുംബക്ഷേമം, ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

ഇതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ഗവൺമെന്റിന്റെ മുന്നിൽ പൊതുവിൽ വന്നിരുന്നു. അതിൽ ഒന്നാണ് Central for Disease Control and Prevention (CDC) നിർദ്ദേശം. അത് അമേരിക്കയിലെ സി.ഡി.സി.-യുടെ മോഡലിലാണ് ഇവിടെ രൂപകല്പന ചെയ്തുവന്നത്. പല

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പ്രധാനപ്പെട്ട ആശുപത്രികളും ഇതുമായി സഹകരിക്കാമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പ്രമുഖ ആശുപത്രികളുടെ ഡയറക്ടർമാർ അത് പരിശോധിക്കട്ടെ എന്നുപറഞ്ഞു. അങ്ങനെ ആർ.സി.സി., എം.സി.സി., കൊച്ചി കാൻസർ സെന്റർ ഉൾപ്പെടെ ചർച്ച നടത്തിയെങ്കിലും നിർഭാഗ്യകരമായ കാര്യം അവർ ഇത് തല്ക്കാലം വേണ്ട എന്നാണ് പറഞ്ഞത്. പകർച്ചവ്യാധിയുൾപ്പെടെയുള്ള ഒരുപാട് രോഗങ്ങൾ ഇതിന്റെ സ്കോപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, ഇപ്പോൾ ആരോഗ്യ വകുപ്പ് അതിന് അനുകൂലമായ നിലയിലല്ല നിൽക്കുന്നത്. അത് വീണ്ടും പരിശോധിക്കേണ്ടതായി വരും. ഇത്തരം ഒരു കാര്യം ഇവരെ ആരെയും ബുദ്ധിമുട്ടിക്കുന്ന ഒന്നല്ല മറിച്ച് സമൂഹത്തിന് ഗുണകരമായിട്ടുള്ള കാര്യമാണ്. ഏതെങ്കിലും ആശുപത്രിയുടെ ഒരു സ്കോപ്പും ഇതിന്റെ ഭാഗമായി തടസ്സപ്പെടുന്ന ഒരവസ്ഥയില്ല. വലിയ തോതിൽ നടപ്പാക്കാൻ പറ്റുന്ന ഒരു കാര്യമാണ് നടക്കാതെ പോയിട്ടുള്ളത്. രണ്ടാമത്തെ കാര്യം, സ്ത്രീകളിൽ ഏറ്റവും ഗൗരവതരമായി വരുന്ന രോഗമാണ് ബ്രെസ്റ്റ് കാൻസർ കഴിഞ്ഞാൽ സെർവിക്കൽ കാൻസർ. വാക്സിനേഷൻ മുഖേന ഇത് പൂർണ്ണമായും തടയാൻ കഴിയും. 14 വയസ്സിനുതാഴെയുള്ള പെൺകുട്ടികൾക്ക് വാക്സിനേഷൻ നൽകണം. ഇതിനുവേണ്ടി ഒരു പദ്ധതി തയ്യാറാക്കാനായിരുന്നു തീരുമാനം. അതിനാവശ്യമായ നടപടി എടുക്കാൻ വേണ്ടി ആരോഗ്യ വകുപ്പിന് നിർദ്ദേശം നൽകിയെങ്കിലും വലിയ നടപടിയിലേയ്ക്കൊന്നും നീങ്ങിയില്ല. അതും ഇതിന്റെ ഭാഗമായി നമ്മൾ ചെയ്യേണ്ട കാര്യമാണ്. ഒരു നല്ല ക്യാമ്പയിൻ നടത്തി സെർവിക്കൽ കാൻസർ പൂർണ്ണമായി ഇല്ലാത്ത ഒരു സ്റ്റേറ്റായി സംസ്ഥാനത്തെ മാറ്റാൻ കഴിയണം. 14 വയസ്സിനുതാഴെയുള്ള കുട്ടികൾ മിക്കവാറും സ്കൂളിലായിരിക്കും. വാക്സിനേഷൻ നൽകുന്നതിനൊന്നും പ്രയാസമില്ല. അത് മുഖേന സമൂഹത്തിലുണ്ടാകുന്ന മെച്ചം വളരെ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വലുതാണ്. കാൻസർ കൺട്രോൾ പ്രോഗ്രാമുമായി ബന്ധപ്പെട്ട് ഈ രണ്ട് കാര്യങ്ങളും പ്രധാനപ്പെട്ടതാണെന്ന ബഹു.മുഖ്യമന്ത്രി ഓർമ്മിപ്പിച്ചു.

വാക്സിനേഷൻ നിർബന്ധമാക്കാനുള്ള നടപടി സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നുണ്ടാകണം. സി.ഡി.സി.ക്കുവേണ്ടി ചീഫ് സെക്രട്ടറി ഇപ്പോൾ ഒരു ജി.ഒ. ഇറക്കിയിട്ടുണ്ടെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സൂചിപ്പിക്കുകയും സി.ഡി.സി. വിഷയം ക്യാബിനറ്റിൽ വരുകയും ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു. ഇത് ശരിയാണെന്നും എന്നാൽ അതിന് കാലതാമസമുണ്ടാകുമെന്നും ആരോഗ്യ കുടുംബക്ഷേമ വകുപ്പാണ് അതേറ്റെടുത്ത് നടപ്പാക്കേണ്ടതെന്ന് ബഹു,മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

സെക്രട്ടറി സൂചിപ്പിച്ച സർവ്വേ എല്ലാ ജില്ലകളിലും പൂർത്തിയാക്കണമെന്നും എറണാകുളത്ത് മാത്രമാണ് ഇപ്പോൾ സർവ്വേ പൂർത്തിയായിട്ടുള്ളതെന്ന് ചീഫ് സെക്രട്ടറി ചൂണ്ടിക്കാണിക്കുകയും എല്ലാ ജില്ലകളിലും സർവ്വേ നടന്നുവരികയാണെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും, ആരോഗ്യ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

18. മന്ത്, മലമ്പനി, കാലാഅസർ, കുഷ്ഠരോഗം, ക്ഷയരോഗം, എയ്ഡ്സ് എന്നീ രോഗങ്ങളെ 2025 ഓടുകൂടി നിവാരണം ചെയ്യുവാനുള്ള ലക്ഷ്യം

ഈ വിഷയത്തെ സംബന്ധിച്ച് വിശദീകരക്കാൻ ചീഫ് സെക്രട്ടറി ആവശ്യപ്പെടുകയും, തുടർന്ന് SDG-യുടെ ഭാഗമായി മന്ത്, മലമ്പനി, കാലാഅസർ, കുഷ്ഠരോഗം, ക്ഷയരോഗം, എയ്ഡ്സ് എന്നീ രോഗങ്ങളെ 2025-ഓടെ നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടിയുള്ളതാണിത്. ഇതിനായി പ്രത്യേകം indicators ഉണ്ട്. എല്ലാ മാസവും ഡി.ഡി.സി. യോഗത്തിൽ അത് റിവ്യൂ ചെയ്യണമെന്നാണ് കളക്ടർമാരോട് പറയാനുള്ളതെന്ന് ആരോഗ്യ കുടുംബക്ഷേമം, ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിച്ചു. ഇതിനായി പ്രത്യേകം കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ എന്നും, എല്ലാ ജില്ലകളിലും അത് കൃത്യമായി കൂടുന്നുണ്ടോയെന്നും, പേവിഷബാധയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ ഏതുവരെയായി എന്നീ ചീഫ് സെക്രട്ടറിയുടെ ചോദ്യങ്ങൾക്ക് നാഷണൽ പ്രോഗ്രാമ്സിനു വേണ്ടി കമ്മിറ്റികളുണ്ടെന്നും കൃത്യമായി കൂടുന്നുണ്ടെന്നും, 2025-ഓടെ ക്ഷയരോഗ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ട് പോകുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും മൃഗസംരക്ഷണ വകുപ്പുമന്ത്രിയുമായി ചേർന്ന് ഒരു കോപ്രിഹെൻസീവ് പ്രോഗ്രാം ആലോചിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പ് വാക്സിനേഷൻ നടപടികളുമായി മുന്നോട്ട് പോകുന്നുമുണ്ടെന്ന് ആരോഗ്യ കുടുംബക്ഷേമം, ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദമാക്കി.

നടപടി (തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

19. ആശ്വാസ് വാടക വീട് പദ്ധതി

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും മിതമായ വാടക നിരക്കിൽ താമസ സൗകര്യം ലഭിക്കുന്നതിനായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്ക് സമീപം സംസ്ഥാന സർക്കാർ ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിതെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

പ്രസ്തുത ഭവനനിർമ്മാണ പദ്ധതിയിൽ ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്നും സഹായം ലഭ്യമാകേണ്ടതുണ്ടെന്നും, 5 മെഡിക്കൽ കോളേജുകളിലും കൂട്ടിരിപ്പുകാർക്ക് 110 ബെഡ് വരെ നൽകാൻ കഴിയുന്ന പദ്ധതിയാണിത്. കണ്ണൂർ മെഡിക്കൽ കോളേജ് ക്യാമ്പസ്സിനുള്ളിൽ 2022 ഏപ്രിൽ 16-ന് പദ്ധതിക്ക് തറക്കല്ലിട്ടിരുന്നു. മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽനിന്ന് 50 സെന്റ് സ്ഥലം വിട്ടുകിട്ടുന്നതിന് ആരോഗ്യ വകുപ്പിന് അപേക്ഷ നൽകിയിരുന്നു. സ്ഥലം നൽകാമെന്ന് സമ്മതിച്ചിരുന്നതാണ്. സ്ഥലം ലഭിച്ചാലുടൻ വർക്ക് ആരംഭിക്കാൻ കഴിയും. ആലപ്പുഴ, കണ്ണൂർ, തൃശ്ശൂർ ജില്ലകളിൽ പ്രസ്തുത പദ്ധതിക്ക് തറക്കല്ലിട്ടുകഴിഞ്ഞു. കോട്ടയം മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലം അനുവദിക്കുന്ന പ്രശ്നം മാത്രമാണുള്ളത്. സ്ഥലം ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിൽ നിലനിർത്തി മെഡിക്കൽ കോളേജ് അധികൃതരും റവന്യൂ വകുപ്പും സംയുക്തമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ്. നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ പണം ഹൗസിംഗ് ബോർഡിന്റെ പക്കലുണ്ടെന്നും റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി വ്യക്തമാക്കി.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട വിഷയമാണിതമെന്നും ഇക്കാര്യം പരിശോധിക്കാമെന്നും ആരോഗ്യ കുടുംബക്ഷേമം, ആയുഷ് വകുപ്പ്: പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസ്സുകളിലെ ആശ്വാസ് വാടക വീടിന്റെ നിർമ്മാണം പുരോഗമിക്കുകയാണെന്നും കോട്ടയം, കണ്ണൂർ മെഡിക്കൽ കോളേജ് കോമ്പൗണ്ടുകളിൽനിന്നും സ്ഥലം വിട്ടുകിട്ടുന്നതിന് ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട് പൊതുമരാമത്ത്സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് കോട്ടയം, കണ്ണൂർ മെഡിക്കൽ കോളേജ് ക്യാമ്പസ്സിൽനിന്നും ആശ്വാസ് വാടക വീടിന് സ്ഥലം അനുവദിക്കുന്ന നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു. ഈ വിഷയം ഫോളോ- അപ് നടത്താമെന്ന് ആരോഗ്യ കുടുംബക്ഷേമം, ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

നടപടി (ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, റവന്യൂ വകുപ്പ്, ആരോഗ്യ വകുപ്പ്, ആയുഷ് വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

20. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം-2008

ഈ വിഷയം സംബന്ധിച്ച് റവന്യൂ വകുപ്പിനോട് ചീഫ് സെക്രട്ടറി: വിശദീകരികരണം ആവശ്യപ്പെടുകയും, തുടർന്ന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമ പ്രകാരം ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്പെഷ്യൽ ടീമിനെ നിയോഗിച്ചത് ഈ വർഷം ആദ്യമാണ്. 27 (എ) - പ്രകാരം ഓൺലൈൻ മുഖാന്തരം 207000 അപേക്ഷകൾ ലഭിച്ചിരുന്നു. അതിൽ 86 ശതമാനം അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. എന്നാൽ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയശേഷം ദിവസവും ആപ്ലിക്കേഷനുകൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ മാസം അവസാനത്തോടെ എല്ലാ ഓഫ്ലൈൻ ആപ്ലിക്കേഷനുകളും തീർപ്പാക്കണമെന്ന് റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓൺലൈൻ മുഖേന ഇതുവരെ ഏകദേശം 138000 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് റവന്യൂവും ദുരന്തനിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദമാക്കി.

ഓഫ് ലൈൻ ആപ്ലിക്കേഷനുകൾ വേഗത്തിൽ തീർപ്പാക്കണമെന്ന നിർദ്ദേശം നൽകിയതെന്തുകൊണ്ടാണെന്ന ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് വളരെ മുൻപ് ലഭിച്ച അപേക്ഷകളാണ് തീർപ്പാക്കിയിട്ടുള്ളതെന്നും ഫെബ്രുവരി മാസത്തിൽ ചേർന്ന യോഗത്തിൽ എല്ലാ അപേക്ഷകളും ഓൺലൈൻ മുഖേന സ്വീകരിച്ചാൽ മതിയെന്ന് തീരുമാനിച്ചിരുന്നു. ഓഫ് ലൈൻ മുഖേന ലഭിച്ച അപേക്ഷകളെല്ലാം almost തീർപ്പാക്കിയിട്ടുണ്ട്. പുതിയതായി ലഭിച്ച അപേക്ഷകളാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. നല്ല പുരോഗതി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ആർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് റവന്യൂവും ദുരന്തനിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

ബഹു.മുഖ്യമന്ത്രി പങ്കെടുത്ത യോഗത്തിൽ മുൻഗണന മാറ്റരുതെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഓഫ് ലൈൻ അപേക്ഷകൾക്ക് മുൻഗണന നൽകിയത്. ആദ്യം കിട്ടിയ അപേക്ഷകൾ ഓഫ് ലൈൻ മുഖേനെയാണ്. 2022 ജനുവരി 31 വരെ ലഭിച്ച അപേക്ഷകൾ പ്രത്യേകം രൂപീകരിച്ച സംവിധാനങ്ങളുപയോഗിച്ച് 2022 നവംബറോടെ തീർപ്പാക്കാൻ കഴിയുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഉറപ്പുനൽകിയിരുന്നത്. ഇപ്പോൾ ഇടുക്കിയിലെ ഓഫ്ലൈൻ അപേക്ഷകൾ തീർപ്പാക്കിക്കഴിഞ്ഞിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. മറ്റ് ജില്ലകളിലെ ഓഫ് ലൈൻ അപേക്ഷകൾ നവംബർ മാസത്തോടെ പൂർത്തിയാക്കാൻ കഴിയും. ഓൺലൈൻ അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ 137000 അപേക്ഷകൾ കിട്ടിയിട്ടുണ്ട്. 341 വാഹനങ്ങളും 911 ജീവനക്കാരെയുമുൾപ്പെടുത്തി 6 മാസത്തേയ്ക്കുവേണ്ടിയുള്ള solution ആണുണ്ടാക്കിയിരുന്നത്. പ്രസ്തുത സംവിധാനമുപയോഗിച്ചാണ് ഇത്രവേഗത്തിൽ ഓഫ്ലൈൻ അപേക്ഷകൾ തീർപ്പാക്കാൻ കഴിഞ്ഞത്. ഇപ്പോഴത്തെ കണക്കനുസരിച്ച് 638 കോടി രൂപ കളക്ട് ചെയ്ത് സർക്കാരിനെ ഏൽപ്പിച്ചുകഴിഞ്ഞു. ഇതിനായി ഇതുവരെ 5 കോടി രൂപയാണ് ചെലവായത്. ഓൺലൈൻ അപേക്ഷകൾകൂടി അപ്-ടു-ഡേറ്റ് ആകുന്നതുവരെ ഈ സംവിധാനം നിലനിർത്തിയില്ലെങ്കിൽ വളരെ പ്രയാസം നേരിടേണ്ടിവരും. നൂറിൽ കൂടുതൽ അപേക്ഷകളുള്ള വില്ലേജുകളിൽ കൃഷി ഓഫീസർക്കും വില്ലേജ് ഓഫീസർക്കും യാത്ര ചെയ്യാൻ രണ്ട് വില്ലേജുകൾക്ക് ഒരു വാഹനമെന്ന നിലയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ സംവിധാന മുപയോഗിച്ചാണ് നവംബർ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

മാസത്തോടെ ഓഫ്‌ലൈൻ അപേക്ഷകൾ തീർപ്പാക്കാമെന്ന് പറയുന്നത്. തീർപ്പാക്കേണ്ട ഓൺലൈൻ-ഓഫ്‌ലൈൻ അപേക്ഷകൾ തുല്യമാകുന്നതുവരെ ഈ രീതി തുടരുന്നതാകും ഉചിതമെന്നും ഈയിനത്തിൽ നല്ലൊരു തുകയും സർക്കാരിന് ലഭിക്കുന്നുമുണ്ട്. ഓൺലൈൻ ആയാൽ ആറുമാസംകൊണ്ട് ലഭിക്കുന്ന തുക ഈ സംവിധാനംകൂടി കൊടുത്താൽ ഒരു മാസംകൊണ്ട് ലഭിക്കുമെന്നും അത്രയും വേഗത്തിലാണ് കാര്യങ്ങൾ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നതെന്ന് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി വ്യക്തമാക്കി.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും, റവന്യൂ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

21. കേരള–കർണ്ണാടക അതിർത്തി പ്രശ്നം

കേരള-കർണ്ണാടക അതിർത്തി പങ്കിടുന്ന ഇരിട്ടി താലൂക്കുമായി ബന്ധപ്പെട്ട വിഷയമാണ്. ഈ വിഷയം കർണ്ണാടക റവന്യൂ വകുപ്പുസെക്രട്ടറിയുമായി സംസാരിച്ചിരുന്നുവെന്ന് റവന്യൂവും ദുരന്തനിവാരണവും വകുപ്പ്: അഡീഷണൽ ചീഫ് സെക്രട്ടറി അറിയച്ചതിനെ തുടർന്ന് ഓൺലൈൻ മുഖാന്തരമാണോ സംസാരിച്ചതെന്ന് ചീഫ് സെക്രട്ടറി ചോദ്യത്തിന് ഓൺലൈൻ മുഖാന്തരമാണ് സംസാരിച്ചതെന്ന് റവന്യൂവും ദുരന്തനിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

22. റവന്യൂ കുടിശ്ശിക തവണകൾക്ക് പരിധി ഉയർത്തുന്നത് സംബന്ധിച്ച്

ഇതുസംബന്ധിച്ച പ്രൊപ്പോസൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ എത്തിയിട്ടുണ്ടെന്ന് റവന്യൂവും ദുരന്തനിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

23. 27 റോഡ് ഓവർ ബ്രിഡ്ജ്/അണ്ടർ ബ്രിഡ്ജ് നിർമ്മാണം

കെ.ആർ.ഡി.സി.എൽ., ആർ.ബി.ഡി.സി.കെ. തുടങ്ങിയ ഏജൻസികളാണ് ആർ.ഒ.ബി./ആർ.യു.ബി.-കളുടെ വർക്കുകൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് പ്രത്യേക ഇഷ്യൂ എന്തെങ്കിലുമുണ്ടോ എന്ന് ചീഫ് സെക്രട്ടറി ചോദ്യത്തിന് മറുപടിയായി 27 ആർ.ഒ.ബി.-കളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ഡ്രോയിംഗ്, ലാൻഡ് അക്വിസിഷൻ തുടങ്ങിയ പല സ്റ്റേജുകളിലാണ്. 23 ആർ.ഒ.ബി.-കൾക്ക് എൽ.എ. എ.എസ്. നൽകിയിട്ടുണ്ട്. രണ്ട് ജില്ലകളിൽ ആർ.ഒ.ബി.-കളുടെ നിർമ്മാണത്തിന് ജില്ലാ കളക്ടർമാരുടെ സഹായം ആവശ്യമാണ്. മലപ്പുറം ജില്ലയിലെ 4 ആർ.ഒ.ബി.-കളുടെ ലാൻഡ് അക്വിസിഷൻ നടപടികൾ വേഗത്തിലാക്കേണ്ടതുണ്ട്. കണ്ണൂർ ജില്ലയിലെ മേലെചൊവ്വ അണ്ടർ പാസ്, സൗത്ത് ബസാർ മേൽപ്പാലം എന്നിവയുമായി ബന്ധപ്പെട്ട ഇഷ്യൂസ് പരിഹരിക്കുന്നതിന് ജില്ലാ കളക്ടർ മുൻകയ്യെടുക്കേണ്ടതാണെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അറിയിച്ചു.

പാലങ്ങളുടെ കാര്യത്തിൽ ഇപ്പോൾ റെയിൽവേയുടെ ഭാഗത്തുനിന്നും അനുകൂല നിലപാടാണുള്ളതെന്നാണ് മനസ്സിലാകുന്നത്. ഏതെങ്കിലും ഘട്ടത്തിൽ അവരുടെ നിലപാടിൽ മാറ്റം വരാൻ സാധ്യതയുണ്ട്. അതിനാൽ അനുകൂല നിലപാടുള്ള ഘട്ടത്തിൽ അവ വാങ്ങിയെടുക്കുന്നതിന് സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നുള്ള നടപടികൾ ത്വരിതപ്പെടുത്തണം. സാങ്കേതികത്വം പറഞ്ഞ് സംസ്ഥാനം സ്വീകരിക്കേണ്ട നടപടികൾ വൈകിച്ചാൽ പ്രോജക്ടുകൾ നഷ്ടപ്പെടാനിടയാകും. ആ ഒരു ജാഗ്രതയുണ്ടാകണമെന്ന് ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു.

നടപടി (ജില്ലാ കളക്ടർ കണ്ണൂർ,മലപ്പുറം, പൊതുമരാമത്ത് വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

24. ക്വാറികളുടെ എൻ.ഒ.സി

മൈനിംഗ് ആൻഡ് ജിയോളജിയുമായി ബന്ധപ്പെട്ടുവരുന്ന വിഷയമാണെന്നും ഇക്കാര്യം നേരത്തെ ചർച്ച ചെയ്തിരുന്നുവെന്നും ചീഫ് സെക്രട്ടറി അറിയിക്കുകയും, മണൽ ഖനനവുമായി ബന്ധപ്പെട്ട് വിശദീകരിക്കാൻ ആവശ്യപ്പെട്ടു.

സംസ്ഥാനത്തെ നദികളിൽനിന്നും മണൽ ഖനനം നടത്തുന്നതിന് ജില്ലാടിസ്ഥാനത്തിൽ ഡി.എസ്.ആർ. (ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട്) തയ്യാറാക്കുന്നതിന് NABET Accredited Agency ആയ CSIR/NIIST -നെ ചീഫ് സെക്രട്ടറിതലത്തിൽ ചേർന്ന യോഗത്തിൽ നോമിനേറ്റ് ചെയ്തിരുന്നു. പ്രസ്തുത ഏജൻസി വർക്ക് നടന്നുകൊണ്ടിരിക്കുകയാണെന്നും, കാലാവധി മൂന്നുമാസം കൂടിയുണ്ടെന്ന് റവന്യൂവും ദുരന്തനിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിക്കുകയും, പ്രസ്തുത സർവ്വേ പൂർത്തിയാക്കി കേന്ദ്ര ഗവൺമെന്റിന്റെ അപ്രൂവലിന് അയയ്ക്കേണ്ടതാണെന്നുംസ എത്രയുംവേഗം സർവ്വേ നടപടികൾ പൂർത്തിയാക്കണമെന്നും ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

നടപടി (വ്യവസായ വകുപ്പ്, എല്ലാ ജില്ലാ കളക്ടർമാരും)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

25. പൊതുജലാശയ ശുചീകരണം

പൊതുജലാശയ ശുചീകരണ പ്രവർത്തനങ്ങൾ 'തെളിനീരൊഴുകും നവകേരളം' പദ്ധതിയുമായി ബന്ധപ്പെട്ടുവരുന്നതാണ്. ഈ വിഷയം സംബന്ധിച്ച് രാവിലെ സംസാരിച്ചിരുന്നു. കളക്ടർമാർ ശ്രദ്ധിക്കേണ്ട ഒന്നുരണ്ടു കാര്യങ്ങളെക്കുറിച്ചാണ് പറയാനുള്ളതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗിന് വേണ്ടത്ര സംവിധാനങ്ങളില്ലെന്നും. സ്കൂൾ ലാബുകൾകൂടി ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നതിന് കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനമെടുത്തിട്ടുണ്ട്. കൂടുതൽ ലാബ് സൗകര്യങ്ങൾ ഒരുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

രണ്ടാമതായി ജലമലിനീകരണത്തിന്റെ സ്രോതസ്സുകൾ ഐഡന്റിഫൈ ചെയ്യണമെന്നുള്ളതാണ്. ജലമലിനീകരണവുമായി ബന്ധപ്പെട്ട് പീനൽ ആക്ഷൻ എടുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണെങ്കിലും കളക്ടർമാർ അത് റിവ്യൂ ചെയ്താൽ ജലാശയങ്ങളിലേയ്ക്ക് മാലിന്യങ്ങളൊഴുക്കുന്നത് തടയാൻ സാധിക്കും.

മൂന്നാമതായി തോടുകളിലും മറ്റും പ്ലാസ്റ്റിക്കുൾപ്പെടെയുള്ള ഫ്ലോട്ടിംഗ് ഗാർബേജ് ഉണ്ടാകുന്നുണ്ട്. നെറ്റുപയോഗിച്ച് ബ്ലോക്ക് ചെയ്ത് അവ പുറത്തെടുക്കാനാവും. അത്തരം പ്രോജക്ടുകൾകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് ചെയ്യിപ്പിക്കണം. പല സ്ഥാപനങ്ങളും അത്തരം പ്രോജക്ടുകൾ വയ്ക്കുന്നതായി കാണുന്നില്ല. ഇത് കൂടുതൽ ചെലവ് വരുന്ന കാര്യമല്ല. അതുചെയ്യുകയാണെങ്കിൽ മിക്സ്ഡ് വെയ്സ്റ്റ് Clean Kerala Company കൊണ്ടുപോകുകയും ചെയ്യും. ഓരോ പ്രദേശത്തെയും ജലാശങ്ങളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് റിവ്യൂ നടത്തി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അവ പരിഹരിക്കുന്നതിനുവേണ്ട ഇടപെടലുകൾ കൊണ്ടുവരുന്നത് നന്നായിരിക്കും.

നാലാമതായി, തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ളതാണ്. ഇപ്പോൾ തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റ് സെറ്റ് ചെയ്യുന്ന സമയമാണ്. ജലാശയങ്ങളുടെ ശുദ്ധീകരണവുമായി ബന്ധപ്പെടുത്തി വരുന്ന പ്രോജക്ടുകൾ പ്രൈയോറൈറ്റൈസ് ചെയ്യുന്ന കാര്യവും കളക്ടർമാർ ശ്രദ്ധിക്കേണ്ടതാണ്.

ഇക്കാര്യത്തിൽ ഹരിത കേരള മിഷന്റെ പ്രവർത്തനം നല്ല രീതിയിൽ ഉപകരിച്ചതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണിത് നടപ്പാക്കിയിരുന്നത്. ജലാശയങ്ങളുടെ ശുചീകരണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. ചില മോഡലുകൾ കേരളത്തിൽ നല്ലരീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഹരിത കേരള മിഷന് അതിന്റെ അനുഭവവുമുണ്ട്. എല്ലാവരും ഇക്കാര്യം ശ്രദ്ധിക്കണമെന്നും ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും, തദ്ദേശ സ്വയംഭരണ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

26. മാൻ-അനിമൽ കോൺഫ്ലിക്റ്റ്

മാൻ-അനിമൽ കോൺഫ്ലിക്റ്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇപ്പോൾ ധാരാളമായിട്ടുണ്ട്. പ്രത്യേകിച്ച് ആന, നായ എന്നിവയുമായി ബന്ധപ്പെട്ട് നിരവധി വിഷയങ്ങളുണ്ടെന്നും, ആറളം പ്രദേശത്ത് വനം വകുപ്പ് കുറച്ച് കാര്യങ്ങൾ ചെയ്യാനുണ്ടായിരുന്നു. അവ ചെയ്തുകഴിഞ്ഞോ എന്നും, പ്രോജക്ടിന്റെ നിലവിലെ സ്ഥിതി എന്താണെന്നും, ഇവ നടപ്പാക്കുന്നതിന് ഡേറ്റ് നിശ്ചയിച്ചിരുന്നുവെന്നും, ചീഫ് സെക്രട്ടറി സൂചിപ്പിച്ചു.

In replay, Chief Wildlife Warden says, Human-animal conflict is no doubt is a uni wide problem. Recently there is an Elephant issue. One reason is that over a period of time we have improved our habitat, and the population of animals had also increased. Our habitat is better than the neighboring states and certain animals are coming from there. This conflict is mainly taken place in the plinth area and Technical Committee already suggested that projects is under process. Action Plan is already given to the Tribal Department.

ആറളം ഫാമിൽ ഇന്നലെയും ആനയുടെ ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടുവെന്ന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി പറയുകയും, തുടർന്ന് സോളാർ ഫെൻസിംഗ് P.W.D.-യാണ് ചെയ്യേണ്ടതെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി വ്യക്തമാക്കുകയും പണി തുടങ്ങിയോ എന്ന ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് മറുപടിയായി പരിശോധിച്ച് വിശദാംശങ്ങൾ നൽകാം മെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അറിയിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ആറളം ഫാമിലെ ഇംപ്ലിമെന്റിംഗ് ചുമതല ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനല്ലെന്നും P.W.D.-ക്കും ട്രൈബൽ ഡിപ്പാർട്ടുമെന്റിനുമാണ് ചുമതലയെന്നും മാത്രമല്ല ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ ഫണ്ടാണെന്ന് ആഭ്യന്തരവും വിജിലൻസും വകുപ്പ്:അഡീഷണൽ ചീഫ് സെക്രട്ടറി അഭപ്രായപ്പെട്ടതിനെ തുടർന്ന് ട്രൈബൽ ഡിപ്പാർട്ടുമെന്റിൽനിന്നും 11 കോടി രൂപ കെട്ടിവച്ചതാണ്. പിന്നീടത് തടസ്സപ്പെടുത്തുകയാണ് ഉണ്ടായതെന്നും ആറളത്ത് ഇന്നലെ ഒരു ആദിവാസി ആനയുടെ ആക്രമണത്തിൽ മരണപ്പെടുകയുംമുണ്ടായി. ആറളം ഫാമിലെ 11-ാമത്തെ തൊഴിലാളിയാണ് ഇന്നലെ മരണപ്പെട്ടത്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഇക്കാര്യത്തിൽ കാര്യക്ഷമമായി സഹായിക്കേണ്ടതാണ്. പക്ഷെ ആ സഹായം ലഭിക്കുന്നില്ലെന്നും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നിർദ്ദേശിച്ചു.

ചീഫ് സെക്രട്ടറിതലത്തിലെ മീറ്റിംഗ് കഴിഞ്ഞ് എല്ലാ ഡിപ്പാർട്ടുമെന്റിനും ഡയറക്ഷൻ കൊടുത്തതാണെന്നും അവർ എസ്റ്റിമേറ്റ് തയ്യാറാക്കാമെന്ന് അറിയിച്ചെങ്കിലും പണിതുടങ്ങിയിട്ടില്ലെന്നും കണ്ണൂർ ജില്ലാ കളക്ടർ അറിയിച്ചതിനെ തുടർന്ന് ഓരോ വകുപ്പിനുകീഴിലും വരുന്ന വർക്കുകളുടെ സ്റ്റേജ് സംബന്ധിച്ചാണ് ചോദിച്ചതെന്ന് ചീഫ് സെക്രട്ടറി പറഞ്ഞു.

സോളാർ ഫെൻസിംഗിന് എ.എസ്. നൽകേണ്ടത് ട്രൈബൽ ഡിപ്പാർട്ടുമെന്റും വർക്ക് ചെയ്യേണ്ടത് പൊതുമരാമത്ത് വകുപ്പുമാണ്. വർക്ക് ആരംഭിച്ചിട്ടില്ലെന്നും ഉടനെ ആരംഭിക്കുമെന്നാണ് പൊതുമരാമത്ത് വകുപ്പ് അറിയിച്ചതെന്ന് റവന്യൂവും ദുരന്തനിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കുകയും എന്നാൽ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ആറളം എന്ന ചെറിയ പ്രദേശത്ത് 11 ആളുകളെ ആന കൊലപ്പെടുത്തിയെന്ന് പറയുമ്പോൾ അവിടത്തെ ആളുകളുടെ വികാരം എന്തായിരിക്കുമെന്ന് ആലോചിക്കണം. പ്രോജക്ട് നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്നും പഠനം നടക്കുന്നുണ്ടെന്നും പണം വകയിരുത്തിയിട്ടുണ്ടെന്നും പറയുന്നുണ്ടെങ്കിലും ആളുകളെ സംരക്ഷിക്കാൻ കഴിയുന്ന രീതിയിലുള്ള ഫലപ്രദമായ നപടികൾ നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. മഴക്കാലം കഴിഞ്ഞതിനാൽ ഇനി പദ്ധതികൾ നടപ്പാക്കാനുള്ള സമയമാണ്. ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളെ വിളിച്ച് പ്രോജക്ടുകൾ ഇംപ്ലിമെന്റ് ചെയ്യുന്നതിന് എത്ര സമയം വേണമെന്നുള്ളത് സംബന്ധിച്ച് ചീഫ് സെക്രട്ടറി ഉറപ്പുവരുത്തണം. ആ സമയത്തിനുള്ളിൽ/മാസങ്ങൾക്കുള്ളിൽ ഇത് പൂർത്തീകരിക്കുന്ന അവസ്ഥ സംജാതമാകണം. ആനയുടെ ആക്രമണത്തിൽ ഇനിയും ആളുകൾ മരണപ്പെടുന്ന സാഹചര്യമുണ്ടാകരുത്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു യോഗംകൂടി കൃത്യമായ സമയം നിശ്ചയിക്കുകയും അതിനുള്ളിൽ വർക്ക് പൂർത്തിയാക്കുകയും വേണമെന്ന് ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു.

എന്നാൽ അങ്ങനെ ചെയ്യാമെന്ന് ചീഫ് സെക്രട്ടറി പറയുകയും, മാൻ ആനിമൽ കോൺഫ്ലിക്ടിൽ ആറളം കഴിഞ്ഞാൽ ആനയുടെ ഏറ്റവും ശല്യമുള്ളത് മൂന്നാറിലെ ആനയിറങ്കൽ ഡാമും ചിന്നക്കനാൽ ഏരിയയുമാണ്. അവിടെ നല്ലരീതിയിൽ പഠനം നടത്തി, 2 കോടി രൂപ 'പ്രോജക്ട് എലിഫന്റ്' എന്ന പദ്ധതിക്കായി കൊടുത്തിട്ടുണ്ട്. അതുകൊണ്ട് അവിടത്തെ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിച്ചിട്ടുണ്ടെന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ അറിയിക്കുകയും, അതിന് അപ്രൂവൽ ലഭിച്ചിട്ടുണ്ടോ എന്ന ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് അപ്രൂവൽ ലഭിക്കുമെന്ന് റവന്യൂവും

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ദുരന്തനിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

നടപടി (വനം വകുപ്പ്, റവന്യൂ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ദുരന്ത നിവാരണ വകുപ്പ്)

ഓരോ സ്ഥലത്തും ഓരോ തരത്തിലുള്ള സാഹചര്യമായിരിക്കും ഉണ്ടായിരിക്കുക. വയനാട് ജില്ലയിലെ ഇരുൾ എന്ന കൊച്ചുകോളനിയിൽ ഈ കാലയളവിൽ 73 പേരെയാണ് ആന ചവിട്ടി കൊലപ്പെടുത്തിയത്. നേരത്തെ ഞാനും ബഹുമാനപ്പെട്ട എം.എൽ.എ. ആയ ശ്രീ. എ. കെ. ശശീന്ദ്രനും മറ്റും ചേർന്ന് റെയിൽ ഫെൻസിംഗിന്റെ ഒരു പ്രോജക്ട് കൊണ്ടുവന്നിരുന്നു. ഇരുളത്ത് അതുമാത്രമാണ് നടപ്പാക്കിയത്. നാല് വർഷക്കാലംമുമ്പ് റെയിൽ ഫെൻസിംഗിനുവേണ്ടി ഒരു പ്രോജക്ട് ഉണ്ടായിരുന്നു. ബാക്കിയെല്ലാം പരീക്ഷിച്ചു. അവസാനം വളപോലെ ഇട്ടിട്ടുള്ള ഫെൻസിംഗും നടത്തിനോക്കി. അതും ആന തുമ്പികൈകൊണ്ട് പൊട്ടിച്ചതിനെത്തുടർന്ന് റെയിൽ ഫെൻസിംഗ് നിർത്തി. പക്ഷേ അത് കുറച്ചുദൂരമേ ഉണ്ടായിരുന്നുള്ളൂ. അതിന്റെയൊന്നും തുടർച്ച ഉണ്ടായിട്ടില്ല. അതിനെക്കുറിച്ച് പഠിച്ച് എത്രയും പെട്ടെന്ന് പ്രവൃത്തികൾ നടപ്പാക്കണമെന്ന് റവന്യൂ-ഭവനനിർമ്മാണ വകുപ്പു മന്ത്രി നിർദ്ദേശിച്ചു.

ഏറ്റവും കൂടുതൽ പ്രശ്നമുള്ള പ്രദേശങ്ങളിലൊന്ന് വാഴച്ചാൽ-ആതിരപ്പിള്ളി ബെൽറ്റാണ്. ആ ബെൽറ്റിൽ പി.സി.കെ. (Plantation Corporation of Kerala)-യുടെ ലാന്റുണ്ട്. അതുംകൂടി കോംപ്രിഹെൻസീവായി ഇൻക്ലൂഡ് ചെയ്ത് 10.84 കോടി രൂപയുടെ ഒരു പ്രോജക്ട് നബാർഡ് ഫണ്ടിംഗിന് കൊടുത്തിയിട്ടുണ്ട്. പണ്ടുകാലത്ത് ചെയ്തിരുന്നത്, സോളാർ ഫെൻസിംഗാണ്, അതായത്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സൗരോർജ്ജവേലി. അത് സ്റ്റാൻറ്റിംഗാണ്. ഇപ്പോഴത് സൗരോർജ്ജ തൂക്കുവേലിയായാണ് ചെയ്യുന്നത്. അത് ആനയ്ക്ക് എളുപ്പമല്ല, കാരണം അത് മുകളിൽനിന്ന് താഴേയ്ക്ക് വരുന്നതുകൊണ്ട് ആനയ്ക്ക് കയറി പിടിക്കാൻ കഴിയില്ല. സോളാർ ഫെൻസിംഗിന് രണ്ടരലക്ഷം രൂപ ചെലവ് വരുമ്പോൾ ഇതിന് ഒരു കിലോമീറ്ററിന് എട്ടരലക്ഷം രൂപ ചെലവ് വരും. സൗരോർജ്ജ തൂക്കുവേലിയാണ് ചിന്നക്കനാലിലും മറ്റും പ്ലാൻ ചെയ്തിരിക്കുന്നത്. ആന ശല്യം ഒഴിവാക്കുന്നതിന് കാസർഗോഡ് ജില്ലയിൽ പഞ്ചായത്തുകൾ മുൻകൈ എടുത്ത് അവരുടെതന്നെ ഫണ്ട് ഉപയോഗിച്ച് അഞ്ച് കോടി രൂപയുടെ പ്രോജക്ട് നടപ്പാക്കുന്നുണ്ട്. കണ്ണൂർ ജില്ലയിലും പഞ്ചായത്തുകൾ ഇതുപോലുള്ള പദ്ധതികളുമായി മുന്നോട്ടുവന്നിട്ടുണ്ട്. ഏറ്റവും പ്രശ്നമുള്ള സ്ഥലങ്ങൾ തെരഞ്ഞെടുപ്പ് കഴിഞ്ഞ ഒരു വർഷം ഏതാണ്ട് 2500 കാട്ടുപന്നികളെ വനംവകുപ്പുതന്നെ മുൻകൈ എടുത്ത് കൊന്നിരുന്നു. മേയ് മാസം അവസാനം പഞ്ചായത്തുകളെ അധികാരപ്പെടുത്തിയതോടുകൂടി കാട്ടുപന്നി പ്രശ്നം ഏതാണ്ട് പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ കാര്യമായ പരാതികളില്ലെന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ അറിയിച്ചു.

നായകളെ പിടിക്കാനും പഞ്ചായത്തുകളെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് ഉണ്ടെന്നുംഅതിനായി പഞ്ചായത്തുകളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിൽ വാക്സിനേഷൻ, ഷെൽട്ടർ, ഐ.ഇ.സി. പ്രവർത്തനങ്ങൾ, മാലിന്യസംസ്കരണം എന്നീ നാല് ഘടകങ്ങൾ വച്ചുള്ള കാമ്പയിൻ നടത്താൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും, അത് റിവ്യൂ ചെയ്യുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഒരിക്കൽ ഇതെല്ലാം ചർച്ച ചെയ്തിട്ട്, പഞ്ചായത്തുകളുടെ ഇൻവോൾവ്മെന്റ് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞിരുന്നു. എന്നാൽ അതിന്റെ അടിസ്ഥാനത്തിലുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ താഴെ തട്ടിലേയ്ക്ക് കൊടുക്കാൻ കഴിഞ്ഞിട്ടില്ലെന്ന് വനം-വന്യജീവി വകുപ്പുമന്ത്രി അറിയിച്ചതിനെ തുടർന്ന് അപ്പോൾതന്നെ നിർദ്ദേശം കൊടുത്തിരുന്നുവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ്: അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകുകയും എന്നാൽ ചിലരത് നടപ്പാക്കുന്നില്ലെന്നും അവരെയും കൂടി പങ്കെടുപ്പിച്ചുകൊണ്ടു മാത്രമേ ഇത് വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. രണ്ടാമത്തെ പ്രധാന പ്രശ്നം, ആവശ്യത്തിനുള്ള ഫണ്ട് നമ്മുടെ കൈവശമില്ല എന്നുള്ളതാണ്. ഫണ്ട് വകമാറ്റി ചെലവഴിച്ചാണ് പല സ്ഥലങ്ങളിലും വിനിയോഗിക്കുന്നത്. അത് വളരെ പ്രധാനപ്പെട്ട വിഷയമാണെന്ന് വനം-വന്യജീവി വകുപ്പുമന്ത്രി ചൂണ്ടിക്കാട്ടി.

തെരുവുനായ്ക്കൾ എത്രയുണ്ടെന്ന് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ എന്നും, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ ചോദ്യത്തിന് രണ്ടുവർഷം മുമ്പുള്ള കണക്കനുസരിച്ച് ഏകദേശം 2.88 ലക്ഷം തെരുവുനായ്ക്കൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയെ എങ്ങനെയാണ് മാൻ ആനിമൽ കോൺഫ്ലിക്ട് തടയുന്നതിനുവേണ്ടി ഉപയോഗിക്കാൻ സാധിക്കുക എന്നതുസംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഫെൻസിംഗ്, ട്രെഞ്ചിംഗ്, അല്ലാതെയുള്ള കുറച്ച് പ്രവർത്തനങ്ങൾ എന്നിവ ഐഡന്റിഫൈ ചെയ്തിട്ടുണ്ടായിരുന്നു. അത്തരം പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശം അപ്പോൾതന്നെ കൊടുത്തിരുന്നു. ഇഷ്യു ചെയ്തിട്ടുള്ള ഡയറക്ഷൻസ് കളക്ടേഴ്സിനുംകൂടി ഷെയർ ചെയ്യാം. അതുപ്രകാരം ഈ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വർഷത്തെ ബഡ്ജറ്റിൽ തൊഴിലുറപ്പ് പദ്ധതിയിൽ എത്രത്തോളം കൺവെ ചെയ്യിപ്പിക്കാൻ പറ്റുമോ അത് നമുക്ക് ചെയ്യാൻ സാധിക്കും. ഇതുകൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളോടും ആനുവൽ പ്ലാൻ ഗൈഡ്ലൈൻസ് പ്രകാരം മാൻ ആനിമൽ കോൺഫ്ലിക്റ്റ് കൈകാര്യം ചെയ്യുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കാനായി പറഞ്ഞിട്ടുണ്ട്. കുറെ പദ്ധതികൾ മുന്നോട്ടുവച്ചിട്ടുമുണ്ട്. അതിന്റെ ഡീറ്റെയിൽസ് കൈവശമില്ലെന്നും. പക്ഷേ പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇതൊരു വലിയ അജണ്ടയായി അവരുടെ പ്രോജക്ടിൽ വച്ചിട്ടുണ്ട്. അതിന്റെ കണക്കെടുക്കാം. അതും ഡി.പി.സി. തലത്തിൽ റിവ്യൂ ചെയ്യുന്നത് നന്നായിരിക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടിയായി പറഞ്ഞു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും, തദ്ദേശ സ്വയംഭരണ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

27. കളക്ടർമാരുടെ പൊതുജന സമ്പർക്ക പരിപാടി

കളക്ടർമാരുടെ പൊതുജന സമ്പർക്ക പരിപാടി ഓൺലൈനായതു കൊണ്ട് പല സ്ഥലങ്ങളിലും കളക്ടർമാരെ പൊതുജനങ്ങൾക്ക് നേരിൽ കാണാൻ സാധിക്കുന്നില്ല. ചില സംസ്ഥാനങ്ങളിൽ എല്ലാ ആഴ്ചകളിലും ഓരോ ദിവസം മീറ്റിംഗ് വച്ച് എല്ലാവരെയും കാണുന്ന സിസ്റ്റമുണ്ട്. നമുക്ക് അങ്ങനെയൊരു സിസ്റ്റമില്ല. കാരണം ഇപ്പോൾ എല്ലാ വകുപ്പുകളും ഓരോ സമയത്ത് ഓൺലൈൻ മീറ്റിംഗുകൾ വിളിക്കുന്നതുകൊണ്ട് പല തരത്തിലുള്ള പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. അതിനുപകരം ആഴ്ചയിൽ ഓൺലൈൻ മീറ്റിംഗുകൾക്കെല്ലാംകൂടി ഒരു സമയം നിശ്ചയിക്കുന്നത് ഉചിതമായിരിക്കുമെന്ന് ചീഫ് സെക്രട്ടറിയുടെ നിർദ്ദേശത്തെത്തുടർന്ന് കോവിഡ് കാലം വരെ കളക്ടർമാർ കൃത്യമായി പൊതുജനസമ്പർക്ക പരിപാടി നടത്തിയിരുന്നു. ഓരോ സ്ഥലത്തും ക്യാമ്പ് ചെയ്തുകൊണ്ടുള്ള പരിപാടികളായിരുന്നു അവ. പൊതുജനസമ്പർക്ക പരിപാടി നടത്തിയിരുന്നില്ലെന്ന് പറയുന്നത് ശരിയല്ലെന്നും ഇപ്പോഴത്തെ സ്ഥിതിയിൽ എന്താണ് പ്രായോഗികമെന്ന് നോക്കണമെന്നും ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു.

ഏതെങ്കിലുമൊരു ദിവസത്തിൽ മീറ്റിംഗ് വയ്ക്കില്ലെന്ന് തീരുമാനിച്ചാൽ പ്രസ്തുത ദിവസം ഇവർക്ക് പ്ലാൻ ചെയ്ത് താലൂക്കുകളിൽ പോയി പൊതുജനസമ്പർക്ക പരിപാടി നടത്താനും വില്ലേജ് ഓഫീസുകളിൽ പോകാനും സാധിക്കും. അപ്പോൾ വേറൊരു മീറ്റിംഗുമായി ക്ലാഷ് വരില്ല. ഏതെങ്കിലുമൊരു തീയതി ഫിക്സ് ചെയ്ത് കൊടുത്താൽമതി. ആ ദിവസം വേറെയൊരു മീറ്റിംഗും കാണില്ല. പൊതുജനസമ്പർക്ക പരിപാടിക്കായി പ്രസ്തുത ദിവസം വിനിയോഗിക്കണമെന്ന് പറഞ്ഞാൽ മതി. അക്കാര്യം എല്ലാ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഡിപ്പാർട്ടുമെന്റുകളെയും അറിയിക്കേണ്ടതുമുണ്ട്. ഓൺലൈൻ ആയതുകൊണ്ട് എല്ലാ ഡിപ്പാർട്ടുമെന്റുകളും കളക്ടർമാരെ പങ്കെടുപ്പിക്കാറുണ്ടെന്ന് റവന്യൂവും ദുരന്തനിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

അങ്ങനെയാണെങ്കിൽ ആഴ്ചയിൽ ഒരു ദിവസം എല്ലാ ജില്ലകളിലും പൊതുജനസമ്പർക്ക പരിപാടിക്കായി മാറ്റിവച്ചാൽ മറ്റ് ദിവസങ്ങളിൽ അല്ലാതെയുള്ള കാര്യങ്ങളിലേർപ്പെടാൻ സാധിക്കുമെന്നും മാത്രമല്ല, മീറ്റിംഗിൽ ചർച്ച ചെയ്ത കാര്യങ്ങൾ നടപ്പാക്കുന്നതിനുള്ള സമയവും ആവശ്യമാണെന്ന് ചീഫ് സെക്രട്ടറി സൂചിപ്പിച്ചു.

ബുധനാഴ്ചകളിലാണ് ജില്ലാ കളക്ടർമാരെ നേരിൽ കാണാനായി പൊതുജനങ്ങൾ വരുന്നത്. ആ ദിവസം മുഴുവനും ഞങ്ങൾ ജില്ലകളിൽത്തന്നെ ഉണ്ടായിരിക്കും. അതുപോലെ താലൂക്കുകളിൽ പോകണമെങ്കിൽ മീറ്റിംഗില്ലാത്തൊരു ദിവസം നിശ്ചയിക്കണം. അത് ബുധനാഴ്ചതന്നെയാക്കുന്നതായിരിക്കും നല്ലത്. അത് താലൂക്കുകളിലേയ്ക്ക് മാറ്റുകയാണെങ്കിൽ കളക്ടർമാർക്ക് താലൂക്കുകളിലേയ്ക്ക് പോയി പൊതുജനങ്ങളെ കാണാൻ സാധിക്കുമെന്ന് ഇടുക്കി ജില്ലാ കളക്ടർ അഭിപ്രായപ്പെട്ടു.

ഇടുക്കി ഒഴികെയുള്ള ജില്ലകളിൽ ബുധനാഴ്ച ദിവസം യോഗം നടത്തുന്നതിന് സാധിക്കുമോയെന്ന് നോക്കണമെന്നും മാത്രമല്ല വ്യാഴാഴ്ച അനുയോജ്യമായ ദിവസമാണ്. അന്ന് മറ്റ് മീറ്റിംഗുകൾ വയ്ക്കില്ലെന്ന് തീരുമാനിച്ചാൽ മതിയെന്നും വനൃവും ദുരന്തനിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ബുധനാഴ്ച്ച തന്നെ വേണമെന്നില്ല, മറ്റേതെങ്കിലും ദിവസം നിശ്ചയിച്ചാൽ മതി. ഇവിടെനിന്ന് യോഗം വയ്ക്കാതിരിക്കാനാണ് മുൻകൂട്ടി ദിവസം നിശ്ചയിക്കണമെന്ന് പറയുന്നതെന്ന് ബഹു.മുഖ്യ മന്ത്രി കൂട്ടിച്ചേർക്കുകയുണ്ടായി.

വ്യാഴാഴ്ച്ച ദിവസം പൊതുജനസമ്പർക്ക പരിപാടി നടത്തുന്നതിനുള്ള ദിവസമായി ഡിക്ലയർ ചെയ്യാംമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു. എന്നാൽ പൊതുജനസമ്പർക്ക പരിപാടിയിൽ വിവിധ ഡിപ്പാർട്ടുമെന്റുകളെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവിറക്കിയാൽ അവിടെവച്ചതന്നെ പരാതികൾക്ക് പരിഹാരം കാണാൻ സാധിക്കുമെന്ന് വനൃവും ദുരന്തനിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടതിനെ തുടർന്ന്, ഇതുസംബന്ധിച്ച് ഒരു കാര്യം കൂടി പറയാനുണ്ടെന്നും, ഇപ്പോൾ പല ഡിപ്പാർട്ട്മെന്റുകളും പല സമയത്ത് ഷോർട്ട് നോട്ടീസിൽ മീറ്റിംഗ് വിളിക്കുന്നുണ്ട്. അത് മുൻകൂട്ടി അറിയാത്തത് നിമിത്തം ഞങ്ങൾ ജില്ലകളിൽ മീറ്റിംഗിനുവേണ്ടി ഷെഡ്യൂൾ പ്രിപ്പയർ ചെയ്തിട്ടുണ്ടാകും. അതിൽ പങ്കെടുക്കുന്നതിനായി മറ്റ് ഡിപ്പാർട്ടുമെന്റുകളിൽനിന്നും സ്റ്റാഫ് എത്തിയിരിക്കും. അവസാന സമയത്ത് അവ നടത്താൻ പറ്റാത്ത സാഹചര്യമുണ്ടാകും. സ്റ്റേറ്റ് ലെവലിൽ വിളിക്കുന്ന മീറ്റിംഗുകൾ ഒന്നോ രണ്ടോ ദിവസത്തേയ്ക്ക് നിശ്ചയിച്ചാൽ ബാക്കി ദിവസങ്ങളിൽ ഞങ്ങൾക്ക് ഷെഡ്യൂൾവച്ച് മീറ്റിംഗുകൾ നടത്തുന്നതിനും സൈറ്റ് വിസിറ്റ് നടത്തുന്നതിനും സാധിക്കുമെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ അറിയിച്ചു.

വിവിധ വകുപ്പുകൾ യോഗം വിളിക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി ചീഫ് സെക്രട്ടറിയെ അറിയിച്ചശേഷം വിളിച്ചാൽ മതിയെന്ന് ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും, റവന്യൂ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

28. തീരദേശ കടലാക്രമണം

തീരദേശ കടലാക്രമണം പ്രധാനപ്പെട്ട പ്രശ്നമായി മാറിയിട്ടുണ്ടെന്ന് ചീഫ് സെക്രട്ടറി സൂചിപ്പിച്ചു. തുടർന്ന് കടലാക്രമണം അതിരൂക്ഷമായ പത്ത് ഹോട്ട്സ്പോട്ടുകളുടെ ഡീറ്റെയിൽസ് ശേഖരിച്ച് ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ശംഖുമുഖത്തിന്റെ ഡിസൈൻ ശരിയായാൽ മാത്രമേ ഡി.പി.ആർ. തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. ചെല്ലാനത്ത് ഡി.പി.ആർ. തയ്യാറാക്കാൻ ആരംഭിച്ചു. കൊടുങ്ങല്ലൂരിൽ ആയിട്ടില്ല. പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ്, വർക്കല എന്നിവിടങ്ങളിൽ ആരംഭിക്കാനുണ്ടെന്ന് ജലവിഭവവും കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ് സെക്രട്ടറി അറിയിച്ചു.

പൂന്തുറയിൽ ആരംഭിച്ച പുതിയ സംവിധാനത്തിന്റെ പ്രവർത്തനം ഏതുവരെയായി എന്ന് ബഹു.മുഖ്യമന്ത്രിയുടെ ചോദ്യത്തിന് തീരദേശ വികസന കോർപ്പറേഷനാണ് പൂന്തുറയിലുള്ള ഓഫ്ഷോർ ബ്രേക്ക് വാട്ടർ, ജി.ഒ. ട്യൂബ് ഇട്ടിരിക്കുന്നത്. 700 മീറ്ററാണ് ചെയ്യാൻ ഉദ്ദേശിച്ചിരിക്കുന്നത്. അതിൽ 100 മീറ്റർ പൂർത്തിയായി. ഇതിന്റെ സക്സസ് ആറ് മാസത്തിനുള്ളിലേ അറിയാൻ സാധിക്കുകയുള്ളൂ. സക്സസ് ആണോ എന്ന് അറിഞ്ഞതിനുശേഷമേ ബാക്കി സ്ഥലം ചെയ്യുകയുള്ളൂവെന്ന് മത്സ്യബന്ധന വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

ഇപ്പോൾ പറഞ്ഞത് ശരിയല്ലെന്ന് ഗതാഗത വകുപ്പുമന്ത്രി പറഞ്ഞു. കാരണം റഫ് സീസണിൽ ഇത് സക്സസ്സാണോ എന്ന് മനസ്സിലാക്കിയതിനുശേഷം ഒക്ടോബറിൽ ആരംഭിക്കാമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. ഇപ്പോൾ റഫ് സീസൺ കഴിഞ്ഞു. ചെയ്ത വർക്ക്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സക്സസ്സാണെന്ന് കണ്ടു. അനിശ്ചിതമായിട്ടിങ്ങനെ പോയിക്കഴിഞ്ഞാൽ നമുക്കിത് പൂർത്തിയാക്കാൻ കഴിയില്ല. 2018-ൽ ഇതിന്റെ നിർമ്മാണം തുടങ്ങാൻ തീരുമാനിച്ചെങ്കിലും തുടങ്ങിയത് ആറുമാസം മുമ്പാണ്. ആറുമാസം മുമ്പ് 700 മീറ്റർ പൂർത്തിയാക്കാൻ തീരുമാനിച്ചിട്ട് പൂർത്തിയായത് 100 മീറ്ററാണ്. 100 മീറ്റർ ചെയ്തതിനുശേഷം വർക്ക് നിർത്തിവച്ചു. റഫ് സീസണായ ജൂൺ, ജൂലൈ മാസങ്ങളിൽ സക്സസ്സാണോ എന്ന് പരീക്ഷിച്ചു. 100 മീറ്ററിലുള്ള വർക്ക് സക്സസ് ആണെന്ന് മനസ്സിലായിട്ടും ഇനി ആറുമാസം വേണമെന്ന് പറയുന്നത് എന്തിനാണെന്നും ഒക്ടോബർ കഴിഞ്ഞാൽ ഒരു വർഷംകൊണ്ട് പൂർത്തിയായില്ലെങ്കിൽ അടുത്ത കടലാക്രമണത്തോടെ ഈ പ്രദേശം മുഴുവനും നശിക്കുമെന്നും ചൂണ്ടിക്കാട്ടി.

തീരദേശ വികസന കോർപ്പറേഷനിലെ എം.ഡി.-യും എഞ്ചിനീയറും കൂടി പറഞ്ഞ കാര്യമാണ് ഇവിടെ അവതരിപ്പിച്ചതെന്ന് മത്സ്യബന്ധന വകുപ്പ് അഡീഷണൽ ഡയറക്ടർ അറിയിച്ചു.

ഇതിന്റെ കാര്യങ്ങൾ തീരുമാനിക്കുന്നത് തീരദേശവികസന കോർപ്പറേഷനല്ല. നിങ്ങൾ മുഖേന അത് നടപ്പാക്കുന്നുണ്ടെങ്കിലും അതിന്റെ എല്ലാ ചുമതലയും നിങ്ങൾക്ക് ലഭിച്ചിട്ടില്ല. ഒരു പരീക്ഷണമെന്ന നിലയിലാണ് പൂന്തുറയിൽ ഇത് ആരംഭിച്ചത്. അന്നത് വലിയ കാര്യമായി തീരുമാനിച്ചതാണ്. അതിന്റെ ഭാഗമായി തീരമുണ്ടാകും എന്നാണ് പറഞ്ഞിരുന്നത്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ കഴിഞ്ഞ സീസണിൽ ചെയ്ത വർക്കിൽ തകരാറ് സംഭവിച്ചില്ലെങ്കിൽ 100 മീറ്ററിൽ കൂടുതൽ വികസിപ്പിക്കണം. പൂന്തുറ മുതൽ ശംഖുമുഖം വരെയുള്ള ഭാഗത്തേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കണം. ഈ സീസണിൽതന്നെ ഇതിന്റെ വർക്ക് പൂർത്തിയാക്കാനുള്ള

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നടപടികൾ സ്വീകരിക്കണം. ഫിഷറീസ് വകുപ്പാണ് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതെന്ന് ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു.

നടപടി (മത്സ്യബന്ധന തുറമുഖ വകുപ്പ്)

700 മീറ്ററിന്റെ പണി എത്രയും വേഗം ചെയ്യാമെന്ന് ഡയറക്ടർ പറഞ്ഞതിനെ തുടർന്ന് 700 മീറ്റർ ചെയ്യുന്നതിന് പത്തൊമ്പതര കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ശംഖുമുഖം വരെ ചെയ്യാൻ 150 കോടി രൂപ കിഫ്ബിയും അനുവദിച്ചിട്ടുണ്ട്. ഇത് സക്സസ് ആയാൽ ശംഖുമുഖം വരെ ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. ഒരു വർഷം കൊണ്ട് ഇടാൻ കഴിയാവുന്നതേയുള്ളൂ. ഇതിനുവേണ്ടി കല്ലോ പാറയോ ഇറക്കേണ്ടതില്ല. ഇതിനാവശ്യമായ സാധനം ഇറക്കിയാൽ ഉടനെ ഇടാൻ കഴിയുന്നതാണ്. അതിനുള്ള മാൻപവർ അവർ കൊണ്ടുവരണം. മനപൂർവ്വം ഇതിന് ഡിലേ വരുത്തുന്നതാണ്. ആസ്ട്രയിലുള്ള ഒരു കോൺട്രാക്ടറാണിത് ചെയ്യുന്നത്. അദ്ദേഹം രണ്ടോ മൂന്നോ പേരെ വച്ചാണ് വർക്ക് ചെയ്യുന്നത്. അങ്ങനെ ചെയ്താൽ 15 കൊല്ലമായാലും തീരില്ല. കിഫ്ബി ഫണ്ട് ലഭ്യമായ സാഹചര്യത്തിൽ ശംഖുമുഖംവരെ തീർക്കാൻ കഴിഞ്ഞില്ലെങ്കിൽ അടുത്ത കടലാക്രമണത്തിൽ മൂവായിരത്തോളം വീടുകൾ നശിക്കുമെന്ന് ഗതാഗത വകുപ്പു മന്ത്രി വ്യക്തമാക്കുകയുണ്ടായി.

കൊല്ലംങ്കോട് മുതൽ വർക്കല വരെയുള്ള ഭാഗത്ത് മൂന്ന് രീതിയിലുള്ള പ്ലാനാണ് ഇതിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ മാസം റിവ്യൂ നടത്തിയപ്പോൾ പല പ്രോജക്ടുകളും പല അവസ്ഥയിലാണ്. പല ടെക്നോളജികളും അവർ ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ട് ഇതിനൊരു uniformity കൊണ്ടുവരേണ്ടത് സംസ്ഥാനതലത്തിൽ അത്യാവശ്യമാണെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

uniformity-യുടെ ആവശ്യമില്ലെന്നും, വ്യത്യസ്തമായ രീതിയിൽ കാര്യങ്ങൾ നടക്കണമെന്നും വിവിധ മേഖലകൾ നമ്മൾ പരീക്ഷിച്ചുനോക്കുകയാണ് വേണ്ടതെന്നും ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

നടപടി (ജില്ലാ കളക്ടർ, തിരുവനന്തപുരം)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

29. CMDRF ഉൾപ്പെടെയുള്ള ആശ്വാസ ധനസഹായ വിതരണത്തിന്റെ കാലതാമസം

നിലവിൽ ധനസഹായ വിതരണത്തിന് കാലതാമസമില്ലെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

30. ഇ-ഓഫീസ് നടപ്പാക്കൽ

സ്റ്റേറ്റ് ലെവൽ പരിശോധിച്ചാൽ സെക്രട്ടേറിയറ്റിൽ എച്ച്.ഒ.ഡി. ലെവലിൽ ഇ-ഓഫീസ് സംവിധാനം ഏകദേശം 100 ശതമാനമായിട്ടുണ്ട്. ഡിസ്ട്രിക്ട് ലെവൽ നോക്കുമ്പോൾ ഏകദേശം 73 ശതമാനമാണ് നടപ്പാക്കിയിട്ടുള്ളത്. സബ് ഓഫീസിൽ 46 ശതമാനമാണ് ഇംപ്ലിമെന്റേഷൻ നടക്കുന്നത്. എച്ച്.ഒ.ഡി. ലെവലിൽ ഇമ്പ്ലിമെന്റേഷൻ പൂറകിലാണെങ്കിലും ജില്ലാതലത്തിൽ കോ-ഓർഡിനേഷൻ ചെയ്യാൻവേണ്ടി ജില്ലാ കളക്ടർമാർ മുൻകയ്യെടുക്കണം. ഇതിൽ കുറച്ച് ഡിപ്പാർട്ട്മെന്റുകൾ കൂടി ഇംപ്രൂവ് ചെയ്യാനുണ്ട്. സബ് ഓഫീസുകൾ ഉൾപ്പെടുന്ന റവന്യൂ ഡിപ്പാർട്ട്മെന്റ്, വിമൻ ആൻഡ് ചൈൽഡ് ഡിപ്പാർട്ട്മെന്റ്, ഡയറി ഡെവലപ്മെന്റ് ഓഫീസുകൾ, ഹെൽത്ത് ഡിപ്പാർട്ട്മെന്റ് തുടങ്ങിയ ഡിപ്പാർട്ട്മെന്റുകളാണ് ഇംപ്രൂവ് ചെയ്യാനുള്ളത്. ജില്ലാ കളക്ടർമാർ റവന്യൂ ഡിപ്പാർട്ട്മെന്റ് മാത്രമല്ല ബാക്കി ഡിപ്പാർട്ട്മെന്റുകളും നോക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൂടാതെ അജണ്ടയിൽ ഉൾപ്പെടുത്താത്ത രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ കൂടിയുണ്ട്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ USOF (Universal Service Obligation Fund) മുഖാന്തരം uncovered ആയിട്ടുള്ള എല്ലാ വില്ലേജുകളിലും 4 ജി നെറ്റ്വർക്ക് കൊടുക്കാനുള്ള ഒരു പദ്ധതി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നടക്കുന്നുണ്ട്. അതിന്റെ ഭാഗമായി സംസ്ഥാനത്ത് 2014 വില്ലേജുകളാണ് 4 ജി-യിൽ കവർ ചെയ്യാത്തത്. അത് 2023 ഡിസംബറിനുള്ളിൽ പൂർത്തിയാക്കാനുള്ള നിർദ്ദേശം ഗവൺമെന്റ് ഓഫ് ഇന്ത്യ ബി.എസ്.എൻ.എൽ.-ന് കൊടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി ഐ.റ്റി. ഡിപ്പാർട്ടുമെന്റ് സർക്കുലറുകളും നിർദ്ദേശങ്ങളും ജില്ലകൾക്ക് കൊടുത്തിട്ടുണ്ട്. അതുപോലെ ബാക്കി ഡിപ്പാർട്ടുമെന്റുകളുടെ സഹായം കൂടി അഭ്യർത്ഥിച്ചിട്ടുണ്ട്. ഡി.ഡി.സി. ആണ് നോഡൽ ഓഫീസറായി ജില്ലാ ലെവലിൽ കാര്യങ്ങൾ നോക്കേണ്ട ഉദ്യോഗസ്ഥർ. ഇതിനായി 143 ടവേഴ്സ് കൂറെ സ്ഥലത്ത് വയ്ക്കേണ്ടിവരും. അതിൽ ധാരാളം പ്രൈവറ്റ് ലാൻഡ്സും ടൈബൽ ലാൻഡ്സും ഗവൺമെന്റ് ലാൻഡ്സും കാണും. ബി.എസ്.എൻ.എൽ. ഇവരുമായി ബന്ധപ്പെടുമ്പോൾ ഇതിനുള്ള സഹായം ചെയ്തുകൊടുക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത് ഡി.ഡി.സി.യെ ആണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഐ.എസ്.പി. (ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ) ടി.എസ്.പി. (ടെലകോം സർവ്വീസ് പ്രൊവൈഡർ) സുഗമ പോർട്ടൽ മുഖാന്തരം Right of Way Pendency ആവശ്യപ്പെടുമ്പോൾ ഡ്രെഡ്ജിംഗ് ആൻഡ് ഫൈബർ ലേ ചെയ്യാനുള്ള പ്രൊപ്പോസൽ വരുമ്പോൾ സാധാരണ District Telecom Committee headed by District Collectors ആണ് ഇതിന്റെ മേൽനോട്ടം വഹിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് 1439 പെനഡൻസീസ് കാണുന്നുണ്ട്. ഇതിൽ more than 90 days ആയി കാണുന്നത് 517 എണ്ണമാണ്. ഇത് മൊത്തം ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഗതിശക്തി പോർട്ടൽ മുഖാന്തരം മോണിറ്റർ ചെയ്യുന്നുണ്ട്. റെഡ് സോണിലുള്ള 90 ദിവസം പെൻഡൻസിയുള്ള കേസ്സുകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ജില്ലാ കളക്ടർമാർ ഇത് ഡിസ്ട്രിക്ട് ടെലികോം കമ്മിറ്റിയിൽ സോർട്ട് ഔട്ട് ചെയ്യണം. ഇതിൽ കൂടുതൽ പെൻഡൻസിയുള്ളത് എറണാകുളം,

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കോഴിക്കോട്, തിരുവനന്തപുരം, മലപ്പുറം എന്നീ ജില്ലകളാണ്. ഈ സ്ഥലങ്ങളിൽ കൂടുതൽ ശ്രദ്ധകൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. One important item which was missed out is regarding the Revenue Recovery under GST. സ്റ്റേ ഒന്നുമില്ലാത്ത 6055 കോടി രൂപയോളം വരുന്ന കേസുകൾ ജില്ലാ കളക്ടറുടെ മുമ്പ് ആർ.ആർ. പ്രൊസീഡിംഗ്സിന് വേണ്ടിയുണ്ട്. ഇതിൽ പ്രധാനമായും വരുന്നത് തിരുവനന്തപുരം, എറണാകുളം, മട്ടാഞ്ചേരി (എറണാകുളം ഡിസ്ട്രിക് കളക്ടറുടെ കീഴിൽ വരുന്ന സർക്കിളാണ്), പാലക്കാട് എന്നിവയാണ്. ഈ സ്ഥലങ്ങളിലെ ആർ.ആർ. കമ്മിറ്റി അവരുടെ യോഗം വിളിച്ചുകൂട്ടി റവന്യൂ റിക്കവറി പ്രോസീഡിംഗ്സിലോട്ട് പോകണം. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്, കാരണം GST Compensation-ന്റെ പ്രശ്നമുള്ള സമയത്ത് 6055 കോടി രൂപ സ്റ്റേയൊന്നുമില്ലാതെ ഡിസ്ട്രിക്ട് കളക്ടറുടെ പരിധിയിലാണ്. അതിനാൽ ഇതിന് പ്രാധാന്യം കൊടുക്കണമെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭ്യർത്ഥിച്ചു.

ഇ-ഓഫീസ് മുഖേനഓഫീസുകൾ തമ്മിലുള്ള കമ്മ്യൂണിക്കേഷൻസ് ഇലക്ട്രോണിക്കായി അയയ്ക്കാം. അതിനുള്ള സിസ്റ്റം നിലവിലുണ്ടെങ്കിലും അത് ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. സെക്രട്ടേറിയറ്റിൽനിന്ന് എൽ.ആർ. ഓഫീസിലേയ്ക്കും എൽ.ആർ. ഓഫീസിൽനിന്നും കളക്ടറേറ്റിലേയ്ക്കും കളക്ടറേറ്റുകളിൽനിന്ന് താഴെ തട്ടിലുള്ള എല്ലാ ഓഫീസുകളിലേയ്ക്കും ഫയലുകളും സർക്കുലറുകളും കമ്മ്യൂണിക്കേഷനുകളുമെല്ലാം ഇ-ഓഫീസ് വഴി അയയ്ക്കാവുന്നതാണ്. ഇപ്പോൾ പേപ്പർ ഉപയോഗിക്കുന്നതുകൊണ്ട് ഇതെല്ലാം ഒരാഴ്ച സമയമെടുത്താണ് പോകുന്നത്. അതിനാൽ ഈ ഫെസിലിറ്റി ഉപയോഗിച്ച് സ്പീഡ് അപ് ചെയ്യണം. ഇത് എല്ലായിടത്തും നടപ്പിലാക്കണമെന്നും ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

നടപടി (വിവര സാങ്കേതികവിദ്യാ വകുപ്പ്,
എല്ലാ ജില്ലാ കളക്ടർമാരും)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

31. പ്രളയത്തെത്തുടർന്ന് റീ-ബിൽഡ് കേരള പദ്ധതിയുടെ നടപ്പാക്കൽ സംബന്ധിച്ച കാര്യങ്ങൾ

ഇതിനെ സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് മറുപടിയായി റീ-ബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി റവന്യൂ വകുപ്പിനുകീഴിൽ 235 വില്ലേജ് ഓഫീസുകൾ, 38 കെട്ടിടങ്ങൾ എന്നിവയാണ് കഴിഞ്ഞ രണ്ട് കൊല്ലം കൊണ്ട് സാങ്ഷൻ ചെയ്തിട്ടുള്ളത്. എന്നാൽ അതിൽ പൂർത്തിയായ കെട്ടിടങ്ങൾ വളരെ കുറവാണ്. 34 വില്ലേജ് ഓഫീസ് കെട്ടിടം മാത്രമേ ഇതുവരെ പൂർത്തിയായിട്ടുള്ളൂ. ജില്ലാ കളക്ടർമാർ ഇത് പ്രത്യേകം ശ്രദ്ധിക്കണം. ഇതിനായി അനുവദിച്ച തുകയുടെ കാലാവധി കുറച്ച് സമയത്തേയ്ക്കുമാത്രമേയുള്ളൂ. അത് കഴിയുമ്പോൾ വേറെ ഫണ്ട് അന്വേഷിക്കേണ്ടിവരും. അതിനാൽ കൃത്യമായി ഫോളോ അപ്പ് നടത്തി 2023 മാർച്ച്-ഒക്ടോബർ മാസത്തിനുള്ളിൽ എല്ലാ കെട്ടിടവും പൂർത്തീകരിക്കണമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശം നൽകി.

നടപടി (റവന്യൂ വകുപ്പ്, ദുരന്ത നിവാരണ വകുപ്പ്, എല്ലാ ജില്ലാ കളക്ടർമാരും)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

32. പൊതുസ്ഥലങ്ങളിലെ ടോയ്‌ലറ്റ്

പൊതുസ്ഥലങ്ങളിലെ ടോയ്‌ലറ്റ് നിർമ്മാണത്തിന്റെ പ്രവൃത്തി 50 ശതമാനം മാത്രമേ ആയിട്ടുള്ളൂ. 'Take a break' സ്കീം അനുസരിച്ചും മറ്റ് സ്കീമുകളിലുമായി കുറെ എണ്ണം ടേക്ക് അപ് ചെയ്തിട്ടുണ്ട്. അതിന്റെ എ.എസ്.-ഉം ടി.എസ്.-ഉം കിട്ടിയതിന്റെ പകുതിയാണ് പലയിടത്തും പൂർത്തിയായിട്ടുള്ളതെന്നും ബാക്കിയുള്ളത് ഈ സീസണിൽ അടുത്ത രണ്ടുമൂന്നു മാസത്തിനകം പൂർത്തിയാക്കി ഈ പ്രോജക്ട് കംപ്ലീറ്റ് ചെയ്യണമെന്നും ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

1783 പ്രോജക്ടുകൾ എടുത്തിട്ടുള്ളതിൽ 1532 എണ്ണത്തിനാണ് ടെക്നിക്കൽ സാങ്ഷൻ കിട്ടിയിട്ടുള്ളത്. 251 പ്രോജക്ടുകൾക്ക് ടെക്നിക്കൽ സാങ്ഷൻ കിട്ടാൻ പെൻഡിംഗാണ്. 630 വർക്കുകൾ പ്രോഗ്രസ്സിലാണ്. ഈ വർക്കുകൾ അടിയന്തരമായി പൂർത്തീകരിക്കേണ്ടതുണ്ട്. ഒന്നുരണ്ടു വിഷയങ്ങൾ ഈ കാര്യങ്ങളെ സംബന്ധിച്ച് കളക്ടർമാർ ശ്രദ്ധിക്കേണ്ടതാണ്. ടോയ്‌ലറ്റ് ഉണ്ടാക്കുക മാത്രമല്ല ഈ ടോയ്‌ലറ്റുകൾ ലഭ്യമാണ് എന്നുള്ളത് പൊതുജനം അറിയണം. അതിനുവേണ്ടി സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനുവേണ്ടിയുള്ള ഇടപെടൽ നടത്തിയെങ്കിലും 340 ഓളം ടോയ്‌ലറ്റുകൾ മാത്രമേ അപ്‌ലോഡ് ചെയ്തിട്ടുള്ളൂ. അതിനാൽ ബാക്കിയുള്ളവയുടെ കാര്യം കളക്ടർ പരിശോധിക്കേണ്ടതാണ്. പി.ഡബ്ല്യു.ഡി.-യുടെ റോഡ് സൈഡിൽ സ്ഥലമെടുക്കാൻ വേണ്ടിയുള്ള എൻ.ഒ.സി., പി.ഡബ്ല്യു.ഡി.-യിൽ നിന്ന് മുമ്പ് ഇഷ്യു ചെയ്തിട്ടുണ്ടായിരുന്നു. പക്ഷേ, ഇപ്പോൾ ധാരാളം കേസുകളിൽ പി.ഡബ്ല്യു.ഡി.-ൽ നിന്ന് അനുമതി ലഭിക്കാത്തതുകൊണ്ട് അതത് സ്ഥലത്ത് ടോയ്‌ലറ്റ് കംപ്ലീറ്റ് ആക്കാൻ പറ്റുന്നില്ല. വഴിയോരത്തുള്ള സ്ഥലത്തിനാണ് പ്രെയോറിറ്റി നൽകേണ്ടത്. അക്കാര്യവും കളക്ടർമാർ ശ്രദ്ധിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

നടപടി (തദ്ദേശ സ്വയംഭരണ വകുപ്പ്, എല്ലാ ജില്ലാ കളക്ടർമാരും)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

33. കൊച്ചി നഗരത്തിലെ വെള്ളക്കെട്ട്

എറണാകുളം ജില്ലാ കളക്ടർ വെള്ളക്കെട്ടുമായി ബന്ധപ്പെട്ട് രണ്ട് കാര്യങ്ങൾ പറയുകയുണ്ടായി. അവ ഇനിഷ്യലി നടന്ന Operation break through-ഉം drainage-ഉമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. Operation break through-ൽ ചെയ്ത വർക്കുകളിൽ മുല്ലശ്ശേരി കനാലിന്റെ ഒരു വർക്ക് ഒഴിച്ച് ബാക്കിയെല്ലാം കംപ്ലീറ്റ് ചെയ്തു. മുല്ലശ്ശേരി കനാലിന്റെ ഒരു വർക്കിൽ വാട്ടർ അതോറിറ്റിയുടെ കുറച്ച് പൈപ്പ് മാറ്റി സ്ഥാപിക്കാനുള്ളതിന്റെ പെൻഡൻസിയുണ്ട്. അതിന്റെ വർക്ക് നടക്കുന്നുണ്ട്. 35 ഓളം വർക്കുകൾ നടന്നെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ കഴിഞ്ഞ മഴയിൽ കൊച്ചി നഗരത്തിൽ വെള്ളപ്പൊക്കമുണ്ടായി. കനാലുകളെല്ലാം ക്ലീൻ ചെയ്ത് വെള്ളമൊഴുകാൻ പാകത്തിലായെങ്കിലും കനാലുകളിലേയ്ക്ക് വെള്ളം എത്തുന്നില്ല എന്നാണ് ഫീൽഡ് വിസിറ്റ് ചെയ്തപ്പോൾ മനസ്സിലായത്. റോഡിൽ പെയ്യുന്ന വെള്ളം ഡ്രെയിനിൽ പോയി ഡ്രെയിനിലെ വെള്ളം കനാലിൽ എത്താത്തതുകൊണ്ടാണിത്. അതിനാൽ ഡ്രെയിൻസ് ക്ലീൻ ചെയ്യുന്ന വലിയൊരു എക്സർസൈസാണ് ഇപ്പോൾ മോണിറ്റർ ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് കോർപ്പറേഷൻ റെഗുലറായി ചെയ്യേണ്ട വർക്കാണെങ്കിലും പൂർണ്ണമായി അവരെകൊണ്ട് ചെയ്യാൻ കഴിയാത്തതിനാൽ ഒരു യോഗം കൂടി ഒരോ ഏരിയ ഓരോ ഏജൻസിക്ക് ഡിവൈഡ് ചെയ്ത് കൊടുത്തിട്ടുണ്ട്. ഹൈക്കോടതിയുടെ ഏരിയ കൊച്ചി കോർപ്പറേഷനും എം.ജി. റോഡ് മെയിൻ സിറ്റിയുടെ ഏരിയ പി.ഡബ്ല്യു.ഡി.-ക്കും മുല്ലശ്ശേരി കനാലിന്റെ ഏരിയ ഫയർ ആൻഡ് റെസ്ക്യൂവിനും ഡിവൈഡ് ചെയ്ത് കൊടുത്തിട്ടുണ്ട്. രണ്ടാമതൊരു പ്രശ്നമുള്ളത്, അവിടെയുള്ള ഡ്രെയിൻ സംബന്ധമായ വർക്കുകൾ പല ഏജൻസികളാണ് ചെയ്യുന്നത്. ഇറിഗേഷൻ, പി.ഡബ്ല്യു.ഡി., സ്മാർട്ട്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സിറ്റി, കെ.എം.ആർ.എൽ. തുടങ്ങിയവയാണ് ഏജൻസികൾ. പലപ്പോഴും ഒരു ഏജൻസി ചെയ്യുന്ന ഡ്രെയിനിൽ നിന്നുള്ള വെള്ളം അവരുടെ ജ്യൂറിസ്ഡിക്ഷൻ തീരുമ്പോൾ തൊട്ടടുത്ത ഡ്രെയിനിന്റെ കണക്ഷനിലേക്ക് പോകുന്നില്ല. ഇവർ തമ്മിലുള്ള കോ-ഓർഡിനേഷന്റെ പ്രശ്നമുള്ളതുകൊണ്ടും എല്ലാവരും അവരവരുടെ ഭാഗം മാത്രം ചെയ്യുന്നതുകൊണ്ടുമുള്ള പ്രശ്നമാണിത്. അത് മോണിറ്റർ ചെയ്യുന്നതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പുതിയതായി ചെയ്യുന്ന ഡ്രെയിനിന്റെ വർക്കുകളെല്ലാം ഈ കമ്മിറ്റിയിലെ എല്ലാ ഡിപ്പാർട്ടുമെന്റുകളിലെയും മെമ്പേഴ്സുമായി ചർച്ച ചെയ്തശേഷം മാത്രമേ ചെയ്യാവൂ എന്ന് പറഞ്ഞിട്ടുണ്ട്. എം.ജി. റോഡിലെ മിക്ക കടകളിൽനിന്നും ഫ്ലാറ്റുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള സെപ്റ്റേജ് ഇതിലേയ്ക്കാണ് ഒഴുകുന്നത്. അതെല്ലാം തുറന്ന് പരിശോധിച്ച് നടപടി എടുക്കാൻ വേണ്ടി കോർപ്പറേഷനും റെഗുലറായി മോണിറ്റർ ചെയ്യാൻവേണ്ടി പോലീസിനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. എല്ലാ ആഴ്ചയും ഇത് നമ്മൾ റിവ്യു ചെയ്യുന്നുണ്ട്.

ഇതിനെ സംബന്ധിച്ച് എല്ലാവരും ഒരുമിച്ച് ശ്രമിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ തിരുവനന്തപുരത്ത് ചെയ്തതുപോലുള്ള ഒരു ആക്ഷൻ പ്ലാൻ എറണാകുളത്തും നടപ്പാക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് ഇന്നത്തെ യോഗം അവസാനിച്ചതായി ചീഫ് സെക്രട്ടറി പ്രഖ്യാപിച്ചു.

നടപടി (ജലവിഭവ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ജില്ലാ കളക്ടർ, എറണാകുളം)

(യോഗം വൈകുന്നേരം 5.20-ന് പിരിഞ്ഞു)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

29.10.2022

ജില്ലാകളക്ടർമാരുടെയും വകുപ്പുമേധാവികളുടെയും വാർഷിക സമ്മേളനത്തിന്റെ രണ്ടാം ദിവസത്തിലേക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ബഹുമാനപ്പെട്ട മന്ത്രിമാരെയും മറ്റ് സഹപ്രവർത്തകരെയും ചീഫ് സെക്രട്ടറി സ്വാഗതം ചെയ്തു.

ഓരോ വകുപ്പിലും ഓരോ ജില്ലയിലും വേണ്ട ചില പ്രധാനപ്പെട്ട പ്രശ്നങ്ങളാണ് അജണ്ടയിൽ പറഞ്ഞിരിക്കുന്നത്. ഓരോ ജില്ലയുടെയും പ്രശ്നങ്ങൾ ഇവിടെ പൊതുവായി ചർച്ച ചെയ്യാൻ സമയ പരിമിതികൊണ്ട് നമുക്ക് സാധിക്കില്ല. അതത് ജില്ലാകളക്ടർമാർ ഓരോ ജില്ലകളുടെയും പ്രശ്നങ്ങളിന്മേൽ നടപടി സ്വീകരിക്കണമെന്നാണ് പൊതുവായി പറയാനുള്ളത്. ഒരു ജില്ലയുടെ ഒരു ഇഷ്യൂ മാത്രമുണ്ടെങ്കിൽ അതാത് കളക്ടർമാർ നോട്ട് ചെയ്തശേഷം അതിന്മേൽ നടപടി സ്വീകരിക്കണം. അജണ്ടയിലുള്ള ഓരോ വിഷയത്തിന്മേലും ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

1.ഊർജ്ജ വകുപ്പ്

നിർമ്മാണത്തിലിരിക്കുന്ന 110 കെ.വി. മഞ്ചേരി-നിലമ്പൂർ ലൈനിന്റെ റൈറ്റ് ഓഫ് വേ ബൈപ്പാസ് റോഡ് നിർമ്മാണം, കാസർഗോഡ്-വയനാട് 400 കെ.വി. ഇ.എച്ച്.ടി. ലൈൻ നിർമ്മാണം എന്നിവ ഏതുവരെയായി എന്ന് ബഹു.വൈദ്യുതി വകുപ്പുമന്ത്രി ചോദിക്കുകയും, അത് പരിശോധിക്കാമെന്ന് മലപ്പുറം ജില്ലാ കളക്ടർ മറുപടി നൽകി. അത് വളരെ വേഗത്തിൽ ചെയ്യേണ്ടതാണെന്ന് മന്ത്രി സൂചിപ്പിച്ചു. കാസർഗോഡ്-വയനാട് 400 കെ.വി. ഇ.എച്ച്.ടി. ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. അതിനുള്ള അപേക്ഷ പരിവേഷ് പോർട്ടലിൽ അപ്ലോഡ് ചെയ്തിട്ടുണ്ടെന്ന് കാസർഗോഡ് ജില്ലാ കളക്ടർ അറിയിച്ചു. ഇതിനായി കെ.എസ്.ഇ.ബി.എൽ. വനം വകുപ്പിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിക്കേണ്ടിവരുമെന്ന് ചീഫ് സെക്രട്ടറി സൂചിപ്പിച്ചു. വനം വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് കളക്ടർ അറിയിച്ചു.

ചീമേനിയിൽ സോളാർ പാർക്കിനായി അനുവദിച്ച 475 ഏക്കർ ഭൂമി വൈദ്യുതി ബോർഡിന് കൈമാറുന്നത് സംബന്ധിച്ച് മന്ത്രിസഭ തീരുമാനമെടുക്കുകയും, എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിട്ടും ഭൂമി കൈമാറാതിരിക്കുകയാണ്. അതിനുള്ള നടപടി എന്തുകൊണ്ടാണ് സ്വീകരിക്കാത്തതെന്നും, ഇതിനായി കേന്ദ്രസർക്കാർ എല്ലാ അനുമതിയും നൽകിയിരിക്കുകയാണെന്നും ബഹു.വൈദ്യുതി വകുപ്പു മന്ത്രി അറിയിക്കുകയും ഇതുസംബന്ധിച്ച് പെർമിഷൻ കൊടുത്തിരുന്നു. പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള-യുടെ ഗ്രാന്റാണിത്. അവരുടെ പെർമിഷൻ ആവശ്യമായിരുന്നുവെന്ന് കളക്ടർ മറുപടി നൽകി.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കെ.എസ്.ഇ.ബി.എൽ. എത്രയും പെട്ടെന്ന് അവിടെ പണി ആരംഭിക്കണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും)

സർക്കാർ ഉത്തരവുപ്രകാരം അധികൃതർ സ്ഥലം ഡീ മാർക്കേറ്റ് ചെയ്ത് കൊടുത്താൽ മതിയാകുമെന്ന് ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സൂചിപ്പിച്ചു. ആദിവാസി ഊരുകളിൽ വൈദ്യുതി എത്തിക്കുന്ന സ്കീമിൽ ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടെന്നും അതിന് അതത് ജില്ലാകളക്ടർമാർ മുൻകയ്യെടുത്താൽ നടപടി സ്വീകരിക്കാൻ സാധിക്കും. 64 ആദിവാസി കോളനികളിലും വൈദ്യുതി കണക്ഷൻ ലഭ്യമാക്കണമെന്നും ഗ്രിഡ് കണക്ഷൻ ലഭ്യമാക്കിയാൽ അഡീഷണലായി ഇൻകം ലഭ്യമാകുകയും ചെയ്യും. പ്രസ്തുത പദ്ധതി രണ്ട് കോളനികളിൽ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. പറമ്പിക്കുളംപോലെ വൈദ്യുതി എത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ സോളാറും മിനി ഹൈഡ്രൽ പ്രോജക്ടിന്റെ ഗ്രിഡും ചേർത്ത് ഹൈബ്രിഡ് ആയി വൈദ്യുതി കൊടുക്കാൻ സാധിക്കുമെന്ന് ബഹു.വൈദ്യുതി വകുപ്പു മന്ത്രിയും, വൈദ്യുതി എത്തിച്ചേരാത്ത ആദിവാസി ഊരുകളിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടി എത്രയും പെട്ടെന്ന് സ്വീകരിക്കണമെന്നും ചീഫ് സെക്രട്ടറിയും നിർദ്ദേശിച്ചു.

വൈദ്യുതി എത്തിയിട്ടില്ലാത്ത 11 കോളനികളാണ് അവിടെയുള്ളതെന്നും അതിന്റെ പ്രൊപ്പോസൽ അനെർട്ടിനാണ് കൊടുത്തിരിക്കുന്നതെന്നും, അതിനുള്ള വർക്ക് ഓർഡർ കൊടുത്തിട്ടുണ്ടെന്ന് വയനാട് ജില്ലാ കളക്ടറും, ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും അറിയിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഗ്രിഡ് കണക്ഷനുള്ള സ്ഥലമാണോ അതെന്ന് വൈദ്യുതി വകുപ്പു മന്ത്രിയുടെ ചോദ്യത്തിന് വൈദ്യുതി കണക്ഷൻ ഇല്ലാത്ത സ്ഥലമാണ്. ഫോറസ്റ്റ് ആയതിനാൽ പെർമിഷൻ ലഭിക്കാത്തതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നതെന്ന് വയനാട് ജില്ലാ കളക്ടർ അറിയിച്ചു.

വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ അനെർട്ട് വഴി അല്ലെങ്കിൽ ആൾട്ടർനേറ്റ് സിസ്റ്റമുണ്ടാക്കണം. അതിന് കെ.എസ്.ഇ.ബി.എൽ. കൂടി മുൻകയ്യെടുക്കണം. ബന്ധപ്പെട്ട ജില്ലാകളക്ടർ മീറ്റിംഗ് വിളിച്ചുചേർത്ത് അനെർട്ടുമായി ചേർന്ന് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

33 കെ.വി. കിടങ്ങറ സബ്സ്റ്റേഷന്റെ നിർമ്മാണം, 110 കെ.വി. കാവാലം സബ്സ്റ്റേഷന്റെ നിർമ്മാണം എന്നിവ ഏത് ഘട്ടത്തിലാണെന്ന് ബഹു.വൈദ്യുതി വകുപ്പു മന്ത്രി ചോദിക്കുകയും, ഇതിനായി കെ.എസ്.ഇ.ബി.എൽ.-നോട് ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഒരു മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുന്നതാണെന്ന് ആലപ്പുഴ ജില്ലാ കളക്ടർ അറിയിച്ചു.

വെള്ളക്കെട്ട് ഉണ്ടാകുന്നുവെന്ന കാരണം പറഞ്ഞുകൊണ്ട് ആ പദ്ധതി ഒരു കൊല്ലമായി പൂർത്തീകരിക്കാതിരിക്കുകയാണെന്ന് മന്ത്രി സൂചിപ്പിച്ചു എന്നാൽ ഇപ്പോൾ അതിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ച് ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ആലപ്പുഴ ജില്ലാ കളക്ടർ അറിയിച്ചു.

നടപടി (ജില്ലാ കളക്ടർ, ആലപ്പുഴ)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പ്രധാനമന്ത്രി-കുസും പദ്ധതി പ്രകാരം എറണാകുളം, തൃശ്ശൂർ ജില്ലകളിലെ കോൾ പാടങ്ങളിലെ വൈദ്യുതി പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശം നൽകുകയും, ഊർജ്ജ മന്ത്രാലയം 30 ശതമാനവും സംസ്ഥാന സർക്കാർ 30 ശതമാനവും തുക സബ്സിഡിയായി നൽകുന്ന പദ്ധതിയാണിത്. ആയതിനാൽ പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ജില്ലാ ഭരണകൂടത്തിന്റെ ഇടപെടൽ ആവശ്യമാണ്. കൃഷി വകുപ്പുമായി സംയോജിച്ചാൽ സർക്കാരിനും സാമ്പത്തിക ലാഭം ലഭിക്കുകയും കർഷകർക്ക് അഡീഷണൽ ഇൻകവും ലഭിക്കുന്നതാണെന്ന് ബഹു.വൈദ്യുതി വകുപ്പുമന്ത്രി സൂചിപ്പിച്ചു.

നല്ലൊരു സ്കീമാണ് ഇതെന്നും, അതിനായി 45,000 വൈദ്യുതി പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റേണ്ടതായിട്ടുണ്ട്. ഇത്തരം പദ്ധതി എല്ലാ ജില്ലകളിലുമുണ്ട്. പ്രത്യേകിച്ച്, കോൾ നിലങ്ങളുള്ള ജില്ലകളിൽ വലിയ പമ്പുകൾകൂടി മാറ്റുന്നതിനുള്ള ഗ്രൂപ്പ് സാംഗ്ഷൻ ലഭിച്ചിട്ടുണ്ട്. അതിന് സബ്സിഡിയുമുണ്ടെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

അനെർട്ടാണ് ഇത് ചെയ്യേണ്ടതെന്നും ഇതിനനുസരിച്ച് അനെർട്ടും സജീവമാകണം. അനെർട്ടിനെ കുറെക്കൂടി സജീവമാക്കുന്ന നിലയുണ്ടാകണമെന്ന് ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചു.

കോൾനിലങ്ങളിലെ പമ്പുകൾ കൺവെർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് എല്ലാ എം.എൽ.എ.-മാരുമായും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ പ്രസ്തുത പദ്ധതി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

മുന്നോട്ട് കൊണ്ടുപോകാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഫസ്റ്റ് ഫേസിൽ 100 പമ്പുകൾ അനെർട്ട് ടെണ്ടർ ചെയ്തിട്ടുണ്ട്. അത് പൂർത്തിയാക്കി കഴിയുമ്പോൾ ബാക്കി സാംഗ്ഷൻസ് എടുത്ത് റെഡിയാക്കാം. പദ്ധതിയുമായി മുന്നോട്ട് പോകാമെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ അഭിപ്രായപ്പെട്ടു. 45,000 individual ബെനിഫിഷ്യറീസിന്റെ പമ്പുകളും കൂടി ഇതിൽ ഉൾപ്പെടുത്തണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

2.വ്യവസായ വകുപ്പ്

പ്രധാനമായും കമ്മിറ്റികളുടെ പ്രവർത്തനത്തെക്കുറിച്ചാണ് പറയാനുള്ളത്. ഒന്ന്, സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസസ് അഡ്രസൽ മെക്കാനിസത്തിൽ ഇപ്പോൾ ചെറിയൊരു മാറ്റമുണ്ട്. ഓർഡിനൻസ് ലാപ്സായതുകൊണ്ട് ബിൽ ഒപ്പിട്ടുവരുമ്പോൾ നിയമം വീണ്ടും റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്യേണ്ടിവരും. ജില്ലാകളക്ടർമാർ എല്ലാ മാസവും കമ്മിറ്റി ചേരണമെന്ന് നിയമത്തിൽ അനുശാസിക്കുന്നുണ്ട്. അതിന് സമയവും നിശ്ചയിച്ചിട്ടുണ്ട്. കമ്മിറ്റി കൃത്യമായി ചേരുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. രണ്ടാമതായി, ഇയർ ഓഫ് എന്റർപ്രൈസസിന്റെ ഭാഗമായുള്ള മോണിറ്ററിംഗ് കമ്മിറ്റി ജില്ലാകളക്ടർമാരുടെ അദ്ധ്യക്ഷതയിലുള്ളതാണ്. നല്ല പ്രതികരണം ലഭിക്കുന്നുണ്ടെങ്കിലും പ്രസ്തുത കമ്മിറ്റി കൂടുതൽ തവണ യോഗം ചേർന്ന് മറ്റ് വകുപ്പുകളിൽ ഉൾപ്പെടുന്ന കാര്യങ്ങൾകൂടി ഏകോപിപ്പിക്കേണ്ടതുണ്ടെന്ന് ബഹു.നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നിർദ്ദേശിച്ചു.

വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് പരിസ്ഥിതി വകുപ്പിന്റെ ഒരു വിഷയം ശ്രദ്ധയിൽപ്പെടുത്തേണ്ടതുണ്ട്. എല്ലാ ജില്ലകളുടെയും ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ടുകൾ (ഡി.എസ്.ആർ.) ഫൈനലൈസ് ചെയ്യേണ്ടത് അനിവാര്യമാണ്. കല്ലിന്റെ ആവശ്യം വർദ്ധിച്ച സാഹചര്യത്തിൽ ഡി.എസ്.ആർ.-കൾ കംപ്ലീറ്റ് ചെയ്താൽ മാത്രമേ അടുത്ത സ്റ്റെപ്പിലേയ്ക്ക് പോകാൻ സാധിക്കുകയുള്ളൂ. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ജില്ലാകളക്ടർമാർക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെങ്കിൽ പറയണമെന്നും അല്ലെങ്കിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് വഴി ക്ലിയർ ചെയ്യേണ്ടതാണ്. അതു കഴിഞ്ഞതിനു ശേഷമാണ് പരിസ്ഥിതി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതെന്ന് ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് പരിശോധിക്കണമെന്ന് നിയമമുണ്ട്. ആയതിനാൽ അത് പരിശോധിച്ച് എത്രയും വേഗം തിരികെ ഏൽപ്പിക്കേണ്ടതാണ്. മറ്റൊരു പ്രധാനപ്പെട്ട വിഷയം, സംരംഭക വർഷത്തിന്റെ ഭാഗമായി 62,000 സംരംഭങ്ങൾ ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അത് വളരെ വേഗത്തിൽ നടപ്പാക്കുന്നതിനായി ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേരണം. അതിനുശേഷം ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് ചർച്ച ചെയ്യണമെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.

കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന വർഷം എറണാകുളം ജില്ലയിൽ ബഹു. മുഖ്യമന്ത്രി ലൈഫ് പദ്ധതിയുടെ ഫ്ലാറ്റ് സമുച്ചയത്തിന് തറക്കല്ലിടുകയുണ്ടായി. അതിനുശേഷം അവിടത്തെ ഭൂമി സംബന്ധിച്ച് റവന്യൂ വകുപ്പ് തൃശ്ശൂർ ജില്ലയിൽനിന്ന് ഒരു പ്രശ്നം ഉന്നയിച്ചു. അത് സ്വകാര്യ വ്യക്തിയുടെ സ്ഥലമാണ്, മിച്ചഭൂമിയുമാണ്. റവന്യൂ വകുപ്പുമന്ത്രിയും ഞാനും ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചുചേർത്തെങ്കിലും തറക്കല്ലിട്ടതല്ലാതെ തുടർനടപടിയൊന്നും സ്വീകരിച്ചതായി കാണുന്നില്ല. തർക്കമുണ്ടെങ്കിൽ തറക്കല്ലിടുന്നതിനുമുമ്പ് ഉന്നയിക്കേണ്ടതായിരുന്നു. അല്ലെങ്കിൽ അവ പരിഹരിച്ച് പോകാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇതിനായി എ.ജി.-യുടെ ഉപദേശം തേടണമെന്ന് പറഞ്ഞിരുന്നുവെങ്കിലും അതിനുള്ള നടപടി പിന്നീട് എടുത്തതായി കാണുന്നില്ലെന്ന് ബഹു.നിയമം, വ്യവസായം, കയർ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വകുപ്പു മന്ത്രി അറിയിച്ചു.

ഇതുസംബന്ധിച്ച് തൃശ്ശൂർ ജില്ലാ കളക്ടർക്ക് എ.ജി.-യോട് അന്വേഷണം നടത്താൻ സാധിക്കില്ലെന്നും വ്യവസായ വകുപ്പല്ലേ എ.ജി.-യോട് ഉപദേശം ചോദിക്കേണ്ടതെന്ന് ബഹു.റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ചോദിച്ചു.

ഇതു സംബന്ധിച്ച് കേരള ഭൂപരിഷ്കരണ നിയമപ്രകാരം സ്വമേധയാ കേസ് തൃശ്ശൂർ ജില്ലയിൽ എടുത്തിട്ടുണ്ട്. ആ കേസ് സംബന്ധിച്ച കാര്യങ്ങൾ തീർപ്പായാൽ മാത്രമേ എറണാകുളം ജില്ലയിലുള്ള ഭൂമി സർക്കാരിന് കൈമാറാനും ജില്ലാകളക്ടർ നിശ്ചയിക്കുന്ന ഫെയർ വാല്യൂ അനുസരിച്ച് മാത്രമേ കൊടുക്കാനും സാധിക്കുകയുള്ളവെന്നും, മാത്രമല്ല കേരള ഭൂപരിഷ്കരണ നിയമപ്രകാരമുള്ള ഭൂമിയുടെ കാര്യത്തിൽ എ.ജി.-യുടെ ഉപദേശം ചോദിക്കുന്നതിന് ഒരു ബുദ്ധിമുട്ടുണ്ടെന്നും തൃശ്ശൂർ ജില്ലാകളക്ടറുമായി സംസാരിച്ചതിനുശേഷം എ.ജി.-യുടെ ഉപദേശം ആരായമെന്ന് ഉന്നതവിദ്യാഭ്യാസം, വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

പ്രസ്തുത ഭൂമിയിൽ മുഖ്യമന്ത്രി തറക്കല്ലിട്ടതിനുശേഷമാണ് suo moto case എടുത്തത്. വ്യവസായ വകുപ്പിന് ചോദിക്കാൻ സാധിക്കില്ല. ഇത് സ്വകാര്യ വ്യക്തിയുടെ ഭൂമിയാണ്. പ്രസ്തുത ഭൂമിയ്ക്ക് അന്നത്തെ സർക്കാരും ജില്ലാകളക്ടറും കൂടി തീരുമാനിച്ച് വില നിശ്ചയിക്കുകയും വളരെ കുറഞ്ഞ വിലയ്ക്ക് വാങ്ങാൻ തീരുമാനിച്ചതാണ്. അങ്ങനെ വില കൊടുത്ത് വാങ്ങുന്ന ഘട്ടത്തിലാണ് തൃശ്ശൂർ ജില്ലാകളക്ടർ അവിടെ അധിക ഭൂമിയുണ്ടെന്നും അതിന് വില കൊടുക്കാൻ പറ്റില്ലെന്നും പറഞ്ഞ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

suo moto കേസ്സെടുത്തത്. കേസ് സംബന്ധിച്ച് തൃശ്ശൂർ ജില്ലാകളക്ടർ എ.ജി.-യോട് ഉപദേശം തേടണം അല്ലെങ്കിൽ എറണാകുളം ജില്ലയിലെ ഭൂമിക്ക് വില കൊടുത്തോ വില കൊടുക്കാതെയോ വാങ്ങണമെന്ന കാര്യത്തിൽ വ്യക്തത വരുത്തണം. ഇക്കാര്യത്തിൽ വ്യവസായ വകുപ്പിന് യാതൊരു ബന്ധവുമില്ലെന്ന് ബഹു.നിയമം, വ്യവസായം, കയർ വകുപ്പു മന്ത്രി അറിയിക്കുയും, ഇത് ഒഴിവാക്കണോ എന്ന് എ.ജി.-യുടെ നിയമോപദേശം ചോദിക്കാൻ പറ്റില്ലെന്ന് റവന്യൂ-ഭവനനിർമ്മാണ വകുപ്പു മന്ത്രി സൂചിപ്പിച്ചു.

ഇങ്ങനെയൊരു കേസ് നിലനിൽക്കുമ്പോൾ എറണാകുളം ജില്ലാകളക്ടർ എ.ജി.-യിൽ നിന്നൊരു നിയമോപദേശം തേടണമെന്നായിരുന്നു കഴിഞ്ഞ യോഗത്തിലെ തീരുമാനം. എ.ജി.-യിൽ നിന്ന് നിയമോപദേശം ചോദിച്ചിട്ടുണ്ട്. നിയമോപദേശം കിട്ടുന്ന മുറയ്ക്ക് അത് ഫോളോ അപ്പ് ചെയ്ത് റിസൾട്ട് വന്നുകഴിഞ്ഞാൽ നടപടി സ്വീകരിക്കാൻ സാധിക്കുന്നതാണന്ന് തൃശ്ശൂർ ജില്ലാ കളക്ടർ അറിയിച്ചു.

നടപടി (ജില്ലാ കളക്ടർ, തൃശ്ശൂർ)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

3.തദ്ദേശസ്വയംഭരണ വകുപ്പ്

അതിദാരിദ്ര്യ നിർമ്മാർജ്ജനം എന്നത് സർക്കാരിന്റെ മുൻഗണന പദ്ധതിയാണ്. അതിൽ അടിയന്തിരമായി ചെയ്യാവുന്ന സർവ്വീസ് പദ്ധതികളുണ്ട്. കുടുംബങ്ങളുടെ അതിജീവനത്തിന് അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ (റേഷൻ കാർഡ്, ആധാർ കാർഡ്, വോട്ടർ ഐ.ഡി. മുതലായവ ലഭ്യമാക്കൽ) - പ്രസ്തുത സേവനങ്ങളിൽ കാര്യമായ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടില്ല. ഉദാഹരണമായി, 7316 പേർക്ക് റേഷൻ കാർഡ് നൽകേണ്ടതിൽ 353 പേർക്ക് മാത്രമേ റേഷൻ കാർഡ് നൽകാൻ സാധിച്ചിട്ടുള്ളൂ. അതുപോലെ ആധാർ കാർഡ് നൽകേണ്ടതിൽ 7347-ൽ 420 പേർക്ക് മാത്രമേ നൽകാൻ സാധിച്ചിട്ടുള്ളൂ. ഐഡന്റിഫൈ ചെയ്ത 64006 അതിദരിദ്രകുടുംബങ്ങളിൽ ഒരു ലക്ഷത്തി മൂവായിരത്തിലധികം വ്യക്തികളെ കണ്ടെത്തിയിട്ടുണ്ടെങ്കിലും 976 പേർ ഉടൻ കിട്ടാവുന്ന സേവനങ്ങൾ ലഭിക്കാതെ മരണപ്പെടുകയും ചെയ്ത സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. സർക്കാരിന്റെ മുൻഗണന പദ്ധതി എന്ന നിലയിൽ ഇക്കാര്യങ്ങളിൽ ജില്ലാകളക്ടർമാരുടെ പ്രത്യേകമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ടെന്ന് ബഹു,തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പു മന്ത്രി നിർദ്ദേശിച്ചു.

ഒന്നാമതായി, അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൽ 887-ഓളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് മൈക്രോപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൈക്രോപ്ലാൻ തയ്യാറാക്കുന്നതിന്റെ വിവിധ ഘട്ടത്തിലാണ്. അത് കംപ്ലീറ്റ് ചെയ്യുന്നുവെന്നത് റിവ്യൂ ചെയ്യേണ്ടതുണ്ട്. രണ്ട്, മൈക്രോപ്ലാൻ തയ്യാറാക്കിയിട്ടുള്ള ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് നീക്കിവയ്ക്കണമെന്ന് പറഞ്ഞിരുന്നുവെങ്കിലും ഫണ്ട്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നീക്കിവച്ചിട്ടില്ല. ആയതിനാൽ ജില്ലാകളക്ടർമാർ റിവ്യൂ ചെയ്ത് ഫണ്ട് നീക്കി വയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. മൂന്നാമതായി, വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് ഇടപെടലുണ്ടാകേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങളൊക്കെ തദ്ദേശസ്വയംഭരണ തലത്തിൽ ഏറ്റെടുത്ത് ചെയ്യും. പക്ഷേ അടുത്ത ഘട്ടത്തിലേക്കുള്ള വിദ്യാഭ്യാസം, ഉപജീവനം, അടിസ്ഥാന സൗകര്യ ആവശ്യകത എന്നിവയിൽ അസസ്മെന്റ് നടത്തിയിട്ടുണ്ടെങ്കിലും ഒറ്റപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാത്രമേ ബന്ധപ്പെട്ട വകുപ്പുകളുടെ പ്രോജക്ടുകളാക്കി മാറ്റിയിട്ടുള്ളൂ. ജില്ലാതലത്തിൽ 64,000 കുടുംബങ്ങളുടെ വിവരങ്ങൾ എം.ഐ.എസ്.-മായി ഷെയർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ മൈക്രോപ്ലാനുകളെ അസസ് ചെയ്ത്, വകുപ്പുകൾ എന്തൊക്കെ പ്രവർത്തനങ്ങളാണ് ചെയ്യേണ്ടതെന്നും ആ വകുപ്പുകൾ ഉപഭോക്താക്കൾക്ക് മുൻഗണന നൽകുന്നുണ്ടോയെന്നുള്ളതും ഉറപ്പുവരുത്തേണ്ടതാണ്. ജില്ലാതലത്തിൽ ഡി.പി.സി.-യുടെ ആഭിമുഖ്യത്തിൽ അവലോകനം നടത്തുന്നതോടൊപ്പം പ്രസ്തുത വിഷയത്തിന്മേൽ എല്ലാ ജില്ലാ കളക്ടർമാരും മുൻകയ്യെടുത്ത് പദ്ധതി നടപ്പിലാക്കേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ്: അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

മാലിന്യസംസ്കരണം എന്നത് സർക്കാരിന്റെ മുൻഗണന പദ്ധതിയാണ്. അതിൽ ശുചിത്വമിഷൻ, ഖരമാലിന്യസംസ്കരണം, വേസ്റ്റ് ടു എനർജി പദ്ധതി എന്നിവ നടപ്പാക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് പദ്ധതികളുമുണ്ട്. ഇതിന് നേരിടുന്ന ഒരു പ്രധാനപ്പെട്ട വെല്ലുവിളി എന്നുപറയുന്നത് ഭൂമിയുടെ ലഭ്യതക്കുറവാണ്. ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി ജില്ലാ കളക്ടർമാരുടെ ഭാഗത്തുനിന്നുണ്ടാകുന്നതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വിലനിർണ്ണയ സർട്ടിഫിക്കറ്റിനുവേണ്ടി അപേക്ഷ സമർപ്പിക്കുമ്പോൾ അതിന് അടിയന്തര പരിഗണന നൽകി തീരുമാനമുണ്ടാകുകയും വേണം.

അടുത്തതായി കോഴിമാലിന്യ സംസ്കരണ പ്ലാന്റുകളെ സംബന്ധിച്ചുള്ളതാണ്. അതിന് ജില്ലാ കളക്ടർമാർ ചെയർമാനായിട്ടുള്ള ജില്ലാതല സമിതിയുടെ അനുമതി ആവശ്യമാണ്. ജില്ലകളുടെ ആവശ്യകതയനുസരിച്ച് പുതിയ പ്ലാന്റുകൾക്ക് അനുമതി നൽകണം. മാലിന്യ സംസ്കരണ പദ്ധതികൾ മാത്രമായി ജില്ലാ കളക്ടർമാർ മോണിറ്റർ ചെയ്യുന്നത് ഉചിതമായിരിക്കും. കാരണം ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവുപ്രകാരം 12,000, 6,000, 3,000 കോടി രൂപ എന്നിങ്ങനെ പല സംസ്ഥാനങ്ങൾക്കും പിഴ ചുമത്തിയിട്ടുണ്ട്. കേരളത്തിന് അത്തരമൊരു പിഴ വരാതിരിക്കാനുള്ള സാഹചര്യമൊഴിവാക്കാൻ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്നും ബഹു.തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പു മന്ത്രി നിർദ്ദേശിച്ചു.

എൻ.ജി.ടി.-യുടെ ഓർഡർ പരിശോധിച്ചപ്പോൾ dumpsites-ന്റെ remediation നടത്തുന്നതിൽ പിഴവ് വന്നിട്ടുള്ള സ്ഥലങ്ങളിൽ കുറച്ച് കൂടുതൽ ഫൈൻ വരുന്നുണ്ട്. 28-ഓളം dumpsite-കൾ നഗരപ്രദേശങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ഗ്രാമ പ്രദേശങ്ങളിലുള്ള മൂന്ന് dumpsite-കളുടെ വിഷയങ്ങൾ പരിഹരിക്കപ്പെടുകയും അതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 33 സൈറ്റുകളുടെ വിവരങ്ങൾ ജില്ലാ കളക്ടർമാരുമായി ഷെയർ ചെയ്യണം. ഈ dumpsite-കളിൽ ചിലതിൽ നടപടിയാരംഭിച്ചിട്ടുണ്ട്. ഒക്ടോബർ മാസത്തിൽതന്നെ പ്രോജക്ട് സാംഗ്ഷനാക്കി ടെണ്ടർ ചെയ്യാനുള്ള നടപടിയിലേയ്ക്കെത്താൻ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സാധിക്കുന്ന വിധത്തിൽ ജില്ലാകളക്ടർമാർ അടിയന്തരമായി ഇടപെടേണ്ടതുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും)

ചില ജില്ലകളിൽ നിലവിലുള്ള കോഴിമാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് സ്റ്റോപ്പ് മെമ്മോ കൊടുത്തിട്ടുണ്ട്. അത് ഈ പദ്ധതിയെ ദോഷകരമായി ബാധിക്കും. അവ പുനഃപരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം. കാസർഗോഡ് ജില്ലയിലാണ് പ്രശ്നമുള്ളതെന്ന് ബഹു.മന്ത്രി സൂചിപ്പിക്കുയും, പ്രശ്നമുള്ള സ്ഥലത്ത് ഞാൻ രണ്ടുപ്രാവശ്യം സന്ദർശനം നടത്തിയപ്പോൾ ടെക്നിക്കൽ മാനദണ്ഡങ്ങളൊന്നും പാലിച്ചിട്ടില്ലാത്തതിനാലാണ് സ്റ്റോപ്പ് മെമ്മോ നൽകിയത്. അനന്തപുരം ക്ഷേത്രത്തിന്റെ ഏറ്റവും അടുത്തുള്ള പ്ലാന്റാണത്. രണ്ടുമാസത്തെ സമയം അനുവദിച്ചുനൽകിയിട്ടും രണ്ടാമത്തെ പ്രാവശ്യം സ്ഥല സന്ദർശനം നടത്തിയതിനുശേഷമാണ് സ്റ്റോപ്പ് മെമ്മോ നൽകിയത്. ഇതുസംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പ്രതിഷേധവും നിലനിൽക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർ, കാസർഗോഡ് ജില്ലാ കളക്ടർ മറുപടി നൽകി.

മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിൽ എല്ലാവരും എതിർപ്പാണ്. ഈ വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

ഇതുസംബന്ധിച്ച് പരാതി വ്യവസായ വകുപ്പിനും, എം.എൽ.എ.-മാരുടെ പരാതികളും, ലഭിച്ചിട്ടുണ്ട്. ഇത് നമ്മൾ പ്രോത്സാഹിപ്പിക്കേണ്ട

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

മേഖലയാണ്. സ്റ്റോപ്പ് മെമ്മോ എന്നത് അന്തിമ നടപടിയായി സ്വീകരിച്ചില്ലെങ്കിൽ ബുദ്ധിമുട്ടായിരിക്കുമെന്ന് ബഹു.തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പു മന്ത്രി ഓർമ്മിപ്പിക്കുകയും, സ്ഥലം ഒന്നുകൂടി പരിശോധന നടത്തി സ്റ്റോപ് മെമ്മോ പിൻവലിക്കാനുള്ള നടപടി സ്വീകരിക്കാമെന്ന് കാസർഗോഡ് ജില്ലാ കളക്ടർ അറിയിച്ചു.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് Implementation of Prohibition of Employment as Manual Scavengers and rehabilitation Act 2013 പ്രകാരം manual scavenging ഒഴിവാക്കുന്നത് സംബന്ധിച്ച് ജില്ലാകളക്ടർമാർക്ക് പ്രധാനപ്പെട്ട ഉത്തരവാദിത്വമാണുള്ളത്. സാധാരണഗതിയിൽ manual scavenging കേരളത്തിലില്ലെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. പക്ഷേ ഡ്രെയിനേജ് വർക്കുകൾ ചെയ്യുന്നവർക്കും സെപ്റ്റിക് ടാങ്ക് വൃത്തിയാക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനം ചെയ്യുന്നവർക്കും സംരക്ഷണമുണ്ടെന്നുള്ളതാണ് 2013-ൽ Manual Scavenging ആക്ടിൽ വന്നിട്ടുള്ള ഭേദഗതി. ഒന്നാമതായി, ഇങ്ങനെ വർക്ക് ചെയ്യുന്നവരെ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. രണ്ടാമതായി, രജിസ്റ്റർ ചെയ്തവരുടെ ലൈഫിനും ഡിഗ്നിറ്റിക്കും സംരക്ഷണം കൊടുക്കേണ്ടതുമാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു. അതിനുള്ള ഇൻസ്ട്രക്ഷൻ എഴുതി കൊടുത്താൽ മതിയാകുമെന്ന് ചീഫ് സെക്രട്ടറി അറിച്ചു.

'No touch' ഉറപ്പുവരുത്തുന്നതിനുവേണ്ടി മെക്കനൈസേഷൻ ചെയ്തിട്ടുണ്ട്. മെക്കനൈസേനഷൻ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുപോലും എല്ലായിടങ്ങളിലും അതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. അത് റിവ്യൂ ചെയ്ത് പ്രത്യേകിച്ച്, വലിയ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നഗരസഭകളിലെങ്കിലും ടി പ്രോജക്ടുകൾ നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തണം. ഇതും മൊത്തത്തിലുള്ള ശുചിത്വത്തിന്റെ അസസ്മെന്റ് റേറ്റിംഗിനെ ബാധിക്കുന്നൊരു കാര്യമാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

ലൈഫ് പദ്ധതിയിൽ മൂന്ന് ലക്ഷത്തി ഇരുപതിനായിരത്തിലധികം ഗുണഭോക്താക്കൾക്കാണ് ഇനി ഭൂമി ലഭ്യമാക്കേണ്ടത്. 'മനസോടിത്തിരി മണ്ണ്' എന്നൊരു ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഇതിനകം 199 സെന്റ് ഭൂമിയാണ് രജിസ്റ്റർ ചെയ്ത് ലഭിച്ചിട്ടുള്ളത്. 674 സെന്റ് ഭൂമി വാഗ്ദാനവുമാണ്. പ്രസ്തുത ക്യാമ്പയിൻ ഊർജ്ജസ്വലമായി ജില്ലകളിൽ നടപ്പാക്കുന്നില്ല. ആയതിനാൽ പ്രസ്തുത ക്യാമ്പയിൻ നടപ്പാക്കുന്നതിന് ജില്ലാ കളക്ടർമാർ പ്രത്യേക നേതൃത്വം നൽകേണ്ടതാണ്. വാർഷിക പദ്ധതി നിർവ്വഹണം സംബന്ധിച്ച് പറയാനുള്ളത്, മാർച്ചിൽ ക്രമാതീതമായി ചെലവ് വർദ്ധിക്കുമ്പോൾ ബില്ലുകൾ മാറാനുള്ള തടസ്സങ്ങളുണ്ടാകാം. ഇപ്പോൾ ചെലവ് 13 ശതമാനത്തിൽ നിൽക്കുകയാണ്. ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും, ജില്ലാതല ഉദ്യോഗസ്ഥരുടെ പ്രത്യേക യോഗം വിളിച്ചുചേർത്ത് വെറ്റിംഗ്, സാങ്കേതികാനുമതി തുടങ്ങിയ കാര്യങ്ങളിൽ കാലതാമസമുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ബഹു.തദ്ദേശസ്വയംഭരണം, ഗ്രാമ വികസനം, എക്സൈസ് വകുപ്പു മന്ത്രി നിർദ്ദേശിച്ചു.

പാലക്കാട്-467, ഇടുക്കി-306, മലപ്പുറം-274, കോട്ടയം-242 എന്നീ ജില്ലകളിൽ പ്രോജക്ടുകൾക്ക് ടെക്നിക്കൽ സാംഗ്ഷൻ പെന്റിംഗാണ്. ഈ പ്രോജക്ടുകളെല്ലാം അടിയന്തരമായി ടെക്നിക്കൽ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സാംഗ്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കണമെന്നും. തൊഴിലുറപ്പ് പദ്ധതിയുടെ ഫീൽഡ് വെരിഫിക്കേഷൻ, അച്ചീവ്മെന്റ് എന്നിവ ചില ജില്ലകളിൽ മോശമാണ്. ചില ജില്ലകളിൽ അച്ചീവ്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 46 ശതമാനമാണ് ഫീൽഡ് വെരിഫിക്കേഷൻ. കോഴിക്കോട് ജില്ലയിൽ 11 ശതമാനം, തൃശ്ശൂർ-16, കോട്ടയം-16, കണ്ണൂർ-25, എറണാകുളം-45 മാത്രമേ ആയിട്ടുള്ളൂ. അച്ചീവ്മെന്റ് ചില ജില്ലകളിൽ മോശമാണ്. തൊഴിലുറപ്പ് പദ്ധതിയുടെ ഫീൽഡ് വെരിഫിക്കേഷൻ വേഗത്തിലാക്കണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

മെറ്റീരിയൽ ഉപയോഗിച്ചുള്ള വർക്കിൽ ക്രമക്കേട് വരുന്നില്ലെന്ന് ഉറപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും, ഒക്ടോബർ രണ്ടാം തീയതി മുതൽ 'no to drug' കാമ്പയിൻ ആരംഭിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് ജില്ലകളിലെല്ലാം സമിതികൾ നിലവിൽ വന്നിട്ടുണ്ട്, ജില്ലാ കളക്ടർമാരുടെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പു മന്ത്രി അഭ്യർത്ഥിച്ചു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

4.ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

നവകേരള കർമ്മപദ്ധതി 2-ന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ പ്രവർത്തനമികവിലും ഗുണനിലവാരത്തിലും കൂടുതൽ വർദ്ധനവുണ്ടാക്കുക എന്നതിനാണ് ഈ ഘട്ടത്തിൽ ഊന്നൽ നൽകുന്നത്. ആർദ്രം മിഷന്റെ ഒന്നാം ഘട്ടത്തിൽ അടിസ്ഥാന സൗകര്യവികസനത്തിനാണ് ഊന്നൽ നൽകിയിരുന്നത്. രണ്ടാം ഘട്ടത്തിൽ ഏകദേശം 10 കാര്യങ്ങൾ ലിസ്റ്റ് ചെയ്തുകൊണ്ടാണ് പ്രവർത്തിക്കുന്നത്. അതിൽ ഒന്നാമത് രോഗനിർമ്മാർജ്ജനമാണ്. കുഷ്ഠരോഗം, ക്ഷയരോഗം, മലമ്പനി, മന്ത്, കാലാഅസർ, എയ്ഡ്സ് എന്നീ രോഗങ്ങളെ 2025 ഓടുകൂടി നിർമ്മാർജ്ജനം ചെയ്യുന്നതിനും ഇതിൽ വിഭാവന ചെയ്യുന്നുണ്ട്. പല ജില്ലകളിലും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നിട്ടുണ്ട്. ഇതിനായി സംസ്ഥാനത്തെ മുഴുവൻ ആളുകളുടെയും സന്നദ്ധപ്രവർത്തകരുടെയും സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. മാത്രമല്ല, രോഗനിർണ്ണയം നടത്തുന്നതിന് 'ബാലമിത്ര' ഉൾപ്പെടെയുള്ള പ്രോജക്ടുകളും നടപ്പിലാക്കുന്നുണ്ട്. കുഷ്ഠരോഗ നിർമ്മാർജ്ജനയജ്ഞം കൈവരിക്കാത്ത ബ്ലോക്കുകൾ ഇനിയുമുണ്ട്. അവ കണ്ടെത്തി അവിടെ പ്രത്യേക പരിശീലനം സിദ്ധിച്ച സന്നദ്ധപ്രവർത്തകരെക്കൂടി ഉപയോഗപ്പെടുത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതുണ്ട്. കൂടാതെ ലക്ഷ്യങ്ങൾ കൈവരിക്കാത്ത പഞ്ചായത്തുകൾ, വാർഡുകൾ, നഗരസഭ എന്നിവ കണ്ടെത്തി, ആ സ്ഥലങ്ങളിൽ അനുയോജ്യമായ ഇടപെടൽ നടത്തേണ്ടത് ആവശ്യമാണ്. അതിനുവേണ്ടി ജില്ലാതലത്തിലുള്ള മോണിറ്ററിംഗ് ആവശ്യമാണെന്ന് കാണുന്നുണ്ട്. ഇന്റർ സെക്ടറൽ കോ-ഓഡിനേഷൻ മീറ്റിംഗുകൾ ചില ജില്ലകളിൽ നടന്നിട്ടുള്ളതായി കാണുന്നില്ല. ഇന്റർ സെക്ടറൽ കോ-ഓഡിനേഷൻ മീറ്റിംഗുകൾ ഈ ഘട്ടത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. ഈ മീറ്റിംഗുകൾ ജില്ലകളിൽ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നടക്കുന്നുണ്ടെന്നുള്ളത് ഉറപ്പുവരുത്തണമെന്നും, 15-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായുള്ള ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണവകുപ്പും ആരോഗ്യ വകുപ്പുംകൂടി യോഗങ്ങൾ ചേരുകയും ഇത് ജില്ലാതലത്തിൽ മോണിറ്റർ ചെയ്യപ്പെടണമെന്ന് തീരുമാനമെടുക്കുകയും ചെയ്തിരുന്നു. ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നത് 7 കമ്പോണന്റ്സിനുവേണ്ടിയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ലാബിന്റെ ഹബ് ആൻഡ് സ്പോക്ക് മോഡലാണ്. ഒരു ജില്ലയുടെ ആവശ്യം കണക്കിലെടുത്ത് ഒരു സ്ഥലത്തുണ്ടാകുന്ന സൗകര്യങ്ങൾ മറ്റൊരു സ്ഥലത്ത് ഡ്യൂപ്ലിക്കേറ്റ് ചെയ്യാത്ത വിധത്തിൽ ജില്ലയുടെ ആവശ്യങ്ങൾ മുൻനിർത്തിയുള്ള സമഗ്രമായ ഒരു മോഡൽ ഉണ്ടാകേണ്ടതുണ്ട്. അതിന്റെ ഭാഗമായി ജില്ലാ തലത്തിലുള്ള മോണിറ്ററിംഗ് ഉണ്ടാകണം. അല്ലെങ്കിൽ റെപ്പറ്റീഷനും ഡ്യൂപ്ലിക്കേഷനുമുണ്ടാകും. ഒരു സ്ഥലത്ത് എല്ലാ സൗകര്യങ്ങളുമുള്ള ഒരു ലാബ് നിർമ്മിക്കാമെന്ന് കരുതുന്നു. പക്ഷേ തൊട്ടടുത്തുള്ള പഞ്ചായത്തിലും അതുപോലെതന്നെ നിർമ്മിക്കുമ്പോൾ ഇതിന്റെ ഡ്യൂപ്ലിക്കേഷനുണ്ടാകുന്നു. അതുകൊണ്ടാണ് ഹബ് ആൻഡ് സ്പോക്ക് മോഡൽതന്നെ ഉണ്ടാകണമെന്ന് തദ്ദേശ സ്വയംഭരണവകുപ്പുമായി ചേർന്ന് തീരുമാനിച്ചത്. ഇക്കാര്യം അതിന്റെ സമഗ്രതയിൽത്തന്നെ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ ജില്ലാതലങ്ങളിൽ കളക്ടർമാരുടെ സഹകരണമുണ്ടാകേണ്ടതാണ്.

നടപടി (തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്)

വയനാട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുമായി മീറ്റിംഗ് നടത്തിയിരുന്നു. അവിടെ സ്ഥലവുമായി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ബന്ധപ്പെട്ട ഒരു കേസ് നിലനിൽക്കുന്നുണ്ട്. അതിൽ എ.ജി.-യുടെ നിയമോപദേശം തേടിക്കൊണ്ട് മുന്നോട്ട് പോകണമെന്നുള്ളതാണ് അന്നത്തെ യോഗത്തിൽ തീരുമാനിച്ചിരുന്നത്. ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുള്ള സ്ഥലവുമായി ബന്ധപ്പെട്ടും ഇതേ പ്രശ്നം നിലനിൽക്കുന്നുണ്ടെന്നും അത് അടിയന്തിരമായി പരിഹരിക്കേണ്ടതാണെന്നും ബഹു.ആരോഗ്യ-വനിതാ-ശിശുവികസന വകുപ്പുമന്ത്രി അഭ്യർത്ഥിച്ചു.

ഇക്കാര്യങ്ങളെല്ലാം പ്രത്യേകം ശ്രദ്ധ നൽകി അതിന്മേൽ നടപടി സ്വീകരിക്കണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

5.വനം വന്യജീവി വകുപ്പ്

01-01-1977-നുമുമ്പ് കൈവശം വച്ചിരിക്കുന്ന 2755-ഓളം ഹെക്ടർ വനഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം വനം വകുപ്പ് അഡീഷണൽ പി.സി.സി.എഫ് & നോഡൽ ഓഫീസർ സൂചിപ്പിക്കുകയും, എന്നാൽ ഈ വിഷയം കഴിഞ്ഞദിവസം ചർച്ച ചെയ്തപ്പോൾ ജോയിന്റ് സർവ്വേ നടത്താൻ വനം വകുപ്പിൽനിന്ന് വേണ്ടത്ര സഹകരണമില്ലെന്നാണ് അറിയാൻ കഴിഞ്ഞതെന്ന് ചീഫ് സെക്രട്ടറി അറിയിക്കുയും, അക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് വനം വകുപ്പ് അഡീഷണൽ പി.സി.സി.എഫ് അറിയിക്കുകയും ചെയ്തു.

നടപടി (വനം വകുപ്പ്)

6.കാർഷിക വികസനവും കർഷക ക്ഷേമവും വകുപ്പ്

കഴിഞ്ഞ ദിവസം ചർച്ച ചെയ്ത, വയനാട്, കുട്ടനാട് പാക്കേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ മാത്രമേ സൂചിപ്പിക്കാനുള്ളൂവെന്നും, ഭൂമി സംബന്ധമായ ചെറിയ വിഷയങ്ങൾ കളക്ടർമാർക്ക് നേരിട്ട് നൽകിയിട്ടുള്ളതിനാൽ ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് കൃഷി വകുപ്പ് സെക്രട്ടറി അറിയിച്ചു.

നടപടി (ജില്ലാ കളക്ടർ, ആലപ്പുഴ, വയനാട്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

7.സഹകരണ വകുപ്പ്

സഹകരണ സംഘങ്ങളിൽനിന്നും ഗവൺമെന്റിലേയ്ക്ക് ഈടാക്കേണ്ട വിവിധ തുകകൾ ഈടാക്കുന്നതിനുവേണ്ടി എല്ലാ ജില്ലകളിലും റവന്യൂ റിക്കവറി നിലവിലുണ്ട്. ടി തുക ഈടാക്കുന്നതിനുവേണ്ടി ജില്ല തിരിച്ചുള്ള ലിസ്റ്റ് കളക്ടർമാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാതല റവന്യൂ റിക്കവറി കോൺഫറൻസിൽ ഈ വിഷയം റഗുലറായി റിവ്യൂ ചെയ്യണമെന്ന് സഹകരണവും തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി, അഭ്യർത്ഥിക്കുകയും, ടി തുക ഈടാക്കുന്നതിനുവേണ്ടി എല്ലാ ജില്ലാ കളക്ടർമാരും സത്വര നടപടി സ്വീകരിക്കേണ്ടതാണെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയും ചെയ്തു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും)

8.തുറമുഖ വകുപ്പ്

കൊല്ലം പോർട്ടുമായി ബന്ധപ്പെട്ട് ഭൂമി സംബന്ധമായ രണ്ട് വിഷയങ്ങളാണ് സൂചിപ്പിക്കാനുള്ളത്. ഒന്ന്, തുറമുഖ വികസനത്തിനായി കൈമാറിയിട്ടുള്ള സ്ഥലത്തുനിന്നും കുടങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടിയും മേൽപ്പടി സ്ഥലം തുറമുഖ വകുപ്പിന്റെ പേരിലാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കണം. മറ്റൊന്ന്, തുറമുഖ വികസനത്തിനായി കോർപ്പറേഷൻ അനുവദിച്ച ഭൂമിയിൽ നിലവിൽ കോർപ്പറേഷന്റെ അനുമതിയോടുകൂടി തുടങ്ങിവച്ച നിർമ്മാണ പ്രവർത്തനം നിർത്തിവച്ച് മേൽപ്പടി ഭൂമി തുറമുഖ വകുപ്പിന്റെ പേരിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ബേപ്പൂർ പോർട്ടിന്റെ റോഡ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കണക്കിവിറ്റിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണം. വിഴിഞ്ഞം പോർട്ടുമായി ബന്ധപ്പെട്ട വെയർഹൗസിംഗ്, റെയിൽ കണക്ടിവിറ്റി, റോഡ് കണക്ടിവിറ്റി എന്നിവയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ അടിയന്തരമായി നടപ്പാക്കണമെന്ന് ഉറമുഖ വകുപ്പ് സെക്രട്ടറി അഭ്യർത്ഥിച്ചു.

നടപടി (ഉറമുഖ വകുപ്പ്, റവന്യൂ വകുപ്പ്)

9.പൊതുഭരണ വകുപ്പ്

പൊതുഭരണ വകുപ്പിൽ യങ് കേരള ഇന്റേൺഷിപ്പ് പ്രോഗ്രാം (YKIP) എന്ന ഒരു ഐറ്റമാണുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർപേഴ്സണായിട്ടുള്ള പൊതുഭരണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പുതിയ സ്ഥാപനമാണ് KYLA(Kerala Youth Leadership Academy). KYLA യുടെ യങ് കേരള ഇന്റേൺഷിപ്പ് പദ്ധതിയുടെ ഭാഗമായി 14 പേരുടെ ആദ്യ ബാച്ചിന് ട്രെയിനിംഗ് നടക്കുകയാണ്. ആദ്യഘട്ട ട്രെയിനിംഗിനുശേഷം ഇന്റേൺസിനെ ജില്ലാടിസ്ഥാനത്തിൽ വിന്യസിക്കുന്നതും ഒക്ടോബർ 1 മുതൽ അവർ അതത് ജില്ലാ കളക്ടർ മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നതുമായിരിക്കും. കളക്ടർമാർ ഇന്റേൺസിനെ കാണാനും അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും സമയം കണ്ടെത്തണമെന്ന് ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭ്യർത്ഥിച്ചു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

10.പൊതുവിദ്യാഭ്യാസ വകുപ്പ്

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ജില്ലാതല സ്റ്റിയറിംഗ്-കം-മോണിറ്ററിംഗ് കമ്മിറ്റി എല്ലാ പാദത്തിലും കൃത്യമായി വിളിച്ച് ചേർക്കുന്നതിനാവശ്യമായ നടപടികൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ സ്വീകരിക്കണമെന്നും തലശ്ശേരിയിൽ കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ കളക്ടർ ആവശ്യപ്പെട്ട തുക അനുവദിച്ചിട്ടുണ്ടെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും)

11.ഉന്നതവിദ്യാഭ്യാസ വകുപ്പ്

ഇടുക്കി ജില്ലയിലെ എൻ.സി.സി. എയർ സ്ക്വിപ്പിന്റെ റൺവേയിൽ ഇടിഞ്ഞുപോയ താഴ്വരഭാഗം ബലപ്പെടുത്തുന്നതിന് വനം വകുപ്പ് സെറ്റിൽമെന്റ് നടപടി പൂർത്തീകരിച്ചിട്ടില്ലെന്നും, എൻ.സി.സി.-യുടെ കൈവശത്തിലും നിർമ്മാണത്തിലുമിരിക്കുന്ന റൺവേയുടെ താഴ്വരഭാഗം കയർഭൂവസ്ത്രാവരണം ചെയ്ത് റൺവേ സംരക്ഷിക്കുന്നതിനുള്ള അനുമതി നൽകണമെന്നും അതിനുള്ള നടപടി സ്വീകരിക്കണമെന്നും, എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്കായി 50 ഏക്കർ ഭൂമി ആവശ്യമുള്ളതിൽ ചെറിയൊരു പ്ലോട്ട് മാത്രമേ ഇനി ഏറ്റെടുക്കാനുള്ളൂവെന്നും അതുകൂടി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രതിനിധി അഭ്യർത്ഥിച്ചു.

നടപടി (റവന്യൂ വകുപ്പ്, വനം വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

12.തൊഴിലും നൈപുണ്യവും വകുപ്പ്

ഇടുക്കി ജില്ലയിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ ലയങ്ങളിൽ താമസിക്കുന്ന തൊഴിലാളികളുടെ പുനരധിവാസം റവന്യൂ വകുപ്പും തൊഴിൽ വകുപ്പും ചേർന്ന് പുനരധിവാസം പൂർത്തീകരിക്കേണ്ടതുണ്ടെന്നും, പദ്ധതി രൂപീകരിക്കുന്നതനുസരിച്ച് വീടുകൾ നിർമ്മിച്ചുനൽകുന്നതിന് തൊഴിൽ വകുപ്പ് സന്നദ്ധമാണെന്നും അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നടപടികൾ വേഗത്തിലാക്കമെന്ന് സഹകരണവും തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി അറിയിച്ചു.

ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ വിഷയമാണിതെന്നും, തൊഴിൽ-റവന്യൂ വകുപ്പുകളിൽനിന്ന് ഒരു ടീമിനെ നിയോഗിച്ച് അതുമായി ബന്ധപ്പെട്ട സർവ്വേ പൂർത്തിയാക്കിയിരുന്നതുമാണ് എം.എൽ.എ.-യുടെ നേതൃത്വത്തിൽ മീറ്റിംഗ് കൂടിയതിനു ശേഷം അതുസംബന്ധിച്ച പ്രോപ്പോസൽ നൽകുന്നതാണെന്ന് ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചു.

ഈ വിഷയത്തിൽ യോഗം ചേരുകയും,ഭൂമി നൽകാൻ തീരുമാനമെടുക്കയും ചെയ്തതായി ബഹു.റവന്യൂ-ഭവനനിർമ്മാണ വകുപ്പു മന്ത്രി അറിയിച്ചു.

അതിഥി തൊഴിലാളികളുടെ പോർട്ടലിലെ ജില്ലാതല രജിസ്ട്രേഷനും, e-Shram പോർട്ടലിലെ അസംഘടിത തൊഴിലാളികളുടെ രജിസ്ട്രേഷനും തുടരേണ്ടതുണ്ടെന്നും ഈക്കാര്യത്തിൽ സംസ്ഥാനം ടാർജറ്റിലേയ്ക്ക് എത്തിയിട്ടില്ലെന്ന് സഹകരണവും തൊഴിലും

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നൈപുണ്യവും വകുപ്പ് സെക്രട്ടറി സൂചിപ്പിച്ചു.

അഗ്രികൾച്ചറൽ മെഷിനറികളിൽ ടെയിനിംഗ് നൽകിയാൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ സാധിക്കുമോ എന്നും, നടീൽ മെഷീനിൽ ജോലി ചെയ്യുന്നവർക്ക് ദിനംപ്രതി 1,200 രൂപ ലഭിക്കുമ്പോൾ ബി.ടെക്.യോഗ്യതയുള്ള മാനേജർക്ക് 10,000 രൂപയാണ് പ്രതിമാസം ലഭിക്കുന്നതെന്ന് ബഹു.വൈദ്യുതി വകുപ്പുമന്ത്രി അറിയിച്ചു.

അഗ്രികൾച്ചറൽ മെഷിനറികളിൽ ടെയിനിംഗ് നൽകാൻ നടപടി സ്വീകരിക്കാമെന്നും, അതുസംബന്ധിച്ച് സ്കീം നിലവിലുണ്ടെന്ന് സഹകരണവും തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി അറിയിച്ചു.

നടപടി (തൊഴിൽ വകുപ്പ്, റവന്യൂ വകുപ്പ്, ബന്ധപ്പെട്ട ജില്ലാ കളക്ടർ)

13.പൊതുമരാമത്ത് വകുപ്പ്

എല്ലാ വിഷയങ്ങളും കഴിഞ്ഞ ദിവസം ചർച്ച ചെയ്തിരുന്നുവെന്നും, ലാൻഡ് എൻക്രോച്ച്മെന്റും റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട് പൊതുവായ പ്രശ്നങ്ങൾ മാത്രമാണുള്ളതെന്നും കളക്ടർമാർ അത് പ്രത്യേകം ശ്രദ്ധിക്കണമെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ചു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

14.ഗതാഗത വകുപ്പ്

ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് രണ്ടുമൂന്ന് പ്രശ്നങ്ങൾ നിലവിലുണ്ട്. ഒന്നാമതായി, കേരള മോട്ടോർ വാഹന ചട്ടം 123 അനുസരിച്ച് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ യോഗം എല്ലാ മാസവും കൂടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മിക്ക ജില്ലകളിലും ഈ നിബന്ധന പാലിക്കുന്നില്ല. ഇതുമൂലം നിരവധി അപേക്ഷകൾ തീർപ്പാക്കുന്നതിന് അകാരണമായ കാലതാമസം വരുന്നതായി പരാതികളുണ്ട്. റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ യോഗം കൂടുന്നതിന് കാലതാമസം വരുന്നതിനാൽ മോട്ടോർ വാഹന വകുപ്പിന്റെ പ്രതിച്ഛായയെ സാരമായി ബാധിക്കുന്നു. ആയതിനാൽ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ മീറ്റിംഗ് കളക്ടർമാർ എല്ലാ മാസവും വിളിക്കണമെന്നും മാത്രമല്ല ഡിസ്ട്രിക്ട് റോഡ് സേഫ്റ്റി കമ്മിറ്റി മീറ്റിംഗുകളും റഗുലറായി വിളിക്കേണ്ടതാണ്. പല യുവാക്കളും വാഹനങ്ങളിൽ രൂപമാറ്റം വരുത്തി അമിതവേഗതയിൽ ഓടിക്കുന്നതിനാൽ ട്രാഫിക് റിലേറ്റഡായ അപകടങ്ങൾ കൂടുതലായുണ്ടാകുന്നുണ്ട്. റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട് ജസ്റ്റീസ് മനോഹർ സാപ്രേ ചെയർമാനായ സുപ്രീംകോടതി കമ്മിറ്റി, ഡിസ്ട്രിക്ട് റോഡ് സേഫ്റ്റി കമ്മിറ്റി എത്രപ്രാവശ്യം മീറ്റിംഗുകൾ ചേർന്നു, എന്തൊക്കെ നടപടികൾ സ്വീകരിച്ചു, ബ്ലാക് സ്പോട്ടുകൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ നിരന്തരം ചോദിക്കുകയുണ്ടായി.

മറ്റൊരു പ്രധാന വിഷയം, ടിപ്പർ ലോറികളുടെ സമയ നിയന്ത്രണം സംബന്ധിച്ചാണ്. 05-06-2018-ലെ സർക്കാർ ഉത്തരവു പ്രകാരം ടിപ്പർ ലോറികളുടെ ഗതാഗത നിരോധനത്തിന്റെ സമയ പുന:ക്രമീകരണം അതത് ജില്ലകളുടെ സാഹചര്യമനുസരിച്ച് നടപ്പിലാക്കാൻ ജില്ലാ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. എന്നാൽ പകൽ സമയം മാത്രമേ ടിപ്പർ ലോറികളുടെ ഗതാഗതം പാടുള്ളൂവെന്ന് ജിയോളജി വകുപ്പിന്റെ ഉത്തരവുണ്ട് എന്നാൽ എനിക്കത് ലഭിച്ചിട്ടില്ല. ടിപ്പർ ലോറികളുടെ അമിതവേഗം പകൽസമയത്ത് അപകടസാധ്യത വർദ്ധിപ്പിക്കുന്നു. പ്രത്യേകിച്ച്, സ്കൂൾ സമയത്ത് വലിയ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. അതുകൊണ്ട് ടിപ്പർ ലോറികളുടെ ഗതാഗത നിരോധനത്തിന്റെ സമയ പുന:ക്രമീകരണം അതത് ജില്ലകളുടെ സാഹചര്യമനുസരിച്ച് നടപ്പിലാക്കാൻ ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കണം. ടിപ്പർ ലോറിയിൽ നിർബന്ധമായും സ്പീഡ് ഗവർണ്ണേഴ്സ് സംവിധാനം ഏർപ്പെടുത്തണം. ടിപ്പറുകൾ രാത്രിയിലാണ് കൂടുതലായി ഓടുന്നത്. പക്ഷേ രാത്രിയിൽ അനധികൃതമായി കുന്നിടിക്കുന്നതും മറ്റും തടയാൻ സാധിക്കുന്നില്ലെന്ന കാരണത്താൽ ടിപ്പറുകൾക്ക് പകൽസമയത്തും ഗതാഗതം നടത്തുന്നതിനായി ജിയോളജി വകുപ്പിന്റെ ഓർഡറിൽ മാറ്റംവരുത്തിയിട്ടുണ്ടെന്നും ഗതാഗതവും, തദ്ദേശസ്വയംഭരണവും വകുപ്പ് സെക്രട്ടറി വിശദമാക്കുകയുണ്ടായി.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും)

ടിപ്പർ ലോറികൾക്ക് പകൽസമയത്ത് നിയന്ത്രണമേർപ്പെടുത്തുന്നതിനാൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ കാലതാമസമുണ്ടാകുന്നു എന്നൊരു പരാതിയും ലഭിച്ചിട്ടുണ്ട്. ടിപ്പർ ലോറികൾ പകൽസമയം ഓടാൻ പാടില്ലെന്ന് പറയുന്നതിനുപകരം അപകടരഹിതമായി ഓടണമെന്നും ഓവർ സ്പീഡ് പാടില്ലെന്നും പറയുകയാണ് വേണ്ടതെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

റവന്യൂ റിക്കവറി വഴി 240 കോടി രൂപയോളം മോട്ടോർവാഹന വകുപ്പിന് ലഭിക്കാനുണ്ട്. റവന്യൂ റിക്കവറി നടപടികളിലൂടെ റവന്യൂ അധികാരികൾ തുക കൈപ്പറ്റിയതിനുശേഷം കൃത്യമായി RR Online Procedure അനുസരിച്ച് Enter ചെയ്താൽ മാത്രമേ ഫോളോ-അപ് ചെയ്യാൻ സാധിക്കുകയുള്ളൂ. കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട മറ്റൊരു വിഷയം, ബഹു. മുഖ്യമന്ത്രിതന്നെ ഉദ്ഘാടനം ചെയ്ത 70-ഓളം പെട്രോൾ പമ്പുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ഈ സ്ഥലങ്ങളിലെല്ലാം കെ.എസ്.ആർ.ടി.സി.-യുടെ കൺസ്യൂമർ പെട്രോൾ പമ്പുകൾ നിലവിലുണ്ട്. എന്നാൽ പുതിയതായി സ്ഥാപിക്കുന്നവ പൊതുജനങ്ങൾക്കുവേണ്ടിയുള്ള റീട്ടെയിൽ ഔട്ട്‌ലെറ്റാണ്. പല കളക്ടർമാരും ഈ വിഷയത്തിന്മേൽ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് കത്ത് എഴുതുകയും എന്നാൽ അതിന്റെ ആവശ്യമില്ല. ഇത് ഗവൺമെന്റ് പ്രോജക്ടാണ്, ഗവൺമെന്റിന് ലാൻഡുള്ളതുമാണ്. ആവശ്യമെങ്കിൽ ഒരു യോഗം ചേർന്ന്, എന്തെങ്കിലും എതിർപ്പുണ്ടോയെന്ന് നോക്കി കളക്ടർമാർക്ക് നടപടി സ്വീകരിക്കേണ്ടതും, അടിയന്തരമായി നടപ്പിലാക്കേണ്ടതുമാണെന്ന് ഗതാഗതവും തദ്ദേശസ്വയംഭരണവും വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ചു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും)

കെ.ടി.ഡി.എഫ്.സി.-യുടെ 95 കോടി രൂപയുടെ റവന്യൂ റിക്കവറി വീണ്ടും ടേക്ക്-അപ് ചെയ്തിട്ടുണ്ട്. കോവിഡ് സമയത്ത് വീടുകളിൽ എത്തി മൂവബിൾ പ്രോപ്പർട്ടി അറ്റാച്ച്മെന്റൊന്നും ചെയ്തിരുന്നില്ല. ഇനി അത് ഊർജ്ജിതമാക്കേണ്ടതുണ്ട്. കെ.എസ്.ആർ.ടി.സിയുടെ 360 കോടി ഡി.സി.ബി കൊല്ലം, തിരുവനന്തപുരവും

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കെ.ടി.ഡി.എഫ്.സി.യുടെയും രൂപ കിട്ടാനുണ്ട്. അത് ടേക്ക്-അപ് ചെയ്തപ്പോൾ, കെ.ടി.ഡി.എഫ്.സി.-യിൽ 550 കോടി രൂപയുടെ ഡെപ്പോസിറ്റ്സ് നമുക്ക് റിട്ടേൺ ചെയ്യാനുണ്ട്. ഇനി 25 കോടി രൂപയുടെ കാഷ് ബാലൻസാണുള്ളത്. ഈ വിഷയം ഗവൺമെന്റ് തലത്തിൽ ചർച്ച ചെയ്യേണ്ടതാണെന്നും കളക്ടർമാരുമായി ബന്ധപ്പെട്ട വിഷയമല്ലെന്നും, പ്രൈവറ്റ് ഡെപ്പോസിറ്റായതിനാൽ ചീറ്റിംഗ് കേസ് ഫയൽ ചെയ്യാൻ സാധ്യതയുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു.

ബഹു. മുഖ്യമന്ത്രിയുടെ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ കഴിഞ്ഞ മാർച്ച് 31-ന് മുമ്പ് ഫണ്ട് നൽകണമെന്ന് നിർദ്ദേശം കൊടുത്തിരുന്നുവെങ്കിലും ഫണ്ട് നൽകിയിട്ടില്ലെന്ന് സഹകരണവും തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി സൂചിപ്പിച്ചു.

കെ.എസ്.ആർ.ടി.സി.-യിൽതുക ആവശ്യമായി വന്നതുകൊണ്ടാണ് നൽകാൻ സാധിക്കാതെ വന്നത്. ഇനി ഡെപ്പോസിറ്റ്സ് ഫെയിൽ ചെയ്താൽ ഡയറക്ടേഴ്സിനെ ബാധിക്കുന്ന വിഷയമാണ്. നിയമ വകുപ്പ് സെക്രട്ടറിയും ഫിനാൻസ് സെക്രട്ടറിയും അതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഡയറക്ടർഷിപ്പ് ക്യാൻസൽ ചെയ്യാൻ ആർ.ബി.ഐ.-യിൽനിന്ന് കത്ത് വന്നിട്ടുണ്ടെന്നും, പകുതിയെങ്കിലും തുക കൊടുത്ത് എൻപിഎ സ്റ്റാറ്റസ് മാറ്റിയില്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകുമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു. ഈ വിഷയം പ്രത്യേകം പരിഗണിക്കാമെന്ന് ചീഫ് സെക്രട്ടറി സൂചിപ്പിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

15.വനിത ശിശുവികസന വകുപ്പ്

ആഫ്റ്റർ കെയർ ഹോം പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ട് വിഷയങ്ങളാണുള്ളത്. ഒന്ന്, 18-21 വയസ്സ് വരെ പ്രായമുള്ള ആൺകുട്ടികൾക്ക് പഠിക്കുന്നതിനും സ്വയംതൊഴിൽ പരിശീലിക്കുന്നതിനും താമസ-ഭക്ഷണ സൗകര്യം ഉൾപ്പെടെ ഉറപ്പാക്കുന്ന ആഫ്റ്റർ കെയർ ഹോം for boys എല്ലാ ജില്ലകളിലും ആരംഭിക്കേണ്ടതാണ്. ഇപ്പോൾ ഇത് തലശ്ശേരിയിലാണുള്ളത്. അതിന്റെ കപ്പാസിറ്റി 100 പേരാണ്. അതിൽ ഇപ്പോൾ 30 പേരാണ് താമസിക്കുന്നത്. മറ്റൊന്ന്, സഹായ ഹസ്തം (സ്വയം തൊഴിൽ പദ്ധതി) പദ്ധതിയാണ്. ടി പദ്ധതിയിൽ നിലവിൽ 10 ആളുകൾക്ക് മാത്രമേ ഒരു വർഷം സഹായം അനുവദിക്കുന്നുള്ളൂ. ആയത് 25 പേർക്കായി ഉർത്തേണ്ടതുണ്ട്. അടുത്ത വർഷം ബഡ്ജറ്റിൽ പ്രൊവിഷൻ വച്ച് ചെയ്യണമെന്ന് വനിത ശിശു വികസന വകുപ്പ് ഡയറക്ടർ നിർദ്ദേശിച്ചു.

ഇനി എന്തെങ്കിലും പ്രധാനപ്പെട്ട വിഷയങ്ങളുണ്ടെങ്കിൽ ഉന്നയിക്കാവുന്നതണെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു. തെരുവുനായ ശല്യവുമായി ബന്ധപ്പെട്ട് ഇറക്കിയ ഉത്തരവിൽ ഹോട്ട് സ്പോട്ടുകൾ കണ്ടെത്തി അറിയിക്കണമെന്ന് പറഞ്ഞിരുന്നു. ഏതൊക്കെ പ്രദേശങ്ങളിലാണ് തെരുവുനായ്ക്കൾ കൂടുതൽ ആളുകളെ കടിച്ചതെന്നുള്ള ഇൻഡിക്കേഷൻ, ആരോഗ്യ വകുപ്പിൽനിന്നും അനിമൽ ഹസ്ബന്ററി വകുപ്പിൽനിന്നും ലഭ്യമാക്കിയിരുന്നു. അനിമൽ ഹസ്ബന്ററി വകുപ്പ് 177 സ്ഥലങ്ങൾ ഹോട്ട്സ്പോട്ടായി ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. എന്നാൽ ആരോഗ്യ വകുപ്പിൽനിന്ന് ഇതുസംബന്ധിച്ച കണക്ക് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഈ വർഷം കഴിഞ്ഞ വർഷത്തേക്കാൾ എസ്കലേഷൻ ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ച് രണ്ടുംകൂടി താരതമ്യം ചെയ്ത്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഹോട്ട്സ്പോട്ടുകൾ കണ്ടെത്തണം. എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ ഡാറ്റയുടെകൂടി അടിസ്ഥാനത്തിൽ ഹോട്ട്സ്പോട്ടുകൾ ഫൈനലൈസ് ചെയ്യണം. ചില ജില്ലകൾ ഫൈനലൈസ് ചെയ്തിട്ടുണ്ട്. ഇപ്പോൾ തെരുവുനായ്ക്കൾക്കും വളർത്തുനായ്ക്കൾക്കും പൂർണ്ണമായി വാക്സിനേഷൻ ഡ്രൈവ് നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നായ്ക്കളുടെ അഭയകേന്ദ്രങ്ങളുടെ നിർമ്മാണവും നിർദ്ദേശിച്ചിട്ടുണ്ട്. നിലവിലുള്ള എ.ബി.സി. സംവിധാനങ്ങളും അപര്യാപ്തമാണ്. വളരെയധികം തെരുവുനായ്ക്കളുള്ള സ്ഥലങ്ങളിൽ അവയെ റോഡിൽനിന്ന് നീക്കം ചെയ്യാനും സ്ഥിരമായി ആഹാരം നൽകാനുമുള്ള ക്രമീകരണമുണ്ടാകണം. അനിമൽ ഓർഗനൈസേഷനുകളെയും സംഘടനകളെയും വ്യക്തികളെയും ഉൾപ്പെടുത്തിയാണ് ഹോട്ട്സ്പോട്ട് മേഖലകൾ പ്രയോറൈറ്റൈസ് ചെയ്യുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. അതിനുവേണ്ടി ഇന്നും ക്ലാരിഫിക്കേറ്ററി ഓർഡർ ഇഷ്യൂ ചെയ്യുന്നുണ്ട്. എണ്ണറിലേറെ നായപിടിത്തക്കാരുടെ പരിശീലനം നടന്നുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള നായപിടിത്തക്കാരെ പ്രയോറൈറ്റൈസ് ചെയ്യണം. അനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റ് റിട്ടയർ ചെയ്ത ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ലിസ്റ്റ് നൽകിയിട്ടുണ്ട്. അവർക്ക് പരിശീലനം ലഭിക്കാതെതന്നെ ഇത്തരം പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയും. റിസോഴ്സിന്റെ കുറവ് ഫീൽഡിലുള്ളതിനാൽ അവരെയുംകൂടി ഇതിൽ മൊബിലൈസ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തണം. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല കമ്മിറ്റി ആഴ്ചതോറും റിവ്യൂ ചെയ്യണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ ക്രൈസിസ് ഓവർകം ചെയ്യുന്നതുവരെ അത് തുടരേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശിച്ചു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും, മൃഗസംരക്ഷണ വകുപ്പ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഇ-ഹെൽത്ത് - സംസ്ഥാനതലത്തിൽ 468 ഹോസ്പിറ്റലുകളിൽ ഇ-ഹെൽത്ത് സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ ദിവസനേ ഏകദേശം ഒരു ലക്ഷത്തോളം ഒ.പി.യാണ് വരുന്നത്. രണ്ട് കാര്യം മാത്രമാണ് അഭ്യർത്ഥിക്കാനുള്ളത്. ഒന്ന്, ജില്ലാ കളക്ടർമാർ എല്ലാ ഡി.ഡി.സി. മീറ്റിംഗിലും മന്ത്ലി ഹെൽത്ത് റിവ്യൂസിലും ഇ-ഹെൽത്ത് സംവിധാനം വിലയിരുത്തണം. ഡി.എം.ഒ-മാരും ബ്ലോക്ക് ലെവലിൽ ഇ-ഹെൽത്ത് സംവിധാനം വിലയിരുത്താൻ നിർദ്ദേശം നൽകണമെന്നഭ്യർത്ഥിക്കുന്നു. ജില്ലാതലത്തിലുള്ള സ്റ്റാറ്റിസ്റ്റിക്സ് എല്ലാ കളക്ടർമാർക്കും മേശപ്പുറത്ത് വച്ചിട്ടുണ്ട്. അതിൽ ജില്ലാ തലത്തിലുള്ള റെക്കമെന്റേഷൻ സ്പെസിഫിക്കായി കൊടുത്തിട്ടുണ്ടെന്ന് ഒ.എസ്.ഡി. ധനകാര്യം (റിസോഴ്സ്), പ്രോജക്ട് ഡയറക്ടർ (ഇ-ഹെൽത്ത്) അറിയിച്ചു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും)

പരിസ്ഥിതി വകുപ്പിൽ ഇക്കോ സെൻസിറ്റീവ് ഏര്യായയുമായി ബന്ധപ്പെട്ട് അജണ്ടയിലില്ലാത്ത ഒരു കുറിപ്പ് തന്നിട്ടുണ്ട്. ഈ വിഷയം കളക്ടർമാരുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. വനമേഖല മാത്രമാണ് ഇ.എസ്.എ. എന്ന സ്റ്റാന്റിൽനിന്നും നമ്മൾ മാറിയിട്ടില്ല. എന്നാൽ മുമ്പ് മിനിസ്ട്രിയിലേയ്ക്ക് സബ്മിറ്റ് ചെയ്തിരുന്ന മാപ്പുകൾ പലസ്ഥലത്തും erroneous ആയിരുന്നു. പോപ്പുലേറ്റഡ് ഏരിയകളും അതിൽ ഉൾപ്പെട്ടിരുന്നു. അത് കറക്ട് ചെയ്യാനുള്ള സമയം ഇപ്പോൾ അനുവദിക്കുകയും, ഇപ്പോൾ കറക്ട് ചെയ്തുകൊണ്ട് ഡ്രാഫ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. വളരെ സൂക്ഷ്മമായി പരിശോധിച്ചാണ് തയ്യാറാക്കിയതെങ്കിലും ജില്ലാതലത്തിൽ ഒരു പരിശോധനകൂടി നടത്തി പോപ്പുലേറ്റഡായിട്ടുള്ള ഒരു പ്രദേശവും അതിൽ ഉൾപ്പെട്ടിട്ടില്ലെന്ന്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഉറപ്പുവരുത്തേണ്ടതുണ്ട്. ഗ്രൗണ്ട് ട്രൂത്തിംഗ് നടത്താൻവേണ്ടി മാപ്പിന്റെ ടെക്നിക്കൽ മെറ്റീരിയൽസുൾപ്പെടെ എല്ലാ ജില്ലകളിലേയ്ക്കും അയച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട മീറ്റിംഗ് അടിയന്തരമായി നടത്തി പോപ്പുലേറ്റഡ് ഏരിയകൾ ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പുവരുത്തി റിപ്പോർട്ട് നൽകിയാൽ മാത്രമേ മിനിസ്ട്രിയിലേയ്ക്ക് ടേക്ക്-അപ് ചെയ്യാൻ സാധിക്കുകയുള്ളൂവെന്ന് ആഭ്യന്തരവും വിജിലൻസും വകുപ്പ്: അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

നടപടി (എല്ലാ ജില്ലാ കളക്ടർമാരും, പരിസ്ഥിതി വകുപ്പ്)

വകുപ്പുകളുമായി ബന്ധപ്പെട്ട അജണ്ടകളെല്ലാം പൂർത്തിയായിട്ടുണ്ടെന്നും 6 ജില്ലകളിൽ ഡി.ഡി.സി.-മാരെ നിയമിച്ചിട്ടുണ്ടെന്നും, മാത്രമല്ല ഇവിടെ ചർച്ച ചെയ്ത പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ഡി.ഡി.സി.-മാർക്ക് പ്രോപ്പർ ചുമതല നൽകി പ്രോജക്ടുകൾ അടിയന്തരമായി നടപ്പാക്കാൻ അതത് കളക്ടർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇന്ന് ചർച്ച ചെയ്ത വിവിധ പ്രോജക്ട് പ്രവർത്തനങ്ങളുടെ തീരുമാനങ്ങളെ സംബന്ധിച്ചുള്ള സമാപന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ ചീഫ് സെക്രട്ടറി ബഹു. മുഖ്യമന്ത്രിയെ ക്ഷണിച്ചു.

കളക്ടർമാർ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചാണ് ഇവിടെ പ്രധാനമായും ചർച്ച ചെയ്തത്. ജില്ലകളിൽ ഓരോ കാര്യങ്ങളും കൃത്യമായി നടക്കുന്നുണ്ടോയെന്നും, അതിന്റെ ഭാഗമായുള്ള നടപടികൾ കളക്ടർമാർ ഉറപ്പുവരുത്തുകയും വേണം. വളരെ ചെറിയ പ്രശ്നം മുതൽ അതീവ ഗൗരവമേറിയ വിഷയങ്ങൾ വരെ കൈകാര്യം ചെയ്യേണ്ടതുണ്ട്. അവസാനം സൂചിപ്പിച്ച തെരുവുനായ ശല്യം കേരളത്തെ ബാധിക്കുന്ന

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വളരെ ഗുരുതരമായ പ്രശ്നമാണ്. അക്കാര്യത്തിൽ ശാസ്ത്രീയമായ നടപടികൾ സ്വീകരിച്ചാൽ മാത്രമേ പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും സന്നദ്ധ സംഘടനകളെയും ഇക്കാര്യത്തിനായി പ്രയോജനപ്പെടുത്തണം. ഇതുമായി ബന്ധപ്പെട്ട യോഗങ്ങൾ നടത്തുമ്പോൾ ചിലർ സ്വയമേവ വോളണ്ടിയർ പ്രവർത്തനം നടത്താൻ തയ്യാറുണ്ടാകും. അവർക്കുകൂടി പങ്കാളിത്തം നൽകിയാൽ നല്ല രീതിയിൽ ഓരോ പ്രവർത്തനവും സംഘടിപ്പിക്കാൻ കഴിയുമെന്നത് അനുഭവത്തിലുണ്ട്. ആറ്റിങ്ങൽ മേഖലയിൽ ഒരു സന്നദ്ധസംഘടന പ്രവർത്തനം നടത്തിയതിന്റെ ഭാഗമായി നല്ല മാറ്റം വന്നുവെന്ന റിപ്പോർട്ട് കാണുകയുണ്ടായി. അതുപോലുള്ള കാര്യങ്ങളിൽ നിങ്ങൾ ശ്രദ്ധ ചെലുത്തണം. ഓരോന്നിനെക്കുറിച്ചും വിശദമായി എടുത്തുപറയുന്നില്ല. കളക്ടർ എന്നത് നിങ്ങളുടെ സർവീസ് ജീവിതത്തിലെ ചെറിയ കാലയളവാണ്. അതാണ് സർവീസ് ജീവിതത്തിൽ എപ്പോഴും ഓർക്കാൻ പറ്റുന്ന കാലഘട്ടം. അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ഓർക്കേണ്ടത് നല്ല കാര്യങ്ങളാണ്. നല്ല കാര്യങ്ങൾ ചെയ്യുമ്പോഴാണ് നല്ല രീതിയിൽ ഓർക്കാൻ കഴിയുന്നത്. പഴയ പ്രഗത്ഭരായ കളക്ടർമാരെ ഇപ്പോഴും ഓർക്കുന്നുണ്ട്. ആ രീതിയിൽ നിങ്ങൾ ഓരോരുത്തരും സ്ഥാനം ഉറപ്പിക്കുന്ന തരത്തിൽ പ്രവർത്തിക്കണമെന്ന് മാത്രമേ ഇപ്പോൾ പറയാനുള്ളൂവെന്ന് ബഹു.മുഖ്യമന്ത്രി അറിയിച്ചു. ചീഫ് സെക്രട്ടറി യോഗം അവസാനിച്ചതായി അറിയിച്ചു.

യോഗം രാവിലെ 11.30-ന് അവസാനിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പങ്കെടുത്ത മന്ത്രിമാർ

1. **ശ്രീ..വി.അബ്ദുറഹിമാൻ**
   മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി
2. **ശ്രീ.ജി.ആർ.അനിൽ**
   ഭക്ഷ്യ-പൊതുവിതരണ വകുപ്പ മന്ത്രി
3. **ശ്രീ. ആന്റണി രാജു,**
   ഗതാഗത വകുപ്പ മന്ത്രി
4. **ശ്രീ.കെ.എൻ. ബാലഗോപാൽ**
   ധനകാര്യ വകുപ്പ മന്ത്രി
5. **ഡോ.ആർ.ബിന്ദു**
   ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ മന്ത്രി
6. **ശ്രീമതി ജെ.ചിഞ്ചുറാണി**
   മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ മന്ത്രി
7. **ശ്രീ.കെ.കൃഷ്ണൻകുട്ടി**
   വൈദ്യുതി വകുപ്പ മന്ത്രി
8. **ശ്രീ.പി.എ.മുഹമ്മദ് റിയാസ്**
   പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പ മന്ത്രി
9. **ശ്രീ.പി.പ്രസാദ്**
   കൃഷി വകുപ്പ മന്ത്രി
10. **ശ്രീ. കെ. രാധാകൃഷ്ണൻ**
    പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി
11. **ശ്രീ.കെ.രാജൻ**
    റവന്യൂ-ഭവനനിർമ്മാണ വകുപ്പ മന്ത്രി
12. **ശ്രീ.റോഷി അഗസ്റ്റിൻ**
    ജലവിഭവ വകുപ്പ മന്ത്രി
13. **ശ്രീ.എ.കെ.ശശീന്ദ്രൻ**
    വനം-വന്യജീവി വകുപ്പ മന്ത്രി
14. **ശ്രീ.വി.ശിവൻകുട്ടി**
    പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ മന്ത്രി
15. **ശ്രീ.വി.എൻ.വാസവൻ**
    സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരിക വകുപ്പ മന്ത്രി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

16. ശ്രീ.പി.രാജീവ്
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി

17. ശ്രീ.എം.ബി.രാജേഷ്,
തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പു മന്ത്രി

18. ശ്രീമതി.വീണാ ജോർജ്
ആരോഗ്യ-വനിത-ശിശുവികസന വകുപ്പു മന്ത്രി

പങ്കെടുത്ത ജില്ലാ കളക്ടർമാർ

1. **ശ്രീ. ജെറോമിക് ജോർജ്,** തിരുവനന്തപുരം
2. **ശ്രീമതി അഫ്സാന പർവീൺ,** കൊല്ലം
3. **ഡോ. ദിവ്യ എസ്. അയ്യർ,** പത്തനംതിട്ട
4. **ശ്രീ. വി. ആർ. കൃഷ്ണ തേജ,** ആലപ്പുഴ
5. **ഡോ. പി. കെ. ജയശ്രീ,** കോട്ടയം
6. **ഡോ. രേണു രാജ്,** എറണാകുളം
7. **ശ്രീമതി ഷീബാ ജോർജ്,** ഇടുക്കി
8. **ശ്രീമതി ഹരിത വി. കുമാർ,** തൃശ്ശൂർ
9. **ശ്രീമതി മൃൺമയി ജോഷി,** പാലക്കാട്
10. **ശ്രീ. വി. ആർ. പ്രേംകുമാർ,** മലപ്പുറം
11. **ഡോ. നരസിംഹഹരി ടി. എൽ. റെഡ്ഡി,** കോഴിക്കോട്
12. **ശ്രീമതി എ. ഗീത,** വയനാട്
13. **ശ്രീ. എസ്. ചന്ദ്രശേഖർ,** കണ്ണൂർ
14. **ശ്രീമതി ഭണ്ഡാരി സ്വാഗത് റൺവീർ ചന്ദ്,** കാസർഗോഡ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പങ്കെടുത്ത ഉദ്യോഗസ്ഥർ

1. **ഡോ. വി. പി. ജോയ്**
ചീഫ് സെക്രട്ടറി

2. ഡോ. വി. വേണു,
അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്

3. ശ്രീമതി ശാരദ മുരളീധരൻ,
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

4. ഡോ. എ. ജയതിലക്
അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂവും, ദുരന്തനിവാരണവും വകുപ്പ്

5. ശ്രീ. ബിശ്വനാഥ് സിൻഹ,
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്

6. ശ്രീ. എം. ശിവശങ്കർ,
പ്രിൻസിപ്പൽ സെക്രട്ടറി, കായികവും യുവജനക്ഷേമവും വകുപ്പ്

7. **ഡോ. ഷർമിള മേരി ജോസഫ്**
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വകുപ്പ്

8. ശ്രീ. കെ. എസ്. ശ്രീനിവാസ്
പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധനവും ടൂറിസവും വകുപ്പ്

9. **ശ്രീമതി ടിങ്കു ബിസ്വാൾ,**
പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമം, ആയുഷ് വകുപ്പ്

10. ശ്രീ. പ്രണബ്ജ്യോതി നാഥ്, സെക്രട്ടറി,
ജലവിഭവവും കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷനും വകുപ്പ്

11. ശ്രീമതി മിനി ആന്റണി,
സെക്രട്ടറി, സഹകരണവും തൊഴിലും നൈപുണ്യവും വകുപ്പ്

12. ശ്രീ. അജിത് കുമാർ,
സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്

13. ശ്രീ. ബിജു പ്രഭാകർ
സെക്രട്ടറി, ഗതാഗതവും തദ്ദേശസ്വയംഭരണവും വകുപ്പ്

14. ശ്രീ. വി. ഹരി നായർ,
സെക്രട്ടറി, നിയമ വകുപ്പ്

15. ശ്രീ. അനിൽ കാന്ത്
ഡയറക്ടർ ജനറൽ ഓഫ് പോലീസ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

16. ശ്രീ. ബെന്നിച്ചൻ തോമസ്
ചീഫ് വൈൽഡ് ലൈഫ് വാർഡൻ

17. ശ്രീമതി എം. ഗീത
അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

18. ശ്രീമതി എസ്. ലത
അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

19. ശ്രീ. എസ്. ഹരികിഷോർ
ഡയറക്ടർ, ഇൻഡസ്ട്രീസ് & കോമേഴ്സ് ഡിപ്പാർട്ടുമെന്റ്

20. ശ്രീ. കെ. ജീവൻ ബാബു
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്

21. ഡോ. എസ്. മാലിനി
ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കല് സർവ്വീസസ് വകുപ്പ്

22. ശ്രീ. പി. പ്രമോദ്
ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ ഡിപ്പാർട്ട്മെന്റ്

23. ശ്രീ. ടി. വി. സുഭാഷ്
ഡയറക്ടർ, കൃഷി വകുപ്പ്

24. ശ്രീ. സുനീൽ പമിഡി
ഡയറക്ടർ, എൻവയോൺമെന്റ് ക്ലൈമറ്റ് ചെയിഞ്ച് ഡിപ്പാർട്ടുമെന്റ്

25. ശ്രീ. അർജ്ജുൻ പാണ്ഡ്യൻ
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

26. ഡോ. ഹരികൃഷ്ണൻ തിരുമംഗലത്ത്
ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

27. ഡോ. കെ. വാസുകി
ലേബർ കമ്മീഷണർ

28. **ഡോ. കെ. സിന്ധു**
അഡീഷണൽ ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്

29. ശ്രീമതി ശ്രീലു
എൻ. എസ്., അഡീഷണൽ ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്

30. ശ്രീമതി സി. എൻ. അനിത കുമാരി
അഡീഷണൽ ഡയറക്ടർ, ടൂറിസം വകുപ്പ്

31. ശ്രീ. എസ്. വെങ്കടേശപതി
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ.ആർ.ഡബ്ല്യൂ.എസ്.എ.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

32. ശ്രീ.സന്തോഷ് കോശി
മാനേജിംഗ് ഡയറക്ടർ, കിൻഫ്ര

33. ശ്രീമതി എൻ. മായ
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

34.ശ്രീ. പി. കെ. മോഹൻദാസ്
ജോയിന്റ് ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ് ഡയറക്ടറേറ്റ്

35.ഡോ. ആർ. വേണുഗോപാൽ,
ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്

36.ശ്രീ. എസ്. അനിൽ കുമാർ
ഡെപ്യൂട്ടി ഡയറക്ടർ (പി.എം.ഇ.) മത്സ്യബന്ധന വകുപ്പ്

37. ശ്രീമതി എസ്. ശ്രീകല
ജോയിന്റ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്

38.ശ്രീ. പി. എം. ജയൻ
ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ്

39.ശ്രീ. അലക്സ് വർഗ്ഗീസ്
രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

40.ശ്രീമതി കെ. ആർ. മധുമതി
ചീഫ് എഞ്ചിനീയർ (അഡ്മിനിസ്ട്രേഷൻ), പൊതുമരാമത്ത് വകുപ്പ്

41.**ശ്രീ. ജോമോൻ കെ.ജോർജ്,**
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ്

42.ശ്രീമതി പി. ശ്രീദേവി
ചീഫ് എഞ്ചിനീയർ (ഇൻ ചാർജ്ജ്), ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്

43.**ശ്രീമതി ഗീത ജി. എസ്.**
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്), പൊതുമാരമത്ത് വകുപ്പ്

44.**ശ്രീ. എ. ഷെറിത്ത്,**
മാനേജർ, കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ

45.**ശ്രീ. അനിൽകുമാർ.ജി.**
അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

46.**ശ്രീ. കെ. മുഹമ്മദ് വൈ. സഫറുള്ള,**
ഒ.എസ്.ഡി. ധനകാര്യം (റിസോഴ്സ്), പ്രോജക്ട് ഡയറക്ടർ (ഇ-ഹെൽത്ത്)

47.ശ്രീമതി വി. വിഘ്നേശ്വരി
ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്

48.ശ്രീ. എച്ച്. ദിനേശൻ
ഡയറക്ടർ, പഞ്ചായത്ത്

49. ശ്രീ. ഹരികിഷോർ,
ഡയറക്ടർ, വ്യവസായ വകുപ്പ്

50.ശ്രീമതി പ്രിയങ്ക ജി.
ഡയറക്ടർ, വനിത ശിശുവികസന വകുപ്പ്

51. ശ്രീ. ജോൺ വി. സാമുവൽ
ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് & കൺട്രോളർ, ലീഗൽ മെട്രോളജി

52.ശ്രീ. അജിത് പാട്ടീൽ
കമ്മീഷണർ, ജി.എസ്.ടി.

53.ശ്രീ. അനന്തകൃഷ്ണൻ,
എക്സൈസ് കമ്മീഷണർ

54.ശ്രീ. വി. ആർ. വിനോദ്
ഫുഡ് സേഫ്റ്റി കമ്മീഷണർ

55.ശ്രീ. രാജീവ്
അഡീഷണൽ എക്സൈസ് കമ്മീഷണർ

56.ശ്രീമതി ദേവിദാസ് എൻ
മൈനിംഗ് ആന്റ് ജിയോളജി

57.ശ്രീമതി സുചിത്ര എം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ (പ്ലാനിംഗ്), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

58.**ശ്രീമതി ഗീത വി.എസ്,**
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (പ്ലാനിംഗ്), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

59.ശ്രീ. രാജേഷ് രവീന്ദ്രൻ
അഡീഷണൽ പി.സി.സി.എഫ്. & നോഡൽ ഓഫീസർ,
(ഫോറസ്റ്റ് ലാന്റ് ആന്റ് റിസോഴ്സസ്)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

60. **ശ്രീമതി റിയ സിംഗ്,** അസിസ്റ്റന്റ് കളക്ടർ, തിരുവനന്തപുരം
61. **ശ്രീ. ഹർഷിൽ ആർ. മീണ,** അസിസ്റ്റന്റ് കളക്ടർ, എറണാകുളം
62. **ശ്രീ. ജയകൃഷ്ണൻ വി. എം.** അസിസ്റ്റന്റ് കളക്ടർ, തൃശ്ശൂർ
63. **ശ്രീ. ഡി. രഞ്ജിത്ത്,** അസിസ്റ്റന്റ് കളക്ടർ, പാലക്കാട്
64. **ശ്രീമതി കെ. മീര,** അസിസ്റ്റന്റ് കളക്ടർ, മലപ്പുറം
65. **ശ്രീ. സമീർ കിഷൻ,** അസിസ്റ്റന്റ് കളക്ടർ, കോഴിക്കോട്
66. **ശ്രീ. മെഹ്ത്തൽ സാഗർ ഭരത്,** അസിസ്റ്റന്റ് കളക്ടർ, കണ്ണൂർ
67. **ശ്രീ. മിഥുൻ പ്രേംരാജ്,** അസിസ്റ്റന്റ് കളക്ടർ, കാസർഗോഡ്

****

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ആർ.വി.സി.എ.1-206/2022

ദക്ഷിണമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ
കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ്,
ഒന്നാം നില,
വികാസ് ഭവൻ.പി.ഒ.
തിരുവനന്തപുരം - 695033
ഫോൺ : 0471-2991289
ഇ-മെയിൽ: rvtsouth@gmail.com
തീയതി : 30-09-2024

B3

ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്),
ദക്ഷിണമേഖല, തിരുവനന്തപുരം.

കമ്മീഷണർ,
ലാൻഡ് റവന്യൂ,
തിരുവനന്തപുരം.

സർ,

വിഷയം : റവന്യൂ വിജിലൻസ് അന്വേഷണം - തിരുവനന്തപുരം താലൂക്ക് - വെങ്ങാനൂർ വില്ലേജ് - പ്രൊഫ(ഡോ)ബി.വിവേകാനന്ദൻ എന്നയാളുടെ ഹർജി - തിരുവനന്തപുരം താലൂക്ക് ഓഫീസിലെ അഡീഷണൽ തഹസിൽദാർ ശ്രീ.എം.എസ്.ഷാജു, ഹെഡ്സർവ്വെയർ ശ്രീ.എ.ജോസ് എന്നിവർ തിരുവനന്തപുരം ജില്ലാ കളക്ടറുടെ ഉത്തരവിനെ കൈക്കൂലി പ്രേരിതരായി അട്ടിമറിച്ചു എന്നത് - സംബന്ധിച്ച്.

സൂചന : 1) ആ ഓഫീസിലെ 26-07-2024-ലെ എൽ.ആർ/6976/2024-എൽ.ആർ(ബി.3) നം. കത്ത്.
2) പ്രൊഫ(ഡോ)ബി.വിവേകാനന്ദൻ എന്നയാളുടെ 27-04-2022 ലെ ഹർജി.
3) ഈ കാര്യാലയത്തിലെ 22-05-2024-ൽ പരാതികക്ഷിയ്ക്ക് നൽകിയ ഇതേ നമ്പർ കത്ത്.
4) പ്രൊഫ(ഡോ)ബി.വിവേകാനന്ദൻ എന്നയാളുടെ 05-06-2024 ലെ പരാതി.
5) ഈ കാര്യാലയത്തിലെ 24-06-2024-ൽ പരാതികക്ഷിയ്ക്ക് നൽകിയ ഇതേ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. പ്രൊഫ(ഡോ)ബി.വിവേകാനന്ദൻ എന്നവർ മേൽ വിഷയം സംബന്ധിച്ച് സർക്കാരിൽ സമർപ്പിച്ച പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനാണ് സൂചന (1) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പരാതിസംഗതി

തിരുവനന്തപുരം താലൂക്ക് ഓഫീസിലെ അഡീഷണൽ തഹസിൽദാർ ആയിരുന്ന ശ്രീ.എം.എസ്.ഷാജു പരാതിക്കാരന്റെ എതിർകക്ഷികളിൽ നിന്നും ഭീമമായ തുക ഒരു ഏജന്റ് മുഖേന കൈക്കൂലിയായി വാങ്ങി പതിവിനു വിപരീതമായി വസ്തുവിൽ നേരിട്ട് വന്ന് തിരുവനന്തപുരം ജില്ലാ കളക്ടറുടെ ഉത്തരവ് നടപ്പിലാക്കുന്നത് തടഞ്ഞ അഴിമതിയ്ക്കെതിരെ അന്വേഷണം നടത്തി ഉചിതമായ ശിക്ഷണനടപടി ടി ഉദ്യോഗസ്ഥനെതിരെ സ്വീകരിക്കണം എന്ന് അഭ്യർത്ഥിച്ചു കൊണ്ടുള്ളതാണ് പരാതിസംഗതി.

അന്വേഷണവും പരിശോധനകളും

ടി വിഷയം ഉന്നയിച്ചുകൊണ്ട് പരാതികക്ഷി സൂചന (2) പ്രകാരം ഈ ഓഫീസിൽ പരാതി സമർപ്പിച്ചിരുന്നതും ടി അന്വേഷണത്തിന്റെ ഭാഗമായി തിരുവനന്തപുരം താലൂക്ക് ഓഫീസിലെ എച്ച്.6-53248/14-ാം നമ്പർ ഫയൽ പരിശോധിച്ചിട്ടുള്ളതും ശ്രീ.എം.എസ്.ഷാജു, ടി പരാതിയിൽ കുറ്റാരോപിതനായി സൂചിപ്പിച്ചിരുന്ന മറ്റൊരുദ്യോഗസ്ഥനായ ഹെഡ് സർവ്വെയർ ശ്രീ.എ.ജോസ് ടി വസ്തു അളവുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരോടൊപ്പം ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെട്ടിരുന്ന സർവ്വെയർ ശ്രീമതി.ശ്രീദേവി എന്നിവരെ നേരിൽ കേട്ട് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

ശ്രീ.എം.എസ്.ഷാജു എന്നവരെ നേരിൽ കേട്ടതിൽ *"പരാതികക്ഷിയായ പ്രൊഫസർ ബി.വിവേകാനന്ദൻ വെങ്ങാനൂർ വില്ലേജിൽ ബ്ലോക്ക് 31-ൽ റീസർവ്വെ 74/3 ൽപ്പെട്ട വസ്തുവിന്റെ പോക്കുവരവ് സബ്ഡിവിഷനെ സംബന്ധിച്ച് പരാതി നൽകിയിരുന്നതും ടി പരാതിയിന്മേൽ വിശദമായ അന്വേഷണം നടത്തി സബ്ഡിവിഷനെതിരെയുള്ള ആക്ഷേപം ആയതിനാൽ റിപ്പോർട്ട് തിരുവനന്തപുരം സബ്കളക്ടർക്ക് നൽകിയിരുന്നതുമാണെന്നും സബ്കളക്ടർ റിക്കാർഡുകളും റിപ്പോർട്ടും പരിശോധിച്ചും കക്ഷികളെ കേട്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പരാതി കക്ഷിയായ പ്രൊഫസർ ബി.വിവേകാനന്ദന് സ്വീകാര്യമല്ലാത്തതിനാൽ ടി ഉത്തരവിനെതിരെ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിവിഷൻ ഹർജി നൽകുകയും റിവിഷൻ ഹർജിയിൽ ജില്ലാ കളക്ടർ കക്ഷികളെ കേട്ട് 22-12-2020-ൽ ബി.18/6588/2019-ാം നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നതും ടി ഉത്തരവിൽ മൂന്ന് കാര്യങ്ങളെ സംബന്ധിച്ച് നിർദ്ദേശം നൽകിയിരുന്നതും ഒരു മാസത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളുന്നതിനും നിർദ്ദേശിച്ചിരുന്നതുമാണ്. ആയത് ചുവടെ ചേർക്കുന്നു.*

1. *വെങ്ങാനൂർ വില്ലേജിൽ ബ്ലോക്ക് 31-ൽ 655-ാം നമ്പർ തണ്ടപ്പേരിൽപ്പെട്ട റീസർവ്വെ 74/ ൽ 1.23.90 ഹെക്ടർ വസ്തുവിൽ നിന്നും ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകാതെ 1993 ൽ സർവ്വെ അദാലത്ത് എൽ.ആർ-1230/93 പ്രകാരം സബ്ഡിവിഷൻ ചെയ്ത് രൂപീകരിച്ച് 74/6 എന്ന സബ്ഡിവിഷൻ റദ്ദ് ചെയ്ത് പഴയ നിലയിൽ നിലനിർത്തുക.*

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

2. റീസർവ്വെ 74/3-ൽ ഉൾപ്പെട്ട വസ്തു ശ്രീ.വിവേകാനന്ദൻ, ശ്രീമതി.സർവ്വമ്മ, ശ്രീമതി.സ്വയംപ്രഭ എന്നിവർക്കും ടി വസ്തുവിന്റെ അയൽവസ്തു ഉടമസ്ഥർക്കും മുൻകൂർ നോട്ടീസ് നൽകി. ഹെഡ്സർവ്വെയറുടെ മേൽനോട്ടത്തിൽ ഭൂമി സർവ്വെ ചെയ്ത് സബ്ഡിവിഷൻ ചെയ്ത് മാതാപിതാക്കളുടെ പേരിൽ പ്രത്യേകം മാറ്റുക.

3. മാതാപിതാക്കളുടെ പേരിൽ പ്രത്യേകം പ്രത്യേകം മാറ്റിയ ശേഷം കൈവശഭൂമിയുടെ അതിർത്തിയും ഭൂമിയിലെ അവകാശം സംബന്ധിച്ച രേഖകളും പരിശോധിച്ച് അതാത് കക്ഷികളുടെ പേരിൽ സബ്ഡിവിഷൻ ചെയ്ത് തണ്ടപ്പേരും പിടിച്ചു നൽകുക.

ജില്ലാ കളക്ടറുടെ മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ ഒന്നാമത്തെ നിർദ്ദേശം ഒരു മാസത്തിനകം തന്നെ പാലിച്ച് ഉത്തരവ് നടപ്പിൽ വരുത്തിയിരുന്നുവെന്നും (അതായത് പരാതിക്കാരനായ ശ്രീ.ബി.വിവേകാനന്ദൻ ടിയാന്റെ സഹോദരിമാരായ സർവ്വമ്മ, സ്വയംപ്രഭ എന്നിവരുടെ മാതാപിതാക്കളുടെ പേരിലുള്ള തണ്ടപ്പേരിൽ നിലനിർത്തി) എന്നാൽ രണ്ടും മൂന്നും നിർദ്ദേശങ്ങൾ സർവ്വെയർ മുഖാന്തിരം ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും നിയമാനുസൃത നോട്ടീസ് നൽകിയും സ്ഥലം പരിശോധിച്ചും, സർവ്വെ നടത്തിയും എല്ലാ കക്ഷികളെയും കേട്ടും മാത്രമേ തീരുമാനം എടുക്കാൻ പൂടുള്ളൂയെന്ന് ജില്ലാ കളക്ടറുടെ ഉത്തരവിൽ തന്നെ നിർദ്ദേശം നൽകിയിരുന്നതിനാലും ടി പ്രവർത്തികൾ ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്ന കാര്യങ്ങളല്ലാത്തതാണെന്നും ടി വിവരങ്ങൾ 27-04-2021-ലെ കത്ത് പ്രകാരവും നേരിട്ടും ബോധ്യപ്പെടുത്തിയിരുന്നതായും മാത്രവുമല്ല, കക്ഷികളുമായുള്ള കൂടിക്കാഴ്ചയിൽ എതിർ കക്ഷികൾക്ക് വേണ്ടി അഡ്വക്കേറ്റ്സ്മാരാണ് ഹാജരായിരുന്നത് എന്നും സിവിൽ കോടതിയുടെ നടത്തിപ്പിന് സമാനമായ രീതിയിലാണ് തഹസിൽദാർമാർക്കും കേസുകൾ കേൾക്കാൻ കഴിയുകയുള്ളൂ. നിയമപരമായ സാവകാശം ആവശ്യപ്പെടുന്ന സാഹചര്യത്തിൽ കുറഞ്ഞ രീതിയിലെങ്കിലും ആയത് പരിഹരിക്കേണ്ടി വന്നിട്ടുള്ളതായും സങ്കീർണ്ണമായ സിവിൽ സ്വഭാവത്തിലുള്ള വിഷയമാണ് പരാതികക്ഷിയുടെ ഫയലിലെ വിഷയങ്ങളെന്നും ജില്ലാ കളക്ടറുടെ ഉത്തരവിൽ വ്യക്തമാക്കിയ രീതിയിൽ കേസ് തീർപ്പ് കൽപ്പിക്കാൻ സാധിക്കുന്നില്ലായെന്ന് 27-04-2021-ൽ ജില്ലാ കളക്ടറെ അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ 16-12-2021-ലെ ബി.18-6588/2019-ാം നമ്പർ കത്ത് പ്രകാരം ഇരുകക്ഷികളേയും നേരിൽ കേട്ട് വിഷയം രമ്യമായി പരിഹരിക്കുന്നതിന് ശ്രമിക്കുകയും എന്നാൽ കക്ഷികൾ യാതൊരുവിധ വിട്ടുവീഴ്ചയ്ക്കും തയ്യാറാകാത്ത സാഹചര്യത്തിലാണ് കേസ് തള്ളി തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണെന്നും എന്നാൽ പരാതിക്കാരൻ ഉന്നയിക്കുന്ന ശ്രീമതി.സ്വയംപ്രഭ, ശ്രീമതി.സർവ്വമ്മ എന്നിവരുടെ പേരിലേയ്ക്ക് തണ്ടപ്പേർ പിടിച്ച് നൽകുകയോ സബ്ഡിവിഷൻ ചെയ്യുകയോ തുടങ്ങിയ എതിർകക്ഷികൾക്ക് അനുകൂലമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നും പരാതികക്ഷിയുടേയും ടിയാന്റെ സഹോദരിയായ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ശ്രീമതി.സ്വയംപ്രഭ, ശ്രീമതി.സർവ്വമ്മ എന്നിവരുടെ മാതാപിതാക്കളുടെ പേരിൽ റീസർവ്വെ നിലവിൽ വന്ന 1993-ലെ അതേ അവസ്ഥയിൽ നിലനിർത്തുകയാണ് ചെയ്തിട്ടുള്ളതെന്നും ആദ്യാവസാനം വരെയുള്ള വിഷയങ്ങളും നടപടിക്രമങ്ങളും ഉൾക്കൊള്ളിച്ചാണ് അന്തിമഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും തുടർന്ന് ടി ഉത്തരവിനെതിരെ പരാതികക്ഷി ഇതേ പരാതി റിവിഷൻ ഹർജിയായി സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും തുടർന്ന് തന്നെയും പരാതിക്കാരനേയും, ജില്ലാ കളക്ടറുടെ പ്രതിനിധിയേയും കേട്ടും വിശദമായി പരിശോധിച്ചും പരാതിക്കാരന്റെ പരാതി തള്ളി തീർപ്പാക്കിയിട്ടുള്ളതുമാണെന്നും പരാതികക്ഷിയുടെ വസ്തുസംബന്ധമായി ഒരു ഹർജി ഇതേ കക്ഷി തന്നെ സിവിൽ കോടതിയിലും ഫയൽ ചെയ്തിട്ടുള്ളതായും അതേവിഷയം തന്നെ റവന്യൂ അധികാരികളുടെ മുന്നിലും ഉന്നയിച്ചിട്ടുള്ളതെന്നും സിവിൽകോടതി മുഖാന്തിരം പരിഹാരത്തിന് ശ്രമിക്കാതെ റവന്യൂ ഉദ്യോഗസ്ഥരെ പല രീതിയിലും സമ്മർദ്ദത്തിലാക്കി അനുകൂല ഉത്തരവ് ലഭ്യമാക്കാനാണ് കക്ഷിയുടെ ശ്രമമെന്നും അത് സാധിക്കാതെ വരുമ്പോൾ വളരെ രൂക്ഷമായ രീതിയിൽ വ്യാജ ആരോപണങ്ങൾ ഉന്നയിക്കുകയാണ് പരാതികക്ഷി ചെയ്യുന്നതെന്നും തീർത്തും സിവിൽസ്വഭാവത്തിലുള്ള കേസ് റവന്യൂ അധികാരികളുടെ മുന്നിൽ അവതരിപ്പിച്ച് അനുകൂലമായി തീർപ്പ് കല്പിക്കുന്നതിനാണ് പരാതികക്ഷി ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്നും തന്റെ ഉദ്യമം നടക്കാത്തതിനാലാണ് വ്യാജ ആരോപണങ്ങളും വ്യക്തിഹത്യയും നടത്തുന്ന രീതിയിലുള്ള ആക്ഷേപങ്ങൾ ഉന്നയിച്ചു കാണുന്നതെന്നും കൈക്കൂലി പോലുള്ള ആരോപണങ്ങൾ ഒരടിസ്ഥാനവും തെളിവും ഇല്ലാതെ ഉന്നയിക്കുകയാണെന്നും സത്യസന്ധമായ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ മനോവീര്യം തളർത്തുന്ന, ടിയാന്റെ കാര്യം നടക്കാതെ വരുമ്പോഴുള്ള ഇത്തരം വ്യാജപരാതികൾ തള്ളി തീർപ്പാക്കണമെന്ന് താഴ്മയായി ബോധിപ്പിക്കുന്നു" എന്നും ശ്രീ.എം.എസ്.ഷാജു മൊഴി നൽകിയിട്ടുള്ളതാണ്. **(അനുബന്ധം - 1)**

ഹെഡ് സർവ്വെയർ ആയ ശ്രീ.എ.ജോസ് എന്ന ഉദ്യോഗസ്ഥനെ നേരിൽ കേട്ടതിൽ "ബഹു.തിരുവനന്തപുരം ജില്ലാ കളക്ടറുടെ ബി.18/6588/19-ാം നമ്പർ ഉത്തരവിൽ, ഹെഡ് സർവ്വെയർ, നേരിട്ട് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ താലൂക്ക് ഓഫീസിലെ ബന്ധപ്പെട്ട വില്ലേജിലെ ഫീൽഡ് ജോലികൾ ചെയ്യുന്ന ശ്രീമതി.ശ്രീദേവി, ഫസ്റ്റ് ഗ്രേഡ് സർവ്വെയറുമായി ഫീൽഡ് പരിശോധന നടത്തിയിട്ടുള്ളതെന്നും പരാതികക്ഷി ഉന്നയിച്ചിരിക്കുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ കൈപ്പറ്റിയെന്ന ആക്ഷേപം വാസ്തവിരുദ്ധമാണ്. ആക്ഷേപത്തിൽ സൂചിപ്പിച്ചിരിക്കുന്ന വ്യക്തികളുമായി എനിക്ക് യാതൊരു ബന്ധവുമില്ലാത്തതാണെന്നും വെങ്ങനൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 31-ൽപ്പെട്ട റീസർവ്വെ നമ്പർ 74/3-ൽപ്പെട്ട റീസർവ്വെ ബി.റ്റി.ആർ പ്രകാരമുള്ള 3 ഏക്കർ 6 സെന്റ് ഒന്നായി കിടക്കുന്നതും എന്നാൽ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അവകാശരേഖകൾ പ്രകാരം 3 വ്യക്തികൾക്ക് അവകാശപ്പെട്ടതും അവർ തമ്മിൽ ഈ വസ്തുവിൽ വ്യക്തമായ അതിരുകൾ നിർണ്ണയിച്ചിട്ടില്ലാത്ത ഭൂമിയിന്മേലാണ് തർക്കം ഉന്നയിച്ചിരിക്കുന്നതെന്നും സർവ്വെ രേഖകൾ പ്രകാരം 3 ഏക്കർ 6 സെന്റ് ഭൂമിയാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും എന്നാൽ പരാതികക്ഷി കാണിച്ചിരിക്കുന്ന അടിസ്ഥാന ആധാരത്തിൽ ഭൂമിയുടെ അളവ് 3 ഏക്കർ 42 സെന്റായി കാണിച്ചിട്ടുണ്ട്. ആധാരപ്രകാരമുള്ള ഭൂമിയുടെ വിസ്തീർണ്ണം സർവ്വെ രേഖകൾ പ്രകാരമുള്ള വിസ്തീർണ്ണവും തമ്മിൽ 36 സെന്റ് ഭൂമി കുറവുണ്ടെന്നും സർവ്വെ രേഖകൾ പ്രകാരമുള്ള വിസ്തീർണ്ണം മാത്രമേ അടിസ്ഥാന പ്രമാണമായി സ്വീകരിക്കാൻ നിർവ്വാഹമുള്ളൂ എന്നും ബന്ധപ്പെട്ട കക്ഷികൾ തമ്മിൽ അതിർത്തി നിർണ്ണയിക്കുന്ന കാര്യത്തിൽ ഉഭയസമ്മതപ്രകാരമുള്ള ഒത്തുതീർപ്പു വ്യവസ്ഥയില്ലെങ്കിൽ വ്യത്യാസമുള്ള 36 സെന്റ് ഭൂമിയുടെ കാര്യത്തിൽ തർക്കം നിലനിൽക്കുകയും അന്തിമ തീർപ്പ് കൽപ്പിക്കുന്നതിന് നിർവ്വഹമില്ലാതിരിക്കുന്നതുമാണെന്നും പരാതികക്ഷിയ്ക്ക് എതിരായിട്ടോ, പരാതിയിൽ സൂചിപ്പിച്ചിരിക്കുന്ന എതിർകക്ഷികൾക്ക് അനുകൂലമായിട്ടോ യാതൊരുവിധ സർവ്വെ നടപടികളും പൂർത്തിയാക്കിയിട്ടില്ലായെന്നും കേരള സർവ്വെ അതിരടയാള ചട്ടം അനുശാസിക്കും പ്രകാരം ഉത്തമ ബോധ്യത്തോടെ മാത്രമേ പെരുമാറിയിട്ടുള്ളൂവെന്നും പരാതിയിൽ സൂചിപ്പിച്ചിരിക്കുന്ന Ext.2 ശ്രീ.ഷമീർ, താലൂക്ക് സർവ്വെയർ, തയ്യാറാക്കിയ സ്കെച്ച് ഫീൽഡിൽ നടപ്പിലാക്കിയിട്ടില്ലാത്തതാകുന്നുവെന്നും ടി സ്കെച്ച് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലോ, മറ്റേതെങ്കിലും അധികാരസ്ഥാനത്തുനിന്നും നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ളതോ അല്ലാത്തതാണെന്നും Ext.2 ഫീൽഡിൽ നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതാണെന്നും ടി സ്കെച്ച് അനുസരിച്ച് പരാതികക്ഷിയ്ക്ക് 2 ഏക്കർ ഭൂമിയുടെ അതിർത്തി നിർണ്ണയിച്ചു നൽകിയാൽ (നിലവിൽ 36 സെന്റ് ഭൂമിയുടെ കുറവ് ഉള്ളതിനാൽ) മറ്റു കക്ഷികളുടെ വിസ്തീർണ്ണത്തിൽ വ്യത്യാസം വരുമെന്നുള്ളതും ബന്ധപ്പെട്ട കക്ഷികൾ ഫീൽഡിൽ തർക്കം ഉന്നയിക്കുകയും ചെയ്ത സാഹചര്യത്തിൽ, Ext.2 നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലായെന്നും ആദ്യഫീൽഡ് പരിശോധനയിൽ തന്നെ മേൽ പ്രസ്താവിച്ച തർക്കവിഷയം നിലനിന്നിരുന്നതിനാലും, വ്യക്തമായ അതിർത്തി ഇല്ല എന്ന് ബോധ്യപ്പെട്ടതിനാലും ബഹു.ഭൂരേഖ തഹസിൽദാർ തിരുവനന്തപുരത്തിന്റെ സാന്നിദ്ധ്യം കൂടി ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂരേഖ തഹസിൽദാർ ശ്രീ.ഷാജു.എം.എസ്, സർവ്വെയർ ശ്രീമതി.ശ്രീദേവി, എഫ്.ജി.എസ്, എന്നിവരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട കക്ഷികൾക്ക് രജിസ്റ്റേർഡ് തപാലിൽ നോട്ടീസ് നൽകിയതിനു ശേഷം മാത്രമാണ് ഫീൽഡ് പരിശോധന നടത്തിയിട്ടുള്ളതെന്നും ആയതിൽ നിയമാനുസൃത നടപടികൾ മാത്രമേ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സ്വീകരിച്ചിട്ടുള്ളൂവെന്നും ഈ പരാതി സംഗതി സംബന്ധിച്ച് കോടതി വ്യവഹാരം നിലനിൽക്കുന്നതും ഫീൽഡ് പരിശോധിച്ച സമയത്ത് പരിഗണിച്ചിരുന്നുവെന്നും ഫീൽഡ് പരിശോധിച്ചപ്പോൾ ഈ കേസിലെ പരാതികക്ഷിയും ബന്ധപ്പെട്ട എതിർകക്ഷികൾ/പ്രതിനിധികൾ സന്നിഹിതരായിരുന്നുവെന്നും ഈ വിഷയത്തിൽ, എന്നിൽ നിക്ഷിപ്തമാക്കിയ ഉത്തരവാദിത്തം പൂർണ്ണമായും ആത്മാർത്ഥതയോടും അർപ്പണബോധത്തോടും നിക്ഷിപ്ത താല്പര്യങ്ങൾ ഇല്ലാതെ നിറവേറ്റിയിട്ടുള്ളതാണെന്നും സർവ്വെയറായ ശ്രീദേവിയോടൊപ്പം 27-01-2021-ലാണ് ആദ്യമായി ഞാൻ ഫീൽഡ് പരിശോധനയ്ക്കായി പോയിട്ടുള്ളതെന്നും ഫീൽഡ് പരിശോധന നടക്കുന്ന വേളയിൽ എതിർകക്ഷിയിലൊരാൾ നോട്ടീസ് ലഭിച്ചിട്ടില്ലെന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടപടികൾ നിർത്തി വയ്ക്കുകയും, രണ്ടാമത് രജിസ്റ്റേർഡ് തപാലിൽ നോട്ടീസ് നൽകിയതിനു ശേഷം 12-02-2021-ൽ രണ്ടാമത്തെ ഫീൽഡ് പരിശോധന നടത്തിയതായും താൻ ഫീൽഡ് പരിശോധന/സബ്ഡിവിഷൻ നടത്തുന്ന കേസുകളിലെല്ലാം ഭൂരേഖ തഹസിൽദാർ ഒപ്പം വരാറില്ലായെന്നും എന്നാൽ പ്രഥമദൃഷ്ട്യാ തർക്കം/കോടതി വ്യവഹാരം നിലനിൽക്കുന്ന ചില കേസുകളിൽ ഭൂരേഖ തഹസിൽദാർ കൂടി ഭൂമി കണ്ടിരിക്കണം എന്ന് സ്വയം ബോധ്യപ്പെട്ടാൽ ഭൂരേഖ തഹസിൽദാരുടെ സാന്നിദ്ധ്യം കൂടി ആവശ്യപ്പെടാറുണ്ടെന്നും ഈ കേസിലും ഞാൻ ആവശ്യപ്പെട്ടതനുസരിച്ചാണ് ഭൂരേഖ തഹസിൽദാർ 12-02-2021-ന് ഫീൽഡ് പരിശോധന നടത്തിയിട്ടുള്ളതെന്നും തദവസരത്തിൽ ഭൂരേഖ തഹസിൽദാർ ശ്രീ.ഷാജു.എം.എസ്, തന്നെ ശകാരിക്കുകയോ നിശ്ശബ്ദനാക്കുകയോ, മറ്റ് എതെങ്കിലും തരത്തിലുള്ള സ്വാധീനം ചെലുത്തുകയോ ഉണ്ടായിട്ടില്ലാത്തതാണെന്നും വസ്തുതാ വിരുദ്ധമായി ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്കുള്ള റിപ്പോർട്ടിൽ യാതൊന്നും ഞാൻ രേഖപ്പെടുത്തിയിട്ടില്ലാത്തതാണെന്നും തന്റെ കൃത്യനിർവ്വഹണത്തിനിടയിലോ, ഈ കേസുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയങ്ങളിലോ ഒരു ഏജന്റും കൈക്കൂലിയുമായി എന്നെ സമീപിച്ചിട്ടില്ലെന്നും ഈ കേസിലെ എതിർകക്ഷികളെ വ്യക്തിപരമായി അറിയില്ലെന്നും" എന്നും ശ്രീ.ജോസ്.എ മൊഴി നൽകിയിട്ടുള്ളതാണ്. **(അനുബന്ധം - 2)**

സർവ്വെയർ ശ്രീമതി.ശ്രീദേവി എന്നവരെ നേരിൽ കേട്ടതിൽ "ബഹു.തിരുവനന്തപുരം ജില്ലാ കളക്ടറുടെ ഉത്തരവിൽ ഹെഡ് സർവ്വെയർ മുഖാന്തിരം നടപടി സ്വീകരിക്കുന്നതിനാണ് ഉത്തരവായിരുന്നത്. ടി കാലയളവിൽ വെങ്ങാനൂർ വില്ലേജിന്റെ ചാർജ്ജ് താൻ വഹിച്ചിരുന്നതിനാലാണ് ഹെഡ് സർവ്വെയറുടെ നിർദ്ദേശാനുസരണം അദ്ദേഹത്തോടൊപ്പം 27-01-2021-ൽ പ്രസ്തുത ഫീൽഡ് പരിശോധിച്ചത്. എന്നാൽ ചില എതിർകക്ഷികൾ തങ്ങൾക്ക് നോട്ടീസ് നൽകിയിട്ടില്ലെന്ന് ഹെഡ്സർവ്വെയറെ അറിയിച്ചപ്പോൾ, സർവ്വെ നടപടി പൂർത്തീകരിക്കാതെ മറ്റൊരു ദിവസം നിശ്ചയിക്കുകയും

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

12-02-2021 തീയതിയിൽ സർവ്വെ നടപടിയ്ക്ക് എല്ലാ കക്ഷികൾക്കും രജിസ്റ്റേർഡ് തപാലിൽ നോട്ടീസ് നൽകിയതുമാണെന്നും 27-01-2021-ലെ സർവ്വെ നടപടിയിൽ കക്ഷികൾ എതിർപ്പ് പ്രകടിപ്പിച്ചതിനെ തുടർന്ന് 12-02-2021-ലെ സർവ്വെ നടപടിയിൽ ഹെഡ്സർവ്വെയറുടെ അഭ്യർത്ഥനയിന്മേൽ ഭൂരേഖ തഹസിൽദാർ കൂടി സന്നിഹിതനായിരുന്നുവെന്നും സർവ്വെയറായ ശ്രീ.ഷമീർ തയ്യാറാക്കിയ സ്കെച്ചും റീസർവ്വെ സ്കെച്ചും ഉപയോഗിച്ചാണ് ഫീൽഡ് പരിശോധിച്ചതെന്നും പ്രാഥമിക പരിശോധനയിൽ (27-01-2021) 'F' അളവുകളും ഡയറക്ഷനും ശരിയാണെന്ന് സ്കെച്ചിൽ ഉള്ളതുപോലെ തന്നെ ഫീൽഡിൽ കണ്ടെത്തിയെന്നും എന്നാൽ കക്ഷികൾ തർക്കം ഉന്നയിച്ചതിനാൽ, അതായത് പരാതികക്ഷി ശ്രീ.വിവേകാനന്ദൻ എന്നവർ തനിക്ക് അവകാശപ്പെട്ട ഭൂമിയിലെ 2 ഏക്കർ ഭൂമി ലഭിക്കത്തക്ക രീതിയിൽ തന്നെ അളക്കണമെന്നും അറിയിച്ചുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ അളവ് നടപടി കൈക്കൊണ്ടപ്പോൾ എതിർകക്ഷികൾ 'അതിർത്തി ഇതല്ല' എന്നുന്നയിച്ച് അളവ് നടപടികൾ തടസ്സപ്പെടുത്തിയതായും സർവ്വെ നടപടികൾക്കായി ബന്ധപ്പെട്ട ഫീൽഡിൽ എത്തിയപ്പോൾ ആരെങ്കിലും സ്വീകരിക്കുകയോ, സത്കരിക്കുകയോ ഉണ്ടായിട്ടില്ലാത്തതാണെന്നും ഭൂരേഖ തഹസിൽദാർ ശ്രീ.എം.എസ്.ഷാജു യാതൊരു രീതിയിലും സർവ്വെ നടപടിയിൽ സ്വാധീനം ചെലുത്തുകയോ, ശ്രീ.ജോസിനോടോ, എന്നോടോ ക്ഷുഭിതനായി സംസാരിക്കുകയോ ചെയ്തിട്ടില്ലായെന്നും" ശ്രീമതി.ശ്രീദേവി മൊഴി നൽകിയിട്ടുള്ളതാണ്. **(അനുബന്ധം-3)**

കണ്ടെത്തലുകൾ

I) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 20-12-2020-ലെ ബി.18/5588/2019 നമ്പർ ഉത്തരവിൽ താഴെപ്പറയുന്ന മൂന്ന് സംഗതികളെ സംബന്ധിച്ച് ഒരു മാസത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകിയിരുന്നതായി കാണുന്നു.

1. വെങ്ങാനൂർ വില്ലേജിൽ ബ്ലോക്ക് 31-ൽ 655-ാം നമ്പർ തണ്ടപ്പേരിൽപ്പെട്ട റീസർവ്വെ 74/ൽ 1.23.90 ഹെക്ടർ വസ്തുവിൽ നിന്നും ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകാതെ 1993 ൽ സർവ്വെ അദാലത്ത് എൽ.ആർ-1230/93 പ്രകാരം സബ്ഡിവിഷൻ ചെയ്ത് രൂപീകരിച്ച് 74/6 എന്ന സബ്ഡിവിഷൻ റദ്ദ് ചെയ്ത് പഴയ നിലയിൽ നിലനിർത്തുക.
2. റീസർവ്വെ 74/3-ൽ ഉൾപ്പെട്ട വസ്തു ശ്രീ.വിവേകാനന്ദൻ, ശ്രീമതി.സർവ്വമ്മ, ശ്രീമതി.സ്വയംപ്രഭ എന്നിവർക്കും ടി വസ്തുവിന്റെ അയൽവസ്തു ഉടമസ്ഥർക്കും മുൻകൂർ നോട്ടീസ് നൽകി. ഹെഡ്സർവ്വെയറുടെ മേൽനോട്ടത്തിൽ ഭൂമി സർവ്വെ ചെയ്ത് സബ്ഡിവിഷൻ ചെയ്ത് മാതാപിതാക്കളുടെ പേരിൽ പ്രത്യേകം മാറ്റുക.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

3. *മാതാപിതാക്കളുടെ പേരിൽ പ്രത്യേകം പ്രത്യേകം മാറ്റിയ ശേഷം കൈവശഭൂമിയുടെ അതിർത്തിയും ഭൂമിയിലെ അവകാശം സംബന്ധിച്ച രേഖകളും പരിശോധിച്ച് അതാത് കക്ഷികളുടെ പേരിൽ സബ്ഡിവിഷൻ ചെയ്ത് തണ്ടപ്പേരും പിടിച്ചു നൽകുക.*

ടി നിർദ്ദേശങ്ങളിൽ ഒന്നാമത്തെ നിർദ്ദേശം ഒരുമാസത്തിനകം പാലിച്ച് ഉത്തരവ് നടപ്പിൽ വരുത്തിയതായും, എന്നാൽ 2, 3 നിർദ്ദേശങ്ങൾ സർവ്വെയർ മുഖാന്തിരം ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും നിയമാനുസരണം നോട്ടീസ് നൽകിയും സ്ഥലം പരിശോധിച്ചും സർവ്വെ നടത്തിയും എല്ലാ കക്ഷികളെയും കേട്ടും മാത്രം തീരുമാനം എടുക്കുവാൻ പാടുള്ളൂവെന്നതിനാലും സിവിൽ സ്വഭാവമുള്ള വിഷയമായതിനാലും ജില്ലാ കളക്ടറുടെ ഉത്തരവിൽ നിർദ്ദേശിച്ച രീതിയിൽ തീർപ്പ് കൽപ്പിക്കുവാൻ സാധിക്കില്ലായെന്ന് ഭൂരേഖ തഹസിൽദാർ 27-04-2021-ൽ ജില്ലാ കളക്ടറെ അറിയിച്ചതായും ആയതിന്റെ അടിസ്ഥാനത്തിൽ 16-12-2021-ലെ ബി.18/6587/2019 നമ്പർ കത്ത് പ്രകാരം ഇരുകക്ഷികളെയും നേരിൽ കേട്ട് വിഷയം രമ്യമായി പരിഹരിക്കുന്നതിന് നിർദ്ദേശം ലഭിച്ചിരുന്നതായും ആയതു പ്രകാരം കക്ഷികളെ കേൾക്കുകയും വിഷയം രമ്യമായി പരിഹരിക്കുന്നതിന് ശ്രമിക്കുകയും എന്നാൽ ഇരുകക്ഷികളും യാതൊരുവിധ വിട്ടുവീഴ്ചയ്ക്കും തയ്യാറാകാത്ത സാഹചര്യത്തിൽ ടി വിവരങ്ങൾ വിശദീകരിച്ച് ഭൂരേഖ തഹസിൽദാർ 24-01-2022-ലെ എൽ.ആർ.എം.1/53248/14 നമ്പർ നടപടിക്രമപ്രകാരം അപേക്ഷ തീർപ്പ് കൽപ്പിച്ചതായും കാണുന്നു. **(അനുബന്ധം-4)**

II) തിരുവനന്തപുരം ഭൂരേഖ തഹസിൽദാർ 24-01-2022-ൽ എൽ.ആർ.എം.1/53248/14 നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിനെതിരെ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച പരാതി റിവിഷൻ ഹർജിയായി പരിഗണിച്ച് ഹർജികക്ഷിയെയും തിരുവനന്തപുരം ഭൂരേഖ തഹസിൽദാരെയും ജില്ലാ കളക്ടറുടെ പ്രതിനിധിയെയും നേരിൽ കേട്ടും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും പരാതിക്കാരന്റെ പരാതി സ.ഉ(സാധാ)നം.2410/2022/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം നിരസിച്ച് തീർപ്പാക്കിയിട്ടുള്ളതായും കാണുന്നു. **(അനുബന്ധം-5)** ടി സർക്കാർ ഉത്തരവിലെ രേഖപ്പെടുത്തലുകൾക്കെതിരെയും ടി ഉത്തരവ് പുറപ്പെടുവിച്ച അഡീഷണൽ സെക്രട്ടറിയെപ്പറ്റിയും ഈ പരാതിയിൽ പരാമർശിച്ചു കാണുന്നു.

III) ടി സർക്കാർ ഉത്തരവിനു ശേഷം പരാതികക്ഷി 18-11-2022-ൽ നൽകിയ അപേക്ഷ പരിഗണിച്ച് 1021/1982-ാം നമ്പർ ഇഷ്ടദാനാധാരപ്രകാരം വെങ്ങാനൂർ വില്ലേജ് മുൻസർവ്വെ നമ്പർ 369/3-ൽ 2 ഏക്കർ ഭൂമിയ്ക്ക് അവകാശം ലഭിച്ചിട്ടുള്ളതിൻ പ്രകാരം പോക്കുവരവ് ചെയ്ത് 1988-89 വരെ കരമൊടുക്കിയിരുന്ന ഭൂമി റീസർവ്വെ നിലവിൽ വന്നതിൽ ടി രണ്ടേക്കർ ഉൾപ്പെടെയുള്ള ഭൂമി റീസർവ്വെ ബ്ലോക്ക് 31-ൽ റീസർവ്വെ നമ്പർ 74/3-ൽ ഉൾപ്പെട്ടുവരുന്നതിനാലും എൽ.ആർ.എം മുഖേന സബ്ഡിവിഷൻ റിക്കാർഡുകൾ തയ്യാറാക്കുന്നതിന് ഭൂമിയിൽ വ്യക്തമായ അതിർത്തി നിലവിലില്ലാത്ത സാഹചര്യത്തിൽ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

1021/1982-ാം നമ്പർ ഇഷ്ടദാനാധാരപ്രകാരം അവകാശം ലഭിച്ച രണ്ടേക്കർ ഭൂമി വെങ്ങാനൂർ വില്ലേജിൽ ബ്ലോക്ക് 31-ൽ റീസർവ്വെ 74/3 ഉൾപ്പെട്ടുവരുന്ന 655-ാം നമ്പർ തണ്ടപ്പേരിൽ നിന്നും ആധാരപ്രകാരം പരാതികക്ഷി പേരിൽ വില്ലേജ് ഓഫീസ് മുഖേന പോക്കുവരവ് ചെയ്തു നൽകുന്നതിന് 27-02-2023-ലെ എൽ.ആർ.എം.1/37594/22 നമ്പർ നടപടിക്രമപ്രകാരം തിരുവനന്തപുരം ഭൂരേഖ തഹസിൽദാർ ഉത്തരവാകുകയും ആയത് പ്രകാരം വെങ്ങാനൂർ വില്ലേജിൽ ബ്ലോക്ക് 31-ൽ 74/3-1 എന്ന് സബ്ഡിവിഷൻ നമ്പരായി 80.94 ആർ ഭൂമി 22377-ാം നമ്പർ തണ്ടപ്പേർ പ്രകാരം പരാതികക്ഷി 2024-25 വരെ കരമൊടുക്കി വരുന്നതായും കാണുന്നു.

ശിപാർശ

ഈ ഹർജിയിൽ ഉന്നയിക്കുന്ന വിഷയങ്ങൾ ഹർജിക്കാരൻ നൽകിയ പരാതി റിവിഷൻ ഹർജിയായി പരിഗണിച്ച് സർക്കാർ 05-06-2022-ലെ സ.ഉ(സാധാ)നം.2410/2022/ആർ.ഡി നമ്പർ ഉത്തരവിലൂടെ നിരസിച്ചിട്ടുള്ളതാകയാലും ആരോപണവിധേയനായ ജീവനക്കാരുടെ ഭാഗത്തുനിന്നും നിയമവിരുദ്ധമായ നടപടികളൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതിനാലും ടി ജീവനക്കാർക്കെതിരെ യാതൊരു നടപടിയും ആവശ്യമില്ലാത്തതാണ്.

പരാമർശ വിഷയം സംബന്ധിച്ച് സൂചന (2) പ്രകാരം ഹർജിക്കാരൻ ഈ കാര്യാലയത്തിൽ സമർപ്പിച്ച ഹർജിയിന്മേൽ സൂചന (3) പ്രകാരം **(അനുബന്ധം-6)** കക്ഷിയ്ക്ക് മറുപടി നൽകിയിട്ടുള്ളതും എന്നാൽ ഇതേ വിഷയം തന്നെ ഉന്നയിച്ച് വീണ്ടും അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സൂചന (4) പ്രകാരം ഈ ഓഫീസിൽ ഹർജി സമർപ്പിക്കുകയും ആയതിന് സൂചന (5) പ്രകാരം **(അനുബന്ധം-7)** കക്ഷിയ്ക്ക് മറുപടി നൽകിയിട്ടുള്ളതുമാണ് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്)

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ബഹു.ഡെപ്യൂട്ടി കളക്ടർ വിജിലൻസ് (സൌത്ത് സോൺ) മുൻപാകെ തിരുവനന്തപുരം (ഭൂരേഖ) തഹസിൽദാർ ആയിരുന്ന ശ്രീ. ഷാജു.എം.എസ് ബോധിപ്പിക്കുന്ന RVCA 1-206/2022-ാം നമ്പർ ഫയലിന്മേലുള്ള കൂടിക്കാഴ്ചയ്ക്ക് പറയാനുള്ളത് രേഖാമൂലം ബോധിപ്പിക്കുന്നത്.

പരാതി കക്ഷിയായ പ്രൊഫസർ ബി. വിവേകാനന്ദൻ വെങ്ങാന്നൂർ വില്ലേജിൽ ബ്ലോക്ക് 31 ൽ റീസർവ്വെ 74/3 ൽ പെട്ട വസ്തുവിന്റെ പോക്കുവരവ് സബ് ഡിവിഷനെ സംബന്ധിച്ച് പരാതി നൽകിയിരുന്നതും ടി പരാതിയിന്മേൽ വിശദമായ അന്വേഷണം നടത്തി സബ് ഡിവിഷനെതിരെയുള്ള ആക്ഷേപം ആയതിനാൽ റിപ്പോർട്ട് തിരുവനന്തപുരം സബ് കളക്ടർക്ക് നൽകിയിരുന്നതുമാണ്. സബ് കളക്ടർ റിക്കാർഡുകളും റിപ്പോർട്ടും പരിശോധിച്ചും കക്ഷികളെ കേട്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പരാതി കക്ഷിയായ പ്രൊഫസർ ബി.വിവേകാനന്ദന് സ്വീകാര്യമല്ലാത്തതിനാൽ ടി ഉത്തരവിനെതിരെ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിവിഷൻ ഹർജി നൽകുകയും റിവിഷനിൽ ജില്ലാ കളക്ടർ കക്ഷികളെ കേട്ട് 22.12.2020 ൽ ബി 18/6588/2019-ാം നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നതുമാണ്. ടി ഉത്തരവിൽ മൂന്ന് കാര്യങ്ങളെ സംബന്ധിച്ച് നിർദ്ദേശം നൽകിയിരുന്നതും ഒരു മാസത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളുന്നതിനും നിർദ്ദേശിച്ചിരുന്നു.

1. വെങ്ങാന്നൂർ വില്ലേജിൽ ബ്ലോക്ക് 31 ൽ 655-ാം നമ്പർ തണ്ടപ്പേരിൽപെട്ട റീസർവ്വെ 74/3 ൽ 1.23.90 ഹെക്ടർ വസ്തുവിൽ നിന്നും ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകാതെ 1993 ൽ സർവ്വെ അദാലത്ത് **LR-1230/93** പ്രകാരം സബ് ഡിവിഷൻ ചെയ്ത് രൂപീകരിച്ച് 74/6 എന്ന സബ് ഡിവിഷൻ റദ്ദ് ചെയ്ത് പഴയ നിലയിൽ നിലനിർത്തുക.
2. റീസർവ്വെ 74/3 ൽ ഉൾപ്പെട്ട വസ്തു ശ്രീ. വിവേകാനന്ദൻ, ശ്രീമതി. സർവ്വമ്മ, ശ്രീമതി. സ്വയംപ്രഭ എന്നിവർക്കും ടി വസ്തുവിന്റെ അയൽ വസ്തു ഉടമസ്ഥർക്കും മുൻകൂർ നോട്ടീസ് നൽകി. ഹെഡ് സർവ്വെയറുടെ മേൽ നോട്ടത്തിൽ ഭൂമി സർവ്വെ ചെയ്ത് സബ് ഡിവിഷൻ ചെയ്ത് മാതാപിതാക്കളുടെ പേരിൽ പ്രത്യേകം മാറ്റുക.
3. മാതാപിതാക്കളുടെ പേരിൽ പ്രത്യേകം പ്രത്യേകം മാറ്റിയ ശേഷം കൈവശഭൂമിയുടെ അതിർത്തിയും ഭൂമിയിലെ അവകാശം സംബന്ധിച്ച രേഖകളും പരിശോധിച്ച് അതാത് കക്ഷികളുടെ പേരിൽ സബ് ഡിവിഷൻ ചെയ്ത് തണ്ടപ്പേരും പിടിച്ചു നൽകുക.

ജില്ലാകളക്ടറുടെ മേൽപറഞ്ഞ നിർദ്ദേശങ്ങളിൽ ഒന്നാമത്തെ നിർദ്ദേശം ഒരു മാസത്തിനകം തന്നെ പാലിച്ച് ഉത്തരവ് നടപ്പിൽ വരുത്തിയിരുന്നു. (അതായത് പരാതിക്കാരനായ ശ്രീ. ബി. വിവേകാനന്ദൻ ടിയാന്റെ സഹോദരിമാരായ സർവ്വമ്മ,

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സ്വയംപ്രഭ എന്നിവരുടെ മാതാപിതാക്കളുടെ പേരിലുള്ള തണ്ടപ്പേരിൽ നിലനിർത്തി) എന്നാൽ രണ്ടും മൂന്നും നിർദ്ദേശങ്ങൾ സർവ്വെയർ മുഖാന്തിരം ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും നിയമാനുസൃത നോട്ടീസ് നൽകിയും സ്ഥലം പരിശോധിച്ചും, സർവ്വെ നടത്തിയും എല്ലാ കക്ഷികളെയും കേട്ടും മാത്രമേ തീരുമാനം എടുക്കാൻ പാടുള്ളൂയെന്ന് ജില്ലാ കളക്ടറുടെ ഉത്തരവിൽ തന്നെ നിർദ്ദേശം നൽകിയിരുന്നു. ടി പ്രവർത്തികൾ ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്ന കാര്യങ്ങളല്ല. ടി വിവരങ്ങൾ 27.04.2021 ലെ കത്ത് പ്രകാരവും നേരിട്ടും ബോധ്യപ്പെടുത്തിയിരുന്നു. മാത്രവുമല്ല, കക്ഷികളുമായുള്ള കൂടിക്കാഴ്ചയിൽ എതിർ കക്ഷികൾക്ക് വേണ്ടി അഡ്വക്കേറ്റ്സ് മാരാണ് ഹാജരായിരുന്നത്. സിവിൽ കോടതിയുടെ നടത്തിപ്പിന് സമാനമായ രീതിയിലാണ് തഹസിൽദാർമാർക്കും കേസുകൾ കേൾക്കാൻ കഴിയുകയുള്ളൂ. നിയമപരമായ സാവകാശം ആവശ്യപ്പെടുന്ന സാഹചര്യത്തിൽ കുറഞ്ഞ രീതിയിലെങ്കിലും ആയത് പരിഹരിക്കേണ്ടി വന്നിട്ടുണ്ട്.

സങ്കീർണ്ണമായ സിവിൽ സ്വഭാവത്തിലുള്ള വിഷയമാണ് പരാതികക്ഷിയുടെ ഫയലിലെ വിഷയങ്ങൾ ജില്ലാ കളക്ടറുടെ ഉത്തരവിൽ വ്യക്തമാക്കിയ രീതിയിൽ കേസ്സ് തീർപ്പ് കൽപ്പിക്കാൻ സാധിക്കുന്നില്ലായെന്ന് 27.04.2021 ൽ ജില്ലാ കളക്ടറെ അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ 16.12.2021 ലെ ബി18/6588/2019-ാം നമ്പർ കത്ത് പ്രകാരം ഇരു കക്ഷികളേയും നേരിൽ കേട്ട് വിഷയം രമ്യമായി പരിഹരിക്കുന്നതിന് നിർദ്ദേശം ലഭിച്ചിരുന്നതുമാണ്. അപ്രകാരം വീണ്ടും കക്ഷികളെ കേൾക്കുകയും കേസ്സ് രമ്യമായി പരിഹരിക്കുന്നതിന് ശ്രമിക്കുകയും എന്നാൽ കക്ഷികൾ യാതൊരു വിധ വിട്ടുവീഴ്ചയ്ക്കും തയ്യാറാകത്ത സാഹചര്യത്തിനാണ് കേസ്സ് തള്ളി തീർപ്പ് കൽപ്പിച്ചിട്ടുള്ളത്. എന്നാൽ പരാതിക്കാരൻ ഉന്നയിക്കുന്ന ശ്രീമതി.സ്വയംപ്രഭ, സർവ്വമ്മ, എന്നിവരുടെ പേരിലേയ്ക്ക് തണ്ടപ്പേർ പിടിച്ച് നൽകുകയോ സബ് ഡിവിഷൻ ചെയ്യുകയോ തുടങ്ങിയ എതിർകക്ഷികൾക്ക് അനുകൂലമായ യാതൊരു നടപടിയും ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടില്ല. പരാതി കക്ഷിയുടേയും ടിയാന്റെ സഹോദരിയായ സ്വയംപ്രഭ, സർവ്വമ്മ എന്നിവരുടെ മാതാപിതാക്കളുടെ പേരിൽ റീ സർവ്വെ 1993-ൽ നിലവിൽ വന്ന അതേ അവസ്ഥയിൽ നിലനിർത്തുകയാണ് ചെയ്തിട്ടുള്ളത്. ആദ്യാവസാനം വരെയുള്ള വിഷയങ്ങളും ഉത്തരവ് ചേർത്ത് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നടപടിക്രമത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

തുടർന്ന് ടി ഉത്തരവിനെതിരെയും ഇതേ പരാതി പരാതിക്കാരൻ റിവിഷൻ ഹർജിയായി സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും തുടർന്ന് എന്നേയും പരാതിക്കാരനേയും, ജില്ലാകളക്ടറുടെ പ്രതിനിധിയേയും കേട്ട് വിശദമായി പരിശോധിച്ച് പരാതിക്കാരന്റെ പരാതി തള്ളി

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പരാതിക്കാരന്റെ പരാതി തള്ളി തീർപ്പാക്കിയിട്ടുള്ളതുമാണ്. (സർക്കാരിന്റെ 06.06.2022 ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

പരാതി കക്ഷിയുടെ വസ്തു സംബന്ധമായി ഒരു ഹർജി ഇതേ കക്ഷി തന്നെ സിവിൽ കോടതിയിലും ഫയൽ ചെയ്തിട്ടുണ്ട്. അതേ വിഷയം തന്നെ റവന്യൂ അധികാരികളുടെ മുന്നിലും ഉന്നയിച്ചിട്ടുണ്ട്. സിവിൽ കോടതി മുഖാന്തിരം പരിഹാരത്തിന് ശ്രമിക്കാതെ റവന്യൂ ഉദ്യോഗസ്ഥരെ പല രീതിയിലും സമ്മർദ്ദത്തിലാക്കി അനുകൂല ഉത്തരവ് ലഭ്യമാക്കാനാണ് കക്ഷിയുടെ ശ്രമം. അത് സാധിക്കാതെ വരുമ്പോൾ വളരെ ക്രൂക്ഷമായ രീതിയിൽ വ്യാജ ആരോപണങ്ങൾ ഉന്നയിക്കുന്നതാണ് പരാതി കക്ഷി ശ്രമിക്കുന്നത്. തീർത്തും സിവിൽ സ്വഭാവത്തിലുള്ള കേസ്സ് റവന്യൂ അധികാരികളുടെ മുന്നിൽ അവതരിപ്പിച്ച് അനുകൂലമായി തീർപ്പ് കൽപ്പിക്കുന്നതിനാണ് പരാതി കക്ഷി ശ്രമിച്ച് കൊണ്ടിരിക്കുന്നത് തന്റെ ഉദ്യമം നടക്കാത്തതിനാലാണ് വ്യാജ ആരോപണങ്ങളും വ്യക്തി ഹത്യയും നടത്തുന്ന രീതിയിലുള്ള ആക്ഷേപങ്ങൾ ഉന്നയിച്ചു കാണുന്നത്. കൈക്കൂലി പോലുള്ള ആരോപണങ്ങൾ ഒരടിസ്ഥാനവും തെളിവും ഇല്ലാതെ ഉന്നയിക്കുകയാണ് പരാതി കക്ഷി.

സത്യസന്ധമായ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ മനോവീര്യം തളർത്തുന്ന, ടിയാന്റെ കാര്യം നടക്കാതെ വരുമ്പോഴുള്ള ഇത്തരം വ്യാജ പരാതികൾ തള്ളി തീർപ്പാക്കണമെന്ന് താഴ്മയായി ബോധിപ്പിക്കുന്നു.

02/08/22
ഷാജു.എം.എസ്

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ദക്ഷിണമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടർ മുമ്പാകെ
02-08-2022.ന് പകൽ 11.00.....മണിക്ക്
കോടതിയിൽ.....ൽ വച്ച്
RNE AL-206/22.നമ്പർ ഫയലിലെ അന്വേഷണത്തിനായി
രേഖപ്പെടുത്തിയ മൊഴി.

പേര് : എ. ജോൺസി
പിതാവ്/മാതാവ് : സർവ്വേയർ
ഭർത്താവിന്റെ പേര് :
വയസ്സ് PEN : 133890
തൊഴിൽ :
വിലാസം : റീസർവ്വേ സൂപ്രണ്ട് ഓഫീസ്, കുളത്തൂർ (പി.ഒ)
നിലവിൽ ജോലി ചെയ്യുന്നത് താലൂക്ക് ഓഫീസ്, തിരുവനന്തപുരം

ഫോൺ നമ്പർ : 9446550344.

ഞാൻ എ. ഡോ. ബി. വിവേകാനന്ദൻ എന്നയാൾ സമർപ്പിച്ചിട്ടുള്ള പരാതിയുടെ അടിസ്ഥാനത്തിൽ, എന്നെ തെറ്റിദ്ധരിപ്പിക്കുന്നതിനായി നൽകിയ നോട്ടീസനുസരിച്ച്, എനിക്ക് കോടതിയിൽ ഹാജരാകുന്നതിനുവേണ്ടി പി. വിവേകാനന്ദൻ എന്നയാളുടെ പരാതിയിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കുന്നതിനായി ഞാൻ താമസിക്കുന്ന വീട്ടിൽ വച്ച് ഇന്നു തിങ്കളാഴ്ച 22/12/2020ലെ വി18/6588/19-ാം നമ്പർ കത്തിന്റെ, മൊബൈൽ സർവ്വേയർ, നെയ്യാറ്റിൻകര താലൂക്ക് ഓഫീസ് എന്നിവരുടെ സഹായത്തോടെ റീസർവ്വേ സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നതനുസരിച്ചാണ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ത്താൻ, തമ്മുക് മാറ്റിസിയ സന്നാ ചുട്ടു വെന്നൂർവിക്കുന്നു
മേപ്പിയ വീൽസ് തോമലിക്കൽ ചെയ്യുന്ന പരിമ്മി. ശ്രീദേവി,
മസ്റ്റ് ഗേയി സർവ്വെയുമായി വീൽസ് ചെയ്തുകൊണ്ടിരുന്നത്. ചെരാനിക്കുമായി തന്നിലിരിക്കുന്ന സാമ്പത്തിക
ആവശ്യങ്ങൾ അതു പരിഹരിക്കുന്നതുകൊണ്ടുള്ള ഉപാധ്യക്ഷ
വിനുമാണ്. ~~ആയതിനാൽ ചെരാനിൽനിന്നും~~ ചെരാനിൽനിന്നും ചിറ്റിരിക്കുന്ന വ്യക്തികളുമായി
ചർച്ച് യാതൊരുവിധ സന്നാഹവും നടത്തിയിട്ടില്ല.

വെന്നൂർവിള്ളിൽ തെക്കേക്ക് നം. 31-ൽ സ.നം. 74/3-ൽ ചുട്ടു റിസർവ്വെ BTR ആകാമുന്ന 3 ആളുകൾ തന്നു
ആനുകൂല്യത്തിനുള്ള, അവകാശം രേഖപ്പെടുത്താത്ത 3 വ്യക്തികൾ
~~ആയ~~ അവകാശപ്പെടുന്നു, അവർക്കിൽ ആരുടെയും വ്യക്തമായ അതിരുകൾ
നിർണ്ണയിച്ചിട്ടില്ലാത്തതും, ആയ ഭൂമിയിൽ മേലാൽ തർക്കമുണ്ടാകുന്നതിനുള്ള
കാരണം. സർവ്വെ രേഖപ്പെടുത്താത്ത 3 ആളുകൾ 6 സെന്റ് ഭൂമിക്കാണ്
രേഖ ചെയ്തുതരിയിരിക്കുന്നത്. എന്നാൽ ചെരാനിക്കുമായി കാണിച്ചിരിക്കുന്ന
അടിസ്ഥാന രേഖയായ തണ്ടപ്പേരിൽ ഭൂമിയുടെ അളവ് 3 ആർ 42 സെന്റാണ്
കാണിച്ചിട്ടുള്ളത്. രേഖയായി ചേർത്തിരിക്കുന്ന ഭൂമിയുടെ ~~അളവ്~~ അതിരുകൾ, സർവ്വെയിൽ
രേഖപ്പെടുത്തിയ വിസ്തീർണ്ണവും തമ്മിൽ 36 സെന്റ് ഭൂമിക്ക് കുറവുണ്ട്. സർവ്വെ
രേഖ രേഖപ്പെടുത്തിയ വിസ്തീർണ്ണമാണ് അടിസ്ഥാന രേഖയായി പരിഗണിക്കാൻ നിർവ്വാഹമുള്ളൂ എന്നു വിവരം അറിയിക്കുന്നു.

സന്നാ ചുട്ടു ഭൂമിയിൽ തന്നിൽ അതിർത്തി നിർണ്ണയിക്കുന്ന
കാര്യത്തിൽ ഉടമ സമ്മതപ്രകാരമുള്ള ഒന്നാണ് പുതുവൽസരത്തിൽ
വ്യത്യാസമുള്ള 36 സെന്റ് ഭൂമിയുടെ ~~അതിരുകൾ~~ നിലവിൽ തർക്കം നിലനിൽക്കുകയും
അതിനാൽ തീർപ്പ് കൽപ്പിക്കുന്നതിന് നിർവ്വാഹമില്ലാതിരിക്കുന്നതുമാണ്.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 26/08/2026 03:27 PM

ഹർജി

ഹർജിക്കാരിക്ക് എതിരായിട്ടോ, ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന വസ്തുതകൾക്ക് അനുകൂലമായിട്ടോ ഒരു സത്യവാങ്മൂലവും ഫയൽ ചെയ്തിട്ടില്ല. ഹർജിക്കാരിയുടെ ആവശ്യം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന Ext. 2, പി. മതിൽ, താഴത്തെ സർവ്വേയർ, തുടർന്നുള്ള എല്ലാ മതിൽ നിർമ്മാണ പ്രവർത്തനങ്ങളും തടഞ്ഞുകൊണ്ടുള്ള ഇടക്കാല ഉത്തരവിന്റെ കാലയളവിനുള്ളിലാണ് നടന്നിട്ടുള്ളത്, മറ്റൊരാളുടെ അധികാരപരിധിയിൽ കടന്നുകയറി നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയതിന് നിർദ്ദേശിച്ചിട്ടുള്ള നടപടിയാണ്. Ext. 2, മതിൽ നടപ്പിലാക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള വീഴ്ചകൾ ഉണ്ടായതാണ്. ഹർജിക്കാരിക്ക് ഹർജി തീർപ്പാക്കുന്നതുവരെ 2 ലോഡ് കരിങ്കൽ കൂടി കൊണ്ടുവന്ന് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള അനുവാദം നൽകിയാൽ നിലവിൽ 36 സെന്റ് ഭൂമിയുള്ള ഹർജിക്കാരിക്ക് ഭാവിയിൽ വസ്തുമായുള്ള ഇടപാടുകൾക്കുള്ള വഴിയുടെ ആവശ്യത്തിനായി കൂടുതൽ സ്ഥലം വാങ്ങുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നതിനും, അതിനുശേഷം മതിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനും സാധിക്കുന്നതിനാൽ, Ext. 2, നടപടിയിൽ വരുത്തുവാൻ സാധിക്കുന്നതാണ്.

ഈ മതിൽ ഒരു ഉദ്യോഗസ്ഥന്റെയും മേൽനോട്ടമില്ലാതെ നിർമ്മിച്ചതാണെന്നും, നിലവിൽ നിർമ്മാണം നിർത്തിവച്ചിരിക്കുന്നതിനാൽ നാശം സംഭവിക്കുമെന്നും, വ്യക്തമായ അതിർത്തി നിശ്ചയിച്ചിട്ടില്ലെന്നും ബോധ്യപ്പെടുത്തുന്നതിനായി ഹർജിക്കാരിക്ക് ഹാജരാക്കുന്നതിനുള്ള അനുവാദം നൽകണമെന്നും ഹർജിക്കാരിക്കുവേണ്ടി അഭിഭാഷകൻ ആവശ്യപ്പെടുന്നു. ഹർജിക്കാരിയുടെ ആവശ്യം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹർജിക്കാരിക്ക് 2 ലോഡ് കരിങ്കൽ കൂടി കൊണ്ടുവന്ന് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള അനുവാദം നൽകിയാൽ നിലവിൽ 36 സെന്റ് ഭൂമിയുള്ള ഹർജിക്കാരിക്ക് ഭാവിയിൽ വസ്തുമായുള്ള ഇടപാടുകൾക്കുള്ള വഴിയുടെ ആവശ്യത്തിനായി കൂടുതൽ സ്ഥലം വാങ്ങുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നതിനും അതിനുശേഷം മതിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനും സാധിക്കുന്നതിനാൽ, Ext. 2, നടപടിയിൽ വരുത്തുവാൻ സാധിക്കുന്നതാണ്.

ഈ മതിൽ ഒരു ഉദ്യോഗസ്ഥന്റെയും മേൽനോട്ടമില്ലാതെ നിർമ്മിച്ചതാണെന്നും, നിലവിൽ നിർമ്മാണം നിർത്തിവച്ചിരിക്കുന്നതിനാൽ നാശം സംഭവിക്കുമെന്നും, വ്യക്തമായ അതിർത്തി നിശ്ചയിച്ചിട്ടില്ലെന്നും ബോധ്യപ്പെടുത്തുന്നതിനായി ഹർജിക്കാരിക്ക് ഹാജരാക്കുന്നതിനുള്ള അനുവാദം നൽകണമെന്നും ഹർജിക്കാരിക്കുവേണ്ടി അഭിഭാഷകൻ ആവശ്യപ്പെടുന്നു. ഹർജിക്കാരിയുടെ ആവശ്യം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഈ ഹർജി സംബന്ധിച്ച് കോടതി മുമ്പാകെ നില നിൽക്കുന്നതും വിൽസ് പരിശോധിച്ച സമയത്ത് പരിഗണിച്ചിട്ടുള്ളതും. അതിന് അപേക്ഷിച്ചിട്ടുണ്ടോ എന്നുള്ളതിന്റെ കാര്യത്തിനുവേണ്ടിയാണോ ഈ കോടതിയുടെ മുമ്പാകെ ഹർജി സമർപ്പിച്ചിട്ടുള്ളതെന്നും അതിന്റെ കൂടെ തന്നെ

നിരത്തുനാകുകയോ, മഴ് ഏതെ കിലും തത്തിലുന്ന
സ്ഥാനം ഉപയുത്തുകയോ ഉണ്ടായിട്ടിലാത്തതാണ് എന്ന
വിവരം ബോധിപ്പിക്കുന്നു. ഉണ്ടാവിതുന്നു മായി
ബഹുമാനപ്പെട്ട ജില്ലാകളക്ടർക്കുന്നു റിപ്പോർട്ടിൽ ഏതൊന്നു
ഞാൻ രേഖപ്പെടുത്തിയിട്ടിലാത്തതാകുന്നു എന്നു കൂട്ടി
നിർവ്വഹണത്തിനിടയിലോ, ഇടക്കെന്നു മായി ബന്ധപ്പെട്ട
ഏതെ കിലുംവിഷയത്തിലോ, ഒരു ഏജന്റ്യം ഒരുക്കലിലു
മായി എന്നെ സമീപിച്ചിട്ടിക്കുന്നു ഇടക്കെന്നിലെ ഇതിർക്കപ്പി
കൊട്ടു വ്യക്തി പരമായി അറിയിക്കുന്നു ബോധിപ്പിക്കുന്നു

വായിച്ചു നോക്കി ശരി

02.08.22
JOSE A
HS

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ദക്ഷിണമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടർ മുമ്പാകെ
02.08.2022 ന് പകൽ 3.00 മണിക്ക്
പോലീസ് സ്റ്റേഷനിൽ വച്ച്
RVC A1-206/22 നമ്പർ ഫയലിലെ അന്വേഷണത്തിനായി
രേഖപ്പെടുത്തിയ മൊഴി.

പേര് : ലീ ദേവി.
പിതാവ്/മാതാവ് : PEN ~~3245~~ 133362
ഭർത്താവിന്റെ പേര് :
വയസ്സ് :
തൊഴിൽ : ഹൊസിസർവ്വെയർ
വിലാസം : (പിഴ) ഒദ ചാലാറിസർവ്വേയിൽ (നിലവിൽ) താമസം, പോലീസ് പട്ടാമ്പി, പാലക്കാട്.

ഫോൺ നമ്പർ : 9447963171

ബഹു. നിന്നു. ലീ. കയുടെ അന്വേഷണത്തിൽ ഹൊസിസർവ്വെയർ ഉദ്യോഗസ്ഥ നടപടിക്രമങ്ങൾ പാലിക്കുന്നതിനാണ് അന്വേഷിക്കുന്നതെന്ന് മനസ്സിലാക്കിയതിൽ തെറ്റായ വിവരങ്ങൾ നൽകിയിരുന്നതിനാൽ ഹൊസിസർവ്വെയറുടെ നിർദ്ദേശാനുസരണം താനുൾപ്പെടെ 27-01-2021-ൽ ~~ഉണ്ടായ~~ പരിശോധിച്ചു, എന്നാൽ ചില കാരണങ്ങൾ കൊണ്ട് അന്നേദിവസം അളന്നു തിട്ടപ്പെടുത്തുവാൻ സാധിച്ചിരുന്നില്ല. ഹൊസിസർവ്വെയർ നടപടി പൂർത്തിയാക്കാത്ത സാഹചര്യം

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2025 03:27 PM

-നിന്നുവിളിക്കുകയും 12.02.2021-ൽ തന്നിലിൽ
സർവ്വെ നടപടിക്രമങ്ങൾ തടയുവാനുദ്ദേശിച്ച
അപേക്ഷയിൽ നടപടിസ്വീകരിക്കുന്നതിനായി 27-01-2021 ൽ
~~27-01-2021~~ തീയതിയിൽ &
സർവ്വെനടപടിയിൽ തടസ്സവാദം ഉന്നയിച്ചുകൊണ്ടിച്ചിട്ടു
തിനെത്തുടർന്നു 12-02-2021 ൽ സർവ്വെനടപടിയിൽ
ഹർജിക്കാരുടെ അനുവാദമനുസരിച്ചാണോ അതോ
അവരിൽനിന്നും ബലമായി പിടിച്ചുവാങ്ങിയതാണോ
എന്നു വ്യക്തമാക്കുവാൻ ഉത്തരവായിട്ടുള്ളതാണ്.

സർവ്വെയുമായിബന്ധപ്പെട്ടു കക്ഷികളിൽ നിന്നും
സ്വീകരിച്ചിട്ടുള്ള അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനും &
നിലവിലുള്ള സാഹചര്യത്തിൽ ഹർജിക്കാരുടെ അപേക്ഷ
പരിഗണിക്കുന്നതിനും, ഹർജിയിലെ ആവശ്യത്തിൽ
'F' ഫോറത്തിലുള്ള Direction-ഉം നൽകുന്നതിനുമായി
ഹർജിയിൽ പറയുന്നതനുസരിച്ചുള്ള ഉത്തരവ് പുറപ്പെടുവിച്ചു.
എന്നാൽ കക്ഷികൾ തർക്കമുന്നയിച്ചതിനാൽ, മേൽവിലാ
സത്തിലുള്ള കോടതിയുടെ ഉത്തരവിനായി ഹർജിക്കാരി ശ്രീ. വിശ്വനാഥൻ എന്നയാൾ "അപ്പീൽ
അധികാരപ്പെട്ട കുടിയാൻ കോടതിയിൽ ഹർജി ഫയൽ ചെയ്തു
തിനിടയിൽ തന്നെ ആ കുടിയാനെ മാറ്റുകയും, മേൽ
പറഞ്ഞതിനെ തുടർന്നാണെന്നും, അതിനാൽ ഹർജി
നിലനിൽക്കുന്നതിനാൽ അപ്പീൽ നടപടി തുടരുന്നതിനും
എന്നാണറിയിച്ചു' അപ്പീൽ നടപടികൾ തടസ്സപ്പെടുത്തി.
സർവ്വെ നടപടികളുമായി മുന്നോട്ടു പോകുന്നതിനും
തുടർന്നുള്ള നിർദ്ദേശങ്ങൾ, സൗകര്യപ്രദമായ
തീയതിയിലാണോ എന്നറിയിക്കുവാനും, ഹർജിക്കാരൻ ശ്രീ. സി.ഷാനു

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഓരോ ആ തിരിയിലും സർവ്വെ നടപടിയിൽ ന്യായീനം ചെയ്യുന്നതുകയോ, ഡീ ജോസീനോടോ, ഹണോടോ കൂടിതനായി സംസാരിക്കുകയോ ചെയ്തിട്ടില്ല. മേൽ ഉന്നയിച്ച കാര്യങ്ങളെല്ലാം സത്യമാണെന്ന് ബോധിപ്പിച്ചു കൊള്ളുന്നു

വായിച്ചുനോക്കിയതി

2/8/22

ശ്രീദേവി. കെ.
ഹെഡ്സർവ്വെയർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

തിരുവനന്തപുരം താലൂക്ക് ഭൂരേഖ തഹസിൽദാരുടെ നടപടിക്രമം

(ഹാജർ ഷാജു എം എസ്)

താലൂക്ക് ഓഫീസ്, കോട്ടയ്ക്കകം, തിരുവനന്തപുരം

എൽ ആർ എം 1/53248/14 **തീയതി - 24/01/2022**

വിഷയം - പോക്കുവരവ് - സബ് ഡിവിഷൻ ചെയ്ത് പോക്കുവരവ് ചെയ്യണമെന്ന പ്രൊഫസർ ബി. വിവേകാനന്ദൻ സമർപ്പിച്ച അപേക്ഷ - ജില്ലാ കളക്ടറുടെ റിവിഷൻ ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം - 1.. പ്രൊഫസർ ബി വിവേകാനന്ദൻ 08/08/2014 ൽ വെങ്ങാന്നൂർ വില്ലേജ് ഓഫീസർക്ക് സമർപ്പിച്ച അപേക്ഷ.

2. ബഹു. ഹൈക്കോടതിയുടെ WP(C) No. 24568/2014 എന്ന കേസിലെ 08/10/2014 ലെ വിധി.
3. തിരുവനന്തപുരം സബ് കളക്ടറുടെ 100531/2018/ബി എന്ന 24/07/2019 ലെ ഉത്തരവ്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 22/12/2020 ലെ ബി18/6588/2019 നമ്പർ ഉത്തരവ്.
5. വെങ്ങാന്നൂർ വില്ലേജ് ഓഫീസറുടെ 04/01/2021 ലെ 12/21 നമ്പർ കത്ത്.
6. ഹെഡ് സർവ്വെയർ സമർപ്പിച്ച 18/02/2021 ലെ റിപ്പോർട്ട്.
7. ഈ ഓഫീസിലെ 27/04/2021 ലെ മേൽ നമ്പർ കത്ത്.
8. ജില്ലാ കളക്ടറുടെ 16/12/2021 ലെ B18/6588/2019 നമ്പർ കത്ത്.
9. പ്രൊഫസർ വിവേകാനന്ദൻ സമർപ്പിച്ച 10/01/2022 ലെ കത്ത്.

തിരുവനന്തപുരം ജില്ലാ കളക്ടറുടെ പരാമർശം (4) ഉത്തരവിന് വിധേയമായി പുറപ്പെടുവിക്കുന്ന നടപടിക്രമം നടപടിക്രമത്തിന് ആസ്പദമായ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊഫസർ (ഡോ) ബി. വിവേകാനന്ദൻ, ഭഗവതി വിലാസ്, മംഗലത്തുകോണം, ബാലരാമപുരം എന്ന കക്ഷി വെങ്ങാന്നൂർ വില്ലേജാഫീസർക്ക് പരാമർശം (1) പ്രകാരം

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പോക്കുവരവ് സബ് ഡിവിഷനുമായി ബന്ധപ്പെട്ട് ഒരു അപേക്ഷ നൽകിയിരുന്നു. ടി അപേക്ഷയിൽ 1982 ലെ 1021-ാം നമ്പർ ഇഷ്ടദാന ആധാരം പ്രകാരം ടിയാന്റെ പിതാവ് ശ്രീ. കെ ഭഗവതി പണിക്കരിൽ നിന്നും വെങ്ങാന്തൂർ വില്ലേജിലെ പുത്തറക്കുന്ന് എന്ന വിളിക്കുന്ന പണ്ടാരവിളാകം പുരയിടത്തിൽ പഴയ സർവ്വെ നമ്പർ 369/3 ൽ നിന്ന് 2 ഏക്കർ വസ്തു ഇഷ്ടദാനമായി ലഭിച്ചിട്ടുള്ളതായും ടി വസ്തു 4130-ാം നമ്പർ പട്ടയപ്രകാരം പോക്കുവരവ് ചെയ്ത് 1988-89 വരെ കരം അടച്ചുപോന്നിരുന്നതായും റീസർവ്വെ നിലവിൽ വന്നപ്പോൾ ടി വസ്തു ബ്ലോക്ക് 31-3 ൽ റീസർവ്വെ നമ്പർ 74/3 ൽ ഉൾപ്പെട്ട് വന്നിട്ടുള്ളതായും വ്യക്തിപരമായ കാരണങ്ങൾ കൊണ്ട് 1988 ശേഷം കരം അടയ്ക്കാൻ വിട്ടുപോയതായും ആയതിനാൽ നാളിതുവരെയുള്ള കരവും ഒരുമിച്ച് സ്വീകരിച്ച് കരം രസീത് നൽകണമെന്നും ടി അപേക്ഷ പ്രകാരം ആവശ്യപ്പെട്ടിരുന്നു. ടി അപേക്ഷയിന്മേൽ സമയ ബന്ധിതമായി നടപടി സ്വീകരിക്കാത്തതിനാൽ പ്രൊഫസർ ബി വിവേകാനന്ദൻ ബഹു. ഹൈകോടതിയിൽ റിട്ട ഹർജി സമർപ്പിക്കുകയും WP(C) No 24568/2014 എന്ന നമ്പർ കേസിൽ 08/10/2014 ൽ ഇപ്രകാരം വിധി ആകുകയും ഉണ്ടായി. ' The Petitioner is the owner-in-possession of the property situated in Resurvey No. **74/3**, Block No. **31/3** of Venganoor Village. The petitioner submits that he was away from the native town and so he could not remit the land tax for several Years. Petitioner has submitted an application to the 1st respondent as per Ext. P3. The petitioner has approached this Court on account of the refusal to accept land tax in respect of the aforementioned property.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

2. The learned Government pleader on Instruction would submits that if the petitioner produces title deed and encumbrance certificate, the revenue officials are prepared to accept the land tax. That be so, the petitioner shall produce the title deed and encumbrance certificate and on verification if it found genuine, necessarily the land tax shall be accepted from the petitioner'.

ബഹു. ഹൈകോടതിയുടെ വിധി നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി വിശദമായ റിപ്പോർട്ട് വെങ്ങാന്തുർ വില്ലേജാഫീസിൽ നിന്നും ലഭ്യമാക്കിയിരുന്നു. വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം വെങ്ങാന്തുർ വില്ലേജിൽ റീസർവ്വെ ബ്ലോക്ക് 31-ൽ റീസർവ്വെ നമ്പർ 74/3-ൽ 01.23.90 ഹെക്ടർ പുരയിടം 655-ാം നമ്പർ തണ്ടപ്പേർ പ്രകാരം കോട്ടുകാൽ വില്ലേജിൽ അന്തിയൂർ ദേശത്ത് പാലച്ചൻകോന്നത്ത് പ്ലാവിള പുത്തൻ വീട്ടിൽ കൊച്ചൻ ഭഗവതി, തോട്ടവിളാകത്ത് വീട്ടിൽ തെയ് വാനി മീനാക്ഷി എന്നിവർ പേരിൽ ഉള്ളതായും ടി തണ്ടപ്പേരിൽ നിന്നും സർവ്വെ അദാലത്ത് നമ്പർ LR. 1230/93 പ്രകാരം സർവ്വെ 74/6 ൽ 26.70 ആർ പുരയിടം 6434-ാം നമ്പർ തണ്ടപ്പേരിൽ നെയ്യാറ്റിൻകര താലൂക്കിൽ കോട്ടുകാൽ വില്ലേജിൽ അന്തിയൂർ ദേശത്ത് ബാലരാമപുരം സ്ട്രീറ്റിൽ മീനാക്ഷി മകൾ സർവ്വമ്മ പേരിൽ വന്നിട്ടുള്ളതായും 6434-ാം നമ്പർ തണ്ടപ്പേർ കക്ഷി പൂവ്വാർ SRO യുടെ 91/02-ാം നമ്പർ ഭാഗാധാര പ്രകാരം ടി വസ്തു മക്കളായ വിവേകാനന്ദൻ മകൻ നന്ദകുമാർ പേരിലും വിവേകാനന്ദൻ മകൻ കൃഷ്ണകുമാർ പേരിലും കൈമാറി നൽകിയിരുന്നതായും ആയത് യഥാക്രമം 11551, 11552 എന്നീ നമ്പർ തണ്ടപ്പേർ പ്രകാരം പോക്കുവരവ് ചെയ്ത് കരം അടച്ചു നൽകിയിട്ടുള്ളതായും പറഞ്ഞിരുന്നു. കൂടാതെ സ്ഥലപരിശോധനയിൽ മേൽപ്പറഞ്ഞ തണ്ടപ്പേർ കക്ഷികൾക്കും പരാതി കക്ഷിയായ പ്രൊഫസർ ബി വിവേകനന്ദൻ എന്ന

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കക്ഷിക്കും തങ്ങളുടെ വസ്തുക്കൾക്ക് ഭൂമിയിൽ വ്യക്തമായ അതിരുകൾ ഇല്ലെന്നും ആയതിനാൽ കൈവശത്തിന്റെ എല്ലുക മനസിലാക്കാൻ കഴിയുന്നില്ല എന്നും പ്രാദേശികാന്വേഷണത്തിൽ ഒരേ സ്ഥലത്തിന് ഇരു കക്ഷികളും അവകാശം ഉന്നയിക്കുന്ന സാഹചര്യത്തിൽ ഇരു കക്ഷികളെയും നേരിൽ കേൾക്കേണ്ടതാണെന്നും വില്ലേജാഫീസർ ശുപാർശ ചെയ്തിരുന്നു, മാത്രവുമല്ല ടി വസ്തുക്കളെ സംബന്ധിച്ച് O.S.1636/07 എന്ന നമ്പറിൽ സിവിൽ കേസ് ഉള്ളതായും സൂചിപ്പിച്ചിരുന്നുന്നു.

വില്ലേജാഫീസറുടെ റിപ്പോർട്ടിന്റെയും അനുബന്ധ രിക്കാർഡുകളുടെയും അടിസ്ഥാനത്തിൽ വിശദമായ സ്ഥലപരിശോധന റിപ്പോർട്ട് ബന്ധപ്പെട്ട സർവ്വെയർ ഹെഡ് സർവ്വെയർ മുഖാന്തിരം ആവശ്യപ്പെടുകയും തുടർന്ന് കക്ഷികൾക്ക് നോട്ടീസ് നൽകി സർവ്വെയർ സ്ഥലപരിശോധന നടത്തി ഹെഡ് സർവ്വെയർ മുഖാന്തിരം റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. ടി റിപ്പോർട്ടിൽ അപേക്ഷകനായ ശ്രീ. ബി. വിവേകാനന്ദൻ ഹാജരാക്കിയിട്ടുള്ള 1021/1982-ം നമ്പർ ആധാരത്തിൽ അപേക്ഷകന് ബി പട്ടികയായി രണ്ടേക്കർ അറുപത്തി ആറര സെന്റ് വസ്തുവിൽ തെക്കേ അറ്റം കിഴക്കു മേക്കു നീളത്തിൽ 66 ½ സെന്റ് നീക്കി അതിനു വടക്കുവശം 2 ഏക്കർ വസ്തുവും 1711/88 നമ്പർ ഭാഗപത്ര പ്രകാരം സർവ്വമ്മക്ക് എ പട്ടികയായി 1021/82-ം നമ്പർ ആധാരത്തിൽ വിവരിക്കുന്ന 2 ഏക്കർ വസ്തു നീക്കി അതിനു തൊട്ടുതെക്കുവശം 66 ½ സെന്റ് വസ്തുവും നൽകിയിട്ടുണ്ട്. ടി വസ്തുക്കൾ ബ്ലോക്ക് 31 ൽ റീസർവ്വെ 74/3,6 ൽ ഉൾപ്പെട്ടുവരുന്നു. അപേക്ഷകനും ശ്രീമതി. സർവ്വമ്മയും തങ്ങളുടെ വസ്തുക്കളിൽ അതിരുകല്ലുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായി അതിർത്തികൾ സ്ഥാപിച്ചിട്ടില്ലെന്നും സർവ്വെയർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ വ്യക്തമായ അതിർത്തികൾ ഇല്ലാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട കക്ഷികളെ കൂടിക്കാഴ്ച നടത്തി തീരുമാനം കൈകൊള്ളേണ്ടതാണെന്നും സർവ്വെയർ റിപ്പോർട്ട് ചെയ്തിരുന്നു.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

റിപ്പോർട്ടുകളുടേയും റിക്കാർഡുകളുടെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ കൂടിക്കാഴ്ച നടത്തി. കൂടിക്കാഴ്ചയിൽ ശ്രീമതി. സർവ്വെയർക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റ് വി വിവേകാനന്ദൻ താഴെ പറയുന്ന വാദങ്ങൾ ഉന്നയിച്ചു . പ്രൊഫസർ വിവേകാനന്ദൻ അവകാശപ്പെടുന്ന 1021/1982-ാം നമ്പർ ഇഷ്ടദാനാധാരം പ്രകാരം ലഭിച്ച 2 ഏക്കർ വസ്തു ടിയാന്റെ മാതാവ് തൈവാനി മീനാക്ഷിയുടെ വകയാണ്. ടി വസ്തുവാണ് മീനാക്ഷിയുടെ ഭർത്താവായ ഭഗവതിപ്പണിക്കർ പരാതികക്ഷിയ്ക്ക് എഴുതിനൽകിയത് . ആയതിനുള്ള അവകാശം വസ്തു എഴുതിനൽകിയ കക്ഷിയ്ക്ക് ഇല്ല . വസ്തുവിന്മേൽ അവകാശം സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി പരാതി കക്ഷി 1636/2007 എന്ന നമ്പറിൽ തിരുവനന്തപുരം മുൻസിഫ് കോടതിയിൽ ഒരു വ്യവഹാരം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ വ്യവഹാരം ഇപ്പോഴും നടന്നുവരുന്നു. വസ്തുവിന്റെ അവകാശം സ്ഥാപിക്കുന്നതിനായി പരാതിക്കാരൻ ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പർ കേസ് നിലനിൽക്കെ വസ്തു പോക്കുവരവ് ചെയ്ത് കിട്ടുന്നതിനായി അപേക്ഷ ബോധിപ്പിക്കാനോ ആയത് പരിഗണിക്കുവാനോ പാടുള്ളതല്ല. കൂടാതെ അപേക്ഷ വസ്തു 2 ഏക്കർ സ്ഥലം ഭാഗിച്ചു കിട്ടുന്നതിനായി മരണപ്പെട്ട മീനാക്ഷിയുടെ മകൾ സർവ്വമ്മ , ശ്രീരംഗൻ, സ്വയംപ്രഭ എന്നിവർ വിവേകാനന്ദൻ എന്നിവരെയും കൂടി കക്ഷി ചേർത്ത് ഫയൽ ചെയ്ത O.S. 1950/2010 നമ്പർ സിവിൽ കേസ് നടന്നുവരുന്നു. ആയതിനാൽ സിവിൽ കോടതിയുടെ തീരുമാനത്തിനുശേഷം മാത്രമേ ഈ കേസിൽ തീരുമാനം ഉണ്ടാകാൻ പാടുള്ളൂ.

പ്രസ്തുത കൂടിക്കാഴ്ചയിൽ പ്രൊഫസർ ബി വിവേകാനന്ദൻ താഴെ പറയുന്ന വാദങ്ങൾ ഉന്നയിച്ചു. എനിക്ക് ലഭിച്ച 2 ഏക്കർ വസ്തുവിന്റെ തൊട്ട് തെക്കുവശം ആണ് എന്റെ സഹോദരി സർവ്വമ്മക്ക് നൽകിയ 66 ½ സെന്റ് സ്ഥലം. എന്റെ സ്ഥലം റീസർവ്വെയ്ക്ക് മുമ്പ് തന്നെ പോക്കുവരവ് ചെയ്തിരുന്നതാണ്. (T.P 4130) റീസർവ്വെ നിലവിൽ വന്നപ്പോൾ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ആയത് രേഖപ്പെടുത്തി പ്രത്യേക സബ് ഡിവിഷൻ ആയി വരേണ്ടിയിരുന്നു. എന്നാൽ റീസർവെ വന്നപ്പോൾ അച്ഛന്റെ പേരിൽ ശേഷം കിടന്ന വസ്തുവും എനിക്ക് തന്ന വസ്തുവും മാതാവിന്റെ പേരിൽ കിഴക്ക് ഭാഗത്തായി വാങ്ങിയ വസ്തുവും ഒന്നായി ചേർന്ന് ഒരു നമ്പറിൽ വന്നു. തുടർന്ന് എന്നെ അറിയിക്കാതെ രണ്ടേക്കറിന്റെ തെക്കുവശത്തിനു പകരം എനിക്ക് തന്ന ഭാഗവും കൂടി ചേർത്ത് സബ് ഡിവിഷൻ ചെയ്ത് എതിർകക്ഷിയുടെ പേരിൽ നൽകി. ടി നടപടി ആധാരവ്യവസ്ഥയ്ക്ക് എതിരും നടപടിക്രമത്തിനെതിരുമാണ്. ആയത് റദ്ദ് ചെയ്യണം. കൂടാതെ ടി വസ്തു മാതാവ് തൈവാനി മീനാക്ഷിയുടെ താണെന്നവാദം പൂർണ്ണമായും തെറ്റാണ്. ടി വസ്തുക്കൾ 1118 ലെ 10889, 1119 ലെ 1416, 1119 ലെ 1417, 1951 ലെ 38 എന്നീ ആധാരങ്ങൾ പ്രകാരം എന്റെ അച്ഛന്റെ പേരിൽ വിലയ്ക്ക് വാങ്ങിയതാണ് 2 ഏക്കർ 66 ½ സെന്റ് ഉൾപ്പെടെയുള്ള സ്ഥലങ്ങൾ. എന്റെ മാതാവ് മീനാക്ഷിക്കുള്ള 75 ½ സെന്റ് സ്ഥലം എന്റെ അച്ഛന്റെ വസ്തുവിന്റെ കിഴക്ക് ഭാഗം ആണ് (1122 ലെ 1635 വിലയാധാരം) എന്റെ അച്ഛൻ, അമ്മ മരണപ്പെടുന്നതിന് മുമ്പാണ് മരണപ്പെട്ടത്. അച്ഛന്റെ മരണശേഷം ഞാനും സർവ്വമ്മയും എല്ലാവരും കൂടെ ചേർന്നാണ് 1988 ലെ 1711-ാം നമ്പർ ഭാഗപത്രം തയ്യാറാക്കിയത്.

ഇരു കക്ഷികളുടെയും വാദങ്ങൾ പരിശോധിച്ചതിലും റിക്കാർഡുകളൾ പരിശോധിച്ചതിലും അപേക്ഷകനെ സംബന്ധിച്ച് പരാതിക്കാസ്പദമായ വിഷയം ഉടലെടുത്തത് വെങ്ങാന്തൂർ വില്ലേജിൽ റീസർവ്വെ നിലവിൽ വന്നതിനെ തുടർന്നാണ് . റീസർവ്വെയ്ക്ക് മുമ്പ് അപേക്ഷകൻ ടിയാന് ലഭിച്ച 2 ഏക്കർ സ്ഥലം പോക്കുവരവ് ചെയ്ത് കരം അടച്ചുവന്നിരുന്നു. എന്നാൽ റീസർവെ നിലവിൽ വന്നപ്പോൾ അപേക്ഷകന് ലഭിച്ച സ്ഥലവും സഹോദരിമാർ സർവ്വമ്മ, സ്വയംപ്രഭ എന്നിവർക്ക് ലഭിച്ച വസ്തുവും കൂടിചേർന്ന് ഒന്നായി ടിയാളുകളുടെ മാതാവ് തൈവാനി മീനാക്ഷിയുടെയും പിതാവ് കൊച്ചൻ ഭഗവതിയുടേയും പേരിൽ 655-ാം നമ്പർ തണ്ടപ്പേർ പ്രകാരം ബ്ലോക്ക് 31-ൽ റീസർവ്വെ നമ്പർ 74/3 ൽ 01.23.90 ഹെക്ടർ പുരയിടമായി വന്നു. തുടർന്ന് റീസർവ്വെയ്ക്ക് ശേഷം സർവ്വെ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അദാലത്തിലൂടെ LR. 1230/93 നമ്പർ തീർച്ചപ്രകാരം 1711/88 നമ്പർ ആധാരത്തിലെ എ പട്ടിക പ്രകാരം സർവ്വമ്മക്ക് ലഭിച്ച 66 ½ സെന്റിന് 26.70 ആർ സ്ഥലം 74/6 എന്ന പുതിയ സബ് ഡിവിഷൻ തയ്യാറാക്കി സർവ്വമ്മ പേരിൽ 6434-ാം നമ്പർ തണ്ടപ്പേർ പിടിച്ചിട്ടുള്ളതായി കണ്ടു. പ്രസ്തുത സബ് ഡിവിഷൻ അപേക്ഷകനായ പ്രൊഫസർ ബി വിവേകാനന്ദന്റെ പേരിൽ 1021/1982-ാം നമ്പർ ആധാരത്തിലെ ' B ' പട്ടികപ്രകാരം ലഭിച്ച 2 ഏക്കർ സ്ഥലം നിലനിറുത്താതെയാണ് ചെയ്തതെന്നും 1982 ലെ ആധാരം പരിഗണിച്ചതിനുശേഷം 1988 ലെ ആധാരം പരിഗണിക്കാവൂ എന്നുമാണ് പ്രധാന ആരോപണം. അപേക്ഷകന്റെ പരാതി ഒരു സർവ്വെ സബ് ഡിവിഷനെ സംബന്ധിച്ചായതിനാലും ആയത് സർവ്വെ ഡിവിഷനെതിരെയുള്ള ഒരു അപ്പീൽ ആയിമാത്രമേ പരിഗണിക്കാൻ സാധിക്കൂ എന്നതിനാലും വിശദമായ റിപ്പോർട്ട് , റിക്കാർഡുകൾ സഹിതം സബ് കളക്ടർക്ക് അയച്ചുനൽകിയിരുന്നു. സബ് കളക്ടർ റിക്കാർഡുകൾ പരിശോധിച്ചും കക്ഷികളെ കേട്ടും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

സബ് കളക്ടറുടെ പരാമർശം (3) നടപടി ക്രമത്തിൽ ഇപ്രകാരം ഉത്തരവായിരുന്നു. " തിരുവനന്തപുരം തഹസിൽദാർ (ഭൂരേഖ)യുടെ റിപ്പോർട്ടിന്റെയും അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിലും കക്ഷികളുടെ വാദം കേട്ടതിൽ നിന്നും തിരുവനന്തപുരം താലൂക്കിൽ വെങ്ങാന്നൂർ വില്ലേജിൽ ബ്ലോക്ക് 31 ൽ 74/6 നമ്പർ റീസർവ്വെ നമ്പറിൽപ്പെട്ട വസ്തുവിൽ നിലവിൽ അതിർത്തി തിട്ടപ്പെടുത്തുന്നതിനും അവകാശം സ്ഥാപിച്ചു കിട്ടുന്നതിനും O.S. 1636/07 നമ്പർ കേസ് ഉള്ളതായി മനസ്സിലാക്കുന്നു. വസ്തുവിന്റെ അവകാശം സംബന്ധിച്ച വസ്തുതയിന്മേൽ അന്തിമതീരുമാ ബന്ധപ്പെട്ട കോടതിയുടേതാണെന്നതിനാലും ടി അവകാശം നിർണ്ണയിക്കുവാൻ റവന്യൂ അധികാരികൾക്ക് അധികാരമില്ലായെന്നു പോക്കുവരവ് ഠൂൾ 1966 ലെ സെക്ഷൻ 16 ൽ നിഷ്കർഷിച്ചിട്ടുള്ളതിനാലും അതിർത്തിതർക്കം സംബന്ധമായ അന്തിമവിധി കോടതിയിൽ നിന്നും ഉണ്ടാകുന്ന മുറയ്ക്ക് ആധാരവും

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കൈവശവും അനുസരിച്ച് അപേക്ഷകന് പോക്കുവരവ് നടത്തി കൊടുക്കുന്നതിന് തിരുവനന്തപുരം തഹസിൽദാർ (ഭൂരേഖ)യ്ക്ക് നിർദ്ദേശം നൽകി ഇതിനാൽ ഉത്തരവാകുന്നു."

സബ് കളക്ടറുടെ ഉത്തരവിനെതിരെ പ്രൊഫസർ ബി വിവേകാനന്ദൻ റിവിഷൻ ഹർജി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും റിവിഷൻ ഹർജിയിന്മേൽ പരാമർശം (4) പ്രകാരം ഉത്തരവ് ആകുകയും ഉണ്ടായി. ജില്ലാ കളക്ടറുടെ പ്രസ്തുത ഉത്തരവ് പ്രകാരം, തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ വെങ്ങാന്നൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 31 ൽ 655 നമ്പർ തണ്ടപ്പേർ പ്രകാരം റീസർവ്വെ 74/3 ൽ പ്പെട്ട 01.23.90 ഹെക്ടർ വസ്തുവിൽ നിന്നും 74/6 എന്ന സബ് ഡിവിഷൻ വേർതിരിച്ചപ്പോൾ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകാതെയും ഓരോരുത്തരുടെയും ഓഹരി വേർതിരിക്കുന്ന അതിർത്തി ഭൂമിയിൽ ഇല്ലാത്തതിനാലും സർവ്വമ്മക്ക് 1993 ൽ സർവ്വെ അദാലത്ത് LR 1230/93 പ്രകാരം അനുവദിച്ച 74/6 എന്ന സബ് ഡിവിഷൻ റദ്ദ് ചെയ്ത് പഴയ നിലയിൽ നിലനിർത്തുവാൻ ഉത്തരവ് ആയിരുന്നു. കൂടാതെ റീസർവ്വെ 74/3 ൽ ഉൾപ്പെട്ട വസ്തു ശ്രീ. വിവേകാനന്ദൻ, ശ്രീമതി. സർവ്വമ്മ, ശ്രീമതി. സ്വയംപ്രഭ എന്നിവർക്കും വെങ്ങാന്നൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 31 റീസർവ്വെ 74/3 നോട് ചേർന്ന് വരുന്ന സർവ്വെ നമ്പറിൽപ്പെട്ട ഭൂ ഉടമകൾക്കും മുൻകൂർ നോട്ടീസ് നൽകിയ ശേഷം ഹെഡ് സർവ്വെയറുടെ മേൽ നോട്ടത്തിൽ ഭൂമി സർവ്വെ ചെയ്ത് കക്ഷികളുടെ മാതാപിതാക്കളുടെ പേരിൽ കൂട്ടായി കിടക്കുന്ന റീസർവ്വെ നമ്പർ 74/3 ൽ പ്പെട്ട വസ്തുവിനെ എൽ ആർ എം മുഖേന സബ് ഡിവിഷൻ ചെയ്ത് മാതാപിതാക്കളുടെ പേരിൽ പ്രത്യേകം മാറ്റിയ ശേഷം കൈവശം ഭൂമിയുടെ അതിർത്തിയും ഭൂമിയിലെ അവകാശം സംബന്ധിച്ച രേഖകളും പരിശോധിച്ച് അതാത് കക്ഷികളുടെ പേരിൽ സബ് ഡിവിഷൻ ചെയ്ത് തണ്ടപ്പേരും പിടിച്ചുനൽകേണ്ടതാണ്. മേൽ പ്രകാരമുള്ള നടപടി ക്രമം ഒരു മാസത്തിനകം പൂർത്തിയാക്കേണ്ടതാണ്. ബഹുമാനപ്പെട്ട മുൻസിഫ് കോടതി

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

മുൻപാകെ പരിഗണനയിലുള്ള O.S1636/07, O.S 1950/2010 എന്നീ കേസുകളിൽ അതിർത്തി തർക്കവും ഭൂമിയിലുള്ള അവകാശവും സംബന്ധിച്ച് അന്തിമ വിധി ഉണ്ടാകുന്നമുറക്ക് വില്ലേജ് രേഖകളിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്.

ജില്ലാ കളക്ടറുടെ പരാമർശം (4) ഉത്തരവിൽ 3 കാര്യങ്ങളെ സംബന്ധിച്ചാണ് വ്യക്തമായ നിർദ്ദേശം നൽകിയിരുന്നത്.

1) വെങ്ങാന്നൂർ വില്ലേജിൽ ബ്ലോക്ക് 31 ൽ 655-ാംനമ്പർ തണ്ടപ്പേരിൽ പ്പെട്ട റീസർവ്വെ 74/3 ൽ 01.23.90 ഹെക്ടർ വസ്തുവിൽ നിന്നും ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകാതെ 1993 ൽ സർവ്വെ അദാലത്ത് LR 1230/93 പ്രകാരം സബ് ഡിവിഷൻ ചെയ്ത് രൂപീകരിച്ച 74/6 എന്ന സബ് ഡിവിഷൻ റദ്ദ് ചെയ്ത് പഴയ നിലയിൽ നിലനിർത്തുക.

2) റീസർവ്വെ 74/3 ൽ ഉൾപ്പെട്ട വസ്തു ശ്രീ. വിവേകാനന്ദൻ, ശ്രീമതി. സർവ്വമ്മ, ശ്രീമതി. സ്വയംപ്രഭ എന്നിവർക്കും ടി വസ്തുവിന്റെ അയൽ വസ്തു ഉടമസ്ഥർക്കു മുൻകൂർ നോട്ടീസ് നൽകി ഹെഡ് സർവയറുടെ മേൽ നോട്ടത്തിൽ ഭൂമി സർവ്വെ ചെയ്ത് സബ് ഡിവിഷൻ ചെയ്ത് മാതാപിതാക്കളുടെ പേരിൽ പ്രത്യേകം മാറ്റുക.

3) മാതാപിതാക്കളുടെ പേരിൽ പ്രത്യേകം പ്രത്യേകം മാറ്റിയശേഷം കൈവശ ഭൂമിയുടെ അതിർത്തിയും ഭൂമിയിലെ അവകാശം സംബന്ധിച്ചരേഖകളും പരിശോധിച്ച് അതാത് കക്ഷികളുടെ പേരിൽ സബ് ഡിവിഷൻ ചെയ്ത് തണ്ടപ്പേരും പിടിച്ചുനൽകുക.

മേൽ പറഞ്ഞ നിർദ്ദേശങ്ങളിൽ ഒന്നാമത്തെതായ സർവ്വെ അദാലത്ത് LR 1230/93 പ്രകാരം രൂപീകരിച്ച 74/6 എന്ന സബ് ഡിവിഷൻ റദ്ദ് ചെയ്ത് വിസ്തീർണ്ണം പുനസ്ഥാപിച്ച് മൻ തണ്ടപ്പേർ 655 ൽ 01.23.90 ഹെക്ടർ നിലനിറുത്തിയിട്ടുള്ളതായി പരാമർശം (5) പ്രകാരം വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രണ്ടാമത്തെ നിർദ്ദേശം അനുസരിച്ച് ബന്ധപ്പെട്ട

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

എല്ലാ കക്ഷികൾക്കും ഫാറം നമ്പർ 6 ൽ നോട്ടീസ് നൽകി ഹെഡ് സർവ്വെയറുടെ നേതൃത്വത്തിൽ സർവ്വെ ടീം സബ് ഡിവിഷൻ ജോലികൾ ചെയ്യുന്നതിനായി തഹസിൽദാർ (ഭൂരേഖ) ഉൾപ്പെടെയുള്ളവർ സ്ഥലം സന്ദർശിക്കുകയും എന്നാൽ സബ് ഡിവിഷൻ ചെയ്യേണ്ട വസ്തുക്കളുടെ അതിർത്തിയെ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികൾ ശക്തമായ തർക്കം ഉന്നയിച്ച സാഹചര്യത്തിൽ സബ് ഡിവിഷൻ ജോലികൾ പൂർത്തീകരിക്കാൻ സാധിക്കാതെ സർവ്വെ ടീം മടങ്ങിയിട്ടുള്ളതുമാണ്. തുടർന്ന് ഹെഡ് സർവ്വെയർ പരാമർശം (6) പ്രകാരം റിപ്പോർട്ടും സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിൽ കൊച്ചൻ ഭഗവതി പണിക്കാർക്ക് നേമം SRO യിലെ 1118 ലെ 10889 നമ്പർ വിലയാധാര പ്രകാരം മുസർവ്വെ 369/3 ൽ 2 ഏക്കർ 35 ½ സെന്റും 1119 ലെ 1416 നമ്പർ വിലയാധാരം പ്രകാരം മുൻസർവ്വെ 369/3 ൽ 35 സെന്റും 1119 ലെ 1417 നമ്പർ വിലയാധാര പ്രകാരം മുൻസർവ്വെ 369/3 ൽ 35 സെന്റും വെങ്ങാന്നൂർ SRO യുടെ 1951 ലെ 38-ാം നമ്പർ വിലയാധാര പ്രകാരം മുൻ സർവ്വെ 369/3 ൽ 10 സെന്റും കൂടാതെ ഒറ്റിയും കുഴിക്കാണവും ആധാരപ്രകാരം സിദ്ധിച്ച 17- സെന്റിൽ ഒഴിഞ്ഞുകൊടുത്ത 11 സെന്റ് കഴിച്ച് ബാക്കി 6 സെന്റും ഉൾപ്പെടെ ആകെ വസ്തുവിൽ നിന്നും വില കൊടുത്ത 55 സെന്റ് കഴിച്ചുള്ള 2 ഏക്കർ 66 ½ സെന്റും വസ്തുവിൽനിന്നും തെക്കുവശം 66 ½ സെന്റും നീക്കി വടക്കുവശം 2 ഏക്കർ വസ്തു കൊച്ചിൻ ഭഗവതി പണിക്കർ മകൻ പ്രൊഫസർ ബി . വിവേകാനന്ദന് തിരുവല്ലം SRO യുടെ 1982 ലെ 1021 നമ്പർ ഇഷ്ടദാനാധാര പ്രകാരം ൻ കിയിരുന്നതും ടി 2 ഏക്കർ 66 ½ സെന്റ് വസ്തു ഉൾപ്പെടെയുള്ള 5 ഏക്കർ 22 സെന്റ് വസ്തുവിലുൾപ്പെട്ട വസ്തുവിന്റെ വടക്കു കിഴക്കു മൂല ഒപ്പിച്ചുള്ള 75 ½ സെന്റ് സ്ഥലം ബാലരാമപുരം SRO യുടെ 1122 ലെ 1630 നമ്പർ വിലയാധാര പ്രകാരം ശ്രീമതി. മീനാക്ഷി അവർകൾക്കും സിദ്ധിച്ചിട്ടുണ്ടായിരുന്നതിനെ തിരുവല്ലം SRO യുടെ 1988 ലെ 1711 നമ്പർ ഭാഗപത്രത്തിലെ 'D ' പട്ടികയിലുൾപ്പെടുത്തി ശ്രീമതി. സ്വയം പ്രഭയ്ക്ക് സിദ്ധിച്ചിട്ടുള്ളതായും ടി കൊച്ചൻ ഭഗവതിപണിക്കർക്ക് ശേഷിപ്പുണ്ടായിരുന്ന 66 ½ സെന്റ് 1711 നമ്പർ ഭാഗ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പത്രത്തിലെ ' A' പട്ടികയിലുൾപ്പെടുത്തി സർവ്വമ്മക്ക് സിദ്ധിച്ചിട്ടുള്ളതായും കൊച്ചൻ ഭഗവതി പണിക്കർക്ക് 2 ഏക്കർ 66 ½ സെന്റും ശ്രീമതി. മീനാക്ഷിക്ക് 75 ½ സെന്റും ഉൾപ്പെടെ 3 ഏക്കർ 42 സെന്റ് ഉള്ളതായും എന്നാൽ റീസർവ്വെ റിക്കാർഡിൽ വെങ്ങാന്നൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 31 ൽ സർവ്വെ നമ്പർ 74/3 ൽ നിലവിൽ 3 ഏക്കർ 06 സെന്റ് (01.23.90 ഹെക്ടർ) മാത്രമേ ഉള്ളൂ എന്നും 1630/1122, 1021/1982, 1711/1988 എന്നീ ആധാരങ്ങളിലൊന്നും വശ അളവുകൾ ചേർത്തു കാണുന്നില്ലെന്നും മാതാപിതാക്കളുടെ ആധാര അവകാശികൾ തമ്മിൽ ശക്തമായ അതിർത്തി തർക്കം ഉള്ളതായും കക്ഷികൾ ആവശ്യപ്പെടുന്ന വസ്തുകൾക്ക് പ്രത്യേകം പ്രത്യേകം അതിർത്തി ഇല്ലാതെ ഒന്നായി കിടക്കുന്നതായും ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം റീസർവ്വെ നമ്പർ 74/3 നെ എൽ ആർ എം മുഖേന സബ് ഡിവിഷൻ ചെയ്യുന്നതിന് കേരള സർവ്വെ അതിരടയാളചട്ടങ്ങളിലെ 34-ാം നമ്പർ ചട്ടത്തിന് വിധേയമായ യാതൊരുരേഖയും അനുഭവാതിർത്തിയും ഇല്ലാത്ത സാഹചര്യത്തിൽ നിലവിലുള്ള O.S 1636/2007, O.S 1950/10 എന്നീ സിവിൽ കേസുകളുടെ അന്തിമ വിധി അനുസരിച്ച് മാത്രമേ സബ ഡിവിഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ എന്ന് വിശദമാക്കിയിരിക്കുന്നു.

ഈ സാഹചര്യത്തിൽ ജില്ലാ കളക്ടറുടെ ഉത്തരവിലെ മൂന്നാമത്തെ നിർദ്ദേശം അനുസരിച്ച് സബ് ഡിവിഷൻ ചെയ്ത് തണ്ടപ്പേർ പിടിക്കുന്നതിന് സാധിച്ചിരുന്നില്ല. ടി വിവരങ്ങൾ യഥാസമയം പരാമർശം (7) കത്ത് പ്രകാരം ജില്ലാ കളക്ടറെ അറിയിച്ചിരുന്നതും ജില്ലാ കളക്ടർ പരാമർശം (8) കത്ത് പ്രകാരം ബന്ധപ്പെട്ട എല്ലാ കക്ഷികൾക്കും നോട്ടീസ് നൽകി നേരിൽ കേട്ട് ടി വിഷയം നിയമപ്രകാരം രമ്യമായും പരിഹരിക്കാൻ ശ്രമിക്കേണ്ടതും ആയതിൻപ്രകാരം സ്വീകരിച്ച തീരുമാനം ബന്ധപ്പെട്ട കക്ഷികളെയും ജില്ലാ കളക്ടറുടെ കാര്യാലയത്തിനെയും അറിയിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എല്ലാ കക്ഷികളെയും 18/01/2022 ൽ കേൾക്കുന്നതിന്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നോട്ടീസ് നൽകിയിരുന്നതും എന്നാൽ പരാതി കക്ഷിയായ പ്രൊഫസർ ബി. വിവേകാനന്ദൻ വ്യാജവും അടിസ്ഥാന രഹിതവുമായ ആരോപണങ്ങൾ ഉന്നയിച്ച് കൂടിക്കാഴ്ചക്ക് പങ്കെടുക്കുന്നതല്ല എന്ന് പരാമർശം (9) കത്തിലൂടെ അറിയിച്ചിരുന്നു. സർവ്വമ്മക്ക് വേണ്ടി അഡ്വക്കേറ്റ് വിവേകാനന്ദൻ എന്നവരും സ്വയംപ്രഭയ്ക്ക് വേണ്ടി അഡ്വക്കേറ്റ് പള്ളിച്ചൽ അശോകുമാർ എന്നവരും ഹാജരായി. പരാതിക്കാസ്പദമായ വസ്തുവിനെ സംബന്ധിച്ച് ഡോ. വിവേകാനന്ദൻ വാദിയായി O.S 1636/2007 നമ്പർ കേസും സർവ്വമ്മ, സ്വയംപ്രഭ എന്നിവർ വാദികളായി O.S. 1860/2010, O.S. 1950/2010 എന്നീ കേസുകളും തിരുവനന്തപുരം മുൻസിഫ് കോടതിയിൽ നടന്നുവരുന്നതായും ആയതിനാൽ ടി കേസുകളുടെ അന്തിമ തീരുമാനം ഉണ്ടാകാതെ ഈ കേസിന്മേൽ തുടർ നടപടി സ്വീകരിക്കരുതെന്ന് കക്ഷികൾക്ക് വേണ്ടി ഹാജരായവർ ആവശ്യപ്പെട്ടു.

ഈ സാഹചര്യത്തിൽ ഫയലിൽ ലഭ്യമായ വിവിധ റിപ്പോർട്ടുകളും വില്ലേജ് റിക്കാർഡുകളും വിശദമായി പരിശോധിച്ചും നേരിൽ സ്ഥല പരിശോധന നടത്തിയും കക്ഷികളുടെ വാദങ്ങൾ കേട്ടും ജില്ലാ കളക്ടറുടെ നിർദ്ദേശം ഉൾക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

പരാതി കക്ഷിയായ പ്രൊഫസർ ഡോ. ബി വിവേകാനന്ദൻ എന്നയാളുടെ പ്രധാനപ്പെട്ട ആരോപണം 1021/1982 നമ്പർ ഇഷ്ടദാനാധാര പ്രകാരം മുൻപ് തന്നെ പോക്കുവരവ് ചെയ്ത് കരം അടച്ചു വന്നിരുന്നതാണെന്നും എന്നാൽ റീസർവ്വെ നിലവിൽ വന്നപ്പോൾ ആയത് പരിഗണിക്കാതെ തനിക്ക് ലഭിച്ച മറ്റ് വസ്തുക്കളോടൊപ്പം ബ്ലോക്ക് 31 ൽ റീസർവ്വെ 74/3 ആയി മാതാപിതാക്കളുടെ പേരിൽ ഉൾപ്പെട്ട് വന്നു എന്നും ആയതിനാൽ തന്റെ 2 ഏക്കർ സ്ഥലം സബ് ഡിവിഷൻ ചെയ്ത് തണ്ടപ്പേർ പിടിച്ച് കരം അടച്ചു നൽകണമെന്നാണ്. മറ്റൊരു പ്രധാന ആരോപണം തനിക്ക് വസ്തു ലഭിച്ചതിനുശേഷം

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

1711/1988 നമ്പർ ഭാഗാധാരത്തിലെ ' A' പട്ടികയായി ലഭിച്ച 66 ½ സെന്റ് സ്ഥലം തന്റെ അറിവോ സമ്മതമോ ഇല്ലാതെ തന്റെ 2 ഏക്കർ വസ്തുവിന്റെ ഭാഗം കൂടി ചേർത്ത് സർവ്വമ്മയ്ക്ക് 74/6 ആയി സബ് ഡിവിഷൻ ചെയ്ത് നൽകിയെന്നും ആയത് റദ്ദ് ചെയ്യണമെന്നുമാണ്. ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം ടി സബ് ഡിവിഷൻ 74/6 റദ്ദ് ചെയ്ത് വിസ്തീർണ്ണം തണ്ടപ്പേർ 655 ൽ പുനസ്ഥാപിച്ചിട്ടുണ്ട്. നിലവിൽ വെങ്ങാന്തൂർ വില്ലേജിൽ റീസർവ്വെ റിക്കാർഡുകൾ നിലവിൽ വന്ന 01/10/1993 ലെ അതേ അവസ്ഥ (Status) നില നിർത്തിയിട്ടുണ്ട്. ഒരു വില്ലേജിൽ റീസർവ്വെ നിലവിൽ വരുമ്പോൾ അതിനു തൊട്ടുമുമ്പുവരെയുള്ള എല്ലാ മാറ്റങ്ങളും അതായത് ഉടമസ്ഥത കൈവശം തുടങ്ങിയ എല്ലാ മാറ്റങ്ങളും ചേർത്ത് നാളതീകരിച്ച (Updated) റിക്കാർഡുകളാണ് പ്രാബല്യത്തിൽ വരുന്നത്. അപേക്ഷയ്ക്ക് അവകാശം സിദ്ധിച്ച 1982 ലെ 1021-ാം നമ്പർ ആധാരവും ശ്രീമതി. സർവ്വമ്മ , ശ്രീമതി. സ്വയംപ്രഭ എന്നിവർക്ക് അവകാശം സിദ്ധിച്ച 1988 ലെ 1711-ാം നമ്പർ ആധാരവും ഒരുമിച്ച് മാത്രമേ റീസർവ്വെയ്ക്ക് വധേയമാക്കാൻ സാധിക്കുകയുള്ളൂ . അതായത് അപേക്ഷകന്റെ പ്രധാന അരോപണങ്ങളിൽ ഒന്നായ 1982 ൽ തനിക്ക് ലഭിച്ച ആധാരപ്രകാരം ഉള്ള വസ്തു ആദ്യം സബ് ഡിവിഷൻ ചെയ്തതിനുശേഷം മാത്രമേ 1988 ലെ ആധാരപ്രകാരം അവകാശം സിദ്ധിച്ചവസ്തു സബ് ഡിവിഷൻ ചെയ്യാവൂ എന്ന വാദം റീസർവ്വയിൽ സ്വീകാര്യമല്ലാത്തതാണ്. 1982 ലെ 1021-ാം നമ്പർ ഇഷ്ടദാനാധാര പ്രകാരം അപേക്ഷകയായ ശ്രീ. ബി വിവേകാനന്ദന് 2 ഏക്കർ സ്ഥലവും 1988 ലെ 1711-ാം നമ്പർ ഭാഗപത്രത്തിലെ ' A' പട്ടിക പ്രകാരം സർവ്വമ്മയ്ക്ക് 66 ½ സെന്റും ' D ' പട്ടിക പ്രകാരം സ്വയംപ്രഭക്ക് 75 ½ സെന്റ് ഉൾപ്പെട്ട ആകെ 3 ഏക്കർ 42 സെന്റാണ് സബ് ഡിവിഷൻ ചെയ്യേണ്ടത്. എന്നാൽ റീസർവ്വെ പ്രകാരം ബ്ലോക്ക് 31 ൽ റീസർവ്വെ 74/3 ൽ ആകെ 3 ഏക്കർ 06 സെന്റ് സ്ഥലം മാത്രമേ അളവിൽ പ്രകാരം ഉള്ളൂ. അതായത് മൂന്ന് കക്ഷികളും അവകാശപ്പെടുന്ന വിസ്തീർണ്ണത്തിൽ ആകെ 36 സെന്റിന്റെ കുറവുണ്ട്. ഈ കുറവാണ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കക്ഷികൾ തമ്മിലുള്ള തർക്കത്തിന്റെ മൂലകാരണം എന്ന് മനസിലാക്കുന്നു . മുൻ ആധാരങ്ങളിൽ ശേഷിപ്പുണ്ടായിരുന്ന വസ്തുക്കൾ കടലാസിൽ മാത്രം വിഭജനം നടത്തി ആധാരം തയ്യാറാക്കിയതിലുള്ള പിശകാണെന്ന് വ്യക്തമാണ്. ആധാരം എഴുതുന്നതിനുമുമ്പ് കൈവശ വസ്തുക്കൾ അളന്ന് തിട്ടപ്പെടുത്തി കൃത്യമായ വശ അളവുകൾ ചേർത്ത് ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളതായി കാണുന്നില്ല. 1021/1982 എന്ന ആധാരത്തിലെയും 1711/1988 എന്ന ആധാരത്തിലെയും പട്ടികകളോടൊപ്പം ഉള്ള വസ്തു വിവരണത്തിൽ വസ്തു ഫീൽഡിൽ ഫിക്സ് ചെയ്ത് നിറുത്തുന്നതിന് സഹായകരമായ ഒരു രേഖപ്പെടുത്തലുകളും ഇല്ല. മാത്രവുമല്ല പ്രൊഫസർ ബി. വിവേകാനന്ദന് 1021/1982 നമ്പർ ആധാരത്തിലെ ബി പട്ടികയായി ലഭിച്ച സർവ്വെ 369/3 ൽ, 2 ഏക്കർ വസ്തുവിന്റെ എല്ലുകയും ശ്രീമതി. സർവ്വമ്മയ്ക്ക് ലഭിച്ച 1711/1988 എന്ന ആധാരത്തിലെ ' A' പട്ടിക സർവ്വെ 369/3 ൽ 66 ½ സെന്റ് വസ്തുവിന്റെ എല്ലുകയും ശ്രീമതി. സ്വയംപ്രഭയ്ക്ക് ലഭിച്ച ' D ' പട്ടിക സർവ്വെ 369/3-ൽ 75 ½ സെന്റ് സ്ഥത്തിന്റെ എല്ലുകയും ഒന്നാണ്. അതായത് എല്ലാ പട്ടികയിലും എല്ലുകയായി " ഏലാക്ക് മേക്ക് പുത്തറകുന്നിന് വടക്ക്, കണ്ടു കൃഷി പുരയിടങ്ങൾക്കി കിഴക്ക്, പണ്ടാരവിളാകത്തിന് തെക്ക് " എന്ന് രേഖപ്പെടുത്തികാണുന്നു. ഒരു വസ്തുവിനെ മറ്റേ വസ്തുവിൽ നിന്നും വേർ തിരിച്ചറിയുന്നതിന് സഹായകമായ വിവരണങ്ങൾ ഒന്നും തന്നെ ആധാരത്തിൽ ഇല്ല . ഞാൻ നേരിട്ട് സ്ഥലപരിശോധന നടത്തിയതിൽ കണ്ടത് എന്തന്നാൽ മൂന്ന് കക്ഷികളും അവകാശപ്പെടുന്ന സ്ഥലം വേർത്തിരിച്ചറിയുന്നതിന് ആവശ്യമായ അതിർത്തികൾ ഒന്നും ഇല്ലാതെ റീസർവ്വെ പ്രകാരം ഉള്ള 3.06 ഏക്കർ സ്ഥലവും ഒറ്റ ഫീൽഡായി കിടക്കുന്നു എന്നതാണ്.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

6/7/64/2024/Tapal CLR

1961 ലെ കേരള സർവ്വെ അതിരടയാള നിയമത്തിലെ വകുപ്പ് 10 പ്രകാരം തർക്കമുള്ള അതിർത്തിയെപ്പറ്റി തീരുമാനിക്കാനും തർക്ക കാരണങ്ങൾ കാണിച്ച് അത് രേഖപ്പെടുത്താനും അധികാരം ഉണ്ട്. എന്നാൽ 1964 ലെ സർവ്വെ അതിരടയാള ചട്ടങ്ങളിലെ ചട്ടം 34 പ്രകാരം പുതുതായി നിർണ്ണയം ചെയ്യേണ്ട സബ് ഡിവിഷൻ അതിർത്തി അതിന്റെ അളവും വിസ്തീർണ്ണവും കാണിക്കുന്ന സർക്കാർ രേഖകളും പ്രമാണങ്ങളുമുണ്ടെങ്കിൽ അവയ്ക്കനുസൃതമായിരിക്കണമെന്നും അപ്രകാരമുള്ള രേഖകൾ അളവും വിസ്തീർണ്ണവും ആകൃതിയും രേഖപ്പെടുത്തിയായിരിക്കണമെന്നും അത്തരം രേഖകളുടെയും പ്രമാണങ്ങളുടെയും അഭാവത്തിൽ സ്ഥലത്ത് കാണുന്ന പ്രകാരം അനുഭവാതിർത്തിക്കനുസരണമായി സർവ്വെ ചെയ്യേണ്ടതും അതിർത്തി രേഖപ്പെടുത്തേണ്ടതുമാണെന്നാണ്. വസ്തുക്കളുടെ അതിർത്തിയും വിസ്തീർണ്ണവും പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തിയിട്ടുള്ള സർക്കാർ രേഖകൾ ലഭ്യമല്ലങ്കിലും ആധാരം ലഭ്യമാണ്. എന്നാൽ ആധാരത്തിൽ ചട്ടം 34 ൽ വിവരിക്കുന്നതുപോലെ വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അളവും ആകൃതിയും രേഖപ്പെടുത്തിയിട്ടില്ല. അത്തരം വിവരങ്ങളുടെ അഭാവത്തിൽ സ്ഥലത്തു കാണുന്നപ്രകാരം അനുഭവതിർത്തിക്കനുസരണമായി സർവ്വെ ചെയ്യാൻ സ്ഥലത്ത് അനുഭവാതിർത്തിയും കാണുന്നില്ല.

കൂടാതെ ജില്ലാ കളക്ടർ നിർദ്ദേശിച്ച രീതിയിൽ രമ്യമായി വിഷയം പരിഹരിക്കുന്നതിന് ശ്രമം നടത്തിയെങ്കിലും കക്ഷികൾ ആരും തന്നെ ഒരു വീട്ടു വീഴ്ചയ്ക്കും തയ്യാറാകുന്നില്ല. ഈ സാഹചര്യത്തിൽ തിരുവല്ലം SRO യുടെ 1021/1982 നമ്പർ ഇഷ്ടദാനാധാരത്തിലെ ബി പട്ടിക സർവ്വെ 369/3 ൽ 2 ഏക്കർ സ്ഥലം റീസർവ്വെ റിക്കാർഡു പ്രകാരം സബ് ഡിവിഷൻ ചെയ്യണമെന്ന് പ്രൊഫസർ ഡോ. ബി. വിവേകാനന്ദൻ എന്നവരുടെ ആവശ്യം തള്ളി അപേക്ഷ തീർപ്പാക്കുന്നു. സബ് ഡിവിഷൻ ചെയ്യേണ്ട വസ്തുക്കളുടെ അതിർത്തി അന്തിമമായി ഒരു സിവിൽ കോടതി മുഖാന്തിരം തീരുമാനം ആകുന്നതുവരെയോ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അല്ലെങ്കിൽ കക്ഷികൾ എല്ലാവരും രമ്യമായി അതിർത്തി തീരുമാനിക്കുന്നതുവരെയോ സാദ്ധ്യമല്ല എന്നും ഇതിനാൽ ഉത്തരവാകുന്നു. ഇപ്രകാരം അപേക്ഷ തീർപ്പാക്കുന്നു.

തഹസിൽദാർ (ഭൂരേഖ)
തിരുവനന്തപുരം

സ്വീകർത്താവ്

1. പ്രൊഫസർ ബി വിവേകാനന്ദൻ
   ഭഗവതി വിലാസ്, മംഗലത്തുകോണം
   ബാലരാമപുരം, തിരുവനന്തപുരം - 695501

2. സർവ്വമ്മ
   ദ്വാരക, റ്റി സി 51/2607
   എസ്റ്റേറ്റ് റോഡ്, പാപ്പനംകോട്

3. ശ്രീമതി. സ്വയംപ്രഭ
   പുല്ലൽവിള വീട്, പട്ടം,
   തിരുവനന്തപുരം

പകർപ്പ് -
1. ജില്ലാ കളക്ടർ, തിരുവനന്തപുരം
2. സബ് കളക്ടർ , തിരുവനന്തപുരം
3. സ്റ്റോക്ക് ഫയൽ - 1
4. അധിക പകർപ്പ് - 1

29/01/22

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പ്രൊഫ. ബി.വിവേകാനന്ദൻ സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.2510/2022/RD തീയതി,തിരുവനന്തപുരം, 05-06-2022

പരാമർശം:- 1. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 22/12/2020 ലെ ബി18- 6588/2019 നമ്പർ നടപടിക്രമം

2. പ്രൊഫ. വിവേകാനന്ദൻ സമർപ്പിച്ച 31/03/2022 ലെ റിവിഷൻ ഹർജി

ഉത്തരവ്

പരാമർശം (1) ലെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം നടപ്പിലാക്കണമെന്നും, 1982 മുതൽ പോക്കുവരവ് ചെയ്ത് പട്ടയം പിടിച്ച് കരം തീർത്തിരുന്ന തന്റെ രണ്ടേക്കർ വസ്തു കോടതി കമ്മിഷന് വേണ്ടി താലൂക്ക് സർവ്വെയർ ശ്രീ. ഷമീർ തയ്യാറാക്കിയ സർവ്വെ പ്ലാൻ പ്രകാരം സബ്ഡിവിഷൻ ചെയ്ത് തന്റെ പേരിൽ പോക്കുവരവ് ചെയ്ത് കരം സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രൊഫ.ബി.വിവേകാനന്ദൻ പരാമർശം (2) പ്രകാരം റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനെയും തിരുവനന്തപുരം ഭൂരേഖ തഹസിൽദാരെയും, തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ടിനെയും 17/05/2022 ന് നേരിൽ കേട്ടിരുന്നു. ഹിയറിംഗ് വേളയിൽ ഹർജിക്കാരൻ ചുവടെ പറയുന്ന കാര്യങ്ങൾ അറിയിച്ചു. 1982 ലെ 1021-ാം നമ്പർ ഇഷ്ടദാനാധാര പ്രകാരം തന്റെ പിതാവിൽ നിന്നും തിരുവനന്തപുരം താലൂക്കിൽ വെങ്ങാന്നൂർ വില്ലേജിലെ സർവ്വെ നമ്പർ 369/3 ൽ നിന്നും 2 ഏക്കർ വസ്തു ഇഷ്ടദാനമായി ലഭിച്ചു. ആയതനുസരിച്ച് 2 ഏക്കർ വസ്തു പോക്കുവരവ് ചെയ്ത് TP 4130 നമ്പർ തണ്ടപ്പേർ പ്രകാരം കരം അടച്ച് കൈവശം വച്ച് അനുഭവിക്കുകയായിരുന്നെന്നും കൂടാതെ തനിക്ക് ആവകാശം സിദ്ധിച്ച ടി ഇഷ്ടദാന ആധാരത്തിൽ "പട്ടിക വസ്തുക്കളുടെ ഇനം, സർവ്വെ നമ്പർ, സബ് നമ്പർ, വിസ്തീർണ്ണം, പട്ടയനമ്പർ ഇവകളിൽ വല്ല പിശകും വന്നുപോയിട്ടുണ്ടെങ്കിൽ, ആയത് വസ്തുക്കളുടെ കിടപ്പും കൈവശവും അനുസരിച്ച് നിങ്ങൾ തന്നെ അധികൃതരുമായി ശരിപ്പെടുത്തിച്ച് പോക്കുവരവ് ചെയ്തു കൊള്ളേണ്ടതും, അതിലേക്കൊന്നിനും തന്നെ മേലാൽ എന്റെ പ്രത്യേക സമ്മതമോ തിരുത്താധാരമോ ആവശ്യമില്ലാത്തതാകുന്നു" എന്ന പ്രത്യേകാധികാരം തന്നിരുന്നുവെന്നും, തന്റെ പിതാവിന്റെ മരണശേഷം 1988-ൽ അച്ഛന്റെ പേരിൽ കിടന്ന വസ്തുക്കളും, അമ്മയുടെ പേരിലുള്ള വസ്തുക്കളും ചേർത്ത് ഒരു കുടുംബഭാഗം നടത്തി, ആ ഭാഗപത്രപ്രകാരമാണ് 6 വർഷം മുമ്പ് 1982ൽ തനിക്ക് പിതാവ് നൽകിയ "രണ്ടേക്കർ വസ്തു നീക്കി അതിന് തൊട്ട തെക്കുവശത്ത് ശേഷം കിടക്കുന്ന" പുരയിടം ശ്രീമതി. മീനാക്ഷി സർവ്വമ്മക്കും, പ്രസ്തുത "രണ്ടേക്കർ വസ്തുവിന് തൊട്ട കിഴക്കു വശം കിടക്കുന്ന," എഴുപത്തി അഞ്ചര സെന്റ് സ്ഥലം ശ്രീമതി. മീനാക്ഷി സ്വയംപ്രഭക്കും, ലഭിച്ചതെന്നും ടിയാൻ അറിയിച്ചു.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

2) 1993 ൽ വെങ്ങാനൂർ വില്ലേജിൽ റീസർവ്വെ നടപ്പിലാക്കുമ്പോൾ 1982 മുതൽ TP 41ം നമ്പർ തണ്ടപ്പേർ പ്രകാരം തന്റെ കൈവശത്തിലുള്ള വസ്തു പ്രത്യേകം സബ്ഡിവിഷൻ ചെയ്യാതെ തന്റെ അറിവുകൂടാതെയും തനിക്ക് നോട്ടീസ് നൽകാതെയും ക്രമവിരുദ്ധമായും തന്റെ തണ്ടപ്പേരിൽ നിന്നും മാറ്റി തന്റെ വസ്തുവിന്റെ തെക്കുവശത്തും കിഴക്കുവശത്തും കിടന്ന മറ്റ് രണ്ടു വസ്തുക്കളുമായി കൂടി ചേർത്ത് 74/3 എന്ന ഒറ്റ സർവ്വെ നമ്പരിലാക്കിയെന്നും തന്നെ തണ്ടപ്പേര് സ്ഥാനത്ത് നിന്ന് നീക്കിയെന്നും, തുടർന്ന് 2014 ൽ ടി 2 ഏക്കർ വസ്തുവിന് കരം ഒടുക്കുവാൻ വെങ്ങാനൂർ വില്ലേജ് ഓഫീസിൽ പോയപ്പോഴാണ് ഈ വിവരം അറിഞ്ഞതെന്ന് 1988 മുതൽ 2014 വരെ ടി ഭൂമിക്കു കരം അടക്കാതിരുന്നത് സ്ഥലത്ത് ഇല്ലാതിരുന്നത് കൊണ്ടും ആയതിന്റെ നിയമ വശം അറിയാത്തത് കൊണ്ടാണെന്നും ടിയാൻ അറിയിച്ചു. തുടർന്ന് തന്റെ രണ്ടേക്കർ വസ്തുവിന് പട്ടാദാരെന്ന നിലയിൽ ടിയാനിൽ നിന്നും നാളിതുവരെയുള്ള കരം വാങ്ങുന്നതിന് വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകുന്നതിന് ബഹു. കേരള ഹൈക്കോടതിയിൽ WP(C)24568/2014 നമ്പരായി ഹർജി ഫയൽ ചെയ്തുവെന്നും, ടി ഹർജിയിലെ വിധിന്യായത്തിൽ പ്രസ്തുത രണ്ടേക്കർ വസ്തുവിന്റെ അസ്സൽ പ്രമാണവും, നാളിതുവരെയുള്ള Encumbrance സർട്ടിഫിക്കറ്റും ഹാജരാക്കിയാൽ, തുടർച്ചയായി നാളിതുവരെയുള്ള വസ്തുകരം ടിയാനിൽ നിന്നും സ്വീകരിച്ച്, കരരസീത് നൽകണമെന്ന് ഹൈക്കോടതി ഉത്തരവിട്ടുയെന്നും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഡോക്യുമെന്റ്സ് താൻ വില്ലേജ് ഓഫീസർക്ക് നൽകിയപ്പോൾ T. 655 നമ്പർ തണ്ടപ്പേരിൽ 0807987 നമ്പർ കരം രസീത് പ്രകാരം 1988 - 89 മുതൽ എന്നതിനു പകരം 1993 മുതൽ 2014-15 വരെ എന്നും, വസ്തുവിൽ തന്റെ പേര് പട്ടാദാർ എന്നതിനു പകരം കരമൊടുക്കിയ ആൾ എന്ന് മാറ്റുകയും ചെയ്തു എന്നും തുടർന്ന് കരം രസീതിൽ തന്നെ പട്ടാദാരായി കാണിക്കണമെന്നും 1988-89 മുതൽ കരം സ്വീകരിക്കണമെന്നും കാണിച്ച് തിരുവനന്തപുരം അഡീഷണൽ തഹസിൽദാർക്ക് പരാതി സമർപ്പിച്ചുവെന്നും, കൂടാതെ മറ്റ് റവന്യു കാര്യാലയങ്ങളിലും തന്റെ പേരിലുള്ള 2 ഏക്കർ വസ്തു പ്രത്യേകം സബ്ഡിവിഷൻ ചെയ്ത് തന്റെ പേരിൽ കരം സ്വീകരിക്കണമെന്നും കാണിച്ച് നിരവധി അപേക്ഷകൾ സമർപ്പിച്ചുവെന്നും അപ്രകാരമാണ് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (1) പ്രകാരം ടി രണ്ടേക്കർ വസ്തു സബ് ഡിവിഷൻ ചെയ്ത് നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചതെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് ഹെഡ് സർവ്വെയർ 27/01/2021 ൽ, കോടതി നിർദ്ദേശ പ്രകാരം താലൂക്ക് സർവ്വെയർ തയ്യാറാക്കിയ സർവ്വെ പ്ലാനുമായി പ്രസ്തുത സ്ഥലം പരിശോധിച്ചുയെന്നും എന്നാൽ എതിർ കക്ഷികളിൽ ഒരാളായ ശ്രീമതി. സ്വയംപ്രഭയുടെ മകൻ സർവ്വെയർ അയച്ച നോട്ടീസ് തനിക്ക് ലഭിച്ചില്ലെന്ന് അറിയിച്ചതിനാൽ സർവ്വെ നടപടി നിറുത്തിയെന്നും, രജിസ്റ്റേർഡ് പോസ്റ്റ് മുഖേന ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകിയ ശേഷം അളവ് നടപടി സ്വീകരിക്കാമെന്നും ഹെഡ് സർവ്വെയർ അറിയിച്ചുയെന്നും ടിയാൻ വിവരിച്ചു.

3) തുടർന്ന് രജിസ്റ്റേർഡ് പോസ്റ്റ് മുഖേന ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകിയ ശേഷം 12/02/2021 ൽ ടി സർവ്വെ നടപടികൾക്കായി ഹെഡ് സർവ്വെയറും ഭൂരേഖാ തഹസിൽദാരും അന്നേ ദിവസം വന്നുയെന്നും, ടി സർവ്വെയ്ക്ക് ഭൂരേഖ തഹസിൽദാർ നേരിട്ട് വന്നത് ദുരൂഹമാണെന്നും, അന്നേ ദിവസം ശ്രീമതി. സർവ്വമ്മയും മക്കളും, രജിസ്റ്റേർഡ് തപാൽ മുഖേന നോട്ടീസ് ലഭിച്ചിട്ടും ഹാജരായില്ലെന്നും ആയതിന് പകരം അവരുടെ ഏജന്റ് ആണ് അന്ന് ഹാജരായതെന്നും, എന്നാൽ അന്നേ ദിവസവും ടി വസ്തു സബ് ഡിവിഷൻ ചെയ്തില്ലെന്നും ടിയാൻ അറിയിച്ചു. കൂടാതെ ടി സർവ്വെയുമായി ബന്ധപ്പെട്ട് ഹെഡ്സർവ്വെയർ ഭൂരേഖാ തഹസിൽദാർക്ക് സമർപ്പിച്ച റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിച്ച കത്തിൽ ഭൂരേഖ തഹസിൽദാർ 12/02/2021 ൽ സർവ്വെയ്ക്കായി പരാതി സ്ഥലത്ത് ഹാജരായതായി

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

രേഖപ്പെടുത്തിയിട്ടില്ലെന്നും ആയത് ദുരൂഹമാണെന്നും, കൂടാതെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ 12.2020 ലെ ഉത്തരവിന് മുകളിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഭൂരേഖാ തഹസിൽദാർക്ക് അധികാരം ഇല്ലെന്നും കൂടാതെ ഭൂരേഖാ തഹസിൽദാരുടെ 24/01/2022 ലെ ഉത്തരവിൽ പറയുന്ന പല കാര്യങ്ങളും അസത്യമാണെന്നും ആയതിനാൽ ടി ഉത്തരവിന് സാധുതയില്ലെന്നും ടിയാൻ അറിയിച്ചു. ആയതിനാൽ റീസർവ്വെയ്ക്ക് മുൻപ് 1982 ലെ 1021-ാം നമ്പർ ഇഷ്ടദാന പ്രകാരം ലഭിച്ച് തന്റെ പേരിൽ പോക്കുവരവ് ചെയ്ത് കരമടച്ചുകൊണ്ടിരുന്ന 2 ഏക്കർ വസ്തു കോടതി കമ്മീഷനെ വെച്ച് താലൂക്ക് സർവ്വെയർ ശ്രീ. ഷമീർ തയ്യാറാക്കിയ സർവ്വെ പ്ലാൻ പ്രകാരം സബ്ഡിവിഷൻ ചെയ്ത് തന്റെ പേരിൽ പോക്കുവരവ് ചെയ്ത് കരം സ്വീകരിക്കണമെന്ന് ടിയാൻ ആവശ്യപ്പെട്ടു.

RDW(panel test for report only)
MPV (panel test for report only)
NEUT (panel test for report only)
LYM (panel test for report only)
UREA (panel test for report only)
CREATININE (panel test for report only)
BLOOD GROUP (panel test only)
PLATELET-COUNT(panel test for report only)

Sodium; serum
Potassium; serum
Blood Urea
Creatinine blood
ECG 12 lead
Chest PA Xray
CBC; WBC diff, RBC and Platele[HEM-PANEL]
WBC - COUNT(panel test for report only)
RBC-COUNT(panel test for report only)

Digital Signature will be attached here if exists

Signed By: Dr. Rajesh Jose

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

MEDICAL COLLEGE HOSPITAL

THIRUVANANTHAPURAM

DISCHARGE SUMMARY

Kalam A A, IP No: IP73483/19, Age: 70, Sex: M, Income: Rs.1600
Address: Paper Mill Po Niza Manzil Punaloor Ph. 9495166490

Unit: PS3
Unit Chief: Dr.Ranjith Sathyan

Admission Date: 28-09-2019 Discharge Date: 08-10-2019

FINAL DIAGNOSIS

Incisional Hernia, CAD

CLINICAL FEATURES

Incisionnal hernia x 1yr. H/o lower GI bleed - laparotomy and jejunal resection anastomosis done 1 1/2 yr back, [HPR - leiomyoma, margins free.] Post operative burst abdomen - secondary suturing done. Post operative CAD episode also - CAD TVD detected. CABG done 1 yr back. On Ticagrelor 60 BD, Ecospirin 150, Carvedilol 3.125, Atorva 20mg.
o/e subumbilical vertical midline scar - incisional hernia +, reducible. P/A soft - BS +, no supraumbilical recti diastasis.

TREATMENT GIVEN AND COURSE IN HOSPITAL

Incisional hernia repair done under CSEB on 3/10/19. Post operatively monitored in CCU. Shifted to ward POE 2. Post operative stay uneventful.

INVESTIGATION RESULT

Hb 11.4 TC 7600 P 61 L 31 Plat 2.41 lakh, O positive, HIV/HBsAg/HCV NR
PT/INR1.02, Ur/Cr 30/1.1, Na/K140/4.69,.FBS 123mg%
ECHo EF 39%RWMA +, stage 2 LVDD

OPERATION DETAILS

Post Operative Diagnosis

Incisional hernia

Operation Procedure

Operation Name: Incisional hernia repair Date: 03-10-2019

Anaesthesia: CSEB

Incisions

Existing subumbilical midline vertical incision excised

Findings

Midline defect 5x4cm.

Notes

Incision excising previous scar made.
Abdominal cavity opened.
Linea alba approximated in midline with no.1 polypropylene.
Subcutaneous 3-0polyglactin
Skin stapled.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

DISCHARGE SUMMARY

Kalam A A, IP No: IP73483/19, Age: 70, Sex: M, Income: Rs.1600

Address: Paper Mill Po Niza Manzil Punaloor Ph. 9495166490

Unit: PS3

Unit Chief: Dr.Ranjith Sathyan

Admission Date: 28-09-2019

Discharge Date: 08-10-2019

FOLLOW UP

Review on PS3 OPD on 12/10/19 Saturday

DISCHARGE ADVICE

1 T Mega CV 625 1-0-1 x 5days
2 T Pantop 40 1-0-0 x 5days
3 T Ticagrelor (Brilinta) 60mg 1-0-1 x to continue
4 T Ecospirin 150 mg 0-1-0 x to continue
5 T Carvedilol (cardivas) 3.125mg 1-0-1 x to continue
6 T Atorva (avas) 20mg 0-0-1 x to continue
7 Syp Looz 20mlo HS x 5days then SOS to avoid constipation
8 T Veltam plus 0.4mg 0-0-1 x 2weeks
10 Enzoheal L/A
11 Continue abdominal binder.

Entered By

Patrick Paul (Sr)



File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/5841234/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

റവന്യൂ (ഇ) വകുപ്പ്

REV-E3/393/2023-REV

16-08-2023,
തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ,
തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - ശ്രീമതി. ജെ. സി ശാന്തി സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.

സൂചന:- ശ്രീമതി. ജെ. സി ശാന്തി സമർപ്പിച്ച 27.07.2023 ലെ അപേക്ഷ

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ടി നിവേദനത്തിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ച് അപേക്ഷകയ്ക്ക് നേരിട്ട് മറുപടി നൽകുന്നതിനായി ടി നിവേദനത്തിന്റെ പകർപ്പ് ഇതോടൊന്നിച്ചയയ്ക്കുന്നു.

വിശ്വസ്തതയോടെ,
രാഹുൽ എ രാജ് കെ എ എസ്
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

രജി. തപാൽ അൽ. സ്വീകൃത QL 828262839

ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി
കേരള സർക്കാർ
തിരുവനന്തപുരം

മുമ്പാകെ



GENERAL ADMINISTRATION (OS 1) GOVT. OF KERALA
05 AUG 2023

ഹർജിക്കാരി : ജെ.സി. ശാന്തി,
C/o പ്ലോട്ട് 22, 'വൈശാഖ്,'
പി.ടി.പി.നഗർ പി.ഒ,
തിരുവനന്തപുരം- 695038

സർ,

വിഷയം:- വസ്തു പ്രമാണം ദുരുപയോഗം ചെയ്ത് വ്യാജ പ്രമാണ രജിസ്ട്രേഷന് എതിരായ പരാതി.

തിരുവനന്തപുരം ജില്ല സബ് ജില്ല ആര്യനാട് ഫർക്ക ആര്യനാട്, കാട്ടാക്കട താലൂക്ക് മണ്ണൂർക്കര വില്ലേജ്, മണ്ണൂർക്കര മാറാംകുഴി കിഴക്കുംകര മുറി റീ സർവ്വേ 504/1-ൽ പ്രമാണ നമ്പർ 3163/1974-ൽ എനിക്ക് 1/4 ഏക്കർ (25 സെന്റ്) വസ്തു ഉണ്ട് ടി വസ്തുവിന്റെ ഒറിജിനൽ കൈമോശം വന്നു. അതേ സമയം പ്രസ്തുത ആധാരം സ്ഥാപിത തൽപര കക്ഷികൾ ദുരുപയോഗം ചെയ്ത് ആൾമാറാട്ടത്തിലൂടെ കള്ള പ്രമാണം ചെയ്യുന്നതിനുള്ള സകലവിധ സാദ്ധ്യതകളും ഉള്ളതാണ്. അങ്ങനെ സംഭവിച്ചാൽ അത് എന്നെ തികച്ചും വിപരീതമായി ബാധിക്കും അങ്ങനെ വരുന്നത് എനിക്ക് വസ്തു നഷ്ടം മാത്രമല്ല സാമ്പത്തിക ചേതവും മാനസിക ക്ലേശവും ഉണ്ടാക്കും. കൂടാതെ പരിഹരിക്കാനാകാത്ത, ക്രമാതീതമായ, വിവരിക്കാനാകാത്ത കഷ്ടനഷ്ടങ്ങൾ എനിക്ക് സംഭവിക്കും. അതിനാൽ ടി വസ്തുവിന്റെ വിൽപന, കൈമാറ്റം, ഒറ്റി തുടങ്ങിയവ എന്റെ തിരിച്ചറിയൽ രേഖകൾ പരിശോധിച്ച് മാത്രമേ ആകാവൂ എന്നറിയിക്കുന്നു. കൂടാതെ ടി വസ്തുവിലെ എല്ലാ കൈമാറ്റങ്ങളും എന്നെ രേഖാമൂലം അറിയിച്ച് എന്റെ ഭാഗം കേട്ട ശേഷം മാത്രമേ ആകാവൂ എന്ന് ഇതിനാൽ അപേക്ഷിക്കുന്നു.

മേൽ പ്രസ്താവിച്ച കാര്യത്തിൽ അനുകൂലവും അനുഭാവപൂർവ്വവുമായ സത്വര നടപടികൾക്കായി അപേക്ഷിച്ചുകൊള്ളുന്നു.

ബഹുമാനപൂർവ്വം
വിശ്വസ്തതയോടെ

ജെ.സി.ശാന്തി
ഹർജിക്കാരി

തിരുവനന്തപുരം
~~/06/2023.~~
27/7/2023

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കളക്ടറേറ്റ് ,സിവിൽ സ്റ്റേഷൻ
കടപ്പനക്കുന്ന് ,തിരുവനന്തപുരം-43
ഫോൺ നം:0471 -2731210
ഫാക്സ് നം: 0471 -2731166
ഇ-മെയിൽ: dctvm.ker@nic.in
തീയതി: 17-08-2023

ജില്ലാ കളക്ടർ,
തിരുവനന്തപുരം.

കമ്മിഷണർ
ലാൻഡ് റവന്യു കമ്മീഷണറേറ്റ്
തിരുവനന്തപുരം

സർ,

വിഷയം:- റീസർവ്വേ കഴിയാത്ത വില്ലേജുകളിൽ ഓൺലൈൻ മുഖേന കരം ഒടുക്കാനും പോക്കുവരവ് ചെയ്യാനും കഴിയാത്തത്-സംബന്ധിച്ച്

സൂചന:- ഈ കാര്യാലയത്തിലെ 15/02/2023-ലെ മേൽനമ്പർ കത്ത്

****

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. തിരുവനന്തപുരം താലൂക്കിൽ റീസർവ്വേ കഴിയാത്ത വില്ലേജുകളായ കടകംപള്ളി, മുട്ടത്തറ വില്ലേജുകളിൽ ഓൺലൈൻ ആയി പോക്കുവരവ് ചെയ്യുന്നതിനും കരം ഒടുക്കുന്നതിനും സാങ്കേതിക തടസം നേരിടുന്നതിനാൽ പ്രസ്തുത വിഷയത്തിൽ സ്വീകരിക്കേണ്ട തുടർനടപടി സംബന്ധിച്ച് ഒരു സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനായി സൂചന പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. കരം ഒടുക്കാൻ കഴിയാത്തതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ പ്രസ്തുത വിഷയത്തിൽ സ്പഷ്ടീകരണം ലഭ്യമാകണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,
DEPUTY COLLECTOR
ജില്ലാ കളക്ടർക്കു വേണ്ടി.

ഇത് കംപ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാന്വവൽ ഒപ്പ് ആവശ്യമില്ല. ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന്https://eoffice.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.*

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/5899266/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ഇ) വകുപ്പ്

REV-E3/87/2023-REV

06-10-2023,
തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷമർ,
തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - ശ്രീ. അജ്മൽഖാൻ വിജിലൻസ് വകുപ്പിന് സമർപ്പിച്ച പരാതി - സംബന്ധിച്ച്.

സൂചന:- 1. 22.02.2023 ലെ ഇതേ നമ്പർ സർക്കാർ കത്ത്.

2. വിജിലൻസ് ഡയറക്ടറുടെ 16.05.2023 ലെ CPSP-2/3301/2023/DVACB നമ്പർ കത്ത്.

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 1 ലെ കത്തിന്റെ തുടർച്ചയായി സൂചന 2 പ്രകാരം സർക്കാരിൽ ലഭ്യമായ ശ്രീ. അജ്മൽഖാൻ വിജിലൻസ് വകുപ്പിന് സമർപ്പിച്ച പരാതിയുടെ പകർപ്പ് അടിയന്തിര നടപടിക്കായി ഇതോടൊന്നിച്ചയയ്ക്കുന്നു.

വിശ്വസ്തതയോടെ,
രാഹുൽ എ രാജ് കെ എ എസ്
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

RHG-E3/89/2023-RHG

7862082/2023/REG(OS)

'CORRUPTION, A CRIME AGAINST NATION'
ഭരണഭാഷ മാതൃഭാഷ

150 YEARS OF CELEBRATING THE MAHATMA

ഡയറക്ടറേറ്റ്,
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം.
ഇമെയിൽ : vig.vacb@kerala.gov.in
ഫോൺ : 04712305393
തീയതി. 16-05-2023

നമ്പർ.CPSP-2-3301/2023/DVACB

പ്രേഷകൻ

ഡയറക്ടർ
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി,
വിജിലൻസ് ഡിപ്പാർട്ട്മെന്റ്
ഗവ: സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

22 MAY 2023

സർ,

വിഷയം: പത്തനാപുരം വില്ലേജിൽ വസ്തുവിന്റെ അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട് പുനലൂർ RDO -യ്ക്കും താലൂക്ക് ഓഫീസിലേക്കും പത്തനാപുരം വില്ലേജ് ഓഫീസർ നൽകിയ റിപ്പോർട്ട് അടിസ്ഥാനരഹിതവും മാനഹാനി ഉണ്ടാക്കുന്നതും ആയതിനാൽ നടപടി സ്വീകരിക്കണമെന്നും മറ്റും ആരോപിച്ച് ശ്രീ അജ്മൽഖാൻ എം നൽകിയ പരാതി.

സൂചന : 1. GO(P)No.09/2017/Vig Dated 29.03.2017.
2. ഈ ഓഫീസിലെ 27.01.2023 ലെ ഇതേ നമ്പർ കത്ത്.
3. 06.02.2023 ലെ വിജി-ഇ1/19/2023-വിജി നമ്പർ സർക്കാർ കത്ത്.

സൂചനകളിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു.

മേൽ വിഷയം സംബന്ധിച്ച് ശ്രീ അജ്മൽഖാൻ എം, അജ്മൽമൻസിൽ, കുണ്ടയം പി ഒ, പത്തനാപുരം, കൊല്ലം ഈ ബ്യൂറോയിൽ നൽകിയ പരാതി സൂചന പ്രകാരം-2 പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ഇപ്പോൾ, വസ്തുവിൽ നിന്ന് മണ്ണ് മാറ്റുന്നതുമായും സംരക്ഷണ ഭിത്തി കെട്ടി നൽകുന്നതുമായും ബന്ധപ്പെട്ട് പത്തനാപുരം വില്ലേജ് ഓഫീസർ നൽകിയ റിപ്പോർട്ടിനെതിരായി ആക്ഷേപം ഉന്നയിച്ച് ടിയാൻ നൽകിയ പരാതി കൂടി സൂചന 1 പ്രകാരം ഉചിത നടപടികൾ സ്വീകരിക്കുന്നതിനായി ഇതൊടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ

ഇ എസ് ബിജുമോൻ
പോലീസ് സൂപ്രണ്ട് ഇന്റലിജൻസ്
ഡയറക്ടർക്ക് വേണ്ടി

File No. LR/9130/2025-LR(B3) (Computer No.
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



ഫോട്ടോകൾ.

രജിസ്ട്രേഷൻ നം. 20253
രജിസ്ട്രേഷൻ
കുണ്ടുമേൽ പി.ഒ, പത്തനാപുരം
കൊല്ലം - 689695.

സ്വീകർത്താവ്: ഡയറക്ടർ,
വിജിലൻസ് and ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം.

വിഷയം പെട്ടെ ഡയറക്ടർ രേഖകൾ തിരിച്ചു
ലഭിച്ചു സംബന്ധിച്ച്.

സർ, 27/07/2022 -ാം തിയ്യതിയിൽ 440/2022 -ാം
നമ്പർ കേസുകളുള്ള പത്തനാപുരം
വിജിലൻസിന്റെ റിപ്പോർട്ട് തിരുവനന്തപുരം വിജിലൻസ്
വിരുദ്ധമാണ്. എതിർകക്ഷിയുടെ സ്വാധീനമാണ് തിരുവനന്തപുരം
ൽ കാണുന്നത്.

23/06/2022 -ാം തിയ്യതിയിൽ 4040/21 -ാം നമ്പർ
നമ്പർ കേസുകളുള്ള പുനലൂർ R.D.O യുടെ
നിർദ്ദേശപ്രകാരമാണ് ഈ റിപ്പോർട്ട് സമർപ്പിക്കുന്നത്.

ടി സ്ഥലത്തിന്റെ ആധാരം സ്കെച്ച് വിവരം അന്വേഷിച്ച്
സമഗ്രമായ ഒരു തുടരന്വേഷണം നടത്തി കുറ്റപത്രം
സമർപ്പിക്കുന്നതിനാണ് പത്തനാപുരം വിജിലൻസ് ഡിവൈഎസ്പി
ഓഫീസിലേക്ക് നടപടി വിവരം റിപ്പോർട്ട് ചെയ്യണമെന്ന്
നിർദ്ദേശിച്ചത്. ഈ കാര്യത്തിലും 5 ദിവസത്തിനകം
നടപടി സ്വീകരിച്ചു റിപ്പോർട്ട് ചെയ്യണമെന്ന് അറിയിക്കുന്നു.

വിശ്വസ്തൻ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നടത്തി വയലിനോട് ചേർന്നുള്ള സ്ഥലം മണ്ണ് ഇട്ട് നിരപ്പാക്കി.

ഇപ്പോൾ ഒരു അടി മണ്ണ് ഇടിഞ്ഞ് താഴുകയും, വീണ്ടും മണ്ണ് ഇടിഞ്ഞ് താഴാൻ സാധ്യത ഉള്ളതുമാണ്. ഈ സത്യമായ വിവരം മറച്ച് വെച്ച് എതിർ കക്ഷിയെ സംരക്ഷിക്കുന്ന തരത്തിൽ റിപ്പോർട്ട് നിർമ്മിച്ച് എന്നെ കഷ്ടനഷ്ടത്തിലാക്കി.

അയതിനാൽ അന്വേഷിച്ച് നിയമ നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോട്

അബ്ദുവാൻ. എം

10/05/2023.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഭരണഭാഷ - മാതൃഭാഷ

വില്ലേജാഫീസ്, പത്തനാപുരം

നടുക്കുന്ന്. പി. ഒ., പത്തനാപുരം താലൂക്ക്, കൊല്ലം ജില്ല, കേരളം. പിൻ : 689695

മൊബൈൽ നം. 8547610717, ഇ മെയിൽ: vopathanapuram@gmail.com

തീയതി:-27/07/2022

നം. 440/2022

പ്രേക്ഷകൻ

വില്ലേജാഫീസർ,

പത്തനാപുരം.

സ്വീകർത്താവ്

ബഹു റവന്യൂ ഡിവിഷണൽ ഓഫീസർ

പുനലൂർ

സർ,

വിഷയം:- വസ്തുവിന്റെ അതിരിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ശ്രീ അജു ഖാൻ എം കണ്ടയം പി ഓ യുടെ പരാതി - സംബന്ധിച്ച്

സൂചന:- അങ്ങയുടെ കാര്യാലയത്തിലെ G-4040/2021, തീയതി: 23/06/2022 നമ്പർ കത്ത്.

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സദയം ക്ഷണിച്ചുകൊള്ളുന്നു. സൂചന പ്രകാരം ലഭ്യമായ കത്തിന്മേൽ സ്ഥലപരിശോധന നടത്തിയതിൽ , ടി സ്ഥലത്തു നിന്നും വർഷങ്ങൾക്ക് മുമ്പ് ഉദ്ദേശം 2 മീറ്റർ താഴ്ചയിൽ മണ്ണെടുത്തു മാറ്റിയിട്ടുള്ളതും പിന്നീട് വീട് പണിതിട്ടുള്ളതുമായി കാണുന്നു . എതിർ കക്ഷിയെ കേട്ടതിൽ, ടിയാളുകൾ ടി വസ്തു വാങ്ങുന്നതിനു മുൻപ് തന്നെ മണ്ണ് എടുത്തിട്ടുള്ളതാണെന്നും സംരക്ഷണ ഭിത്തി നിർമ്മാണത്തിന് സാമ്പത്തിക ബുദ്ധിമുട്ട് കാരണം സാധിക്കില്ല എന്നും അറിയിച്ചിട്ടുള്ളതാണ്. സ്ഥലപരിശോധനയിൽ, സമീപകാലത്തൊന്നും തന്നെ ടി സ്ഥലത്തു മണ്ണിടിഞ്ഞു വീണിട്ടില്ലാത്തതും ടി സ്ഥലം സംരക്ഷണ ഭിത്തി കെട്ടി നൽകേണ്ടത് അനിവാര്യമാണെന്ന് കാണുന്നില്ലായെന്നുള്ള വിവരം റിപ്പോർട് ചെയ്തു കൊള്ളുന്നു .

വിശ്വസ്തതയോടെ

വില്ലേജ് ആഫീസർ

പത്തനാപുരം

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/203143/2024

DCTVM/14005/2023-B19 (2)

കളക്ടറേറ്റ് ,സിവിൽ സ്റ്റേഷൻ
കടപ്പനക്കുന്ന്,തിരുവനന്തപുരം-43
ഫോൺ നം : 0471 -2731210
ഫാക്സ് നം : 0471 -2731166
ഇ-മെയിൽ: dctvm.ker@nic.in
തീയതി: 01-02-2024

ജില്ലാ കളക്ടർ,
തിരുവനന്തപുരം.

കമ്മീഷണർ
ലാന്റ് റവന്യൂ
തിരുവനന്തപുരം

സർ,

വിഷയം :- വിഷൻ & മിഷൻ -2023 - നടപടി വിവരം റിപ്പോർട്ട് ചെയ്യുന്നത്-സംബന്ധിച്ച്

സൂചന :-) TVMNEM0005/2023
2) ഈ കാര്യാലയത്തിലെ 11/12/2023 ലെ മേൽ നമ്പർ കത്ത്

****

സൂചനകളിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു, കരിയൽ തോടിന്റെ അതിർത്തി നിശ്ചയിക്കാൻ നടപടി ഉണ്ടാകണമെന്നാവശ്യപ്പെട്ട് കേരള സർക്കാരിന്റെ വിഷൻ & മിഷൻ -2023 ൽ ബഹു.നേമം എം.എൽ.എ ഉന്നയിച്ച വിഷയത്തിൻമേൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി സൂചന(2) പ്രകാരം തിരുവനന്തപുരം ഭൂരേഖ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ,
DEPUTY COLLECTOR
ജില്ലാ കളക്ടർക്കു വേണ്ടി.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

MEETING on 7.11.2024

URGENT

GOVERNMENT OF KERALA

Revenue(E) Department

REV-E3/17/2022-REV 04-11-2024,Thiruvananthapuram

From
The Principal Secretary to Government

To
The Commissioner, Land Revenue
The Director, Survey & Land Records

Sir,

Sub: Edoor-vembuzhachal, Kadakampally-Muttathara land issues

Ref: 1. Letter No LR/7944/2023-LR(B9) & LR/7218/2023-LR(B3)
2. Letter No DSLR/557/2022/B3 & DSLR/21381/2017-B3

I am to invite your attention to the references cited and to inform you the following:

It has been brought to Government notice regarding the issues existing in **Kadakampally -muttathara** villages where land owners are unable to pay taxes through online on account of their land not updated in Relis and also the issue existing in **Edoor Vembuzhachal** in Iritty, kannur where the land in possession is not correlating with the revenue records and hence land tax are not accepted.

It is informed that the issues raised by you are relevant and need to be discussed prior to any concrete decisions . Hence it is informed that Principal Secretary desires to have an online meeting scheduled on 7.11.2024 at 3.30 PM to discuss the above issues and you are requested to make it convenient to attend the meeting.

link : **meet.google.com/ajr-grdm-drz**

Yours Faithfully,
RAHUL A RAJ K A S
UNDER SECRETARY
For Principal Secretary to Government.

Approved for Issue,

Section Officer.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വർക്കല താലൂക്ക് ഓഫീസിലെ സർവേയറും സംഘവും അനധികൃതമായി പുരയിടങ്ങൾ അളന്നത് വർക്കല ചെറുന്നിയൂർ വില്ലേജിൽ പുത്തൻകടവ്, കുന്നുംപുറം, അജയഘോഷ് സമർപ്പിക്കുന്ന പരാതി.

26-10-2024 പകൽ ഏകദേശം പത്ത് മണിയോടുകൂടി ഷാഫി എന്ന വ്യക്തി കൊടുത്ത പരാതിയനുസരിച്ച് വർക്കല താലൂക്ക് ഓഫീസിലെ സർവേയറും സംഘവും ഷാഫിയുമടക്കം 4 പേർ സ്ഥലം അളക്കാനുള്ള ഉപകരണങ്ങളടക്കം എന്റെ പുരയിടത്തിന് സമീപമുള്ള പുരയിടങ്ങളിൽ എത്തി ഒന്ന് രണ്ട് പുരയിടങ്ങൾ അളക്കുകയും അതിൽ ഒരു പുരയിടത്തിന്റെ മതിൽ ചാടികടന്നാണ് സർവ്വേ ഉദ്യോഗസ്ഥർ സ്ഥലം അളന്നത്. അളക്കാനെത്തിയ പുരയിടത്തിന്റെയോ സമീപത്തുള്ള പുരയിടങ്ങളിലെയോ ഉടമസ്ഥർ ഹാജരാകാതെയാണ് ഈ കൃത്യം നിർവഹിച്ചിരിക്കുന്നത്. ഒരു മുന്നറിയിപ്പും കൂടാതെ എത്തിയ സംഘം ഞാനും എന്റെ സഹോദരിയും താമസിക്കുന്ന പുരയിടത്തിൽ അതിക്രമിച്ച് കയറുകയും ആ പുരയിടത്തിന്റെ അളവെടുക്കാൻ ശ്രമിക്കുകയും ചെയ്തു. ശക്തമായി എതിർത്തതിനെത്തുടർന്നു സംഘം ശ്രമം ഉപേക്ഷിച്ച് തിരികെ പോവുകയാണുണ്ടായത്. ഈ സർവേയർ വർക്കല തഹസിൽദാരുടെ പേര് പറഞ്ഞു ഭീഷണിപ്പെടുത്തുകയും വേണമെങ്കിൽ ഫോണിൽ തഹസിൽദാരുമായി സംസാരിക്കു എന്ന് ആക്രോശിക്കുകയും ചെയ്തു. അന്വേഷണത്തിൽ വർക്കല താലൂക്ക് ഓഫീസിലെ പ്രതീഷ് എന്ന സർവേയർ ആണ് അളക്കാനെത്തിയത് എന്ന് മനസിലാകുന്നു. ഇദ്ദേഹം പരാതിക്കാരനായ ഷാഫിയുടെ സ്വാർത്ഥ താല്പര്യങ്ങൾക്കായാണ് ഇങ്ങനെ ചെയ്തത് എന്ന് ഞാൻ സംശയിക്കുന്നു. ഇതുപോലുള്ള പ്രവർത്തികൾ ഇനിമേൽ ഈ സർവേയറുടെ ഭഗത് നിന്നും ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കാനും, ഈ കാര്യത്തിൽ ഉടൻ തന്നെ ഇടപെടേണ്ടതിനായി അപേക്ഷിക്കുന്നു.

എന്ന്

s/d

അജയഘോഷ്

99951 38361

02-11-2024

ചെറുന്നിയൂർ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

DCKTM/5451/2024-R2 കളക്ടറേറ്റ് ,കോട്ടയം
തീയതി :**05-08-2025**

ജില്ലാ കളക്ടർ
കോട്ടയം

ബഹു.ലാൻഡ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം:- കെ എൽ ഡി ബി യുടെ കൈവശമുള്ള എല്ലാ ഭൂമിയും പോക്കുവരവ് ചെയ്ത് കരം അടയ്ക്കുന്നത് സംബന്ധിച്ച്.

സൂചന:- അങ്ങയുടെ കാര്യാലയത്തിലെ **LR/6063/2024/LR(B9)** നമ്പർ കത്ത്.

മേൽ സൂചനയിലേക്ക് അങ്ങയുടെ മഹനീയ ശ്രദ്ധ സാദരം ക്ഷണിച്ചു കൊള്ളുന്നു.**K L D board** പേരിലുള്ള ഭൂമി പോക്കുവരവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സൂചന പ്രകാരം ലഭ്യമാക്കിയ ലിസ്റ്റിൽ സൂചിപ്പിച്ചിരിക്കുന്നതും, കൂട്ടിക്കൽ വില്ലേജിൽ ഉൾപ്പെട്ടതുമായ വസ്തു സംബന്ധിച്ചുള്ള കൂട്ടിക്കൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ടി വില്ലേജിൽ ബ്ലോക്ക് **79** -ൽ റീസർവ്വേ നമ്പർ **20**-ൽ പെട്ട **43.6350** ഹെക്ടർ വസ്തു, സർവ്വേ **19**- ൽ പെട്ട **2.0750** ഹെക്ടർ വസ്തു എന്നിവ കരം ഒടുക്കി നൽകുന്നതിനാണ് ലിസ്റ്റ് പ്രകാരം സൂചിപ്പിച്ചിട്ടുള്ളത് .

K L. D board കൈവശമുള്ള റിക്കാർഡുകൾ പരിശോധിച്ചതിൽ ജില്ലാ കളക്ടറുടെ **28/01/2009**-ലെ **E9-16611/2000**-നമ്പർ ഉത്തരവ് പ്രകാരവും,കാഞ്ഞിരപ്പള്ളി തഹസിൽദാരുടെ **20/05/2008** ലെ **12760/08/B8** നമ്പർ ഉത്തരവ് പ്രകാരവും ടി സർവ്വേ **20**-ൽ പെട്ട ഹെക്ടർ **43.6350** വസ്തു **K L D board**-നു ഏൽപ്പിച്ചു കൊടുത്തിട്ടുള്ളതായി കാണുന്നു. ടി രണ്ടു സർവ്വേ നമ്പറും **BTR** പ്രകാരം സർക്കാർ കോലാഹലമേട് എസ്റ്റേറ്റ് എന്ന് രേഖപ്പെടുത്തി കാണുന്നതാണ് .

മേൽ സാഹചര്യത്തിൽ ടി ഭൂമി **BTR** പ്രകാരം സർക്കാർ പുറമ്പോക്കായതിനാലും, ടി ബോർഡിന് ഭൂമിയുടെ ഉപയോഗാനുമതി മാത്രമാണ് നൽകിയിട്ടുള്ളതെന്നതിനാലും ടി വസ്തുക്കൾ **K L D** ബോർഡ് പേരിൽ പോക്കുവരവ് ചെയ്തു നൽകാൻ നിർവ്വാഹമില്ലാത്തതാണെന്നുള്ള വിവരം കാഞ്ഞിരപ്പള്ളി ഭൂരേഖാ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.മേൽ വിവരങ്ങൾ അങ്ങയുടെ അറിവിലേക്കും അനന്തരനടപടികൾക്കുമായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

DEPUTY COLLECTOR (LR)

ജില്ലാ കളക്ടർക്കു വേണ്ടി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

DCEKM/2653/2025-L11

കളക്ടറേറ്റ് എറണാകുളം
തീയതി:07-02-2025
ഇ-മെയിൽ:cru.dcekm@kerala.gov.in
ഫോൺ:04842422292

പ്രേഷകൻ,

ജില്ലാ കളക്ടർ
എറണാകുളം

സ്വീകർത്താവ്,

കമ്മീഷണർ
ലാൻഡ് റവന്യൂ
തിരുവനന്തപുരം

സർ ,

വിഷയം: 15 -)ം കേരള നിയമസഭയുടെ 13-)ം സമ്മേളനം നക്ഷത്ര ചിഹ്നമിടാത്ത 1487 നമ്പർ ചോദ്യം- പോക്കുവരവ് സംബന്ധിച്ച്.

സൂചന: അങ്ങയുടെ 06.02.2025 ലെ LR/1418/2025-LR(B3) നമ്പർ കത്ത്.

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. 15-ാം കേരള നിയമ സഭയുടെ 13-ാം സമ്മേളനം നക്ഷത്ര ചിഹ്നമിടാത്ത 1487 നമ്പർ ചോദ്യത്തിനുള്ള മറുപടി ചുവടെ സമർപ്പിക്കുന്നു.

(എ)

എറണാകുളം ജില്ലയിലെ വില്ലേജ് ഓഫീസുകളിൽ പിന്തുടർച്ച പോക്കുവരവിനുള്ള അപേക്ഷകൾ ഒരേ രീതിയിലാണ് കൈകാര്യം ചെയ്യുന്നത്. ആയതിനാൽ ജനങ്ങൾ ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ലാത്തതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

പിന്തുടർച്ച അവകാശ സർട്ടിഫിക്കറ്റ് ഉള്ള സാഹചര്യത്തിൽ സർട്ടിഫിക്കറ്റിൻ്റെയും വി ഒ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലും, ആയതു ലഭ്യമല്ലാത്ത സാഹചര്യത്തിൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിൻ്റെയും, റിലേഷൻ സർട്ടിഫിക്കറ്റിൻ്റെയും അടിസ്ഥാനത്തിൽ അവകാശപോക്കുവരവ് അനുവദിക്കാറുള്ളതാകുന്നു.

(ബി)

മരണപ്പെട്ട വ്യക്തിയുടെ ആധാരം പോക്കുവരവ് ചെയ്തിട്ടുണ്ടെങ്കിൽ ആധാരപകർപ്പ്,പിന്തുടർച്ച അവകാശ സർട്ടിഫിക്കറ്റ്, ബാധ്യത സർട്ടിഫിക്കറ്റ്, കരം അടച്ച രസീത്, മരണ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാകുന്നു. മരണപ്പെട്ട വ്യക്തിയുടെ പേരിൽ ആധാരം പോക്കുവരവ് ചെയ്തിട്ടില്ല എങ്കിൽ മുന്നാധാരങ്ങളും ഹാജരാക്കേണ്ടതാണ്. ആയതിനു ശേഷം വില്ലേജ് ഓഫീസറിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമായതിനു ശേഷം അവകാശികളെ വിചാരണക്ക് വിളിക്കുകയും നോട്ടീസ് പരസ്യപ്പെടുത്തുകയും ചെയ്യുന്നതാണ്. 15 ദിവസത്തിന് ശേഷം ആക്ഷേപങ്ങൾ ഒന്നും ലഭ്യമായില്ല എങ്കിൽ നടപടിക്രമം തയ്യാറാക്കി വില്ലേജ് മുഖാന്തരം പോക്കുവരവ് നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പോക്കുവരവ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്തതാകുന്നു. അപേക്ഷകൾ മേൽനടപടി സ്വീകരിക്കുന്നത് മുൻഗണന പ്രകാരമാണ്.

വിശ്വസ്തതയോടെ

DEPUTY COLLECTOR

ജില്ലാ കളക്ടർക്കുവേണ്ടി

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

GOVERNMENT OF KERALA

Revenue (E) Department

REV-E3/330/2025-REV
Thiruvanthapuram,Dated16-05-2025

The Petition dated 24.02.2025 from Shri. P Chacko is forwarded herewith to the Land Revenue Commissioner for necessary action and to give reply to the applicant directly.

ROYCHEN THOMAS
DEPUTY SECRETARY

To:

The Land Revenue Commissioner,
Thiruvananthapuram.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

വിജിലൻസ്(ഇ) വകുപ്പ്

നമ്പർ.വിജി-ഇ1/102/2025-വിജി 08-05-2025,തിരുവനന്തപുരം

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി

റവന്യൂ വകുപ്പ്

സർ,

വിഷയം:- വിജിലൻസ് വകുപ്പ് - കൊല്ലം ജില്ലയിലെ പൂയപ്പള്ളി വില്ലേജിൽ സർവ്വേ നമ്പർ 1686/86 നമ്പർ വസ്തു തെറ്റായി പോക്കുവരവ് ചെയ്തുവെന്നും മറ്റും ആരോപിച്ച് ശ്രീ. പി. ചാക്കോ നൽകിയ പരാതി - സംബന്ധിച്ച്

സൂചന:- വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 29/03/2025 ലെ സി.പി.എസ്.പി-1-11436/2025/ഡി.വി.എ.സി.ബി നമ്പർ കത്ത്.

സൂചന പ്രകാരം ലഭിച്ച വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ കത്ത്, ശ്രീ. പി. ചാക്കോ എന്നയാൾ നൽകിയ പരാതി എന്നിവയുടെ പകർപ്പ് ഉചിത നടപടികൾ സ്വീകരിക്കുന്നതിനായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,

ബിനു സി

അണ്ടർ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ് - ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
(അറിവിലേക്കായി).

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

'CORRUPTION, A CRIME AGAINST NATION'
ഭരണഭാഷ മാതൃഭാഷ

15 YEARS OF CELEBRATING THE MAHATMA

ഡയറക്ടറേറ്റ്,
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
ഇമെയിൽ : vig.vacb@kerala.gov.in
ഫോൺ : 04712305393
തീയതി. 29-03-2025

നമ്പർ.CPSP-1-11436/2025/DVACB

വിജിലൻസ് വകുപ്പ് 23 APR 2025 തിരുവനന്തപുരം-695001.

പ്രേഷകൻ

ഡയറക്ടർ
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി,
വിജിലൻസ് ഡിപ്പാർട്ട്മെ
ഗവ:സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം: കൊല്ലം ജില്ലയിലെ പുയ്യപ്പള്ളി വില്ലേജിൽ സർവ്വേ നമ്പർ1686/86 നമ്പർ വസ്തു തെറ്റായി പോക്കുവരവ് ചെയ്യയെന്നും മറ്റും ആരോപിച്ച് ശ്രീ. പി.ചാക്കോ, ചെങ്കളം, കൊട്ടരക്കര നല്കിയ പരാതി.

സൂചന : 29.03.2017 തീയതിയിലെ സ.ഉ(പി)നം.09/2017/വിജി.നമ്പർ സർക്കാർ ഉത്തരവ്.

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും അങ്ങയുടെ ശ്രദ്ധക്ഷണിച്ചു കൊള്ളുന്നു.

ശ്രീ. പി.ചാക്കോ, ചെങ്കളം, കൊട്ടരക്കര എന്നയാൾ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നൽകിയ പരാതി ഉചിത നടപടി സ്വീകരിക്കുന്നതിന് മേൽ സൂചന പ്രകാരം സമർപ്പിച്ചുകൊള്ളുന്നു

വിശ്വസ്തതയോടെ

ഇ എസ് ബിജുമോൻ
പോലീസ് സൂപ്രണ്ട് ഇന്റലിജൻസ്
ഡയറക്ടർക്ക് വേണ്ടി

CPSP-1-11436/2025/DVACB

ca8f82

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ബഹു. താലൂക്ക് കോമൺ വിജിലൻസ് കമ്മറ്റി അംഗങ്ങൾ സമക്ഷം.

പി.ചാക്കോ (ശാംവയസ്) പുളിക്കൽ വീട്, ചെങ്ങളം പി.ഒ കോട്ടയം എന്നയാളാകുന്നു. (Ph No:- 9446854109).

വിഷയം:- നിൽപ്പുകൈയേറ്റം - വഴിതടസം സംബന്ധിച്ച്

സൂചന :- (1) തിരുവാർപ്പ് വില്ലേജിലെ B11.2092/19
B11.5078/22
(2) പുനലൂർ RDO ഓഫീസിലെ L.1281/21

സർ, തൃക്കൊടിത്താനം വില്ലേജിൽ ചമ്പക്കര ദേശത്ത് സർവ്വേ നമ്പർ 748/14 A, 748/14 B എന്നിവയിലുൾപ്പെട്ട 1686/86 നമ്പർ വിലയാധാരപ്രകാരം എന്റെ പേരിൽ ഭാഗപ്പെട്ടുകിട്ടിയ വസ്തുവിലേക്ക് പോകുവാൻ വഴിയില്ലാത്തതിനാൽ നിൽപ്പുകയറ്റം 14 B യിൽപ്പെട്ട 40 Sq.m സ്ഥലം പ്രയോജനപ്പെടുത്തി സർവ്വീസിൽ ചെയ്യാതെ B-35 ആയി സർവ്വേ 68/2 ൽ ചേർന്നു കിടക്കുന്ന എന്റെ വസ്തുവിൽ പോകുവാൻ വേണ്ടി നിൽപ്പുകയറ്റം ഏകദേശം 10 വർഷത്തിലധികമായി ഒരു വഴിയായി ഉപയോഗിച്ചു വരുന്നു. ടി സ്ഥലം പോക്കുവരവ് ചെയ്തു കിട്ടുന്നതിന്, സൂചന (1) പ്രകാരം തിരുവാർപ്പ് വില്ലേജ് ഓഫീസിൽ അപേക്ഷ കൊടുത്തു. സ്ഥലപരിശോധന കഴിഞ്ഞതല്ലാതെ പിന്നീട് ഒരു നടപടിയും ഉണ്ടായില്ല. Ph No:- 9746864147.

ടി വഴിയുടെ കിഴക്കുവശം കുന്നിടിച്ചു നിരത്തിയപ്പോൾ ഉണ്ടായ മണ്ണ് വഴിയുടെ മുകൾഭാഗത്തായി കൂട്ടിയിട്ടിരിക്കുന്നു. ടിയാൻ എന്റെ അയൽവസ്തു ഉടമസ്ഥനായതുകൊണ്ടും കോടതിയിൽ കേസ് നിലവിലിരിക്കുന്നതിനാലും ഒന്നുമിണ്ടാതെ നിശ്ശബ്ദനായി നിൽക്കുന്നു. തുടർന്ന് ഒരു നടപടിയും ഉണ്ടാകാതിരുന്നതിനാൽ ഞാൻ പോകുന്നതിനുവേണ്ടി ടി വസ്തുവിൽ ചെയ്തുതന്നതാണെന്ന് ടിയാൻ, ഈ കുമ്പിടിയെന്തോ ബന്ധുത്വമില്ലാത്തതിനാൽ തിരുവനന്തപുരം സിവിൽ കോടതിയിലെ OS 28/2016 കേസിന്റെ പകർപ്പുവാങ്ങി എന്റെ പേരിൽ 3 വർഷത്തോളം കേസ് നടത്തിച്ചു. കേസ് വ്യാജമാണെന്ന് തെളിഞ്ഞതിനാൽ ടിയാനെതിരെ നടപടിയെടുക്കണമെന്ന് കാണിച്ച് സർവ്വേ 746/4 ന്റെ ഉടമസ്ഥനും ഹാജരാക്കി. ഇതും 1 വർഷമായി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ചേം 20 ലക്ഷത്തിൽപ്പരം രൂപ. ഇതു വ്യാജരേഖയാണെന്ന് പറഞ്ഞു തഹസിൽദാർ ചേച്ചാൾ, ടി വസ്തുവിനു കോടതി വിധി നിലനിൽക്കുന്നതായി അറിഞ്ഞു. തുടർന്നു വ്യാജരേഖകൾ ഹാജരാക്കിയ ടി പ്രതിയുടെ നേരെ ഒരു നടപടിയുമെടുക്കാതെ, തഹസിൽദാരുടെ പോക്കാൻ നിർദ്ദേശിക്കുകയാണ്.

ഇതിന് അവകാശപ്പെട്ടവർ ആയ 748/14B ആധാരത്തിലെ രേഖയാണ് എന്ന് കണ്ടെത്തിയ ശേഷം ആണ് വ്യാജരേഖ ചമച്ചു എന്ന് കണ്ടെത്തിയത്. അതിനുശേഷം ടി രേഖയിലെ ആധാരം നടത്തിയതു, അതിലെ രേഖകൾ പോയ്യാണെന്നു വ്യാജരേഖ ഹാജരാക്കിയ ആളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തു കൊടുത്ത പ്രതിയുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്യാതിരിക്കുന്നതിനു വേണ്ടിയാണ് ടി രേഖയിലെ ആധാരം നടത്തിയ ഉദ്യോഗസ്ഥനെ ഇപ്പോൾ ഈ കോടതിയിൽ സാക്ഷിയായി വിസ്തരിക്കുന്നത്. ഇതിനെതിരെ സൂചന (2) പ്രകാരം ഹർജിക്കാരൻ RDO - കോടതിയിൽ ഒരു ഹർജി കൊടുത്തു. അവിടെ നിന്ന് കേസ് തൊണ്ടിമുതൽ കൊടുക്കാൻ ഉള്ള കാരണമെന്തെന്നു ചോദിച്ചു. അതിന് മറുപടി കൊടുത്തിട്ടുണ്ട്. ഇപ്പോൾ വർഷം കുറച്ചായി, തൊണ്ടിമുതൽ കൊടുത്തിട്ടില്ലെന്നും ടി കേസിലെ പ്രതിയുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെന്നും കാണിച്ചു കൊണ്ടാണ് ഹർജി കൊടുത്തിട്ടുള്ളത്.

വിശ്വസ്തൻ,

ഒപ്പ്

സ്ഥലം:- തൊടുപുഴ.
തീയതി:- 24-2-25.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

A 3 LRM3 2992/20

RL 876466 94 IN

1/7/25

From,
ശിവാനന്ദൻനായർ
ഗിരിജാലയം ERA156A
വെണ്ടകക്കുന്നു
പുത്തൻകടവ
ഫോ- 7736879563

To,

ലാൻഡ് റവന്യു കമ്മിഷണർ
ലാൻഡ് കമ്മിഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം-33. ഫോ 7736879563

സർ,

എന്റെ ഭാര്യയുടെ മരണശേഷം അവളുടെ പേരിലുള്ള ഭൂമി- എന്റെ രണ്ട് പെൺമക്കളുടെ പേരിൽ കരാധനിൻ പ്രകാരം തുല്യമായി വീതിച്ച് നൽകുന്നതിന് താലൂക്ക് ഓഫീസിൽ കൊണ്ടുവന്ന് 6-7-2025 നു നടന്നിട്ടുള്ളതാണ്. ഈ വസ്തു പരിധിയിലുള്ള ഭാഗിനിയുടെ - രാധാദേവിക്ക് എഴുതികൊടുത്ത വസ്തു. 2 സെന്റ് സ്ഥലം 3306 old. ബ്ലോക്ക് നം 49 സർവ്വേ നം 54 തണ്ടപ്പേര് 45 ൽ ഉൾപ്പെടുന്നതും ഇതോടൊപ്പം വസ്തു 21.34 ആർ ട്രൂ ടു ഓൺ. ഞാൻ ഈ പ്രമാണത്തിൽ വകയാണ്. രേഖയിൽ കൈവശം കിട്ടിയിട്ടുള്ളത്. ഈ അവളുടെ മരണപ്പെട്ടതോടെ (ട്രൂൺസ്ഫർ) തന്റെയും ശിവാനന്ദൻ നായരുടെയും ഫ്യൂച്ചർ- അതുകൊണ്ട് നമ്മുടെ രേഖയിൽ, ഇതിന് നായരുടെ അവകാശം കൈവരുത്തുന്നതിന് വേണ്ടി ഞാൻ കരാറിന്റെയും അവരുടെ പേരിൽ അതിനുശേഷം താലൂക്കിൽ കൊടുത്ത് വരികയും ഞങ്ങൾ രണ്ടുപേർ കുടിക്കും സർവ്വേയർ വന്ന് അളന്നു തിരിച്ചുതരികയാണ് അവർ വിവരിച്ചുതന്ന അതിരുകൾ വെട്ടിയത് കണ്ടിട്ടുണ്ട് വരുന്നു. ചിലർക്ക് കാണിച്ചു കൊടുത്തിട്ട് അവർ നിന്നത് താലൂക്കിൽ വന്നു. സ്വയം അവർ ചെയ്തിട്ടുള്ളത് വരികയും ഞങ്ങൾ കുടിക്കുന്നു. സർ

ലാൻഡ് റവന്യു കമ്മിഷണറുടെ കാര്യാലയം തിരുവനന്തപുരം
കൈപ്പറ്റി
01 JUL 2025

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

LRM3
2992/20

[illegible] ഇടയിൽ [illegible] ഇല്ലാതിരുന്നത് [illegible] ആയിരുന്നു. അവരെയൊന്നും കണ്ടു പിടിക്കാൻ പറ്റിയില്ല. അവരുടെ അമ്മയുടെ പേരാണ് ആ സർവ്വേ കല്ലിൽ ഇട്ടിരുന്നത്. അവർക്ക് അറിയാവുന്ന ഒരു കുടുംബത്തിന്റെ സ്ഥലത്ത് അതിരടയാളമായി കല്ലിട്ടിരുന്നു. അവർ സർവ്വേ കല്ല് പിഴുതെടുത്തു കൊണ്ടു പോയി. അവർ കുറച്ചു മാറിയാണ് താമസിക്കുന്നത്. അവിടെ കുറച്ചു സ്ഥലം വാങ്ങിച്ചിട്ടുണ്ട്. അവിടെ കൊണ്ടു പോയി വച്ചിട്ടുണ്ടാകുമെന്നാണ് കരുതുന്നത്. അവിടെ പോയി അന്വേഷിച്ചിട്ടില്ല. അന്വേഷിച്ചാൽ കിട്ടുമായിരിക്കും. അവരുടെ സഹായത്തോടെ അതിരടയാളം [illegible] കല്ലിടുവാൻ കഴിയുമായിരിക്കും. അവിടെ കുറച്ചു മാറിയാണ് അവരുടെ വീട്. അവിടെ പോയി ചോദിച്ചാൽ അറിയാൻ കഴിയുമായിരിക്കും. അവരുടെ അമ്മയുടെ പേരാണ് കല്ലിൽ ഇട്ടിരുന്നത്. അവരുടെ അമ്മയുടെ പേരിലുള്ള സ്ഥലത്തിന്റെ അതിരടയാളമായിട്ടാണ് കല്ലി

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഫാറം നമ്പർ 6

(സർവ്വേ ഭരണഘടന അനുബന്ധം XVI, ഖണ്ഡികകൾ 6, 13)

നമ്പർ LRM3 3111/21 LRM3 - 32354/22

LRM3 2992/20

[illegible] .....താലൂക്ക്

[illegible] .....വില്ലേജിൽ

(1) താഴെ പറഞ്ഞിരിക്കുന്ന സബ്ഡിവിഷനുകൾ അതിർത്തി തിരിച്ച് സർവ്വെ ചെയ്യുന്നതിന് 23-5-2023 ാം തീയതിയോ അതിന് ശേഷം താമസിയാതെയോ എടുക്കുന്നതാണെന്ന് നിങ്ങളെ അറിയിച്ചുകൊള്ളുന്നു.

(2) സർവെ ചെയ്യുന്ന സമയത്ത് കുറ്റിക്കാടുകൾ വെട്ടിത്തെളിച്ച് ആവശ്യമായ സഹായം ചെയ്തുകൊടുക്കണമെന്ന് നിങ്ങളോട് ആവശ്യപ്പെട്ടുകൊള്ളുന്നു.

(3) കൂടുതൽ വിവരങ്ങൾക്ക് താഴെ ഒപ്പിട്ടിരിക്കുന്ന ആളോട് അപേക്ഷിക്കേണ്ടതും ഇക്കാര്യത്തിൽ ന്യായമായ സഹായം അദ്ദേഹം ചെയ്തു തരുന്നതുമാകുന്നു.

സ്ഥലം : തിരിവനന്തപുരം

തീയതി : 15-5-2023

Rathish S.K രതീഷ് S.K (FGS)

താലൂക്ക് സർവെയർ/റവന്യൂ ഇൻസ്പെക്ടർ

ടൗൺ സർവെയർ/വില്ലേജ് അസിസ്റ്റന്റ്

മേൽ നമ്പർ അപേക്ഷയിൻ മേൽ നടപടി സ്വീകരിക്കുവാൻ 23-5-2023 ഉച്ചയ്ക്ക് 12.15 മണിക്ക് വട്ടിയൂർക്കാവ് വില്ലേജ് ഓഫീസിൽ ഒറിജിനൽ പ്രമാണവുമായി ഹാജരാവുക.

Printed at Offset Press CSO TVPM - 2022

[illegible]

ഭാഗീരഥിഅമ്മ കൊടുത്ത വസ്തു

സർവ്വേനമ്പർ	സ്ഥലം	
3306	28 സെന്റ്	കരംഅടക്കുന്നതിൻ കൊടുത്തു
3280	22 സെന്റ് നിലം	[illegible]
3296	12 1/2 സെന്റ് വീട്	വീട് [illegible]
3135	8 1/2 സെന്റ് നിലം	[illegible]
3198	3 1/4 സെന്റ് നിലം	[illegible]

LRM3

LRM3 - 8299/22

LRM3 8297/22

LRM3 - 25938/20

LRM3 - 2992/20

ഇതിന് എല്ലാം പ്രമാണം ഉണ്ട് ([illegible])

[illegible]

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

എന്റെ വസ്തു വേൽക്കുവാൻ തഹസിൽ സർവ്വേയറെയാണ്
LRM3 ആയി കൂടാൻ അവന്റെ ഭൂവുകൾ ഉണ്ണി.

(1) ആയക്കുവാൻ സർവ്വേയർ വസ്തു വേൽക്കണം 9400784676

(2) ഉണ്ണി ഭൂവുകൾ കാണ്ടാൻ 9847441468/9387447555

(3) ഗണേശൻ ഉണ്ടാ 9633553089 തോക്ക് - വണ്ണ് വേൽക്കണം

(4) ഗിരി വസ്തു വേൽക്കണം 8281657706 തോക്ക് - വണ്ണ് വേൽക്കണം

വസ്തു വണ്ടിയവൻ ആയക്കുവാൻ കൊടുത്തത്

(1) സ്ത്രീ - ശ്രീകല വണ്ടക്കെട്ട് കരിവർക്കറ്റ്

(2) ദ്രുവനേന്ദ്രൻ ശസ്ത്രവംഗലം അയുദ്ധാഭ്യാസകരി കരൻ 9495621509

(3) ഷാ ജ്യിസർവ്വേയർ LRM3 എന്റെ ഫോയിൽ ഒരു ചിഷ്ടിക്ക് വയിരിക്കുന്നവൻ 9847758737

ജില്ലാ കളക്ടറുടെ കാര്യാലയം

വയനാട്, കൽപ്പറ്റ, പിൻ: 673122

ഫോൺ: 04936-202251, ഇമെയിൽ: dyclawynd@gmail.com

DCWYD/4982/2025-B4 *തിയതി: 17-07-2025*

ജില്ലാ കളക്ടർ,
വയനാട്.

കമ്മീഷണർ, ലാൻഡ് റവന്യൂ വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം: പോസ്റ്റൽ വകുപ്പിന് വേണ്ടി ഏറ്റെടുത്ത ഭൂമി പോക്കുവരവ് ചെയ്യുന്നത് - സംബന്ധിച്ച്

സൂചന: **1)**ആ കാര്യാലയത്തിൽ നിന്നുള്ള **LR/4727/2025-LR(B3)** നം. കത്ത്
2)14/07/2025 തിയ്യതിയിലെ മാനന്തവാടി ഭൂരേഖാ തഹസിൽദാരുടെ **TLKMDY/1694/2025** നം. കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പോസ്റ്റൽ വകുപ്പിന് വേണ്ടി ഏറ്റെടുത്ത ഭൂമി പോക്കുവരവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ ശ്രീ. ജെ.റ്റി. വെങ്കിടേശ്വരലു സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ സൂചന (1) പ്രകാരം ലഭിച്ച കത്തിനോടൊപ്പം ഉള്ളടക്കം ചെയ്ത രേഖകൾ പരിശോധിച്ചതിൽ, പനമരം വില്ലേജിലെ റിസർവ്വെ നമ്പർ 84/7 ൽ തപാൽ വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമിയുടെ ഉടമസ്ഥന്റെ പേര് വില്ലേജ് രേഖകളിൽ വ്യത്യാസമുള്ളതായും, ആയത് വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് മാനന്തവാടി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ള താണ്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചാലുടൻ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നുള്ള വിവരം റിപ്പോർട്ടു ചെയ്തു കൊള്ളുന്നു

വിശ്വസ്തതയോടെ
ഡെപ്യൂട്ടി കളക്ടർ(എൽ.എ),
ജില്ലാ കളക്ടർക്കുവേണ്ടി.

ഉള്ളടക്കം - സൂചന (2)

This document is electronically approved in e-office by DYC(LA) DCWYD, 17-07-2025 .Hence it does not require signature in ink.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

/5810930/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

SHAHANSHA.A
Under Secretary to Government

റവന്യൂ (ജി) വകുപ്പ്
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ :0471-2518154
തീയതി :24-07-2023

ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം തിരുവനന്തപുരം
കൈപ്പറ്റി
31 JUL. 2023

അർദ്ധ ഔദ്യോഗിക കത്ത് നം. റവ-ജി1/220/2022-റവന്യൂ

Dear Sir,

മുന്നാം ലോക കേരള സഭയിൽ ഉയർന്ന ശിപാർശകളിൽ റവന്യൂ വകുപ്പുായി ബന്ധപ്പെട്ട *" പ്രവാസികളുടെ കേരളത്തിലെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനായി പ്രവാസി സുരക്ഷാ ബിൽ പാസ്സാക്കണം. ലാൻഡ് ബാങ്ക് ബില്ലുമായി ബന്ധപ്പെട്ട് പ്രവാസികളുടെ ആവശ്യങ്ങൾ പരിഗണിക്കാൻ ഒരു സബ് കമ്മിറ്റി രൂപീകരിക്കുക."* എന്ന ശിപാർശയിന്മേൽ ഒരു പ്രൊപ്പോസൽ സമർപ്പിക്കുവാൻ 28-02-2023 തീയതിയിലെ ഇതേ നമ്പർ സർക്കാർ കത്ത് *(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)* മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത പ്രൊപ്പോസൽ നാളിതുവരെയായി സർക്കാറിൽ ലഭ്യമാക്കിയിട്ടില്ല.

മൂന്നാം ലോക കേരള സഭയിൽ ഉയർന്ന ശിപാർശകളിൽ റവന്യൂ വകുപ്പുായി ബന്ധപ്പെട്ട ശിപാർശയിന്മേൽ സ്വീകരിച്ച നടപടിയും പുരോഗതിയും വിലയിരുത്തുന്നതിനായി ലോക കേരള സഭാ ഡയറക്ടറുടെ നേതൃത്വത്തിൽ 2023 ആഗസ്റ്റ് 3-ന് രാവിലെ 11-ന് നോഡൽ ഓഫീസർമാരുടെ ഒരു ഓൺലൈൻ മീറ്റിംഗ് ചേരുവാൻ നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽ വിഷയത്തിൽ താങ്കളുടെ വ്യക്തിപരമായ ശ്രദ്ധ പതിപ്പിച്ച് പ്രസ്തുത പ്രൊപ്പോസൽ **29-07-2023**-നകം സർക്കാരിലേയ്ക്ക് ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

ആത്മാർത്ഥതയോടെ,

SHAHANSHA.A

ഡോ.എ.കൗശിഗൻ ഐ.എ.എസ്,
കമ്മീഷണർ, ലാൻഡ് റവന്യൂ
തിരുവനന്തപുരം

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

5630114/2023

വളരെ അടിയന്തരം/06-03-2023-ലെ യോഗം

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യു (ജി) വകുപ്പ്.

നമ്പർ : റവ-ജി1/220/2022-റവന്യു

28-02-2023,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി
കമ്മീഷണർ, ലാൻഡ് റവന്യു,
തിരുവനന്തപുരം

സർ,

വിഷയം:- മൂന്നാം ലോക കേരള സഭ - ശിപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച ചീഫ് സെക്രട്ടറിയുടെ 06-03-2023-ലെ അവലോകന യോഗം - സംബന്ധിച്ച്.

സൂചന:- 1) 06.09.2022-ലെ ഇതേ നമ്പർ സർക്കാർ കത്ത്.
2)കേരളീയ പ്രവാസികാര്യ വകുപ്പിന്റെ 24.02.2023-ലെ A2/254(2)/2022/NORKA നമ്പർ കത്ത്.

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. *മൂന്നാം ലോക കേരള സഭയുടെ ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 06-03-2023 ന് രാവിലെ 10.30 ന് ചീഫ് സെക്രട്ടറിയുടെ കമ്മിറ്റി റൂമിൽ ഒരു അവലോകന യോഗം ചേരുവാൻ തീരുമാനിച്ചിട്ടുണ്ട്.* പ്രസ്തുത യോഗത്തിൽ ആവശ്യമായ വിവരങ്ങൾ സഹിതം താങ്കൾ പങ്കെടുക്കുവാൻ താത്പര്യപ്പെടുന്നു.

2022 ജൂണിൽ ചേർന്ന മൂന്നാം ലോക കേരള സഭ പരിഗണിച്ച വിവിധ ശിപാർശകളിൽ റവന്യു വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകൾ ചുവടെ ചേർക്കുന്നു.അതിൽ ശിപാർശ 1മേൽ അടിയന്തര നടപടി സ്വീകരിച്ചും ശിപാർശ 2 മേൽ ആവശ്യമായ ശിപാർശ സഹിതവും അനുബന്ധമായി ചേർത്തിട്ടുള്ള Template-ൽ 02-03-2023-നകം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ താത്പര്യപ്പെടുന്നു.

ശിപാർശകൾ

1. *വില്ലേജ് ഓഫീസുകൾ, റവന്യു വകുപ്പിന്റെ കീഴിൽ വരുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് പ്രവാസികൾക്ക് നേടിയെടുക്കേണ്ട വിവിധ അനുമതികൾക്കുള്ള കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കണം.*
2. *പ്രവാസികളുടെ കേരളത്തിലെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനായി പ്രവാസി സുരക്ഷാ ബിൽ പാസ്സാക്കണം. കൂടാതെ ലാൻഡ് ബാങ്ക് ബില്ലുമായി ബന്ധപ്പെട്ട് പ്രവാസികളുടെ ആവശ്യങ്ങൾ പരിഗണിക്കാൻ ഒരു സബ് കമ്മിറ്റി രൂപീകരിക്കുക.*

വിശ്വസ്തതയോടെ,

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

5630114/2023

SHAHANSHA.A
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Sujith G.R
സെക്ഷൻ ഓഫീസർ.
Date: 28-02-2023 11:40:56

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

TEMPLATE

Department: .....

Sl. No.	Recommendations	File No. (Also computer no., if e-file)	Action Taken/ Status of Implementation (The number and date of G.O., letter, note, etc. may be specified)	Next Steps	Issues / Bottlenecks, if any (Also specify Dept. / entity which is required to take action)	Target date for implementing recommendation in full.
1.						
2.						
3.						

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

DCKNR/10362/2022-DM6

I/273132/2023

Proceedings of District Collector,Kannur Dated:04-08-2023
(Present: Sri.Chandrasekar S IAS)

Sub:- ESA Notification- Finalization of ESA boundaries by District Level Scrutiny Committee- Survey Team Constituted- Reg-

Ref:- 1. No.DoECC/D1/4736(c)/2022 dated 01.10.2022 of the Director, Directorate of Environment and Climate Change
2.No A2/61/2022/envt dated 29.07.2023 of the Secretary, Environment
3. Decision taken in the DLSC Meeting held on 04.08.2023

****

Vide Ref(1), the Govt has directed to constitute a District Level Scrutiny Committee for the finalization of ESA boundaries of the District and the same was constituted vide this office proceedings dated 19.10.2022. Vide Letter No DoECC/D1/4736(c)/2022 dated 16.11.2022 of the Director, DoECC informed that Dr Jude Emmanuel, Environmental Scientist, DoECC was nominated as representative of Environment Department in the DLSC and requested to re-constitute the DLSC including him. The revised order was issued on 19.11.2022.

Vide ref (2), the Government directed to submit the spatial files (kml/shape files) along with the list of villages falling in ESA before 31st August 2023 to the Directorate of Environment and Climate Change. The DLSC meeting held online on 04.08.2023 decided to constitute three teams to conduct field verification in Kottiyoor, Aralam and Cheruvancheri Villages which are included as ESA villages of Kannur District.

Hence orders are hereby issued constituting three teams to conduct field verification in Kottiyoor, Aralam and Cheruvancheri Villages with the following officials as members:-

Kottiyoor

Sl No	Name and Designation
1	Sri Nimesh Kurunnan, Town Surveyor, Thalassery
2	Sri Rajeev M K, Forest Surveyor

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

3.	Sri Haris C, MBeat Forest Officer
4	Village Officer, Kottiyoor
5	Deputy Tahsildar (LR), Iritty Taluk

Aralam

Sl No	Name and Designation
1	Sri Raveendran Kannoth, Taluk Surveyor, Iritty
2	Sri Rajeev M K, Forest Surveyor
3	Sri Arun Ramesan, Beat Forest Officer
4	Village Officer, Aralam
5	Deputy Tahsildar (LR), Iritty Taluk

Cheruvancheri

Sl No	Name and Designation
1	Sri Ullasan, Taluk Surveyor, Thalasseri
2	Sri Rajeev M K, Forest Surveyor
3	Sri Nakul N V, Beat Forest Officer
4	Village Officer, Cheruvancheri
5	Deputy Tahsildar (LR), Thalassery Taluk

Tahsildar, Iritty is directed to supervise the functioning of the teams employed in Aralam and Kottiyoor Villages and Tahsildar Thalassery to supervise the functioning of the team employed in Cheruvancheri Village. The District Survey Superintendent is directed to supervise the overall functioning of the survey teams.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/273132/2023

The teams constituted are directed to obtain the kml/spatial files from the Tahsildars concerned, conduct field verification and make modifications in the files, if needed. Attention should be given to include all the reserve forests and protected areas in the map and exclude inhabited areas, private plantations, isolated water bodies and rocky outcrops. The teams should also ensure that village boundaries are correctly demarcated and finalize the spatial file of ESA boundary and submit it to the DLSC for approval within 10 days of the issue of this order.

District Collector
Kannur
DISTRICT COLLECTOR

Copy to:

1. The Individuals
2. DLSC Members
3. Village Officers Kottiyoor/Aralam/Cheruvancheri

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



Email. shamihajiralic
@gmail.com

എതിർകക്ഷി
അധികാരസ്ഥാനം : ഫയൽ നമ്പർ
H-13/308/2023
വെച്ച്. അധീഷനൽ തഹസീൽദാർ
താലൂക്കാഫീസ്, തിരുവനന്തപുരം.

സർ,

കൈയേറ്റം സംബന്ധിച്ച് ബന്ധപ്പെട്ട കീഴ്ത്തോനയ്ക്കൽ വില്ലേജാഫീസറുടെ Report മേൽ തുടർനടപടി സ്വീകരിച്ച് എടുക്കുവാൻ പിർണ്ണികാരിക്ക് നിയമം അനുശാസിക്കുന്ന സംരക്ഷണവും അതോടൊപ്പം വഴി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടിയും സമയബന്ധിതമായി അങ്ങളുടെ അധികാരസ്ഥാനം മുഖേന കൽപ്പിക്കുവാനാകണമെന്ന് അതിവിനയത്തോടെ അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

Shami

പിർണ്ണികാരി

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

E-MAIL

From: Ahamed Kabeer <advajakabeer@gmail.com>
Date: Tue, 1 Aug 2023 at 14:52
Subject: Photo from 809083
To: <chiefrminister@kerala.gov.in>

,
From: Ahamed Kabeer <advajakabeer@gmail.com>
Date: Tue, 1 Aug 2023 at 14:52
Subject: Photo from 809083
To: <chiefrminister@kerala.gov.in>

Request seeking restoration of pathway leading to Mazjid and Residential building comprised in Sy No 1)431/18 in the Keezh Thonnackal Village of Thiruvananthapuram Taluk

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ആർ.വി.സി.എ.1-55/2022

ദക്ഷിണമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ
കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ്,
ഒന്നാം നില,
വികാസ് ഭവൻ.പി.ഒ.
തിരുവനന്തപുരം - 695033
ഫോൺ : 0471-2731142
ഇ-മെയിൽ: rvtsouth@gmail.com
തീയതി : 15-09-2023



ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്),
ദക്ഷിണമേഖല, തിരുവനന്തപുരം.

B3

കമ്മീഷണർ,
ലാൻഡ് റവന്യൂ,
തിരുവനന്തപുരം.

സർ,

വിഷയം : തിരുവനന്തപുരം ജില്ല - നെയ്യാറ്റിൻകര താലൂക്ക് - പരശുവയ്ക്കൽ വില്ലേജ് - ബ്ലോക്ക് നം.49 - റീസർവ്വെ നം.284/11-1-ൽപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണവ്യത്യാസം - പരാതി - സംബന്ധിച്ച്.

സൂചന : 1. ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ 28-02-2022 തീയതിയിലെ R-1010709 നം.കത്ത്.

2. ശ്രീമതി.ഫ്രാൻസിസ്, ശ്രീ.സുരേഷ്കുമാർ, ശ്രീമതി.മേരിസ്റ്റെല്ല എന്നിവർ ബഹു.റവന്യൂ വകുപ്പ് മന്ത്രി മുൻപാകെ 22-09-2022-ന് സമർപ്പിച്ച R-10115705/2022/Min(R&H) നം.പരാതി.

3. ശ്രീമതി.മേരി സ്റ്റെല്ല, കുന്നുവിളപുത്തൻവീട്, പരശുവയ്ക്കൽ എന്നവർ ഈ കാര്യാലയത്തിൽ 2-01-2022 തീയതിയിൽ സമർപ്പിച്ച പരാതി.

4. ശ്രീമതി.മേരി സ്റ്റെല്ല, ശ്രീ.സുരേഷ്കുമാർ, ശ്രീമതി.ലീമാ റോസ് കുണ്ടുവിള പുത്തൻവീട്, പരശുവയ്ക്കൽ എന്നിവർ ചേർന്ന് ഈ കാര്യാലയത്തിൽ 16-07-2022 തീയതിയിൽ സമർപ്പിച്ച പരാതി.

5. ശ്രീ.ഫ്രാൻസിസ്, ശ്രീ.സുരേഷ്കുമാർ, ശ്രീമതി.മേരി സ്റ്റെല്ല, കുണ്ടുവിള പുത്തൻവീട്, പരശുവയ്ക്കൽ എന്നിവർ ചേർന്ന് ബഹു.റവന്യൂ വകുപ്പ് മന്ത്രി മുൻപാകെ 20-09-2022 തീയതിയിൽ സമർപ്പിച്ച നിവേദനം.

6. ശ്രീമതി.മേരിസ്റ്റെല്ല, കുണ്ടുവിളപുത്തൻവീട്, പരശുവയ്ക്കൽ ഈ കാര്യാലയത്തിൽ 21-10-2022, 14-11-2022 എന്നീ തീയതിയിൽ സമർപ്പിച്ച പരാതി.

7. ശ്രീ.ഫ്രാൻസിസ്, ശ്രീ.സുരേഷ്കുമാർ, ശ്രീമതി.മേരി സ്റ്റെല്ല, കുണ്ടുവിള പുത്തൻവീട്, പരശുവയ്ക്കൽ എന്നിവർ ചേർന്ന് 21-11-2022 തീയതിയിൽ ഈ കാര്യാലയത്തിൽ സമർപ്പിച്ച പരാതി.

8. പാറശ്ശാല സബ് രജിസ്ട്രാറുടെ 12-01-2023 ലെ 03/2023 നമ്പർ കത്ത്.

9. നെയ്യാറ്റിൻകര ഭൂരേഖ തഹസിൽദാരുടെ 11-01-2023 തീയതിയിലെ K.6-21899/20 നം.കത്ത്.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

10. നെയ്യാറ്റിൻകര ഭൂരേഖ തഹസിൽദാരുടെ 05-01-2023 തീയതിയിലെ K.6-21899/20 നം.കത്ത്.

മേൽ വിഷയത്തിലേയ്ക്കും സൂചനകളിലേയ്ക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 1, 2 പ്രകാരം ലഭിച്ച ശ്രീമതി.മേരിസ്റ്റെല്ല മുതൽപേർ ബഹു.റവന്യൂ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം ലഭിച്ചിരുന്നു. സൂചന 3, 4, 6, 7, 8 പ്രകാരം ശ്രീമതി.മേരിസ്റ്റെല്ല, ശ്രീ.ഫ്രാൻസിസ്, ശ്രീ.സുരേഷ്കുമാർ, ശ്രീമതി.ലീമാ റോസ് എന്നിവർ ചേർന്ന് ഈകാര്യാലയത്തിലും മേൽ വിഷയം സംബന്ധിച്ച പരാതി സമർപ്പിച്ചിരുന്നു. പരാതിസംഗതികൾ ഒന്നാകയാൽ ടി പരാതികളെല്ലാം ഒന്നായി പരിഗണിച്ച് അന്വേഷണം നടത്തിയിട്ടുള്ളതാണ്.

പരാതിസംഗതി

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പരശുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 49-ൽ റീസർവ്വെ നം.284/11-ൽപ്പെട്ട 13 സെന്റ് ഭൂമിയും, ടി ബ്ലോക്കിൽ റീസർവ്വെ നം.391/5-ൽപ്പെട്ട 3.5 സെന്റ് ഭൂമിയും പാറശ്ശാല സബ് രജിസ്ട്രാർ ഓഫീസിലെ 12-01-2000-ലെ 79/2000-ാം ഭാഗാധാരപ്രകാരം സഹോദരങ്ങൾ തമ്മിൽ ഉഭയസമ്മത പ്രകാരം വിഭജനം നടത്തി അതിൽ 2.83 ആർ ഭൂമി പരാതികക്ഷിയായ ശ്രീമതി.മേരിസ്റ്റെല്ലയ്ക്ക് സിദ്ധിച്ച്, പരശുവയ്ക്കൽ വില്ലേജ് ഓഫീസിലെ 10490-ാം നം.തണ്ടപ്പേർ കണക്കിൽ കൊണ്ട് കരം ഒടുക്കിയിരുന്നതായും, കൈവശം വച്ചനുഭവിച്ചു പോന്നിരുന്നതുമായ ടി ഭൂമിക്കു മേൽ നെയ്യാറ്റിൻകര തഹസിൽദാരുടെ എൽ.ആർ.എം.കെ.6-21899 നം. ഫയലിൽ നടപടി സ്വീകരിക്കുകയും നെയ്യാറ്റിൻകര സർവ്വെ സൂപ്രണ്ടിന്റെ എസ്.എ-58/2000 ഉത്തരവ് പ്രകാരം തന്റെ ഭൂമിയുടെ വിസ്തീർണ്ണം 2.29 ആർ ആയി കുറയുകയുമുണ്ടായെന്നും പരാതിപ്പെടുന്നു. എന്നാൽ തന്റെ ഭൂമിയുടെ സമീപത്തായി സ്ഥിതിചെയ്യുന്ന പരശുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 10-ൽ റീസർവ്വെ നം.29-1/10-ൽപ്പെട്ട പരശുവയ്ക്കൽ സർവ്വീസ് സൊസൈറ്റി വക ഭൂമിയുടെ വിസ്തീർണ്ണം 6.50 ആറിൽ നിന്നും 7.70 ആർ ആയി വർദ്ധിപ്പിച്ചതായും, ടി നടപടിയിലൂടെ തന്റെ കൈവശഭൂമിയുടെ അളവിൽ വ്യത്യാസമുണ്ടാകുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും തനിയ്ക്ക് അവകാശപ്പെട്ട 2.83 ആർ ഭൂമിയ്ക്ക് കരം ഒടുക്കി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നതുമാണ് പരാതിസംഗതി.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ലഭ്യമായ രേഖകളുടെയും പാറശ്ശാല സബ് രജിസ്ട്രാർ ലഭ്യമാക്കിയ ആധാരപകർപ്പിന്റെയും പരാതികക്ഷികളെയും എതിർകക്ഷികളെയും പരശുവയ്ക്കൽ വില്ലേജ് ഓഫീസർ എന്നിവരെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ പരാതിസംഗതി വിശദമായി പരിശോധിച്ചു. ബി.റ്റി.ആർ പ്രകാരം 3102-ാം തണ്ടപ്പേരു കണക്കിൽ മുൻസർവ്വെ നം.356/1-2, 391/5 എന്നിവയിൽ ശ്രീ.ചിന്നപ്പൻ എന്നവർക്ക് 10.50 ആർ ഭൂമി ഉണ്ടായതായി കാണുന്നു. **(അനുബന്ധം-1)** 12-01-2000-ലെ പാറശ്ശാല സബ് രജിസ്ട്രാർ ഓഫീസിലെ 79/2000-ാം നമ്പരായി രജിസ്റ്റർ ചെയ്ത ഭാഗപത്രത്തിന്റെ **(അനുബന്ധം-2)** അടിസ്ഥാനത്തിലാണ് പരാതികക്ഷിയായ ശ്രീമതി.മേരി സ്റ്റെല്ല എന്നവർക്ക് 2.83 ആർ ഭൂമിയ്ക്ക് അവകാശം സിദ്ധിച്ചിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. (ടി ഭൂമിയിൽ 40 ച.മീ ശ്മശാനം എന്ന് രേഖപ്പെടുത്തിയതാണ്). ടി ഭാഗപത്രം യഥാക്രമം 1 മുതൽ 5 വരെ കക്ഷികളായ ശ്രീ.ഫ്രാൻസിസ്, സുരേഷ്കുമാർ, പുഷ്പലില്ല, സോളി, മേരി സ്റ്റെല്ല എന്നിവർ ചേർന്ന് തയ്യാറാക്കിയിട്ടുള്ളതാണ്. പാറശ്ശാല സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 1828/1978-ാം നമ്പർ ഭാഗപത്രത്തിലെ ബി പട്ടിക പ്രകാരം, മേൽ കക്ഷികളുടെ പിതാവായ ശ്രീ.ചിന്നപ്പൻനാടാർക്ക് അവകാശം സിദ്ധിച്ച ഭൂമിയുടെ പിൻതുടർച്ചാവകാശത്തിന്റെ അടിസ്ഥാനത്തിലാണെന്നാണ് ഭാഗപത്രത്തിൽ വിവരിച്ചിരിക്കുന്നത്.

79/2000 നമ്പർ ഭാഗപത്രത്തിലെ കക്ഷികൾക്ക് സിദ്ധിച്ച അവകാശം താഴെപ്പറയുന്നതാണ്.

ക്രമ നം.	പേര്	മുൻ സർവ്വെ നം	റീസർവ്വെ നം	വിസ്തീർണ്ണം (ആർ, ച.മീ)
1	ഫ്രാൻസിസ് 1-ാം കക്ഷി എ പട്ടിക	356/1, 391/5	284/11	00.81 (രണ്ട് സെന്റ്)
2	സുരേഷ്കുമാർ 2-ാം കക്ഷി ബി പട്ടിക	356/1, 391/5	284/11	1.62(നാല് സെന്റ്)
3	പുഷ്പലില്ലി സോളി 3ഉം 4ഉം കക്ഷികൾ സി പട്ടിക	356/1, 391/5	284/10	1.40 (മൂന്നര സെന്റ്)

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

4	മേരിസ്റ്റെല്ല 5-ാംകക്ഷി ഡി പട്ടിക	356/1, 391/5	284/11	2.43 (ആറ് സെന്റ്) 0.43 (ഒരു സെന്റ് ശ്മശാനം)
			284/11 284/10	5.26 1.40
ആകെ				6.66 ആർ

08-02-2020-ൽ, പരശുവയ്ക്കൽ കോ-ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറിയുടെ 2305/20-21-ാം നം.കത്ത് പ്രകാരം പരശുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 49-ൽ റീസർവ്വെ 291/10-ൽ കൊണ്ട 07.70 ആർ ഭൂമി പരശുവയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ പേരിൽ 2206/71, 965/73, 4466/79, 301/64 എന്നീ ആധാരങ്ങൾ പ്രകാരം 3166-ാം നമ്പർ തണ്ടപ്പേരു കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതും 07-03-2000-ൽ കരം ഒടുക്കിയപ്പോൾ 07.70 ആറിനു പകരം 06.50 ആർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും, ടി ഭൂമി 30 വർഷത്തിലധികമായി ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുള്ളതും, മറ്റാർക്കും കൈമാറ്റം ചെയ്തിട്ടില്ലാത്തതുമാകയാൽ ടി ഭൂമിയുടെ വിസ്തീർണ്ണവ്യത്യാസം ശരിയായ രീതിയിൽ വരുത്തണമെന്ന് കാണിച്ച് നെയ്യാറ്റിൻകര (ഭൂരേഖ) തഹസിൽദാർ മുൻപാകെ അപേക്ഷ സമർപ്പിച്ചിരുന്നു. **(അനുബന്ധം-3)** ആയതിന്റെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര ഭൂരേഖ തഹസിൽദാരുടെ 06-12-2021 തീയതിയിലെ കെ.6-21899/20-ാം നം നടപടിക്രമം **(അനുബന്ധം-4)** പ്രകാരം പരശുവയ്ക്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റിന്റെ പേരിലേയ്ക്ക് 80 ച.മീ ഭൂമി (2 സെന്റ്) ചിന്നപ്പൻ നാടാർ മകൻ ഫ്രാൻസിസിന്റെ 11978-ാം **(അനുബന്ധം-5)** നമ്പർ തണ്ടപ്പേരു കണക്കിൽപ്പെട്ട ഭൂമി കുറവു ചെയ്ത്, വിസ്തീർണവ്യത്യാസം വരുത്തി നൽകിയിട്ടുണ്ട്. തുടർന്ന് 284/26 നമ്പർ സബ്ഡിവിഷൻ നൽകി ആയതിന്റെ അടിസ്ഥാനത്തിൽ പരശുവയ്ക്കൽ കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പേരിലേയ്ക്ക് ടി ഭൂമി ജമമാറ്റം ചെയ്ത് **23067**-ാം നമ്പർ പുതിയ തണ്ടപ്പേര് അനുവദിച്ചു. **(അനുബന്ധം-6)**

ശ്രീ.ചിന്നപ്പൻ മകൻ ഫ്രാൻസിസ് നെയ്യാറ്റിൻകര ഭൂരേഖ തഹസിൽദാരുടെ മേൽ നടപടിയ്ക്കെതിരെ പരാതി നൽകുകയും തുടർന്ന് ടി 06-12-2021 തീയതിയിലെ ഉത്തരവ് 21-05-2022 തീയതിയിലെ കെ.6-21899/20-ാം നം. നടപടിക്രമ പ്രകാരം നെയ്യാറ്റിൻകര ഭൂരേഖ തഹസിൽദാർ റദ്ദാക്കുകയും, ഹെഡ് സർവ്വെയറുടെ നേതൃത്വത്തിൽ സർവ്വെ നടപടികൾ പുന:പരിശോധിക്കുന്നതിന് ഒരു സർവ്വെ ടീമിനെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തിരുന്നു. **(അനുബന്ധം- 7)** മേൽ സർവ്വെ ടീം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര ഭൂരേഖാ തഹസിൽദാർ 18-10-2022 തീയതിയിൽ കെ.6-21899/20 നമ്പർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

35, 36 & 37. 1961 ലെ സർവ്വെ & ബൗണ്ടറീസ് നിയമ പ്രകാരമുള്ള റീസർവ്വെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിലാണ് പരാതിയിലെ എതിർ കക്ഷികളായ 2, 3, 4, 6, 13എന്നിവർ പേർക്ക് തണ്ടപ്പേർ പിടിച്ചു നികുതി സ്വീകരിച്ചിട്ടുള്ളതും തുടർന്ന് ടി വസ്തുവിൽ നടന്നിട്ടുള്ള എല്ലാ പോക്കുവരവുകളും 1966 ലെ കേരളാ പോക്കുവരവ് ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പ്രകാരമാണ് നടത്തിയിട്ടുള്ളത്. ആയതിനാൽ പരാതി കക്ഷിയുടെ വാദം അടിസ്ഥാനരഹിതവും തള്ളിത്തീർപ്പാവുന്നതുമാണ്.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

38. എ പട്ടികയായി പരാമർശിച്ചിട്ടുള്ള കൊല്ലം ഈസ്റ്റ് വില്ലേജിലെ മുൻ സർവ്വെ നമ്പർ 9601 ൽ 02.83 ആർസ്, 9602 ൽ 04.86 ആർസ്, 9603Aൽ 02.43 ആർസ്, 9603 Bൽ 02.02 ആർസ്, 9604 ൽ 02.83 ആർസ്, 9604 B ൽ 01.21 ആർസ്, 9605 ൽ 03.64 ആർസ്, 9606 ൽ 03.24 ആർസ്, 9607 ൽ 60.30 ആർസ് സ്ഥലങ്ങളും, ബി.പട്ടികയിൽ പരാമർശിക്കുന്ന മുൻ സർവ്വെ 9274 ൽ 14.97 ആർസ് വസ്തുവും റീസർവ്വെ നടപടി പ്രകാരം(കോ-റിലേഷൻ) ബ്ലോക്ക് നമ്പർ 68 റീസർവ്വെ നമ്പർ 11 ഉൾപ്പെടുത്തി വന്നിട്ടുള്ളതാണ്. ബി.പട്ടികയിൽ പരാമർശിക്കുന്ന മുൻ സർവ്വെ 9273 ൽ 11.73 ആർസ് റീസർവ്വെ നടപടി പ്രകാരം ബ്ലോക്ക് നമ്പർ 68 റീസർവ്വെ നമ്പർ 15 ൽ ഉൾപ്പെടുത്തി 09.05 ആർസ് വിസ്തീർണ്ണം ഉള്ളതാണ്.

പുന്നത്തല ഓലിക്കൽ അരമനയിൽ ഇരിക്കും കൊല്ലം ക്ഷപതയുടെ മെത്രാൻ മോസ്റ്റ് റവ. ഡോക്ടർ ജെറോൺ.എം. ഫെർണാണ്ടസ് എന്നവർ പേരിൽ കൊല്ലം ഈസ്റ്റ് വില്ലേജിലെ തണ്ടപ്പേർ നമ്പർ 5544 പ്രകാരം ബ്ലോക്ക് നമ്പർ 68 റീസർവ്വെ നമ്പർ 11 ൽ 04.20 ആർസ്, റീസർവ്വെ നമ്പർ 15 ൽ 09.05 ആർസ്, റീസർവ്വെ നമ്പർ 73 ൽ 01.25 ആർസ് വസ്തുക്കൾ റീസർവ്വെ നടപടിപ്രകാരം ഉണ്ടായിരുന്നതും ആയത് യഥാക്രമം റ്റി.പി 9058, 10612, 10091 ലേക്ക് പോക്കുവരവ് നടപടിപ്രകാരം പോയിട്ടുള്ളതുമാണ്. കൂടാതെ റീസർവ്വെ നമ്പർ 55 ൽ 13.60 ആർസ് വസ്തുവുണ്ടായിരുന്നതിൽ നിന്നും റ്റി.പി 9488 ലേക്ക് 05.45 ആർസ് പോക്കുവരവ് നടപടിപ്രകാരം പോയിട്ടുള്ളതും നീക്കി ബാക്കി ടി റീസർവ്വെ നമ്പരിൽ 08.15 ആർസ് നിലവിലുള്ളതും, റീസർവ്വെ നമ്പർ 77ൽ 02.45 ആർസ് വസ്തുവിൽ നിന്നും റ്റി.പി 10109, 15506 ലേക്ക് 02.3833 ആർസ് പോക്കുവരവ് നടപടിപ്രകാരം പോയിട്ടുള്ളതും നീക്കി ബാക്കി 0.0667 ആർസ് നിലവിലുള്ളതും, റീസർവ്വെ നമ്പർ 57ൽ 13.35 ആർസ് വസ്തുവിൽ നിന്നും റ്റി.പി 9104 ലേക്ക് 01.61 ആർസ് പോക്കുവരവ് നടപടിപ്രകാരം പോയിട്ടുള്ളതും നീക്കി ബാക്കി 11.74 ആർസ് നിലവിലുള്ളതുമാണ്. റീസർവ്വെ നമ്പർ 65 ൽ 00.38 ആർസ് വസ്തു നിലവിലുള്ളതുമാണ്.

കൊല്ലം ഈസ്റ്റ് വില്ലേജിൽ ബ്ലോക്ക് നമ്പർ 68 റീസർവ്വെ നമ്പർ 62 ൽ 2.75 ആർസ് ഭൂമി 5585-ാം നമ്പർ ബി.ടി.ആർ തണ്ടപ്പേർ പ്രകാരം ആശ്രാമത്ത് ചേരിയിൽ വേലിക്കളങ്ങര മിഷ്യൻ കോമ്പൗണ്ടിൽ ലില്ലി സദനത്തിൽ ഫ്രാൻസിസ് ഭാര്യ ജനോവ ടിയിൽ മകൻ തോമസ് കുട്ടി എന്നവർ പേരിൽ കൊണ്ട് കിടന്നിരുന്നതാണ്. ടി തണ്ടപ്പേർ റീസർവ്വെ നടപടിയുടെ ഭാഗമായി ബി.ടി.ആർ രജിസ്റ്ററിൽ ഉൾപ്പെട്ട വന്നതാണ്. ടി ഭൂമിയിൽ നിന്നും 1.11 ആർസ് ഭൂമി റീസർവ്വെ 62/2 നമ്പരായി ആശ്രാമത്ത് ചേരിയിൽ വേലിക്കളങ്ങര മിഷ്യൻ കോമ്പൗണ്ടിൽ ലില്ലി സദനത്തിൽ ജനോവ, ഫ്രാൻസിസ് മകൻ തോമസ് കുട്ടി പേരിൽ 10886-ാം തണ്ടപ്പേരിലേയ്ക്ക് പോക്കുവരവ് നടപടി സ്വീകരിച്ചിട്ടുള്ളതാണ്. തുടർന്ന് 17 ച.മീ വിസ്തീർണ്ണം വരുന്ന ഭൂമി റീസർവ്വെ 62/3 നമ്പരായി ആശ്രാമത്ത് ചേരിയിൽ വേലിക്കളങ്ങര മിഷ്യൻ കോമ്പൗണ്ടിൽ ലില്ലി സദനത്തിൽ ഫ്രാൻസിസ് മകൾ മേരിക്കുട്ടി പേരിൽ 10888- ാം തണ്ടപ്പേരിലേയ്ക്ക് പോക്ക് വരവ് നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

കൊല്ലം ഈസ്റ്റ് വില്ലേജിലെ ബ്ലോക്ക് നമ്പർ 68 റീസർവ്വെ നമ്പർ 56 ൽ പ്പെട്ട 3.90 ആർസ് ഭൂമി 5580-ാം നമ്പർ ബി..ടി.ആർ തണ്ടപ്പേർ പ്രകാരം ആശ്രാമത്ത് ചേരിയിൽ വേലിക്കളങ്ങര മിഷ്യൻ കോമ്പൗണ്ടിൽ ലില്ലിസദനത്തിൽ കുട്ടൻപിള്ള മകൻ ശശി ടിയിൽ ഭാര്യ ഫ്രാൻസിസ് മകൾ മേരിക്കുട്ടി പേരിൽ കൊണ്ട്

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കിടന്നിരുന്നതാണ്. തുടർന്ന് 29-09-1999 തീയതിയിലെ ടി.ആർ 969 പ്രകാരം ആശ്രാമത്ത് ചേരിയിൽ കന്റേൺമെന്റ് നോർത്ത് വാർഡിൽ സിമിഹൗസിൽ ഷംസുദ്ദീൻ മകൻ അബ്ദുൾ വഹാബ് ടിയാൻ ഭാര്യ സിമി പേരിൽ 15119-ാം നമ്പർ തണ്ടപ്പേർ പ്രകാരം പോക്ക് വരവ് നടപടി സ്വീകരിച്ചിട്ടുള്ളതും, തുടർന്ന് ടി വില്ലേജിലെ 16-11-2002 ലെ ടി.ആർ 644/02പ്രകാരം കൊട്ടാരക്കരതാലൂക്കിൽ കരിക്കകം പി.ഒ വെട്ടിക്കവല വില്ലേജിൽ ഉളിയനാട് വാർഡിൽ കമ്പിലകത്ത് എപ്രാത്ത് ഹൗസിൽ ഗീർവർഗ്ഗീസ് മകൻ കെ.വി ജോയിക്കുട്ടി പേരിൽ 18441-ാം നമ്പർ തണ്ടപ്പേരിലേയ്ക്ക് പോക്ക് വരവ് നടപടി സ്വീകരിച്ചിട്ടുള്ളതാണ്. തുടർന്ന് ടി വില്ലേജിലെ 18-12-2003 ടി ആർ 558 നമ്പർ പ്രകാരം മുണ്ടയ്ക്കൽ വില്ലേജിൽ തെക്കേവിളചേരിയിൽ വടക്കേവിള പി.ഒ മാളികപുരയിടത്തിൽ നിസാർ മൻസിലിൽ മുഹമ്മദ് ഹനീഫ മകൻ നിസാമുദ്ദീൻ പേരിൽ 19316-ാം നമ്പർ തണ്ടപ്പേരിലേയ്ക്ക് പോക്ക് വരവ് നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നു. വീണ്ടും ടി ഭൂമി ടി വില്ലേജിലെ 29-06-2022 തീയതിയിലെ ടി ആർ 301/2022 പ്രകാരം ബാംഗ്ലൂർ, ബെലന്തൂർ പി.ഒ 560103 ൽ ബെലന്തൂർ സർയ്യൂർ ഔട്ടർ റിംഗ് റോഡിൽ 1702 ശോദമേ ഫ്ലവർ അപ്പാർട്ട്മെന്റിൽ രാജശേഖരൻ നായർ മകൾ ജാനകി ലത പേരിൽ 31878-ാം നമ്പർ തണ്ടപ്പേരിൻപടി പോക്കുവരവ് നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

കൊല്ലം ഈസ്റ്റ് വില്ലേജിൽ ബ്ലോക്ക് നമ്പർ 68 റീസർവ്വെ നമ്പർ 59 ൽ 01.50 ആർസ് ഭൂമി 5582-ാം നമ്പർ ബി.ടി.ആർ തണ്ടപ്പേർ പ്രകാരം ആശ്രാമത്ത് ചേരിയിൽ വേലിക്കുളങ്ങര മിഷ്യൻ കോമ്പൗണ്ടിൽ കെ.കല്ല്യാണി എന്നവർ പേരിൽ കൊണ്ട് കിടന്നിരുന്നതാണ്. ടി തണ്ടപ്പേർ റീസർവ്വെ നടപടിയുടെ ഭാഗമായി ബി.ടി.ആർ രജിസ്റ്ററിൽ ഉൾപ്പെട്ടു വന്നതാണ്. ടി ഭൂമിയിൽ നിന്നും 1.21 ആർസ് ഭൂമി റീസർവ്വെ 59/2 നമ്പരായി നെടുമ്പന വില്ലേജിൽ മുട്ടക്കാവ് ചേരിയിൽ വിജയഭവനിൽ 1) പ്രശാന്ത്, ടിയിൽ ടിയാൻ ഭാര്യ 2) രഞ്ജിനി എന്നിവർ പേരിൽ 23518-ാം തണ്ടപ്പേരിലേയ്ക്ക് പോക്കുവരവ് നടപടി സ്വീകരിച്ചിട്ടുള്ളതാണ്. ടി 5582-ാം നമ്പർ തണ്ടപ്പേരിൽ പോക്ക് നീക്കി 00.29 ആർസ് ഭൂമി നിലവിലുള്ളതാണ്.

കൊല്ലം ഈസ്റ്റ് വില്ലേജിൽ ബ്ലോക്ക് നമ്പർ 68 റീസർവ്വെ നമ്പർ 58 ൽ 11.00 ആർസ് ഭൂമി 5581-ാം നമ്പർ ബി.ടി.ആർ തണ്ടപ്പേർ പ്രകാരം ആശ്രാമത്ത് ചേരിയിൽ വേലിക്കുളങ്ങര മിഷ്യൻ കോമ്പൗണ്ടിൽ ലില്ലി സദനത്തിൽ അംബ്രോസ് മകൻ ഫ്രാൻസിസ് ഭാര്യ ജനോവ മകൻ തോമസ് കുട്ടി, അലക്സാണ്ടർ എന്നവർ പേരിൽ കൊണ്ട് കിടന്നിരുന്നതാണ്. ടി തണ്ടപ്പേർ റീസർവ്വെ നടപടിയുടെ ഭാഗമായി ബി.ടി.ആർ രജിസ്റ്ററിൽ ഉൾപ്പെട്ടു വന്നതാണ്. ടി ഭൂമിയിൽ നിന്നും 02.53ആർസ് ഭൂമി റീസർവ്വെ 58/5 നമ്പരായി ആശ്രാമത്ത് ചേരിയിൽ വേലിക്കുളങ്ങര മിഷ്യൻ കോമ്പൗണ്ടിൽ ലില്ലി സദനത്തിൽ ഫ്രാൻസിസ് മകൾ ജെസ്സിക്കുട്ടി പേരിൽ 10889-ാം തണ്ടപ്പേരിലേയ്ക്ക് പോക്കുവരവ് നടപടി സ്വീകരിച്ചിട്ടുള്ളതാണ്. തുടർന്ന് 02.53ആർസ് വിസ്തീർണ്ണം വരുന്ന ടി ഭൂമി റീസർവ്വെ 16602- ാം നമ്പർ തണ്ടപ്പേരിലേയ്ക്ക് പോക്ക് വരവ് നടപടി സ്വീകരിച്ചിട്ടുള്ളതും നിലവിൽ ജെസ്സിക്കുട്ടി പേരിലുള്ള തണ്ടപ്പേരിൽ ഭൂമി ഇല്ലാത്തതുമാണ്.

മേൽ വിവരിച്ച ബ്ലോക്ക് നമ്പർ 68 ൽ റീസർവ്വെ നമ്പർ 62 ൽ പ്പെട്ട 02 ആർ 75 ച.മീ വിസ്തീർണ്ണം വരുന്ന ഭൂമിയുടേയും ബ്ലോക്ക് നമ്പർ 68 ൽ റീസർവ്വെ നമ്പർ 58 ൽ പ്പെട്ട 03 ആർ 90 ച.മീ വിസ്തീർണ്ണം വരുന്ന ഭൂമിയുടേയും ബ്ലോക്ക് നമ്പർ 68 റീസർവ്വെ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നമ്പർ 59 ൽ 01.50 ആർസ് ബ്ലോക്ക് നമ്പർ 68 റീസർവ്വെ നമ്പർ 58 ൽ 11.00 ആർസ് വിസ്തീർണ്ണം വരുന്ന ഭൂമിയുടേയും നികുതി സ്വീകരിക്കുന്നതിന് തയ്യാറാക്കിയ റിക്കാർഡുകൾ റീസർവ്വേ നടപടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ആയതിൻപ്രകാരം ബി.ടി.ആർ, ടി.പി.ആർ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുള്ളതാണ്. ടി രജിസ്റ്ററുകൾ തയ്യാറാക്കുന്നതിന് വിവിധ തരത്തിലുള്ള ചട്ടപ്രകാരം നോട്ടീസ് നടപടികൾ ചെയ്തിട്ടുള്ളതാണ്.

1961 ലെ സർവ്വെ & ബൌണ്ടറീസ് നിയമ പ്രകാരം റീസർവ്വെ നടപടിക്രമളിലൂടെയാണ് മേൽ വിവരിച്ച വസ്തുക്കളെല്ലാം തണ്ടപ്പേർ പിടിച്ചു നികുതി സ്വീകരിച്ചിട്ടുള്ളതും തുടർന്ന് ടി വസ്തുവിൽ നടന്നിട്ടുള്ള എല്ലാ പോക്കുവരവുകളും 1966 ലെ കേരളാ പോക്കുവരവ് ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പ്രകാരമാണ് നടത്തിയിട്ടുള്ളത്. അന്യായ പട്ടിക വസ്തുവിനെ സംബന്ധിച്ച് റവന്യൂ റിക്കാർഡുകളില് തെറ്റായി ഉണ്ടാക്കിയ രേഖകൾ റദ്ദ് ചെയ്ത് ഒന്നാം വാദിയുടെ പേരിൽ പുനസ്ഥാപിക്കുന്നതിനായി പരാതികക്ഷി ഉന്നയിക്കുന്ന വാദങ്ങളെല്ലാം തന്നെ അടിസ്ഥാന രഹിതവും നിയമപ്രകാരം നിലനിൽക്കാത്തതുമാണ്. ആയതിനാൽ കോടതി ചെലവ് സഹിതം അന്യായം തള്ളിതീർപ്പാക്കാവുന്നതാണ്.

തഹസിൽദാർ(ഭൂരേഖ)

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



Audio
Refresh

Prl. Munsiff Court Kollam

Serial Number	Case Type/Case Number/Case Year	Petitioner versus Respondent	View
1	OS/100812/2021	Roman Catholic Diocese of Quilon Versus Francis	View

Back

Prl. Munsiff Court

Case Details

Case Type	Filing Number	Filing Date	Registration Number	Registration Date	CNR Number
OS - ORIGINAL SUIT	100812/2021	23-12-2021	100812/2021	23-12-2021	KLKM060011852021

Case Status

First Hearing Date	Next Hearing Date	Case Status	Stage of Case	Court Number and Judge
23-December-2021	23-September-2025	Pending	Issues	1-Prl.Munsiff,Kollam

Petitioner and Advocate

- 1) Roman Catholic Diocese of Quilon

  Advocate - JUSTIN P
- 2) Most Rev.Dr.Paul Antony Mullassery

Respondent and Advocate

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

- 1) Francis
- 2) Jenova
- 3) Sasi
- 4) Marykutty
- 5) Alexander
- 6) Thamankutty
- 7) Jessykutty
- 8) Akhil K.G
- 9) Sreekumar
- 10) Priya
- 11) Beena Thomas
- 12) Baby Thankachan
- 13) K.Kalliyani
- 14) O.Karthiyani
- 15) Mercy D Cruze
- 16) Jacob
- 17) Molly Jacob

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

GOVERNMENT OF KERALA

Revenue (E) Department

REV-E3/99/2025-REV

Thiruvanthapuram,Dated04-02-2025

The Petition dated 12.12.2024 from Shri. Asokan.S is forwarded herewith to the Land Revenue Commissioner for necessary action and to give reply to the applicant directly.

ROYCHEN THOMAS
DEPUTY SECRETARY

To:

The Land Revenue Commissioner,
Thiruvananthapuram.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

വിജിലൻസ് (ഇ) വകുപ്പ്

നമ്പർ.വിജി-ഇ2/29/2025-വിജി 28-01-2025,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി
റവന്യൂ വകുപ്പ്

സർ,

വിഷയം:- വിജിലൻസ് വകുപ്പ് - വർക്കല താലൂക്കിൽ താമസിക്കുന്ന പരാതിക്കാരന്റെ 14.5 സെന്റ് വസ്തുവിന് സൈഡ് അതിര് ഇല്ലായെന്ന് പറഞ്ഞ് സർവ്വേയർ അളന്നില്ലായെന്നും, വസ്തുവിൽ കുറവ് വന്നുവെന്നും, ശരിയായ രീതിയിൽ അളന്നു നൽകണമെന്നും ആവശ്യം - ശ്രീ. അശോകൻ. എസ് സമർപ്പിച്ച പരാതി - സംബന്ധിച്ച്

സൂചന:- 24.12.2024 ലെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ CPSP-1-52585/2024/DVACB നമ്പർ കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വർക്കല താലൂക്കിൽ താമസിക്കുന്ന പരാതിക്കാരന്റെ 14.5 സെന്റ് വസ്തുവിന് സൈഡ് അതിര് ഇല്ലായെന്ന് പറഞ്ഞ് സർവ്വേയർ അളന്നില്ലായെന്നും, വസ്തുവിൽ കുറവ് വന്നുവെന്നും, ശരിയായ രീതിയിൽ അളന്നു നൽകണമെന്നും ആവശ്യം ഉന്നയിച്ച് ശ്രീ. അശോകൻ. എസ് സമർപ്പിച്ച പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി സൂചനയിലെ കത്തും അനുബന്ധങ്ങളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
ബിനു സി
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ് : ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"CORRUPTION, A CRIME AGAINST NATION"
ഭരണഭാഷ മാതൃഭാഷ

150 YEARS OF CELEBRATING THE MAHATMA

ഡയറക്ടറേറ്റ്,
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
ഇമെയിൽ : vig.vacb@kerala.gov.in
ഫോൺ : 04712305393
തീയതി. 24-12-2024

നമ്പർ.CPSP-1-52585/2024/DVACB

പ്രേഷകൻ

ഡയറക്ടർ
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി,
വിജിലൻസ് ഡിപ്പാർട്ട്മെന്റ്,
ഗവ.സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

വിജിലൻസ് ഡയറക്ടർ 17 JAN 2025 ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം-695001.

സർ,

വിഷയം: വർക്കല താലൂക്കിൽ താമസിക്കുന്ന പരാതിക്കാരന്റെ 14 1/2 സെന്റ് വസ്തുവിന് സൈഡ് അതിര് ഇല്ലായെന്ന് പറഞ്ഞ് സർവ്വയർ അളന്നില്ലായെന്നും, വസ്തുവിൽ കറവു വന്നയെന്നും ശരിയായ രീതിയിൽ അളന്നു കിട്ടണമെന്നും മറ്റും ആരോപിച്ച് ശ്രീ.അശോകൻ.എസ്, കല്ലമ്പലം, തിരുവനന്തപുരം നല്കിയ പരാതി

സൂചന : 29.03.2017 തീയതിയിലെ സ.ഉ(പി)നം.09/2017/വിജി.നമ്പർ സർക്കാർ ഉത്തരവ്.

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും അങ്ങയുടെ ശ്രദ്ധക്ഷണിച്ചു കൊള്ളുന്നു.

ശ്രീ.അശോകൻ.എസ്, കല്ലമ്പലം, തിരുവനന്തപുരം എന്നയാൾ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നൽകിയ പരാതി ഉചിത നടപടി സ്വീകരിക്കുന്നതിന് മേൽ സൂചന പ്രകാരം സമർപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

ഇ എസ് ബിജുമോൻ
പോലീസ് സൂപ്രണ്ട് ഇന്റലിജൻസ്
ഡയറക്ടർക്ക് വേണ്ടി

File No. LR/9130/2025-LR(B3) (Co
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

CPIT-1

1

52585

8795

From,

അശോകൻ എസ്.
സൂര്യവേൽ ഭവൻ
[illegible] വേളി കോണം
കച്ചമ്പലം PO, തിരുവനന്തപുരം

9656348920

വിജിലൻസ് ആൻഡ് ആന്റി - കറപ്ഷൻ ഡയറക്ടറേറ്റ്
തിരുവനന്തപുരം
12 DEC 2024



To,
വിജിലൻസ് ഓഫ് സൂപ്രണ്ട് (SP)
വിജിലൻസ് ഭവൻ. P.M.G. തിരു:

ബഹുമാനപ്പെട്ട സൂപ്രണ്ട് ഓഫ് പോലീസ് ഇൻ ബിക്കെ ശ്രീ. അശോകൻ എസ് നൽകുന്നപരാതി. സർ, ഞാൻ 13 വർഷമായി. 14½ cent അളക്കുന്നതിന് വേണ്ടി വർക്കലതാലൂക്കിൽ, 13 വർഷത്തിനു ഇൻ ബേ കൾ അടച്ചു. അതുകഴിഞ്ഞ് അതാതു വർഷത്തെയിൽ കരം തീർക്കുന്നുണ്ട്. 13 വർഷം കഴിഞ്ഞതിനു ശേഷം. സെക്ഷൻ ഓഫീസിൽ എന്റെ വസ്തു അളക്കുന്നതിനു വേണ്ടി താലൂക്കിൽ നിന്നും അളക്കാൻ സർവ്വേയർ വരുകയും, എന്റെ വസ്തുവിനു സൈസ് അതിർ മാറ്റി തുല്യം എന്നു പറഞ്ഞ് അളക്കാതെ പോകുകയും ചെയ്തു. അതുകൊണ്ടു ഒരു പ്രിക്ഷ്യസർവ്വേയറും തുല്യമായ അക്ഷിസ്റ്റന്റും ചേർന്നു പറഞ്ഞിട്ട് പോയിട്ട് തുടരെയും വന്നിട്ടില്ല. എനിക്കു 14½ cent-ൽ ഇപ്പോൾ 12 cent ഉള്ളു. അതു എതിർ കക്ഷി സൈസ് അനധികൃതമായി തുടർച്ചു താഴ്ത്തി സൈസ് വർ കെട്ടിയിരിക്കുന്നു.

Jsekh
12/12

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഞാൻ ചിറ്റൂർതത്തമംഗലത്തിന്റെ ചെയർമാനായിരുന്നു. ചിറ്റൂർ തത്തമംഗലം നഗരസഭയുടെ വികസനത്തിനുവേണ്ടി ഞങ്ങൾ ഒരുക്കുന്നതിന്റെ ടെൻഡറിന്റെ കാര്യത്തിനായിട്ടാണ് ഞാൻ ഇവിടെ വന്നത്. ഇപ്പോൾ ഞാൻ താമസിക്കുന്നത് ചിറ്റൂർതത്തമംഗലത്തിലാണ്. ഞാൻ ചെയ്തതിന്റെയും ഞങ്ങളുടെയും കൈയിലുള്ള ഡോക്യുമെന്റ്സ് പ്രകാരം 1/4 cent സ്ഥലം വാങ്ങിച്ചിട്ടുണ്ട്. ഇതിന്റെ ആധാരം ഞാൻ ചെയ്തിട്ടുണ്ട്. ഇതിന്റെ ഡോക്യുമെന്റ്സ് ഞാൻ ചെയ്തിട്ടുണ്ട്. ഇതിന്റെ ഫീസ് ഞാൻ വാങ്ങിച്ച

GOVERNMENT OF KERALA

Revenue (E) Department

REV-E3/333/2025-REV
Thiruvanthapuram,Dated16-05-2025

The Petition dated 26.04.2025 from Dr. K A Kumar & M L Radhika is forwarded herewith to the Land Revenue Commissioner for necessary action and to give reply to the applicant directly.

ROYCHEN THOMAS
DEPUTY SECRETARY

To:

The Land Revenue Commissioner,
Thiruvananthapuram.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

1 ACS, Revenue May- 3 3:43 PM

Email

Smt. SARADA MURALEEDHARAN IAS

Resurvey Award of Home Land. (LRM 8/349/18 dated 26.10.2019).. Pokkuvaravu&Regularization not done..Five Years Time Lag Grievance..Redressal-request

Sat, Apr 26, 2025 01:36 PM

2 attachments

From : drkakumar@gmail.com

Subject : Resurvey Award of Home Land. (LRM 8/349/18 dated 26.10.2019).. Pokkuvaravu&Regularization not done..Five Years Time Lag Grievance..Redressal-request

To : Smt. SARADA MURALEEDHARAN IAS <chiefsecy@kerala.gov.in>

Cc : prl secy revenue <prl.secy.revenue@gmail.com>

To

The Chief Secretary, Keralam.

Respected Sir/Madam,

Kindly see the trailing mail.

The Pokkuvaravu and regularization of our Home Land at Pattom Village, allotted to us by Resurvey Award in 2019(LRM 8/349/18 dated 26.10.2019) remains not done as yet.

Despite the health related travel limitations, Dr.KA.Kumar (the first Petitioner below)have had gone to concerned village and Taluk office in person for this few times. The second Petitioner could not make it , being too sick.

On account of old age and medical illnesses ,we are both having limitations to go repeatedly & frequently in person to the concerned offices.

Kindly consider our genuine age and illness difficulties sympathetically and attend to this petition , related to regularization of our Home Land property.

We are submitting this in utter distress and helplessness.

Please consider our Grievance urgently and earnestly, and redress

Thanking in anticipation.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

Dr.KA.Kumar.(.Age 77 years)
ML Radhika....(Age.68 years)
Koikal Krishna, TC 13/598
Near Ulloor Bridge
Pattom.PO
Thiruvananthapuram.695004

Phone: 9447035533/9495935533
Alternate email:arvind.widearc@gmail.com

---------- Forwarded message ---------
From: **Dr K A Kumar** <drkakumar@gmail.com>
Date: Tue, Mar 18, 2025, 13:38
Subject: Home Land Property.Resurvey Award 2019.Pokkuvaravu not done so far...Grievance
To: <dctvm.ker@nic.in>, <rdotvm@gmail.com>
Cc: arvind.widearc <arvind.widearc@gmail.com>

To

The District Collector, Thiruvananthapuram/

RDO, Thiruvananthapuram...

Respected Sir/Madam,

We are both elderly persons with age related and illness related limitations . Despite these, since November 2024, we have had gone physically and represented the five year delay in pokkuvaravu to the Village Office , Pattom, and requested to get our Home Land Property regularized as per Resurvey Award 2019 .....

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



From,

മോഹനൻ. ജെ & ഷീല. എസ്.ബി
തിരുവാതിര,
പാർവ്വതീപുരം
ആറ്റിങ്ങൽ പി.ഒ. 695101.
Mob.No. 8075280538

B9

To

Commissioner of land revenue,
Public Office Building, Museum,
Thiruvananthapuram.

വിഷയം:- **റീ സർവ്വേ അപാകത-ആലംകോട് വില്ലേജ് സർവ്വേ 1355/2-2,ബ്ലോക്ക് 41-ൽ 325/25 ൽപ്പെട്ട 04.80 ആർ ഭൂമി - WP(C) 13838/2025 നമ്പർ ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച്**

സൂചന;- 1. **ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് നമ്പർ WP(C) 13838/2025**

2. **ലാന്റ് റവന്യൂ കമ്മീഷ്ണറുടെ ഉത്തരവ് നമ്പർ LR/4459/2025-LR(B3) dated 28-04-2025**

3. **ബഹുമാനപ്പെട്ട കളക്ടറുടെ 29-04-2025-ലെ ഉത്തരവ് DCTVM/5587/2025/B19 dated 29-04-2025**

Sir,

ഞങ്ങൾ 05-03-2025-ലും 15-04-2025-ലും സമർപ്പിച്ച അപേക്ഷയെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് നൽകിയിരുന്നു.

ടി ഉത്തരവിൽ In view of the limited prayer made this wirt petition is disposed of directing the 3rd respondent to consider and pass orders on the complaint evidenced by Ext. P3 after hearing the petitioners, at the earliest at any rate within two months from the date of receipt of a copy of this judgement.

അതോടൊപ്പം സൂചന 2-ലെ LR/4459/2025-LR(B3) dated 28-04-2025 നമ്പർ പ്രകാരം **കമ്മീഷ്ണറുടെ ഉത്തരവിൽ** വസ്തുവിന്റെ കരം ഒടുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ.മോഹനൻ. ജെ, ഷീല എന്നിവർ സമർപ്പിച്ച അപേക്ഷയിൻമേൽ നിയമാനുസൃത നടപടി സ്വീകരിച്ച് **കക്ഷിക്ക് നേരിട്ട് മറുപടി നൽകി** റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിലേക്ക് സൂചന പ്രകാരമുള്ള അപേക്ഷയും അനുബന്ധ രേഖകളും ഇതോടൊപ്പം ചേർക്കുന്നു.

ഞങ്ങൾക്ക് നാളിതുവരെ ചിറയിൻകീഴ് താലൂക്കാഫീസിൽ നിന്നും നേരിട്ട് ഹാജരാകുവാൻ യാതൊരു നോട്ടീസും ലഭിച്ചിട്ടില്ല. ഞങ്ങൾക്ക് ബോധിപ്പിക്കേണ്ട കാര്യങ്ങൾ കൂടി പരിഗണിക്കണമെന്ന് വിനീതരായി അപേക്ഷിക്കുന്നു.

ഇതോടൊപ്പം ഉത്തരവിന്റെ പകർപ്പുകളും ഹാജരാക്കുന്നു.

ആറ്റിങ്ങൽ
18-07-2025

എന്ന് വിശ്വസ്തതയോടെ
മോഹനൻ & ഷീല

S.B. Sheela Mohan

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം,പിൻകോഡ് :-695033
മെയിൽ ഐ ഡി :- lrcommissioner@gmail.com
e-Office CRU ID :- cru.lrctvm@kerala.gov.in

LR/4459/2025-LR(B3) Date:28-04-2025

കമ്മിഷണർ

ജില്ലാ കളക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം :- ആലംകോട് വില്ലേജിൽ11079 തണ്ടപ്പേരിൽ റീസർവ്വേ 325/25 ൽപ്പെട്ട വസ്തുവിന്റെ കരമൊടുക്കുന്നത്- സംബന്ധിച്ച്.

സൂചന :- ശ്രീ മോഹനൻ. ജെ &ശ്രീമതി ഷീല എന്നവരുടെ 05.03.2025,15.04.2025 തീയതികളിലെ അപേക്ഷ.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആലംകോട് വില്ലേജിൽ 11079 തണ്ടപ്പേരിൽ റീസർവ്വേ 325/25 ൽപ്പെട്ട വസ്തുവിന്റെ കരമൊടുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ മോഹനൻ. ജെ & ഷീല എന്നവർ സമർപ്പിച്ച അപേക്ഷയിന്മേൽ നിയമാനുസൃത നടപടി സ്വീകരിച്ച് കക്ഷിക്ക് നേരിട്ട് മറുപടി നൽകി റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിലേക്ക് സൂചന പ്രകാരമുള്ള അപേക്ഷയും അനുബന്ധ രേഖകളും ഇതോടൊപ്പം ചേർക്കുന്നു.

വിശ്വസ്തതയോടെ

Signed by
Dr.Jayanthi sudhakaran KAS, AC(LR) _CLR, Land Reforms CLR
Jayanthi Sudhakaran കമ്മിഷണർക്കു വേണ്ടി
Date: 28-04-2025 06:27:22

പകർപ്പ്:
1.തഹസിൽദാർ(ഭൂരേഖ),
ചിറയിൻകീഴ്.
2.ശ്രീ മോഹനൻ. ജെ & ശ്രീമതി ഷീല,
തിരുവാതിര,
പാർവ്വതീപുരം,
ആറ്റിങ്ങൽ പി ഒ-695101
ഫോൺ-8075280538

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/372489/2025

DCTVM/5587/2025-B19

കളക്ടറേറ്റ് ,സിവിൽ സ്റ്റേഷൻ
കടപ്പനക്കുന്ന്,തിരുവനന്തപുരം-43
ഫോൺ നം : 0471 -2731210
ഫാക്സ് നം : 0471 -2731166
ഇ-മെയിൽ: dctvm.ker@nic.in
തീയതി: 29-04-2025

ജില്ലാ കളക്ടർ,
തിരുവനന്തപുരം.

തഹസിൽദാർ(ഭൂരേഖ)
ചിറയിൻകീഴ്

സർ,

വിഷയം :- റീസർവ്വെ അപാകത - ആലംകോട് വില്ലേജ് സർവ്വെ 1355/2-2 ൽപ്പെട്ട 04.80 ആർ ഭൂമി - WP(C)-13838/2025 നമ്പർ ഉത്തരവ് - സംബന്ധിച്ച്

സൂചന :- തിരുവനന്തപുരം ആറ്റിങ്ങൽ തിരുവാതിര വീട്ടിൽ ശ്രീ.മോഹനൻ സമർപ്പിച്ച അപേക്ഷ

****

ആലംകോട് വില്ലേജ് സർവ്വെ 1355/2-2 ൽപ്പെട്ട 04.80 ആർ ഭൂമിയുടെ റീസർവ്വെ അപാകതയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ആറ്റിങ്ങൽ തിരുവാതിര വീട്ടിൽ ശ്രീ.മോഹനൻ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)-13838/2025 നമ്പർ ,കേസിൻമേലുള്ള 08/04/2025 ലെ വിധി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സമയബന്ധിതമായി ബഹു.കോടതി ഉത്തരവ് പാലിച്ച് നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,
DEPUTY COLLECTOR
ജില്ലാ കളക്ടർക്കു വേണ്ടി.

Signed by
Prem Lal M P
Date: 29-04-2025 11:09:49

പകർപ്പ് - ശ്രീ.മോഹനൻ.ജെ, തിരുവാതിര, പാർവ്വതിപുരം, ആറ്റിങ്ങൽ.പി.ഒ, തിരുവനന്തപുരം-695101(അറിവിലേയ്ക്കായി)

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

2025:KER:30315

IN THE HIGH COURT OF KERALA AT ERNAKULAM

PRESENT

THE HONOURABLE MR. JUSTICE T.R.RAVI

TUESDAY, THE 8TH DAY OF APRIL 2025 / 18TH CHAITHRA, 1947

WP(C) NO. 13838 OF 2025

PETITIONERS:

1 MOHANAN
AGED 63 YEARS
S/O. JANARDHANAN, THIRUVATHIRA, PARVATHIPURAM, CHITTATUMKARA, ATTINGAL VILLAGE, ATTINGAL POST, THIRUVANANTHAPURAM., PIN - 695101

2 S.B.SHEELA
AGED 58 YEARS
W/O. MOHANAN, THIRUVATHIRA, PARVATHIPURAM, CHITTATUMKARA, ATTINGAL VILLAGE, ATTINGAL POST, THIRUVANANTHAPURAM., PIN - 695101

BY ADVS.
J.RAMKUMAR
AMRIN FATHIMA
ANILKUMAR C.R.

RESPONDENTS:

1 THE STATE OF KERALA
DEPARTMENT OF LAND REVENUE, REVENUE COMPLEX, PUBLIC OFFICE BUILDING, MUSEUM
THIRUVANANTHAPURAM- 33 REPRESENTED BY ITS SECRETARY., PIN - 695033

2 DISTRICT COLLECTOR
CIVIL STATION, KUDAPPANAKUNNU,
THIRUVANANTHAPURAM., PIN - 695043

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

3 THAHASILDAR
CHIRAYINKEEZHU, ATTINGAL, THIRUVANANTHAPURAM.,
PIN - 695101

4 VILLAGE OFFICER
ALAMKODE VILLAGE, THIRUVANANTHAPURAM., PIN -
695102

SMT. S.L.SYLAJA, GP

THIS WRIT PETITION (CIVIL) HAVING COME UP FOR ADMISSION ON 08.04.2025, THE COURT ON THE SAME DAY DELIVERED THE FOLLOWING:

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

T.R.RAVI, J.

WP(C) No.13838 of 2025

Dated this the 8th day of April, 2025

JUDGMENT

The petitioners grievance is that tax is not being accepted for the reason that Government property is also seen included. The petitioners purchased the property in 2003 and the prior owner was paying tax. It is submitted that Form 8 enquiry has also been completed, but no action is forthcoming. The petitioners had preferred Ext.P2 complaint before the 2nd respondent and a complaint before the 3rd respondent as evidenced by Ext.P3 receipt. The petitioners seek early disposal of the same.

In view of the limited prayer made, this writ petition is disposed of, directing the 3rd respondent to consider and pass orders on the complaint evidenced by Ext.P3, after hearing the petitioners, at the earliest, at any rate, within two months from the date of receipt of a copy

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

of this judgment. The petitioners shall produce a copy of the writ petition along with a certified copy of the judgment before the 3rd respondent for necessary compliance.

Sd/-
T.R.RAVI
JUDGE

LEK

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

2025:KER:30315

APPENDIX OF WP(C) 13838/2025

PETITIONER EXHIBITS

Exhibit P1	A TRUE COPY OF THE LAND TAX RECEIPT DATED 05.07.2003 ISSUED BY ALAMCODE VILLAGE
Exhibit P2	TRUE COPY OF THE COMPLAINT DATED 05.03.2025 SUBMITTED BY THE PETITIONERS BEFORE THE 2ND RESPONDENT
Exhibit P3	TRUE COPY OF THE RECEIPT DATED 06.03.2025 ISSUED FROM THE OFFICE OF THE 3RD RESPONDENT ACKNOWLEDGING THE RECEIPT OF COMPLAINTS SUBMITTED BY THE PETITIONERS

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ഇ) വകുപ്പ്

REV-E3/1000/2024-REV

13-12-2024,
തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ,
തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിൽ ഉൾപ്പെട്ട വസ്തു വ്യാജ ഉത്തരവ് നേടി അനധികൃതമായി വസ്തു കയ്യേറിയത് സംബന്ധിച്ച് ശ്രീ. രാജൻ എഫ്.എ നൽകിയ പരാതി - പരിശോധന റിപ്പോർട്ട് അയയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന:- V&ACB യുടെ 11.11.2024 ലെ CPSP-1-37498/2024/DVACB നം കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു ശ്രീ. രാജൻ എഫ് എ സമർപ്പിച്ച പരാതിയിന്മേൽ ഡെപ്യൂട്ടി കളക്ടർ റവന്യൂ വിജിലൻസിനെ കൊണ്ട് അന്വേഷിപ്പിക്കുന്നതിനും പ്രസ്തുത വകുപ്പ് തല അന്വേഷണത്തിൽ ടി പരാതി വിഷയത്തിന്മേൽ വി എ സിബി മുഖാന്തരം ഏതെങ്കിലും പരിശോധന/അന്വേഷണം ആവശ്യമാണെന്ന് വെളിവാകുന്ന പക്ഷം ശിപാർശയോടെ റിപ്പോർട്ട് സമർപ്പിക്കാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

-

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

വിജിലൻസ് (ഇ) വകുപ്പ്

നമ്പർ.വിജി-ഇ1/194/2024-വിജി 04-12-2024,തിരുവനന്തപുരം

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി

റവന്യൂ വകുപ്പ്

സർ,

വിഷയം:- വിജിലൻസ് വകുപ്പ് - നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിൽ ഉൾപ്പെട്ട വസ്തു വ്യാജ ഉത്തരവ് നേടി അനധികൃതമായി കയ്യേറിയത് സംബന്ധിച്ച് ശ്രീ. രാജൻ. എഫ്.എ നൽകിയ പരാതി - സംബന്ധിച്ച്

സൂചന:- വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 11/11/2024 ലെ സി.പി.എസ്.പി-1-37498/2024/ഡി.വി.എ.സി.ബി നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ശ്രീ. രാജൻ. എഫ്.എ സമർപ്പിച്ച പരാതിയിന്മേൽ ഡെപ്യൂട്ടി കളക്ടർ റവന്യൂ വിജിലൻസിനെ കൊണ്ട് അന്വേഷിപ്പിക്കുന്നതിനും പ്രസ്തുത വകുപ്പ് തല അന്വേഷണത്തിൽ ടി പരാതിവിഷയത്തിന്മേൽ വിഎസിബി മുഖാന്തരം ഏതെങ്കിലും പരിശോധന/അന്വേഷണം ആവശ്യമാണെന്ന് വെളിവാകുന്ന പക്ഷം ഭരണ വകുപ്പിന്റെ ഉചിത തല ശിപാർശയോടെ ഫയൽ ഈ വകുപ്പിൽ ലഭ്യമാക്കുവാനും നിർദ്ദേശിച്ചുകൊണ്ടു വിജിലൻസ് ഡയറക്ടറുടെ കത്ത്, പരാതി പരിശോധനാ റിപ്പോർട്ട്, ശ്രീ. രാജൻ. എഫ്.എ നൽകിയ പരാതി എന്നിവയുടെ പകർപ്പ് ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,

ബിനു സി

അണ്ടർ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ് - ഡയറക്ടർ, വിജിലൻസ് ആൻഡ്ആന്റി കറപ്ഷൻ ബ്യൂറോ (അറിവിലേക്കായി).

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

E

'CORRUPTION, A CRIME AGAINST NATION'
ഭരണഭാഷ മാതൃഭാഷ

15 YEARS OF CELEBRATING THE MAHATMA

ഡയറക്ടറേറ്റ്,
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
ഇമെയിൽ : vig.vacb@kerala.gov.in
ഫോൺ : 04712305393
തീയതി. 11-11-2024

നമ്പർ.CPSP-1-37498/2024/DVACB

വിജിലൻസ് വകുപ്പ് 21 NOV 2024 ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695001

പ്രേഷകൻ

ഡയറക്ടർ
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി,
വിജിലൻസ് ഡിപ്പാർട്ട്മെന്റ്
ഗവ: സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം

സർ,

വിഷയം: നെയ്യാറ്റിൻകര താലൂക്കിൽ പളളിച്ചൽ വില്ലേജിൽ ഉൾപ്പെട്ട വസ്തു വ്യാജ ഉത്തരവ് നേടി അനധികൃതമായി വസ്തു കയ്യേറിയത് സംബന്ധിച്ച് ശ്രീ,രാജൻ.എഫ്.എ നല്കിയ പരാതി-പരിശോധ റിപ്പോർട്ട് അയയ്ക്കുന്നത്-സംബന്ധിച്ച്.

സൂചന : 29.03.2017 തീയതിയിലെ സ.ഉ(പി)നം.09/2017/വിജി.നമ്പർ സർക്കാർ ഉത്തരവ്.

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും അങ്ങയുടെ ശ്രദ്ധക്ഷണിച്ചു കൊള്ളുന്നു.

നെയ്യാറ്റിൻകര താലൂക്കിൽ പളളിച്ചൽ വില്ലേജിൽ ഉൾപ്പെട്ട വസ്തു വ്യാജ ഉത്തരവ് നേടി അനധികൃതമായി വസ്തു കയ്യേറിയത് സംബന്ധിച്ച് ശ്രീ,രാജൻ.എഫ്.എ സമർപ്പിച്ച പരാതി പരിശോധിച്ചതിൽ ഡെപ്യൂട്ടി കളക്ടർ റവന്യൂ വിജിലൻസ് വിഭാഗത്തെ കൊണ്ട് പരിശോധിപ്പിക്കുന്നത് ഉചിതമാകും എന്ന് കാണുന്നതിനാൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് അസൽ പരാതിയും, പരിശോധന റിപ്പോർട്ടും ഇതോടൊപ്പം അയയ്ക്കുന്നു.

പ്രസ്തുത വകുപ്പ് തല അന്വേഷണത്തിൽ ടി പരാതി വിഷയത്തിന്മേൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മുഖാന്തിരം ഏതെങ്കിലും പരിശോധന അന്വേഷണം ആവശ്യമാണെന്ന പക്ഷം ബന്ധപ്പെട്ട വകുപ്പിന്റെ ഉചിത തല ശിപാർശയോടെ ഈ ബ്യൂറോയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

കത്തും ഉളളടക്കവും കൈപ്പറ്റിയ വിവരം അറിയിക്കുന്നതിന് താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ

ഇ എസ് ബിജുമോൻ
പോലീസ് സൂപ്രണ്ട് ഇന്റലിജൻസ്
ഡയറക്ടർക്ക് വേണ്ടി

പകർപ്പ് : 1.പോലീസ് സൂപ്രണ്ട്,വി.എ.സി.ബി, ദക്ഷിണ മേഖല തിരുവനന്തപുരം.(CPSP-1-891/2024/SRT)

2. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, വി.എ.സി.ബി തിരുവനന്തപുരം യൂണിറ്റ്(CPSP-

File No. LR/9130/2025-LR(B3) (Computer No. 1478)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

160/2024/TVM)

File No. LR/9130/2025-LR(B3) (Computer No. 3003)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പെറ്റീഷൻ വെരിഫിക്കേഷൻ റിപ്പോർട്ട്

വിഷയം. - തിരുവനന്തപുരം ജില്ലയിൽ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ PP 22/608 നമ്പർ കെട്ടിടം അനധികൃതമായി വസ്തു കൈയ്യേറി നിർമ്മിച്ച് സർവ്വീസ് സ്റ്റേഷൻ നടത്തുന്നു എന്നത് –സംബന്ധിച്ച്.

സൂചന.- 1. CPSP 1 –2703/2024/DVACB dtd. 25.01.2024.,
2. No. CPSP-1-891/2024/SRTdtd. 09.02.2024.,dated 24.05.24
3. No.PTN(S)/14/24/TVM.
4. CPSP 1 –2703/2024/DVACB dated 16.05.24

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും അങ്ങയുടെ ശ്രദ്ധയെ ക്ഷണിക്കുന്നു.

ബഹു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ അവർകൾ മുമ്പാകെ ശ്രീ.രാജൻ എഫ് എ, PP 22/644, പത്തായം റോഡ്, തോട്ടിൻകര, പള്ളിച്ചൽ, നേമം, തിരുവനന്തപുരം മൊബൈൽ നം. 9747558066 എന്നയാൾ തിരുവനന്തപുരം ജില്ലയിൽ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ PP 22/608 നമ്പർ കെട്ടിടം അനധികൃതമായി വസ്തു കൈയ്യേറി നിർമ്മിച്ച് സർവ്വീസ് സ്റ്റേഷൻ നടത്തുന്നു എന്നും മറ്റും സൂചന 1 പ്രകാരം സമർപ്പിച്ച പരാതി വെരിഫിക്കേഷൻ നടത്തി 05.03.2024 തീയതിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ടിയാൻ മേൽ പെറ്റീഷനോട് ചേർത്ത് അന്വേഷിക്കുന്നതിനായി മുൻ പരാതിയിൽ വിവരിച്ച കെട്ടിടം സ്ഥിതി ചെയ്യുന്ന വസ്തു വ്യാജ DSA പ്രകാരമാണെന്നും ആയതിന് പള്ളിച്ചൽ വില്ലേജ് ഓഫീസർമാരുടെ ഒത്താശയുണ്ടായിരുന്നു എന്നും കാണിച്ച് ബഹു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ അവർകൾ മുമ്പാകെ 16.05.2024 തീയതി സമർപ്പിക്കുകയും ആയത് 24.05.24 ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ദക്ഷിണമേഖല പോലീസ് സൂപ്രണ്ടിന് അയച്ചുകിട്ടിയിട്ടുള്ളതും ആയത് തിരുവനന്തപുരം യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന് അയച്ചുനൽകിയത് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി എന്നെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ സ്ഥിതി വെരിഫിക്കേഷൻ നടത്തി സമർപ്പിക്കുന്ന റിപ്പോർട്ട്.

പരാതി വെരിഫിക്കേഷനിൽ പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് 5 ൽ റീസർവ്വേ നമ്പർ 21/2 തണ്ടപ്പേർ നമ്പർ 308ൽ ഉൾപ്പെട്ട വസ്തു 1991- ൽ ബാലരാമപുരം SRO No.1252/1991 നമ്പർ വിലയാധാര പ്രകാരം ശ്രീ.വേലായുധൻ എന്നയാളിൽ നിന്നും ശ്രീ. സോമരാജന് (എതിർകക്ഷിയായ സുനൈ സോമരാജിന്റെ പിതാവ് സോമരാജന്റെ പേരിൽ) സിദ്ധിച്ചതാണെന്നു അറിഞ്ഞിട്ടുള്ളതാണ്. എന്നാൽ റിക്കാർഡുകളിൽ റീസർവ്വേ നമ്പർ 21/2 അപ്പിച്ചെല്ലമ്മ എന്നയാളുടെ പേരിൽ കിടന്നതായും ആയതിന് 2007-ൽ ശ്രീ. സോമരാജൻ ജില്ലാ സർവ്വീസ് അദാലത്തിൽ മേൽ വസ്തുവിന്റെ ഉടമസ്ഥാവാകാശം സ്ഥാപിച്ചു കിട്ടുന്നതിലേയ്ക്ക് അപേക്ഷ നൽകിയതായും ആയത് DSA- J4/2223/07 തീയതി 30.04.2007 ഉത്തരവ് പ്രകാരം പള്ളിച്ചൽ വില്ലേജിലെ 24807 എന്ന ശ്രീ. സോമരാജന്റെ തണ്ടപേരിലേയ്ക്ക് അനുവദിച്ച് കിട്ടിയതായും നെയ്യാറ്റികര അസി. ഡയറക്ടർ റീസർവ്വേയുടെ ഓഫീസിൽ നിന്ന്. വെരിഫിക്കേഷനിൽ അറിഞ്ഞിട്ടുള്ളതാണ്. വെരിഫിക്കേഷനിൽ 2019-20 വർഷത്തിൽ സർക്കാർ പുറംപോക്കു കുളത്തിന്റെ സർവ്വേ നമ്പർ ആയ 21/21-2 എന്ന സർവ്വേ പ്രകാരം മേൽ വസ്തുവിന് (21/2 സർവ്വേ) കരം ഒടുക്കിയതായും എന്നാൽ പരാതികക്ഷിയായ രാജന്റെ പരാതിയുടെ അടിസ്ഥാനത്തിൽ കരം ഈടാക്കുന്ന നടപടി പള്ളിച്ചൽ വില്ലേജ് ഓഫീസർ നിർത്തി വയ്പ്പിച്ചതായും അറിഞ്ഞിട്ടുള്ളതാണ്. ആയതിന് ശേഷം ടി വസ്തുവിന് നാളിതുവരെ കരം ഒടുക്കിയിട്ടുള്ളതായി കണ്ടെത്തിയിട്ടില്ലാത്തതാണ്.

ടി വസ്തുവിൽ സർക്കാർ പുറംപോക്കു കുളത്തിന്റെ സർവ്വേ നമ്പർ ആയ 21/21-2 എന്ന സർവ്വേയിൽ 2019-20 വർഷം പിശകായി കരം ഒടുക്കേണ്ടി വന്ന സാഹചര്യത്തെകുറിച്ചും, ആയത് പരാതികക്ഷിയായ രാജന്റെ പരാതിയുടെ അടിസ്ഥാനത്തിൽ കരം ഈടാക്കുന്ന നടപടി നിർത്തി വയ്പ്പിക്കാൻ ഇടയാക്കിയതിന്റെ നിജസ്ഥിതി മനസ്സിലാക്കുന്നതിനും, ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വീഴ്ചകൾ സംഭവിച്ചിട്ടുണ്ടോ എന്ന് അന്വേഷിക്കുന്നതിനും ടി വസ്തു വ്യാജ DSA പ്രകാരം ആണ്

File No. LR/9130/2025-LR(B3) (Computer No. 14115)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

രജിസ്റ്റർ ചെയ്തതെന്ന് പരാതികക്ഷി ആരോപിച്ചതിനാൽ ആയതിന്റെ വാസ്തവികത അറിയുന്നതിനും ഡെപ്യൂട്ടി കളക്ടർ റവന്യൂ വിജിലൻസിനെ കൊണ്ട് അന്വേഷിപ്പിക്കുന്നത് ശുപാർശ ചെയ്യുന്നതിലേയ്ക്ക് ടി റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.



KB Manoj Kumar
Inspector of Police
23-08-2024

File No. LR/9130/2025-LR(B3) (Computer No. 3005)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

19838

ബഹുമാനപ്പെട്ട വിജിലൻസ് ഡയറക്ടർ അവർകൾ മുൻപാകെ



പരാതിക്കാരൻ

രാജൻ.എഫ്.എ
പിപി 22/644, തോട്ടിൻകര
പള്ളിച്ചൽ, നേമം.പി.ഒ
ഫോൺ: 9747558066

എതിർ കക്ഷികൾ

1. വില്ലേജ് ആഫീസർ (2007ലെ)
പള്ളിച്ചൽ വില്ലേജ്

2. ആൽബി ജോർജ് (2019 ലെ വില്ലേജ് ആഫീസർ)
പള്ളിച്ചൽ വില്ലേജ്
ഫോൺ : 9447585622

3. ക്രിസ്തുദാസ്
പള്ളിച്ചൽ വില്ലേജ് ആഫിസർ
ഫോൺ : 8547610207

4. സുനൈ സോമരാജൻ
സുമാ കോട്ടേജ്, വാഴമുട്ടം
ഫോൺ : 9048878758

വിഷയം

1. തിരുവനന്തപുരം ജില്ലാ സർവ്വെ സൂപ്രണ്ടിന്റെ 30-04-2007 ലെ J4/DSA-2223/07 വ്യാജനമ്പർ എഴുതിച്ചേർത്ത് 308 തണ്ടപ്പേരിൽ നിന്നും 24807 തണ്ടപ്പേർ രജിസ്ട്രർ ചെയ്തത് റദ്ദ് ചെയ്യുവാനും ടീ പ്രവർത്തിക്ക് ഔദ്ദ്യോഗിക പദവി ദുരുപയോഗം ചെയ്ത വില്ലേജ് ആഫീസർമാർക്കെതിരെ നടപടി സ്വീകരിക്കുവാനും

2. ടീ വിഷയം സംബന്ധിച്ച് 18.01.2024 ൽ ടീ ഓഫീസിൽ 2703 നമ്പറായി പെറ്റീഷൻ ഉള്ളതിനാൽ ടീ പരാതിക്കൊപ്പം ടീ വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി നടപടി എടുക്കുന്നത് സംബന്ധിച്ച്

സർ,

തിരുവനന്തപുരം താലൂക്കിൽ പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 5, റീസർവ്വെ നമ്പർ 21/2 ൽ ഉൾപ്പെട്ട 2.85 ആർ വസ്തുവിൽ മരണപ്പെട്ടുപോയ സോമരാജൻ മകൻ സുനൈ സോമരാജൻ സർവ്വീസ് സ്റ്റേഷൻ വാടകയ്ക്ക് നൽകി വരുന്നു. ടീ സ്ഥലം BTR രേഖകളിലും തണ്ടപ്പേർ നമ്പർ 308 പ്രകാരവും ടീ വസ്തു അപ്പിചെല്ലമ്മയുടെ ഉടമസ്ഥതയിൽ ഉള്ളതാണ്. നിസന്തതിയായ അപ്പിചെല്ലമ്മയുടെ കാലശേഷം ഗോവിന്ദപണിക്കർ മകൻ സോമരാജൻ റവന്യൂ അധികാരികളെ സ്വാധീനിച്ച് വ്യാജ DSA-J4/2223/07 നമ്പർ തണ്ടപ്പേർ 308ൽ എഴുതിചേർക്കുകയും 2.85 ആർ വസ്തു 24807 തണ്ടപ്പേർ നമ്പറായി രേഖപ്പെടുത്തുകയും ചെയ്തു. ടീ തണ്ടപ്പേർ നമ്പർ പോക്കുവരവ് ചെയ്തിട്ടില്ല എന്ന് വില്ലേജ് ആഫിസറുടെ വിവരാവകാശ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാകുന്നു. പോക്കുവരവ് നടത്താത്ത ടീ തണ്ടപ്പേരിൽ റീസർവ്വെ നമ്പർ 21/2 ൽ 2008-2018 വരെ മാനുവലായി കരം തീർത്തു നൽകിയിട്ടുള്ളതും ആകുന്നു. കരം തീർത്ത രേഖകളുടെ പകർപ്പുകൾ ഹാജരാക്കുന്നു. പോക്കുവരവ് നടത്താത്ത ടീ വസ്തുവിന് കരം തീർത്തു നൽകിയിരിക്കുന്നത് അഴിമതിയും ഔദ്ദ്യോഗിക പദവി ദുരുപയോഗം ചെയ്യുന്നതാണ്. DSA ഉത്തരവ് മൂലം ഒരാളുടെ പേരിൽ ഇരിക്കുന്ന വസ്തു മറ്റൊരാൾക്ക് തണ്ടപ്പേർ പിടിക്കാൻ സാദ്ധ്യമല്ലാത്തതുമാകുന്നു.

ടീ തണ്ടപ്പേർ ഓൺലൈൻ എൻട്രി ആയി രേഖപ്പെടുത്തുന്നതിന് സോമരാജൻ ആൽബി

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ജോർജ് എന്ന വില്ലേജ് ആഫീസറെ 2019 ൽ സ്വാധിനിക്കുകയും രാഷ്ട്രീയ-പണം സ്വാധീന ത്തിന്റെ അടിസ്ഥാനത്തിൽ രേഖകൾ ഒന്നും പരിശോധിക്കാതെ വ്യാജ DSA ഉത്തരവാണെ ന്ന് മനസ്സിലായിട്ടും 21/2 എന്ന റീസർവ്വെ നമ്പറിൽ ടീ തണ്ടപ്പേർ ഓൺലൈനിൽ ചേർക്കാൻ ശ്രമിക്കുകയും കഴിയാതെ വന്നപ്പോൾ റവന്യൂ രേഖകളിൽ സർക്കാർ കുളം എന്ന് രേഖപ്പെ ടുത്തിയിരിക്കുന്ന റീസർവ്വെ 21/21-2 എന്ന നമ്പരിൽ ചേർത്തു നൽകി ഗുരുതരമായ അഴിമ തിയും ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ടീ കരം തീർത്ത രസീതിന്റെ പകർപ്പ് ഹാജരാക്കുന്നു. ടീ തണ്ടപ്പേർ 21/2 എന്ന റീസർവ്വെ നമ്പറിൽ ആൽബി ജോർജ് വില്ലേജ് ആഫീസർക്ക് ചേർക്കുവാൻ കഴിയാതെയിരുന്നത് 21/2 ൽ അപ്പിചെല്ലമ്മ യുടെ പേരിൽ മിച്ചവസ്തു ഓൺലൈൻ എൻട്രിയിൽ രേഖപ്പെടുത്തിയിട്ടുള്ളതാകകൊണ്ടാകു ന്നു. എന്നാൽ റീസർവ്വെ നമ്പർ 21/2 തണ്ടപ്പേർ നമ്പർ 308 ൽ വസ്തു നീക്കിയിരിപ്പ് ഇല്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. റവന്യൂ ഉദ്യോഗസ്ഥർ വ്യാജം രേഖപ്പെടുത്തിയപ്പോൾ തെളിവ് അവശേഷിക്കുന്നത് പോലെയാണ് മിച്ച വസ്തു ഉണ്ടാകുകയും രേഖകളിൽ മിച്ച വസ്തു ഇല്ല എന്ന് രേഖപ്പെടുത്താൻ കാരണം .

എന്നാൽ ഞാൻ 2023 - 24 വർഷങ്ങളിൽ ടീ വിഷയത്തെക്കുറിച്ച് ക്രിസ്തുദാസ് വില്ലേജ് ആഫീസർക്കും മറ്റ് ഉദ്യോഗസ്ഥർക്കും പരാതി നൽകുകയും ക്രിസ്തുദാസ് 24807തണ്ടപ്പേർ രജിസ്ട്രറിൽ ഞാൻ മുൻപ് പരാതി നൽകിയത് മുൻ വില്ലേജ് ആഫീസർ രേഖപ്പെടുത്തിയിരുന്നത് മായിച്ചുകളഞ്ഞ് ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തുകയും മേൽ അഴിമതിക്ക് കൂട്ടുനിൽക്കുകയും ചെയ്തുവരുന്നു. കൂടാതെ സുനെ സോമരാജന്റെ സാമ്പത്തിക സ്വാധീനത്തിന് വഴങ്ങി ഞാൻ നൽകിയ പരാതികളിൽ നടപടി എടുക്കാതെയും മേൽ ഉദ്യോഗസ്ഥർ നടപടി എടുക്കാത്ത വിധം റിപ്പോർട്ടുകൾ നൽകി അഴിമതിയെ സാധു കരിക്കുകയും ചെയ്തുവരുന്നു.

ആയതിനാൽ സത്യസന്ധരായ ഉദ്യോഗസ്ഥരെക്കൊണ്ട് അന്വോഷിച്ച് വ്യാജ DSA നമ്പ രിനാൽ നൽകപ്പെട്ട 24807 തണ്ടപ്പേർ റദ്ദ് ചെയ്തുകൊണ്ട് അപ്പിചെല്ലമ്മയുടെ അനന്തരാവ കാശികൾക്ക് നേട്ടീസ് നൽകികൊണ്ട് ടീ വസ്തു സർക്കാർ ഏറ്റെടുക്കണമെന്നും, 2007 ൽ വ്യാജ ഉത്തരവ് എഴുതിചേർക്കാൻ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത അന്നത്തെ വില്ലേജ് ആഫീസർക്കെതിരെയും, 2019 ൽ ഔദ്യോഗിക രേഖകൾ ഒന്നും പരിശോധിക്കാതെ പോക്കുവരവ് നടത്താത്ത വ്യാജ DSA നമ്പറാണെന്ന് മനസ്സിലായിട്ടും റീസർവ്വെ നമ്പർ 21/ 21ൽ സർക്കാർ കുളത്തിൽ ഓൺലൈൻ എൻട്രി ചെയ്ത് ഓൺലൈൻ ആയി കരം അടച്ച് നൽകിയ ആൽബി ജോർജ് വില്ലേജ് ആഫീസർക്കെതിരെയും, 2023 - 24 വർഷങ്ങളിൽ ടീ വിഷയങ്ങൽ സംബന്ധിച്ച് ക്രിസ്തുദാസ് വില്ലേജ് ആഫീസർക്ക് പരാതി നൽകുകയും ടിയാൻ നടപടികൾ ഒന്നും എടുക്കാതെ 24807തണ്ടപ്പേർ നമ്പർ രജിസ്ട്രറിൽ രേഖപ്പെടുത്തിയ വിവ രങ്ങൾ മായിച്ചുകളഞ്ഞും മേൽ ഉദ്യോഗസ്ഥർക്ക് നടപടി എടുക്കുവാൻ സാധിക്കാത്തവിധം റിപ്പോർട്ടുകൾ നൽകി ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തി മേൽ അഴിമതിക്ക് കൂട്ടു നിൽക്കുന്ന ക്രിസ്തുദാസ് വില്ലേജ് ആഫീസർക്ക് എതിരെയും വകുപ്പ് തല നടപടികൾ സ്വീകരിക്കണമെന്നും മുവരും റവന്യൂ തലത്തിൽ ജോലി ചെയ്യുവാൻ അനർഹരായതിനാൽ മൂവരെയും സർവ്വീസിൽ നിന്നും നീക്കം ചെയ്യണമെന്നും മൂവർക്കെതിരെയും F I R ഇട്ട് കേസ്സ് എടുക്കുവാൻ വിജിലൻസ് പേലീസിനോട് നിർദ്ദേശിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

07/05/2024

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

Exct - P

കേരള സർക്കാർ

രസീത്

ജില്ല :തിരുവനന്തപുരം
താലൂക്ക് :നെയ്യാറ്റിൻകര

KL01041904988/2019
വില്ലേജ് : പള്ളിച്ചൽ

തണ്ടപ്പേർ നമ്പർ 24807 അനുസരിച്ച് കരം ഒടുക്കിയതിന് രസീത്

ഇനം	ഉപ ഇനം	തുക	കാലയളവ്	വിശദാംശങ്ങൾ
1)അടിസ്ഥാന ഭൂനികുതി	തിരുവനം	₹8	2019-2020	ബ്ലോക്ക്:5, തണ്ടപ്പേർ നം :24807 1)സോമരാജൻ, ശിവപ്രസന്നിധർ പിതാവ്, കരുൺ, വെള്ളാഞ്ചി, ഉപനിധി സർവ്വേ നം: 211/1-2, 2 ആർ ,85 സ്ക്വ.മീ, പുരയിടം ആകെ വിസ്തീർണ്ണം: 2 ആർ ,85 സ്ക്വ.മീ.
	തുക	₹8		

ഇതിൽ രേഖപ്പെടുത്തിയ പ്രകാരം ₹8/(എട്ട് രൂപ) 2019 ആഗസ്റ്റ് മാസം 20 തീയതിയിലെ ഇൻസ്ട്രുമെന്റ് നമ്പർ സഹിതമുള്ള ചെലാനിൽ തുക സ്വീകരിച്ചിരിക്കുന്നു

ഒടുക്കിയത് : സോമരാജൻ, കരുൺ.

സ്വീകരിച്ചു
തീയതി:20/07/2019

ALBI GEORGE S M

വില്ലേജ് ഓഫീസർ

ഈ രസീതിന്റെ ആധികാരികത ഓൺലൈനായി പരിശോധിക്കുന്നതിന് ഇടതുവശത്തുള്ള ലിങ്ക് ഉപയോഗിക്കുക. ലിങ്ക് ലഭിക്കുന്നതിന് www.revenue.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

QR കോഡ് സ്കാൻ ചെയ്താൽ രസീതിന്റെ ഉള്ളടക്കം ലഭ്യമാകുന്നതാണ്.

Government of Kerala - Revenue Department

This is the True Copy of the Document marked as Exhibit /Annexure in the above case.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അക്കൗണ്ട് നമ്പർ 9

വില്ലേജ്

പിരിവു നാൾവഴി

താലൂക്ക്

[illegible] തീയതി	രസീതു നമ്പർ	രസീതു [illegible] ഒന്റെ നമ്പർ	തണ്ട [illegible] നമ്പർ	ഒടുക്കിയ [illegible]	ഒടുക്കിയ [illegible] വിവരം	[illegible]
1	2	3	4	5	6	7
[illegible]	2936/10			[illegible]		3
[illegible]	06496/0649308			[illegible]		6
[illegible]	00884/0088306			[illegible] 2012-13 [illegible]		3
30/9/15	590/58497				6	11.0
14/10/16	13778/74			2014, 2015-16		16
10-1-18	23546/597			2016-17		3
11/03/19	02854/0285320			2017-18		3
20/07/19	KL01041904988/15			2018/19		7/-
				2019-20		8/-

[illegible]

VILLAGE OFFICER
PALLICHAL

വില്ലേജ് ആഫീസ്
പള്ളിച്ചൽ

വില്ലേജ് അസിസ്റ്റന്റ്

വില്ലേജ് ആഫീസർ

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഭരണഭാഷ – മാതൃഭാഷ

DCKLM/2986/2025-L4

കളക്ടേറ്റ്, കൊല്ലം
തീയതി:16-07-2025
ഫോൺനമ്പർ:0474 2793473
ഇ–മെയിൽ : dcklm.ker@nic.in

ജില്ലാകളക്ടർ
കൊല്ലം

ലാൻഡ് റവന്യൂ കമ്മീഷണർ
ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്
പബ്ലിക് ഓഫീസ്
തിരുവനന്തപുര

സർ,

വിഷയം: വിൽപത്രം പോക്കുവരവ് ചെയ്യുന്നതിൽ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ - പ്രൊപ്പോസൽ സമർപ്പിക്കുന്നത് —സംബന്ധിച്ച്.

സൂചന: 1.അങ്ങയുടെ 14/3/25 ലെ LR/11824/2024-LR(B1 നം കത്ത്
2.തഹസീൽദാർ(ഭൂരേഖ), കൊല്ലത്തിന്റെ 25.6.25 ലെ LKKLM/3998/2025-C1നം കത്ത്
3.തഹസിൽദാർ(ഭൂരേഖ), കരുനാഗപ്പള്ളിയുടെ 21.6.25 ലെ TLKKPY/2262/2025-D6 നം കത്ത്
4. തഹസീൽദാർ(ഭൂരേഖ), കുന്നത്തൂരിന്റെ 21.6.25 ലെ .B1 738/25 നം കത്ത്
5. തഹസീ:ൽദാർ(ഭൂരേഖ), കൊട്ടാരക്കരയുടെ 29.05.25 ലെ TLKKTR/4106 /2025-G5 നം കത്ത്
6.തഹസീൽദാർ(ഭൂരേഖ), പുനലൂരിന്റെ 23.6.25 ലെ TLKPLR/511/2023-B7 നം കത്ത്
7. തഹസിൽദാർ(ഭൂരേഖ), പത്തനാപുരത്തിന്റെ 21.6.25 ലെ TLKPTM/1893/2025-B8 നം കത്ത്

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. വിൽപത്ര പ്രകാരം പോക്ക് വരവ് ചെയ്യുന്നത് സംബന്ധിച്ച് വ്യക്തത വരുത്തികൊണ്ടുള്ള ബഹു. ഹൈക്കോടതിയുടെ W(P)C - 38399/2024 (connected with W(p)c 21759, 22548,25731 of 2024) നം കേസിലെ വിധിയുടെ പകർപ്പ് തുടർ നടപടികൾക്കായി സൂചന (1) പ്രകാരം അങ്ങയുടെ കാര്യാലയത്തിൽ നിന്നും അയച്ചു തന്നിട്ടുള്ളതാണ്.

വിൽപത്രം പോക്കുവരവ് ചെയ്യുന്നത് സംബന്ധിച്ച് സംസ്ഥാനത്ത് റവന്യൂ കാര്യാലയങ്ങളിൽ ഏകീകൃത രീതിയിലല്ല നടപടികൾ സ്വീകരിച്ച് വരുന്നത്. വിൽപത്രം പോക്കുവരവ് സംബന്ധമായി പോക്കുവരവ് ചട്ടത്തിൽ വ്യക്തമായ നിർദ്ദേശങ്ങളുടെ അഭാവം മൂലം വില്ലേജ്, താലൂക്ക് തലത്തിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. ബഹു. ഹൈക്കോടതിയുടെ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഉത്തരവ് പ്രകാരം വിൽപത്രം പോക്കുവരവ് ചെയ്യുന്നത് സംബന്ധിച്ച് കൊല്ലം ജില്ലയിൽ നിലവിൽ വില്ലേജ് ഓഫീസർമാർ, തഹസീൽദാർമാർ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ സംബന്ധിച്ച് TR-Rules ൽ ദേഭഗതി വരുത്തുന്നതിലേക്കായുള്ള പ്രൊപ്പോസൽ ഇതോടൊപ്പം തുടർ നടപടികൾക്കായി സമർപ്പിക്കുന്നു.

- വിൽപത്രം എഴുതുന്ന ആൾക്ക് തന്റെ ജീവിത കാലത്തിൽ തന്നെ സുഖമായി കഴിയുന്നതിനും തന്റെ മനോധർമ്മത്തിനും ഇഷ്ടങ്ങൾക്കും അനുസൃതമായി സ്ഥാവര ജംഗമങ്ങൾ കൈകാര്യം ചെയ്യുന്നതിന് വ്യവഹാരങ്ങൾ കൂടാതെ തന്നെ സാധിക്കുമെന്നതാണ് വിൽപത്രം പൊതുജനങ്ങൾക്ക് സ്വീകാര്യമാക്കുന്നത്. എന്നാൽ WP(C) 38399/2024 നം കേസിലെ വിധിയിലെ വ്യവസ്ഥകൾ രജിസ്റ്റർ ചെയ്തതും അല്ലാത്തതുമായ വിൽപത്രങ്ങൾ പോക്കുവരവ് ചെയ്യുന്നത് സംബന്ധിച്ച പോക്കുവരവ് നടപടിക്രമങ്ങൾ സുതാര്യമാക്കുമെങ്കിലും ടി കേസിലെ വിധി പ്രകാരം അവകാശികളുടെ ആക്ഷേപം പരിഗണിക്കുമ്പോൾ വിൽപത്ര ദാതാവിന്റെ അഭിലാഷ പൂർത്തീകരണത്തിന് പലപ്പോഴും വിഘാതം സംഭവിക്കാനിടയുള്ളതാണ്. ആയതിനാൽ ഹൈക്കോടതി വിധിയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുമ്പോൾ ഭരണഘടന അനുശാസിക്കുന്ന സ്വതന്ത്രജീവിതം, കൈമാറ്റം എന്നിവ നടക്കാതെ വരുമോ, വിൽ എന്നതിന്റെ ഉദ്ദേശ ശുദ്ധിയെ തന്നെ ബാധിക്കുമോ എന്നുള്ള കാര്യങ്ങൾ കൂടി പരിശോധിച്ച കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിൽപത്രം പോക്കുവരവ് ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
- വിൽപത്രം എന്നത് ഒരാളിന്റെ സ്വത്ത് ടിയാളുടെ കാലശേഷം ആര് അനുഭവിക്കണം എന്ന് സ്വത്തിന്റെ ഉടമ ആഗ്രഹിക്കുന്ന പക്ഷം തയ്യാറാക്കുന്നതാണ്. മറ്റ് അവകാശികൾ ഉണ്ടെങ്കിൽ കൂടി വസ്തുവിന്റെ ഉടമസ്ഥന്റെ ആഗ്രഹമാണ് നടപ്പിൽ വരുത്തേണ്ടത്. ഹൈക്കോടതിയുടെ മേൽ ഉത്തരവ് പ്രകാരം ഒരാൾ സ്വമനസ്സാലെ തന്റെ പേരിലുള്ള വസ്തുക്കൾ ആർക്കെങ്കിലും എഴുതി നൽകുന്നതിലെ പ്രസക്തി തന്നെ ഇല്ലാതാക്കുന്നതാണ്.
- ഹൈക്കോടതി വിധി പ്രകാരം വിൽപത്രം പോക്കുവരവ് ചെയ്യുന്നത് വിൽപത്രം, ആധാരം, ബാദ്ധ്യത സർട്ടിഫിക്കറ്റ്, ലിസ്റ്റ് സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചും വിൽപത്രം ചെയ്തിട്ടുള്ള വ്യക്തിയുടെ അനന്തരാവകാശികളെ നേരിട്ട് കേൾക്കുന്നതിന് നോട്ടീസ് നൽകിയും നോട്ടീസ് പരസ്യപ്പെടുത്തിയുമാണ്. അവകാശികളെ കണ്ടെത്തുന്നതിന് അപേക്ഷകരിൽ നിന്ന് അനന്തരാവകാശ സാക്ഷ്യപത്രം/ ഫാമിലി മെമ്പർഷിപ്പ് സാക്ഷ്യപത്രം എന്നിവ ആവശ്യമാണ്. ടി രേഖകൾ അപേക്ഷകനിൽ നിന്ന് ലഭിച്ച് നടപടി പൂർത്തിയാക്കി പോക്കുവരവ് നടപ്പിൽ വരുത്തുന്നതിന് കാലതാമസം നേരിടുന്നു
- ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം വിൽപത്ര കക്ഷിയുടെ അവകാശികൾക്കെല്ലാം നോട്ടീസ് നൽകി നടപടി സ്വീകരിക്കുമ്പോൾ അവകാശികളിൽ പലരും മരണപ്പെട്ടതോ അവരുടെ മക്കൾ വിദേശത്തോ ജോലി ചെയ്യുന്നവരോ ആയ സാഹചര്യത്തിൽ നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടാൻ ഇടയുള്ളതാണ്. പരേതന്റെ അവകാശികൾ പ്രവാസികളാണെങ്കിൽ നോട്ടീസ് നൽകുവാനോ വിവരം അറിയിക്കാനോ റവന്യൂ അധികാരികൾക്ക് കഴിയുകയില്ല.
- അനന്തരാവകാശികൾ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന അപേക്ഷയിൽ എല്ലാ അനന്തരാവകാശികൾക്കും നോട്ടീസ് നൽകാവുന്നതാണെങ്കിലും 3 ൽ അധികം അവകാശികൾ ഉണ്ടെങ്കിൽ ടിയാളുകൾ താമസിക്കുന്ന വില്ലേജ് മുഖാന്തിരം നോട്ടീസ് നടത്തി മടക്കുന്നത്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വളരെയധികം കാലതാമസമുണ്ടാക്കാനിടയാക്കുന്നു. അനന്തരാവകാശികൾ ആരെങ്കിലും മരണപ്പെട്ട് പോയിട്ടുണ്ടെങ്കിൽ പരേതരുടെ അവകാശികൾക്ക് കൂടി നടത്തേണ്ടി വരുന്നതും അനന്തരാവകാശികൾ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം അപേക്ഷകന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ നോട്ടീസ് അയച്ചാൽ എല്ലാ അവകാശികളും ആയതിൽ ഉൾപ്പെടണമെന്നില്ല.

- വിൽപത്രം എഴുതി നൽകുന്ന വ്യകതിക്ക് ടിയാളുമായി രക്തബന്ധം ഉണ്ടാകണമെന്ന് നിർബന്ധമില്ല. കൂടാതെ വ്യക്തിക്കോ / വ്യക്തികൾക്കോ / സംഘടനകൾക്കോ അപരിചിതർക്കോ വിൽപത്രം എഴുതി കൈമാറാം. എന്നാൽ മേൽ കോടതി ഉത്തരവു പ്രകാരം അപേക്ഷ ലഭ്യമായാൽ അനന്തരാവകാശികൾ തർക്കമായി വരികയും ആയത് വിൽപത്രം പോക്കുവരവ് ചെയ്യുന്നതിൽ കൂടുതൽ സങ്കീർണ്ണതകൾ ഉണ്ടാക്കുന്നതിനും വില്ലേജ് ഓഫീസിലെ ജോലിഭാരം കൂട്ടുന്നതിനും കാരണമാകുന്നതാണ്.
- നിയമാനുസൃത അവകാശികൾക്കല്ലാതെ മറ്റ് കക്ഷികൾക്കോ സ്ഥാപനത്തിനോ വിൽപത്രം എഴുതി വയ്ക്കുന്ന സാഹചര്യത്തിൽ പോക്കുവരവ് നടപടികൾ സ്വീകരിക്കുന്നതിന് പ്രായോഗിക ബുദ്ധി മുട്ടുകൾ നേരിടുന്ന സാഹചര്യമാണ് നിലവിലുള്ളത്. കൂടാതെ ലീഗർ ഹെയർ അല്ലാതെയുള്ള മറ്റൊരാൾക്ക് ഒബ്ലക്ഷൻ ഫയൽ ചെയ്യാനാകുന്നത് ദൂര വ്യാപക പ്രത്യാഘാതങ്ങൾ ഉണ്ടാകാനിടയുള്ളതാണ്. മരണപ്പെട്ട വ്യക്തിയുടെ നിയമപരമായോ അല്ലാത്തതോ ആയ അവകാശികൾക്ക് എതിരഭിപ്രായം ഉന്നയിക്കാൻ സാധിക്കുന്നതും എതിരഭിപ്രായം എന്തെന്ന് നിർവചിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് നിയമപരമായി നിലനിൽക്കുന്നതാണോ അതേ തടസ്സവാദമാണോ എന്ന് തിരിച്ചറിയാൻ വ്യക്തമായ മാനദണ്ഡങ്ങൾ ഇല്ലാത്തത് അനാവശ്യതർക്കങ്ങൾ ഉണ്ടാക്കാനും കോടതി വ്യവഹാരങ്ങൾക്കും ഇടയാക്കുകയും ഭൂമി കൈമാറ്റം വൈകിപ്പിക്കുകയും സർക്കാരിലേക്ക് ഈടാക്കേണ്ട നികുതി വരുമാനം വൈകിപ്പിക്കുകയും നിയമപരമായി വിൽപത്ര പ്രകാരം അവകാശം ലഭിക്കാത്ത കക്ഷികൾ പലപ്പോഴും നിസാരമായതോ അടിസ്ഥാനമില്ലാത്തതോ ആയ കാരണങ്ങൾ പറഞ്ഞ് തടസ്സവാദങ്ങൾ ഉന്നയിക്കുകയും ഇത്തരം തടസ്സവാദങ്ങൾ വിൽപത്രത്തിന്റെ സാധുതയെ തന്നെ ചോദ്യം ചെയ്യാനും വിൽപത്രം എഴുതിയ വ്യക്തിയുടെ ആഗ്രഹങ്ങൾ നടപ്പിലാക്കാതെ വരാൻ കാരണമാക്കുകയും ഇത് നിയമപരമയ അവകാശികൾക്ക് ബുദ്ധിമുട്ടുണ്ടാകുകയും തർക്കങ്ങൾ ദീർഘകാലം നിലനിൽക്കാൻ ഇടയാക്കുകയും ചെയ്യും
- വിൽപത്രം പോക്കുവരവ് ചെയ്യുന്നതിനായി പിന്തുടർച്ചാവകാശികളെ നേരിട്ട് കേൾക്കുന്ന അവസരത്തിൽ അവകാശികൾക്ക് വിൽ പ്രകാരം സ്വത്തിൽ ഭാഗം കിട്ടാതെ വരുമ്പോൾ പരാതി ഉന്നയിക്കുകയും , വിൽപത്രത്തിന്റെ ആധികാരികത ചോദ്യം ചെയ്യുന്ന തരത്തിൽ തർക്കങ്ങളും പരാതികളും ഉണ്ടാകുന്നു.
- പ്രസിദ്ധീകരിച്ചിട്ടുള്ള റവന്യൂ മാന്വൽ Vol IV ൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം പോക്കുവരവ് നടപടികൾ സ്വീകരിക്കുന്നതിന് മുൻപ് ഒറിജിനൽ വിൽപത്രം നേരിൽ കണ്ട് ബോധ്യപ്പെട്ട് ആണ് നിലവിൽ ചെയ്തു വന്നിരുന്നത്. സമർപ്പിച്ചിട്ടുള്ള വിൽപത്രങ്ങളുടെ ആധീകാരികത സംബന്ധിച്ച് തർക്കം ഉന്നയിക്കുന്ന കേസുകളിൽ ആയത് കോടതി മുഖേന പ്രൊബേറ്റ് ചെയ്ത് വാങ്ങി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. രജിസ്റ്റർ ചെയ്യാത്ത വിൽപത്രങ്ങളിൽ വിൽപ്പത്രത്തിൽ ചേർത്തിരിക്കുന്ന സാക്ഷികളെ വിചാരണയ്ക്കെടുത്ത് മൊഴി രേഖപ്പെടുത്തിയാണ് നിലവിൽ പോക്കുവരവ് നടപടികൾ സ്വീകരിക്കുന്നത്

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

- രജിസ്റ്റർ ചെയ്തത് , രജിസ്റ്റർ ചെയ്യാത്തത്, രഹസ്യ സ്വഭാവം ഉള്ള വിൽപത്രം എന്നിവ പോക്കുവരവ് ചെയ്യുന്നതിനായി സംസ്ഥാനത്ത് ഏകീകൃതമായ ചട്ടങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ് . രജിസ്റ്റർ ചെയ്ത വിൽപത്രം, വിൽപത്ര കക്ഷിയുടെ മരണ ശേഷം അസ്സൽ വിൽപ്പത്രവും സാക്ഷ്യപ്പെടുത്തിയ പകർപ്പും മരണ സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും കൈവശ സ്ഥലവും പരിശോധിച്ച് വിൽപത്രം എഴുതി നൽകിയിട്ടുള്ള വ്യക്തി പേരിൽ നിലവിൽ തുടർന്ന് വരുന്ന രീതിയിൽ പോക്കുവരവ് നടപടികൾ സ്വീകരിക്കുന്നത് ചട്ടങ്ങളിൽ ഉൾപ്പെടുത്താം.പരാതിയുണ്ടെങ്കിൽ ഹൈക്കോടതി ഉത്തരവു പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്. നിലവിലെ രീതി അപേക്ഷകർക്ക് സങ്കീർണ്ണതയും കാലതാമസവും ഒഴിവാക്കി വേഗത്തിൽ പോക്കുവരവ് നടപടികൾ പൂർത്തീകരിക്കുവാൻ സഹായകരമാകുന്നതാണ്. അസ്സൽ വിൽപത്രം ഹാജരാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ സാക്ഷ്യപ്പെടുത്തിയ പകർപ്പിന്റെ/Certified copy യുടെ അടിസ്ഥാനത്തിൽ പോക്കുവരവ് സ്വീകരിക്കുന്ന രീതിയും രജിസ്റ്റർ ചെയ്യാത്ത വിൽപത്രം പോക്കുവരവിനായി സമർപ്പിക്കുന്ന സാഹചര്യങ്ങളിൽ ബഹു. ഹൈക്കാടതി ഉത്തരവിൻ പ്രകാരം അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരമുള്ള അവകാശികൾക്ക് നോട്ടീസ് നൽകി മൊഴി രേഖപ്പെടുത്തി പോക്കുവരവ് നടപടികൾ സ്വീകരിക്കാവുന്നതും ഉചിതമാണ്.
- വിൽപത്രത്തിന്റെ അസ്സൽ ഹാജരാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട SRO യിൽ നിന്നും ആയതിന്റെ certified copy ഹാജരാക്കിയാൽ മതിയാകുന്നതാണ് എന്ന തരത്തിൽ TR- Rule -ൽ ഒരു ഭേദഗതി കൊണ്ടുവരേണ്ടതാണ്.
- ചില വിൽ പത്രങ്ങൾ പരിശോധിക്കുമ്പോൾ , **ആരുടെയും പേരിൽ തണ്ടപ്പേർ പിടിക്കാൻ പറഞ്ഞിട്ടില്ലാത്തതിനാലും,** വിൽപത്രത്തിന്റെ അവസാന ഭാഗത്ത് വസ്തു വിവരണത്തിൽ, കക്ഷികളുടെ അവകാശം **കൂട്ടായി** എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള കേസുകളിലും, വിൽ പത്ര പ്രകാരമുള്ള അവകാശികൾക്ക് വിൽ പത്രത്തിൽ **പ്രത്യേകം പ്രത്യേകം പട്ടിക തിരിച്ചു വസ്തുവിവരണം രേഖപ്പെടുത്തിയിട്ടില്ലാത്ത കേസുകളിലും** , അതിർത്തിയും വിസ്തൃതിയും വേർതിരിക്കാതെയുള്ള കൂട്ടായ കൈമാറ്റങ്ങളുടെ കാര്യത്തിൽ അവകാശികളുടെ എല്ലാവരുടെയും പേരിൽ കൂട്ടായി പോക്കുവരവ് ചെയ്ത് കൊടുക്കണം എന്ന രീതിയിൽ TR- Rule -ൽ ഒരു ഭേദഗതി കൊണ്ടുവരേണ്ടതാണ്.
- **Man missing -ആയിട്ടുള്ള ആളുകൾ വിൽ പത്രത്തിൽ ഉണ്ടെങ്കിൽ , അത് പരിഹരിക്കുന്നതിനായി 7 വർഷത്തിൽ കൂടുതൽ കാണാതായ വ്യക്തികൾക്കെതിരെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാതെ Man Missing Certificate അനുവദിക്കണം എന്ന ദേദഗതി ലാൻഡ് റവന്യൂ മാന്വലിൽ ഭേദഗതി വരുത്തുകയും അതിനനുസ്രുതമായി വിൽ പത്രങ്ങളിലും Man Missing ആയിട്ടുള്ള കേസുകളിൽ ദേദഗതി വരുത്തുകയും ചെയ്യണം**
വിന്റെ മുമ്പോട്ടുള്ള ഗതി എന്റെ പേരിൽ തെറ്റിച്ചു
യ്തിനാൽ പട്ടികവഞ്ചി വിൻ നിന്നുകൊണ്ടു പേ
രിൽ തണ്ടുകൊണ്ടു പിടിക്കുന്നതിനും വട്ടംവെ
ച്ചിരുട്ടുകയാൽ ദിധനനിശ്ചയന്റെ പടിഞ്ഞി
വന്താനസരണം എനിക്കുള്ളതാണെന്നു
വിചാരിക്കാവുന്നതുമല്ല നാവായതുമല്ല
മേലുദ്യോഗത്തെ കൂട്ടി യതിനാൽ നിങ്ങൾക്കുള്ള
ത്തുനന്ന് നിന്നെടുത്തിൽ നിന്നും ഉടനെതന്നെ
കൂടുപോകാൻ കൽപ്പന ചെയ്തിരിക്കുന്ന
തും 5) 1262-ൽ നന്നുപേരിൽ നിന്നും നി
ന്റെയുടെ പേരിൽ പട്ടികവഞ്ചി പിടിച്ചതുതന്നെ
ഞാൻ ദുരുദ്ദേശത്തോടെ ചെയ്തതാണെന്നു
കൊണ്ടുന്നതിനുള്ളതാൻ നുതിനാൽ പട്ടികവ
ഞ്ചി സ്വയമായിട്ടുള്ളതാകുന്നു. പക്ഷേ
വരും.

P. Raj

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

91 4 1 904
(3)



11-3-91

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

...cent (10.40 Are)
...23 cent (9.31 Are)

VILLAGE - KUDAPANAKUNNU.
...E- SURVEY BLOCK NO. 22.
...VEY NO 291/13
... 23. CENTS 9.31 ARE
SCALE - 1 CM = 5 M



SURVEY AND
PLAN PREPARED BY
K. RAVINDRAN
CERTIFICATE NO. 27...

From,

JUSTUS PERIRA
Suresh Bhavan. Tc 45/119. Tc 45/119(2)
Cheriyathura, Vallakadavu.P.O
T.V.M.

ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
കൈപ്പറ്റി
13 SEP 2023
തിരുവനന്തപുരം

To, The LAND REVANEW COMMISINOR,
Vellayambalam, T.V.M.

B3

Sir,

മുട്ടത്തറ വില്ലേജിൽ സർവ്വേ നമ്പർ 2785/26 2 വസ്തുതൾ എന്റെ പേരിലുള്ളത് ഒരു 5 സെന്റും 7½ സെന്റും ആണ്. എന്റെ മകളുടെ വിവാഹാവശ്യത്തിനായി സർവ്വേ നമ്പരിലുള്ള 2785/26 ടിവസ്തുവും വീടുമായി വിൽക്കുന്നതിന് അഡ്വാൻസും വാങ്ങി ബാങ്കിലിരുന്ന ഏമാണം തിരിച്ചെടുക്കുകയും ചെയ്തു. ഞാൻ വിൽക്കുന്ന വസ്തുവിന്റെ സർവ്വേ നമ്പരിൽ കരം അടയ്ക്കാൻ പോയപ്പോൾ കരം അടയ്ക്കാൻ സാധിക്കുന്നില്ല. അതിനാൽ സമയത്തിനും ഭയമുണ്ടായി എന്റെ മകളുടെ വിവാഹാവശ്യത്തിനായി ടിവസ്തുവിന്റെ കരമടച്ച് കിട്ടിയാലെ വീട്ടിൽ വിവാഹം നടത്താനാകൂ അതിനാൽ ടിവസ്തുവിന് കരം അടയ്ക്കുന്നതിനുള്ള തത്വരനടപടിസ്വീകരിക്കണം എന്ന് അപേക്ഷിക്കുന്നു.

എന്ന്

Justus Perira

T.V.M
13/09/2023

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3)-CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഓർമ്മക്കുറിപ്പ്

estimate committee
URGENT

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ഇ) വകുപ്പ്

REV-E3/41/2024-REV

05-12-2024,
തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ,
തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - എസ്റ്റിമേറ്റ് കമ്മിറ്റി (2021-23) - ആറാമത് റിപ്പോർട്ട് - സംബന്ധിച്ച്.

സൂചന:- 05.01.2024, 12.02.2024, 19.03.2024, 27.07.2024 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കാർ കത്തുകൾ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. നിയമസഭ സമിതിക്ക് മറുപടി നൽകുന്നതിന്ആവശ്യമായ റിപ്പോർട്ട് ലഭ്യമാക്കാൻ ആവസ്യപ്പെട്ടിരുന്നെങ്കിലും ആയത് നാളിതുവരെലഭ്യമാക്കിയിട്ടില്ല. നിയമസഭാ സമിതിക്ക് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കേണ്ടസാഹചര്യത്തിൽ സർക്കാർ ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് 17/12/2024 ന് മുൻപായിലഭ്യമാക്കേണ്ടതാണ്. നിയമസഭാ സമിതിക്ക് മറുപടി നൽകേണ്ട ഫയലുകൾ കൂടുതൽജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്നും,റിപ്പോർട്ട് നിശ്ചിത സമയപരിധിക്കുള്ളിൽലഭ്യമാക്കാത്ത പക്ഷം ബന്ധപ്പെട്ട സീനിയർ ഉദ്യോഗസ്ഥൻ നേരിട്ട് സർക്കാരിൽ ഹാജരായികാലതമാസത്തിന് മറുപടി പറയേണ്ടതാണന്നും അറിയിക്കുന്നു.

PARA: 19, 24, 25, 36(റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു)

വിശ്വസ്തതയോടെ,
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

1/5714037/2023

"ഭരണഭാഷ-മാതൃഭാഷ" കേരള സർക്കാർ

നമ്പർ.റവ-പി.എസ്.1/106/2023-റവ
റവന്യൂ (പി.എസ്) വകുപ്പ്
തിരുവനന്തപുരം
തിയതി: 08-05-2023

അനൗദ്യോഗിക കുറിപ്പ്

വിഷയം:- റവന്യൂ വകുപ്പ് - എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-23) - ആറാമത് റിപ്പോർട്ട് - സംബന്ധിച്ച്.

സൂചന:- കേരള നിയമസഭാ സെക്രട്ടറിയുടെ 27/03/2023 തീയതിയിലെ 14364/ഇ.സി.എ.2/2007/നി.സെ. നമ്പർ കത്ത്. (റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

സൂചനയിലേയ്ക്ക് റവന്യൂ (ഇ, ജി, എൽ, എൻ, പി, ആർ, എസ് സി വകുപ്പുകളുടെ ശ്രദ്ധ ക്ഷണിക്കാവുന്നതും, എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-23) യുടെ ആറാമത് റിപ്പോർട്ടിലെ (റവന്യൂ വകുപ്പിന്റെ ഭ്രനികൃതി സംബന്ധിച്ച ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളിന്മേലും ശിപാർശകളിന്മേലും അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി റിപ്പോർട്ട് ആ വകുപ്പുകൾക്ക് നൽകാവുന്നതുമാണ്.

Sl. No.	Para No.	Section
1	7	G
2	8	L
3	9	L
4	10	L
5	11	L
6	12	L
7	12	N
8	13	N
9	14	SC

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ചി/5714037/2023

10	15	L
11	16	N
12	17	N
13	18	E
14	19	E
15	20	P
16	21	L
17	23	G
18	24	E
19	25	E
20	26	N
21	27	N
22	30	R
23	32	G
24	33	P
25	34	P
26	35	G
27	36	E

MANOJ P

അണ്ടർ സെക്രട്ടറി

റവന്യൂ (ഇ, ജി, എൽ, എൻ, പി, ആർ,എസ് സി) വകുപ്പുകൾക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

ഇ-മെയിൽ : secretary@niyamasabha.nic.in

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നം.14364/ഇ.സി.എ 2/2007/നി.സെ.

തിരുവനന്തപുരം,
27.03.2023.

സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി,
റവന്യൂ വകുപ്പ്.

സർ,

വിഷയം :- കേരള നിയമസഭ - എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-23) - ആറാമത് റിപ്പോർട്ട് അയയ്ക്കുന്നത് സംബന്ധിച്ച്.

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-23) യുടെ ആറാമത് റിപ്പോർട്ടിന്റെ (റവന്യൂ വകുപ്പിന്റെ ഭ്രനികുതി സംബന്ധിച്ച ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്) അച്ചടിച്ച 1 പകർപ്പ് വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിന്മേലുള്ള അനന്തരനടപടികൾ സ്വീകരിക്കുന്നതിനായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

വിനോദ് കുമാർ എം. കെ.,
അണ്ടർ സെക്രട്ടറി,
സെക്രട്ടറിക്കുവേണ്ടി.

ഉള്ളടക്കം:- റിപ്പോർട്ടിന്റെ പകർപ്പ്

FCB3H/MS//ECA2/14364/.29.03.2023

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പതിനഞ്ചാം കേരള നിയമസഭ

എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2021-2023)

ആറാമത് റിപ്പോർട്ട്

[റവന്യൂ വകുപ്പിന്റെ ഭ്രനികുതി സംബന്ധിച്ച ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്]

[2023 മാർച്ച് മാസം 15 -ാം തീയതി സഭയിൽ സമർപ്പിച്ചത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

File No. LR/9130/2025-LR(B3) (Computer No. 141119)
FCB3c/AGR/2023/Estimates/Report/ facing sheet//
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പതിനഞ്ചാം കേരള നിയമസഭ

എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2021-2023)

ആറാമത് റിപ്പോർട്ട്

[റവന്യൂ വകുപ്പിന്റെ ഭ്രനികൃതി സംബന്ധിച്ച ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്]

[2023 മാർച്ച് മാസം 15 -ാം തീയതി സഭയിൽ സമർപ്പിച്ചത്]

File No. LR/9130/2025-LR(B3) (Computer No. 141119)
FCB3c/AGR/2023/Estimates/Report/ facing sheet//
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഉള്ളടക്കം

	പേജ്
സമിതിയുടെ ഘടന	v
മുഖവുര	vii
റിപ്പോർട്ട്	1

File No. LR/9130/2025-LR(B3) (Computer No. 141119)
FCB3c/AGR/2023/Estimates/Report/ facing sheet//
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-2023)

ഘടന

അദ്ധ്യക്ഷ :-

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ

അംഗങ്ങൾ :-

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി.പി. ചിത്തരഞ്ജൻ

ശ്രീ. ജി.എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം.എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി.ടി.എ. റഹീം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. എൻ. ഷംസുദ്ദീൻ

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി രജനി വി.ആർ., ജോയിന്റ് സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി

File No. LR/9130/2025-LR(B3) (Computer No. 141119)
FCB3c/AGR/2023/Estimates/Report/ facing sheet//
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-23) -യുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പൊതുജനങ്ങളുമായി ഏറെ ബന്ധപ്പെട്ട റവന്യൂ വകുപ്പിന്റെ ഭൂനികുതി സംബന്ധിച്ച് പഠനം നടത്താൻ സമിതി തീരുമാനിക്കുകയും വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. വകുപ്പിൽ നിന്ന് ലഭ്യമായ റിപ്പോർട്ടുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും 13.10.2022 -ൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. സമിതി നടത്തിയ തെളിവെടുപ്പ് ചർച്ചയുടെയും വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ സമിതിയുടെ നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2023 മാർച്ച് മാസം 2-ാം തീയതി ചേർന്ന യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

കെ.കെ. ശൈലജ ടീച്ചർ,
അദ്ധ്യക്ഷ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2023 മാർച്ച് 15

File No. LR/9130/2025-LR(B3) (Computer No. 141119)
FCB3c/AGR/2023/Estimates/Report/ facing sheet//
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

റിപ്പോർട്ട്

ഭാരതത്തിന്റെ ഭരണഘടന വിഭാവനം ചെയ്യുന്ന രാഷ്ട്രപരമായ തത്വചിന്തയും സാമൂഹിക സാമ്പത്തിക ആദർശങ്ങളും ജനാഭിലാഷങ്ങളും യാഥാർത്ഥ്യമാക്കുന്നതിനായി, രാജ്യത്തിലെ സാമ്പത്തിക അസമത്വവും തൽഫലമായ സാമൂഹിക അസമത്വവും തന്മൂലം ജനങ്ങളുടെ സൗകര്യങ്ങളിലും അവസരങ്ങളിലുമുണ്ടാകുന്ന ശോഷണവും ലഘൂകരിക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന നയങ്ങളിൽ വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ഭൂപരിഷ്കരണ നിയമങ്ങളും ആയത് സംബന്ധിച്ച നടപടികളും.

2) കേരള സംസ്ഥാന രൂപീകരണത്തിനു മുൻപുതന്നെ ഭൂവുടമകൾ, ഭൂമിയിൽ ജോലി ചെയ്യുന്നവർ, പാട്ടകർഷകർ, കുടികിടപ്പുകാർ തുടങ്ങി ഭൂമിയുമായി ബന്ധപ്പെട്ട വിവിധ വിഭാഗങ്ങളുടെ ആവശ്യങ്ങളും താല്പര്യങ്ങളും പരിഗണിച്ചുകൊണ്ട് വിവിധങ്ങളായ നിയമങ്ങളും വിളംബരങ്ങളും തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിൽ നിലനിന്നിരുന്നു. കേരള സംസ്ഥാന രൂപീകരണാനന്തരം സമാനമായ നിയമങ്ങൾ ഏകീകരിച്ചുകൊണ്ട് പുതിയ നിയമങ്ങൾ നടപ്പിൽ വരുത്തുകയുണ്ടായി. സംസ്ഥാനത്തിന്റെ ഭൂപരിഷ്കരണ ചരിത്രത്തിൽ സമാനതകളില്ലാത്ത മാറ്റം സൃഷ്ടിച്ച ഒന്നാണ് 1957-ൽ ഓർഡിനൻസ് ആയി നടപ്പിൽ വരുകയും തുടർന്ന് 1963-ൽ നിയമമായി മാറുകയും ചെയ്ത കേരള ഭൂപരിഷ്കരണ നിയമം. ഭൂമിയിലുള്ള ജന്മാവകാശം കൈവശകുടിയാന് നൽകുക, ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് കൃഷി ചെയ്യാൻ ഭൂമി ലഭ്യമാക്കുക എന്നിങ്ങനെയുള്ള ഉദ്ദേശ്യത്തോടെയും പ്രസ്തുത ലക്ഷ്യത്തിനായുള്ള നിരവധി വ്യവസ്ഥകളോടെയുമുള്ള പ്രസ്തുത നിയമത്തോടൊപ്പം ഭൂപതിവ്, ഭൂമി ഏറ്റെടുക്കൽ, ഭൂവിനിയോഗം തുടങ്ങി ഭൂസംബന്ധമായ വിവിധ ആവശ്യങ്ങൾക്കായുള്ള പ്രത്യേക നിയമങ്ങളും ഉത്തരവുകളും ചട്ടങ്ങളും നിലനിന്നുപോരുന്നു.

3) ഭൂമിയുമായി മനുഷ്യന് അഭേദ്യമായ ബന്ധമുണ്ട്. ഭൂമിയുടെ ഉടമസ്ഥാവകാശവും കൈവശാവകാശവും ഒരു വ്യക്തിക്ക് സ്ഥാപിതമായിക്കിട്ടുന്നത്, പൂർണ്ണമായ അവകാശാധികാരങ്ങളോടെ പ്രസ്തുത ഭൂമിയിന്മേൽ സർക്കാരിലേയ്ക്ക്

File No. LR/9130/2025-LR(B3) (Computer No. 141119) FCB3c/AGR/2023/Estimates/Report/07.02.2023..
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഒടുക്കേണ്ടതായ കരം അഥവാ നികുതി പ്രസ്തുത വ്യക്തിക്ക് സ്വന്തം പേരിൽ തീർത്ത് അനുഭവാവകാശങ്ങൾ കൈവരുമ്പോഴാണ്. സർക്കാരുകൾ കരം ഒഴിവാക്കിക്കൊടുക്കുന്ന സാഹചര്യത്തിൽ ഇതിന് വ്യത്യാസമുണ്ടാകും. ഭൂനികുതി എന്നത് ഭൂമിയിന്മേൽ ഒരു വ്യക്തിയ്ക്കുള്ള അവകാശാധികാരങ്ങളുടെ അടയാളമാണ്.

4) ഭൂനികുതി സംബന്ധിച്ച വിവിധ പരിഷ്കാരങ്ങൾ കാലാകാലങ്ങളിൽ സർക്കാരുകൾ വരുത്തിയിട്ടുണ്ട്. ഭൂമിയുടെ തരം, കൃഷി, വസ്തുവിന്മേലും ഉൽപ്പന്നങ്ങളിന്മേലുമുണ്ടാകുന്ന മൂല്യവർദ്ധന തുടങ്ങിയ നിരവധി ഘടകങ്ങൾ ഭൂനികുതി കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് കാരണമായിട്ടുണ്ട്. ഭൂനികുതി സംബന്ധിച്ച പരിഷ്കാരങ്ങളും ഭൂസംബന്ധമായ അവകാശങ്ങൾ അർഹരായവർക്ക് ലഭ്യമാക്കുന്നതും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതും സർക്കാർ ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്നത് തിരിച്ചെടുക്കുന്നതും തുടങ്ങിയ നിരവധിയായ പ്രവർത്തനങ്ങൾ ഇതു സംബന്ധിച്ച് പ്രാവർത്തികമാക്കി വരുന്നുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളുടെ സുതാര്യവും ജനകീയവും യാഥാർത്ഥവുമായ ലക്ഷ്യങ്ങൾ തുടർന്നും ജനങ്ങൾക്ക് ലഭ്യമാക്കേണ്ടതുണ്ട്.

5) സംസ്ഥാനത്തെ റവന്യൂ വകുപ്പിന്റെ ധനാഭ്യർത്ഥന VI-ലെ 2029, 2035, 2506 എന്നീ മേജർ ഹെഡുകളുമായി ബന്ധപ്പെട്ട് ഭൂനികുതി സംബന്ധിച്ച ബഡ്ജറ്റ് വിഹിത വിനിയോഗവും പ്രവർത്തനങ്ങളും സംബന്ധിച്ച് പഠനം നടത്തുവാൻ സമിതി (2006-08) തീരുമാനിച്ചതിനെത്തുടർന്ന് വകുപ്പിൽ നിന്നും വിവരശേഖരണം നടത്തുകയുണ്ടായി. ആയതിന്റെ അപഗ്രഥനത്തിനായി 13.10.2022-ന് വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും അധികവിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. റവന്യൂ വകുപ്പിൽ ഭൂനികുതി സംബന്ധിച്ച ബഡ്ജറ്റ് വിഹിത വിനിയോഗം വിലയിരുത്തുന്നതിനും കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ ശിപാർശകളും നിർദ്ദേശങ്ങളും നൽകുന്നതിനുമായി എസ്റ്റിമേറ്റ്സ് കമ്മിറ്റി നടത്തിയ പഠനങ്ങളുടെയും തെളിവെടുപ്പിന്റെയും മറ്റ് അനുബന്ധ രേഖകളുടെ വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

6) വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, റവന്യൂ ഡിവിഷണൽ ഓഫീസ്, ജില്ലാ കളക്ടറേറ്റ്, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, സ്റ്റേറ്റ് ലാൻഡ് ബോർഡ്, ലാൻഡ് ട്രൈബ്യൂണൽ, ലാൻഡ് അസൈൻമെന്റ് ഓഫീസ്, ലാൻഡ് അക്വിസിഷൻ ഓഫീസ്, സെറ്റിൽമെന്റ് ഓഫീസ്, താലൂക്ക് ലാൻഡ് ബോർഡ് മുതലായ സ്ഥാപനങ്ങളിലും ഇതിനു പുറമേ റീസർവ്വെ ഓഫീസ്, സർവ്വെ സൂപ്രണ്ടാഫീസ്, സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, സർവ്വെ ഡയറക്ടർ ഓഫീസ് എന്നിവിടങ്ങളിലും ഭൂസംബന്ധമായതും ഭൂനികുതി സംബന്ധമായതുമായ പ്രവർത്തനങ്ങൾ റവന്യൂ വകുപ്പിനു കീഴിൽ നടന്നു വരുന്നു. ജില്ലാതലത്തിൽ ജില്ലാ കളക്ടറും സംസ്ഥാനതലത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറും വകുപ്പിന്റെ തലവൻമാരാണ്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ അഡീഷണൽ കമ്മീഷണർ/ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി കമ്മീഷണർ തസ്തികയും നിലവിലുണ്ട്. ഭൂപരിഷ്കരണം, ലാൻഡ് അക്വിസിഷൻ തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേകം ഡെപ്യൂട്ടി കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 1963 -ലെ കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുന്നതിന് നേതൃത്വം വഹിക്കുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ട സ്റ്റേറ്റ് ലാന്റ് ബോർഡിനു കീഴിൽ താലൂക്ക് ലാൻഡ് ബോർഡുകൾ, ലാൻഡ് ട്രിബ്യൂണലുകൾ, ശ്രീപണ്ടാരവക ലാൻഡ്, അപ്പലേറ്റ് അതോറിറ്റികൾ, അസൈൻമെന്റ് ഓഫ് സർപ്ലസ് ലാൻഡ് എന്നീ ഓഫീസുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ഭൂസംബന്ധമായ മറ്റ് നിയമങ്ങൾക്കനുസൃതമായ പ്രവർത്തനങ്ങളും വിവിധ ഓഫീസുകളിലായി റവന്യൂ വകുപ്പിനു കീഴിൽ നിർവ്വഹിച്ചു വരുന്നു.

7) ഭൂനികുതി ഇനത്തിൽ സർക്കാരിന് ലഭിക്കേണ്ടുന്ന തുകയും പ്രസ്തുത ഇനത്തിൽ പിരിഞ്ഞുകിട്ടുന്ന തുകയും സമിതി പരിശോധിക്കുകയുണ്ടായി. ഭൂനികുതി ഇനത്തിൽ കാലാനുസൃതമായി മാറ്റം വരുത്തുന്നതിന്റെ ഭാഗമായാണ് ഭൂനികുതി പരിഷ്കരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഭൂനികുതി പിരിച്ചെടുക്കുന്നതിൽ കോടതി/സർക്കാർ/അപ്പലേറ്റ് സ്റ്റേ നിലവിലുള്ള കേസുകളിൽ വളരെയധികം കാലതാമസം നേരിടുന്നത് സമിതിയുടെ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ കാലതാമസം കൂടാതെ തീർപ്പുണ്ടാക്കുന്നതിൽ വകുപ്പിന്റെ സത്വരശ്രദ്ധ പതിയണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

8) കുത്തകപ്പാട്ടമിനത്തിൽ ദീർഘകാലപാട്ടത്തിന് നൽകിയിട്ടുള്ള ഭൂമി സംബന്ധിച്ചും, പാട്ടമിനത്തിൽ പിരിഞ്ഞു കിട്ടുന്ന തുക സംബന്ധിച്ചുമുള്ള വിവരങ്ങൾ സമിതി പരിശോധിക്കുകയുണ്ടായി. പാട്ടകുടിശ്ശിക ഇനത്തിൽ ഇനിയും ലഭിക്കാനുള്ള ഗണ്യമായ തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തണമെന്നും കോടതി/സർക്കാർ/അപ്പലേറ്റ് സ്റ്റേ നിലവിലുള്ള കേസ്സുകളിൽ ആയവ കാലവിളംബം കൂടാതെ തീർപ്പാക്കുന്നതിനുള്ള സത്വര ശ്രദ്ധ പതിയണമെന്നും സമിതി നിർദ്ദേശിക്കുന്നു.

9) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും രാജഭരണകാലത്തും മറ്റും പാട്ടത്തിന് നൽകിയ ഭൂമി റവന്യൂ വകുപ്പ് ഏറ്റെടുക്കാത്തതിനാൽ വളരെക്കാലമായി അവിടെ താമസിച്ചു വരുന്ന പാവപ്പെട്ട ജനങ്ങൾക്ക് പട്ടയം ലഭിക്കുന്നില്ലായെന്ന് സമിതി നിരീക്ഷിക്കുന്നു. പാട്ടത്തിന് നൽകിയ ഭൂമി റവന്യൂ ഭൂമിയാക്കുന്നതിന് റവന്യൂ വകുപ്പിന്റെയോ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിന്റെയോ അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

10) **വിവിധ ആവശ്യങ്ങൾക്കായി പാട്ടത്തിന് നൽകിയിട്ടുള്ള പാട്ട ഭൂമി തരംതിരിച്ച് വാണിജ്യാവശ്യങ്ങൾക്കുള്ളവയ്ക്ക് കൂടുതൽ തുകയും സേവനാവശ്യങ്ങൾക്കായുള്ളവയ്ക്ക് കുറഞ്ഞ തുകയും നികുതി നിശ്ചയിച്ച് പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

11) നിബന്ധനകൾ പാലിക്കാത്തതും പാട്ടക്കാലാവധി കഴിഞ്ഞതുമായ പാട്ടഭൂമി തിരിച്ചെടുത്ത് പാട്ട ഭൂമി ആവശ്യമുള്ള മറ്റ് സ്ഥാപനങ്ങൾക്ക് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

12) ജന്മം, കാണം എന്നിവയുമായി ബന്ധപ്പെട്ട സ്പെഷ്യൽ ഓഫീസുകളുടെ നടപടിക്രമങ്ങൾ വളരെ സങ്കീർണ്ണമായതിനാൽ ഇടപാട് (നടപടി)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ആവശ്യമുള്ളവർ പ്രസ്തുത ആവശ്യങ്ങൾക്കായി വളരെയധികം ബുദ്ധിമുട്ടേണ്ടിവരുന്നതായി സമിതി നിരീക്ഷിക്കുന്നു. കാണം കൂടിയായ്മ നിർത്തലാക്കൽ നിയമം ബാധകമാക്കിയ പ്രദേശങ്ങളിൽ കാണം കൂടിയാന്മാർക്ക് പൂർണ്ണമായ ഉടമസ്ഥാവകാശം നിയമം മൂലം നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ജന്മം, കാണം എന്നിവയുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വകുപ്പിൽ നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

13) ഭൂപരിഷ്കരണ നിയമം നിലവിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് വിതരണത്തിനായി ഏറ്റെടുത്ത മിച്ചഭൂമി സംബന്ധിച്ച വിവരം സമിതി പരിശോധിക്കുകയും പ്രസ്തുത ഭൂമിയിൽ വാസയോഗ്യമായ വിധത്തിൽ വിതരണം സാധ്യമല്ലാത്ത പ്രദേശങ്ങൾ ഉൾപ്പെടുന്നതായി മനസ്സിലാക്കുകയും ചെയ്യുന്നു. അത്തരം പ്രദേശങ്ങൾ ഒഴിവാക്കിയുള്ള ഭൂമിയുടെ വിതരണം സാധ്യമാക്കണമെന്നും, റവന്യൂ പുറമ്പോക്ക് ഭൂമി സർക്കാർ ആവശ്യത്തിന് ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. **മിച്ചഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കണമെന്നും ഏറ്റെടുത്ത ഭൂമിയിൽ വാസയോഗ്യമായ ഭൂമി വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കി നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

14) റവന്യൂ വകുപ്പ് പിരിച്ചെടുക്കുന്ന കെട്ടിട നികുതി സംബന്ധമായ വിവരങ്ങളും ആയതു സംബന്ധിച്ച പരിഷ്കരിച്ച നിരക്കുകളും സമിതി പരിശോധിക്കുകയുണ്ടായി. ആവശ്യത്തിലധികം വീടുകൾ നിർമ്മിക്കുന്ന പ്രവണത ഒഴിവാക്കുന്നതിനായി ഒന്നിലധികം വീടുള്ളവർക്ക് കുടുംബത്തിലെ അംഗസംഖ്യ കണക്കിലെടുത്തു കൊണ്ട് ഒന്നാമത്തേത് ഒഴികെയുള്ളവയ്ക്ക് കൂടിയ നിരക്കിൽ നികുതി ഈടാക്കുന്ന രീതിയിൽ പുതുക്കിയ സ്ലാബ് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

15) ഭൂമിക്ക് പട്ടയം നൽകുന്നതു സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ പരിശോധിച്ച സമിതി പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സങ്കീർണ്ണവും

File No. LR/9130/2025-LR(B3) (Computer No. 14118)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നിയമപരിശോധനകൾക്ക് വിധേയമായി കാലതാമസം വരുന്നതുമാണെന്നും പട്ടയം നൽകുന്നതിനുള്ള അധികാരം പ്രദേശത്തിന്റെ സ്വഭാവമനുസരിച്ച് റവന്യൂ വകുപ്പ്, തഹസീൽദാർ, ലാൻഡ്ട്രൈബ്യൂണൽ, ലാൻഡ് ബോർഡ് എന്നിവിടങ്ങളിൽ നിക്ഷിപ്തമാണെന്നും വനമേഖലയിൽ ഭൂമിക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് കേന്ദ്രാനുമതി ആവശ്യമാണെന്നും മനസ്സിലാക്കുന്നു. **നിലവിൽ സംസ്ഥാനത്ത് പട്ടയം ലഭിക്കാനുള്ള അപേക്ഷകരുടെ കൃത്യമായ വിവരം ശേഖരിക്കണമെന്നും നടപടിക്രമങ്ങൾ ലഘൂകരിച്ച് അർഹരായവർക്ക് അടിയന്തരമായി പട്ടയം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

16) ലാൻഡ് ട്രൈബ്യൂണലുകളുടെയും അപ്പലേറ്റ് അതോറിറ്റികളുടെയും പ്രവർത്തനം വിലയിരുത്തിയ സമിതി നിലവിൽ ലാൻഡ് ട്രൈബ്യൂണലുകളിലും അപ്പലേറ്റ് അതോറിറ്റികളിലും നിരവധി കേസുകൾ തീർപ്പാക്കാനുള്ളതായി നിരീക്ഷിക്കുകയും ചെയ്തു. പട്ടയവിതരണത്തിൽ നല്ല പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും പട്ടയപ്രശ്നം ഇരുതരമായിത്തന്നെ നിലനിൽക്കുന്നുണ്ടെന്ന് നിരീക്ഷിച്ച സമിതി ഉടനടി ലാൻഡ് ട്രൈബ്യൂണലുകൾ നിർത്തലാക്കുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ സമാനമായ ബദൽ സംവിധാനം നിലവിൽ വരുന്നതുവരെ ലാൻഡ് ട്രൈബ്യൂണൽ തുടരുന്നതാണ് ഉചിതമെന്ന് അഭിപ്രായപ്പെടുന്നു.

17) മിച്ചഭൂമിക്ക് പട്ടയം നൽകുന്നത് താലൂക്ക് ലാൻഡ് ബോർഡുകളാണെന്നും ലാൻഡ് ബോർഡുകളിൽ കേസ്സുകൾ തീർപ്പ് കൽപ്പിക്കാനുള്ള സ്ഥിരം സംവിധാനമോ റഗുലർ സിറ്റിംഗോ നടക്കുന്നില്ലായെന്നും നിരീക്ഷിച്ച സമിതി, ഓരോ താലൂക്ക് ലാൻഡ് ബോർഡിലും അടിയന്തരമായി ചെയർമാൻമാരെ നിയമിച്ച് സിറ്റിംഗ് നടത്തണമെന്ന് ശിപാർശ ചെയ്യുന്നു. കൂടുതൽ കേസുകൾ പെൻഡിംഗായുള്ള വൈത്തിരി ലാൻഡ് ബോർഡിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്യുന്നു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

18) വിവിധ വകുപ്പുകളുടെ കൈവശമുള്ള ഭൂമിയുടെ സ്ഥിതിവിവരകണക്ക് സംബന്ധിച്ചും രേഖകളിൽ സർക്കാർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ഭൂമി പതിച്ച് നൽകാൻ സാധിക്കുന്നതാണോയെന്നതു സംബന്ധിച്ചും പരിശോധിച്ച സമിതി, സർക്കാർ ഭൂമി കൈവശപ്പെടുത്തുന്നവർ റവന്യൂ വകുപ്പിൽ നിന്നുതന്നെ അതിന് രേഖയുണ്ടാക്കികൊണ്ടുപോകുന്ന സ്ഥിതി നിലവിലുണ്ടെന്നും നിരീക്ഷിക്കുന്നു. ആയതിനാൽ **ഓരോ വകുപ്പുകളുടെയും കൈവശം എത്ര ഭൂമിയുണ്ടായിരുന്നുവെന്നും, ഇപ്പോൾ എത്ര ഭൂമിയുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും, എപ്രകാരമുള്ളതാണെന്നും, കണ്ടെത്തി അളന്നു തിരിക്കുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നൽകണമെന്നും ഡിജിറ്റൽ സർവ്വേ പൂർത്തിയാകുമ്പോൾ വില്ലേജ് അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച കൃത്യമായ വിവരം പ്രസിദ്ധീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

19) ഡിസ്റ്റൻസ് സർവ്വേയുടെ ഭാഗമായുള്ള ഡിജിറ്റൽ റീസർവ്വേ പൂർത്തിയാകുമ്പോൾ കേരളത്തിലെ പുഴ, കനാൽ, വനഭൂമി എന്നിവ ഉൾപ്പെടെയുള്ള മുഴുവൻ ഭൂമിയുടെയും അതിരളവുകൾ സംബന്ധിച്ച കൃത്യമായ വിവരം ലഭിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. ദീർഘകാല പാട്ട ഇനത്തിൽ പ്ലാന്റേഷൻ തുടങ്ങിയ ആവശ്യങ്ങൾക്കായി വിവിധ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകിയിട്ടുള്ള ഭൂമി സംബന്ധിച്ചും അധികമായി ഭൂമി കൈവശം വച്ചിട്ടുണ്ടോയെന്നതു സംബന്ധിച്ചുമുള്ള ആധികാരികമായ കണക്കുകൾ ലഭ്യമാകുമെന്നും സമിതി വിലയിരുത്തുന്നു. കാലങ്ങളായി നടക്കുന്ന വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിന് പ്രസ്തുത കണക്കുകൾ സഹായകമാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

20) കരഭൂമിയുടെയും കൃഷിഭൂമിയുടെയും പരമാവധി ഉപയോഗം സാധ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ സമിതി വിലയിരുത്തുകയും ഭക്ഷ്യവിളകൾക്കുള്ള ഭൂമിയിൽ കൃഷിചെയ്യാത്ത സാഹചര്യമുണ്ടെങ്കിൽ അതിനാവശ്യമായ ഭൂമി തരംമാറ്റുന്നതിനുള്ള അനുവാദം വകുപ്പ് നൽകിയിട്ടുണ്ടെന്നു നിരീക്ഷിക്കുകയും ചെയ്യുന്നു. ഭൂമിയുടെ തരംമാറ്റം സംബന്ധിച്ച ഓൺലൈൻ അപേക്ഷയിന്മേലുള്ള നടപടികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിയോഗിച്ചിട്ടുള്ള താൽക്കാലിക ജീവനക്കാരുടെ സേവനം ആറു

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

മാസം കൂടി നീട്ടി നൽകുന്നത് സംബന്ധിച്ച് പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. **ഭൂമിയുടെ തരം മാറ്റം സംബന്ധിച്ച പ്രവൃത്തികളുടെ വിവരം സമയബന്ധിതമായി ഡിജിറ്റൈസ് ചെയ്യണമെന്നും ആയത് സംബന്ധിച്ച വിവരം ഒരു പോർട്ടൽ മുഖേന പൊതുജനങ്ങൾക്കു കൂടി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

21) കേരള ഭൂമി പതിച്ചു നൽകൽ ചട്ടപ്രകാരം നിശ്ചിത ആവശ്യങ്ങൾക്കായി പതിച്ചു നൽകിയ ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാനാകില്ലെന്നും പട്ടയവ്യവസ്ഥ ലംഘിച്ചാൽ ഭൂമി തിരിച്ചെടുക്കാൻ സർക്കാരിന് അധികാരമുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. കൃഷിക്കും പാർപ്പിടത്തിനും അനുബന്ധ ആവശ്യങ്ങൾക്കുമായി പതിച്ചുനൽകിയ ഭൂമിയിൽ റിസോർട്ടുകൾ, ക്വാറികൾ, പെട്രോൾ പമ്പുകൾ തുടങ്ങിയ വ്യത്യസ്ത സംരംഭങ്ങൾ ആരംഭിച്ചതായി കണ്ടെത്തിയാൽ പ്രസ്തുത ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നിയമനടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

22) ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി ഡിജിറ്റൽ സർവ്വേയുടെ അടിസ്ഥാനത്തിൽ ഭൂബാങ്ക് രൂപീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു. പ്രസ്തുത സർവ്വേ പൂർത്തിയാകുമ്പോൾ സർക്കാരിലേക്ക് വന്നുചേരുവാനുള്ള ഭൂമിയുടെ വിവരം സംബന്ധിച്ച് വ്യക്തത വരുമെന്നും സമിതി വിലയിരുത്തുന്നു.

23) നിയമപരമായി പുരയിടമായി തരം മാറ്റിയ ഭൂമിയ്ക്ക് നിലവിൽ നിലമായി കണക്കാക്കിയുള്ള ഭൂനികുതിയാണ് നൽകി വരുന്നതെന്ന് സമിതി വീക്ഷിക്കുന്നു. കരയായി തരം മാറ്റം വരുത്തിയ ഭൂമിക്ക് അതത് പ്രദേശത്തിനനുസരിച്ചുള്ള ഭൂമിയുടെ വില നിശ്ചയിച്ച് ഭൂനികുതി പുതുക്കി നിശ്ചയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

24) 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് ' എന്ന ലക്ഷ്യത്തോടെ റവന്യൂവകുപ്പിന്റെ പ്രവർത്തനങ്ങൾ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതായി സമിതി നിരീക്ഷിക്കുന്നു. ഇതുപ്രകാരം ഓൺലൈൻ ആയും മൊബൈൽ ഫോൺ വഴിയും റവന്യൂ ഇ-സർവ്വീസസ് ആപ്ലിക്കേഷൻ വഴിയും ഭൂനികുതി അടയ്ക്കാനും, സർവ്വേ മാപ്പ്, തണ്ടപ്പേർ പകർപ്പ്,

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ലൊക്കേഷൻ മാപ്പ് എന്നിവയ്ക്ക് ഓൺലൈൻ ആയി ഫീസടച്ച് അപേക്ഷിക്കാനും ഓൺലൈൻ ആയി ഇവയുടെ ആധികാരികത ഉറപ്പുവരുത്തുവാനും, ഭൂമിയുടെ തരംമാറ്റത്തിനും ഓൺലൈനിലൂടെ അപേക്ഷിക്കാനും അപേക്ഷയിലെ ന്യൂനതകൾ ഓൺലൈൻ ആയിത്തന്നെ പരിഹരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നതായി സമിതി മനസ്സിലാക്കുന്നു. എല്ലാ വില്ലേജുകളിലെയും അടിസ്ഥാന വിവരങ്ങൾ, ഭൂവിവരങ്ങൾ, പ്രവർത്തനങ്ങൾ, സേവനങ്ങൾ, ഇൻഫർമേഷൻ മാനേജ്മെന്റ് എന്നിവയുൾപ്പെടുത്തി എല്ലാ വില്ലേജ് ഓഫീസിനും വെബ്സൈറ്റ് നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. **വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന നികുതി രജിസ്റ്റർ, തണ്ടപ്പേർ അക്കൗണ്ടുകളിലെ കൃത്യമായ വിവരം ഉടങ്ങിയവ ആധികാരികത ഉറപ്പുവരുത്തി സമയബന്ധിതമായി ഡിജിറ്റൈസ് ചെയ്ത് ഇ-പോർട്ടൽ മുഖേനയുള്ള സേവനം എല്ലാ വില്ലേജ് ഓഫീസുകളിലും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

25) **വിവിധ വകുപ്പുകൾ തയ്യാറാക്കുന്ന ഭൂവിവരങ്ങൾ ക്രോഡീകരിച്ച് സംസ്ഥാന സർക്കാരിന്റെ സമഗ്ര ജ്യോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം (ജി.ഐ.എസ്) ഡാറ്റാ ബാങ്ക്, സർക്കാർ വകുപ്പുകൾ, സർക്കാരിതര സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായങ്ങൾ, ശാസ്ത്ര സംഘടനകൾ എന്നിവർക്ക് ലഭ്യമാക്കുന്നതിനും വിവിധ വകുപ്പുകൾ ഓരോ പദ്ധതിയ്ക്കായും ഭൂസംബന്ധമായ പഠനം നടത്തുന്നത് ഒഴിവാക്കുന്നതിനും കേരള സ്റ്റേറ്റ് സ്പെഷ്യൽ ഡാറ്റ ഇൻഫ്രാസ്ട്രക്ചർ (കെ.എസ്.ഡി.ഐ) വെബ്സൈറ്റ് മുഖേന പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നത് നിരീക്ഷിച്ച സമിതി പ്രസ്തുത വിവരങ്ങളുടെ ആധികാരികത റവന്യൂ വകുപ്പ് ഉറപ്പു വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.**

26) സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷമൊരുക്കുന്നതിനായി ഭൂവിനിയോഗ നയത്തിൽ ആവശ്യമായ പരിഷ്കരണം വേണമെന്നും ഇതുമായി ബന്ധപ്പെട്ട് ഭൂപരിഷ്കരണനിയമത്തിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്നുമുള്ള വിവിധങ്ങളായ നിർദ്ദേശങ്ങൾ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യങ്ങൾക്കായി നൽകാനുദ്ദേശിക്കുന്ന ഭൂമിയിൽ പാരിസ്ഥിതിക, സാമൂഹിക

File No. LR/9130/2025-LR(B3) (Computer No. 14119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ആഘാതമുൾപ്പെടെയുള്ള വിഷയങ്ങൾ പഠനവിധേയമാക്കണമെന്നും ഇതു സംബന്ധിച്ച് വിശദമായ അഭിപ്രായരൂപീകരണത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഭൂവിനിയോഗ നയം രൂപീകരിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

27) ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, തൊഴിൽ എന്നിവ ഉറപ്പാക്കുന്നതിനായി സമഗ്രമായ സ്ഥലജലപരിപാലനം ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ഭൂപരിഷ്കരണനിയമം മൂലം ഭൂഘടനയിൽ മാറ്റം സംഭവിക്കുകയും ചെറുകിട കർഷകർക്ക് ഭൂമി ലഭിക്കുകയും ചെയ്തെങ്കിലും കൈവശഭൂമിയെ ഏറ്റവും ഉൽപ്പാദനക്ഷമമായി ഉപയോഗിക്കുന്നതിനുള്ള കാർഷികമുറകളുടെ അഭാവം നെൽകൃഷി പോലെയുള്ള പരമ്പരാഗത കൃഷിരീതികളെ സാരമായി ബാധിച്ചതായി സമിതി വിലയിരുത്തുന്നു. ഇതു പരിഹരിക്കുന്നതിനായി **കൂട്ടുകൃഷി, സഹകരണ കൃഷി, ഗ്രൂപ്പ് ഫാമിംഗ് തുടങ്ങിയ നിർവ്വഹണരീതികൾക്കു കൂടി കൃഷിഭൂമി ഉപയോഗിക്കാൻ അനുവാദം നൽകുന്ന രീതിയിൽ ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

28) പാരിസ്ഥിതിക പ്രശ്നങ്ങളും ജനസാന്ദ്രതയും കണക്കിലെടുത്തുകൊണ്ടുള്ള ഭൂമിയുടെ സന്തുലിതമായ വിനിയോഗം അനിവാര്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഇതിനായി ആവാസ വ്യവസ്ഥകൾ, ജൈവമേഖലകൾ, ഉൽപ്പാദന മേഖലകൾ, വിനിമയ-ഗതാഗത മേഖലകൾ എന്നിവ കൃത്യമായി നിർണ്ണയിക്കുന്ന രീതിയിലുള്ള സ്ഥലീയ ആസൂത്രണം ആവശ്യമാണെന്നും ഇത് ഉറപ്പാക്കുന്ന തരത്തിലുള്ള ഭൂവിനിയോഗരീതി പാർപ്പിടം, കൃഷി, വ്യവസായം, ഖനനം, ടൂറിസം, ഗതാഗതം, മറ്റ് പശ്ചാത്തല സൗകര്യങ്ങളുടെ വികസനം തുടങ്ങിയ പ്രവർത്തനങ്ങളിൽ അവലംബിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

29) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഭൂവിനിയോഗനിർവ്വഹണത്തിൽ പ്രധാന പങ്ക് വഹിക്കാനാകുമെന്ന് സമിതി നിരീക്ഷിക്കുന്നു. ഭൂവിനിയോഗം കർശനമായി നിർണ്ണയിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച നിയമങ്ങളിൽകൂടി ഉൾപ്പെടുത്താവുന്നതാണെന്ന നിർദ്ദേശം പ്രസ്തുത ഭൂവിനിയോഗ പ്രവൃത്തികളിൽ ജനകീയ പങ്കാളിത്തം സാധ്യമാക്കുമെന്നും സമിതി പ്രത്യാശിക്കുന്നു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

30) ഭൂനികുതിയുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന രൂപീകരണത്തിനു ശേഷം പ്രാബല്യത്തിൽ വന്ന നിരവധി ഭൂനിയമങ്ങൾ നിലനിൽക്കുന്നുണ്ടെന്നും നിലവിലെ സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിൽ നിയമങ്ങളുടെയും ചട്ടങ്ങളുടെയും കാലിക പ്രസക്തി സംബന്ധിച്ചും ഇതു സംബന്ധിച്ച വിവിധ ബജറ്റ് ശീർഷകങ്ങളിലായി ചെലവിടുന്ന തുക സംബന്ധിച്ചും സമിതി പരിശോധിച്ചു. 1971-ലെ ശ്രീ പണ്ടാരം വക ഭൂമി കൈവശപ്പെടുത്തലും അവകാശം സ്ഥാപിക്കലും നിയമം സ്ഥാപിക്കൽ, 1955-ലെ തിരു-കൊച്ചി ഇടവക അവകാശങ്ങൾ കൈവശപ്പെടുത്തൽ നിയമമനുസരിച്ച് നഷ്ടപരിഹാരം നൽകൽ, ജന്മിക്കരം നിർത്തലാക്കൽ നിയമമനുസരിച്ച് നഷ്ടപരിഹാരം നൽകൽ, 1969-ലെ തിരുപ്പുവാരം നിർത്തലാക്കൽ നിയമം നടപ്പിലാക്കുന്നതിനുള്ള നഷ്ടപരിഹാരം നൽകൽ, ശ്രീ പാദം ഭൂമികളുടെ അവകാശ സ്ഥാപനം നടപ്പിലാക്കൽ, 1976-ലെ കാണം പാട്ടനടപ്പ് നിർത്തലാക്കൽ നിയമം അനുസരിച്ച് വാർഷിക വേതനം നൽകൽ തുടങ്ങി **വിവിധങ്ങളായ ഭൂനിയമങ്ങളനുസരിച്ചുള്ള പ്രവർത്തനങ്ങളും പ്രസ്തുത നിയമവ്യവസ്ഥകൾക്ക് നിലവിലെ സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിൽ ഉള്ള പ്രസക്തിയും പരിശോധിക്കണമെന്നും പ്രസ്തുത നിയമങ്ങളിൽ കാലികമായ പരിഷ്കരണം ആവശ്യമാണെങ്കിൽ അതുണ്ടാകണമെന്നും സമാനതകളുള്ള വിഷയങ്ങൾ സംബന്ധിച്ച് വിവിധ നിയമങ്ങൾ നിലവിലുണ്ടെങ്കിൽ അവയുടെ ഏകീകരണം സാധ്യമാണോയെന്നതു പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

31) കേരള ഭൂപരിഷ്കരണനിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കുടികിടപ്പുകാർക്ക് അവകാശമായി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പരിധിയിൽ ലഭിക്കാവുന്ന ഭൂമിയുടെ അളവും, നിലവിൽ ഭൂരഹിതരായവർക്ക് സർക്കാർ നൽകി വരുന്ന ഭൂമിയുടെ അളവും തമ്മിൽ വ്യത്യാസമുള്ളതായി സമിതി മനസ്സിലാക്കുന്നു. കാലികമായി നിയമത്തിലെ വ്യവസ്ഥകൾക്കും മാറ്റം വരുത്തേണ്ടതുണ്ടോയെന്നതു പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

32) 1963-ലെ കേരള ഭൂപരിഷ്കരണ നിയമം, 1964-ലെ ഭൂപതിവ് നിയമം, 1967-ലെ ഭൂവിനിയോഗ ഉത്തരവ്, കേന്ദ്രനിയമത്തിനനുസൃതമായ കേരള ഭൂമി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഏറ്റെടുക്കൽ നിയമം, 1964-ലെ കേരള എസ്റ്റേറ്റ്സ് ആന്റ് ഫോർഫീച്ചേസ് ആക്ട് തുടങ്ങിയ ഭൂമിയുമായി ബന്ധപ്പെട്ട പ്രധാന നിയമങ്ങളും അതിനനുസൃതമായി പ്രാബല്യത്തിലുള്ള ചട്ടങ്ങളും സൃഷ്ടിക്കുന്ന നിയമപരമായ സങ്കീർണ്ണതകൾ സാധാരണക്കാരന് ഭൂമിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പലവിധ പ്രയാസങ്ങൾക്ക് കാരണമാകുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. **പ്രസ്തുത നിയമങ്ങളിലെ വ്യവസ്ഥകളുടെ കാലിക പ്രസക്തി പരിശോധിച്ച് നിലവിലെ സാമൂഹിക – സാംസ്കാരിക പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ പരിഷ്കരണം വരുത്തണമെന്നും ഭൂനിയമങ്ങൾ സംബന്ധിച്ച് നിയമത്തിന്റെ ഒരു ഏകീകരണം (കോഡിഫിക്കേഷൻ) സാധ്യമാക്കുന്നത് സംബന്ധിച്ച് പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

33) പുഴകൾ, ഡാമുകൾ, മറ്റ് ജലാശയങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള മണൽവാരൽ സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ച സമിതി, ആയത് സംസ്ഥാനത്തിന് വരുമാനം നേടിത്തരികയും, വെള്ളപ്പൊക്കത്തിന് പരിഹാരമുണ്ടാക്കുകയും ചെയ്യുമെന്ന് അഭിപ്രായപ്പെടുന്നു. ആയതിനാൽ, **ഓരോ കടവിനും പ്രത്യേക മൈനിംഗ് പ്ലാൻ തയ്യാറാക്കി മണൽവാരൽ പുനരാരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

34) റവന്യൂ വകുപ്പും പോലീസും പിടികൂടിയ, അനധികൃതമായി കടത്തിയ മണലിന്റെ അളവ് കണക്കാക്കി ലേലം ചെയ്യുന്നതും പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ ലേലം ചെയ്യാ പോകാതെ നശിച്ചുപോകുന്നതും സമിതിയുടെ ശ്രദ്ധയിൽപ്പെടുകയും, 'ദി കേരള എസ്റ്റേറ്റ്സ് ആൻഡ് ഫോർഫീച്ചേസ് ആക്ട്'ലെ വ്യവസ്ഥകൾ ലേലപ്രക്രിയ സങ്കീർണ്ണമാക്കുന്നുണ്ടെന്ന് നിരീക്ഷിക്കുകയും ചെയ്യുന്നു. പോലീസ് വകുപ്പിന്, അവർ പിടിച്ചെടുക്കുന്ന വാഹനങ്ങൾ ലേലം ചെയ്യുന്നതിനായി നൽകിയിട്ടുള്ള ഉത്തരവിൽ ഭേദഗതി വരുത്തി റവന്യൂ വകുപ്പിനുകൂടി ബാധകമാകത്തക്കവിധം നിയമപരമായ അഭിപ്രായ രൂപീകരണം നടത്തുകയോ, അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട നിയമം ഭേദഗതി ചെയ്ത് ഇവ അടിയന്തരമായി ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയോവേണമെന്നും, അതിലൂടെ ഇതുമൂലമുണ്ടാകുന്ന പരിസ്ഥിതി മലിനീകരണവും സാമ്പത്തിക നഷ്ടവും

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഒഴിവാക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. **റവന്യൂ, പോലീസ് വകുപ്പുകൾ പിടിച്ചെടുത്ത അനധികൃതമായി കടത്തിയ മണലും അതിനുപയോഗിച്ച വാഹനങ്ങളും ലേലം ചെയ്യുന്നതിന് മോട്ടോർ വാഹന വകുപ്പ്, പോലീസ്, റവന്യൂ, പൊതുമരാമത്ത് (മെക്കാനിക്) എന്നീ വകുപ്പുകൾ ഏകോപിപ്പിച്ചു കൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് ശ്രമമുണ്ടാകണമെന്നും കൂടാതെ, ഇതുമായി ബന്ധപ്പെട്ട് 'ദി കേരള എസ്റ്റേറ്റ്സ് ആന്റ് ഫോർഫീച്ചേസ് ആക്ട്'ലെ നിബന്ധനകൾ ലഘൂകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

35) ഭൂസംബന്ധമായ വിവിധ പദങ്ങൾ റവന്യൂ വകുപ്പിൽ നിലവിൽ നിയമങ്ങളിലും ചട്ടങ്ങളിലും ഉപയോഗിച്ചു വരുന്നത് കാലികമല്ലാത്തതും പ്രസ്തുത പദങ്ങളുടെ അർത്ഥം സാധാരണജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിയാത്തതുമാണെന്നും സമിതി വീക്ഷിക്കുന്നു. **ജമാബന്ധി, കുഴിക്കുറ്, ചമയങ്ങൾ, നഞ്ച, പുഞ്ച, ജമാതിരി, വെറുമ്പാട്ടം, ഒറ്റി, കുരവ, പട്ടാദാർ, സ്ഥാവര ജംഗമ വസ്തുക്കൾ, കിസ്ത്, കിസ്ത് ബന്ധി, പോക്കുവരവ്, തണ്ടപ്പേർ കൂടാതെ ഉദ്യോഗസ്ഥ പദങ്ങളായ ഹുസൂർ ശിരസ്തദാർ, മസാൽച്ചി, ഡഫേദാർ, ചൗക്കിദാർ, തഹസീൽദാർ തുടങ്ങിയ റവന്യൂ വകുപ്പിൽ നിലവിൽ ഉപയോഗത്തിലുള്ള കാലികമല്ലാത്തതും സാധാരണ പ്രയോഗത്തിലില്ലാത്തതുമായ പദങ്ങൾക്ക് പകരം സാമാന്യ പ്രയോഗത്തിലുള്ള ഇംഗ്ലീഷ് പദങ്ങളുൾപ്പെടെയുള്ള പദങ്ങൾ ഉപയോഗിക്കുന്നതു പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

36) റവന്യൂ വകുപ്പ് നടപ്പാക്കി വരുന്ന ഓൺലൈൻ പ്രവർത്തനങ്ങളും ഇതു സംബന്ധിച്ച് ലഭ്യമാകുന്ന ഭൂസംബന്ധമായ വിവരങ്ങളും സമിതി പരിശോധിച്ചു. **റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഡിജിറ്റൽ വിവരങ്ങൾ സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകൾക്ക് ലഭ്യമാക്കുന്നതോടൊപ്പം തദ്ദേശസ്വയംഭരണ വകുപ്പ് ഉൾപ്പെടെ സർക്കാരിന്റെ ഇതര വകുപ്പുകൾക്ക് കൂടി പങ്കിടാൻ സാധ്യമാകുന്നതായിരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

File No. LR/9130/2025-LR(B3) (Computer No. 14119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

37) സംസ്ഥാനത്തെ ജനങ്ങളിൽ ഭൂരിഭാഗവും നേരിടുന്ന പ്രശ്നങ്ങളും വ്യവഹാരങ്ങളും ഭൂബന്ധിതമാണ്. ആത്യന്തികമായി ഭൂവിനിയോഗം എന്നത് കേരളത്തിന്റെ സമഗ്ര വികസനത്തിന്റെ ഭാഗമായും അതിന് സമാന്തരമായും നടക്കേണ്ട പ്രക്രിയയാണ്, ഭൂവിനിയോഗവുമായി ബന്ധപ്പെട്ട് റവന്യൂ, രജിസ്ട്രേഷൻ, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളുടെ ഏകോപനമായ പ്രവർത്തനം ഇതിന് അഭികാമ്യമാണ്. വ്യക്തമായ ആസൂത്രണവും ഭാവനാപൂർണ്ണമായ നടപടികളും വഴി കാലാനുസൃതമായ മാറ്റങ്ങൾ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ വരുത്തേണ്ടതുണ്ട്. നൂതന ഡിജിറ്റൽ സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിച്ച് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ജനകീയവും അതുവഴി ജനപക്ഷവുമാക്കി മാറ്റുന്ന നടപടി റവന്യൂ വകുപ്പിന് അഭിമാനിക്കാനാവുന്ന നേട്ടമായി സമിതി വിലയിരുത്തുന്നു.

തിരുവനന്തപുരം,
2023 മാർച്ച് 15

കെ. കെ. ശൈലജ ടീച്ചർ,
അദ്ധ്യക്ഷ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

നമ്പർ.പിഎഡി-ബി1/26/2023/പിഎഡി

പാർലമെന്ററികാര്യ (ബി) വകുപ്പ്
തിരുവനന്തപുരം
തീയതി: 13-04-2023

അനൗദ്യോഗിക കുറിപ്പ്

വിഷയം:- എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-23)- ആറാമത് റിപ്പോർട്ട്- - ശിപാർശകളിന്മേലുള്ള തുടർനടപടികൾ -സംബന്ധിച്ച്.

സൂചന:- നിയമസഭാസെക്രട്ടറിയുടെ 27/03/2023-ലെ 14364/ഇസിഎ2/ 2007/നി.സെ നമ്പർ കത്ത്.

സൂചനയിലേക്ക് റവന്യൂ ആഭ്യന്തരം എന്നീ വകുപ്പുകളുടെ ശ്രദ്ധ ക്ഷണിക്കാവുന്നതും എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-23) യുടെ ആറാമത് റിപ്പോർട്ടിന്റെ പകർപ്പ്, റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടിറിപ്പോർട്ട് നിയമസഭയ്ക്കും പകർപ്പ് ഈ വകുപ്പിനും ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ച് പ്രസ്തുത വകുപ്പുകൾക്ക് നല്കാവുന്നതുമാണ്.

ബി.ആർ.യമുന
സ്പെഷ്യൽ സെക്രട്ടറി

വകുപ്പുകൾ:- റവന്യൂ, ആഭ്യന്തരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ഇ) വകുപ്പ്

REV-E3/500/2025-REV 05-08-2025,

തിരുവനന്തപുരം

സെക്രട്ടറി,

സെക്രട്ടറി,
കേരള നിയമസഭ

സർ,

വിഷയം:- റവന്യൂ വകുപ്പ് - പരിസ്ഥിതി സംബന്ധിച്ച സമിതി (2023-26) - തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ കീഴാറ്റിങ്ങൽ വില്ലേജിലെ ഏലായിലെ സൈഡു തോടുകളും നടത്തോടുകളും അനധികൃതമായി നികത്തിയത് പൂർവ്വസ്ഥിതിയിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. രാജൻ സമർപ്പിച്ച തുടർനിവേദനം - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 15.07.2025 ലെ KLS/1540/2025-Envt 1 നമ്പർ കത്ത്.

ഹർജി കൈപറ്റിയ വിവരം അറിയിക്കുന്നു. ഹർജിയിലെ വിഷയം സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതും ആയത് ലഭിക്കുന്ന മുറയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതാണന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,
BYJU KUMAR S
ഡെപ്യൂട്ടി സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ് - ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം(Ref : LR/2400/2023-LR(K3) dt 22.6.2025) സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി)

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് : 695033

ഇ-മെയിൽ:secretary@niyamasabha.nic.in

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ: KLS/1540/2025-Envt 1

തിരുവനന്തപുരം
15-07-2025

സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി
റവന്യൂ(ഇ) വകുപ്പ്

സർ,

വിഷയം: കേരള നിയമസഭാ- പരിസ്ഥിതി സംബന്ധിച്ച സമിതി(2023-26)- തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ കീഴാറ്റിങ്ങൽ വില്ലേജിലെ ഏലായിലെ സൈഡുതോടുകളും നടത്തോടുകളും അനധികൃതമായി നികത്തിയത് പൂർവ്വസ്ഥിതിയിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. രാജൻ സമർപ്പിച്ച തടർനിവേദനം സംബന്ധിച്ച്.

സൂചന:
1. ഈ സെക്രട്ടേറിയറ്റിന്റെ 29.12.2022-ലെ 3706/പരി1./2018/നി.സെ നമ്പർ കത്ത്.
2. 13.08.2024-ലെ REV-E3/33/2023/REV നമ്പർ കത്തും റിപ്പോർട്ടും.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന(2) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും റിപ്പോർട്ട വിവരം നിവേദകനെ അറിയിക്കുകയും ചെയ്തതിനെ തുടർന്ന് നിവേദകൻ ലഭ്യമാക്കിയ തുടർനിവേദനം 07.05.2025-ലെ സമിതി യോഗം പരിഗണിക്കുകയും തങ്ങളുടെ വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. ആകയാൽ തുടർ നിവേദനത്തിന്റെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി തുടർനിവേദനത്തിന്മേലുള്ള റിപ്പോർട്ടിന്റെ മലയാളത്തിലുള്ള 30 പകർപ്പുകൾ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഒരു മാസത്തിനകം ഈ സെക്രട്ടേറിയറ്റിലേക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. സമിതിക്ക് സമർപ്പിക്കുന്ന ഗവൺമെന്റ് റിപ്പോർട്ടിൽ ഏതെങ്കിലും ഗവൺമെന്റ് ഉത്തരവ്/കോടതി വിധി പരാമർശിക്കുന്ന പക്ഷം ആയതിന്റെ പകർപ്പ് കൂടി അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. നിവേദനം കൈപ്പറ്റിയ വിവരം താമസംവിനാ അറിയിക്കുവാൻ താല്പര്യപ്പെടുന്നു

വിശ്വസ്തതയോടെ

Signed by Hareendran K
Date: 15-07-2025 14:48:49

US (ENVT) KLS
സെക്രട്ടറിക്കുവേണ്ടി.

ഉള്ളടക്കം : നിവേദനത്തിന്റെ പകർപ്പ്

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

17-3-2025

From

കെ. രാജൻ
(വൈസ് പ്രസിഡന്റ്, ആൾ കേരള
നദി സംരക്ഷണ സമിതി)
തിരുമംഗള, പാലസ് റോഡ്, ആറ്റിങ്ങൽ. പി.ഒ,
തിരുവനന്തപുരം.

To

ശ്രീ. ഹരീന്ദ്രൻ. കെ
അണ്ടർ സെക്രട്ടറി (ENVT)
നിയമസഭ സെക്രട്ടറിയേറ്റ്
തിരുവനന്തപുരം - 695 033

വിഷയം : വയലേലകളിലെ തോടുകൾ നികത്തി റോഡാക്കി മാറ്റിയത് സംബന്ധിച്ച് - കേരള നിയമസഭാ പരിസ്ഥിതി കമ്മിറ്റിയിലേക്ക് 2018-ൽ സമർപ്പിച്ചിരുന്ന പരാതിയിന്മേൽ ഇപ്പോൾ K23/1540/2025-ENVT.1 നെ സംബന്ധിച്ച് ഞങ്ങളുടെ പ്രതികരണങ്ങൾ -സമർപ്പണം.

സൂചന : E-File No. KL.5/1540/2025/ENVT-1

Respected Sir,

1. തോട് നികത്തി റോഡാക്കി മാറ്റാൻ ആർക്ക് അധികാരം ഉണ്ടെന്ന് പറഞ്ഞാൽ വളരെ ഉപകാരപ്രദമായിരിക്കും?
2. തെക്കൻ കേരളത്തിലെ മിക്കവാറും എല്ലാ ഏലാകളും മൂന്ന് വശവും കുന്നുകളാൽ ചുറ്റപ്പെട്ടവയാണ്. അതുകൊണ്ട് തന്നെ കുന്നുകളുടെ അടിവാരത്ത് തോടുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നു. മഴക്കാലത്ത് ഭൂമിയുടെ ഉപരിതലത്തിൽ പതിക്കുന്ന മഴവെള്ളവും മഴ കഴിഞ്ഞാൽ കുന്നുകളിൽ ആഗീരണം ചെയ്യപ്പെടുന്ന മഴവെള്ളത്തിന്റെ ഏതാനും ഭാഗവും മണ്ണിനടിയിലൂടെ ചരിവുകൾക്ക് സമാന്തരമായി, സ്പ്രിംഗ്സ് ആയി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

(ഉറവജലമായി) ഇത്തരം തോടുകളിലൂടെ മഴവെള്ളത്തോടൊപ്പവും അല്ലാതെയും 3-4 മാസങ്ങൾ കൂടി ആറുകളിലേക്ക് വയലേലകൾക്ക് അല്പം മുകളിലായി ഒഴുകി നീങ്ങുന്നു.

ആയത് ഭൂമിയിലെ വാട്ടർ സർക്കുലേഷന്റെ പ്രധാന ഭാഗങ്ങളാണ്. നമ്മുടെ എക്കോസിസ്റ്റത്തിന്റെ മറ്റൊരു കണ്ണി. അങ്ങനെയുള്ള എല്ലാ തോടുകളുടേയും പ്രൊഫൈൽ ലിത്തോമാപ്പിൽ വളരെ ലജിബിളായി ഡബിൾ ലയിനിൽ, ഡ്രൈ ലാന്റുകൾക്കും, വെറ്റ് ലാന്റുകൾക്കും ഇടയിലായി എന്നാൽ ഒന്നിലും പെടാതെ സ്വതന്ത്രമായി, വീതിയ്ക്കും നീളത്തിനും അനുസരണമായി 1:3960 എന്ന സ്കെയിലിൽ ആരംഭം മുതൽ ആറ് വരെ (രണ്ടര മീറ്ററിൽ തുടങ്ങി ആറ്റിൽ എത്തുമ്പോൾ എട്ട് മീറ്ററാകും) രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഇന്നും ആയത് അളന്ന് നോക്കിയാൽ ബോധ്യപ്പെടും.

ഇത്തരം തോടുകൾ റീസർവ്വെയിൽ രേഖപ്പെടുത്താതെ പോയത് റീസർവ്വെക്കാരുടെ അപാകതയായി മാത്രമേ കാണാനാകൂ. ആയത് തിരുത്തപ്പെടേണ്ടതാണ്. അതാണ് 2018-ൽ ഞങ്ങൾ തന്നിരിക്കുന്ന പരാതി. ഇപ്പോൾ വീണ്ടും എനിക്ക് തന്നിരിക്കുന്ന മറുപടി എന്തിന് വേണ്ടിയെന്ന് പറയാമോ?

തോടുകൾ നികത്തി റോഡാക്കാൻ ആർക്കാണ് അധികാരം? ജില്ലാകളക്ടർമാർക്കോ, സർവ്വെ ഡയറക്ടർമാർക്കോ അധികാരം ഉണ്ടോ? വില്ലേജാഫീസർ ഏതെങ്കിലും വസ്തുവിന്റെ ഭാഗമാക്കി കൊടുത്തിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ നടപടി സ്വീകരിക്കേണ്ടതല്ലേ?

അതിന് പകരം തോട് കാണുന്നില്ല, റിക്കാർഡുകളിൽ ഇല്ല എന്നും മറ്റും പറയുന്നത് അംഗീകരിക്കാൻ പ്രയാസമുണ്ട്. ഡ്രൈലാന്റും, വെറ്റ്ലാന്റും ഇപ്പോഴും അവിടെയുണ്ട്. അതിന് ഇടയിലായി തോടും ഉണ്ട്. ജെ.സി.ബി ഉപയോഗിച്ച് 2013-ൽ തോട് റോഡാക്കി മാറ്റിയവർക്കെതിരെ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

റവന്യൂ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് പറയാമോ? ആരും ഒന്നും ചെയ്തില്ല. കൈയ്യേറ്റക്കാർക്ക് ഒത്താശ ചെയ്തുകൊടുത്ത് കൊണ്ടിരിക്കുന്നു എന്നു മാത്രമേ ഞങ്ങൾക്ക് പറയാൻ കഴിയൂ.

ആയതിനാൽ റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും വരുന്ന റിപ്പോർട്ടുകൾ കൂടുവായതിനാൽ തള്ളിക്കളയണമെന്നും റീസർവ്വെയിൽ വന്ന പിശകുകൾ വിജിലൻസിനെ കൊണ്ട് പരിശോധിപ്പിച്ച് അനന്തര നടപടികൾ കൈക്കൊള്ളണമെന്നും പരിസ്ഥിതി സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഈ അപേക്ഷ ഞങ്ങൾ സമർപ്പിക്കുന്നു.

ഇത് സത്യം സത്യം സത്യം

15.03.2025
ആറ്റിങ്ങൽ

എന്ന്
കെ. രാജൻ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

2025:KER:59774

IN THE HIGH COURT OF KERALA AT ERNAKULAM

PRESENT

THE HONOURABLE MR. JUSTICE S.MANU

FRIDAY, THE 8TH DAY OF AUGUST 2025 / 17TH SRAVANA, 1947

WP(C) NO. 13715 OF 2016

PETITIONERS:

1 **GIRISH BABU**
AGED 51 YEARS, S/O. RAMAKRISHNAN POTTY,
'DWARAKA', TC 40/1330,
MANAKKAD VILLAGE, THIRUVANANTHAPURAM.

2 **RADHIKA DEVI**
AGED 48 YEARS, D/O. RAMAKRISHNAN POTTY, OF -DO-
-DO- REPRESENTED BY THEIR POWER OF ATTORNEY
HOLDER
MOHAMMED HUSSAIN, S/O. ABOOBAKKER,
AGED 47 YEARS, THERUVIL TAIVILAYIL VEEDU,
PERUMANTHOOR DESOM, SARKKARA VILLAGE,
CHIRAYINKEEZHU TALUK, THIRUVANANTHAPURAM,
NOW RESIDING AT PRAKASH BHAVAN,PLAPPATH VILA,
THIRUVALLOM P.O., THIRUVANANTHAPURAM.

BY ADVS.
SHRI.BLAZE K.JOSE
SMT.K.J.JISMA
SRI.M.RAJESH
SMT.RESHMA G.MENON

RESPONDENTS:

1 **STATE OF KERALA**
REPRESENTED BY SECRETARY, REVENUE DEPARTMENT,
THIRUVANANTHAPURAM-695 001.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

2 THE LAND REVENUE COMMISSIONER
COMMISSIONERATE OF LAND REVENUE (CLR),
OPPOSITE MUSEUM CAMPUS, THIRUVANANTHAPURAM-695 001.

3 THE DISTRICT COLLECTOR
COLLECTORATE, CIVIL STATION, KUDAPANAKKUNNU,
THIRUVANANTHAPURAM-695 001.

4 THE REVENUE DIVISIONAL OFFICER
OFFICE OF THE RDO, CIVIL STATION,
KUDAPPANAKKUNNU, THIRUVANANTHAPURAM-695 001.

5 THE TAHSILDAR
TALUK OFFICE, EAST FORT, THIRUVANANTHAPURAM-695 001.

6 VILLAGE OFFICER
KADINAMKULAM VILLAGE OFFICE,
THIRUVANANTHAPURAM-695 001.

7 DISTRICT HEAD SURVEYOR
COLLECTORATE, KUDAPANAKKUNNU,
THIRUVANANTHAPURAM-695 043.

8 GODFREE NETTO
S/O.AGINOSE P.NETTO, DEEPAM, VETTUTHURA,
CHANNANKARA P.O., KADINAMKULAM VILLAGE,
THIRUVANANTHAPURAM-695 041.

9 BRINDA LEENOSE
D/O. AGINOSE P.NETTO,
RESIDING AT OF -DO- -DO-, PIN-695 041.

10 TREESA A.NETTO
W/O. AGINOSE P.NETTO, RESIDING AT OF -DO- -DO-

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

11 **REMA JOHNY**
D/O. JOSEPH GEORGE PEREIRA, RESIDING AT REMA, CHANNANKARA P.O., KADINAMKULAM VILLAGE, THIRUVANANTHAPURAM TALUK-695 041.

12 **SHERLY M.**
D/O. MARGARET THOMAS, RESIDING AT SHERLY COTTAGE, VETTUTHURA, KADINAMKULAM VILLAGE, THIRUVANANTHAPURAM-695 041.

13 **MABLE JOHN**
W/O. JOHN A.PAREIRA, RESIDING AT MABLE HOUSE, VETTUTHARA, CHANNANKARA P.O., THIRUVANANTHAPURAM-695 041.

14 **PHILOMINA CRUZ**
D/O. DERIYA GOMEZ, RESIDING AT FRIJA DALE, VETTUTHURA, CHANNANKARA P.O., KADINAMKULAM VILLAGE,THIRUVANANTHAPURAM-695 041.

15 **SHAINY**
D/O. MABLE GOMEZ, RESIDING AT SHYLA COTTAGE, VETTUTHURA, KADINAMKULAM VILLAGE, THIRUVANANTHAPURAM-695 041.

16 **ALOCIOUS**
S/O. IGNATIUS GOMEZ, RESIDING AT GRACE VILLA, PUTHUKURICHY P.O., KADINAMKULAM VILLAGE, THIRUVANANTHAPURAM-695 041.

17 **MABLE**
W/O. JOBOY PERIERA, RESIDING AT PUTHUVAL VEEDU, PUTHENTHOPE NORTH, KADINAMKULAM VILLAGE,THIRUVANANTHAPURAM-695 041.

18 **SHIMMY**
D/O. MAGI ALBERT, RESIDING AT SHEEJA COTTAGE, VETTUTHURA, CHANNANKARA P.O., THIRUVANANTHAPURAM-695 041.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

19 MARCIA LOBO ALIAS MARCICA GILBERT
D/O. BETTY LOBO, RESIDING AT SRG BUNGLOW,
VETTUTHURA,KADINAMKULAM VILLAGE,
THIRUVANANTHAPURAM.

20 KALISTER FERNANDEZ
S/O. ANTONY FERNANDEZ, RESIDING AT NAXIN COTTAGE,
VETTUTHURA, KADINAMKULAM VILLAGE,
THIRUVANANTHAPURAM.

*ADDL.R21. P. CHANDRIKA RANI @ CHANDRIKA M NAIR, AGED 70 YEARS
W/O. LATE T.K. MANIKANTAN NAIR, AMBALAYAM, MRA 126, POST OFFICE JUNCTION, MANACAUD,
THIRUVANANTHAPURAM 695009

ADDL.R22 C.S. SURESH KUMAR
AGED 49 YEARS,
S/O, LATE CHANDRASEKHARAN NAIR, CHANDRAMANGALATH VEEDU, TC 2/1253, POTTAKKUZHY, PATTOM,
THIRUVANANTHAPURAM 695004
*(ADDITIONAL RESPONDENTS 21 AND 22 IMPLEADED AS PER ORDER DATED 03/08/2023 IN IA 2/2023)

BY ADVS.
SRI.GOPAKUMAR R.THALIYAL
SMT.M.HEMALATHA
SRI.R.B.BALACHANDRAN

OTHER PRESENT:

ADV JAFAR KHAN, SPL.GP

THIS WRIT PETITION (CIVIL) HAVING BEEN FINALLY HEARD ON 08.08.2025, THE COURT ON THE SAME DAY DELIVERED THE FOLLOWING:

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

2025:KER:59774

S.MANU, J.

W.P.(C).No.13715 of 2016

Dated this the 08th day of August, 2025

JUDGMENT

Petitioners are the legal heirs of late Dr.S.Ramakrishnan Potty. Crux of the contentions of the petitioners are as narrated hereunder. Predecessor of the petitioner was having 28 acres of land in Sy.Nos.366, 367, 368, 369, 370, 371 and 372 of Kadinamkulam Village, Thiruvananthapuram Taluk. The Taluk Land Board opened a ceiling case against him and fixed 13 acres as excess land. In O.P.No.2488/1989 this Court permitted the predecessor of the petitioners to surrender 13 acres of the south-western portion of the 28 acres. In O.P.No.10898/1993, by judgment dated 10.11.1993, this Court directed 1st respondent to identify and demarcate 13 acres on the south-western portion. It was further directed that if 4.15 acres of vacant land fell outside the 13 acres the same shall be re-

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

conveyed to the predecessor of the petitioner. On 22.5.1992, a notice was issued for re-opening the ceiling case and upon a challenge in O.P.No.8950/1992, this Court quashed the notice. According to the petitioners, for a long time, because of these proceedings their predecessor was not in a position to do anything in the land. While so, several persons trespassed into the properties, constructed buildings, fabricated and forged documents and in collusion with the revenue officers started paying taxes for the properties under their occupation. Release of balance extent of 15 acres to the predecessor of the petitioners never materialised. By proceedings dated 03.07.2009, the surrendered extent of 13 acres was taken possession of. The RDO on 08.12.2010 issued directions to the Additional Tahsildar with respect to mutation and payment of tax for the properties not falling within the 13 acres and for including the 13 acres as 'puramboke'. Predecessor of the petitioner submitted objection as the land was demarcated without notice and the 13 acres were not identified on the

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

south-western portion. Objection was raised against payment of taxes by persons having no rights. The Additional Tahsildar on 25.01.2011 conveyed to the Village Officer that 13 acres were taken possession in compliance with the judgment in O.P.No.8950/1992. It was also pointed out that certain properties under the Thandaper No.2811, in the name of the predecessor of the petitioners, were included in pattas granted to various persons. Further mutations were directed to be made only with the permission of the Tahsildar.

2. The District Collector, on the basis of complaints, directed the Additional Tahsildar to examine all applications and complaints regarding mutation cautiously, by letter dated 05.07.2012. The Additional Tahsildar intimated several persons claiming title and possession that their documents were not proper. Respondents 8 to 20 approached Lok Ayuktha in complaint No.325/2013 alleging that revenue officers were not effecting mutation and accepting tax. Finally the complaint was closed on 15.11.2013. The District Collector called for a report

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

from the Tahsildar in the meantime. On 24.12.2013, the Tahsildar submitted a report stating that complainants before the Lok Ayuktha had no title. Permission was sought for taking further action. On 16.07.2014, a meeting was convened by the Revenue Minister and some decisions were taken. It was decided to depute a Special Survey Team for conducting a survey and prepare sketch. It was also decided to put on hold effecting of mutation and the acceptance of land tax until the proceedings are completed.

3. The District Collector called for a report from the Village Officer as several persons submitted applications for effecting mutation. Village Officer submitted a detailed report on 26.9.2014. In the report produced as Ext.P11 it is stated *inter alia* that the 13 acres of land surrendered as excess land has not been demarcated. Further, the Village Officer stated that persons who were claiming rights should have approached civil court or obtained release deeds from the person having jenmam right. According to the petitioners, only an extent of 6.6 acres

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

was sold by their predecessor to Muslim Educational Society. 95 cents was sold to another party. The entire balance extent is under the ownership of the petitioners.

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം കൈപ്പറ്റി 30 MAR 2023 തിരുവനന്തപുരം

ബഹുമാനപ്പെട്ട തിരുവനന്തപുരം ലാൻഡ് റവന്യു ഡിപ്പാർട്ട്മെന്റ് കമ്മീഷണർ മുമ്പാകെ

പാറശ്ശാല വില്ലേജിൽ ടി ഗ്രേഡിൽ ചെറുവാരക്കോണം LMS കോമ്പൗണ്ട് പൂമുഖത്ത് വീട്ടിൽ സാംലിൻട്രി അമൃതത്തിന്റെ ഭാര്യ ബ്യൂല (വിധവ) സമർപ്പിക്കുന്ന പരാതി.

B3

സർ,

ചുവടെ പറയുന്ന എന്റെ സങ്കടത്തിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ സദയം ക്ഷണിച്ചുകൊള്ളുന്നു.

ഞാൻ ബഹുമാനപ്പെട്ട തിരുവനന്തപുരം ലാൻഡ് റവന്യു ഡിപ്പാർട്ട്മെന്റ് കമ്മീഷണർ മുമ്പാകെ സമർപ്പിച്ചിരുന്ന പരാതിയിൻ മേൽ അന്വേഷണ ഉദ്യോഗസ്ഥനായ ബഹുമാനപ്പെട്ട പാറശ്ശാല വില്ലേജ് ആഫീസിൽനിന്നും നെയ്യാറ്റിൻകര താലൂക്കിലേയ്ക്ക് സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട് ഏക പക്ഷീയവും എതിർകക്ഷികളെ സഹായിക്കാൻ വേണ്ടി മാത്രം ഉള്ളതും ആകയാൽ പ്രസ്തുത റിപ്പോർട്ട് സ്വീകരിക്കാൻ പാടില്ലാത്തതുമാണ്.

1. അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ ഞാൻ പറഞ്ഞ കാര്യങ്ങളൊന്നും സൂചിപ്പിച്ചിട്ടില്ല. 2018 ൽ കൃത്രിമമായി ആധാരം ചെയ്ത നാല് ആധാരത്തിന്റെ കളവായിട്ട് ചെയ്തിട്ടുള്ള റിപ്പോർട്ട് ഇതിനോടൊത്ത് സൂചിപ്പിച്ചിട്ടില്ലാത്തതാകുന്നു.
2. എന്റെ ഭർത്താവായ സാംലിൻട്രി അമൃതത്തിന്റെ പിതാവായിരുന്ന ജസ്റ്റസിന് അഞ്ചര ഏക്കർ വസ്തു പിൻതുടർച്ചാവകാശവഴി കിട്ടി എന്നും അതിൽനിന്നും 1987 ൽ ഒരേക്കർ വസ്തു മൂത്ത മകളായ വിമല ബൻസിലി ചെല്ലം പേർക്ക് ധനനിശ്ചയ പ്രകാരം കൊടുത്തു എന്നും, ഇളയ മകൾ ജിജി ചെല്ലത്തിന് ഒന്നര ഏക്കർ വസ്തു കൊടുത്തു എന്നും പറഞ്ഞിരിക്കുന്നത് സത്യവരുദ്ധമാണ്.
3. ജസ്റ്റസിന്റെ പിതാവായ സാമുവൽ അമൃതത്തിന് ഇരുപത്തി രണ്ട് ഏക്കരോളം ഭൂമി ഉണ്ടായിരുന്നു. അതിൽനിന്നും വടക്കേ അറ്റം

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കുടുംബ വീട് ഉൾപ്പെടുത്തി അഞ്ചര ഏക്കർ വസ്തുവും പൂമുഖത്തു വീടും കൂടി ചെറുമകനായ അതായത് ജസ്റ്റസിന്റെ മകനായ സാംലിൻട്രി അമൃതം പേർക്ക് 1961 ൽ വിൽപത്രം എഴുതി തന്നു. അപ്രകാരം അഞ്ചര ഏക്കർ വസ്തുവും പൂമുഖത്ത് വീടും ഞങ്ങൾ കൈവശം വച്ചനുഭവിച്ചും വീട്ടിൽ താമസിച്ചും വരുന്നു.

4. ടി അഞ്ചര ഏക്കർ വസ്തുവും വീടും നീക്കിയുള്ള വസ്തുക്കളാണ് ഏക അവകാശി എന്നു വിവരിച്ച് ജസ്റ്റസ് പെൺ മക്കളായ ബെൻസിലി ചെല്ലത്തിനും ജിജി ചെല്ലത്തിനുമായി ധനനിശ്ചയം കൊടുക്കുകയും ബാക്കി കുറച്ചു സ്ഥലം ജസ്റ്റസിന് വിൽക്കുകയും ചെയ്തിരുന്നത്.

5. എന്റെ ഭർത്താവായ സാംലിൻട്രി അമൃതം മരിച്ചത് 2015 ലാണ്. അതുവരെ എതിർ കക്ഷികളാരുംതന്നെ ഈ അഞ്ചര ഏക്കറിനകത്ത് അവകാശം ഉന്നയിക്കുകയോ കൈവശപ്പെടുത്താൻ വരികയോ ചെയ്തിട്ടില്ല. ഭർത്താവ് മരിച്ചതിനുശേഷമാണ് എതിർ കക്ഷികൾ കയ്യേറ്റത്തിന് വന്നിട്ടുള്ളത്. ഈ വസ്തുവിൽ എന്തെങ്കിലും അവകാശം ഉണ്ടായിരുന്നെങ്കിൽ ഭർത്താവ് ജീവിച്ചിരിക്കെ ഉന്നയിക്കുമായിരുന്നു.

6. എതിർ കക്ഷികളിൽനിന്നും വില വാങ്ങി കെട്ടിടം വച്ചത് രണ്ട് പൊലീസ് ഉദ്യോഗസ്ഥരാണ്.. അവരുടെ വിലയാധാരത്തിൽ മുന്നാധാരമായി പറഞ്ഞിരിക്കുന്നത് 1987 ലെ 3765 ാം ധന നിശ്ചയ ആധാരമാണ്. വസ്തു അളന്ന് കാണിച്ചു കൊടുത്തിരിക്കുന്നത് എന്റെ ഭർത്താവിന് വിൽപത്ര പ്രകാരം കിട്ടിയ അഞ്ചര ഏക്കറിൽനിന്നുള്ള സ്ഥലത്തിന്റെ ഭാഗവും. അതാണ് ഞങ്ങൾ തമ്മിലുള്ള തർക്കത്തിന്റെ അടിസ്ഥാനം.

7. അപ്രകാരം ടി അഞ്ചര ഏക്കറിൽനിന്നും വില കൊടുക്കാൻ വിമല ബെൻസിലി ചെല്ലത്തിന് നിയമപരമായോ ധാർമ്മികമായോ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

യാതൊരു അവകാശവും ഇല്ല. പ്രസ്തുത ആധാരം നിയമ വിരുദ്ധ മാണ്. വസ്തു കയേറ്റത്തിനെതിരെയുള്ള കേസിൽ കോടതിയിൽ നിന്നും നോട്ടീസും സമൻസും കൈപ്പറ്റിക്കൊണ്ടാണ് പോലീസ് ഉദ്യോഗസ്ഥയായ എതിർ കക്ഷികൾ ധൃതിപിടിച്ച് മതിൽകെട്ടി അടച്ച് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത്.

8. വസ്തുവിൽ കയ്യേറ്റത്തിനും ശ്രമം ഉണ്ടായ ഉടൻതന്നെ ഞങ്ങൾ തടയാൻ ശ്രമിച്ചു. ഞങ്ങളെ എതിർ കക്ഷികൾ സംഘടിതമായി ആക്രമിച്ചു. പാറശ്ശാല പോലീസിൽ പരാതികൊടുത്തു. പോലീസ് രജിസ്റ്റർ ചെയ്തതായും അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ റഫർ ചെയ്തതായും പറഞ്ഞിരിക്കുന്നത് ദുരുദ്ദേശപരമാണ്. കേസ് റഫർ ചെയ്യുന്നതിനു മുമ്പ് പരാതിക്കാരെ അറിയിക്കേണ്ടതായിരുന്നു. അതുണ്ടായില്ല. കേസ് കോടതിയുടെ മുമ്പാകെ വരുമ്പോൾ സത്യം പുറത്തുവരുകയും കുറ്റക്കാർ ശിക്ഷിക്കപ്പെടുകയും ചെയ്യുമെന്ന് ഭയന്നിട്ടാണ് പോലീസിനെ സ്വാധീനിച്ച് കേസ് റഫർ ചെയ്യിച്ചത്.

9. അന്വേഷണ ഉദ്യോഗസ്ഥർ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട് സത്യസന്തവും നീതിയുക്തവും അല്ല. എതിർ കക്ഷികൾ എഴുതി തയ്യാറാക്കിക്കൊടുത്ത കാര്യങ്ങൾ അതേ രൂപത്തിൽ സമർപ്പിച്ചിരിക്കുകയാണ്.

10. ആകയാൽ ബഹുമാനപ്പെട്ട ജില്ലാ ലാൻന്റ് റവന്യു ഡിപ്പാർട്ട്മെന്റ് കമ്മീഷണരുടെ മേൽ നോട്ടത്തിൽ ഒരു പ്രത്യേക അന്വേഷണ ഉദ്യോഗസ്ഥനെക്കൊണ്ട് വിശദമായ അന്വേഷണം നടത്തി ഞങ്ങളുടെ വസ്തുക്കൾ തട്ടി എടുക്കുകയും ഞങ്ങൾക്കെതിരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭീഷണികൾക്കും അക്രമങ്ങൾക്കുമെതിരെ ശാശ്വത പരിഹാരം നേടി തരുകയും ചെയ്യണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

24/5/2023

ബ്യൂല (വിധവ) Beula

4829 W/o. സാം ലിൻട്രി അമൃതം

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ആർ.വി.സി.എ.1-299/2019

ദക്ഷിണമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ
കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ്,
ഒന്നാം നില,
വികാസ് ഭവൻ.പി.ഒ.
തിരുവനന്തപുരം - 695033
ഫോൺ : 0471-2991289
ഇ-മെയിൽ: rvtsouth@gmail.com
തീയതി : 13-08-2024



B3

ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്),
ദക്ഷിണമേഖല, തിരുവനന്തപുരം.

കമ്മീഷണർ,
ലാൻഡ് റവന്യൂ,
തിരുവനന്തപുരം.

സർ,

വിഷയം : റവന്യൂ വിജിലൻസ് അന്വേഷണം - തിരുവനന്തപുരം താലൂക്ക് - പേട്ട വില്ലേജ് - ശ്രീ.നസീർ, ശ്രീമതി.റസിയ എന്നവരുടെ ഹർജി - അതിർത്തി നിർണ്ണയത്തിലുള്ള കാലതാമസം - സംബന്ധിച്ച്.

സൂചന : ആ ഓഫീസിലെ 15-05-2019-ലെ എൽ.ആർ.ബി.3-16020/2019 നം. കത്ത്.

സൂചനയിലേയ്ക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. അതിർത്തി നിർണ്ണയത്തിനുള്ള കാലതാമസവുമായി ബന്ധപ്പെട്ട് ശ്രീ.നസീർ, ശ്രീമതി.റസിയ എന്നിവർ വിജിലൻസ് വകുപ്പിന് സമർപ്പിച്ച പരാതി സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനാണ് സൂചന പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്.

പരാതിസംഗതി

തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിൽ ഈഞ്ചയ്ക്കൽ നിപ്പോൺ ടൊയോറ്റ എന്ന സ്ഥാപനത്തിന് സമീപമുള്ളതും മുൻസർവ്വെ നമ്പർ 1420 ൽ ഉൾപ്പെട്ട 2.125 സെന്റ് വസ്തു വിൽക്കുന്നതിനു കരാർ ആയിട്ടുള്ളതും ടി ഭൂമി അളന്ന് അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് കിട്ടുന്നതിനു വേണ്ടി താലൂക്ക് ഓഫീസിൽ അപേക്ഷ സമർപ്പിച്ച് പലതവണ ഓഫീസിൽ കയറിയിറങ്ങിയിട്ടും അളന്ന് അതിർത്തിക്കല്ലുകൾ സ്ഥാപിച്ചു നൽകുന്നില്ലെന്നും മറ്റുമുള്ളതാണ് പരാതിസംഗതി.

അന്വേഷണവും പരിശോധനയും

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ടി പരാതിയിന്മേലുള്ള അന്വേഷണവുമായി ബന്ധപ്പെട്ട് പരാതി കക്ഷിയെ നേരിൽ കേൾക്കുന്നതിന് നോട്ടീസ് നൽകിയതിൻ പ്രകാരം ശ്രീ.നസീർ ഹാജരായി മൊഴി നൽകിയിട്ടുള്ളതും തിരുവനന്തപുരം ഭൂരേഖ തഹസിൽദാരിൽ നിന്നും ടി അളവ് നടപടികൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതുമാണ്.

കണ്ടെത്തലുകൾ

ഹർജിക്കാരുടെ പ്രതിപാദ്യ വസ്തുവിന്റെ അളവ് നടപടികൾ സംബന്ധിച്ച് താലൂക്ക് ഓഫീസിലെ എച്ച്.5-1667/19-ാം നമ്പർ ഫയലിൽ പേട്ട വില്ലേജിൽ റീസർവ്വെ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാലും മുൻസർവ്വെ സ്കെച്ച് ലഭ്യമായിട്ടില്ലാത്തതിനാലും അപേക്ഷ നിരസിച്ച് കക്ഷിയെ അറിയിച്ച് ടി ഫയൽ തീർപ്പാക്കിയിട്ടുള്ളതും തുടർന്ന് ടി പരാതികക്ഷി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം താലൂക്ക് ഓഫീസിൽ എച്ച്.5-11709/19-ാം നമ്പർ ഫയൽ പ്രകാരം അതിർത്തി നിർണ്ണയത്തിനായി നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഇതിന്റെ അടിസ്ഥാനത്തിൽ പരാതിയ്ക്കാസ്പദമായ സ്ഥലം പേട്ട വില്ലേജിൽ റീസർവ്വെ ബ്ലോക്ക് നം.84-ൽ റീസർവ്വെ നം. 85-ൽ ഉൾപ്പെട്ടുവരുന്ന 27 ച.മീ ഭൂമിയാണെന്നും ടി സ്ഥലത്തിന് വ്യക്തമായ അതിർത്തി ഉള്ളതായി കാണുന്നുവെന്നും എന്നാൽ ഹർജിക്കാരുടെ ആധാരപ്രകാരമുള്ള വിസ്തീർണ്ണം വില്ലേജ് രേഖകളിൽ ഉൾപ്പെടുത്തി നൽകുവാൻ കഴിയില്ല എന്ന വിവരം കക്ഷിയെ തിരുവനന്തപുരം ഭൂരേഖ തഹസിൽദാർ അറിയിച്ചിട്ടുള്ളതുമാണെന്ന് കാണുന്നു. ഭൂരേഖ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പരാതികക്ഷിയായ ശ്രീ.നസീറിനെ നേരിൽ കേട്ടതിൽ ടി വസ്തു വിൽപന നടത്തുന്നതിലേയ്ക്കായി താലൂക്ക് ഓഫീസിൽ നിലവിലുള്ള അളവ് നടപടികൾ സീനിയോരിറ്റി മറികടന്ന് വേഗത്തിൽ പൂർത്തിയാക്കുന്നതിന് ഈ ഓഫീസിൽ നിന്നും നടപടികൾ കൈക്കൊള്ളണെന്ന് മാത്രമാണ് ആവശ്യം ഉന്നയിച്ചിരുന്നത്. ടി നടപടികൾ പൂർത്തിയാക്കി തിരുവനന്തപുരം ഭൂരേഖ തഹസിൽദാരുടെ 07-06-2024-ലെ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

എച്ച്.5-11709/19-ാം നമ്പർ ഫയൽ പ്രകാരം പരാതികക്ഷിയ്ക്ക് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

നിലവിൽ ReLis പോർട്ടൽ പരിശോധിച്ചതിൽ ഹർജിക്കാരുടെ പേരിൽ പേട്ട വില്ലേജിൽ ബ്ലോക്ക് 84-ൽ 11168 നമ്പർ തണ്ടപ്പേരിൽ ഉൾപ്പെട്ട് നിലവിലുണ്ടായിരുന്ന 27 സ്ക്വയർ മീറ്റർ സ്ഥലം തിരുവനന്തപുരം സബ് രജിസ്ട്രാർ ഓഫീസിലെ 11-07-2024-ലെ 1660/2024-ാം നമ്പർ വിലയാധാരപ്രകാരം ശ്രീമതി.എസ്.നജീബ എന്ന കക്ഷിയുടെ പേരിലേയ്ക്ക് വിലയാധാരം രജിസ്റ്ററാക്കി നൽകിയതായും ആയത് പ്രകാരം ഓൺലൈൻ പോക്കുവരവ് നടപടികളിലൂടെ 13701-ാം നമ്പർ തണ്ടപ്പേരിലേയ്ക്ക് 18-07-2024 ൽ പോക്കുവരവ് ചെയ്ത് പോയിട്ടുള്ളതായും കാണുന്നു.

<u>ശിപാർശ</u>

കക്ഷികളുടെ പ്രതിപാദ്യ അപേക്ഷ പ്രകാരം യഥാവിധി നടപടി സ്വീകരിച്ച് മറുപടി നൽകിയിട്ടുള്ളതും തുടർന്ന് ജില്ലാ കളക്ടർക്ക് നൽകിയ പരാതിയിന്മേലും നടപടി സ്വീകരിച്ച് കക്ഷിയ്ക്ക് മറുപടി നൽകിയിട്ടുള്ളതുമാണ്. നടപടികളിൽ ഉണ്ടായ കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടിയാണ് പരാതികക്ഷി ഇപ്രകാരം പരാതി നൽകിയതെന്ന് കാണുന്നു. ടി കാലതാമസം അളവ് നടപടികൾക്കായി തിരുവനന്തപുരം താലൂക്കിൽ നിലവിലുള്ള ഫയലുകളുടെ എണ്ണത്തിനനുസൃതമായി സർവ്വെയർമാരുടെ കുറവ് കൊണ്ട് സംഭവിച്ചിട്ടുള്ളതാണെന്നും കാണുന്നു. ടി സാഹചര്യത്തിൽ ഉദ്യോഗസ്ഥ തലത്തിൽ വീഴ്ചകളൊന്നും ഇല്ലാത്തതിനാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതായി കാണുന്നില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്)

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ മാതൃഭാഷ"

ജെ3-86891/16



കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ
കടപ്പനക്കുന്ന്, തിരുവനന്തപുരം-43
ഫോൺ നം. 0471-2731210
ഫാക്സ് നം. 0471-2731166
ഇ-മെയിൽ dctvm.ker@nic.in

തീയതി: 13-10-2022.

ജില്ലാ കളക്ടർ
തിരുവനന്തപുരം.

കമ്മീഷണർ,
ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
പബ്ലിക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം.

സർ,

വിഷയം : വിളപ്പിൽ വില്ലേജ് - അതിർത്തി നിർണ്ണയം - സംബന്ധിച്ച്.

സൂചന : 1) ബഹു: ദക്ഷിണ മേഖലാ ജോയിന്റ് ഡയറക്ടറുടെ 07.10.2016 ലെ എ 3-858/16 നമ്പർ കത്ത്.

2) ബഹു. ലാൻഡ് റവന്യൂ കമ്മീഷണറുടെ 21.02.2018 ലെ എൽ.ആർ.ബി6-6480/16 നമ്പർ കത്ത്.

3) സർക്കാരിൽ നിന്നുള്ള 13.12.2019 ലെ E3/743/2019-REV നമ്പർ കത്ത്.

4) ബഹു. ജില്ലാകളക്ടറുടെ 22.03.2022 ലെ ബി19-2113/22 നമ്പർ കത്ത്.

5) ഡോ. മെറ്റിൽഡ സമർപ്പിച്ച അപേക്ഷകൾ.

6) ഈ കാര്യാലയത്തിൽ നിന്നും കാട്ടാക്കട തഹസിൽദാർ (ഭൂരേഖ) യ്ക്ക് നൽകിയ 08.10.2022 ലെ ജെ3-86891/16 നമ്പർ കത്ത്.

*****

മേൽ സൂചനകളിലേയ്ക്ക് സവിനയം ശ്രദ്ധ ക്ഷണിച്ച കൊള്ളുന്നു. വിളപ്പിൽ വില്ലേജ്, ബ്ലോക്ക് നം:1 റീസർവ്വെ നം.7 ൽ ഉൾപ്പെട്ടതും അപേക്ഷാകക്ഷിയായ ഡോ. മെറ്റിൽഡ പേർക്ക് അവകാശം സിദ്ധിച്ചിട്ടുള്ളതുമായ 20 സെന്റ് സ്ഥലം ആധാര വിവരണത്തിന്റെ അടിസ്ഥാനത്തിൽ അളന്നുതിരിച്ച് നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് ഡോ. മെറ്റിൽഡ സമർപ്പിച്ച അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് സൂചന (1), (2), (3), (4) പ്രകാരം നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിഷയവുമായി ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുകയും തുടർന്ന് കക്ഷി ഹാജരാക്കിയ രേഖകൾ പരിശോധിച്ച് നിലവിലെ റീസർവ്വെ റിക്കാർഡുകൾ പ്രകാരം സ്ഥലപരിശോധന നടത്തുകയും ചെയ്തു.

സ്ഥലപരിശോധനയിൽ ടി പരാതിസ്ഥലം വിളപ്പിൽ വില്ലേജ് ബ്ലോക്ക് നം.1, റീസർവ്വെ നം. 7/21 -ൽ ഉൾപ്പെട്ടുവരുന്നു. ടി റീസർവ്വെ നം.7/21 ന്റെ വിസ്തീർണ്ണം പുനർനിർണ്ണയം

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ചെയ്യ നോക്കിയതിൽ വ്യത്യാസം കണ്ടെത്തിയിട്ടുള്ളതാകുന്നു. ടി സാഹചര്യത്തിൽ ആയത് പരിശോധിച്ച് പരാതി പരിഹരിച്ച് വിവരം അപേക്ഷാകക്ഷിയെ അറിയിക്കുന്നതിനായി സൂചന (6) പ്രകാരം കാട്ടാക്കട തഹസിൽദാർ (ഭൂരേഖ) യ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടി വിവരം സൂചന (6) പകർപ്പ് സഹിതം അങ്ങേയ്ക്ക് റിപ്പോർട്ട് ചെയ്യകൊള്ളുന്നു.

വിശ്വസ്തതയോടെ,

ജില്ലാ സർവ്വെ സൂപ്രണ്ട്,
ജില്ലാ കളക്ടർക്കുവേണ്ടി.

റ്റി (1) 15.10.2022

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ മാതൃഭാഷ"

ജെ3-86891/16

കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ
കടപ്പനക്കുന്ന്, തിരുവനന്തപുരം-43
ഫോൺ നം. 0471-2731210
ഫാക്സ് നം.0471-2731166
ഇ-മെയിൽ dctvm.ker@nic.in

തീയതി 27.10.2022

ജില്ലാ സർവ്വെ സൂപ്രണ്ട്
തിരുവനന്തപുരം

തഹസീൽദാർ (ഭൂരേഖ)
കാട്ടാക്കട

സർ,

വിഷയം : വിളപ്പിൽ വില്ലേജ് - അതിർത്തി നിർണ്ണയം - സംബന്ധിച്ച്.

സൂചന : 1. ബഹു. ദക്ഷിണമേഖലാ ജോയിന്റ് ഡയറക്ടറുടെ 07/10/2016 ലെ എ 3-858/16 നമ്പർ കത്ത്.

2. ബഹു.ലാൻഡ് റവന്യൂ കമ്മീഷണറുടെ 21/02/2018 ലെ എൽ.ആർ.ബി6-6480/16 നമ്പർ കത്ത്.

3. സർക്കാരിൽ നിന്നുള്ള 13/12/2019 ലെ ഇ 3/743/2019-റവ നമ്പർ കത്ത്.

4. ബഹു.ജില്ലാകളക്ടറുടെ 22/03/2022 ലെ ബി19/2113/2022 നമ്പർ കത്ത്.

5. ഡോ.മെറ്റിൽഡ സമർപ്പിച്ച അപേക്ഷകൾ .

6. കാട്ടാക്കട തഹസീൽദാർ (ഭൂരേഖ)യുടെ 23/05/2022 ലെ ജി6-30866/11 നമ്പർ കത്ത്.

7. 16/07/2022 ൽ നടത്തിയ സ്ഥല പരിശോധന.

DESPATCHED
12 OCT 2022

******

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിളപ്പിൽ വില്ലേജ്, ബ്ലോക്ക് നം.1, റീസർവ്വെ നമ്പർ.7 ൽ ഉൾപ്പെട്ടതും അപേക്ഷാകക്ഷിയായ ഡോ.മെറ്റിൽഡ പേർക്ക് അവകാശം സിദ്ധിച്ചിട്ടുള്ളതുമായ 20 സെന്റ് സ്ഥലം ആധാരവിവരണത്തിന്റെ അടിസ്ഥാനത്തിൽ അളന്നു തിരിച്ച് നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് ഡോ.മെറ്റിൽഡ സമർപ്പിച്ച അപേക്ഷയിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് സൂചന 1,2,3,4 പ്രകാരം നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിഷയവുമായി ബന്ധപ്പെട്ട കക്ഷികളെ നേരിൽകേൾക്കുകയും തുടർന്ന് കക്ഷി ഹാജരാക്കിയ രേഖകൾ പരിശോധിച്ച് നിലവിലെ റീസർവ്വെ റിക്കാർഡുകൾ പ്രകാരം സ്ഥലപരിശോധന നടത്തുകയും ചെയ്തു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കക്ഷി ഹാജരാക്കിയ റിക്കാർഡുകൾ പരിശോധിച്ചതിൽ മലയിൻകീഴ് എസ്.ആർ.ഒ യിലെ 2794/90 നമ്പർ ധനനിശ്ചയാധാരത്തിലെ 'ബി' പട്ടിക പ്രകാരം മുൻസർവ്വെ നമ്പർ 329/1-25 ൽ 08.10 ആർ സ്ഥലത്തിന് പരാതികക്ഷിയായ മുത്തമ്മാൾ മകൾ മെറ്റിൽഡയ്ക്ക് അവകാശം സിദ്ധിച്ചിട്ടുണ്ട്. ടി ആധാരപ്രകാരമുള്ള വിസ്തീർണ്ണം ഭൂമിയിൽ നിലനിർത്തികിട്ടണമെന്നുള്ളതാണ് പരാതികക്ഷിയുടെ ആവശ്യം.

സ്ഥലപരിശോധനയിൽ ടി പരാതിസ്ഥലം വിളപ്പിൽ വില്ലേജ്, ബ്ലോക്ക് നം. 1, റീസർവ്വെ നമ്പർ 7/21 ൽ ഉൾപ്പെട്ടതായി കാണുന്നു. റീസർവ്വെ നം. 7/21 ന്റെ വിസ്തീർണ്ണം പുനഃനിർണ്ണയം ചെയ്തു നോക്കിയതിൽ വ്യത്യാസം കാണുന്നു. റീസർവ്വെ റിക്കാർഡുകളിലെ അപാകത പരിഹരിക്കുന്നത് താലൂക്ക് ഓഫീസിലെ എൽ.ആർ.എം മുഖേനയായതിനാൽ ടി സർവ്വെ നമ്പരിന്റെ വിസ്തീർണ്ണം പുനഃനിർണ്ണയം ചെയ്ത് പരാതി പരിഹരിച്ച് വിവരം അപേക്ഷാകക്ഷിയെ അറിയിക്കുന്നതിനായി സൂചന (6) പ്രകാരം ലഭ്യമാക്കിയ താലൂക്ക് ഫയൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്തയയ്ക്കുന്നു. മൈപ്പറ്റി രസീത് മടക്കതപാലിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

08/10/22

ജില്ലാ സർവ്വെ സൂപ്രണ്ട്

ഇതുടക്കം ജി.ഒ. 30866/11 നമ്പർ ഫയൽ (1 മുതൽ 435 വരെ പേജുകൾ

പകർപ്പ്

ഡോ. മെറ്റിൽഡ
റിയർ വ്യൂ
വിളപ്പിൽ
മൈലമൂട്,
പുളിയറക്കോണം പി.ഒ (തുടർനടപടികൾക്ക് കാട്ടാക്കട തഹസീൽദാർ (ഭൂരേഖ) കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്.)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

GOVERNMENT OF KERALA

Revenue (E) Department

File No.: REV-E3/879/2024-REV
Thiruvanthapuram,Dated18-10-2024

The Petition dated16.10.2024 from Smt. Anitha Kumari is forwarded herewith to the Land Revenue Commissioner for necessary action and for giving reply to the applicant directly.

RAHUL A RAJ K A S
UNDER SECRETARY

To:

The Land Revenue Commissioner,
Thiruvananthapuram.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

E

ബഹു: റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ

കൊല്ലം പാരിപ്പള്ളി സുനിലാ നിവാസിൽ അനിത കുമാരി (58 വയസ്) ബോധിപ്പിക്കുന്ന പരാതി

PH: 9400667627

സർ,

മീനാട് വില്ലേജിൽ വരിഞ്ഞത്ത് ചേരിയിൽ, അടുതല എന്ന സ്ഥലത്ത് പ്രസന്ന വിലാസം വീട്ടിൽ എന്റെ പിതാവായ സോമരാജനും മാതാവായ അമ്മിണി എന്നിവരുടെ പേരിൽ ബ്ലോക്ക് 30 റീസർവ്വെ 349/14 ൽ 57.60 ആർസ് വസ്തുവിൽ നിന്നും വടക്ക് ഭാഗം കീഴ് മേലെത്തിച്ച് 20.16 ആർസ് (50 സെന്റ്) വസ്തു 1998ൽ എന്റെ അനുജത്തി സുനിതകുമാരിയ്ക്ക് ഓഹരി കൊടുത്തതിന് ശേഷം 2004ൽ ചാത്തന്നൂർ SRO യിലെ 2689/04 നമ്പർ ആധാരപ്രകാരം എനിക്ക് നൽകിയത് 29.55 ആർസ് (73 സെന്റ്) വസ്ത്, മൂത്ത സഹോദരിയ്ക്ക് (പ്രസന്നകുമാരി)2.45 ആർസ് (6 സെന്റ്) വസ്തുവും ടി ആധാരപ്രകാരം നൽകിയിട്ടുള്ളതാണ്. ബാക്കി 5.44 ആർസ് (13.44 സെന്റ്) വസ്തു പിതാവിന്റെയും മാതാവിന്റെയും പേരിൽ 349/14 നിലവിലുള്ളതുമാണ്. (20.16 + 29.55 + 2.45 + 5.44 = 57.60) മേൽ വിവരിച്ച വസ്തുക്കളെല്ലാം 2004 ൽ തന്നെ അളന്ന് വേർതിരിച്ച് കല്ലിട്ടുള്ളതും ടി വില്ലേജിലെ 14563 നമ്പർ തണ്ടപ്പേർ പ്രകാരം 29.55 ആർസ് വസ്തുവിന് 2023 - 2024 കാലയളവു വരെ കരം ഒടുക്കിവരുന്നതുമാണ്. എന്നെ വിവാഹം കഴിച്ചയച്ചത് 10 കി.മീ ദൂരയുള്ള പാരിപ്പള്ളി എന്ന സ്ഥലത്താണ്. അമ്മയാണ് എന്റെ വസ്തുവിന്റെ ആധായം മൊത്തം എടുക്കുന്നത്. കുടുംബവീട്ടിൽ അമ്മയുടെ കൂടെയാണ് അനുജത്തിയും ഭർത്താവും താമസിക്കുന്നത്. എന്റെ അതിർത്ഥികല്ലുകൾ കാണാത്തതിനെ തുടർന്ന് കല്ലുകൾ പുനഃസ്ഥാപിച്ചുകിട്ടുന്നതിന് വേണ്ടി കൊല്ലം താലൂക്കാഫീസിൽ അപേക്ഷ നൽകിയതിനെ തുടർന്ന് (C11-50974/14, PB No. 351/15) 18/08/15 ൽ താലൂക്കാഫീസ് മുഖാന്തരം സർവ്വേ കല്ലുകൾ സ്ഥാപിച്ചുനൽകിയിട്ടുള്ളതാണ്. എന്റെ വസ്തുവിന് മുള്ളുവേലി ഇടുന്നതിന് അമ്മയും അനുജത്തിയും അവളുടെ ഭർത്താവും സമ്മതിക്കാതിരിക്കുകയും അമ്മയുടെ മരണശേഷം മുള്ളുവേലിയിട്ടാൽ മതിയെന്ന് അമ്മയെ കൊണ്ട് നിർബന്ധിച്ച് പറഞ്ഞിട്ടുള്ളതുമാണ്. ഡിജിറ്റൽ ഭൂ സർവ്വെ വരുന്നത് അറിഞ്ഞ് അനുജത്തിയും ഭർത്താവും വീണ്ടും സർവ്വെ കല്ലുകൾ പിഴുത് അവരുടെ ഭൂമിയുടെ അളവ് കൂടുതൽ വരുന്നതിന് വേണ്ടി സ്ഥാപിക്കുകയും. ഡിജിറ്റൽ സർവ്വെ ഉദ്യോഗസ്ഥർ വന്നപ്പോൾ കല്ലുകൾ കാണിച്ച് കൊടുത്തത് പ്രകാരം അനുജത്തി സുനിതകുമാരിക്ക് മേൽ പറഞ്ഞ 50 സെന്റിന് പകരം 53.800 സെന്റ് വസ്തു ഉണ്ടെന്ന് ഡിജിറ്റർ സർവ്വെ പ്രകാരം അളന്ന് പോയിട്ടുള്ളതാണ്. കൂടാതെ പ്രസന്നകുമാരിയുടെ 6 സെന്റിന് പകരം 7.750 ഉണ്ടെന്ന് ഡിജിറ്റൽ സർവ്വെയിൽ കല്ലുകൾ കാണിച്ച് കൊടുത്തിട്ടുള്ളത് പ്രകാരം ഡിജിറ്റൽ സർവ്വെയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഡിജിറ്റർ സർവ്വെ ആഫീസിൽ നിന്നും അറിയിച്ചതിനെ തുടർന്ന് ഞാൻ ആഫീസിൽ ചെല്ലുകയും എന്റെ വസ്തു നിലവിൽ 73 സെന്റിന് പകരം 67 സെന്റ് മാത്രമാണുള്ളത് എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പരാതി നൽകിയതിനെ തുടർന്ന് 5 ദിവസം ആഫീസിൽ കയറിയിറങ്ങിട്ടും എന്റെ പരാതി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ദിവസം (14/10/2024) ആഫീസിൽ എച്ച്.എസ് വിളിച്ച് വരുത്തിയിരുന്നു. ആയത് പ്രകാരം വസ്തു അളക്കുവാൻ വീണ്ടും പോവുകയും എന്നാൽ വസ്തുവിൽ കയറുവാൻ അമ്മയും അനുജത്തിയും തടഞ്ഞിട്ടുള്ളതുമാണ്. ഡിജിറ്റൽ സർവ്വേ ഉദ്യോഗസ്ഥരെയും വസ്തു ഉടമസ്ഥരേയും തടയുന്നത് കുറ്റകരമായ പ്രവൃത്തിയാണ്. ഞാൻ കരം ഒടുക്കുന്ന വസ്തുവിൽ കയറുവാൻ അമ്മയെയും അനുജത്തിയെയും മുൻ നിർത്തി അനുജത്തിയുടെ ഭർത്താവ് കാണിക്കുന്ന കുറ്റകരമായ പ്രവൃത്തിക്ക് നിയമപരമായ നടപടിയും, എല്ലാ ആധാരങ്ങളിലും ദിക്കുകളുടെ അളവുകൾ രേഖപ്പെടുത്തിയാണ് ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിലാണ് വില്ലേജ് പോക്ക് വരവുകൾ ഉള്ളതും ഈ രണ്ട് രേഖകൾ സ്വീകരിക്കാതെ കല്ല് പിഴുത് മാറ്റി ദിക്കുകൾ സർവ്വേയിൽ വസ്തു കൂടുതൽ ലഭിക്കുന്നതിലേക്ക് നടത്തിയ പ്രവൃത്തിയെ അനുവദിക്കരുതെന്ന് അപേക്ഷിക്കുന്നു. ആയതിനാൽ വില്ലേജിൽ കരമൊടുക്കിയ രസീത് പ്രകാരവും അളന്ന് വേർതിരിച്ച് ഡിജിറ്റൽ സർവ്വെയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി നിയമപരമായ നടപടി സ്വീകരിക്കണമെന്നും, വസ്തു ഉടമസ്ഥരെ കയറുവാൻ അനുവദിക്കുന്നതിനും, ഭീക്ഷണിപെടുത്തിയതിനുമെതിരെ നിയമനടപടി സ്വീകരിക്കണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

പാരിപ്പള്ളി

16/10/2024

എന്ന് വിശ്വസ്തതയോടെ,

അനിത കുമാരി.

4838

URGENT

2024 ലെ കേരള സ്വകാര്യ ഭൂമിയിലെ അധിക ഭൂമി കൈവശം അനുവദിക്കുന്നതിനുള്ള ബിൽ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ഇ) വകുപ്പ്

REV-E3/294/2024-REV

10-09-2024,
തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം:- റവന്യൂ വകുപ്പ് - ഡിജിറ്റൽ റീസർവെയ്ക്ക് ശേഷം സ്വകാര്യ ഭൂമിയിലെ അധിക വിസ്തീർണ്ണത്തിന്റെ ഉടമസ്ഥത നൽകുന്നതിനുള്ള കരട് നിയമം തയ്യാറാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) താങ്കളുടെ 31/05/2024 ലെ LR/4203/2024-LR(B3) നമ്പർ കത്ത്.
2) 21/08/2024 ലെ ഇതേ നമ്പർ സർക്കാർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഡിജിറ്റൽ റീസർവെയ്ക്ക് ശേഷം സ്വകാര്യ ഭൂമിയിലെ അധിക വിസ്തീർണ്ണത്തിന് ഉടമസ്ഥത നൽകുന്നതിനുള്ള കരട് നിയമം തയ്യാറാക്കുന്നത് സംബന്ധിച്ച് 25/07/2024 ൽ ചേർന്ന യോഗ നടപടികുറിപ്പിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച കരട് നിയമം അടിയന്തരമായി ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
JOSHY K L
സെക്ഷൻ ഓഫീസർ
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/134694/2023

"ഭരണഭാഷ - മാതൃഭാഷ"

DSLR/1826/2023-D6



സർവ്വെയും ഭൂരേഖയും വകുപ്പ്
സർവ്വെ ഡയറക്ടറുടെ കാര്യാലയം
വഴുതക്കാട്, തിരുവനന്തപുരം-14
Ph:0471-2325266,Fax:2338210
Email:dir-tvm.syr@kerala.gov.in
dydir1-tvm.syr@kerala.gov.in
തീയതി:26-05-2023

B3

സർവ്വേ ഡയറക്ടർ,

ലാന്റ് റവന്യൂ കമ്മീഷണർ
റവന്യൂ കോംപ്ലക്സ്,
തിരുവനന്തപുരം.

സർ,

വിഷയം: സർവെയും ഭൂരേഖയും വകുപ്പ് – സർവ്വെ ചാർജ്ജ് പിരിവ് ത്വരിതപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന:

****

മേൽ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ച് കൊള്ളുന്നു, സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേ റിക്കാർഡുകൾ തയ്യാറാക്കി (13) പബ്ലിഷ് ചെയ്തതിനു ശേഷം സർവ്വേ ഡിമാന്റ് ചാർജ്ജ് തയ്യാറാക്കി റിക്കാർഡ് സഹിതം റവന്യൂ ഭരണത്തിനു കൈമാറുന്നു. റവന്യൂ ഭരണത്തിനു കൈമാറിയ വില്ലേജിലെ റീസർവ്വേ ചാർജ് പിരിച്ചെടുക്കുന്നത് നികുതി ഈടാക്കുന്നതോടൊപ്പം റവന്യൂ വകുപ്പിന് കീഴിലുള്ള താലൂക്ക്/ വില്ലേജ് ഓഫീസുകൾ മുഖേനയാണ്. വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സർവ്വെ ചാർജ്ജ് കളക്ഷൻ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട താലൂക്ക് ഓഫീസുകളിൽ ക്രോഡീകരിച്ച് അതാത് ജില്ലകളിലെ റീ-സർവ്വേ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് മുഖേനയാണ് സർവ്വെ ഡയറക്ടറേറ്റിൽ ലഭ്യമാക്കുന്നത്. ഈ വിവരങ്ങളാണ് അക്കൗണ്ടന്റ് ജനറലിന്റേയും, സർക്കാർ ധനകാര്യ വകുപ്പിന്റേയും പരിശോധനക്കായി ഹാജരാക്കുന്നത്. കൃത്യമായി ഇവ പല ജില്ലകളിൽ നിന്നും ലഭ്യമാകാത്തതിനാൽ AG/Govt Finance Team എന്നിവർക്ക് മറുപടി നൽകാൻ കഴിയുന്നില്ല.

അതുകൂടാതെ ചുരുക്കം ചില വില്ലേജുകളിൽ സർവ്വേയും ഭൂരേഖയും വകുപ്പ് തയ്യാറാക്കി നൽകിയിട്ടുള്ള സർവ്വേ ഡിമാന്റ് ചാർജ്ജ് തുകയിലും കൂടുതൽ തുക പിരിവ് നടത്തിയിട്ടുള്ളതായും, അധിക പിരിവ് തുടരുന്നതായും കണക്കുകൾ സൂചിപ്പിക്കുന്നു. ആയത് പരിശോധിക്കുന്നതിനും, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ ജില്ലകൾ ഒഴികെയുള്ള ജില്ലകൾക്ക് സർവ്വെ ഡിമാന്റ്

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/134694/2023

ചാർജ്ജ് പിരിവ് ത്വരിതപ്പെടുത്തുന്നതിനും, എല്ലാ മാസങ്ങളിലും പ്രസ്തുത പിരിവുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ റീസർവ്വെ അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന സർവ്വെ വകുപ്പിനു കൈമാറുന്നതിനായി എല്ലാ ജില്ലാ കളക്ടർമാർക്കും പൊതുവായ നിർദ്ദേശം നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്നും, അഭ്യർത്ഥിക്കുന്നു.

കൂടുതൽ തുക പിരിവു നടത്തുന്ന വില്ലേജുകളുടെ വിവരങ്ങൾ

ക്രമ നം	ജില്ല	വില്ലേജ്	ആകെ പിരിക്കേണ്ട തുക	പിരിച്ചെടുത്ത തുക	അധിക പിരിവ്
1	പത്തനംതിട്ട	മൈലപ്ര	20,29,755	20,74,287	44,532
2		ഐരവൺ	3,52,746	4,79,470	1,26,724
3	തൃശ്ശൂർ	പാലിശ്ശേരി	86,168.05	1,05,258.05	19,090
4		അവണൂർ	6,31,014	6,31,122.03	108.03
5		വിയ്യൂർ	3,98,310.33	4,16,265.33	17,955
6		വിൽവട്ടം	12,44,157.69	13,04,93,169	60,774
7		എടക്കുന്നി	8,84,816	8,99,010	14,194
8		കുറിച്ചിക്കര	3,96,916	4,14,176	17,260
9		ഒല്ലൂർ	17,39,466.38	18,05,769	66,302.62
10		പെരിങ്ങാവ്	5,90,404.65	5,96,575	6,170.35
11		നെട്ടിശ്ശേരി	3,91,310	4,47,375	56,065
12		പെരിങ്ങണ്ടൂർ	6,84,043	6,85,565	1,522
13		വടക്കാഞ്ചേരി	15,68,782	16,15,846	47,064

വിശ്വസ്തതയോടെ,

Sd/-

SURVEY DIRECTOR

ഉത്തരവിൻ പ്രകാരം

സർവ്വെ ഡയറക്ടർക്കുവേണ്ടി

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/6004494/2023

അടിയന്തിരം

തെളിവെടുപ്പ് യോഗം
4.1.2024

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ഇ) വകുപ്പ്

REV-E3/684/2023-REV

27-12-2023,
തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
സർവ്വെ ഡയറക്ടർ, തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - ഉറപ്പുകൾ സംബന്ധിച്ച സമിതി 04.01.2024 -ലെ തെളിവെടുപ്പ് യോഗം - സംബന്ധിച്ച്

മേൽ വിഷയത്തിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി അംഗീകരിച്ച ഉറപ്പുകളിന്മേൽ നടപടി റിപ്പോർട്ടുകൾ ലഭ്യമാക്കാത്ത ഉറപ്പുകളിന്മേൽ **2024 ജനുവരി 4 വ്യാഴാഴ്ച രാവിലെ 11.00 ന് നിയമസഭാ സമുച്ചയത്തിലെ 5-B സമ്മേളന ഹാളിൽ യോഗം ചേരുന്നതും** ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുന്നതുമാണ്. പ്രസ്തുത തെളിവെടുപ്പ് യോഗത്തിൽ താങ്കൾ നേരിട്ട് ഹാജരായി ചുവടെ ചേർക്കുന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉറപ്പുകളുമായി ബന്ധപ്പെട്ട് സമിതിയ്ക്കാവശ്യമായ വിവരങ്ങൾ ലഭ്യമാക്കുവാൻ താൽപ്പര്യപ്പെടുന്നു. കൂടാതെ ടി ഉറപ്പുകളിന്മേലുള്ള റിപ്പോർട്ട് മടക്കത്തപാലിൽ ലഭ്യമാക്കുവാൻ താൽപ്പര്യപ്പെടുന്നു.

നിയമസഭ	സമ്മേളനം	ഉറപ്പ് നമ്പർ	വിഷയം	ഫയൽ നം.	വകുപ്പ്
13	4	43	സർക്കാർ ഭൂമി സംരക്ഷണത്തിന് ആധുനിക സാങ്കേതിക വിദ്യ	E3/355/2023	സർവ്വെ ഡയറക്ടർ
14	4	39	പാർവതീപുത്തനാറിന്റെ സർവ്വെ നടപടികൾ	E3/354/2023	ലാൻഡ് റവന്യൂ കമ്മീഷണർ
14	5	13	റീസർവ്വെ	E3/674/23	സർവ്വെ ഡയറക്ടർ, ലാൻഡ് റവന്യൂ

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/6004494/2023

					കമ്മീഷണർ
15	1	6	റീസർവ്വെ നടപടികൾ	E3/676/2023	സർവ്വെ ഡയറക്ടർ
15	2	82	റീസർവ്വെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി	E3/675/2023	സർവ്വെ ഡയറക്ടർ
15	5	39	ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതിന് നടപടി	E3/677/2023	സർവ്വെ ഡയറക്ടർ
15	4	9	ഡിജിറ്റൽ സർവ്വെ	E1/346/2023	സർവ്വെ ഡയറക്ടർ

വിശ്വസ്തതയോടെ,
JOSHY.K.L
സെക്ഷൻ ഓഫീസർ
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കേന്ദ്ര കമ്മീഷണറുടെ കാര്യാലയം
കൈപ്പറ്റി
17 JAN 2025
തിരുവനന്തപുരം

ബഹുമാനപ്പെട്ട ലാന്റ് റവന്യു കമ്മീഷണർ അവർകൾ മുമ്പാകെ

വക്കം പി.ഒ. വക്കം കിളിയാൻ വിളാകം ഷൈന മൻസിലിൽ സുധീർ ബോധിപ്പിക്കുന്ന അപേക്ഷ

B3

കടകംപള്ളി വില്ലേജിൽ സർവ്വെ 2665 E, 2624 C എന്നീ സർവ്വെ നമ്പരിലും പ്രമാണത്തിലും 830 നമ്പർ തണ്ടപ്പേരിലും ഉള്ള ഭൂമി നിലവിൽ വാങ്ങിയ ആളിന്റെ പേരിൽ കരം അടച്ച് തരാതിരിക്കുകയും 853 എന്ന തണ്ടപ്പേരിൽ 2665 E, എന്ന സബ്ഡിവിഷൻ ചെയ്ത സർവ്വെ നമ്പരിൽപെട്ടതും തണ്ടപ്പേരിലും പ്രമാണമില്ലാതെ വ്യാജമായി തണ്ടപ്പേരിൽ ഉണ്ടാക്കിയത് ആണ് എന്ന് അറിഞ്ഞിട്ടുപോലും കരം അടച്ച് കൊടുക്കുകയും ചെയ്യുന്നു. ടി സ്ഥലത്ത് അനധികൃത നിർമ്മാണത്തിന് ഉദ്യോഗസ്ഥർ കൂട്ട് നിൽക്കുകയും ചെയ്യുന്നു.

6 ഏക്കർ 83 സെന്റ് ഭൂമി തട്ടിയെടുക്കുന്നതിന് വ്യാജരേഖ ഉണ്ടാക്കി ഭൂമി കൈയേറിയതാണെന്ന് വ്യക്തമായ രേഖകൾ ഉൾപ്പെടെ മുഖ്യമന്ത്രി, റവന്യു മന്ത്രി, ലാന്റ് റവന്യു കമ്മീഷണർ, കളക്ടർ, തഹസീൽദാർ, വില്ലേജ് ഓഫീസർ, എല്ലാപേർക്കും പരാതി നൽകുകയും ടി വ്യാജ രേഖ ഉണ്ടാക്കി തട്ടിയെടുക്കാൻ ശ്രമിക്കുന്ന ഭൂമി അളന്ന് കണ്ട് പിടിച്ച് നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും WPC NO. 27171 of 2022 ഉത്തരവ് ഉണ്ടാവുകയും ചെയ്തു. എന്നാൽ നാളിതുവരെ ഹിയറിംഗ് നടത്തി വസ്തുതകൾ എല്ലാം മനസ്സിലായിട്ടും പിന്നീട് നടപടി ഉണ്ടാകാതെ രണ്ട് വർഷം കഴിഞ്ഞിട്ടും യാതൊരു നടപടിയും സ്വീകരിക്കാതെ ഭൂമി തട്ടിയെടുത്തവരെ സംരക്ഷിക്കുന്ന രീതിയാണ് കാണുന്നത്. തിരുവനന്തപരുരം താലൂക്ക് ഓഫീസിൽ H4 4235/21 , H418874/21, H5 8902/21 എന്നീ രണ്ട് നമ്പരിൽ നടപടി പൂർത്തിയാകാതെ കോടതി ഉത്തരവ് നടപ്പിലാക്കാതെ കോടതിയലക്ഷ്യം ചെയ്യുകയാണ്. 2665 E, 2624 C, ഈ രണ്ട് സർവ്വെ നമ്പരിൽ ഉള്ള ഭൂമി 6 ഏക്കർ 83 സെന്റ് ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിര് സ്കെച്ച് തയ്യാറാക്കി ടി ഭൂമിയിൽ വ്യാജ രേഖ ഉണ്ടാക്കി കൈയ്യേറിയവരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കാനും

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കഴിയുന്നതാണ്. ടി രണ്ട് സർവ്വെ നമ്പരും സബ് ഡിവിഷൻ ചെയ്യാത്ത ഒരാളുടെ പേരിലും പ്രമാണത്തിലും ഉള്ള സർവ്വെ നമ്പർ ആയതിനാൽ ടി സർവ്വെ നമ്പർ അളന്ന് തിട്ടപ്പെടുത്തുന്നതിന് യാതൊരു ബുദ്ധിമുട്ടും ഇല്ലാത്തതാണ്. സെറ്റിൽമെന്റ് രജിസ്റ്ററിൽ ഈ പറഞ്ഞ കാര്യങ്ങളെല്ലാം വളരെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതാണ്.

സമക്ഷത്ത് ദയവുണ്ടായി 2665 E, 2624 C, എന്നീ സർവ്വെ നമ്പരിലുള്ള 6 ഏക്കർ 83 സെന്റ് ഭൂമി അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് തയ്യാറാക്കി ടി സർവ്വെ നമ്പർ ഭൂമിയിലുള്ള പ്രമാണങ്ങൾ പരിശോധിച്ച് വേറെ സർവ്വെ നമ്പരിൽ വ്യാജമായി ഉണ്ടാക്കിയ തണ്ടപ്പേരോ കരമടച്ച രസീതോ പ്രമാണമോ ഉപയോഗിച്ച് ഭൂമിയിൽ അതിക്രമിച്ചു കയറിയിട്ടുണ്ടെങ്കിൽ വ്യാജരേഖ ഉണ്ടാക്കിയതിനും വ്യാജരേഖ ഉണ്ടാക്കി അതിക്രമിച്ചു കയറുന്നതിനും മറ്റൊരാളിന്റെ സ്വത്ത് തട്ടിയെടുക്കാൻ ശ്രമിക്കുന്നതിനും അവർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെന്നും താഴ്മയായി അപേക്ഷിക്കുന്നു.

എന്ന്

വക്കം

16-01-2025

സുധീർ.

9947777666

ഹാജരാക്കുന്ന രേഖകൾ

1. സെറ്റിൽമെന്റ് രജിസ്റ്റർ കോപ്പി
2. സർവ്വെ സ്കെച്ച് കോപ്പി
3. വ്യാജമായി ഉണ്ടാക്കിയ തണ്ടപ്പേരുകളുടെ കോപ്പി
4. ബാദ്ധ്യതാ സർട്ടിഫിക്കറ്റിന്റെ കോപ്പി
5. ബഹു. ഹൈക്കോടതി WP(c) No. 27171 of 2022 ഉത്തരവ് കോപ്പി

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

CM0190243 32

അപേക്ഷകൻ - സുധീർ. എസ്. എ
കിളിയൻവിളാകം,
വക്കം പി.ഒ, വക്കം

സ്വീകർത്താവ് - മുഖ്യമന്ത്രി
സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ,

1. കടകംപള്ളി വില്ലേജിൽ 1660/1093 നമ്പർ ആധാരം പ്രകാരം സുബ്ര മണ്യകരയാളർ പേരിൽ സർവ്വെ നമ്പർ 2624 C, 1 ഏക്കർ 30 സെന്റും സർവ്വെ നമ്പർ 2665E, 5 ഏക്കർ 53 സെന്റ് ചേർന്ന് 6 ഏക്കർ 83 സെന്റ് കരം തീരു വയിലും കൈവശത്തിലും ഉണ്ടായിരുന്നതാണ്. പിൽക്കാലത്ത് 1 ഏക്കർ 22 സെന്റ് മാത്രമാണ് കരയാളറുടെ പേരിൽ കരം തീരുവയിൽ ഉണ്ടായത്. ബാക്കിയുള്ള ഏക്കർ കണക്കിന് വസ്തു ആരുടെ കൈവശത്തിലാണ് എന്ന് ആർക്കും അറിയില്ല.

ചെറിയ വെട്ടുകാട് സെന്റ് സെബാസ്റ്റ്യൻ പള്ളി വക കരം അട യ്ക്കുന്ന തണ്ടപ്പേര് നമ്പർ 835, 13006/A, 24942, 14921, 14922, 14923,14924, 14925, 1323 എന്നീ വ്യാജമായി ഉണ്ടാക്കിയ തണ്ടപ്പേരിൽ കരം അടയ്ക്കു കയും, ഏക്കർ കണക്കിന് ഭൂമി പിടിച്ച് വച്ചിരിക്കുകയുമാണ്.

സമക്ഷത്തു നിന്നും ദയവുണ്ടായി സുബ്രമണ്യ കരയാളുടെ പേരിൽ ഉണ്ടായിരുന്ന 6 ഏക്കർ 83 സെന്റ് വസ്തു ആണ് തിട്ടപ്പെടുത്തി അതിരു കൾ നിർണയിച്ച് സ്കെച്ച് തയ്യാറാക്കുന്നതിനും വ്യാജമായ തണ്ടപ്പേര് ഉണ്ടാക്കി പ്രമാണവും മറ്റ് രേഖകളുമില്ലാതെ വസ്തു കരം അടയ്ക്കുന്ന തിന് ഒത്താശ ചെയ്ത ഉദ്യോഗസ്ഥരെയും, അനധികൃതമായി ഏക്കർ കണ ക്കിന് ഭൂമി തട്ടിയെടുക്കുന്നതിന് സെന്റ് സെബാസ്റ്റ്യൻ പള്ളി അധികാരി കളുടെ മേലും അന്വേഷണം നടത്തി നിയമ നടപടികൾ സ്വീകരിക്കമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

എന്ന്

വക്കം
31-07-2019

സുധീർ.
9947777666

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അപേക്ഷകൻ - സുധീർ. എസ്. എ
കിളിയൻവിളാകം,
വക്കം പി.ഒ, വക്കം

സ്വീകർത്താവ് - ജില്ലാ കളക്ടർ
സിവിൽ സ്റ്റേഷൻ,
കുടപ്പനംകുന്ന്, തിരുവനന്തപുരം

സർ,

1. കടകംപള്ളി വില്ലേജിൽ 1660/1093 നമ്പർ ആധാരം പ്രകാരം സുബ്ര മണ്യകരയാളർ പേരിൽ സർവ്വെ നമ്പർ 2624 C, 1 ഏക്കർ 30 സെന്റും സർവ്വെ നമ്പർ 2665E, 5 ഏക്കർ 53 സെന്റ് ചേർന്ന് 6 ഏക്കർ 83 സെന്റ് കരം തീരു വയിലും കൈവശത്തിലും ഉണ്ടായിരുന്നതാണ്. പിൽക്കാലത്ത് 1 ഏക്കർ 22 സെന്റ് മാത്രമാണ് കരയാളറുടെ പേരിൽ കരം തീരുവയിൽ ഉണ്ടായത്. ബാക്കിയുള്ള ഏക്കർ കണക്കിന് വസ്തു ആരുടെ കൈവശത്തിലാണ് എന്ന് ആർക്കും അറിയില്ല.

ചെറിയ വെട്ടുകാട് സെന്റ് സെബാസ്റ്റ്യൻ പള്ളി വക കരം അട യ്ക്കുന്ന തണ്ടപ്പേര് നമ്പർ 835, 13006/A, 24942, 14921, 14922, 14923,14924, 14925, 1323 എന്നീ വ്യാജമായി ഉണ്ടാക്കിയ തണ്ടപ്പേരിൽ കരം അടയ്ക്കു കയും, ഏക്കർ കണക്കിന് ഭൂമി പിടിച്ച് വച്ചിരിക്കുകയുമാണ്.

സമക്ഷത്തു നിന്നും ദയവുണ്ടായി സുബ്രമണ്യ കരയാളുടെ പേരിൽ ഉണ്ടായിരുന്ന 6 ഏക്കർ 83 സെന്റ് വസ്തു ആണ് തിട്ടപ്പെടുത്തി അതിരു കൾ നിർണയിച്ച് സ്കെച്ച് തയ്യാറാക്കുന്നതിനും വ്യാജമായ തണ്ടപ്പേര് ഉണ്ടാക്കി പ്രമാണവും മറ്റ് രേഖകളുമില്ലാതെ വസ്തു കരം അടയ്ക്കുന്ന തിന് ഒത്താശ ചെയ്ത ഉദ്യോഗസ്ഥരെയും, അനധികൃതമായി ഏക്കർ കണ ക്കിന് ഭൂമി തട്ടിയെടുക്കുന്നതിന് സെന്റ് സെബാസ്റ്റ്യൻ പള്ളി അധികാരി കളുടെ മേലും അന്വേഷണം നടത്തി നിയമ നടപടികൾ സ്വീകരിക്കമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

എന്ന്

വക്കം
31-07-2019

സുധീർ.
9947777666

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അപേക്ഷകൻ - സുധീർ. എസ്. എ
കിളിയൻവിളാകം,
വക്കം പി.ഒ, വക്കം

സ്വീകർത്താവ് - തഹസിൽദാർ
താലൂക്ക് ഓഫീസ്,
തിരുവനന്തപുരം

സർ,

1. കടകംപള്ളി വില്ലേജിൽ 1660/1093 നമ്പർ ആധാരം പ്രകാരം സുബ്ര മണ്യകരയാളർ പേരിൽ സർവ്വെ നമ്പർ 2624 C, 1 ഏക്കർ 30 സെന്റും സർവ്വെ നമ്പർ 2665E, 5 ഏക്കർ 53 സെന്റ് ചേർന്ന് 6 ഏക്കർ 83 സെന്റ് കരം തീരു വയിലും കൈവശത്തിലും ഉണ്ടായിരുന്നതാണ്. പിൽക്കാലത്ത് 1 ഏക്കർ 22 സെന്റ് മാത്രമാണ് കരയാളറുടെ പേരിൽ കരം തീരുവയിൽ ഉണ്ടായത്. ബാക്കിയുള്ള ഏക്കർ കണക്കിന് വസ്തു ആരുടെ കൈവശത്തിലാണ് എന്ന് ആർക്കും അറിയില്ല.

ചെറിയ വെട്ടുകാട് സെന്റ് സെബാസ്റ്റ്യൻ പള്ളി വക കരം അട യ്ക്കുന്ന തണ്ടപ്പേര് നമ്പർ 835, 13006/A, 24942, 14921, 14922, 14923,14924, 14925, 1323 എന്നീ വ്യാജമായി ഉണ്ടാക്കിയ തണ്ടപ്പേരിൽ കരം അടയ്ക്കു കയും, ഏക്കർ കണക്കിന് ഭൂമി പിടിച്ച് വച്ചിരിക്കുകയുമാണ്.

സമക്ഷത്തു നിന്നും ദയവുണ്ടായി സുബ്രമണ്യ കരയാളുടെ പേരിൽ ഉണ്ടായിരുന്ന 6 ഏക്കർ 83 സെന്റ് വസ്തു ആണ് തിട്ടപ്പെടുത്തി അതിരു കൾ നിർണയിച്ച് സ്കെച്ച് തയ്യാറാക്കുന്നതിനും വ്യാജമായ തണ്ടപ്പേര് ഉണ്ടാക്കി പ്രമാണവും മറ്റ് രേഖകളുമില്ലാതെ വസ്തു കരം അടയ്ക്കുന്ന തിന് ഒത്താശ ചെയ്ത ഉദ്യോഗസ്ഥരെയും, അനധികൃതമായി ഏക്കർ കണ ക്കിന് ഭൂമി തട്ടിയെടുക്കുന്നതിന് സെന്റ് സെബാസ്റ്റ്യൻ പള്ളി അധികാരി കളുടെ മേലും അന്വേഷണം നടത്തി നിയമ നടപടികൾ സ്വീകരിക്കമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

എന്ന്

വക്കം
31-07-2019

സുധീർ.
9947777666

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

'ഭരണഭാഷ - മാതൃഭാഷ'

H4-4235/2021

താലൂക്ക് ഓഫീസ്
കോട്ടയ്ക്കകം, തിരുവനന്തപുരം
പിൻ -695023, ഫോൺ : 0471-2462006
ഇ-മെയിൽ : tahsildartvpm@gmail.com
തീയതി: 27/10/2021

തഹസിൽദാർ (ഭൂരേഖ)
താലൂക്കാഫീസ്
തിരുവനന്തപുരം

ശ്രീ.സുധീർ
കിളിയൻവിളാകം
വക്കം പി.ഒ, വക്കം

സർ,

വിഷയം : മുഖ്യമന്ത്രിയുടെ പരാതി പരിഹാര അദാലത്ത് -താങ്കൾ സമർപ്പിച്ച ഹർജിയിന്മേൽ സ്വീകരിച്ച നടപടി - സംബന്ധിച്ച്

സൂചന : 1. താങ്കൾ സമർപ്പിച്ച G201003078 നമ്പർ അപേക്ഷ
2. താങ്കൾ സമർപ്പിച്ച G 190801394 നമ്പർ അപേക്ഷ
3. കടകംപള്ളി വില്ലേജാഫീസറുടെ 06.10.21 ലെ 839/21, 842/21 നം.റിപ്പോർട്ടുകൾ.

*****

സൂചന (1), (2) പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷകളിൽ കടകംപള്ളി വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ അപേക്ഷയ്ക്കാസ്പദമായ കടകംപള്ളി വില്ലേജിലെ സർവ്വെ നമ്പർ 242/C, 2665/E നമ്പരുകളിൽപ്പെട്ട ഭൂമിയുടെ 853-ാം നമ്പർ തണ്ടപ്പേർ പരിശോധിച്ചതിൽ ആയതിൽ യാതൊരു രേഖപ്പെടുത്തലുകളുമില്ലാതെ ശൂന്യമായി കിടക്കുന്നതായി കാണുന്നു. ടി സർവ്വെ നമ്പരുകളിലെ കൈയ്യേറ്റം അതിരുകൾ തിരിച്ച് കൈവശം തിട്ടപ്പെടുത്തി കണ്ടുപിടിക്കുന്നതിനും സ്കെച്ച് തയ്യാറാക്കുന്നതിനും കൂടുതൽ സമയം വേണ്ടിവരുമെന്ന് കാണുന്നു. ടി ജോലികൾക്കായി ഹെഡ് സർവ്വെയർ, താലൂക്ക് സർവ്വെയർമാർ എന്നിവരടങ്ങിയ ഒരു ടീമിനെ നിയോഗിക്കേണ്ടതായും കാണുന്നു. മേൽ സാഹചര്യത്തിൽ ആയത് സംബന്ധിച്ച് പരിശോധിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

തഹസിൽദാർ (ഭൂരേഖ)

പകർപ്പ്
എഫ് 3 സീറ്റ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

'ഭരണഭാഷ - മാതൃഭാഷ'

H4-18874/21 പുറത്തെഴുത്ത്

താലൂക്ക് ഓഫീസ്
കോട്ടയ്ക്കകം, തിരുവനന്തപുരം
പിൻ -695023, ഫോൺ : 0471-2462006
ഇ-മെയിൽ : tahsildartvpm@gmail.com
തീയതി: 15.07.2021

തഹസിൽദാർ (ഭൂരേഖ)
താലൂക്കാഫീസ്
തിരുവനന്തപുരം

വില്ലേജ്ഓഫീസർ.
കടകംപള്ളി

സർ.

വിഷയം : അനധികൃത കൈയ്യേറ്റം - വ്യാജരേഖ ചമച്ച് ഭൂമി തട്ടിയെടുത്തതായി ബോധിപ്പിച്ച അപേക്ഷ സംബന്ധിച്ച്

സൂചന : 1) ശ്രീ.സുധീർ സമർപ്പിച്ച അപേക്ഷ
2) സബ്കളക്ടർ തിരുവനന്തപുരത്തിന്റെ 17.05.21 ലെ DCTVM/2775/2021/B2 നമ്പർ കത്ത്

*****

മേൽ സൂചന കാണിക്കെ വ്യാജരേഖ ചമച്ച് ഭൂമി തട്ടിയെടുത്തതായി ബന്ധപ്പെട്ട് ശ്രീ.സുധീർ സൂചന (1) പ്രകാരം സമർപ്പിച്ച അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടി അപേക്ഷയിൽ മേൽ അന്വേഷണാനന്തരം വിശദമായ റിപ്പോർട്ട് അസ്സൽ അപേക്ഷ സഹിതം തിരികെ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ.

തഹസിൽദാർ (ഭൂരേഖ)ക്കുവേണ്ടി

പകർപ്പ്.
ശ്രീ.സുധീർ,കിളിയൻവിളാകം,വക്കം.പി. ഒ.
(അപേക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് കടകംപള്ളി വില്ലേജ് ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

എച്ച് 5 - 8902/21

താലൂക്ക് ഓഫീസ്
കോട്ടയ്ക്കകം, തിരുവനന്തപുരം
പിൻ- 695023
ഇ-മെയിൽ: tahsildartvpm@gmail.com
ഫോൺ ; 0471-2462006
തീയതി : 20.04.2021

തഹസീൽദാർ (ഭൂരേഖ)
തിരുവനന്തപുരം

സുധീർ.എസ്.എ
കിളിയൻ വിളാകം
വക്കം. പി.ഒ

സർ,

വിഷയം : ആധാരപ്രകാരം വസ്തു അളക്കുന്നത്- സംബന്ധിച്ച്

സൂചന ; 1 ബഹു. മുഖ്യമന്ത്രി മുമ്പാകെ താങ്കൾ സമർപ്പിച്ച അപേക്ഷ
2 കടകംപള്ളി വില്ലേജ് ഓഫീസറുടെ 201/21 നം. റിപ്പോർട്ട്

സൂചന കാണുക. കടകംപള്ളി വില്ലേജിൽ സർവ്വെ നം 1660/1093 നം. ആധാരപ്രകാരം സർവ്വെ നം. 2624 സി യിൽപ്പെട്ട വസ്തു കൈയ്യേറിയതായും, ടി വസ്തു ആദ്യകാലത്ത് നിലവിലുണ്ടായിരുന്ന വിസ്തൃതിയിൽ കരമൊടുക്കി നൽകണമെന്നുമാണ് ആവശ്യം. തുടർനടപടികൾ സ്വീകരിക്കുന്നതിന് വസ്തുവിന്റെ അവകാശ രേഖകളുമായി നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കുന്നതിന് താങ്കൾക്ക് നിർദ്ദേശം നൽകിയിരുന്നതായി സൂചന (2) പ്രകാരം കടകംപള്ളി വില്ലേജാഫീസർ റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്. ആയതിനാൽ ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ആധാരത്തിന്റെ പകർപ്പ്, കരംതീർത്ത രസീതിന്റെ പകർപ്പ്, മുൻ സർവ്വെ സ്കെച്ച്, അളവു ഫീസ് ഒടുക്കിയ ചെല്ലാൻ ഫോറം നമ്പർ 10 ലുളള അപേക്ഷ എന്നിവ ഹാജരാക്കേണ്ടതാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

തഹസീൽദാർ (ഭൂരേഖ)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

[illegible]

[illegible]

[illegible] S.A
[illegible]
[illegible] B
[illegible]

[illegible]

[illegible] G-190801394
[illegible]

[illegible]
[illegible] (Form No. 8) [illegible]
[illegible]

[illegible]

9/2/2021

A. KUMAR
Village Officer
Kadakampally

File No.RDOTVM/2775/2021-B2

റവന്യൂ ഡിവിഷണൽ ആഫീസ്,
സിവിൽ സ്റ്റേഷൻ
കടപ്പനക്കുന്ന് ,തിരുവനന്തപുരം-43
ഫോൺ നം:0471 -2731600
ഇ-മെയിൽ:rdotvm@gmail.com
തീയതി: 17/05/2021

സബ് കളക്ടർ,
തിരുവനന്തപുരം

തഹസിൽദാർ (ഭൂരേഖ),
തിരുവനന്തപുരം

വിഷയം:- അനധികൃത കൈയേറ്റം -കടകംപള്ളി വില്ലേജ് -വ്യാജരേഖ ചമച്ച് ഭൂമി തട്ടിയെടുത്തതായി ലഭിച്ച അപേക്ഷ സംബന്ധിച്ച്

സൂചന:- ശ്രീ.സുധീർ സമർപ്പിച്ച അപേക്ഷ

.....

സൂചന പ്രകാരം സമർപ്പിച്ച അപേക്ഷയുടെ അസ്സൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയതിൻമേൽ അന്വേഷണം നടത്തി നിയമാനുസൃത നടപടി സ്വീകരിച്ച് അപേക്ഷകന് മറുപടി നൽകേണ്ടതാണ്.ഈ കാര്യാലയം മുഖേന നടപടി സ്വീകരിക്കേണ്ടതുണ്ടെങ്കിൽ താങ്കളുടെ വ്യക്തമായ ശുപാർശ ബന്ധപ്പെട്ട രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ.

Sreekumaran N
Senior Superintendent
സബ്കളക്ടർക്കു വേണ്ടി.

ഉള്ളടക്കം:- അപേക്ഷ (അസ്സൽ)
പകർപ്പ്:- ശ്രീ.സുധീർ, കിളിയൻ വിളാകം, വക്കം പി.ഒ, വക്കം

Digitally signed by
SREEKUMARAN N
Date:Mon May 17 10:38:29 IST
2021
Reason: Approved

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഭരണഭാഷ-മാതൃഭാഷ

വളരെ അടിയന്തിരം

ലാൻഡ് റവന്യു കമ്മീഷണറുടെ കാര്യാലയം,
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33,
ഫോൺ/ഫാക്സ് 0471 2321229
email: lrbclrtvm@gmail.com

നം.എൽ.ആർ.ബി3- 31918/ 2020

തിയതി -22/ 12/ 2020

പ്രേഷകൻ

ലാൻഡ് റവന്യു കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

ജില്ലാ കളക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം:- വ്യാജരേഖ ചമച്ച് വസ്തു കൈവശപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ശ്രീ.സുധീർ സമർപ്പിച്ച പരാതി - കടകംപള്ളി വില്ലേജ് - സംബന്ധിച്ച്.

സൂചന:- 06/ 11/ 20 തീയതിയിലെ Rev- E3/ 392/ 2020-REV നം. സർക്കാർ കത്ത്.

സൂചന കത്തിന്റെയും ഉള്ളടക്കത്തിന്റെയും പകർപ്പ്, ആവശ്യമായ നടപടി സ്വീകരിച്ച് അപേക്ഷകന് മറുപടി നൽകി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

കമ്മീഷണർക്കുവേണ്ടി.

പകർപ്പ് - ശ്രീ. സുധീർ, കിളിയൻ വിളാകം,
വക്കം.പി.ഒ, വക്കം. (അറിവിലേയ്ക്കായി)

ടി7

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നം. - H4-26807/22.

താലൂക്ക് ഓഫീസ്
കോട്ടയ്ക്കകം, തിരുവനന്തപുരം
പിൻ- 695023
ഇ-മെയിൽ: tahsildartvpm@gmail.com
ഫോൺ ; 0471-2462006
തീയതി : 21/12/2022.

നോട്ടീസ്

വിഷയം : പോക്കുവരവ് ചട്ടങ്ങൾ 1966- അപ്പീൽ പെറ്റീഷൻ- തടകം പള്ളി വില്ലേജിൽ — ബ്ലോക്ക് 2665 E, 2624/C സർവ്വെ നമ്പരിൽപ്പെട്ട വസ്തു - സംബന്ധിച്ച് 2664/16, 2664/17

സൂചന : ശ്രീ/ശ്രീമതി സുധീർ. S സമർപ്പിച്ച അപ്പീൽ പെറ്റീഷൻ

****

മേൽ പരാമർശിച്ചിരിക്കുന്ന വിഷയത്തെക്കുറിച്ച് പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിലേക്കായി പരാതിയ്ക്കാസ്പദമായ വസ്തുവിന്മേൽ താങ്കൾക്കുള്ള അവകാശം തെളിയിക്കുന്ന എല്ലാ രേഖകളും സഹിതം 24/01/2023 തീയതി രാവിലെ 11.00 AM മണിക്ക് താങ്കളോ താങ്കൾ ചുമതലപ്പെടുത്തുന്ന വ്യക്തിയോ (തിരിച്ചറിയൽ രേഖകൾ സഹിതം) തഹസീൽദാർ (ഭൂരേഖ) മുമ്പാകെ ഹാജരാകുകയും തർക്കം ബോധിപ്പിക്കേണ്ടതുമാകുന്നു. അല്ലാത്ത പക്ഷം ടി വിഷയത്തിൽ താങ്കൾക്ക് യാതൊരു തർക്കവുമില്ലായെന്ന് ഗണിക്കപ്പെടുവാനിടയുള്ളതും താങ്കളെ കൂടാതെ തീരുമാനം എടുക്കുന്നതായിരിക്കും എന്നുള്ള വിവരം അറിയിക്കുന്നു.

തഹസീൽദാർ (എൽ.ആർ)ക്കുവേണ്ടി

സ്വീകർത്താവ്
ശ്രീ. സുധീർ. S,
S/o പ്രഭാവി,
തിരിയൻ വിഭാനം,
കണ്ണമംഗലം, വക്കം P.O
PIN - 695 308.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



8			9		10		11				12		13	14		15		16		17			18	19
1	1	30									2	26								2	26	830		
11	5	53									11	4								11	4	830		

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



Copied by. S. Sreekumaran
25/7/56

Compared by. K. B. Rajamma
8-3-1957

ഫോറം നമ്പർ 8.



തണ്ടപ്പേരു കണക്ക്

താലൂക്ക് ..... തെക്കിൻ കീഴ് മൂലിൽ ചെറിയ വെട്ടുകാട്ടു

തണ്ടപ്പേർ നമ്പർ 835 ..... ഇറയിൽ ഓലമേൽ മാണിയിൽ .....

തണ്ടപ്പേരുകാരന്റെ പേര് ..... ഭൂമിയുടെ പണ്ടാരവകയ്ക്ക് പണ്ടാരി

സർവ്വേ നമ്പർ	സർവ്വേ ഡിവിഷൻ നമ്പർ	തുക	ആർ	സ്ക്വയർ മീറ്റർ	കുടിശ്ശിക തുകയിൽ ഒഴിവാക്കുന്ന തുക	വിശദാംശം	ഒഴിവാക്കാനുള്ള കാരണം		
								ഹെ.	സ.
1			2		3	4	5		6
2665	F	1	29	09					
		3	19	—					

255-20

(വിവരവകുപ്പിനിയച്ചതെന്ന നൽകുന്നത്)

8/6/10

P.T.O.

2665-F. 372 T.No.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



നമ്പർ ഫോറം 6.

തണ്ടപ്പേരു കണക്ക്

തിരുവനന്തപുരം കടകംപള്ളി വില്ലേജിൽ [illegible]

തണ്ടപ്പേർ നമ്പർ 13006/A ചെറുവെട്ടുകാട് സെന്റ് സെബാസ്റ്റൻ പള്ളിയുടെ

തണ്ടപ്പേരുകാരുടെ പേര് ..... ദൈവത്തിൻ വിലാസം നടാർ

നമ്പർ	നമ്പർ				നിലമോ പുരയിടമോ	ഇനം	അധിഷ്ഠാന നികുതി അടയ്ക്കുകൾ		രീതിക്കാൻ
							രൂ.	സ.	952
1		2			3	4	5		6
2665/B-1		24 438 (0988)					50		

T-പകർപ്പ് കോടതി. 7.2.05.

(വിവരവകാശപ്രകാരം നൽകുന്നത്)

8/6/10

Price Copy

വില്ലേജ് ആഫീസർ
കടകംപള്ളി

PTO

CPT. 19/2221/V.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



അനുബന്ധം നമ്പർ 8

S. R. (L.R.) [illegible] 1996 GPB © Govt. of Kerala

തണ്ടപ്പേര് കണക്ക്

ഇച്ചുണ്ട്

ജില്ലാക്കോ ..... വില്ലേജ്

ഉടമസ്ഥ നമ്പർ 24942

ഉടമസ്ഥ പ്രമാണം [illegible]

ഉടമസ്ഥ പ്രമാണം [illegible]

സർവെ		വിസ്തീർണ്ണം			[illegible]			
നമ്പർ	സബ് ഡിവിഷൻ നമ്പർ	ഹെ.	ആർ.	[illegible]	[illegible]	ഇനം	[illegible]	റിമാർക്സ്
1		2			3	4	5	6

Pl. 806/98

19/12/98 [illegible] 14921 to 14925 [illegible]

2665	F1-1	—	10	—	[illegible]	[illegible]	8	—
2665	F1-2	—	10	—	"	"	8	—
2665	F1-3	—	10	—	"	"	8	—
2665	F1-4	—	10	—	"	"	8	—
2665	F1-5	—	10	—	"	"	8	—
			50				40	—

[illegible]

[illegible]

8/6/10

[illegible]

[illegible]

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



14925

അനുപ്രേരു കണക്ക്

കടകംപള്ളി വില്ലേജിൽ കുറിക്കുമുറിയിൽ ... വില്ലേജ്
കുക്കാനൂർ പേരൂർ പുരയിടത്തിൽ
TC 33/451-10 നമ്പർ വീട്ടിൽ
പിവിപിന്റെ ഭാഗം ... ചെയ്തിൽ

ഉത്തരവ് നമ്പർ 14921

പ്രത്യേകാവശ്യം ...

സർവ്വേ		വിസ്തീർണ്ണം			നിലമോ പുരയിടമോ	ഇനം	അധിഷ്ഠാനം നികുതി അല്ലെങ്കിൽ മാരുമോഗം	വിവരങ്ങൾ
...ർ	സബ് ഡിവിഷൻ നമ്പർ	ഹെ	ആർ	സ്ക്വയർ മീറ്റർ			ഉ. പ.	
1		2			3	4	5	6
			0405		Rs 203/88/28.4.88 ഒന്നാം പിട്ടി 835 ൽ നിന്നു വിഭാഗം			
2665	F.1-1	—	10	—	പുര	പിപിടി	— 20	

Rs 806/88

19-11-[illegible] 24942 [illegible]

[illegible]

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

Board of Revenue 20,000/150 19/42 7 1 1983 GPB

ണ്ട് നമ്പർ 8

തണ്ടപ്പേരു കണക്ക്

ക്ക .....

പ്പേർ നമ്പർ 14922

പ്പേരുകാരന്റെ പേര് .....

[illegible] .....വില്ലേജ്
[illegible]
T.C. 33/451-[illegible]
[illegible] S.P. [illegible]

സർവ്വെ		വിസ്തീർണ്ണം			നിലമോ പുരയിടമോ	ഇനം	അധിഷ്ഠാന നികുതി അല്ലെങ്കിൽ രാജഭോഗം		റിമാർക്ക്
...ർ	സബ് ഡിവിഷൻ നമ്പർ	ഹെ.	ആർ	സ്ക്വയർ മീറ്റർ			രൂ.	പ.	
1		2			3	4	5		6
					Rs. 206/88 / 28.4.88 [illegible] 13,835 [illegible]				
165	P.1-2	—	10	—	[illegible]	[illegible]	—	20	
		Rs. 806/98							
		19-11-98 [illegible] 249 [illegible]							
		[illegible]							

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

Board of Revenue 20,000/150 19/42 7 1 1983

നമ്പർ 8

തണ്ടപ്പേരു കണക്ക്

താലൂക്ക് .....

തണ്ടപ്പേർ നമ്പർ 14923

തണ്ടപ്പേരുകാരന്റെ പേര് .....

കടകംപള്ളി വില്ലേജിൽ കുന്നുകുഴിയിൽ
കക്കാണ്ടു പനവേലി പുരയിടത്തിൽ
T.C. 33/451-10 നമ്പർ വീട്ടിൽ
പിയപിണ്ണ മകൻ SP രവീങ്ങൾ

സർവ്വെ		വിസ്തീർണ്ണം			നിലമോ പുരയിടമോ	ഇനം	അധിഷ്ഠാന നികുതി അല്ലെങ്കിൽ രാജഭോഗം		റിമാർക്ക്
നമ്പർ	സബ് ഡിവിഷൻ നമ്പർ	ഹെ.	ആർ	സ്ക്വയർ മീറ്റർ			രൂ.	പ.	
1		2			3	4	5		6
2665	P.1-3	—	10	—	[illegible]	[illegible]	—	20	

[illegible] 204/88 / 28.4.88 [illegible]
[illegible] 835 [illegible]

[illegible] 806/88
19-11-88 [illegible] 24.9.42 [illegible]

[illegible]

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

Board of Revenue 20,000/150 19/42 7 1 1983 GPE

നമ്പർ 8

തണ്ടപ്പേരു കണക്ക്

[illegible] വില്ലേജ്

[illegible] TC 33/451

[illegible]

[illegible]

സർവ്വെ		വിസ്തീർണ്ണം			നിലമോ പുരയിടമോ	ഇനം	അധിഷ്ഠാന നികുതി അല്ലെങ്കിൽ രാജഭോഗം		റിമാർക്ക്
നമ്പർ	സബ് ഡിവിഷൻ നമ്പർ	ഹെ.	ആർ	സ്ക്വയർ മീറ്റർ			രൂ.	പ.	
1		2			3	4	5		6
	F-1-4	—	04 10	05 —	[illegible]	[illegible]	—	20	

[illegible]

[illegible]

[illegible]

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

...ണ്ട് നമ്പർ 8.

1323

...ലുക്ക് .....

...ണ്ടപ്പേർ നമ്പർ ..... 1323 .....

...ണ്ടപ്പേരുകാരന്റെ പേര് ..... [illegible]

...ക നമ്പർ	...മാർക്ക്	സർവ്വെ നമ്പർ	സബ് ഡിവിഷൻ നമ്പർ	വിസ്തീർണ്ണം ഹെ.	ആർ	സ്ക്വയ മീറ്റർ		...ഡിക്ക്റ്റ് ...ലുമാഗ്ര ...ളുമാഗ്ര ...ളു.	സ.	...മാർക്ക്
	6	1		2			3	4		5
		2664/2		—	27	842			46/-	Possession [illegible] 11.3.02 368/02

(വിവരങ്ങൾ ഉൾക്കൊള്ളുന്നു)

[signature]

8/6/10

4/10

വില്ലേജ് ആഫീസർ
കടകംപള്ളി

Free Copy

GPT. 19/2221/V.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കേരള സർക്കാർ
GOVERNMENT OF KERALA
രജിസ്ട്രേഷൻ വകുപ്പ്
REGISTRATION DEPARTMENT
Appendix VII (Rule 168 and 169)

വസ്തു സംബന്ധമായ ബാദ്ധ്യതാ സർട്ടിഫിക്കറ്റ്
CERTIFICATE OF ENCUMBRANCE ON PROPERTY

മറുപുറത്ത് വിവരിക്കുന്ന വസ്തുസംബന്ധമായി രജിസ്റ്റർ ചെയ്ത ബാദ്ധ്യതകൾ വല്ലതും ഉണ്ടെങ്കിൽ അവയുടെ വിവരങ്ങൾ കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റിനായി എന്നോട് അപേക്ഷിച്ചിരിക്കയാൽ ടി വസ്തു സംബന്ധമായ ക്രിയകളും ബാദ്ധ്യതകളും അറിയാനായി മറുപുറത്തു കാണിച്ചിട്ടുള്ള കാലയളവിലെ ഈ ആഫീസ്‌വക 1-ാം നമ്പർ പുസ്തകവും അതുവക സൂചകങ്ങളും പരിശോധിച്ചിരിക്കുന്നു എന്നും ആ വക പരിശോധനയിൽ മറുപുറത്തു പറയുന്ന ക്രിയകളും ബാദ്ധ്യതകളും കണ്ടിരിക്കുന്നു എന്നും അവയല്ലാതെ മേൽപ്പറഞ്ഞ മുതൽ സംബന്ധമായി മറ്റ് യാതൊരു ക്രിയകളും ബാദ്ധ്യതകളും കണ്ടിട്ടില്ലെന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

തെരഞ്ഞുനോക്കി സർട്ടിഫിക്കറ്റ് തയ്യാറാക്കിയ ആളുടെ
ഒപ്പ്
പേര്
സ്ഥാനം

തെരച്ചിലും സർട്ടിഫിക്കറ്റും പരിശോധിച്ച ആളുടെ
ഒപ്പ്
പേര്
സ്ഥാനം

രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന്റെ ഒപ്പ്

(മുദ്ര)

JUNIOR SUPERINTENDENT
Exercising the Power of Sub Registrar

Trpm ആഫീസ്

19.08.2008 തീയതി

കുറിപ്പ്:

(1) സർട്ടിഫിക്കറ്റിൽ കാണിച്ച ക്രിയകളും ബാദ്ധ്യതകളും ഹർജിക്കാരൻ തന്ന മുതൽ വിവരണ പ്രകാരം കണ്ടവയാണ്. രജിസ്റ്റർ ചെയ്യപ്പെട്ട ആധാരങ്ങളിൽ ഇതേ മുതലുകൾ ഹർജിക്കാരൻ വിവരിച്ച പ്രകാരമല്ലാതെ മറ്റുവിധത്തിൽ വിവരിച്ചിരിക്കുന്നപക്ഷം ആ വക ആധാരങ്ങളാൽ തെളിയുന്ന കാര്യങ്ങൾ ഈ സർട്ടിഫിക്കറ്റിൽ ചേർക്കുന്നതല്ല.

(2) രജിസ്ട്രേഷൻ ആക്ട് 57-ാം വകുപ്പുപ്രകാരവും 165 (1)-ാം ചട്ടപ്രകാരവും രജിസ്റ്ററുകളിലും സൂചകപത്രങ്ങളിലും ചേർത്ത വിവരങ്ങൾ പരിശോധിക്കുവാൻ ആഗ്രഹിക്കുകയാകട്ടെ അല്ലെങ്കിൽ ആ വിവരങ്ങളുടെ പകർപ്പുകളോ വിവരിക്കപ്പെടുന്ന മുതലുകളെപ്പറ്റി ഇടപാട് സർട്ടിഫിക്കറ്റോ ആവശ്യപ്പെടുകയാകട്ടെ ചെയ്യുന്ന ആളുകൾ പരിശോധന തങ്ങൾ തന്നെ ചെയ്യേണ്ടതും അപ്പോൾ നിശ്ചയിക്കപ്പെട്ട ഫീസ് അടച്ചാൽ രജിസ്റ്ററുകളും സൂചകപത്രങ്ങളും അവർ മുമ്പാകെ വച്ചുകൊടുക്കുന്നതാകുന്നു.

(3) ഈ സംഗതിയിൽ ഹർജിക്കാരൻ താൻ തന്നെ പരിശോധന ചെയ്തിട്ടില്ലാത്തതിനാൽ ആവശ്യമായ പരിശോധന ഈ ആഫീസ് കൂടുന്നെടത്തോളം സൂക്ഷ്മമായി ചെയ്തിരിക്കുന്നു. എന്നാൽ ഈ സർട്ടിഫിക്കറ്റിൽ അടങ്ങിയ പരിശോധനാഫലത്തിന്റെ കാര്യത്തിൽ ഉള്ള വല്ല തെറ്റിലും ഈ ഡിപ്പാർട്ടുമെൻറ് യാതൊരു സംഗതിവശാലും ഉത്തരവാദിയായിരിക്കുന്നതല്ല.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ബാദ്ധ്യതാ വിവരങ്ങൾ

തീയതി : 19/08/08

സർട്ടിഫിക്കറ്റ് നമ്പർ : 2397/08

ഹർജി നമ്പർ : 7933/08

അപേക്ഷകന്റെ പേര് : Krishnankutty, ,

വസ്തു വിവരം : കടകംപള്ളി വില്ലേജ്, Sy 2624/C 75 Cent. 170 Sql. , Sy 2665/E 32 Cent. 329 Sql. , Sy 2664/16 6 Cent. 500 Sql. , Sy 2664/17 8 Cent. 500 Sql.

തെരച്ചിൽ നടത്തിയ കാലം : 01/01/1983 മുതൽ 05/08/2008 വരെ

ക്രമ നമ്പർ	വസ്തു വിവരം	ആധാരം എഴുതിയ തീയതി	ആധാരത്തിന്റെ സലയും സ്വഭാവവും	എഴുതി കൊടുത്ത ആൾ	എഴുതി വാങ്ങിയ ആൾ	ആധാരം രജിസ്റ്റർ ചെയ്ത വാല്യം	പേജ്	നമ്പർ / വർഷം
1	കടകംപള്ളി വില്ലേജ്, Sy. 2665/E, 0 Ar. 0 Sqm Sch.No.2.2.	24/12/2004	Rs.1,000,000 വിലയാധാരം	സുബ്രഹ്മണ്യ കരയാളർ സ്വന്തം നിലയ്ക്കും,സ്ട്രീറ്റ് നമ്പർ 2 ൽ ഡോർ നമ്പർ 87 ൽ, പെല്ല പെരുമാൾ കരയാളർ,ടി,	ഷിബു എസ്,ഷിബു മഹലിൽ, ഹമീദ് ഷാജി എന്ന ഷാജഹാൻ എസ്,എസ് എ എം വില്ലയിൽ, ജാഫർ,നസീം വില്ലയിൽ,	1852	499 - 2	5371/04
2	കടകംപള്ളി വില്ലേജ്, Sy. 2624/C, 30 Ar. 42 Sqm Sch.No.1.1.	18/07/2008	Rs.2,200,000 വിലയാധാരം	എസ്.ഷിബു,ഷിബുമഹലിൽ ,പെരുങ്കുളം, എസ്.ഷാജഹാൻ,S.A.M.വില്ലയിൽ,ടി, ജാഫർ,നസീം വില്ലയിൽ,ആറ്റിങ്ങൽ,	സുധീർ,കിളിയൻ വിളാകത്തു787 ൽ,വക്കം,	2071	51 - 55	3102/08

JUNIOR SUPERINTENDENT
Exercising the Power of Sub Registrar

കേരള സർക്കാർ
GOVERNMENT OF KERALA
രജിസ്ട്രേഷൻ വകുപ്പ്
REGISTRATION DEPARTMENT
Appendix VII (Rule 168 and 169)

വസ്തു സംബന്ധമായ ബാദ്ധ്യതാ സർട്ടിഫിക്കറ്റ്
CERTIFICATE OF ENCUMBRANCE ON PROPERTY

മറുപുറത്ത് വിവരിക്കുന്ന വസ്തുസംബന്ധമായി രജിസ്റ്റർ ചെയ്ത ബാദ്ധ്യതകൾ വല്ലതും ഉണ്ടെങ്കിൽ അവയുടെ വിവരങ്ങൾ കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റിനായി എന്നോട് അപേക്ഷിച്ചിരിക്കയാൽ ടി വസ്തു സംബന്ധമായ ക്രിയകളും ബാദ്ധ്യതകളും അറിയാനായി മറുപുറത്തു കാണിച്ചിട്ടുള്ള കാലയളവിലെ ഈ ആഫീസ്വക 1-ാം നമ്പർ പുസ്തകവും അതുവക സൂചകങ്ങളും പരിശോധിച്ചിരിക്കുന്നു എന്നും ആ വക പരിശോധനയിൽ മറുപുറത്തു പറയുന്ന ക്രിയകളും ബാദ്ധ്യതകളും കണ്ടിരിക്കുന്നു എന്നും അവയല്ലാതെ മേൽപ്പറഞ്ഞ മുതൽ സംബന്ധമായി മറ്റ് യാതൊരു ക്രിയകളും ബാദ്ധ്യതകളും കണ്ടിട്ടില്ലെന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

തെരഞ്ഞുനോക്കി സർട്ടിഫിക്കറ്റ് തയ്യാറാക്കിയ ആളുടെ
ഒപ്പ്
പേര്
സ്ഥാനം

തെരച്ചിലും സർട്ടിഫിക്കറ്റും പരിശോധിച്ച ആളുടെ
ഒപ്പ്
പേര്
സ്ഥാനം

രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന്റെ ഒപ്പ്

SRO TVPM ആഫീസ്
03.02.06 തീയതി

(മുദ്ര)

കുറിപ്പ് :

(1) സർട്ടിഫിക്കറ്റിൽ കാണിച്ച ക്രിയകളും ബാദ്ധ്യതകളും ഹർജിക്കാരൻ തന്ന മൂതൽ വിവരണ പ്രകാരം കണ്ടവയാണ്. ബന്ധപ്പെട്ട ചെയ്യപ്പെട്ട ആ ഭാഗങ്ങളിൽ ഇതേ മുതലുകൾ ഹർജിക്കാരൻ വിവരിച്ച പ്രകാരമല്ലാതെ മറ്റുവിധത്തിൽ വിവരിച്ചിരിക്കുന്നപക്ഷം ആ വക ആധാരങ്ങളാൽ തെളിയുന്ന കാര്യങ്ങൾ ഈ സർട്ടിഫിക്കറ്റിൽ ചേർക്കുന്നതല്ല.

(2) രജിസ്ട്രേഷൻ ആക്ട് 57-ാം വകുപ്പുപ്രകാരവും 165 (1)-ാം ചട്ടപ്രകാരവും രജിസ്റ്ററുകളിലും സൂചകപത്രങ്ങളിലും ചേർത്ത വിവരങ്ങൾ പരിശോധിക്കുവാൻ ആഗ്രഹിക്കുകയാകട്ടെ അല്ലെങ്കിൽ ആ വിവരങ്ങളുടെ പകർപ്പുകളോ വിവരിക്കപ്പെടുന്ന മുതലുകളെപ്പറ്റി ഇടപാട് സർട്ടിഫിക്കറ്റോ ആവശ്യപ്പെടുകയാകട്ടെ ചെയ്യുന്ന ആളുകൾ, പരിശോധന തങ്ങൾ തന്നെ ചെയ്യേണ്ടതും അപ്പോൾ നിശ്ചയിക്കപ്പെട്ട ഫീസ് അടച്ചാൽ രജിസ്റ്ററുകളും സൂചകപത്രങ്ങളും അവർ മുമ്പാകെ വച്ചുകൊടുക്കുന്നതാകുന്നു.

ബി. റവന്യൂ, ഫോറസ്റ്റ്, സർവ്വേ ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധിച്ചതിനു ശേഷമാണ് സ്കെച്ച് അംഗീകരിച്ചിട്ടുള്ളത്.

സി. ബാധകമല്ല

വിശ്വാസപൂർവ്വം

ജില്ലാ കളക്ടർക്ക് വേണ്ടി

ഇത് കമ്പ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവശ്യമില്ല .ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



പ്രേക്ഷിതൻ
അനില.എൽ
ആറ്റരികത്ത് പുത്തൻ വീട്
11-ാം കല്ല് നെട്ട, നെടുമങ്ങാട്.പി.ഒ

സ്വീകർത്താവ്
ലാൻഡ് റവന്യൂ കമ്മീഷണർ
ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം

B3

സർ,

വിഷയം.- റീസർവ്വെയിൽ വന്ന അപാകത പരിഹരിക്കുന്നത് -സംബന്ധിച്ച്.

നെടുമങ്ങാട് താലൂക്ക് ആഫീസിൽ 30.09.2020-ൽ G8-3182 വിസ്തീർണ്ണ വ്യത്യാസത്തിന് അപേക്ഷ കൊടുത്തിരുന്നു. മുൻ സർവ്വെ പ്രകാരം 25.6 അളവിൽ നിന്ന് റീസർവ്വെയിൽ 23.3 മീറ്റർ അളവ് കുറവ് വന്നിട്ടുള്ളതാകുന്നു. ഈ അപേക്ഷ പരിശോധിക്കാൻ സർവ്വെയർ വന്ന് സ്ഥലം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത് ആറ്റിൻ പുറംപോക്ക് എന്നാണ്. ഈ പിഴവ് വസ്തുവിന്റെ കൃത്യമായ രേഖകൾ അടക്കം കാണിച്ചിട്ടും പരിഹരിച്ചിട്ടില്ല. ആയതിനാൽ ഞാൻ കളക്ടറേറ്റിൽ ജില്ലാ സർവ്വെ സൂപ്രണ്ടിന് അപ്പീൽ പരാതി നൽകിയപ്പോൾ നെടുമങ്ങാട് ആർ.ഡി.ഒ ആഫീസിലാണ് കൊടുക്കേണ്ടത് എന്ന് പറഞ്ഞു. ജില്ലാ സർവ്വെ സൂപ്രണ്ടിന്റെ നിർദ്ദേശ പ്രകാരം ആർ.ഡി.ഒയ്ക്ക് അപേക്ഷ കൊടുക്കുകയും 23.03.2023 EC.No.219/23 നമ്പറിൽ നെടുമങ്ങാട് താലൂക്കിൽ കൊടുക്കുവാൻ ആർ.ഡി.ഒ ഓഫീസിലെ സീനിയർ സൂപ്രണ്ട് പറഞ്ഞു. അപ്പീൽ പരാതി ജില്ലാ സർവ്വെ സൂപ്രണ്ടിന് ആണല്ലോ കൊടുക്കേണ്ടത് എന്നു ചോദിച്ചപ്പോൾ താലൂക്കിൽ കൊടുത്താൽ മതിയെന്നും എന്നെ പഠിപ്പിക്കേണ്ട എന്നും പറയുകയുണ്ടായി. എന്നാൽ ഇതിനു സമാനമായ അപേക്ഷ ആർ.ഡി ഒയിൽ No.B-3990/23, 29.03.2023-ൽ സ്വീകരിച്ചതായി അറിയുന്നു. നെടുമങ്ങാട് താലൂക്കിൽ 29.03.2023 G8-5660/23 നമ്പർ ഇടുകയും തഹസിൽദാർ (എൽ.ആർ) കണ്ടു പറഞ്ഞപ്പോൾ ആർ.ഡി.ഒയിൽ നിന്നും സമാനപരാതികൾ എല്ലാം താലൂക്കിലാണ് അയയ്ക്കുന്നതെന്നും നമ്മുക്ക് ഒന്നും ചെയ്യാൻ പറ്റില്ലന്നും വേറെ സർവ്വെയറെ കൊണ്ട് നോക്കാം കാലതാമസം എടുക്കും എന്ന് തഹസിൽദാർ പറഞ്ഞു. അപ്പോഴാണ് അറിയാൻ കഴിഞ്ഞത് അപ്പീൽ പരാതികൾ മേൽ ആഫീസിലാണ് പരിശോധിക്കുന്നത് എന്ന്. അതിനാലാണ് അങ്ങയുടെ അറിവിലേയ്ക്ക് ആയി ഈ അപേക്ഷ അയ്ക്കുന്നത്. മന:പൂർവ്വവും, ബോധപൂർവ്വവും ഞങ്ങളെ പോലെയുള്ള ജനങ്ങളെ മാനസികമായും സാമ്പത്തിക മായും ബുദ്ധിമുട്ടിക്കുന്നതിനും കാലതാമസം വരുത്തുന്നതിനും വേണ്ടിയാണ് വീണ്ടും താലൂക്കിൽ പരിശോധിക്കാൻ നൽകിയത്. ആയതിനാൽ ഈ അപേക്ഷയിൻ മേൽ നിയമപരമായ ഉചിതമായ മാർഗ്ഗം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു

എന്ന്

29.05.2023
നെടുമങ്ങാട്

അനില.എൽ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അപ്പീൽ പരാതി

പേക്ഷിനൻ
അനിൽ. എൽ
അനിൽകുമാർ പൂന്നൻവീട്
11-ാം കല്ല് നെടുമങ്ങാട് പി.ഒ
സ്ഥിരം മേൽവിലാസം. 8547681745

ദേവസ്വം ട്രിബ്യൂണൽ
തിരുവനന്തപുരം

വിഷയം : വിസ്തീർണ്ണവിത്യാസം സർവ്വേയിൽ വന്ന അപാകത പരിഹരിച്ച് കിട്ടുന്നതിന്.

സർ,

നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 36ൽ സർവ്വേ നമ്പർ 152/18-ൽ ഉൾപ്പെട്ട 2416/3 നെടുമങ്ങാട് S.R.O-ൽ രണ്ട് അധ്യാരങ്ങളിലായി നമ്പർ 3019/2004 പ്രകാരമുള്ള 17 സെന്റ് നമ്പർ 4447/2005 വിലയാധാരം 4 സെന്റ് ഉൾപ്പെടെ 21 സെന്റ് വസ്തു ഉടമയുടെ സർവ്വേ കരം നിരുവപ്രകാരം 7 തൊൻ 15 സ്ക്വയർ ഫീറ്റ് തൊണ്ട് കാണുന്നത്.

ഞാൻ 30-09-2020-ൽ ഒ.ഡ- 3132/20 നമ്പറിൽ നെടുമങ്ങാട് താലൂക്ക് ഓഫീസിൽ അപേക്ഷ കൊടുത്തിരുന്നു. സർവ്വേയർ വന്ന് കണ്ട് നിലവിലുള്ള അതിർത്തികൾ കാണിച്ചു തന്നിരുന്നു. സമീപ വസ്തുക്കളുടെ കൂടെ പോകുമ്പോൾ തിരുവനന്തപുരം ഉൾപ്പെടുന്ന സർവ്വേ നമ്പർ 2422-ൽ എന്റെ അമ്മയുടെ പേരിൽ 4 സെന്റ് വസ്തു ഉണ്ടെന്ന് അമ്മയ്ക്ക് പറഞ്ഞു തന്നു. ഈ വസ്തുവിന്റെ പോസിറ്റീവ് ഓഫീസ് ഉൾപ്പെടുന്ന സർവ്വേ നമ്പർ-2422 ലണ്ടിയ വസ്തു ഒ.ഡ- 3154/2020 ടി അപേക്ഷ താലൂക്കിൽ അപേക്ഷ കൊടുത്തിരുന്നു. നടപടിക്രമങ്ങളിൽ 2422-ൽ (154-30.8-ലിൽ വരുന്നുണ്ട് 28.3 തൊൻ സർവ്വേയർ രേഖപ്പെടുത്തിയിരിക്കുന്നത്. 2416-ൽ (128-25.6-ലിൽ വരുന്നുണ്ട് 23.3 ലിങ്ക് തൊണ്ട് സർവ്വേയർ കാണുന്നത്. 2.3 ലിങ്ക് കുറവ് വന്നിട്ടുണ്ട്.

ഉൾപ്പെടുന്ന സർവ്വേയുടെ തെറ്റായുള്ള അതിരിനെ സർവ്വേയുടെ വടക്കും അതിർത്തി കിഴക്കും ചേർന്നിരിക്കുന്നു. അതുകൊണ്ട് ഉൾപ്പെടുന്ന 2417 തൊടിപോകുന്ന പോക്കിനെ അതിർത്തി തെറ്റിച്ച് പ്രകാരം അതുണ്ടായിട്ടുള്ളതാണെന്നാണ്. ഇങ്ങനെ ടിവസ്തു ചതുരാകൃതിയിലാണ് വെന്റുകൾ വന്നിട്ടുണ്ട്. 152/18 സർവ്വേ നമ്പറിന്റെ വെന്റുകൾ താലൂക്ക് ഓഫീസിലെ കമ്പ്യൂട്ടറിൽ H.S. പരിശോധിച്ചപ്പോൾ സ്കെച്ചറിയോയ നമ്പറുകളും അതിനുള്ളിൽ 4 ലിങ്കുമായുള്ള കുറവ് വന്നിട്ടുണ്ട് കമ്പ്യൂട്ടറിൽ കാണിച്ചിരിക്കുന്നത്. സർവ്വേയർ പറയുന്നത് ഉൾപ്പെടുന്നതാണ് സർവ്വേയുടെ തെറ്റായുള്ള അതിരിനെന്ന്. H.S കൂടുതൽ പഴക്കമുള്ള സർവ്വേയുടെ ആയതുകൊണ്ട് അതിനാകും കൃത്യത കൂടുതൽ. അതുകൊണ്ട് സർവ്വേയുടെ വന്ന അപാകത പരിഹരിച്ചു തരണമെന്ന് അപേക്ഷിക്കുന്നു

23.03.2023
തിരുവനന്തപുരം.

അനിൽ. എൽ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

EC നം 219/23
തഹസിൽദാർ (LR)
നന്ദിക്കുന്നാട്

പരാതി [illegible] സ്ഥലം സംബന്ധിച്ച് [illegible] ചർച്ചയിലുള്ളതിനാൽ [illegible] ആയതിനാൽ

ഭരണ ഭാഷ മാതൃ ഭാഷ

നമ്പർ ജി8-3182/2020

താലൂക്കാഫീസ്, നെടുമങ്ങാട്,
തീയതി.27-09-2022
പിൻ-695541, ഫോൺ-0472-2802424
ഇ-മെയിൽ: talukofficenedumangad@gmail.com

പ്രേഷിതൻ
തഹസിൽദാർ (എൽ.ആർ)
നെടുമങ്ങാട്.

സ്വീകർത്താവ്
ശ്രീമതി.അനില.എൽ
ആറ്റരികത്ത് പുത്തൻ വീട്
പതിനൊന്നാം കല്ല്, നെട്ട
നെടുമങ്ങാട് ഫോൺ: 8547681745

സർ,

വിഷയം:-നെടുമങ്ങാട് -റീസർവ്വെ അപാകത പരിഹരിയ്ക്കുന്നത് -സംബന്ധിച്ച്

സൂചന:-1) താങ്കളുടെ അപേക്ഷ
2) സർവ്വെയറുടെ 25/02/2022-ലെ റിപ്പോർട്ട്
3) ഹെഡ് സർവ്വെയറുടെ 14/09/2022-ലെ റിപ്പോർട്ട്.

*****

സൂചന കണ്ടാലും. താങ്കളുടെ അപേക്ഷ പ്രകാരം റിക്കാർഡുകളുമായി സ്ഥല പരിശോധന നടത്തിയതിൽ നെടുമങ്ങാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 36- ൽ 152/18 സബ് ഡിവിഷനായി താങ്കളുടെ പേരിൽ 7.15 ആർ കരം അടച്ചത് കഴിച്ചുള്ള സ്ഥലം സർവ്വെ നമ്പർ 153 സർവ്വെ നമ്പരിന്റെ ഭാഗമായി കാണുന്നു. ടി സ്ഥലം നിലവിൽ ആറ്റിന്റെ പുറമ്പോക്ക് ഭാഗമാണ്. ആയതിനാൽ ടി സ്ഥലത്തിന് താങ്കൾക്ക് പട്ടയം ലഭിച്ചിട്ടുണ്ടെങ്കിൽ പട്ടയത്തിന്റെ പകർപ്പ്, പട്ടയ സ്കെച്ച് എന്നിവ അടിയന്തിരമായി ഈ കത്ത് കിട്ടി 30 ദിവസത്തിനകം ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇനിയൊരറിയിപ്പ് നൽകാതെ ഫയൽ തീർപ്പാക്കുന്നതാണ് എന്ന വിവരം അറിയിയ്ക്കുന്നു.

വിശ്വസ്തതയോടെ,

തഹസിൽദാർ(എൽ.ആർ)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/5730217/2023

<u>വളരെ അടിയന്തരം / സമയബന്ധിതം / 24-05-2023-ലെ യോഗം</u>

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ജി) വകുപ്പ്

നമ്പർ. റവ-ജി1/9/2023-റവന്യൂ **22-05-2023**,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
ജനറൽ മാനേജർ, കിഫ്ബി, തിരുവനന്തപുരം
സെക്രട്ടറി, കരകുളം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

സർ,

വിഷയം:- നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള അവലോകന യോഗം - **24-05-2023**-ന് - സംബന്ധിച്ച്.

സൂചന:- **1) 15-02-2023**-ലെ ഇതേ നമ്പർ സർക്കാർ കത്ത്.
2) ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പു മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയുടെ **20-05-2023**-ലെ **288/ADPS1/M(R&H)/2023** നമ്പർ കുറിപ്പ്.

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിലയിരുത്തുന്നതിനായി ബഹു.റവന്യൂ-ഭവന നിർമ്മാണ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.ഭക്ഷ്യ-പൊതുവിതരണവും ഉപഭോക്തൃകാര്യവും വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ***<u>24-05-2023 രാവിലെ 10.30മണിക്ക് ബഹു. റവന്യൂ വകുപ്പു മന്ത്രിയുടെ ചേംബറിൽ ഒരു യോഗം (ഓഫ്ലൈൻ) ചേരുവാൻ</u>*** തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ താങ്കളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കൃത്യമായി പങ്കെടുക്കേണ്ടതാണ്.

പ്രസ്തുത യോഗത്തിന്റെ അജണ്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു. ***ബന്ധപ്പെട്ട അജണ്ടാ വിഷയങ്ങളിന്മേൽ അനുയോജ്യമായ ഒരു കുറിപ്പ്(in English and Malayalam) അടിയന്തരമായി <u>23/05/2023-ന് 12-മണിക്ക്</u> മുമ്പായി സർക്കാരിൽ സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറും, സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടറും നടപടി സ്വീകരിക്കേണ്ടതാണ്.***

<u>കൂടാതെ സർവ്വേ ഡയറക്ടറും തിരുവനന്തപുരം ജില്ലാ കളക്ടറും 23.01.2023-</u>

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/5730217/2023

<u>ന് ചേർന്ന യോഗതീരുമാനങ്ങൾ സംബന്ധിച്ച് നടപടി റിപ്പോർട്ടും നൽകേണ്ടതാണ്.</u>

<u>അജണ്ട വിഷയങ്ങൾ :</u>

1. കിഫ്ബി പ്രോജക്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ വഴയില - പഴകുറ്റി നാലുവരി പാത, പഴകുറ്റി - മംഗലപുരം റോഡ് എന്നിവയുടെ ലാൻഡ് അക്വിസിഷൻ പ്രവർത്തികൾ.
2. പട്ടയ സംബന്ധമായ വിഷയങ്ങൾ
3. വട്ടപ്പാറ മിനിസിവിൽ സ്റ്റേഷൻ നിർമ്മാണം
4. കരകുളം ഗ്രാമപഞ്ചായത്തിനോട് ചേർന്ന് റവന്യു വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച്.
5. നെടുമങ്ങാട് താലൂക്കിലെ റീസർവ്വെ സംബന്ധമായ **18976** പരാതികൾ തീർപ്പാക്കുന്നത് സംബന്ധിച്ച്.

വിശ്വസ്തതയോടെ,
SHAHANSHA.A
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Sujith G R
സെക്ഷൻ ഓഫീസർ
Date: 22-05-2023 15:27:24

പകർപ്പ് : 1) ബഹു.റവന്യു-ഭവന നിർമ്മാണ വകുപ്പു മന്ത്രിയുടെ പി.എസ്-ന്
2) റവന്യു വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
3) അഡീഷണൽ സെക്രട്ടറി, റവന്യു (ബി) വകുപ്പ് (യോഗത്തിൽ പങ്കെടുക്കുന്നതിനായി)
4) അഡീഷണൽ സെക്രട്ടറി, റവന്യു (യു) വകുപ്പ് (യോഗത്തിൽ പങ്കെടുക്കുന്നതിനായി)
5) അഡീഷണൽ സെക്രട്ടറി, റവന്യു (എഫ്) വകുപ്പ് (യോഗത്തിൽ പങ്കെടുക്കുന്നതിനായി)
6) ഡെപ്യൂട്ടി സെക്രട്ടറി, റവന്യു (ഇ) വകുപ്പ് (യോഗത്തിൽ പങ്കെടുക്കുന്നതിനായി)
7) റവന്യു (ബി, യു, എഫ്, ഇ) വകുപ്പുകൾ (ബന്ധപ്പെട്ട വിഷയങ്ങളിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/5614120/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ജി) വകുപ്പ്

നമ്പർ. റവ-ജി1/9/2023-റവന്യൂ 15-02-2023,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ , തിരുവനന്തപുരം

സർ,

വിഷയം:- നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച യോഗം-നടപടിക്കുറിപ്പ് അയയ്ക്കുന്നത് - സംബന്ധിച്ച്

സൂചന:- 17-01-2023 തീയതിയിലെ ഇതേ നമ്പർ സർക്കാർ കത്ത്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ***നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.ഭക്ഷ്യ-പൊതുവിതരണവും ഉപഭോക്തൃകാര്യവും വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 23/01/2023-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്*** ആവശ്യമായ അടിയന്തര നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
MANOJ P
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Sujith G R
Date: 15-02-2023 14:04:53

സെക്ഷൻ ഓഫീസർ.

പകർപ്പ് : (1) ബഹു.റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
(2) ബഹു.ഭക്ഷ്യ-പൊതുവിതരണവും ഉപഭോക്തൃകാര്യവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
(3) റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
(4) അഡീഷണൽ സെക്രട്ടറി, റവന്യൂ (ബി) വകുപ്പ്

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/5614120/2023

(5) അഡീഷണൽ സെക്രട്ടറി, റവന്യൂ (യു) വകുപ്പ്
(6) റവന്യൂ (ബി , യു) വകുപ്പുകൾ (ബന്ധപെട്ടവയിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/5611792/2023

നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.ഭക്ഷ്യ-പൊതുവിതരണവും ഉപഭോക്തൃകാര്യവും വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 23/01/2023 ഉച്ചയ്ക്ക് 12 മണിയ്ക്ക് ബഹു.റവന്യൂ മന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പങ്കെടുത്തവർ :

1. ശ്രീ.ജെറോമിക് ജോർജ്ജ് ഐ.എ.എസ്, ജില്ലാ കളക്ടർ, തിരുവനന്തപുരം
2. ശ്രീ.അബ്ദുൾ നാസർ.ബി.ഐ.എ.എസ്, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
3. ശ്രീമതി.ബീന.പി.ആനന്ദ്, അസിസ്റ്റന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ
4. ശ്രീ.അനു.എസ്.നായർ, അസിസ്റ്റന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ
5. ശ്രീ.സുരേഷ്.കെ, അഡീഷണൽ ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്
6. ശ്രീമതി.ബീന.വി, ഡെപ്യൂട്ടി ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്
7. ശ്രീ.ജേക്കബ് സഞ്ജയ് ജോൺ, ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
8. ശ്രീ.അനിൽ ജോസ്.കെ., എ.ഡി.എം, തിരുവനന്തപുരം
9. ശ്രീ.ജെ.അനിൽകുമാർ, തഹസിൽദാർ, നെടുമങ്ങാട്
10. ശ്രീമതി.ഷീജ.എസ്, സ്പെഷ്യൽ തഹസിൽദാർ, **KIIFB**, തിരുവനന്തപുരം
11. ശ്രീ.അനിൽകുമാർ.എ., ജില്ലാ സർവ്വെ സൂപ്രണ്ട്, തിരുവനന്തപുരം.

പ്രസ്തുത യോഗവുമായി ബന്ധപ്പെട്ട വിഷയങ്ങൾ നെടുമങ്ങാട് എം.എൽ.എ.യും ബഹു.ഭക്ഷ്യ-പൊതുവിതരണവും ഉപഭോക്തൃകാര്യവും വകുപ്പ് മന്ത്രിയുമായ ശ്രീ.ജി.ആർ.അനിൽ അവതരിപ്പിക്കുകയും വിശദമായ ചർച്ചയ്ക്ക് ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. നെടുമങ്ങാട് വില്ലേജിലെ പാളത്തിൻമുകൾ പുനരധിവാസ കോളനിയിലെ **19** കുടുംബങ്ങൾക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് നെടുമങ്ങാട് നഗരസഭയുടെ കീഴിലുള്ള ടി ഭൂമി ലഭ്യമാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ **NOC** ലഭ്യമാക്കുവാൻ തീരുമാനിച്ചു. **(നടപടി - തഹസിൽദാർ, നെടുമങ്ങാട്)**
2. നെടുച്ചിറ കോളനി, കൊടിപ്പുറം വാർഡ്, കുറ്റ്യാണി ലക്ഷം വീട് കോളനി, ഉതിരപ്പെട്ടി (വഴയ്ക്കാട് വാർഡ്, വെമ്പായം ഗ്രാമപഞ്ചായത്ത്), നെല്ലിക്കുന്ന് കോളനി, വല്ലകത്തിൽ മൂട് കോളനി (മൊട്ടമ്മൂട് വാർഡ്), മാതാവീട് ലക്ഷം വീട് കോളനി (വട്ടവിള വാർഡ്), കടുമാക്കുഴി തോട്ടുപറമ്പ് (കണക്കോട് വാർഡ്) എന്നിവിടങ്ങളിൽ താമസിക്കുന്നവരിൽ നിന്നും പട്ടയം അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ എന്നത് നെടുമങ്ങാട് തഹസിൽദാർ പരിശോധിക്കേണ്ടതാണ് **(നടപടി - തഹസിൽദാർ, നെടുമങ്ങാട്)**
3. കൊല്ലിയക്കോണം കോളനിയിലെ (വാണ്ട വാർഡ്) **13** കുടുംബങ്ങളുടെ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പട്ടയ അപേക്ഷകളിൽ നടപടി പൂർത്തിയാക്കി സർക്കാരിന്റെ രണ്ടാം വാർഷികത്തോട് അനുബന്ധിച്ചുള്ള **100** ദിനകർമ്മപരിപാടിയിൽ പട്ടയം നൽകണമെന്ന് തീരുമാനിച്ചു. **(നടപടി - തഹസിൽദാർ, നെടുമങ്ങാട്)**

4. വട്ടപ്പാറ വില്ലേജിൽ ബ്ലോക്ക് **33**-ൽ റീസർവ്വെ നമ്പർ **110**-ൽപ്പെട്ട **29.40** ആർ സർക്കാർ റവന്യു പുറമ്പോക്ക് ഭൂമിയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ നേരിട്ട് പരിശോധന നടത്തി റവന്യു വകുപ്പിന് ഉപയോഗപ്രദമായ ഒരു കേന്ദ്രമാക്കി മാറ്റുന്നതിനുള്ള ഒരു ശിപാർശ സമർപ്പിക്കേണ്ടതാണ്. **(നടപടി - ജില്ലാ കളക്ടർ, തിരുവനന്തപുരം)**
5. കരകുളം പഞ്ചായത്തോഫീസിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന റവന്യു വകുപ്പിന്റെ പഴയ വില്ലേജ് ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം നിലവിലെ പഞ്ചായത്ത് ഓഫീസ് കെട്ടിടം വികസിപ്പിക്കുന്നതിനായി **LSGD**യ്ക്ക് കൈമാറ്റം ചെയ്യണമെന്ന ആവശ്യത്തിന്മേൽ പ്രസ്തുത സ്ഥലം ജില്ലാ കളക്ടർ നേരിട്ട് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. **(നടപടി - ജില്ലാ കളക്ടർ, തിരുവനന്തപുരം)**
6. മാണിക്കൽ ഗ്രാമപഞ്ചായത്തിലെ പുഴ ഒഴുകും മാണിക്കൽ പദ്ധതി എന്ന പേരിൽ തമ്പുരാൻ തമ്പുരാട്ടി പാറയിൽ റവന്യു വകുപ്പിന്റെ കീഴിൽ ടൂറിസം പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ നേരിട്ട് പരിശോധന നടത്തി ശിപാർശ സമർപ്പിക്കേണ്ടതാണ്. **(നടപടി - ജില്ലാ കളക്ടർ, തിരുവനന്തപുരം)**
7. വഴയില - പഴകുറ്റി നാലുവരിപ്പാത റോഡ് ലാൻഡ് അക്വിസേഷൻ നടപടികളുടെ ഭാഗമായി ചെറിയ പെട്ടിക്കടകൾ ഉൾപ്പെടെയുള്ള എല്ലാവർക്കും നിയമപ്രകാരം നൽകുവാൻ കഴിയുന്ന പരമാവധി തുക ഉൾപ്പെടുത്തിക്കൊണ്ടുള്ള **R & R** പാക്കേജ് തയ്യാറാക്കേണ്ടതാണ്. **(നടപടി - ജില്ലാ കളക്ടർ, തിരുവനന്തപുരം)**
8. കാലാവധി കഴിഞ്ഞ ഫ്ലഡ് വർക്കുകളിൽ സാധ്യമായിട്ടുള്ളവ എടുക്കുകയും സാധ്യമല്ലാത്തവ ഏതെന്നത് സംബന്ധിച്ച ഒരു പട്ടിക സമർപ്പിക്കേണ്ടതാണ്. **(നടപടി - ജില്ലാ കളക്ടർ, തിരുവനന്തപുരം)**
9. റോഡ് വികസനവുമായി ബന്ധപെട്ട് ലാൻഡ് അക്വിസേഷൻ പ്രവൃത്തികളിൽ സർവ്വെ വകുപ്പുമായി ബന്ധപെട്ട ഉദ്യോഗസ്ഥരെ പ്രസ്തുത ജോലിയിൽ നിന്നും **relieve** ചെയ്യുമ്പോൾ പകരം ഉദ്യോഗസ്ഥൻ വന്നതിന് ശേഷം മാത്രമേ ടി ഉദ്യോഗസ്ഥരെ **relieve** ചെയ്യുവാൻ പാടുള്ളൂ. **(നടപടി - ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്)**

നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ റവന്യു വകുപ്പുമായി ബന്ധപ്പെട്ട മേൽ വിഷയങ്ങളിന്മേലുള്ള ഒരു അവലോകന യോഗം 2023 മാർച്ച് മാസം അവസാനം നടത്തുമെന്നും അതിനു മുൻപായി നടപടിക്രമങ്ങൾ പൂർത്തിയാക്കണമെന്നും ബഹു.റവന്യൂ വകുപ്പ് മന്ത്രി നിർദ്ദേശിച്ചു.

യോഗം **12.50**-ന് അവസാനിച്ചു.

കെ രാജൻ

MINISTER

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/5899254/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ഇ) വകുപ്പ്

REV-E3/465/2023-REV

06-10-2023,
തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ,
തിരുവനന്തപുരം.

സർ,

വിഷയം:- റവന്യൂ വകുപ്പ് - പോക്കുവരവ് - ശ്രീ. രജേഷ്, ശ്രീ. സുകു എന്നിവർ സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.

സൂചന:- ശ്രീ. രജേഷ്, ശ്രീ. സുകു എന്നിവർ സമർപ്പിച്ച 26.09.2023 ലെ അപേക്ഷ

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ടി നിവേദനത്തിന്മേൽ അനുഭാവപൂർവ്വം നിയമപരമായി വേണ്ട നടപടി സ്വീകരിച്ച് അപേക്ഷകന് നേരിട്ട് മറുപടി നൽകുന്നതിനായി ടി നിവേദനത്തിന്റെ പകർപ്പ് ഇതോടൊന്നിച്ചയയ്ക്കുന്നു.

വിശ്വസ്തതയോടെ,
രാഹുൽ എ രാജ് കെ എ എസ്
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

RL. 9921 IN

2719.

ബഹുമാനപ്പെട്ട കേരള റവന്യൂവകുപ്പ്മന്ത്രി തിരുവനന്തപുരം അവർകൾ സമക്ഷം

പള്ളിച്ചൽ വില്ലേജിൽ ടി ശ്രേത്ത് നെടുങ്ങോട്ടുകോണം മുണ്ടപ്ലാവിള പുത്തൻവീട്ടിൽ ജോൺസൺ മകൻ രാജേഷും, തോംസൺ മകൻ സുകുവും മുതൽപേർ സമർപ്പിക്കുന്ന അപേക്ഷ.

സർ,

ഞങ്ങൾ 2014-ൽ വസ്തു പോക്കുവരവ് ചെയ്ത് പട്ടയം പിടിച്ച് കരം തീർക്കുന്നതിന് വേണ്ടിയുള്ള അപേക്ഷ കളക്ടർക്ക് കൊടുത്തു. അതിൻപ്രകാരം കളക്ടർ ഓർഡറിട്ട് കയ്യിൽ തന്നു. പള്ളിച്ചൽ വില്ലേജ്ഓഫീസർക്ക് കൊടുക്കുകയും ചെയ്തു. അദ്ദേഹം സ്ഥലത്ത് വന്ന് പരിശോധിച്ച് വസ്തു അളന്ന് തിട്ടപ്പെടുത്തി റിപ്പോർട്ട് തരികയും ചെയ്തു. 2014-ൽ നെയ്യാറ്റിൻകര താലൂക്ക് ഓഫീസിൽ കൊടുക്കുകയും ചെയ്തു. ഫയൽ നം. K6/10695/14 നെയ്യാറ്റിൻകര താലൂക്കിൽ നിന്ന് മഹഡ് സർവ്വയറും സർവ്വയറും വന്ന് സ്ഥലം അളന്ന് തിട്ടപ്പെടുത്തുകയും ചെയ്തു. അതിനുശേഷം അദാലത്തിന് വയ്ക്കുകയും നോട്ടീസ് അയച്ചു എന്നു പറയുകയും ചെന്നു. ഞങ്ങൾക്ക് നോട്ടീസ് കിട്ടിയില്ല. വേറെ ഒരു അറിയിപ്പും ഉണ്ടായില്ല. താലൂക്കിൽ പോയി ഞങ്ങൾ തിരക്കിയപ്പോൾ ഫയൽ നം. കൊടുത്തു നോക്കിയപ്പോൾ ഈ ഫയൽ കോൺഫറൻസ് ഹാളിൽ ഇരിക്കുന്നതായി കണ്ടു. ഈ ഫയലിൽ എഴുതിയിരിക്കുന്നത് നോട്ടീസ് അയച്ച് ആരും വന്നില്ല. ഫയൽ ക്ലോസ് ചെയ്തു എന്നാണ് എഴുതിയിരിക്കുന്നത്. ഞങ്ങൾ നരുവാമൂട് പോസ്റ്റ് ഓഫീസിൽ തിരക്കി, ഇങ്ങനെ ഒരു നോട്ടീസും വന്നിട്ടില്ല എന്ന് പറഞ്ഞു. ഇതിൻപ്രകാരം താലൂക്ക് ഓഫീസർക്ക് വീണ്ടും പരാതികൾ കൊടുത്തു. ഞങ്ങൾ താമസിക്കുന്ന വീട് 150 വർഷത്തോളം പഴക്കമുണ്ട്. മൺകട്ട കെട്ടിയതും ഇടിഞ്ഞ് പൊളിഞ്ഞിരിക്കുന്ന ഓലക്കൂരയുമാണ്. വളരെ പഴക്കമുള്ള വൃക്ഷങ്ങൾ ഈ വീടിന്റെയും മറ്റു വീടുകൾക്കും ഭീഷണി ആയി നിൽക്കുകയാണ്. ആയതിനാൽ ഈ വസ്തു പോക്കുവരവ് ചെയ്ത് കരം തീർത്ത് കിട്ടുന്നതിനുവേണ്ടി ഈ ഫയൽ റീഓപ്പൺ ചെയ്ത് ശരിയായ നടപടികൾ സ്വീകരിച്ച് പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട ഞങ്ങളേയും ഞങ്ങളുടെ കുടുംബങ്ങളേയും മറ്റ് വീടിനേയും രക്ഷിക്കുന്നതിനുവേണ്ടി പോക്കുവരവ് ചെയ്ത് കരം തീർത്ത് കിട്ടുന്നതിനുവേണ്ടി സഹായിക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

എന്ന്

തീയതി : 26-9-2023

രാജേഷ് Rajesh.
Ph: 9088093024

സുകു
Ph: 9995083272

ഗീത

സുധ

ഉഷ

അനിൽകുമാർ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ഇ) വകുപ്പ്

REV-E3/238/2025-REV 19-06-2025,തിരുവനന്തപുരം

സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

സർ,

വിഷയം:- റവന്യൂ വകുപ്പ് ഹർജികൾ സംബന്ധിച്ച സമിതി (2023-26) പട്ടയം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ എസ്. സത്യപാലൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി - സംബന്ധിച്ച്.

സൂചന:- 28.03.2025,12.06.2025 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കാർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.സൂചനയിലെ സർക്കാർ കത്ത് പ്രകാരം താങ്കളിൽ നിന്നും ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് അടിയന്തിരമായി സർക്കാരിൽ ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

കൂടാതെ ടി വിഷയവുമായി ബന്ധപ്പെട്ട് 26.06.2025 തീയതിയിൽ സമിതിയുടെ തെളിവെടുപ്പ് യോഗം നടക്കുന്നതാണെന്നും പ്രസ്തുത യോഗത്തിൽ താങ്കൾ നേരിട്ട് ഹാജരായി സമിതി ആവശ്യപ്പെടുന്ന വിവരം നൽകേണ്ടതാണന്നും അറിയിക്കുന്നു. കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ,
JOSHY K L
SECTION OFFICER
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ജില്ലാ കളക്ടറുടെ കാര്യാലയം, ഇടുക്കി
പൈനാവ് പി.ഒ, കയിലിമല – 685603
ഫോൺ : 04862-232242, 04862-232303
ഇ-മെയിൽ : dcidk.ker@nic.in, ഫാക്സ് : 04862-233101

DCIDK/4687/2022-C13 **തീയതി : 10-03-2025**

ജില്ലാ കളക്ടർ,
ഇടുക്കി.

പ്രിൻസിപ്പൽ സെക്രട്ടറി,
റവന്യൂ (ജി) വകുപ്പ്,
തിരുവനന്തപുരം (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)

സർ,

വിഷയം :- 15-ാം കേരള നിയമസഭയുടെ 13-ാം സമ്മേളനം നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം **3348** മറുപടി സംബന്ധിച്ച്.

സൂചന :- 1. 04/03/2025 ലെ റവ-ജി1/44/2025-റവന്യൂ നമ്പർ കത്ത്.
2. ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06/03/2025 ലെ 147096/2023/DPO/IDK/LA നമ്പർ കത്ത്.

മേൽ വിഷയത്തിലേക്ക് സാദരം ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. 15-ാം കേരള നിയമസഭയുടെ 13-ാം സമ്മേളനം നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം **3348 ന്റെ (എ) (ബി) (സി)** പിരിവുകൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

(എ) സംസ്ഥാനത്ത് പരിസ്ഥിതിലോല മേഖലകളെ കണ്ടെത്തുന്നതിനുള്ള മാപ്പിംഗ് പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

28/11/2023 ൽ KML ഫയൽ സൂക്ഷ്മപരിശോധന നടത്തി. 08/01/2024 ൽ കളക്ടേറ്റിൽ ചേർന്ന യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഹാജരാക്കിയ ലിത്തോ മാപ്പുകളുടെയും റവന്യൂ റിക്കാർഡുകളുടെയും അടിസ്ഥാനത്തിൽ വില്ലേജുകളുടെ അതിർത്തി KML ഫയൽ ഗ്രഗിൾ എർത്തിന്റെ സഹായത്താൽ തയ്യാറാക്കിയത് 29/01/24 ൽ പരിസ്ഥിതി വകുപ്പിന് സമർപ്പിച്ചു.

(ബി) ജനങ്ങളുടെ ജീവനോപാധികളെയും പാർപ്പിട അവകാശങ്ങളെയും കുറിച്ചുള്ള ആവശ്യങ്ങളും പരാതികളും പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

ഉണ്ട്. പരിസ്ഥിതി വകുപ്പിന് 29/01/24 ൽ സമർപ്പിച്ച KML ഫയൽ പഞ്ചായത്ത്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

തലത്തിൽകൂടി പരിശോധിച്ച് പഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുള്ളതായി അറിയുന്നു.

(സി) ഇടുക്കി, വയനാട് പാക്കേജുകളിലെ നിർദ്ദേശങ്ങളിൻമേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഇടുക്കി -വയനാട് വികസന പാക്കേജ് മാർഗ്ഗരേഖ ഖണ്ഡിക 28 പ്രകാരം ഇടുക്കി - വയനാട് ജില്ലകൾ പരിസ്ഥിതി ലോല പ്രദേശങ്ങൾ ആണെന്നും ആയതിനാൽ സാമൂഹിക സാമ്പത്തിക വികസനത്തിന് എല്ലാവരെയും ഉൾക്കൊള്ളുന്ന സമീപനം സ്വീകരിക്കുന്നതിനോടൊപ്പം പ്രസ്തുത ജില്ലകളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുവാനും പാക്കേജുകൾ ലക്ഷ്യമിടുന്നതായും പറയുന്നു. ഇതിനാൽ ഈ ജില്ലകളിലെ ഫീൽഡ്തല ഉദ്യോഗസ്ഥരും ജന പ്രതിനിധികളും ഉൾപ്പെടെയുള്ള ജനങ്ങളുമായി സംവദിച്ച ശേഷമായിരിക്കും പദ്ധതി നിർദ്ദേശങ്ങൾ രൂപീകരിക്കേണ്ടത് എന്നും പറയുന്നു. ജില്ലയിലെ പ്രധാനപ്പെട്ട വികസന/സേവന വകുപ്പ് അദ്ധ്യക്ഷൻമാർ അംഗങ്ങളായുള്ള ജില്ലാതല സമിതിയും, ജനപ്രതിനിധികൾക്കുടി അംഗങ്ങളായ ജില്ലാതല മോണിറ്ററിംഗ് സമിതിയും ഇടുക്കി വികസന പാക്കേജിന്റെ നടത്തിപ്പിനായി ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

വിശ്വസ്തതയോടെ,

DEPUTY COLLECTOR
ജില്ലാ കളക്ടർക്കുവേണ്ടി

ഇത് കമ്പ്യൂട്ടർ ജനറേറ്റുചെയ്ത പ്രമാണമായതിനാൽ മാന്വൽ ഒപ്പ് ആവശ്യമില്ല. ഈ പ്രമാണത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് http://eoffice.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

GOVERNMENT OF KERALA

Revenue (E) Department

REV-E3/308/2025-REV
Thiruvanthapuram,Dated19-05-2025

The Petition dated 24.04.2025 from Shri. L. Radhakrishnan (I A S, Rtd) is forwarded herewith to the Land Revenue Commissioner for necessary action and to give reply to the applicant directly.

ROYCHEN THOMAS
DEPUTY SECRETARY

To:

The Land Revenue Commissioner,
Thiruvananthapuram.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

From,

24-04-2025

Vineeth Radhakrishnan

(Through the power of attorney holder)

L Radhakrishnan(Rtd)

8A, Sree Dhanya Castle.Kowdiar

Thiruvananthapuram-695003

സ്വീകർത്താവ് ,

റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

DC, Tvm
For info & necessary action

K.R. JYOTHILAL IAS
PEN: 325167
Additional Chief Secretary
Dept. of General Administration,
Forest & Wildlife and Power
Govt. of Kerala, Thiruvananthapuram
Ph: 0471 2518669

മാഡം ,

എനിക്ക് ശാസ്തമംഗലം SRO യിൽ നം .2665 ആധാരപ്രകാരം പേരൂർക്കട വില്ലേജിൽ 25 ബ്ലോക്കിൽ റീ സർവ്വേ നം. 71ൽ 17 ആർ 33 സ്കാ .മീ.സ്ഥലം ലഭിച്ചു. ടി.സ്ഥലത്തിന്റെ അതിർത്തി പുനർ നിർണ്ണയം നടത്തി കിട്ടുന്നതിലേക്കായി തിരുവനന്തപുരം താലൂക്കിൽ 413/ 956011/ 24 നമ്പറായി അപേക്ഷ നൽകിയിട്ടുണ്ട്. ടി.സ്ഥലം അടിയന്തിരമായി എനിക്ക് വിൽക്കേണ്ടതായിട്ടുണ്ട് .ആയതിനാൽ ടി .ഫയൽ നിലവിലെ സീനിയോറിറ്റി മാറ്റി ഫയൽ ചെയ്തു കിട്ടുന്നതിന് ഒരു സ്പെഷ്യൽ ഓർഡർ നൽകണമെന്ന് അപേക്ഷിക്കുന്നു .

വിശ്വസ്തതയോടെ ,

എൽ .രാധാകൃഷ്ണൻ (ഐ എ എസ് -റിട്ട.)

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

DCEKM/2700/2025-L11

കളക്ടറേറ്റ് എറണാകുളം
തീയതി:10-02-2025
ഇ-മെയിൽ:cru.dcekm@kerala.gov.in
ഫോൺ:04842422292

പ്രേഷകൻ,

ജില്ലാ കളക്ടർ
എറണാകുളം

സ്വീകർത്താവ്,

കമ്മീഷണർ
ലാൻഡ് റവന്യൂ
തിരുവനന്തപുരം

സർ ,

വിഷയം: റവന്യൂ വകുപ്പ്- LA Interpellation- ബഹു. ഭവന നിർമാണ വകുപ്പ് മന്ത്രി 12.02.2025 ന് മറുപടി നൽകേണ്ട നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1488 മറുപടി ലഭ്യമാക്കുന്നത് -സംബന്ധിച്ച്.

സൂചന: അങ്ങയുടെ 06.02.2025 ലെ LR/1447/2025-LR(B3) നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ സാദരം ക്ഷണിക്കുന്നു. 15-)o കേരള നിയമസഭയുടെ 13-)o സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 1488നമ്പർ ചോദ്യം സംബന്ധിച്ച മറുപടി ചുവടെ ചേർക്കുന്നു.

(എ) സർഫാസി നിയമപ്രകാരം കോടതി വ്യവഹാരത്തിലൂടെയല്ലാതെ ബാങ്കുകൾ ഏറ്റെടുത്ത ഭൂമി ലേലത്തിൽ പിടിച്ച് രജിസ്റ്റർ ചെയ്യ വാങ്ങുന്നവർക്ക് തണ്ടപ്പേരിൽ ബാങ്കിന്റെ പേരില്ല എന്ന കാരണത്താൽ പോക്കുവരവ് ചെയ്യാതിരിക്കുകയും നികുതി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) സർഫാസി നിയമപ്രകാരം ഏറ്റെടുക്കുന്ന ഭൂമിയുടെ ക്രയവിക്രയത്തിന്റെ ഭാഗമായി തണ്ടപ്പേരിൽ തങ്ങളുടെ പേര് ചേർക്കേണ്ടതില്ല എന്ന് ബാങ്കുകൾ നിലപാട് സ്വീകരിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

വിശ്വസ്തതയോടെ
DEPUTY COLLECTOR
ജില്ലാ കളക്ടർക്കുവേണ്ടി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ആർ.വി.സി.എ.1-307/2019 ദക്ഷിണമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ
കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ്,
ഒന്നാം നില,
വികാസ് ഭവൻ.പി.ഒ.
തിരുവനന്തപുരം - 695033
ഫോൺ : 0471-2731142
ഇ-മെയിൽ: rvtsouth@gmail.com
തീയതി : 18-11-2023

കേരള റവന്യൂ കമ്മീഷണറുടെ കാര്യാലയം
27 NOV 2023
തിരുവനന്തപുരം

ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്),
ദക്ഷിണമേഖല, തിരുവനന്തപുരം.

കമ്മീഷണർ,
ലാൻഡ് റവന്യൂ,
തിരുവനന്തപുരം.

സർ,

വിഷയം : റവന്യൂ വിജിലൻസ് അന്വേഷണം - നെയ്യാറ്റിൻകര താലൂക്ക് - അതിയന്നൂർ വില്ലേജ് - ശ്രീ.ദാസയ്യൻ എന്നയാളുടെ ഹർജി - സംബന്ധിച്ച്.

സൂചന : 1. അങ്ങയുടെ 30-05-2019-ലെ എൽ.ആർ.ബി.3-18014/2019 നം. കത്ത്.
2. അങ്ങയുടെ 16-10-2020-ലെ എൽ.ആർ.ബി.3-21034/20 നമ്പർ കത്ത്.
3. നെയ്യാറ്റിൻകര തഹസിൽദാരുടെ 17-07-2023-ലെ TLK-NTA/4427/2023-I1 നമ്പർ കത്ത്
4. ഈ കാര്യാലയത്തിലെ 20-10-2020-ലെ ആർ.വി.സി.എ1-594/19 നമ്പർ കത്ത്.

മേൽ വിഷയത്തിലേയ്ക്കും സൂചനകളിലേയ്ക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ടി വിഷയം സംബന്ധിച്ച് നെയ്യാറ്റിൻകര തഹസിൽദാരോട് റിപ്പോർട്ട് ആവശ്യപ്പെട്ടതിന്, സൂചന (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ടി റിപ്പോർട്ടിലെ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

അതിയന്നൂർ വില്ലേജ് ഓഫീസിൽ 1998 ൽ നടന്ന ഒരു പോക്കുവരവിലെ ക്രമക്കേട് ആരോപിച്ച് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയ്ക്ക് ലഭിച്ച പരാതിയെത്തുടർന്ന് ജി.2-4999/12 നമ്പർ ഫയലും വില്ലേജ് രേഖകളും പരിശോധിച്ചതിൽ അതിയന്നൂർ വില്ലേജ് റീസർവ്വെ ബ്ലോക്ക് 13 ൽ 282 നമ്പർ തണ്ടപ്പേര് പ്രകാരം ഉണ്ടായിരുന്ന നീക്കിമുതലിൽ നിന്നും 37/22 ൽ 01.32 ആർ സ്ഥലം എ ഫോറത്തിൽ രേഖപ്പെടുത്തി അന്നത്തെ വില്ലേജ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അസിസ്റ്റന്റ് ശ്രീ.മോഹനകുമാർ അംഗീകാരത്തിനായി പോക്കുവരവ് ഫയൽ സമർപ്പിക്കുകയും വില്ലേജ് ഓഫീസർ പരിശോധിച്ച് ഫയൽ തഹസിൽദാർക്ക് അയച്ച് പാസ്സാക്കിയിട്ടുള്ളതുമാകുന്നു.

പ്രസ്തുത സർവ്വെ നമ്പരിൽ അത്രയും സ്ഥലം നീക്കിമുതൽ ഇല്ലായിരുന്നെന്നും 282 നമ്പർ തണ്ടപ്പേരിൽ നിന്നും മറ്റ് ചില കക്ഷികൾക്ക് ഈ സർവ്വെ നമ്പരിലെ മുഴുവൻ സ്ഥലവും പോക്കുവരവ് ചെയ്തിട്ടും ടി വിവരം പ്രസ്തുത തണ്ടപ്പേരിൽ രേഖപ്പെടുത്താത്തത് കൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ പോക്കുവരവ് ചട്ടങ്ങൾ പ്രകാരം റദ്ദ് ചെയ്ത് പ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്തു.

2013 ൽ അന്വേഷണങ്ങൾക്കും നിയമപരമായ നടപടികൾക്കും ശേഷം പോക്കുവരവിനു വേണ്ടി എ ഫോറം തയ്യാറാക്കുന്നതിൽ വില്ലേജ് അസിസ്റ്റന്റ് ശ്രീ.മോഹനകുമാർ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടിയിരുന്നു എന്ന് പ്രസ്താവിച്ച് കൊണ്ട് 1960 ലെ Kerala civil services (classification, control & appeal) rules 11(1) പ്രകാരമുള്ള censure എന്ന ശിക്ഷ ശ്രീ.മോഹനകുമാറിന് നൽകി ഈ കേസ് സർക്കാർ തീർപ്പാക്കുകയുണ്ടായി. ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാകുന്നു.

ഈ കേസിൽ ശൂന്യതണ്ടപ്പേരിൽ ഉൾപ്പെടുത്തി പോക്കുവരവ് ചെയ്തുവെന്നാണ് പരാതിക്കാരന്റെ ആരോപണം. എന്നാൽ തണ്ടപ്പേര് രജിസ്റ്റർ പരിശോധിച്ചതിൽ 6388(എ), 6389(എ) എന്നീ തണ്ടപ്പേരുകളാണ് പിടിച്ചിട്ടുള്ളതായി കാണുന്നത്.

മരണമടഞ്ഞ ഒരാളുടെ പേരിലുള്ള അപേക്ഷയിലാണ് നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന ആരോപണവും പരാതിയിൽ കാണുന്നു. അപേക്ഷകന്റെ പേരും വിലാസവും രേഖപ്പെടുത്തി ഒപ്പ് വച്ച് സമർപ്പിക്കുന്ന അപേക്ഷയിൽ ഒപ്പിട്ട കക്ഷി ജീവിച്ചിരിപ്പുണ്ടോ എന്നും ഒപ്പ് അപേക്ഷകന്റെ തന്നെയാണോയെന്നും ഓരോ അപേക്ഷയിലും പരാതിയില്ലാത്തിടത്തോളം അന്വേഷണം നടത്തുക പ്രായോഗികമല്ലാത്തതാണ്.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സൂചന (1) പ്രകാരം ബഹു.ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകി ടി ഫയൽ 25-09-2021 ൽ തീർപ്പാക്കിയിട്ടുള്ളതാകുന്നു. സൂചന (2) പ്രകാരം റവന്യൂ മിത്രം പോർട്ടലിൽ ടിയാൻ നൽകിയ പരാതിയിൽ 07-02-2022 ൽ ഐ.1-2629/22 നമ്പരായി റിപ്പോർട്ട് നൽകിയിട്ടുള്ളതാകുന്നു. ടി വിഷയത്തിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ മുഖേനയും പലതട്ടിലുള്ള അധികാരികൾ മുഖേനയും അന്വേഷണം നടത്തിയിട്ടുള്ളതായി കാണുന്നു. censure നൽകി ഫയൽ തീർപ്പാക്കി കഴിഞ്ഞ വിഷയത്തിലാണ് ടിയാൻ വീണ്ടും പരാതി നൽകിയിരിക്കുന്നത്. ഈ വിഷയം സംബന്ധിച്ച് ഇതിന് മുൻപും ഈ ഓഫീസിൽ പരാതി ലഭിച്ചിട്ടുണ്ടായിരുന്നതും അതിന് സൂചന (4) പ്രകാരം റിപ്പോർട്ട് നൽകിയിരുന്നതുമാണ് എന്ന വിവരം ടി റിപ്പോർട്ടിന്റെ പകർപ്പ് സഹിതം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്)

ഉള്ളടക്കം : സൂചന (4) ന്റെ പകർപ്പ്.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ആർ.വി.സി.എ.1-594/19.

ദക്ഷിണമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ
കാര്യാലയം, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്,
തിരുവനന്തപുരം, ഫോൺ : 0471-2731142,
ഇ മെയിൽ : rvtsouth@gmail.com
തീയതി : 21/10/2020.

ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്),
ദക്ഷിണമേഖല, തിരുവനന്തപുരം.

പ്രിൻസിപ്പൽ സെക്രട്ടറി,
റവന്യൂ (സി) വകുപ്പ്,
സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

സർ,

വിഷയം : റവന്യൂ വിജിലൻസ് അന്വേഷണം - തിരുവനന്തപുരം ജില്ല -
നെയ്യാറ്റിൻകര താലൂക്ക് - അതിയന്നൂർ വില്ലേജ് -
ശ്രീ.ജയൻകുമാർ.എസ്.കെ. സമർപ്പിച്ച പരാതി -
അന്വേഷണ റിപ്പോർട്ട് - സംബന്ധിച്ച്.

സൂചന : അങ്ങയുടെ 04-10-2019-ലെ 113/ഡി.4/19/റവന്യൂ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് സവിനയം അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം അന്വേഷണത്തിനായി അയച്ചു നൽകിയ ശ്രീ.ജയൻകുമാർ.എസ്.കെ., വടക്കുംകര പുത്തൻവീട്, തേമ്പാമുട്ടം എന്നവരുടെ പരാതിയിലെ പ്രധാന ആരോപണങ്ങൾ ചുവടെ പറയുന്നു.

അതിയന്നൂർ വില്ലേജാഫീസിലെ വില്ലേജ് അസിസ്റ്റന്റ് ആയിരുന്ന ശ്രീ.കെ.മോഹനകുമാറിനെതിരായുള്ള അച്ചടക്കനടപടി തീർപ്പാക്കിക്കൊണ്ട് 24-02-2015-ന് റവന്യൂ(സി)വകുപ്പ് പുറപ്പെടുവിച്ച 1044/15/ആർ.സി നമ്പർ സർക്കാർ ഉത്തരവ് പുന:പരിശോധിക്കുന്നതിനായാണ് പരാതിക്കാരൻ ഹർജ്ജി സമർപ്പിച്ചിരുന്നത്. പ്രസ്തുത ഹർജ്ജിയിൽ ആരോപിച്ചിട്ടുള്ള സംഗതികൾ :-

1. ആരോപണവിധേയനായ ശ്രീ.കെ.മോഹനകുമാർ അതിയന്നൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 13-ൽ റീസർവ്വെ 37/22-ൽ 1.32 ആർ വസ്തുവിന്റെ കള്ള പട്ടയം ഉണ്ടാക്കിയതിന് ശ്രീ.അനിൽകുമാർ പേരിൽ ആണെന്നത് മറച്ചുവച്ച് സർക്കാരിനെ തെറ്റിദ്ധരിപ്പിച്ചു കൊണ്ട് അധിക പട്ടയം നൽകിയത് എസ്.കെ.ജോയികുമാറിനാണെന്ന് കളവായി സത്യവാങ്മൂലം നൽകിയിട്ടുള്ളതാണ്.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

2. മരണപ്പെട്ട ശ്രീ.അഗസ്ത്യൻ എന്ന കക്ഷിയുടെ പേരിൽ തയ്യാറാക്കിയ പോക്കുവരവ് അപേക്ഷയിന്മേൽ 1.32 ആർ കൂടുതലായി ചേർത്ത് ആരോപണ വിധേയനായ മോഹനകുമാർ 'എ' ഫാറം തയ്യാറാക്കി 8.35 ആർ വസ്തു മരണപ്പെട്ട ആളിന് അനുവദിച്ചതായി രേഖ ഉണ്ടാക്കി.
3. മരണപ്പെട്ട ആളിന്റെ പേരിൽ കൃത്രിമമായി തയ്യാറാക്കിയ 'എ' ഫാറത്തിന്റെ അടിസ്ഥാനത്തിൽ 8.35 ആർ വസ്തു മരണപ്പെട്ട അഗസ്ത്യന് അനുവദിച്ചതായി രേഖ ഉണ്ടാക്കി.
4. ഈ സാഹചര്യത്തിൽ 'എ' ഫാറം കൃത്രിമമായി തയ്യാറാക്കിയ ശ്രീ.കെ.മോഹനകുമാറിനെതിരെ നടപടി സ്വീകരിക്കണം.
5. സർക്കാരിൽ കളവായി മൊഴി നൽകിയ ശ്രീ.കെ.മോഹനകുമാറിനെ സസ്പെൻഡ് ചെയ്ത് വകുപ്പുതല നടപടി സ്വീകരിക്കണം.

അതിയന്നൂർ വില്ലേജിലെ (നിലവിൽ ബാലരാമപുരം വില്ലേജ്) ബ്ലോക്ക് നമ്പർ 13-ൽ റീസർവ്വെ.37/22-ൽ ബി.റ്റി.ആർ.പ്രകാരം 20.50 ആർ ഭൂമി തണ്ടപ്പേർ 282 ആയി ശ്രീ.ബദറുദ്ദീൻ പേരിൽ ഉണ്ടായിരുന്നു. ടി തണ്ടപ്പേരിൽ നിന്നും 2270/95-ാം നമ്പർ ആധാരപ്രകാരം 12.15 ആർ സ്ഥലം ബനഡിക്ട് മോഹൻദാസ്, സുജാത മകൾ അനിത എന്നിവരുടെ കൂട്ടുതണ്ടപ്പേരിലേയ്ക്ക് പോയിട്ടുള്ളതാണ്. 986/92 നമ്പർ ആധാരപ്രകാരം മുൻസർവ്വെ നമ്പർ 4/1-സി, 5/1 എ പ്രകാരം 16.500 സെന്റ് സ്ഥലം ആയത് 98-ലെ പോക്കുവരവ് പ്രകാരം റീസർവ്വെ നമ്പർ 37/23-ൽ 5.35 ആറും റീസർവ്വെ 37/22-ൽ 1.32 ആറും 5235-ാം നമ്പർ തണ്ടപ്പേർ പ്രകാരം ജോയികുമാറിന് ലഭിച്ചിട്ടുണ്ട്. 2009-ലെ 3194-ാം നമ്പർ കൂട്ടവകാശ ഒഴിവുകുറി പ്രകാരം റീസർവ്വെ 37/22-ൽ 8.35 ആർസ് സ്ഥലം 12244 നമ്പർ തണ്ടപ്പേരും പടി അനിൽ കുമാറിനും ലഭിച്ചു. എന്നാൽ ബി.റ്റി.ആർ.പ്രകാരമുള്ള വിസ്തീർണ്ണം 20.50 ആർ ആയിരിക്കെ ടി പോക്കുവരവു കേസുകൾ പ്രകാരം 21.82 ആർസ് പോക്കുവരവ് ചെയ്തിട്ടുള്ളതായി കാണുന്നു. ജില്ലാ കളക്ടറുടെ ബി.18-33788/2013 തീയതി 07-12-2015 നമ്പർ നടപടിക്രമപ്രകാരം ടി പോക്കുവരവുകളും തണ്ടപ്പേരും റദ്ദു ചെയ്തിട്ടുള്ളതാണ്. ഇത്തരത്തിൽ തെറ്റായ രീതിയിൽ വിസ്തീർണ്ണ വ്യത്യാസം വരുത്തി പോക്കുവരവ് ചെയ്യുന്നതിനായി എ ഫോറം തയ്യാറാക്കിയ വില്ലേജ് അസിസ്റ്റന്റായ ശ്രീ.മോഹനകുമാറിനെതിരെ വകുപ്പുതല ശിക്ഷാനടപടികൾ സ്വീകരിച്ചിരുന്നതും ബഹുമാനപ്പെട്ട സർക്കാരിന്റെ 24-02-2015-ലെ G0(rt) നമ്പർ 1044/15 നമ്പർ ഉത്തരവ് പ്രകാരം ടിയാൻ കുറ്റക്കാരനെന്നു കണ്ടെത്തി കർശനമായ താക്കീത് നൽകി തീർപ്പാക്കിയിട്ടുള്ളതുമാണ്. പരാതിയിൽ പറയും പ്രകാരം കുറ്റാരോപണ വിധേയനായ ശ്രീ.കെ.മോഹനകുമാർ തെറ്റായ വിവരങ്ങൾ സർക്കാരിനു

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നൽകി തെറ്റിദ്ധരിപ്പിച്ചു എന്ന് തെളിയിക്കുന്നതിന് ആവശ്യമായ തെളിവുകൾ ലഭിച്ചിട്ടില്ലാത്തതാണ്.

പരാതിയിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ എല്ലാം തന്നെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C)11632/15(C) ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലാകളക്ടർ വിശദമായി പരിശോധിച്ചിരുന്നതും പരാതിയ്ക്ക് ആധാരമായ തണ്ടപ്പേരുകൾ റദ്ദു ചെയ്തിരുന്നതും കൈവശ പ്രകാരവും, ആധാര പ്രകാരവും ഭൂമി സബ്ഡിവിഷൻ ചെയ്തു പുന:ക്രമീകരിക്കുന്നതിന് 7-12-2015-ന് ബി.18-33788/13 നമ്പർ പ്രകാരം നടപടിക്രമം പാസാക്കിയിട്ടുള്ളതാണ്. പരാതിയിൽ പറയുന്ന ഓരോ ആരോപണങ്ങളും ജില്ലാ കളക്ടർ വിശദമായി പരിശോധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് നൽകിയിരുന്നതും ആയതു പ്രകാരം ബഹുമാനപ്പെട്ട ലാൻഡ് റവന്യൂ കമ്മീഷണർ 24-12-2014-ലെ എൽ.ആർ.ഡി.3-28969/19 നമ്പർ കത്ത് പ്രകാരം ബഹുമാനപ്പെട്ട ഗവൺമെന്റ് സെക്രട്ടറി, റവന്യൂ(സി)വകുപ്പിന് റിപ്പോർട്ടായി നൽകിയിരുന്നതും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരോപണവിധേയനായ ശ്രീ.കെ.മോഹനകുമാറിനെതിരെ അച്ചടക്കനടപടി ആരംഭിച്ചിരുന്നതും തുടർന്ന് 24-02-2015-ലെ GO(rt)1044/15/ആർ ഡി നമ്പരായി ആരോപണവിധേയന് കർശനമായ താക്കീത് നൽകി ശിക്ഷാനടപടികൾ പൂർത്തിയാക്കി നടപടികൾ തീർപ്പാക്കിയിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ പരാതിയിൽ പറയുന്ന കാര്യങ്ങൾക്ക് കുറ്റാരോപിതൻ ശിക്ഷാനടപടികൾക്കു വിധേയനായിട്ടുള്ളതും ശിക്ഷാ നടപടി പുന:പരിശോധിക്കുന്നതിന് ആവശ്യമായ സംഗതികൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതുമാണ് എന്നുള്ള വിവരം സവിനയം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. ജില്ലാ കളക്ടറുടെ ഉത്തരവിൻ പ്രകാരവും ഭൂമി സംബന്ധിച്ച് ബഹുമാനപ്പെട്ട നെയ്യാറ്റിൻകര മുൻസിഫ് കോടതി മുമ്പാകെ നിലവിലുള്ള O.S.402/13 നമ്പർ കേസിലെ വിധിയ്ക്കനുസരിച്ചും നടപടി സ്വീകരിക്കുന്ന മുറയ്ക്ക് പരാതിയ്ക്ക് പരിഹാരം കാണുന്നതാണെന്നുമുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്).

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

RL 782413495IN

19.1.24

ബഹുമാനപ്പെട്ട ലാന്റ് റവന്യൂ കമ്മീഷണർ

മുമ്പാകെ

B3

പരാതിക്കാരൻ

ദേവദാസ്

മങ്കാരം, പൗഡിക്കോണം,

ശ്രീകാര്യം, തിരുവനന്തപുരം - 695017

9061523409

ബോധിപ്പിക്കുന്ന അപേക്ഷ

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ഉളിയാഴ്ത്തുറ വില്ലേജിന്റെ പരിധിയിൽ ഉള്ള സർവ്വെ 65 ൽ ഉൾപ്പെട്ട 55 1/2 ഏക്കർ വസ്തുവിൽ 65/36, 65/17 എന്നിവയാണ്. നിലവിലെ അവകാശികളായ എനിക്കും സഹോദരിമാർ ആയ ക്രിസ്റ്റീന, വിക്ടോറിയ എന്നിവർക്കും അവകാശം ഉള്ളതാണ്. രാജൻ അന്തോണി, ജേക്കബ്ബിന്റെയും, ജോസഫിന്റെയും പിതാവ് ആണ്. രാജൻ അന്തോണി 2 ഏക്കർ 12 സെന്റ് ഒറ്റിക്കു കൊടുത്തിരുന്നു.

1953 നു മുൻപെ ഒറ്റിക്കുകൊടുത്തിരുന്നു. 1953 ൽ കമലാബായി മറു ഒറ്റി വാങ്ങി. 1966 മുതൽ കേസ് നടത്തി. ജോസിന്റെ മകൻ സെൽവനോസ് കോടതി ഉത്തരവു പ്രകാരം 1986 ൽ ഒറ്റി ഒഴിപ്പിച്ചെടുത്തു. 1983 മുതൽ മേഴ്സി കനകമ്മാൾ ഒരേക്കർ 49 സെന്റിന് വ്യാജ ആധാരം ഉണ്ടാക്കി. കേസ് കൊടുത്ത മേഴ്സി കനകമ്മാൾ മരണപ്പെട്ടതിനുശേഷം മകൻ ജയകുമാർ കേസ് നടത്തുന്നു. കോടതി കമ്മീഷനെ വച്ചു. 2002 ൽ മേഴ്സി കനകമ്മാൾ പ്ലോട്ട് അധികൃതർക്ക് ഒഴിഞ്ഞുകൊടുത്തില്ല. 2 ഏക്കർ 12 സെന്റിൽ 1 ഏക്കർ 49 സെന്റിന് കേസ് നടത്തിയപ്പോൾ കോടതി കമ്മീഷനെ ബോധ്യപ്പെടുത്താൻ മേഴ്സി കനകമ്മാളിനു കഴിഞ്ഞില്ല. 2 ഏക്കർ 12 സെന്റ് ഒറ്റി ഒഴിപ്പിച്ചെടുത്ത വസ്തുവിൽ 1 ഏക്കർ 12 സെന്റ് കരം തീർക്കുന്നുണ്ട്.

രാജൻ അന്തോണി ഒറ്റിക്കെടുത്ത 2 ഏക്കർ നല്ല ആദായം ഉള്ള

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സ്ഥലമായിരുന്നു. ജേക്കബ്ബ് കൈവശം വച്ചിരുന്ന വസ്തു കാലക്രമേണ ജേക്കബ്ബ് ദേവദാസ് എന്ന എന്നെ ടി ഒരേക്കർ സർവ്വെ 65/10 ൽ ഉള്ള സ്ഥലം എന്റെ കൈവശത്തിലാണ്. ഒഴിപ്പിച്ചതിനുശേഷം ടി സ്ഥലം എന്റെ കൈവശത്തിൽ 53 വർഷങ്ങൾ കൊണ്ടു ഉണ്ട്. മേഴ്സി കനകമ്മാൾ വ്യാജ ആധാരം ഉണ്ടാക്കിയതിൽ ടി ഒരേക്കർ ഉൾപ്പെട്ടു എന്നും ടി ഒരേക്കറിനു കേസില്ല.

എനിക്ക് സർവ്വെ 65/10 ൽ ഉള്ള ടി ഒരേക്കറിനും കൈവശ സർട്ടിഫിക്കറ്റ് ഉളിയാഴ്ത്തുറ വില്ലേജിൽ നിന്നും ആയതിനാൽ എന്റെ കൈവശം ഉള്ള സർവ്വെ 65/10 ന് കരം തീർക്കാൻ നടപടി സ്വീകരിക്കണമെന്നും അപേക്ഷിക്കുന്നു. 65/11 എന്ന തെറ്റായ സർവ്വെയിൽ കരം ഒടുക്കി വരുന്നുണ്ട്. ടി സർവ്വെ 65/10 ഒടുക്കി കരം തീർക്കുവാൻ നടപടി സ്വീകരിക്കണമെന്നും അപേക്ഷിക്കുന്നു. സർവ്വെ 65/10 ഒരേക്കറിനു ഉളിയാഴ്ത്തുറ വില്ലേജ് ഓഫീസർ കൽപ്പിച്ചിട്ടുണ്ട്. ടി വസ്തുവിന് എനിക്ക് കരം തീർത്തു കിട്ടണം.

18.01.2023 എന്ന്

ദേവദാസ്,

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഭരണഭാഷ – മാതൃഭാഷ

DCKLM/12209/2023-L4

കളക്ടേറ്റ്, കൊല്ലം
തീയതി:01-08-2025
ഫോൺനമ്പർ:0474 2793473
ഇ–മെയിൽ : dcklm.ker@nic.in

ജില്ലാകളക്ടർ
കൊല്ലം

ലാൻഡ് റവന്യൂ കമ്മീഷണർ
ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്
പബ്ലിക് ഓഫിസ്
തിരുവനന്തപുരം

സർ,

വിഷയം: ഫയൽ അദാലത്ത് - കൊട്ടാരക്കര താലൂക്ക് - മാങ്കോട് വില്ലേജ് -ഭൂമി സംബന്ധമായി വില്ലേജ് ഓഫീസർ തെറ്റായ നടപടി സ്വീകരിച്ചുവെന്ന് കാണിച്ച് ശ്രീ. ഗോപിനാഥൻ നായർ സമർപ്പിച്ച പരാതി - സംബന്ധിച്ച്.

സൂചന: 1. അങ്ങയുടെ 08/09/2023 ലെ LR/9857/2023-LR(B3) നമ്പർ കത്ത്
2. കൊട്ടാരക്കര ഭൂരേഖ തഹസീൽദാരുടെ 01.03.2025 ലെ TLKKTR/5002/2023-G5 നം കത്ത്

മേൽ സൂചനകളിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. കൊട്ടാരക്കര താലൂക്കിൽ മാങ്കോട് വില്ലേജിൽ തന്റെ ഉടമസ്ഥതയിലുള്ള ഭൂമി സംബന്ധമായി വില്ലേജ് ഓഫീസർ തെറ്റായ നടപടി സ്വീകരിച്ചുവെന്ന് കാണിച്ച് ശ്രീ. ഗോപിനാഥൻ നായർ സമർപ്പിച്ച പരാതിയിൻ മേൽ തുടർനടപടികൾ സ്വീകരിച്ച് വിവരം അപേക്ഷകനെ അറിയിക്കുവാൻ സൂചന (1) പ്രകാരം അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത പരാതിയിൻ മേൽ മാങ്കോട് വില്ലേജ് ഓഫീസർ മുഖേന പരിശോധന നടത്തി കൊട്ടാരക്കര ഭൂരേഖ തഹസീൽദാർ സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ആയതിൻ പ്രകാരം കൊട്ടാരക്കര താലൂക്കിൽ മാങ്കോട് വില്ലേജിൽ റീസർവ്വെ ബ്ലോക്ക് 53 ൽ സർവ്വെ 32/4 ൽ പ്പെട്ട 29.55 ആർസ് പുരയിടം തിരുവനന്തപുരം താലൂക്കിൽ ശാസ്തമംഗലം വില്ലേജിൽ വട്ടിയൂർക്കാവ്. പി. ഒ യിൽ മരുതൻകുഴി ചിറ്റാറ്റിൻകര എന്ന സ്ഥലത്ത് TC 7/1076 നമ്പർ ഹരിതയിൽ പരമേശ്വരൻ നായർ മകൻ ഗോപിനാഥൻ നായർ പേരിൽ 14639 നമ്പർ തണ്ടപ്പേർ പ്രകാരം കരം ഒടുക്കിലും ഉടമസ്ഥതയിലും ഉണ്ടായിരുന്നതും ആയതിൽ നിന്നും പല വ്യക്തികൾക്ക് കൈമാറ്റം ചെയ്തത് കഴിച്ച് 05.05 ആർസ് വസ്തു ടി തണ്ടപ്പേരിൽ നീക്കിമുതൽ ഉള്ളതുമാകുന്നു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പ്രസ്തുത കൈമാറ്റം ചെയ്തിട്ടുള്ള വസ്തു ഉൾപ്പെടെയുള്ള സർവ്വേ 32/4 ൽ പ്പെട്ട 29.55 ആർസ് വസ്തു IVth അഡീഷണൽ മുൻസിഫ് കോടതി തിരുവനന്തപുരത്തിന്റെ 29.10.22 ലെ IA No.01/2022 (OS 128/2022) ഉത്തരവ് പ്രകാരം അറ്റാച്ച് ചെയ്ത് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ രേഖപ്പെടുത്തിയിരിക്കുന്ന ബ്ലോക്ക്, സർവ്വെ നം, വിസ്തീർണ്ണം, ഏല്പുക, വിവരണം എന്നിവ പ്രകാരമുള്ളത് മാങ്കോട് വില്ലേജിൽ ബ്ലോക്ക് 53 ൽ റീസർവ്വെ 32/4 ൽ ഉൾപ്പെട്ട 29.55 ആർസ് ഭൂമിയാണ്. പ്രസ്തുത കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആണ് വില്ലേജ് റിക്കാർഡുകളിൽ അറ്റാച്ച്മെന്റ് രേഖപ്പെടുത്തിയിരിക്കുന്നത് . എന്നാൽ കോടതി ഉത്തരവിൽ ഗോപിനാഥൻ പിള്ള S/o രാഘവൻപിള്ള , കോർഡിയൽ ബിൽഡിങ്ങ്സ് ഹൗസ് നം . 2A , വെള്ളയമ്പലം എന്നാണ് തണ്ടപ്പേർ കക്ഷിയുടെ പേര് രേഖപ്പെടുത്തിയിരിക്കുന്നത് . ടി കക്ഷി പേരിൽ മാങ്കോട് വില്ലേജ് പരിധിയിൽ വസ്തുക്കൾ ഇല്ലാത്തതായി വില്ലേജ് ഓഫീസർ റിപ്പോർട്ട ചെയ്തിട്ടുള്ളതാണ്. ബഹു. കോടതിയുടെ IA No. 01/2022 നം ഉത്തരവിൽ മാങ്കോട് വില്ലേജിൽ ബ്ലോക്ക് 53 ൽ റീസർവ്വ 32/4 ൽ ഉൾപ്പെട്ട 29.55 ആർസ് ഭൂമിയാണ് അറ്റാച്ച് ചെയ്ത് ഉത്തരവായിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിലാണ് ടി ഭൂമി സംബന്ധമായ വില്ലേജ് റിക്കാർഡുകളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത്. കോടതി ഉത്തരവു പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന അറ്റാച്ച്മെന്റ് ആയതിനാൽ ടി അറ്റാച്ച്മെന്റ് തണ്ടപ്പേരിൽ നിന്നും നീക്കം ചെയ്യുന്നതിന് കോടതി മുഖേന പരിഹാരം കാണാവുന്നതാണെന്ന വിവരം കക്ഷിയെ അറിയിച്ചിട്ടുള്ളതാണ് എന്ന വിവരം തുടർനടപടികൾക്കായി റിപ്പോർട്ട് ചെയ്ത് കൊള്ളുന്നു.

വിശ്വസ്തതയോടെ,

DEPUTY COLLECTOR

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഭരണഭാഷ – മാതൃഭാഷ

File No.: DCKLM/9413/2024-L4

കളക്ടേറ്റ്, കൊല്ലം
തീയതി:16-10-2024
ഫോൺനമ്പർ:0474 2793473
ഇ–മെയിൽ : dcklm.ker@nic.in

ജില്ലാകളക്ടർ
കൊല്ലം

ലാൻഡ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം: All Kerala Document writer's and Scribe's association ബഹു. റവന്യൂ മന്ത്രി മുമ്പാകെ സമർപ്പിച്ച അപേക്ഷ—സംബന്ധിച്ച്.

സൂചന: അങ്ങയുടെ കാര്യാലയത്തിൽ നിന്നുള്ള 05/08/2024 ലെ LR/7518/2024-LR(B3) നമ്പർ കത്ത്

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. ഭൂമിയുടെ പോക്കുവരവ് പല വില്ലേജുകളിലും വളരെ കാലതാമസം വരുന്നുണ്ടെന്നും ആർ.ഒ.ആർ സർട്ടിഫിക്കറ്റിന് ആവശ്യമായ രേഖകൾ സമർപ്പിച്ചാലും ചില ഉദ്യോഗസ്ഥൻമാർക്ക് ഭൂമി കാണണമെന്ന് വാശിപിടിച്ചു അഴിമതിയ്ക്ക് അവസരം സൃഷ്ടിക്കുന്നുവെന്നും ഡിജിറ്റൽ സർവെ പൂർത്തീകരണത്തോടു കൂടി റവന്യൂ-സർവ്വേ-രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുകളുടെ സംയോജനത്തിൽ രജിസ്ട്രേഷൻ ഡിപ്പാർട്ടമെന്റുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കേരളത്തിലെ ആധാരം എഴുത്തുകാരുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കാനും ആശങ്ക ദൂരീകരിക്കാനും ഇടപെടൽ ഉണ്ടാകണമെന്നും കാണിച്ച് All Kerala Document writer's and Scribe's association റവന്യൂ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച അപേക്ഷമേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സൂചനപ്രകാരം നിർദ്ദേശിച്ചിരുന്നു. മതിയായ കാരണമില്ലാതെ കൊല്ലം ജില്ലയുടെ പരിധിയിലുള്ള വില്ലേജുകളിൽ പോക്കുവരവ് അനുവദിയ്ക്കുന്നതിന് കാലതാമസം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. പോക്കുവരവ് അനുവദിയ്ക്കുന്നതിന് മുൻപ് ഭൂമിയുടെ കൈവശവും ഉടമസ്ഥാവകാശവും ബോധ്യപ്പെടേണ്ടതുണ്ട്. സ്ഥലപരിശോധന നടത്തേണ്ട കേസുകളിൽ ആയത് സമയബന്ധിതമായി പൂർത്തിയാക്കി അനുവദനീയമായ സമയപരിധിയ്ക്കുള്ളിൽതന്നെ പോക്കുവരവ് നടപടികൾ സ്വീകരിയ്ക്കാൻ എല്ലാ വില്ലേജാഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും പോക്കുവരവ് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് കാലതാമസം ശ്രദ്ധയിൽപ്പെട്ടാൽ കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു കൊള്ളുന്നു.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വിശ്വസ്തതയോടെ,

ജില്ലാ കളക്ടർക്കു വേണ്ടി
DEPUTY COLLECTOR

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



പ്രേക്ഷിതൻ,

സി.വി. രാജൻ

ചെപ്ലമഴികം,TC14/166

പരുത്തിപ്പാറ, നാലാഞ്ചിറ പി.ഒ.

തിരുവനന്തപുരം - 695015

ഫോൺ : 8281152387

സ്വീകർത്താവ്,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ

ലാന്റ് റവന്യൂ കമ്മീഷണറുടെ കര്യാലയം

തിരുവനന്തപുരം

Mail ID : lrcommision@gmail.com



സർ,

വിഷയം : വിവരാവകാശം 2005 മറുപടി

സൂചന : 1) ഫയൽ നമ്പർ LR 1134/2021 LR (B3) തീയതി 22.11.24

2) LR 1134/2021 LR (B3) തീയതി 20.12.24

സൂചന പ്രകാരമുള്ള ഫയൽ സംബന്ധമായി എനിക്കറിയേണ്ടതായിട്ടുള്ള വിവരങ്ങൾക്കായി സമർപ്പിക്കുന്ന അപേക്ഷ.

1) സൂചനപ്രകാരമുള്ള മറുപടിയിൽ പരാതിക്കാസ്പദമായ വിഷയത്തിൽ താങ്കളുടെ കാര്യാലയത്തിൽ LR B3 – 2670/2021, 1134/2021-LR (B3) എന്നീ രണ്ടു ഫയലുകൾ ഉള്ളതായി മനസ്സിലാക്കുന്നു. ആയതിനാൽ LR B3 – 2670/2021, എന്ന ഫയലിന്റെ തൽസ്ഥിതി വിവരം.
(ഗ്രീവൻസ് ഹിസ്റ്ററി, അനുബന്ധകുറിപ്പുകൾ തുടങ്ങിയ)
2) നോട്ട് 6 പ്രകാരം 31.08.21 -ൽ നല്കിയിട്ടുള്ള കത്തിന്റെ അടയാള സഹിതം പകർപ്പ്.
3) നോട്ട് 5,8 എന്നീ കത്തുകൾ അംഗീകരത്തിനായി സമർപ്പിച്ചിട്ടുള്ള ശ്രീ പ്രവീൺകുമാർ M.K, J.S (L.R) CLR എന്നവർ ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസിന്റെ മേൽ വിലാസം
4) നോട്ട് 15, 18,27 എന്നിവ പ്രകാരം അംഗീകാരം നല്കിയിട്ടുള്ള കത്തുകളുടെ അടയാളസഹിതം പകർപ്പ്.
5) അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുന്നതിലേയ്ക്കായി 21.05.2024 ൽ താങ്കളുടെ കാര്യലയത്തിൽ നിന്നും നല്കിയിട്ടുള്ള കത്തിന്റെ അടയാള സഹിതം പകർപ്പ്

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

6) സൂചന 2ലെ കത്ത് പ്രകാരം പ്രസ്തുത വഴി സർവ്വെ സ്കെച്ച് പ്രകാരം അതിർത്തി തിരിച്ച് പരാതിഭാഗത്തെ ബൗണ്ടറി അലൈൻമെന്റ് നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് താങ്കളുടെ കാര്യാലയത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും എന്നിവ ലഭ്യമാക്കുന്നതിനായി ബോധിപ്പിക്കുന്ന അപേക്ഷ.

വിശ്വസ്തതയോടെ

തിരുവനന്തപുരം
04.01.2025

രാജൻ. സി.വി

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/170107/2023

ഭരണഭാഷ – മാതൃഭാഷ

DCKLM/11043/2021-L4

കളക്ടേറ്റ്, കൊല്ലം
തീയതി:30-06-2023
ഫോൺനമ്പർ:0474 2793473
ഇ–മെയിൽ : dcklm.ker@nic.in

ജില്ലാകളക്ടർ
കൊല്ലം

1) അഡീഷണൽ ചീഫ് സെക്രട്ടറി
റവന്യൂ (യു) വകുപ്പ്

2) ലാൻഡ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം: കടയ്ക്കാമൺ അംബേദ്കർ കോളനിയിലെ ഭൂമിയുടെ പോക്കുവരവ് - അകാലകൈമാറ്റം സാധൂകരിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന: 1.അഡ്വ. എസ് വേണുഗോപാൽ ബഹു. റവന്യൂ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച ഹർജി
2.പത്തനാപുരം ഭൂരേഖ തഹസിൽദാരുടെ 03/03/2022 ലെ ബി.8-6782/2021 നം. റിപ്പോർട്ട്
3.പ്രിൻസിപ്പൽ സെക്രട്ടറി,റവന്യൂ(യു) വകുപ്പിന്റെ 13/08/19 ലെ യു2/39/18 നമ്പർ കത്ത്.
4. ഈ കാര്യാലയത്തിൽ നിന്നുള്ള 29/10/20219 ലെ DCKLM/9044/2019-L4 നമ്പർ കത്ത്

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. പത്തനാപുരം താലൂക്കിലെ പുന്നല വില്ലേജിൽ ഉൾപ്പെട്ട കടയ്ക്കാമൺ അംബേദ്ക്കർ കോളനിയിലെ Arable forest land Assignment Rule പ്രകാരം പതിച്ചു നൽകിയ വസ്തുവിന്റെ പോക്കുവരവ് സംബന്ധിച്ച് സൂചന (1) പ്രകാരം സമർപ്പിച്ചിട്ടുള്ള ഹർജിയിൻമേൽ ലഭ്യമാക്കിയ സൂചന (2) റിപ്പോർട്ട് പരിശോധിച്ചതിൽ പത്തനാപുരം താലൂക്കിലെ പുന്നല വില്ലേജിൽ ഉൾപ്പെട്ട അംബേദ്കർ കോളനി, മുൻ കടയ്ക്കാമൺ റിസർവ്വ് ഫോറസ്റ്റിൽ ഉൾപ്പെട്ടതും കൃഷിക്കായി റവന്യൂവിലേയ്ക്ക് വിട്ടു കൊടുത്ത് ജി.ഒ(എം.എസ്) നം. 110/73/എ.ഡി തീയതി, 29.03.73 പ്രകാരം 95 പട്ടികജാതി കുടുംബങ്ങൾക്കും 5 ഇതര കുടുംബങ്ങൾക്കുമായി പട്ടയം നൽകിയതിൽ ഉൾപ്പെട്ടതുമാണ്. ഒരാൾക്ക്/ കുടുംബത്തിന് 70 സെന്റ് സ്ഥലം കൃഷി ചെയ്യുന്നതിനും, 20 സെന്റ് സ്ഥലം വീട് വയ്ക്കുന്നതിനുമായി ഉൾപ്പെടുത്തി 100ഏക്കർ സ്ഥലം വ്യക്തികൾക്ക് /കുടുംബത്തിന് വ്യവസ്ഥകൾക്ക് വിധേയമായി 1973-74 ഘട്ടത്തിൽ പതിച്ചു നൽകിയതാണ്. ശേഷിക്കുന്ന 10 ഏക്കർ റോഡിനും മറ്റ് പൊതുവായ ആവശ്യങ്ങൾക്കുമായി (പൊതു കളി സ്ഥലം മുതലായവ) ഉപയോഗിച്ചു വരുന്നു. പട്ടയ പ്രകാരം 10 വർഷക്കാലത്തേക്ക്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അന്യകൈമാറ്റം പാടില്ല എന്ന വ്യവസ്ഥ നിലനിർത്തിയാണ് പട്ടയം അനുവദിച്ചിരുന്നത്.

ഇപ്രകാരം വ്യവസ്ഥ നിലനിർത്തി നൽകിയ പട്ടയ കക്ഷികളിൽ നാളിതുവരെ 2 വ്യക്തികൾ മാത്രമേ സ്ഥലം കൈവശം വച്ചനുഭവിച്ചു വരുന്നുള്ളൂ. മറ്റുള്ളവരിൽ ഭൂരിഭാഗം പേരും പട്ടയം ലഭിച്ചു കഴിഞ്ഞ് കൈവശ സ്ഥലം വ്യവസ്ഥ ലംഘിച്ച് പൂർണ്ണമായും, ഭാഗികമായും നിയമാനുസൃത ആധാരം ചമച്ചും അല്ലാതെയും കൈമാറ്റം ചെയ്തിട്ടുള്ളതാണ്. പട്ടയ കക്ഷികളിൽ ഭൂരിഭാഗം പേരും മരണപ്പെട്ട് പോയിട്ടുള്ളതുമാണ്. ടി ഭൂമി ഇപ്പോൾ അഞ്ഞൂറിലധികം വ്യക്തികളുടെയോ കുടുംബങ്ങളുടെയോ കൈവശത്തിലാണ്. ഇതിൽ അനന്തരാവകാശികൾക്ക് കൈമാറ്റം ചെയ്യ കിട്ടിയ ആധാരങ്ങളിൽ ഏറെയും പോക്കുവരവ് ചെയ്യ പോയിട്ടുള്ളതും ആയവ വീണ്ടും കൈമാറ്റം ചെയ്ത് അന്യ കൈവശങ്ങളിലുമാണ്. പട്ടയ വ്യവസ്ഥ പ്രകാരം 10 വർഷ കാലയളവിനു ശേഷം കൈമാറ്റം ചെയ്യപ്പെട്ട കേസുകളിൽ 2005 വരെ പോക്കുവരവ് അനുവദിച്ചിരുന്നതായും തുടർന്ന് ടി പോക്കുവരവ് നടപടികൾ നിർത്തി വച്ചിട്ടുള്ളതായും കാണുന്നു. കോളനി നിവാസികളുടെ നാളിത് സ്ഥിതി നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടതിൽ ഭൂരിഭാഗം പേരും ആധാരം രജിസ്റ്റർ ചെയ്യാതെ കേവലം അൻപതോ, നൂറോ രൂപ പത്രങ്ങളിൽ " നട്ടുദേഹണ്ഡ വിലയാധാരം'' എന്നെഴുതി കരാർ വച്ച് കൈവശം വച്ചും വീടുവച്ചും താമസിച്ചു വരുന്ന സാമ്പത്തികമായും സാമൂഹ്യപരമായും പിന്നോക്കാ വസ്ഥയിലുള്ള ആളുകളാണ്. നാളത് പോക്കുവരവിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചതിൽ കൈവശസ്ഥലം പട്ടയ വ്യവസ്ഥയിലെ 10 വർഷ കാലാവധിയ്ക്ക് ശേഷം നിയമാനുസൃത ആധാരം ചമച്ച് കൈമാറ്റം ചെയ്യപ്പെട്ട് ലഭിച്ചവ, പട്ടയ വ്യവസ്ഥയിലെ 10 വർഷ കാലാവധിയ്ക്ക് മുൻപ് നിയമാനുസൃത ആധാരം ചമച്ച് കൈമാറ്റം ചെയ്യപ്പെട്ട് 12 വർഷത്തിലധികമായി കൈവശം വച്ചിരിക്കുന്നവ, പട്ടയകക്ഷിയിൽ നിന്നോ അവകാശം ലഭിച്ച മറ്റ് കക്ഷികളിൽ നിന്നോ ആധാരം രജിസ്റ്റർ ചെയ്യാതെ കരാർ വ്യവസ്ഥയിൽ ലഭിച്ച് 12 വർഷത്തിലധിക മായി കൈവശം വച്ചിരിക്കുന്നവ, നിയമാനുസൃത രേഖകൾ ഒന്നും തന്നെ ഇല്ലാതെ കൈവശം വച്ച് അനുഭവിച്ച് വരുന്നവ എന്നീ 4 വിഭാഗങ്ങളിലായി ഉൾപ്പെട്ടതാണെന്ന് കാണുന്നു. പട്ടയവ്യവസ്ഥയിലെ 10 വർഷക്കാലാവധിക്ക് മുമ്പ്, നിയമാനുസൃത ആധാര പ്രകാരമുള്ള കൈമാറ്റത്തിലൂടെ 12 വർഷത്തിലധികമായി കൈവശം വച്ചിരിക്കുന്ന വസ്തുക്കളും, ആധാരം രജിസ്റ്റർ ചെയ്യാതെ കരാർ വ്യവസ്ഥയിൽ ലഭിച്ച് 12 വർഷത്തിലധികമായി കൈവശം വച്ചിരിക്കുന്ന വസ്തുക്കളും കേരള പോക്കുവരവ് ചട്ടം റൂൾ 28 അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിലേക്കും നിയമാനുസൃത രേഖകൾ ഒന്നും ഇല്ലാതെ കൈവശം വച്ചനുഭവിച്ചു വരുന്ന വസ്തുക്കൾ കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം, ചികിത്സ തുടങ്ങിയവയ്ക്കായി പോക്കുവരവ് ചെയ്യ നൽകുന്നതിലേക്കും സർക്കാർ തലത്തിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാകേണ്ടതുണ്ട്. അരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് ചട്ടങ്ങൾ 1970 പ്രകാരം പതിച്ചുനൽകിയതും ടി പട്ടയ വ്യവസ്ഥകൾ ലംഘിച്ച് കൈമാറിയതുമായ പുനലൂർ താലൂക്കിൽ അലയമൺ വില്ലേജിലെ സർവ്വേ 745/1 ൽപ്പെട്ട ഭൂമിയിൽ റവന്യൂ (പി) വകുപ്പിന്റെ 20/01/2016 ലെ സ.ഉ(സാധാ) നം-329/16/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പോക്കുവരവ് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാകുന്നു. നിലവിൽ പട്ടയം നൽകി 49 വർഷം കഴിഞ്ഞ സാഹചര്യത്തിൽ നാളത് കൈവശത്തിന്റെ അടിസ്ഥാനത്തിൽ ടി കൈവശക്കാരുടെ പേരിൽ പോക്കുവരവ് നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിൽ നിന്നും ഉത്തരവ് ലഭ്യമാകുന്നതിലേക്ക് മേൽ വിവരങ്ങൾ സമർപ്പിച്ചു കൊള്ളുന്നു. മേൽ വിഷയവുമായി ബന്ധപ്പെട്ട് സൂചന (4) പ്രകാരം റവന്യൂ (യു) വകുപ്പിലേക്ക് കത്ത് നൽകിയിട്ടുള്ള വിവരം കൂടി ആയതിന്റെ പകർപ്പ് സഹിതം റിപ്പോർട്ട് ചെയ്യ കൊള്ളുന്നു.

വിശ്വസ്തതയോടെ,

ജില്ലാ കളക്ടർക്കു വേണ്ടി

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

DCKLM/11043/2021-L4

I/170107/2023

DEPUTY COLLECTOR

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

File No.DCKLM/9044/2019-L4

കളക്ടറേറ്റ്,കൊല്ലം
പിൻ-691 013,ഫോൺ-0474 279 3473
ഇ മെയിൽ-dcklm.ker.nic.in

ഞാൻ 21-03-2022 ൽ വാമനപുരം സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും 573/2022 നമ്പർ പ്രകാരം രജിസ്ട്രേഷൻ വകുപ്പ് 32A പ്രകാരം ടി വില്ലേജിൽ റീസർവ്വെ 641/1 ൽ ഉൾപ്പെടുന്ന വസ്തുവിൽ നിന്ന് പൊന്നമ്മ മകൾ ലീല അവർകൾ നിന്നും 03.700 സെന്റ് വസ്തു വിലയാധാരം വാങ്ങിയിരുന്നു. ടി ആധാരം 07/04/2022 ൽ 14/22 PV നമ്പർ പ്രകാരം 100 രൂപ ഫീസ് അടച്ചു നെടുമങ്ങാട് താലൂക്കിൽ നിന്നും സബ് ഡിവിഷൻ തിരിച്ച് വന്നു. 21/05/2022 ൽ T32790 തണ്ടപ്പേർ ഉൾപ്പെടുത്തി കരം അടച്ചിരുന്നു. എന്നാൽ ടി വർഷത്തെ കരം ഒടുക്കുവാൻ ചെന്നപ്പോൾ എന്റെ ഉടമസ്ഥതയിലുള്ള ടി വസ്തുവിന്റെ കരം അടക്കുന്നതിൽ നിന്നും ടി വില്ലേജ് അധികാരികൾ തടസ്സം പറയുന്നു. എന്താണ് കാരണം എന്ന് വിവരാവകാശ നിയമം 2005 പ്രകാരം വ്യക്തമായ കാരണങ്ങൾ കാണിച്ച് നൽകണമെന്നും റവന്യൂ റിക്കാർഡ് പ്രകാരം വീണ്ടും മുൻകാലങ്ങളിൽ ഉണ്ടായിരുന്ന വ്യക്തിയുടെ പേരിൽ തന്നെ തിരിച്ചു പോയതായി അറിയാൻ സാധിച്ചിരിക്കുന്നു. ഇത് കാരണം എന്റെ സ്വാതന്ത്ര്യത്തെ ഗുരുതരമായി ബാധിച്ചിരിക്കുന്നതിനാൽ അപേക്ഷ മുൻഗണന നൽകി മറുപടി നൽകുവാൻ അപേക്ഷിച്ചിരുന്നു. എന്നാൽ റവന്യൂ റീവസർവ്വെ വിഭാഗത്തിന്റെ വീഴ്ച മറച്ചുവച്ചാണ് അധികാരികൾ മറുപടി നൽകിയത്.

ഒപ്പം സമർപ്പിക്കുന്ന അപേക്ഷയും എന്റെ വസ്തുവിന്റെ രേഖകളും പരിശോധിച്ചാൽ തന്നെ ഇതിൽ ടി വകുപ്പിലെ ജീവനക്കാരുടെ വീഴ്ച മനസ്സിലാക്കാം.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

1 മറുപടിയിൽ പറയുന്ന കാര്യങ്ങൾ വ്യക്തമല്ല.

2. ടി വില്ലേജിൽ റീസർവ്വേ നടപടികൾ നടന്നത് 2008 ൽ ആണ്.

3. 2008 ൽ നടത്തിയ റീസർവ്വേ പ്രകാരം ഇംപ്ലിമെന്റ് ചെയ്തത് 15-07-2022 ൽ ടി വകുപ്പിന്റെ ഗുരുതരമായ വീഴ്ചയാണ്.

4. ടി വില്ലേജ് ആഫീസറും, അപ്പീൽ അധികാരി താലൂക്ക് അഫീസും വകുപ്പിന്റെ വീഴ്ച മറച്ചുവച്ച് എന്റെയും ടി വില്ലേജിലെ 2008-ൽ ശേഷം ഇടപാടുകൾ നടന്ന എല്ലാ ഭൂഉടമകളെയും സ്വാതന്ത്ര്യത്തെ മരവിപ്പിച്ചിരിക്കുകയാണ്. വസ്തുക്കൾ കൈമാറ്റം ചെയ്യാനും, പല ആവശ്യങ്ങൾക്കും ലോൺ എടുക്കുന്നതിനും തുടങ്ങി ഒന്നും തന്നെ നടക്കുന്നില്ല. 1 വർഷമായി ഈ അപാകത വകുപ്പ് പരിഹരിച്ചിട്ടില്ല. ആകയാൽ സമക്ഷത്തിൽ നിന്നും അടിയന്തിരമായി വകുപ്പുതല അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിനോടൊപ്പം എന്റെ ടി വസ്തുവിന് 2023/24 കരം ഒടുക്കുന്നതിനുള്ള നടപടിക്ക് അനുകൂല ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

സമർപ്പണം

1. വില്ലേജിൽ നൽകിയ അപേക്ഷ, ടി മറുപടി
2. നെടുമങ്ങാട് അപ്പീൽ അധികാരിക്കുള്ള അപേക്ഷ
3. ടി മറുപടി

എന്ന്

ബഹുമാനപൂർവ്വം

തിരുവനന്തപുരം

തീയതി: 16/08/2023

എസ്. ഷമീന.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പ്രേക്ഷിത

എസ്. ഷമീന
D/o സുബൈദാബീവി
ഫാത്തിമ കോട്ടേജ്, കരിഞ്ചിവിള
മണലിമുക്ക്, വെഞ്ഞാറമൂട്.പി.ഒ,
തിരുവനന്തപുരം-695607
ഫോൺ : 8590361739.

സ്വീകർത്താവ്

ബഹു: സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ
അപ്പീൽ അധികാരി സമക്ഷം.

സൂചന:- വസ്തു കരം ഒടുക്കുന്നത് സംബന്ധിച്ച്.
(വാമനപുരം വില്ലേജ്)

സർ,

സൂചനയിൽ പറയുന്ന അപാകത സംബന്ധിച്ച് ടി നിയമപ്രകാരം ടി വില്ലേജ് ആഫീസ് നൽകിയ മറുപടിയിൽ നിന്നും മനസ്സിലാകുന്നത് ബന്ധപ്പെട്ട സർക്കാർ വകുപ്പിന്റെ ഗുരുതരമായ വീഴ്ചയാണ്. വസ്തു ഉടമ ആയ ഞാൻ സർക്കാർ നിർദ്ദേശങ്ങൾ ഉത്തരവിൽ പറയുന്നത് അനുസരിച്ച് നിർദ്ദേശിക്കുന്ന നികുതി അടച്ചു പി. വി. നടപടി പൂർത്തിയാക്കി 45 ദിവസത്തിന് ശേഷം ടി വില്ലേജ് ആഫീസ് വസ്തു കരം ഒടുക്കി രസീത് നൽകി. ടി വകുപ്പിലെ ജീവനക്കാരുടെ വീഴ്ച കാരണം ടി വസ്തുവിൽ മേൽ എനിക്ക് ഉള്ള അവകാശ സ്വതന്ത്ര്യത്തിന്റെ ലംഘനമാണ് നടന്നത്. ടി ആഫീസ് നൽകിയ മറുപടി പൂർണ്ണത ഇല്ലാത്തതും എനിയ്ക്ക് തൃപ്തി ഇല്ലാത്തതിന്റെയും സാഹചര്യത്തിൽ വ്യക്തമായ മറുപടി നൽകണമെന്നും, ടി വീഴ്ച ബഹു. കോടതിയിൽ സമർപ്പിക്കുന്നതിന് അപേക്ഷയ്ക്കു മുൻഗണന നൽകി പരിഗണിക്കണെന്ന് അപേക്ഷിച്ചു കൊള്ളുന്നു.

(മുൻ അപേക്ഷ, മറുപടി പകർപ്പ് ഒപ്പം സമർപ്പിക്കുന്നു)

നെടുമങ്ങാട്
06/06/2023

TALUK OFFICE
NEDUMANGAD

എന്ന്,
ബഹുമാനപൂർവ്വം,
ഷമീന.എസ്.

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

" ഭരണ ഭാഷ മാതൃ ഭാഷ"

അപ്പീൽ അധികാരി & നെടുമങ്ങാട് ഭൂരേഖാ വിഭാഗം തഹസിൽദാരുടെ നടപടിക്രമം

(ഹാജർ : സജി. എസ്. കുമാർ)

നം. ബി1-10809/2023 തീയതി : 30.06.2023

==========

വിഷയം : വിവരാവകാശ നിയമം 2005, അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം : ശ്രീമതി. എസ്. ഷമീന, ഫാത്തിമ കോട്ടേജ്, കരിഞ്ചിവിള, മണലിമുക്ക്, വെഞ്ഞാറമൂട്. പി.ഒ സമർപ്പിച്ച അപ്പീൽ ഹർജി.

****

വിവരാവകാശ നിയമം 2005 പ്രകാരം ശ്രീമതി. എസ്. ഷമീന, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ, വാമനപുരം മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ലഭിച്ച മറുപടി തൃപ്തികരമല്ലെന്ന് കാണിച്ചാണ് പരാമർശം പ്രകാരം അപ്പീൽ ഹർജി സമർപ്പിച്ചിട്ടുള്ളത്.

അപ്പീൽ ഹർജി തീർപ്പാക്കുന്നതിനായി ഹർജി കക്ഷി വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷ, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ, വാമനപുരം നൽകിയ മറുപടി, അപ്പീൽ ഹർജി എന്നിവ പരിശോധിച്ചു. ഹർജി കക്ഷി വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത് ഹർജി കക്ഷി 21.05.2022-ൽ T-32790-ാം നമ്പർ തണ്ടപ്പേർ പ്രകാരം കരം അടച്ചിരുന്ന വസ്തുവിൽ ഈ വർഷത്തെ കരം അടയ്ക്കുന്നതിന് വില്ലേജ് അധികാരികൾ തടസ്സം പറയുന്നു എന്നും ആയതിനുള്ള കാരണവുമാണ്.പ്രസ്തുത അപേക്ഷയ്ക്ക് 17.05.2022-ൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ, വാമനപുരം സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ആയതിൻ പ്രകാരം 15.07.2022-ൽ വാമനപുരം വില്ലേജിൽ റീസർവ്വെ ഇംപ്ലിമെന്റ് ചെയ്തിട്ടുള്ളതും പ്രസ്തുത റീസർവ്വെ റിക്കാർഡ് പ്രകാരം ഹർജി കക്ഷിയുടെ പേരിലുണ്ടായിരുന്ന വാമനപുരം വില്ലേജിൽ മുൻസർവ്വെ നമ്പർ 641/1-ൽപ്പെട്ട 3 സെന്റ് 700 ലിങ്ക്സ് പുരയിടം ടി വസ്തുവിന്റെ മുൻതണ്ടപ്പേർ കക്ഷിയായ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പൊന്നമ്മ മകൾ ലീല , മംഗലത്ത് ഹൗസ്, വാമനപുരം എന്നയാളുടെ 3.24 ആർ വസ്തുവിൽ ഉൾപ്പെട്ട് വന്നിട്ടുള്ളതാണ് . ആയതിനാലാണ് ഈ വർഷത്തെ കരം അടയ്ക്കാൻ ഹർജി കക്ഷിക്ക് സാധിക്കാത്തതെന്നും പ്രസ്തുത റീസർവ്വെ അപാകത (പേരുമാറ്റം, സബ് ഡിവിഷൻ) പരിഹരിക്കുന്നതിനായി ഫോറം നമ്പർ 8-ൽ അപേക്ഷ, ആധാരത്തിന്റെ പകർപ്പ് , പഴയ കരം ഒടുക്കിയതിന്റെ പകർപ്പ് എന്നിവ സഹിതം നെടുമങ്ങാട് താലൂക്ക് ഓഫീസിൽ അപേക്ഷ സമർപ്പിക്കാവുന്നതാണെന്നും പ്രസ്തുത അപാകത പരിഹരിക്കുന്ന മുറയ്ക്ക് കരം അടച്ച് നൽകുന്നതാണെന്നുമാണ്.

ഹർജി കക്ഷി സമർപ്പിച്ച അപേക്ഷയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ, വാമനപുരം നൽകിയ മറുപടി തൃപ്തികരമെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ റീസർവ്വെ അപാകത പരിഹരിക്കുന്നതിനായി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം അപേക്ഷ നൽകിയാൽ മതിയാകും എന്ന വിവരം അറിയിച്ചുകൊണ്ട് ടി അപ്പീൽ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

അപ്പീൽ അധികാരി & തഹസിൽദാർ (ഭൂരേഖ)

സ്വീകർത്താവ്

ശ്രീമതി. എസ്. ഷമീന, ഫാത്തിമ കോട്ടേജ്, കരിഞ്ചിവിള, മണലിമുക്ക്, വെഞ്ഞാറമൂട്. പി.ഒ

2-ാം അപ്പീൽ അധികാരി : മുഖ്യ വിവരാവകാശ കമ്മീഷണർ, ബഹു. സംസ്ഥാന വിവരാവകാശ കമ്മീഷൻ, പുന്നൻറോഡ്, തിരുവനന്തപുരം

അപ്പീൽ കാലാവധി : 90 ദിവസം

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

എസ്. ഷമീന
S/o സുബൈദബീവി
'ഫാത്തിമ കോട്ടേജ്', കരിഞ്ചിവിള
മണലിമുക്ക്, വെഞ്ഞാറമൂട് പി.ഒ
തിരുവനന്തപും - 695607
ഫോൺ: 8590361739

ബഹു: പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വാമനപുരം വില്ലേജ് ആഫീസ്,
വാമനപുരം, നെടുമങ്ങാട് താലൂക്ക്.

വിഷയം:- വിവരാവകാശം നിയമം 2005
സൂചന:- വസ്തു കരം ഒടുക്കുന്നത് സംബന്ധിച്ച്.

സർ,

ഞാൻ 21-03-2022 ൽ വാമനപുരം സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും 573/2022 നമ്പർ പ്രകാരം രജിസ്ട്രേഷൻ വകുപ്പ് 32A പ്രകാരം ടി വില്ലേജിൽ റീസർവ്വെ 641/1 ൽ ഉൾപ്പെടുന്ന വസ്തുവിൽ നിന്ന് പൊന്നമ്മ മകൾ ലീല അവർകൾ നിന്നും 03.700 സെന്റ് വസ്തു വിലയാധാരം വാങ്ങിയിരുന്നു. ടി ആധാരം 07/04/2022 ൽ 14/22 PV നമ്പർ പ്രകാരം 100 രൂപ ഫീസ് അടച്ചു നെടുമങ്ങാട് താലൂക്കിൽ നിന്നും സബ് ഡിവിഷൻ തിരിച്ച് വന്നു. 21/05/2022 ൽ T32790 തണ്ടപ്പേർ ഉൾപ്പെടുത്തി കരം അടച്ചിരുന്നു. എന്നാൽ ടി വർഷത്തെ കരം ഒടുക്കുവാൻ ചെന്നപ്പോൾ എന്റെ ഉടമസ്ഥതയിലുള്ള ടി വസ്തുവിന്റെ കരം അടക്കുന്നതിൽ നിന്നും ടി വില്ലേജ് അധികാരികൾ തടസ്സം പറയുന്നു. എന്താണ് കാരണം എന്ന് ടി നിയമപ്രകാരം വ്യക്തമായ കാരണങ്ങൾ കാണിച്ച് നൽകണമെന്നും റെവന്യൂ റിക്കാർഡ് പ്രകാരം വീണ്ടും മുൻകാലങ്ങളിൽ ഉണ്ടായിരുന്ന വ്യക്തിയുടെ പേരിൽ തന്നെ തിരിച്ചു പോയതായി അറിയാൻ സാധിച്ചിരിക്കുന്നു. ഇത് കാരണം എന്റെ സ്വാതന്ത്ര്യത്തെ ഗുരുതരമായി ബാധിച്ചിരിക്കുന്നതിനാൽ അപേക്ഷ മുൻഗണന നൽകി മറുപടി നൽകുവാൻ അപേക്ഷിക്കുന്നു.

എന്ന്
ബഹുമാനപൂർവ്വം

വാമനപുരം
17/05/2023

എസ്. ഷമീന

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നമ്പർ : 14/2023 വില്ലേജ് ഓഫീസ് - വാമനപു
തീയതി - 17.05.20

വില്ലേജ് ഓഫീസർ
&
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
വാമനപുരം

എസ്. മീന
D/o സുബൈദബീവി
ഫാത്തിമ കോട്ടേജ്
കരിഞ്ചിവിള, മണലിമുക്ക്
വെഞ്ഞാറമൂട് P.O

സർ,

വിഷയം :- വിവരാവകാശ നിയമം 2005- മുഖേ
നല്കുന്നത് സംബന്ധിച്ച്.

സൂചന :- വസ്തു കരം ഒടുക്കുന്നത്സംബന്ധ

വാമനപുരം വില്ലേജ് ഓഫീസിൽ 15.07.20
റീസർവ്വെ ഇംപ്ലിമെന്റ് ചെയ്തിട്ടുള്ളതാണ്. നാട്ടത് വില്ലേ
റീസർവ്വെ റിക്കാർഡ് പരിശോധിച്ചതിൽ വാമനപുരംവില്ലേജ്
മുൻസർവ്വെ 64/1 ൽ ഉൾപ്പെട്ട നെല്ലനാട് വില്ലേജിൽ വാഴിക്കൽ
മൂറിയിൽ വെഞ്ഞാറമൂട് വാമനപുരം മണലിമുക്കിൽ ഫാത്തിമ
കോട്ടേജിൽ (വെഞ്ഞാറമൂട് P.O) സുബൈദബീവി മകൾ മീനാ S
ചേരിലുണ്ടായിരുന്ന 3 സെന്റ് 700 ലിംഗ്സ് ചുരയിടം റീസർവ്വെയ
1 ൽ റീസർവ്വെ 303/18 ൽ 2843.00 നമ്പർ തണ്ടപ്പേരുംപ്രകാ
മുൻതണ്ടപ്പേർക്കക്കിയായ പൊന്നമ്മ മകൾ ലീല, കൈലാസത്ത

MANOJ N.K
State Public Information Officer
and Village Officer Vamanapuram

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

മംഗലത്തുമിഹ്നസ് വാമനപുരം എന്നയാളുടെ 3.24 ആർ വസ്തുവിൽ ഉൾപ്പെട്ടു വന്നിട്ടുള്ളതാണ്. ആയതിനാലാണ് യഥാ ഉടമസ്ഥനായ ഷമീനപേരിൽ കരം അടക്കാൻ സാധിക്കാത്തത് പേസ്തുത റീസർവ്വെ അപാകതകളായ പേര്മാറ്റം സബ് ഷൻ എന്നിവ ചെയ്യുന്നതിലേക്കായി ഫോറം 8 ൽ അപേക്ഷ, ആധാരത്തിന്റെ പകർപ്പ്, പഴയ കരം ഒടുക്കിയ രസീതിന്റെ കോ എന്നിവ സഹിതം നെടുമങ്ങാട് താലൂക്ക് ആഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. റീസർവ്വെ അപാകത പരിഹരിക്കുന്ന മുറക്ക് കരം അടച്ച് നൽകുന്നതാണ്.

താങ്കൾക്ക് ലഭ്യമായ മറുപടിയിൻമേൽ എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം 30 ദിവസത്തിനകം അപ്പീൽ അധികാരിയാ നെടുമങ്ങാട് താലൂക്ക് തഹസിൽദാർ മുമ്പാകെ അപ്പീൽ സമർപ്പിക്ക താണ്. (Ph. 04722802424)

23/05/2023

MANOJ N.K
State Public Information Officer
and Village Officer Vamanapuram

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

---------- Forwarded message ---------
From: **Ranjith Kumar padmanabhan** <ranjithmaruthoor@gmail.com>
Date: Sat, 5 Oct 2024 at 18:05
Subject: LRM1/857538/2024 application details
To: <VO-kalyr.rev@kerala.gov.in>
Cc: <stateitcell@gmail.com>

Dear sir,
Please update the status of our application of Reservey of our property in kalliyoor village.
the application we forward to taluk office of trivandrum postal division more than 3moths before.
Now we went to the office and asked for the update in the postal department. They gave reference number details as LRM1/857538/2024.

after taking this reference details in concern LRM Division

They informed us that a digital survey is in progress. As per Village office information already Digital Survey completed.

There was conflict in reply from both the taluk division and village office side.

KIndly give the correct update on our case.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

1

D1 -500/2024

താലൂക്കോഫീസ്, പുനലൂർ
തീയതി - 18/10/2024
ഫോൺ നം. 0475-2222605
ഇ-മെയിൽ-talukitcellplr@gmail.com



തഹസിൽദാർ(ഭൂരേഖ)
പുനലൂർ.

ലാന്റ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം.

സർ,

വിഷയം:- കൈവശ സ്ഥലത്തിന് കരം ഒടുക്കി നൽകണമെന്നത് - സംബന്ധിച്ച്.

സൂചന:- 1. അങ്ങയുടെLR1178/24 LRB3 നമ്പർ കത്ത്.
2. അഞ്ചൽ വില്ലേജിൽ ചെമ്പകരാമനല്ലൂർ രാജ് ഭവനിൽ ശ്രീ.രേജേന്ദ്രബാബു സമർപ്പിച്ച അപേക്ഷ.

****

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചു കൊള്ളുന്നു. സൂചന പ്രകാരം ലഭിച്ച അപേക്ഷയിൽ കക്ഷിയ്ക്കു നൽകിയ മറുപടി ഇതോടൊപ്പം ചേർത്ത് അറിവിലേക്കായി സമർപ്പിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ

തഹസിൽദാർ(ഭൂരേഖ)

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

D1 -500/2024

താലൂക്കാഫീസ്, പുനലൂർ
തീയതി - 18/10/2024
ഫോൺ നം. 0475-2222605
ഇ-മെയിൽ-talukitcellplr@gmail.com

തഹസിൽദാർ(ഭൂരേഖ)
പുനലൂർ.

ശ്രീ.രാജേന്ദ്ര ബാബു
രാജ് ഭവൻ
ചെമ്പകരാമനല്ലൂർ
അഞ്ചൽ.

സർ,

വിഷയം:- കൈവശ സ്ഥലത്തിൽ കരം ഒടുക്കി നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1. താങ്കൾ ബഹു.ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ സമർപ്പിച്ച അപേക്ഷ.
2. സർവ്വെയറുടെ 05.11.2022, 06.05.2023 എന്നീ തീയതികളിലെ റിപ്പോർട്ട്.
3. റവന്യൂ വകുപ്പിന്റെ 21.04.2022ലെ സ.ഉ(കൈ) നം 110/2020/RD നമ്പർ ഉത്തരവ്.

****

കൈവശ ഭൂമി റീസർവ്വെ റിക്കാർഡിൽ ഉൾപ്പെടുത്തി ലഭിക്കുന്നതിലേക്ക് താങ്കൾ ബഹു.ലാന്റ് റവന്യൂ കമ്മീഷണർ മുൻപാകെ സമർപ്പിച്ച അപേക്ഷയിന്മേൽ അന്വേഷണം നടത്തിയതിൽ ടി ഭൂമിക്ക് അഞ്ചൽ സബ് രജിസ്ട്രാർ ഓഫീസിലെ 4490/03 നമ്പർ ഒഴിവുകുറിയും, വിലയാധാരവും പ്രകാരമാണ് താങ്കൾക്ക് ലഭിച്ചിട്ടുള്ളതെന്ന് കാണുന്നു. ടി ആധാരത്തിലെ 1, 2 പട്ടികൾ പ്രകാരം മുൻ സർവ്വെ 2/1/32/109ൽ ആകെ 08.08 ആർസ് സ്ഥലങ്ങൾക്കും വടവിൽ കൂടുതലുള്ള ഭൂമിക്കുമാണ് അവകാശം ലഭിച്ചിട്ടുള്ളത്. സ്ഥല പരിശോധനയിൽ ടി ആധാരപ്രകാരമുള്ള ഭൂമി അഞ്ചൽ വില്ലേജിലെ ബ്ലോക്ക് 34ൽ റീസർവ്വെ 525/21ൽ പൂർണ്ണമായും 20,22 എന്നീ സബ് ഡിവിഷനിൽ ഭാഗികമായും ഉൾപ്പെട്ടു വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ആയതിൽ 525/21ൽപ്പെട്ട 11.35 ആർസ് ഭൂമി (ആധാര വിസ്തീർണ്ണത്തേക്കാൾ 3.27 ആർസ്) 6116-ാം നമ്പർ തണ്ടപ്പേരു പ്രകാരം താങ്കളുടെ പേരിൽ തന്നെ ചേർത്ത് വന്നിട്ടുള്ളതാണ്. ടി 11.35 ആർസ് ഭൂമിയിൽ വിറ്റത് കഴിച്ച് നാളത് 0.01.04 ഹെക്ടർ ഭൂമിക്ക് നിലവിൽ തണ്ടപ്പേരവകാശമുള്ളതായും കാണുന്നു. കൈവശമുള്ളതും നിലവിൽ റീസർവ്വെ 525/20, 22 എന്നീ റീസർവ്വെ നമ്പരുകളിൽ (ഭാഗികമായി) ഉൾപ്പെട്ടു വരുന്നതുമായ ഭൂമികൾ കൂടി സബ് ഡിവിഷൻ ചെയ്ത് പേരിൽ ചേർത്ത് നൽകുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് കാണുന്നു. എന്നാൽ ടി അധിക ഭൂമിക്ക് അവകാശ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതാണ്. റീസർവ്വെയിൽ വിസ്തീർണ്ണ വർദ്ധനവ് വന്ന കേസുകളിൽ റീസർവ്വെയ്ക്ക് മുൻപ് ആധാര പ്രകാരം പോക്കു വരവ് ചെയ്ത് കരം ഒടുക്കി വന്ന വിസ്തീർണ്ണത്തിന് മാത്രം

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

റീസർവ്വെയ്ക്കു ശേഷം കരം തീർത്ത് നൽകിയാൽ മതിയെന്ന് സൂചന മൂന്ന് പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ കൂടുതൽ വിസ്തീർണ്ണം താങ്കളുടെ പേരിൽ ചേർത്ത്, റീസർവ്വെ റിക്കാർഡുകൾ തയ്യാറാക്കി നൽകാൻ നിർവ്വാഹമില്ലെന്ന വിവരം അറിയിക്കുന്നു. ഇതേ വിഷയം സംബന്ധിച്ച് സമർപ്പിച്ച ഡി1-23708/13 നമ്പർ അപേക്ഷയിലെ തുടർ നടപടികളും അവസാനിപ്പിച്ചിട്ടുള്ള വിവരവും അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ

തഹസിൽദാർ(ഭൂരേഖ)

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

റഫ്.എ1.47/2012/എൽഎ.എൻ.എ ച്ച്

സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ,
എൽ.എ(എൻഎച്ച്) കാര്യാലയം,
കാസറഗോഡ്, തീയതി : 17.10.2024

പ്രേഷിതൻ

C5

സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ,
എൽഎ.(എൻഎച്ച്),
കാസറഗോഡ്.

സ്വീകർത്താവ്

1. ബഹു.ലാന്റ് റവന്യൂകമ്മീഷണർ
തിരുവനന്തപുരം

2. ബഹു.ജില്ലാ കളക്ടർ,
കാസറഗോഡ്

സർ,

വിഷയം – ദേശീയപാത വികസനം - കാസറഗോഡ് ജില്ല - ഭൂമിയേറ്റെടുക്കൽ - എൽ.എ.യൂണിറ്റുകളുടെ പ്രവർത്തനത്തിനാവശ്യമായ തുക അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന- 1. ലാന്റ് റവന്യൂകമ്മീഷണറുടെ 20/06/2023 ലെ എൽആർ/10857/22 – എൽആർ സി-5 നമ്പർ കത്ത്.
2. കാസറഗോഡ് ജില്ലാകളക്ടറുടെ 07.06.2023 ലെ എ3/8350/2021 നമ്പർ കത്ത്.
3. 04.01.2024 ലെ REV-B1/160/2023-REV നമ്പർ ഗവ. കത്ത്.

സൂചനകളിലേക്ക് ശ്രദ്ധ സാദരം ക്ഷണിക്കുന്നു. എൽ.എ അഡ്മിനിസ്ട്രേറ്റീവ് ചാർജ് ഇനത്തിൽ 50 ലക്ഷം രൂപ സൂചന (3) പ്രകാരം അനുവദിച്ചിരുന്നു. ഇതിൽ 39,80,987/- രൂപ ചിലവായിട്ടുണ്ട്. നിലവിൽ 11,26,725/-രൂപയാണ് ബാക്കിയുള്ളത്. ദേശീയപാത വികസനത്തിനായി ഭൂമിയേറ്റടുക്കുന്നതുമായി ബന്ധപ്പെട്ട് കാസറഗോഡ് ജില്ലയിലെ 3 സ്പെഷ്യൽ എൽ.എ.യൂണിറ്റ് ആഫീസുകളിലെ പ്രവർത്തനങ്ങൾക്ക് ഒരുമാസം ആവശ്യമായ തുകകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

1. കരാർ/ദിവസവേതന ജീവനക്കാർക്കുള്ള വേതനം	:	272365/-
2. വാഹന വാടക	:	70,000/-
3. ആഫീസ് കെട്ടിടത്തിന്റെ വാടക	:	99,358/-
4. ആഫീസ് ചെലവുകൾക്കായി വേണ്ടി വരുന്ന തുക	:	50,000/-
ആകെ ആവശ്യമായ പ്രതിമാസ തുക	:	491723/-

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഫണ്ടിന്റെ അപര്യാപ്തത മൂലം ആഫീസ് കെട്ടിടത്തിന്റെ വാടക 2024 ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റബർ, ഒക്ടോബർ മാസങ്ങളിൽ നൽകുവാൻ സാധിച്ചിട്ടില്ലാത്തതാണ്.

ഈ സാഹചര്യത്തിൽ ടി ആഫീസുകളുടെ സുഗമമായ പ്രവർത്തനത്തിനായി 1,00,00,000/- (ഒരു കോടി രൂപ) അഡ്മിനിസ്ട്രേറ്റീവ് ചാർജ് ഇനത്തിൽ അടിയന്തിരമായി അനുവദിച്ചുതരണമെന്ന് അപേക്ഷിക്കുന്നു.

50 ലക്ഷം രൂപ ലഭിച്ചതിൽ ചിലവഴിച്ചിട്ടുള്ളതിന്റെ സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

Office of the Special Deputy Collector LA
Date.....
Kasaragod (HN)

സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ,
എൽഎ.എൻഎച്ച്, കാസറഗോഡ്.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

REGISTER FOR RECEIPTS AND EXPENDITURE

RECEIPTS			EXPENDITURES						
Date		Receipt	Wages	Office Expenditure	Vehicle	Rent	Other Items	Total	Balance
4/1/2024									48827.56
5/1/2024	Funds received from NHAI	5000000							5048827.56
6/1/2024	" 332117		142695					142695	4906132.56
18/1/2024	" 332118			2051				2051	4904081.56
18/1/2024	" 332119					596148		596148	4307933.56
18/1/2024	" 332120			4326				4326	4303607.56
24/1/2024	" 332121			3000				3000	4300607.56
24/1/2024	" 332122			478				478	4300129.56
24/1/2024	" 332123			3700				3700	4296429.56
31/01/2024	" 332124			2772				2772	4293657.56
31/01/2024	Cash Credit interest	12293						0	4305950.56
1/2/2024	" 332125		206740					206740	4099210.56
1/2/2024	" 332126		8000					8000	4091210.56
1/2/2024	" 332127		8000					8000	4083210.56
1/2/2024	" 332128				61613			61613	4021597.56
28/02/2024	Addition Deletion						118	118	4021479.56
28/02/2024	Service charge						118	118	4021361.56
4/3/2024	" 332129		208250					208250	3813111.56
4/3/2024	" 332130				65000			65000	3748111.56
4/3/2024	" 099256		8000					8000	3740111.56
4/3/2024	" 099257		8000					8000	3732111.56
6/3/2024	" 099258			7961				7961	3724150.56
6/3/2024	" 099259			3000				3000	3721150.56
6/3/2024	" 099260			2226				2226	3718924.56
6/3/2024	" 099261			1308				1308	3717616.56
6/3/2024	" 099262			4800				4800	3712816.56
6/3/2024	" 099263			472				472	3712344.56
6/3/2024	" 099264			280				280	3712064.56
6/3/2024	" 099265			5738				5738	3706326.56
22/03/2024	" 099266			2018				2018	3704308.56
4/4/2024	" 099267		192280					192280	3512028.56
4/4/2024	" 099268		65000					65000	3447028.56
4/4/2024	" 099269		8000					8000	3439028.56
4/4/2024	" 099270		8000					8000	3431028.56
12/4/2024	" 099271 Cancelled							0	3431028.56
12/4/2024	" 099272			642				642	3430386.56
12/4/2024	" 099273			4130				4130	3426256.56
12/4/2024	" 099274			1100				1100	3425156.56
12/4/2024	" 099275			3700				3700	3421456.56
15/4/2024	Cheque book issued charges						118	118	3421338.56
17/04/2024	" 099276			2091				2091	3419247.56
25/04/2024	" 099277			7846				7846	3411401.56

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

27/04/2024	" 099278			7262				7262	3404139.56
30/04/2024	Cash Credit interest	26828						0	3430967.56
7/5/2024	" 099279		192805					192805	3238162.56
7/5/2024	" 099280				65000			65000	3173162.56
7/5/2024	" 055656		8000					8000	3165162.56
7/5/2024	" 055657		8000					8000	3157162.56
9/5/2024	" 055658		16200					16200	3140962.56
17/5/2024	" 055659			2051				2051	3138911.56
25/5/2024	" 055660			6500				6500	3132411.56
25/5/2024	" 055661			7000				7000	3125411.56
25/5/2024	" 055662			651				651	3124760.56
30/05/2024	" 055663			3000				3000	3121760.56
5/6/2024	" 055664		218500					218500	2903260.56
5/6/2024	" 055665				65000			65000	2838260.56
5/6/2024	" 055666		7742					7742	2830518.56
5/6/2024	" 055667		8000					8000	2822518.56
13/06/2024	" 055668			7678				7678	2814840.56
14/06/2024	" 055669			2051				2051	2812789.56
20/6/2024	" 055670			8052				8052	2804737.56
20/6/2024	" 055671			354				354	2804383.56
20/6/2024	" 055672			1422				1422	2802961.56
20/6/2024	" 055673			7043				7043	2795918.56
23/06/2024	SMS Charges						5	5	2795913.56
26/6/2024	" 055674					496790		496790	2299123.56
27/06/2024	Cheque book issued charges						118	118	2299005.56
2/7/2024	" 055675		194545					194545	2104460.56
2/7/2024	" 055676				65000			65000	2039460.56
2/7/2024	" 055677		8000					8000	2031460.56
2/7/2024	" 055678		8000					8000	2023460.56
4/7/2024	" 055679			2051				2051	2021409.56
19/7/2024	" 055680			2450				2450	2018959.56
19/7/2024	" 086926			7794				7794	2011165.56
19/7/2024	" 086927			325				325	2010840.56
22/7/2024	" 086928			3300				3300	2007540.56
31/07/2024	Cash Credit interest	19764						0	2027304.56
2/8/2024	" 086929		179215					179215	1848089.56
6/8/2024	" 086930				65000			65000	1783089.56
6/8/2024	" 086931		53870					53870	1729219.56
6/8/2024	" 086932		8000					8000	1721219.56
8/8/2024	" 086933		8000					8000	1713219.56
8/8/2024	" 086934			7714				7714	1705505.56
8/8/2024	" 086935			800				800	1704705.56
8/8/2024	" 086936			6400				6400	1698305.56
8/8/2024	" 086937			6481				6481	1691824.56
8/8/2024	" 086938			1300				1300	1690524.56
19/08/2024	" 086939			2316				2316	1688208.56
19/08/2024	" 086940			2051				2051	1686157.56

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

22/08/2024	Cheque book issued charges						118	118	1686039.56
2/9/2024	Addition Deletion						118	118	1685921.56
2/9/2024	Addition Deletion						118	118	1685803.56
2/9/2024	Addition Deletion						118	118	1685685.56
2/9/2024	Service charge						118	118	1685567.56
4/9/2024	" 086941 Cancelled							0	1685567.56
4/9/2024	" 086942				65000			65000	1620567.56
4/9/2024	" 086943		8000					8000	1612567.56
4/9/2024	" 086944		8000					8000	1604567.56
4/9/2024	" 086945		199395					199395	1405172.56
4/9/2024	" 086946 Cancelled							0	1405172.56
11/9/2024	" 086947			2050				2050	1403122.56
11/9/2024	" 086948		9680					9680	1393442.56
11/9/2024	" 086949		1000					1000	1392442.56
11/9/2024	" 086950		1000					1000	1391442.56
22/09/2024	SMS Charges						9	9	1391433.56
3/10/2024	" 514411			756				756	1390677.56
3/10/2004	" 514412			3000				3000	1387677.56
4/10/2004	" 514413				35000			35000	1352677.56
4/10/2004	" 514414		8000					8000	1344677.56
4/10/2004	" 514415		8000					8000	1336677.56
4/10/2004	" 514416		189900					189900	1146777.56
7/10/2024	" 514417			7846				7846	1138931.56
7/10/2024	" 514418			472				472	1138459.56
7/10/2024	" 514419			820				820	1137639.56
7/10/2024	" 514420			7194				7194	1130445.56
7/10/2024	" 514421			3720				3720	1126725.56
Total		**5058885**	**2214817**	**185543**	**486613**	**1092938**	**1076**	**3980987**	

Office of the Special Deputy Collector LA (NH) Kasaragod
Date.....

Spl.Deputy Collector LA(NH) Kasaragod

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ഭരണഭാഷ – മാതൃഭാഷ

DCKLM/8250/2020-L4

കളക്ടേറ്റ്, കൊല്ലം
തീയതി:28-12-2024
ഫോൺനമ്പർ:0474 2793473
ഇ–മെയിൽ : dcklm.ker@nic.in

ജില്ലാകളക്ടർ
കൊല്ലം

ലാൻഡ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം: ജില്ലാ കളക്ടറുടെ 06/10/2022 ലെ DCKLM/8250/2020/L4 നമ്പർ നടപടിക്രമത്തിനെതിരെ ശ്രീ. പ്രദീപ് കുമാർ, ശ്രീമതി. സേതുകുമാരി എന്നിവർ സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ റിപ്പോർട്ടും കാര്യവിവരപത്രികയും സമർപ്പിക്കുന്നത്—സംബന്ധിച്ച്.

സൂചന: അങ്ങയുടെ കാര്യാലയത്തിൽ നിന്നുള്ള 20/12/2024 ലെ LR/3396/2024-LR(B3) നമ്പർ കത്ത്

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. സൂചനയിൽ ആവശ്യപ്പെട്ട പ്രകാരം ശ്രീ. പ്രദീപ് കുമാർ, ശ്രീമതി. സേതുകുമാരി എന്നിവർ സമർപ്പിച്ച റിവിഷൻ ഹർജിയിന്മേലുള്ള റിപ്പോർട്ടും കാര്യവിവരപത്രികയും സമർപ്പിച്ചു കൊള്ളുന്നു.

ശ്രീ രഘുനാഥൻ പേരിൽ 5092 നമ്പർ തണ്ടപ്പേർ പ്രകാരം ഉണ്ടായിരുന്ന കൊല്ലം താലൂക്കിൽ കൊല്ലം ഈസ്റ്റ് വില്ലേജിൽ ബ്ലോക്ക് നം 60ൽ റീസർവ്വേ 26ൽപ്പെട്ട 11.64 ആർസ് സ്ഥലം സ്ഥലം ശ്രീ രഘുനാഥൻ ടിയാന്റെ മകളായ പ്രശാന്ത പേർക്ക് 161/III/2017 നമ്പർ വിൽപത്രപ്രകാരം എഴുതി നൽകിയിട്ടുള്ളതും രഘുനാഥന്റെ മരണശേഷം ടി വിൽപത്രം പോക്കുവരവ് ചെയ്യാനായി ശ്രീമതി. പ്രശാന്ത സമർപ്പിച്ച അപേക്ഷ പ്രകാരം 10/11/2017 ലെ റ്റി.ആർ 324/17 നം തീർച്ച പ്രകാരം പ്രശാന്ത പേർക്ക് പോക്കുവരവ് ചെയ്തിരുന്നതുമാണ്. ടി പോക്കുവരവിനെതിരെ ടി പ്രശാന്തയുടെ സഹോദരനായ ശ്രീ പ്രദീപ് കുമാർ കൊല്ലം മുൻസിഫ് കോടതിയിലും അഡീ. ജില്ലാ കോടതിയിലും ഫയൽ ചെയ്ത കേസുകളിൽ ടി പ്രശാന്തയ്ക്ക് അനുകൂലമായി വിധി വന്നിരുന്നതും തുടർന്ന് ടി ഉത്തരവുകൾക്കെതിരെ ടിയാൻ ബഹു ഹൈക്കോടതിയിൽ OP(C) 1328/19, WP(C)- 5904/19 എന്നീ നമ്പരുകളിലായി കേസുകൾ ഫയൽ ചെയ്തിരുന്നതും 27.02.2019ലെ WP(C)- 5904/19 നം. ഉത്തരവ് പ്രകാരം ആർ.ഡി.ഒ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാനും 3 മാസത്തിനകം അപ്പീൽ തീർപ്പാക്കാൻ ഉത്തരവായിട്ടുള്ളതും OP(C) 1328/19 നം കേസിലെ 21.05.2019ലെ വിധി പ്രകാരം കീഴ്കോടതി വിധികളിൽ തെറ്റില്ലെന്നു കണ്ടെത്തി കേസ് തള്ളി തീർപ്പാക്കിയിട്ടുള്ളതുമാണ്. തുടർന്ന് ശ്രീമതി. പ്രശാന്തയുടെ പേർക്ക് നടന്ന പോക്ക് വരവ് റദ്ദ് ചെയ്യണമെന്നുള്ള ശ്രീ.പ്രദീപ് കുമാറിന്റെ അപ്പീൽ അപേക്ഷ തള്ളി കൊല്ലം സബ്

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കളക്ടർ 24/11/2021 ലെ ജെ -2066/19 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൊല്ലം സബ് കളക്ടറുടെ 24/11/2021 ലെ ജെ -2066/19 നമ്പർ ഉത്തരവിനെതിരെ ശ്രീ. പ്രദീപ് കുമാർ 15/06/2022 ന് ഈ കാര്യാലയത്തിൽ റിവിഷൻ അപേക്ഷ സമർപ്പിച്ചിരുന്നതും ജില്ലാ കളക്ടറുടെ 06/10/2022 ലെ DCKLM/8250/2020/L4 നമ്പർ നടപടിക്രമത്തിലൂടെ ടി റിവിഷൻ അപേക്ഷ തള്ളി തീർപ്പാക്കിയിട്ടുള്ളതുമാണെന്ന വിവരം നടപടിക്രമത്തിന്റെ പകർപ്പ് സഹിതം റിപ്പോർട്ട് ചെയ്യുകൊള്ളുന്നു.

കാര്യവിവര പത്രിക

1. അഭിപ്രായമില്ല

2 & 3. 161/ III /2017 നമ്പർ വിൽപ്പത്രത്തിൽ "എന്റെ കാലശേഷം ഈ ഒന്നാം പട്ടികയിൽ പറയുന്ന വസ്തുവകകളുടെ അനുഭവം, കൈവശം, കരമൊടുക്ക് എന്നിവ എന്റെ ഇളയമകൾ പ്രശാന്തയ്ക്ക മാത്രമായി അടങ്ങിക്കിടുന്നതും അവളുടെ ജീവിത കാലത്ത് കെട്ടിടങ്ങളിൽ നിന്നോ വസ്തുക്കളിൽ നിന്നോ എന്റെ മകനോ കുടുംബത്തിനോ മൂത്ത മകൾക്കോ അവളുടെ കുടുംബത്തിനോ എന്റെ ഭാര്യക്കോ അവളെ ആയതിൽ നിന്നും പുറത്താക്കാനോ താമസം, അനുഭവം എന്നിവ തടസപ്പെടുത്തുവാനോ അധികാരമില്ലാത്തതുമാണ്" എന്നും "എന്റെ മകനും കുടുംബവും ഇപ്പോൾ താമസിച്ചുവരുന്നതു പോലെ തന്നെ തുടർന്നും ടി കെട്ടിടത്തിൽ താമസിക്കാനുള്ള അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ മകനോ കുടുംബമോ എന്റെ മകളുടെ സൈര്യമായ താമസത്തിന് തടസങ്ങൾ സൃഷ്ടിക്കുന്നതായാൽ മകനെയും കുടുംബത്തെയും കെട്ടിടത്തിൽ നിന്ന് ഒഴിപ്പിക്കുന്നതിനുള്ള അവകാശം മകൾക്ക് ഉണ്ടായിരിക്കുന്നതുമാണ്" എന്നും "എന്റെ മകളുടെ കാലശേഷം മാത്രം ഒന്നാം പട്ടികവസ്തുക്കൾ എന്റെ മകനോ അവന്റെ അനന്തര അവകാശികൾക്കോ അടങ്ങിക്കിടുന്നതായുള്ളതും അപ്പോൾ മാത്രം അവരുടെ പേരിൽ കൂട്ടി കരം തീർത്തും പൂർണമായും അനുഭവിക്കാനുള്ള അവകാശം കിട്ടുന്നതുമാണ് എന്നും ടി വിൽപത്രം ചമച്ച ശ്രീ. രഘുനാഥൻ രേഖപ്പെടുത്തിയിട്ടുള്ളതാണ്. വിൽപത്രത്തിലെ മേൽ പ്രസ്താവിച്ച വ്യവസ്ഥകളിൽ നിന്നും തന്നെ പ്രശാന്തയുടെ ജീവിതകാലത്ത് ടി വസ്തുവിന്മേൽ കരമൊടുക്കുന്നതിനുള്ള അവകാശവും അനുഭവാവകാശവും കൈവശാവകാശവും പ്രശാന്തയ്ക്ക മാത്രമായി വ്യവസ്ഥ ചെയ്തിട്ടുള്ളതായും ശ്രീ. പ്രദീപിനും കുടുംബത്തിനും ടി വസ്തുവിലുള്ള കെട്ടിടത്തിൽ താമസിക്കാനുള്ള അധികാരവും അവകാശവും മാത്രമേയുള്ളുവെന്നും പ്രശാന്തയുടെ കാലശേഷം മാത്രമേ ഒന്നാം പട്ടികവസ്തുക്കൾ ശ്രീ. പ്രദീപിനും കുടുംബത്തിനുംകരം തീർത്തും പൂർണമായും അനുഭവിക്കാനുള്ള അവകാശം കിട്ടുകയുള്ളുവെന്നും വ്യക്തമാണ്. പ്രസ്തുത വസ്തുവിന്റെ കരമൊടുക്ക് പ്രശാന്തയ്ക്ക മാത്രമായി അടങ്ങിക്കിടുന്നതായി വിൽപത്രത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ പ്രശാന്ത പേരിൽ നടന്ന റ്റി.ആർ 324/17 നമ്പർ പോക്കുവരവ് നടപടിയിൽ തെറ്റുള്ളതായി കാണുന്നില്ല.

4. കൊല്ലം എസ്.ആർ.ഒ.യിലെ 161/111/2017-ാാം നമ്പർ വിൽപ്പത്ര പ്രകാരം ശ്രീമതി. പ്രശാന്ത പേരിൽ പോക്കുവരവ് ചെയ്ത് നൽകണമെന്നാവശ്യപ്പെട്ട് ടിയാൾ കൊല്ലം ഈസ്റ്റ് വില്ലേജോഫീസർക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ അവകാശ രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും കൈവശം പരിശോധിച്ചുമാണ് പോക്കുവരവ് നടപടികൾ സ്വീകരിച്ചതെന്ന് കൊല്ലം ഈസ്റ്റ് വില്ലേജോഫീസർ ഹിയറിംഗിൽ ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. (പകർപ്പ് ഇതു സഹിതം സമർപ്പിച്ചു കൊള്ളുന്നു.)

5. അഭിപ്രായമില്ല

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

6. OS 908/17 നമ്പർ കേസിലെ വിധിപ്രകാരം ടി സ്ഥലം പ്രശാന്തയ്ക്ക് അവകാശപ്പെട്ടതായി ഉത്തരവായിട്ടുള്ളതാണ്. ശ്രീ. പ്രദീപ്കുമാർ തന്നെ ഫയൽ ചെയ്ത I.A.5800/2017 in O.S.No.908/17 കേസിൽ വിൽപത്രത്തിലെ വ്യവസ്ഥകളുടെ സൂക്ഷ്മപരിശോധനയിൽ ശ്രീ.രഘുനാഥന്റെ വിയോഗത്തോടെ, ടി വസ്തുവിന്റെ കൈവശം, അനുഭവം, കരമൊടുക്ക് എന്നിവയുടെ എല്ലാ ഉടനടി അവകാശങ്ങളും ശ്രീമതി പ്രശാന്തയ്ക്ക് അടങ്ങിക്കിടുന്നതായും പരാതിക്കാരനായ ശ്രീ.പ്രദീപ് കുമാറിന് ടി വസ്തുവിന്മേൽ പ്രശാന്തയുടെ കാലശേഷം മാത്രമേ സമ്പൂർണ അവകാശം കൈമാറിക്കിടുകയുള്ളുവെന്നും ശ്രീ.രഘുനാഥൻ ടി വസ്തുവിന്റെ നികുതി അടയ്ക്കാൻ ശ്രീമതി പ്രശാന്തയെ അധികാരപ്പെടുത്തിയിട്ടുള്ളതിനാൽ ശ്രീമതി. പ്രശാന്തയ്ക്ക് അനുകൂലമായി പോക്കുവരവ് ചെയ്ത നടപടി എതിർക്കേണ്ട കാര്യമില്ലായെന്നുമുള്ള നിരീക്ഷണങ്ങൾ ബഹു. കൊല്ലം പ്രിൻസിപ്പൽ മുൻസിഫ് കോടതി നടത്തിയിട്ടുള്ളതുമാണ്. കൂടാതെ ശ്രീ. പ്രദീപ്കുമാർ ഫയൽ ചെയ്ത OP(C) 1328/2019 നമ്പർ കേസിലെ 21/05/2019 ലെ ഉത്തരവിലും " On evaluation of the entire facts, what emerges is that Prasantha is at present having right over the property" എന്ന് ബഹു. ഹൈക്കോടതി പരാമർശിച്ചിട്ടുള്ളതാണ്. (പകർപ്പുകൾ ഇതു സഹിതം സമർപ്പിച്ചു കൊള്ളുന്നു.)

7 to 10. അഭിപ്രായമില്ല

11. സബ് കളക്ടർ പോക്കുവരവ് ബാധിക്കപ്പെട്ട കക്ഷികളെയെല്ലാം കേട്ട് 3 മാസത്തിനുള്ളിൽ പോക്കുവരവ് അപ്പീലിന്മേൽ തീരുമാനമെടുക്കണമെന്നാണ് W.P(C) 5904/2019 നമ്പർ കേസിലെ 27/02/2019 ലെ ഉത്തരവിൽ പറയുന്നത്. TR rules 27(i) ന് എതിരായും പെറ്റീഷണറായ ശ്രീ. പ്രദീപ് കുമാർ, ശ്രീമതി. സേതുകുമാരി എന്നിവരെ അറിയിക്കാതെയുമാണ് പോക്കുവരവ് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് ടിയാർ ആക്ഷേപം ഉന്നയിച്ചിട്ടുള്ളതെന്നതിനാൽ ടി വിഷയങ്ങൾ കൂടി പരിഗണിച്ച് അപ്പീൽ തീർപ്പാക്കുന്നതിനാണ് ടി ഉത്തരവിൽ നിർദ്ദേശമുള്ളത്.

12. 80 CPC പ്രകാരം റിവിഷൻ പെറ്റീഷണർ സമർപ്പിച്ച നോട്ടീസിന് 22/06/2023 ന് മറുപടി നൽകിയിട്ടുള്ളതാണ്.

13. കൊല്ലം ഈസ്റ്റ് വില്ലേജ് ബ്ലോക്ക് - 60, റീ. സർവ്വേ 26-ലുള്ള 11.64 ആർസ് ഭൂമിയിൽ സ്ഥാപിച്ച് നടത്തിയ പോക്കുവരവ് നടപടി നിയമാനുസൃതമായി രജിസ്റ്റർ ചെയ്ത വിൽപത്രത്തിന്റെ അടിസ്ഥാനത്തിലായതിനാലും ടി വിൽപത്രമോ മുന്നാധാരമോ അസാധുവാക്കിക്കൊണ്ടുള്ള ഉത്തരവുകളൊന്നും തന്നെ ഏതെങ്കിലും സിവിൽ കോടതികളിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലും സാധുവായ ഒരു വിൽപത്രത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പോക്കുവരവിന് T.R. Rules 27 ബാധകമല്ല എന്നതിനാലും പ്രസ്തുത വിഷയം സംബന്ധിച്ച് കൊല്ലം സബ് കളക്ടറുടെ 24/11/2021 ൽ ജെ. 2066/19 നമ്പർ നടപടിക്രമം കേരളപോക്കുവരവ് ചട്ടം 1966 ലെ വ്യവസ്ഥകൾ പാലിച്ചു തന്നെയാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും ആയത് നിയമപ്രകാരം നിലനിൽക്കത്തക്കതാണെന്നും ബോധ്യപ്പെട്ട സാഹചര്യത്തിലാണ് ടി ഉത്തരവ് നിലനിർത്തിയും ടി ഉത്തരവിനെതിരായി ശ്രീ. പ്രദീപ് കുമാർ സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജി തള്ളി തീർപ്പാക്കിയും ഈ കാര്യാലയത്തിൽ നിന്നും ഉത്തരവായിട്ടുള്ളത്.

വിശ്വസ്തതയോടെ,

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ജില്ലാ കളക്ടർക്കു വേണ്ടി
DEPUTY COLLECTOR

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

T3
9995

നമ്പർ : 622/22

വില്ലേജ് : കൊല്ലം ഈസ്റ്റ്
തീയതി : 08/08/22

വില്ലേജ് ഓഫീസർ
കൊല്ലം ഈസ്റ്റ്



ജില്ലാ കളക്ടർ
കൊല്ലം

സർ,

LA

വിഷയം : ശ്രീ . പ്രദീപ് കുമാർ – റിവിഷൻ അപേക്ഷയിന്മേലുള്ള വിചാരണ – സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നത് സംബന്ധിച്ച് –

സൂചന : അങ്ങയുടെ DCKLM/8250/2020-L4 നമ്പർ കത്ത്

ദയവായി സൂചന ശ്രദ്ധിച്ചാലും. സൂചന റിവിഷൻ അപേക്ഷയിൻമേലുള്ള കൊല്ലം ഈസ്റ്റ് വില്ലേജ് ഓഫീസറുടെ മൊഴി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത റിപ്പോർട്ട് ചെയ്ത കൊള്ളുന്നു.

വിശ്വസ്തതയോടെ,

08/08/22

VILLAGE OFFICER
KOLLAM EAST

ഉള്ളടക്കം : മൊഴി

File No. LR/9130/2025-LR(B3) (Computer No. 141119)
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

രണ്ടായിരത്തി ഇരുപത്തി രണ്ട് ജൂലൈ മാസം 27 തീയതി ഡെപ്യൂട്ടി കളക്ടർ (LR) മുൻപാകെ കൊല്ലം ഈസ്റ്റ് വില്ലേജ് ഓഫീസർ ബോധിപ്പിക്കുന്ന മൊഴി

കൊല്ലം ഈസ്റ്റ് വില്ലേജിൽ ആശ്രാമത്ത് ചേരിയിൽ പ്രതിഭ ഭവനിൽ നീലകണ്ഠൻ മകൻ രഘുനാഥൻ മകൾ പ്രശാന്ത പേരിൽ എഴുതി വെച്ച കൊല്ലം എസ് ആർ ഒ യിലെ 161/III/2017 നമ്പർ വിൽപ്പത്രം ടിയാന്റെ മരണ ശേഷം പ്രശാന്ത പേരിൽ പോക്ക് വരവ് ചെയ്യ നൽകണമെന്ന് കാണിച്ചു ടിയാൻ കൊല്ലം ഈസ്റ്റ് വില്ലേജ് ഓഫീസർ മുൻപാകെ സമർപ്പിച്ച അപേക്ഷയിന്മേൽ സ്ഥല പരിശോധന നടത്തിയും അവകാശ രേഖകളും കൈവശവും പരിശോധിച്ചും 10.11.2017 ലെ TR 324/17 നമ്പർ പോക്ക് വരവ് പ്രകാരം കൊല്ലം ഈസ്റ്റ് വില്ലേജിൽ ആശ്രാമം ചേരിയിൽ പ്രതിഭ ഭവനിൽ രഘുനാഥൻ മകൾ പ്രശാന്ത പേരിൽ ബ്ലോക്ക് നമ്പർ 60 ൽ റീ സർവ്വേ 26 ൽ 11.64 ആർസ് സ്ഥലം 29531 നമ്പർ തണ്ടപ്പേരിൽ പോക്ക് വരവ് ചെയ്യ നല്കിയിട്ടുള്ളതും ടിയാൻ കരമൊടുക്കി വരുന്നതായും അറിയുന്ന വിവരം ഇതിനാൽ മൊഴി നൽകുന്നു.

F 08/08/2022

VILLAGE OFFICER
KOLLAM EAST

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

I/119659/2022

ഭരണഭാഷ – മലയാളം

കൊല്ലം ജില്ലാ കളക്ടറുടെ നടപടിക്രമം

ഹാജർ : അഫ്സാന പർവീൺ IAS

DCKLM/8250/2020-L4 തീയതി :06-10-2022

വിഷയം : പോക്കുവരവ് - റിവിഷൻ അപേക്ഷ - സംബന്ധിച്ച്

സൂചന : 1. കൊല്ലം സബ് കളക്ടറുടെ 24/11/2021 ലെ ജെ 2066/19 നമ്പർ ഉത്തരവ്

2. ശ്രീ. പ്രദീപ് കുമാർ, ശ്രീമതി. സേതുകുമാരി എന്നിവർ 15/06/2022 ന് ഈ കാര്യാലയത്തിൽ സമർപ്പിച്ച റിവിഷൻ അപേക്ഷ

3. ഈ കാര്യാലയത്തിൽ നിന്ന് പുറപ്പെടുവിച്ച 14/07/2022, 01/08/2022, 08/08/2022 തീയതികളിലെ നേർക്കാഴ്ച നോട്ടീസുകൾ

കൊല്ലം ഈസ്റ്റ് വില്ലേജ്, ബ്ലോക്ക് 60, റീസർവ്വേ 26 ൽപ്പെട്ട 11.64 ആർസ് വസ്തുവാണ് സൂചന (2) റിവിഷൻ അപേക്ഷയ്ക്കാസ്പദമായിട്ടുള്ളത്. റിവിഷൻ പെറ്റീഷണറായ ശ്രീ. പ്രദീപ് കുമാറും ഹർജിയിലെ ഏഴാം എതിർകക്ഷിയായ ശ്രീമതി. പ്രശാന്തയും സഹോദരങ്ങളാണ്. ടിയാരുടെ പിതാവ് ശ്രീ. രഘുനാഥൻ ചമച്ച കൊല്ലം എസ് ആർ ഒ യിലെ 161/ III /2017 നമ്പർ വിൽപത്രപ്രകാരം ടി വസ്തുവിന്മേൽ സ്ഥാപിച്ച് ശ്രീമതി. പ്രശാന്ത പേരിൽ നടന്ന റ്റി.ആർ 324/17 നമ്പർ പോക്കുവരവ് നടപടികൾക്കെതിരേയാണ് റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിരിക്കുന്നത്. ടി വസ്തു കൂട്ടായ പേരിൽ പോക്കുവരവ് ചെയ്യുന്നതിനായി പെറ്റീഷണർ കൊല്ലം ഈസ്റ്റ് വി ഒ മുമ്പാകെ അപേക്ഷ നൽകിയെങ്കിലും പരിഗണിക്കാത്തതിനെത്തുടർന്ന് ശ്രീമതി. പ്രശാന്തയുടെ പേരിലുള്ള പോക്കുവരവ് നടപടികൾ റദ്ദ് ചെയ്യുന്നതിനായി കൊല്ലം സബ് കളക്ടർ മുമ്പാകെ അപ്പീൽ അപേക്ഷ നൽകിയിരുന്നതും ടി വിഷയം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 5904/19 നമ്പർ കേസിലെ ഉത്തരവ് പ്രകാരം സബ് കളക്ടർ കക്ഷികളെ കേട്ട് അപ്പീൽ അപേക്ഷ തള്ളി സൂചന (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിനെതിരെയാണ് റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളത്.

ടി സാഹചര്യത്തിൽ പോക്കുവരവ് ചട്ടം 1966, റൂൾ 18(v) പ്രകാരം ബന്ധപ്പെട്ട കക്ഷികളെ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കേൾക്കുന്നതിനായി സൂചന (3) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നോട്ടീസ് നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ29/07/2022- ന് ഉച്ചയ്ക്ക് 12.15 ന് ഈ കാര്യാലയത്തിൽ വച്ചു നടന്ന പോക്കുവരവ് റിവിഷൻ സംബന്ധിച്ചുള്ള വിചാരണയിൽ റിവിഷൻ പെറ്റീഷണർമാരായ ശ്രീ. പ്രദീപ് കുമാർ, ടിയാന്റെ ഭാര്യയും രണ്ടാം ഹർജി കക്ഷിയുമായ ശ്രീമതി. സേതുകുമാരി എന്നിവർക്കു വേണ്ടി അഡ്വക്കേറ്റ് ജെ. അശോകൻ ഹാജരായി സ്റ്റേറ്റ്മെന്റ് നൽകിയിട്ടുള്ളതാണ്. പ്രസ്തുത വിചാരണയിൽ കൊല്ലം സബ് കളക്ടർക്കു വേണ്ടി ജൂനിയർ സൂപ്രണ്ട്, കൊല്ലം ഭൂരേഖ തഹസിൽദാർ, കൊല്ലം ഈസ്റ്റ് വില്ലോജോഫീസർ, ഡിസ്ട്രിക്ട് രജിസ്ട്രാർ, ജനറലിന്റെ കാര്യാലയത്തിൽ നിന്നും സെക്ഷൻ ക്ലർക്ക്, കൊല്ലം എസ്.ആർ.ഒയിൽ നിന്നും സീനിയർ ക്ലർക്ക് എന്നിവരും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. റിവിഷൻ ഹർജിയിലെ എതിർകക്ഷിയായ പ്രശാന്ത ടി വിചാരണയിൽ ഹാജരായിട്ടില്ലാത്തതും സ്റ്റേറ്റ്മെന്റ് സമർപ്പിക്കാൻ സമയം ആവശ്യപ്പെട്ട് അഡ്വക്കേറ്റ് മുഖാന്തിരം വക്കാലത്ത് സമർപ്പിക്കുകയും ചെയ്തതിനെത്തുടർന്ന് സമയം അനുവദിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ പ്രശാന്തയ്ക്ക് വേണ്ടി 10/08/2022 ന് അഡ്വക്കേറ്റ് അയൂബ്ഖാൻ ഹാജരായി സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുള്ളതുമാണ്.

റിവിഷൻ പെറ്റീഷണറുടെ മൊഴി

കൊല്ലം ഈസ്റ്റ് വില്ലേജ് ബ്ലോക്ക് - 60, റീ. സർവ്വേ 26-ലുള്ള 11.64 ആർ സ്ഥലവും വീടും എട്ടുപുകളും രജിസ്റ്റേർഡ് ഉടമയായ രഘുനാഥൻ ടിയാനൊപ്പം താമസിച്ചു വന്ന ഏക മകനായ പ്രദീപ്കുമാറിനും കുടുംബാംഗങ്ങൾക്കുമായി 30.12.2015-ലെ 161/3/2017-ാം നമ്പർ വിൽപത്ര പ്രകാരം കൈമാറ്റം ചെയ്തിട്ടുള്ളതാണ്. അങ്ങനെ കൈമാറ്റം ചെയ്ത വസ്തുവകകളിൽ, രഘുനാഥന്റെ മകളായ ശ്രീമതി. പ്രശാന്തയ്ക്ക് മാത്രമായി ജീവനാംശം പറഞ്ഞിട്ടുണ്ട്. പ്രശാന്തയുടെ ശേഷിക്കുന്ന ജീവിതത്തിൽ അല്ലലൊന്നുമില്ലാതെയും, ആരോഗ്യസംരക്ഷണത്തിനുമായി ബാങ്ക് ഡിപ്പോസിറ്റുകളും വിൽപത്രത്തിൽ രണ്ടാമതായി പറയുന്ന 8.08 ആർ വസ്തുവിലെ കെട്ടിട വാടക, മൊബൈൽ ടവർ വാടക എന്നിവയടങ്ങുന്ന സ്വത്തുക്കൾ അവർക്കായി രഘുനാഥൻ നൽകിയിട്ടുള്ളത് സംരക്ഷിച്ചുപയോഗിച്ച് വരുന്നതിന് വേണ്ടി പ്രശാന്ത 11.64 ആർ വസ്തുവിൽ മാത്രം താമസിക്കുന്നതിനെ പ്രദീപ്കുമാറും കുടുംബാംഗങ്ങളും തടസ്സപ്പെടുത്തിയാൽ, അവരെ പ്രശാന്തയ്ക്ക് ഒഴിപ്പിക്കാനുള്ള അവകാശവും വിൽപത്രത്തിൽ ചേർത്തിട്ടുണ്ട്. എന്നാൽ പ്രശാന്ത ടിയാരിയുടെ ജ്യേഷ്ഠ സഹോദരി പ്രതിഭയോടും കുടുംബത്തോടും ചേർന്ന് 07.11.2017-ന് അപേക്ഷ നല്കി 10.11.2017-ന് 11.64 ആർ വസ്തുവിന്റെ പോക്കുവരവും, അതിനെ തുടർന്ന് 13.11.2017-ന് കൊല്ലം നഗരസഭയിൽ അപേക്ഷ നല്കി അതിലെ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശവും ടിയാരിയുടെ പേരിലേയ്ക്ക് മാറ്റി. 15.12.2017-ാം തീയതി മുതൽ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പ്രദീപ് കുമാറിനേയും കുടുംബത്തേയും 11.64 ആർ വസ്തുവിൽ നിന്നും ഒഴിപ്പിക്കാൻ വേണ്ടി പോലീസിൽ കള്ള പരാതികൾ നല്കി നിരന്തരം പീഡിപ്പിച്ചു വരുന്നു. പ്രശാന്തയുടെ പ്രസ്തുത ദുർനടപടിക്കെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പ്രശാന്തയുടെ പേരിൽ താമസത്തിനും, കരം ഒടുക്കുന്നതിനും മാത്രം വിൽപത്രത്തിൽ പറഞ്ഞിട്ടുള്ളതിനാൽ പ്രശാന്തയ്ക്ക് പോക്കുവരവിനുള്ള അവകാശം വിൽപത്രത്തിൽ എവിടെയും പറഞ്ഞിട്ടില്ല എന്ന് ചൂണ്ടിക്കാട്ടി, 05.02.2019-ന് ബഹു. കൊല്ലം സബ് കളക്ടറെ പ്രദീപ് കുമാർ സമീപിച്ച ശേഷം, ടിയാനും ഭാര്യ സേതുകുമാരിയും ബഹു. കേരള ഹൈക്കോടതിയിൽ WP(C)5904/2019 എന്ന നമ്പർ റിട്ട് ഫയൽ ചെയ്തിട്ടുള്ളതും ആയത് പ്രകാരം 27.02.2019-ന് 11.64 ആർ വസ്തുവിന്റെ പോക്കുവരവ് നിയമാനുസരണം നടത്തി ഉത്തരവ് പാസാക്കാൻ ബഹു. സബ് കളക്ടറോട് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതുമാണ്. തുടർന്ന് സബ് കളക്ടർ കക്ഷികളെ കേട്ട് അപ്പീൽ അപേക്ഷ തള്ളി സൂചന (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. WP(C)-5904/19 ഉത്തരവിൽ 3 മാസത്തിനുള്ളിൽ അപ്പീൽ പെറ്റീഷനിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടും 3 വർഷത്തിനു ശേഷമാണ് ഉത്തരവ് ആയിരിക്കുന്നത്. പ്രശാന്ത പോക്കുവരവിനായി ഹാജരാക്കിയ ലിസ്റ്റ് സർട്ടിഫിക്കറ്റിൽ പ്രദീപിന്റെ പേര് ഉണ്ടായിരുന്നില്ല. പ്രദീപിന്റെ പേര് പിന്നീട് കൊല്ലം ജില്ലാ രജിസ്ട്രാർ (ജനറൽ) ഇടപെട്ട് ചേർത്തിട്ടുള്ളതാണ്. അതിനായി പുറപ്പെടുവിച്ച് 16.07.2020-ലെ ഉത്തരവിൽ പ്രദീപിനും, പ്രശാന്തയ്ക്കും നിലവിൽ 11.64 ആർ വസ്തുവിൽ കൈവശാവകാശമുണ്ടെന്ന് നിർണ്ണയിച്ചിട്ടുള്ളതാണ്. എന്നാൽ, ഈ നിർണ്ണയത്തിൽ പിശകുണ്ടെന്ന് പരാമർശിച്ചുള്ള പ്രശാന്തയുടെ അപേക്ഷയിന്മേൽ പ്രദീപിനെ കേൾക്കാതെ 05.01.2022-ന് ജില്ലാ രജിസ്ട്രാർ (ജനറൽ) പ്രദീപിന്റെ കൈവശ അവകാശം വിൽപത്രത്തിൽ ഇല്ലാത്ത വാക്കുകൾ ചേർത്ത് ഉത്തരവിറക്കി എടുത്തുകളഞ്ഞിട്ടുള്ളതാണ്. ബഹു. കേരള ഹൈക്കോടതിയുടെ WP(C) 5904/2019 നമ്പർ ഉത്തരവിൽ പരാമർശിച്ച പ്രകാരം മരണപ്പെട്ട ആളുടെ വസ്തുവഹകൾ പോക്കു വരവ് ചെയ്യേണ്ടത് T.R rules 27(1) അനുസരിച്ചാണെന്നിരിക്കെ ടി വസ്തുവിന്റെ പോക്കു വരവ് T.R rules 3(A) പ്രകാരം പ്രശാന്തയുടെ പേരിൽ നടത്തിയ നടപടി ദുരുദ്ദേശപരമാണ്. രജിസ്ട്രേഡ് വിൽപത്രം 161/III/2017 അനുസരിച്ച് 11.64 ആർ വസ്തുവകകളുടെ നിലവിലെ രജിസ്റ്റേർഡ് ലാൻഡ് ഹോൾഡേഴ്സ് പ്രശാന്തയും, പ്രദീപ് കുമാറും ആണെന്നിരിക്കെ, T.R. 324/2017-ലെ 11.64 ആർ വസ്തുവിന്റെ പോക്കുവരവിൽ നിന്നും പ്രദീപിനെ ഒഴിവാക്കിയ കൊല്ലം ഈസ്റ്റ് വില്ലേജ് ഓഫീസറുടെ നടപടി തെറ്റാണെന്ന് നിർണ്ണയിക്കുന്നതിൽ വീഴ്ച വരുത്തിയ ബഹു. കൊല്ലം സബ് കളക്ടറുടെ 24.11.2021-ലെ ജെ.2066/19 നമ്പർ നടപടിക്രമം തള്ളി കൊല്ലം ഈസ്റ്റ് വില്ലേജ് ബ്ലോക്ക് 60, റീസർവ്വെ 26-ലെ 11.64 ആർ വസ്തുവിന്റെ പോക്കുവരവ് പ്രശാന്തയുടെയും, പ്രദീപ് കുമാറിന്റെയു കൂട്ടായ പേരിൽ നടത്താൻ അനുവദിച്ചുകൊണ്ട് ഉത്തരവിടണമെന്ന് റിവിഷൻ ഹർജിക്കാർക്കു വേണ്ടി അഡ്വക്കേറ്റ് സ്റ്റേറ്റ്മെന്റ് നൽകിയിട്ടുള്ളതാണ്.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പ്രശാന്ത നൽകിയ മൊഴി

കൊല്ലം എസ്.ആർ.ഒ.യിലെ 161/111/2017-ാം നമ്പർ വിൽപ്പത്ര പ്രകാരം ഏഴാം എതിർകക്ഷി പ്രശാന്തയ്ക്ക് ടി വസ്തുവിന്മേൽ അനുഭവാവകാശവും കൈവശാവകാശവും കരമൊടുക്ക് അവകാശവും സിദ്ധിച്ചിട്ടുള്ളതാകുന്നു. ടി വിൽപത്രത്തിന്റെ ആമുഖത്തിൽ നിന്നുതന്നെ വിൽപത്രം ചമച്ച ശ്രീ രഘുനാഥിന്റെ ഉദ്ദേശ്യവും ആഗ്രഹവും വ്യക്തമാണ്. ഹർജികക്ഷിയുടെ നിരന്തരമായ ഉപദ്രവം കാരണമാണ് വിൽപ്പത്രത്തിലെ eviction clause പ്രകാരം ഒന്നാം ഹർജികക്ഷിയെയും കുടുംബത്തെയും പ്രസ്തുത വസ്തുവിൽ നിന്നും കെട്ടിടങ്ങളിൽ നിന്നും പ്രശാന്ത പുറത്താക്കിയിട്ടുള്ളത്. ആയതിലുള്ള വിരോധം നിമിത്തമാണ് ഇത്തരത്തിലുള്ള കേസുകളും പരാതികളും നൽകി ഏഴാം എതിർ കക്ഷിയെ ഹർജികക്ഷികൾ ബുദ്ധിമുട്ടിക്കുന്നത്. വിൽപ്പത്രത്തിലെ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത വസ്തു ശ്രീമതി പ്രശാന്തയുടെ മരണം വരെ ടിയാൾക്ക് കരമൊടുക്കി കൈവശം വച്ച് അനുഭവിച്ച് ഉടമസ്ഥാവകാശത്തോട് കൂടിയുള്ള അധികാരാവകാശങ്ങൾ ഉള്ളതാകുന്നു. കരമൊടുക്കുന്നതിനുള്ള അവകാശവും അനുഭവാവകാശവും കൈവശാവകാശവും പ്രശാന്തയ്ക്ക മാത്രമായി വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഈ റിവിഷൻ ഹർജി നിലനിൽക്കുന്നതല്ല. കൂടാതെ വിൽപ്പത്ര പ്രകാരം പ്രശാന്തയ്ക്ക് പ്രസ്തുത വസ്തു പണയപ്പെടുത്തി ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കാൻ അധികാരാവകാശങ്ങൾ ഉള്ളതാകുന്നു. ഉടമസ്ഥാവകാശവും കൈവശാവകാശവും കരമൊടുക്കും ഉൾപ്പെടെ പരിപൂർണമായ അവകാശമുണ്ടെങ്കിൽ മാത്രമേ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വസ്തുവിൻമേൽ വായ്പ ലഭിക്കുകയുള്ളൂ എന്ന കാര്യം വിൽപത്രം ചമച്ച ശ്രീ.രഘുനാഥന് അറിവുള്ളതാകുന്നു. ഈ വ്യവസ്ഥയിൽ നിന്നു തന്നെ ശ്രീമതി. പ്രശാന്തയ്ക്ക് ഉടമസ്ഥാവകാശവും (Title) കൈവശാവകാശവും (Possession), അനുഭവാവകാശവും (Enjoyment) കരമൊടുക്ക് അവകാശവും (Right to pay land revenue) ഉണ്ടെന്ന് വ്യക്തമാണ്. വിൽപ്പത്ര പ്രകാരം പ്രസ്തുത വസ്തുവിൻമേൽ ശ്രീമതി. പ്രശാന്തയുടെ പേരിലേക്കുള്ള പോക്കുവരവ്, ചട്ടപ്രകാരവും നിലവിലെ നിയമങ്ങൾ പ്രകാരവും നടത്തിയിട്ടുള്ളതാകുന്നു. പ്രസ്തുത പോക്കുവരവ്, നിയമാനുസൃതമായി രജിസ്റ്റർ ചെയ്ത വിൽപ്പത്രത്തിന്റെ അടിസ്ഥാനത്തിലായതിനാൽ 1966-ലെ Transfer of Registry Rule-ലെ Rule 3(a)-യാണ് ബാധകമായിട്ടുള്ളത്. കൂടാതെ പ്രസ്തുത പോക്കുവരവ് റദ്ദുചെയ്യണമെന്ന് കോടതി ഉത്തരവുകൾ ഒന്നും തന്നെ ഇല്ലാത്തതിനാലും joint Mutation ആവശ്യപ്പെട്ടുകൊണ്ടുള്ള റിവിഷൻ ഹർജി വിൽപ്പത്രത്തിന്റെ letter and spirit-ന് വിരുദ്ധമായതിനാലും അത്തരത്തിൽ ഒരു വ്യവസ്ഥ പ്രസ്തുത വിൽപ്പത്രത്തിൽ ഇല്ലാത്തതിനാലും ഈ റിവിഷൻ ഹർജി തള്ളി ഉത്തരവാകണമെന്ന് പ്രശാന്തയ്ക്ക വേണ്ടി അഡ്വക്കേറ്റ് ഹാജരായി സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ വ്യക്തമാക്കുന്നു.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കൊല്ലം സബ് കളക്ടർക്കു വേണ്ടി നൽകിയ മൊഴി

മേൽ വിഷയത്തിൽ കേരള പോക്കുവരവ് ചട്ടങ്ങൾ 1966 ചട്ടം 18 (iii) ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ബന്ധപ്പെട്ട കക്ഷികൾക്ക് യഥാവിധി നോട്ടീസ് നൽകി 11/03/2020, 25/06/2020, 12/07/2021 തീയതികളിൽ ഹിയറിംഗ് നടത്തി വാദി, എതിർഭാഗങ്ങൾ കേട്ടിട്ടുള്ളതാണ്. പരാമർശ ഭൂമി ശ്രീമതി. പ്രശാന്ത പേരിലേക്ക് പോക്കുവരവ് ചെയ്തിട്ടുള്ളത് നിയമാനുസൃതമായി രജിസ്റ്റർ ചെയ്ത ഒരു വിൽപത്രത്തിന്റെ അടിസ്ഥാനത്തിലാണെന്നും ടി വിൽപത്രമോ മുന്നാധാരമോ അസാധുവാക്കിക്കൊണ്ടുള്ള ഉത്തരവുകളൊന്നും തന്നെ ഏതെങ്കിലും സിവിൽ കോടതികളിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ലാത്തതാണെന്നും സാധുവായ ഒരു വിൽപത്രത്തിന്റെ അടിസ്ഥാനത്തിൽ 1966 ലെ കേരള പോക്കുവരവ് ചട്ടങ്ങൾ, 1961 ലെ കേരള ഭൂനികുതി നിയമം എന്നിവയിലെ വ്യവസ്ഥകൾക്കു വിധേയമായി നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് ശ്രീമതി. പ്രശാന്തയുടെ പേരിലേക്ക് നടത്തിയ പോക്കുവരവ് നടപടിയിൽ അപാകതയൊന്നുമില്ലെന്ന് രേഖകൾ പരിശോധിച്ചതിലും നേർക്കാഴ്ച നടത്തിയതിലും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ചട്ടപ്രകാരം പരാതിക്കാരന്റെ അപ്പീൽ ഹർജി തള്ളിക്കൊണ്ട് 24/11/2021 ൽ ജെ. 2066/19 നമ്പരായി നടപടിക്രമം പുറപ്പെടുവിച്ചിട്ടുള്ളത്. ടി സാഹചര്യത്തിൽ കേരളപോക്കുവരവ് ചട്ടം 1966 ലെ വ്യവസ്ഥകൾ പാലിച്ചു തന്നെയാണ് ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും ആയത് നിയമപ്രകാരം നിലനിൽക്കത്തക്കതാണെന്നും ബോധിപ്പിച്ചു കൊള്ളുന്നു. പ്രസ്തുത സാഹചര്യത്തിൽ ടി ഉത്തരവിനെതിരായി ശ്രീ. പ്രദീപ് കുമാർ സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജി തള്ളി തീർപ്പാക്കാവുന്നതാണെന്ന വിവരം കൊല്ലം സബ് കളക്ടർക്കു വേണ്ടി ജൂനിയർ സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

കൊല്ലം ഭൂരേഖ തഹസിൽദാരുടെ മൊഴി

കൊല്ലം എസ്.ആർ.ഒ.യിലെ 161/111/2017-ാം നമ്പർ വിൽപ്പത്ര പ്രകാരം ശ്രീമതി. പ്രശാന്ത പേരിൽ പോക്കുവരവ് ചെയ്ത് നൽകണമെന്നാവശ്യപ്പെട്ട് ടിയാൾ കൊല്ലം ഈസ്റ്റ് വില്ലേജോഫീസർക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ അവകാശ രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും കൈവശം പരിശോധിച്ചും കൊല്ലം ഈസ്റ്റ് വില്ലേജോഫീസർ 10/11/2017 ലെ റ്റി.ആർ 324/17 നമ്പർ പി.വി.പ്രകാരം ടി പ്രശാന്ത പേരിൽ പോക്കുവരവ് ചെയ്ത് നൽകിയിട്ടുള്ളതാണ്. ടി പോക്കുവരവ് റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. പ്രദീപ്കുമാർ സമർപ്പിച്ച അപേക്ഷയിന്മേൽ പരാതിക്കാരന്റെ അപ്പീൽ ഹർജി തള്ളിക്കൊണ്ട് 24/11/2021 ൽ ജെ. 2066/19 നമ്പരായി നടപടിക്രമം പുറപ്പെടുവിച്ചിട്ടുള്ളതും

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അപ്രകാരം ബഹു. ഹൈക്കോടതിയുടെ 27/02/2019 ലെ WP(C) 5904/19 നമ്പർ ഉത്തരവ് നടപ്പിലാക്കിയിട്ടുള്ളതായും കൊല്ലം ഭൂരേഖ തഹസിൽദാർ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുള്ളതാണ്.

കൊല്ലം ഈസ്റ്റ് വില്ലോജോഫീസറുടെ മൊഴി

കൊല്ലം എസ്.ആർ.ഒ.യിലെ 161/111/2017-ാം നമ്പർ വിൽപ്പത്ര പ്രകാരം ശ്രീമതി. പ്രശാന്ത പേരിൽ പോക്കുവരവ് ചെയ്ത് നൽകണമെന്നാവശ്യപ്പെട്ട് ടിയാൾ കൊല്ലം ഈസ്റ്റ് വില്ലേജോഫീസർക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ അവകാശ രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും കൈവശം പരിശോധിച്ചും 10/11/2017 ലെ റ്റി.ആർ 324/17 നമ്പർ പി.വി.പ്രകാരം കൊല്ലം ഈസ്റ്റ് വില്ലേജിൽ ആശ്രാമം ചേരിയിൽ പ്രതിഭാ ഭവനിൽ രഘുനാഥൻ മകൾ പ്രശാന്ത പേരിൽ ബ്ലോക്ക് നമ്പർ 60 ൽ റീസർവ്വേ 26 ൽ 11.64 ആർസ് സ്ഥലം 29531 നമ്പർ തണ്ടപ്പേരിൽ പോക്കുവരവ് ചെയ്ത് നൽകിയിട്ടുള്ളതും ടിയാൻ കരമൊടുക്കി വരുന്നതായും കൊല്ലം ഈസ്റ്റ് വില്ലോജോഫീസർ മൊഴി നൽകിയിട്ടുള്ളതാണ്.

ഡിസ്ട്രിക്ട് രജിസ്ട്രാർ, ജനറലിന്റെ മൊഴി

കൊല്ലം സബ് രജിസ്ട്രാർ ഓഫീസിൽ 161/3/2017-ാം നമ്പരായി രജിസ്റ്റർ ചെയ്ത വിൽപത്രമാണ് ടി ഹർജിയ്ക്ക് ആസ്പദമായത് എന്നുകാണുന്നു. പ്രസ്തുത വിൽപ്പത്രം ആശ്രാമം പ്രതിഭാ ഭവനിൽ നീലകണ്ഠൻ മകൻ എൻ. രഘുനാഥൻ എഴുതി വച്ച രജിസ്ട്രേഷൻ നിയമപ്രകാരം ഈ കാര്യാലയത്തിൽ അനാമത്ത് വച്ചിരുന്നതും ടിയാന്റെ മരണശേഷം ആശ്രാമം പ്രതിഭാ ഭവനിൽ പ്രദീപിന്റെ അപേക്ഷ പ്രകാരം അനാമത്ത് വച്ച് കവർ തുറന്ന് നടപടിക്രമങ്ങൾ പാലിച്ച് കൊല്ലം സബ് രജിസ്ട്രാർ ഓഫീസിൽ മേൽ പറഞ്ഞ നമ്പരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ടി വിൽപ്പത്രപ്രകാരം വാദിയായ പ്രദീപ്കുമാറും അവകാശിയായി വരുമെന്നിരിക്കെ ടിയാന്റെ പേര് കമ്പ്യൂട്ടറൈസ്ഡ് ഇൻഡക്സിൽ ചേർത്തിട്ടില്ലായെന്ന് അഡ്വക്കേറ്റ് ജെ.അശോകൻ ഈ ഓഫീസിൽ 11.06.2022 ന് ആക്ഷേപം നൽകിയതിനെത്തുടർന്ന് ഈ ഓഫീസിൽ നടത്തിയ പരിശോധനയിൽ ടി ആരോപണം ശരിയാണെന്ന് കണ്ടെത്തുകയും ടിയാന്റെ പേര് വിവരം കൂടി ഓപ്പൺ പേൾ സോഫ്റ്റ് വെയറിലെ ടി വിൽപ്പത്രം സംബന്ധിച്ച Claimant Details -ൽ ചേർക്കുവാൻ കൊല്ലം സബ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരുന്നതും ടി വിവരം വാദിയ്ക്ക് വേണ്ടി ആക്ഷേപം ഉന്നയിച്ച അഡ്വക്കേറ്റ് ജെ. അശോകന് അറിയിപ്പായി നൽകിയിരുന്നതുമാണ്. ഈ ഓഫീസിൽ നിന്നും 16.07.2020 തീയതിയിൽ അഡ്വക്കേറ്റ് ജെ.അശോകന് നൽകിയ കത്തിൽ പിശകുകൾ ഉണ്ടെന്ന് കാണിച്ച് 07.03.2022 തീയതിയിൽ

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ശ്രീമതി.പ്രശാന്ത പരാതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായി 161/3/2017-ാം നമ്പർ വിൽപ്പത്രം പരിശോധിച്ചതിൽ ടി വിൽപ്പത്രത്തിലെ ഒന്നാം നമ്പർ പട്ടിക വസ്തുവിന്റെ അനുഭവം കൈവശം കരംഒടുക്ക് എന്നീ അവകാശങ്ങൾ പ്രശാന്തയുടെ ജീവിതകാലം വരെ പ്രശാന്തയ്ക്ക് മാത്രമാണെന്നും ടിയാരിയുടെ കാലശേഷം മാത്രമാണ് പ്രദീപിന് ടി വസ്തുവിൽ അവകാശം സിദ്ധിക്കുന്നത് എന്ന് ബോദ്ധ്യമായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ടി കത്തിൽ മാറ്റം വരുത്തിയിട്ടുള്ളതുമായ വിവരം അഡ്വക്കേറ്റ് ജെ.അശോകനും പ്രശാന്തയ്ക്കും അറിയിപ്പായി നൽകിയിട്ടുള്ളതുമാണ്. ശ്രീമതി. പ്രശാന്ത സമർപ്പിച്ച അപേക്ഷയിന്മേൽ മേൽപ്രകാരം ഈ ഓഫീസിൽ നിന്നും സ്വീകരിച്ച നടപടി ടി വിൽപ്പത്രത്തിന്റെ Intention മനസ്സിലാക്കിയും ഉത്തമ വിശ്വാസത്തോടെയാണെന്നും ഡിസ്ട്രിക്ട് രജിസ്ട്രാർ, ജനറലിന്റെ കാര്യാലയത്തിൽ നിന്നും സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ ബോധിപ്പിച്ചിരിക്കുന്നു.

കൊല്ലം സബ് രജിസ്ട്രാറുടെ മൊഴി

161/3/2017 നമ്പർ വിൽപത്രം ഈ ഓഫീസിൽ 08/09/2017 തീയതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ടി വിൽപ്പത്രം ഓപൺപേൾ സോഫ്റ്റ് വെയറിൽ എഴുതിക്കൊടുത്ത കക്ഷി രഘുനാഥൻ, പ്രതിഭാ ഭവൻ, ആശ്രാമം എന്ന പേരും എഴുതിക്കിട്ടിയ കക്ഷി പ്രശാന്ത, പ്രതിഭാഭവൻ ആശ്രാമം എന്ന പേരും ചേർത്താണ് ഇൻഡക്സ് ചെയ്തിരുന്നത് എന്നാൽ ബഹു.കൊല്ലം ജില്ലാ രജിസ്ട്രാർ ജനറലിന്റെ 16/07/2020 ലെ M3/1365/21, 05/01/2022 ലെ M3/2333/21 നമ്പർ ഉത്തരവുകൾ പ്രകാരം ടി വിൽപ്പത്രം നിലവിൽ വന്നതിനുശേഷം ടി വിൽപ്പത്രത്തിലെ ഒന്നാം നമ്പർ പട്ടിക വസ്തുവകകളുടെ അവകാശികളായി രഘുനാഥൻ മകൾ ആർ പ്രശാന്ത (ടിയാരിയുടെ ജീവിതകാലം വരെ), രഘുനാഥൻ മകൻ പ്രദീപ് എന്നിവരും രണ്ടാം നമ്പർ പട്ടിക വസ്തുവകകളുടെ അവകാശികളായി രഘുനാഥൻ മകൾ ആർ പ്രശാന്ത (ടിയാരിയുടെ ജീവിതകാലം വരെ), രഘുനാഥൻ മകൾ പ്രതിഭയുടെ മകൻ ആദർശ് എന്നിവർ ഉൾപ്പെടുന്നതായും കൂടാതെ ശ്രീ.എൻ.രഘുനാഥൻ നടത്തിവരുന്ന സ്വർണ്ണപ്പണയ ബിസിനസ്സ് നടത്തിപ്പും ബാങ്ക് നിക്ഷേപങ്ങളും തന്റെ മരണശേഷം പ്രശാന്ത,രാജമ്മ പ്രതിഭ എന്നീ വ്യക്തികൾക്ക് അടങ്ങണമെന്നും ടി വിൽപ്പത്രത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഓപ്പൺപേൾ സോഫ്റ്റ് വെയറിൽ ടി വിൽപ്പത്രം സംബന്ധിച്ച പതിവുകളിൽ അവകാശികളായി ശ്രീമതി പ്രശാന്തയെ കൂടാതെ ശ്രീ പ്രദീപ്, ശ്രീ. ആദർശ്, ശ്രീമതി. രാജമ്മ, ശ്രീമതി. പ്രതിഭ എന്നിവരേയും അവകാശികളായി ചേർത്ത് റിപ്പോർട്ട് ചെയ്യുവാൻ ഉത്തരവു നൽകിയതിന്റെ അടിസ്ഥാനത്തി ഓപൺ പേൾ സോഫ്റ്റ് വെയറിൽ മറ്റ് അവകാശികളെ കൂടി ചേർത്തിട്ടുള്ളതാണെന്ന വിവരം കൊല്ലം എസ്.ആർ.ഒയിൽ നിന്നും സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ വ്യക്തമാക്കുന്നു.

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ടി വിചാരണയിൽ ഹാജരായ കക്ഷികളുടെ മൊഴിയും ഹാജരാക്കിയ രേഖകളും വിശദമായി പരിശോധിച്ചിട്ടുള്ളതാണ്. ശ്രീ. രഘുനാഥന്റെ കാലശേഷം വിൽപത്രത്തിലെ ഒന്നാം പട്ടികയിൽ പറയുന്ന വസ്തു വകകളുടെ അനുഭവം, കൈവശം, കരം ഒടുക്ക് എന്നിവ ഇളയ മകൾ പ്രശാന്തയ്ക്ക മാത്രം അടങ്ങി കിടുന്നതായും എന്തെങ്കിലും കാരണവശാൽ ശ്രീ. പ്രദീപോ കുടുംബമോ ശ്രീമതി. പ്രശാന്തയുടെ സ്വൈരമായ താമസത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നതായാൽ ശ്രീ. പ്രദീപിനെയും കുടുംബത്തെയും കെട്ടിടത്തിൽ നിന്ന് ഒഴിപ്പിക്കുന്നതിനുള്ള അവകാശം ശ്രീമതി. പ്രശാന്തയ്ക്ക് ഉണ്ടായിരിക്കുന്നതായും പ്രശാന്തയുടെ കാലശേഷം മാത്രം ഒന്നാം പട്ടിക വസ്തുക്കൾ ശ്രീ. പ്രദീപിനോ ടിയാന്റെ അനന്തരാവകാശികൾക്കോ അടങ്ങി കിടുന്നതും അപ്പോൾ മാത്രം അവരുടെ പേരിൽ കൂട്ടി കരം തീർത്തും പൂർണ്ണമായി അനുഭവിക്കാനുള്ള അവകാശം കിടുന്നതുമാണ് എന്ന് 161/III/2017 നമ്പർ വിൽപത്രത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതായി ബോധ്യമാകുന്നു. പ്രാബല്യത്തിൽ വന്നു കഴിഞ്ഞ വിൽപത്രം പോക്കു വരവിനും കരം അടവിനും വിധേയമായതിനാൽ വിൽപത്രത്തിൽ പോക്കുവരവ് ചെയ്യാൻ വ്യവസ്ഥയില്ലായെന്ന വാദം നിലനിൽക്കുന്നതല്ല. ശ്രീ. പ്രദീപ്കുമാർ തന്നെ ഫയൽ ചെയ്ത I.A.5800/2017 in O.S.No.908/17 കേസിൽ വിൽപത്രത്തിലെ വ്യവസ്ഥകളുടെ സൂക്ഷ്മപരിശോധനയിൽ ശ്രീ.രഘുനാഥന്റെ വിയോഗത്തോടെ, ടി വസ്തുവിന്റെ കൈവശം, അനുഭവം, കരമൊടുക്ക് എന്നിവയുടെ എല്ലാ ഉടനടി അവകാശങ്ങളും ശ്രീമതി പ്രശാന്തയ്ക്ക് അടങ്ങിക്കിടുന്നതായും പരാതിക്കാരനായ ശ്രീ.പ്രദീപ് കുമാറിന് ടി വസ്തുവിന്മേൽ പ്രശാന്തയുടെ കാലശേഷം മാത്രമേ സമ്പൂർണ അവകാശം കൈമാറിക്കിട്ടുകയുള്ളുവെന്നും ശ്രീ.രഘുനാഥൻ ടി വസ്തുവിന്റെ നികുതി അടയ്ക്കാൻ ശ്രീമതി പ്രശാന്തയെ അധികാരപ്പെടുത്തിയിട്ടുള്ളതിനാൽ ശ്രീമതി. പ്രശാന്തയ്ക്ക് അനുകൂലമായി പോക്കുവരവ് ചെയ്ത നടപടി എതിർക്കേണ്ട കാര്യമില്ലായെന്നുമുള്ള നിരീക്ഷണങ്ങൾ ബഹു. കൊല്ലം പ്രിൻസിപ്പൽ മുൻസിഫ് കോടതി നടത്തിയിട്ടുള്ളതുമാണ്. Sec.27(1) of T.R. Rules എന്നത് .." transfer of registry by succession: change of Registry necessitated by the death or prolonged absence for more than 7 years of the registered holder will be disposed.." എന്ന് വിശദീകരിച്ചിട്ടുള്ളതിനാലും വ്യക്തമായ ഒരു വിൽപത്രത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പോക്കുവരവിന് Sec.27 of T.R. Rules ബാധകമല്ല എന്നതിനാലും താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

കൊല്ലം സബ് രജിസ്ട്രാർ ഓഫീസിലെ 161/III/2017 നമ്പർ വിൽപത്രത്തിന്റെ അടിസ്ഥാനത്തിൽ 1966 ലെ കേരള പോക്കുവരവ് ചട്ടങ്ങൾ, 1961 ലെ കേരള ഭൂനികുതി നിയമം എന്നിവയിലെ വ്യവസ്ഥകൾക്കു

File No. LR/9130/2025-LR(B3) (Computer No. 141119)

Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

PE- 02/2022/KLM 27.07.2022

വിഷയം:-ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിൽ ശ്രീ.സോമനാഥൻ, ശ്രീമതി.ലതിക എന്നിവർ ഫയൽ ചെയ്ത 33342/2018 നമ്പർ റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിൽ ബഹു.കോടതിയുടെ ഉത്തരവ് പ്രകാരം കൊല്ലം ALC-5, ഹെഡ് സർവ്വേയർ ആയിരുന്ന ശ്രീ.അഷ്ടമന്റെ S.A-No.13/99 ഉത്തരവിന്റെ ആധികാരികതയെക്കുറിച്ച് പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:

1) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 28.02.2022 തീയതിയിലെ വിജി-ഇ2/1/2022-വിജി പ്രകാരമുള്ള കത്ത്

2) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ അവർകളുടെ 15.03.2022 തീയതിയിലെ നമ്പർ ഇ3-33414/2021/കെ.എൻ.എം പ്രകാരമുള്ള കത്ത്

3) പി.ഇ. 02/2022/കൊല്ലം, തീയതി 22.03.2022.

ഖണ്ഡിക: 1

ആമുഖം

കൊല്ലം താലൂക്കിൽ ഈസ്റ്റ് വില്ലേജിൽ ഉളിയക്കോവിൽ ചേരിയിൽ സ്നേഹ നഗർ 138-ൽ രതീഷ് ഭവനിൽ വേലുപ്പിള്ള മകൻ സോമനാഥൻ ടിയാന്റെ ഭാര്യ ശ്രീമതി.ലതിക എന്നിവർ ചേർന്ന് കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നമ്പർ-33342/2018-ൽ കൊല്ലം ALC-5, (Appeal and Land Complaints) ഹെഡ് സർവ്വേയർ ആയിരുന്ന ശ്രീ.അഷ്ടമന്റെ S.A- No.13/99 (Survey Adalat) ഉത്തരവിന്റെ ആധികാരികത പരിശോധിച്ച് പ്രാഥമിക അന്വേഷണം നടത്തുന്നതിന് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായതിനാൽ, ബഹുമാനപ്പെട്ട വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സൂചന (2) പ്രകാരം പ്രാഥമിക അന്വേഷണം നടത്തുന്നതിലേക്ക് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കൊല്ലം യൂണിറ്റിലേക്ക് അയച്ച് തന്നിട്ടുള്ളതും, ആയതിന്റെ

Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

അടിസ്ഥാനത്തിൽ സൂചന (3) പ്രകാരം ടി ആരോപണത്തിൻമേൽ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് ഹാജരാക്കുവാൻ കൊല്ലം വി.എ.സി.ബി യൂണിറ്റിലെ പോലീസ് ഇൻസ്പെക്ടർ ശ്രീ. സാനി.എസ് ആയ എന്നെ ചുമതലപ്പെടുത്തുകയാൽ P.E-02/22/KLM മേൽ പ്രാഥമിക അന്വേഷണം നടത്തിയിട്ടുള്ളതും, അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകളിൽമേൽ സമർപ്പിക്കുന്ന പ്രാഥമിക അന്വേഷണ റിപ്പോർട്ട്.

ഖണ്ഡിക: 2

കുറ്റാരോപിതരുടെ പേരും വിലാസവും, വിരമിക്കൽ തീയതി സഹിതം

(1) കെ. അഷ്ടമൻ, S/o.കൃഷ്ണൻ, ദിവ്യാ ഭവനം അലയമൺ (P.O), അഞ്ചൽ
(Former Survey Supdt. K.I.P, Survey Supdt.office, Kollam)
Retired on 31.03.2000 & **Expired on 30.04.2005**

ഖണ്ഡിക: 3

കൂട്ടിച്ചേർത്ത കുറ്റാരോപിതരുടെ പേരും, മേൽ വിലാസവും വിരമിക്കൽ തീയതി സഹിതം

(1) Unnikrishnan.P, age-53, S/o.Padmanabhan, Greeshmam, Meckone, Kottamkara Village, Kollam Taluk
(Asst.Director, Resurvey, Kollam, PEN-121131,
Date of Joining: 24.06.1996, Date of Retirement: 31.05.2025 .

ഖണ്ഡിക 4

ആരോപണ വിധേയമായ സംഗതികൾ

കൊല്ലം ഈസ്റ്റ് വില്ലേജിൽ ബ്ലോക്ക് നമ്പർ 15-ൽ റീസർവ്വേ നമ്പർ 1 -ൽ ഉൾപ്പെട്ടതും, ബഹു.ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നമ്പർ 33342/2018 ഫയൽ ചെയ്ത ശ്രീ.സോമനാഥൻ, ശ്രീമതി.ലതിക എന്നിവർ പേർക്കുണ്ടായിരുന്നതുമായ 15 സെന്റ് വസ്തു, സർവ്വേ അദാലത്ത് മുഖാന്തിരം കൊല്ലം ALC-5 സർവ്വേ സൂപ്രണ്ട് ഓഫീസിലെ ഹെഡ് സർവ്വേയർ- III ആയിരുന്ന ശ്രീ.അഷ്ടമന്റെ ഉത്തരവ് നമ്പർ SA 13/99 dtd 22.07.1999 പ്രകാരം, ടി വസ്തുവിന്റെ ഉടമസ്ഥാവകാശം ഇരവിപുരം വില്ലേജിൽ തെക്കേവിള ചേരിയിൽ ശാരദാ മന്ദിരത്തിൽ ശ്രീധരന്റെ പേർക്ക് തണ്ടപ്പേർ നമ്പർ T -14039 ആയി പോക്കുവരവ്

File No. LR/9130/2025 LR(B3) (Computer No. 44419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ചെയ്ത് നൽകിയെന്നും, കരം ഒടുക്ക് അനുമതി ലഭിച്ചുവെന്നും, ടി വസ്തു ടി പരാതിക്കാരുടെ ഉടമസ്ഥാവകാശത്തിലുള്ളതാണെന്നും, ആയതിനാൽ ടി ഉത്തരവ് റദ്ദ് ചെയ്ത് വസ്തു ടിയാളുകൾക്ക് തിരികെ ലഭിക്കണമെന്നുമാണ് പരാതി സംഗതി.

ഖണ്ഡിക 5

കൂട്ടിച്ചേർക്കപ്പെട്ട ആരോപണം.

ഇല്ല.

ഖണ്ഡിക 6

ചോദ്യം ചെയ്ത സാക്ഷികളുടെ പേരും മേൽവിലാസവും.

1	കൊല്ലം താലൂക്കിൽ ഈസ്റ്റ് വില്ലേജിൽ ഉളിയക്കോവിൽ ചേരിയിൽ സ്നേഹ നഗർ 138-ൽ രതീഷ് ഭവനിൽ വേലുപ്പിള്ള മകൻ സോമനാഥൻ വയസ്സ്-69, ഫോൺ-8592098360 -പരാതിക്കാരൻ (കണ്ടുചോദിച്ച തീയതി- 21.04.2022)
2	കൊല്ലം താലൂക്കിൽ ഈസ്റ്റ് വില്ലേജിൽ ഉളിയക്കോവിൽ ചേരിയിൽ സ്നേഹ നഗർ 138-ൽ രതീഷ് ഭവനിൽ സോമനാഥൻ ഭാര്യ ലതിക വയസ്സ്-67 ,ഫോൺ-8592098360 -പരാതിക്കാരി (കണ്ടുചോദിച്ച തീയതി- 21.04.2022)
3	കൊല്ലം താലൂക്കിൽ ഈസ്റ്റ് വില്ലേജിൽ ഉളിയക്കോവിൽ ചേരിയിൽ സ്നേഹ നഗർ 138-ൽ രതീഷ് ഭവനിൽ സോമനാഥൻ മകൻ രതീഷ് വയസ്സ്-44. ഫോൺ-9947046754-പരാതിക്കാരന്റെ മകൻ (കണ്ടു ചോദിച്ച തീയതി- 21.04.2022)
4	കൊല്ലം കോർപ്പറേഷനിൽ മുണ്ടയ്ക്കൽ വില്ലേജിൽ തെക്കേവിള ചേരിയിൽ ഇരവിപുരം എന്ന സ്ഥലത്ത് ഉഷസ്സ് വീട്ടിൽ ശ്രീധരൻ മകൻ ബൈജുകുമാർ വയസ്സ്-60, ഫോൺ-9387008980 (കണ്ടുചോദിച്ച തീയതി- 30.04.2022)

File No. LR/9130/2025 LR(B3) (Computer No. 14419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

5	കൊല്ലം താലൂക്കിൽ കൊറ്റങ്കര വില്ലേജിൽ മേക്കോൺ എന്ന സ്ഥലത്ത് ഗ്രീഷ്മത്തിൽ പത്മനാഭൻ മകൻ ഉണ്ണികൃഷ്ണൻ വയസ്സ്-53, ഫോൺ-9497440471 (Asst.Director, Survey Dept, Kollam) (കണ്ടുചോദിച്ച തീയതി- 09.05.2022)
6	കൊല്ലം താലൂക്കിൽ തൃക്കരുവ വില്ലേജിൽ പ്രാക്കുളം N.S.S ഹയർ സെക്കണ്ടറി സ്കൂളിന് സമീപം നന്ദനം ചൂരാട്ട് വീട്ടിൽ സന്തോഷ് കുമാർ ഭാര്യ സുനിത വയസ്സ്-47/22 (ഭൂരേഖാ തഹസീൽദാർ, കൊല്ലം) (കണ്ടുചോദിച്ച തീയതി- 27.05.2022)
7	കൊല്ലം താലൂക്കിൽ തൃക്കടവൂർ വില്ലേജിൽ അഞ്ചാലുംമൂട് മുരുന്തൽ ചേരിയിൽ ചന്തവിള പുത്തൻവീട്ടിൽ തങ്കപ്പൻപിള്ള മകൻ ശ്രീകുമാർ.റ്റി, വയസ്സ്-51 ഫോൺ-9447744622 (Survey Supdt., Kollam) (കണ്ടുചോദിച്ച തീയതി- 27.04.2022)
8	കൊല്ലം കോർപ്പറേഷനിൽ മങ്ങാട് വില്ലേജിൽ കരിക്കോട് ചേരിയിൽ ശ്രീകുരുതികാമൻ നഗറിൽ ശ്രീഭവനിൽ ഗോപാലകൃഷ്ണപിള്ള മകൻ ശ്രീകുമാർ.ജി.എസ്, വയസ്സ്-48, ഫോൺ-9895309453 (Village Officer, Kollam East Village) (കണ്ടുചോദിച്ച തീയതി- 25.04.2022, 11.05.2022)
9	കൊല്ലം കോർപ്പറേഷനിൽ കൊല്ലം ഈസ്റ്റ് വില്ലേജിൽ ഉളിയക്കോവിൽ ചേരിയിൽ നിർമാല്യം വീട്ടിൽ അനിൽകുമാർ ഭാര്യ ഷീബ.ആർ വയസ്സ്-48 ,ഫോൺ-9447091181 (Head Surveyor, Karunagappally Resurvey Supdt.Office) (കണ്ടുചോദിച്ച തീയതി- 04.05.2022)
10	കൊട്ടാരക്കര താലൂക്കിൽ പൂയപ്പള്ളി വില്ലേജിൽ ചെങ്കുളം എന്ന സ്ഥലത്ത് S.S.ഭവനിൽ രാജു ഭാര്യ സുജ.K.C, വയസ്സ്-55 ,ഫോൺ-9995282685 (Head Surveyor, Kottarakkara ALC Office) (കണ്ടുചോദിച്ച തീയതി- 06.05.2022)

File No. LR/9130/2025 LR(B3) (Computer No. 14419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

11	പത്തനാപുരം താലൂക്കിൽ പിടവൂർ വില്ലേജിൽ പനമ്പറ്റ ദേശത്ത് പാർവ്വതീ സദനത്തിൽ ശിവദാസൻപിള്ള മകൻ ശിവകുമാർ.എസ് വയസ്സ്-49, ഫോൺ-9447386587 (1st Grade Surveyor, Punalur Resurvey Supdt.Office) (കണ്ടുചോദിച്ച തീയതി- 06.05.2022)
12	കരുനാഗപ്പള്ളി താലൂക്കിൽ ടി വില്ലേജിൽ പടനായർകുളങ്ങര വടക്ക് മുറിയിൽ രത്നശ്രീയിൽ രത്നാകരൻ ഭാര്യ ജയശ്രീ.എസ്, വയസ്സ് -56/22 (Amalgated Sub Registrar, Kollam) കണ്ടു ചോദിച്ച തീയതി: 16.05.2022
13	കൊല്ലം താലൂക്കിൽ പെരിനാട് വില്ലേജിൽ കണ്ടച്ചിറ എന്ന സ്ഥലത്ത് തോട്ടുംകര വീട്ടിൽ സുദർശനൻ ഭാര്യ റ്റി.കെ.സുചരിത വയസസ്-57/22(Draftsman Grade-II, ALC-5, Kollam (Rtd.) കണ്ടു ചോദിച്ച തീയതി: 15.06.2022
14	കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ മുളങ്കാടകം എന്ന സ്ഥലത്ത് സൂരജ് വീട്ടിൽ SMRA നഗർ 161-ൽ കരുണാകരൻ മകൻ സുരേന്ദ്രൻ വയസ്സ്-75/22 (Draftsman Grade-I, ALC-5, Kollam (Rtd.) കണ്ടു ചോദിച്ച തീയതി: 15.06.2022
15	കൊല്ലം താലൂക്കിൽ വടക്കേവിള വില്ലേജിൽ കൃഷ്ണഗിരി വീട്ടിൽ വേലുക്കുട്ടി മകൻ M.V.കൃഷ്ണകുമാർ വയസ്സ്-72/22 (Kollam East Village Officer for the period July 2009) (കണ്ടു ചോദിച്ച തീയതി: 22.06.2022)
16	തൃക്കടവൂർ വില്ലേജിൽ തൃക്കടവൂർ ചേരിയിൽ കിണറുവിള വടക്കതിൽ കെ.ബി.മനോജ് ഭാര്യ ജാസ്മിൻ ജോർജ് വയസ്സ്-52/22 (കണ്ടു ചോദിച്ച തീയതി: 04.07.2022) Tahasildar, Kollam

File No. LR/9130/2025 LR(B3) (Computer No. 14119)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

17	സെബാസ്റ്റ്യൻ പോൾ വയസ്സ്-65/22, S/o.പീറ്റർപോൾ, എവർഷൈൻ വീട്, കടപ്പാക്കട ഫയർസ്റ്റേഷന് സമീപം, കർപ്പൂരം ചേരി, വടക്കേവിള വയസ്സ്-65/22 (കണ്ടു ചോദിച്ച തീയതി: 21.07.2022) Special Village Officer, Kollam East Village Office(Retd)
18	ഷീജ വയസ്സ്-55/22, W/o.രമേഷ് ബാബു, രാകേഷ് ഭവനം, സാഗര നഗർ, കടപ്പാക്കട (പി.ഒ), കൊല്ലം ഈസ്റ്റ് വില്ലേജ് (കണ്ടു ചോദിച്ച തീയതി: 21.07.2022) Former 2nd Grade Surveyor, ALC-5, Kollam Resurvey.

ഖണ്ഡിക-7

രേഖാമൂലമുള്ള തെളിവുകൾ

1	Exhibit -A:	ശ്രീ.സോമനാഥന്റേയും, ഭാര്യ ലതികയുടേയും പേർക്ക് ലതികയുടെ മാതാവ് സുമതി 14¾ സെന്റ് വിലയാധാരം എഴുതി നൽകിയ കൊല്ലം സബ് രജിസ്ട്രാർ ഓഫീസിലെ ആധാരം നമ്പർ 1616/84-ന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
2	Exhibit -B:	ഇരവിപുരം വില്ലേജിൽ തെക്കേവിള ചേരിയിൽ ശാരദാ മന്ദിരത്തിൽ ശ്രീധരന്റെ പേർക്ക് കൃഷ്ണൻ മകൻ ഗംഗാധരൻ 32 സെന്റ് വിലയാധാരമായി എഴുതിയ നൽകിയ കൊല്ലം സബ് രജിസ്ട്രാർ ഓഫീസിലെ ആധാരം നമ്പർ 13/81-ന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3	Exhibit -C:	ഇരവിപുരം വില്ലേജിൽ തെക്കേവിള ചേരിയിൽ ശാരദാ മന്ദിരത്തിൽ ശ്രീധരൻ ഭാര്യ നളിനി പേർക്ക് ഉളിയക്കോവിൽ ചേരിയിൽ തുരുത്തേൽ ഇടത്തുണ്ടിൽ വീട്ടിൽ കുഞ്ഞിക്കാളി മകൾ പങ്കജാക്ഷി 15 സെന്റ് വിലയാധാരം എഴുതിയ നൽകി കൊല്ലം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത ആധാരം നമ്പർ 4223/79 -ന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

File No. LR/9130/2025 LR(B3) (Computer No. 44419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

4	Exhibit -D:	ഇരവിപുരം വില്ലേജിൽ തെക്കേവിള ചേരിയിൽ ശാരദാ മന്ദിരത്തിൽ ശ്രീധരൻ ഭാര്യ നളിനി പേർക്ക് ഉളിയക്കോവിൽ ചേരിയിൽ തെരളേത്ത് വീട്ടിൽ കൊച്ചുണ്ണി മകൾ ചെല്ലമ്മ 15 സെന്റ് വിലയാധാരം എഴുതിയ നൽകി കൊല്ലം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത ആധാരം നമ്പർ 38/81 -ന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
5	Exhibit -E:	കൊല്ലം ഈസ്റ്റ് വില്ലേജിലെ Block-15, Re-Survey No.1-ൽ പെട്ട 4 ആർ പുരയിടം തണ്ടപ്പേർ രജിസ്റ്ററിൽ നമ്പർ 929-ാം നമ്പരായി ശ്രീമതി.ലതിക പേർക്കായിരുന്നു എന്ന് തെളിയിക്കുന്ന മാതൃ തണ്ടപ്പേർ രജിസ്റ്ററിന്റെ സാക്ഷ്യ പ്പെടുത്തിയ പകർപ്പ്
6	Exhibit -F:	കൊല്ലം ഈസ്റ്റ് വില്ലേജിലെ Block-15, Re-Survey No.1-ൽ പെട്ട 4 ആർ പുരയിടം തണ്ടപ്പേർ രജിസ്റ്ററിൽ നമ്പർ 929 പ്രകാരം ശ്രീമതി.ലതികയുടേയും സോമനാഥന്റേയും പേർക്കുണ്ടായിരുന്ന വസ്തു ALC ഹെഡ് സർവ്വേയർ കെ.അഷ്ടമന്റെ ഉത്തരവ് നം.SA 13/99 22/07/1999 പ്രകാരം തണ്ടപ്പേർ നം.14039 ആയി ശ്രീ.ശ്രീധരന്റെ പേർക്ക് പോക്കുവരവ് ചെയ്ത് നൽകിയതായുള്ള തണ്ടപ്പേർ രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
7	Exhibit-G:	BTR (Basic Tax Register) പ്രകാരം കൊല്ലം ഈസ്റ്റ് വില്ലേജിലെ Block-15, Re-Survey No.1-ൽ പെട്ട 4 ആർ പുരയിടം ശ്രീ.സോമനാഥന്റേയും, ലതികയുടേയും പേർക്കാ യിരുന്നു എന്ന് തെളിയിക്കുന്ന BTR -ന്റെ പകർപ്പ്
8	Exhibit- H:	കൊല്ലം റീസർവ്വേ ALC-3, Head Surveyor-III, കെ.അഷ്ടമന്റെ SA No.13/99 dtd 22.07.1999 ഉത്തരവ്

File No. LR/9130/2025 LR(B3) (Computer No. 44419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

		പ്രകാരം BTR- ൽ തണ്ടപ്പേർ നം. 14039 പ്രകാരം കരം അടയ്ക്കാനുള്ള അവകാശം ശ്രീധരന് ലഭിച്ച BTR-ന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
9	Exhibit- J:	കൊല്ലം റീസർവ്വേ ALC-3, Head Surveyor-III, കെ.അഷ്ടമന്റെ SA No.13/99 dtd 22.07.1999 ഉത്തരവുമായി ബന്ധപ്പെട്ട ഫയൽ ലഭ്യമല്ലായെന്ന വിവരത്തിനും, ഹെഡ് സർവ്വേയർ അഷ്ടമന്റെ വിലാസം , ടിയാൻ ജോലി ചെയ്ത വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ അസിസ്റ്റന്റ് ഡയറക്ടർ, റീസർവ്വേയുടെ 10.5.22-ലെ കത്ത്.
10	Exhibit- K:	കൊല്ലം ഈസ്റ്റ് വില്ലേജിലെ Block-15, Re-Survey No.1 - ഉം ആയി ബന്ധപ്പെട്ട , കൊല്ലം റീസർവ്വേ ALC-3, Head Surveyor-III, കെ.അഷ്ടമന്റെ 22.07.1999-ലെ SA No.13/99 -ാം നമ്പർ ഫയൽ പുനലൂർ റീസർവ്വേ ഓഫീസിൽ ലഭ്യമല്ലായെന്ന് തെളിയിക്കുന്നതിലേക്ക് പുനലൂർ സർവ്വേ സൂപ്രണ്ട് നമ്പർ.ബി.1-543/22 dtd 05.05.2022 ആയി നൽകിയ മറുപടി കത്ത്.
11	Exhibit -L:	കൊല്ലം ഈസ്റ്റ് വില്ലേജിലെ Block-15, Re- Survey No.1 - ഉം ആയി ബന്ധപ്പെട്ട ,കൊല്ലം റീസർവ്വേ ALC-3, Head Surveyor-III, കെ.അഷ്ടമന്റെ 22.07.1999-ലെ SA No.13/99 -ാം നമ്പർ ഫയൽ കൊട്ടാരക്കര റീസർവ്വേ ഓഫീസിൽ ലഭ്യമല്ലായെന്ന് തെളിയിക്കുന്നതിലേക്ക് കൊട്ടാരക്കര റീ സർവ്വേ സൂപ്രണ്ട് 05.05.2022 ആയി നൽകിയ മറുപടി കത്ത്.
12	Exhibit -M:	കൊല്ലം ഈസ്റ്റ് വില്ലേജിലെ Block-15, Re- Survey No.1 - ഉം ആയി ബന്ധപ്പെട്ട, കൊല്ലം റീസർവ്വേ ALC-3, Head

File No. LR/9130/2025 LR(B3) (Computer No. 14419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

		Surveyor-III, കെ.അഷ്ടമന്റെ 22.07.1999-ലെ SA No.13/99 -ാം നമ്പർ ഫയൽ കരുനാഗപ്പള്ളി റീസർവ്വേ സൂപ്രണ്ട് ഓഫീസിൽ ലഭ്യമല്ലായെന്ന് തെളിയിക്കുന്നതിലേക്ക് കരുനാഗപ്പള്ളി റീസർവ്വേ സൂപ്രണ്ട് നമ്പർ.ബി3-424/2022 dtd 26.04.2022 ആയി നൽകിയ മറുപടി കത്ത്.
13	Exhibit-N:	കൊല്ലം ഈസ്റ്റ് വില്ലേജിലെ Block-15, Re- Survey No.1 -ഉം ആയി ബന്ധപ്പെട്ട ,കൊല്ലം റീസർവ്വേ ALC-3, Head Surveyor-III, കെ.അഷ്ടമന്റെ 22.07.1999-ലെ SA No.13/99 -ാം നമ്പർ ഫയൽ കൊല്ലം ജില്ലാ സർവ്വേ സൂപ്രണ്ട് ഓഫീസിൽ ലഭ്യമല്ലായെന്ന് തെളിയിക്കുന്നതിലേക്ക് കൊല്ലം ജില്ലാ സർവ്വേ സൂപ്രണ്ട് 26.04.2022 ആയി നൽകിയ മറുപടി കത്ത്.
14	Exhibit-P:	കൊല്ലം ഭൂരേഖാ തഹസീൽദാർ ശ്രീ.ശുഭൻ 03.09.2021-ൽ കൊല്ലം ജില്ലാ കളക്ടർക്ക് ഹെഡ് സർവ്വേയർ III , ശ്രീ.അഷ്ടമന്റെ SA 13/99 dtd 22.07.199 -ന്റെ ഉത്തരവിനെക്കുറിച്ച് അന്വേഷണം നടത്തി നൽകിയ എൻകൃയറി റിപ്പോർട്ടിന്റെ പകർപ്പ്
15	Exhibit-Q	ശ്രീ.ശ്രീധരന്റേയും, നളിനിയുടേയും പേർക്കുള്ള വസ്തുക്കളും, സോമനാഥന്റേയും, ലതികയുടേയുടേയും പേർക്കുള്ള വസ്തുക്കളുടേയും location sketch താലൂക്ക് സർവ്വേയർ കിഷൻ ചന്ത് തയ്യാറാക്കിയത് കൊല്ലം ഭൂരേഖാ തഹസീൽദാർ ശ്രീമതി.സുനിത ഹാജരാക്കിയത്
16	Exhibit R	കൊല്ലം ഈസ്റ്റ് വില്ലേജിലെ Block-15, Re-Survey No.1 -ഉം ആയി ബന്ധപ്പെട്ട 22.07.1999-ലെ SA 13/99 -ാം നമ്പർ

File No. LR2/[illegible]/2022-LR2(Computer No. 2280755)
Generated from eOffice by SAJITH B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

		ഉത്തരവിറക്കിയതായ രേഖപ്പെടുത്തലുകളിൽ കാണപ്പെട്ട ഹെഡ് സർവ്വേയർ ശ്രീ.അഷ്ടമൻ.കെ-യുടെ Death Certificate
17	Exhibit S	റിട്ട് പെറ്റീഷൻ നം.33342/2018-ൻ മേൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ പകർപ്പ്.
18	Exhibit T	22.07.1999-ൽ കൊല്ലം ഈസ്റ്റ് വില്ലേജിൽ വില്ലേജ് ഓഫീസറായി ചുമതല വഹിച്ചിരുന്നത്. ശ്രീ.M.Vകൃഷ്ണകുമാർ ആണെന്ന് തെളിയിക്കുന്നതിന് കൊല്ലം ഈസ്റ്റ് വില്ലേജിലെ ടി ദിവസത്തെ ഹാജർപുസ്തകത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
19	Exhibit U	Kollam ALC-5 കൊല്ലം മുൻസിപ്പൽ ബിൽഡിംഗിൽ പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിലുള്ള ജീവനക്കാരുടെ ഹാജർ വിവരവുമായി ബന്ധപ്പെട്ട് 13.06.2022 തീയതി Asst.Director, Re-Survey,Kollam സമർപ്പിച്ച റിപ്പോർട്ട്

ഖണ്ഡിക-8

കുറ്റാരോപിതരുടെ മൊഴി ചുരുക്കം

ഇല്ല.

ഖണ്ഡിക-9

അന്വേഷണത്തിൽ ബോധ്യമായത്.

കൊല്ലം ഈസ്റ്റ് വില്ലേജിൽ ബ്ലോക്ക് നമ്പർ 15-ൽ റീസർവ്വേ നമ്പർ 1 -ൽ ഉൾപ്പെട്ട ശ്രീ.സോമനാഥൻ, ശ്രീമതി.ലതിക എന്നിവർക്ക് വിലയാധാരമായി ലഭിച്ചതുമായ തണ്ടപ്പേർ നമ്പർ 929 -ൽ ഉൾപ്പെട്ട 14.75 സെന്റ് വസ്തു, സർവ്വേ അദാലത്ത് മുഖാന്തിരം, കൊല്ലം ALC-5- സർവ്വേ സൂപ്രണ്ട് ഓഫീസിലെ ഹെഡ്

File No. LR/9130/2025 LR(B3) (Computer No. 14419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സർവ്വേയർ- III ആയിരുന്ന ശ്രീ.അഷ്ടമന്റെ ഉത്തരവ് നമ്പർ SA- 13/99 dtd 2.07.1999 പ്രകാരം ടി വസ്തുവിന്റെ ഉടമസ്ഥാവകാശം ഇരവിപുരം വില്ലേജിൽ തെക്കേവിള ചേരിയിൽ ശാരദാ മന്ദിരത്തിൽ ശ്രീധരന്റെ പേർക്ക് കൊല്ലം ഈസ്റ്റ് വില്ലേജിൽ തണ്ടപ്പേർ നമ്പർ T -14039 ആയി പോക്കുവരവ് ചെയ്ത് കിട്ടിയും, കരം ഒടുക്ക് അനുമതി ലഭിച്ചതിനെ സംബന്ധിച്ചും, ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിൽ ശ്രീ.സോമനാഥൻ, ശ്രീമതി.ലതിക എന്നിവർ ഫയൽ ചെയ്ത Writ petition No.33342/2018 -ൽ ബഹുമാനപ്പെട്ട കോടതി 28.11.2018-ൽ ALC-5- സർവ്വേ സൂപ്രണ്ട് ഓഫീസിലെ ഹെഡ് സർവ്വേയർ- III ആയിരുന്ന ശ്രീ.അഷ്ടമന്റെ ഉത്തരവ് നമ്പർ SA 13/99 പ്രകാരം ശ്രീ.സോമനാഥന്റേയും, ശ്രീമതി. ലതികയുടേയും പേരിലുണ്ടായിരുന്ന വസ്തുവിന്റെ ഉടമസ്ഥാവകാശം ഇരവിപുരം വില്ലേജിൽ തെക്കേവിള ചേരിയിൽ ശാരദാ മന്ദിരത്തിൽ ശ്രീധരന്റെ പേർക്ക് പോക്കുവരവ് ചെയ്ത് തണ്ടപ്പേർ രജിസ്റ്ററിൽ ഉൾപ്പെടുത്തിയ നടപടിയിൽ അസ്വഭാവികത ഉള്ളതായി കണ്ടെത്തിയതിനാൽ വിജിലൻസിനെയോ, ക്രൈംബ്രാഞ്ചിനേയോ ചുമതലപ്പെടുത്തി ടി ഉത്തരവിന്റെ ആധികാരികത പരിശോധിച്ച് തുടർനടപടി കൈക്കൊള്ളുന്നതിനായി കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടി ഉത്തരവ് SA നം.13/99 -ന്റെ ആധികാരികത പരിശോധിക്കുന്നതിനായി ഒരു പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വിധി ന്യായത്തിന്റെ പകർപ്പ് സഹിതം ജില്ലാ കളക്ടർ 16.10.2021-ൽ കൊല്ലം വിജിലൻസ് ഡെപ്യൂട്ടി സൂപ്രണ്ടിനെ രേഖാമൂലം അറിയിക്കുകയാൽ , ആയതിന്റെ അടിസ്ഥാനത്തിൽ, പ്രാഥമിക അന്വേഷണം നടത്തുന്നതിന്, അഴിമതി നിരോധനനിയമം 17(A) പ്രകാരം 28.02.2022-ൽ വിജി-ഇ2/1/2022-വിജി പ്രകാരം സർക്കാർ അനുമതി ലഭിക്കുകയും, തുടർന്ന് ബഹുമാനപ്പെട്ട വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ, 15.03.2022 തീയതി No.ഇ3-33414/2021/കെ.എൻ.എം ഉത്തരവ് പ്രകാരം കൊല്ലം വിജിലൻസ് യൂണിറ്റിൽ ടി SA -13/99 ഉത്തരവിന്റെ ആധികാരികത പരിശോധിക്കുന്നതിനായി ഒരു പ്രാഥമിക അന്വേഷണം

File No.LR2/2/2023/LR(Computer No.4445)
Generated from eOffice by SAJITH B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

നടത്തുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കൊല്ലം വിജിലൻസിൽ യൂണിറ്റിൽ 22.03.2022 തീയതി P.E.02/2022/KLM രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ്.

പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായി W1 മുതൽ W18 വരെയുള്ള സാക്ഷികളെ കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തിയും, Exhibit-A മുതൽ Exhibit-U വരെയുള്ള റിക്കാർഡുകൾ പരിശോധിച്ചും അന്വേഷണം നടത്തിയതിൽ താഴെ വിവരിക്കുന്ന വസ്തുതകൾ വെളിവായിട്ടുള്ളതാകുന്നു.

ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നം. 33342/2018 (Exbt-S) ഫയൽ ചെയ്ത ഹർജിക്കാരായ ശ്രീ.സോമനാഥൻ (W-1), ടിയാന്റെ ഭാര്യ ശ്രീമതി.ലതിക (W-2) എന്നിവരേയും, ടിയാളുകളുടെ മകൻ രതീഷ് (W-3) നേയും കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും, ടി മൂന്ന് പേരുടേയും മൊഴികൾ പ്രകാരം ശ്രീ. സോമനാഥൻ (W-1), ടിയാളുടെ ഭാര്യയായ ശ്രീമതി.ലതിക (W-2) എന്നിവരുടെ പേർക്ക് ശ്രീമതി.ലതികയുടെ (W-2) മാതാവ് ശ്രീമതി.സുമതിയ്ക്ക് കുടുംബ ഓഹരിയായി ലഭിച്ച കൊല്ലം ഈസ്റ്റ് വില്ലേജിൽ , ബ്ലോക്ക് നമ്പർ 15-ൽ റീസർവ്വേ നമ്പർ 1-ൽ തണ്ടപ്പേർ നമ്പർ 929-ൽ ഉൾപ്പെട്ട 14 ¾ സെന്റ് വസ്തു ശ്രീ.സോമനാഥൻ (W-1) ശ്രീമതി.ലതിക (W-2), എന്നിവരുടെ പേർക്ക് ടിയാളുകളുടെ വിവാഹശേഷം ശ്രീമതി.ലതികയുടെ (W-2) മാതാവായ ശ്രീമതി.സുമതി വിലയാധാരമായി കൊല്ലം സബ് രജിസ്റ്റർ ഓഫീസിൽ ആധാരം നം. 1616/84 (**Exhibit—A)** ആയി രജിസ്റ്റർ ചെയ്ത് നൽകിയിരുന്നതാണെന്നും, ടി വസ്തു കൊല്ലം ഈസ്റ്റ് വില്ലേജിൽ തണ്ടപ്പേർ നം.929 ആയി പോക്കുവരവ് ചെയ്ത് (**Exhibit-E)** ലഭിച്ചിട്ടുണ്ടെന്നും, 1996 വരെ W-1, W-2 എന്നിവർ കരം ഒടുക്കി വന്നിരുന്നതായും, കൊല്ലം ഈസ്റ്റ് വില്ലേജിലെ BTR (Basic Tax Register) (**Exhibit-G)** പ്രകാരം കണ്ട് ബോദ്ധ്യമായിട്ടുള്ളതുമാണ്. 1996 ന് ശേഷം ശ്രീ.സോമനാഥൻ(W-1),ശ്രീമതി.ലതിക(W-2) എന്നിവർ മകനായ രതീഷിനോ

File No. LR/9130/2025 LR(B3) (Computer No. 14419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ടൊപ്പം (W-3) വിദേശത്തും മറ്റ് സംസ്ഥാനങ്ങളിലും താമസിച്ചുവന്നിരുന്നുവെന്നും, അതിന് ശേഷം തിരികെ നാട്ടിലെത്തിയപ്പോൾ 2004-ൽ കൊല്ലം ഈസ്റ്റ് വില്ലേജിൽ ടി വസ്തുവിന്റെ കരം ഒടുക്കുന്നതിനായി ചെന്നപ്പോൾ W-1, W-2 എന്നിവരുടെ പേരിലുണ്ടായിരുന്ന ടി വസ്തു കൊല്ലം റീസർവ്വേ ALC No.5 (Appeal and Land Complaints) ഹെഡ് സർവ്വേയർ Grade-3 ആയിരുന്ന ശ്രീ.അഷ്ടമൻ.കെ-യുടെ 22.07.1999-ലെ SA No.13/99 ഉത്തരവ് പ്രകാരം ഇരവിപുരം വില്ലേജിൽ തെക്കേവിള ചേരിയിൽ ശാരദാ മന്ദിരത്തിൽ ഉഷസ് സ്നേഹ നഗർ 11-ൽ ശ്രീ.ശ്രീധരൻ പേർക്ക് ഉടമസ്ഥാവകാശം സിദ്ധിച്ച് നിയമാനുസൃതം തണ്ടപ്പേർ നമ്പർ 14039 ആയി പോക്കുവരവ് (Exhibit-F) ചെയ്തിരിക്കുന്നതായും, ടി നടപടി നിയമവിരുദ്ധമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ആയതിനെപ്പറ്റി അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിലേക്കായി കൊല്ലം ഈസ്റ്റ് വില്ലേജ് ഓഫീസർക്കും, തഹസീൽദാർക്കും, കൊല്ലം ജില്ലാ കളക്ടർക്കും പരാതികൾ നൽകിയിരുന്നുവെന്നും, ടിയാളുകളുടെ പരാതിയിൽ ടി ഉദ്യോഗസ്ഥർ നടപടി കൈക്കൊള്ളാത്തതിനാലാണ് ബഹു.ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തതെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതി കൊല്ലം ജില്ലാ കളക്ടറോട് 3 മാസത്തിനുള്ളിൽ പരാതിയിൻമേൽ പരിഹാരം കാണാൻ നിർദ്ദേശിച്ചുവെന്നും, കൊല്ലം ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം കൊല്ലം ഭൂരേഖാ തഹസിൽദാരായിരുന്ന ശ്രീ. ശുഭൻ, W-1, W-2 എന്നിവരുടെ പരാതിയിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് (Exhibit- P) ഹാജരാക്കിയിരുന്നുവെന്നും, ടി റിപ്പോർട്ടിൽ ടി ഹെഡ് സർവ്വേയർ അഷ്ടമന്റെ ഉത്തരവ് സാധുതയുള്ളതല്ലായെന്നും, ടി ഉത്തരവ് നിലനിൽക്കുന്നതല്ലായെന്നും രേഖപ്പെടുത്തിയിട്ടുള്ളതായും പ്രാഥമിക അന്വഷണത്തിൽ ബോദ്ധ്യമായിട്ടുള്ളതാണ്.

ടി അഷ്ടമന്റെ 22.07.1999-ലെ SA No.13/99 ഉത്തരവ് പ്രകാരം വസ്തു പോക്കുവരവ് ചെയ്ത് ഉടമസ്ഥാവകാശം ലഭിച്ച ശ്രീധരനെപ്പറ്റി അന്വേഷിച്ചതിൽ ശ്രീധരൻ 12.07.1996 തീയതി മരണപ്പെട്ടുപോയിട്ടുള്ളതായി ടിയാന്റെ മകൻ ശ്രീ.ബൈജുകുമാർ (W4) പറഞ്ഞിട്ടുള്ളതും, ടിയാന്റെ പിതാവ് ശ്രീധരൻ ഇൻഡ്യൻ

File No. LR/9130/2025 LR(B3) (Computer No. 14419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സ്വാതന്ത്ര്യസമര സേനാനി ആയിരുന്നുവെന്നും, അമ്മയുടെ പേര് നളിനി എന്നാണെന്നും, ടി ശ്രീധരന്റേയും, നളിനിയുടേയും പേർക്ക് 3 പ്രമാണങ്ങളിലായി 62 സെന്റ് വസ്തു വിലയാധാരമായി വാങ്ങിയിട്ടുണ്ടായിരുന്നുവെന്നും, ടി വസ്തുക്കളുടെ പ്രമാണങ്ങൾ കൊല്ലം സബ് രജിസ്ട്രാർ ഓഫീസിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും, ടി 3 വസ്തുക്കളും, ഉളിയക്കോവിൽ തുരുത്തേൽ കായൽവാരത്തിന് സമീപത്താണെന്നും, ആധാരം നം.13/81 പ്രകാരമുള്ള 32 സെന്റ് വസ്തു W-4 അച്ഛൻ ശ്രീധരൻ, മണ്ണാന്റഴികത്ത് വീട്ടിൽ കൃഷ്ണൻ മകൻ ഗംഗാധരനിൽ നിന്നും വിലയാധാരമായി വാങ്ങിയിട്ടുള്ളതാണെന്നും(Exhibit-P), ആധാരം നം. 4223/79 -(Exhibit-C) പ്രകാരമുള്ള 15 സെന്റ് വസ്തു , W-4- ന്റെ അമ്മ നളിനി ഉളിയക്കോവിൽ ചേരിയിൽ തുരുത്തേൽ ഇടത്തുണ്ടിൽ വീട്ടിൽ കുഞ്ഞിക്കാളി മകൾ പങ്കജാക്ഷിയിൽ നിന്നും വിലയാധാരമായി വാങ്ങിയിട്ടുള്ളതാണെന്നും, ആധാരം നം. 38/81 -(Exhibit-D) പ്രകാരമുള്ള 15 സെന്റ് വസ്തു, W-4- ന്റെ അമ്മ നളിനി ഉളിയക്കോവിൽ ചേരിയിൽ തെരളേത്ത് വീട്ടിൽ കൊച്ചുണ്ണി മകൾ ചെല്ലമ്മയിൽ നിന്നും വിലയാധാരമായി വാങ്ങിയിട്ടുള്ളതാണെന്നും ടിയാൻ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ ബോദ്ധ്യമായിട്ടുള്ളതാണ്.

പരാതിക്കാരായ സോമനാഥന്റേയും(W-1), ലതികയുടേയും (W-2) മൊഴിയിൽ പറയുന്ന ആധാരം നമ്പർ. 1616/84- ഉം , ടി ബൈജുകുമാറിന്റെ (W4) -ന്റെ മൊഴിപ്രകാരമുള്ള ആധാരങ്ങളായ നം. 13/81 , 4223/79 , 38/81 എന്നീ മൂന്ന് ആധാരങ്ങളും കൊല്ലം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തതാണോയെന്നും, ടി പ്രമാണങ്ങൾക്ക് നിയമസാധുതയുണ്ടോയെന്നും അറിയുന്നതിലേക്കായി അന്വേഷണം നടത്തിയിട്ടുള്ളതും, ആയതിന്റെ ഭാഗമായി കൊല്ലം സബ് രജിസ്ട്രാർ ആയ ശ്രീമതി.ജയശ്രീ.എസ് (W-12) ടി നാല് പ്രമാണങ്ങളുടേയും സർട്ടിഫൈഡ് കോപ്പിയും (Exhibit—A,B,C,D) അനുബന്ധ രേഖകളും ഹാജരാക്കിയിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ മൊഴി രേഖപ്പെടുത്തി അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. ടി രേഖകളുടേയും, മൊഴിയുടേയും അടിസ്ഥാനത്തിൽ ആധാരം നം. 1616/84 (Exhibit-A) 21.05.1984-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും,

File No. LR/9130/2025 LR(B3) (Computer No. 14419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ആധാരപ്രകാരം ടി വസ്തു കൊല്ലം വില്ലേജിൽ ഉളിയക്കോവിൽ ചേരിയിൽ രതീഷ് ഭവനത്തിൽ വേലുപ്പിള്ള മകൻ സോമനാഥന്റേയും (W1) ടിയാന്റെ ഭാര്യ ലതിക യുടേയും (W2) പേർക്ക് ലതികാ ഭവനിൽ ജാനകി മകൾ സുമതി വിലയാധാരമായി എഴുതി നൽകിയതാണെന്നും, ആയതിന്റെ വിവരങ്ങൾ കൊല്ലം രജിസ്ട്രാർ ഓഫീ സിലെ 1984-ലെ 1-ാം പുസ്തകത്തിൽ 818-ാം വാല്യത്തിൽ 51 മുതൽ 55 വരെയുള്ള വശങ്ങളിൽ 1616-ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ് Exhibit-A എന്നും, ആധാരം നം.13/81(Exhibit-B) 02.01.1981-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും, ആധാരപ്രകാരം ദാമോധരൻ മകൻ ശ്രീധരൻ പേർക്ക് കിളികൊല്ലൂർ വില്ലേജിൽ കന്നിമേൽ ചേരിയിൽ മണ്ണാന്റഴികത്ത് വീട്ടിൽ കൃഷ്ണൻ മകൻ ഗംഗാധരൻ വിലയാധാരമായി എഴുതി നൽകിയതാണെന്നും, ആയതിന്റെ വിവരങ്ങൾ കൊല്ലം രജിസ്ട്രാർ ഓഫീസിലെ 1981-ലെ 1-ാം പുസ്തകത്തിൽ 669-ാം വാല്യത്തിൽ 381 മുതൽ 386 വരെയുള്ള വശങ്ങളിൽ 13-ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ് Exhibit-B എന്നും, ആധാരം നം. 4223/79 (Exhibit-C) 22.11.1979-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള താണെന്നും, ആധാരപ്രകാരം ടി വസ്തു ഇരവിപുരം വില്ലേജിൽ തെക്കേവിള ചേരിയിൽ ശാരദാ മന്ദിരത്തിൽ ശ്രീധരൻ ഭാര്യ നളിനി പേർക്ക് ഉളിയക്കോവിൽ ചേരിയിൽ തുരുത്തേൽ ഇടത്തുണ്ടിൽ വീട്ടിൽ കുഞ്ഞിക്കാളി മകൾ പങ്കജാക്ഷി വിലയാധാരമായി എഴുതി നൽകിയതാണ് Exhibit-C എന്നും, ആയതിന്റെ വിവര ങ്ങൾ കൊല്ലം രജിസ്ട്രാർ ഓഫീസിലെ 1979-ലെ 1-ാം പുസ്തകത്തിൽ 620-ാം വാല്യത്തിൽ 215 മുതൽ 218 വരെയുള്ള വശങ്ങളിൽ 4223-ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും, W12 ഹാജരാക്കിയ ടി നാല് ആധാരങ്ങളുടേയും സർട്ടി ഫൈഡ് കോപ്പികൾ(Exhibit—A,B,C,D) പരിശോധിച്ചതിൽ ടി നാല് ആധാര ങ്ങളും നിയമാനുസൃതം രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും, നിയമപരമായി സാധുത യുണ്ടെന്നും ബോദ്ധ്യമായിട്ടുള്ളതാണ്.

പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായി ടി 4 ആധാരങ്ങളുടേയും

File No. LR/9130/2025 LR(B3) (Computer No. 14419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

(Exhibit-A,B,C,D) തണ്ടപ്പേർ, പോക്കുവരവ് ,സർവ്വേ/റീസർവ്വേ നമ്പർ, BTR വിവരങ്ങൾ എന്നിവയുടെ നിലവിലെ വിവരങ്ങൾ ലഭിക്കുന്നതിനും, ആയതിന്റെ വസ്തുത അറിയുന്നതിലേക്കുമായി കൊല്ലം ഈസ്റ്റ് വില്ലേജ് ഓഫീസറായ ശ്രീ.ശ്രീകുമാർ.ജി.എസ് (W-8) -ന്റെ മൊഴി രേഖപ്പെടുത്തിയും, ടി വസ്തുക്കളുടെ ആധാരങ്ങൾ(Exhibits A,B,C,D) വില്ലേജിലെ രേഖകളുമായി ഒത്ത് നോക്കിയും അന്വേഷണം നടത്തിയതിൽ ആധാരം നം.1616/84 (Exhibit-A) പ്രകാരമുള്ള 14.75 സെന്റിന്റെ അവകാശികൾ W1- ഉം, W2- ഉം ആണെന്നും, ടി വസ്തുവിന്റെ സർവ്വേ നമ്പർ 10563/26 ആണെന്നും, ടി വസ്തു സ്ഥിതി ചെയ്യുന്നത് കൊച്ചുതുരുത്ത് പുരയിടത്തിന് കിഴക്കും, കായലിന് തെക്കും, പടിഞ്ഞാറും ആണെന്നും, ടി വസ്തുവിന്റെ റീസർവ്വേ നമ്പർ ബ്ലോക്ക് 15-ൽ റീസർവ്വേ നമ്പർ 1 ആണെന്നും , ടി വസ്തു, W1-ന്റേയും, W2-ന്റേയും ഉടമസ്ഥതയിലായിരുന്നപ്പോൾ തണ്ടപ്പേർ നമ്പർ 929 എന്നായിരുന്നുവെന്നും, എന്നാൽ ടി വസ്തു കൊല്ലം റീസർവ്വേ ALC No.5 (Appeal and Land Complaints) ഹെഡ് സർവ്വേയർ Grade-3 ആയിരുന്ന ശ്രീ.അഷ്ടമൻ.കെ-യുടെ 22.07.1999-ലെ SA No.13/99 ഉത്തരവ് പ്രകാരം ബൈജുകുമാറിന്റെ (W4) പിതാവ് മരണപ്പെട്ട ശ്രീധരൻ പേർക്ക് പോക്കുവരവ് ചെയ്ത് ലഭിച്ചപ്പോൾ തണ്ടപ്പേർ നമ്പർ 14039 എന്നായി വില്ലേജിലെ അനുബന്ധ റിക്കാർഡിൽ (Exhibit-F) രേഖപ്പെടുത്തിയിട്ടുണ്ടെന്നും ,

ആധാരം നം.13/81(Exhibit-B) തെക്കേവിള ചേരിയിൽ ശാരദാ മന്ദിരത്തിൽ ദാമോധരൻ മകൻ ശ്രീധരൻ പേർക്ക്, കിളികൊല്ലൂർ വില്ലേജിൽ കന്നിമേൽ ചേരിയിൽ മണ്ണാന്റഴികത്ത് വീട്ടിൽ കൃഷ്ണൻ മകൻ ഗംഗാധരൻ 02.01.1981-ൽ വിലയാധാരം എഴുതി കൊല്ലം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തതാണെന്നും, വസ്തുവിന്റെ അളവ് 17 സെന്റും, 15 സെന്റും ഉൾപ്പെടെ 32 സെന്റാണെന്നും, ടി വസ്തുവിന്റെ സർവ്വേ നമ്പർ ആധാരപ്രകാരം 10563/26, 10563/26/7 എന്നാണെന്നും, വസ്തുവിന്റെ കിടപ്പ് ആധാരപ്രകാരം കൊച്ചുകുഞ്ഞ് വക പുതുവലിന് വടക്കും, കായലിന് കിഴക്കും, തെക്കും ആണെന്നും, ടി 32 സെന്റ് സ്ഥലം ഉളിയക്കോവിൽ തുരുത്തേൽ ഭാഗത്തെ കായൽ പുറമ്പോക്കാണെന്നും,

File No. LR/9130/2025 LR(B3) (Computer No. 44419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ആധാരം നം.4223/79 (Exhibit- C) ഇരവിപുരം വില്ലേജിൽ തെക്കേവിള ചേരിയിൽ ശാരദാ മന്ദിരത്തിൽ ശ്രീധരൻ ഭാര്യ നളിനി പേർക്ക്, ഉളിയക്കോവിൽ ചേരിയിൽ തുരുത്തേൽ ഇടത്തുണ്ടിൽ വീട്ടിൽ കുഞ്ഞിക്കാളി മകൾ പങ്കജാക്ഷി വിലയാധാരം എഴുതി 22.11.1979-ൽ കൊല്ലം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തതാണെന്നും, ടി വസ്തു 15 സെന്റാണെന്നും, ടി വസ്തുവിന്റെ സർവ്വേ നമ്പർ ആധാരപ്രകാരം 10563/26, എന്നാണെന്നും, വസ്തുവിന്റെ കിടപ്പ് ആധാരപ്രകാരം കായൽപുതുവലിന് പടിഞ്ഞാറും, പുതുവലിന് വടക്കും, കായലിന് കിഴക്കും, തെക്കും ആണെന്നും,

ആധാരം നമ്പർ 38/81 (Exhibit-D) ഇരവിപുരം വില്ലേജിൽ തെക്കേവിള ചേരിയിൽ ശാരദാ മന്ദിരത്തിൽ ശ്രീധരൻ ഭാര്യ നളിനി പേർക്ക്, ഉളിയക്കോവിൽ ചേരിയിൽ തെരളേത്ത് വീട്ടിൽ കൊച്ചുണ്ണി മകൾ ചെല്ലമ്മ വിലയാധാരം എഴുതി 06.11.1981-ൽ കൊല്ലം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തതാണെന്നും, ടി വസ്തു 15 സെന്റാണെന്നും, ടി വസ്തുവിന്റെ സർവ്വേ നമ്പർ ആധാരപ്രകാരം 10563/2, 10563/26/2/129 എന്നാണെന്നും, വസ്തുവിന്റെ കിടപ്പ് ആധാരപ്രകാരം കായൽ പുതുവലിന് പടിഞ്ഞാറും, പുതുവലിന് വടക്കും, കായലിന് കിഴക്കും, തെക്കും ആണെന്നും, ടി 15 സെന്റ് സ്ഥലം ഉളിയക്കോവിൽ തുരുത്തേൽ ഭാഗത്തെ കായൽ പുറമ്പോക്കാണെന്നും W-8 -ന്റെ മൊഴി പ്രകാരവും, Exhibit-A,B,C,D പ്രകാരവും ശരിയാണെന്ന് ബോദ്ധ്യമായിട്ടുള്ളതാണ്.

കൊല്ലം വില്ലേജിൽ ഉളിയക്കോവിൽ ചേരിയിൽ രതീഷ് ഭവനത്തിൽ വേലുപ്പിള്ള മകൻ സോമനാഥൻ (W-1) ടിയാന്റെ ഭാര്യ ശ്രീമതി.ലതിക (W-2) എന്നിവരുടെ പേർക്ക്, വിലയാധാരമായി ലഭിച്ച കൊല്ലം ഈസ്റ്റ് വില്ലേജിൽ , ബ്ലോക്ക് നമ്പർ 15-ൽ റീസർവ്വേ നമ്പർ 1-ൽ തണ്ടപ്പേർ നമ്പർ 929- ആയി പോക്കുവരവ് ചെയ്ത് കൊല്ലം സബ് രജിസ്റ്റർ ഓഫീസിൽ ആധാരം നം. 1616/84 (Exhibit—A) ആയി രജിസ്റ്റർ ചെയ്ത 14 ¾ സെന്റ് വസ്തു , കൊല്ലം റീസർവ്വേ ALC No.5 (Appeal and Land Complaints) ഹെഡ് സർവ്വേയർ Grade-3 ആയിരുന്ന

File No. LR/9130/2025 LR(B3) (Computer No. 44419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ശ്രീ.അഷ്ടമൻ.കെ-യുടെ 22.07.1999-ലെ SA No.13/99 ഉത്തരവ് പ്രകാരം ഇരവിപുരം വില്ലേജിൽ തെക്കേവിള ചേരിയിൽ ശാരദാ മന്ദിരത്തിൽ ഉഷസ് സ്നേഹ നഗർ 11-ൽ ശ്രീ.ശ്രീധരൻ പേർക്ക് തണ്ടപ്പേർ നമ്പർ 14039 ആയി പോക്കുവരവ് ചെയ്ത് ലഭിച്ച ഉത്തരവിന്റെ ആധികാരികത പരിശോധിക്കുന്നതിന്റെ ഭാഗമായി കൊല്ലം ജില്ലാ സർവ്വേ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറായി ജോലി നോക്കി വരുന്ന ശ്രീ. ഉണ്ണികൃഷ്ണനെ (W-5) കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തിയതിൽ ടി ALC ഓഫീസ് 1999 കാലഘട്ടത്തിൽ കൊല്ലം മുൻസിപ്പൽ ബിൽഡിംഗിൽ പ്രവർത്തി ച്ചിരുന്നുവെന്നും, റീസർവ്വേ സംബന്ധമായ പരാതികൾ സമർപ്പിക്കാനുള്ള താല്ക്കാലിക ഓഫീസായിരുന്നുവെന്നും, ടി ഓഫീസിലേക്ക് ഒരു സൂപ്രണ്ടും, മറ്റ് ജീവനക്കാരെ റീസർവ്വേ സൂപ്രണ്ട് ഓഫീസുകളിൽ നിന്നും working arrangement ആയി നിയമിക്കുകയാണ് ചെയ്തിരുന്നതെന്നും, സർവ്വേ സംബന്ധിച്ചുള്ള പരാതികൾ പരിശോധിക്കുന്നതിനായി ഒരു ഹെഡ് സർവ്വേയറെ നിയമിച്ചിരുന്നുവെന്നും, വസ്തുവിന്റെ ഉടമസ്ഥാവകാശം, തണ്ടപ്പേര് എന്നിവ മാറ്റണമെങ്കിൽ മുൻ പ്രമാണ ത്തിലെ അവകാശികളെ കണ്ടെത്തി ഉറപ്പ് വരുത്തിയാണ് നടപടി കൈക്കൊള്ളുന്നതെന്നും, പരാതിയിലെ പരാമർശങ്ങൾ ശരിയാണെന്ന് ബോദ്ധ്യം വന്നാൽ ALC സൂപ്രണ്ട് , Sketch approve ചെയ്ത് വില്ലേജ് ഓഫീസിൽ കൊടുത്ത് വില്ലേജ് രേഖകളിൽ മാറ്റം വരുത്തുമെന്നും, എന്നാൽ ടി SA No.13/99 നമ്പർ ഉത്തരവുമായി ബന്ധപ്പെട്ട ഫയൽ ജില്ലയിലെ സർവ്വേ സൂപ്രണ്ട് ഓഫീസുകളായ കരുനാഗപ്പള്ളി,പുനലൂർ, കൊട്ടാരക്കര, എന്നിവിടങ്ങളിലും W-5 -ന്റെ ഓഫീസിലും ലഭ്യമല്ലായെന്നും, ടി ഹെഡ് സർവ്വേയർ അഷ്ടമൻ 31.03.2000-ൽ കൊല്ലം കളക്ടേറ്റിൽ നിന്നും വിരമിച്ചുവെന്നും, വിരമിക്കുന്നതുവരെ ടിയാൻ, കൊല്ലം കളക്ടേറ്റിൽ പ്രവർത്തിച്ചുവന്നിരുന്ന സർവ്വേ സൂപ്രണ്ട് ഓഫീസിൽ സർവ്വേ സൂപ്രണ്ട് ആയി പ്രർത്തിച്ചിരുന്നുവെന്നും, ടിയാന്റെ വിലാസം അഞ്ചൽ എന്ന സ്ഥലത്ത് അലയമൺ പോസ്റ്റിൽ ദിവ്യാ ഭവനം എന്നാണെന്നും, ടിയാൻ 30.04.2005 -ൽ മരണപ്പെട്ടുപോയിട്ടുള്ളതായും രേഖാമൂലം (Exhibit-J) പ്രകാരം അറിയിച്ചിട്ടു ള്ളതുമാണ്. തുടർന്ന് ടി ഉത്തരവ് കൊല്ലം ജില്ലാ സർവ്വേ സൂപ്രണ്ട് ഓഫീസ്,

File No. LR/9130/2025 LR(B3) (Computer No. 14119)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കൊട്ടാരക്കര ALC ഓഫീസ്, പുനലൂർ റീസർവ്വേ ഓഫീസ്, കരുനാഗപ്പള്ളി റീസർവ്വേ സൂപ്രണ്ട് ഓഫീസ് എന്നിവിടങ്ങളിൽ ലഭ്യമല്ലായെന്ന് കൊല്ലം സർവ്വേ സൂപ്രണ്ട് ശ്രീകുമാർ.റ്റി(W-7), കൊട്ടാരക്കരALC ഓഫീസ് ഹെഡ് സർവ്വേയറായ ശ്രീമതി. സുജ.കെ.സി(W-10), പുനലൂർ റീസർവ്വേ സൂപ്രണ്ട് ഓഫീസിലെ 1st ഗ്രേഡ് സർവ്വേയറായ ശിവകുമാർ.എസ്(W-11),കൊല്ലം സബ് രജിസ്ട്രാർ ശ്രീമതി. ജയശ്രീ.എസ്(W-12) എന്നിവർ Exhibit- N, Exhibit-L, Exhibit-K, Exhibit-M എന്നീ റിക്കാർഡുകൾ പ്രകാരവും അറിയിച്ചിട്ടുള്ളതും, ആയത് ശരിയാണെന്ന് ബോദ്ധ്യമായിട്ടുള്ളതുമാണ്. തുടർന്ന് കൊല്ലം ALC-5, കൊല്ലം മുനിസിപ്പൽ ബിൽഡിംഗിൽ പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിലെ ഉദ്യോഗസ്ഥരുടെ ഹാജർ രേഖപ്പെടുത്തിയ രേഖകൾ ഹാജരാക്കുന്നതിനായി കൊല്ലം സർവ്വേ അസിസ്റ്റന്റ് ഡയറക്ടർ (W- 5) അപേക്ഷ നൽകിയിരുന്നതും, എന്നാൽ ടിയാൻ ആയതിന് മറുപടി (Exbt-U) നൽകിയിട്ടുള്ളതും, ആയതിൽ ALC-5-ൽ ജോലി ചെയ്തിരുന്ന സൂപ്രണ്ടുമാരുടേയോ, സർവ്വേയർമാരുടേയോ പേരുവിവരങ്ങൾ (W-5) യുടെ ഓഫീസിൽ ലഭ്യമല്ലായെന്ന് Exbt-U പ്രകാരം അറിയിച്ചിട്ടുള്ളതും എന്നാൽ W-5 കാര്യാലയത്തിലെ രേഖകൾ പരിശോധിച്ചതിൽ ALC-5- സൂപ്രണ്ട് ഓഫീസിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ ഒന്നാം തല ഡ്രാഫ്റ്റ്സ്മാൻമാരായ കെ.സുരേന്ദ്രൻ (W-14) ശ്രീ.കുഞ്ഞിരാമൻപിള്ള, രണ്ടാം തരം ഡ്രാഫ്റ്റ്സ്മാൻ ആയ ശ്രീമതി.സുചരിത(W-13) എന്നിവർ ജോലി ചെയ്തിരുന്നതായും, അവരിൽ ഡ്രാഫ്റ്റ്സ്മാൻ ശ്രീ.പി.കുഞ്ഞിരാമൻപിള്ള മരണപ്പെട്ടു പോയിട്ടുള്ളതായും അറിയിച്ചിട്ടുള്ളതാണ്. ആയതനുസരിച്ച് ശ്രീ.കെ.സുരേന്ദ്രൻ(W-14) ശ്രീമതി. സുചരിത(W-13) എന്നിവരെ കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും, (W-14)-ന്റെ മൊഴി പ്രകാരം ALC-5- ഓഫീസിൽ Draftsman Grade-I ആയി ജോലി നോക്കിയിരുന്നുവെന്നും, ALC-5- ഓഫീസിലെ സൂപ്രണ്ട് ആരായിരുന്നുവെന്ന് ഓർമയില്ലായെന്നും, ഹെഡ് സർവ്വേയർ അഷ്ടമനെ കണ്ട് പരിചയമുണ്ടെന്നും, ടിയാൻ W-14 -നോടൊപ്പം ജോലി ചെയ്തിട്ടില്ലായെന്നും, അവർ ഫീൽഡ് സ്റ്റാഫുകൾ ആയതിനാൽ കൂടുതൽ വിവരങ്ങൾ അറിയില്ലായെന്നും ശ്രീമതി.സുചരിത(W-13)യെ

File No. LR/9130/2025 LR(B3) (Computer No. 14419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കണ്ട് ചോദിച്ചതിൽ 1999 കാലഘട്ടത്തിൽ ALC-5- ഓഫീസിൽ Draftsman Grade-II ആയി ജോലി നോക്കിയിരുന്നുവെന്നും, 22.07.1999-ൽ ALC-5- ഓഫീസിലെ സൂപ്രണ്ട് ആരായിരുന്നുവെന്ന് കൃത്യമായി പറയാൻ കഴിയില്ലായെന്നും, ഹെഡ് സർവ്വേയർ അഷ്ടമൻ സാർ ജോലി ചെയ്തിരുന്നതായി ഓർമ്മയുണ്ടെന്നും, മറ്റ് സർവ്വേയർമാർ ആരൊക്കെയു ണ്ടായിരുന്നുവെന്ന് ടിയാൾക്ക് കൃത്യമായി പറയാൻ കഴിയില്ലായെന്നും, കാരണം സർവ്വേയർമാരായ ആഴ്ചയിൽ ബുധനാഴ്ച മാത്രമേ ഓഫീസിൽ വരാറുള്ളൂവെന്നും, സർവ്വേ അദാലത്തുമായി ബന്ധപ്പെട്ട ഫയലുകൾ ഒന്നും ടിയാൾ കൈകാര്യം ചെയ്തിട്ടില്ലായെന്നും മൊഴി പറഞ്ഞിട്ടുള്ളതാണ്.

22.07.1999-ൽ കൊല്ലം ഈസ്റ്റ് വില്ലേജിലെ വില്ലേജ് ഓഫീസർ പദവി വഹിച്ചിരുന്നത് ആരായിരുന്നു എന്ന് അറിയുന്നതിലേക്ക് കൊല്ലം തഹസീൽദാർ ശ്രീമതി.ജാസ്മിൻ ജോർജിന് (W-16) അപേക്ഷ നൽകിയതിൽ ടി തീയതിയിലെ കൊല്ലം ഈസ്റ്റ് വില്ലേജിലെ ഹാജർ പുസ്തകത്തിന്റെ അറ്റസ്റ്റ് ചെയ്തപകർപ്പ് (Exhibit- T) ഹാജരാക്കിയിട്ടുള്ളതും, ആയതിൽ ടി കാലത്ത് കൊല്ലം ഈസ്റ്റ് വില്ലേജ് ഓഫീസർ പദവി വഹിച്ചിരുന്നത് ശ്രീ.എം.വി.കൃഷ്ണകുമാർ (W-15) ആണെന്നും, ആയതനു സരിച്ച് ടിയാനെ കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തിയതിൽ 22.07.1999 ലെ SA 13/99-ലെ പോക്കുവരവ് വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് ആരുടെ കൈയ്യക്ഷരത്തിലാണെന്ന് ടിയാന് പറയാൻ കഴിയില്ലായെന്നും, ടി ഉത്തരവ് പ്രകാരം പോക്കുവരവ് നടത്തിയത് ടിയാനല്ലായെന്നും, Exhibit-H ൽ കാണുന്ന ഒപ്പ് ടിയാന്റേതല്ലായെന്നും പറഞ്ഞിട്ടുള്ളതാണ്. എന്നാൽ W-16-ന്റെ മൊഴി രേഖപ്പെടുത്തിയതിൽ 22.07.1999 കാലയളവിൽ SA ഉത്തരവുകൾ രേഖപ്പെടുത്തുന്നത് സർവ്വേയർമാരോ, ഹെഡ് സർവ്വേയർമാരോ ആകാമെന്ന് മൊഴി പറഞ്ഞിട്ടുള്ളതും, തണ്ടപ്പേർ രജിസ്റ്ററിന്റെ പകർപ്പ് (Exhibit- H) ഹെഡ് സർവ്വേയർ അഷ്ടമന്റെ പേരിലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള രേഖപ്പെടുത്തലുകൾ ഉണ്ടെന്നും, ടിയാനെക്കുറിച്ച് അറിയില്ലായെന്നും പറഞ്ഞിട്ടുള്ളതാണ്. തുടർന്ന് ടി കാലയളവിൽ കൊല്ലം ഈസ്റ്റ് വില്ലേജ് ഓഫീസിൽ സ്പെഷ്യൽ ഗ്രേഡ് വില്ലേജ് ഓഫീസറായി ജോലി ചെയ്തിരുന്ന ശ്രീ.സെബാസ്റ്റ്യൻ പോളിനെ (W-17) കണ്ട്

File No. LR/9330/2025-LR(B3) (Computer No. 14419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ചോദിച്ചതിൽ ടി കാലയളവിൽ വസ്തുക്കളുടെ വിസ്തീർണ്ണവ്യത്യാസം, ഉടമയുടെ പേരുമാറ്റം എന്നിവയുമായി ബന്ധപ്പെട്ട അപേക്ഷകൾ വരുന്ന അവസരത്തിൽ സർവ്വേ സൂപ്രണ്ടുമാർ അന്വേഷണം നടത്തി ഉത്തരവ് പുറപ്പെടുവിക്കുകയും, ആയതനുസരിച്ച് സർവ്വേയർമാർ വില്ലേജ് ഓഫീസിലെത്തി തണ്ടപ്പേർ രജിസ്റ്ററിൽ വിവരം രേഖപ്പെടുത്തി ഉത്തരവിന്റെ പകർപ്പ് വില്ലേജ് ഓഫീസർക്ക് നൽകുകയുമായിരുന്നു ചെയ്തിരുന്നതെന്നും, Exhibit-E, Exhibit-F എന്നിവയിലെ കൈയക്ഷരം ടിയാന്റേതല്ലായെന്നും, ആരുടേതാണെന്ന് തിരിച്ചറിയാൻ കഴിയില്ലായെന്നും മൊഴി പറഞ്ഞിട്ടുള്ളതാണ്.

കൊല്ലം ഈസ്റ് വില്ലേജ് ഓഫീസിലെ ബന്ധപ്പെട്ട തണ്ടപ്പേർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും Exhibit-E, Exhibit-F എന്നിവയിൽ പോക്കുവരവ് വിവരം രേഖപ്പെടുത്തി ഇനിഷ്യൽ ചെയ്തിരിക്കുന്നത് ALC-5-ൽ 2nd Grade Surveyor ആയി ജോലി നോക്കിയിരുന്ന ശ്രീമതി.റ്റി.ഷീജയാണെന്ന് അന്വേഷണത്തിൽ ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ ടി ഷീജയെ (W-18) കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തിയതിൽ Exhibit-E, Exhibit-F -ലെ പോക്കുവരവ് രേഖപ്പെടുത്തലുകൾ ടിയാളുടെ കൈയക്ഷരമാണെന്നും, 22.07.1999-ലെ SA 13/99 ഉത്തരവ് അന്നത്തെ ഹെഡ് സർവ്വേയറായിരുന്ന അഷ്ടമൻ സാറിന്റെ ഉത്തരവാണെന്നും, ഇപ്രകാരമുള്ള ഉത്തരവിന്റേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ ടിയാൻ പല തവണ കൊല്ലം ഈസ്റ്റ് വില്ലേജ് ഓഫീസിലെ തണ്ടപ്പേർ രജിസ്റ്ററിൽ പോക്കുവരവുമായി ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ നടത്തി ഇനിഷ്യൽ ചെയ്തിട്ടുണ്ടെന്നും, അതിന് ശേഷം പ്രസ്തുത ഉത്തരവുകൾ വില്ലേജ് ഓഫീസർക്ക് നൽകുമായിരുന്നുവെന്നും, ആയതിന് ശേഷമാണ് ടി വസ്തുക്കൾ വില്ലേജ് ഓഫീസർ കരം ഒടുക്കി നൽകുന്നതെന്നും, ടി കാലയളവിൽ വസ്തുക്കളുടെ വിസ്തീർണ്ണവ്യത്യാസം, പേരുമാറ്റൽ മുതലായ പരാതികൾ സർവ്വേ സൂപ്രണ്ടിന് ലഭിക്കുന്നതിൽ നിന്നും പേരുമാറ്റലുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിനായി ഹെഡ് സർവ്വേയർമാർക്ക് നൽകിയിരുന്നുവെന്നും, ആയതിൻമേൽ അന്വേഷണം നടത്തി ഉത്തരവിടുന്നത് ഹെഡ് സർവ്വേയറായിരുന്നുവെന്നും, അപ്രകാരം അന്നത്തെ ഹെഡ്

File No. LR/9130/2025 LR(B3) (Computer No. 44119)
Generated from eOffice by SAHAB B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

സർവ്വേയറായിരുന്ന ശ്രീ.അഷ്ടമൻ സാർ ഇറക്കിയ ഉത്തരവാണ് SA 13/99 dtd 22.07.1999 എന്നും, ടി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടിയാൾ പോക്കുവരവ് വിവരം കൊല്ലം ഈസ്റ്റ് വില്ലേജ് ഓഫീസിലെ തണ്ടപ്പേർ രജിസ്റ്ററിൽ രേഖപ്പെടുത്തിയതെന്നും മൊഴി പറഞ്ഞിട്ടുള്ളതാണ്.

അന്വേഷണത്തിന്റെ ഭാഗമായി W-15, W-16, W-17 എന്നിവരെ കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തിയതിൽ ടി കാലഘട്ടത്തിൽ സർവ്വേയർമാർ വില്ലേജ് ഓഫീസിൽ ഹാജരായി സർവ്വേ സൂപ്രണ്ടിന്റെ ഉത്തരവ് പ്രകാരം പോക്കുവരവ് നടപടികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുമായിരുന്നുവെന്നും, ഉത്തരവിന്റെ പകർപ്പ് വില്ലേജ് ഓഫീസർക്ക് നൽകുമായിരുന്നുവെന്നും മൊഴി പറഞ്ഞിട്ടുള്ളതും, W-18-ന്റെ മൊഴി രേഖപ്പെടുത്തിയതിൽ 22.07.1999-ലെ SA 13/99 പ്രകാരം കൊല്ലം വില്ലേജ് ഓഫീസിലെ തണ്ടപ്പേർ രജിസ്റ്ററിൽ ശ്രീധരന്റെ ഉടമസ്ഥതയിലേക്ക് ടി വസ്തു പോക്കുവരവ് വിവരം രേഖപ്പെടുത്തിയത് ടിയാളാണെന്നും, ടി ദിവസം ഉത്തരവിന്റെ പകർപ്പ് വില്ലേജ് ഓഫീസറായിരുന്ന W-15-ന് നൽകിയിരുന്നുവെന്നും W-18 മൊഴി പറഞ്ഞിട്ടുള്ളതും, എന്നാൽ ടി SA 13/99 -ാം നമ്പർ ഉത്തരവ് നിയമപരമാണോയെന്ന് പരിശോധിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതിൽ W-15-ന് വീഴ്ച സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതാണ്. W-15 ശ്രീ.എം.വി.കൃഷ്ണകുമാർ-31.05.2005 തീയതി സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതായി അന്വേഷണത്തിൽ അറിവായിട്ടുള്ളതാണ്.

പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായി കൊല്ലം താലൂക്കിലെ ഭൂരേഖാ തഹസീൽദാരായ ശ്രീമതി.സുനിത (W-6) യെ കണ്ട് ചോദിച്ച് 1616/84, 13/81, 4223/79, 38/81 എന്നീ ആധാരങ്ങളിൽ പറയുന്ന വസ്തുക്കളുടെ നിലവിലെ സ്ഥിതിയെപ്പറ്റിയുള്ള വിവരങ്ങൾ ചോദിച്ച് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും, തുടർന്ന് ടി 4 ആധാരത്തിലും പറയുന്ന കൊല്ലം ഈസ്റ്റ് വില്ലേജ് പരിധിയിൽ സ്ഥിതി ചെയ്യുന്ന ടി വസ്തുക്കൾ കണ്ടെത്തി അവയുടെ location Sketch താലൂക്ക് ഓഫീസിലെ ആധികാരിക രേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി ഹാജരാക്കാൻ ആവശ്യ

File No. LR/9330/2025-LR(B3) (Computer No. 1449)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

പ്പെട്ടതനുസരിച്ച് W-6 ടി 4 ആധാരപ്രകാരമുള്ള വസ്തുക്കളുടെ Location Sketch (Exhibit-H) തയ്യാറാക്കി ഹാജരാക്കിയിട്ടുള്ളതുമാണ്. ആയത് പ്രകാരം Exhibit-H-ൽ 15/1 എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ആധാരം നം.1616/84, കൊല്ലം വില്ലേജിൽ ഉളിയക്കോവിൽ ചേരിയിൽ രതീഷ് ഭവനത്തിൽ വേലുപ്പിള്ള മകൻ സോമ നാഥന്റേയും (W1) ടിയാന്റെ ഭാര്യ ശ്രീമതി.ലതിക (W2)- യുടേയും പേർക്ക്, വിലയാധാരമായി ലഭിച്ച കൊല്ലം ഈസ്റ്റ് വില്ലേജിൽ, ബ്ലോക്ക് നമ്പർ 15-ൽ റീസർവ്വേ നമ്പർ 1-ൽ തണ്ടപ്പേർ നമ്പർ 929- ആയി പോക്കുവരവ് ചെയ്ത് ലഭിച്ചതും, എന്നാൽ നിലവിൽ SA 13/99 ഉത്തരവ് പ്രകാരം ഇരവിപുരം വില്ലേജിൽ തെക്കേവിള ചേരിയിൽ ശാരദാ മന്ദിരത്തിൽ ഉഷസ് സ്നേഹ നഗർ 11-ൽ ശ്രീധരന്റെ പേരിൽ നിലവിൽ റീസർവ്വേ പ്രകാരം 4 ആർ സ്ഥലമേ അളവിൽ ഉള്ളൂ എന്നും, റീസർവ്വേ പ്രകാരമുള്ള അളവ് സ്കെച്ചിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ടി location sketch (Exhibit-H)-ൽ ഓറഞ്ച് കളർ ചെയ്തിരിക്കുന്ന സ്ഥലം ആധാരം നം. 13/81, 4223/79, 38/81 എന്നിവ പ്രകാരമുള്ള ശ്രീധരന്റേയും, നളിനിയുടേയും വക 62 സെന്റ് വസ്തു ആണെന്നും, ടി 62 സെന്റ് ബ്ലോക്ക് നം.1-ൽ പെട്ടതാണെന്നും , ആയത് കായൽ പ്രദേശമാണെന്നും ബോദ്ധ്യമായിട്ടുള്ളതാണ്.

ബഹു.കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിൽ പരാതിക്കാസ്പദമായ വസ്തു 14¾ സെന്റ് വസ്തുവാണെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും, അന്വേഷണത്തിൽ കൊല്ലം ഈസ്റ്റ് വില്ലേജിലെ, ബ്ലോക്ക് നമ്പർ 15-ൽ റീസർവ്വേ നമ്പർ 1-ൽ തണ്ടപ്പേർ നമ്പർ 929-ൽ , ആധാരം നമ്പർ 1616/84 -ൽ ഉൾപ്പെട്ട ടി വസ്തു റീസർവ്വേ പ്രകാരം അളവിൽ 4 ആർ (9.884 സെന്റ്) വസ്തു മാത്രമേ നിലവിൽ ഉള്ളൂയെന്നും അന്വേഷണത്തിൽ ബോദ്ധ്യമായിട്ടുള്ളതാകുന്നു.

പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായി Exhibit A,B,C,D എന്നീ ആധാരങ്ങളെ അടിസ്ഥാനമാക്കി നടത്തിയ അന്വേഷണത്തിൽ കൊല്ലം ALC-5 ഹെഡ് സർവ്വേയറായിരുന്ന ശ്രീ.അഷ്ടമന്റെ 22.07.1999-ലെ SA 13/99 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സോമനാഥന്റേയും, ലതികയുടേയും പേരിലുള്ള

File No. LR/9330/2025-LR(B3) (Computer No. 14419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

കൊല്ലം ഈസ്റ്റ് വില്ലേജിൽ , ബ്ലോക്ക് നമ്പർ 15-ൽ റീസർവ്വേ നമ്പർ 1-ൽ തണ്ടപ്പേർ നമ്പർ 929- ആയി പോക്കുവരവ് ചെയ്ത് കൊല്ലം സബ് രജിസ്റ്റർ ഓഫീസിൽ ആധാരം നം. 1616/84 (Exhibit—A) ആയി രജിസ്റ്റർ ചെയ്ത 14 ¾ സെന്റ് വസ്തു ശ്രീധരൻ പേർക്ക് പോക്കുവരവ് ചെയ്ത് നൽകി ഉത്തരവായ SA No.13/99 പ്രകാരമുള്ള ഫയൽ പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതും, ടി ഉത്തരവ് പുറപ്പെടുവിച്ച ഹെഡ് സർവ്വേയർ അഷ്ടമൻ 30.04.2005 തീയതി മരണപ്പെട്ടുപോയതായി Exhibit R പ്രകാരം ബോദ്ധ്യമായിട്ടുള്ളതും, ടി ഉത്തരവ് പ്രകാരം വസ്തു പോക്കുവരവ് ചെയ്ത് ഉടമസ്ഥാവകാശം ലഭിച്ച ശ്രീധരൻ 12.07.1996-ൽ മരണപ്പെട്ടുപോയിട്ടുള്ളതിനാലും ,ടി ഉത്തരവ് ഉണ്ടായ കാലയളവിൽ പ്രവർത്തിച്ചിരുന്ന കൊല്ലം ALC-5 Office, abolish ചെയ്തുപോയിട്ടുള്ളതിനാലും, ടി SA 13/99 ഉത്തരവ് പുറപ്പെടുവിച്ചതിന്റെ ആധികാരികത കണ്ടെത്താനും പ്രാഥമിക അന്വേഷണത്തിൽ കഴിഞ്ഞിട്ടില്ലാത്തതുമാണ്. കൊല്ലം ഈസ്റ്റ് വില്ലേജിലെ ആധാരം നമ്പർ 1616/84 , ബ്ലോക്ക് നമ്പർ 15-ൽ റീസർവ്വേ നമ്പർ 1-ൽ തണ്ടപ്പേർ നമ്പർ 929-ൽ ഉൾപ്പെട്ട ടി വസ്തുവിന്റെ അളവ് ആധാരപ്രകാരം 14.75 സെന്റ് ആയിരുന്നുവെങ്കിലും, റീസർവ്വേ പ്രകാരം നിലവിൽ വസ്തുവിന്റെ അളവ് 4 ആർ മാത്രമാണെന്നും ടി വസ്തു കൊല്ലം വില്ലേജിൽ ഉളിയക്കോവിൽ ചേരിയിൽ രതീഷ് ഭവനത്തിൽ വേലുപ്പിള്ള മകൻ സോമനാഥന്റേയും (W1) ടിയാന്റെ ഭാര്യ സുമതി മകൾ ലതികയുടേയും(W2) ഉടമസ്ഥതയിൽ ഉള്ളതാണെന്നും, ടി വസ്തു , കൊല്ലം റീസർവ്വേ ALC No.5 (Appeal and Land Complaints) ഹെഡ് സർവ്വേയർ Grade-3 ആയിരുന്ന ശ്രീ.അഷ്ടമൻ.കെ-യുടെ 22.07.1999-ലെ SA No.13/99 ഉത്തരവ് പ്രകാരം ഇരവിപുരം വില്ലേജിൽ തെക്കേവിള ചേരിയിൽ ശാരദാ മന്ദിരത്തിൽ ഉഷസ് സ്നേഹ നഗർ 11-ൽ ശ്രീ.ശ്രീധരൻ പേർക്ക് തണ്ടപ്പേർ നമ്പർ 14039 ആയി പോക്കുവരവ് ചെയ്ത് ഉടമസ്ഥാവകാശം മാറ്റി നൽകിയതിന് നിയമസാധുതയില്ലായെന്നും പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടെന്നുള്ള വിവരത്തിന് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

File No. LR2330/2025/LR(B3) (Inward No. 4409)
Generated from eOffice by SAJITH B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

ശിപാർശ

(1) കൊല്ലം ALC-5 -ലെ ഹെഡ് സർവ്വേയർ III ആയിരുന്ന ശ്രീ. അഷ്ടമന്റെ 22.07.1999-ലെ SA 13/99 ഉത്തരവ് പ്രകാരം കൊല്ലം ഈസ്റ്റ് വില്ലേജിലെ, ബ്ലോക്ക് നമ്പർ 15-ൽ റീസർവ്വേ നമ്പർ 1-ൽ തണ്ടപ്പേർ നമ്പർ 929-ൽ , ആധാരം നമ്പർ 1616/84 -ൽ ഉൾപ്പെട്ടതും, റീസർവ്വേ പ്രകാരം അളവിൽ 4 ആർ ഉള്ളതുമായ ടി വസ്തുവിന്റെ ഉടമസ്ഥാവകാശം കൊല്ലം വില്ലേജിൽ ഉളിയക്കോവിൽ ചേരിയിൽ രതീഷ് ഭവനത്തിൽ വേലുപ്പിള്ള മകൻ സോമനാഥന്റേയും, ടിയാന്റെ ഭാര്യ ലതികയുടേയും പേരിൽ നിന്നും ഇരവിപുരം വില്ലേജിൽ തെക്കേവിള ചേരിയിൽ ശാരദാ മന്ദിരത്തിൽ ഉഷസ് സ്നേഹ നഗർ 11-ൽ ശ്രീധരന്റെ പേർക്ക് പോക്കുവരവ് ചെയ്ത് ഉടമസ്ഥാവകാശം അനുവദിച്ചത് നിയമവിരുദ്ധമാണെന്നും, ടി നിയമവിരുദ്ധമായ ഉത്തരവ് പുറപ്പെടുവിച്ചത് കൊല്ലം ALC-5 -ലെ ഹെഡ് സർവ്വേയർ III ആയിരുന്ന ശ്രീ. അഷ്ടമനാണെന്നും കണ്ടെത്തിയിട്ടുള്ളതും, ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ച ശേഷം 30.04.2005 തീയതിയിൽ മരണപ്പെട്ടുപോയിട്ടുള്ളതുമാണ്. ആയതിനാൽ ടി ഉത്തരവ് റദ്ദ് ചെയ്ത് ടി വസ്തുവിന്റെ ഉടമസ്ഥാവകാശം യഥാർത്ഥ ഉടമസ്ഥരായ കൊല്ലം ഈസ്റ്റ് വില്ലേജിൽ ഉളിയക്കോവിൽ ചേരിയിൽ രതീഷ് ഭവനത്തിൽ വേലുപ്പിള്ള മകൻ സോമനാഥനും ടിയാന്റെ ഭാര്യ ലതികയ്ക്കും പുന:സ്ഥാപിച്ച് നൽകുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതിന് കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകുന്നതിനായി ശുപാർശ ചെയ്തു കൊള്ളുന്നു.

(2) 22.07.1999 കാലത്ത് ALC-5 സൂപ്രണ്ട് ഓഫീസിലെ ജീവനക്കാരുടെ ഹാജർ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററും, SA-13/99 ഉത്തരവിന്റെ ഫയൽ റിക്കാർഡുകളും, അസിസ്റ്റന്റ് സർവ്വേ ഡയറക്ടറുടെ ഓഫീസ് റിക്കാർഡിൽ സൂക്ഷിക്കാതെയിരുന്നതിന് കൊല്ലം സർവ്വേ അസിസ്റ്റന്റ് ഡയറക്ടർ ഉണ്ണികൃഷ്ണൻ.പി-ൽ നിന്നും വിശദീകരണം വാങ്ങി ഉചിത നടപടി സ്വീകരിക്കുന്നതിന് ഡയറക്ടർ, സർവ്വേ

File No. LR/9130/2025 LR(B3) (Computer No. 14119)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

വകുപ്പിന് ചുമതലപ്പെടുത്തുന്നതിന് ശിപാർശ ചെയ്തു കൊണ്ട് ഈ പ്രാഥമിക അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു കൊള്ളുന്നു.

ഖണ്ഡിക-11

കുറ്റകൃത്യം ചെയ്ത സമയത്ത് ദുരുപയോഗം ചെയ്ത ഔദ്യോഗിക പദവി അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ അനുമതി നൽകുന്നതിന് ഉത്തരവാദപ്പെട്ട അധികാരികൾ.

ബാധകമല്ല.

ഖണ്ഡിക-12

ഉള്ളടക്കം.

1. സാക്ഷിമൊഴികൾ. (1 മുതൽ 18 വരെ)
2. കുറ്റാരോപിരുടെ മൊഴികൾ ഇല്ല.
3. എക്സിബിറ്റ്. (A മുതൽ U വരെ)

അനക്സർ-1 (സർക്കുലർ നമ്പർ 4/2006 പ്രകാരം)

ബാധകമല്ല.

അനക്സർ-2

1988 ലെ അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾ പ്രകാരം പ്രതികൾ ക്കുള്ള പങ്ക്

ബാധകമല്ല.

27/7/22

സാനി.എസ്സ്,
പോലീസ് ഇൻസ്പെക്ടർ,
വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
കൊല്ലം യൂണിറ്റ്.

27/07/2022

അബ്ദുൾ വഹാബ്.എ,
ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്,
വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
കൊല്ലം യൂണിറ്റ്.

File No. LR/9130/2025 LR(B3) (Computer No. 44419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

'CORRUPTION, A CRIME AGAINST NATION'

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം – 33,
ഇ- മെയിൽ : vig.vacb@kerala.gov.in.
ഫോൺ : 04712305393.

PE 2/22/KLM

നമ്പർ. ഇ3-33414/2021/കെ.എൻ.എം

തീയതി 15...03.....2022

ഡയറക്ടർ,
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ.

No: 1132/22/KLM
Section E 10p I
for Rg &
Put up with E/R
as directed
16/03/22

ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ,
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
കൊല്ലം യൂണിറ്റ്.
സർ,

വിഷയം :- ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 33342/2018 നമ്പർ റിട്ട് പെറ്റീഷന്റെ വിധി നടപ്പാക്കാൻ വേണ്ടി കൊല്ലം റീ സർവ്വേ എസ്.ഐ 13/99 ഉത്തരവിന്റെ ആധികാരികത പരിശോധിക്കുന്നത് – പ്രാഥമികാന്വേഷണം – സംബന്ധിച്ച്.

സൂചന :- 28/02/2022 –ലെ വിജി. ഇ2/1/2022 – വിജി നമ്പർ സർക്കാർ കത്ത്.

>>>>>>>>>>>

സൂചനയിൽ പരാമർശിച്ചിരിക്കുന്ന സർക്കാർ കത്തിന്റെ കൊല്ലം ജില്ലാ കളക്ടറുടെ 16/10/2021 –ലെ പരാതിയുടെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 11/10/2018 – ലെ 33342/18 നമ്പർ വിധിന്യായത്തിന്റെയും പകർപ്പുകൾ ഇതോടൊപ്പം അയയ്ക്കുന്നു. പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങളിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിധിയിൽ വരുന്ന ആരോപണം സംബന്ധിച്ച് ഒരു **പ്രാഥമികാന്വേഷണം** നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. അന്വേഷണം പൂർത്തിയാക്കി **30 ദിവസങ്ങൾക്കകം** റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
2. 13/17നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം നിർദ്ദിഷ്ട പ്രൊഫോർമയിൽ **പ്രാഥമികാന്വേഷണം** രജിസ്റ്റർ ചെയ്ത് പ്രസ്തുത പ്രൊഫോർമയുടെ പകർപ്പ് ഉടൻതന്നെ അയച്ചു തരേണ്ടതാണ്.
3. 13/17 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം പ്രോഗ്രസ് റിപ്പോർട്ട് എത്രയും വേഗം അയച്ചു തരേണ്ടതാണ്.
4. അന്വേഷണം പൂർത്തിയാക്കുന്നതിന് കടുതൽ സമയം ആവശ്യമെങ്കിൽ ബന്ധപ്പെട്ട പോലീസ് സൂപ്രണ്ട് പ്രസ്തുത കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കി ഡയറക്ടറുടെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.
5. സർക്കാരിന്റെ 06/01/2015 –ലെ 15111/ഇ3/14/വിജി നമ്പർ സർക്കുലർ പ്രകാരമുള്ള വിശദാംശങ്ങൾ ഉടൻ തന്നെ അറിയിക്കേണ്ടതാണ്.

കത്തും ഉള്ളടക്കവും കൈപ്പറ്റിയ വിവരം മടക്കത്തപാലിൽ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

15/3/22

കെ.ഇ.ബൈജു
പോലീസ് സൂപ്രണ്ട് (ഇന്റലിജൻസ്) (i/c)
ഡയറക്ടർക്കു വേണ്ടി

6040

പകർപ്പ് : പോലീസ് സൂപ്രണ്ട്, വി.എ.സി.ബി, ദക്ഷിണ മേഖല, തിരുവനന്തപുരം.

Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

Exhibit -A:

ശ്രീ.സോമനാഥന്റേയും, ഭാര്യ ലതികയുടേയും പേർക്ക് ലതികയുടെ മാതാവ് സുമതി 14¾ സെന്റ് വിലയാധാരം എഴുതി നൽകിയ കൊല്ലം സബ് രജിസ്ട്രാർ ഓഫീസിലെ ആധാരം നമ്പർ 1616/84-ന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

File No. LR/9130/2025 LR(B3) (Computer No. 14419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

File No. [illegible] No. 2[illegible]755)



14 3/4 Cent

നമ്പർ. No. 1616/84 KERALA

10563/26

100 Rs.

INDIA NON JUDICIAL

१०० रु.

Rs 100

सत्यमेव जयते

भारत

एक सौ रुपये ONE HUNDRED RUPEES

1616/1984

[illegible]

8.5.85

6042

File No. LR/9130/2025 LR(B3) (Computer No. 44419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ഇതിനു മുമ്പാകെ ഹാജരാകുന്നതിനും ഉത്തരവുകൾ സ്വീകരിക്കുന്നതിനും ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ ഉത്തരവിന്റെ ഉദ്ദേശ്യത്തിനായി ഏതെങ്കിലും ഉദ്യോഗസ്ഥൻ ഇതിനു മുമ്പാകെ ഹാജരാകുന്നതിനും ഉത്തരവുകൾ സ്വീകരിക്കുന്നതിനും ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ ഉത്തരവിന്റെ ഉദ്ദേശ്യത്തിനായി ഏതെങ്കിലും ഉദ്യോഗസ്ഥൻ ഇതിനു മുമ്പാകെ ഹാജരാകുന്നതിനും ഉത്തരവുകൾ സ്വീകരിക്കുന്നതിനും ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ ഉത്തരവിന്റെ ഉദ്ദേശ്യത്തിനായി ഏതെങ്കിലും ഉദ്യോഗസ്ഥൻ ഇതിനു മുമ്പാകെ ഹാജരാകുന്നതിനും ഉത്തരവുകൾ സ്വീകരിക്കുന്നതിനും ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ ഉത്തരവിന്റെ ഉദ്ദേശ്യത്തിനായി ഏതെങ്കിലും ഉദ്യോഗസ്ഥൻ ഇതിനു മുമ്പാകെ ഹാജരാകുന്നതിനും ഉത്തരവുകൾ സ്വീകരിക്കുന്നതിനും ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ ഉത്തരവിന്റെ ഉദ്ദേശ്യത്തിനായി ഏതെങ്കിലും ഉദ്യോഗസ്ഥൻ ഇതിനു മുമ്പാകെ ഹാജരാകുന്നതിനും ഉത്തരവുകൾ സ്വീകരിക്കുന്നതിനും ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

File No. LR3/10/2025-LR3 (Computer No. 14419)
Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2026 10:44 AM
Generated from eOffice by SREEJA CHANDRAN, LR (B3) CLK, LR(B3) CLK, LAND REVENUE COMMISSIONERATE on 28/08/2025 03:27 PM



3

[illegible]

[illegible]

[illegible]



5

[illegible]

Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM



5

[illegible]

[illegible]

[illegible]

KERALA

50 P.

INDIA

पचास पैसे पचास पैसे

सत्यमेव जयते

भारत

FIFTY PAISE

6



[illegible] 10563-[illegible]
[illegible]
[illegible] 10583
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

[illegible] 10563-[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

[illegible]

Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

[illegible] No. 1616/1984

1984 [illegible] 1616 [illegible]

[illegible]

[illegible] 1500 [illegible]

[illegible]

UB REGISTRAR
KOLLAM

Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/03/2023 03:27 PM



[illegible]

SUB REGISTRY OFFICE
KOLLAM

SUB REGISTRAR
KOLLAM

Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, [illegible] on 09/02/2023 10:44 AM
Generated from eOffice by SREEJA CHANDRAN, LR_(B3) CLR, LR(B3) CLR, LAND REVENUE COMMISSIONERATE on 28/08/2026 03:27 PM

[illegible]



SUB REGISTRAR
KOLLAM

Generated from eOffice by SAHAD B, ASST (DB3) REV, ASST (DB3) REV, RD on 09/02/2023 10:44 AM
